# ശ്രീ

# ഹാലാസ്യമാഹാത്മ്യം

## കേരളഭാഷാഗദ്യം.

---

൬൪-ലീലകൾ അടങ്ങിയതു്.


---

കോതേത്തു തെങ്ങിലഴികത്തു വീട്ടിൽ
മ. രാ. രാ. എൻ. നാണുപിള്ള ആശാൻ
അവർകളെക്കൊണ്ടു് പരിഭാഷപ്പെടുത്തിച്ചു്
എസ്. റ്റി. റെഡ്യാർ ആൻഡ് സൺസ് വക
ചെലവിന്മേൽ
സ്വന്തം "വിദ്യാഭിവർദ്ധിനി" അച്ചുക്കൂടത്തിൽ അച്ചടിച്ചു്
പ്രസിദ്ധം ചെയ്യുന്നതു്.

---

൨-ാംപതിപ്പു് ൧000—പ്രതികൾ.
(കാപ്പിറൈറ്റു് പ്രകാശകന്മാരിൽ)

1098



ശ്രീ

# ഹാലാസ്യമാഹാത്മ്യം

## കേരളഭാഷാഗദ്യം.

---

൬൪-ലീലകൾ അടങ്ങിയതു്.

---

കോതേത്തു തെങ്ങിലഴികത്തു വീട്ടിൽ
മ. രാ. രാ. എൻ. നാണുപിള്ള ആശാൻ
അവർകളെക്കൊണ്ടു് പരിഭാഷപ്പെടുത്തിച്ചു്

എസ്. റി. റെഡ്യാർ അൻഡ് സൺസ് വക
ചെലവിന്മേൽ
സ്വന്തം "വിദ്യാഭിവർദ്ധിനി" അച്ചുക്കൂടത്തിൽ അച്ചടിച്ചു്
പ്രസിദ്ധം ചെയ്യുന്നതു്.

---

൫-ാംപതിപ്പു് ൨000—പ്രതികൾ.
(കാപ്പിറൈറ്റു് പ്രകാശകന്മാരിൽ)

1098

# മുഖവുര.

ഈ ഹാലാസ്യമാഹാത്മ്യം കേരളഭാഷാഗദ്യം സംസ്കൃതഭാഷയിൽ ഉള്ള ഹാലാസ്യമാഹാത്മ്യത്തിന്റെ തൎജ്ജിമയാണു്. വേദങ്ങളെ പകുത്ത മഹാനും സംസ്കൃതഭാഷയിലുള്ള വിലതീരാത്ത അനവധി പുരാണേതിഹാസങ്ങളുടെ നിൎമ്മാതാവും ആയ ശ്രീവേദവ്യാസമഹൎഷി ഉണ്ടാക്കിയിട്ടുള്ള അഷ്ടാദശപുരാണങ്ങളിൽ ഒട്ടും അപ്രധാനമല്ലാത്തതായ സ്കാന്ദപുരാണത്തിന് സനൽകുമാരസംഹിത, സൂതസംഹിത, ശങ്കരസംഹിത, വൈഷ്ണവസംഹിത, ബ്രഹ്മസംഹിത, സൗരസംഹിത എന്നിങ്ങനെ ആറുസംഹിതകൾ, ഉള്ളതിൽ, അഗസ്ത്യസംഹിതയെന്നുള്ള അപരനാമത്തോടുകൂടിയതായ ശങ്കരസംഹിതയിൽ ആണു ഹാലാസ്യമാഹാത്മ്യത്തെപ്പററി വിശദമായി പ്രതിപാദിച്ചിട്ടുള്ളതു്. പുരുഷലക്ഷണം, സ്ത്രീലക്ഷണം, രത്നലക്ഷണം, അശ്വലക്ഷണം മുതലായ ശാസ്ത്രവിഷയങ്ങൾ, വേദവാക്യസദൃശങ്ങളും സാരതരങ്ങളുമായ അനവധി സൂക്തികൾ മുതലായി പല ശ്രവണപഠനാൎഹങ്ങളായ വിഷയങ്ങളും അടങ്ങിയതും ഭക്തകല്പരസായനവും ആയ ഈ ദിവ്യമാഹാത്മ്യഗ്രന്ഥം, ആനന്ദവനമായ ശ്രീകാശിയിൽവച്ചു്, അഗസ്ത്യമഹൎഷി വസിഷ്ഠാദിമഹൎഷികൾക്കുപദേശിച്ചുകൊടുത്തതിനെ കൈലാസപൎവ്വതത്തിലെ ശില്പിവരന്മാരാൽ നിൎമ്മിച്ചിട്ടുള്ള രത്നകുട്ടിമത്തിൽ തപോവൃത്തിയിൽ ഇരിക്കുന്ന സൂതൻ, ശംഭുഭക്തൻതുടങ്ങിയവരെ കേൾപ്പിക്കുന്നതായിട്ടാണു് കാണപ്പെടുന്നതു്.

ഇതിൽ വിവരിക്കുന്നതു് ഹിമവൽസേതുപൎയ്യന്തമുള്ള എല്ലാ പുണ്യക്ഷേത്രങ്ങളിലും പുണ്യതീൎത്ഥങ്ങളിലുംവച്ചു് അത്യന്തം ശ്രേഷ്ഠമായതും ശ്രീഹാലാസ്യം എന്ന പേരോടുകൂടിയതും ആയ മധുരയിലെ മീനാക്ഷിസുന്ദരേശ്വരക്ഷേത്രത്തിന്റെയും ഹേമപത്മിനീതീൎത്ഥത്തിന്റെയും അപാരമഹത്വങ്ങളെയും, ഭക്തവാത്സലനും കരുണാവരുണാലയനും ലീലാവിനോദിയുംമായാമയനുമായ ശ്രീപരമേശ്വരൻ തന്റെ ഭക്തന്മാരെ രക്ഷിക്കുന്നതിനായി എടുത്തിട്ടുള്ള അതിപാവനങ്ങളും രസകരങ്ങളും ഭക്തിപ്രധാനങ്ങളും ആയ അറുപത്തിനാലു ലീലകളേയും സംബന്ധിച്ചാകുന്നു.

സുകൃതദുഷ്കൃതങ്ങളുടെ സാമ്യാവസ്ഥകൊണ്ടുണ്ടായിട്ടുള്ള മനുഷ്യജന്മികൾക്കു മാത്രമേ ധൎമ്മാൎത്ഥകാമമോക്ഷങ്ങളാകുന്ന പുരുഷാൎത്ഥങ്ങളെ വിധിയാകുംവണ്ണം അനുഷ്ഠിച്ചു് ജനനമരണാദിദുഃഖബഹുലമായ ഈ സംസാരസാഗരത്തിൽ നിന്നും രക്ഷയെ പ്രാപിക്കുന്നതിന് കഴികയുള്ളു. അപ്പോൾ മനുഷ്യജന്മം മററുള്ള ഇതരജന്തുക്കളിൽവച്ചു് ശ്രേഷ്ഠമായിട്ടുള്ള ഒന്നാണെന്നും ഇതരജീവികളിൽ ഇല്ലാത്തതായ അനേകവധി ഗുണങ്ങൾ ഈശ്വരൻ മനുഷ്യൎക്കു നൽകിയിട്ടുണ്ടെന്നും മനുഷ്യർ ഗുണദോഷങ്ങളെ വേർതിരി

ച്ചു മനസ്സിലാക്കി ത്യാജ്യങ്ങളെ ത്യജിക്കുകയും ഗ്രാഹ്യങ്ങളെ ഗ്രഹിക്കുകയും ചെയ്യേണ്ടതാണെന്നും ഉള്ളതിന് യാതൊരു സംശയവും ഇല്ല. അങ്ങെനെയിരിക്കെ നാം അവയെപ്പററി യാതൊന്നും ചിന്തിക്കാതെയും മലമൂത്രമാംസപിണ്ഡവും ദുർഗ്ഗന്ധദുഃഖദുഷ്ടപാത്രവും ആയ ശരീരത്തിൻെറ നശ്വരതയെ പരിഗണിക്കാതെയും അഭിമാനംകൊണ്ടും മററും മതിമറന്ന് ഗർവിഷ്ഠന്മാരും അവിവേകികളും ആയി സ്ഥായിയായ സുഖത്തേയൊ ആനന്ദത്തേയൊ നല്കാത്തതും പാപോന്മുഖങ്ങളും ഒടുവിൽ ദുഃഖത്തെ ഉണ്ടാക്കുന്നതുമായ ഐഹികസുഖങ്ങളിൽ മോഹിച്ച് പൂർവപുണ്യവിശേഷംകൊണ്ടു കിട്ടിയ മനുഷ്യജീവിതത്തെ കളഞ്ഞു കുളിക്കുന്നതില്പരം ദോഷതരം മറെറന്താണുള്ളത്. അതുകൊണ്ട്, മനുഷ്യരിൽ ഓരോരുത്തരും യത്നിക്കേണ്ടത് ചതുർവിധപുരുഷാർത്ഥങ്ങളിലുംവച്ച് പ്രധാനവും, പരമാനന്ദപൂർണ്ണവുമായ മോക്ഷമെന്ന നാലാമത്തെ പുരുഷാർത്ഥത്തെ സമ്പാദിക്കുന്നതിനാകുന്നു.

മോക്ഷസമ്പാദനത്തിനു്, കർമ്മം, ജ്ഞാനം, യോഗം, ഭക്തി ഇങ്ങനെ പലവഴികൾ ഉണ്ടെങ്കിലും, വിഷയത്യാഗം, ആശ്രമധർമ്മാനുഷ്ഠാനം യമനിയമാസനങ്ങൾ, അസൽപ്രത്യാഖ്യാനിരാസം, നിരാകാരബ്രഹ്മത്തിൽ ചെയ്യേണ്ട മനസ്ഥാപനം അനാത്മാവിലുള്ള അഹംഭാവപരിത്യാഗം മുതലായ പല ദുഷ്കരകൃത്യങ്ങളെക്കൊണ്ടും, ദേഹാഭിമാനത്തോടുകൂടിയവർക്ക് ഭക്തിയൊഴിച്ചുള്ളവ വളരെ പ്രയാസപ്പെട്ടതാകയാൽ മോക്ഷത്തിനുള്ള എളുപ്പവഴി ഭക്തിതന്നെയാകുന്നു. ഗീതയിൽ ഭഗവാൻ പറയുന്നതും അപ്രകാരമാണ്.

> ക്ലേശോധികതരസ്തേഷാ മവ്യക്താസക്തചേതസാം
> അവ്യക്താഹിഗതിർദ്ദുഃഖം ദേഹവത്ഭിരവാപ്യതേ.

അതുകൊണ്ട് മോക്ഷം സമ്പാദിക്കുന്നതിന് എളുപ്പമായ വഴി ഭക്തി തന്നെ.

> മയ്യാവേശ്യമനോയേമാം നിത്യയുക്തഉപാസതെ
> ശ്രദ്ധയാപരയോപേതാ സ്തേയുക്തതമാമതാഃ

എന്നും പ്രമാണമുണ്ട്.

അപ്രകാരം ഉള്ള ഭക്തി വർദ്ധിക്കുന്നതിന് ഈ ഹാലാസ്യമാഹാത്മ്യപാരായണം പോലെ എളുപ്പമായ വഴിയും ഇല്ല. നോക്കുന്നവർക്കും വായിക്കുന്നവർക്കും പഠിക്കുന്നവർക്കും കേൾക്കുന്നവർക്കും ഒന്നുപോലെ കലികന്മഷമഹാന്ധകാരത്തെ വിദ്ധ്വംസനംചെയ്ത് ഭക്തിയെ ബലപ്പെടുത്തുന്നതിന് ഈ ഗ്രന്ഥത്തിന് എന്തോ ഒരു ശക്തിയുണ്ടെന്നുള്ളത് അനുഭവൈകവേദ്യമാകുന്നു. പരമേശ്വരനായ ഹാലാസ്യേശ്വരൻ, തൻെറ സർവ്വജ്ഞത്വത്തേയും സർവ്വശക്തിത്വത്തേയും കാണിക്കുന്നതിനും അത്യന്തം ദീനന്മാരായ ഭക്തന്മാരെ രക്ഷിക്കുന്നതിനും മററുമായി എടുത്തിട്ടുള്ള ഹൃദയംഗമങ്ങളായ അദ്ദേഹത്തിൻെറ ലീലകളിൽ ഓരോന്നും പ്രത്യേകം പ്രത്യേകം ശ്രാവ്യങ്ങളാണ്. ശൈ

വമാഹാത്മ്യങ്ങളെപ്പററി വർണ്ണിക്കുന്നതും ഭക്തിപ്രധാനങ്ങളും ആയ അനവധി ഗ്രന്ഥങ്ങൾ വേറെയും ഉണ്ടെങ്കിലും, ആപാദചൂഡം ഭക്തികൊണ്ടുതന്നെ പരിപൂർണ്ണമായതായി മററൊരു ഗ്രന്ഥവും ഇല്ല.

ഇത്ര മാഹാത്മ്യത്തോടുകൂടിയതും ഭക്തന്മാൎക്കൊരു നിക്ഷേപവും ആയ ഈ ഗ്രന്ഥം എഴുത്തറിയാവുന്ന മലയാളികൾക്കെല്ലാമെന്നല്ല, വായിച്ചുകേട്ടാൽ എഴുത്തറിയാൻ പാടില്ലാത്തവൎക്കുംകൂടി മനസ്സിലാകണമെന്നുള്ള ഉദ്ദേശ്യത്തോടുകൂടെ ലളിതമായ മലയാളത്തിൽ മഹാഭാരതഗദ്യപരിഭാഷകനായ തെങ്ങിലഴിയത്തു എൻ. നാണുപിള്ള ആശാൻ അവർകളെക്കൊണ്ടു്, തർജ്ജിമചെയ്യിപ്പിച്ചു് പൊതുജനസമക്ഷം സമർപ്പിച്ചുകൊള്ളുന്നതും ആകുന്നു. എന്നാൽ ഈ വിഷയത്തിൽ ഞങ്ങൾ ചെയ്തിട്ടുള്ള ശ്രമം എത്രകണ്ടു് പൎയ്യാപ്തമായിട്ടുണ്ടെന്നുള്ളതു് ഈ ഗ്രന്ഥത്തെസംബന്ധിച്ചുള്ള പൊതുജനങ്ങളുടെ അഭിപ്രായത്തിന്മേൽ തീർച്ചപ്പെടുത്തേണ്ടതായിട്ടാണിരിക്കുന്നതെങ്കിലും ഏകദേശം പത്തിരുപത്തിയഞ്ചു വർഷക്കാലമായിട്ടു മലയാളികൾക്കും മലയാളഭാഷയ്ക്കും ഉപകാരമായി പുരാതനങ്ങളായ പല ഗ്രന്ഥങ്ങളേയും ശേഖരിച്ചും വിദ്വാന്മാരെക്കൊണ്ടു് പുതിയഗ്രന്ഥങ്ങളെ ഉണ്ടാക്കിച്ചും പ്രസിദ്ധംചെയ്തു് നിരാസരന്മാരും ഭാഷാഭിമാനികളും ആയ കേരളീയരുടെ ശ്ലാഘയ്ക്കും കൃതജ്ഞതയ്ക്കും പാത്രീഭവിച്ചിട്ടുള്ള ഞങ്ങൾക്കു ഈ ഗ്രന്ഥത്തിന്റെ വിഷയത്തിലും വേണ്ടകൃതാൎത്ഥതയുണ്ടാക്കിത്തരേണ്ടതു് പൊതുജനങ്ങളുടെ ചുമതലയാണെന്നുള്ള ഞങ്ങളുടെ വിശ്വാസത്തിനു് ഭിന്നാഭിപ്രായം ഉണ്ടാവുകയില്ലെന്നു വിശ്വസിക്കുന്നു.

ഞങ്ങൾ പരസ്യം ചെയ്തിരുന്ന ഗഡുവിൽത്തന്നെ ഈ പുസ്തകം പ്രസിദ്ധപ്പെടുത്താൻ ഇടയാകാഞ്ഞതു് യൂറോപ്യയുദ്ധംനിമിത്തം കടലാസ്സു കിട്ടാൻ കാലതാമസം നേരിട്ടതുകൊണ്ടാണെന്നും തന്മൂലം ഇച്ഛാഭംഗത്തിനു് ഇടവന്നിട്ടുള്ള മഹാന്മാർ ക്ഷമിച്ചുകൊള്ളണമെന്നും അറിയിച്ചുകൊള്ളുന്നു. യുദ്ധം നിമിത്തം കടലാസ്സിനും അച്ചടിസാധനങ്ങൾക്കും മററും വില കൂടുതലാണെങ്കിലും ഞങ്ങൾ പൊതുജനങ്ങളുടെ ഗുണത്തെ ഉദ്ദേശിച്ചു് ഈ പുസ്തകത്തിന്റെ ഓരോ വാല്യങ്ങൾക്കും ൧-ാം തരത്തിനു ഒരു രൂപയും ൨-ാം തരത്തിനു് ഷ രൂപായും വീതം വളരെ ലഘുവായിട്ടു മാത്രമെ വിലവച്ചിട്ടുള്ളു. അതുകൊണ്ടു് ഭക്തശിരോമണികളും ഭാഷാഭിമാനികളും ആയ എല്ലാമഹാജനങ്ങളും ഈ പുസ്തകംവരുത്തി വായിച്ചു് ഞങ്ങൾക്കു് കൃതാൎത്ഥതയെ ഉണ്ടാക്കിത്തരണമെന്നു് പ്രത്യേകം അപേക്ഷിച്ചുകൊള്ളുന്നു. ൩൨ മുതൽ ൩൪ വരെയുള്ള ൩൨ ലക്കങ്ങൾ അടങ്ങിയ ൨-ാം വാല്യം ഉടൻ തയ്യാറാകും.

എസ്സ്. റ്റി. റെഡ്യാർ ആൻഡ് സൺസ്

എം. മുത്തുസ്വാമി റെഡ്യാർ.

"വിദ്യാഭിവൎദ്ധിനി" അച്ചുക്കൂടം—കൊല്ലം.

## ഗണപതിസ്തവം.

കാരുണ്യമദനിഷ്യന്ദം
കൈവല്യവനചാരിണം
കാളാംബുദശ്യാമളാംഗം
കളഭാനനമാശ്രയേ.

ശ്രീലംബോദരമാഗമാന്തനളിനീ ലോലംബരാജംസതാ
മാലംബേശരണം സമസ്തജഗതാ മാലംബമാദ്യംഗുരും
സാലംകാരസുവല്ലഭാകുചതടേ ഖേലന്തമുദ്യന്മദം
ലീലംവിഘ്നനിവാരണായഗിരിജാ ബാലംചവാഞ്ഛാപ്തയേ.

## പ്രാരംഭസ്തോത്രങ്ങൾ.

---

നമസ്സുന്ദരനാഥായ തസ്മൈഹാലാസ്യവാസിനേ
ചതുഷ്ഷഷ്ടിവിധാലീലാ യേനാകാരിഭുവസ്ഥലേ

ഐശ്വര്യംപരമംതത്വ മാദിമധ്യാന്തവർജ്ജിതം
ആധാരംസർവ്വഭൂതാനാ മനാധാരമവിക്രിയം

അനന്താനന്ദബോധാംബു നിധിമത്ഭുതവിക്രമം
അംബികാപതിമീശാന മനിശംപ്രണമാമ്യഹം

ആനന്ദസാഗരരസാകുലശൈലകന്യാ
വക്ഷോജകുംഭയുഗളീപരിരംഭണേന
രോമാഞ്ചകഞ്ചുകപരിഷ്കൃതഗാത്രയഷ്ടിം
ദേവംഭജാമിമധുരാപുരനാഥമീശം

ധവളവപുഷമിന്ദോർമ്മണ്ഡലേസന്നിഷണ്ണം
ഭുജഗവലയഹാരംഭസ്മദിഗ്ധാംഗലേപം
ഹരിണപരശുപാണിം ചാരുചന്ദ്രാർദ്ധമൌലിം
ഹൃദയകമലമധ്യേ സന്തതംചിന്തയാമി.

അജ്ഞാനയോഗാദപചാരകർമ്മ
യത്പൂർവ്വമസ്മാഭിരനുഷ്ഠിതംതേ

തദ്ദേവസോഢാസകലംദയാളോ
പിതേവപുത്രാൻ പ്രതിനോജുഷസ്വ.

ഇക്ഷുകോദണ്ഡപുഷ്പേഷു പാശാംകുശകരോജ്ജ്വലാം
ഉദ്യൽസൂൎയ്യനിഭാംവന്ദേമഹാത്രിപുരസുന്ദരീം

ശ്രീമൽസുന്ദരനാഥസ്യ ദേവിംശഫരലോചനാം
കലയേഹൃദയേനിത്യം കദംബവനവാസിനീം.

ഈശംശൈലസുതാമിഭാസ്യ ശരജൌ ചണ്ഡേശപരംനന്ദിനം
നത്വാഭൃംഗരിടിം ത്രിഷഷ്ടിമഹിതാൻഭക്താംശ്ച ഭക്ത്യുന്നതാൻ
ശ്രീകണ്ഠാഗമതത്വസൌരഭവിദം ശ്രീഭാഷ്യകാരംഗുരും
ശൈവസ്ഥാപനദുർവ്വഹഞ്ചഹരദത്താചാൎയ്യവൎയ്യംഭജേ.

ദുർവ്വാസകൌശികവസിഷ്ഠമൃകണ്ഡുപുത്ര
ദേവേന്ദ്രബാണഹരിശക്തിദധീചിരാമൻ
കണ്വാത്രിഭാർഗ്ഗവബൃഹസ്പതിഗൌതമാദീൻ
പുണ്യാന്നിമാൻപരമപാശുപതാൻനമാമി.

## മീനാക്ഷീസ്തോത്രം.

മധുരാപുരനായികേനമസ്തേ
മധുരാലാപിശുകാഭിരാമഹസ്തേ!
മലയധ്വജപാണ്ഡ്യരാജകന്യേ!
മയിമീനാക്ഷികൃപാംവിധേഹിധന്യേ! ൧

കചനിൎജ്ജിതകാളമേഘകാന്തേ!
കമലാസേവിതപാദപങ്കജാന്തേ
മധുരാപുരവല്ലഭേഷ്ടകാന്തേ!
മയിമീനാക്ഷിദയാംവിധേഹിശാന്തേ!. ൨

കുചയുഗ്മവിധൂതചക്രവാകേ
കൃപയാപാവിതസൎവ്വജീവലോകേ!
മലയധ്വജസന്തതേപതാകേ!
മയിമീനാക്ഷികൃപാംനിധേഹിപാകേ! ൩

വിധിവാഹനജൈത്രകേളിയാനേ!
വിമതാമോദനപൂജിതാപദാനേ
മധുരേക്ഷണഭാവപൂതമീനേ
മയിമീനാക്ഷികൃപാംവിധേഹിദീനേ. ൪

തപനീയപയോജിനീതടസ്ഥേ
തുഹിനപ്രായമഹീധരോദരസ്ഥേ
മദനാരിപരിഗ്രഹേകൃതാർത്ഥേ
മയിമീനാക്ഷികൃപാംനിധേഹിസാർത്ഥേ. ൫

കളകീരകളോക്തിനാദദക്ഷേ
കലിതാനേകജഗന്നിവാസിരക്ഷേ
മദനാശുഗഹല്ലകാന്തപാണേ!
മയിമീനാക്ഷികൃപാംകുരുപ്രവീണേ! ൬

മധുവൈരിവിരിഞ്ചമുഖ്യസേവ്യേ
മനസാഭാവിതചന്ദ്രമൌളിസേവ്യേ
തരസാപരിപൂതയജ്ഞഗവ്യേ
മയിമീനാക്ഷികൃപാംവിധേഹിഭവ്യേ. ൭

ജഗദംബകദംബമൂലവാസേ!
കമലാമോദമുഖേന്ദുമന്ദഹാസേ!
മദമന്ദിരചാരുദൃഗ്വിലാസേ
മയിമീനാക്ഷികൃപാംവിധേഹിദാസേ. ൮

പഠതാമനിശംപ്രഭാതകാലേ
മണിമാലാഷ്ടകമഷ്ടഭൂതിദായി
ഘടികാശതചാതുരിംപ്രദദ്യാൽ
കരുണാപൂർണ്ണകടാക്ഷസന്നിവേശാൽ. ൯

## സുബ്രഹ്മണ്യസ്തവം.

അമ്നായാന്തവചമല്ല്യാസമാനൈഷ്ഷഡ്ഭിരഞ്ചിതം
ഹിമാദ്രിതനയാസ്തന്യ കുക്ഷിംഭരിമയേശിശും

## മംഗളസ്തോത്രം.

മംഗളംമഹദാനന്ദദായിനേമുദിതാത്മനേ!
പാഷാണ്ഡഷണ്ഡതിമിരമിഹിരായസ്തുമംഗളം.

തടാതകാവിവാഹായ സ്വയംപാണ്ഡ്യമഹീപതെ
കാരുഭാരധരായാസ്തു ജ്ഞാനരൂപായമംഗളം.
ത്രൈവർണ്ണികാംഗനാവൃന്ദ വലയാവലിദായിനേ
കുലശേഖരഭൂപാല ഭാവുകായാസ്തുമംഗളം.

അരിമർദ്ദനരാജേന്ദ്ര വേത്രമുദ്രാങ്കിതായതേ
മാണിക്യവാചകസ്വാന്ത മന്ദിരായാസ്തുമംഗളം.

കല്യാണാചലകോദണ്ഡ കാന്ത് കരതലായതെ
പത്മിനീപതിദംതാളിദമനായാസ്തുമംഗളം

മംഗളംശാശ്വതശ്ശംഭു മ്മംഗളംവൃത്രസൂദനഃ
മംഗളംമേലലാടാക്ഷാ മംഗളംസോമസുന്ദരഃ

മംഗളംപാർവ്വതീഗൌരീ മംഗളംപരമേശ്വരീ
മംഗളംലളിതാദേവി മംഗളംമീനലോചനാ

ശ്രോതൄണാംപഠതാംപുംസാം മാഹാത്മ്യംമധുരാപതേഃ
ശിവംഭൂയാച്ഛിവംഭൂയാച്ഛിവംഭൂയാച്ഛിവാജ്ഞയാ

0

## ചതുഃഷഷ്ടിലീലാസ്തോത്രം.

വൃത്രാഘാതസമുത്ഥപാപചകിതഃ കുത്രാപ്യഗച്ഛൽസുഖം
സൂത്രാമാഥകചസ്യബോധിതമതിഃ ചിത്രാസമാരാധനം
യത്രാസീദ്ദ്വിപകല്പധൂതകലുഷശ്ചിത്രാകരേമന്മനോ
മിത്രാബ്ജാനലനേത്രമഗ്ര്യവരമതേതത്രാപിവേശേശിവേ. (൧)

കോപാരക്തദൃഗത്രിസംഭവമഹാശാപാദ്ഗജേന്ദ്രോനന
സ്ഥാപാധികൃതിപീഡിതോഽപിവിനയേനോപാസ്യയംസ്വർഗ്ഗജഃ
പ്രാപാവാപ്തമനോരഥസ്സുരപതിംസോഽപാരബ്രഹ്മാവിപൽ
ക്ഷുപാദദൃഗ്ജവാദ്ദുർദ്ദമ്യയതുമാംനീപാടവീനായകഃ (൨)

നീപാരണ്യമിദംപുരംവിരചയേത്യാപാദയംതംഗിരം
ശ്രീപാർവ്വത്യധിപംസമീക്ഷ്യനിശിയംസ്വപ്നാന്തരാലോകതിം
ഭൂപാലഃകുലശേഖരഃപുരവരംപാപാപഹംതൽവ്യധാ
ദാപാസെയദനുഗ്രഹേണതനയഞ്ചോപാസ്മഹേതംവയം. (൩)

മാതാസാത്രിവനത്രയസ്യയദനുജ്ഞാതാസുമീനേക്ഷണാ
വൈതാനാന്മലയധ്വജസ്യതനയാജാതാനലാൽത്രിസ്തനീ
ദാതാഭക്തമനോരഥസ്യമധുരാനേതാമനോജ്ഞന്മനോ
ജേതായംശരണംസ്വകൃപഭോഗാൻഭ്രാതാധിനാഥോമമ. (൪)

അജ്ഞാനാന്ധവിമോഹനാപഗതവൈക്ഷോഭ്യാധികതോചാൽസുഗാം.
ഭ്രൂഭംഗനേമലയധ്വജസ്യതനയാമോജായമാനാകൃതിം
ശ്രീജ്ഞാനിപ്രതിപാദിതാംപരിണയൻയോജാലിവാത്ത്സ്വയം
രാജാസുന്ദരപാണ്ഡ്യഇത്യജനിതംരാജാവതംസംഭജേ. ൫

ഗൂഢത്തനസചക്രത്തേനപാദപങ്കേനായത്തേനവാത്സല്യത
ശ്ചിത്തേഭക്തപാതഞ്ജലേർദ്ധ്വകമാദത്തേസ്വയംകൈവല്യകം
ചിത്തേശപ്രിയമാശ്രിതാഖിലതമോഘത്തേശ്വസന്തംഭജേ
മത്തേഭാജിനവാസസംബോധസംപാദത്തേവാദൈപ്ലപ്രശിവം. ൬

ചണ്ഡാതങ്കഇവക്ഷ്വധാചരിതചഞ്ചൂർണ്ണണ്ഡാവമാത്യൻഉദ്ദ
ദണ്ഡാമണ്ഡലമന്ധസാമഗണിതംകുണ്ഡാദരോയൽഗിരാ
തണ്ഡാരിഷ്ടകരംസനൽത്തനവിധൌഗണ്ഡാംപകല്പോമന
സ്തുണ്ഡാലായിതകണ്ഡലംഭക്തഗോത്രണ്ഡാപകാരകംഭജേ. (൭)

അന്നാപൂരിതഗത്തഭക്തിരിവബഹവനാത്ഥികുണ്ഡാദര
ക്ഷുന്നാശായധുനീധരപ്രിയതയോല്പന്നാചയേനദ്രുതം
പുന്നാഗൈരപിപൂജിതാംശ്രിയഗമാംനത്തിനിർവ്വാണം
തന്നാഥംകലയാമിചേദപിമതഃകിന്നാമഭാഗ്യംമമ ൮

മീനാക്ഷീവരമാത്തരാത്മനഗരേസ്സുനാത്ഥമാനീതവാൽ
നാനാസ്തപകഭാഗ്യസ്പൃഷ്ടജലധീൻദീനാനുകമ്പീശിവഃ
ശ്രീനാഥദ്രുഹിണേന്ദ്രകിന്നരവരപ്രാണായകാമാരയേ
ഭാനാനേകപരാമിനേനതജനാധീനായതസ്മൈനമഃ (൯)

നാകാദബ്ദിനിമജ്ജനായസുമഹാപാകാഹിതാത്ഥാസന
സ്വീകാരംമലയധ്വജംനിജപുരേപ്രാകാശ്യകൃതചിതിം
യോകാഷീദപിതൽകളത്രകത്തുകംലോകേഷുരക്ഷാവിധാ
വേകാഗ്രംമധുരേശചരംതമനിശംശ്രീകാളകണ്ഠംഭജേ. (൧൦)

സ്കന്ദോയസ്യഗിരാസുമീനനയനാനന്ദോദയായപ്രഭാ
സന്ദോഹസ്പൃകൃദുഗ്രപാണ്ഡ്യഇതികന്ദോപമാനദ്യുതിഃ
ഇന്ദോരാനനശോഭയാമഹേശംമന്ദോദരീശസ്തുതം
തന്ദോഷാപഹകീർത്തനംപശുപതിംചന്ദ്രോദയംചിന്തയേ. (൧൧)

മോദാദുഗ്രനൃപായസാവലയംബോധാഗരിസ്മയ
ച്ഛേദായോദധിജ്യംഭമാണമമതാഭേദായശക്തിംതതഃ
അദാത്തഞ്ചാസുമേരുഭേദനചയംഭീദായിചണ്ഡായുധം
വേദാരണ്യശിഖണ്ഡിനോഭഗവതഃപാദാരവിന്ദംഭജേ. (൧൨)

ശ്രീരാജന്മധുരാപുരസ്യകമ്പളീകാരായശക്രാജ്ഞയാ
പാരാവാരമുപാഗതംപ്രതിഭയസ്വാരാവമുഗ്രോൎമ്മിഭിഃ
ആരാദേവയദാജ്ഞയാഗതമമുംസാരാദ്ധ്യശക്ത്യാവ്യധാൽ
സ്വാരാജ്യേനകിമസ്തുവേനമമയദ്വാരാധയേയംശിവം. ((൰൩)

കാരാസ്ഥാപിതപുഷ്കലാദിഷുമഹാധാരാധരാകർഷണ
ക്രൂരായോധനജൃംഭദിന്ദ്രമണികോടീരാഗ്രഉഗ്രോഭിനൽ
വീരാൎദ്ധാവലയേനയസ്യകരണാസാരാദഹന്തംഭജേ
താരാകാരശിഖാമണിംനവമണീഹാരാവലീഭാസുരം. (൰൪)

അണ്ഡാനാമധിപസ്യയസ്യകൃപയാചണ്ഡായുധേനാചലം
ദണ്ഡാൎഹംദളയൻതതസ്സപദിരേഷണ്ഡാനിപാണ്ഡ്യാഗ്രഹീൽ
ശുണ്ഡാലാനനകാൎത്തികേയഗിരിജാതുണ്ഡാരവിന്ദാരുണം
ഗണ്ഡാലംബിതകുണ്ഡലംജലധിഭൂഖണ്ഡാവതംസംഭജേ. (൰൫)

ബോധേവോനിഗമാൎത്ഥസാരമഖിലംഭൂദേവരൂപീശിവോ
മോദേനോപദിദേശകഞ്ചയമിനോഷ്ഷട്ടാദേവപാളീജുഷേ
പാദേസക്തമനാദ്ദൃഢംഭഗവതശ്ശ്രീദേസതാംതസ്യചേ
ബോധേയംനിഖിലേനകിംമമഫലംവേദേനശാസ്ത്രേണവാ. (൰൬)

ചക്രീഭൂതനിലിമ്പമൗലികഷണാച്ഛുക്രീഭവല്പന്നഖഃ
പ്രക്രീഡാദിബുധാലയാചലധനുൎവക്രീക്രതൈഷപണ്ഡിതഃ
വ്യാക്രീണാദപണിഗാകൃതിൎമ്മണിഗണംസ്വചക്രീഡയായോത്തമം
ചക്രീശ്യാമകുടായപാണ്ഡ്യനൃപതേസ്സക്രീഡതാംമേഹൃദി (൰൭)

ആയാതംവരുണാജ്ഞയാപുരനിരോധായാംബുസന്താകുലം
പ്രേയാംസംസംഹരിതാംപപൗനിജ്ജടാമേഘയാംബുദൈരാശ്രയഃ
സായാമേനാജ്ജിതാൻസ്വവീക്ഷകസുരശ്രേണ്യാംഘ്രിപങ്കേരുഹോ
ഭൂയാംസിപ്രമഥാധിപസ്സദിശതുശ്രേയാംസിമേശംകര. (൰൮)

കൂടാകാരതയാസ്ഥിതാൎണ്ണനനിരാലോടാതിവൃഷ്ടിജ്ജടാ
ജൂടാപീഡപയോമുചാംതദവിരോധാടാന്ദീയജ്ഞയാ
വടാഗ്രസരമംഘ്രിസന്തതനമൽഖേടാവലീകംചതു
ഷ്കൂടാദിവ്യപുരേശചാരുംഭജമനോഘോടായമാനശ്രുതിം. (൰൯)

---

* ക്രീഡാതിസ്തുതമാഹാത്മകടനിൎമ്മാണായപാണ്ഡ്യപ്രഭോ
സ്ത്രാണാൎത്ഥംവണിഗാകൃതിശ്ശുഭഗുണാധീനാരിതാനായഃ
പാണ്ഡവാജ്ഞേരതസംന്യാസേനിലിസ്സുമാരോണാധരാസ്ഥാദേക്ര
ഭേണാമാലിപുനീഡിതാമമസതുപ്രീണാതുനന്ത്യാനയാ.

സിദ്ധാകാരധരോദരന്നതജനാബദ്ധാദരോയൌവനം
വൃദ്ധാനാമപികുബ്ജമൂകബധിരാന്ധാഢ്യതദ്രോഷതഃ
അദ്ധായോവിജഹാരപാണ്ഡ്യനഗരേശ്ശ്രദ്ധാശയൈരീഢിത
സ്സഭ്യാലാസ്യപുരീശചരോഝടിതിമാമുദ്ധാരയേതാപദഃ (൧൦)

അക്ഷോഭംയദനുജ്ഞയാഝടിതിപാണ്ഡ്യക്ഷോണിഹേതുഃകരാ
ദിക്ഷോഃസ്വീകരണേശിലാമയഗജോദക്ഷോബ്ധ്രുവസ്തന്നൽ
സക്ഷോണീധരസാർവഭൌമതനയാവക്ഷോരുഹാലിംഗിത
സ്ത്ര്യക്ഷോമാമിഹപാതുസിദ്ധതനുമാൻയക്ഷോപകാരീശ്ശിവഃ (൧൧)

യോരാജേന്ദ്രോവരവിക്രമസ്യപുരസംഹാരായനഗോരിതം
ദൂരാദുഗ്രതരശ്ശുണ്ഡമാഹതമിഭംശ്രീരാജദട്ടാലഭാൽ
നാരാചേനനൃസിംഹദൈവതജ്ജുഷാകൈരാതരൂപോഹനൽ
പാരാവാരസുതേശരാദിവിബുധൈരാരാധ്യമീശംഭജേ (൧൨

ഗൌരീബീജജപോൽസുകാമഭിധയാഗൌരീമിളാദേവജാം
ഗൌരീരൂപധരാംവിധായവനിതാമൂരീകരോതിസ്മയഃ
ചാരീഭൂതവധൂവിഷഃപരുപതേർഹാരീകൃതാഹേരതോ
ഗൌരീശാൽപരമംനഹീതിശരണംഭേരീമയാഘുഷ്യതെ. (൧൩)

ഭൃത്യസ്തോമമനോരഥാർപ്പണവിധിപ്രത്യസ്തനിദ്രസ്തയോ
നിത്യസ്താപകരാജശേഖരകൃതേ വ്യത്യസ്തനൃത്യംവ്യധാൽ
അത്യർത്ഥാർഹലനിവാരണംത്രിജഗതാമത്യുത്തമംസോദ്യമേ
പ്രത്യക്ഷീകൃതതാംപ്രസന്നഹൃദയഃ ശ്രുത്യർത്ഥസാരംഹരഃ (൧൪)

തുംഗാനിന്ദിതഭക്തയേന്ദ്രപകൃപോത്തുംഗായവിപ്രാഗ്രണീ
ശൃംഗാരാഢ്യവധൂവധപ്രകടനം ഗംഗാധരോയോവ്യധാൽ
അംഗാലിംഗമനോമുദാപശുപതിംശൃംഗാരയോനിദ്രുഹം
തംഗാഢംമധുരാപുരീവിഹരണംലിംഗാകൃതിംസുന്ദരം. (൧൫)

കാമാവേശജഢാംപിതൃഘ്നമനിശംയോമാതൃജാരംദ്വിജം
പ്രേമാവേശതയോപദിശ്യസുകൃതം ശ്രീമാനപാപംവ്യധാൽ
ജാമാതാമലയധ്വജസ്യസശിവോ ഹേമാദ്രിധന്വാമമ
ക്ഷേമായാസ്തുതടാതകാരതികരഃസോമാവതംസോവിഭുഃ. (൧൬)

പങ്കസ്ഥാശയസിദ്ധനാമഭടമാതംകിതാപഹാരീസതാ
മങ്കച്ഛിന്നമനോഭടോഗ്രമകരോൽസങ്കല്പസിദ്ധോഹരഃ
തംകല്പദ്രുമമശേഷഭക്തസദസാം സങ്കല്പജന്മേഷിണാം
ടംകഭ്രാജിതപാണിമാശ്രയമനസ്താപംകഷ്ടഭീശാന്തയേ. (൨൧)

യോഗാധാതുലഭക്ത്യനന്തഗുണപുന്നാഗാപദേഭ്യാഗതം
വേഗാദുന്മദനാഗനസ്പൃഷ്ടമഹാനന്നാഗാധിപംഭീകരം
യോഗാത്ത്യാസംതതാത്മഭക്തജനതാ ഭോഗാപവർഗപ്രദം
വാഗട്ട്യനിശംതമേവശിശിരംഭോഗായതുശ്രേയസേ. (൨൨)

ദേവംതംകലയാമിപാന്ഥ്യമധുരാ ശ്രീവഞ്ചനാദൈരുഷാ
ധാവന്തീംവലനഗധേന മരിഹായോവന്ധ്യയതാംവ്യധാൽ
സേവന്തേനഹിയേജനാസ്ത്വമിദ്ദേവംവിധപ്രാഭവം
നാവംസംസൃതിസാഗരസ്യതമിമന്തേവംചിതാഭാഗ്യതഃ (൨൩)

സേനാന്യംപരിരക്ഷിതുംസുമഹതീനാനായുധാഞ്ചൽക്കരാ
സേനാശ്രീകുചഭൂഷണാഢ്യവിഭവായനാഗ്രസംദർശിതാ
മീനാക്ഷീമുഖപങ്കജാപരിചലൽമീനായമാനാശയം
സേനാനീജനകംവിനാജഗതമേകാനാമമാന്യാഗതിഃ (൨൪)

നീവീമഞ്ചിതകാഞ്ചനാം യദാകമ്പാവീക്ഷണാഹ്ലാദിതാ
മാവീക്ഷ്യാഭവദുൽസുകോദപിജസദസ്സേവീസപാണ്ഡ്യപ്രഭുഃ
ദ്രോവീണാധരപാണിചാമരശതൈരാവീജ്യമാനാംകവാ
പ്രാവീണ്യാധിഗമായസുന്ദരപതിംദേവീസമേതംഭജേ. (൨൫)

പഞ്ചാസ്ത്രാമുദീക്ഷ്യവൈശ്യവപുഷംയംചാപലാദ്ധചിരേ
തല്പഞ്ചാതുനപായാൻകരാഷ്ടമുദ്ഗരാമുഞ്ചാശ്ശുകന്യാഇതി
തഞ്ചാമീകരപാരിജാതരനടീസഞ്ചാരമീശംനചേ
ദഞ്ചാമിസ്ഥിതദായകംപശുപതിംമുക്താമിപാപാംകുരം. (൨൬)

---

സിദ്ധാന്ത്യാദേപ്രകാമാശനം ശുദ്ധാത്മജ്ഞവിംഗാനാ
നദ്ധാത്മാനമസന്മംഗളവരേസ്സൂർത്താരുതംസന്തതം
വിദ്യാംഗംപ്രവിധായഭക്തമമീബന്ധാദരഃപാലന
ശുദ്ധാഭക്തിമതാമപാദിവിപിനേരയോദ്ധാതലീശംഭജേ.

പക്ഷീശാംകനതസ്സയീകമലിനീപക്ഷീത്രസിദ്ധ്യസ്ഥകം
ലക്ഷീകൃത്യസ്സയക്ഷീണനീരവിലസദ്രക്ഷീമുദോപാദിശൽ
അക്ഷീണോന്നതമൂലംസപക്ഷേസദസാംപാക്ഷീയമീഡ്യംസുരൈ-
രക്ഷീഭൂതമഹസ്സ്വയംമമദധാതിത്ര്യക്ഷീഷ്ടതാംമാനസം. ൨൩

കാന്താരച്ഛിദുരാപ്യചോളധരണീകാന്താനുകാരുണ്യവൽ
സ്വാന്താദപാരവിഭേദിനീനിജപദൈകാന്താനുവാദാശ്രയൽ
ശാന്താകാരമഘസ്വപത്രപമതുലംകാന്താനുമേതംഭജേ
താന്താനാധിപശേഖരാംഗണവൃതപ്രാന്താമഹേശോദിതാം. ൨൪

പാനീയപ്രതിപാദനംരണതലേമാനീസരാജേന്ദ്രഭൂ-
പാനീകായപിപാസിതായവിദധേയാനീചവന്യേശ്വരഃ
അനീലാളകയാധൃതംധൃഷദശേദാനീമനംഗദ്വിഷം
ജാനീഹ്യംഗമനോഗതിംസിതഗരുദ്ദൈപനീതകാദ്ര്യർച്ചിതം. ൨൫

സ്നേഹേനാതുലപുണ്യപുഷ്പവിപിനേയോഹേമനാഥാംഗനാ
ഗേഹേസദ്മസപാദകൃത്യമതനോൽവ്യൂഹേനവന്ദ്യസ്സതാം
ദ്രോഹേച്ഛാവിനിവാരിതാപിവിബുധാമോഹേനമേവല്പതേ
ശ്രീഹേരംബഗുരുസ്സദാനിയമിതുംഗാഹേനമൽകംമനഃ ൨൬

വ്യാതേനേശിവപാദശേഖരനൃപാരാതേരശേഷംബലം
വ്യാതേചോളനൃപസ്യദുർജ്ജലചരോപേതേനിമഗ്നംതഷാ
പീതെത്രുല്മധിപ്സിതോദധിതിരൈകരാതേനരൂപേണയോ
ഭൂതേശോപതുമാമനന്യശരണംഭീതേരമാവല്ലഭഃ. ൨൭

മൃതംപാണ്ഡുതരാക്ഷയാക്ഷതവരോപേതംവിതീർണ്ണദ്രുതം
പ്രീതംയോകൃതഭക്തസൌമ്യവൃഷഭച്യോതശ്രിയാധാർമ്മികം
ഭീതംരക്ഷിതുമൂർജ്ജിതേനിജജനംപേതണ്ഡചർമ്മാംബരേ
സ്വാതന്ത്ര്യേണസതീഹതത്ര ഭഗവത്യാതങ്കിതാ കാ മമ. ൨൮

ധൃതപാമാതുലവേഷമൂതജശിരോർഗതപാസ്യധർമ്മാസനം
ജിതപാജ്ഞാതിജനാൻതദനപായകഥാതതപാനുവാദേനയഃ
ദത്വാവസ്ഥഗൃഹാദികഞ്ചസുഖിതംകൃതപാതമംതർദ്ദധേ
ഹിതപാന്യംവിഷയംതമേവ ഹൃദയ സ്മൃതപാകൃതാർത്ഥീഭവേ. ൨൯

ത്രൈലോക്യേശമുപാസ്യയംവരഗുണോബാലോഢ്യപാകംമഹീ-
പാലോബ്ദ്യഹമവധോദിതാത്ഥിരഹിതശ്ശീലോതലോഭൂദഹോ
ഭൂലോകേശിവലോകമന്യനൃപതേരാലോകയിത്രേസദാ
പൌലോമീപതിപൂജിതാംഘ്രിവിഷജപാലോപകർത്രേനമഃ ൩൦

ഭോച്യസ്യസുഗായകസ്യഭജനോ ഭോഗകാപ്തുംപഥ
ന്ദ്രാഗാതുലഗാനതസ്തദഹിതംവ്യഭോപയൽഗായകം
സദ്രാഗപ്ലിതഭക്തതാഞ്ജരിതഫലോത്ഭോക്ഷഭസ്മാങ്കിതോ
ഭദ്രാണീസഹിതോമുദാമമമനോഭദ്രാസനേതിഷ്ഠതു. ൧൮

ചോരം പത്രികയാപ്രതിപ്പൂഹിതയോദാരംസപസംഭാവനാ
നൈരന്തൎയ്യകൃതാൎത്ഥഭദ്രേദ്ദയംയോരഞ്ജയാമാസതം
സാരംഗാങ്കകലാധരംപുരഹരംഹേരംബതാതംഹരം
വാരാവാരമഹംനമാമിജഗദാധാരംദയാസാഗരം. ൧൯

സാനന്ദംധൂൎത്തിഭദ്രഭക്തമണയേഗാനംസദാകുൎവ്വതേ
യോനന്ദായപകാരരത്നഫലകാദാനംപ്രകൃഷ്ടാശയഃ
ഏനംപാതുജനംതപനന്യശരണംദീനംശചീഭാരതീ
ശ്രീനംതവ്യപദാംബുജഃപ്രണമതാംസോനംതഭാഗ്യപ്രദഃ ൨൦

ശ്രീപാണ്ഡ്യപ്രഭുശാസനാദുപഗതാംദപീപാന്തരാൽഗായികാം
സോപാപാന്തശ്രിതഭദ്രാരവിജിതാംഭ്രപാന്തികേചോദ്യയാൽ
പാപാംതംവിരചയ്യഗാഢഭവസംതാപാന്ധചിത്തസ്യമേ
സോപാംഗേനദയാപതാസുഗുണനാതാപാംപതിഃപാതുമാം. ൨൧

വന്ദ്യംക്രോധശിശുവൃജംപ്രതിബോധസ്തന്യംപ്രദായസ്യതം
ധന്യംമാതൃവപുൎഭോവിമലചൈപതസ്യഞ്ചയസ്സംദധേ
മന്യന്താശരണായമേവഖലുനൈജന്യംഗതാമാനവാ
സ്തന്യംകുന്ദസുതാകരേവിബുധമൂൎദ്ധന്യംനമാമീശ്വരം. ൨൨

ക്രോധാൎത്തേനപിതാജയാജസചിവാപീഡാനരോഹോയോവ്യധാൽ
ക്രീഡാശ്ലിഷ്ടതടാതകംശ്രുതിപതാക്രീഡായമാനാനനാ
ചൂഡാലങ്കരണീകൃതേന്ദുമിഹമേപീഡാസ്പദംകൎമ്മഹേ
നീഡാവാസിരഥാച്ഛിതാംഘ്രികമലംപീഡാലവഃകോസ്തിനഃ ൨൩

ധൎമ്മാത്മാഹൃദികഞ്ജതോധുരിവസന്നിൎമ്മായയച്ഛിന്തനം
വൎമ്മാസാദ്ധ്യയതോമഹാമന്ത്രമയംശൎമ്മായജിതപാദിപ്പൻ
കൎമ്മാനന്ദമപാസ്യഹാമമമനോദുൎമ്മാൎഗലോലംജഗ
ന്നിൎമ്മാതാസനിയമ്യപാലയതുമാംസധൎമ്മാനിനീസേവിതഃ ൨൪

അസ്മാദസ്തിപരംനഹീതിയമുപാസ്യസ്മാരഗൎവ്വാപഹം
ഭസ്മാലംകരണംസ്മരാരിമുപയാതിസ്മാലമുക്തോമുദം
അസ്മാകംകുലദൈവതംസ്മരദഘാപസ്മാരകുഷ്ഠാപഹം
കസ്മാന്നോരമുപാസ്മഹേദൃഢകൃപയാകസ്മാദനുഗ്രാഹകം. ൨൫

സീമന്തസ്ഫുരണംപുരസ്യവിദധേഭീമാംഗഭൂഷാഹിനാ
യോമാന്യപ്രഭുവംശശേഖരകൃതേസാമാംഗമുത്തംസയൻ
കാമാന്ധീകൃതവാമഭാഗനിലയശ്യാമാംകപാളീസ്മര-
ദ്രോമാഞ്ചോവതുമാമനന്യശരണംഹേമാംഗദാലാകൃതഃ ൩൯

ക്ഷേപാളാഡംബരകാരിണാംസമിതിപാണ്ഡ്യേളാപതിദ്രോഹിണാം
ചോളാധീശപുരോമാതതാനജിതമട്ടാളാധിപോയൈശ്ശുരൈഃ
അള്ളാനംഗിരിജാകടാക്ഷകരിണോര്യാളാധിപാലംകൃതം
കാളാഭ്രച്ഛവികന്ധരംകലയിതുംവേതാളവേഷംമനഃ ൪൦

വിദ്യാപീഠമഠാനനന്യസുലഭംവിദ്യാവതാംസംഘിനാം
വിദ്യാധിക്യസമാഗമായഭജതാംവിദ്യാസപത്രപോഹരഃ
ഹൃദ്യാലംകൃതിസൽഗുണാഢ്യകവിതാപദ്യംസുജംഘാലതാ
മദ്യാസൌഖ്യകൃപയാമദീയമനസോദദ്യാദുമാവല്ലഭഃ ൪൧

കാവ്യാലംകരണജ്ഞചമ്പകനൃപശ്രാവ്യായദീയാകൃതി
ന്നിവ്യാദാനഘണാഭവദ്വിജസുതസ്യാവ്യാജഭക്തേരഹോ
ദേവ്യാമീനദൃശാസമംമനസിമേസോവ്യാഹതപ്രാഭവോ
ദിവ്യാദീന്ദുകലാധരോപിബുധസംസേവ്യാമലാംഘ്രിദ്വയഃ ൪൨

ഉൽഗീർണ്ണാഗമമിഷ്ടസംഘികവിസംസൽകീർത്ത്യമാനസ്തവൈ
രുൽകീർഭ്രതമനാദരക്ഷസ്വരസോനൽകീർത്തിമുക്താർത്ഥ്യയഃ
ഇൽകീലാളികദൃഷ്ടിതുല്യമദനേസ്സൽകീർത്തനീയോജ്ജടാ
ദുൽകീനാശഭയംസകാലമധുനോഗ്രൽകീലമുല്ലാടയൻ. ൪൩

സൂത്രാണിദ്രമിഡോചിതാനിജഗൃഹേപാത്രാദ്ഭഷേയൽഗിരാ
ചരാത്രാദഗ്നിഭവന്യകീരസുകവിമൈത്രാവരുണ്യാഹപയാൽ
ഗോത്രാരാതിവിരോധിസംഘകദളീദാത്രായകംമൌഞ്ജസം
കോത്രാനേഘസിതംവിനാപശുപതിംമേത്രാണകർത്താക്ഷിതൌ. ൪൪

അസ്താശ്ശംകമഹോപ്രബന്ധവിതതേർവ്വിസ്താരരമ്യക്രിയാ
വിസ്താരേണമിഥോവിവാദരമണംവ്യസ്താരയൽസംഘിനാം
ദുസ്താരേഭവസാഗരെമമദൃഢത്വസ്താദരംമജ്ജതോ
മസ്താനീകകലാധരംത്രിഭുവനേ കസ്ത്രാതകസ്തംവിനാ. ൪൫

സ്നേഹാന്മദ്വചനാലിജകൃതയോഗാഥാത്മ്യസാരോരത
ശ്രീഹാലാസ്യഗതിംകലേശരകൃതദ്രോഹാതിഭൂനാശയേ
ഹാഹാമാനസകിംവദാമിവലഭ്രസ മോഹാദരേകാപഥേ
ശ്രീഹാലാസ്യപതിംസമാശ്രയതമേവേഹാഭിലാഷാപ്തയേ. ൪൬

യാശാപോനധവസ്യമീനനയനാ ദാശാത്മജാസീച്ഛ്രുതാ
മാശാബദ്ധമനാളദൂര്വ്യമൃദുദേശാകൃതിംയോവ്യധാൽ
ഈശാനസ്യഹരസ്യതസ്യകരുണാദേശാദിയോഗോസ്ത്വിഹ
ദാശാസ്യംകിമപായവത്യപിലഭിദിഗ്ദേശാധിപത്യേപിമേ. ൩൭

പ്രേക്ഷ്യാപൂർവ്വമുപാസനം കലയതോമോക്ഷാർത്ഥിനാശ്ചാക്ഷുഷീ
ദീക്ഷാപാതപുരേശപാദപതിജമണേസ്സൂക്ഷ്മാൽകൃതാമേനസാ
ദാക്ഷായണ്യധിനായകസ്യകരുണാവീക്ഷാപ്യപേക്ഷ്യാമയി
ദ്രാക്ഷാമാക്ഷിപമാധുരീമൃദുകവിതാദീക്ഷാഗ്രതതാപംഭവേൽ. ൩൮

മായാഘോടകവിക്രയംസപദിവിധിരാമാസഹാനാമയോ
മായാവാനരിമർദ്ദനാഖ്യമനഘേന്ദ്രായാശ്വസാദിപ്രിയാൽ
ജായായുക്തമിമംഹരായദിസകൃദ്ധ്യായാമികാലേന്ത്വിമേ-
പ്യായാതൈരതിദീകരൈശ്ചമഭടൈസ്സംയാതനാമോഭവേൽ. ൩൯

ഫേരുത്വാശ്രയഘോടകേക്ഷകസുരാട് ചോരക്ഷ്യതേമന്ത്രിണോ
യോരുദ്ധസ്യധുനീധരാന്നയനതേ ഭീരുത്വമസ്യാക്ഷിപൻ
ചാരുത്വാതിശയേനഗാത്രമിഹതംഗീരുദ്യതാചേന്മമ
ശ്രീരുദ്രംവിഭവേനകിംക്ഷയജുഷാചാരുത്വതേനാപിമേ. ൪൰

ശിഷ്ടാനാമപിചേതസാമവിഷയസ്സ്പഷ്ടാകൃതിർമ്മൽപരം
പിഷ്ടാംബോരുഹകീഭവൻശിരസിയഃ പിഷ്ടാദരേണാവഹൽ
അഷ്ടാഭിസ്തനുഭിർവൃതസ്സകരുണാ ജുഷ്ടാവലോകേനമേ
കഷ്ടാമദ്യദശാമപാസ്യഭഗവാ നിഷ്ടാർത്ഥദാതാഭവേൽ. ൪൧

വിജ്ഞാനോദ്ഭവിപാണ്ഡ്യപാംസുലഹൃയതോ നജ്ഞാമവാപ്യാപ്യധാ-
ദജ്ഞാനജ്വരകമ്പ്ജഭാവരഹിതം വിജ്ഞാനപൂർണ്ണോപടുഃ
ജിജ്ഞാസായദിയസ്യസുന്ദരപതേഃ പ്രജ്ഞാദൃശാസുസ്ഥിരാ
യജ്ഞാദ്യാചരണംവിനാപിമമകാ വജ്ഞാഭവേത്തസ്യഷഃ ൪൨

അഗ്നാവാഹിതപത്രദോഷകലനാൽ ഭഗ്നാനനാൻയൽഗിരാ
നഗ്നാനേഷവടുഗ്ലൂലനികരൈ ർഭഗ്നാനകർഷീദഹോ
മഗ്നാമാദവസംസൃതൌനനുമതേ ലഗ്നാദൃഢംതത്രചേ
ദഗ്നായീപതിപൂഷഷണ്ഡശിനോ ദഗ്നാഭവേസ്ത്വദ്ധ്രുവം. ൪൩

ഹേലാകാരിതശംകരപ്രഹിശമീ സാലാപലോകേനസ-
ച്ഛീലാമൂകഭുജകന്യകാമകലയൻ യോലാളിതാംബന്ധുഭിഃ
ശ്രീലാഭായസമേസ്തഹേമനളിനീകൂലാധിവാസീശിവോ
ഹാലാസ്യേവിഹരൻദയാമൃതഹൃദയോ ലീലാചതുഷ്ഷഷ്ടികൃൽ. ൪൪

ഹാലാപാനഫലാനപാസ്യമനഘാലീലാസ്തവൈനാമുനാ
ഹാലാസ്യാധിപമേകവാരമതുലം യേ ലാളയന്ത്യാദരാൽ
തേലാസ്യേശലസൽകടാക്ഷചലനോ ദോലാരകമ്പാതുലഃ
ശ്രീലാഭാദിഹ ഭോഗിനശ്ചിരമതഃ കാലാദപേക്ഷ്യാം പരഃ ൩൨

വൈയാസീഷ പരമാലോക്തിഷു ശ്രമജുഷാ നൈയായികീയാസു ച
ത്രയ്യാരണ്യപരാവഗാഹനവിധൌ വൈയാത്യമാബിഭ്രതാ
ശയ്യാം ശ്രീഭഗവൽഗിരാം ദധതി ച്ഛയ്യാമദല്പീകൃതാ
ജീയാന്മീനദൃഗീശലിംഗമയനൌ ഭവ്യാംബുധേന്നോദിതാ. ൩൩


ശ്രീമദ്ധാലാസ്യമാഹാത്മ്യമിഹ പഠതി യഃ പാഠയേദ്വാതിഭക്ത്യാ
മീനാക്ഷ്യാസുന്ദരേശസ്സഹസദനതലേ തസ്യസാന്നിദ്ധ്യകൃൽസ്യാൽ
പാപേഭ്യോ മുച്യതേസൌ ശ്രയതി ച സകലാഭീഷ്ടമിത്യേകസപ്ത-
ത്യധ്യായേ പ്രാഹ സൂതസ്സകലമുനിവരാൻ ദിവ്യകൈലാസശൈലേ. ൩൪

# വിഷയാനുക്രമണിക.


| അദ്ധ്യായം. | ലീല. | | ൧-മുതൽ | ൧൦-വരെ |
|---|---|---|---|---|
| | | കഥാമുഖം | | |
| ൨ | | ക്ഷേത്രമാഹാത്മ്യം. | ൧൧ | ൧൪ |
| ൩ | | തീൎത്ഥമാഹാത്മ്യം. | ൧൫ | ൧൯ |
| ൪ | | ലിംഗമാഹാത്മ്യം | ൧൯ | ൨൩ |
| ൫ | | ലീലാസംഗ്രഹം. | ൨൩ | ൨൭ |
| ൬ | ൧-ാം ലീല. | ദേവേന്ദ്രന്റെ ബ്രഹ്മഹത്യാപാപം തീൎത്തതു്. | ൨൬ | ൪൦ |
| ൭ | ൨ | ഐരാവതശാപമോചനം | ൪൦ | ൪൪ |
| ൮ | ൩ | മധുരാപുരം ഉണ്ടാക്കിയതു് | ൪൫ | ൫൦ |
| ൯ | ൪ | തടാതകാജനനം. | ൫൦ | ൫൮ |
| ൧൦ | ൫ | തടാതകാപരിണയം. | ൫൮ | ൬൫ |
| ൧൧ | ൬ | നൃത്തദൎശനം | ൬൫ | ൭൨ |
| ൧൨ | ൭ | കുണ്ഡോദരഭുക്തി. | ൭൨ | ൭൭ |
| ൧൩ | ൮ | അന്നഗൎത്താപഗാനയനം. | ൭൭ | ൮൪ |
| ൧൪ | ൯ | സപ്തസമുദ്രാനയനം. | ൮൪ | ൮൮ |
| ൧൫ | ൧൦ | മലയധ്വജഭൂപാലാനയനം. | ൮൮ | ൯൨ |
| ൧൬ | ൧൧ | ഉഗ്രപാണ്ഡ്യാവതാരം. | ൯൩ | ൯൭ |
| ൧൬ | ൧൨ | വലയാത്ര്യായുധപ്രദാനം. | ൯൭ | ൧൦൩ |
| ൧൭ | ൧൩ | സിന്ധുതാഡനം. | ൧൦൪ | ൧൦൮ |
| ൧൮ | ൧൪ | ഇന്ദ്രമൌലിഭേദനം. | ൧൦൮ | ൧൧൫ |
| ൧൯ | ടി | സോമവാരവ്രതവിധി. | ൧൧൫ | ൧൨൬ |
| ൨൦ | ടി | സോമവാരവ്രതോദ്യാപനവിധി. | ൧൨൬ | ൧൩൨ |
| ൨൧ | ൧൫ | കാഞ്ചനാപഹരണം. | ൧൩൩ | ൧൩൯ |
| ൨൨ | ൧൬ | കണ്വാദികൾക്കു വേദോപദേശം ചെയ്തതു്. | ൧൩൯ | ൧൪൬ |
| ൨൩ | ൧൭ | തനാതിക്രമം. | ൧൪൬ | ൧൫൩ |
| ൨൪ | ൧൮ | മേഘങ്ങളെക്കൊണ്ടു സമുദ്രപാനം ചെയ്യിച്ചതു്. | ൧൬൪ | ൧൬൯ |
| ൨൫ | ൧൯ | അതിവൎഷരക്ഷണം | ൧൭൦ | ൧൭൭ |
| ൨൬ | ൨൦ | സുന്ദരേശൻ സിദ്ധ. | | |

| | | | | |
|---|---|---|---|---|
| | | നായത്തു്. | ൯൩൨ | ൯൭൯ |
| ൧൬ | ൧൯ | കല്ലാനയെക്കൊണ്ടു ക രിമ്പുതീററിച്ചതു്. | ൯൭൨ | ൯൭൭ |
| ൧൭ | ൧൨ | നഗരന്മാരയച്ച മത്തഗ ജത്തെ സംഹരിച്ചതു്. | ൯൭൭ | ൯൮൪ |
| ൧൮ | ൧൧൨ | ബ്രാഹ്മണസ്ത്രീയുടെ ദുഃഖം ശമിപ്പിച്ചതു്. | ൯൮൫ | ൧൦൯ |
| ൨൦ | ൧൬ | വ്യത്യസ്തനൃത്തം ചെയ്തതു്. | ൧൦൯ | ൧൦൬ |
| ൨൯ | ൧൫ | വിപ്രപത്നീവധ നിരൂപണം. | ൧൦൩ | ൧൯൬ |
| ൨൨ | ൧൩ | പിതൃംഘ്നദോഷഹനനം. | ൧൯൬ | ൧൧൯ |
| ൨൨ | ൧൬ | സിദ്ധനമായി അങ്കം വെട്ടിയതു്. | ൧൧൧ | ൧൧൬ |
| ൨൪ | ൧൭ | നഗരസപ്ലഹനനം ചെയ്തതു്. | ൧൧൦ | ൧൬൬ |
| ൨൫ | ൧൮ | നഗരധേനനിപാതനം | ൧൬൧ | ൧൬൩ |
| ൨൩ | ൨൦ | സേനാപ്രദർശനം. | ൧൬ | ൧൭൫ |
| ൨൬ | ൨൯ | നിവീടാനംചെയ്തതു | ൧൭൫ | ൧൭൮ |
| ൨൭ | ൨൨ | വലയവിക്രയംചെയ്തതു്. | ൧൭൮ | ൧൮൧ |
| ൨൮ | ൨൨ | അഷ്ടസിദ്ധ്യുപദേശം. | ൧൮൬ | ൨൦൯ |
| ൪൦ | ൧൪ | ചോളരാജാവിനു വാതിൽതുറന്നു കൊടുത്തതു്. | ൨൦൯ | ൨൦൫ |
| ൪൯ | ൨൪ | സൈന്യങ്ങൾക്കു വെള്ളം നൽകിയതു്. | ൨൦൩ | ൨൯൯ |
| ൪൧ | ൪൩ | രസവാദം കാണിച്ചതു്. | ൨൯൧ | ൨൯൬ |
| ൪൨ | ൨൬ | സസൈന്യചോളനിപാതനം. | ൨൯൭ | ൨൧൫ |
| ൪൪ | ൨൭ | അക്ഷയതണ്ഡുലപാത്രദാനം. | ൨൧൫ | ൨൨൦ |
| ൪൫ | ൨൮ | വൃദ്ധവൈശ്യരൂപം ധരിച്ചതു്. | ൨൨൦ | ൨൨൬ |
| ൪൩ | ൪൦ | വരഗുണപാണ്ഡ്യന്റെ ബ്രഹ്മ ഹത്യാദോഷംതീർത്തതു്. | ൨൨൭ | ൨൪൬ |
| ൪൬ | ൪൯ | വിറകുകെട്ടു ചുമന്നതു്. | ൨൪൬ | ൨൫൨ |
| ൪൭ | ൪൧ | ചേരഭൂപതിക്കു എഴുത്തയച്ചതു്. | ൨൫൨ | ൨൫൮ |
| ൪൮ | ൪൨ | ഭേരപലക ദാനംചെയ്തതു്. | ൨൫൮ | ൨൩൪ |
| ൫൦ | ൪൪ | ഭദ്രോദ്ധ്യക്കു ജ്ഞാനംനല്കിയതു്. | ൨൬൫ | ൨൬൧ |
| ൫൯ | ൪൫ | പന്നിക്കുട്ടിക്കുപാലുകൊടുത്തതു്. | ൨൬൬ | ൨൭൧ |
| ൫൧ | ൪൩ | പന്നിക്കുട്ടികളെ മന്ത്രിയാ ക്കിയതു്. | ൨൭൧ | ൨൭൫ |

| | | | | |
|---|---|---|---|---|
| ൮൩ | ൪൭ | ഖഞ്ജരീടപക്ഷിക്ക മൃത്യുഞ്ജയ മന്ത്രം ഉപദേശിച്ചത്. | ൩൮൩ | ൩൯൦ |
| ൮൪ | ൪൮ | ശരാദിക്ക മോക്ഷംകൊടുത്തത്. | ൩൯൦ | ൩൯൭ |
| ൮൫ | ൪൯ | പുരന്ധ്രീമാപ്രദർശനം ചെയ്തത്. | ൩൯൭ | ൪൦൧ |
| ൮൬ | ൫൦ | ചോളരാജാവിനെ തോല്പിച്ചത്. | ൪൦൧ | ൪൦൮ |
| ൮൭ | ൫൧ | സംഘപ്പലക നൽകിയത്. | ൪൦൮ | ൪൧൩ |
| ൮൮ | ൫൨ | ബ്രാഹ്മണകുമാരന് സ്വാകൃതി പ്രദാനം ചെയ്തത്. | ൪൧൭ | ൪൨൪ |
| ൮൯ | ൫൩ | നൽകീരാനുഗ്രഹണം. | ൪൨൪ | ൪൨൭ |
| ൯൦ | ൫൪ | നൽകീരനു സൂത്രോപദേശം ചെയ്തത്. | ൪൨൮ | ൪൩൨ |
| ൯൧ | ൫൫ | പ്രബന്ധതാരതമ്യം നിർണ്ണയിച്ചത്. | ൪൩൩ | ൪൩൯ |
| ൯൨ | ൫൬ | ഉത്തരഹാലാസ്യപ്രവേശനം. | ൪൩൫ | ൪൪൨ |
| ൯൩ | ൫൭ | കൈവർത്തകന്യകയെ വിവാഹം ചെയ്തത്. | ൪൪൩ | ൪൫൦ |
| ൯൪ | ൫൮ | വാതപുരേശന് ജ്ഞാനദീക്ഷ നൽകിയത്. | ൪൫൦ | ൪൬൧ |
| ൯൫ | ൫൯ | മായാശംഖങ്ങളെ വിററത്. | ൪൬൧ | ൪൭൫ |
| ൯൬ | ൬൦ | നദീപ്രവാഹാകർഷണംചെയ്തത്. | ൪൭൬ | ൪൮൧ |
| ൯൭ | ൬൧ | പിട്ടിനുവേണ്ടി മൺചുമന്നത്. | ൪൮൨ | ൫൦൦ |
| ൯൮ | ൬൨ | കുബ്ജപാണ്ഡ്യൻെറ ജ്വരവും കുബ്ജതവും നശിപ്പിച്ചത്. | ൫൦൦ | ൫൧൩ |
| ൯൯ | ൬൩ | നഗ്നന്മാരെ ശൂലത്തിൽ ഇടുവിച്ചത്. | ൫൧൩ | ൫൨൯ |
| ൱ | ൬൪ | ശിവലിംഗം, ശമീവൃക്ഷം, കൂപം ഇവയെ സാക്ഷിയാക്കി വരുത്തിയത്. | ൫൨൯ | ൫൩൯ |
| ൱൧ | | പുരാണശ്രവണമാഹാത്മ്യം | ൫൪൦ | ൫൪൭ |



ശ്രീ

# ഹാലാസ്യമാഹാത്മ്യം.

## കേരളഭാഷാഗദ്യം.

### ഒന്നാം അദ്ധ്യായം.

### കഥാമുഖം.

ശിവായ പരിപൂൎണ്ണായ ശീതളായ ചിദാത്മനേ
ചിത്തനാഥായനാഥായ തേജസേ ബ്രഹ്മണേ നമഃ.
വന്ദേ ഹാലാസ്യനഗരീം വന്ദേ ഹേമാബ്ജിനീമപി
വന്ദേ സുമീനനയനാം വന്ദേ സുന്ദരനായകം

ശ്രീമഹാദേവന്റെ മൂലസ്ഥാനവും, അനാദികാലം തുടങ്ങിയുള്ള അദ്ദേഹത്തിന്റെ നിത്യദിവ്യസാന്നിദ്ധ്യംകൊണ്ടു്, ത്രൈലോക്യപ്രഖ്യാതവും ആയ ശ്രീകൈലാസപൎവ്വതം ശ്രീമത്തുക്കളായ സൎവ്വഭൂതങ്ങൾക്കും സാൎവ്വഭൌമനാണെന്നുള്ളതു് സൎവ്വവിദിതമാണല്ലോ.

സൎവ്വജ്ഞാലയവും, ദേവതാനിഷേവിതവും, സേവിക്കുന്നവൎക്കു സൎവ്വകാമങ്ങളേയും കൊടുക്കുന്നതും, എല്ലാ പവിത്രതീൎത്ഥങ്ങളുടെയും ഉല്പത്തി

സ്ഥാനവും, ശ്രവണമാത്രത്താൽത്തന്നെ ജനങ്ങളുടെ സൎവ്വ പാപങ്ങളെയും നശിപ്പിക്കുന്നതും, ജന്മമൃത്യുഭയാപഹവും, സ്മരണകീൎത്തനാദികളെക്കൊണ്ടു സകലസിദ്ധികളേയും സാധിക്കാവുന്നതും, തപോബലംകൊണ്ടു വീക്ഷിക്കപ്പെടുന്ന മഹാത്മാക്കൾക്കു് അനായാസേന മോക്ഷത്തെ ദാനംചെയ്യുന്നതും, നാലുപാടും വിവിധതരത്തിലുമുള്ള ഭൂതഗണങ്ങളാൽ സംരക്ഷിക്കപ്പെടുന്നതും, ജഗദീശ്വരനായ പരമേശ്വരന്റെ ആജ്ഞയെ അതിലംഘിച്ചു് വിധിവിഷ്ണുമഹേന്ദ്രാദികൾക്കുപോലും അഗമ്യമായിട്ടുള്ളതും, വിധുമണ്ഡലപാണ്ഡുരവും, പരമൈശ്വൎയ്യനിദാനസ്ഥാനമായ ക്ഷീരാബ്ധിയുടെ ശ്രീയേപ്പോലും അപഹരിയ്ക്കുന്ന അമിതപ്രഭാവങ്ങളോടുകൂടെ പ്രകാശിക്കപ്പെടുന്നതും, വിഷ്ടപത്രയവിഖ്യാതവും, വിദ്വജ്ജനങ്ങളുടെ മനസ്സിലും ഈശാനദിക്കിലും ഒന്നുപോലെ പ്രശോഭിക്കുന്നതും ആയ ഈ ശ്രീകൈലാസപൎവ്വതത്തിന്റെ മദ്ധ്യഭാഗത്തിൽ മേരു എന്ന പേരോടുകൂടിയതായ ഒരു മഹാശൃംഗമുണ്ടു്. തന്മദ്ധ്യത്തിങ്കൽ തേജസ്സുകൊണ്ടു പരിപൂൎണ്ണവും, ആകാശംപോലെ അത്യന്തം വിമലവും പരിപാവനവുമായ ഒരു വിശാലസ്ഥലം ദൎപ്പണോദരംപോലെ സൎവ്വദാ ശോഭിക്കപ്പെടുന്നുണ്ടു്. ആ സ്ഥലം തപോവിഘ്നങ്ങളായ കാമാദിശത്രുക്കൾക്കു് എല്ലാപ്രകാരത്തിലും ദുഷ്പ്രാപ്യമായിട്ടുള്ളതെന്നു മാത്രമല്ല, തപോവൃത്തിക്കു അത്യന്തം അനുകൂലങ്ങളായ വിവിധസൌകൎയ്യങ്ങളോടുകൂടിയതും കല്പകവൃക്ഷങ്ങൾ, കാമധേനുക്കൾ, ചിന്താരത്നങ്ങൾ, പാൽ, നെയ്യ്, തൈർ, തേൻ, ഇവകൾ നിറഞ്ഞ മഹാനദികൾ ഇവയാൽ പരിപൂൎണ്ണമായതും ശ്രേഷ്ഠരത്നനിൎമ്മിതങ്ങളായ അനവധി കുട്ടിമസ്ഥലങ്ങൾ പ്രമഥാദിഗണങ്ങളുടെ മന്ദരതുല്യങ്ങളായ മന്ദിരങ്ങൾ അതിമഞ്ജുളങ്ങളായ മററനവധി മേടമാളികാകൂടഗോപുരങ്ങൾ ഇവയോടു കൂടിയതുംആകുന്നു. അതിന്റെ മദ്ധ്യത്തിലാണു് വിവിധപ്രാകാരങ്ങളോടുകൂടിയ നവരത്നങ്ങൾകൊണ്ടു് നിൎമ്മിക്കപ്പെട്ടിട്ടുള്ള പരമേശ്വരന്റെ മഹോന്നതമായ പ്രാസാദം വിളങ്ങുന്നതു്. ചതുൎദ്വാരങ്ങളോടുകൂടിയ ആ പ്രാസാദമദ്ധ്യത്തിൽ നവരത്നനിൎമ്മിതമായ ഒരു പീഠമുണ്ടു്. * പരമാത്മാവായ പരമേശ്വരന്റെ മൂലലിംഗം ശോഭിക്കപ്പെടുന്നതു് ആ പീഠത്തിലാണു്. ചിരന്തനവും, സ്വയംഭൂതവും, ശ്രീകണ്ഠപരമേശ്വരാഖ്യയുമായ ഈ ലിംഗമാണു് സാക്ഷാൽ ശിവലിംഗം. ശ്രീകരവും സൎവ്വദേവതാമയവും, പരാശക്തിമയവും പരചിൽഘനരൂപകവുമായ ആ ലിംഗത്തെ ബ്രഹ്മാവിഷ്ണുമഹേന്ദ്രാദികളും മററുള്ള എല്ലാ ദേവന്മാരും യക്ഷകിന്നരകിംപുരുഷസിദ്ധസാദ്ധ്യവിദ്യാധരന്മാരും, മഹൎഷിഗണങ്ങളും, എല്ലാ യുഗങ്ങളിലും ഒന്നുപോലെ ധൎമ്മാൎത്ഥകാമമോക്ഷങ്ങൾ ആയ നാലുവിധ പുരുഷാൎത്ഥലാഭത്തിനുവേണ്ടി ഇടവിടാതെ പൂജിക്കുകയും, സേവിക്കുകയും ഭഗവാനായ പരമേശ്വരൻ, സ്ഥാവരമായ സ്വലിംഗപ്രാഭവംകൊണ്ടും അവസ്ഥാനുസരണങ്ങളായ മൂൎത്തിവിശേഷങ്ങളെ കൈക്കൊണ്ടും തന്റെ എല്ലാ ഭക്തജനങ്ങളുടേയും അഭീഷ്ടങ്ങളെ സാധിച്ചു കൊടുക്കുകയും ചെയ്തുവരുന്നുണ്ടു്. കൈലാസപൎവ്വതത്തിലെ ഈ പരമേശ്വരക്ഷേത്രത്തിനു സമീപത്തിലുള്ള പരിപാവനമായ ശിവതീൎത്ഥക്കരയിൽ ഭക്തഗണങ്ങൾ

ക്ക് പരമശിവാൎച്ചന ചെയ്യുന്നതിന് ദേവശില്പി, നവരത്നങ്ങൾ പതിച്ചു ചന്ദ്രകാന്ത കല്ലുകൾ കൊണ്ടുണ്ടാക്കിയ ഒരു ആയിരംകാൽമണ്ഡപം ഉണ്ട്. ചന്ദ്രൻ, നക്ഷത്രങ്ങളോടുകൂടെ പരമേശ്വരനെ വന്ദിക്കാൻ വന്നു കാത്തുനില്ക്കുകയാണോ എന്ന് ആ മണ്ഡപം കണ്ടാൽ ആൎക്കും തോന്നിപ്പോകും. ആ മണ്ഡപമദ്ധ്യത്തിൽ നാനാരത്നങ്ങൾ കൊണ്ടു വിചിത്രമായി നിൎമ്മിച്ചിട്ടുള്ള സിംഹാസനത്തിൽ വ്യാഘ്രചൎമ്മം വിരിച്ച് അതിൽ എഴുന്നള്ളി ഇരിയ്ക്കുന്ന ശിവധ്യാനപരായണനും, ഭസ്മരുദ്രാക്ഷമാലാലങ്കൃത കളേബരനും, സുപ്രസന്നമുഖാംഭോജനും, സൎവശാസ്ത്രവിശാരദനും, വ്യാസശിഷ്യനും മഹാപ്രാജ്ഞനും, പൌരാണികശിഖാമണിയും വേദാൎത്ഥവിജ്ഞാനിയും ആയ സൂതപൌരാണികന്റെ തിരുമുമ്പിൽ ശിവഭക്തന്മാരായ, ശതാനന്ദൻ, സദാനന്ദൻ, പ്രഭാകരൻ, ഉഗ്രവീൎയ്യൻ, മഹാവീൎയ്യൻ, മഹാകായൻ, മഹോദരൻ, മഹായോഗി, ജിതക്രോധൻ, കൈവല്യപ്രിയൻ, ഉത്തമൻ, ദേവനിഷ്ഠൻ, യജ്ഞനിഷ്ഠൻ, തപോനിഷ്ഠൻ, മഹാവ്രതി, ദേവകേതൻ, ശിവാനന്ദൻ, കലാനിധി എന്നിങ്ങനെയുള്ള പുണ്യനാമങ്ങളോടുകൂടിയ അനവധി മുനിജനങ്ങൾ ചെന്നുവന്ദിച്ചുകൊണ്ട് ഇപ്രകാരം ചോദിച്ചു.

അല്ലയോ അഗ്നികുണ്ഡത്തിൽ നിന്നു ജനിച്ച ഭഗവാനേ! ഭക്തവത്സല! സമസ്തശാസ്ത്രജ്ഞ! വേദാന്തങ്ങളിന്റെ മുകൾകണ്ടവനേ! സൎവ്വവും ശിവമയമാണെന്നുള്ള അനുഭവത്തോടുകൂടിയ മഹാമഹൎഷേ! ഭഗവാൻ ഭുക്തിമുക്തിപ്രദങ്ങളായ മേരുമന്ദരം, കൈലാസം, ശ്രീശൈലം മുതലായിട്ടുള്ള എല്ലാമുഖ്യ ശിവക്ഷേത്രങ്ങളുടെ മാഹാത്മ്യങ്ങളേയും തദീശന്മാരുടെ വൈഭവങ്ങളേയും ഞങ്ങൾക്ക് പറഞ്ഞുതന്നു. അല്പബുദ്ധികളായ ഞങ്ങൾ അജ്ഞാനംമൂലം അവയെല്ലാം മറന്നുപോയി. അതുകൊണ്ട് വിജ്ഞാനിയായ ഭഗവാൻ ഞങ്ങളുടെ അജ്ഞത നീങ്ങത്തക്കവണ്ണം ഒന്നുകൂടി വിസ്തരിച്ചു പറഞ്ഞുതരണം. അതിൽ മുഖ്യമായും ഞങ്ങൾക്കറിയേണ്ടത്, വേദശാസ്ത്രപുരാണേതിഹാസങ്ങൾ ഒന്നുകൊണ്ടും അറിയുന്നതിനു നിവൃത്തിയില്ലാത്ത പരംജ്യോതിസ്സായ ഭഗവാൻ പരമേശ്വരന്റെ എല്ലാസ്ഥാനങ്ങളിൽവച്ചും മഹത്തായ സ്ഥാനവും അദ്ദേഹത്തിന്റെ ക്ഷേത്രങ്ങളിൽ വച്ച് പുരാതനവും മഹത്തരവും നിത്യസാന്നിദ്ധ്യത്തോടുകൂടിയതും ആയ ക്ഷേത്രവും, സൎവ്വപാപവിനാശം ചെയ്യുന്ന തീൎത്ഥവും, ഉൽകൃഷ്ടമായ ഭോഗമോക്ഷങ്ങളെ പ്രദാനം ചെയ്യുന്ന മൂൎത്തിയും ഏതാണെന്നാണ്.

കാരുണ്യവിഗ്രഹനായ സൂതൻ, സൎവ്വജ്ഞനായി, സാംബനായി, ദേവദേവനായി, ജഗൽഗുരുവായി, ശ്രീമാനായി, ദക്ഷിണാമൂൎത്തിയായി, ത്രിനേത്രനായി, ചന്ദ്രശേഖരനായി, വ്യാഘ്രചൎമ്മധാരിയായി, സ്ഫടികംപോലെ നിൎമ്മലമായുള്ള ശരീരത്തോടുകൂടിയവനായി, വിദ്യയും, മുദ്രയും, അഭയവും, വഹ്നിയും കൈകളിൽ ധരിച്ചിരിക്കുന്നവനായി, വ്യാഘ്രചൎമ്മാവൃതമായിരിയ്ക്കുന്ന വീരാസനത്തിൽ സ്ഥിതിചെയ്യുന്നവനായി, സൎപ്പഭൂഷണനായി, സൎവ്വാഭരണനായി, സനകാദിമുനികളുടെ ജ്ഞാനോപദേഷ്ടാവായി, പര

മദ്ഗുരുവായി, സനകാദികളായിരിയ്ക്കുന്ന യോഗികളാലും ഗന്ധപുംഗവന്മാരാലും സേവിയ്ക്കപ്പെടുന്നവനായിരിയ്ക്കുന്ന പരമശിവന്റെ പാദയുഗളത്തേയും വിഷ്ണ്വാദികളായ ദേവന്മാരേയും ഹൃദയംകൊണ്ടു ഭാവിച്ചിട്ടു് മഹർഷിമാരുടെ മുൻപറഞ്ഞ ചോദ്യത്തിന് താഴെവരുമാറു് ഉത്തരം പറയാൻ തുടങ്ങി.

അല്ലയോ ശിവഭക്തിപരായണന്മാരായ മഹർഷിമാരെ! നിങ്ങൾ കേട്ടുകൊണ്ടാലും. കൈലാസവാസിയ്ക്കു് തന്റെ നിവാസസ്ഥാനങ്ങൾ എല്ലാററിലും വച്ചു് പരമശ്രേഷ്ഠമായ ഒരു സ്ഥാനമുണ്ടു്. അതു് സർവ്വസൌഭാഗ്യത്തേയും ദാനം ചെയ്യുന്നതും, ചതുർവ്വർഗ്ഗഫലത്തെ ഉടനടി കൊടുക്കുന്നതും, സ്വപദപ്രാപ്തിയ്ക്കു വേണ്ടി ബ്രഹ്മാവിഷ്ണുമഹേന്ദ്രാദികളാൽ പോലും സേവിയ്ക്കപ്പെടുന്നതും ആണു്. ആ സ്ഥലമാഹാത്മ്യത്തെപ്പററി പണ്ടു് കുംഭസംഭവമഹർഷി വസിഷ്ഠാദി മഹാത്മാക്കളോടു് അരുളിച്ചെയ്യപ്പെട്ടിട്ടുണ്ടു്. അഗസ്ത്യൻ സ്കന്ദൻകൽനിന്നും, സ്കന്ദൻ പരമശിവങ്കൽനിന്നും ആണു് അതിന്റെ മാഹാത്മ്യം ഗ്രഹിച്ചതു്. എന്റെ ഗുരുവായ വ്യാസങ്കൽനിന്നു് ഞാനും അതിനെ ഗ്രഹിച്ചു. ആ സ്ഥലം, പേരുകേൾക്കുന്ന മാത്രയിൽതന്നെ സകലപാപങ്ങളെയും ഇല്ലാതാക്കുന്നതും വേദാന്താർത്ഥങ്ങളെ പ്രകാശിപ്പിയ്ക്കുന്നതും ആയ ഹാലാസ്യം ആണു്. എല്ലാ പുരാണസംഹിതകളിലും പുണ്യസ്ഥലങ്ങളുടെ മാഹാത്മ്യങ്ങളെപ്പററി വിവരിച്ചിട്ടുള്ളതുപോലെ ഹാലാസ്യമാഹാത്മ്യവും വിവരിച്ചിട്ടുണ്ടെങ്കിലും സ്കാന്ദപുരാണത്തിൽ പറഞ്ഞിട്ടുള്ളതുപോലെ മററൊന്നിലും ഹാലാസ്യത്തിന്റെ മാഹാത്മ്യത്തെക്കുറിച്ചു് വിശദമായി വിസ്തരിച്ചിട്ടില്ല. വേദങ്ങളിൽ നിഗൂഢങ്ങളായിരിയ്ക്കുന്ന അർത്ഥതത്വങ്ങളെ വിവരമായി പ്രതിപാദിയ്ക്കുന്ന ഗ്രന്ഥങ്ങളാണല്ലോ പുരാണങ്ങൾ. അതുകൊണ്ടു് ഞാൻ ശ്രുതിസാരങ്ങളെ വെളിപ്പെടുത്തുന്ന സ്കാന്ദപുരാണം നിങ്ങളെ കേൾപ്പിയ്ക്കാം. ആ സ്കാന്ദപുരാണം ആറു സംഹിതകളോടും അമ്പതു ഖണ്ഡങ്ങളോടും കൂടിയതാണു്. ആറു സംഹിതകളിൽ ഒന്നാമത്തേതു് സനൽകുമാരപ്രോക്തവും രണ്ടാമത്തേതു് സൂതപ്രോക്തവും, മൂന്നാമത്തേതു് ശങ്കരപ്രോക്തവും, നാലാമത്തേതു് വിഷ്ണുപ്രോക്തവും, അഞ്ചാമത്തേതു് ബ്രഹ്മപ്രോക്തവും, ആറാമത്തേതു് സൂര്യപ്രോക്തവും ആണു്. അതിൽ ശങ്കരസംഹിതയെ പാർവ്വതിയ്ക്കു പരമശിവൻ ഉപദേശിച്ചുകൊടുക്കുമ്പോൾ ദേവിയുടെ മടിയിൽ ഇരുന്നിരുന്ന ഷൺമുഖൻ ഗ്രഹിയ്ക്കുകയും അതിനെ അദ്ദേഹം സ്വശിഷ്യനായ അഗസ്ത്യമഹർഷിയെ പഠിപ്പിക്കുകയും ചെയ്തു. അഗസ്ത്യൻ അതിനെ ആനന്ദവനത്തിൽ വച്ചു് വസിഷ്ഠാദിമഹാത്മാക്കൾക്കും ഉപദേശിച്ചുകൊടുത്തു. തന്മൂലം ശങ്കരപ്രോക്തമായ ശങ്കരസംഹിതയ്ക്കു് അഗസ്ത്യസംഹിത എന്നും പേരുണ്ടായി. കേൾക്കുന്നവർക്കെല്ലാം അതു് കാമധേനുവിനെപ്പോലെ സർവ്വകാമങ്ങളേയും പ്രദാനം ചെയ്യുന്നതാണു്. ഞാൻ ഇപ്പോൾ ലോകഹിതത്തിനായി നിങ്ങൾക്കതിനെ ഉപദേശിച്ചുതരാം.

പണ്ടു് വളരെ വളരെ പുരാതനമായിട്ടുള്ളതും ആർക്കും മുക്തിനല്കുന്നതും ഭാഗീരഥിയിലെ പുണ്യജലംകൊണ്ടു് പാവനമായ ഭൂതലത്തോടുകൂടിയ

ത്തും വിശാലാക്ഷീദേവി പാൎവതിയുടേയും വിശ്വനാഥനായ പരമേശ്വരന്റെയും നിത്യസാന്നിദ്ധ്യംകൊണ്ടു് സൎവസിദ്ധികളേയും ദാനംചെയ്യുന്നതും ആയ ശ്രീ കാശിയിലുള്ള വിശ്വനാഥക്ഷേത്രത്തിൽ ശിവലിംഗം പ്രതിഷ്ഠിക്കാനായി സത്യലോകത്തിൽനിന്നും ആഗതനായ ലോകപിതാമഹനായ ബ്രഹ്മാവു് അവിടെവെച്ചു് പത്തു അശ്വമേധംചെയ്തു. ആ അവസരത്തിൽ അവിടെ നൈമിശാരണ്യം തുടങ്ങിയ പുണ്യക്ഷേത്രവാസികളും യജ്ഞവിദ്യാവിശാരദന്മാരും ചിന്തനന്മാരും ആയ വസിഷ്ഠവാമദേവാദിമഹൎഷികൾ ബ്രഹ്മാവിന്റെ അപേക്ഷപ്രകാരം ആഗതന്മാരായുടനെ പിതാമഹമഹാക്രതുവിന്റെ അവഭൃതസ്നാനാനന്തരം യഥാന്യായം അവൎക്കെല്ലാം ദിവ്യങ്ങളായ രത്നകാഞ്ചനങ്ങളും വസ്ത്രങ്ങളും ആഭരണങ്ങളും ദാനംകൊടുത്തു പ്രസാദിപ്പിക്കയും ചെയ്തു. അതിൽപിന്നെ ദേശകാലവിശേഷജ്ഞാനികളായ വസിഷ്ഠൻതുടങ്ങിയ മഹൎഷിമാർ എല്ലാം ബ്രഹ്മാവിന്റെ അനുജ്ഞപ്രകാരം തീൎത്ഥങ്ങളിൽ സ്നാനംചെയ്വാൻ തുടങ്ങി. വസിഷ്ഠവാമദേവാദികളായി അവിടെ കൂടിയിരുന്ന മഹൎഷിമാരും ആരെല്ലാമാണെന്നു പറയാം. വസിഷ്ഠൻ, വാമദേവൻ, ഗൌതമൻ, വരുണൻ, ഭൃഗു, ബോധായനൻ, കാശ്യപൻ, യാജ്ഞവൽക്യൻ, പരാശരൻ, ഭരദ്വാജൻ, അംഗിരസ്സ്, അത്രി, കുത്സൻ, ശക്തി, ശുകൻ, വേദവ്യാസൻ, കഹോളൻ, വാൽമീകി, കുംഭസംഭവൻ സനൽകുമാരൻ, സനകൻ, സനാതനൻ, സനന്ദനൻ, പൌലസ്ത്യൻ, പുലഹൻ, ഗൎഗ്ഗൻ, വിശ്വാമിത്രൻ, നാരദൻ ഇവരത്രെ ജ്ഞാനികളും ബ്രഹ്മവിത്തമന്മാരുമായ വസിഷ്ഠാദിവാമദേവമഹൎഷികൾ. അവർ ജ്ഞാനദായകപ്രസിദ്ധങ്ങളായ എല്ലാ തീൎത്ഥങ്ങളിലും സ്നാനംചെയ്തിട്ടു്, വിനായകന്മാരേയും, ഢുണ്ഢ്യാദികളേയും, വിശാലാക്ഷിതുടങ്ങിയ ദേവിമാരേയും, കാലരാജഭൈരവാദികളേയും, ആദികേശവൻ, ലോലാദിത്യൻ മുതലായ ദേവന്മാരേയും, വന്ദിച്ചു് പിണ്ഡദാനവുംചെയ്തു്, ഓംകാരേശ്വരൻ തുടങ്ങിയുള്ള മഹാലിംഗങ്ങളെയെല്ലാം ദൎശിച്ചു്, മഹാപൂജോപഹാരങ്ങൾകൊണ്ടു് ഭക്തിപൂൎവ്വം പൂജിച്ചു് മഹൎഷികൾക്കും വിപ്രന്മാൎക്കും മൃഷ്ടാന്നം നല്കി. അനന്തരം അവർ മണികൎണ്ണികയിൽ പ്രവേശിച്ചു്, സ്നാനംചെയ്തു് ജന്മജന്മാന്തരാൎജ്ജിതങ്ങളായ താപത്രിതയങ്ങളെ നശിപ്പിച്ചു് വിധിപ്രകാരമുള്ള മാദ്ധ്യാഹ്നികക്രിയയും ദേവമുഖ്യന്മാൎക്കു് കുശാക്ഷതിലോദകങ്ങൾകൊണ്ടു് തൎപ്പണവുംചെയ്തു സുവൎണ്ണരത്നവസ്ത്രദിവ്യാഭരണാദികളും പുഷ്പഗന്ധങ്ങളും ഫലങ്ങളും മററും കൊണ്ടു് വിശ്വനാഥനെ പൂജിച്ചു് ഭക്തിയോടുകൂടെ ഭഗവൽസ്തോത്രങ്ങളെ ഉച്ചരിച്ചു് മുക്തിമണ്ഡപത്തിൽ പ്രവേശിച്ചു് വിശ്രമിച്ചുംകൊണ്ടിരിക്കുമ്പോൾ വൃദ്ധന്മാരും മേരുപാൎശ്വവാസികളും ശിവഭക്തന്മാരും മഹോത്സാഹികളും ശാന്തന്മാരും സത്യപരായണന്മാരും ആയ വിഷ്ണുവൃദ്ധാദിമുനികൾ ഗംഗാസ്നാനവും വിശ്വേശദൎശനവും ചെയ്യുന്നതിന്നായ അവിടെവന്നു. വസിഷ്ഠാദിമഹൎഷികൾ അവരെക്കണ്ടു് അത്യന്തം വിസ്മിതന്മാരായി ആസനങ്ങൾനൽകിയിരുത്തി ഗന്ധപങ്കപ്രലേപനംചെയ്തും ശീതളജലപാനം ചെയ്യിച്ചും അവരുടെ ശ്രമങ്ങൾതീൎത്തു ശ്രദ്ധാപൂൎവ്വം നിങ്ങൾ ഈ ആന

ന്ദകാനനത്തിൽ എന്തിനുവന്നു എന്നുചോദിച്ചു.

വിഷ്ണുവൃദ്ധാദിമഹൎഷിമാർ അതുകേട്ടുപറഞ്ഞു:—

അല്ലയോ മുനീശ്വരന്മാരേ! ഞങ്ങൾ മുമ്പൊരിക്കൽ മേരുപാൎശ്വത്തിൽനിന്നും ബ്രഹ്മലോകത്തിൽ പോയിരുന്നു. അവിടെവെച്ചു് ഞങ്ങൾ പുരാതനന്മാരും പൌരാണികന്മാരുമായ ശാസ്ത്രജ്ഞന്മാരിൽ നിന്നും ആനന്ദവനമെന്നു പ്രസിദ്ധമായ ശ്രീകാശിയുടെ വാചാമഗോചരമായ മാഹാത്മ്യം ഗ്രഹിച്ചു. പുണ്യക്ഷേത്രങ്ങളിൽ ശ്രീകാശിയും പുണ്യതീൎത്ഥങ്ങളിൽ മണികൎണ്ണികയും, ശിവലിംഗങ്ങളിൽ വിശ്വനാഥാഖ്യലിംഗവും, പുണ്യകാലങ്ങളിൽ അമാവാസ്യയും ശ്രേഷ്ഠമായിട്ടുള്ളതാണെന്നാണെല്ലോ പൌരാണികന്മാർ പറയുന്നതു്. ആഷാഢമാസത്തിൽ കറുത്തവാവും സോമവാരവും ഒന്നുചേൎന്നുവരുന്നതു മറ്റേന്നാൾ ആണു്. ആ പുണ്യകാലത്തിൽ മണികൎണ്ണികയിൽ സ്നാനംചെയ്യാനാണു് ഞങ്ങൾ വന്നിരിക്കുന്നതു്. വിശ്വനാഥന്റെ സന്നിധാനത്തിൽനിന്നും ഉത്തരപ്രവാഹയായി വടക്കോട്ടൊഴുകുന്ന പാവനമായ മണികൎണ്ണികയിൽ സ്നാനംചെയ്താൽ സകലപാപങ്ങളുംതീരുമെന്നുമാത്രമല്ല കൈവല്യവും ലഭിക്കുന്നതാണു്. ഭഗവാനായ വിശ്വനാഥൻ വിശാലാക്ഷിയായ ഭഗവതിയോടും ബ്രഹ്മാവിഷ്ണുമഹേന്ദ്രാദിദേവന്മാരോടും കുമാരൻതുടങ്ങിയ ഗണേശ്വരന്മാരോടുംകൂടെ വൃഷഭവാഹനാരൂഢനായി പ്രത്യക്ഷീഭവിച്ചു് ദയാപൂൎവം ഭുക്തിമുക്തികൾ നൽകുകയും ചെയ്യും. ശിവതീൎത്ഥൻതുടങ്ങിയ മഹൎഷിമാരാണു് ഇപ്രകാരം പറഞ്ഞതു്. അതുകൊണ്ടു ഞങ്ങൾ വിശ്വനാഥനെ കാണ്മാനായി വന്നിരിക്കയാണു്. ഇന്നു ശനിത്രയോദശി. മററന്നാൾ അമാവാസ്യയും സോമവാരവും ആണു്. അന്നുഷസ്സിങ്കൽ നമുക്കെല്ലാവൎക്കും ഒന്നിച്ചു് സ്നാനംചെയ്യണം. മഹൎഷിമാർ അതുകേട്ടു് പുണ്യകാലവും തീൎത്ഥലിംഗമാഹാത്മ്യങ്ങളും നമുക്കുപറഞ്ഞുതന്നു് ഇവർ നമ്മെ പവിത്രമാനസന്മാരാക്കിയതിനാൽ നമ്മുടെ ജന്മംസഫലമായി എന്നു് അന്യോന്യംപറഞ്ഞു. അനന്തരം വസിഷ്ഠൻ മഹൎഷിമാരെനോക്കി അല്ലയോ മാമുനിമാരേ! ഇവർ പറഞ്ഞതെല്ലാം സത്യംതന്നെ; എല്ലാവ്രതങ്ങളിലുംവെച്ചു് ശാസ്ത്രോക്തമായ വ്രതംശ്രേഷ്ഠമാണു്. ശിവവ്രതം അതിനേക്കാളും ഉത്തമം അത്രെ. ശിവവ്രതങ്ങളിൽവെച്ചു് ശിവരാത്രി ശ്രേഷ്ഠമാണു്. സോമവാരവും അമാവാസ്യയും ഒത്തുവരുന്ന പുണ്യദിവസം മൂന്നുകോടി ശിവരാത്രിക്കുസമമാണു്. ആഷാഢമാസത്തിൽ അങ്ങനെ സംഭവിച്ചാൽ അതിനു തുല്യമായ പുണ്യദിവസം മറെറാന്നും ഇല്ല. അന്നു തീൎച്ചയായും പരമശിവന്റെ സാന്നിദ്ധ്യം ഉണ്ടാവും. തന്മൂലം നമ്മൾ കൃതാൎത്ഥന്മാരായി ഭവിക്കുകയും ചെയ്യും. ത്രികാലജ്ഞാനിയായ ശിവതീൎത്ഥമഹൎഷിയുടെ വാക്യം ഒരിക്കലും അസത്യമായി വരുന്നതല്ല.

മററുള്ളവർ വസിഷ്ഠമഹൎഷിയുടെ ഇപ്രകാരമുള്ള വാക്കുകൾ കേട്ടു് വിഷ്ണുവൃദ്ധാദികളെ അൎഘ്യപാദ്യസ്നാനാദികൾ ചെയ്യിപ്പിച്ചു്, ഷഡ്രസയുക്തങ്ങളായ ശൎക്കരാമൃതപായസങ്ങൾകൊണ്ടും താംബൂലങ്ങൾകൊണ്ടും നല്ല വസ്ത്ര

ങ്ങൾകൊണ്ടും മററും സൽക്കരിച്ചതിൽപ്പിന്നെ എല്ലാവരുംകൂടെ പുണ്യകാലത്തെയും പ്രതീക്ഷിച്ചുകൊണ്ടവിടെ വസിച്ചു. അമാവാസ്യ പ്രാപ്തമായ ഉടൻതന്നെ അവർ എല്ലാവരുംകൂടി മണികർണ്ണികയിൽപോയി സ്നാനംചെയ്തു്, പാപങ്ങളെ നശിപ്പിക്കുന്ന മന്ത്രങ്ങൾകൊണ്ടു് പരമശിവനേയും, പാർവ്വതിയേയും ധ്യാനിച്ചു്, നിത്യകർമ്മങ്ങളുമെല്ലാം വഴിപോലെ നടത്തി. ഭക്തിപൂർവ്വം വിശ്വനാഥസന്നിധിയിൽ പ്രവേശിച്ചു്. ശാസ്ത്രോക്തന്യായപ്രകാരം പഞ്ചശുദ്ധിയും ചെയ്തു്, ജ്യോതിർമ്മയമായിരിക്കുന്ന മഹാലിംഗത്തെ പഞ്ചഗവ്യംകൊണ്ടും പഞ്ചാമൃതംകൊണ്ടും രത്നോദകംകൊണ്ടും പുഷ്പോദകംകൊണ്ടും ഗന്ധതോയംകൊണ്ടും ആയിരത്തെട്ടു സുവർണ്ണകുടങ്ങൾ നിറയെ ഗംഗാജലംകൊണ്ടും പാലുകൊണ്ടും ഇടവിടാതെ പതിനൊന്നു വാരം അഭിഷേകം കഴിച്ചു് വിധിപ്രകാരം ഇടയ്ക്കിടയ്ക്കു പൂജയും നടത്തി, നിർമ്മലവസ്ത്രംകൊണ്ടു് ശിവലിംഗം തുടച്ചു് ഗന്ധലേപനംചെയ്തു്, നീലോല്പലം തുടങ്ങിയുള്ള പുഷ്പങ്ങൾകൊണ്ടും ധൂപദീപങ്ങൾകൊണ്ടും അനേകവിധത്തിൽ ഉള്ള മഹത്തരങ്ങളായ നൈവേദ്യസാധനങ്ങൾകൊണ്ടും നീരാജനംകൊണ്ടും പൂജിച്ചു് സാരതരവും, സർവ്വസിദ്ധികളേയും നൽകുന്നതും സർവ്വമന്ത്രങ്ങളിലും വെച്ചു് ശ്രേഷ്ഠവും നിത്യവും സർവ്വപാപങ്ങളേയും നശിപ്പിക്കുന്നതും ഭോഗത്തെ കാമിക്കുന്നവർക്കു് സർവ്വഭോഗങ്ങളേയുംസാധിച്ചുകൊടുക്കുന്നതും മോക്ഷേച്ഛുക്കൾക്കു മോക്ഷത്തെ ദാനംചെയ്യുന്നതുമായ പഞ്ചാക്ഷരം ആയിരം ഉരു ഓംകാരപൂർവ്വം സാന്തമായും യാന്തമായും ജപിച്ചു. ഉടനെ സർവ്വജ്ഞനും, സർവ്വഗനും സർവനും, സർവഭൂതങ്ങളുടേയും ഹിതത്തിങ്കൽ താല്പര്യത്തോടുകൂടിയവനും ആദിയില്ലാത്തവനും സച്ചിദാനന്ദലക്ഷണനും ആയ ഭഗവാൻ വിശ്വനാഥൻ മനോവാചാമഗോചരമാകുംവണ്ണം ഭക്തന്മാരായ ആ മഹർഷിമാരുടെ മുമ്പിൽ പ്രത്യക്ഷീഭൂതനായി.

ഉടനെ ഭക്തന്മാരായ ആ മഹർഷിമാർ ജയഘോഷത്തോടുകൂടെ പിന്നെയും പിന്നെയും നമസ്കരിച്ചിട്ടു് ഭക്തിയോടുകൂടെ അവനതസ്കന്ധന്മാരായി ഇപ്രകാരം സ്തുതിച്ചു.

നമസ്തേ ദേവദേവേശ! നമസ്തേ ജഗതാംപതേ!
നമസ്തേ ചന്ദ്രചൂഡായ നമസ്തേ ശൂലധാരിണേ!
നമസ്തേ കാലകാലായ നമസ്ത്രൈലോക്യധാരിണേ!
നമസ്തേ വേദവേദ്യായ നമസ്തേ പുണ്യമൂർത്തയേ!
നമസ്തേ ബ്രഹ്മരൂപായ നമസ്തേ വിഷ്ണുരൂപിണേ!
നമസ്തേ രുദ്രരൂപായ നമഃ ഈശ്വരരൂപിണേ!
നമസ്സദാശിവായാസ്തു നമഃ പരശിവായ തേ!
നമോ ദേവായ മഹതേ! മംഗളായ മഹാത്മനേ!
നമഃ പർവതരാജേന്ദ്ര കന്യകാപതയേ നമഃ
പ്രാണയാമരതാനാം തു പ്രത്യക്ഷായ നമോ നമഃ
വിശ്വായ വിശ്വനാഥായ വിശ്വാധാരായ തേ നമഃ

നമോ ഭക്തഭയച്ഛേദ കാരണായാമലായ തേ
നമസ്തേ രുദ്രഭഗവൻ മന്യവേ ചേഷവേ നമഃ
നമസ്തേ ധന്വിനേ തുഭ്യം ബാഹുഭ്യാമുതതേ നമഃ
നമസ്തേ ഹരികേശായ പതീനാം പതയേ നമഃ
പുഷ്ടാനാം പതയേതുഭ്യം നമസ്തേ പരമാത്മനേ!
നമശ്ശിവായ ത്രിശൂലാത്തായ വിനഷ്ടദോഷായ ഗുണാർണ്ണവായ
വിമുക്തിമാർഗ്ഗപ്രതിബോധനായ ദേവാദിദേവായ നമശ്ശിവായ.

ഇപ്രകാരം സ്തുതിച്ചിട്ട് വീണ്ടും ആ മുനീശ്വരൻമാർ ഭഗവാനെ സാഷ്ടാംഗനമസ്കാരം ചെയ്തു. കരുണാനിധിയായ ഭഗവാൻ ഉടൻതന്നെ ഭക്തന്മാരായ മഹർഷിമാരെ നോക്കി, ഗാംഭീര്യത്തോടുകൂടെ ഇപ്രകാരം പറഞ്ഞു.—അല്ലയോ വ്രതികളായ മുനിശ്രേഷ്ഠന്മാരേ! ഞാൻ നിങ്ങളുടെ ഭക്തികൊണ്ടും, സ്തോത്രങ്ങൾകൊണ്ടും ഏററവും പ്രസാദിച്ചു. എന്റെ പ്രസാദംകൊണ്ട് നിങ്ങൾക്ക് നിഷ്പ്രയാസമായി സംസാരസാഗരത്തെ സംതരണം ചെയ്യാം. ശ്രേഷ്ഠവും, വേദാന്തവിജ്ഞാനവും കൈവല്യപ്രാപ്തിസാധനവും നിങ്ങൾ ഉണ്ടാക്കിയതുമായ മേല്പറഞ്ഞ സ്തോത്രങ്ങൾ ചെല്ലി എന്നെഭജിക്കുന്നവൎക്ക ഞാൻ തീൎച്ചയായും അതിവേഗത്തിൽ ധൎമ്മാൎത്ഥകാമങ്ങളും മുക്തിയും കൊടുക്കും.

മഹർഷിമാർ അതുകേട്ട് ഭഗവാനെനോക്കി, അല്ലയോ ഭഗവാനേ! പാൎവതീനാഥ! സൎവാഭീഷ്ടങ്ങളും ഭക്തന്മാൎക്ക് കൊടുക്കുന്നവനെ! അങ്ങ് ഞങ്ങൾക്കു ഒരു വരം തരണം; അതു് മറെറാന്നും അല്ല. നിശ്ചഞ്ചലവും ശ്രേഷ്ഠവും ആയ ഭക്തി ഞങ്ങൾക്കു എല്ലാക്കാലങ്ങളിലും ഒന്നുപോലെ ഭഗവൽ പാദാരവിന്ദങ്ങളിൽ ഉണ്ടായിരിക്കണം. ഭഗവാൻ അതുകേട്ട് അങ്ങിനെതന്നെ ഭവിക്കും; സംശയമില്ല, എന്നുംപറഞ്ഞു് എല്ലാ മഹർഷിമാരും കാണ്കത്തന്നെ സ്വലിംഗത്തിൽ മറഞ്ഞു. മഹർഷിമാർ വീണ്ടും ലിംഗരൂപിയായ ഭഗവാനെ ശ്രുതിപ്രോക്തങ്ങളായ സ്തോത്രങ്ങൾകൊണ്ടു് സ്തുതിച്ചു അനന്തരം അവർ മുക്തിമണ്ഡപത്തിൽ പോയി തത്രസ്ഥിതന്മാരായ ദേവതാഗണങ്ങളെയും, നാലു കുക്കുടങ്ങളുടെ രൂപംപെട്ടിരിക്കുന്ന മഹാനന്ദനേയും ഭാൎയ്യയേയും, പുത്രയുഗളത്തേയും, നമസ്കരിച്ചതിന്റെ ശേഷം ജനകാദികൾക്കു് ധൎമ്മാൎത്ഥകാമമോക്ഷങ്ങൾ അരുളിച്ചെയ്ത ദക്ഷിണാമൂൎത്തിയെ സ്തുതിച്ചു് അദ്ദേഹത്തിന്റെ സമീപത്തിൽ ഇരുന്നു് വേദാഗമപുരാണേതിഹാസങ്ങൾ പാരായണം ചെയ്തു പരമശിവനു സന്തോഷം വളൎത്തിക്കൊണ്ടിരിക്കുന്ന അവസരത്തിൽ സന്തോഷചിത്തന്മാരായ ആ മുനിപുംഗവന്മാർ മുനിശ്രേഷ്ഠനും ബ്രഹ്മാവിന്റെ പുത്രനുമായ നാരദമഹർഷിയോടു് ഇങ്ങനെ ചോദിച്ചു.

അല്ലയോ ഭഗവൻ! നാരദ! കളങ്കമില്ലാത്തവനേ! തപോബലംകൊണ്ടു് സൎവ ഭുവനങ്ങളിലും എന്നല്ല ബ്രഹ്മാണ്ഡത്തിന്റെ ബാഹ്യാന്തൎഭാഗങ്ങളിൽ ഒന്നുപോലെ സഞ്ചരിച്ചു സൎവ വൃത്താന്തങ്ങളേയും അറിഞ്ഞിട്ടുള്ള

അങ്ങ് എല്ലാ ശിവക്ഷേത്രങ്ങളിലുംവെച്ച് സ്ഥലംകൊണ്ടും തീർത്ഥംകൊണ്ടും മൂർത്തികൊണ്ടും വിശിഷ്ടമായ ശിവക്ഷേത്രം ഏതാണെന്നുപറഞ്ഞാലും!

നാരദൻ അതുകേട്ട് മഹർഷിമാരോടു പറഞ്ഞു:—

അല്ലയോ മഹർഷിമാരേ! പണ്ടു സർവ്വജ്ഞനും മഹാത്മാവുമായ സനൽക്കുമാരൻ ക്ഷേത്രമാഹാത്മ്യങ്ങളെപ്പററി പറഞ്ഞതു വേദവ്യാസനോടാണ്. അദ്ദേഹത്തിനോടു ചോദിച്ചാൽ പറഞ്ഞുതരും.

ഉടനേ മഹർഷിമാർ സത്യവതിയുടെ പുത്രനായ വ്യാസൻെറ അടുക്കൽ ചെന്നു്, അല്ലയോ സർവ്വധർമ്മജ്ഞനായ വേദവ്യാസമഹാമുനേ! വിദ്വാന്മാരായ എല്ലാ ശംഭുഭക്തന്മാരിൽവെച്ചും ശ്രേഷ്ഠൻ അങ്ങാണ്. പുരാണങ്ങൾ, വേദങ്ങൾ, ശാസ്ത്രങ്ങൾ, ഇതിഹാസങ്ങൾ, കാവ്യങ്ങൾ, അലങ്കാരങ്ങൾ, നാടകങ്ങൾ; പ്രഹേളികകൾ ഇവയെ വഴിപോലെ അറിഞ്ഞിട്ടുള്ളവരിലും പറയുന്നതിനും പഠിപ്പിക്കുന്നതിനും സമർത്ഥന്മാരായിട്ടുള്ളവരിലും അങ്ങുതന്നെയാണ് പ്രധാനി. ഈ വിഷയത്തിൽ അങ്ങേക്കു തുല്യമായി ഭൂമിയിൽ ആരും ഇല്ല. അതുകൊണ്ടു് ഭഗവാൻ ദയവുചെയ്തു് ഭൂമിയിലുള്ള എല്ലാ ശിവക്ഷേത്രങ്ങളിലുംവെച്ച് പുരാതനവും ഉത്തമവും ആയ ശിവക്ഷേത്രം ഏതാണെന്നു പറഞ്ഞുതരണമെന്നപേക്ഷിച്ചു.

ഉടനെ വേദവ്യാസൻ, അഗസ്ത്യനെ ചൂണ്ടിയുംകൊണ്ടു്, എല്ലാശിവഭക്തന്മാരിൽവെച്ചും ശ്രേഷ്ഠൻ ഈ അഗസ്ത്യമഹർഷിയാണ്. ഇദ്ദേഹത്തിൻെറ മഹത്വം ആരെക്കൊണ്ടും പറഞ്ഞവസാനിപ്പിക്കത്തക്കതല്ല. ഇദ്ദേഹം പരമശിവൻെറ പുത്രനായ ഷൺമുഖഭഗവാങ്കൽ നിന്നും സർവ്വശാസ്ത്രങ്ങളേയും പഠിച്ചവനാണ്. പണ്ടു് ബ്രഹ്മാവും, വിഷ്ണുവും, ദേവേന്ദ്രനും, മററുള്ള ദേവതാവർഗ്ഗങ്ങളും എല്ലാംകൂടി കൈലാസത്തിൽ ഒന്നിച്ചുചെന്നപ്പോൾ സ്ഥാനമില്ലാഞ്ഞതുകൊണ്ടു് ഭൂമിയുടെ ദക്ഷിണഭാഗം ഉയരുകയും ഉത്തരഭാഗം താഴുകയും ചെയ്തു. ഉടനെ പരമശിവൻ അഗസ്ത്യനെ തെക്കോട്ടേക്കു പറഞ്ഞയച്ചു. അഗസ്ത്യൻ ചെന്നയുടനെ ദക്ഷിണഭാഗവും സമാവസ്ഥയിൽ ആയി. അഗസ്ത്യൻ ഈ വഴിയവനാണ്. ഭക്തശിരോമണിയായ ഇദ്ദേഹത്തോടപേക്ഷിച്ചാൽ ഉത്തമക്ഷേത്രം ഏതെന്നു പറഞ്ഞുതരും എന്നു പറഞ്ഞു.

ഉടനേ മഹർഷിമാർ, ജടാബന്ധവിരാജിതനും, ശിവധ്യാനതല്പരനും, ശാന്തനും, വേദശാസ്ത്രവിശാരദനും, രുദ്രാക്ഷമാലാഭരണനും, ഭസ്മധൂളിതവിഗ്രഹനും, താമരപ്പൂപോലെ പ്രസന്നമായ മുഖത്തോടുകൂടിയവനും, സൂര്യപ്രഭാസന്നിഭഗാത്രനും ആയ അഗസ്ത്യമഹർഷിയോടു് ഇങ്ങനെ അപേക്ഷിച്ചു.

"അല്ലയോ സ്കന്ദഭക്തന്മാരിൽവെച്ച് അഗ്രഗണ്യനും പുരാതനനുമായ മഹാമുനേ! അങ്ങു് ജയിച്ചാലും. എല്ലാ വേദാന്തപത്മാകരങ്ങൾക്കും

ദിവാകരനായ മഹാമുനേ! അങ്ങ് ജയിച്ചാലും. സ്കന്ദവിജ്ഞാനദീപത്തിന് വത്തി(തിരിശ്ശീല) ഭൂതനായിരിക്കുന്ന മഹാപ്രഭോ! അങ്ങ് ജയിച്ചാലും അല്ലയോ കുംഭസംഭവ! അങ്ങു എന്തുകൊണ്ടും പരമശിവനു തുല്യനാണ്. മലയപവ്വതവാസിയായ അവിടത്തെ അനുഗ്രഹംകൊണ്ടു് ഉയൎന്ന ഭൂഭാഗം സമാവസ്ഥയിൽ ആയി. സമുദ്രം മുഴുവൻ കുടിച്ചു വററിച്ചിട്ടു് വാതാപിയേയും ഇല്വലനേയും ഭക്ഷിച്ചതും അവിടുന്നാണ്. ചന്ദ്രാദിത്യവിരോധിയായ വിന്ധ്യന്റെ അഹമ്മതിയടക്കിയതും മററാരുമല്ല. താമ്രവൎണ്ണീജലത്തിൽ അന്വദിവസവും സ്നാനംചെയ്തു്, ദേഹമാസകലം ഭസ്മംപൂശി, നിത്യകൃത്യങ്ങളുമെല്ലാം നടത്തി, വിധിപ്രകാരം ഷോഡശോപചാരങ്ങൾകൊണ്ടു് ശിവലിംഗാൎച്ചനംചെയ്തു, മൂന്നു സന്ധ്യയിലും ഒന്നുപോലെ ശിവപൂജനടത്തുന്നവനായി അങ്ങല്ലാതെ ഏതൊരു മഹൎഷിയാണുള്ളതു്. മഹേശ്വരസൂത്രങ്ങൾ പഠിച്ചു് അതിൽനിന്നും ദ്രാവിഡഭാഷയും അതിന്റെ വ്യാകരണവും അലംകാരവും വൃത്തനിയമങ്ങളും മററും ലോകോപകാരാൎത്ഥം ഉണ്ടാക്കിയതും മുനിസത്തമനായ അങ്ങുതന്നെയാണു. ഈ എല്ലാകാൎയ്യങ്ങൾകൊണ്ടും മഹാത്മാക്കളായ എല്ലാ മഹൎഷിമാരിൽവച്ചും ഉത്തമൻ അവിടുന്നുതന്നെ. അവിടത്തെ പരമശിവപ്രസാദത്താൽ ഭൂലോകത്തിൽ ഉള്ള സകല ശിവക്ഷേത്രങ്ങളും എല്ലാ തീൎത്ഥങ്ങളും, പലപ്രകാരത്തിലുള്ള സ്വയംഭൂവായുണ്ടായതുമായ ശിവലിംഗങ്ങളും, നല്ലതുപോലെ അറിയാം. അവിടുന്നു ദയചെയ്തു അവ ഒക്കെയിലുംവച്ചു് ഭുക്തിമുക്തി പ്രദായകമായ ക്ഷേത്രവും തീൎത്ഥവും ലിംഗവും ഏതാണെന്നു പറഞ്ഞുതരണം.

മഹൎഷിമാരുടെ ചോദ്യംകേട്ടു രോമാഞ്ചഗാത്രനായ അഗസ്ത്യമഹൎഷി സന്തോഷാശ്രുക്കളോടുകൂടി മന്ദസ്മിതപൂൎവ്വം ഗൽഗദസ്വരത്തിൽ അല്ലയോ മഹൎഷിപുംഗവന്മാരേ! നിങ്ങളുടെ ചോദ്യം ഏററവും ഉചിതം തന്നെ. ഞാൻ വിവരമായി പറഞ്ഞുതരാം. നിങ്ങൾ ശ്രദ്ധാപൂൎവ്വം കേട്ടുകൊള്ളുവിൻ എന്നിങ്ങനെ പറഞ്ഞിട്ടു് ഗണപതിയേയും, ശ്രീഗുരുവിനേയും, സുബ്രഹ്മണ്യനേയും, ശ്രീഹാലാസ്യനാഥനായ പരമശിവനേയും നാഥയായ മീനാക്ഷീഭഗവതിയേയും മനസ്സുകൊണ്ടു ധ്യാനിച്ചു് ഓംകാരയുക്തമായി പഞ്ചാക്ഷരം ജപിച്ചു് വളരെ വളരെ ഭക്തിയോടുകൂടെ സൎവ്വലോകഹിതകരമായ ശങ്കരമാഹാത്മ്യത്തെ താഴെ വരുമാറു പറയാൻ തുടങ്ങി.

൩-ാം അദ്ധ്യായം സമാപ്തം.

# ഹാലാസ്യമാഹാത്മ്യം.

## കേരളഭാഷാഗദ്യം.

## രണ്ടാം അദ്ധ്യായം.

### ക്ഷേത്രമാഹാത്മ്യം.

അല്ലയോ മഹർഷിമാരേ! പണ്ടു് പരമശിവൻ ശ്രീപാർവ്വതിക്കു ഉപദേശിച്ചുകൊടുക്കുമ്പോൾ ദേവിയുടെ മടിയിൽ ഇരുന്നു കേട്ട സുബ്രഹ്മണ്യന്റെ അടുക്കൽ നിന്നും ഞാൻ പഠിച്ച പ്രകാരംതന്നെ നിങ്ങളേയും കേൾപ്പിക്കാം. ഹാലാസ്യത്തിനു തുല്യമായക്ഷേത്രവും, ഹേമപത്മിനീതീർത്ഥത്തിനു സദൃശമായ തീർത്ഥവും, സുന്ദരേശ്വരലിംഗത്തിനു സമമായ ശിവലിംഗവും മൂന്നുലോകത്തിലും ഇല്ല. ക്ഷേത്രംതീർത്ഥം ലിംഗം, ഇവയിൽ ക്ഷേത്രമാഹാത്മ്യംതന്നെ ആദ്യമായി കുറെ പറയാം. ഭക്തിപൂർവം കേട്ടുകൊള്ളുവിൻ. ഭുവനങ്ങളിൽ ഉത്തമമായിട്ടുള്ളതു് പുണ്യക്ഷേത്രങ്ങൾ ആണു്. പുണ്യക്ഷേത്രങ്ങളിൽ ശിവക്ഷേത്രങ്ങളോളവും മറ്റു ക്ഷേത്രങ്ങൾ ശ്രേഷ്ഠങ്ങളല്ല. ശിവക്ഷേത്രങ്ങളിൽ അറുപത്തിഎട്ടു ശിവക്ഷേത്രങ്ങൾ വിശേഷിച്ചും മഹത്തരങ്ങൾ ആണു്. കൈലാസാദികളായ പതിനാറു ക്ഷേത്രങ്ങൾ ആ അറുപത്തിഎട്ടു ക്ഷേത്രങ്ങളിൽവച്ചും പ്രധാനപ്പെട്ടവയാകുന്നു. ആ പതിനാറിലും മുഖ്യങ്ങളായി നാലു മഹാക്ഷേത്രങ്ങൾ ഉണ്ടു്. അവ ദേഹാവസാനകാലത്തിൽ മുക്തിയെ കൊടുക്കുന്നതും വിശ്വനാഥമഹാലിംഗസാന്നിദ്ധ്യം കൊണ്ടു സർവസിദ്ധികളേയും ദാനം ചെയ്യുന്നതുമായ ശ്രീകാശിയും, ഭക്തന്മാർക്കു ഭുക്തിയും മുക്തിയും നൽകുന്നതും സുരസേവിതവും കാളഹസ്തീശ്വരലിംഗത്തിന്റെ നിത്യസാന്നിദ്ധ്യത്തോടുകൂടിയതും ദക്ഷിണകൈലാസം എന്നു് പ്രഖ്യാതവുമായ കാളഹസ്തിമഹാക്ഷേത്രവും ഭഗവാനായ നടേശൻ നിത്യവും ആനന്ദതാണ്ഡവം ചെയ്യുന്നതും ദർശനമാത്രത്താൽ ആർക്കും ഭുക്തിയും മുക്തിയും ലഭിക്കുന്നതും ആയ ചിദംബരവും, കേട്ട മാത്രയിൽതന്നെ സർവസിദ്ധികളും സംപ്രാപ്തമാകുന്ന ഹാലാസ്യവും ആണു്. ഇവയിൽ ചിദംബരം ദർശിച്ചാൽ മോക്ഷം കിട്ടും. കാശിയിൽ ചാകണമെന്നും പറഞ്ഞിറങ്ങിയാൽ മുക്തി ആയി. പൂജിച്ചെങ്കിലെ കാളഹസ്തീശ്വരൻ പ്രസാദിക്കൂ. ഹാലാസ്യം ദർശനവും പൂജയും ഒന്നും കൂടാതെ ശ്രവണമാത്രത്താൽ ഏതു പാപിക്കും മുക്തികൊടുക്കും; ഇത്രയുമാണു് ഇവ തമ്മിലുള്ള അന്തരം. ക്ഷേത്രവൈഭവംകൊണ്ടും തീർത്ഥവൈഭവം കൊണ്ടും ലിംഗവൈഭവം കൊണ്ടും ഹാലാസ്യത്തിനു തുല്യം ഒരു ക്ഷേത്രം ഇല്ലെന്നുള്ളതിനു് യാതൊരു സംശയവും ഇല്ല. മഹാദേവൻ സർവനേരവും അവിടെത്തന്നെയാണു് വാസം ചെയ്യുന്നതു്.

മഹഷിമാർ ഇതുകേട്ടു് കുംഭസംഭവനോട്, അല്ലയൊ അഗസ്ത്യ എന്നു നേ! അങ്ങു് കാശിയേക്കാൾ ഹാലാസ്യം ശ്രേഷ്ഠമെന്നു പറയുന്നതുത്ര്യമാമൂ് കൊണ്ടാണു്, എന്നു ചോദിച്ചു.

അഗസ്ത്യൻ അതുകേട്ടു്, മററുള്ളവരോടു അതിൻെറ കാരണം സു ബ്രഹ്മണ്യൻ പറഞ്ഞുതന്നതുപോലെ തന്നെ ഞാൻ പറയാം. ബ്രഹ്മാവി ൻെറ ഭാഗ്യശാന്തസ്ഥാനവും, ചിന്മയനായ പരമശിവൻെറ ലീലാസ്ഥാന വും, ഭൂലോകത്തിലെ ശിവലോകവും ആയതുകൊണ്ടാണു് ഹാലാസ്യമഹാ ക്ഷേത്രം മറെറല്ലാ ക്ഷേത്രങ്ങളിൽവച്ചും ഉത്തമമെന്നു പറയുന്നതു്. പണ്ടു ഭൂമിയിൽ ക്ഷേത്രങ്ങൾ ഇല്ലാതെ ഇരുന്ന കാലത്തിൽ പരമശിവൻ തനിക്കു ക്രീഡിക്കാനായിട്ടുണ്ടാക്കിയതാണു ഹാലാസ്യം. ഇതിൻെറ മാഹാത്മ്യം പരമശിവനാലല്ലാതെ മറെറാരാളാൽ പറഞ്ഞറിയിക്കുവാൻ പ്രയാസമാണു്. ഹാലാസ്യം ശ്രവണംകൊണ്ടു് ധൎമ്മസിദ്ധിയേയും, സ്മരണംകൊണ്ടു് അൎത്ഥ സിദ്ധിയേയും, ദൎശനംകൊണ്ടു് കാമസിദ്ധിയേയും, നിത്യനിവാസം കൊണ്ടു് മോക്ഷസിദ്ധിയേയും നൽകും. കാശിതുടങ്ങിയ പുണ്യക്ഷേത്രങ്ങ ൾ ദേഹാന്തത്തിങ്കൽ മാത്രമേ മുക്തിയെ കൊടുക്കുകയുള്ളൂ. ഹാലാസ്യം ഇ ഹത്തിൽ വച്ചുതന്നെ മോക്ഷം കൊടുക്കും. അതുകൊണ്ടുതന്നെ ഈ ജീവ ന്മുക്തിപുരമായ ഹാലാസ്യത്തിനു് തുല്യമായ ഒരു ഉത്തമക്ഷേത്രം മൂന്നു ലോകത്തിലും ഇല്ലെന്നു പറയുന്നതു്. പണ്ടു് ബ്രഹ്മഹത്യാപാപപീഡിത നായി ദുഃഖിച്ചുനടന്ന ദേവേന്ദ്രൻെറ പാപം തീൎന്നതു് ഹാലാസ്യദൎശന ത്തിനു ശേഷമാണു്. അറിഞ്ഞും അറിയാതെയും ചെയ്തിട്ടുള്ള പാപംകൊ ണ്ടു നിറഞ്ഞ ഒരുത്തൻതന്നെ ആയിരുന്നാലും ഹാലാസ്യത്തിൽ പോയാൽ അവൻെറ സകല പാപങ്ങളും ഉടനെ നശിച്ചു അവനു് മോക്ഷം ലഭിക്കും. കാമാഗ്നി തലയിൽക്കയറി മതിമറന്നു് അമ്മയെപ്പിടിച്ചു ഭോഗിക്കുകയും അ ച്ഛനെ കൊല്ലുകയുംചെയ്ത മഹാപാപിയായ ഒരു ബ്രാഹ്മണൻപോലും ഹാ ലാസ്യ പ്രഭാവംകൊണ്ടു് ബ്രഹ്മഹത്യാപാപവിമോചിതനായി. ഏതു വ സ്തുവും അഗ്നിയിൽ നശിക്കുന്നതുപോലെ എല്ലാ പാപവും ഉത്തമക്ഷേത്രമാ യ ഹാലാസ്യത്തിൽ നശിച്ചുപോകും. എറുമ്പുമുതൽ ആനവരെയുള്ള എ ല്ലാ ജീവികൾക്കും ഒന്നുപോലെമോക്ഷംകൊടുക്കുന്നതായ ഒരു പുണ്യക്ഷേത്രം ഹാലാസ്യംപോലെ മറെറാന്നും ഇല്ല. ദേവദേവനായ ധൂൎജ്ജടിയുടെ ശി രോഭൂഷണമായ അമൃതകിരണനിൽ നിന്നും അനവധിനാളും ഒഴുകുന്ന അമൃ തധാരകൊണ്ടു സൎവ്വദാ നനയുന്നതിനാലാണു് ഹാലാസ്യക്ഷേത്രം ഇരിക്കുന്ന സ്ഥലത്തിനു മധുരാപുരിയെന്നുള്ള പേരുണ്ടായിട്ടുള്ളതു്. ചിദംബരസഭയിൽ നൃത്തമൊന്നു മാത്രമേ വിശേഷമായിട്ടുള്ളൂ. ഹാലാസ്യത്തിൽ അനവധി വി ശേഷങ്ങൾ ഉണ്ടു്. ഭുവനങ്ങളിൽ വിശിഷ്ടങ്ങളായ അനേകം സ്ഥാനങ്ങ ൾ ഉണ്ടെങ്കിലും ഹാലാസ്യത്തിനു തുല്യമായി ഒരു സ്ഥലവും ഒരു ക്ഷേത്രവും ഇല്ല. ഹാലാസ്യത്തെ ഉപേക്ഷിച്ചുംവച്ചു് അന്യസ്ഥാനങ്ങളിൽ പോയി തപോവ്രതങ്ങളെ അനുഷ്ഠിക്കുന്നതു്, കയ്യിൽകിട്ടിയ പാൽപ്പായസം ഉപേ ക്ഷിച്ചുംവച്ചു് മുട്ടിന്മേൽ പററിയ ശക്കര നക്കാൻ ഒരുങ്ങുന്നതുപോലെയാ

ണ്. എല്ലാവൎക്കും ഒന്നുപോലെ മുക്തികൊടുക്കുന്നതായ ഒരു സ്ഥലം ഭൂലോകത്തിൽ വേണമെന്നുള്ള വിചാരത്തിന്മേലാണ് പരമശിവൻതന്നെ ഈ സ്ഥാനം ഏൎപ്പെടുത്തിയതു്. സൎവ്വസിദ്ധിക്കുവേണ്ടി ബ്രഹ്മാവിഷ്ണുമഹേന്ദ്രാദികൾ പോലും ഹാലാസ്യത്തെയാണ് സേവിക്കുന്നതു്. ഈ മഹാക്ഷേത്രം സ്മരണമാത്രത്താൽ തന്നെ സൎവ്വപാപങ്ങളേയും സംഹരിച്ചു കളയുമെന്നു മാത്രമല്ല ശാശ്വതമായ ഭക്തിയേയും മുക്തിയേയും നല്കുകയും ചെയ്യും. അവിടെ വാസം ചെയ്യുന്നവൎക്ക് ഒരു കാലത്തും ഭവഭീതിയുണ്ടാവുകയേ ഇല്ല. പുത്രമിത്രാദി സൎവ്വസമ്പത്തുകളും ഉണ്ടാവുകയും ചെയ്യും. മഹായാഗമായ അശ്വമേധം, മഹാഫലത്തോടുകൂടിയ അഗ്നിഷ്ടോമം, അത്യഗ്നിഷ്ടോമം, ബൃഹസ്പതിയാഗം, അതിരാത്രം, സോമയാഗം ദ്വാദശാഹം, ഷോഡശാഹം, വാജിപേയം, രാജസൂയം, വിശ്വജിത്തു മുതലായ മഹായാഗങ്ങൾ നടത്തിയവൎക്കുണ്ടാകുന്നഫലങ്ങളും, എള്ളു്, നെയ്യ് വിചിത്രവസ്ത്രങ്ങൾ, ആഭരണങ്ങൾ, കപിലപ്പശുക്കൾ, സസ്യപൂൎണ്ണങ്ങളായ കേദാരങ്ങൾ, രത്നങ്ങൾ, സുവൎണ്ണങ്ങൾ, വെള്ളികൾ, വിവിധതരത്തിൽ ഉള്ള ധാന്യങ്ങൾ ദാസികൾ ദാസന്മാർ-ഗജങ്ങൾ, അശ്വങ്ങൾ, മനോഹരങ്ങളായ ഭവനങ്ങൾ, രഥങ്ങൾ, കന്യകകൾ, അന്നങ്ങൾ, പാനീയസാധനങ്ങൾ, മുതലായി വിലതീരാത്ത പല ദാനങ്ങൾ ചെയ്തവൎക്കുണ്ടാകുന്ന ഫലങ്ങളും കാശിതുടങ്ങിയ പുണ്യക്ഷേത്രങ്ങളിൽ നിരന്തരനിവാസം ചെയ്യുന്നവൎക്കുണ്ടാകുന്ന ഫലങ്ങളും ഹാലാസ്യക്ഷേത്രവാസികൾക്കു് നിഷ്പ്രയാസമായി ലഭിക്കുന്നു. മദ്യപാനം, ബ്രാഹ്മണവധം, ഗൎഭംഛിദ്രിപ്പിക്ക, ഗുരുവധം, സ്ത്രീവധം, ഭ്രാതൃവധം, മാതൃവധം, ഗുരുഭാൎയ്യാഗമനം, മോഷണം മുതലായ മഹാപാപങ്ങൾ ചെയ്തവൎക്കും ഹാലാസ്യസന്ദൎശനം കൊണ്ടു് പാപശാന്തി സിദ്ധിക്കും. ഗംഗ, യമുന, നൎമ്മദാ, സരസ്വതീ, ഗോദാവരി, ഗോമതി തുംഗഭദ്ര, സരയൂ, തമസ, കൃഷ്ണാ, കാവേരി, വേഗവതീ, വേത്രവതീ, താമ്രവൎണ്ണി, മുതലായ എല്ലാ പുണ്യതീൎത്ഥങ്ങളിലും സ്നാനം ചെയ്താൽ ഉണ്ടാകുന്ന ഫലം ഹാലാസ്യവാസം ഒന്നുകൊണ്ടുമാത്രം ആൎക്കും ഉണ്ടാകും. ഹാലാസ്യത്തിൽവെച്ചു് ഒരുനേരം ഭക്ഷണം ഉപേക്ഷിച്ചാൽ ലക്ഷംതവണ ചാന്ദ്രായണവ്രതം അനുഷ്ഠിച്ചതിന്റെ ഫലം കിട്ടും. അന്യക്ഷേത്രങ്ങളിൽ മാസോപവാസം ചെയ്യുന്നതിനു പകരം ഹാലാസ്യത്തിൽ ഏകോപവാസം ചെയ്താൽ മതിയാകും. ഹാലാസ്യത്തിൽ മൂന്നുനേരം ഊണുപേക്ഷിച്ചു പരമശിവനെ ഭജിക്കുന്ന മനുഷ്യന് അനേകായിരംവൎഷം ഊണുപേക്ഷിച്ചു തപസ്സു ചെയ്താൽ ഉണ്ടാകുന്നതിൽ കൂടുതൽ ഫലം ഉണ്ടാകും. മറെറാരുസ്ഥലത്തുപോയി നാലുമാസം വ്രതമാചരിക്കുന്നഫലം ഹാലാസ്യത്തിൽ പോയി ഒരു അഷ്ടമിനാളിൽ ഉപവസിച്ചാൽ ഉണ്ടാകും. ആറുമാസം വ്രതംപിടിച്ചു മറെറാരു പുണ്യക്ഷേത്രത്തിൽ പട്ടിണി കിടന്നാൽ ഉണ്ടാകുന്ന മുഴുവൻ ഫലവും ഹാലാസ്യത്തിൽവെച്ചു് ഒരു സോമവാരത്തുനാൾ ഉപവസിച്ചാൽ അനായാസേന ലഭിക്കും. ഹാലാസ്യമഹാക്ഷേത്രത്തിൽ ഒരു ശിവരാത്രിനാളിൽ ഉപവസിച്ചാൽ അന്യക്ഷേത്രങ്ങളിൽ ഒരു വൎഷക്കാലം താമസിച്ചു ഉപവാസവ്രതമനുഷ്ഠിക്കുന്നതിന്റെ ഫലമുണ്ടാകും. അന്ത

മില്ലാത്ത മഹത്വങ്ങളോടുകൂടിയ ഹാലാസ്യമഹാക്ഷേത്രത്തിന്റെ മഹിമകൾ
ഇന്നവണ്ണമെന്നു അനന്തനെക്കൊണ്ടുപോലും പറഞ്ഞറിയിക്കുവാൻകഴിയുന്ന
തല്ല. ഹാലാസ്യത്തിൽ ഇന്ദ്രിയനിഗ്രഹം സാധിച്ചൊരു പുരുഷൻ മൂന്നുദിന
രവും മൃഷ്ടാന്നഭോജനവും ചെയ്തു സുഖമായി താമസിച്ചാൽ മറ്റൊരു സ്ഥല
ത്തു വായുഭക്ഷണം ചെയ്തു തപസ്സുചെയ്തു താമസിച്ചാലുണ്ടാകുന്ന ഫലം ഉ
ണ്ടാകും. ഹാലാസ്യത്തിൽവച്ചു ഒരുപിടി അരി ദാനംകൊടുത്താൽ മറ്റൊ
രു സ്ഥലത്തുവച്ചു് ഷോഡശദാനം ചെയ്യുന്നതിന്റെ ഫലം കിട്ടും. എന്നു
വേണ്ടാ ഏതെല്ലാം ദാനങ്ങൾ ഉണ്ടോ ആ ദാനങ്ങൾ മുഴുവൻ ചെയ്ത ഫല
വും ഏതു പ്രകാരത്തിൽ തപസ്സു ചെയ്യാമോ ആ പ്രകാരത്തിലെല്ലാം തപസ്സു
ചെയ്ത ഫലവും ഏതു വിധത്തിൽ മന്ത്രങ്ങൾ ഉണ്ടോ ആ മന്ത്രങ്ങൾ എ
ല്ലാം ജപിച്ച ഫലവും, ഏതെല്ലാം പ്രകാരത്തിൽ പൂജകൾ ചെയ്യാമോ ആ
പൂജകൾ എല്ലാം ചെയ്ത ഫലവും, ഏതു യാഗമുണ്ടോ അതെല്ലാം ചെയ്തഫ
ലവും, ഏതെല്ലാം തീർത്ഥങ്ങൾ ഉണ്ടോ അവയിൽ എല്ലാം സ്നാനംചെയ്തഫ
ലവും ഏതെല്ലാം യോഗങ്ങൾ ഉണ്ടോ അവയെല്ലാം അനുഷ്ഠിച്ച ഫലവും
ഹാലാസ്യത്തിൽ നിന്നും ലഭിക്കും. അതുകൊണ്ടു്, ആത്മഹിതം ആഗ്ര
ഹിക്കുന്ന ഏതൊരുത്തനും പരമശിവന്റെ പ്രധാന നിവാസസ്ഥാനമായ
ഹാലാസ്യത്തിൽ വസിക്കണം. എല്ലാംകൊണ്ടും എല്ലാ ശിവക്ഷേത്രങ്ങളി
ൽവച്ചും മാഹാത്മ്യമേറിയതു ഹാലാസ്യംതന്നെ. മുമ്പൊരിക്കൽ ബ്രഹ്മാ
വു് കൈലാസാദികളായ അന്യ ശിവക്ഷേത്രങ്ങളുടെ മഹത്വമെല്ലാം ഒരു
ത്രാസിന്റെ ഒരു തട്ടിലും ഹാലാസ്യമഹാക്ഷേത്രത്തിന്റെ മഹത്വത്തെ മ
റ്റൊരു തട്ടിലുമായിട്ടുവച്ചു് തൂക്കിയതിൽ ഹാലാസ്യമഹത്വം വളരെ തൂങ്ങു
കയാൽ ഹാലാസ്യംതന്നെ ശിവക്ഷേത്രങ്ങളിൽ ഒന്നാമത്തേതെന്നു നിശ്ച
യിച്ചു. ഈ ശ്രീമഹാക്ഷേത്രത്തിനു ഹാലാസ്യമെന്നുള്ള പേരുകൂടാതെ, ക
ദംബവനം, ഭൂലോകശിവലോകം, ജീവൻമുക്തിപുരം സമഷ്ടിവിദ്യാനഗരം,
മധുരാപുരി, ചതുഷ്കൂടപുരം, ദ്വാദശാന്തം എന്നിങ്ങനെ അനേകം പേരു
കൾകൂടി ഉണ്ടു്. ഹാലാസ്യക്ഷേത്രത്തിന്റെ മാഹാത്മ്യം ചുരുക്കത്തിൽ ഇ
ങ്ങനെയെല്ലാമാണു്. വിസ്തരിച്ചു പറവാൻ ആരെക്കൊണ്ടും സാധിക്കുക
യില്ല.

ക്ഷേത്രമാഹാത്മ്യം സമാപ്തം.

# ഹാലാസ്യമാഹാത്മ്യം

## കേരളഭാഷാഗദ്യം

### മൂന്നാം അദ്ധ്യായം.

### തീർത്ഥമാഹാത്മ്യം.

ക്ഷേത്രമാഹാത്മ്യം കേട്ടു സന്തുഷ്ടന്മാരായ വസിഷ്ഠാദി മഹർഷിമാർ വീണ്ടും അഗസ്ത്യരെനോക്കി തീർത്ഥമാഹാത്മ്യം കൂടി അരുളിച്ചെയ്യണമെന്നപേക്ഷിച്ചു.

അഗസ്ത്യമഹർഷി ഉടൻ തന്നെ ഹേമപത്മിനീതീർത്ഥത്തിന്റെ മാഹാത്മ്യങ്ങളേയും അതിന്റെ ഉത്ഭവത്തേയുംപററി താഴെ വരുമാറു പറയാൻ തുടങ്ങി:—

അല്ലയോ മഹർഷിമാരെ! ഹേമപത്മിനീതീർത്ഥത്തിന്റെ മാഹാത്മ്യം കേട്ടാൽതന്നെ സർവപാപങ്ങളും നശിച്ചുപോകും. എല്ലാ അറിവുള്ള മഹാജനങ്ങളുടേയും, അഭിപ്രായം ഭൂലോകത്തിൽഉള്ള എല്ലാ തീർത്ഥങ്ങളിൽവെച്ചും ഹേമപത്മിനീതീർത്ഥം ഉത്തമം എന്നാണ്. ഭഗവാനായ സുന്ദരേശ്വരന്റെ ആജ്ഞഹേതുവായിട്ടു അതിൽ യാതൊരു ജലജന്തുക്കളും ഇല്ല. ഈ ഹേമപത്മിനീതീർത്ഥം ഭൂമിയിൽ സമുദ്രവും മേഘങ്ങളും, നദികളും, തീർത്ഥങ്ങളും എന്നല്ല, യാതൊരു വിധത്തിൽ ഉള്ള ജലാശയങ്ങളും ഉണ്ടാകുന്നതിനു മുമ്പിൽ മൂലലിംഗാഭിഷേകത്തിനായി ശിവഗണങ്ങളുടെ അപേക്ഷപ്രകാരം പരമശിവൻതന്നെ ഉണ്ടാക്കിയതാണ്. അതു വിസ്തരിച്ചുപറയാം; കേൾക്കുവിൻ. പണ്ടൊരിക്കൽ കദംബകാനനവാസിയും, ചന്ദ്രശേഖരനും, മുക്കണ്ണനുമായ പരമശിവൻ, നാഗയജ്ഞോപവീതനും ശൂലകപാലപാണിയും ആയി വാമാംഗാങ്കയായ പാർവ്വതീദേവിയോടുകൂടെ വൃഷഭവാഹനത്തിൽ കയറി, നന്ദി തുടങ്ങിയ ഭൂതഗണങ്ങളുമൊന്നിച്ചു മൂന്നു ലോകങ്ങളിലും സഞ്ചരിച്ചു, തന്നെ വന്നു സ്തുതിച്ച ബ്രഹ്മാ വിഷ്ണു മഹേന്ദ്രാദികൾക്കു ഇഷ്ടവരങ്ങളുമെല്ലാം നല്കി, തന്റെ സ്വസ്ഥാനമായ ഹാലാസ്യത്തിൽ എഴുന്നെള്ളി, പാർശ്വവർത്തികളായി നില്ക്കുന്ന നന്ദിതുടങ്ങിയ ഭൂതഗണങ്ങളെ കൃപാപൂർവം ഒന്നു കടാക്ഷിച്ചിട്ടു മൂലലിംഗത്തിൽ അന്തർദ്ധാനംചെയ്യാനായി ഭാവിച്ചപ്പോൾ, ഭൂതഗണങ്ങൾ ഭഗവാനോടു, ലിംഗാഭിഷേകം ചെയ്യുന്നതിനും അവർക്കു സ്നാനം ചെയ്യുന്നതിനും ജലമില്ലെന്നും അതിന്റെ നിവാരണത്തിനായി ഇഹപരങ്ങളിൽ ഒന്നുപോലെ ഇഷ്ടങ്ങളെല്ലാം സാധിച്ചുകൊടുക്കുന്നതായ ഒരു തീർത്ഥം നിർമ്മിച്ചുകൊടുക്കണമെന്നും അപേക്ഷിച്ചു

ഭൂതഗണങ്ങളുടെ മേൽപ്രകാരമുള്ള അപേക്ഷകൾ കേട്ടു പരമസന്തുഷ്ടനായ ഭഗവാൻ ഉടൻതന്നെ ആ ലിംഗത്തിനടുക്കൽ തെക്കുകിഴക്കേദിക്കിലായി തൃക്കയ്യിൽ ഇരുന്ന ശൂലമെടുത്തു ഒരു തടാകം കുത്തിക്കുഴിച്ചു തൽക്ഷണംതന്നെ ബ്രഹ്മാണ്ഡത്തിൻെറ അധോഭാഗം പിളൎന്നു ശുദ്ധജലം കണക്കില്ലാതെ പൊങ്ങി ശൂലം കൊണ്ടു കുത്തിക്കുഴിച്ച തീൎത്ഥതടാകം കവിഞ്ഞു പ്രവഹിക്കാൻ തുടങ്ങി. ഉടൻതന്നെ ഭഗവാൻ ജലപ്രവാഹം തൃക്കൈകൊണ്ടു തലോടി കരകവിയാതെയാക്കി. അനന്തരം തൻെറ ശിരസ്സിൽ വഹിച്ചിരിക്കുന്ന ഗംഗാജലംകൂടി അതിൽ ചേൎത്തു കൂടുതൽ ശുദ്ധിയുണ്ടാക്കി. ഒടുവിൽ ഭൂതഗണങ്ങളോടു ഇങ്ങനെ പറഞ്ഞു:—

അല്ലയോ വിശ്വസ്തന്മാരായ സേവകന്മാരെ! ഇതിനു തുല്യമായി മറെറാരു തീൎത്ഥവും ഇല്ല. ഈതീൎത്ഥം ശിവനായ ഞാൻ നിൎമ്മിച്ചതുകൊണ്ടും സകല ശിവദംആകയാലും, നാമംകൊണ്ടും ഇതു് ശിവതീൎത്ഥംതന്നെ. കൂടാതെ നിങ്ങൾക്കവേണ്ടി എല്ലാ തീൎത്ഥങ്ങൾക്കും മുമ്പേ ഉണ്ടാക്കിയതിനാൽ **ആദിതീൎത്ഥം** എന്നും ഇനി ഉണ്ടാകുന്ന എല്ലാതീൎത്ഥങ്ങളിൽവച്ചും ഇതിനു ശ്രേഷ്ഠത കൂടുതലാകയാൽ **പരമതീൎത്ഥം** എന്നും, ദൎശിക്കുന്നവരുടെ സകലപാപങ്ങളേയുംനശിപ്പിക്കാൻ ഈതീൎത്ഥത്തിനു് ശക്തിയുള്ളതുകൊണ്ടു് **പാപനാശനതീൎത്ഥം** എന്നും, സൎവ്വതീൎത്ഥങ്ങളിലുംവച്ചു മഹത്വം കൂടുതലാകയാൽ **മഹാതീൎത്ഥം** എന്നും, എൻെറ ശിരസ്സിൽ ധരിച്ചിരിക്കുന്ന ഗംഗയുമായി ഇതിനു യോഗമുണ്ടായിട്ടുള്ളതുകൊണ്ടു് **ശിവഗംഗ** എന്നും, ഈ തീൎത്ഥത്തിൽ സ്നാനംചെയ്താൽ ആത്മജ്ഞാനമുണ്ടാകുമെന്നുള്ളതിനാൽ **ജ്ഞാനതീൎത്ഥം** എന്നും, മുക്തി സിദ്ധിക്കുമെന്നുള്ളതിനാൽ **മുക്തിതീൎത്ഥം** എന്നും, സൎവ്വധൎമ്മങ്ങളും നൽകുന്നതുകൊണ്ടു് **സൎവ്വധൎമ്മദതീൎത്ഥം** എന്നും, സൎവ്വസുഖങ്ങൾക്കും കാരണമാകയാൽ **സുഖകാരണതീൎത്ഥം** എന്നും, ശൂലംകൊണ്ടു കുത്തിക്കുഴിച്ചതാകയാൽ, ശൂലഖാതതീൎത്ഥം എന്നും, സൎവ്വകാമങ്ങളും നൽകുന്നതായതുകൊണ്ടു് **സൎവ്വകാമദതീൎത്ഥം** എന്നും, ദീൎഘായുസ്സിനെ നൽകുന്നതായതുകൊണ്ടു **ദീൎഘായുഷ്കരതീൎത്ഥം** എന്നും എല്ലാ തീൎത്ഥങ്ങളിലുംവച്ചു ഉത്തമമായതിനാൽ **ഉത്തമതീൎത്ഥം** എന്നും മററും ഓരോരോ കാരണങ്ങൾകൊണ്ടു് ഈ തീൎത്ഥത്തിനു പല പേരുകളും ഉണ്ടു്. വിശേഷിച്ചും ബ്രഹ്മഹത്യാപീഡിതനായി ലോകമെങ്ങും അലഞ്ഞുനടന്നതിൽപിന്നെ ദേവേന്ദ്രൻ ഈ തീൎത്ഥത്തിൽവന്നു സ്നാനംചെയ്തു് ബ്രഹ്മഹത്യാപാപത്തെ ശമിപ്പിക്കുമ്പോൾമുതൽ ഈ തീൎത്ഥത്തിനു **ഹേമപത്മിനീ**തീൎത്ഥമെന്നു അതിപ്രസിദ്ധമായ ഒരു പേരുകൂടി ഉണ്ടാകും. ഈ തീൎത്ഥത്തിൻെറ മാഹാത്മ്യത്തെപ്പററി അധികമൊന്നും പറയാൻ ഇല്ല.

ഈ പാവനമായ തീൎത്ഥജലത്തിൽ ഏതൊരുത്തൻ സ്നാനംചെയ്തു ദേവതാതൎപ്പണവും യഥാശക്തി ദാനവും നടത്തി, പഞ്ചാക്ഷരം ജപിച്ചു് ഭക്തിപൂൎവ്വം എന്നെ വന്നു് സ്തോത്രങ്ങൾകൊണ്ടു് സേവിക്കുന്നുവോ അവനു നിശ്ചയമായും മനുഷ്യജന്മം കിട്ടിയതിൻെറ ഫലം പൂൎത്തിയാകും. അവനത്രെ

കൃതകൃത്യൻ. അല്ലയോ ഭൂതഗണങ്ങളേ! ഇതു തീൎച്ചയായും സത്യമാണ്. ഇതിലെ തീൎത്ഥജലംകൊണ്ടു ശിവലിംഗം അഭിഷേകംചെയ്യുന്നവൻ ആ ജന്മംകൊണ്ടുതന്നെ തീൎച്ചയായും മുക്തനാകും. നിങ്ങൾ ഈ തീൎത്ഥജലത്തിൽ മുഴുകി ലിംഗാഭിഷേകം നടത്തുവിൻ.

ഭഗവാനായ സുന്ദരേശ്വരൻ ഇപ്രകാരം പറഞ്ഞിട്ട് ശിവഗണങ്ങളോടുകൂടെ ശിവതീൎത്ഥത്തിൽ സ്നാനംചെയ്തു. അനന്തരം പരമേശ്വരൻ സ്വായംഭുവായ ലിംഗത്തിൽ അപ്പോൾത്തന്നെ അന്തൎദ്ധാനം ചെയ്തു. ശിവഗണങ്ങളും സ്നാനാനന്തരം ലിംഗാഭിഷേകംനടത്തി കാമിതങ്ങൾ എല്ലാംസാധിച്ചു. ഇങ്ങനെയാണു ദേവേന്ദ്രന്റെ ബ്രഹ്മഹത്യാപാപത്തെ നശിപ്പിച്ചനാൾമുതൽ ഹേമപുഷ്കരിണീതീൎത്ഥമെന്ന അഭിനവ നാമധേയത്തോടുകൂടിയതായി ഭവിച്ച ശിവതീൎത്ഥത്തിന്റെ ഉത്ഭവം. അല്ലയോ മുനിമാരേ! ഇനി അതിന്റെ മാഹാത്മ്യത്തെപ്പററിയും ചുരുക്കമായി നിങ്ങളോടു പറയാം. അതിന്റെ മാഹാത്മ്യശ്രവണം പോലും പാപഹരമാണ്. ശിവതീൎത്ഥത്തെ ദൎശിക്കുന്നവൎക്കു ശിവലോകപ്രാപ്തിയുണ്ടാകുമെന്നുള്ളതിന് യാതൊരു സംശയവും ഇല്ല. ഭക്തിയോടുകൂടെ വിധിപ്രകാരം അതിൽ സ്നാനംചെയ്താൽ ഉണ്ടാകുന്ന ഫലമോ പിന്നെ പറയാനൊന്നും ഇല്ലല്ലോ. ഒരുതവണ അതിൽ സ്നാനംചെയ്താൽ എല്ലാ പാപവും നശിച്ചുപോകുമെന്നു മാത്രമല്ല, സകല തീൎത്ഥങ്ങളിലും സ്നാനംചെയ്ത ഫലവും ഉണ്ടാകും. ശരീരത്തെ മണ്ണുകൊണ്ടുശുദ്ധിയാക്കി വരുണസൂക്തമന്ത്രജപത്തോടുകൂടെ അതിൽ സ്നാനം ചെയ്താൽ മഹാദാനപൂൎവം സകല തീൎത്ഥങ്ങളിലും സ്നാനംചെയ്താലും ഉണ്ടാകാത്ത അനന്തഫലങ്ങൾ കിട്ടും. തീയിൽ അറിയാതെ തൊട്ടാലും അതു ദഹിപ്പിക്കുന്നതുപോലെ ഇതിൽ പുണ്യതീൎത്ഥമെന്നുള്ള വിചാരത്തോടുകൂടി അല്ലാതെതന്നെയും ഒരുത്തൻ സ്നാനംചെയ്താൽ അവന്റെ എല്ലാ പാപങ്ങളും അപ്പോൾതന്നെ ദഹിച്ചുപോകും. അധികം വിസ്തരിക്കണമെന്നില്ല; ഈ പുണ്യതീൎത്ഥത്തിൽ നിത്യതഃ സ്നാനം ചെയ്യുന്നവൻ തീൎച്ചയായും ജീവന്മുക്തൻതന്നെ. അതിന് യാതൊരു സംശയവും ഇല്ല. വരുണമന്ത്രം ചൊല്ലി ഗംഗാദികളിൽ സ്നാനംചെയ്യുന്ന വരുണസ്നാനത്തിലും, സൎവാംഗം ഭസ്മംപൂശുന്ന ആഗ്നേയസ്നാനത്തിലും, മന്ത്രധ്യാനമാകുന്ന മന്ത്രസ്നാനത്തിലും ഗോധൂളിയേൽക്കുന്ന മാരുതസ്നാനത്തിലും, ആതപത്തോടുകൂടിയ മഴനനയുന്ന മഹേന്ദ്രസ്നാനത്തിലും ശിവതീൎത്ഥസ്നാനം ശ്രേഷ്ഠമായിട്ടുള്ളതാണ്. അതിൽ സ്നാനം ചെയ്യുന്നവൻ സുന്ദരേശ്വരന്റെ ലിംഗദൎശനംകൂടി ചെയ്താൽ ഉണ്ടാകുന്ന ഫലം അവാച്യമത്രേ. ശ്രദ്ധാപൂൎവമല്ലാതെ സ്നാനം ചെയ്താൽപോലും സ്വൎഗ്ഗലോകത്തിൽ പോയി സിദ്ധചാരണന്മാരോടൊന്നിച്ചു വസിക്കാമെന്നുള്ളപ്പോൾ ശ്രദ്ധാപൂൎവം സ്നാനംചെയ്തു ദേവതാതൎപ്പണംചെയ്യുന്ന ഒരുത്തനുണ്ടാകുന്ന ഫലം ഇന്നതെന്നു വിചാരിക്കാൻ ആരേക്കൊണ്ടു കഴിയും. അവനു വിധിപ്രകാരമുള്ള എല്ലാ യാഗങ്ങളും ചെയ്ത ഫലംതന്നെകിട്ടും. ഇതിൽ സ്നാനംചെയ്ത് ഇതിന്റെ തീരത്തിൽവച്ച് സ്വൎണ്ണാദിവസ്തുക്കൾ ദാനംചെയ്താൽ കിട്ടുന്ന ഫലത്തിനു ഒരു അവസാനവും ഇല്ല. എന്നുവേ

ണ്ട, ഈ മഹാപാവനതീൎത്ഥത്തിൽ സ്നാനംചെയ്യുകയും, അതിൻെറ തീരത്തിൽവച്ചു് വ്രതം, പൂജാ, ദാനം, ധൎമ്മം, ഹോമം, തപസ്സ, ജപം, ധ്യാനം മുതലായ പുണ്യകൎമ്മങ്ങളെ ആചരിക്കുകയും ചെയ്യുന്നവൎക്കു മററു പുണ്യസ്ഥലങ്ങളിൽവച്ചു ചെയ്യുന്നതിൽ നൂറായിരത്തിൽ പരമധികം ഫലസിദ്ധിയുണ്ടാകും. ജന്മനക്ഷത്രദിവസം ഈ പുണ്യതീൎത്ഥത്തിൽ സ്നാനംചെയ്യുന്നവൻെറ ജന്മാന്തരപാപംകൂടി നശിച്ചുപോകും. മേടം, വൃശ്ചികം, കുംഭം ഈ മാസങ്ങളിൽ ഹേമപത്മിനീതീൎത്ഥത്തിൽ സ്നാനംചെയ്യുന്നതു ഏററവും ഉത്തമമായിട്ടുള്ളതാകുന്നു. അമാവാസ്യനാളിൽ സ്നാനംചെയ്താൽ മററു ദിവസങ്ങളിൽ സ്നാനംചെയ്യുന്നതിൽ നിന്നും നൂറിരട്ടിയും, സംക്രമദിവസത്തിൽ ആയിരം ഇരട്ടിയും വിഷുപത്തിങ്കൽ പതിനായിരവും, അയനത്തിങ്കലും ഗ്രഹണത്തിലും വ്യതീപാതത്തിങ്കലും സ്നാനംചെയ്താൽ നൂറായിരമിരട്ടിയും അധികം ഫലംകിട്ടും. തിങ്കളാഴ്ചദിവസം വരുന്ന കറുത്തവാവുനാളിൽ ഹേമപത്മിനീതീൎത്ഥത്തിൽ സ്നാനംചെയ്തു പിതൃതൎപ്പണം ചെയ്യുന്നവൎക്കുണ്ടാകുന്നഫലം അവസാനമില്ലാത്തതെന്നു മാത്രമല്ല, അവരുടെ പിതൃക്കളിൽ ഓരോരുത്തരുംഅവർ ദാനംചെയ്യുന്ന ഓരോ എള്ളിനും ഓരായിരം വർഷംവീതം സ്വർല്ലോക സൌഭാഗ്യങ്ങൾ അനുഭവിക്കുന്നതും ആണു്. ഹേമപത്മിനിയിൽവെച്ചു് ചെയ്യുന്ന പിണ്ഡദാനങ്ങളുടെ ഫലത്തിനും തന്മൂലം പിതൃക്കൾക്കു ലഭിക്കുന്ന ഗതിക്കും യാതൊരു അവസാനവുമില്ല. എല്ലാ തീൎത്ഥങ്ങളും ആദിതീൎത്ഥമായ ഈ ശിവതീൎത്ഥത്തെ നിത്യത സേവിക്കുന്നുണ്ടു്. ശിവലിംഗപൂജകൊണ്ടു് എല്ലാ ദേവന്മാരേയും പൂജിച്ച ഫലം ലഭിക്കുന്നതുപോലെതന്നെ ശിവതീൎത്ഥസ്നാനംകൊണ്ടു് എല്ലാ തീൎത്ഥങ്ങളിലും സ്നാനംചെയ്ത ഫലവും സിദ്ധിക്കും. ശിവതീൎത്ഥത്തിൽ സ്നാനംചെയ്തു് അതിൻെറ കരയിൽവച്ചു് ശിവലിംഗം പൂജിക്കുന്നവൻ യാഗം ചെയ്യുകയോ വേദമോതുകയോ വ്രതങ്ങൾ അനുഷ്ഠിക്കുകയോ, ദാനം ചെയ്യുകയോ, യോഗാഭ്യാസം ചെയ്യുകയോ, യാതൊന്നും ചെയ്യണമെന്നില്ല. അവനു തീൎച്ചയായും മോക്ഷം ലഭിക്കും. ജന്മാന്തരത്തിൽ വളരെ വളരെ പുണ്യങ്ങൾ ചെയ്തിട്ടുള്ളവൎക്കു മാത്രമേ ശിവതീൎത്ഥത്തിൽ സ്നാനം ചെയ്യുന്നതിനുള്ള സൌഭാഗ്യമുണ്ടാകൂ. അഗ്നിഹോത്രാനുഷ്ഠാനം, വേദപാരായണം, വ്രതാനുഷ്ഠാനം, ദാനം, തപസ്സ് മുതലായതുകൾ ചെയ്യുന്നവൎക്കു ഹേമപത്മിനിയിൽ സ്നാനംചെയ്തു തത്തീരത്തിൽവച്ചു് ശിവലിംഗം പൂജിക്കുന്നവൎക്കു സിദ്ധിക്കുന്ന ഫലത്തിൻെറ നൂറായിരത്തിൽ ഒരംശം ഫലംപോലും സിദ്ധിക്കുകയില്ല. മാഘമാസത്തിൽ പ്രയാഗയിൽ മുപ്പതു ദിവസം സ്നാനം ചെയ്താലുണ്ടാകുന്ന ഫലം ഹേമപത്മിനിയിൽ ഒരുദിവസം സ്നാനംചെയ്താൽ കിട്ടും. ജലം, അഗ്നി, ഹോമംചെയ്യുന്ന യജമാനൻ സൂൎയ്യൻ, ചന്ദ്രൻ, ആകാശം, ഭൂമി, വായു ഇങ്ങനെ ശിവനു എട്ടുമൂൎത്തികൾ ഉള്ളതിൽ ജലരൂപമൂൎത്തിയായ ശിവതീൎത്ഥം ജ്ഞാനതേജസ്സും ആനന്ദതേജസ്സും ഒന്നുപോലെ കൊടുക്കുന്നതാകുന്നു. ഒരുവൎഷം ഹേമപത്മിനിയിൽ ഇടവിടാതെ സ്നാനംചെയ്തു പരമേശ്വരീപരമേശ്വരന്മാരെ പൂജിച്ചാൽ വ

ന്ധ്യയ്ക്കും പുത്രലാഭം ഉണ്ടാകും. ഭൂലോകത്തിൽ ഹേമപത്മിനീതീൎത്ഥംകൂടാതെ മാഹാത്മ്യമേറിയ അനവധി തീൎത്ഥങ്ങൾ ഉണ്ടെങ്കിലും അവയ്ക്കൊന്നിനും ഹേമപത്മിനീതീൎത്ഥത്തിന്റെ ആയിരത്തിൽ ഒരുപങ്കുപോലും മഹത്വം വരുന്നതല്ല. ഈ മഹാതീൎത്ഥത്തെ ദൎശിച്ചാൽ ധൎമ്മസിദ്ധിയും സ്പൎശിച്ചാൽ അൎത്ഥസിദ്ധിയും, പാനംചെയ്താൽ കാമസിദ്ധിയും, അതിൽ സ്നാനംചെയ്താൽ മോക്ഷസിദ്ധിയും ഉണ്ടാകും. ഇങ്ങനെ ദൎശനംകൊണ്ടും, സ്പൎശനംകൊണ്ടും, പാനംകൊണ്ടും, സ്നാനംകൊണ്ടും പുരുഷാൎത്ഥങ്ങൾ നാലും സാധിച്ചുകൊടുക്കുന്നതായി മറ്റേതൊരു തീൎത്ഥം ഭൂലോകത്തിൽ ഉണ്ടു്? ഇങ്ങിനെ ഹേമപത്മിനീതീൎത്ഥമാഹാത്മ്യം പറഞ്ഞുതുടങ്ങിയാൽ ഒടുങ്ങുകയില്ല. അതുകൊണ്ടു ഭൂലോകത്തിൽ ഉള്ള എല്ലാ തീൎത്ഥങ്ങളിൽവെച്ചും, ശ്രേഷ്ഠമായ തീൎത്ഥം ഹേമപത്മിനീതീൎത്ഥമാണെന്നും അതിൽ സ്നാനം ചെയ്യുന്നവൎക്കു് സകല സിദ്ധിയും ഉണ്ടാകുമെന്നും ചുരുക്കത്തിൽ നിങ്ങളെ ധരിപ്പിച്ചിട്ടു് തീൎത്ഥമാഹാത്മ്യവൎണ്ണനയെ അവസാനിപ്പിക്കുന്നു.

മൂന്നാം അദ്ധ്യായം തീൎത്ഥമാഹാത്മ്യം

സമാപ്തം.

---

# ഹാലാസ്യമാഹാത്മ്യം.

## കേരളഭാഷാഗദ്യം

## ൪-ാം അദ്ധ്യായം.

---

## ലിംഗമാഹാത്മ്യം.

---

അല്ലയോ മഹൎഷിപുംഗവന്മാരേ! ഇനി ഞാൻ ലിംഗമാഹാത്മ്യത്തെ കേൾപ്പിക്കാം. നിങ്ങൾ സശ്രദ്ധം ശ്രവിച്ചുകൊള്ളുവിൻ. സുന്ദരേശ്വരമഹാലിംഗത്തിന്റെ മഹത്വം അത്യന്തം അത്ഭുതമായിട്ടുള്ളതാണു്. മേരുമന്ദരം, കൈലാസം, ശ്രീപൎവ്വതം, വാരാണസി, മുതലായസ്ഥലങ്ങളിൽ തന്നത്താൻ ഉണ്ടായ പ്രധാനശിവലിംഗങ്ങൾ ഉണ്ടെങ്കിലും അവയൊന്നും കദംബവനത്തിൽ ഉള്ള സുന്ദരേശ്വരലിം

ഗത്തിന്നു തുല്യമല്ല. മുൻപറഞ്ഞ സ്ഥലങ്ങളിൽ എല്ലാം ശിവലിംഗം ഉണ്ടാകുന്നതിന്നു വളരെ വളരെ മുമ്പാകുന്നു ഹാലാസ്യത്തിൽ സുന്ദരേശ്വരലിംഗം തന്നത്താൻ ഉണ്ടായതു്. ഹാലാസ്യത്തിലെ സുന്ദരേശ്വരലിംഗം തായ്മരമാണെങ്കിൽ മറ്റു പ്രധാനലിംഗങ്ങൾ എല്ലാം കൊമ്പുകൾ അത്രെ. ഹാലാസ്യത്തിലെ ശിവലിംഗംപോലെ പുരാതനമായ ഒരു ശിവലിംഗം എങ്ങും ഇല്ല. ഈ ലിംഗം മറ്റെല്ലാ ശിവലിംഗങ്ങൾക്കും മൂലകാരണലിംഗമായി ഭവിച്ചതുകൊണ്ടു് ഇതിന്നെ മൂലലിംഗമെന്നും, ശ്രീപാൎവതിയുമായിട്ടുള്ള നിത്യസംബന്ധംകൊണ്ടും സ്വഭാവേനയുള്ള സൌന്ദൎയ്യംകൊണ്ടും ഇതിന്നെ സോമസുന്ദരലിംഗമെന്നും ദേവന്മാർ പറയുന്നു. സൎവ്വവ്യാപിയായ ഭഗവാന്റെ തന്നത്താൻ ഉണ്ടായതായ സോമസുന്ദരലിംഗം വ്യഷ്ടിഭൂതമായ മറ്റെല്ലാലിംഗങ്ങളുടേയും സമഷ്ടിലിംഗമാകയാൽ അതിന്നെ അല്ലാതെ മറ്റുലിംഗങ്ങളെ പൂജിക്കേണമെന്നില്ല. വൃക്ഷമൂലത്തിന്റെ ചുവട്ടിൽ അല്ലാതെ കൊമ്പുകൾതോറും വെള്ളമൊഴിക്കേണമെന്നില്ലല്ലൊ. അതുപോലെതന്നെ സോമസുന്ദരലിംഗപൂജകൊണ്ടു മറ്റു സൎവ്വലിംഗങ്ങളേയും പൂജിച്ചഫലമുണ്ടാകുന്നു. ഭഗവാൻ സൎവ്വവ്യാപിയും സോമസുന്ദരേശലിംഗം സൎവ്വലിംഗങ്ങളുടേയും സമഷ്ടിലിംഗവും ആണെന്നുള്ളതിന്നു ദൃഷ്ടാന്തം പിട്ടിന്നുവേണ്ടി മണ്ണുചുമന്ന ഭഗവാനെ അരിമൎദ്ദനപാണ്ഡ്യൻ പൊൻചൂരൽകൊണ്ടു് അടിച്ചപ്പോൾ അടിയുടെ പാടു് മൂന്നുലോകത്തിലും ഉള്ള എല്ലാ ചരാചരജീവികളിലും പതിഞ്ഞുകാണുകയും എല്ലാറ്റിന്നും ഒന്നുപോലെ അടികൊണ്ടുള്ള വേദനയുണ്ടാവുകയും ചെയ്തതുതന്നെയാകുന്നു.

അധികം എന്തിന്നു പറയുന്നു, അറുപത്തിനാലുലീലകൾ ചെയ്ത സുന്ദരേശ്വരന്നുതുല്യം മറ്റൊരുദേവനും ഇല്ല. ഭഗവാന്റെ ലീലകൾ എല്ലാം അസാധാരണമഹത്വത്തോടുകൂടിയതാകുന്നു. ഭരദ്വാജപക്ഷിക്കു മൃത്യുഞ്ജയമന്ത്രം ഉപദേശിച്ചുകൊടുത്തു് അതിന്നെ കാക്കകളുടെ ആക്രമണത്തിൽനിന്നും രക്ഷിച്ചു പക്ഷികളിൽ ശ്രേഷ്ഠനാക്കുകയും, പിട്ടിന്നുവേണ്ടി മണ്ണു ചുമക്കുകയും, കാടന്മാരെ കുതിരകളാക്കി പാണ്ഡ്യഭൂപനു വില്ക്കുകയും, എനിക്കു ദ്രാവിഡസൂത്രം ഉപദേശിച്ചുതരികയും, വേദനിന്ദകന്മാരായ ക്ഷപണ(ബുദ്ധസന്യാസികൾ)ന്മാരെ എല്ലാം ശൂലാരോഹണം ചെയ്യിക്കുകയും, പന്നിക്കുട്ടികൾക്കു പാൽകൊടുത്തുവളൎത്തുകയും മറ്റും ചെയ്തതായിട്ടുള്ള ഭഗവാൻ പരമേശ്വരന്നു് തുല്യനായി ഇപ്പോൾ ഏതൊരു ദേവനാകുന്നു ഉള്ളതു്. ഇനി ഏതൊരുദേവൻ ഉണ്ടാകും. അതുകൊണ്ടു പുരുഷാൎത്ഥം വേണമെന്നിച്ഛിക്കുന്നവർ സുന്ദരേശനെതന്നെ സേവിക്കേണം.

യാഗങ്ങളിൽ അശ്വമേധവും, ഗിരികളിൽ ഹിമവാനും, വ്രതങ്ങളിൽ സോമവാരവ്രതവും, മന്ത്രങ്ങളിൽ ഓങ്കാരസഹിതമായ പഞ്ചാക്ഷരവും, ദാനങ്ങളിൽ അന്നദാനവും, ചതുൎവ്വൎണ്ണങ്ങളിൽ ബ്രാഹ്മണനും, സല്പാത്രങ്ങളിൽ ശിവഭക്തന്മാരും, ധൎമ്മങ്ങളിൽ ശിവധൎമ്മവും, ദേവന്മാരിൽ മഹാദേവനും, വൃക്ഷങ്ങളിൽ കല്പകവൃക്ഷവും, പശുക്കളിൽ കാമധേനുവും, തീൎത്ഥങ്ങ

ളിൽ ഹേമപത്മിനിയും, രത്നങ്ങളിൽ ചിന്താമണിയും, എന്നതുപോലെ ലിംഗങ്ങളിൽ സോമസുന്ദരലിംഗവും അത്യുത്തമമായിട്ടുള്ളതാകുന്നു. ആദിയും അവസാനവും ഇല്ലാത്തവനും സർവ്വവ്യാപിയും സർവ്വത്തിനും ആധാരഭൂതനായിട്ടുള്ളവനും ജ്യോതിർമ്മയനും പരാപരനും സൃഷ്ടിസ്ഥിതിസംഹാരകർത്താവും ബന്ധമോക്ഷങ്ങളെ കൊടുക്കുന്നവനുമായ ഭഗവാൻ സുന്ദരേശൻ തന്നെ സേവിക്കുന്ന ഭക്തന്മാരെ അനുഗ്രഹിക്കുന്നതിനായി ഹാലാസ്യത്തിൽ വന്നു ലിംഗരൂപിയായി അവതരിച്ചിരിക്കുകയാണു്. തന്നത്താൻ ഉണ്ടായതും ജ്യോതിർമ്മയസ്വരൂപത്തോടുകൂടിയതുമായ സുന്ദരേശ്വരലിംഗത്തെദർശിക്കുന്നതിനായി അനുദിനവും അന്യലിംഗങ്ങൾ എല്ലാം വരുന്നതു വിചാരിക്കുമ്പോൾ, അതിനെ ദർശിക്കുന്നമനുഷ്യനു മേലിൽ ജന്മമില്ലെന്നു പറയുന്നതിൽ എന്താണു സംശയിക്കാനുള്ളതു്. പരമശിവസാക്ഷാൽക്കാരമുണ്ടാകുന്നതും സുന്ദരേശ്വരലിംഗത്തെ ദർശിക്കുന്നതും ഒന്നുപോലെയാകുന്നു. സൂര്യപ്രകാശത്തിങ്കൽ ഇരിട്ടും, ജ്ഞാനോദയത്തിങ്കൽ അജ്ഞാനവും, ഗരുഡനെ കാണുമ്പോൾ സർപ്പങ്ങളും, കാമംകൊണ്ടു ബുദ്ധിയും, കോപംകൊണ്ടു തപസ്സും, ഗർവ്വംകൊണ്ടു വിദ്യയും, തീയിൽ പഞ്ഞിയും എപ്രകാരം നശിച്ചുപോകുന്നുവോ, അപ്രകാരംതന്നെ സോമസുന്ദരേശലിംഗദർശനത്തിൽ സകലപാപങ്ങളും നശിച്ചുപോകുന്നതാണു്. ഉദയകാലത്തിൽ ഹാലാസ്യേശനെ ദർശിക്കുന്നവർക്കു ഭൂമിമുഴുവൻ ദാനംചെയ്ത ഫലവും മദ്ധ്യാഹ്നകാലത്തിൽ ദർശിക്കുന്നവർക്കു ആയിരം ഗോദാനം ചെയ്തഫലവും സന്ധ്യാവേളയിൽ ദർശിക്കുന്നവർക്കു് ഒരു കോടിപ്പശുദ്ദാനം ചെയ്തഫലവുംഅർദ്ധയാമത്തിങ്കൽ ദർശിച്ചാൽഎല്ലാദാനങ്ങളും ചെയ്തഫലവും കിട്ടുന്നതാണു്. അല്ലയൊ മഹർഷിമാരെ! അതുകൊണ്ടു് നിങ്ങൾ, മുൻവിവരിച്ചപ്രകാരത്തിലെല്ലാം ഉള്ള അഭീഷ്ടഫലങ്ങളെ ദാനംചെയ്യുന്ന സമസ്തവിദ്യാധീശ്വരനായ ഹാലാസ്യേശനെ കാലത്തും, ഉച്ചയ്ക്കും, അർദ്ധയാമത്തിലും ഭക്തിപൂർവ്വം ദർശിച്ചു് സ്തോത്രപ്രദക്ഷിണാനമസ്കാരാദി കർമ്മങ്ങളെ ചെയ്യുന്ന ആളുകളുടെ സഞ്ചിതപാപങ്ങൾ മുഴുവനും നശിച്ചു് അവർ നിർമ്മലചിത്തന്മാരും മഹാഭാഗ്യവാന്മാരും ആയിത്തീരുന്നതുകൂടാതെ ജന്മമൂലമലവിമുക്തന്മാരായിഅവസാനത്തിൽമോക്ഷംപ്രാപിക്കുകയും ചെയ്യും. ഹാലാസ്യനാഥന്റെ ലിംഗനാമത്തെകേട്ടാൽ പത്തുജന്മങ്ങളിലും, സ്മരിച്ചാൽ നൂറുജന്മങ്ങളിലും, ധർമ്മസ്വരൂപിയായ അദ്ദേഹത്തിന്റെ ലിംഗം കാണുന്നതിനായി പുറപ്പെടണമെന്നുള്ള വിചാരത്തോടുകൂടെ ഒരു കാൽ എടുത്തു വച്ചാൽ ആയിരം ജന്മങ്ങളിലും ചെയ്ത പാപങ്ങൾ തീരുന്നതാണു്. അപ്പോൾ ഭക്തിപൂർവ്വം പോയി സുന്ദരേശ്വരലിംഗദർശനം ചെയ്യുന്നവർക്കുണ്ടാകുന്ന ഫലം എന്താണെന്നു നിങ്ങൾതന്നെ വിചാരിച്ചുകൊള്ളുവിൻ. സ്തോത്രങ്ങൾ രുദ്രസൂക്തങ്ങൾ മുതലായവകൊണ്ടു് സ്തുതിക്കുന്നവർക്കു നൂറായിരം രാജസൂയം ചെയ്തഫലമുണ്ടാകും. ഒരുകൈവെള്ളം കോരിസോമസുന്ദരേശ്വരന്റെ ലിംഗത്തിൽ അഭിഷേകം ചെയ്താൽ മററുള്ള എല്ലാശിവലിംഗങ്ങളേയും ശൈവാഗമവിധിപ്രകാരം ഹേമകലശങ്ങൾ പൂജിച്ചു് ഷോഡശോപചാരപൂർവ്വം അഭിഷേകംചെയ്തഫലമുണ്ടു്. അപ്പോൾ പഞ്ചഗവ്യ

പുരസ്സരം പഞ്ചാമൃതം, ഗന്ധപുഷ്പഫലങ്ങൾ, ദീപധൂപങ്ങൾ ഇവകളോടുകൂടെ പൂജിക്കുന്നവൎക്ക ഹാലാസ്യനാഥൻ നാലുവിധപുരുഷാൎത്ഥങ്ങളും നൽകുമെന്നുള്ളതിനു വല്ലസംശയവുമുണ്ടോ? വിശേഷിച്ചും, കൎപ്പൂരം ചന്ദനം കസ്തൂരി, കുങ്കുമം മുതലായ സുഗന്ധദ്രവ്യങ്ങൾകൊണ്ടു സുന്ദരേശ്വരലിംഗത്തെ ലേപനംചെയ്താൽ അറുപത്തുനാലായിരത്തിലധികം ... അപ്സരസ്ത്രീകൾ ... രംഭതുടങ്ങിയ ദേവകന്യകമാരൊന്നിച്ചു ദേവലോകത്തിൽ താമസിച്ചു സ്വൎല്ലോകഭോഗങ്ങളെ അനുഭവിക്കും. ഏക പുഷ്പംകൊണ്ടെങ്കിലും സുന്ദരേശ്വരനെ അൎച്ചിക്കുന്നവൎക്കു ദേവലോകപ്രാപ്തിയുണ്ടാകുമെന്നുതന്നെയല്ല, അന്യസ്ഥലങ്ങളിൽ ആയിരം സ്വൎണ്ണപുഷ്പംകൊണ്ടു പൂജിക്കുന്നതിന്റെ ഫലവും ഉണ്ടാകും. ഒരിക്കൽ ധൂപാരാധനചെയ്താൽ ആയിരംതവണചെയ്ത തെറ്റുകളെ അദ്ദേഹം ക്ഷമിക്കും. ഒരുതവണ കൎപ്പൂരദീപദാനംചെയ്യുന്നവന്, മരണാനന്തരം കൎപ്പൂരംപോലെ നിൎമ്മലമായിരിക്കുന്ന ഭഗവൽസായൂജ്യംതന്നെ ലഭിക്കും. നൈവേദ്യംകൊടുക്കുന്നവൎക്ക യുഗവ്യത്യാസംകൂടാതെ പരമസുഖഭോഗികളായി ശിവലോകത്തിൽ വസിക്കാം. താംബൂലദാനംചെയ്യുന്നവൎക്കും അതുപോലെതന്നെ ആറുകോടി ദിവ്യവൎഷകാലം ശിവലോകത്തിൽ വസിക്കാം. സോമസുന്ദരപൂജയ്ക്കു ഉപകരണങ്ങളായ മണികൾ, ധൂപദീപപാത്രങ്ങൾ, അഭിഷേകപാത്രങ്ങൾ, നൈവേദ്യപാത്രങ്ങൾ മുതലായവയെ ക്ഷേത്രസമൎപ്പണംചെയ്യുന്നവർ സകലപാപവിനിൎമ്മുക്തന്മാരായി എല്ലാകാലത്തും ഒന്നുപോലെ പരമാനന്ദം അനുഭവിക്കും. ഹാലാസ്യനാഥക്ഷേത്രത്തിങ്കൽ പാടിക്കുകയോ ആടിക്കുകയോ വാദ്യം ഘോഷിപ്പിക്കുകയൊ ചെയ്യുന്നവനു നടേശന്റെ ആനന്ദനൎത്തനം കാണുന്നതിനു തീൎച്ചയായും സംഗതിവരും. ഹാലാസ്യേശനെ നമസ്കരിക്കുന്ന മനുഷ്യൻ ഭൂലോകചക്രവൎത്തിയാകുമെന്നുള്ളതിനു യാതൊരു വ്യത്യാസവും ഇല്ല. എന്തിനധികം പറയുന്നു, സുന്ദരേശന്റെ സന്നിധാനത്തിൽവെച്ചു ചെയ്യുന്ന ജപങ്ങളും ഹോമങ്ങളും തപസ്സുകളും ദാനങ്ങളും ഏററവും അല്പമായിരുന്നാലും അവയ്ക്കു മഹത്തായ ഫലംകിട്ടും. സുന്ദരേശ്വരന്റെ മാഹാത്മ്യം ആരാലെങ്കിലും വൎണ്ണിക്കാൻ ഒക്കുകയില്ല. ശ്രീമധുരയ്ക്കു തുല്യമായ ശിവക്ഷേത്രവും, ഹേമപത്മിനിക്കു സമമായ പുണ്യതീൎത്ഥവും, സോമസുന്ദരലിംഗത്തിനു തുല്യമായ ശിവലിംഗവും, കദംബകാനനത്തിനു തുല്യമായ തപോവനവും മൂന്നുലോകത്തിലും ഇല്ല. സുന്ദരേശന്, ഹാലാസ്യസുന്ദരൻ, കൎപ്പൂരസുന്ദരൻ, കദംബവനസുന്ദരൻ, കല്യാണസുന്ദരൻ, അഭിഷേകസുന്ദരൻ, സുന്ദരേശൻ, കസ്തൂരിസുന്ദരൻ, സോമസുന്ദരൻ, ആദിസുന്ദരൻ അനന്തസുന്ദരൻ, ദേവസുന്ദരൻ, ചാമ്പേയസുന്ദരൻ, പാണ്ഡ്യസുന്ദരൻ, സമഷ്ടിവിദ്യാനഗരീനാഥൻ, മധുരാധിപൻ, കന്യകാനഗരീനാഥൻ, ചതുഷ്കൂടപുരേശ്വരൻ, ഭൂലോകശിവലോകേശൻ, ജീവന്മുക്തിപുരാധിപൻ, മൂലലിംഗാധിപൻ ഇങ്ങനെ പലനാമങ്ങൾ ഉണ്ടു്. ലോകഹിതത്തിനായി തന്നത്താൻ ഉണ്ടായി പാതാളലോകത്തിലും വ്യാപിച്ചു കദംബവനമായ ഹാലാസ്യത്തിൽ ശോഭിക്കുന്ന മൂലലിംഗത്തിന്റെ മാഹാത്മ്യം ഇപ്രകാരമാ

ണ്. എന്റെ ഗുരുഭൂതനായ കുമാരൻ എനിക്കുപദേശിച്ചുതന്നതുപോലെതന്നെ ഞാൻ നിങ്ങളേയും കേൾപ്പിച്ചു.

൬-ാം അദ്ധ്യായം ലിംഗമാഹാത്മ്യം സമാപ്തം

# ഹാലാസ്യമാഹാത്മ്യം.

## കേരളഭാഷാഗദ്യം

## ൭-ാം അദ്ധ്യായം.

## ലീലാസംഗ്രഹം.

അഗസ്ത്യമഹർഷി അരുളിച്ചെയ്ത ലിംഗമാഹാത്മ്യംകേട്ടു സന്തുഷ്ടന്മാരായ മാമുനിമാർ ഹാലാസ്യനാഥൻ ചെയ്ത ലീലകളെപ്പററി കേൾക്കണമെന്നുള്ള താല്പര്യത്തോടുകൂടെ വീണ്ടും ഭഗവാനായ കുംഭസംഭവനോടു ഇപ്രകാരംപ്രാർത്ഥിച്ചു.

"എല്ലാശാസ്ത്രങ്ങളും ഒരുപോലെ പഠിച്ചിട്ടുള്ളവരിൽവച്ചു് ശ്രേഷ്ഠനായ മഹർഷീശ്വര! അല്ലയോ ഭഗവൻ! അങ്ങു് അരുളിച്ചെയ്ത ഹാലാസ്യനാഥന്റെ ക്ഷേത്രമാഹാത്മ്യവും, തീർത്ഥമാഹാത്മ്യവും, മൂലലിംഗമാഹാത്മ്യവും കേട്ടതിൽ ഞങ്ങൾക്കു സർവസിദ്ധികളും ലഭിക്കത്തക്കതായ ഒരു മഹാഭക്തി സോമസുന്ദരേശ്വരനിൽ ഉണ്ടായിരിക്കുന്നു. അതുകൊണ്ടു് ഭഗവാൻ ദയവുചെയ്തു്മുമ്പേ സൂചിപ്പിച്ചിട്ടുള്ളതായ പരമേശ്വരന്റെ അറുപത്തിനാലുലീലകളും കൂടി ഞങ്ങളെ കേൾപ്പിക്കണം."

അഗസ്ത്യമഹർഷി അതുകേട്ടു താഴെവരുമാറുപറഞ്ഞു:—

അല്ലയോ ഭാഗ്യശാലികളായ മഹർഷികളെ! ഭഗവാന്റെഅറുപത്തിനാലുലീലകളേയും ഞാൻ നിങ്ങളെ സംഗ്രഹമായുംഅനുക്രമമായുംധരിപ്പിക്കാം. ഹാലാസ്യനായകനായ ദേവൻ മനോവാക്കുകൾക്കു് അഗോചരനും, ബ്രഹ്മവിഷ്ണുമഹേശ്വരാദികളായ ദേവന്മാരാൽ പോലും വന്ദിതനും, ദയാലുവും, സർവഭൂതാനുഗ്രഹകനും സർവജ്ഞനും സച്ചിദാനന്ദവിഗ്രഹനും, അണുക്കളിൽവെച്ചു് അണുവും, മഹത്തുക്കളിൽവെച്ചു് മഹാനും പ്രഭുവും ആണ്. അദ്ദേഹം കദംബവനമാകുന്ന ഹാലാസ്യത്തിൽഉള്ള ഉത്തമക്ഷേത്രത്തിൽ താനേതാൻ ഉണ്ടായിട്ടുള്ള ലിംഗത്തിൽ നിത്യസാന്നിദ്ധ്യംചെയ്തുകൊണ്ടിരിക്കുന്നു. ഈ സോമസുന്ദരലിംഗത്തെ വീര്യശൌര്യപരാക്രമശാലികളും ഭക്തോത്തമന്മാരും ചന്ദ്രവംശശ്രേഷ്ഠന്മാരും ആയ പാണ്ഡ്യരാജാക്ക

ന്മാരും, ഇന്ദ്രാദികളായ ദേവന്മാരും പൂജിക്കുകയും അവരിൽ ഓരോരുത്തരുടേ
യും അഭീഷ്ടങ്ങളെ സാധിച്ചുകൊടുക്കേണ്ടായി ഭഗവാൻ ഓരോയുഗത്തിലും പ
തിനാറുവീതം നാലുയുഗത്തിലുംകൂടി അറുപത്തിനാലുലീലകളെചെയ്യുകയും
ചെയ്തിട്ടുണ്ട്.

അതിൽ ഒന്നാമത്തെലീല വൃത്രാരിയായ ദേവേന്ദ്രന്റെ പാപമോചനം
ചെയ്തതും, രണ്ടാമത്തേത്, ഐരാവതത്തിന്റെ ശാപമോക്ഷവും, മൂന്നാമ
ത്തേത്, കദംബകാനനത്തിൽ മധുരാപുരം ഉണ്ടാക്കിയതും, നാലാമത്തേത്,
ജഗന്മാതാവായ മീനാക്ഷീഭഗവതി തടാതകയായി ജനിച്ചതും, അഞ്ചാമ
ത്തേതു പാണ്ഡ്യദേവൻ തടാതകാപരിണയം ചെയ്തതും, ആറാമത്തേത് ആ
ദിശേഷാവതാരമായ പതഞ്ജലിമഹർഷിയുടെ മുമ്പിൽ പ്രത്യക്ഷമായി നൃത്തം
ചെയ്തതും ആകുന്നു. കുണ്ഡോദരനു വളരെ അന്നം ഭക്ഷിക്കുന്നതിനുശക്തി
നൽകിയതു് ഏഴാമത്തെ ലീലയും, അന്നഗർത്താദികൾ കൊണ്ടും,വൈഗാന
ദിയെക്കൊണ്ടും കുണ്ഡോദരന്റെ ക്ഷുൽതൃഡാദികൾ നശിപ്പിച്ചതു എട്ടാ
മത്തെ ലീലയും, പ്രിയപത്നിയുടെ പ്രീതിക്കുവേണ്ടി സപ്തസമു
ദ്രങ്ങളെ സമീപത്തുവരുത്തിയതു ഒമ്പതാമത്തെലീലയും, ദേവലോകവാ
സിയായ മലയധ്വജനെ ഭൂമിയിൽവരുത്തിയതു് പത്താമത്തെലീലയും, ഉ
ഗ്രൻ എന്നപേരോടുകൂടിയപുത്രനെ ജനിപ്പിച്ചതു് പതിനൊന്നാമത്തെ ലീ
ലയും, ആ ഉഗ്രനു ശൂലംതുടങ്ങിയ മൂന്നായുധങ്ങൾ നൽകിയതു് പന്ത്രണ്ടാ
മത്തെ ലീലയും ആണു്. പതിമൂന്നാമത്തെ ലീലകൊണ്ടു് സമുദ്രത്തെസമീ
പത്തിൽ നിന്നും അകററി. ദേവേന്ദ്രന്റെ കിരീടം ഉടച്ചതു് പതിനാലാമ
ത്തെലീലയിൽആകുന്നു. ഉഗ്രപാണ്ഡ്യനു മഹാമേരുവിൽനിന്നും സ്വർണ്ണം എ
ടുത്തുകൊടുക്കാനായി പതിനഞ്ചാമത്തെ ലീലയും, മഹർഷികൾക്കു വേദാ
ർത്ഥങ്ങൾ ഉപദേശിച്ചുകൊടുക്കാനായി പതിനാറാമത്തെ ലീലയും, രാജാവി
നു കിരീടം ഉണ്ടാക്കുന്നതിനു് രത്നങ്ങളെ വിക്രയം ചെയ്യാനായി പതിനേഴാ
മത്തെ ലീലയും, മേഘങ്ങളെക്കൊണ്ടു് സമുദ്രജലത്തെ പാനം ചെയ്യിപ്പിക്കു
ന്നതിനായി പതിനെട്ടാമത്തെ ലീലയും ഭഗവാൻ എടുത്തു. അതിവൃഷ്ടി
യെ ശമിപ്പിച്ചതു് പത്തൊമ്പതാമത്തെ ലീലയും, സിദ്ധിവൈഭവങ്ങളെ കാ
ണിച്ചതു് ഇരുപതാമത്തെലീലയും, കല്ലാനയെക്കൊണ്ടു് കരിമ്പുഭക്ഷിപ്പിച്ച
തു് ഇരുപത്തിഒന്നാമത്തെ ലീലയും, ബൌദ്ധസന്യാസികൾ അഭിചാരംചെ
യ്തയച്ച ആനയെ സംഹരിച്ചതു് ഇരുപത്തിരണ്ടാമത്തെ ലീലയും, വിപ്രക
ന്യകൾക്കു അനുഗ്രഹംകൊടുത്തതു് ഇരുപത്തിമൂന്നാമത്തെ ലീലയും, വ്യത്യസ്ത
നൃത്തം ചെയ്തതു് ഇരുപത്തിനാലാമത്തെലീലയും ബ്രാഹ്മണസ്ത്രീയുടെ മര
ണം തെളിയിച്ചതു് ഇരുപത്തഞ്ചാമത്തെലീലയും, മാതൃസംഗംചെയ്യുകയും
പിതാവിനെ വധിക്കുകയും ചെയ്തതു് ഇരുപത്തിആറാമത്തെ ലീലയും ആ
സ്ത്രാചാര്യന്റെ ഭാര്യയെ രക്ഷിപ്പാനായി സിദ്ധനെ വധിച്ചതു് ഇരുപത്തി
ഏഴാമത്തെലീലയും, ബുദ്ധസന്യാസികൾ അയച്ച പാമ്പിനു വിഷമില്ലാതെ
ആക്കിയതു് ഇരുപത്തിഎട്ടാമത്തെലീലയും, അവർ അയച്ച പശുവിനെ
കൊന്നതു് ഇരുപത്തിഒമ്പതാമത്തെലീലയും, ആകുന്നു. മുപ്പതാമത്തേതു,പാ

ണ്ഡ്യസേനാപതിയെ രക്ഷിക്കാനായി എണ്ണം കണക്കും ഇല്ലാതെ സൈന്യങ്ങളെ കാണിച്ചതും, മുപ്പത്തിഒന്നാമത്തേതു്, പാണ്ഡ്യരാജാവിനു ഒരിക്കലും നശിക്കാത്ത ദ്രവ്യസഞ്ചി കൊടുത്തതും, മുപ്പത്തിരണ്ടാമത്തേതു് ഭഗവാൻ വൈശ്യരൂപം ധരിച്ചു് വളവിററതും, മുപ്പത്തിമൂന്നാമത്തേതു് യക്ഷികൾക്കു അഷ്ടസിദ്ധി നൾകിയതും, മുപ്പത്തിനാലാമത്തേതു് ചോളരാജാവിനുവേണ്ടി ക്ഷേത്രത്തിന്റെ വാതൽ തുറന്നതും, മുപ്പത്തിഅഞ്ചാമത്തേതു്, പാണ്ഡ്യസൈന്യങ്ങൾക്കു് ജലം നൽകിയതും, മുപ്പത്തിആറാമത്തേതു്, ഭഗവാൻ രസവാദക്രിയ ചെയ്തതും, മുപ്പത്തിഏഴാമത്തേതു്, ചോളരാജാവിനെ ജയിച്ചതും, മുപ്പത്തിഎട്ടാമത്തേതു, ഒരു ശൂദ്രനു് തണ്ഡുലപൂർണ്ണമായ പാത്രം നൾകിയതും, മുപ്പത്തിഒൻപതാമത്തേതു്, ഒരു വൈശ്യബാലനു് വ്യവഹാരത്തിൽ ജയം കൊടുത്തതും, നാല്പതാമത്തേതു്, പാണ്ഡ്യരാജാവിന്റെ ബ്രഹ്മഹത്യാപാപം നശിപ്പിച്ചതും ആകുന്നു, ഭദ്രനെന്ന ഭക്തനെ രക്ഷിപ്പാൻവേണ്ടി ഭഗവാൻ വിറകു ചുമന്നതു് നാല്പത്തിഒന്നാമത്തെ ലീലയും, ഈ ഭദ്രനുവേണ്ടിത്തന്നെ ചേരഭൂപതിക്കു എഴുത്തയച്ചതു് നാല്പത്തിരണ്ടാമത്തെ ലീലയും, ഭദ്രനു സംഘപ്പലക സമ്മാനിച്ചതു് നാല്പത്തിമൂന്നാമത്തെ ലീലയും, ഭദ്രന്റെ ഭാര്യയ്ക്കു ഗാനവിദ്യയിൽ വിജയം നൽകിയതു് നാല്പത്തിനാലാമത്തെ ലീലയും, പന്നിയുടെ വേഷം എടുത്തു് പന്നിക്കുട്ടികളെ രക്ഷിച്ചതു് നാല്പത്തിഅഞ്ചാമത്തെ ലീലയും, പന്നിക്കുട്ടികളെ മന്ത്രികളാക്കിയതു് നാല്പത്തിആറാമത്തെ ലീലയും, ഒരു ഖഞ്ജരീടപക്ഷിക്കു മൃത്യുഞ്ജയമന്ത്രം ഉപദേശിച്ചുകൊടുത്തു് അതിനെ കാകന്മാരുടെ അക്രമണത്തിൽ നിന്നും രക്ഷിച്ചതു് നാല്പത്തിഏഴാമത്തെ ലീലയും, ഒരു ശാരിപ്പക്ഷിക്കു മോക്ഷം കൊടുത്തതു് നാല്പത്തിഎട്ടാമത്തെ ലീലയും, സർപ്പത്തിനെക്കൊണ്ടു് മധുരാപുരത്തിന്റെ അതിരു കാണിച്ചുകൊടുത്തതു് നാല്പത്തിഒമ്പതാമത്തെ ലീലയും, ചോളരാജാവിനെ തോല്പിച്ചതു്, അമ്പതാമത്തെ ലീലയും, ദ്രാവിഡവിദ്വാൻമാൎക്കു സംഘപ്പലക നൽകിയതു് അമ്പത്തിഒന്നാമത്തെ ലീലയും, ഒരു ബ്രാഹ്മണനു പാണ്ഡ്യരാജാവിന്റെ അഭിപ്രായ പ്രകാരം ശ്ലോകം എഴുതി കൊടുത്തതു്, അമ്പത്തിരണ്ടാമത്തെ ലീലയും, നൽകീരനെ രക്ഷിച്ചതു് അമ്പത്തിമൂന്നാമത്തെ ലീലയും, നൽകീരനു സൂത്രങ്ങളെ ഉപദേശിച്ചതു അമ്പത്തിനാലാമത്തെ ലീലയും പ്രബന്ധങ്ങളുടെ താരതമ്യവിവേചനം ചെയ്തതു അമ്പത്തിഅഞ്ചാമത്തെ ലീലയും ആണു് അമ്പത്തിആറാമത്തെ ലീല ഉത്തരഹാലാസ്യത്തിൽ പോയതും, അമ്പത്തിഏഴാമത്തെ ലീല, ദാശകന്യകയെ വേട്ടതും, അമ്പത്തിഎട്ടാമത്തെ ലീല വാതപുരേശൻ എന്ന മന്ത്രിക്കു ജ്ഞാനദീക്ഷ കൊടുത്തതും, അമ്പത്തിഒമ്പതാമത്തെ ലീല പാണ്ഡ്യരാജാവിനു് മായാശ്വങ്ങളെ വിററതും, അറുപതാമത്തെ ലീല നദിയെ വർദ്ധിപ്പിച്ചതും, അറുപത്തിഒന്നാമത്തെ ലീല പിട്ടിനുവേണ്ടി മണ്ണുചുമന്നതും, അറുപത്തിരണ്ടാമത്തെ ലീല കുബ്ജപാണ്ഡ്യന്റെ ജ്വരവും കുബ്ജതയും നശിപ്പിച്ചതും, അറുപത്തിമൂന്നാമത്തെ ലീല ജ്ഞാനസംബന്ധനെക്കൊണ്ടു് നഗ്നന്മാരെ ശൂലാരോഹണം ചെയ്യിപ്പിച്ചു വധിച്ചതും, അറുപത്തിനാലാമത്തെ ലീല വൃക്ഷം, കൂപം,

ശിവലിംഗം ഇവയെ മധുരയിൽ സാക്ഷികളാക്കി വരുത്തിയതും അകുന്നു. ഹാലാസ്യനാഥന്റെ അറുപത്തിനാലു ലീലകളും ചുരുക്കി നിങ്ങളെ കേൾപ്പിച്ചു. ഇനി ഓരോന്നും ക്രമേണ വിസ്താരമായി പറഞ്ഞുതരാം. ഈ ലീലാസംഗ്രഹം കേട്ടാലും പഠിച്ചാലും ഓത്താലും അങ്ങനെ ചെയ്യുന്നവരുടെ എല്ലാ പാപങ്ങളും അവസാനിക്കുമെന്നല്ല അവൎക്കു സൎവ്വാഭീഷ്ടങ്ങളും സിദ്ധിക്കുകയും ചെയ്യും.

൧-ാം അദ്ധ്യായം ലീലാസംഗ്രഹം

സമാപ്തം.

---

## ഹാലാസ്യമാഹാത്മ്യം

### കേരളഭാഷാഗദ്യം

### ൨-ാം അദ്ധ്യായം.

## ദേവേന്ദ്രന്റെ ബ്രഹ്മഹത്യാപാപം തീൎത്ത

### ൧-ാമത്തെ ലീല.

---

അല്ലയോ താപസശ്രേഷ്ഠന്മാരേ! ദേവേന്ദ്രന്റെ പാപം തീൎത്ത ഭഗവാന്റെ ഒന്നാമത്തെ ലീലയെത്തന്നെ ഞാൻ ആദ്യം നിങ്ങളെ ധരിപ്പിക്കാം. പാപനാശനകരമായ അതിനെ നിങ്ങൾ ഭക്തിയോടുകൂടെ കേട്ടുകൊള്ളുവിൻ! എന്നിങ്ങനെയുള്ള മുഖവുരയോടുകൂടെ വീണ്ടും അഗസ്ത്യൻ പറഞ്ഞു:-

കൃതായുഗത്തിൽ ഒരു ദിവസം ദേവേന്ദ്രൻ, വിശ്വകൎമ്മാവിന്റെ മഹത്തായ തപശ്ശക്തികൊണ്ടു നിൎമ്മിച്ച അമരാവതിയിൽ ഉള്ള രത്നസിംഹാസനത്തിൽ എഴുന്നള്ളിയിരിക്കുമ്പോൾ അദ്ദേഹത്തെ സേവിക്കാനായി അന്യസംഖ്യങ്ങളായ മുപ്പത്തിമുക്കോടി ദേവന്മാരും, രുദ്രാദി സമസ്തഗണങ്ങളും യക്ഷന്മാർ, കിന്നരന്മാർ, ഗന്ധൎവ്വന്മാർ, സിദ്ധന്മാർ, സാദ്ധ്യന്മാർ മുതലായവരും ചെന്നു. അവരിൽ നാരദാദിമഹൎഷിമാർ ആശീൎവ്വാദം നല്കുകയും ഗന്ധൎവ്വന്മാർ പാടുകയും ദേവനൎത്തകിമാരായ അപ്സരസ്ത്രീകൾ നൃത്തം ചെയ്യുകയും ചെയ്തു. ഗാനവിദ്യാവിശാരദന്മാരായ ഗന്ധൎവ്വന്മാരുടെ പാട്ടുകൾ കേട്ടും, സൎവ്വാംഗസുന്ദരിയും നൎത്തകീരത്നവുമായ തിലോത്തമയുടെ മോഹനതരമായ ആട്ടവും ഹാവഭാവവിലാസങ്ങളും മറ്റും കണ്ടും

സന്തോഷസാഗരനിമഗ്നനും കാമതാപാക്രാന്തനും ആയിത്തീൎന്ന ദേവേന്ദ്രന്റെ തലയ്ക്കു ശൃംഗാരഭ്രാന്തിയും ആനന്ദലഹരിയും ഒന്നുപോലെ കൊണ്ടു്, അദ്ദേഹം തന്നത്താൻ മറന്നുപോയി. ഈ അവസരത്തിൽ ബൃഹസ്പതി ദേവേന്ദ്രനെ കാണ്മാനായി അവിടെച്ചെന്നു. സ്വർല്ലോകരമണിമാരുടെ ലീലാവിലാസങ്ങളിൽ ലയിച്ചിരുന്ന ദേവേന്ദ്രൻ ബൃഹസ്പതിവന്നതിൽ എഴുന്നേല്ക്കുകയാകട്ടെ വന്ദിക്കുകയാകട്ടെ യാതൊന്നും ചെയ്തില്ല. മററുള്ളവരും ഗാനനൃത്തകോലാഹലത്തിൽമുഴുകി രസവുംഅനുഭവിച്ചു് ചിത്രത്തിൽ എഴുതിയവരെപ്പോലെ ഇരുന്നിരുന്നതിനാൽ ആഗതനായ ഗുരുവിനെ ആദരിച്ചില്ല. ദേവേന്ദ്രനും കൂട്ടുകാരരും തന്നോടുകാണിച്ച ഔദാസീന്യത്തേയും ധിക്കാരത്തേയും കണ്ടു കോപാവേശിതനായ ബൃഹസ്പതി ഉടൻതന്നെഅവിടെ നിന്നും മറഞ്ഞു. അനന്തരം ആട്ടക്കാരിയായ തിലോത്തമയ്ക്കു സമ്മാനമായിവളരെ വളരെ ദ്രവ്യവും ആഭരണങ്ങളും പട്ടുവസ്ത്രങ്ങളും മററുംനല്കി. നാരദാദികളേയും യഥാക്രമം സല്ക്കരിച്ചു യാത്രയാക്കി. മററുള്ള ദേവന്മാർ ഇന്ദ്രനോടനുവാദവുംവാങ്ങി അവരവരുടെ ഭവനങ്ങളിലേക്കുപോയി. അതിൽപിന്നെ ദേവേന്ദ്രൻ, സഭയിൽ ബൃഹസ്പതി വന്നിരുന്നതും താൻസല്ക്കരിക്കാഞ്ഞതും ഓൎത്തു അദ്ദേഹത്തിന്റെ ഭവനത്തിൽ പോയി അന്വേഷിച്ചതിൽ അവിടെയെങ്ങുംകാണാഞ്ഞു ഇതിൽപരമില്ലാത്ത വ്യസനത്തോടും പശ്ചാത്താപത്തോടുംകൂടെ മടങ്ങിവന്നു സ്വഭവനത്തിൽ വസിച്ചു. എല്ലാപാപങ്ങളിലുംവച്ചു് ശ്രേഷ്ഠമായ ഗുരുദ്രോഹപാപം ദേവേന്ദ്രനെ പിടിയുംകൂടി. ക്രമേണ ദേവേന്ദ്രന്റെ തേജസ്സും പ്രാഭവവും വീൎയ്യശൌൎയ്യപരാക്രമബലങ്ങളും നശിച്ചുതുടങ്ങി. ഈവിവരം അറിഞ്ഞു് അസുരന്മാർ യുദ്ധത്തിനുംവന്നെത്തി. വീൎയ്യശൌൎയ്യപരാക്രമവിഹീനന്മാരായ ദേവന്മാർ അസുരന്മാരോടു ഏല്ക്കുന്നതിനു മുമ്പേതന്നെ തോററും തുടങ്ങി. അനന്തരം ദേവേന്ദ്രാദികൾ ഇതിന്റെ കാരണമെന്താണെന്നറിയുന്നതിനായി ബ്രഹ്മലോകത്തിൽപോയി ബ്രഹ്മാവിനെക്കണ്ടു് ഇപ്രകാരം സ്തോത്രംചെയ്തു.

നമോ ഹിരണ്യഗർഭായ പരബ്രഹ്മസ്വരൂപിണേ
അവിജ്ഞാതസ്വരൂപായ നമഃ കൈവല്യമൂർത്തയേ

ഗുണത്രയസ്വരൂപായ നമഃ പ്രകൃതിരൂപിണേ
അഹംകാരസ്വരൂപായ ബുദ്ധിരൂപായതേനമഃ

നമോ മഹത്സ്വരൂപായ നമശ്ശബ്ദാദിരൂപിണേ
ജ്ഞാനേന്ദ്രിയസ്വരൂപായനമഃ കർമ്മേന്ദ്രിയാത്മനേ

ക്ഷിത്യാദിപഞ്ചഭൂതായ നമോ ബ്രഹ്മാണ്ഡരൂപിണേ
സമസ്തഭക്തരക്ഷാൎത്ഥം സ്വേച്ഛാവിധൃതവിഗ്രഹഃ

നമസ്തുഭ്യം നമസ്തുഭ്യം നമസ്തുഭ്യം മഹാത്മനേ.

സ്തുതികേട്ടു സന്തുഷ്ടനായ ബ്രഹ്മാവു് ഇന്ദ്രാദികളോടുവന്നതിനുള്ള കാരണം എന്തെന്നുചോദിച്ചു.

ഇന്ദ്രാദികൾ ഭക്തിപൂർവം ഇങ്ങനെ പറഞ്ഞു:—

ഇയ്യിടെ അസുരന്മാരും ഞങ്ങളുമായി യുദ്ധം തുടങ്ങിയതിൽ എല്ലാ യുദ്ധങ്ങളും ഞങ്ങൾതന്നെ തോല്ക്കുന്നു. അതിനുള്ള കാരണമെന്തെന്നറിയാനായി വന്നതാണു്.

ബ്രഹ്മാവു് അതുകേട്ടു്, അല്ലയോ ഇന്ദ്രാദികളേ! നിങ്ങൾക്കു ഇപ്പോൾ ഗുരുഭൂതൻ ഇല്ല. അതുകൊണ്ടാണു് നിങ്ങൾ തോററുപോകുന്നതു്. ഗുരുദ്രോഹികൾക്കു ഒരിക്കലും ഒരു കാൎയ്യത്തിലും വിജയം ഉണ്ടാവുകയില്ല. വീൎയ്യശൌൎയ്യപരാക്രമാദി സകല ഗുണങ്ങളും കീൎത്തിയും മററും എല്ലാവൎക്കും ഉണ്ടാകുന്നതു ഗുരുസേവകൊണ്ടാണു്. നിങ്ങളുടെ ഗുരുഭൂതനായ ബൃഹസ്പതി നിങ്ങളുടെ മോശവിചാരംകൊണ്ടു് ഇപ്പോൾ അദൃശ്യനായിപ്പോയിരിക്കുന്നു. ഇനി നിങ്ങൾക്കു മറെറാരു ഗുരുഭൂതൻ വേണം. അല്ലാതെ യുദ്ധത്തിൽ ജയം ലഭിക്കുകയില്ല. അതിനു് നിങ്ങൾ ത്വഷ്ടാവിൻെറപുത്രനും മൂന്നു തലയുള്ളവനും സൎവവിദ്യാനിധിയും ആയ വിശ്വരൂപനെ ഗുരുവായി വരിച്ചുകൊള്ളുവിൻ! അവൻ ദാനവഭാഗിനേയൻ ആണല്ലോ എന്നു നിങ്ങൾ ശങ്കിക്കേണ്ട. അവൻ ഉപദേശിക്കുന്ന പ്രകാരത്തിൽ ഉള്ള സല്ക്കൎമ്മങ്ങളെ ചെയ്താൽ നിങ്ങൾക്കു് ശത്രുനാശവും ജയവും ഉണ്ടാകും എന്നു പറഞ്ഞു.

ഇന്ദ്രാദികൾ അപ്രകാരം ചെയ്യാമെന്നു സമ്മതിച്ചു് ബ്രഹ്മലോകത്തിൽനിന്നും തിരിച്ചു പോയി വിശ്വരൂപനെ ചെന്നുകണ്ടു വന്ദിച്ചു് ഗുരുവാക്കി വരിച്ചു് ദേവലോകത്തിൽ കൊണ്ടുപോയി. അദ്ദേഹത്തിൻെറ ഉപദേശപ്രകാരം വേണ്ടുന്ന സല്ക്കൎമ്മങ്ങൾ എല്ലാം ചെയ്തുതുടങ്ങി. വിശ്വരൂപൻ ദേവേന്ദ്രനു വിജയപ്രദവും, വിശ്വവിശ്രുതവും, ആയ ‘ശിവകവചം, എന്ന ദിവ്യമന്ത്രം ഉപദേശിച്ചുകൊടുത്തു. അതിൻെറ പ്രാഭവംകൊണ്ടു് ഇന്ദ്രൻ അന്നുമുതൽ വിജയിയായും തീൎന്നു. വിശ്വരൂപൻയാഗംചെയ്തു് പ്രത്യക്ഷത്തിൽദേവന്മാൎക്കും, അപ്രത്യക്ഷമായി സ്വപക്ഷക്കാരായ അസുരന്മാൎക്കും ഹവിസ്സു നല്കിവന്നു. ജ്ഞാനദൃഷ്ടികൊണ്ടുനോക്കി ഈ വിവരം മനസ്സിലാക്കിയ ദേവേന്ദ്രൻ, കോപപ്രചോദിതനായിട്ടു് ചതിയനായ ഇവനെ ഇനിമേൽ വച്ചേക്കാൻ പാടില്ലെന്നു നിശ്ചയിച്ചു് വജ്രം പ്രയോഗിച്ചു് വിശ്വരൂപൻെറ മൂന്നു ശിരസ്സും മുറിച്ചു. അതിൽ സോമപാനംചെയ്ത വദനത്തോടുകൂടി ശിരസ്സു് കപിഞ്ജലപ്പക്ഷിയായും, അന്നപാനംചെയ്ത വദനത്തോടുകൂടിയ ശിരസ്സ് തിത്തിരിപ്പക്ഷിയായും , മധുപാനംചെയ്ത വദനത്തോടുകൂടിയ ശിരസ്സ് ഊൎക്കുരിയിലിൻെറ രൂപമായും ഭവിച്ചു് ആകാശത്തിൽ പറന്നുപോയി. വിശ്വരൂപവധംകൊണ്ടുണ്ടായ ബ്രഹ്മഹത്യാദോഷം അപ്പോൾമുതൽ ദേവേന്ദ്രനെ പീഡിക്കുവാനും തുടങ്ങി. ഒരു വൎഷം കഴിഞ്ഞിട്ടും ആ പാപത്തിനു ശാന്തി കാണായ്കയാൽ മററുള്ള ദേവന്മാരും താപസന്മാരുമായി ആലോചി

ച്ച് ദേവേന്ദ്രൻ ആ ബ്രഹ്മഹത്യാപാപത്തെ നാലായി വിഭജിച്ച് ഭൂമിയ്ക്കും, ജലത്തിനും, വൃക്ഷത്തിനും, സ്ത്രീകൾക്കുമായി കൊടുത്തു. അവയിൽ ഭൂമി, ഊഷരപ്രദേശമായും, ജലം പതയായും, വൃക്ഷങ്ങൾ കറയായും, സ്ത്രീകൾ രജസ്സായും ബ്രഹ്മഹത്യാദോഷത്തെ സ്വീകരിച്ചു. ഭൂമിയിൽ ഉണ്ടാകുന്ന കുഴികൾ ഒരു വർഷംകൊണ്ടു നികന്നു പഴയപോലെ ആകുമെന്നും ജലം കോരിയെടുക്കുന്തോറും വർദ്ധിക്കുമെന്നും വൃക്ഷങ്ങൾ മുറിച്ചാലും കിളിർക്കുമെന്നും സ്ത്രീകൾ ഗർഭിണികളായാലും ഭോഗിക്കാമെന്നും ദേവേന്ദ്രൻ അവയ്ക്കു പ്രത്യുപകാരമായി വരങ്ങളും നല്കി.

ഇങ്ങനെ ദേവേന്ദ്രൻ തനിക്കുണ്ടായ ബ്രഹ്മഹത്യാപാപം തീർത്തുമുമ്പിലത്തെപ്പോലെ സ്വർല്ലോകപാലനവുംചെയ്തു വീണ്ടും അമരാവതിയിൽ വസിക്കുമ്പോൾ, പുത്രനായ വിശ്വരൂപനെ ദേവേന്ദ്രൻ വധിച്ച കഥയെ ത്വഷ്ടാവറിഞ്ഞു്, പുത്രശോകംകൊണ്ടു ക്രുദ്ധനായ അവൻ ഹോമകുണ്ഡംകൂട്ടി ദേവേന്ദ്രനു ശത്രുക്കൾ വർദ്ധിക്കണമെന്നർത്ഥമായ മന്ത്രം ചൊല്ലി ഹോമിച്ചപ്പോൾ ആ അഗ്നികുണ്ഡത്തിൽനിന്നും വൃത്രാസുരൻ എന്നു പേരോടുകൂടെ ബലവാനായ ഒരു ദൈത്യൻ ഉണ്ടായി. അവന്റെ തീക്കമ്പികൾപോലെയുള്ള ചുവന്ന ജടയും, ബാഡവാഗ്നിയുടെ നിവാസസ്ഥാനമെന്നു പറയാവുന്ന കണ്ണുകളും, മൂന്നുലോകവും ഒന്നോടെ വിഴുങ്ങിയാലും തടയാത്ത വായും, അഞ്ജനപർവതംപോലെയുള്ള ശരീരവും, ആകാശത്തിനു തൂണുപോലെയുള്ള നിലയും, അനേകായിരം കൈകളിലായി ധരിച്ചിരിക്കുന്ന വിവിധതരത്തിലുള്ള അവന്റെ ആയുധങ്ങളും എല്ലാംകൂടി കണ്ടാൽ ആരും മോഹിച്ചു വീണുപോകും. ദേവലോകധൂമകേതുവായി ത്വഷ്ടാവിന്റെ ഹോമകുണ്ഡത്തിൽനിന്നും ജനിച്ച ആ സത്വം ദിവസംപ്രതി ഇഷുമാത്രം (അമ്പളവു) വീതം വളർന്നു തപശ്ശക്തികൊണ്ടും ബലംകൊണ്ടും എല്ലാ ലോകരേയും ഒന്നുപോലെ പീഡിപ്പിച്ചു പീഡിപ്പിച്ചു് അമരാവതിയിൽ ദേവലോകാപദ്രവം ആരംഭിച്ചു. ദേവേന്ദ്രൻ ഉടൻ ഐരാവതത്തിന്റെ മുകളിൽ കയറി വജ്രായുധസമേതം ചെന്നു വൃത്രാസുരനോടേററു് ഭയങ്കരമായ യുദ്ധം തുടങ്ങി. അവർ രണ്ടുപേരുടേയും ബാണവർഷംകൊണ്ടു് മൂന്നുലോകവും ഒന്നുപോലെ മൂടുകയും സൂര്യരശ്മിപോലും കാണാൻ പാടില്ലാതെ ആവുകയും ചെയ്തു. ഒടുവിൽ ദേവേന്ദ്രൻ തന്റെ വജ്രായുധം എടുത്തു വൃത്രാസുരന്റെ മാറിടത്തിൽ താഡിച്ചു. അതു് ഫലപ്പെട്ടില്ലെന്നു മാത്രമല്ല ഉടനെ വൃത്രൻ കാലദണ്ഡത്തിനു തുല്യമായ തന്റെ മുസലംകൊണ്ടു് ഐരാവതത്തെ താഡിക്കുകയും ദേവേന്ദ്രന്റെ ഭുജത്തിൽതാഡിച്ചു് വജ്രായുധത്തെ നിലത്തു പതിപ്പിക്കുകയും ചെയ്തു.

തന്റെ വജ്രപ്രയോഗം ഫലമില്ലാത്തതായി ഭവിക്കുകയും, ശത്രുതാഡനംകൊണ്ടു് വജ്രം കയ്യിൽനിന്നും വീണുപോകയും ചെയ്ത ഉടനെ ദേവേന്ദ്രൻ ആനയും, വജ്രായുധവും ഉപേക്ഷിച്ചുംവച്ചു് ദേവന്മാരോടുകൂടി അതിശീഘ്രത്തിൽ ഓടി ബ്രഹ്മലോകത്തിൽ എത്തി വിവരങ്ങൾ എല്ലാം ബ്രഹ്മാവി

നെ അറിയിച്ചു. ബ്രഹ്മാവു് ഒട്ടും താമസിക്കാതെതന്നെ ദേവേന്ദ്രാദികളോടുകൂടെ വൈകുണ്ഠത്തിൽ പോയി ശംഖചക്രഗദാപത്മങ്ങൾ ധരിച്ചിട്ടുള്ള ചതുർബ്ബാഹുക്കളോടു കൂടിയവനായി, ശ്രീവത്സലാഞ്ഛനനായി ഹാരകേയൂരകിരീടവനമാലാവിഭൂഷിതനായി, പീതവാസസ്സായി, ശ്യാമളകളേബരനായി ലക്ഷ്മീദേവിയോടുകൂടെ അനന്തശയനത്തിൽ പള്ളിക്കുറുപ്പുകൊള്ളുന്ന വിഷ്ണുഭഗവാനെ സ്തോത്രങ്ങൾ ചെയ്തുണർത്തി സങ്കടങ്ങൾ മുഴുവൻ അറിയിച്ചു.

അദ്ദേഹം ഇപ്രകാരം അതിനു മറുപടി പറഞ്ഞു:—

അല്ലയോ ബ്രഹ്മേന്ദ്രാദികളെ! വലാസുരന്റെ ശരീരംകൊണ്ടുണ്ടാക്കിയതല്ലെ ദേവേന്ദ്രന്റെ കയ്യിൽനിന്നും വീണുപോയ വജ്രം. അതിന്റെ ശക്തി മുഴുവൻ നശിച്ചുപോയി. ബലശാലിയായ വൃത്രനെക്കൊല്ലുന്നതിന് അതു മതിയാകയില്ല. ഒരു പുതിയ വജ്രം ഉണ്ടാക്കി അതുകൊണ്ടുവേണം വൃത്രനെ വധിക്കേണ്ടതു്. പുതിയ വജ്രായുധം ഉണ്ടാക്കുന്നതിന് ഒരു വഴിയുണ്ടു്. അതു് ഞാൻ പറഞ്ഞുതരാം. പണ്ടു് പാലാഴി കടഞ്ഞപ്പോൾ ദേവന്മാരുടെയും അസുരന്മാരുടേയും പക്കലുണ്ടായിരുന്ന ആയുധങ്ങളെല്ലാം സൂക്ഷിക്കാനായി അവർ ദധീചിമഹർഷിയെ ഏല്പിക്കുകയും, അദ്ദേഹം എല്ലാംകൂടി കഷായിലാക്കുകയും അദ്ദേഹത്തിന്റെ തപോബലംകൊണ്ടു് ആ ആയുധങ്ങൾ എല്ലാം അദ്ദേഹത്തിന്റെ പൃഷ്ഠാസ്ഥിയിൽ ലയിക്കുകയും ചെയ്തിട്ടുണ്ടു്. ആകയാൽ അദ്ദേഹത്തിന്റെ പൃഷ്ഠാസ്ഥി വജ്രത്തിനേക്കാൾ ബലവത്തായിട്ടുള്ളതാണ്. അതുകൊണ്ടു് വജ്രായുധം ഉണ്ടാക്കിയാൽ വൃത്രാസുരനെ നിഷ്പ്രയാസമായി നിങ്ങൾക്കു വധിക്കാം. അർത്ഥികൾ അഭ്യർത്ഥിക്കുന്നതെല്ലാം കൊടുക്കുന്ന സ്വഭാവഗുണത്തോടുകൂടിയ ദധീചിമഹർഷിയോടു കാര്യം പറഞ്ഞപേക്ഷിച്ചാൽ അദ്ദേഹം അദ്ദേഹത്തിന്റെ ശരീരത്തെ വകവയ്ക്കാതെ നിങ്ങൾക്കു പൃഷ്ഠാസ്ഥിയെ തരും. വൃത്രാസുരനെ അതുകൊണ്ടു് നിങ്ങൾക്കു വധിക്കുകയും ചെയ്യാം എന്നു പറഞ്ഞു് മഹാവിഷ്ണു ബ്രഹ്മേന്ദ്രാദികൾക്കു യാത്രയരുളി.

അനന്തരം ബ്രഹ്മാവിനോടുകൂടെ ഇന്ദ്രാദികൾ ദധീചിമഹർഷിയുടെ ആശ്രമംനോക്കി പുറപ്പെട്ടു. ഭസ്മരുദ്രാക്ഷമാലാലംകൃതകളേബരനും വിഷയങ്ങൾ ആസകലം മനസാപരിത്യജി തപസ്സുചെയ്യുന്ന മഹർഷിയെക്കണ്ടു വന്ദിച്ചു് വരംതരണമെന്നപേക്ഷിച്ചു. ദധീചി അതുകേട്ടു് ഏതൊരു വരമാണ് നിങ്ങൾക്കു വേണ്ടതെന്നു ചോദിച്ചു. ഇന്ദ്രാദികൾ അതുകേട്ടു് വൃത്രാസുരനെ കൊല്ലുന്നതിനായി അവിടുത്തെ നട്ടെല്ലു് ഞങ്ങൾക്കു തരണമെന്നു പ്രാർത്ഥിച്ചു.

മഹർഷി അതുകേട്ടു് താൻ അനിത്യമായ ശരീരമല്ലെന്നും, നിത്യനായ ആത്മാവാണെന്നും ഈ നിത്യമല്ലാത്ത ശരീരത്തെ ഇനിയൊരിക്കൽ നിരുപയോഗമായി ഉപേക്ഷിക്കുന്നതിനേക്കാൾ ഇപ്പോൾ പരോപകാരപ്രദവും ലോകവിശ്രുതമായ കീർത്തിക്കു കാരണവും ആയിത്തീരുന്ന ഒരു ധർമ്മകൃത്യത്തി

നുവേണ്ടി ഉപേക്ഷിക്കുന്നതു വളരെ നല്ലതാണെന്നും നിശ്ചയിച്ച് ബ്രഹ്മദ്വാരം ഭേദിച്ച് ശിവസാരൂപ്യം കൈക്കൊണ്ട് വിമാനത്തിൽ കയറി പരലോകത്തേക്കു പോവുകയും സ്ഥൂലശരീരം ദേവകാര്യത്തിനായി ഉപേക്ഷിക്കുകയും ചെയ്തു.

ഇന്ദ്രാദികൾ ഉടൻതന്നെ ദധീചിമഹർഷിയുടെ ശരീരമദ്ധ്യസ്ഥിതമായ വീണാദണ്ഡം എന്ന അസ്ഥിയെടുത്തു വിശ്വകർമ്മാവിന്റെ കയ്യിൽ കൊടുത്തു വജ്രായുധം ഉണ്ടാക്കാൻ പറഞ്ഞു. വിശ്വകർമ്മാവും അതുകൊണ്ട് വളരെ ഫലപ്രദമായ ഒരു വജ്രം നിർമ്മിച്ചു ദേവേന്ദ്രനു കൊടുത്തു. ദേവേന്ദ്രൻ പുതിയ വജ്രായുധപാണിയായി ഐരാവതത്തിന്റെ പുറത്തു കയറിച്ചെന്ന് വൃത്രാസുരനെ പോരിനു വിളിച്ചു. മദോന്മത്തനായ വൃത്രാസുരൻ അതുകേട്ടു ചാടിപ്പുറപ്പെട്ടു ചെന്നപ്പോൾ ഇന്ദ്രന്റെ കയ്യിൽ പുതിയ വജ്രായുധം ഇരുന്നു ജ്വലിക്കുന്നതുകണ്ട് കാര്യം മനസ്സിലാക്കി യുദ്ധാങ്കണത്തിൽനിന്നും ഓടിപ്പോയി കടലിൽ ഒളിച്ചുകളഞ്ഞു. ഇന്ദ്രാദികൾ ഉടൻതന്നെ ബ്രഹ്മലോകത്തിൽ പോയി പിതാമഹനോടു കാര്യം പറഞ്ഞു. അദ്ദേഹം അതുകേട്ട് 'നിങ്ങൾ പോയി അഗസ്ത്യനോടു കാര്യം പറവിൻ. അദ്ദേഹം സമുദ്രജലം കുടിച്ചുവററിച്ചുതരും" എന്നുംപറഞ്ഞു ദേവന്മാരെ നമ്മുടെ അടുക്കലേക്കു പറഞ്ഞയച്ചു. അവർ വന്നു വൃത്രാസുരവധത്തിനായി സമുദ്രജലം കുടിച്ചുവററിച്ചുകൊടുക്കണമെന്നു എന്നോടപേക്ഷിച്ചു. ഞാൻ ഹാലാസ്യനാഥനായ സുന്ദരേശനെ ഭക്തിപൂർവ്വം സ്മരിച്ചുകൊണ്ടു കടലിൽ ഉള്ള വെള്ളം എല്ലാം കൂടി വലത്തെ ഉള്ളംകയ്യിൽ ആക്കി പാനം ചെയ്തു. ഉടനെ സമുദ്രമദ്ധ്യത്തിൽ ഉള്ള ഒരു വിസ്തൃതമായ പർവ്വതത്തിങ്കൽ പത്മാസനസ്ഥനായി, ഇന്ദ്രിയങ്ങളും അടക്കി കല്ലുപോലെ നിശ്ചലനായി പരബ്രഹ്മത്തിൽ മനസ്സും ലയിപ്പിച്ച് യോഗനിദ്രയിൽ ഇരിക്കുന്ന വൃത്രാസുരനെ ദേവേന്ദ്രൻ കണ്ടു അതിതീക്ഷ്ണശക്തിയോടു കൂടിയതായ തന്റെ പുതിയ വജ്രായുധം പ്രയോഗിച്ചു അവന്റെ തലയറുത്തുകൊന്നു. അപ്പോൾ തുടങ്ങി വൃത്രാസുരവധം കൊണ്ടുണ്ടായതും അതിഭയങ്കരവും ആയ ബ്രഹ്മഹത്യാപാപം ഛായാരൂപിണിയായി വന്നു മുസലായുധം കൊണ്ടു ദേവേന്ദ്രനെ താഡിക്കാൻ ആരംഭിച്ചു. ദേവേന്ദ്രൻ നോക്കുന്ന ദിക്കിലെല്ലാം ഛായാരൂപിണിയായ ബ്രഹ്മഹത്യയെ അല്ലാതെ കാണ്മാനില്ലാതെ ആയി. ദേവേന്ദ്രൻ തൽക്ഷണംതന്നെ അവിടെനിന്നും ഭയന്നോടി ഭൂലോകത്തിൽ പോയി താമരത്തണ്ടിന്റെ നാളത്തിനകത്തു പ്രവേശിച്ചു ഗുരുധ്യാനത്തോടുകൂടെ ഒരു താമരനൂലിൽ അനേകായിരംവർഷം ഒളിച്ചിരുന്നു. അക്കാലത്തായിരുന്നു ചന്ദ്രവംശജാതനായ നഹുഷൻ ദേവലോകം ഭരിച്ചതും ഗർവ്വിഷ്ഠനായ അവൻ എന്നെ അപമാനിച്ചതുമൂലം ഞാൻ അവനെ ശപിച്ചു സർപ്പമാക്കി ഭൂമിയിലേക്കു തള്ളിയയച്ചതും.

വളരെക്കാലമായിട്ടു താമരത്തണ്ടിനകത്തു ബ്രഹ്മഹത്യയെ ഭയന്നും ഗുരുഭ്രഷ്ടനായ ബൃഹസ്പതിയെ നിഷ്കളങ്കഭക്തിയോടുകൂടെ ധ്യാനിച്ചും, അന

ന്യാശരണനായി വസിക്കുന്ന ദേവേന്ദ്രന്റെ മുമ്പിൽ തന്റെ അദൃശ്യഭാവത്തെ മാററി ബൃഹസ്പതിഭഗവാൻ പ്രത്യക്ഷനായി. ഇന്ദ്രൻ അതിവേഗത്തിൽ താമരനൂലിനകത്തുനിന്നും വെളിയിൽവന്നു തന്റെ സകല അപരാധങ്ങളും ക്ഷമിച്ചുരക്ഷിക്കണമെന്നും അപേക്ഷിച്ച് ബൃഹസ്പതിയുടെ പാദങ്ങളിൽ സാഷ്ടാംഗപ്രണാമം ചെയ്തു. കരുണാനിധിയായ ആ ഗുരുഭൂതൻ ഉടനെ തന്റെ ശിഷ്യനെ പിടിച്ചെഴുന്നേല്പിച്ചിട്ട് ഇങ്ങനെ പറഞ്ഞു:—

അല്ലയൊ ദേവേന്ദ്ര! ബ്രഹ്മഹത്യാപാപത്തിൽനിന്നും ഞാൻ നിന്നെ രക്ഷിച്ചുകൊള്ളാം. നീ ഒട്ടും ഭയപ്പെടേണ്ട. പാപശാന്തിക്കു തക്കതായ ഒരു പ്രായശ്ചിത്തം ഞാൻ ജ്ഞാനദൃഷ്ടികൊണ്ടു കണ്ടുപിടിച്ചിട്ടുണ്ട്. അതു മററൊന്നും അല്ല; സർവജ്ഞനായ പരമശിവന്റെ ലിംഗാർച്ചനമാണ്. പാപരോഗശാന്തിക്കു ഇതുനല്ലതായ ഒരു ദിവ്യൗഷധം വേറൊന്നുംതന്നെയില്ല. ഭക്തവത്സലനായ ഭഗവാൻ തന്റെ സേവകന്മാരുടെ പാപശാന്തിക്കായിട്ടാണ് ഉത്തമക്ഷേത്രങ്ങളിൽ സാന്നിദ്ധ്യംചെയ്യുന്നത്. അതുകൊണ്ടു നീ കൈലാസം തുടങ്ങിയുള്ള എല്ലാപുണ്യക്ഷേത്രങ്ങളിലും പോയി ഭക്തിപൂർവ്വംതീർത്ഥങ്ങളിൽ എല്ലാം സ്നാനംചെയ്കയും ശിവലിംഗങ്ങളെ എല്ലാം അർച്ചിക്കയും ചെയ്ക. ഇങ്ങനെ ചെയ്താൽ എല്ലാശിവക്ഷേത്രങ്ങളിലും ശിവതീർത്ഥങ്ങളിലും ഉത്തമമായക്ഷേത്രവും തീർത്ഥവും ഉള്ള സ്ഥാനത്തിൽചെല്ലുമ്പോൾ നിന്റെ ബ്രഹ്മഹത്യാപാപത്തിനു ശാന്തിയുണ്ടാകും. യാതൊരു സംശയവും ഇല്ല. ഇപ്പോൾ മുതൽ തീർത്ഥാടനം ആരംഭിച്ചുകൊള്ളുകയെന്നുപറഞ്ഞു അദ്ദേഹം വീണ്ടുംദേവാചാര്യഭാവത്തെ അംഗീകരിച്ചു.

ദേവേന്ദ്രൻ ബൃഹസ്പതിയുടെ ഇപ്രകാരമുള്ള ഉപദേശങ്ങൾ കേട്ട് ബ്രഹ്മഹത്യയിലുള്ള ഭയംഉപേക്ഷിച്ചു ഗുരുഭൂതനോടുകൂടെ ദേവലോകത്തുപോയി ബാണതൂണീരകോദണ്ഡപാണിയായി തന്റെ ഉച്ചൈശ്രവസ്സിന്റെ പുറത്തു കയറി മററുള്ള ദേവന്മാരോടും ഗുരുഭൂതനോടുംകൂടി നായാട്ടിനെന്നുള്ള വ്യാജേന ഭൂലോകത്തേക്കു പുറപ്പെട്ട് ദുഷ്പ്രാപ്യങ്ങളായ പല ശൈലാരണ്യങ്ങളിലും പ്രവേശിച്ച് സിംഹം, കടുവാ, പുലി മുതലായ പല ദുഷ്ടമൃഗങ്ങളെയും വേട്ടയാടുകയും, കൈലാസാദികളായ പുണ്യക്ഷേത്രങ്ങൾ ദർശിക്കുകയും, ഗംഗതുടങ്ങിയ പുണ്യതീർത്ഥങ്ങളിൽ എല്ലാം സ്നാനംചെയ്കയും കണ്ടകണ്ട ശിവലിംഗങ്ങളെ എല്ലാം വിധിപ്രകാരം പൂജിക്കുകയും ചെയ്തുകൊണ്ടു ചുററിനടന്നു. അതുകൊണ്ടൊന്നും ബ്രഹ്മഹത്യാപാപം ദേവേന്ദ്രനെ വിട്ടുമാറിയില്ല. അഞ്ജനപർവ്വതംപോലെ ഘോരരൂപിണിയായ ബ്രഹ്മഹത്യാ മുസലവുമായിതിന്റെ പുറകിൽ നില്ക്കുന്നതായിത്തന്നെ ദേവേന്ദ്രനു എപ്പോഴും തോന്നിക്കൊണ്ടിരുന്നു. തന്മൂലം ഭയാകുലനായ ദേവേന്ദ്രൻ തിരിഞ്ഞുനോക്കിയും ഓടിയും സുന്ദരേശലിംഗത്തിന്റെ ദിവ്യസാന്നിദ്ധ്യംകൊണ്ടു അതിപാവനമായ കദംബവനത്തെ പ്രാപിച്ചു. അവിടെചെന്നപ്പോൾ ഇന്നവണ്ണമെന്നുപറയാൻ പാടില്ലാത്ത ഒരു ആനന്ദവും സന്തോഷവും സമാധാനവും ഇന്ദ്രനുണ്ടായി. അദ്ദേഹം വിസ്മയപൂർവ്വം മററുള്ള ദേവന്മാരെ നോക്കി ഇങ്ങനെപറഞ്ഞു:—

'അല്ലയൊ ദേവന്മാരേ! മൃഗയാവിനോദത്തിൽ അതിലാലസനായ ഇനിക്കു ഇവിടെ വന്നതിൽ വല്ലാതൊരു വിരക്തി തോന്നുന്നൊന്നു മാത്രമല്ലദുഷ്ട മൃഗങ്ങളിൽപ്പോലും കരുണയും തോന്നിത്തുടങ്ങിയിരിക്കുന്നു. ഇതെന്തൊരതിശയമാണു്. ഈ കദംബവനത്തിൽ ഏതൊവിശേഷമുണ്ടു്. അല്ലെങ്കിൽ ഇങ്ങനെ തോന്നാൻ വഴിയില്ല. എന്താണെന്നു അന്വേഷിക്കണമെന്നു പറഞ്ഞു നായാട്ടിൽ ഉള്ള ആഗ്രഹത്തെ ഉപേക്ഷിച്ചുംവച്ചു തിരിച്ചു സുന്ദരേശപുരക്ഷേത്രത്തിന്റെ സീമയ്ക്കകത്തുകടക്കാൻ ഭാവിച്ചപ്പോൾതന്നെ ക്ഷേത്രമാഹാത്മ്യംകൊണ്ടു ഭീതയായ ബ്രഹ്മഹത്യാ ദേവേന്ദ്രനെവിട്ടുമാറിവെളിയിൽ നിന്നു. അപ്രകാരം ബ്രഹ്മഹത്യാ ദേവേന്ദ്രനെ വിട്ടുമാറിനിന്നസ്ഥലത്തിനു ഇന്നുംവൃത്രഹത്യാസ്ഥിതമെന്നാണു് പേരു്. വൃത്രഹത്യാവിട്ടുമാറിയപ്പോൾ ദേവേന്ദ്രനു ഒരു വലിയ ചുമട്ടു തന്റെതലയിൽനിന്നും ഇറക്കിയതുപോലെയുള്ള ആശ്വാസം തോന്നിയെന്നു മാത്രമല്ല തിരിഞ്ഞുനോക്കിയപ്പോൾ സദാ തന്റെ പുറകെ മുസലവുമായി നടന്നുപദ്രവിച്ചുവന്ന, ബ്രഹ്മാണ്ഡകാളരാത്രിയെക്കാളും ഭയങ്കരിയായ ആ ബ്രഹ്മഹത്യയെ കാണാഞ്ഞു ഇതില്പരമില്ലാത്ത സന്തോഷത്തോടുകൂടെ സർവ്വജ്ഞനായ ബൃഹസ്പതിയേയും ദേവന്മാരേയും നോക്കി മുക്തനായി! മുക്തനായി! ഉഗ്രരൂപിണിയായ ബ്രഹ്മഹത്യയുടെ കയ്യിൽനിന്നും ഞാൻ മുക്തനായി! എന്നിങ്ങനെ അത്യുല്ക്കണ്ഠയോടുകൂടെ പിന്നെയുംപിന്നെയും പറഞ്ഞു.


ദേവന്മാരും ബൃഹസ്പതിയും അതുകേട്ടു് ആശ്ചര്യപൂർവ്വം ഇങ്ങനെ പറഞ്ഞു:—

ശരിതന്നെ, അങ്ങു മുമ്പേതന്നെ ഇതൊരു വിശേഷഭൂമിയാണെന്നു പറഞ്ഞല്ലൊ. വിശേഷജ്ഞനും ബുദ്ധിമാനും ആയ അവിടത്തെഅഭിപ്രായം തെററിയില്ല. ഇതൊരു പുണ്യഭൂമിയാണെന്നുള്ളതിനു യാതൊരു സംശയവും ഇല്ല. ഇതാ നോക്കുക. ജാത്യാ വിരോധികളായ പക്ഷിമൃഗാദികൾ എല്ലാം തമ്മിൽതമ്മിൽ എത്ര സൈ്വരമായി ക്രീഡിക്കുന്നു. ഇതാ! ഇവിടെ വിശക്കുന്നില്ലയൊ എന്നുചോദിച്ചു് പശുക്കിടാങ്ങൾക്കു പാലുകൊടുക്കുന്ന പെൺപുലികളെ അങ്ങു കാണുന്നുണ്ടോ? ഇതാ മറെറാരുസ്ഥലത്തു കടുവാകൾ മാൻകുട്ടികളെ പുററംചേർത്തു മേച്ചുകൊണ്ടുനടക്കുന്നതിനെ കാണുക. ചൂടുപിടിച്ചഭൂമിയിൽകൂടി ഇഴഞ്ഞുനടക്കുന്ന ഉരഗക്കിടാങ്ങൾക്കു വെയിലുതട്ടാതെ ഗരുഡന്മാർ ചിറകു വിടർത്തി കുടപിടിച്ചുകൊടുക്കുന്നതുതന്നെ അത്ഭുതമായകാഴ്ച. ഉറങ്ങിക്കിടക്കുന്ന ആനകളുടെ കടതടങ്ങളിൽ മദജലഗന്ധാസക്തരായ വണ്ടത്താന്മാർ ഝംകാരഘോഷത്തോടുകൂടി ചെല്ലുന്നതിനെക്കണ്ടു് ആനയ്ക്കു നിദ്രാഭംഗം വന്നെങ്കിലോയെന്നു വിചാരിച്ചു ജടകൾ വീശിഭ്രമരങ്ങളെ ഓടിക്കുന്ന സിംഹങ്ങളെ ഇവിടെയല്ലാതെ അങ്ങു് മററുവല്ലസ്ഥലത്തും കണ്ടിട്ടുണ്ടോ? ഇത്ര അതിവിശേഷമായ ഈ കദംബവനത്തിൽ എന്തെങ്കിലുമൊരു ദിവ്യത്വമുണ്ടെന്നുള്ളതിനു യാതൊരു സംശയവും ഇല്ല.

ദേവേന്ദ്രൻ അതുകേട്ടു്, എന്നാൽ നിങ്ങൾപോയി ഈ വനത്തിൽ ഉ

ള്ള ആ അതിപാവനമായ വസ്തു എന്താണെന്ന് അന്വേഷിച്ചു കൊണ്ടുവരണമെന്നുംപറഞ്ഞു അവരെഅയച്ചു.


ഇന്ദ്രന്റെ ആജ്ഞപ്രകാരം പുറപ്പെട്ട ദേവന്മാർ അവിടെയുള്ള പാവനവസ്തു എന്താണെന്നുള്ളതിനെ ആ കദംബവനത്തിന്റെ നാലുഭാഗത്തും നടന്നു അന്വേഷിക്കുമ്പോൾ പരിശുദ്ധമായ നിർമ്മലജലം നിറഞ്ഞ ഒരു ഗംഭീരതടാകം അവരുടെ ദൃഷ്ടിക്കു ഗോചരമായി. ഉടൻതന്നെ അവർ ആതടാകത്തിന്റെ തീരത്തിൽ പോയി മന്ദവായുവും ഏറ്റുവിശ്രമിച്ചുകൊണ്ടിരിക്കുമ്പോൾ ആ തടാകത്തിന്റെ വായുകോണിലുള്ള അത്യന്തം പാവനമായ ഒരു ദിക്കിൽ പൂത്തലങ്കരിച്ചു കാവുപോലെ കൂടിനില്ക്കുന്ന കടമ്പുമരങ്ങളിലും വില്വവൃക്ഷങ്ങളിലും ദേവദേവേശനായ പരമേശ്വരന്റെ ആജ്ഞപ്രകാരംവസിക്കുന്ന പഞ്ചവർണ്ണക്കിളികൾ "ശിവശംഭോ മഹാദേവ! പരമേശ്വരാ! ശങ്കര! ചന്ദ്രശേഖര! ഭൂതേശാ സാംബ! ശ്രീകണ്ഠ! ശാശ്വത! എന്നിങ്ങനെയുള്ള ഭഗവന്നാമങ്ങളെ കീർത്തനം ചെയ്യുന്നതുകേട്ടു. പഞ്ചവർണ്ണക്കിളികളുടെ നാമസംകീർത്തനങ്ങൾകേട്ട് ദേവന്മാർ തടാകത്തിന്റെ തീരത്തിൽ നിന്നുംഓടി എഴുനേറ്റു ആ കദംബവനത്തിൽ പ്രവേശിച്ചു നോക്കിയപ്പോൾഅതിന്റെ നടുവിലായിട്ട് തന്നത്താൻ ഉണ്ടായതും നയനാനന്ദകരമായതും അരുളൊഴുകുന്നതും ആയ ഒരു ശിവലിംഗം കണ്ടു് അവർ വളരെവളരെ അതിശയിച്ചു.



അനന്തരം അവർ ദേവേന്ദ്രന്റെ അടുക്കൽ ഓടിച്ചെന്നു വിവരം അറിയിച്ചു. ദേവേന്ദ്രൻ അതു കേട്ടമാത്രയിൽത്തന്നെ ഗുരുഭൂതനായ ബൃഹസ്പതിയോടുകൂടെ തടാകത്തിന്റെ തീരത്തിലേക്കു പുറപ്പെട്ടു. തടാകത്തിന്റെ തീരത്തിൽ എത്തിയ ഉടനെ ദേവേന്ദ്രൻ ബൃഹസ്പതിയെ നോക്കി, "ഇനി ഞാൻ എന്തൊന്നാണ് ചെയ്യേണ്ടതെ"ന്നു ചോദിച്ചു. ബൃഹസ്പതി ഇന്ദ്രനോടു, ഇനി നീ ഒട്ടും താമസിക്കാതെ ഈ തീർത്ഥത്തിൽ വിധിപ്രകാരംസ്നാനംചെയ്തു നിന്റെ പേരോടുകൂടിയതായ വിമാനം ഈ ശിവലിംഗത്തിനഷ്ഠിച്ചു് പൂജിക്കുകയെന്നു പറഞ്ഞു. ദേവേന്ദ്രൻ ഉടൻതന്നെ ഗുരുഭൂതനോടും ദേവന്മാരോടുംകൂടി തീർത്ഥത്തിൽ ഇറങ്ങി മന്ത്രോച്ചാരണപൂർവ്വം വിധിപ്രകാരം സ്നാനംചെയ്തു കരക്കയറി ഭസ്മരുദ്രാക്ഷാദികൾ ധരിച്ചു് നിത്യകൃത്യങ്ങൾ എല്ലാംനടത്തി തന്നത്താൻ ഉണ്ടായതും മംഗളകരവും ആയ സോമസുന്ദരേശലിംഗസന്ദർശനം ചെയ്തു. കത്തുന്നതീയിൽപതിച്ച പഞ്ഞിയെന്ന

ളുപോലെ വൃത്രഹത്യയും ഉടനടിനശിച്ചു. വൃത്രഹത്യാപാപനാശംകൊണ്ട് സന്തുഷ്ടനായ ദേവേന്ദ്രൻ വിശ്വകർമ്മാവിനോട് ലിംഗരക്ഷയ്ക്കായി അതിവേഗത്തിൽ ഒരു അത്ഭുതദിവ്യവിമാനം ഉണ്ടാക്കിക്കൊണ്ടുവരുന്നതിനും ദേവന്മാരോട് ശിവലിംഗപൂജയ്ക്കുവേണ്ട പുഷ്പങ്ങൾ കൊണ്ടുവരുന്നതിനും കല്പിച്ചിട്ട് തന്റെ കൈകൾകൊണ്ടുതന്നെ ലിംഗത്തിന്റെ ചുററുമുണ്ടായിരുന്ന പുല്ലുകളും ചെടികളുമെല്ലാം പറിച്ചുകളഞ്ഞു് ആ സ്ഥലം കണ്ണാടിപോലെ മിനുസമാക്കി. അനന്തരം ജാജ്വല്യമാനമായി പ്രകാശിക്കുന്ന ആ സ്വയംഭൂലിംഗത്തിന്ന അദ്ദേഹത്തിന്റെ കുടയെടുത്തുപിടിക്കാൻ തുടങ്ങിയപ്പോൾ രണ്ടാമത്തെ മഹാമേരുവോ എന്നു ആരും സംശയിച്ചുപോകുന്നതും സർവദേവന്മാരാലും അധിഷ്ഠിതമായതും അഷ്ടദിക്കുകളിലുംകൂടി എട്ടു ഗജങ്ങളാലും അതിന്നു മേൽമുപ്പത്തിരണ്ടുസിംഹങ്ങളാലും അറുപത്തിനാലു ദേവഗണങ്ങളാലും ധരിക്കപ്പെട്ടവരായും വിവിധരത്നങ്ങൾ ചേർത്തു വിചിത്രമായി നിർമ്മിക്കപ്പെട്ടതും ഉദിച്ചുവരുന്ന സൂര്യനേക്കാളും പ്രഭയോടുകൂടിയതും ഹേമകുംഭവിരാജിതമായതും വൃഷഭാങ്കിതമായ ധ്വജത്താൽ പരിശോഭിതമായതും കൊടിക്കൂറകളും കിങ്കിണിക്കൂട്ടങ്ങളും മുത്തുമാലകളും മററുംകൊണ്ട് മനോമോഹനമാംവണ്ണം വിതാനിക്കപ്പെട്ടതും ദിവ്യങ്ങളായ ഛത്രചാമരങ്ങളാൽ അലംകൃതമായതും ആയ ഒരു ഉത്തമവിമാനത്തെ വിശ്വകർമ്മാവ് കൊണ്ടുവന്നു. ദേവേന്ദ്രൻ ദിവ്യമായ ആ വിമാനംകണ്ട് അത്യന്തം അത്ഭുതപരവശനായി. അനന്തരം നല്ലതായ ഒരു മുഹൂർത്തത്തിൽ വിമാനം അവിടെ പ്രതിഷ്ഠിച്ചു. അതിന്റെശേഷം ദേവേന്ദ്രൻ വിശ്വകർമ്മാവിനോട് ക്ഷേത്രമുണ്ടാക്കാൻകല്പിച്ചു. വിശ്വകർമ്മാവ് അദ്ദേഹത്തിന്റെ തപശ്ശക്തികൊണ്ട്, അഞ്ചുമതില്ക്കെട്ടുകളോടും അനവധി മണ്ഡപങ്ങളോടും, ഗോപുരങ്ങളോടും കൂടിയതായ ഒരു മഹാക്ഷേത്രം ഉണ്ടാക്കി. ദേവിക്കും ദിവ്യമായ ഒരു പ്രാസാദം നിർമ്മിച്ചു. പരിവാരങ്ങൾക്കും വിവിധങ്ങളായ ആലയങ്ങളും അതിലെല്ലാം പ്രതിമകളും ഉണ്ടാക്കി. തീർത്ഥത്തിന്നു നാലുവശവും കല്പടകളുംകെട്ടി. ഇതെല്ലാം കാണുന്തോറും ദേവേന്ദ്രന് ഭക്തിയും ഉത്സാഹവും വർദ്ധിച്ചു. ഈ അവസരത്തിൽ പൂവിറുക്കാൻ പോയിരുന്ന ദേവന്മാർ വന്നു പൂവില്ലെന്നുപറഞ്ഞു. ദേവേന്ദ്രൻ അവരോട് എന്നാൽ നിങ്ങൾ ദേവലോകത്തുപോയി പുഷ്പങ്ങൾ, ഗന്ധദ്രവ്യങ്ങൾ, അക്ഷതങ്ങൾ, പൊന്നുകൊണ്ടുള്ള പൂജാപാത്രങ്ങൾ ദിവ്യാംബരങ്ങൾ, ആഭരണങ്ങൾ മുതലായി ശിവപൂജയ്ക്കു വേണ്ടുന്ന സകലസാധനങ്ങളും കൊണ്ടുവരുവിൻ എന്നും പറഞ്ഞു അനവധി ദേവന്മാരെ അയച്ചു. അനന്തരം ഇന്ദ്രൻ അവിടെയുള്ള അതിഗഹനങ്ങളായ വനങ്ങളിൽപോയും തന്റെ ആയിരം കണ്ണുകൊണ്ടും പുഷ്പങ്ങളെത്തേടിയതിലും കിട്ടാഞ്ഞു് ഇച്ഛാഭംഗത്തോടുകൂടെ തിരിച്ചു തീർത്ഥതീരത്തിൽ വരുമ്പോൾ കൈലാസവാസനും കരുണാനിധിയും ആയ പരമേശ്വരൻ, ദേവേന്ദ്രൻ ഒരു യഥാർത്ഥഭക്തൻ എന്നും അദ്ദേഹത്തിന്നു തന്നെ പൂജിക്കുന്നതിൽ വളരെ താല്പര്യമുണ്ടെന്നും മനസ്സിലാക്കി ആ തീർത്ഥക്കുളത്തിൽ അനവധി സ്വർണ്ണത്താമരകളെ നിർമ്മിച്ചു. ശിവതീർത്ഥം

സ്വൎണ്ണത്താമരകളെക്കൊണ്ടു് പരിപൂൎണ്ണമായിക്കണ്ടപ്പോൾ ദേവേന്ദ്രന് അതിരില്ലാത്ത സന്തോഷം ഉണ്ടാവുകയും ശിവതീൎത്ഥത്തിന് ഹേമപത്മിനിയെന്നു പേരിടുകയും ചെയ്തുംവച്ചു് തടാകത്തിൽ ഇറങ്ങി പരമേശ്വരനെപ്പൂജിക്കുന്നതിന് വേണ്ടതാമരപ്പൂക്കളേയും പറിച്ചുംകൊണ്ടു് സുന്ദരേശ്വരലിംഗസന്നിധാനത്തിൽ ചെന്നപ്പോൾ പൂജാദ്രവ്യങ്ങളെ കൊണ്ടുവരാനായി ദേവലോകത്തിൽപോയിരുന്ന ദേവന്മാരും പൂജയ്ക്കുവേണ്ടുന്ന സംഭാരങ്ങളുമായിവന്നു. അതിൻെറശേഷം ദേവേന്ദ്രൻ എല്ലാവിധികളും അറിയാവുന്ന വാചസ്പതിയെക്കൊണ്ടും ദേവന്മാരെക്കൊണ്ടും ദിവ്യന്മാരായ മുനികളെക്കൊണ്ടും ജ്ഞാനശക്തിമയമായ ശിവലിംഗത്തിൽ വിശ്വകൎമ്മാവുണ്ടാക്കിയ ക്രിയാശക്തിരൂപമായ പീഠത്തെ വിധിപ്രകാരം ചേൎപ്പിക്കുകയും ആ മഹാലിംഗത്തിൻെറ സന്നിധിയിങ്കൽതന്നെ ദേവിയുടേയും പരിവാരങ്ങളുടേയും ബിംബങ്ങളെ പ്രതിഷ്ഠിക്കുകയും ചെയ്തു. അനന്തരം മുനിപുംഗവന്മാർ ശ്രുതിപ്രോക്തങ്ങളായ രുദ്രസൂക്തങ്ങളെ ഭക്തിയോടുകൂടെ അത്യുച്ചത്തിൽ ചൊല്ലിസ്തുതിക്കുകയും ഗന്ധൎവ്വന്മാർ ഗാനംചെയ്യുകയും അപ്സരസ്ത്രീകൾ വാദ്യഘോഷത്തോടെ ആടുകയുംചെയ്തുവെ ദേവേന്ദ്രൻ, പഞ്ചഗവ്യം പഞ്ചാമൃതം ശുദ്ധജലം ഇവകൾകൊണ്ടു് മഹാലിംഗത്തെ അഭിഷേകം ചെയ്കയും ദിവ്യങ്ങളായ വസ്ത്രാഭരണങ്ങളും കുസുമങ്ങളും ചാൎത്തി സുവൎണ്ണപത്മങ്ങൾ, പാരിജാതപുഷ്പങ്ങൾ, ധൂപദീപങ്ങൾ, നൈവേദ്യസാധനങ്ങൾ താംബൂലംഇവകൾകൊണ്ടു് ഭക്തിയോടുകൂടെ പൂജിക്കുകയും അനവധിപ്രാവശ്യം പ്രദക്ഷിണനമസ്കാരംചെയ്യുകയും ചെയ്തുംവച്ചു് എഴുന്നേററുനോക്കിയപ്പോൾ ശിവലിംഗം വളരെ സൌന്ദൎയ്യമുള്ളതായിക്കാണുകയാൽ, ലിംഗത്തിൽ സാന്നിദ്ധ്യം ചെയ്യുന്ന ദേവൻെറ നാമധേയം സുന്ദരേശ്വരൻ എന്നാണെന്നു് അദ്ദേഹം പറഞ്ഞു. വീണ്ടുംനോക്കിയപ്പോൾ ബാലാദിത്യനെപ്പോലെയുള്ള പ്രകാശത്തോടും പേരിനൊത്തുല്യമായ ദിവ്യസൌന്ദൎയ്യത്തോടും മഴുവു്, മാൻ, വരദം, അഭയം ഇവകളെ ധരിച്ചിട്ടുള്ള പാണികളോടും ഗംഗാനദി, ചന്ദ്രക്കലഇവകളാൽ പരിശോഭിതമായകിരീടത്തോടും, മുത്തുമാല, കുണ്ഡലം, തോൾവള കടകം, മുതലായ ആഭരണങ്ങളോടും കൂടിയവനും ത്രിനേത്രധാരിയും സുസ്മിതവദനനും ദിവ്യാംബരധാരിയുംദിവ്യപുഷ്പഗന്ധാലംകൃതനും കരുണാവരുണാലയനും ആയ സോമസുന്ദരമൂൎത്തിയെ സൌന്ദൎയ്യശാലിനിയായ ഭഗവതിയോടുകൂടെ ആ മഹാലിംഗത്തിൽ കാണായിവന്നു. വാമാംഗസംസ്ഥയായ ഭഗവതിയുമൊന്നിച്ചു് സുന്ദരരൂപിയായിപ്രത്യക്ഷനായഭഗവാനെക്കണ്ടു് ആനന്ദപരവശനായ ദേവേന്ദ്രൻ ഭക്തിപൂൎവ്വം ഇങ്ങനെ സ്തുതിച്ചു.



ഏവംബ്രഹ്മാദിതീയംചപരിപൂർണ്ണം പരാല്പരം
ഇതിയോഗീയതേവേദൈ സ്തംവന്ദേ സോമസുന്ദരം. ൧

ജ്ഞാതൃജ്ഞാനജ്ഞേയരൂപം വിശ്വംവ്യാപ്യവ്യവസ്ഥിതം
സ്വയംസൎവ്വൈരദൃശ്യോയം തംവന്ദേ സോമസുന്ദരം ൨

അശ്വമേധാദിയജ്ഞൈശ്ച യസ്സമാരാദ്ധ്യതേദ്വിജൈഃ
ദദാതിചഫലംതേഷാം തംവന്ദേ സോമസുന്ദരം. ൩

യാവിദിത്വാബുധാസ്സൎവ്വേ കൎമ്മബന്ധവിവൎജ്ജിതഃ
ലഭന്തേ പരമാംമുക്തിം തംവന്ദേസോമസുന്ദരം. ൪

ദേവദേവംയമാരാദ്ധ്യ മൃകണ്ഡുതനയോമുനിഃ
നിത്യത്വമഗമൽസദ്യ സ്താവന്ദേസോമസുന്ദരം. ൫

നിജനേത്രാംബുജകൃത പൂജായാം പരിതോഷ്യയം
ശ്രീപതിർല്ലബ്ധതേചക്രം തംവന്ദേ സോമസുന്ദരം. ൬

യോസൃഷ്ട്വജഗൽസൎവ്വം രക്ഷിത്വാസംഹൃതംക്രമാൽ
സത്യംവിജ്ഞാനമാനന്ദം തംവന്ദേ സോമസുന്ദരം ൭

യസ്മൈവേദാശ്ചചത്വാരോ നമസ്യന്തിചപുഷ്കരാഃ
ഈശാനം സൎവ്വവിദ്യാനാം തംവന്ദേ സോമസുന്ദരം. ൮

യസ്മാല്പരഞ്ചാപരഞ്ച കിഞ്ചിദ്വസ്തുനവിദ്യതെ
ഈശ്വരം സൎവ്വഭൂതാനാം തംവന്ദേ സോമസുന്ദരം, ൯

യസ്യപ്രണാമമാത്രേണ സന്തി സർവാശ്ചസമ്പദഃ
സർവസിദ്ധിപ്രദംശംഭും തംവന്ദേ സോമസുന്ദരം. ൨൦
യസ്യദർശനമാത്രേണ ബ്രഹ്മഹത്യാദിപാതകം
അവശ്യം നശ്യതിക്ഷിപ്രം തംവന്ദേ സോമസുന്ദരം ൨൧
ഉത്തമാംഗം ച ചരണം വിധിനാ വിഷ്ണുനാപി ച
നദൃശ്യതേയസ്യയത്നാൽ തംവന്ദേ സോമസുന്ദരം. ൨൨

ത്വയാനിപാരണ്യനാഥ ത്വദന്യാൻ
സമാനാർഹർദൈവതാൻപാപിനാസ്തേ
തദാശംഭോ ത്വത്സമഃ ദൈവതംസ്യാ
ദ്ധ്രായോഗോവാജിനോ രാസഭസ്യ. ൨൩
അണോരണുസ്ത്വം മഹതോമഹാംസ്ത്വം
സർവാത്മഭാവം പരിപൂർണ്ണ ഏകഃ
ത്വയൈവശംഭോ! മഹിമാത്വദീയോ
വിജ്ഞായതേവക്തുമിമംക്ഷമഃ കഃ ൨൪

അതിന്റെശേഷം അദ്ദേഹത്തിന്റെ മുമ്പിൽ സാഷ്ടാംഗമായി വീണു നമസ്കരിച്ചു. അതുകണ്ടു് ഭക്തവത്സലനായഭഗവാൻ ദേവേന്ദ്രനെനോക്കി എഴുന്നേറ്റാലും! എഴുന്നേറ്റാലും! നിനക്കു വേണ്ട വരങ്ങളെ ഞാൻ തരാം എന്നു പറഞ്ഞു. ഭഗവാന്റെ കരുണാരസസമ്പൂർണ്ണമായ വാക്കുകൾ കേട്ടു് സന്തുഷ്ടനായ ദേവേന്ദ്രൻ അതിവേഗത്തിൽ ഓടി എഴുന്നേറ്റു കൈരണ്ടുംകൂട്ടി തൊഴുതുംകൊണ്ടു ഇപ്രകാരം അപേക്ഷിച്ചു.

അല്ലയോ ഭഗവാനെ! അങ്ങയുടെ ലിംഗദർശനംകൊണ്ടുതന്നെ എന്നെ പിടിച്ച വൃത്രഹത്യാപാപം നശിച്ചു. ഇനി ഇനിക്കുണ്ടാകേണ്ടതായി ഭക്തവത്സലനായ അവിടത്തെപ്പേരിൽ ശാശ്വതമായ ഭക്തി ഒന്നല്ലാതെ വേറൊന്നും ഇല്ല. ഭഗവാൻ അതുകേട്ടു് നീ എല്ലാക്കാലത്തും എന്റെ ഭക്തനായിത്തന്നെയിരിക്കും. അതിനു യാതൊരു സംശയവും ഇല്ല. നീ എന്റെ പ്രീതിക്കായിക്കൊണ്ടു പ്രതിഷ്ഠിച്ച ഈ ഇന്ദ്രവിമാനവും, ഈ ഉത്തമക്ഷേത്രവും ശരവഹ്നിയിൽ ത്രിപുരന്മാർ ദഹിച്ചപ്പോൾ പുരമദ്ധ്യസ്ഥിതന്മാരായ എന്റെ ഭക്തന്മാർ അതിൽ ദഹിക്കാതിരുന്നതുപോലെ പ്രളയകാലത്തിലും നശിക്കുന്നതല്ല. ഉപപാതകങ്ങളെ ചെയ്തവനായിരുന്നാലും മഹാപാതകങ്ങളെ ചെയ്തവനായിരുന്നാലും എന്റെ ക്ഷേത്രത്തിൽ വന്നാൽ അവന്റെ സകല പാപങ്ങളും നശിച്ചു പോകുന്നതാണു്. എന്റെ ലിംഗദർശനം ചെയ്യുന്നവനു സർവഭോഗസംപ്രാപ്തിയും മോക്ഷവും ഉണ്ടാകുമെന്നുള്ളപ്പോൾ എന്നെ പൂജിക്കുന്നവർക്കുണ്ടാകുന്ന ഗതിയെപ്പററി വിസ്തരിക്കണമെന്നില്ലല്ലോ.

ദേവേന്ദ്രൻ വീണ്ടും ഭഗവാനോടു്, അല്ലയോ പാർവതീനാഥ! ദർശനമാത്രത്താൽതന്നെ എന്റെ വൃത്രഹത്യാപാപം നശിപ്പിച്ച ഭഗവാന്റെ ഉത്ത

മമായ ഈ മൂലലിംഗത്തെ ദിവസംപ്രതിയും പൂജിച്ചാൽ കൊള്ളാമെന്നു ഞാൻ ആഗ്രഹിക്കുന്നു. നിന്തിരുവടി അതിന് അനുവാദം തരണമെന്നപേക്ഷിച്ചപ്പോൾ ഭഗവാൻ ഇങ്ങനെ മറുപടി പറഞ്ഞു: ......

അല്ലയോ വാസവ! ഋതുക്കളിൽ വസന്തഋതുവും, മാസങ്ങളിൽ മേടമാസവും, തിഥികളിൽ പൌർണ്ണമിയും, നക്ഷത്രങ്ങളിൽ ചിത്തിരയും വളരെ ഉത്തമമായതാണ്. ഇതുകൾ എല്ലാം ഒത്തുവന്ന ഇന്നേദിവസം നീ എന്നെ പൂജിച്ചതുകൊണ്ട്, ഞാൻ ഏററവും തൃപ്തനായിരിക്കുന്നു. അതുകൊണ്ട് മേലും ഇങ്ങനെവരുന്ന പുണ്യവാസരങ്ങളിൽ ദേവന്മാരോടുകൂടെ ഭഗവാൻ ഇവിടെവന്ന് ഹേമപത്മിനിയിൽ സ്നാനംചെയ്ത്, മഹാലിംഗസ്വരൂപിയായ എന്നെ സ്വർണ്ണപത്മങ്ങൾകൊണ്ട് പൂജിച്ച് ജപഹോമതർപ്പണങ്ങളും, ലിംഗദർശനവും, ദാനവും ചെയ്താൽ മതിയാവുന്നതാണ്. ഇവിടെവച്ച് യഥാശക്തി ചെയ്യുന്ന ദാനത്തിനു അന്യസ്ഥലങ്ങളിൽവച്ചു ചെയ്യുന്നതിൽനിന്നും ലക്ഷോപലക്ഷം മടങ്ങു് ഫലം അധികം കിട്ടുന്നതാണ്. അതുകൊണ്ട് എല്ലാവരും ഇവിടെ വന്ന്, യഥാശക്തി ദാനജപാദികളും സ്നാനവും ചെയ്യേണ്ടതു അത്യാവശ്യമാകുന്നു. അപ്രകാരം ചെയ്യുന്നവരുടെസർവ്വ പാപങ്ങളും ശമിക്കുമെന്നു മാത്രമല്ല അവൎക്കു ദിവ്യൈശ്വൎയ്യങ്ങൾ ലഭിയ്ക്കുകയും, പൂർവാധികം യശസ്സും, വീൎയ്യവും, പ്രാഭവവും, ഓജസ്സും, തേജസ്സും, സിദ്ധിക്കുകയും ശത്രുഭയം തീരുകയും ചെയ്യുന്നതാണ്. അല്ലയോ ദേവേന്ദ്ര! ഇനി നീ ദേവലോകത്തേയ്ക്കു സർവ്വദേവന്മാരോടുംകൂടെ മടങ്ങിപ്പോയി സർവ്വത്രവിജയിയായി മഹാഭോഗങ്ങളെ ഭുജിച്ച് സന്തോഷചിത്തനായി വസിച്ചുകൊള്ളുക. അവസാനത്തിൽ അതിദുർല്ലഭമായ എന്റെ സായൂജ്യപദവി നിനക്കു ലഭിക്കുന്നതാണ്. നീ എന്നെ സ്തുതിച്ചുചൊല്ലിയ സ്തോത്രങ്ങളെ പഠിക്കുന്നവർ ആരുതന്നെ ആയിരുന്നാലും അവൎക്കു ഞാൻ നാലു പുരുഷാൎത്ഥങ്ങളെയും തീൎച്ചയായുംകൊടുക്കും.

ഭഗവാനായ സുന്ദരേശ്വരൻ ദേവേന്ദ്രന് ഇപ്രകാരം വരവും കൊടുത്തുംവച്ച് തന്റെ മൂലലിംഗത്തിൽ തിരോധാനം ചെയ്തു. വരപ്രസാദവും പാപമോചനവുംകൊണ്ട്; തൃപ്തനായ ദേവേന്ദ്രൻ വീണ്ടും മൂലലിംഗത്തിന് പ്രദക്ഷിണം വയ്ക്കുകയും, ഭക്തിപൂർവം സ്തുതിച്ചു നമസ്കരിക്കുകയും ചെയ്തിട്ട് ഹാലാസ്യനാഥനായ സുന്ദരേശ്വരനെ ഹൃൽപുണ്ഡരീകമദ്ധ്യത്തിൽ ധ്യാനിച്ചിട്ട് നൂററിഎട്ടു് ഉരു പഞ്ചാക്ഷരമന്ത്രം ജപിച്ചു. അനന്തരം അല്ലയോ ഭഗവാനെ! ശങ്കര! ശംഭോ! ദേവദേവേശ! സോമസുന്ദര! ഞാൻ ചെയ്തിട്ടുള്ള സകലതെററുകളും ക്ഷമിച്ച് നിന്തിരുവടി അടിയനെ സദാനേരവും രക്ഷിച്ചുകൊള്ളണമേ! എന്നിങ്ങനെ അപേക്ഷിച്ചിട്ട് ഗുരുഭൂതനായ ബൃഹസ്പതിയേയും, വന്ദിച്ച് പൂജയെ അവസാനിപ്പിച്ച് ദേവന്മാരോടൊന്നിച്ച് ദേവലോകത്തേക്കു മടങ്ങിപ്പോയി. അന്നുമുതൽ ആണ്ടുതോറും മേടമാസത്തിലെ ചിത്തിരനാളിൽ ഇന്ദ്രൻവന്ന് ഹാലാസ്യത്തിലെ മൂലലിംഗത്തെ പൂജിക്കുന്ന പതിവുണ്ടു. മേല്പറഞ്ഞ പുണ്യദിവസത്തിൽ ഹാലാസ്യത്തിൽ പോയി സുന്ദ

ശേശ്വരനെ ദർശിക്കുകയും, പൂജിക്കുകയും ചെയ്യുന്നവൎക്ക് മുന്നൂററിഅറുപതുദിവസവും ഭഗവാനെ പൂജിച്ച ഫലം കിട്ടും. ഇത്രമാത്രം മഹത്വമേറിയതായ സുന്ദരേശ്വരലിംഗം കാണുന്നതിന് മഹാ പുണ്യശാലികൾക്കേ ഭാഗ്യമുണ്ടാവുകയുള്ളു. സമഷ്ടിവിദ്യാപുരാധിപനായ ഭഗവാൻ സുന്ദരേശ്വരൻെറ, ഇന്ദ്രപാപമോചനം ചെയ്ത ഒന്നാമത്തെ ലീല ഇപ്രകാരമാകുന്നു. പാവനമായ ഈ ലീലാകഥ പാരായണംചെയ്താൽ മഹാപാപങ്ങൾക്കും മഹാവ്യാധികൾക്കും ശമനമുണ്ടാവുകയും സമ്പത്തും, ഭക്തിയും, പുണ്യവും വൎദ്ധിക്കുകയും ചെയ്യും.

൩-ാം അദ്ധ്യായം ഒന്നാംലീല സമാപ്തം.

## ഹാലാസ്യമാഹാത്മ്യം.

### കേരളഭാഷാഗദ്യം

### ൬-ാം അദ്ധ്യായം

### ഐരാവതശാപമോചനം എന്ന, രണ്ടാമത്തെ ലീല.

ദേവേന്ദ്രൻെറ വൃത്രഹത്യാപാപം ശമിപ്പിച്ച ഒന്നാമത്തെ ലീല കേട്ട് സന്തുഷ്ടന്മാരായ വസിഷ്ഠാദി മഹർഷിമാർ വീണ്ടും കുംഭസംഭവനോട് അല്ലയോ ഭഗവാനേ! നിന്തിരുവടി അരുളിച്ചെയ്ത പരമശിവൻെറ ഒന്നാമത്തെ ലീലയെക്കേട്ട് ഞങ്ങൾ അത്യന്തം ധന്യന്മാരായി. ഇനി അടുത്ത ലീല ഏതാണോ? അതുകൂടി ഞങ്ങളെ കേൾപ്പിക്കണമെന്ന് അപേക്ഷിച്ചതനുസരിച്ച് അഗസ്ത്യൻ പറഞ്ഞു തുടങ്ങി:—

പണ്ടൊരിക്കൽ ദേവേന്ദ്രൻ ജംഭാസുരനിഗ്രഹവും ചെയ്തു മഹാവിജയസമ്പന്നനായി വെള്ളിമലയ്ക്കുതുല്യമായ ഐരാവതത്തിൻെറ പുറത്തുകയറി അമരാവതിയിൽ ചെന്നപ്പോൾ മുപ്പത്തിമുക്കോടി ദേവന്മാരും, സിദ്ധചാരണഗന്ധർവകിന്നരന്മാരും ദേവമുനികളും, മററും ജംഭാസുരനിഗ്രഹംകൊണ്ട് പരമാഹ്ലാദചിത്തന്മാരായി വന്ന് ജയജയഘോഷം പുറപ്പെടുവിച്ചുംകൊണ്ട് വിലതീരാത്ത അനേകം ദിവ്യവസ്തുക്കളെ കാഴ്ചവച്ചു. വിജയഗൎവ്വമത്തനായ ദേവേന്ദ്രൻ അനാദരതുന്ദിലനായി കാഴ്ചദ്രവ്യങ്ങളെ സ്വീകരിക്കുന്ന ആ അവസരത്തിൽ; കാശിയിൽപ്പോയി സർവ്വതീർത്ഥങ്ങളിലും സ്നാ

നംചെയ്തു സർവ ലിംഗങ്ങളേയും പൂജിച്ചു, കാമേശ്വരലിംഗത്തെ പ്രതിഷ്ഠിച്ചു പ്രദക്ഷിണനമസ്കാരസ്തോത്രങ്ങൾകൊണ്ടു ശങ്കരനെ പൂജിച്ചപ്പോൾ ആ കാമേശ്വരലിംഗത്തിന്റെ ശിരസ്സിൽനിന്നും വീണ ഒരു മഹോല്പലത്തെ ഭക്തിപൂർവം എടുത്തു സംഗ്രഹിച്ചു കൊണ്ടുവന്നിരിക്കുന്ന ദുർവ്വാസാവുമഹർഷി തന്റെ കയ്യിൽ ഇരുന്നിരുന്ന ദിവ്യപുഷ്പത്തെ ദേവേന്ദ്രനു കൊടുത്തതിൽ ആദരവോടും ഭക്തിയോടുംകൂടെ വാങ്ങി ശിരസ്സിൽ ധരിക്കാതെ വിജയശ്രീയാൽ മോഹിതനായ അദ്ദേഹം ഒരു കയ്യുകൊണ്ടു വാങ്ങി ആനയുടെ മസ്തകത്തിൽ വയ്ക്കുകയും ആന തലയാട്ടിയപ്പോൾ പുഷ്പം നിലത്തു വീഴുകയും അതിനെ മദാന്ധനായ ഗജശ്രേഷ്ഠൻ ചവുട്ടി മർദ്ദിക്കുകയും ചെയ്തു. ദുർവ്വാസാവു അതുകണ്ടു കോപവേപഥുഗാത്രനായി ഗജേന്ദ്രനേയും മഹേന്ദ്രനേയും ഇങ്ങിനെ ശപിച്ചു.

എടോ ദേവേന്ദ്ര! നീ ദാനവജയംകൊണ്ടു മദോന്മത്തനായിപ്പോയി അല്ലേ? നീ മററുള്ള മഹർഷിമാരെപ്പോലെ എന്നെ വിചാരിക്കേണ്ട എന്നോടുകാണിച്ച നിന്ദയുടെ ഫലം നിനക്കു താമസിയാതെ അനുഭവമാക്കിത്തരാം. പരമശിവന്റെ തിരുമുടിയിൽനിന്നും എനിക്കു ലഭിച്ച ദിവ്യപുഷ്പം നിനക്കു തന്നതിൽ ആദരിച്ചു സ്വീകരിച്ചില്ലെന്നു മാത്രമല്ല നിന്റെ മത്തഗജത്തിനെക്കൊണ്ടു നിലത്തിട്ടു ചവിട്ടിച്ചു നശിപ്പിക്കുകയും ചെയ്തു. അതുകൊണ്ടു നിന്നെയും നിന്റെ നാൽക്കൊമ്പനേയും ഞാൻ വിടാൻ നിശ്ചയിച്ചിട്ടില്ല. മററുള്ള മഹർഷിമാർ നല്കിയ സംഭാവനകളെ അംഗീകരിക്കുകയും, ഞാൻ നല്കിയ ദിവ്യകുസുമത്തെ തിരസ്കരിക്കുകയും ചെയ്ത നിന്റെ തലയെ പാണ്ഡ്യഭൂപൻ അടിച്ചുടയ്ക്കുകയും പരമശിവന്റെ ശിരോലങ്കാരമായിരുന്ന ആ മഹോല്പലത്തെ നിലത്തിട്ടു ചവിട്ടിയ നിന്റെ മദയാന കാട്ടാനയായി ഭൂമിയിൽ സഞ്ചരിക്കുകയും ചെയ്യട്ടെ.

കോപിഷ്ഠനായ ദുർവ്വാസാവു ഇപ്രകാരം ശപിച്ചയുടനെ മററുള്ള ദേവന്മാർ ചെന്നു അദ്ദേഹത്തെ വണങ്ങിസ്തുതിച്ചു അദ്ദേഹത്തിന്റെ കോപം ശമിപ്പിച്ചിട്ടു "അല്ലയോ ഭഗവാനേ! താപസശ്രേഷ്ഠ! തണുത്ത വെള്ളം അഗ്നിസംയോഗംകൊണ്ടു ചൂടുള്ളതായി തീരുന്നതുപോലെ സാധുവും ഭക്തനുമായ ദേവേന്ദ്രൻ തല്ക്കാലമുണ്ടായ വിജയസമ്പത്തുകൊണ്ടു മദോന്മത്തനായിപ്പോയതാണ്. ഭക്തവത്സലനായ ഭഗവാൻ അതു ക്ഷമിച്ചു ശാപാനുഗ്രഹം നല്കണം എന്നപേക്ഷിച്ചു.

ഉടനെ ദുർവാസാവു, തനിയ്ക്കുണ്ടായ കോപത്തെ ഒതുക്കി ഇങ്ങനെ പറഞ്ഞു:—

അല്ലയോ ദേവന്മാരെ! നിങ്ങൾ എന്റെ ശാപത്തിനുമാത്രം പ്രതിവിധി ചിന്തിച്ചാൽപോരാ. ഇവക്കു ശിവദ്രോഹപാപം സംഭവിച്ചുപോയി. അതിനുംകൂടി പ്രതിവിധി ചിന്തിക്കേണ്ടിയിരിക്കുന്നു. ഞാൻ ഇന്ദ്രനു നല്കിയ പുഷ്പം, കാശിയിൽപോയി കാമേശ്വരലിംഗത്തെ ഭക്തിയോടുകൂടെ പൂജിച്ചപ്പോൾ പരമശിവപ്രസാദമായി എനിയ്ക്കു ലഭിച്ചതാണ്. അതിനെ ഇന്ദ്ര

ൻ ആദരവോടുകൂടെവാങ്ങി ശിരസ്സിൽധരിച്ചില്ലെന്നുമാത്രമല്ല, ഉദാസീനനായി അവൻ ആനയെക്കൊണ്ടു ചവിട്ടിയ്ക്കുകയും ചെയ്തു. ഇതിൽപരം ശിവദ്രോഹം മറെറാന്നും ഇല്ലാ. ആ പാപം ഇവർ രണ്ടുപേരും അനുഭവിക്കുകതന്നെ വേണം. ശിവപ്രസാദത്തെ ആദരിക്കാതെ ഇരിയ്ക്കുകയും ലംഘിക്കുകയും ചെയ്യുന്നതു് ശിവദ്രോഹമാണെന്നാണു് ശിവശാസ്ത്രവിശാരദന്മാർ പറയപ്പെട്ടിട്ടുള്ളതു്. ഈ മഹാപാപത്തിനു പ്രായശ്ചിത്തം കാണുന്നില്ലെങ്കിലും യഥാർത്ഥഭക്തനായ ഇനിക്കു അദ്ദേഹംതന്നെ രഹസ്യമായ ഒരു വഴിപറഞ്ഞുതന്നിട്ടുണ്ടു്. ശ്രുതിവാക്യരത്നമായ അതിനെ ഇവരുടെ പാപശാന്തിയ്ക്കുവേണ്ടി ഞാൻ നിങ്ങളോടുപറയാം. മറെറാന്നുമല്ല; ഭൂലോകശിവലോകമെന്നു പറയുന്നതായി ഭൂമിയിൽ ഹാലാസ്യമെന്നു പേരോടുകൂടെ ഒരു ശിവക്ഷേത്രം ഉണ്ടു്. അതു മഹാപാപങ്ങൾക്കും ശാപങ്ങൾക്കുംശാന്തിയെ ഉണ്ടാക്കുന്നതും അത്യന്തം അത്ഭുതമായതും ആണു്. അവിടെ ഹേമപത്മാകരം എന്ന നാമധേയത്തിൽ ഒരു ദിവ്യതീർത്ഥവും ത്രൈലോക്യവിശ്രുതവും സോമസുന്ദരാഖ്യവും ആയ ഒരുമഹാ ലിംഗവും ഉണ്ടു്. ആ ഹേമപത്മിനീതീർത്ഥത്തിൽ സ്നാനം ചെയ്തു സോമസുന്ദരനെശ്ശേവിച്ചു പൂജിയ്ക്കുന്നവരുടെ സർവപാപങ്ങളും അഗ്നിയിൽ പഞ്ഞി എന്നതുപോലെ നശിച്ചുപോകുമെന്നുമാത്രമല്ല അവൎക്കു സർവകാമലബ്ധിയും മോക്ഷപ്രാപ്തിയും ഉണ്ടാകുന്നതും ആണു്. അതുകൊണ്ടു്. ദേവേന്ദ്രനും, ഐരാവതവുംകൂടി ഹാലാസ്യത്തിൽപോയി സോമസുന്ദരനെ പൂജിച്ചുശാപമോചനവും ശിവദ്രോഹപാപശാന്തിയും വരുത്തിക്കൊള്ളട്ടെ. അങ്ങിനെചെയ്താൽ ഹാലാസ്യനാഥന്റെ കൃപാതിരേകംകൊണ്ടുപാണ്ഡ്യഭൂപൻ ദേവേന്ദ്രന്റെ കിരീടംമാത്രം ഉടയ്ക്കുകയും, ഐരാവതം നൂറുവർഷം കാട്ടാനയായി ഭൂമിയിൽ ചുററി അലഞ്ഞുനടന്നതിൽപിന്നെ പഴയപ്രകാരം അഷ്ടദിഗ്ഗജങ്ങളിൽ പ്രധാനിയായ നാല്കൊമ്പനാനയായി തീരുകയും ചെയ്യും.

ദുർവാസാവു് ഇപ്രകാരം ശാപമോക്ഷവും പാപനാശത്തിനുള്ളവഴിയും അരുളിച്ചെയ്തതിന്റെശേഷം ശിവപ്രസാദംകൊണ്ടു തനിയ്ക്കുകിട്ടിയ മഹോല്പലകുസുമം എടുത്തു ശിരസ്സിൽധരിച്ചുംകൊണ്ടു് അവിടെനിന്നും സ്വച്ഛന്ദസഞ്ചാരിയായി തിരിച്ചു.

ഐരാവതമാകട്ടെ ഉടൻതന്നെ ദുർവാസാവിന്റെ ശാപശക്തികൊണ്ടു് നീലമലയ്ക്കു തുല്യമായ ഒരു കാട്ടാനയായി. നാലുകൊമ്പുകളിൽ രണ്ടുകൊമ്പും മറഞ്ഞു. അനന്തരം അതു് ദേവലോകത്തിൽനിന്നും പുറപ്പെട്ടു് ഭൂലോകത്തിലുള്ള അതിഗഹനങ്ങളായ കാന്താരങ്ങളിൽ പ്രവേശിച്ചു മററുകാട്ടാനകളോടുകൂടിച്ചേർന്നു കാററും മഴയും വെയിലും ഒന്നുപോലെ ഏററും, ആഹാരത്തിനു യാതൊന്നും ലഭിക്കാതെയും മഹർഷിയുടെ ശാപശക്തികൊണ്ടു് അതിഭയങ്കരങ്ങളായ പലപല കഷ്ടപ്പാടുകളേയും അനുഭവിച്ചു് നൂറുവർഷം കഴിച്ചുകൂട്ടിയതിൽപിന്നെ, ദൈവഗത്യാ ഹാലാസ്യത്തിൽ ചെന്നുപററി. ക്ഷേത്രമഹത്വംകൊണ്ടു് ദുർവാസാവുപറഞ്ഞ ശാപമോചനമാർഗ്ഗം അപ്പോൾ അതിനു ഓൎമ്മവരികയാൽ അതു് മഹാഭക്തിയോടുകൂടെ ഹേമപത്മിനീതീർത്ഥ

ത്തിൽ ഇറങ്ങി സ്നാനം ചെയ്തു. ഉടൻതന്നെ ശാപംതീൎന്ന ശരീരം വെളുക്കുകയും കൊമ്പുനാലും പഴയപ്രകാരത്തിൽ ഉണ്ടാവുകയും ചെയ്തു. ഹാ! ഹാ! എന്തൊരു മാതിരി അത്ഭുതം; തീൎത്ഥത്തിന്റെ മഹത്വം നോക്കുവിൻ! അനന്തരം ആ ഗജശ്രേഷ്ഠൻ ക്ഷേത്രത്തിൽപ്രവേശിച്ചു് തന്റെ വൎഗ്ഗത്തിൽപ്പെട്ടഅഷ്ടദിഗ്ഗജങ്ങൾ വഹിക്കുന്ന വിമാനത്തിനകത്തുപ്രകാശിക്കുന്നതായ സോമസുന്ദരലിംഗത്തെ, ഹേമപത്മിനിയിൽ നിന്നും തുമ്പിക്കൈയ്യിൽ കോരിക്കൊണ്ടുചെന്നിരുന്നതീൎത്ഥംകൊണ്ടഭിഷേകംകഴിച്ചു് മററുള്ള ഉപചാരങ്ങൾ എല്ലാം ചിത്തംകൊണ്ടു സമൎപ്പിച്ചു പൂജിയ്ക്കുകയും സ്തുതിയ്ക്കുകയും നമസ്കരിക്കുകയും മററും ചെയ്തതിന്റെശേഷം എഴുനേററുനിന്നുകൊണ്ടു് അല്ലയോ ഭഗവാനേ! എന്റെ വംശജാതന്മാരും ഭാഗ്യശാലികളുമായ ഈ എട്ടു ഗജേന്ദ്രന്മാരുംകൂടെ അവിടത്തെ വിമാനം ചുമന്നു സുഖിച്ചുവസിക്കുന്നതുപോലെ ഇനിയ്ക്കുംകൂടി അങ്ങയുടെ വിമാനം ചുമന്നാൽകൊള്ളാമെന്നാഗ്രഹമുണ്ടു്. നിന്തിരുവടി ദയവുചെയ്തു് അനുവദിയ്ക്കണമെന്നു പ്രാൎത്ഥിച്ചപ്പോൾ കരുണാശാലിയും ഭക്തവത്സലനുമായ ഹാലാസ്യനാഥൻ പ്രത്യക്ഷനായിട്ടു്, നീ എന്റെ വിമാനം ചുമക്കേണമെന്നില്ലാ എന്റെ എല്ലാഭക്തന്മാരിലുംവെച്ചു് ദേവേന്ദ്രൻ ഒന്നാമനാണു; നീയും അങ്ങനെതന്നെ. അതുകൊണ്ടു നീ പഴയപോലെ ദേവേന്ദ്രനെ ഗളത്തിൽവഹിച്ചുകൊണ്ടു നടന്നാൽ മതി. അങ്ങനെ ചെയ്യുന്നതു് എനിയ്ക്കും വലിയ സന്തോഷംതന്നെ എന്നു പറഞ്ഞു.

അതിനെക്കേട്ടു സന്തോഷഭരിതനായ ഐരാവതം വീണ്ടും ഭഗവാനേ നോക്കി, അല്ലയോ ഹാലാസ്യനാഥ! ഞാൻ അവിടത്തെ കല്പനപോലെ ചെയ്യാം. അവിടത്തെ കൃപാലേശംകൊണ്ടാണു ദുൎവ്വാസാവിന്റെ ശാപത്തിൽ നിന്നും ഞാൻ മുക്തനായതു്. അവിടത്തെ വിമാനവാഹികളായ ഗജേന്ദ്രന്മാരിൽ തിരുമേനിക്കു എത്രമാത്രം കാരുണ്യം ഉണ്ടോ അത്രയും കാരുണ്യം എല്ലാക്കാലത്തും എന്നിലും അവിടുത്തേക്കു തോന്നണം എന്നപേക്ഷിച്ചു

ഭഗവാൻ, അങ്ങനെതന്നെ. നിന്റെ ആഗ്രഹംപോലെ എല്ലാം സംഭവിക്കും. ഇനിപ്പൊയ്ക്കൊൾക, എന്നിങ്ങനെ പറഞ്ഞിട്ടു് സ്വലിംഗത്തിൽ അന്തൎദ്ധാനം ചെയ്തു.

എന്നിട്ടും പാപപ്രശമനകരവും, സൎവ്വതാപഹരവും, അത്യന്തം ശ്രേഷ്ഠവും, വളരെ പുരാതനവും, ഭൂലോകശിവലോകവും ആയ ആ ശിവക്ഷേത്രത്തെ ഉപേക്ഷിച്ചുപോകാൻ ഐരാവതത്തിനു മനസ്സില്ലാഞ്ഞതിനാൽ അതു് മൂലലിംഗത്തിന്റെ പശ്ചിമഭാഗത്തിൽ കാലുകൊണ്ടു കുഴിച്ചൊരുതീൎത്ഥമുണ്ടാക്കി അതിന്റെ കരയിൽ ഗണേശബിംബവും ശിവലിംഗവും പ്രതിഷ്ഠിച്ചു ഭക്തിയോടുകൂടെ ദിവസംപ്രതിയും പൂജയും നടത്തി ആനന്ദസാഗരനിമഗ്നനായി കുറേനാൾ അവിടെ വസിക്കുമ്പോൾ ഹാലാസ്യനാഥന്റെ കൃപാതിരേകംകൊണ്ടു് തന്റെ വാഹനമായ ഗജേന്ദ്രനു് ശാപദോഷം തീൎന്ന വിവരം ദേവേന്ദ്രൻ അറിഞ്ഞു് ഐരാവതത്തെ കൂട്ടിക്കൊണ്ടുചെല്ലുന്നതി

നായി ദൂതന്മാരെ അയച്ചു. അവർ വിവരം ഗജേന്ദ്രനെ ധരിപ്പിച്ചു. സ്വസ്വാമിയുടെ ആജ്ഞയിങ്കൽഉള്ള ഭയംകൊണ്ടു് ഉടൻതന്നെ ഐരാവതം മധുരാപുരിയിൽനിന്നും ഹാലാസ്യക്ഷേത്രത്തിനു കിഴക്കുവശത്തുള്ള ഒരു സ്ഥലത്തുപോയി ഒരു പ്രസ്ഥാനം ഉണ്ടാക്കി അതിൽ സ്വസ്വാമിനാമകമായി ഇന്ദ്രേശ്വരാഖ്യം എന്നു പേരുള്ള ഒരു ലിംഗം പ്രതിഷ്ഠിച്ചു പൂജിച്ചുകൊണ്ടു ആ നീപവനത്തിൽതന്നെ പിന്നെയുംകുറേനാൾ വസിച്ചു. വീണ്ടും ഇന്ദ്രന്റെ ആജ്ഞപ്രകാരം ഐരാവതത്തെ കൊണ്ടുപോകുന്നതിനായി ദേവദൂതന്മാർവരികയാൽ തന്റെ സ്വാമിയുടെ ആജ്ഞയെ ലംഘിക്കാതെ അവരോടൊന്നിച്ചു അതു ദേവലോകത്തിൽപോയി ദേവേന്ദ്രനെക്കണ്ടുവന്ദിച്ചു പഴയപോലെ അദ്ദേഹത്തിന്റെ വാഹനമായി ഭവിച്ചു. ഹാലാസ്യത്തിൽ ആന കാലുകൊണ്ടു കുഴിച്ച തീർത്ഥത്തിന്റെ പേരു് ഗജപുഷ്കരണിയെന്നും, അതു പ്രതിഷ്ഠിച്ച ഗണപതിയുടെ നാമധേയം ഐരാവതഗണാധിപനെന്നും ആന പ്രസ്ഥാനംചെയ്ത വീഥിയുടെപേരു് ഗജധാവനവീഥിയെന്നും അതു നിവസിച്ച സ്ഥലത്തിന്റെപേരു് ഇപ്പൊഴും ഐരാവതപുരമെന്നുംആണു്. ഗജപുഷ്കരണിയിൽ സ്നാനംചെയ്തു് ഐരാവതഗണപതിയെ പൂജിച്ചാൽ സർവപാപങ്ങളും വലിയവലിയശാപങ്ങളും ഉടനെ ഭസ്മമാകും. ഐരാവതപുരത്തിൽ പ്രതിഷ്ഠിച്ചിട്ടുള്ള ഇന്ദ്രേശ്വരനെ പൂജിച്ചാൽ അനവധികാലം ഇന്ദ്രസൌഖ്യവും അനുഭവിച്ചു സ്വർല്ലോകത്തിൽ വസിക്കാം.

അല്ലയോ താപസന്മാരേ! ഇപ്രകാരമാണു് വെള്ളാനയുടെ ശാപമോചനംചെയ്തഭഗവാനായ ഹാലാസ്യനാഥന്റെ രണ്ടാമത്തെ ലീല. ഇതിനെ പരമശിവഭക്തിയോടുകൂടെ പാരായണം ചെയ്താൽ അദ്ദേഹത്തിന്റെ കൃപാതിരേകം ഹേതുവായിട്ടു് മഹാരോഗങ്ങളും ശാപഭയങ്ങളും പാപങ്ങളും ഒന്നുപോലെ നാശമാകുമെന്നു മാത്രമല്ല ഇഹത്തിൽ സർവഭോഗാനുഭൂതിയും പരത്തിൽ ശിവസായൂജ്യവും കിട്ടുകയും ചെയ്യും.

ഏഴാം അദ്ധ്യായം

ഐരാവതശാപമോചനം എന്ന രണ്ടാംലീല

സമാപ്തം.

# ഹാലാസ്യമാഹാത്മ്യം

## കേരളഭാഷാഗദ്യം.

### എട്ടാം അദ്ധ്യായം

### കദംബവനത്തിൽ മധുരാപുരം ഉണ്ടാക്കിയ

### മൂന്നാമത്തെ ലീല.

അല്ലയോ മുനിപുംഗവന്മാരേ! സുന്ദരേശൻ കദംബകാനനത്തെ മധുരാപുരിയാക്കിത്തീർത്ത അദ്ദേഹത്തിന്റെ മൂന്നാമത്തെ ലീലയെ കേട്ടുകൊള്ളുവിൻ! എന്നിങ്ങനെ പറഞ്ഞിട്ടു് അഗസ്ത്യൻ വീണ്ടും കഥയാരംഭിച്ചു:—

പണ്ടു് ദേവേന്ദ്രൻ കദംബവനത്തിൽ വന്നു് വിമാനം ഉണ്ടാക്കി സ്ഥാപിച്ചു് മൂലലിംഗത്തെ പൂജിച്ചു് വൃത്രഹത്യാദോഷവും നീക്കിപ്പോയകാലംമുതൽ ദിവസംതോറും രാത്രിയിൽ ദേവന്മാർവന്നു് സുന്ദരേശനെ സേവിക്കുന്ന പതിവുണ്ടെങ്കിലും വിശേഷിച്ചും സോമവാരംതോറും എല്ലാദേവന്മാരും കൂടി വന്നു് നൃത്തഗീതവാദ്യഭേദങ്ങളോടുകൂടി ഭഗവാനെ പൂജിച്ചു് യാമംപ്രതി അത്യുൽകൃഷ്ടമായ ഉത്സവംകൂടി നടത്തിവന്നു. ഇങ്ങനെ കാലം കുറെ കഴിഞ്ഞപ്പോൾ കടമ്പുവൃക്ഷങ്ങൾകൊണ്ടും, കൂവളവൃക്ഷങ്ങൾകൊണ്ടും ആകാശോപരി കിളൎന്നതായ മററു പലവൃക്ഷങ്ങളെക്കൊണ്ടും നിബിഡമായ ആ കദംബവനം മഹാഗഹനമായിത്തീരുകയും മനുഷ്യസഞ്ചാരം തീരെ നിന്നുപോകുകയും ചെയ്തു. അപ്പോൾ കൃപാശാലിനിയും കപാലിനിയും ആയ ഭഗവതി; കാലകാലനും ബാലചന്ദ്രാവതംസനും നീലകണ്ഠനും ആയ ജീവന്മുക്തിപുരാധിപനോടു് കദംബവനത്തെ ഒരു നഗരമാക്കണമെന്നപേക്ഷിക്കുകയും ഭഗവാൻ അങ്ങനെ ചെയ്യാമെന്നു സമ്മതിക്കുകയും ചെയ്തകാലത്തിൽ ഒരിക്കൽ കദംബവനത്തിനു സമീപത്തിൽ ഉള്ള കല്യാണപുരത്തിലെ സ്വദേശിയും ശിവപൂജാപരായണനും വലിയ ധനികനും വളരെ ഒതുക്കവും വണക്കവും ഉള്ളവനും ശിവഭക്തന്മാൎക്കു വളരെവളരെ ദാനധൎമ്മങ്ങൾചെയ്ത പതിവായിട്ടുള്ളവനും എല്ലാ വ്രതങ്ങളിലുംവച്ചു് സോമവാരവ്രതത്തിൽ വളരെ നിഷ്ഠയുള്ളതുകൊണ്ടു് സോമവാരംപ്രതി പതിവായി ഊണും ഉറക്കവും ഉപേക്ഷിച്ചു് യാമങ്ങൾതോറും ശിവപൂജയുംചെയ്തു് ശിവരാത്രി എന്നപോലെ ശിവനെ സേവചെയ്യുന്നവനും 'ധനഞ്ജയൻ' എന്നു പേരോടുകൂടിയവനും ആയ ഒരുവൈശ്യൻ കച്ചവടംചെയ്തു ധനംസമ്പാദിക്കാനായി

കല്യാണപുരത്തിൽനിന്നും പശ്ചിമദിക്കിൽപോയി പലസ്ഥലത്തും ചുററിസ്സഞ്ചരിച്ച് ഒട്ടുവളരെ ധനമുണ്ടാക്കി ഭാണ്ഡംകെട്ടി വീട്ടിലേക്കായിപുറപ്പെട്ടു് പലദിക്കുകളിലും വിശ്രമിച്ച് ചിലദിവസങ്ങൾ കഴിച്ചുകൂട്ടി; ഒടുവിൽ ദൈവഗത്യാ കദംബവനത്തിൽ എത്തിയപ്പോൾ നേരം അസ്തമിക്കുകയും അന്നേദ്ദിവസം സോമവാരവും ധനഞ്ജയനു വ്രതവും ഉണ്ടായിരുന്നതിനാൽ ആഹാരംകഴിക്കാത്ത ക്ഷീണംകൊണ്ടു നടക്കാൻപാടില്ലാതെ അവശനാകയും ചെയ്കയാൽ എങ്ങോട്ടുപോകണമെന്നുപോലും തോന്നാതെ വളരെ വിഷമിച്ചു. വനത്തിൽക്കൂടി അങ്ങോട്ടും ഇങ്ങോട്ടും പാഞ്ഞുപോകുന്ന മൃഗങ്ങളുടെ ശബ്ദങ്ങളും പക്ഷികളുടെ ചിറകടികളും അല്ലാതെ മറെറാന്നും കേൾപ്പാനില്ല. ധനഞ്ജയനു ഭയംവർദ്ധിച്ചു. മനുഷ്യസഞ്ചാരം ഇല്ലാത്ത ഒരുവനത്തിൽ ഏകനായി അകപ്പെട്ട ഒരുത്തനു ഭയമുണ്ടാകുന്നതു അതിശയമാണോ? ആ സാധുഭക്തൻ എന്തുചെയ്യും. വരുന്നതുവരട്ടെ എന്നുള്ള വിചാരത്തോടുകൂടെ പതുക്കെപ്പതുക്കെ വനത്തിനകത്തേക്കുതന്നെ നടന്നു് മൂലലിംഗത്തിനു സമീപംവരെ ചെന്നപ്പോൾ അന്ധകാരംകൊണ്ടു് ഒന്നും കാണ്മാൻ പാടില്ലാതെ ആവുകയാൽ എന്തുതന്നെ വന്നാലും ഇന്നത്തെ രാത്രി ഇവിടത്തന്നെ കഴിച്ചുകൂട്ടാമെന്നുനിശ്ചയിച്ച് ആ സോമസുന്ദരലിംഗത്തിനുസമീപംതന്നെ വീണുകിടന്നു.


അല്പംകഴിഞ്ഞപ്പോൾമുതൽ സോമവാരമഹോത്സവം കൊണ്ടാടാനും സോമസുന്ദരനെ സേവിക്കാനും പൂജിക്കാനും ആയി ദേവന്മാർ വരവുതുടങ്ങി വന്നവന്ന ദേവന്മാർ എല്ലാം ഹേമപത്മിനിയിൽപ്പോയി സ്നാനംചെയ്തിട്ടുവന്നു നൃത്തഗാനവാദ്യഘോഷങ്ങളോടുകൂടെ പൂജയാരംഭിച്ചു. ഭക്തവത്സലനായ ഭഗവാൻ ഈ അവസരത്തിൽ ആ വൈശ്യനു ദിവ്യദൃഷ്ടി കൊടുത്തു. ഉടനെ ധനഞ്ജയന്റെ ദൃഷ്ടികൾക്കു സുന്ദരേശ്വരമഹാലിംഗവും ദേവന്മാരും അവർചെയ്യുന്ന പൂജകളുമെല്ലാം ഗോചരമായി. അപ്പോളുണ്ടായഅദ്ദേഹത്തിന്റെവിസ്മയവും സന്തോഷവുംഒന്നും പറവാനില്ല. അതിവേഗത്തിൽആ ശിവഭക്തൻ ഹേമപത്മിനിയിൽപോയി കുളിച്ച് നിത്യകർമ്മങ്ങളുമെല്ലാം നടത്തി മൂലലിംഗത്തിന്റെ സമീപത്തിൽ ചെന്നപ്പോൾ പ്രദക്ഷിണക്രമമായി പ്രസാദത്തെ കാണുകയാലുള്ള സന്തോഷത്തോടും ഭക്തിയോടുംകൂടെ അഷ്ടമൂർത്തിയായ പരമശിവനെ സാഷ്ടാംഗനമസ്കാരംചെയ്തു. അതിൽപ്പിന്നെ എഴുനേററു ദേവന്മാർചെയ്യുന്ന പൂജയും മററും കണ്ടുകൊണ്ടു നിന്നു. അതിന്റെശേഷം തന്റെ ഭാണ്ഡത്തിൽ ഉണ്ടായിരുന്ന കസ്തൂരി. കുങ്കുമം, ചന്ദനം, കർപ്പൂരം, പുഴുകുമുതലായ സുഗന്ധദ്രവ്യങ്ങൾ എടുത്തുകൊണ്ടുവന്നു് മഞ്ഞുവെള്ളത്തിൽ അരച്ച് ശിവലിംഗത്തിന്മേൽ ലേപനംചെയ്തു് വീണ്ടും ഭഗവാനെനമസ്കരിച്ചിട്ടു് എല്ലാസോമവാരദിവസവുംചെയ്യാറുള്ളതുപോലെ അടുത്തുള്ള മണ്ഡപത്തിൽ കയറിയിരുന്നു ഗുരുദത്തമായ ശിവലിംഗമെടുത്തു, യാമംപ്രതി പൂജിക്കുകയും വീണ്ടും അവിടെനിന്നും എഴുനേററു ഇന്ദ്രവിമാനത്തിനുള്ളിൽ ജ്വലിക്കുന്ന സുന്ദരേശ്വര ലിംഗസന്നിധിയിൽപ്പോയി

നിന്നുകൊണ്ട്, ഹാ! ഹാ! ഭാഗ്യംതന്നെ മഹാഭാഗ്യം! ഈ സുരസേവിതമായ ശിവലിംഗംകാണുന്നതിനുള്ള മഹാഭാഗ്യം എനിക്കു വന്നുകൂടിയല്ലോ; ഞാൻ ഏററവും ധന്യനായി; എന്നിങ്ങനെ പലതവണ വിചാരിക്കുകയും ആടുകയും പാടുകയും വാദ്യങ്ങൾ മുഴക്കുകയും പൂജിക്കുകയും സ്തോത്രങ്ങൾഉച്ചരിക്കുകയും വന്ദിക്കുകയും മററും ചെയ്യുന്ന ദേവന്മാരെ കൂടക്കൂടെ ദർശിക്കുകയും ചെയ്ത്, ആ രാത്രിയെ അത്യാനന്ദകരമായ ഒരു ശിവരാത്രിയായിത്തന്നെ കഴിച്ചുകൂട്ടി. പ്രഭാതമാകുന്നതിനുമുമ്പേതന്നെ ദേവന്മാർ എല്ലാംമറയുകയും വൈശ്യൻെറ ദിവ്യദൃഷ്ടിയെ മായാമയനായഭഗവാൻമറയ്ക്കുകയും ചെയ്തു. പ്രഭാതമായപ്പോൾ ആ വനമദ്ധ്യത്തിൽ ഒരു വിമാനവും ബിംബവുമല്ലാതെ മറെറാന്നും കാണ്മാനില്ല. വൈശ്യൻ അത്യന്തം ആശ്ചര്യാവിഷ്ടചിത്തനായി ഇന്നലെ രാത്രിയിൽ ഞാൻ എന്തെല്ലാം ഇവിടെ കണ്ടു. അതൊന്നും ഇപ്പോൾ കാണുന്നില്ലല്ലോ. ഇന്നലെ ഞാൻ കണ്ടതെല്ലാം സ്വപ്നമായിരിക്കണം; അഥവാ വല്ല ഭ്രാന്തിമൂലവും അങ്ങനെ സംഭവിച്ചതോ? ആക്കെങ്ങനെ അറിയാം; എന്തെങ്കിലും ആകട്ടെ; ഇന്നലെരാത്രിയിൽ എന്നെ രക്ഷിച്ചതു ഭക്തവത്സലനായ ഭഗവാൻ ഹാലാസ്യനാഥൻതന്നെയാണ്. അതിന് യാതൊരു സന്ദേഹവുമില്ല. ഇങ്ങനെ വിചാരിച്ചിട്ട് സൂര്യോദയംകൊണ്ട് വഴി കുറേശ്ശ കാണാറായിത്തുടങ്ങിയ ഉടൻ അവിടേനിന്നും തിരിച്ച് സ്വദേശമായ കല്യാണപുരത്തിൽ എത്തി. ആ മാത്രയിൽതന്നെ തൻെറവീട്ടിൽപോലുംകയറാതെ, സോമവംശജാതന്മാരായ എല്ലാ രാജാക്കന്മാരിലുംവെച്ച് അഗ്രഗണ്യനും ചന്ദ്രനെക്കാലും സുന്ദരമായ ഹൃദയത്തോടുകൂടിയവനും എതിരില്ലാത്ത വീര്യശൌര്യപരാക്രമങ്ങളോടുകൂടിയവനും കല്യാണപുരാധിപനും ശിവഭക്തശിരോമണിയും ആയ കുലശേഖരപാണ്ഡ്യൻെറ കൊട്ടാരത്തിൽപ്പോയി തലേദിവസം രാത്രിയിൽ താൻ കണ്ട എല്ലാ വിവരങ്ങളും അറിയിച്ചു. രാജാവ് അതുകേട്ടു വളരെവളരെ അതിശയിച്ചു. അന്നരാത്രിയിൽ രാജാവു ശിവൻെറ മാഹാത്മ്യങ്ങളേയും, തലേദിവസം രാത്രിയിൽ വർത്തകൻകണ്ട അത്ഭുതസംഭവങ്ങളേയുംപററി വിചാരിച്ചുകൊണ്ടു കിടന്നുറങ്ങിയപ്പോൾ പരമശിവൻ ഒരു സിദ്ധൻെറ വേഷത്തിൽവന്ന്, അല്ലയോ കുലശേഖരപാണ്ഡ്യ! ഈ ദിക്കിൻെറ പടിഞ്ഞാറേഭാഗത്തിൽ കടമ്പുവൃക്ഷങ്ങൾകൊണ്ടു തിങ്ങിയതായ ഒരു വനം ഉണ്ട്. കദംബവനമെന്നുതന്നെ അതിൻെറ പേരും. അവിടെ ഇനിക്കു ദേവേന്ദ്രൻ ഉണ്ടാക്കിവച്ചിട്ടുള്ളതായ ഒരു പ്രാസാദവും എൻെറ മൂലലിംഗവും ഉണ്ട്. അതുകൊണ്ട് നീ ആ വനമെല്ലാം തെളിച്ച് അവിടെയൊരു നല്ല പട്ടണമാക്കണം എന്നുപറഞ്ഞു മറഞ്ഞു. രാജാവ് ഈ വിവരംപിറേറദിവസം രാവിലേ അദ്ദേഹത്തിൻെറ മന്ത്രിമാരെ ഗ്രഹിപ്പിച്ചു. അവർഅതുകേട്ട് അത്ഭുതപരവശരാവുകയും സകലലോകൈകശരണ്യനായ ഭഗവാൻഉറക്കത്തിൽവന്നുപറഞ്ഞതുപോലെതന്നെ ചെയ്യണമെന്ന് ഐകകണ്ഠ്യേന അഭിപ്രായപ്പെടുകയും ചെയ്തു. അനന്തരം എല്ലാവരുംകൂടി തിരിച്ച് നീപകാനനത്തിൽ പോയി ഇന്ദ്രദത്തമായ വിമാനത്തേയും മൂലലിംഗത്തേയും കണ്ട് വളരെ വളരെ

അത്ഭുതപ്പെട്ടു. അനന്തരം അവൻ ഹേമപത്മിനിയിൽ ഇറങ്ങി സ്നാനംചെയ്തു സോമസുന്ദരനെ നമസ്കരിച്ചു പുറത്തിറങ്ങി നാലുവശത്തുംനോക്കി പുരം നിൎമ്മിക്കേണ്ടതെവിടെയെന്ന ആലോചിച്ചുകൊണ്ടുനില്ക്കുമ്പോൾ തലേദിവസം രാത്രിയിൽ രാജാവിൻെറ മുമ്പിൽ പ്രത്യക്ഷമായ സിദ്ധൻ അവിടേയും പ്രത്യക്ഷമായി പുരത്തിനുള്ള സ്ഥലം കാണിച്ചുകൊടുത്തുംവച്ചു അന്തൎദ്ധാനംചെയ്തു. ഉടനെ രാജാവു് മന്ത്രിമാരോടു, ഈ സിദ്ധൻ തന്നെയാകുന്നു ഇന്നലെ സ്വപ്നത്തിൽ പ്രത്യക്ഷനായി ഇവിടെ ഒരുപുരം നിൎമ്മിക്കണമെന്നാജ്ഞാപിച്ചതെന്നപറഞ്ഞു. മന്ത്രിമാർ അതുകേട്ടു ബ്രഹ്മാവിഷ്ണുമഹേന്ദ്രാദികൾക്കുപോലുംഅദൃശ്യനായഭഗവാനെ അങ്ങേക്കുപ്രത്യക്ഷത്തിൽ കാണുന്നതിനുസംഗതിയായതുവിചാരിക്കുമ്പോൾ അവിടത്തെ ഭാഗ്യംഅനിതരസാധാരണമെന്നു മാത്രമല്ല മേല്ക്കുമേൽ നമുക്കു അഭിവൃദ്ധിയുണ്ടാകുമെന്നും നിശ്ചയമാക്കേണ്ടിയിരിക്കുന്നു. ഇനി ഒട്ടും താമസിക്കാതെതന്നെ ഇവിടെ ഒരു പുരംഉണ്ടാക്കണം. അതു ഭൂലോകവാസികൾക്കെല്ലാം ഒരു വലിയ ഭാഗ്യകാരണമായിത്തീരും, ഗണങ്ങളാലും ദന്തികളാലും സിംഹങ്ങളാലും പരിരക്ഷിതമായിരിക്കുന്ന വിമാനവും, ഗോപുരങ്ങളും പ്രാകാരങ്ങളുമെല്ലാം യഥാസ്ഥാനത്തിൽ യാതൊരുദോഷവും കൂടാതെയാണു് നില്ക്കുന്നതെങ്കിലും ഇവയെല്ലാം നമുക്കൊന്നുകൂടി ഭംഗിപിടിപ്പിക്കണം.

സചിവപ്രധാനിമാരുടെ അഭിപ്രായത്തെ കുലശേഖരപാണ്ഡ്യരാജാവും സമ്മതിച്ചു. അനന്തരം ഭൃത്യന്മാരെക്കൊണ്ടു് ആ വനത്തിൽ ഉണ്ടായിരുന്ന വലിയവലിയ വൃക്ഷങ്ങൾ എല്ലാം മുറിപ്പിച്ചു് കാടുതെളിക്കുകയും, നിമ്നോന്നതമായിക്കിടന്ന ഭൂമിയെ ഇടിച്ചുനിരത്തി സ്ഥലം നിരപ്പുള്ളതാക്കിത്തീൎക്കുകയുംചെയ്തു. അതില്പിന്നെ പുരംനിൎമ്മിക്കുവാൻ തുടങ്ങി. അത്യുന്നതങ്ങളായ ഗോപുരങ്ങളും മതില്ക്കെട്ടുകളും സുവൎണ്ണമയങ്ങളായ താഴികക്കുടങ്ങളും മററുംകൊണ്ടുശോഭിക്കുന്നതും വലിയ വാതലുകളോടുകൂടിയതുമായ അനവധിമന്ദിരശ്രേണികളും തോരണസ്തംഭങ്ങളും ഫുല്ലങ്ങളായ അരവിന്ദങ്ങളുടേയും കൽഹാരകുസുമങ്ങളുടേയും മധുവുതേടിപ്പറക്കുന്ന വണ്ടിൻ കൂട്ടങ്ങളെക്കൊണ്ടു ശോഭായമാനമായ തടാകങ്ങളും, തെങ്ങു്, മാവു്, പ്ലാവ് കമുക്, താളിമാതളം, നാരകം മുതലായ ഫലവൃക്ഷങ്ങളും വില്വാദികളായ അനവധി മററുവൃക്ഷങ്ങളും, അനവധി പുഷ്പവല്ലികളും നിറഞ്ഞ തോട്ടങ്ങളും നാനാജാതിക്കാൎക്കും താമസിക്കാനായി യഥോചിതസ്ഥാനങ്ങളിൽ അനവധി മന്ദിരവീധികളും ആപണവീഥികളും ജനോപയോഗകരങ്ങളായ മററനവധി സ്ഥാപനങ്ങളും അതിനുചുററും നിൎമ്മിച്ചു. ക്ഷേത്രങ്ങൾ, വേദപാരായണമണ്ഡപങ്ങൾ- ജപമണ്ഡപങ്ങൾ, നമസ്കാരമണ്ഡപങ്ങൾ, ഉത്സവമണ്ഡപങ്ങൾ യാഗമണ്ഡപങ്ങൾ, മടപ്പള്ളികൾ, ദേവതാസ്ഥാനങ്ങൾ, വലതുവശത്തായി ഭഗവതിക്ഷേത്രം മുതലായ അനവധി ആലയങ്ങളെ മതില്ക്കകത്തും ഉണ്ടാക്കി. കുതിരപ്പന്തി, ആനപ്പന്തി, രഥവീഥി, ഉത്സവവീഥി, രാജനിലയനങ്ങൾ, അത്യുന്നതങ്ങളായ മാളികകൾ, സഭാമന്ദിരങ്ങൾ,

നാടകശാലകൾ, ഭിക്ഷുമഠങ്ങൾ, താപസാലയങ്ങൾ, ഈശ്വരസേവാമന്ദിരങ്ങൾ- ഉപദേവതാഗൃഹങ്ങൾ; ശാസ്ത്രപാഠശാലകൾ, ഛത്രമന്ദിരങ്ങൾ, ഭോജനശാലകൾ മുതലായവയും യഥായോഗ്യങ്ങളായ സ്ഥാനങ്ങളിൽ ഉണ്ടാക്കി പത്തുദിവസത്തിനകം കദംബവനം അതി മനോഹരമായ മധുരാപുരമായിത്തീൎന്നു.



അതിൽപിന്നെ കുലശേഖരപാണ്ഡ്യൻ മൂലലിംഗത്തെ പൂജിക്കുന്നതിനായി കാശിയിൽനിന്നും അനവധി ശിവഭക്തന്മാരും നിയമനിഷ്ഠന്മാരും ആയ ഉത്തമബ്രാഹ്മണരെ വരുത്തി ആക്കി അവൎക്കു വേണ്ട വൃത്തികളേയും കല്പിച്ചുകൊടുത്തു. പൂജയ്ക്കു വേണ്ടുന്ന വിഭവങ്ങളും അദ്ദേഹംതന്നെ നൽകിവന്നു. ശിവഭക്തന്മാരിൽ ഒന്നാമനായ കുലശേഖരപാണ്ഡ്യൻ ഹാലാസ്യനാഥനെ സദാപി ദൎശിക്കുകയും പൂജിക്കുകയും ചെയ്യണമെന്നുള്ള ആഗ്രഹംകൊണ്ടു ക്ഷേത്രത്തിന്റെ വടക്കുകിഴക്കേദിക്കിൽ അത്യുന്നതവും അതിരമ്യവുമായ ഒരു ഹൎമ്മ്യം ഉണ്ടാക്കി അതിൽ പാൎത്തു ത്രികാലങ്ങളിലും ഒന്നുപോലെ ശിവദൎശനവും ശിവപൂജയും വിഘ്നമില്ലാതെ നിൎവഹിച്ചുവന്നു. അമരാവതിയിൽ ഇന്ദ്രൻ എന്നപോലെ മധുരാപുരത്തിൽ വസിക്കുന്ന കുലശേഖരപാണ്ഡ്യൻ പരമശിവാജ്ഞകൊണ്ട്, ഞാൻ സിംഹം കടുവ,പുലി,ക

രടി പന്നി മുതലായ ദുഷ്ടമൃഗങ്ങളുടെ നിവാസഭൂമിയായിരുന്ന ഈ കദംബവനം ഇപ്രകാരം ഒരു പട്ടണമാക്കി. ഇനി ഈ പുരത്തെ ശുദ്ധിപ്പെടുത്തുകയും രക്ഷിക്കുകയും ചെയ്യുന്നതെങ്ങനെയെന്നു വിചാരിച്ചു ഈ വിവരം ഹാലാസ്യനാഥനായ ഭഗവാൻ അറിഞ്ഞു മഴ പെയ്യുകയാണെന്നു മററുള്ളവൎക്കു തോന്നത്തക്കവണ്ണം പുണ്യതീൎത്ഥങ്ങളെക്കാളും നിൎമ്മലമായ ഗംഗാജലം സൎവ്വത്ര വൎഷിച്ചു ആ പുരം മുഴുവനും ശുദ്ധിപ്പെടുത്തി. അനന്തരം നഗരത്തിന്റെ രക്ഷക്കായി ശാസ്താവിനെ കിഴക്കേദിക്കിലും, സപ്തമാതാക്കളെ ദക്ഷിണദിക്കിലും, വിഷ്ണുവിനെ പശ്ചിമദിക്കിലും ഭദ്രകാളിയെ ഉത്തരദിക്കിലും പ്രതിഷ്ഠിക്കുകയെന്നു് അശരീരിവാക്കുണ്ടായി. കുലശേഖരപാണ്ഡ്യൻ അശരീരിപ്രകാരം തന്നെ നാലുദിക്കിലും പ്രതിഷ്ഠ നടത്തിച്ചു. പൂജാനൈവേദ്യങ്ങളും വഴിപോലെ ചെയ്യിപ്പിച്ചു. ഹാലാസ്യനാഥന്റെ സാന്നിദ്ധ്യവിശേഷംകൊണ്ടു് അന്നുമുതൽ ആ നഗരം വളരെ വളരെ അഭിവൃദ്ധിയിൽ ആവുകയും കുലശേഖരപാണ്ഡ്യന്റെ സമ്പത്തുകൾ വൎദ്ധിക്കുകയും ചെയ്തു. ആരാലും അദൃശ്യനെങ്കിലും ലിംഗരൂപത്താൽ വ്യക്തനായി പുരമദ്ധ്യത്തിങ്കൽ ഉള്ള വിമാനത്തിൽ നിവസിച്ചു് ഭക്തരക്ഷണം ചെയ്യുന്ന സുന്ദരേശ്വരന്റെ നിത്യസാന്നിദ്ധ്യം ഉണ്ടെങ്കിൽ പിന്നെ എന്താണുണ്ടാകാത്തതു്. ശിവഭക്തനായ കുലശേഖരപാണ്ഡ്യൻ കാലക്രമേണ മററുള്ള എല്ലാ രാജാക്കന്മാരേയും ജയിച്ചു് ഭൂവലയം കീഴടക്കി സാൎവ്വഭൌമത്വം കൈക്കൊണ്ടു് ആറായിരം വത്സരം സൎവ്വഭോഗങ്ങളോടുംകൂടെ ഹാലാസ്യനാഥനേയും സേവിച്ചു വസിച്ചു. തന്റെ പുത്രനായ മലയധ്വജൻ പ്രാപ്തിയായപ്പോൾ നിശ്ശേഷം രാജലക്ഷണസമ്പന്നനും സകലകലാവല്ലഭനും ആയ പുത്രനെ രാജാവാക്കി വാഴിക്കയെന്നു സുന്ദരേശൻ തന്നെ ഒരു ദിവസം രാത്രിയിൽ രാജാവിനോടു ചെന്നു പറകയാൽ ഒരു മുഹൂൎത്തത്തിൽ മലയധ്വജനെ രാജാവാക്കി അഭിഷേകം നടത്തി, പുത്രനോടു്. അല്ലയോ വത്സ! മൂന്നുലോകത്തിനും ഏകനാഥനായിരിക്കുന്ന സുന്ദരേശനാണു് നമ്മുടെ കുലദൈവം. ഇവിടെ ലിംഗരൂപിയായി വസിക്കുന്ന അദ്ദേഹത്തിന്റെ പാദപത്മങ്ങളെ നീ എല്ലാക്കാലത്തും ഒരുപോലെ ഭജിച്ചുകൊള്ളണം. അങ്ങനെ ചെയ്താൽ ധൎമ്മാൎത്ഥകാമമോക്ഷങ്ങൾ നാലും നിശ്ചയമായും നിനക്കു സിദ്ധിക്കും. സുന്ദരേശനെപ്പോലെ ഭക്തന്മാരിൽ വാത്സല്യമേറിയ ഒരു ദേവൻ വേറെ ഇല്ല, അതുകൊണ്ടു നീ സുന്ദരേശനെ സേവിച്ചു ശത്രുസംഹാരവും ചെയ്തു് ക്ഷേമകരമാംവണ്ണം രാജ്യപരിപാലനം നടത്തുകെയെന്നും പറഞ്ഞു് ക്ഷേത്രത്തിനകത്തുപോയി സുന്ദരേശ്വരലിംഗത്തിനു പ്രദക്ഷിണനമസ്കാരാദികളെച്ചെയ്തു ശരീരത്തോടു കൂടിത്തന്നെ ശിവസായൂജ്യത്തെ പ്രാപിച്ചു.

൫-ാം അദ്ധ്യായം മധുരാപുരനിൎമ്മാണം എന്ന
മൂന്നാമത്തെ ലീല സമാപ്തം.

# ഹാലാസ്യമാഹാത്മ്യം

## കേരളഭാഷാഗദ്യം.

### ൯-ാം അദ്ധ്യായം

### തടാതകാജനനം എന്ന

### നാലാമത്തെ ലീല.

വീണ്ടും അഗസ്ത്യമഹർഷി വസിഷ്ഠാദികളെ നോക്കി, അല്ലയൊ മഹർഷിമാരേ! ഇനി നിങ്ങൾ മീനാക്ഷീ ഭഗവതി, പാണ്ഡ്യരാജാവായ മലയധ്വജന്റെ മകൾ തടാതകയായി അവതരിച്ച ലീലയെ കേട്ടുകൊള്ളുവിൻ? ഈ ഒരു ലീലയെ മാത്രം കേട്ടാലും കേൾക്കുന്നവരുടെ സകലദുഃഖങ്ങളും പാപങ്ങളും തീരും എന്നിങ്ങനെ പറഞ്ഞിട്ട് താഴെ വരുമാറു കഥയാരംഭിച്ചു.

കുലശേഖരപാണ്ഡ്യന്റെ പുത്രനും ശത്രുകുലാന്തകനും പാണ്ഡ്യവംശതിലകവും ദീനജനാവനലോലുപനും ദയാശാലിയും കാമകോമളകളേബരനും വീര്യശൌര്യപരാക്രമശാലിയും ശിവഭക്ത്യൈകനിരതനുംഇന്ദ്രപ്രതാപിയും പുണ്യചരിതനും വിദ്വൽസേവാരതനും,സകലകലാനിപുണനും,സർവശാസ്ത്രവിശാരദനും, മഹൈശ്വര്യശാലിയുംആയ മലയധ്വജപാണ്ഡ്യൻഉച്ചൈശ്രവസ്സിനേക്കാളും ശ്രേഷ്ഠങ്ങളായ അനവധി കുതിരകളും ഐരാവതോപമങ്ങളായ അനവധി ആനകളും മഹാമേരുവിനെക്കാളും ഉന്നതങ്ങളായ തേരുകളും വീര്യപരാക്രമനിധികളും ഭുജബലശാലികളും ആയോധനനിപുണന്മാരും ആയ കാലാളുകളും അടങ്ങിയ തന്റെ ചതുരംഗസൈന്യത്തിന്റെയും പ്രധാനികളായ അമാത്യന്മാരുടേയും സേനാനായകന്മാരുടേയും മറ്റും സഹായംകൊണ്ടും, തന്റെ പരദൈവമായ സോമസുന്ദരേശന്റെ കൃപാകടാക്ഷം കൊണ്ടും എതിർത്ത രാജാക്കന്മാരെ എല്ലാം കീഴടക്കി കാലതാമസവും ശ്രമവും എന്നിയെ തന്നെ ഒരു മഹാചക്രവർത്തിയായി മനുവിനെപ്പോലെ അപാരമായ ക്ഷേമത്തോടുകൂടെ ഭൂലോകമടക്കിവാണുകൊണ്ട് വന്നെങ്കിലും അദ്ദേഹത്തിനു അനേകം ഭാര്യമാർഉണ്ടായിരുന്നതിൽ ഒരുത്തിപോലും വളരെക്കാലമായിട്ടും പ്രസവിച്ചില്ല. അദ്ദേഹത്തിന്റെ പട്ടമഹിഷിമാർ എല്ലാവരിലുംവച്ച് ശ്രേഷ്ഠയായിരുന്നത്, സൂര്യവംശജാതനായ ശൂരസേനന്റെ പുത്രി കാഞ്ചനമാലയായിരുന്നു. വയോരൂപങ്ങളെക്കൊണ്ടും ശീലഗുണങ്ങളെക്കൊണ്ടും അത്യന്തംഅനുരൂപരായ ആ ദമ്പതികൾ എല്ലാവിധകർമ്മങ്ങളും വിധിപ്രകാരം അനുഷ്ഠിക്കുകയും സുന്ദരേശ്വരനെ വഴിപോ

ലെ പൂജിക്കുകയും ചെയ്തു എങ്കിലും സന്താനലാഭം ഉണ്ടായില്ല. മലയധ്വജൻ പിതൃനിയോഗമനുസരിച്ച്, കൃപാശാലിയും ഹാലാസ്യനാഥനും ആയ സുന്ദരേശനെ വഴിപോലെ ദശിച്ചു പൂജിച്ചതിൽ പിന്നീടെ രാജ്യകാൎയ്യങ്ങളിൽ പ്രവേശിക്കുകയുള്ളൂ. ഇങ്ങനെ പതിനായിരം വഷം അദ്ദേഹം രാജ്യം ഭരിച്ചു. എന്നിട്ടും പുത്രന്മാരുണ്ടായില്ല. അനന്തരം അദ്ദേഹം ശങ്കരപ്രീതിക്കായി സോമവാരവ്രതം, ശിവരാത്രിവ്രതം, പ്രദോഷവ്രതം, മുതലായമുഖ്യശിവവ്രതങ്ങൾ എല്ലാം അനുഷ്ഠിക്കുകയും, വ്രതമുള്ള ദിവസങ്ങളിൽ ദാനധൎമ്മങ്ങൾ നടത്തുകയും രാത്രിയിൽ അല്പംപോലും ഉറങ്ങാതെ പൂജാനമസ്കാരാദികളോടുകൂടെ സുന്ദരേശ്വരസേവചെയ്യുകയും ചെയ്തുവന്നു. അതുകൊണ്ടും പുത്രന്മാരുണ്ടായില്ല. ഒടുവിൽ അദ്ദേഹം സുന്ദരേശ്വരസന്നിധാനത്തിൽ വെച്ച് തൊണ്ണൂററിഒമ്പതു അശ്വമേധയാഗംചെയ്തു. അതുകൊണ്ടും പുത്രസമ്പത്തു സിദ്ധിക്കായ്കയാൽ നൂറാമത്തെ അശ്വമേധത്തിനായി ആരംഭിച്ചപ്പോൾ സ്വപദനാശം വരുമെന്നു വിചാരിച്ചു വിഭ്രാന്തചിത്തനായ ദേവേന്ദ്രൻ വന്നു മലയധ്വജനോട് പുത്രനുണ്ടാകുന്നതിന്നു അശ്വമേധം കഴിക്കുന്നതിനെക്കാൾ പുത്രകാമേഷ്ടിചെയ്യുന്നതാണുത്തമമെന്നു പറകയാൽ ഉടൻതന്നെ അശ്വമേധം അവസാനിപ്പിച്ചുംവെച്ച് പുത്രകാമേഷ്ടിചെയ്യിച്ചു വളരെ വളരെ ദ്രവ്യങ്ങൾ ദാനംചെയ്തു. ഉടനെ അഷ്ടമൂൎത്തിയായ ഭഗവാന്റെ എട്ടു ശരീരങ്ങളിൽ ഒന്നായ വേദികയിലെ പാവനമായ അഗ്നികുണ്ഡത്തിൽ നിന്നും മീനാക്ഷീഭഗവതിനിജാംശം കൊണ്ട് കന്യകാരൂപം ധരിച്ചവതരിച്ചു. ആ കന്യകയുടെ കോമളാകൃതിയും ശ്യാമളവൎണ്ണവും മൂന്നുവയസ്സു പ്രായംതോന്നിക്കുന്ന ശരീരപുഷ്ടിയും നീണ്ടിരുണ്ടഅഗ്രംചുരുണ്ടതലമുടിയും പൂൎണ്ണചന്ദ്രോപമമായ മുഖവും, അൎദ്ധചന്ദ്രാകാരമായ ഫാലതലവും കാമചാപം പോലുള്ള ചില്ലീയുഗളവും ആയതങ്ങളായ കണ്ണുകളും ശോണാധരവും തിലകുസുമസമാനമായ നാസികയും കരുമായ കംബുകണ്ഠവും കുന്ദകുഡ്മളോപമങ്ങളായ രദനങ്ങളും കിഞ്ചിദംകുരിതങ്ങളായ മുന്നുമുലകളും കോമളവല്ലികൾപോലെയുള്ള പാണികളും ആലിലയെപ്പോലത്ത ഉദരവും കൃശമായ മദ്ധ്യപ്രദേശവും, കുംഭീമസ്തകംപോലെ വിസ്താരമായ നിതംബവും കദളീകാണ്ഡം കണക്കുള്ള ഊരുദ്വയവും കാമതൂണീരോപമങ്ങളായ ജംഘകളും ശോണാംബുജസമാനങ്ങളായ പാദയുഗളവും, അണിഞ്ഞിട്ടുള്ള ദിവ്യാംബരങ്ങളും ഗന്ധപുഷ്പമാല്യങ്ങളുംമററും എല്ലാംകൊണ്ട് അതിസുന്ദരിയും തേജോരൂപിണിയും ആയിട്ടവതരിച്ച മീനാക്ഷീഭഗവതി മലയധ്വജപാണ്ഡ്യന്റെ ഭാൎയ്യയായ കാഞ്ചനമാലയുടെ മടിയിൽ ചെന്നിരുന്നു അമ്മേ! എന്നുവിളിച്ചുംകൊണ്ട് ബാലലീലകൾ ആരംഭിച്ചു. കന്യകാലാഭം കൊണ്ട് സന്തോഷസാഗരനിമഗ്നയായ കാഞ്ചനമാലയുടെ മടിയിൽചെന്നുകയറിയിരുന്നു മധുരാലാപസമേതം കൊഞ്ചിക്കുഴയുന്ന ബാലികയെ രാജാവ്, തീരാത്തഔത്സുക്യത്തോടുകൂടെ സൂക്ഷിച്ചു നോക്കിയപ്പോൾ സൃഷ്ടിസ്ഥിതിസംഹാരങ്ങൾ മൂന്നിന്നുംതാൻ അധികാരിണിയാണെന്നുള്ളതിന്റെ മുദ്രയോ എന്ന് കാണികൾ സംശയിച്ചുപോകത്തക്കവണ്ണം നെഞ്ചിൽകിഞ്ചിൽ കിളിൎത്തുതുടങ്ങിയ കുചത്രിതയങ്ങൾക

ണ്ടു്, വളരെ വ്യാകുലനായി അയ്യോകഷ്ടമേ! എത്രതപസ്സുചെയ്തതിന്റെ ഫലമായിട്ടാണു് ഒരു കന്യകയുണ്ടായതു്. ഇതിനുമുമ്പിൽ ഒരു സ്ത്രീകൾക്കും ഉണ്ടായിട്ടില്ലാത്ത മൂന്നാമത്തെ മുലകൊണ്ടു എന്റെ മകൾ വിരൂപയായില്ലേയെല്ലൊ. പരമശിവന്റെ കാരുണ്യം ഈ വിഷയത്തിൽഇങ്ങിനെയൊ കലാശിച്ചതെന്നും മററും ചിന്തിച്ചും കൊണ്ടിരിക്കുമ്പോൾ; അല്ലയൊ രാജാവേ! നീ വ്യസനിക്കേണ്ട മീനാക്ഷിഭഗവതി ഭക്തന്മാരെ രക്ഷിക്കാനായി നിന്റെ പുത്രിയായി അവതരിച്ചിരിക്കുകയാണു്. കന്യകയുടെ മൂന്നാമത്തെ മുല ഭൎത്താവിനെ കാണുമ്പോൾ ഇല്ലാതെ ആകും ഇനികാലതാമസം കൂടാതെ പുത്രിയുടെ ജാതകൎമ്മാദികൾ നടത്തി തടാതകയെന്നു പേരിട്ടുകൊള്ളുക. നിനക്കും നിന്റെ ഭാൎയ്യക്കും മേൽക്കുമേൽ ഐശ്വൎയ്യമുണ്ടാകും എന്നിങ്ങനെ അശരീരിവാക്കു കേൾക്കുകയാൽ അവർ ഉടൻതന്നെ പുത്രിയുടെ ജാതകൎമ്മാദികളെല്ലാം നടത്തിച്ചു് തടാതകയെന്നുതന്നെ നാമകരണവും ചെയ്യിച്ചു. അനന്തരം അദ്ദേഹം പുത്രിയുണ്ടായ സന്തോഷം കൊണ്ടു സല്പാത്രങ്ങളിൽ അനവധി ദാനം ചെയ്യുകയും ധൎമ്മകൎമ്മങ്ങൾ നടത്തിക്കുകയും ചെയ്തു. എന്റെ വംശത്തെ ദുഃഖാംബുധിയിൽ നിന്നും ഉദ്ധരിക്കുന്നതിനായും ലോകാനുഗ്രഹത്തിനായും ദുഷ്ടനിഗ്രഹത്തിനായും എന്റെ ഭാഗ്യപുഞ്ജം കന്യകാരൂപത്തിൽ വന്നിരിക്കുന്നതുപോലെ ഭക്തവത്സലയായ ദേവിതന്നെ എന്റെ മകളായി ജനിച്ചിരിക്കുന്നതിൽപരം എനിയ്ക്കെന്തൊരു ഭാഗ്യമാണുണ്ടാകാനുള്ളതു്. നമ്മുടെ വംശത്തിനും നമുക്കും ഒന്നുപോലെ ശുദ്ധതയും ധൎമ്മവും സിദ്ധിച്ചു എന്നിങ്ങനെ ഭാൎയ്യയായ കാഞ്ചനമാലയോടുപിന്നെയും പിന്നെയും പറയുകയും പുത്രിയും സൌഭാഗ്യവതിയും തേജഃപുഞ്ജവും ആയ തടാതകയെ മടിയിൽ പിടിച്ചിരുത്തി പലവുരു ചുംബിക്കുകയും ആശ്ലേഷിക്കുകയും ലാളിക്കയും മററും ചെയ്തു. വിലതീരാത്ത ആഭരണങ്ങൾ അണിയിച്ചു. മേൽപ്രകാരം ഇതില്പരമില്ലാത്ത വാത്സല്യത്തോടുംസന്തോഷത്തോടുംകൂടെ പുത്രിയെ വളൎത്തുകയും ശുക്ലപക്ഷത്തിലെ ചന്ദ്രകലയെന്നപോലെ അവൾ വളരുകയും ചെയ്തുവന്നു.

വീണ്ടും വസിഷ്ഠാദികൾ, അഗസ്ത്യരെ തൊഴുതുകൊണ്ടു, അല്ലയോ ഭഗവാനെ! ദക്ഷയാഗത്തിൽ പിതാവുചെയ്ത ഭൎത്തൃനിന്ദകൊണ്ടു ഭഗവതി അഗ്നിപ്രവേശംചെയ്തു് ദക്ഷാത്മജാവസ്ഥയെ ഉപേക്ഷിച്ചു പാൎവ്വതിയെന്നുള്ള നാമധേയത്തോടുകൂടെ പൎവ്വതപുത്രിയായി ജനിച്ചിട്ടുള്ളതായി ഞങ്ങൾ കേട്ടിട്ടുണ്ടു്. അല്ലാതെ ഭഗവതിമലയധ്വജപാണ്ഡ്യന്റെ മകളായി ജനിച്ച കഥയിപ്പോഴാണു് കേട്ടതു്. മീനാക്ഷീഭഗവതി ഇപ്രകാരം ജനിക്കുന്നതിനുള്ള കാരണം കൂടി എന്താണെന്നു പറയണം. എന്നിങ്ങനെ അപേക്ഷിച്ചു.

അഗസ്ത്യൻ ഉത്തരം പറഞ്ഞു:—

പണ്ടു് വിശ്വാവസുവെന്നു പേരോടുകൂടിയ ഒരു ഗന്ധൎവ്വരാജാവുണ്ടായിരുന്നു. അദ്ദേഹത്തിനു സംഗീതകോവിദയായി വിദ്യാവതിയെന്നുപേരോടുകൂടിയ ഒരു മകൾ ഉണ്ടായി. അവൾക്കു ബാല്യംതുടങ്ങിയെ പൂൎവ്വപു

ജ്ഞാനാതിരേകംകൊണ്ടു ഭഗവതിയായ മീനാക്ഷിയിൽ ഭക്തിവർദ്ധിക്കുകയും തന്മൂലം അവൾ ചന്ദനം, കുംകുമം കസ്തൂരിമുതലായ സുഗന്ധദ്രവ്യങ്ങളെ ഉപേക്ഷിച്ചു ഭസ്മവും ദിവ്യവസ്ത്രാഭരണങ്ങളും രുദ്രാക്ഷമാലയും, കാഷായവസ്ത്രവും മററും ധരിച്ചു അപാരമായ ഭക്തിയോടും വൈരാഗ്യത്തോടുംകൂടെ ഇടവിടാതെ മൂലവിദ്യാജപവും, സ്തുതികളും ഗൌരീപൂജയും ചെയ്തുവന്നു.

അക്കാലത്തിൽ ഒരു ദിവസം അവൾ തന്റെ പിതാവും ജ്ഞാനികളിൽവെച്ചു ശ്രേഷ്ഠനുമായ വിദ്യാവസുവിനോടു ഭൂമിയിലുള്ള പാർവതീക്ഷേത്രങ്ങളിൽവെച്ചു ഏററവും സാന്നിദ്ധ്യമുള്ള ക്ഷേത്രം ഏതെന്നു ചോദിച്ചു.

വിദ്യാവസു അതുകേട്ടു ഭഗവതീഭക്തയായ തന്റെ മകളെ വാത്സല്യപൂർവം തലോടിയുംകൊണ്ടു ഇങ്ങനെ പറഞ്ഞു.

അല്ലയോ വത്സേ! വിദ്യാവതി നീ കേട്ടുകൊണ്ടാലും.. ശതാനന്ദൻ എനിക്കുപദേശിച്ചുതന്നതിനെ ഞാൻ നിനക്കു പറഞ്ഞുതരാം. ഭവാനീക്ഷേത്രങ്ങളിൽവെച്ചു മാഹാത്മ്യമേറിയതേതാണെന്നറിയണമെന്നുള്ള വിചാരത്തോടുകൂടെ പണ്ടൊരിക്കൽ ബ്രഹ്മാവു മേരുമന്ദരകൈലാസകാശീ ശ്രീപർവതാദികളായ ക്ഷേത്രങ്ങൾ എല്ലാംകൂടി ഒരു തട്ടിലും ഹാലാസ്യം തനിച്ചു മററൊരു തട്ടിലും വെച്ചു തൂക്കിയതിൽ ഹാലാസ്യക്ഷേത്രത്തിന്റെ മാഹാത്മ്യം കൂടുതലായി തൂങ്ങിയതിനാൽ ഭൂലോകത്തിലുള്ള ഭഗവതിക്ഷേത്രങ്ങളിലെല്ലാററിലുംവെച്ചു, ഹാലാസ്യംതന്നെയാണ് ശ്രേഷ്ഠമായിട്ടുള്ളതെന്ന് നിശ്ചയിച്ചു അവിടെപ്പോയി മംഗലപ്രദമായ ഹേമപത്മിനിയിൽ സ്നാനംചെയ്തു്, ദേവേന്ദ്രപ്രതിഷ്ഠിതമായ ദിവ്യവിമാനത്തിനകത്തു് ശോഭിക്കുന്ന മൂലലിംഗത്തിൽ നിത്യസാന്നിദ്ധ്യം ചെയ്യുന്ന പരാശക്തിയും, പരിപൂർണ്ണയും, പരാല്പരയും, ആദ്യവസാനങ്ങൾ ഇല്ലാത്തവളും, ലോകമാതാവും, സച്ചിദാനന്ദസ്വരൂപിണിയും, സ്മരണമാത്രത്താൽതന്നെ സർവപാപങ്ങളേയും നശിപ്പിക്കുന്നവളും, സവൈശ്വര്യപ്രദായിനിയും, കരുണാരൂപിണിയും, സുന്ദരേശമനോമോഹിനിയും മനോജ്ഞയും, മഹാദേവിയും, മനോന്മണിയും ആയ മീനാക്ഷിയെ ഒരു നിമേഷമാത്രമെങ്കിലും ഭജിക്കുന്നവർക്കു സകലൈശ്വര്യവും മോക്ഷവും ഉണ്ടാകുമെന്നുള്ളതിനു യാതൊരു സംശയവുമില്ല.

മൂന്നുലോകത്തിലുംകൂടി അനവധി ദേവീപീഠങ്ങൾ ഉണ്ടെങ്കിലും അതിൽ അറുപത്തിനാലുപീഠങ്ങൾവിശേഷിച്ചും പ്രധാനപ്പെട്ടവകളാകുന്നു. ആ അറുപത്തിനാലിലും മുഖ്യമായതാണ് ഉത്തമമായ ഹാലാസ്യത്തിലുള്ള ദേവീപീഠം. എന്റെ അച്ഛനായ പഞ്ചസാരൻ, വസുപൂർണ്ണൻ, സച്ഛവിദ്യൻ ഇങ്ങനെ അനവധി മഹാത്മാക്കൾ ഹാലാസ്യനാഥനേയും നാഥയായ മീനാക്ഷിയേയും സേവിച്ചു് സിദ്ധിയെ പ്രാപിച്ചിട്ടുണ്ടു്.

വിദ്യാവതി ഇതുകേട്ടു് ഹാലാസ്യനാഥയായ മീനാക്ഷിയെത്തന്നെ തനിക്കും സേവിച്ചു് സിദ്ധിയെ പ്രാപിക്കണമെന്നുള്ള വൈരാഗ്യത്തോടുകൂടെ അച്ഛനെ വന്ദിച്ചു യാത്രയും വാങ്ങി ഹാലാസ്യത്തിലേക്കു് തിരിച്ചു. ഉത്തരാ

യനാരംഭസംക്രമമാകുന്ന പുണ്യകാലത്തിൽ അവൾ ഹാലാസ്യത്തിൽ എത്തി. പുരുഷന്മാരാൽപോലും ദുഷ്കരവും ഒരുവൎഷംകൊണ്ടു കാലംകൂട്ടുന്നതുമായ ഒരുവ്രതം എടുത്തു വിദ്യാവതി ദിവസംപ്രതിയുംകാലത്തെ ഹേമപത്മിനിയിൽകുളിച്ചു വിശ്വേശ്വരനെ പൂജിച്ചു ദേവിയേയുംദേവനേയുംവന്ദിച്ചു ഭക്തിപൂൎവ്വം തപസ്സിദ്ധിയേയും പ്രാൎത്ഥിച്ച് ദേവിയുടെ സന്നിധിയിൽ ചെന്നു് ശ്യാമളമായും, പത്മദളംപോലെ കോമളമായ നേത്രയുഗങ്ങളോടുകൂടിയതായും, മകരന്ദമൊഴുകുന്നതും, വികസിച്ചതും, ആയ കൽഹാരപുഷ്പങ്ങളെ ധരിച്ചിട്ടുള്ള ഭുജദ്വയങ്ങളോടുകൂടിയതായും, രക്തവസ്ത്രാംബര ഗന്ധമാല്യാലംകൃതമായും ഉള്ള മീനാക്ഷീവിഗ്രഹത്തെ മനസ്സിൽ ധ്യാനിച്ചുകൊണ്ടു് നൂററിഎട്ടുകുടം നിറയ തീൎത്ഥജലംകോരി ബിംബാഭിഷേകംചെയ്തു്, ദിവ്യവസ്ത്രാഭരണങ്ങളും സുഗന്ധദ്രവ്യങ്ങളും ആയിരത്തെട്ടു താമരപ്പൂക്കൾ കൊണ്ടു് കെട്ടിയുണ്ടാക്കിയ മാലയും ചാൎത്തി ഭഗവതിയെ പൂജിച്ചു് ഒരോനേരം മാത്രം ഭക്ഷണവും കഴിച്ചുംകൊണ്ടു് ആദ്യത്തെമാസം കഴിച്ചുകൂട്ടി. രണ്ടാംമാസം രാത്രിയിൽമാത്രം ഭക്ഷിച്ചും, മൂന്നാംമാസത്തിൽ യാചിച്ചുകിട്ടിയതിനെ മാത്രം ഭക്ഷിച്ചും, നാലാമത്തെ മാസത്തിൽ ഫലമൂലങ്ങൾ ഭക്ഷിച്ചും, അഞ്ചാമത്തെ മാസത്തിൽ തിലപിഷ്ടം ഭക്ഷിച്ചും, ആറാംമാസത്തിൽ ചാന്ദ്രായണവ്രതമെടുത്തും ഏഴാമത്തെമാസം പഞ്ചഗവ്യാശനംകൊണ്ടും, എട്ടാമത്തെ മാസത്തിൽ വെള്ളം മാത്രം കുടിച്ചും, ഒമ്പതാമത്തെ മാസത്തിൽ പയോവ്രതം അനുഷ്ഠിച്ചും, പത്താമത്തെ മാസത്തിൽദൎഭയുടെ അററത്തുപററിയവെള്ളത്തുള്ളികളെപ്പാനംചെയ്തും, പതിനൊന്നാംമാസത്തിൽ വായുഭക്ഷണംചെയ്തും, പന്ത്രണ്ടാമത്തെമാസത്തിൽ യാതൊന്നും ഭക്ഷിക്കാതെയും, കഴിച്ചുകൂട്ടി. ഇങ്ങനെ കഠിനവ്രതം എടുത്തു് പന്ത്രണ്ടുമാസവും നയിച്ചു് പതിമൂന്നാംമാസം പിറന്നദിവസവും കാലത്തെ വിദ്യാവതി പതിവുപോലെ ഹേമപത്മിനിയിൽ കുളിച്ചു് നിത്യകൎമ്മങ്ങളുമെല്ലാം ചെയ്തു ഭഗവതിയുടെ സന്നിധാനത്തിൽ ചെന്നപ്പോൾ മീനാക്ഷീഭഗവതി ശ്യാമളയും, കൽഹാരകുസുമാലംകൃതപാണിയും, മന്ദഹാസാഞ്ചിതസുന്ദരമുഖിയും, ദിവ്യവസ്ത്രാഭരണവിഭൂഷിതയും ആയ മൂന്നുവയസ്സു പ്രായമുള്ള ഒരു കുട്ടിയുടെ രൂപത്തിൽ പ്രത്യക്ഷമായി വിദ്യാവതിയോടു നിനക്കെന്തൊരുവരം വേണമെന്നു ചോദിച്ചു.

നേത്രാനന്ദകരമായ ഭഗവതീരൂപം കാണുന്നതിനുണ്ടായ ഭാഗ്യം കൊണ്ടു് അതിരില്ലാത്ത സന്തോഷത്തിൽ മുഴുകിപ്പോയ വിദ്യാവതി കന്യകയായ ഭഗവതിയെ സാഷ്ടാംഗമായി പ്രണമിച്ചിട്ടു് ഭക്തിപൂൎവ്വം ഇങ്ങനെ സ്തുതിച്ചു.

യാദേവീ ജഗതാംകൎത്രീ ശങ്കരസ്യാപിശങ്കരീ
നമസ്തസ്യൈസുമീനാക്ഷ്യൈ ദേവ്യൈമംഗളമൂൎത്തയേ ൧

സകൃദാരാദ്ധ്യയാംസൎവ്വമഭീഷ്ടം ലഭതേജനഃ
നമസ്തസ്യൈസുമീനാക്ഷ്യൈ ദേവ്യൈമംഗളമൂൎത്തയേ ൨

യസ്യാപ്രസാദലേശേനഭോഗ മോക്ഷൌസുദുർല്ലഭൌ
നമസ്തസ്യൈസുമീനാക്ഷ്യൈ ദേവ്യൈമംഗളമൂർത്തയേ ൩

യയാശിവോ ഹിമുക്തസ്സ പഞ്ചകൃത്യംകരോതിഹി
നമസ്തസ്യൈസുമീനാക്ഷ്യൈ ദേവ്യൈമംഗളമൂർത്തയേ ൪

യസ്യാഃപ്രീത്യർത്ഥമനിശംലാസ്യം കുർവ്വൻശിവോബഭൌ
നമസ്തസ്യൈസുമീനാക്ഷ്യൈ ദേവ്യൈമംഗളമൂർത്തയേ ൫

ലക്ഷ്മീസരസ്വതീമുഖ്യാ യസ്യാസ്തജ്ജഃകണോത്ഭവാഃ
നമസ്തസ്യൈസുമീനാക്ഷ്യൈ ദേവ്യൈമംഗളമൂർത്തയേ ൬

യാദേവീമുക്തികാമാനാം ബ്രഹ്മവിദ്യാപ്രദായിനീ
നമസ്തസ്യൈസുമീനാക്ഷ്യൈ ദേവ്യൈമംഗളമൂർത്തയേ ൭

യസ്യാഃപ്രണാമമാത്രേണ വർദ്ധന്തേസർവ്വസമ്പദഃ
നമസ്തസ്യൈസുമീനാക്ഷ്യൈ ദേവ്യൈമംഗളമൂർത്തയേ ൮

യാസ്തുതാസർവ്വപാപഘ്നീ സദാപദ്വിനാശിനീ
നമസ്തസ്യൈസുമീനാക്ഷ്യൈ ദേവ്യൈമംഗളമൂർത്തയേ ൯

യാധ്യാതാപരമാശക്തി സ്സർവ്വസിദ്ധികരീശിവാ
നമസ്തസ്യൈസുമീനാക്ഷ്യൈ ദേവ്യൈമംഗളമൂർത്തയേ ൧൦

യയാദേവ്യാവിരഹിത ശ്ശിവോപിഹിനിരർത്ഥകഃ
നമസ്തസ്യൈസുമീനാക്ഷ്യൈ ദേവ്യൈമംഗളമൂർത്തയേ ൧൧

ചരാചരംജഗൽസർവ്വം യസ്യാഃപാദസമുത്ഭവം
നമസ്തസ്യൈസുമീനാക്ഷ്യൈ ദേവ്യൈമംഗളമൂർത്തയേ ൧൨

ഇങ്ങനെ ഉള്ളമഴിഞ്ഞ ഭക്തിയോടുകൂടെ വിദ്യാവതി സ്തുതിച്ചതു കേട്ടു ഭക്തവത്സലയായ ഭഗവതി നിനക്കെന്തൊരുവരമാണ് വേണ്ടതെന്നു വീണ്ടും ചോദിച്ചു. വിദ്യാവതി, എല്ലാക്കാലങ്ങളിലും ഒരുപോലെ എന്റെ ഹൃദയം ഭഗവതിയുടെ പാദസ്മരണയോടുകൂടിയതായി ഭവിക്കണമെന്നല്ലാതെ മറ്റൊന്നും വേണമെന്നില്ലെന്നു പറഞ്ഞു.

ഉടനെ മീനാക്ഷി, വിദ്യാവതീ!! എല്ലാക്കാലത്തും നിന്റെ ചിത്തം എന്റെ രൂപസ്മരണയിൽ നിശ്ചലമായിട്ടുതന്നെയിരിക്കും അതിന് യാതൊരു സംശയവുമില്ല. നിനക്കിനി മറ്റുവല്ല വരങ്ങളും ആവശ്യമുണ്ടെങ്കിൽ പറയുക, അതും ഞാൻ സാധിച്ചുതരാം എന്നുപറഞ്ഞു.

വിദ്യാവതിയുടനെ, അല്ലയോ ഭഗവതീ! ഭവതിക്കു എന്റെമേൽ ഒങ്ങനെ ദയവുതോന്നുന്നെങ്കിൽ ഇപ്പോൾ ഭഗവതി എന്റെ മുമ്പിൽ പ്രത്യ

ക്ഷമായ രൂപത്തിൽ എന്റെ മകളായി ജനിച്ചാൽ കൊള്ളാമെന്നാഗ്രഹംഉണ്ടു്. അങ്ങനെ ആയാൽ ഭഗവതിയെ എനിക്കു എല്ലാപ്പോഴും ഒന്നുപോലെ ആർദ്രമായ വാത്സല്യത്തോടുകൂടെ ആശ്ലേഷവും ചുംബനങ്ങൾ ചെയ്യാമല്ലോ. ഭഗവതിയുമായിട്ടുള്ള നിത്യസഹവാസം കൊണ്ടു് ഇനിക്കു അന്ത്യകാലത്തിൽ മോക്ഷവും കിട്ടും.

ഭഗവതി അതുകേട്ടു്, അല്ലയോ വിദ്യാവതീ! നീ അടുത്തജന്മത്തിൽ കാഞ്ചനമാലയെന്നുള്ള പേരോടുകൂടെ ജനിച്ചു് മലയധ്വജപാണ്ഡ്യന്റെ ഭാൎയ്യയായി ഭവിച്ചു് സകല ഭോഗങ്ങളേയും അനുഭവിച്ചു ചിരകാലം സുഖിക്കും. അന്നു് നിങ്ങൾ സന്തതിലാഭത്തിനുവേണ്ടി ചെയ്യുന്ന പുത്രകാമേഷ്ടിയിൽനിന്നും ഞാൻ ഇപ്പോൾ കണ്ട രൂപത്തിൽ അവതരിച്ചു് നിന്റെ മകളായിത്തീൎന്നു് എല്ലാ അഭീഷ്ടങ്ങളേയും സാധിച്ചുതരാം. നിനക്കും നിന്റെ ഭർത്താവായ മലയധ്വജപാണ്ഡ്യനും, അവസാനത്തിൽ മോക്ഷവും ലഭിക്കും. വിശേഷിച്ചും തൽകൃതമായ സ്തോത്രം അനുദിവസവും ഭക്തിയോടുകൂടെ പാരായണംചെയ്യുന്നവൎക്കും പുരുഷാൎത്ഥങ്ങൾ നാലും, അനായാസേന സംപ്രാപ്തമാകും. എന്നിങ്ങനെ അരുളിച്ചെയ്തതിന്റെശേഷം അന്തർദ്ധാനം ചെയ്തു.

അല്ലയോ മഹൎഷിമാരേ! ആ വിദ്യാവതിയാണു് മലയധ്വജപാണ്ഡ്യന്റെ ഭാൎയ്യയായ കാഞ്ചനമാല. ഭഗവതി വിദ്യാവതിക്കു് നല്കിയ വരമനുസരിച്ചാണു് ഇങ്ങനെ തടാതകയെന്നുള്ള അഭിധാനത്തിൽ മലയധ്വജന്റേയും, കാഞ്ചനമാലയുടേയും പുത്രിയായി അവതരിച്ചതു്. ഈ വിദ്യാവതീചരിതശ്രവണം പാപഹരവും ആണു്. ഇനി ഞാൻ കഥാശേഷം പറയാം; നിങ്ങൾ ഭക്തിപൂൎവ്വം ശ്രവിച്ചുകൊള്ളുവിൻ. മലയധ്വജപാണ്ഡ്യന്റേയും കാഞ്ചനമാലയുടേയും പ്രേമഭാജനമായും കാഴ്ചക്കാൎക്കെല്ലാം നയനാനന്ദകാരിണിയായും തേജസ്സ്വരൂപിണിയായും, സൎവൈശ്വൎയ്യനിലയനമായും അതിബുദ്ധിശാലിനിയായും ചന്ദ്രക്കലപോലെ നാൾക്കുനാൾ വളൎന്നു തുടങ്ങിയ തടാതകയെ അച്ഛനായ മലയധ്വജപാണ്ഡ്യൻ വേദാഗമപുരാണേതിഹാസങ്ങളും മററു സകല ശാസ്ത്രങ്ങളും എല്ലാകലാവിദ്യകളും അതിവിദഗ്ദ്ധന്മാരായ ഗുരുക്കന്മാരെക്കൊണ്ടഭ്യസിപ്പിച്ചു. കുശാഗ്രബുദ്ധിയോടുകൂടിയ അവൾ തിരിയിൽനിന്നും കൊളുത്തിയ ദീപംപോലെ ഗുരുക്കന്മാരെക്കാൾ അനേകായിരം മടങ്ങധികമായി എല്ലാവിദ്യകളിലും ഒന്നുപോലെ അനിതരസാധാരണമായ വൈദഗ്ദ്ധ്യം സമ്പാദിച്ചു. സംഗീതസാഹിത്യാദികളിലും ധനുൎവ്വിദ്യയിലും, മററുള്ള ആയോധനക്രമങ്ങളിലും രാജ്യഭരണവിഷയത്തിലും ഇത്രമാത്രം പാണ്ഡിത്യം ഉള്ളവരായി തടാതകയ്ക്കൊപ്പം ഒരുത്തരും ഒരുകാലത്തും ഉണ്ടായിട്ടില്ലെന്നുള്ളതു് സൎവ്വവിദിതം ആണു്. പിതാവായ മലയധ്വജൻ തന്റെ കണ്ണിലുണ്ണിയായ മകളെയും പരിലാളിച്ചു് ക്ഷേമകരമാകുംവണ്ണം രാജ്യപരിപാലനവും ചെയ്തു അനേകകാലം ഭാൎയ്യാസമേതം ഐഹികസൌഖ്യങ്ങൾ അനുഭവിച്ചു് ഒടുവിൽ ഭോഗസുഖങ്ങളിൽ വിരക്തനായി പുത്രിയായ തടാതകയ്ക്കു പട്ടം കെട്ടിച്ചതിന്റെ ശേഷം ഇഹലോകംവിട്ടു് സ്വൎഗ്ഗത്തേക്കുപോയി. അവൎക്കു പുത്രസന്താനം ഇല്ലാതിരുന്നതിനാൽ പിതൃക്രിയകൾ എല്ലാം

പുത്രിയായ തടാതകതന്നെ ചെയ്തു. അനന്തരം രാജ്ഞിയായിത്തീൎന്ന തടാതക സൎവരാജാക്കന്മാരേയും യുദ്ധത്തിൽ ജയിച്ചു് ഭൂമിമുഴുവൻ കീഴടക്കി ഭൂലോക ചക്രവൎത്തിനിയായി രാജ്യപരിപാലനം നടത്തിവന്നു. ഭഗവതിയായ മീനാക്ഷി മലയധ്വജപാണ്ഡ്യന്റെ മകളായി അവതരിച്ച ഈ നാലാമത്തെ ലീലയെ കേൾക്കുകയും പഠിക്കുകയും ചെയ്യുന്നവൎക്ക് ഭാൎയ്യാപുത്രമിത്ര സമ്പൽസമൃദ്ധിയും ആയുരാരോഗ്യാഭിവൃദ്ധിയും മോക്ഷവും ഉണ്ടാകുന്നതാണു്.

൪-ാം അദ്ധ്യായം

തടാതകാജനനമെന്ന

നാലാമത്തെ ലീല

സമാപ്തം.

—:0:—

# ഹാലാസ്യമാഹാത്മ്യം.

കേരളഭാഷാഗദ്യം

## ൫-ാം അദ്ധ്യായം.

തടാതകാപരിണയമെന്ന

### അഞ്ചാമത്തെ ലീല.

അല്ലയോ മഹൎഷിശ്രേഷ്ഠന്മാരേ! ഇനി നിങ്ങൾ, ബ്രഹ്മാവിഷ്ണുമഹേന്ദ്രാദികൾക്കുപോലും അദൃശ്യനായ ഭഗവാൻ, സ്വലിംഗത്തിൽ നിന്നും, അതികോമളവിഗ്രഹനായി, സുന്ദരേശ്വരൻ എന്നുള്ള നാമധേയത്തോട്ടുകൂടെപ്പായി തടാതകയെ പരിണയംകഴിച്ചു പാണ്ഡ്യരാജ്യം വാഴിത്തീൎന്ന ലീലയെ കേട്ടുകൊള്ളുവിൻ! എന്നിങ്ങനെ അഗസ്ത്യമഹൎഷി വസിഷ്ഠാദികളോടു മുഖവുരയായി പറഞ്ഞിട്ടു് വീണ്ടും കഥയാരംഭിച്ചു.

അനന്തരം തടാതക, രത്നസിംഹാസനത്തിൽ എഴുന്നെള്ളിയിരുന്നു്, നവരത്നനിൎമ്മിതമായ കിരീടവും ധരിച്ചു് ഛത്രചാമരാദികളായ രാജചിഹ്നങ്ങളോടു കൂടെ വിചാരദക്ഷന്മാരായ സചിവന്മാരുമായി ആലോചിച്ചു് ദുഷ്ട

ശിക്ഷയും ശിഷ്ടരക്ഷണവും ശാസ്ത്രരീതിപ്രകാരം നടത്തി സാമ്രാജ്യലക്ഷ്മി
യെ പരിലാളിച്ചുകൊണ്ടുവരുന്ന അവസരത്തിൽ, രാജ്യലക്ഷ്മിക്കുണ്ടായ സൌ
ഭാഗ്യദശയെക്കണ്ടു് തനിക്കുംകൂടി തടാതകാസംബന്ധം കൊണ്ടു് സർവോപ
രിശ്രേഷ്ഠമായ പദവി ലഭിക്കുമെന്നുള്ള മോഹംകൊണ്ടോ എന്നുതോന്നുംവണ്ണം
യൌവനലക്ഷ്മിയും, തടാതകയുമൊന്നിച്ചു് സമ്മേളിക്കുന്നതിനായി വന്നു
ചേൎന്നു. ഉടൻ തടാതക പ്രിയമാതാവായ കാഞ്ചനമാലയോടു തന്റെ വികൃ
തസ്തനംപോകുന്നതെന്നാണെന്നു ചോദിച്ചു. ഭൎത്താവിനെക്കാണുമ്പോൾനി
ന്റെ വികൃതസ്തനം ഇല്ലാതെയാകുമെന്നു കാഞ്ചനമാല മറുപടിപറഞ്ഞു.

തടാതക, അതുകേട്ടു്, ഞാൻ ഇവിടെത്തന്നെ ഇരുന്നാൽ ഇനിക്കു അ
നുരൂപനായ ഒരു ഭൎത്താവിനെ കണ്ടെന്നോ, കിട്ടിയെന്നോ,വരുന്നതല്ല. ദി
ഗ്വിജയത്തിനുള്ള വ്യാജേന മൂന്നുലോകത്തിലും ഒന്നുപോലെ സഞ്ചരിച്ചാൽ
അതു് സാധിക്കാമെന്നു നിശ്ചയിച്ചുകൊണ്ടു് ചതുരംഗസേനാസമേതയായു്
വായുവേഗവും, മനോവേഗവും തോററുപോകത്തക്കവണ്ണമുള്ള അസാധാരണ
വേഗത്തോടുകൂടിയ നാലു വെള്ളക്കുതിരകളെ പൂട്ടിയതും, മീനധ്വജത്താൽ
പ്രശോഭിതവും ആയ ഒരു വലിയരഥത്തിൽ ചാപബാണതൂണീരപാണിയാ
യിട്ടാരോഹണംചെയ്തു് ദുൎഗ്ഗമങ്ങളായ വനങ്ങളെക്കൊണ്ടും, മററും പ്രവേശി
ക്കുന്നതിനു് പ്രയാസമേറിയ പല രാജ്യങ്ങളും പിന്നിട്ടു്, ദേവനായ ദിവാക
രൻ മേരുവിനെ പ്രദക്ഷിണംവെച്ചു് അന്ധകാരത്തെ സംഹരിക്കുന്നതുപോ
ലെ ഭൂമിമുഴുവൻ ചുററി എല്ലാരാജാക്കന്മാരുടേയും അഹങ്കാരത്തെ ശമിപ്പി
ച്ചു്, അവരെയെല്ലാം കീഴടക്കി അവരിൽനിന്നും അനവധി രത്നങ്ങളും, ആ
ഭരണങ്ങളും, ഗജാശ്വങ്ങളും, മററും തിറവാങ്ങി, തന്റെ അധീനത്തിലുള്ള
രാജ്യത്തിന്റെസീമ ചക്രവാളപൎയ്യന്തമാക്കി. അതിന്റെശേഷം അഷ്ടദിക്പാ
ലന്മാരെ ജയിക്കുന്നതിനായി, പഞ്ചാക്ഷരമന്ത്രം ജപിച്ചു്, തന്റെസൈന്യ
ങ്ങൾക്കു ദിവ്യദൃഷ്ടിയും, അന്തൎദ്ധാനശക്തിയും, ആകാശചാരിത്വവുംഉണ്ടാ
ക്കി. ഒന്നാമതായി അമരാവതിയിൽച്ചെന്നു് ദേവേന്ദ്രനെ യുദ്ധത്തിൽ തോ
ല്പിച്ചു്, അദ്ദേഹത്തിനോടു് കല്പകവൃക്ഷം, ചിന്താരത്നം, കാമധേനുതുടങ്ങിയ
പല ദിവ്യവസ്തുക്കളും, സംഭാവനയായി വാങ്ങി. അനന്തരം അഗ്നിലോക
ത്തിൽ പോയി അദ്ദേഹത്തെജയിച്ചു് പലതരത്തിലുള്ള ദിവ്യവസ്ത്രങ്ങളും,
ആഭരണങ്ങളും വിലതീരാത്ത രത്നങ്ങളും, വാഹനങ്ങളും മററും കാഴ്ചദ്രവ്യങ്ങ
ളായി സ്വീകരിച്ചു. കാലപുരത്തിൽപോയി അദ്ദേഹത്തിനേയും, യുദ്ധത്തി
ൽ തോല്പിച്ചു്, നീലപ്പട്ടു് കസ്തൂരി, നീലക്കല്ലു മുതലായ പല അമൂല്യസാ
ധനങ്ങളും യമധൎമ്മൻ കാഴ്ചവെച്ചതിനെ അംഗീകരിച്ചു. നിരൃതിയേയും,
വരുണനേയും അപ്രകാരംതന്നെ ജയിച്ചു് അവരോടും അനേകം വിലതീരാ
ത്ത വിശേഷവസ്തുക്കളെ തിറയായി വാങ്ങിച്ചു. അനന്തരം അളകാപുരി
യിൽപ്പോയി. യുദ്ധോദ്യുക്തയായി ചെല്ലുന്ന തടാതകയുടെ ആഗമനം ക
ണ്ടു തന്നെ ഭയവിഹ്വലനായിത്തീൎന്ന വൈശ്രവണൻ അനേകായിരം സ്വ
ൎണ്ണകുംഭങ്ങൾ നിറയെ ദ്രവ്യങ്ങളും പല പല വിലതീരാത്ത നിധികളും ദി

വ്യകുസുമങ്ങളും മററും കൊണ്ടുവന്നുകൊടുത്തു് തൃപ്തിയാക്കി, പറഞ്ഞയച്ചു. അവിടെനിന്നും എട്ടാമത്തെ ദിക്പാലനായ അഷ്ടമൂൎത്തിയെ ജയിക്കുന്നതിനായി കൈലാസത്തിലേക്കുപോയി. ചെന്നയുടൻതന്നെ തടാതകയുടെ സൈന്യങ്ങൾ കോട്ടവളഞ്ഞു് അട്ടഹാസംചെയ്തു. ഉടൻതന്നെ അനേകായിരം ഭൂതങ്ങൾ ചെന്നു് തടാതകയുടെ സൈന്യങ്ങളോടേററു് തോറേറാടി. ദേവിയും, സൈന്യങ്ങളുംകൂടി പ്രാകാരത്തിനുള്ളിൽ പ്രവേശിക്കാനായി ഭാവിച്ചപ്പോൾ ദ്വാരപാലകശ്രേഷ്ഠനായ നന്ദി വന്നു് ദേവിയെത്തടുത്തു് യുദ്ധമാരംഭിച്ചു. ദേവിയും, നന്ദിയുമായി വളരെനേരം ഘോരമായിയുദ്ധംചെയ്തതിൽവച്ചു നന്ദി ക്ഷീണിക്കുകയാൽ വിവരം പരമേശ്വരനെ അറിയിക്കാനായി ഓടിപ്പോകാൻ തുടങ്ങിയപ്പോൾ ദയാനിധിയും, സുന്ദരേശ്വരനുമായ ഹാലാസ്യനാഥൻ, ചുട്ടുപഴുപ്പിച്ച തങ്കത്തിനേക്കാൾ പ്രകാശമേറിയ തേജസ്സോടും, സൌന്ദൎയ്യക്കടലിൽനിന്നും ഉണ്ടായ പൂൎണ്ണചന്ദ്രനുതുല്യമായ മുഖത്തോടും എന്നുവേണ്ട തടാതകയുടെ സൌന്ദൎയ്യപ്രത്യേകതയ്ക്കനുരൂപമായഅംഗകോമളിമാവും സൽപുരുഷലക്ഷണങ്ങളും തികഞ്ഞ ഒരു പതിനാറുവയസ്സുപ്രായംവരുന്ന യുവാവിന്റെ വേഷം കൈക്കൊണ്ടു്, കിരീടകുണ്ഡലാദികളായ വിഭൂഷണങ്ങളും, ദിവ്യങ്ങളായ വസ്ത്രങ്ങൾ, പുഷ്പങ്ങൾ, ഗന്ധങ്ങൾ മുതലായവകളും അണിഞ്ഞു് വൃഷഭധ്വജത്താൽ അലംകൃതമായ രഥത്തിൽകയറി നന്ദികേശ്വരന്റെ മുമ്പിൽ പ്രത്യക്ഷനായി. ഉടനെ നന്ദികേശ്വരൻ ഭൂതഗണങ്ങളോടുകൂടെ ഭഗവൽപ്പാദത്തിൽ വീണു് സാഷ്ടാംഗനമസ്കാരം ചെയ്തുകൊണ്ടു്, അല്ലയോ ഭഗവാനെ! ആശ്രിതന്മാരായ അടിയങ്ങളെ രക്ഷിക്കണേ! എവിടെനിന്നെന്നറിയാൻ പാടില്ലാതെ മൂന്നുമുലയുള്ള അതിതേജസ്വിനിയും വീൎയ്യപരാക്രമശാലിനിയും, യുദ്ധകൌശലനിപുണയുമായ ഒരുസ്ത്രീ വന്നു് അടിയങ്ങളോടു് യുദ്ധംതുടങ്ങി, അടിയങ്ങളെ തോല്പിച്ചിരിക്കുന്നു. ഇനി അവിടത്തോടു യുദ്ധത്തിനു വരാൻ ഭാവിക്കുകയും ചെയ്യുന്നു. ത്രിപുരന്മാരെപ്പോലും സംഹരിച്ച തിരുവടി അതിവേഗത്തിൽ ഇവളെ ജയിച്ചു് അടിയങ്ങളുടെ മാനത്തേയും, ജീവനേയും രക്ഷിക്കണം എന്നുപറഞ്ഞു.

ഭഗവാൻ അതുകേട്ടു്, നിങ്ങൾ പേടിക്കേണ്ടാ. ഞാൻ പോയി അവളെ യുദ്ധത്തിൽ തോല്പിക്കാം. നിങ്ങൾ സമാധാനമായിരിക്കുവിൻ എന്നു പറഞ്ഞിട്ടു്, ചാപബാണതൂണീരപാണിയായി തടാതകയെ പാണിപീഡനം ചെയ്യുന്നതിലുള്ള ഔത്സുക്യത്തോടുകൂടെ അവളുടെ മുമ്പിൽ ചെന്നുനിന്നുകൊണ്ടു് ആപാദചൂഡം ഒന്നുനോക്കി. ദൎശനമാത്രത്താൽതന്നെ തടാതകയുടെ മൂന്നാമത്തെ മുല, എന്റെ ദൃഷ്ടിയിൽ വിന്ധ്യപൎവ്വതംഎന്നപോലെ മറഞ്ഞു. ഉടൻതന്നെ തടാതകയോടൊന്നിച്ചുണ്ടായിരുന്ന മന്ത്രിവരിഷ്ഠൻ, അല്ലയോ ചക്രവൎത്തിനീ! ഈ നില്ക്കുന്ന കാമകോമളനായ പുരുഷസിംഹംതന്നെ തിരുവടിയുടെ ഭൎത്താവു്. ഇദ്ദേഹം ഭവതിയെ നോക്കിയ ക്ഷണത്തിൽതന്നെ ഭവതിയുടെ വികൃതസ്തനം നശിച്ചിരിക്കുന്നു എന്നു് തടാതകയോടു് രഹസ്യമായിപ്പറഞ്ഞു.

തടാതക അതുകേട്ട് അത്യന്തം ഉൽക്കണ്ഠയോടുകൂടെ തന്റെ മുമ്പിൽ വന്നു നില്ക്കുന്നവനും, തനിക്കു ഭൎത്താവാകാൻ പോകുന്നവനും, ആയിരം കാമദേവന്മാരുടെ സൌന്ദൎയ്യം ഒന്നിച്ചു മൂൎത്തീഭവിച്ചു നില്ക്കുകയാണോ എന്നു തോന്നുംവണ്ണം ജ്വലിച്ചിരിക്കുന്ന സൌന്ദൎയ്യതേജസ്സോടുകൂടിയവനും, ചന്ദ്രചൂഡനും ആയ സുന്ദരേശ്വരനെ ഒന്നു നോക്കി. ഉടൻതന്നെ തടാതക മോഹിതയായി എന്നു മാത്രമല്ല, കയ്യിൽഇരുന്ന അമ്പും വില്ലും രഥത്തിൽ വീഴുകയും അനുരാഗപ്രകടിതങ്ങളും അതേവരെയും അവളുമായി യാതൊരു സംബന്ധവും ഉണ്ടായിട്ടില്ലാത്തതുമായിരുന്ന ഹാവഭാവവിലാസങ്ങളും വ്രീളാനന്ദാകടാക്ഷാദികളും അവളിൽ അങ്കുരിതമാവുകയും ചെയ്തു. അനന്തരം തടാതക തന്റെ പാദാംഗുഷ്ഠത്തിൽ ദൃഷ്ടിയും ഉറപ്പിച്ചു അനങ്ങാതെ രഥത്തിൽ ചിത്രംപോലെ നിലയായി. ഉടനെ പരമശിവൻ, അല്ലയോ സുന്ദരി! ഞാൻ നിന്നെ വിവാഹംചെയ്വാനായി വന്നിരിക്കുകയാണു്. നിനക്കു സമ്മതമുണ്ടോ എന്നു മധുരമായിചോദിച്ചു.

തടാതക അതുകേട്ട്, എന്റെ മാതാവായ കാഞ്ചനമാലയുടെ അനുവാദംകൂടാതെ അങ്ങേ എനിക്ക് പരിണയിക്കാൻ നിവൃത്തിയില്ല. എന്റെ ഭാഗ്യവതിയായ മാതാവു് മലയധ്വജപാണ്ഡ്യന്റെ പത്നിയായിരുന്നു. അദ്ദേഹം സ്വൎഗ്ഗാരോഹണംചെയ്തുപോയി. അമ്മ ഞങ്ങളുടെ ദിക്കായ മധുരാപട്ടണത്തിൽ ഉൽകൃഷ്ടമായ തപസ്സോടുകൂടെ പാൎക്കുന്നുണ്ട്. അവരുടെ അനുമതിവാങ്ങി അങ്ങ് എന്നെപരിണയിച്ചുകൊള്ളുക എന്നുപറഞ്ഞു.

ഉടനെ സുന്ദരേശൻ, ഇന്നു സോമവാരമാണ്. ഇനിയത്തെ സോമവാരത്തുന്നാൾ ഞാൻ മധുരാപട്ടണത്തിൽ വന്നു ഭവതിയുടെ മാതാവിന്റെ അനുവാദംവാങ്ങി ഭവതിയെ വിവാഹംചെയ്തുകൊള്ളാം. ഇപ്പോൾ ഭവതി പൊയ്ക്കൊള്ളുകയെന്നു പറഞ്ഞിട്ടു ഉടൻതന്നെ അന്തൎദ്ധാനംചെയ്തു.

തന്റെ മൂന്നാമത്തെ മുല ഇല്ലാതെ ആയതുകൊണ്ടും, സുന്ദരനായ ഭൎത്താവിനെ ലഭിച്ചതുകൊണ്ടും, അത്യന്തം സന്തോഷസാഗരനിമഗ്നയായ തടാതക ഉടൻതന്നെ സൈന്യങ്ങളോടുകൂടെ മടങ്ങിത്തിരിച്ച് മധുരയെ പ്രാപിച്ചു മാതാവായ കാഞ്ചനമാലയോടു വിവരങ്ങൾ എല്ലാം പറഞ്ഞു. കാഞ്ചനമാല അതുകേട്ട് ഏററവും സന്തോഷിച്ചു.

അനന്തരം തടാതക മന്ത്രിപ്രവരരെ വിളിച്ച് അടുത്ത സോമവാരദിവസം നടക്കാൻപോകുന്ന വിവാഹത്തിനു വരുന്നതിനായി എല്ലാ രാജാക്കന്മാൎക്കും, കല്യാണപത്രികകൾ അയയ്ക്കുകയും, കല്യാണത്തിനുവേണ്ട എല്ലാ സംഭാരങ്ങളും അതിവേഗത്തിൽ ഒരുക്കുകയും ചെയ്യണമെന്നാജ്ഞാപിച്ചു.

മന്ത്രിമാർ ഉടൻതന്നെ പത്രികകൾ എഴുതി അയയ്ക്കുകയും, മററു കല്യാണസംഭാരങ്ങൾ ഒരുക്കിത്തുടങ്ങുകയും ചെയ്തു. നഗരങ്ങൾ എല്ലാം അ

ടിച്ചു വാരിച്ചു ചപ്പും ചവറും കളഞ്ഞു വൃത്തിയാക്കിച്ചു. രാജവീഥികൾ, വെള്ളംതളിച്ചും വെള്ള മണപ്പുകൾ വിരിച്ചും ഭംഗിപിടിപ്പിച്ചു. കൊട്ടാരങ്ങളിലും ഗോപുരങ്ങളിലും ദേവാലയങ്ങളിലും എല്ലാം കൊടിക്കൂറകൾതൂക്കി. കുലവാഴകളും തോരണങ്ങളും പുഷ്പമാല്യങ്ങളും മററുംകൊണ്ടു് എല്ലാ സ്ഥലവും ഒന്നുപോലെ അലംകരിച്ചു സൎവ്വദാ ലക്ഷ്മീദേവിയുടെ നൃത്തരംഗമായ അ പട്ടണം കല്യാണത്തിൻെറ ഒരുക്കങ്ങൾ കൊണ്ടു്, മുമ്പത്തേതിൽസഹസ്രോപരി പ്രകാശിച്ചു. നോക്കുന്ന നോക്കുന്ന സ്ഥലങ്ങളിലെല്ലാം രാജബന്ധുക്കളെയും ഉദ്യോഗസ്ഥന്മാരേയും അല്ലാതെ കാണ്മാനില്ലാതെയായി. ദേവാലയങ്ങളിലും ചൈത്യങ്ങളിലും സൎവ്വദാ നൃത്തഗാനവാദ്യഘോഷങ്ങൾ തുടങ്ങി. എന്നുവേണ്ടാ ഉത്സാഹംകൊണ്ടു് പ്രസന്നമല്ലാത്ത ഒരു മുഖവും അലംകരിക്കാത്ത ഒരു സ്ഥലവും മധുരാപുരിയിൽ ഇല്ലാതെആയി. അന്യസംഭാരങ്ങൾ ഒന്നും ഒരുക്കുന്നതിനു് അവൎക്കു യാതൊരു പ്രയാസവും ഉണ്ടായില്ല. ദേവേന്ദ്രദത്തമായ കല്പകവൃക്ഷം, കല്യാണഘോഷത്തിനു വേണ്ട സ്വൎണ്ണപ്പട്ടുകളും, ദിവ്യവസ്ത്രങ്ങളും, കാമധേനു പാൽ, തേൻ, തയിർ, നെയ്യു്, ശൎക്കരമുതലായ രസദ്രവ്യങ്ങളും ചിന്താമണി; അനവധി സ്വൎണ്ണവുംവിവിധങ്ങളായ ദിവ്യരത്നങ്ങളും സുഗന്ധദ്രവ്യങ്ങളും ആഭരണങ്ങളും മററും നൽകി. ഇങ്ങനെ വിവാഹമഹോത്സവത്തിനു വേണ്ട സംഭാരങ്ങൾ എല്ലാം ഒരുക്കുകയും മധുരാപുരം അത്ഭുതമായ അലങ്കാരശ്രീയുടെ നൃത്തഭൂമിയായി തീരുകയും ചെയ്തപ്പോൾ സോമവാരവും സംപ്രാപ്തമായി. കമിതാവാകാൻപോകുന്ന സുന്ദരേശ്വരൻെറ സ്വരൂപത്തേയും ധ്യാനിച്ചു ചീനാംശുകോദ്ധൂതമായ പ്രാസാദത്തിൽ മാതാവുമൊന്നിച്ചു് വാഴുന്ന തടാതകയുടെ ഹൃദയം സന്തോഷാധിക്യംകൊണ്ടു് തുടിച്ചു. ഭൎത്തൃആഗമനത്തെ അവൾ അത്യന്തം ഉൽക്കണ്ഠയോടുകൂടെ പ്രതീക്ഷിച്ചു തുടങ്ങി. സുമുഹൂൎത്തവും സംപ്രാപ്തമായി കദംബവനനായകനായ സുന്ദരേശ്വരൻ കല്യാണോചിതമായ സൌന്ദൎയ്യവേഷത്തോടുകൂടെ മൂലലിംഗത്തിൽ നിന്നും പ്രത്യക്ഷനായി. ഭഗവൻനിയോഗപ്രകാരമുള്ള ഭൂതഗണങ്ങളുടെ ക്ഷണപ്രകാരം കല്യാണമഹോത്സവത്തിനു പോകാനായി വന്നു്, ശിവൻ എപ്പോൾ പ്രത്യക്ഷമാകുമെന്നും പ്രതീക്ഷിച്ചു് ബന്ധുപുത്രമിത്രദാരങ്ങളോടും ഭൃത്യവൎഗ്ഗങ്ങളോടും കൂടെ കാത്തുനില്ക്കുന്ന ബ്രഹ്മാവിഷ്ണുമഹേന്ദ്രാദികളും ഏകാദശരുദ്രന്മാരും, ദിക്പാലന്മാരും, അഷ്ടവസുക്കളും, ദ്വാദശാദിത്യന്മാരും നവഗ്രഹങ്ങളും, വ്യാഘ്രപാദൻ പതഞ്ജലി, ഉപമന്യു ശൌനകാദികൾ, വാമദേവൻ, ശുകൻ, വ്യാസൻ, നാരദൻ, മുതലായ മഹൎഷികളും, ഞാനും സപ്തമാതാക്കളും, സിദ്ധസാദ്ധ്യോരഗകിന്നരകിംപുരുഷന്മാരും, യക്ഷന്മാരും, കിന്നരന്മാരും, ദേവൎഷികളും, യോഗികളും, നിഋതിഗണങ്ങളും, അസുരഗണങ്ങളും, ഭൂതപ്രേതപൈശാചികഗണങ്ങളും എന്നുവേണ്ട മൂന്നുലോകത്തിലും ഉള്ള എല്ലാ ചരാചര ജീവികളുംകൂടെ ഭഗവാനെ വന്ദിച്ചു. ഭഗവാൻ കരുണാപൂൎവ്വം എല്ലാവരേയും അനുഗ്രഹിച്ചിട്ടു്, തുള്ളിപ്പായുന്ന വെള്ളിമാമലയൊ എന്നു കാണികൾ സംശയിച്ചുപോകത്തക്കവണ്ണം മഹോന്നതനും, തൻെറ വാഹനവും ആയ വൃഷഭശ്രേഷ്ഠൻെറ മുകളിൽക്ക

യറി ബ്രഹ്മാവിഷ്ണുമഹേന്ദ്രാദികളൊന്നിച്ചു് മധുരയിലേക്കു യാത്രയാരംഭിച്ചു. കുണ്ഡോദരൻ രത്നക്കാലുള്ള വെൺകൊററക്കുടയും പിടിച്ചു് ഭഗവാന്റെ മുമ്പിലും കുംഭോദരൻ ഭഗവാന്റെ ശൂലവുമേന്തിപ്പുറകിലും നടന്നു. സഹസ്രവദനൻ തന്റെ ആയിരം വദനങ്ങൾകൊണ്ടും ശംഖനാദം ചെയ്തു. കൊടി കുട തഴ ആലവട്ടം മുതലായ രാജചിഹ്നവാഹകന്മാരായും അനവധി ഭൂതഗണങ്ങൾ ഭഗവാനെ അനുഗമിച്ചു. മഹർഷിമാരുടെ സാമവേദഗാനംകൊണ്ടും സിദ്ധസാദ്ധ്യഗണങ്ങളുടെ ജയജയഘോഷംകൊണ്ടും ഗന്ധർവന്മാരുടെ സദിരുകൊണ്ടും ദേവനർത്തകികളുടെ അത്ഭുതനൃത്തംകൊണ്ടും, വാദ്യഘോഷങ്ങൾകൊണ്ടും ശോഭനങ്ങളും പാടി രത്നപൂർണ്ണമായ കാഞ്ചനപാത്രങ്ങളും ധരിച്ചു് മുമ്പിൽ നടക്കുന്ന ദേവസ്ത്രീകളെക്കൊണ്ടും മൂന്നുലോകത്തിനും ഏകനാഥനായ ഹാലാസ്യനാഥന്റെ കല്യാണയാത്ര അത്യുത്തമമനോഹരമായിരുന്നു. എല്ലാവരും കൂടിച്ചെന്നു മധുരാപുരം നിറഞ്ഞു.

സുന്ദരേശ്വരനും പരിവാരങ്ങളും അത്ഭുതപൂർവമായ കല്യാണഘോഷത്തോടുകൂടെ മധുരാപട്ടണത്തിൽ എത്തിയ ഉടനെ തടാതക ആഗതന്മാരായ സകലരാജാക്കന്മാരോടും അമാത്യവർഗ്ഗന്മാരോടും കൂടിച്ചെന്നു ഭഗവാനെ വണങ്ങി അദ്ദേഹത്തേയും അനുയായികളേയും എതിരേറ്റു പുരത്തിനുള്ളിലേക്കാനയിച്ചു. ആ അവസരത്തിൽ ദേവന്മാർ ദുന്ദുഭിമുഴക്കുകയും കല്പകപുഷ്പങ്ങൾ വാരി ചൊരിയുകയും ചെയ്തു.

പുരാന്തർഭാഗത്തിൽ ആഗതനായ സുന്ദരേശ്വരൻ വൃഷഭവാഹനത്തിൽനിന്നും നന്ദിയുടെ കയ്യുംപിടിച്ചു നിലത്തിറങ്ങി രത്നകംബളത്തിൽക്കൂടെ നടന്നു് രത്നമയമായ വേദികയെ പ്രാപിച്ചു. ഉടൻതന്നെ ദേവസ്ത്രീകൾ പൂജാദ്രവ്യപാണികളായി ഭഗവൽസന്നിധിയെ പ്രാപിച്ചു സ്വർണ്ണനൂപുരകടകങ്ങളെക്കൊണ്ടു് ശോഭായമാനവും ദിവ്യന്മാരായതാപസഗണങ്ങളാൽപ്പോലും അദൃശ്യവും ആയ ഭഗവല്പാദങ്ങളെ ഹിമതോയംകൊണ്ടു കഴുകി കൌശേയാംബരംകൊണ്ടു് തുടച്ചു് ചന്ദനം തുടങ്ങിയ സുഗന്ധദ്രവ്യങ്ങൾകൊണ്ടു് ലേപനം ചെയ്തു ഭക്തിപൂർവം സുവർണ്ണപുഷ്പങ്ങൾ കോരിവാരി ആരാധിച്ചു് വിധിപ്രകാരമുള്ള പാദപൂജയെ ഭംഗിയാകുംവണ്ണം നിർവഹിച്ചു വന്ദിച്ചു. അനന്തരം കാഞ്ചനമാല, കുങ്കുമോദകമിശ്രമായ അനവധി മുത്തുകൾ തങ്കപ്പാത്രത്തിൽ വച്ചുകൊണ്ടുവന്നു് ഭഗവാന്റെ പാദങ്ങളിൽ അർപ്പിച്ചിട്ടു് ഭക്തിപൂർവം അഞ്ജലീബദ്ധയായി നിന്നുകൊണ്ടു്, അല്ലയോ ഭഗവാനേ! നിന്തിരുവടി എന്റെ മകളായ തടാതകയെ പരിണയിച്ചു് ഭൂമണ്ഡലവും പരിപാലിച്ചു് പാണ്ഡ്യരാജാവായി ഇവിടെ വസിച്ചുകൊള്ളണമെന്നു് ഞാൻ പ്രാർത്ഥിക്കുന്നെന്നു പറഞ്ഞു. കാഞ്ചനമാലയുടെ ആ അപേക്ഷയെ താൻ അംഗീകരിച്ചിരിക്കുന്നതായി മൃദുവായ ഒരു മന്ദഹാസംകൊണ്ടു് പ്രകടീകരിച്ചു. അനന്തരം അദ്ദേഹം ബ്രഹ്മാവിന്റെയും വിഷ്ണുവിന്റെയും കൈകളും പിടിച്ചു്, അന്തഃപുരത്തിനകത്തു പ്രവേശിച്ചു് അവിടെയുള്ള വേദികയിൽ സ്ഥാപിച്ചിട്ടുള്ള സുവർണ്ണസിംഹാസനത്തിൽ ആസനസ്ഥനായി. ബ്രഹ്മാവുംവിഷ്ണുവും പാർശ്വ

സ്ഥലങ്ങളായ വേദികകളിലും ഉപവിഷ്ടന്മാരായി. കുറേനേരം അവർ സ്വ
ർവേശ്യമാരായ ഉർവശ്യാദികളുടെ നൎത്തനങ്ങൾകണ്ടും നാരദാദിമഹർഷികളു
ടെ വീണവായനകേട്ടും, സാമവേദഗാനം ശ്രവിച്ചും ഇരുന്നു.

ഉടനെ മഹാലക്ഷ്മിയും സരസ്വതിയും കൂടി തടാതകയെ മംഗലസ്നാ
നം ചെയ്യിച്ചു് വസ്ത്രാഭരണങ്ങളും പുഷ്പമാലകളും മററും അണിയിച്ചു് ശി
വന്റെ പാർശ്വത്തിൽ കൊണ്ടുചെന്നിരുത്തി. കദംബവനവാസിയായ
ഭഗവാന്റെ ആജ്ഞപ്രകാരം ബ്രഹ്മാവു് ഹോമം ആരംഭിച്ചു. കന്യകാദാ
നംചെയ്യുന്നതിനു പിതാവായരാജാവില്ലാഞ്ഞതിനാൽ മഹാവിഷ്ണുതന്നെ
കാഞ്ചനമാലയോടുകൂടെ തടാതകയെ സുന്ദരേശ്വരന്നു നല്ല മുഹൂൎത്തത്തിൽ
നിരുപിത്തവിധിപ്രകാരം കന്യകാദാനംചെയ്തു. എല്ലാരാജാക്കന്മാരും മ
ഹാവിഷ്ണുവിന്റെ അംശമാണെന്നുള്ളപ്പോൾ പിതാവില്ലാത്ത രാജപുത്രിയാ
യ തടാതകയെ ദാനംചെയ്വാനുള്ള അധികാരം മഹാവിഷ്ണുവിനുതന്നെയാ
ണെല്ലൊ. അനന്തരം സുന്ദരമൂൎത്തിയായ പരമേശ്വരൻ മീനാക്ഷീദേവി
യായ തടാതകയുടെ ഗളത്തിൽ മംഗല്യസൂത്രത്തെ സർവലോകാദിമംഗളമാ
കുംവണ്ണം ബന്ധിച്ചു. അപ്പോൾ ഭഗവതിയായ തടാതക, പുഷ്പിച്ചലതപോ
ലെ അത്യന്തം ശോഭിച്ചു. അതിന്റെശേഷം ലാജഹോമവും പ്രിയതമയു
യുടെ കാൽപിടിച്ചുശിലയിൽവയ്ക്കുക എന്നകൎമ്മവും ഭഗവാൻചെയ്തു. അ
തിൽപിന്നെ സപ്തപദിയെന്നുള്ള കൎമ്മത്തേയും സുന്ദരേശ്വരൻ ആചരിച്ചു.
അനന്തരംദേവവൃന്ദങ്ങളും മുനിവൃന്ദങ്ങളുംകൂടി കുങ്കമചന്ദനമിശ്രിതങ്ങളായ
അനവധി മുത്തുകൾ വിതറി സർവലോകാനുഗ്രഹകരനായ സുന്ദരേശ്വരമൂ
ൎത്തിക്ക ആശീർവാദം ചെയ്തു. ലോകപിതാക്കളായ അവരുടെ വിവാഹപ്രധാ
നമായ ഈ വിവാഹംകൊണ്ടു് സർവജീവരാശികളും ഒന്നുപോലെ ആനന്ദ
സാഗരത്തിൽ മുഴുകി. ഇങ്ങനെ വിവാഹച്ചടങ്ങുകൾ എല്ലാം അവസാനി
പ്പിച്ചതിൽപിന്നെ ബ്രഹ്മാവിനും വിഷ്ണുവിനും അവരുടെ ഭാൎയ്യമാൎക്കും മക്ക
ൾക്കും ഭൃത്യന്മാൎക്കും മററും യഥോചിതം വേണ്ട സമ്മാനങ്ങൾ നല്കി അവ
രെയെല്ലാം യാത്രയാക്കി. കല്യാണം പ്രമാണിച്ചു വന്നിട്ടുണ്ടായിരുന്ന രാജാ
ക്കന്മാൎക്കും അവരുടെ പരിവാരങ്ങൾക്കും യഥോചിതം സംഭാവനകൾ നല്കി
അനന്തരം ലോകവാസികളുടെ ഭാഗ്യംകൊണ്ടു് പാണ്ഡ്യരാജാവായിത്തീൎന്നഭ
ഗവാൻ സുന്ദരേശ്വരൻ കൊന്നപ്പൂമാലയെ കടമ്പുകളുടെ കുടിവത്തുക്കളാ
ക്കി ധരിക്കുകയും കപർദ്ദത്തെ മറച്ചു് തൽസ്ഥാനത്തു് കിരീടംവയ്ക്കുകയും
ചൎമ്മാംബരമുപേക്ഷിച്ചു് ദിവ്യാംബരമുടുക്കുകയും സൎപ്പാഭരണങ്ങളെ ഉപേ
ക്ഷിച്ചു് രത്നാഭരണങ്ങളെ ധരിക്കുകയും ഭസ്മത്തിനുപകരം ചന്ദനംപൂശുക
യും വൃഷഭകേതുവുപേക്ഷിച്ചു് മീനധ്വജം നാട്ടുകയും ചെയ്തിട്ടു് അതുവരെ
യും പാണ്ഡ്യരാജാക്കന്മാരായി ഭവിച്ചിട്ടുള്ള എല്ലാ രാജാക്കന്മാരേക്കാളും
അനേകായിരംമടങ്ങു് ശ്രേയസ്കരമായും വിശ്രുതമായ പ്രതാപവൈഭവങ്ങ
ളോടുകൂടിയും നീതിധൎമ്മങ്ങളെ സർവത്ര പ്രകാശിപ്പിച്ചും രാജ്യപരിപാലനം
തുടങ്ങി. രാജാവായാലും ശിവാൎച്ചനകൊണ്ടുവേണം സൌഖ്യമനുഭവിക്കേണ്ട

തെന്നു മററുള്ളവരെ കാണിക്കാനായിട്ടോ എന്നു തോന്നുംവണ്ണം സോമസുന്ദരമൂർത്തി മധുരയുടെ മദ്ധ്യഭാഗമായ ബ്രഹ്മസ്ഥാനത്തിൽ ഒരു ശിവക്ഷേത്രം ഉണ്ടാക്കിച്ച് അതിൽ പശ്ചിമാഭിമുഖമായി അഭീഷ്ടപ്രദം എന്നു നാമധേയത്തോടുകൂടിയ ശിവലിംഗം പ്രതിഷ്ഠിച്ച് തന്റെ മൂലലിംഗമായ ഹാലാസ്യത്തിൽ എന്നപോലെ വേണ്ട പൂജാദികളും ഉത്സവാദികളും ഒക്കെ നടത്തിച്ചു. തടാതകയെ പരിണയിച്ചതും അഭീഷ്ടപ്രദമെന്ന ശിവലിംഗം പ്രതിഷ്ഠിച്ചതും ഒരുദിവസം ആയിരുന്നു. ആ അഭീഷ്ടപ്രദലിംഗത്തിന്റെ മാഹാത്മ്യം അവർണ്ണനീയമായിട്ടുള്ളതാകുന്നു. ഭക്തിയോടുകൂടെ ആ ലിംഗം പൂജിക്കുന്നവർക്ക് സുന്ദരേശ്വരപ്രസാദംകൊണ്ട് സർവാഭീഷ്ടസിദ്ധിയും സംപ്രാപ്തമാകും. സുന്ദരേശ്വരതടാതകാപരിണയമാകുന്ന ഈ അഞ്ചാമത്തെ ലീലയെ പാരായണം ചെയ്യുന്നവർക്കും അതുപോലെ സർവാഭീഷ്ടസിദ്ധിയും ഉണ്ടാകുമെന്നു മാത്രമല്ലാ സർവ പാപവും നശിച്ച് അവസാനത്തിൽ മോക്ഷവും കിട്ടുന്നതാണ്.

൧൦-ാം അദ്ധ്യായം

തടാതകാപരിണയമെന്ന

അഞ്ചാം ലീല സമാപ്തം.

# ഹാലാസ്യമാഹാത്മ്യം

## കേരളഭാഷാഗദ്യം

### ൧൧-ാം—അദ്ധ്യായം.

നൃത്തദർശനം എന്ന

### ആറാമത്തെ ലീല.

അല്ലയോ മഹർഷിപുംഗവന്മാരേ! സർവകല്യാണങ്ങൾക്കും കാരണഭൂതനായ സുന്ദരേശ്വരമൂർത്തിയുടെ തടാതകാപരിണയമെന്നലീലയെ നിങ്ങൾ കേട്ടുവല്ലോ. ഇനി ഞാൻ, സച്ചിദാനന്ദവിഗ്രഹനായ ഹാലാസ്യനാഥൻ പതഞ്ജലീവ്യാഘ്രപാദപ്രമുഖന്മാരായ ഭക്തന്മാർക്ക് സർവഭോഗമോക്ഷങ്ങൾക്കും നിദാനസ്ഥാനമായിരിക്കുന്ന അദ്ദേഹത്തിന്റെ പരമാനന്ദതാണ്ഡവം കാണിച്ചുകൊടുത്ത ലീല നിങ്ങളെ കേൾപ്പിക്കാം.

മുഹൂർത്തദിവസം നേരം മദ്ധ്യാഹ്നമായപ്പോൾ വിവാഹം പ്രമാണിച്ചു

വന്നിട്ടുള്ള രാജാക്കന്മാരോടും മഹൎഷികളോടും മററും പോയി സ്നാനം ചെയ്തു മാദ്ധ്യാഹ്നികകൎമ്മം നടത്തി ഊണുകഴിക്കുന്നതിനു ഭഗവാനായ സുന്ദരേശ്വരൻ കല്പിച്ചതനുസരിച്ചു് മഹൎഷിഗണങ്ങളും രാജപുംഗവന്മാരും കൂടി ഹേമപത്മിനീ തീൎത്ഥത്തിൽ പോയി സ്നാനംചെയ്തു്, ഹാലാസ്യനാഥനെ മനസ്സിൽ സ്മരിച്ചു ഭസ്മം പൂശി ദേവതാൎപ്പണംചെയ്തു് തൽതീൎത്ഥവാസിയായ ഗണപതിയെ വന്ദിച്ചു് ഹാലാസ്യനാഥന്റെ ക്ഷേത്രത്തിൽ പ്രവേശിച്ചു് അദ്ദേഹത്തേയും മീനാക്ഷീഭഗവതിയേയും, രാജശേഖരനെയും ഭക്തിപൂൎവം വണങ്ങിയതിൽപിന്നെ വന്നു ഭക്ഷണം കഴിക്കാനായി ഭോജനശാലയിൽ എല്ലാവരുംകൂടി പ്രവേശിച്ചപ്പോൾ അവരിൽ പതഞ്ജലിമഹൎഷി സ്നേഹിതനായ വ്യാഘ്രപാദനോടുകൂടെ ഭക്തപരായണനായ സുന്ദരേശ്വരന്റെ അടുക്കൽചെന്നു വിനയപൂൎവം ഇങ്ങനെ അപേക്ഷിച്ചു.

അല്ലയോ പരാൽപര! പരമേശ്വര! ബ്രഹ്മാവിന്റെ ശിരസ്സറുത്ത ഭൂജങ്ങളോടുകൂടിയ ഈശാന! ചരാചരങ്ങളായിരിക്കുന്ന സകലഭൂതങ്ങളുടേയുംസൃഷ്ടിസ്ഥിതിലയങ്ങൾക്കു കാരണഭൂതനായുള്ളോവേ! സകലാഭീഷ്ടപ്രദ! ഞങ്ങൾ ചിദംബരക്ഷേത്രത്തിലുള്ള കനകസഭയിൽ വച്ചു് സദാശിവനായ നിന്തിരുവടി ചെയ്യുന്ന നൃത്തം കാണാതെ ഒരിക്കലും ഭക്ഷണം കഴിക്കുന്നപതിവില്ല. ഇതിനെ ഞങ്ങൾ വളരെക്കാലമായിട്ടു ഒരു വ്രതംപോലെ ആചരിച്ചുവരികയും ആണു്. ഭഗവാൻ അതിനൊരുവഴിയുണ്ടാക്കിത്തന്നാൽ ഞങ്ങൾ ഭക്ഷണം കഴിക്കാം. അല്ലാതെ നിവൃത്തിയില്ല.

സുന്ദരേശ്വരൻ അതുകേട്ടു്, "അല്ലയോ പതഞ്ജലെ! എന്റെ ഈ ഹാലാസ്യക്ഷേത്രം അത്യന്തം പാവനമായതാണെന്നുമാത്രമല്ല, വിശ്വരൂപബ്രഹ്മത്തിന്റെ ദ്വാദശാന്തവും ആണു്. ചിദംബരമോ വിശ്വബ്രഹ്മത്തിന്റെ ഹൃദയാകാശം അത്രേ. അതകയാൽ ചിദംബരത്തെക്കാൾ എന്തുകൊണ്ടും ഉൽകൃഷ്ടമായതു് ഹാലാസ്യംതന്നെ. ഭക്തനായ നിനക്കു ഈ ഹാലാസ്യത്തിൽവച്ചു് ഭുക്തിമുക്തികരവും ഇഷ്ടസിദ്ധിയെ പ്രദാനം ചെയ്യുന്നതും അത്യന്തം അത്ഭുതകരവും ആയ നൃത്തം കാണിച്ചുതരാം. ദ്വാദശാന്തമായ കദംബകാനനത്തിൽ വച്ചു് എന്റെ നൃത്തം കാണുന്നവരെ ജനനമരണസുഖദുഃഖാദികളാൽ അത്യന്തം ഭയങ്കരമായ പ്രപഞ്ചബന്ധങ്ങൾ യാതൊന്നും സ്പൎശിക്കുകപോലും ചെയ്യുന്നതല്ലെന്നുപറഞ്ഞു.

ഹാലാസ്യനാഥനായ ജഗദീശ്വരന്റെ മേൽപ്രകാരമുള്ള വാക്കുകൾ കേട്ടു് സന്തോഷചിത്തവൃത്തിയായിതീൎന്ന ഭാഷ്യകൎത്താവായ പതഞ്ജലി അത്യന്തം വിനയത്തോടുകൂടെ ഇങ്ങനെ അപേക്ഷിച്ചു.

അല്ലയോ ജീവന്മുക്തിപുരാധിപ! കരുണാകര! ഭഗവാനേ! വിരാഡ്ബ്രഹ്മത്തിന്റെ ദ്വാദശാന്തസ്ഥാനം ഹാലാസ്യമെന്നും ഹൃൽപുണ്ഡരീകം ചിദംബരമെന്നും അവിടുന്നരുളിച്ചെയ്തുവല്ലൊ. ഇനി കൈലാസാദികളായ ക്ഷേത്രങ്ങൾ കൂടി ആ വിരാഡ്ബ്രഹ്മത്തിന്റെ ഏതേതു ആധാരങ്ങൾ ആ

ന്നെന്നു ഭഗവാൻതന്നെ ഞങ്ങൾക്കു പറഞ്ഞുതരണം.

കദംബവനവാസിയായ സുന്ദരേശൻ അതുകേട്ടു പറഞ്ഞു.

അല്ലയോ പതഞ്ജലേ! നിന്റെ ഈ ചോദ്യം വളരെ വളരെ ഉചിതമായി. ലോകഹിതാത്ഥം ഞാൻ അതിനെ വിസ്താരമായി നിന്നോടുപറയാം ഈ ബ്രഹ്മാണ്ഡം മുഴുവനും കൂടിയതാണു് വിശ്വരൂപബ്രഹ്മത്തിന്റെ ശരീരം. അതിൽ അരക്കെട്ടിനു താഴെയുള്ള ശരീരം സപ്തപാതാളങ്ങളും കടിപ്രദേശത്തിനു മുകളിലുള്ള ശരീരം ഭൂലോകം തുടങ്ങി മേൽപോട്ടുള്ള ഏഴുലോകങ്ങളും ആണ്.

അതിൽ വിശ്വരൂപബ്രഹ്മത്തിന്റെ അംഗുഷ്ഠം, പാതാളലോകവും, പാദാഗ്രം മഹാതലവും ഗുൽഫദേശം തലാതലവും, ജംഘ രസാതലവും, ജാനു സുതലവും, ഊരുമദ്ധ്യം വിതലവും, ഊരുമൂലം അതലലോകവും, മൂലാധാരം ഭൂലോകവും, സ്വാധിഷ്ഠാനം ഭുവർല്ലോകവും, മണിപൂരം സ്വർല്ലോകവും, അനാഹതം മഹർല്ലോകവും, ആജ്ഞാചക്രം ജനർല്ലോകവും, വിശുദ്ധിചക്രം തപർല്ലോകവും, ദ്വാദശാന്തം സത്യലോകവും, ആകുന്നു. ഇതിൽ മൂലാധാരമായ ഭൂലോകത്തിൽ മററു ലോകങ്ങളിലുള്ള മുഖ്യ ശിവലിംഗങ്ങൾ എല്ലാം ഭക്തന്മാരെ അനുഗ്രഹിക്കാനായി സാന്നിദ്ധ്യം ചെയ്യുന്നുണ്ടു്. കമലാലയക്ഷേത്രം വിശ്വരൂപബ്രഹ്മത്തിന്റെ മൂലാധാരമാണു്. അവിടെ ഞാൻ ത്യാഗരാജൻ എന്നുള്ള നാമധേയത്തിൽ അധിവാസംചെയ്തു് ഭക്താഭീഷ്ടങ്ങൾ എല്ലാം സാധിച്ചുകൊടുക്കുന്നു. ശ്രീഗജാരണ്യം അദ്ദേഹത്തിന്റെ സ്വാധിഷ്ഠാനസ്ഥാനവും അവിടെ ഞാൻ ജംബുനാഥൻ എന്നുള്ള പേരോടുകൂടെ അധിവാസംചെയ്യുകയും ചെയ്യുന്നു. അരുണാദ്രിയാണു് വിശ്വബ്രഹ്മത്തിന്റെ മണിപൂരസ്ഥാനം. അവിടെ ഞാൻ അരുണാചലാധീശനായി വസിക്കുകയാണു്. ചിദംബരം, വിശ്വബ്രഹ്മത്തിന്റെ ഹൃൽപുണ്ഡരീകവും, അവിടെ ഞാൻ സഭാപതിയായി സാന്നിദ്ധ്യംചെയ്തു് നിത്യവും നടനംനടത്തി ഉത്തമഭക്തന്മാൎക്കു് പരമാനന്ദം നല്കിവരികയും ചെയ്യുന്നുണ്ടു്. ദക്ഷിണകൈലാസമായ കാളഹസ്തി വിശുദ്ധിസ്ഥാനവും അവിടെ അധിവസിക്കുന്ന എന്റെ നാമധേയം കാളഹസ്തീശ്വരൻ എന്നും, ആകുന്നു; ശ്രീകാശിയാണു വിരാഡ്ബ്രഹ്മത്തിന്റെ ആജ്ഞാസ്ഥാനം. അവിടെ ഞാൻ വിശ്വനാഥൻ എന്നുള്ള നാമധേയത്തിൽ അധിവസിച്ചു ആശ്രിതരക്ഷണം ചെയ്യുന്നു. കൈലാസമാണു് വിശ്വബ്രഹ്മത്തിന്റെ ബ്രഹ്മരന്ധ്രസ്ഥാനം. അവിടെ ഞാൻ പരമേശ്വരനായി അധിവസിക്കുന്നു. ഈ പാവനമായ ഹാലാസ്യം വിശ്വബ്രഹ്മത്തിന്റെ അധാരാതീതമായും അവ്യക്തമായും ഉള്ള ദ്വാദശാന്തസ്ഥാനം ആണു്. ഇവിടെ ഞാൻ സുന്ദരേശനായി അധിവസിച്ചു ഭക്തന്മാരുടെ സകല അഭീഷ്ടങ്ങളേയും സാധിച്ചുകൊടുക്കുന്നു. എല്ലാസ്ഥാനങ്ങൾക്കും ആദിസ്ഥാനമായ ദ്വാദശാന്തത്തിൽ ആണു് ജീവന്മുക്തിപുരത്തിന്റെ ഇരിപ്പിടം. പരമശിവനായ ഞാൻ എല്ലാലോകങ്ങൾക്കും ഏതുപ്രകാരത്തിൽ മൂലകാരണനായിരിക്കുന്നുവോ അ

തുപോലെ ജീവന്മുക്തിപുരമായ ഹാലാസ്യവും എല്ലാക്ഷേത്രങ്ങൾക്കും മൂല സ്ഥാനമായിട്ടിരിക്കുന്നു. അതുപോലെതന്നെ ഇനിക്കു പലമൂൎത്തികളും ഉണ്ടെങ്കിലും അവയിൽവച്ചു താണ്ഡവേശ്വരമൂൎത്തിയാണ് അത്യന്തം ശ്രേഷ്ഠമായതു്. അപ്പോൾ എന്റെ എല്ലാസ്ഥാനങ്ങളിലുംവച്ചു്, ശ്രേഷ്ഠവും വിശ്വബ്രഹ്മത്തിന്റെ ദ്വാദശാന്തസ്ഥാനവും ആയ ജീവന്മുക്തിപുരത്തുവച്ചു് ഞാൻ താണ്ഡവമൂൎത്തിരൂപം കൈക്കൊണ്ടു് ചെയ്യുന്ന നൃത്തം എത്രമാത്രം ശ്രേഷ്ഠമായിരിക്കുമെന്നു ഞാൻതന്നെ പറയണമെന്നില്ലല്ലൊ. യോഗവിദ്യാവിശാരദന്മാരായ മഹൎഷിപുംഗവന്മാരാൽപ്പോലും സുവ്യക്തമായി ദർശിക്കുന്നതിനു നിവൃത്തിയില്ലാത്തവണ്ണം ആധാരങ്ങളിൽവച്ചു് ശ്രേഷ്ഠമായ ദ്വാദശാന്തസ്ഥാനത്തിൽ, അദ്യന്തഹീനവും, അവ്യക്തവും, ജ്യോതിൎമ്മയവും ശ്രേഷ്ഠവും ആയ നിഷ്കളതാണ്ഡവത്തെ ഞാൻ അനുദിവസവും ചെയ്യുന്നുണ്ടു്. ഇവിടെ ഞാൻ ആ നൃത്തത്തെ നിങ്ങൾക്കു സകളനായി ചെയ്തു കാണിച്ചുതരാം.

താണ്ഡവതല്പരനും സുന്ദരേശ്വരനും ആയ പരമേശ്വരൻ ഇപ്രകാരം പറഞ്ഞിട്ടു്, പ്രാസാദത്തിന്റെ പുറകിലുള്ള രമ്യമായ ഒരു മഹാമണ്ഡപത്തിൽ സങ്കല്പമാത്രത്താൽതന്നെ ശോഭനവും വെള്ളിമയവും ആയ ഒരു സഭയും അതിൽ രത്നനിൎമ്മിതമായ ഒരു വേദികയും അതിന്റെ മുകളിൽ കാഞ്ചനംകൊണ്ടു് ഒരു പീഠവും ഉണ്ടാക്കി. അതിൽ കോപാപരക്താക്ഷനായ അപസ്മാരത്തെ അധോമുഖനായി നിൎത്തി അതിന്റെ മുകളിൽ എല്ലാലോകങ്ങൾക്കും അഭയപ്രദനായ മഹാദേവൻ ദക്ഷിണപാദം ഊന്നി ദയാനിധിയായ അദ്ദേഹം അനുഗ്രഹകരമായ ഇടത്തെക്കാൽ കുറഞ്ഞൊന്നു പൊക്കിപ്പിടിച്ചു് അഭയംകൊടുക്കുന്ന കയ്യിൽ ശൂലവും വരത്തെ ദാനംചെയ്യുന്ന കയ്യിൽ സൎപ്പഹാരവും, വലത്തുകൈകൾ നാലിലും, ഡമരു, ശരം, ഖഡ്ഗം, പാശം ഇവകളും ഇടത്തുകൈകൾ നാലിലും, അഗ്നി, വില്ലു്, ഖേടം, ദണ്ഡം ഇവകളും ഇങ്ങനെ പത്തുകൈകളിലും പത്തു് ആയുധങ്ങളും ധരിച്ചു് തത്താദൃശ മനോഹരമായ സ്വരൂപത്തോടും, ഗംഗ, ചന്ദ്രക്കല, ഇവകളാൽ ശോഭായമാനമായ ജടാഭാരത്തോടും, നാഗയജ്ഞോപവീതത്തോടും, സൂൎയ്യചന്ദ്രകല്പാന്താഗ്നികളാകുന്ന മൂന്നു കണ്ണുകളോടും സൎവ്വാഭരണവിഭൂഷിതഗാത്രത്തോടും ശരച്ചന്ദ്രാംശുക്കൾപോലെ ധവളമായ വൎണ്ണത്തോടും കൂടിയവനായി കയറിനിന്നുംകൊണ്ടു്, താളംകൊട്ടുന്ന മീനാക്ഷിയാൽ ഈക്ഷിതനായി നൃത്തം ആരംഭിച്ചു. പതഞ്ജലിയും വ്യാഘ്രപാദനും ഭഗവാന്റെ അത്ഭുതമോഹനമായ താണ്ഡവംകണ്ടു് ഇതിൽപ്പരമില്ലാതെ സന്തോഷമത്തരായ്കയും അവരുടെ നയനങ്ങളിൽനിന്നും ആനന്ദാശ്രുക്കൾ ഒഴുകുകയും, ശരീരം രോമാഞ്ചംകൊണ്ടു് മൂടുകയും ചെയ്തു. അനന്തരം ഭക്തിപരവശരായ അവർ ഗൽഗദവാണികളോടുകൂടെ ഇപ്രകാരം ഭഗവൽപാദങ്ങളിൽ വീണു് സ്തുതിച്ചു

## പതഞ്ജലിസ്തോത്രം.

സുവൎണ്ണപത്മിനീതടാന്തദിവ്യഹൎമ്മ്യവാസിനേ,
സുവൎണ്ണവാഹനപ്രിയായ സൂൎയ്യകോടിതേജസേ!
അപൎണ്ണയാവിഹാരിണേ ഫണാധരേന്ദ്രധാരിണേ!
സദാനമശ്ശിവായതേ സദാശിവായശംഭവേ! ൧

സുതുംഗഭംഗജഹ്നുജാസുധാംശുഖണ്ഡമൌലയേ
പതംഗപങ്കജാസുഹൃൽകൃപീടയോനിചക്ഷുഷേ!
ഭുജംഗരാജകുണ്ഡലായപുണ്യശാലിബന്ധവേ!
സദാനമശ്ശിവായതേസദാശിവായശംഭവേ! ൨

ചതുൎമ്മുഖാനനാരവിന്ദവേദഗീതഭൂതയേ!
ചതുൎഭുജാനുജാശരീരശോഭമാനമൂൎത്തയേ!
ചതുൎവ്വിധാൎത്ഥദാനശൌണ്ഡതാണ്ഡവസ്വരൂപിണേ
സദാനമശ്ശിവായതേസദാശിവായശംഭവേ. ൩

ശരന്നിശാകരപ്രകാശമന്ദഹാസമഞ്ജുളാ
ധരപ്രവാളഭാസമാനവക്ത്രമണ്ഡലശ്രിയേ!
കരസ്ഫുരൽകപാലമുക്തവിഷ്ണുരക്തപായിനേ
സദാനമശ്ശിവായതേ സദാശിവായശംഭവേ! ൪

സഹസ്രപുണ്ഡരീകപൂജനൈകശൂന്യദൎശനാ-
സഹസ്രനേത്രകല്പിതാൎച്ചനാച്യുതായഭക്തിതഃ
സഹസ്രഭാനുമണ്ഡലപ്രകാശചക്രദായിനേ
സദാനമശ്ശിവായതേ സദാശിവായശംഭവേ. ൫

രസാരഥായരമ്യപത്രഭൃദ്രഥാംഗപാണയേ
രസാധരേന്ദ്രചാപശിഞ്ജിനീകൃതാനിലാശിനേ
സ്വസാരഥീകൃതാജനുന്നവേദരൂപവാജിനേ
സദാനമശ്ശിവായതേ സദാശിവായശംഭവേ. ൬

അതിപ്രഗൽഭവീരഭദ്രസിംഹനാദഗൎജ്ജിത
ശ്രുതിപ്രഭീതദക്ഷയാഗഭോഗിനാകസത്മനാം
ഗതിപ്രദായഗൎജ്ജിതാഖിലപ്രപഞ്ചസാക്ഷിണേ
സദാനമശ്ശിവായതേ സദാശിവായശംഭവേ. ൭

മൃകണ്ഡുസൂനുരക്ഷണാവധൂതദണ്ഡപാണയേ
സുഗന്ധമണ്ഡലസ്ഫുരൽപ്രഭാജിതാമൃതാംശവേ
അഖണ്ഡഭോഗസമ്പദൎത്ഥലോകഭാവിതാത്മനേ!
സദാനമശ്ശിവായതേ സദാശിവായശംഭവേ. ൮

മധുരിപുവിധിശക്രമുഖ്യദേവൈ
രപിനിയമാൎച്ചിതപാദപങ്കജായ
കനകഗിരിശരാസനായതുഭ്യം
രജതസഭാപതയേ നമശ്ശിവായ. ൯

ഹാലാസ്യനാഥായ മഹേശ്വരായ
ഹാലാഹലാലംകൃതകന്ധരായ
മീനേക്ഷണായാഃ പതയേശിവായ
നമോനമസ്സുന്ദരതാണ്ഡവായ. ൧൦

പതഞ്ജലിമഹൎഷിയുടെ മേൽപ്രകാരമുള്ള സ്തുതികൾകേട്ടു് സന്തോഷിതചിത്തനായ താണ്ഡവമൂൎത്തി ഉടൻതന്നെ ഭക്തജനഹൃദയാഹ്ലാദകവും, ദൎശിതാക്കളുടെ ഹൃദയഗ്രന്ഥിയെ ഭേദിക്കുന്നതുമായ അത്ഭുതതാണ്ഡവം നിൎത്തി പീഠത്തിൽനിന്നും ഇറങ്ങിവന്നു് ദണ്ഡമെന്നപോലെ സാഷ്ടാംഗപ്രണാമനായി തന്റെ മുമ്പിൽകിടന്ന പതഞ്ജലിയുടെ സമീപത്തിൽചെന്നു്, അല്ലയോ മഹാഭാഗനായ മഹൎഷിശ്രേഷ്ഠ! നീ ഉത്ഥാനംചെയ്യുക. നിന്റെ ആഗ്രഹം എന്തെന്നുപറഞ്ഞാൽ ഞാൻ അതു സാധിച്ചുതരാം എന്നുപറഞ്ഞു.

പതഞ്ജലി അതുകേട്ടു, അല്ലയോ ഭഗവാനെ! ഇനിക്കു അങ്ങയുടെ ഈ മധുരമായ താണ്ഡവം എല്ലാദിവസവും ഒന്നുപോലെ കാണണമെന്നു് വളരെ ആശയുണ്ടു്. അതുകൊണ്ടു് ഭക്തപരായണനായ നിന്തിരുവടി താണ്ഡവമൂൎത്തിയായി ഇവിടെ സാന്നിദ്ധ്യംചെയ്യണം. ഞാൻ ദിവസംപ്രതിയും ചിദംബരത്തിൽപോയി നടേശനായ അങ്ങയുടെ നൃത്തം കണ്ടതിൽവച്ചുണ്ടായ പുണ്യപരിപാകംകൊണ്ടാണു് ഇനിക്കും, മഹൎഷിമാൎക്കും ഇപ്പോൾ ദ്വാദശസ്ഥാനമായ ഈ ജീവന്മുക്തിപുരത്തിൽവച്ചു് അങ്ങയുടെ ദിവ്യതാണ്ഡവം കാണ്മാൻ ഭാഗ്യമുണ്ടായതു്. തന്മൂലം ഞങ്ങൾ എല്ലാവരും ഒന്നുപോലെ കൃതാൎത്ഥന്മാരും ആയി.

പരമശിവൻ അതുകേട്ടു പറഞ്ഞു:—.

അല്ലയോ പതഞ്ജലെ! നീ ഏതുപ്രകാരത്തിൽ അനുഗ്രഹിക്കുന്നുവോ അപ്രകാരത്തിൽ ഭവിക്കുന്നതിനു ഞാൻ അനുഗ്രഹിക്കുന്നു. നീ എന്തുകൊണ്ടും എന്റെ ഭക്തശിരോമണിയും, ഞാൻ ഭക്തന്മാരുടെ ത്രൈലോക്യദുൎല്ലഭമായ അനുഗ്രഹങ്ങൾപോലും സാധിച്ചുകൊടുക്കുന്നവനും ആണു്. നീ എന്റെ സന്നിധിയിൽതന്നെ ദ്വാദശാന്തസ്ഥാനമായ താണ്ഡവമൂൎത്തിയെയും ധ്യാനിച്ചുകൊണ്ടു് പാൎത്തുകൊള്ളുക. ലോകത്തിൽ ഉള്ളവരിൽ [illegible], ശ്രേഷ്ഠൻ ബ്രഹ്മാവാണല്ലോ. അദ്ദേഹത്തേക്കാളും ശ്രേഷ്ഠനായ മഹാവിഷ്ണു. അദ്ദേഹത്തിലും കൂടുതൽ മാഹാത്മ്യം ഹരനുണ്ടു്. അവനെക്കാളും ശ്രേഷ്ഠനാണു് ഈശ്വരൻ. ഈ ഈശ്വരനെക്കാൾ സദാശിവനും, സദാശിവനേക്കാൾ ബിന്ദുവും, ബിന്ദുവിനേക്കാൾ നാദവും, നാദത്തേ

ക്കാൾ പരാശക്തിയും, പരാശക്തിയേക്കാൾ, പരശ്ശിവനും ശ്രേഷ്ഠനാണ്. ദ്വാദശാന്തത്തിങ്കൽ ഉള്ള പരമാനന്ദതാണ്ഡവം, ഒമ്പതു ശക്തികളുംകൂടി ലയിക്കുന്നതാണ്. അതുകൊണ്ടത്രെ താണ്ഡവമൂൎത്തിയേക്കാൾ ശ്രേഷ്ഠമായി മററൊരു മൂൎത്തിയും ഇല്ലെന്നുപറഞ്ഞതു്. ഈ നവതത്വലീനമായ എന്റെതാണ്ഡവമൂൎത്തിയെ ധ്യാനിച്ചുകൊണ്ടു് സൎവ്വും ഉപേക്ഷിക്കുന്നവനു തീൎച്ചയായും മോക്ഷംകിട്ടും. ഭോഗമോക്ഷാൎത്ഥികൾ എന്റെ താണ്ഡവമൂൎത്തിയെ മാത്രം ധ്യാനിച്ചാൽ പോരും. അല്ലയോ മഹാമുനേ! സൂക്ഷ്മപഞ്ചാക്ഷരാത്മമാകുന്ന പ്രണവത്തിനും പഞ്ചകൃത്യവിധായിയായ താണ്ഡമൂൎത്തിക്കും തമ്മിൽ വാച്യവാചകസംബന്ധമുണ്ടെന്നുള്ളതിനു യാതൊരു സംശയവും ഇല്ല. സമഷ്ടിഭൂതമായ വേദമൂലമഹാമന്ത്രത്തിന്റെ അൎത്ഥം ഞാനെന്നും, വ്യഷ്ടിഭൂതങ്ങളായ മന്ത്രങ്ങളുടെ അൎത്ഥം ബ്രഹ്മാദികളായ അന്യദേവതകളെന്നും, നീ ധരിച്ചുകൊള്ളുക. അതുകൊണ്ടു് ദ്വാദശാന്തപദത്തിങ്കൽ ഉള്ള എന്റെ താണ്ഡവത്തെ ദൎശിക്കുന്നവർ ജീവന്മുക്തന്മാരായിഭവിക്കുമെന്നുള്ളതിന് യാതൊരു സംശയവും ഇല്ല. ഏതൊരുത്തൻതന്നെ ആയിരുന്നാലും അവൻ ചെയ്തിട്ടുള്ള എന്തെങ്കിലും പുണ്യംകൊണ്ടു് അവന്റെ ജീവിതദശാകാലത്തിനുള്ളിൽ ഒരുദിവസം എങ്കിലും, അവന്റെ അതിപാവനമായ താണ്ഡവമൂൎത്തിയെ ദൎശിക്കുന്നതായാൽ അവൻ ഭുക്തിക്കും, മുക്തിക്കും, ഒന്നുപോലെ പാത്രവാനാകുമെന്നുള്ളതിനു യാതൊരു സംശയവും ഇല്ല. അതുപോലെതന്നെ നിന്നാൽ കൃതമായ സ്തോത്രങ്ങളെ ഭക്തിപൂൎവ്വം പഠിക്കുന്നവനും, ഞാൻ ആയുരാരോഗ്യസമ്പത്തുകളെ അമിതമായി പ്രദാനം ചെയ്യും. മാസങ്ങളിൽവച്ചു് ശ്രേഷ്ഠമായ ധനുമാസത്തിലെ തിരുവാതിരനാളിൽ അതിരാവിലെ ഹേമപത്മിനിയിൽ സ്നാനംചെയ്തു് എന്റെ സുന്ദരമായ താണ്ഡവം ദൎശിക്കുന്നതായാൽ പാപവിനിൎമ്മുക്തനും സൎവ്വൈശ്വൎയ്യസമ്പന്നനും, ആയി ഇഹലോകത്തിൽ അനവധി ഭോഗങ്ങൾ ഭുജിക്കുകയും അവസാനത്തിൽ സായൂജ്യം പ്രാപിക്കുകയും ചെയ്യും. ദിവസംപ്രതിയും, ഹേമപത്മിനിയിൽ സ്നാനംചെയ്തു്, മഹാദേവിയായ മീനാക്ഷിയേയും, എന്റെ മഹാലിംഗത്തെയും പ്രദക്ഷിണം, നമസ്കാരം, സ്തോത്രം ഇവകൾകൊണ്ടു് സന്തോഷിപ്പിച്ചു്, രൌപ്യമയമായ സഭയിൽ പ്രവേശിച്ചു് മണ്ഡപമദ്ധ്യത്തിങ്കൽഉള്ള ശ്രേഷ്ഠവും, നിത്യവും ആയ താണ്ഡവമൂൎത്തിയെ നമസ്കരിച്ചു്, അതിന്റെ മുമ്പിൽനിന്നുകൊണ്ടു് എന്റെ മന്ത്രമാകുന്ന പഞ്ചാക്ഷരം ആയിരത്തിഎട്ടു് ഉരുവു് ജപിച്ചാൽ അവന്റെ സൎവ്വപാപങ്ങളും തീരും. ഒരുത്തൻ ധനുമാസത്തിലെ തിരുവാതിരതുടങ്ങി ഒരു വത്സരക്കാലംവരെയും, ശുദ്ധമനസ്സോടുകൂടെ ഹേമപത്മിനിയിൽ മേല്പറഞ്ഞക്രമത്തിൽ എല്ലാംഎടവിടാതെ സ്നാനംചെയ്തു് വ്രതം സമാപിക്കുന്നതായാൽ അങ്ങനെ ചെയ്യുന്നവൻ പുത്രാൎത്ഥിയായിരുന്നാൽ അവനു പുത്രലാഭവും, അൎത്ഥാൎത്ഥിയായിരുന്നാൽ അൎത്ഥലാഭവും, കന്യകാൎത്ഥിയായിരുന്നാൽകന്യകാലാഭവും, വിദ്യാൎത്ഥിയായിരുന്നാൽ, വിദ്യാലാഭവും, രോഗിയായിരുന്നാൽആരോഗ്യവും, മറെറന്തെങ്കിലും ആഗ്രഹത്തോടുകൂടെ ആയിരുന്നാൽ അതും അനായാസേനലഭിക്കുന്ന

താണു്. ഇനി നീ എൻെറ പുരമായ ഈ മധുരാപട്ടണത്തിൽ വളരെക്കാലം പാൎത്തു് സൌഖ്യങ്ങൾ അനുഭവിച്ചുകൊള്ളുക. അവസാനത്തിൽ നിനക്കു് തീൎച്ചയായും മോക്ഷംകിട്ടും. സംസാരമാകുന്ന മഹാസമുദ്രം കടക്കുന്നതിനുള്ള തോണിയും, അതിരഹസ്യവും ശിവകരവുമായ എൻെറ താണ്ഡവത്തെ ഞാൻ നിനക്കു കാണിച്ചുതന്നു. ഇതില്പരം മഹാഭാഗ്യം നിനക്കിനി എന്താണു വരാനുള്ളതു്. ഒന്നുംതന്നെയില്ല. എന്നിങ്ങനെ പറഞ്ഞിട്ടു് കൃപാർദ്രനായിക്കൊണ്ടു് പതഞ്ജലിയെ ഭഗവാൻ ഒന്നു കടാക്ഷിച്ചു. അനന്തരം ഭക്ഷണത്തിനുപോകാൻ പറഞ്ഞു. ശിവാജ്ഞപ്രകാരം എല്ലാവരും ഭോജനശാലയിലേക്കും പോയി.

അന്നുമുതൽ ഹാലാസ്യത്തിങ്കൽ ഉള്ള രാജസഭയിൽവച്ചു സുഖാത്മകവും, രഹസ്യവും, അത്ഭുതവും; സുവ്യക്തവും ആയ താണ്ഡവത്തെ സോമസുന്ദരനായ പരമശിവൻ ചെയ്തുവരുന്നുണ്ടു്. പരമശിവൻെറ താണ്ഡവമഹത്വപ്രതിപാദിതമായ ഈ ലീലയെ കേൾക്കുന്നവൎക്കും പഠിക്കുന്നവൎക്കും ഒന്നുപോലെ സൎവ്വാഭീഷ്ടങ്ങളും, സിദ്ധിക്കും. യാതൊരു സംശയവും ഇല്ല.

൬-ാം അദ്ധ്യായം നൃത്തദൎശനം എന്ന

ആറാമത്തെലീല സമാപ്തം.

---

## ഹാലാസ്യമാഹാത്മ്യം

### കേരളഭാഷാതൎജ്ജമ

### ൭-ാം അദ്ധ്യായം.

### കുണ്ഡോദരഭക്തി എന്ന

### ഏഴാമത്തെലീല.

---

അല്ലയോ മഹൎഷിപുംഗവന്മാരേ! പ്രസാദകായനായ കുണ്ഡോദരൻ എന്നുള്ള ഭൂതം പരമശിവൻെറ ആജ്ഞപ്രകാരം അനേകാപരിമിതന്മാൎക്കായിപ്രാമച്ചുകൂട്ടിയിരുന്നഭക്ഷണപദാൎത്ഥങ്ങളെയെല്ലാം ഭക്ഷിച്ച ലീല ഇനി ഞാൻ നിങ്ങളെ കേൾപ്പിക്കാം. ശോഭനപ്രദമായ ആ ലീലയെ നിങ്ങൾകേട്ടുകൊൾവിൻ.

ഭക്ഷണാൎത്ഥം ഭോജനശാലയിൽ പ്രവേശിച്ച ശിവജ്ഞാനവിശാരദന്മാരായ പതഞ്ജലി തുടങ്ങിയ മഹൎഷിമാരും, രാജാക്കന്മാരും, ഫണീന്ദ്രന്മാരും മററുമുള്ള അന്യജനങ്ങളുമെല്ലാം യഥായോഗ്യം ഓരോ ആസനങ്ങളിൽ ഇരു

ന്ന പൊൻപാത്രങ്ങളിൽ നിറച്ചുവെച്ചിരുന്ന ചോറും, കറികളും, നെയ്യ്, പാൽ, തേൻ, ശർക്കര, പഞ്ചസാര, പഴം, അപ്പം, അട, വട, പലതരത്തിൽ ഉള്ള പപ്പടങ്ങൾ, ഉപ്പേരികൾ, പായസങ്ങൾ, ദിവ്യഫലവർഗ്ഗങ്ങൾ മുതലായവയും മററും മൃഷ്ടമായി ഭക്ഷിച്ച് താംബൂലപൂഗാദിയും സ്വീകരിച്ച് സന്തുഷ്ടമാനസന്മാരായി, കസ്തൂരി, കുങ്കുമം, കർപ്പൂരം, പുഴുക്, ചന്ദനം മുതലായ സുഗന്ധദ്രവ്യങ്ങൾ ചേർത്തുണ്ടാക്കിയ കുറിക്കൂട്ടും ചാർത്തി പരമശിവന്റെ അടുക്കൽ ചെന്ന് വന്ദിച്ച് യാത്രചോദിച്ചു. അദ്ദേഹം അവർക്കെല്ലാം ദിവ്യാംബരങ്ങളും ആഭരണങ്ങളും നല്കി യാത്രപറഞ്ഞു.

ഇങ്ങനെ വിവാഹം പ്രമാണിച്ചുവന്ന ആളുകൾ എല്ലാം മൃഷ്ടാന്നഭോജനവും ചെയ്ത്, സമ്മാനങ്ങളും വാങ്ങി സന്തോഷമാനസന്മാരായിപ്പോകുന്നതിനെ മഹാരാജ്ഞിയായ തടാതക മാതാവായ കാഞ്ചനമാലയോടും തോഴിമാരോടുംകൂടെ മണ്ഡപത്തിൽ ഇരുന്നുകൊണ്ട് തന്റെ മഹാഭാഗ്യത്തേയും, തന്നാൽ ചെയ്യാൻകഴിഞ്ഞ മഹൽകാര്യങ്ങളേയും മററും ഓർത്തും ഇതില്പരമില്ലാത്ത ആത്മാഭിമാനത്തോടുകൂടെ പ്രദ്യോതനകരസ്പർശംകൊണ്ട് പ്രഫുല്ലമായ സരസീരുഹപ്രസൂനംപോലെ പ്രസന്നമുഖിയായി സന്തോഷസാഗരത്തിലെ വീചീപരമ്പരകൾതോറും നർത്തനം ചെയ്തുകൊണ്ടിരിക്കുന്ന അവസരത്തിൽ അടുക്കളവിചാരിപ്പുകാർ വന്ന്, അല്ലയോ ചന്ദ്രവംശമണിയായ മഹാരാജ്ഞി! സോമസുന്ദരപ്രിയെ! നിന്തിരുവടിയുടെ ആജ്ഞപ്രകാരം ഞങ്ങൾ പചിച്ചുകൂട്ടിയ ഭക്ഷണപദാർത്ഥങ്ങളിൽ ഏകദേശാംശംപോലും ഇവിടെ വന്നുകൂടിയ പുരുഷാരങ്ങൾ എല്ലാം യഥേഷ്ടമായി ഭക്ഷിച്ചിട്ടും തീർന്നിട്ടില്ല. പാചകശാലയിൽ വെള്ളിമലപോലെ കുന്നുകുന്നായി ലക്ഷോപലക്ഷം ആളുകൾകൂടി ഭക്ഷിച്ചാലും തീരാത്ത ചോറും അതിനുവേണ്ട കറികളും; മററു ഭക്ഷ്യവസ്തുക്കളും കിടക്കുന്നു. അവസാനമില്ലാതെ കിടക്കുന്ന ചോഷ്യപേയലേഹ്യഭോജ്യങ്ങളായ ചതുർവിധഭക്ഷണസാധനങ്ങളേയും ഞങ്ങൾ ഇനി എന്താണ് ചെയ്യേണ്ടത്, തിരുമേനിയുടെ ഭർത്താവായ സുന്ദരേശ്വരനോടുകൂടെ ഭക്ഷണപ്രിയന്മാരും ബുഭുക്ഷുക്കളുമായ അനേകംകോടി ഭൂതങ്ങൾ വരുമെന്നും അവർക്കെല്ലാം ഇഷ്ടംപോലെ ഭക്ഷണപാനീയങ്ങൾകൊടുക്കണമെന്നും ഉദ്ദേശിച്ച് സംഖ്യയില്ലാതെ ഭക്ഷണപദാർത്ഥങ്ങൾ ചമച്ചുകൂട്ടിയിട്ടുള്ള ഭോജനശാലയുടെ വാതൽ തുറക്കുകപോലും ചെയ്തിട്ടില്ല. ഭൂതങ്ങളിൽ ആരേയും ഇതേവരെയായിട്ടും ഭക്ഷണം കഴിക്കാനായി കണ്ടതുമില്ല. വല്ലവരും വന്നിട്ടുണ്ടെങ്കിൽ പറഞ്ഞയച്ചാൽ അവർക്ക് ഭക്ഷണം കൊടുക്കാം. ലോകത്തിലുള്ള സർവ്വജീവികൾക്കും വേണ്ട ഭക്ഷണം കൊടുക്കുന്നതിന് തക്കവകകൾ ശേഷിച്ചിട്ടുണ്ട് എന്നിങ്ങനെ പറഞ്ഞു.

മീനാക്ഷീഭഗവതി അതുകേട്ട്, നിങ്ങൾ പൊയ്ക്കൊള്ളുവിൻ! വന്നിട്ടുള്ള ഭൂതങ്ങളെയെല്ലാം ഞാൻപോയി പറഞ്ഞയപ്പിക്കാം, എന്നിങ്ങനെ മന്ദഹാസത്തോടുകൂടെ മഹാനസാദ്ധ്യക്ഷന്മാരെ നോക്കി പറഞ്ഞ് അവരെ അയച്ചതിന്റെശേഷം, നക്ഷത്രമദ്ധ്യത്തിൽ ചന്ദ്രക്കലയെന്നതുപോലെ ശോ

ഭിക്കുന്ന തടാതകാദേവി ആളികളോടുകൂടെ അവിടെ നിന്നും മന്ദമന്ദം പുറപ്പെട്ട് കാന്തനായ സുന്ദരേശ്വരന്റെ അടുക്കൽ ചെന്ന് മധുരമായി ഇങ്ങനെ പറഞ്ഞു.

അല്ലയോ പ്രിയഭർത്താവേ! ഭൂതേശ! സർവ്വലോകേശ്വര! കല്യാണസുന്ദര! അങ്ങ് എന്റെ ഒരു അപേക്ഷയെ മനസ്സിരുത്തി കേട്ടു അതിനൊരു പരിഹാരമുണ്ടാക്കിത്തരണം. കല്യാണം പ്രമാണിച്ച് വന്നുകൂടുന്നവർക്കെല്ലാം കൊടുക്കാനായി എന്റെ അനുവാദപ്രകാരം പാചകന്മാർ അവസാനമില്ലാതെ ഭക്ഷ്യപദാർത്ഥങ്ങൾ ഉണ്ടാക്കി. വിശേഷിച്ചും നിന്തിരുവടിയോടൊന്നിച്ചു വരുന്ന ഭൂതങ്ങൾക്കു കൊടുപ്പാനായി വിവിധതരത്തിൽ ഉള്ള ഭക്ഷ്യപാനീയങ്ങളെ വേറെയും ചമച്ചുകൂട്ടിയിട്ടുണ്ട്. എന്റെ സാമന്തരാജാക്കന്മാരും അവരോടുകൂടെ വന്നവരും, മററു നാനാരാജ്യങ്ങളിൽ നിന്നും കല്യാണത്തിനായി വന്നുകൂടിയ പുരുഷാരങ്ങളും പട്ടാളങ്ങളും, വിപ്രന്മാരും മഹർഷികളും എല്ലാം തൃപ്തരായി ഭോജനം കഴിച്ചിട്ടും വളരെ വളരെ ഭക്ഷ്യപദാർത്ഥങ്ങൾ ശേഷിച്ചിട്ടുണ്ട്. അവിടത്തെ അനുചരന്മാർക്കായി ഉണ്ടാക്കിക്കൂട്ടിയിട്ടുള്ളതിൽ തൊടുകപോലും ചെയ്തിട്ടില്ല. ഇതെല്ലാം ആർക്കുകൊടുത്താണു ചെലവാക്കേണ്ടതു്: ഭക്ഷ്യപാനീയവസ്തുക്കൾ അളിഞ്ഞുപോയാൽ പിന്നെ എന്തിനുകൊള്ളും. അതുകൊണ്ടു ഭഗവാൻ പാചകശാലയിൽ മലപ്രമാണം കിടക്കുന്ന അന്നവും കറികളും മററും ചെലവഴിക്കാനുള്ള എന്തെങ്കിലും ഒരുവഴി ഉണ്ടാക്കിത്തരണം.

സോമസുന്ദരൻ അതുകേട്ട് തടാതകയെനോക്കി പറഞ്ഞു:—

അല്ലയോ സുന്ദരിയായ മഹാരാജ്ഞി! പ്രാണപ്രേയസി! തടാതകേ! എന്റെ സേവകന്മാരിൽ വിശപ്പുള്ളവരായി ആരും ഇവിടെ ഇല്ല. പിന്നെ ഞാൻ ആരെക്കൊണ്ടാണ് നീ ഹിമാലയപർവ്വതംപോലെ വച്ചുകൂട്ടിയിരിക്കുന്ന അന്നവും, ഉപദംശങ്ങളും ചെലവാക്കിക്കേണ്ടതു്. അതുതന്നെയുമല്ല, എന്റെകൂടെ വന്നിരുന്ന ഭൂതങ്ങളിൽ കുണ്ഡോദരൻ ഒഴിച്ചുള്ളവരെല്ലാം പോകുകയും ചെയ്തു. അവശ്യത്തിൽ കൂടുതലായി ഭക്ഷ്യസാധനങ്ങൾ ഉണ്ടാക്കിയതു് ഐശ്വര്യാധിക്യത്താൽ ഉണ്ടായ ഗർവ്വുകൊണ്ടുതന്നെ. ആകട്ടെ കഴിയുന്നതും നോക്കാം. എന്നുപറഞ്ഞിട്ട് സർവ്വാന്തരസ്ഥിതനായ അദ്ദേഹം സമീപത്തിൽനിന്നിരുന്ന കുണ്ഡോദരനെ മന്ദമായി ഒന്നു നോക്കി. അദ്ദേഹത്തിന്റെ ജഠരാഗ്നിയെ ഏററവും വർദ്ധിപ്പിച്ചു. ഉടൻതന്നെ കുണ്ഡോദരൻ ക്ഷുദാർത്തനായി പരമശിവന്റെ പാദങ്ങളിൽ വീണു നമസ്കരിച്ചുകൊണ്ട് ഇങ്ങിനെ പറഞ്ഞു:—

അല്ലയോ സുന്ദരേശ്വരാ! കൈലാസപർവ്വതത്തിങ്കൽനിന്നും കല്യാണഘോഷത്തോടുകൂടെ പുറപ്പെട്ട അങ്ങയുടെ അത്യുന്നതമായ ശ്വേതാതപത്രവും വഹിച്ച് വൃഷഭാരൂഢനായ അങ്ങയോടൊന്നിച്ച് അതിവേഗത്തിൽ നടന്ന് ഇവിടെ വന്ന ഇനിക്കു തൽക്ഷണമുണ്ടായ അത്യദ്ധ്വാനംകൊണ്ടോ, മററു വല്ല കാരണങ്ങളാലോ എന്തുകൊണ്ടെന്നറിഞ്ഞില്ല ഇതിപ്പരമില്ലാത്ത വിശപ്പും,

ദാഹവും വൎദ്ധിച്ചിരിക്കുന്നു. കത്തിക്കാളുന്ന ജഠരാഗ്നി എന്നെ ദഹിപ്പിച്ചുകളയുമോ എന്നുതന്നെ ഞാൻ ശങ്കിക്കുന്നു. ഭഗവാൻ ദയവുചെയ്തു് ഞാൻ[illegible]യി ഭക്ഷണം കഴിക്കുന്നതിന്നനുവദിക്കണെ.

ഭഗവാനായ സുന്ദരേശ്വരൻ അതുകേട്ടു് കുണ്ഡോദരൻ്റെ വിശപ്പും പ്രിയതമയായ തടാതകയുടെ ഗൎവ്വും ഒന്നോടെ ശമിപ്പിക്കുന്നതിന്നു് ഇതുതന്നെ സൌകൎയ്യമെന്നു വിചാരിച്ചുകൊണ്ടു് പോയി ഭക്ഷണം കഴിച്ചുകൊള്ളുന്നതിന്നു കടാക്ഷംകൊണ്ടനുവദിച്ചു. ദേവിയും കണ്ണുകൊണ്ടുതന്നെ പാചകശാലയിലേക്കു പോകാൻ താനും അനുവദിച്ചിരിക്കുന്നതായി കുണ്ഡോദരനെ മനസ്സിലാക്കി. പാചകശാലയിൽപോയി ഭക്ഷിച്ചുകൊള്ളുന്നതിന്നു ദേവദേവനായ സുന്ദരേശ്വരപാണ്ഡ്യൻ്റെ അനുവാദംഏതൊരു മാത്രയിൽകിട്ടിയോ ആ മാത്രയിൽതന്നെ, ജാനുമാത്രകനും, ഭൂതാഗ്രണിയുമായ ആ വാമനഭൂതം ധൂമ്രവൎണ്ണനും രക്താക്ഷനും അതിഭയങ്കരങ്ങളായ ദംഷ്ട്രങ്ങളാൽ അത്യന്തംഭീഷണപ്രായമായ വക്ത്രത്തോടുകൂടിയവനുംആയി ചില്ലിവില്ലാട്ടങ്ങളോടുകൂടെ ചാഞ്ചാടി ഭൂമിയും കുലുക്കി ഹിമാലയപൎവ്വതംപോലെ പുറപ്പെട്ടു് ഭോജനശാലയിൽ ചെന്നുകയറി. അവിടെ നാനാഭാഗങ്ങളിലുംവെള്ളിക്കുന്നുകൾപോലെ കൂട്ടിയിരുന്ന അന്നത്തെയും, ഉപദംശങ്ങളെയും, കല്പാന്തരുദ്രൻ ബ്രഹ്മാണ്ഡങ്ങളെ എന്നതുപോലെ ഭക്ഷിക്കാൻ തുടങ്ങി അതിഭയങ്കരനായ ഭൂതാഗ്രണിയ്യൻ ഗുഹപോലെ വാപൊളിച്ചു വലിയ വലിയ കുന്നുകൾപോലെയുള്ള കബളങ്ങൾ ഉരുട്ടി അകത്തോട്ടു തള്ളിക്കേറ്റുന്നതും ആൎത്തിയോടുകൂടെ വലിയ കിടാരങ്ങളിലും മററും നിറച്ചുവച്ചിരിക്കുന്ന തൈർ മോർ, പാൽ, നെയ്യു്, പായസങ്ങൾ മുതലായപാനീയദ്രവ്യങ്ങളെ എടുത്തു മോന്തിക്കുടിക്കുന്നതും ഉപ്പേരിവകകളും, പപ്പടങ്ങളും മററും തട്ടുത്തുകൂട്ടി പൊടിച്ചുവാരി തൊണ്ടയിൽ ആക്കുന്നതും, മററും കണ്ടാൽ ആരും സംഭ്രമിച്ചുപോകും. ഇങ്ങിനെ ഒരു നിമിഷത്തിന്നുള്ളിൽ പാചകശാലയിൽ ഉണ്ടായിരുന്ന ഭക്ഷ്യസാധനങ്ങൾ എല്ലാം കുണ്ഡോദരൻ ഭക്ഷിച്ചുതീൎത്തു. ഉള്ളതെല്ലാം ഭക്ഷിച്ചിട്ടും, അവൻ്റെ വിശപ്പിന്നും, ദാഹത്തിന്നും, സ്വല്പംപോലും ശാന്തിയുണ്ടായില്ല. പാകംചെയ്ത ഭക്ഷണസാധനങ്ങൾ എല്ലാം ഒടുങ്ങിയപ്പോൾ പാകംചെയ്യാതെ കലവറയിൽ ശേഖരിച്ചുവച്ചിരുന്ന സാധനങ്ങളും, പാത്രങ്ങളും, വാരി കുക്ഷിയിൽ തള്ളിത്തുടങ്ങി. എന്തെല്ലാം ആയിട്ടും, കുണ്ഡോദരൻ്റെ വിശപ്പിന്നാകട്ടെ, ദാഹത്തിന്നാകട്ടെ, യാതൊരു കുറവുംഇല്ല. അവൻ ആൎത്തിയോടുകൂടെ ഭക്ഷണശാലയിലും. പാചകശാലയിലും കലവറയിലും ഉണ്ടായിരുന്ന പക്വാപക്വങ്ങളായ ഭക്ഷ്യസാധനങ്ങളും, പാത്രങ്ങളും എല്ലാം ഒടുക്കിയുംവച്ചു് അങ്ങോട്ടുമിങ്ങോട്ടുമായി ചുററിയോടി കാണുന്നസാധനങ്ങൾ എല്ലാം എടുത്തു വിഴുങ്ങിത്തുടങ്ങി. അതുകണ്ടു് പാചകന്മാരും കലവറക്കാരും, കാണികളും എന്തെന്നില്ലാതെ പരിഭ്രമിക്കുകയും തങ്ങളേയുംകൂടി ഭൂതം പിടിച്ചു ഭക്ഷിച്ചുകളഞ്ഞെങ്കിലോ എന്നു വിചാരിച്ചു് അങ്ങുമിങ്ങുംപോയി ഒളിച്ചുതുടങ്ങുകയും ചെയ്തു.

ഹ്രസ്വഭൂതമായ കുണ്ഡോദരന്റെ ഈ അത്ഭുതകൃത്യങ്ങൾ കണ്ടു് ആശ്ചൎയ്യപരതന്ത്രയായ ഭഗവതി വളരെ ലജ്ജയോടുകൂടെ സുന്ദരേശപാണ്ഡ്യന്റെ സമീപത്തിൽചെന്നു് മുഖവും താഴ്ത്തി മൌനമായിനിന്നു.

സുന്ദരേശൻ മന്ദാക്ഷത്തോടുകൂടെ മുഖവും താഴ്ത്തി നില്ക്കുന്ന തടാതകാദേവിയെ നോക്കി ഭൂതം ചെയ്ത പ്രവൃത്തികൾ ഒന്നും തനിക്കറിയാൻ പാടില്ലെന്നുള്ള നാട്യത്തിൽ, എല്ലാ രാജാക്കന്മാരേയും ജയിച്ചു് ഭൂലോകചക്രവൎത്തിനിയായി ഏകാതപത്രത്തിനു കീഴിൽ ലോകമടക്കി ഭരിക്കുന്ന അല്ലയോ മഹാരാജ്ഞി! സൎവ്വഭാഗ്യങ്ങളും തികഞ്ഞ സൎവ്വാംഗസുന്ദരിയായ അല്ലയോ ജീവനാഥേ! നിനക്കൊപ്പം ധൈൎയ്യവും സൌന്ദൎയ്യവു, വീൎയ്യവും, പ്രാഭവും, കീൎത്തിയും ലോകത്തിൽ മററാൎക്കുംതന്നെയില്ല. സൎവ്വമംഗളങ്ങളുടേയും ഇരിപ്പിടം നീതന്നെയാണു്. അങ്ങനെയുള്ള നിന്റെ വദനാംബുജം ഒന്നു വാടിക്കാണുന്നല്ലോ. അതിന്റെ കാരണം എന്തു്? നീ ഒരുക്കിയ ഭക്ഷ്യസാധനങ്ങളെ ഭക്ഷിക്കുന്നതിനു ആളില്ലാതെ ആയിപ്പോയതുകൊണ്ടാണോ. എന്നോടുകൂടെ വരുന്നവൎക്കു കൊടുക്കാനായി നീ ഇത്രവളരെ ഭക്ഷ്യവസ്തുക്കൾ ഒരുക്കുമെന്നു ഞാൻ അറിഞ്ഞിരുന്നെങ്കിൽ ഞാൻ എന്റെ എല്ലാ ഭൂതങ്ങളേയും കൊണ്ടുപോരുമായിരുന്നേനേ. ഇല്ലെങ്കിലും എന്നോടുകൂടെ വന്നിരുന്നവരെയെങ്കിലും അയക്കുകയില്ലായിരുന്നല്ലോ. എന്തുചെയ്യാം, മുൻകൂട്ടി വിചാരിക്കാത്തതിനാൽ ഇങ്ങനെ പററിപ്പോയതാണു്. ഇല്ല നമുക്കു വഴിയുണ്ടാക്കാം. നീ ആ കുണ്ഡോദരനുവയറു നിറയെ ഭക്ഷണം നല്കി വേഗത്തിൽ ഇങ്ങോട്ടു പറഞ്ഞയയ്ക്കൂ. നമുക്കവനെ കൈലാസംവരെ ഒന്നോടിച്ചു് ഭൂതഗണങ്ങളെയെല്ലാം വരുത്തിക്കളയാം. അന്നം ശേഷിക്കാതാക്കിക്കളയാം. അവർ എത്രയോ ഭൂതങ്ങൾ ഉണ്ടു്. എല്ലാവരുംകൂടെ ഇങ്ങോട്ടുവന്നാൽ ഭക്ഷിച്ചു തീൎത്തുകളയാതെ ഇരിക്കുമോ? ഒന്നുകൊണ്ടും ഭവതി വ്യസനിക്കേണ്ടാ. ഭവതിയുടെ ഏതു ഇഷ്ടവും എപ്പോഴും സാധിച്ചുതരുന്നതിനു് ഞാൻതയ്യാറാണു് എന്നിങ്ങനെ മൎമ്മംതോറും ചുട്ടുപഴുപ്പിച്ച ഇരുമ്പുനാരായം കുത്തിക്കടത്തുന്നതുപോലെ പറഞ്ഞു.

ഭഗവാന്റെ മഹത്വങ്ങൾ ഓൎത്തും കുണ്ഡോദരന്റെ കൃത്യങ്ങൾകണ്ടും ആശ്ചൎയ്യത്തിന്റേയും ലജ്ജയുടേയും മദ്ധ്യത്തിൽ കിടന്നു ഞെരുങ്ങുന്ന ഭഗവതിക്കുണ്ടായിരുന്ന ഗൎവ്വങ്ങൾ എല്ലാം ഒന്നോടെ നീങ്ങി. അനന്തരം വിനയത്തോടുകൂടെ ഭൎത്തൃപാദങ്ങളിൽ നമസ്കരിച്ചുകൊണ്ടു പറഞ്ഞു:—

അല്ലയോ പ്രിയനാഥ! കൈലാസത്തിൽ നിന്നും അവിടുന്നു് ഭൂതങ്ങളെ വരുത്തേണ്ട. ഇവിടെയുണ്ടായിരുന്ന ഒരു ഹ്രസ്വഗാത്രനായ ഭൂതത്തിന്റെ വിശപ്പടക്കാൻപോലും ഞാൻ ഉണ്ടാക്കി കൂട്ടിയിരുന്ന ഭക്ഷ്യങ്ങൾ മുഴുത്തില്ല. അവൻ ഇവിടെ ഉണ്ടായിരുന്ന സൎവ്വ ഭക്ഷ്യസാധനങ്ങളും, പാത്രങ്ങളുമെല്ലാം വിഴുങ്ങി. ഇതാ ഇപ്പോൾ ഇനി എന്താണു് ഭക്ഷിക്കേണ്ടതെന്നുള്ള വിചാരത്തോടുകൂടെ ഗുഹപോലെ വായുംപൊളിച്ചു് നെഞ്ചെത്തുകയ്യും

വച്ചുകൊണ്ടു് ചുററി ഓടുന്നു. അവിടുന്നയച്ച ഒരു ഭൂതത്തിനെക്കൊണ്ടുതന്നെ എന്റെ മുഴുവൻകാൎയ്യവും സാധിച്ചു. ഇനി തിരിച്ചയക്കാൻ വഴിയുണ്ടായാൽ മതി. ഇതുപോലെയുള്ളതിൽ ഇനി ഒരു ഭൂതത്തെക്കൂടി വരുത്തുമെങ്കിൽ ഭൂമിയെന്നല്ല, ബ്രഹ്മാണ്ഡം മുഴുവനും അവരുടെ വായിൽത്തന്നെ. അയ്യയ്യോ ഭഗവാനെ! അവിടുത്തെ അനുചരന്മാരിൽ വാമനനായ ഒരു ഭൂതത്തിന്റെ പരാക്രമം ഇത്ര വലുതാകുമ്പോൾ ബലശാലികളും ഉഗ്രരൂപന്മാരുമായ മററുള്ളവരുടെയെല്ലാം പരാക്രമം എത്ര മഹത്തരമായിരിക്കും.

അവിടെയുണ്ടായിരുന്ന മററുള്ളവരും എല്ലാം ഇങ്ങനെതന്നെ വിചാരിച്ചു. അനന്തരം ഭഗവതിയായ തടാതക, ക്ഷുൽപിപാസാൎത്തിതനായി അങ്ങോട്ടും ഇങ്ങോട്ടും കിടന്നോടി കണ്ണിൽ കാണുന്നതെല്ലാം എടുത്തുവായിലാക്കി ഭക്ഷിച്ചുതുടങ്ങിയിരിക്കുന്ന കുണ്ഡോദരന്റെ അത്യഗ്നിശാന്തിക്കു മായാവിയായ ഭഗവാൻ ഏതെങ്കിലും ഒരു വഴിയുണ്ടാക്കിയെങ്കിൽ എനിക്കെത്ര മനസ്സമാധാനം ആയേനേ; അല്ലെങ്കിൽ ഞാൻ എന്തുചെയ്യും. പ്രാണപ്രേയസിയായ എന്റെ മേൽ ഉള്ള സ്നേഹം വിചാരിച്ചെങ്കിലും അവന്നു തൃപ്തിയുണ്ടാക്കി എന്റെ മാനം കാക്കണം. എന്നിങ്ങനെയുള്ള പ്രാൎത്ഥനയെ സൂചിപ്പിക്കുംപ്രകാരത്തിൽ കടാക്ഷവിക്ഷേപങ്ങളോടുകൂടെ ഭഗവാന്റെ മുഖാരവിന്ദത്തിൽ നിന്നും കണ്ണുപറിക്കാതെ നോക്കിക്കൊണ്ടുനിന്നു.

൭-ാംഅദ്ധ്യായം

കുണ്ഡോദരഭുക്തി എന്ന ഏഴാമത്തെ ലീല സമാപ്തം.

---

# ഹാലാസ്യമാഹാത്മ്യം

## കേരളഭാഷാഗദ്യം

### ൮-ാം അദ്ധ്യായം

അന്നഗൎത്താപഗാനയനം എന്ന,

എട്ടാമത്തെലീല.

---

അല്ലയോ മഹൎഷിപുംഗവന്മാരേ! ഇനി ഞാൻ നിങ്ങളെ സുന്ദരേശ്വരൻ, കല്യാണസംഭാരങ്ങൾ മുഴുവൻ ഭക്ഷിച്ചിട്ടും വിശപ്പുതീരാതെ ആൎത്തനായി അഭയംപ്രാപിച്ച കുണ്ഡോദരന്നു് അന്നഗൎത്തങ്ങളെക്കൊണ്ടും, ഗംഗയെക്കൊണ്ടും വിശപ്പുംദാഹവും മാററിക്കൊടുത്ത ലീലയെ കേൾപ്പിക്കാം. ആ മാഹാത്മ്യമേറിയ ഒരു ലീലയുടെ ശ്രവണം കൊണ്ടുതന്നെ സകല പാപങ്ങളും തീൎന്നുപോകും.

എന്തെല്ലാം ഭക്ഷിച്ചിട്ടും വിശപ്പുതീരാതെ ജഠരാഗ്നിയാൽ അത്യന്തം പീഡിതനായ കുണ്ഡോദരൻ ഒടുക്കം ഭക്ഷണശാലയിൽ നിന്നും ഓടി പരമശിവനായ സുന്ദരേശ്വരന്റെ കാല്ക്കൽ ചെന്നുവീണു നമസ്കരിച്ചുംകൊണ്ടു ഇപ്രകാരം അപേക്ഷിച്ചു.

അല്ലയോ ദേവദേവ! കൃപാരാശേ! സർവ്വാനുഗ്രഹതല്പര! അവിടുന്നു എന്റെ അപേക്ഷയെ കേൾക്കണമേ! ഞാൻ ഭക്ഷിക്കാനായി ഭോജനശാലയിൽ ചെന്നതിൽ ഇനിക്കു ഇഷ്ടമായി അവർ ഭക്ഷണം നൽകിയില്ലെന്നു മാത്രമല്ല അവർ നൽകിയ അല്പഭക്ഷണംകൊണ്ടു എന്റെ വിശപ്പിന്റൊരു ശതാംശംപോലും ശമിച്ചതുമില്ല. ത്രിപുരന്മാരെ അങ്ങു ദഹിപ്പിച്ചതുപോലെ കത്തിക്കാളുന്ന ജഠരാഗ്നി എന്റെ ശരീരംപോലും നശിപ്പിച്ചുകളയുമെന്നു ഇനിക്കു തോന്നുന്നു. അവർ നൽകിയ ഭക്ഷണംകൊണ്ടു എന്റെ വിശപ്പു ശാന്തമായില്ലെന്നു മാത്രമല്ല കത്തുന്ന തീയിൽ അല്പം നെയ്യൊഴിച്ചതുപോലെ പൂർവ്വാധികം വിശപ്പു വർദ്ധിക്കുകയും ചെയ്യുന്നു. ഞാൻ കുറെ അധികം ഭക്ഷ്യപദാർത്ഥങ്ങളെ ഉള്ളിലാക്കി. അവയെല്ലാം അഗ്നിയിൽ പഞ്ഞിയെന്നപോലെ അങ്ങുചെല്ലുന്നതിനകംതന്നെ ദഹിച്ചുപോകുന്നു. എന്റെ ഇന്ദ്രിയങ്ങളും തളരുന്നു. ഭഗവാൻ ദയവുചെയ്തു എനിക്കു വിശപ്പടങ്ങത്തക്കവണ്ണം ഭക്ഷണം തന്നു എന്നെ രക്ഷിക്കണം.

വയറുതടവിയുംകൊണ്ടു കുണ്ഡോദരൻ മേൽപ്രകാരം അപേക്ഷിക്കുകയും വലിയ വലിയ സംഭ്രമങ്ങളെ കാണിക്കുകയും ചെയ്യുന്നതിനെ ഭഗവതി കണ്ടു ഭഗവാനായ സുന്ദരേശ്വരനോടു, അല്ലയോ ഭർത്താവേ! ക്ഷുൽപിപാസാർത്തനായ ഈ ഭൂതത്തിനെ അവിടുന്നു രക്ഷിക്കണമേ! അവനു തൃപ്തിയുണ്ടാകത്തക്കവണ്ണം അന്നം കൊടുക്കുന്നതിനു എനിക്കു ശക്തിയില്ല. എന്നിങ്ങനെ അപേക്ഷിച്ചു.

ഭക്തിപരതന്ത്രനും ഭക്താധീനനുമായ ഭഗവാൻ സുന്ദരേശ്വരൻ അതു കേട്ടു, സദാ തന്നോടൊന്നിച്ചുതന്നെ വസിക്കുന്നവളും, സദാശിവശക്തിയുമായ അന്നപൂർണ്ണേശ്വരിയെ മനസാ സ്മരിച്ചു. ഉടൻതന്നെ ദയാശാലിനിയായ ആ അന്നപൂർണ്ണേശ്വരി ഒരിക്കലും അക്ഷയമില്ലാത്തതും ദധിമിശ്രമായതും ആയ നാലു അന്നക്കുഴികൾ അവതരിപ്പിച്ചു കൊടുത്തു. സുന്ദരേശ്വരൻ വയറുംകാണിച്ചുകൊണ്ടു പതറിപ്പാഞ്ഞുഴലുന്ന കുണ്ഡോദരനെ വിളിച്ചു ആ അന്നക്കുഴികളെ കാണിച്ചുകൊടുത്തിട്ടു, ഇതാ! ഈ അന്നക്കുഴികളിൽ നിന്നും നിനക്കു തൃപ്തിവരുവോളവും അന്നം ഭക്ഷിച്ചുകൊള്ളുക എന്നു പറഞ്ഞു.

കുണ്ഡോദരൻ ഉടൻതന്നെ ഓടിച്ചെന്നു ആ അന്നക്കുഴികളുടെ മുമ്പിൽ കുത്തിയിരുന്നുംകൊണ്ടു, അവകൾ ഓരോന്നിലും ഉള്ള അന്നങ്ങൾ എല്ലാംകൂടി ഓരോ കബളമായി ഉരുട്ടി തൊള്ളയിലാക്കി വിഴുങ്ങി. ഉടൻതന്നെ കുണ്ഡോദരന്റെ കുക്ഷി നിറയുകയും അവന്റെ വിശപ്പടങ്ങുകയു

ചെയ്തു. ഭക്തരക്ഷകനും മായാമയനും സർവ്വശക്തനുമായ സുന്ദരേശന്റെ അത്ഭുതശക്തികളുടെ പരിമാണത്തെ ആരെക്കൊണ്ട് നിശ്ചയിക്കാൻ കഴിയും. കുണ്ഡോദരന്റെ ക്ഷുത്ത് മേൽപ്രകാരം അടങ്ങിയപ്പോൾ അവനെ ഇതില്പരമില്ലാത്തതായ ഒരു വലിയ ദാഹം വന്നു പിടികൂടുകയാൽ അവൻ നില്പൊറുതിയില്ലാതെ, വെള്ളം! വെള്ളം! എന്നു വിളിച്ചുകൊണ്ട് നാലുദിക്കിലും ആയി പരിഭ്രമണം തുടങ്ങി. മധുരാപുരിയിൽ ഉള്ള വാപീകൂപതടാകങ്ങളിലെ വെള്ളം എല്ലാം കുണ്ഡോദരൻ ഒന്നുപോലെ കുടിച്ചുതീർത്തു. അതുകൊണ്ടും കുണ്ഡോദരന്റെ ദാഹം അടങ്ങിയില്ല.

വീണ്ടും അവൻ പരമേശ്വരന്റെ കാല്ക്കൽതന്നെ ചെന്നുവീണു വന്ദിച്ചുകൊണ്ട്, അയ്യോ ഭഗവാനേ! അവിടത്തെ കൃപാകടാക്ഷംകൊണ്ടു പ്രത്യക്ഷമായ അന്നഗർത്തങ്ങളിൽ ഉണ്ടായിരുന്ന അപരിമിതമായ അന്നം ഭക്ഷിച്ചതുമൂലം എന്റെ വിശപ്പു മുഴുവൻ തീർന്നെങ്കിലും മുമ്പെ ഉണ്ടായിരുന്ന വിശപ്പിലും കൂടുതലായി ദാഹമുണ്ടായിരിക്കുന്നു. ഞാൻ ഈ മധുരാപുരത്തിലുള്ള എല്ലാ വാപീകൂപതടാകങ്ങളിലേയും ജലം മുഴുവൻ കുടിച്ചിട്ടും എന്റെ ദാഹത്തിനു ശാന്തിയുണ്ടാകുന്നില്ലെന്നു മാത്രമല്ല ക്ഷണംപ്രതി വർദ്ധിച്ചു വർദ്ധിച്ചുതന്നെ വരികയും ചെയ്യുന്നു. അതുകൊണ്ട് അങ്ങുതന്നെ എന്റെ ദാഹവും ശമിപ്പിക്കണമെന്നപേക്ഷിച്ചു.

സുന്ദരേശ്വരൻ അതുകേട്ട്, പവിത്രയും പാപാപഹാരിണിയും ആയ ഗംഗയെത്തന്നെ സർവ്വലോകോപകാരത്തിനും, കുണ്ഡോദരഹിതത്തിനും വേണ്ടി ഇവിടെ വരുത്തണം. അതുകൊണ്ട് ഇവന്റെ ദാഹത്തേയും ഹാലാസ്യത്തിൽ അഭ്യാഗതന്മാരാകുന്ന ജനങ്ങളുടെ പാപത്തേയും നശിപ്പിക്കാമെന്നു മാത്രമല്ല, മധുരാപുരവാസികൾ അതിനെ സ്നാനപാനാശനങ്ങൾക്കു ഉപയോഗിച്ച് ഐഹികപാരത്രികസൌഖ്യമാർഗ്ഗത്തെ ആയാസഹീനം സമ്പാദിക്കുകയും ചെയ്തുകൊള്ളും, എന്നിങ്ങനെ വിചാരിച്ചുകൊണ്ട്, തന്റെ മൂർദ്ധാവിൽ വാഴുന്ന ഗംഗയെ വിളിച്ച് ഇപ്രകാരം പറഞ്ഞു:—

അല്ലയോ സർവ്വമംഗളയായ ഗംഗാദേവി! പ്രാണനായികേ! ലോകപാവനകാരിണിയായ നീ എന്റെ വാസസ്ഥാനമായ മധുരാപുരിയിൽ മഹാപ്രവാഹരൂപിണിയായി അതിവേഗത്തിൽ ആഗമിച്ചാലും!

ചന്ദ്രചൂഡജടാലങ്കാരിണിയായ ഗംഗാഭഗവതി ഉടൻതന്നെ പ്രത്യക്ഷയായി ഭഗവാനെ വന്ദിച്ചുകൊണ്ടു, അല്ലയോ സുന്ദരേശ്വര! പണ്ട് ലോകവാസികളുടെ മഹാപാപപ്രശാന്തിക്കുവേണ്ടി ഭഗീരഥൻ പ്രാർത്ഥിച്ചപ്പോൾ ഞാൻ പ്രത്യക്ഷയായതു് അങ്ങയുടെ ആജ്ഞയനുസരിച്ചായിരുന്നല്ലോ. അല്ലയോ ഭൂതേശ! ഇപ്പോഴും ഭൂതാനുഗ്രഹത്തിനുവേണ്ടി അങ്ങയുടെ കല്പനപ്രകാരം ഞാൻ ഇവിടേയും അവതരിക്കാം. അങ്ങയുടെ ആജ്ഞാശക്തികൊണ്ട്, ഞാൻ എവിടേയും പാപഹാരിണിതന്നെയെങ്കിലും വിശേഷിച്ചും വാരാണസീവാസിയായ എന്നിൽ സ്നാനം ചെയ്യുന്നവർക്കു ഞാൻ അങ്ങയുടെ

സാരൂപ്യംകൂടി കൊടുക്കുന്നുണ്ടു്. ഇവിടെയുണ്ടാകുന്ന എന്റെ പ്രവാഹത്തിൽ സ്നാനംചെയ്യുന്നവൎക്കു അവരുടെ ബ്രഹ്മഹത്യാദിസകലപാപങ്ങളേയും നശിപ്പിക്കുന്നതുകൂടാതെ കാശിയിൽ സ്നാനംചെയ്താൽ കിട്ടുന്ന സാരൂപ്യത്തേക്കാൾ ശ്രേഷ്ഠമായ അങ്ങയുടെ സായൂജ്യത്തേയുംകൂടി കൊടുക്കാമെന്നു അങ്ങു് സമ്മതിച്ചാൽ ഞാൻ ഇവിടേയും അവതരിക്കാം. സ്ഥലത്തിനും, മൂൎത്തിക്കും, തീൎത്ഥത്തിനും മറ്റെല്ലായിടത്തും ഉള്ളതിനെക്കാൾ ഇവിടത്തേതിനു കൂടുതൽ മാഹാത്മ്യം ഉള്ളപ്പോൾ എനിക്കും കൂടുതൽ ശ്രേഷ്ഠത ഉണ്ടായിരിക്കേണ്ടതല്ലേ?

ഗംഗയുടെ ഇപ്രകാരമുള്ള അപേക്ഷകൾകേട്ടു്, സദാനുഗ്രഹതല്പരനായ ഭഗവാൻ ഗംഭീരമാംവണ്ണം ഇങ്ങനെ പറഞ്ഞു:—

അല്ലയോ പ്രജ്ഞാശാലിനിയായ ജഹ്നുതനയേ! നീ പറഞ്ഞതെല്ലാം വളരെവളരെക്കാൎയ്യമാണു്. അല്ലയോകല്യാണി! ഭവസംസാരോദ്ധാരണക്ഷമമായ എന്റെ വാക്കുകളെ നീ കേൾക്കുക. അജ്ഞാനമാകുന്ന തമസ്സിനെ സുജ്ഞാനോദയം കൊണ്ടു നശിപ്പിക്കുന്നതായ ഈ സമഷ്ടിവിദ്യാനഗരത്തിൽ എവിടെവച്ചെങ്കിലും നിന്നെകാണുന്നവരുടെ പാപങ്ങൾപോലും നശിച്ചുപോകും. സ്പൎശിക്കുന്നവരുടെ എല്ലാപാപങ്ങളും ഉത്തരക്ഷണത്തിൽ തന്നെ നശിച്ചുപോകുമെന്നും അവൎക്കു ഐശ്വൎയ്യങ്ങൾ ഉണ്ടാകുമെന്നും ഉള്ളതിനു യാതൊരു സംശയവും ഇല്ല. പാനംചെയ്യുന്നവനു് അതുപോലെ തന്നെ ശാശ്വതമായ ജ്ഞാനവും ലഭിക്കും. എന്റെ മൂലലിംഗത്തിന്റെ സന്നിധാനത്തിൽ കൂടെ പ്രവഹിക്കുന്ന നിന്റെ ജലത്തെ ദൎശിക്കുന്നവനു് ധൎമ്മാൎത്ഥമോക്ഷങ്ങൾ മൂന്നും കിട്ടുമെന്നുള്ളതിനു പക്ഷാന്തരമില്ല. അധികം എന്തിനു പറയുന്നു. ഈ മധുരാപുരനിവാസിനിയായ നിന്നിൽ സ്നാനംചെയ്യുന്നവൎക്കു തീൎച്ചയായും സായൂജ്യം തന്നെ ലഭിക്കും. അതിനു യാതൊരു സംശയവും ഇല്ല. മറ്റുസ്ഥലങ്ങളിൽ ചെയ്യുന്നതിൽ നിന്നും ഇവിടെയുള്ള നിന്റെ തീരത്തിൽവച്ചു ചെയ്യുന്ന ഓരോ പുണ്യകൎമ്മങ്ങൾക്കും ഒന്നിനു നൂറിരട്ടിവീതം ഫലമുണ്ടാകും. വിശ്വനാഥനായി വാഴുന്ന എന്റെ നിത്യസന്നിധാനംകൊണ്ടും പരിപാവനമായിട്ടുള്ള ശ്രീകാശിയിലെ ഗംഗാജലത്തിൽ സ്നാനം ചെയ്യുന്നതിലും കൂടുതൽ പുണ്യവും, ഗതിയും ഇവിടെയുള്ള നിന്റെ ജലത്തിൽ സ്നാനം ചെയ്താൽ ഉണ്ടാകും. ഇതിലധികം നിനക്കു വല്ലവരവും വേണമോ? ഇഷ്ടംപോലെ തന്നെ ഞാൻ വരംതന്നുകഴിഞ്ഞു. ഇനിവരുതൊ? എന്നു ഗംഗയെ വിളിച്ചു.

ഇഷ്ടവരലബ്ധികൊണ്ടു്, അത്യന്തം സന്തുഷ്ടയായ ഗംഗ, വൃഷധ്വജനായ ഭഗവാന്റെ വിളികേട്ടയുടൻ തന്നെ മഹാത്ഭുതവേഗത്തിൽ തുംഗങ്ങളായ തരംഗങ്ങളോടുകൂടെ പുറപ്പെട്ടു. ആ അമരനിമ്നഗാ പ്രവാഹവേഗംകൊണ്ടു്, ഇരുതീരങ്ങളിലും നിന്നിരുന്നമഹോന്നതവൃക്ഷങ്ങളെ എല്ലാം പുഴക്കിമറിച്ചും പുഴുതുവീണവൃക്ഷങ്ങളിൽ നിന്നും പൊഴിഞ്ഞു് തിരമാലകൾതോ

ളും കിടന്നിളകുന്നപുഷ്പങ്ങളെക്കൊണ്ടു് നക്ഷത്രങ്ങളാൽ പരിലസിതമായ ശരൽക്കാലത്തിലെ ആകാശത്തിന്റെ സാദൃശ്യതയെ അവഹരിച്ചും, അതിവേഗം കൊണ്ടുണ്ടായ തിരക്കൂട്ടുകളുടെ മേൽക്കയറിയിരിക്കുന്നനാഗങ്ങളുടെയും അവറ്റുകളുടെ ഫണങ്ങളിൽ വസിക്കുന്ന നാഗരത്നങ്ങളുടെയും വർണ്ണം കൊണ്ടു യമുനയുടേയും സരസ്വതിയുടേയും മിശ്രകാന്തിയെ ഉദ്ദീപിപ്പിച്ചും വരുന്നതുകണ്ടാൽ ആരും ആശ്ചര്യപരതന്ത്രരായിപ്പോകും.

അനന്തരം സർവ്വഭൂതങ്ങൾക്കും ഒന്നുപോലെ ഹിതകരങ്ങളായ കാര്യങ്ങളെ ചെയ്യുന്നതിൽ വളരെ താല്പര്യമുള്ള ആ സുന്ദരപാണ്ഡ്യൻ പൂഗപുന്നാഗതമാലാദികളായപുഷ്പങ്ങളിൽ തട്ടിവരുന്നഗന്ധവാഹന്റെ സംബന്ധം കൊണ്ടും, തീരപ്രദേശങ്ങളിൽ നില്ക്കുന്ന വൃക്ഷങ്ങളിൽ നിന്നും കൊഴിഞ്ഞുവീണ സുരഭിലകളായ പുഷ്പങ്ങളുടെ സംയോഗം കൊണ്ടും ഏററവും വാസിതവും ശീതളവും ആയ ഗംഗാജലം കണ്ടു്, കുണ്ഡോദരനെനോക്കി മന്ദഹാസംചെയ്തിട്ടു് ഈ ഗംഗാജലം ഇഷ്ടംപോലെ പാനം ചെയ്തു നിന്റെ അതിദാഹം അടക്കിക്കൊള്ളുന്നതു ഇനിക്കു സമ്മതംതന്നെയെന്നു അവനെ മനസ്സിലാക്കി.

കുണ്ഡോദരൻ ഭഗവാന്റെ അനുമതിയുണ്ടായ ക്ഷണത്തിൽ തന്നെ കുതിച്ചോടി, കല്പാന്തകാലത്തിലെ ജലപ്രളയാഗമനംപോലെ അത്യന്തം ഉഗ്രവേഗത്തിൽ പാഞ്ഞുവരുന്ന ഗംഗാപ്രവാഹത്തിനെതിരായി ചെന്നു നിന്നുകൊണ്ടു് തന്റെ രണ്ടുകൈകൾ കൊണ്ടും അണംകെട്ടി ജലംതടുത്തുനിർത്തി കന്ദരംപോലെ വാപിളർന്നു് വന്നവന്ന ജലമെല്ലാം കുടിച്ചുതുടങ്ങി ക്ഷണത്തിൽ അവന്റെ ദാഹം ശമിച്ചു. കണ്ടുനിന്നവർ എല്ലാം ഇതില്പരമില്ലാതെ അതിശയിച്ചു. ആ അത്യത്ഭുതകൃത്യം കണ്ടാൽ ഏതൊരുത്തൻ അതിശയിക്കയില്ല.

അനന്തരം ഗംഗാജലപാനംകൊണ്ടു ദാഹശാന്തിവന്ന കുണ്ഡോദരൻ തന്റെ വീർത്ത കുമ്പയും ചുമന്നുകൊണ്ടു് ഭഗവത്സന്നിധിയിൽ എത്തി അദ്ദേഹത്തിന്റെ പാദങ്ങളിൽ സാഷ്ടാംഗമായി വീണു നമസ്കരിച്ചു. അനന്തരം, അത്രവരെയും വിദ്യാഗന്ധംപോലും ഇല്ലാതെയിരുന്ന കുണ്ഡോദരൻ ഹാലാസ്യക്ഷേത്രാശ്രയയായ വൈഗ, എന്ന ഗംഗാജലം പാനം ചെയ്തപ്പോൾ തുടങ്ങി വലിയ വിദ്വാനായിത്തീരുകയാൽ താഴെവരുമാറു് സുന്ദരേശനെ സ്തുതിക്കാൻ തുടങ്ങി.

ശൈലാധീശസുതാസഹായ സകലാമ്നായാന്തവേദ്യപ്രഭോ!
ശൂലാസ്ത്രാഗ്രവിദാരിതാന്ധകസുരാരാതീന്ദ്രവക്ഷസ്ഥല!
കലാതീതകലാവിലാസകുശലത്രായേതതേസന്തതം
ഹാലാസ്യേശകൃപാകടാക്ഷലഹരീമാമാപദാമാസ്പദം. ൪

കോലാച്ഛച്ഛദതുല്യമാധവസുരജ്യോത്സ്നാതിദൂരാംഘ്രികാ
നീലഗ്രീംഗനാദിശേശനിർജ്ജരധുനീഭാസ്വജ്ജടാമണ്ഡല!
കൈലാസാചലവാസകാർമ്മുകധരത്രായേത തേ സന്തതം
ഹാലാസ്യേശകൃപാകടാക്ഷലഹരീമാമാപദാമാസ്പദം. ൧.

ഹാലാകണ്ഠിപ്രഭവപ്രഭഞ്ജനസഖ! പ്രോദ്യൽസ്ഫുലിംഗച്ഛടാ
ജ്വാലാജന്യസ്മരചാരുസംഹനനാനസന്മീനേക്ഷണാവല്ലഭ!
ശൈവാദിപ്രമുഖൈർഗ്ഗുണൈഃ സ്തുതഗുണത്രായേത തേ സന്തതം
ഹാലാസ്യേശകൃപാകടാക്ഷലഹരീമാമാപദാമാസ്പദം. ൨.

മാലാകല്പിതമാല്യധാനഫണസന്താനിക്യഭാസ്വൽതനോ!
മൂലാധാരജഗത്രയസ്യമുരജിന്നേത്രാരവിന്ദാർച്ചിത!
സാലാകാരഭുജാ സഹസ്രഗിരിശത്രായേത തേ സന്തതം
ഹാലാസ്യേശകൃപാകടാക്ഷലഹരീമാമാപദാമാസ്പദം. ൩

ബാലാദിത്യസഹസ്രകോടിസദൃശോദ്യദ്ദേഹഗത്യാപഹാ
വേലാഭ്രമിവികാരനിഷ്പ്രവിബുധസ്തോത്രസ്തപനീശേശ്വര!
ഭാലാവർണ്ണ്യകവിതപ്രഭൃതിസുഖദത്രായേത തേ സന്തതം
ഹാലാസ്യേശകൃപാകടാക്ഷലഹരീമാമാപദാമാസ്പദം. ൪

കീലാലാവനിപാവകാനിലനഭഃ പൂഷ്ണാത്മയജ്വാകൃതേ!
കീലാനേകസഹസ്രസംകുലശിലാസ്തംഭസത്രൂപാമിത!
ശൈലാധീശസുതാവരാംഗനാവിലാസത്രായേത തേ സന്തതം
ഹാലാസ്യേശകൃപാകടാക്ഷലഹരീമാമാപദാമാസ്പദം. ൫

ലീലാത്മാജ്ഞതവിരമകമോചരതാംസാമ്രാജ്യലക്ഷ്മീപ്രദ
സ്ഥൂലാശേഷചരാചരാത്മകജഗൽസ്ഥൂണാഷ്ടമൂർത്തേ ഗുരോ!
താലാഖ്യാസുഫൽഗുനപ്രിയകരത്രായേത തേ സന്തതം
ഹാലാസ്യേശകൃപാകടാക്ഷലഹരീമാമാപദാമാസ്പദം. ൬

ഹാലാസ്യാഗതദേവദൈത്യമുനിസംഗീതാപദാനാകണ
സദ്ഭാവകോടിമനോഹരാംഘ്രികമലാനന്ദാപവർഗപ്രദാ
ശ്രീലീലാകരപാത്രനാടകരതത്രായേത തേ സന്തതം
ഹാലാസ്യേശകൃപാകടാക്ഷലഹരീമാമാപദാമാസ്പദം. ൭

ഇപ്രകാരം മഹർഷിപുംഗവന്മാരാൽ സർവ്വോപരി ശ്രേഷ്ഠമായ ഈ ഹാലാസ്യനാഥാഷ്ടകത്തെ നിത്യമായിട്ടെങ്കിലും ഒരു പ്രാവശ്യം ഉച്ചരിച്ചാൽ അവർക്ക് സംസാരസാഗരത്തിന്റെ മറുകരയിൽ നിഷ്പ്രയാസം എത്തുന്നതിനും സായൂജ്യപദവിയെ ക്ഷണത്തിൽ പ്രാപിക്കുന്നതിനും പ്രയാസമില്ലെന്നുമാത്രമ

ല്ല അവർ ധനധാന്യസമ്പൽ പുത്രമിത്രഭാര്യാദികളായ ഭോഗ്യവസ്തുക്കൾ വേണമെന്നാശിക്കുന്നതായാലും ലഭിക്കുമെന്നുള്ളതിനും യാതൊരു സംശയവുമില്ല. എന്തിനധികം പറയുന്നു. ഇത്രമാത്രം മഹത്തരമായി മറെറാരു സ്തോത്രവും ഇല്ല. ഭക്തർക്കും ഈ സ്തോത്രപാഠനം, കാമധേനുവിനേയും, ചിന്താമണിയേയും, കല്പകവൃക്ഷത്തേയുംകാൾ, സർവാഭീഷ്ടസിദ്ധിയെ സംശയരഹിതം ഉണ്ടാക്കിക്കൊടുക്കുന്നതാണു്.

ഇത്രയൊക്കെ മാഹാത്മ്യത്തോടുകൂടിയതായ മുൻപറഞ്ഞ അഷ്ടകം കൊണ്ടു് കുണ്ഡോദരൻ പരമശിവനെ സ്തുതിച്ചു് നമസ്കരിച്ചതിൻെറശേഷം ഭക്തശിരോമണിയായ അവൻ കയ്യുരണ്ടും ശിരസ്സിൽ അഞ്ജലിബദ്ധമായി വച്ചുകൊണ്ടു് ഭഗവാനേയും നോക്കി ഒന്നുംമിണ്ടാതെനിന്നു.

ഭക്തവത്സലനായ ഭഗവാൻ അതുകണ്ടു്, കുണ്ഡോദരനെനോക്കിപ്പറഞ്ഞു. അല്ലയോ സേവക! എൻെറമേലുള്ള നിൻെറ അകൈതവമായ ഭക്തികൊണ്ടും നീ ഇപ്പോൾ എന്നെ സ്തുതിച്ചുചൊല്ലിയ സ്തോത്രാഷ്ടകങ്ങളെക്കൊണ്ടും, ഞാൻ ഏററവും സന്തുഷ്ടനായി ഭവിച്ചിരിക്കുന്നു. നീ എല്ലാക്കാലത്തും എൻെറ എല്ലാകിങ്കരന്മാർക്കും അധിപനായി എൻെറസന്നിധിയിൽ തന്നെ വസിച്ചുകൊള്ളുക. നിൻെറകൃതിയായ അഷ്ടകത്തെ പാരായണം ചെയ്യുന്നവരുടെ സകലപാപങ്ങളും നശിക്കുകയും അവർ അവസാനത്തിൽ എന്നോടു ചേരുകയും ചെയ്യും. കൂടാതെ ഒരുദിവസം ഒരുനേരമെങ്കിലും നിൻെറ നാമധേയം സ്മരിക്കുന്നവരെ ഒരിക്കലും ദാരിദ്ര്യം തീണ്ടുകയില്ല.

പാണ്ഡ്യേശ്വരനായ പരമശിവൻ തൻെറ കിങ്കരപ്രധാനിയായ കുണ്ഡോദരനോടു് ഇപ്രകാരം പറഞ്ഞു് അവനെ അനുഗ്രഹിച്ചുയാത്രയാക്കി. അനന്തരം പരിണീതയായ തടാതകയും ഒന്നിച്ചു് ഹാലാസ്യനാഥനായ ഭഗവാൻ സുന്ദരേശ്വരൻ മധുരാപുരത്തിൽ ഉള്ള വൈജയന്തനന്ദിതമായ രാജകൊട്ടാരത്തിൽ നിത്യമംഗളങ്ങളോടുകൂടെ നിവാസംചെയ്തു നീതിപ്രകാരം രാജ്യപരിപാലനം തുടങ്ങി.

അല്ലയോ മഹർഷിപുംഗവന്മാരേ! പരമശിവനായ പാണ്ഡ്യേശ്വരൻ കുണ്ഡോദരൻെറ ദാഹശാന്തിക്കായി മധുരാപുരിയിൽ അവതരിപ്പിച്ച ഗംഗയാണു് വേഗവതി. അതിനെ ചിലർ 'ശിവഗംഗ'യെന്നും ചിലർ ശിവജ്ഞാനനദിയെന്നും മററുചിലർ വിളംബിതയെന്നും, വേറെചിലർ, കൃതമാലയെന്നും പറയുന്നുണ്ടു്. വേഗവതിയോടൊപ്പം മഹത്വമുള്ളതായി ഭൂലോകത്തിൽ മറെറാരുനദിയുമില്ല. പുണ്യവതിയായ ഈ വേഗവതിയിൽ സ്നാനം ചെയ്താൽ സകലപാപശാന്തിയും സകലൈശ്വര്യസമ്പൽസമൃദ്ധിയും ആയുരാരോഗ്യവും ഉണ്ടാകുന്നതുകൂടാതെ ഒടുവിലായും അവസാനത്തിൽ ശിവസായൂജ്യവും പ്രാപ്തമാകും. അല്ലയോ മഹർഷിമാരേ! അത്ഭുതമായ വിധങ്ങളോടുകൂടിയ സകലചരാചരങ്ങൾക്കുഗുരുവായ ഹാലാസ്യനാഥൻ, തൻെറ പ്രാണപ്രേയസിയായ തടാതകയുടെ ഐശ്വര്യഗർവ്വം ഇല്ലാതാക്കിയതും, കുണ്ഡോ

രന്റെ അത്ഭുതകരമായ വിശപ്പിനേയും ദാഹത്തേയും അടക്കിയതും, പരിപാവനവും തന്റെ ശിരസ്സിൽ സദാ ധരിച്ചിരിക്കുന്നതുമായ ഗംഗയെവേഗവതിയെന്നുള്ള പേരോടുകൂടെ മധുരയിൽ അവതരിപ്പിച്ച് ജനോപകാരപ്രദമാക്കി തീൎത്തതുമായ ലീലകളെ നിങ്ങൾ കേട്ടുവല്ലൊ. ഇനി ഞാൻ നിങ്ങളോട് മീനാക്ഷീഭഗവതിയായ തടാതകയുടെ ഇഷ്ടപൂൎത്തിക്കുവേണ്ടി സുന്ദരേശ്വരൻ സപ്തസമുദ്രങ്ങളെ മധുരയിൽവരുത്തിയലീലയെ കേൾപ്പിക്കാം, ചെവിതന്നു കേട്ടുകൊള്ളുവിൻ.

൨൩-ാം അദ്ധ്യായം

അന്നഗൎത്താപഗാനയനം എന്ന

എട്ടാമത്തെ ലീല

സമാപ്തം.

---

## ഹാലാസ്യമാഹാത്മ്യം

### കേരളഭാഷാനാട്യം

### ൨൪-ാം അദ്ധ്യായം.

### സപ്തസമുദ്രാനയനം എന്ന

### ഒൻപതാമത്തേലീല.

---

അല്ലയോ മുനീശ്വരന്മാരെ! സോമസുന്ദരപാണ്ഡ്യേശ്വരൻ കല്യാണകരമാകുംവണ്ണം രാജനീതിയ്ക്കു അല്പംപോലും വ്യത്യാസംകൂടാതെ രാജ്യഭരണം നിവൎത്തിച്ചുവന്ന ആ കാലത്തിൽ പാണ്ഡ്യസാമ്രാജ്യത്തിനുണ്ടായ അഭിവൃദ്ധികൾ എല്ലാം ഏറ്റവും അത്യുച്ചമായിരുന്നു ഭൂമി സസ്യധാന്യസമ്പൽ സംപൂൎണ്ണമാവുകയും മേഘങ്ങൾ കാലാകാലത്തിൽ വൎഷിക്കയും ചെയ്തു. ജനങ്ങൾ ധൎമ്മരതന്മാരായും പാപലേശവിവൎജ്ജിതന്മാരായുംതീൎന്നു. ബ്രാഹ്മണർ, സ്വധൎമ്മരതന്മാരായും, വേദവേദാംഗപാരഗന്മാരായും ശിവഭക്തിയിലും യാഗഹോമാദികളായ വൈദികകൎമ്മാനുഷ്ഠാനങ്ങളിലും, മോക്ഷാപേക്ഷയോടുകൂടെ ഇന്ദ്രിയനിഗ്രഹം സാധിച്ച് യോഗാഭ്യാസം ചെയ്യുന്നതിലും അദ്വിതീയന്മാരായി ഭവിച്ചു. ക്ഷത്രിയന്മാരും അവരുടെ ധൎമ്മത്തെ വഴിപോലെ രക്ഷിച്ചുവന്നു. മറ്റുള്ളവൎണ്ണങ്ങളും സ്വധൎമ്മപരിപാലനംകൊണ്ട് ക്ലേശലേശംകൂടാതെ വസിച്ചു. അക്കാലത്തിൽ, സന്തുഷ്ട

ഹൃദയന്മാരും സൎവ്വസൌഭാഗ്യസംയുതന്മാരും അല്ലാതെ പാണ്ഡ്യസാമ്രാജ്യത്തിൽ ആരുംതന്നെ ഇല്ലായിരുന്നു. അതിവൃഷ്ടിയോ, അനാവൃഷ്ടിയൊ, ആധിവ്യാധികളോ, ബാലമരണങ്ങളോ, അപമൃത്യുക്കളോ യാതൊന്നും ഭൂമിയിൽ ഇല്ലാതെആയി. ആദ്യകാലമേ സായൂജ്യപദവിതന്നെ എല്ലാവൎക്കും ഒന്നുപോലെ കിട്ടിത്തുടങ്ങി. കാലപുരിയെന്ന ശബ്ദംപോലും എങ്ങും കേൾപ്പാനില്ല. എന്തിനധികം പറയുന്നു. ഹാലാസ്യനാഥനായ സുന്ദരേശ്വരൻ, പാണ്ഡ്യാധിപനായി സാമ്രാജ്യം പരിപാലിച്ച ആ കാലത്തിൽ ഭൂലോകം മുഴുവൻ ശിവലോകമായി മാറി എന്നുപറഞ്ഞാൽ ഏതാണ്ടു സാമ്യമുണ്ടാകും. കൈലാസസദൃശമായ ഹാലാസ്യത്തിലുള്ള പരമേശ്വരന്റെ രാജധാനിയിൽ നന്ദികേശ്വരൻ തുടങ്ങിയുള്ള മുഖ്യഭൂതങ്ങൾ മനുഷ്യരൂപികളായി വന്നു് താമസിച്ചുകൊണ്ടു് കിങ്കരവൃത്തികൾ നിൎവഹിച്ചുതുടങ്ങി. സൎവ്വാന്തര്യാമിയും സൎവ്വജ്ഞനും, സകലകലാനിധിയും, ഹാലാസ്യനാഥനുമായ സുന്ദരേശ്വരപാണ്ഡ്യൻ ചക്രവൎത്തിയായും, മീനാക്ഷീഭഗവതിയായ തടാതക, ചക്രവൎത്തിനിയായും, മനുഷ്യവേഷധാരികളായ നന്ദികേശ്വരാദിഭൂതങ്ങൾ കിങ്കരന്മാരായും രാജ്യഭരണം തുടങ്ങിയാൽ പിന്നെ രാജ്യത്തിനെന്തൊരുകുറവുണ്ടാവും. നിത്യകല്യാണംതന്നെ സൎവത്ര വിളങ്ങും. അതുകൊണ്ടു് ഞാൻ ഇതിലധികമായി സുന്ദരപാണ്ഡ്യന്റെ രാജ്യഭാരകാലത്തിൽ രാജ്യത്തിനുണ്ടായ ക്ഷേമത്തെപ്പററി നിങ്ങളോടു് പറഞ്ഞു സമയംകളയണമെന്നു വിചാരിക്കുന്നില്ല. അദ്ദേഹത്തിന്റെ അടുത്ത ലീലയെത്തന്നെ കേൾപ്പിക്കാം.

പാണ്ഡ്യാധിപനായ സുന്ദരേശ്വരൻ, മണിമയകിരീടവും ധരിച്ചു് കനകംകൊണ്ടും സുവൎണ്ണംകൊണ്ടും ഉണ്ടാക്കിയ ഛത്രദണ്ഡത്തോടു കൂടിയവെണ്കൊററക്കുടയാലും, ശംഖുപോലെ വെളുത്ത ചാമരങ്ങൾ കൊണ്ടും അലംകൃതമായ രത്നസിംഹാസനത്തിൽ എഴുന്നെള്ളിയിരുന്നു്. അൎദ്ധസിംഹാസനസ്ഥയായ തടാതകയോടു കൂടെ രാജ്യം ഭരിച്ചുവന്ന ആ കാലത്തിൽ വേദവേദാംഗപാരഗന്മാരും ഭക്തശിരോമണികളും ദിവ്യാദിവ്യന്മാരുമായ അനവധി മഹൎഷികൾ ഭഗവാനെകാണ്മാനായി ആ രാജധാനിയിൽ വരികയും, അപ്രകാരം വരുന്ന താപസന്മാരിൽനിന്നും, തടാതകയുടെ മാതാവായ രാജപത്നി പലപലപുരാണങ്ങളും ഗ്രഹിക്കുകയും ചെയ്യുന്നപതിവുണ്ടായിരുന്നു. ഈ കാലത്തിൽ ഒരിക്കൽ മഹൎഷിപുംഗവനായ ഗൌതമൻ സുന്ദരേശ്വരദൎശനത്തിനായി ചെന്നപ്പോൾ, രാജപത്നിയായ കാഞ്ചനമാല, അദ്ദേഹത്തെ വേറെവിളിച്ചുകൊണ്ടുപോയി ഭക്തിപൂൎവം പൂജിച്ചിരുത്തി, അല്ലയൊ തപസശ്രേഷ്ഠ! ധൎമ്മജ്ഞനായ നിന്തിരുവടി ശ്രേയസ്കരങ്ങളായ ധൎമ്മങ്ങൾ ഏതെല്ലാമാണെന്നു അടിയനു പറഞ്ഞു തരണമേ എന്നിങ്ങനെ അപേക്ഷിച്ചു.

വിദ്വാനും, മതിസത്തമനും, സൎവശാസ്ത്രവിശാരദനും ആയ ഗൌതമൻ അതുകേട്ടു്, കാഞ്ചനമാലയെനോക്കി ഇങ്ങനെപറഞ്ഞു:—

അല്ലയൊ തപസ്വിനി! മലയധ്വജധൎമ്മപത്നി! ലോകമാതാവായതടാതകയുടെ മാതാവാകാനുള്ള അതിഭാഗ്യം കിട്ടിയയശസ്വിനി! സൎവപുരാണാന്തൎഗ്ഗതമായിരിക്കുന്ന ധൎമ്മം ഞാൻ നിന്നെ ധരിപ്പിക്കാം. ശ്രദ്ധിച്ചുകേട്ടുകൊള്ളുക. ധൎമ്മം മൂന്നുവിധമെന്നാണ് വേദാന്തവേദികളുടെ അഭിപ്രായം. അവ, മാനസികവും, വാചികവും, കായികവും ആകുന്നു. ഇവയിൽ മാനസികധൎമ്മങ്ങൾ, സത്യവും, ക്ഷമയും, ശിവധ്യാനവും, ഇന്ദ്രിയനിഗ്രഹവും ഭൂതദയയും, തുഷ്ടിയും, ആൎജ്ജവവും, ധൎമ്മചിന്തനയും രാഗാദിഹീനമായ മനശ്ശുദ്ധിയും ആണ്. പഞ്ചാക്ഷരജപം ധൎമ്മശാസ്ത്രപാരായണം, പഞ്ചശാന്തിപഠനം വേദാഭ്യാസം, ശതരുദ്രീയസ്തോത്രഗാനം, പുരുഷസൂക്തപാഠം, മറ്റുള്ള അനവധി സ്തോത്രഗാനങ്ങൾ മുതലായവ, വാചികധൎമ്മവും, ശിവലിംഗാൎച്ചനവും, ശിവപൂജയും ശിവക്ഷേത്രപ്രദക്ഷിണവും പുഷ്പാഭിഷേകത്തിനു വേണ്ടി പൂ പറിക്കുന്നതും, ശിവക്ഷേത്രങ്ങൾ അടിച്ചു തളിക്കുന്നതും, പൂജക്കു പൂവുണ്ടാക്കാനായി ഉദ്യാനങ്ങൾ നിൎമ്മിക്കുന്നതും, തീൎത്ഥാടനം ചെയ്യുന്നതും മററും കായികധൎമ്മവും ആകുന്നു. ഇങ്ങിനെയുള്ള സൎവധൎമ്മങ്ങളിലും വെച്ച് തീൎത്ഥാടനംപോലെ ശ്രേഷ്ഠമായി മറെറാരു ധൎമ്മവും ഇല്ല. ധൎമ്മോത്തമമായ അതു് മഹാപാപങ്ങളെ ശമിപ്പിക്കുകയും, വലിയവലിയ ഐശ്വൎയ്യങ്ങളെ ഉണ്ടാക്കുകയും ചെയ്യും. ഇന്ദ്രിയനിഗ്രഹം ചെയ്തും, മഹായജ്ഞങ്ങൾ നടത്തിയും, സമ്പാദിക്കുന്നതിലും കൂടുതൽ പുണ്യം തീൎത്ഥാടനംകൊണ്ടു കിട്ടും. ഉടനടി ശ്രേയസ്സും മുക്തിയും ഉണ്ടാകുന്നതിനു തീൎത്ഥാടനംപോലെ മറെറാന്നും നന്നല്ല. അത്യന്തദുൎല്ലഭമായ മുക്തിക്കു മൂലകാരണം തീൎത്ഥാടനം ആണ്. ഭുക്തിയും മുക്തിയും സൎവകാമസിദ്ധിയും, തീൎത്ഥാടനം കൊണ്ടു് തീൎച്ചയായും ഉണ്ടാകും. ഉമാധവനായ പരമേശ്വരൻ വിഷയമോഹിതന്മാരായ ജനങ്ങളെ അനുഗ്രഹിക്കുന്നതിനു വേണ്ടി ഗംഗാദികളിൽ തീൎത്ഥസ്വരൂപിയായി അവസിക്കുകയാണ്. എല്ലാപുണ്യതീൎത്ഥങ്ങളിലും പോയി ഒന്നുപോലെ സ്നാനംചെയ്യുന്നതിനു എല്ലാവരെക്കൊണ്ടും നടന്നെന്നുവരുന്നതല്ല. സലിലനിധിയായ സമുദ്രത്തിൽ സ്നാനം ചെയ്താൽ സകലതീൎത്ഥങ്ങളിലും ഒന്നുപോലെ സ്നാനം ചെയ്താലുള്ള ഫലമുണ്ടാകുമെന്നു വിധിയുണ്ട്. ആ വിധിക്കു കാരണം ഉണ്ടായിട്ടുള്ളതാണ്. എന്തുകൊണ്ടെന്നാൽ, ഭൂമിയിലുള്ള സൎവതീൎത്ഥങ്ങളും നദീരൂപേണപോയി സമുദ്രത്തിൽ അല്ലെ ചേരുന്നതു്. അപ്പോൾ സമുദ്രസ്നാനംകൊണ്ടു് സൎവതീൎത്ഥസ്നാനം ചെയ്ത ഫലമുണ്ടാകുമെന്നു പറഞ്ഞിട്ടുള്ളതിനു് എന്താണ് വ്യത്യാസം. അതുകൊണ്ടത്രെ സമുദ്രസ്നാനം അത്യന്തം പുണ്യപ്രദമായി തീൎന്നിട്ടുള്ളതു്. ഭവതിയും സമുദ്രസ്നാനം ചെയ്തു ശിവലോകം പ്രാപിച്ചു് ഭൎത്താവിനോടുകൂടെ സുഖമായിവസിച്ചുകൊള്ളുക

മഹൎഷീശ്വരൻ ഇപ്രകാരം അരുളിച്ചെയ്തിട്ടു് അവിടെ നിന്നും തിരോഭൂതനായി. അനന്തരം കാഞ്ചനമാല, തനിക്കു ശിവലോകം പ്രാപിച്ചു് ഭൎത്താവുമൊന്നിച്ചു വസിക്കുന്നതിനു് വളരെ താല്പൎയ്യമുണ്ടെന്നും അതു് സമുദ്രസ്നാനം കൊണ്ടല്ലാതെ മറെറാന്നു കൊണ്ടും സാധിക്കുന്നതല്ലെ

ന്നും ഏതെങ്കിലും പ്രകാരത്തിൽ സമുദ്രസ്നാനം ചെയ്യുന്നതിന്ന വേണ്ടവഴി യുണ്ടാക്കി കൊടുക്കണമെന്നും പുത്രിയായ താടതകയോടപേക്ഷിച്ചു.

അമ്മയുടെ ഏതുപ്രകാരത്തിൽ ഉള്ള ഇഷ്ടങ്ങളേയും സാധിച്ചുകൊടുക്കുന്നതിൽ വളരെ താല്പൎയ്യത്തോടുകൂടിയ തടാതക ഉടൻ തന്നെ ഹൃദയസ്വനാഥനും മായാമയനും ലീലാ വിലാസിയുമായ ഭൎത്താവിൻെറ അടുക്കൽ പോയി അദ്ദേഹത്തെ ശുശ്രൂഷകൾ കൊണ്ടും, പൂജകൾ കൊണ്ടും പൂൎവ്വാധികം പ്രസാദിപ്പിച്ചതിൻെറ ശേഷം തൻെറ മാതാവായ കാഞ്ചനമാലയ്ക്കു സമുദ്രസ്നാനം ചെയ്യണമെന്ന വളരെ അത്യാശയുണ്ടെന്നുള്ള വിവരം അറിയിച്ചു.

പരമശിവനായ സുന്ദരപാണ്ഡ്യൻ അതുകേട്ട മന്ദഹാസത്തോടുകൂടെ അല്ലയൊ പ്രിയതമേ! നിൻെറ മാതാവു് ഒരു സമുദ്രത്തിൽ സ്നാനംചെയ്യണമെന്നല്ലെ ആഗ്രഹിക്കുന്നതു്, അവരും നീയും ഒന്നുപോലെ സന്തോഷിക്കത്തക്കവണ്ണം ഏഴുസമുദ്രങ്ങളേയും ഇപ്പോൾതന്നെ ഇവിടെ വരുത്തിക്കളയാം എന്നും പറഞ്ഞു് സപ്തസമുദ്രങ്ങളേയും സ്വശക്തിയോടു കൂടെ ഒന്നുവിളിച്ചു.

ഉടൻ തന്നെ, മധുരാപുരത്തിൻെറ പുരോഭാഗത്തിൽ ഉള്ള തടാകത്തിൽ സപ്തസമുദ്രങ്ങളും അത്യന്തം ഗംഭീരമായ ആരവാരത്തോടും ഭയംകരതയോടും കൂടെ നാനാവൎണ്ണത്തിൽ വന്നുപൊങ്ങി. വിവിധതരത്തിൽ ഉള്ള മത്സ്യങ്ങളെക്കൊണ്ടും ശംഖങ്ങളെക്കൊണ്ടും, നക്രം തുടങ്ങിയ മററുള്ള അനവധിജലജന്തുക്കളെക്കൊണ്ടും മുത്തു്, പവിഴം, മുതലായ രത്നങ്ങളെക്കൊണ്ടും, തങ്ങളുടെ ഫണങ്ങളിൽ വഹിച്ചിട്ടുള്ള മണികൾക്കു തുല്യമായി ഫൂൽക്കാരംകൊണ്ടു് വെള്ളത്തെമേൽപോട്ടു പൊക്കുന്ന ഘോരസൎപ്പങ്ങളെക്കൊണ്ടും വലിയവലിയ പൎവ്വതങ്ങൾ കൊണ്ടും, ഘോരതരങ്ങളായ തിരമാലകൾ കൊണ്ടും ചുഴികൾ, കൊണ്ടും, വെള്ളിമലപോലെയുള്ള പതച്ചിട്ടങ്ങൾകൊണ്ടും അത്യന്തം ഭയംകരവും മനോഹരവും ആയ ആ സപ്തസമുദ്രങ്ങളേയും മധുരാപുരവാസികൾ കണ്ടു വളരെ വളരെ അതിശയിക്കുകയും ആനന്ദിക്കുകയും ചെയ്തു. ചിലർ അതുകണ്ടു്, നിത്യമംഗളത്തിൻെറ നിദാനസ്ഥാനമായ ഈ പുരത്തിൽ ഈശ്വരനായ സുന്ദരേശൻെറ പുരോഭാഗത്തിൽ പ്രകാശിക്കുന്ന സരസ്സിൽ ഏഴുസമുദ്രങ്ങളും വന്നതുകൊണ്ടു്, ഇതിന്നു് സപ്തസമുദ്രസാന്നിദ്ധ്യമുണ്ടെന്നുള്ളതിന്ന യാതൊരു സംശയവും ഇല്ലെന്ന പറഞ്ഞു. അല്ലയൊ താപസശ്രേഷ്ഠന്മാരെ! മായാമയനായ ഭഗവാൻെറ അത്ഭുതവൈഭവങ്ങൾ എല്ലാം ഇങ്ങനെയാണു്. ഇതെന്തൊരതിശയം. സൎവ്വജ്ഞനായ പരമശിവനെക്കൊണ്ടല്ലാതെ ഈ മാതിരി അത്ഭുതകൃത്യങ്ങൾ മററാരെക്കൊണ്ടു കഴിയും. അല്ലയൊ മഹൎഷികളെ! അന്നുമുതൽ ആ സരസ്സിനെ സപ്താബ്ധിയെന്നാണുവിളിച്ചുവരുന്നതു്. വരുണനും സുരന്മാരും എല്ലായ്പോഴും അതിൽ വസിക്കുകയും ചെയ്യുന്നു. ഈ തീൎത്ഥജലത്തിൽ മജ്ജനം ചെയ്യുന്നവരുടെ സകല പാപങ്ങളും ദുരിതങ്ങളും ഇല്ലാതെയായി അവൎക്കു സൎവ്വ

കാമലബ്ധിയും അവസാനത്തിൽ മോക്ഷവും സംപ്രാപ്തമാകും. പർവംതുടങ്ങിയ പുണ്യദിവസങ്ങളിൽ അതിൽ കുളിച്ചു് തൎപ്പണംചെയ്താൽ സർവപിതൃദേവതാപ്രാപ്തിയും ഋണത്രയമോചനവും ആയുരാരോഗ്യസമ്പൽസമൃദ്ധിയും അനായാസേന സിദ്ധിക്കും. ഹാലാസ്യനാഥനായ പരമശിവൻ സപ്തസമുദ്രങ്ങളേയും ഒന്നിച്ചു് മധുരാപുരിയിൽ വിളിച്ചു വരുത്തിയ ഈ ലീലയെ പഠിക്കുന്നവൎക്കും അനശ്വരമായ ഗതിയുണ്ടാകും.

൯-ാം അദ്ധ്യായം

സപ്തസമുദ്രാനയനം എന്ന

ഒൻപതാമത്തെ ലീല

സമാപ്തം.

## ഹാലാസ്യമാഹാത്മ്യം.

### കേരളഭാഷാഗദ്യം.

### ൰ാം അദ്ധ്യായം.

മലയധ്വജപാണ്ഡ്യാനയനം എന്ന

പത്താമത്തെ ലീല

അഗസ്ത്യമഹർഷിയുടെ വദനാരവിന്ദഗളിതമായ സുന്ദരേശ്വരന്റെ ലീലകൾ കേട്ടു് ആനന്ദതുന്ദിലന്മാരായ വസിഷ്ഠാദിമഹർഷികൾ വീണ്ടും കുംഭസംഭവപാദങ്ങളിൽ നമസ്കരിച്ചുകൊണ്ടു്, അല്ലയൊ വേദവേദാന്തവിശാരദനായ മഹർഷിശ്രേഷ്ഠ! സപ്തസമുദ്രങ്ങളെ മധുരാപുരിയിൽ വിളിച്ചുവരുത്തിയതിന്റെ ശേഷം ഹാലാസ്യനാഥനായ സുന്ദരപാണ്ഡ്യൻ എന്താണു ചെയ്തതെന്നു കൂടി ഞങ്ങൾക്കു പറഞ്ഞുതരുന്നതിനു അവിടത്തേക്കു ദയവുണ്ടാകണമെന്നപേക്ഷിച്ചു.

അഗസ്ത്യൻ അതുകേട്ടു് അല്ലയൊ വസിഷ്ഠാദിമഹർഷിപുംഗവന്മാരേ! അതിന്റെ ശേഷം ഭഗവാനായ പരമേശ്വരൻ, ദേവേന്ദ്രനോടു കൂടെ അൎദ്ധാസനസ്ഥിതനായി ദേവലോകത്തിൽ വസിച്ചിരുന്ന മലയധ്വജപാണ്ഡ്യനെ അവിടെ വരുത്തി കാണിച്ചുകൊടുത്തു. പരമശിവന്റെ പാവനമായ ആ ലീലയും ഞാൻ നിങ്ങളെ വിവരമായി ധരിപ്പിക്കാം. നിങ്ങൾ പൂർവാധികം ശ്രദ്ധയോടുകൂടെ കേട്ടുകൊള്ളുവിൻ! ഈ അത്യത്ഭുതകരമായ ഏ

കലീലാശ്രവണം കൊണ്ടുതന്നെ സർവപാപങ്ങളും നാമാവശേഷിതമാകും എന്നിങ്ങനെ പറഞ്ഞിട്ട് താഴെ വരുമാറുവീണ്ടും കഥയാരംഭിച്ചു.

സപ്തസമുദ്രങ്ങളേയും മധുരാപുരിയിൽ വരുന്നതിനായി ആഹ്വാനം ചെയ്തും വച്ച് സുന്ദരേശ്വരപാണ്ഡ്യൻ പ്രണയിനിയായ തടാതകയുമൊന്നിച്ചു അന്തഃപുരത്തിൽ പോയി നർമ്മാലാപകേളികളോടു കൂടെ വസിയ്ക്കുകയായിരുന്നു. അവർ അങ്ങനെ അന്തഃപുരത്തിൽ ക്രീഡിച്ചുരമിക്കുമ്പോൾ അവിടെ ആഗതമായ സപ്തസമുദ്രങ്ങളുടെയും കല്ലോല പാതത്തിൽ നിന്നും ജന്യമായ ഗംഭീരത്തോടു കൂടിയ ഝങ്കാരശബ്ദങ്ങൾ കേട്ടു്, അദ്ദേഹം ദേവിയുമായി അന്തഃപുരത്തിനു വെളിയിൽ ഇറങ്ങി ഭൃതഗണങ്ങളോടു കൂടെ പൂഗപുന്നാഗാദിവൃക്ഷങ്ങൾകൊണ്ടു് പരിലസിതമായ തടത്തോടു കൂടിയ തടാകത്തിന്റെ തീരപ്രദേശത്തിൽ ചെന്നു് തന്റെ ആജ്ഞാനുസാരം ആഗതമായിരിക്കുന്ന സപ്തസമുദ്രങ്ങളേയും നോക്കി ഒന്നു കടാക്ഷിച്ചു. അനന്തരം പ്രിയതമയായ തടാതകയെ നോക്കി ഭദ്രേ! ആഗതമായിരിക്കുന്ന സപ്തസമുദ്രങ്ങളേയും ഭവതി കണ്ടുവോ? ഇനി നിന്റെ ആകാംക്ഷ എന്താണെന്നുപറക. എന്തുതന്നെ ആയിരുന്നാലും അതിനെ ഞാൻ സാധിച്ചുതരാം. നീ ഇപ്പോൾ പോയി നിന്റെ അമ്മയോടു സപ്തസമുദ്രങ്ങളും തടാകത്തിൽ വന്നിരിക്കുന്നു എന്നുള്ള വിവരം അറിയിച്ചു അവരെ കൂട്ടിച്ചുകൊണ്ടുവന്നു്, സമുദ്രസ്നാനം ചെയ്യിക്കുക. അതിന്റെശേഷം എന്റെ അടുക്കൽ വരികയെന്നുപറഞ്ഞു. തടാതകയെ കാഞ്ചനമാലയെ വിളിക്കാനായി പറഞ്ഞയച്ചു. അതിന്റെശേഷം സുന്ദരപാണ്ഡ്യനായ പരമശിവൻ സ്വശക്തികൊണ്ടു സമുദ്രങ്ങളുടെ വേഗം കുറച്ചു്, അവിടെയുള്ള പുഷ്പവാടിയിൽ പ്രവേശിച്ചു് പരിമളമേറിയ ഓരോതരം കുസുമങ്ങൾ പറിച്ചു് ഘ്രാണിച്ചും അതിലുള്ള മന്ദാരചമ്പക നീപചൂതപുന്നാഗങ്ങളുടേയും, കുന്ദമല്ലികാജാതികളായ വല്ലികളുടെയും പുഷ്പങ്ങളിൽ തട്ടിവരുന്ന മന്ദവായുവേററും പികാംഗനമാർ കോകിലവരന്മാരായ തങ്ങളുടെ ദംപതിമാരോടുകൂടെ മാകന്ദപല്ലവങ്ങളുംതിന്നു് മധുരമായി പാടുന്ന പഞ്ചമഗാനങ്ങൾ കേട്ടും, വികസ്വരങ്ങളായ പല കുസുമങ്ങളിലും ധ്വംകാരഘോഷത്തോടെ പറന്നു തിരിഞ്ഞു്മധുവുണ്ണുന്ന വണ്ടുകളുടെ ലീലകളെക്കണ്ടും ആനന്ദിച്ചുകൊണ്ടുനടന്നു.

സുന്ദരപാണ്ഡ്യന്റെ അടുക്കൽനിന്നും മാതൃസന്നിധിയിലേക്കുപോയ തടാതക, കാഞ്ചനമാലയുടെ അന്തഃപുരത്തിൽചെന്നു് അവരെ വന്ദിച്ചുകൊണ്ടു്, അല്ലയോ പ്രിയപ്പെട്ടമാതാവേ! ദേവിക്കു സമുദ്രസ്നാനംചെയ്യേണ്ടയോ? എന്റെ ഭർത്താവായ ഹാലാസ്യനാഥന്റെ കൃപാവൈഭവംകൊണ്ടു് സപ്തസമുദ്രങ്ങൾ ഇങ്ങോട്ടുതന്നെ വന്നിട്ടുണ്ടു്. ഒരു കടലിൽ സ്നാനംചെയ്യുന്നതിനാഗ്രഹിച്ചപ്പോൾ ഏഴുകടലുകളേയും നമ്മുടെ സമീപത്തിൽ വരുത്തിത്തന്നിരിക്കുന്നു. ഇതില്പരം എന്താണ്അദ്ദേഹംചെയ്തുതരാനുള്ളതു്. അമ്മ പോയി അതിൽ അമ്മയ്ക്കിഷ്ടമുള്ള ഏതെങ്കിലും ഒരു കടലിൽ സ്നാനംചെയ്തുകൊള്ളണം എന്നു് മധുരമായിപറഞ്ഞു.

കാഞ്ചനമാലയ്ക്കു് അതുകേട്ടപ്പോൾ അമൃതിൽ സ്നാനംചെയ്തതുപോലെയുള്ള സുഖവും ആനന്ദവും ഉണ്ടായി. ആ പുണ്യശാലിനിയായ അമ്മമകളായ മീനാക്ഷീഭഗവതിയെ പിടിച്ചാലിംഗനംചെയ്തു് അവരുടെ ചന്ദ്രസമാനമായ മുഖത്തിൽപലപ്രാവശ്യവും ചുംബിച്ചു് ഏററവും കൃതാൎത്ഥയായി അനന്തരം അവർ പൌരാണികന്മാരെ വരുത്തി സമുദ്രസ്നാനവിധി എങ്ങനെയാണെന്നു ചോദിച്ചു.

സൎവ്വശാസ്ത്രവിശാരദന്മാരായ പൌരാണികന്മാർ സൎവ്വശാസ്ത്രങ്ങളേയും സമാലോചനംചെയ്തിട്ടു്, സ്ത്രീകൾ, ഭൎത്താക്കന്മാരോടുകൂടിയോ അതിനു നിവൃത്തിയില്ലാത്ത വിധവകൾ പുത്രന്മാരോടുകൂടിയോ, അതിനും നിവൃത്തിയില്ലാത്തവർ പശുക്കുട്ടിയുടെ വാലിൽപിടിച്ചുകൊണ്ടോ സ്നാനംചെയ്യേണ്ടതാണു്. സ്ത്രീകൾക്കു് തനിച്ചു സമുദ്രസ്നാനംചെയ്യാൻ പാടില്ലെന്നാണു് സൎവ്വവിധികളിലും കാണുന്നതെന്നുപറഞ്ഞു.

കാഞ്ചനമാല അതുകേട്ടു വളരെ മനസ്താപത്തോടുകൂടെ മകളുടെ മുഖത്തുനോക്കി അയ്യോ! ഞാൻ ഇതിനെന്താണു് ചെയ്യേണ്ടതു്; എനിക്കു ഭൎത്താവും ഇല്ലല്ലൊ പുത്രനും ഇല്ലല്ലൊ എന്നുംപറഞ്ഞു് അധോമുഖിയായിനിന്നു കണ്ണുനീർവാൎത്തു. അമ്മയുടെ മനസ്താപംകണ്ടു മകളും വ്യസനിച്ചു. ഉടൻതന്നെ തടാതക അവിടെനിന്നും പുറപ്പെട്ടു, ഭൎത്താവിന്റെ അടുക്കൽപോയി അദ്ദേഹത്തെ വന്ദിച്ചിട്ടു്, അല്ലയോ ഭൎത്താവേ! പുരാതനന്മാരും സൎവ്വശാസ്ത്രപാരാവാരപാരംഗതന്മാരുമായ പൌരാണികന്മാർ, സ്ത്രീകൾ സമുദ്രസ്നാനംചെയ്യേണ്ടതു്, ഭൎത്താവിനോടെങ്കിലും, പുത്രനോടെങ്കിലും കൂടിയിട്ടു വേണ്ടതാണെന്നു പറയുന്നു. എന്റെ പ്രിയമാതാവിന്റെ ഭൎത്താവു് സ്വൎല്ലോകപ്രാപ്തനായിപ്പോയി പുത്രൻ ഉണ്ടായിട്ടുമില്ല. പൌരാണികന്മാരുടെ അഭിപ്രായം കേട്ടതിൽ അമ്മയ്ക്കു വലുതായ മനസ്താപമുണ്ടു്. അമ്മമനസ്താപിക്കുന്നതു് എനിക്കു വലിയ സങ്കടവും ആണു്. അതുകൊണ്ടു്, ആശ്രിതവത്സലനായ തിരുമേനി, ഇതിനുംകൂടി ഒരു നിവൃത്തിയുണ്ടാക്കിത്തരണമെന്നു് പ്രാൎത്ഥിച്ചു.

ഭക്താൎത്തിഭഞ്ജനനായ ഭഗവാൻ അതുകേട്ടു് കുറെനേരത്തോളവും ചിന്താമഗ്നനായിട്ടിരുന്നിട്ടു്, പൌരാണികന്മാരുടെ അഭിമതം ശരിയാണു്. സ്ത്രീകൾ ഭൎത്താവിനോടെങ്കിലും പുത്രനോടെങ്കിലും കൂടിയിട്ടുവേണം സമുദ്രസ്നാനംചെയ്യേണ്ടതെന്നും പറഞ്ഞു് ദേവലോകത്തിൽ ഇന്ദ്രാൎദ്ധാസനസംവിഭാഗനായിമേവുന്നമലയധ്വജപാണ്ഡ്യൻ, തൽക്ഷണം ആഗതനാകുന്നതിനായി സ്മരിച്ചു. സ്മരണാനന്തരം അവശനായിഭവിച്ച മലയധ്വജപാണ്ഡ്യൻനിജകൎമ്മാനുസാരമായ അത്ഭുതസംഭ്രമത്തോടുകൂടെ ദേവവിമാനാരോഹിതനായി ഉടൻതന്നെ മധുരാപുരിയിൽ പ്രത്യക്ഷനായി. പുരവാസികൾ എല്ലാം ഭഗവാന്റെ അത്യത്ഭുതകരമായ ആ ലീലയെക്കണ്ടു് ഏററവും പരമാനന്ദിച്ചു. ദേവവിമാനത്തിൽവന്നു് മധുരാപുരിയിൽ ഇറങ്ങിയ മലയധ്വജപാ

ണ്ഡ്യൻ ദേവന്റെ ദക്ഷിണഭാഗത്തിൽവന്നു് സാഷ്ടാംഗംവീണു് ദേവനെനമസ്കരിക്കാൻ തുടങ്ങി. ഭഗവാൻ ഉടൻതന്നെ തടുത്തു രാജാവിനെപിടിച്ചെഴുന്നേല്പിച്ചു് ഗാഢാശ്ലേഷംചെയ്തു. അനന്തരം തടാതകയ്ക്കു, അവരുടെ പിതാവിനെ കാണിച്ചുകൊടുക്കുകയും, കാഞ്ചനമാലയെ വരുത്തി ഭർത്താവിനോടുകൂടെ സപ്തസമുദ്രങ്ങളിലും വിധിപ്രകാരം സ്നാനംചെയ്യിക്കുകയുംചെയ്തു. സമുദ്രസ്നാനാനന്തരം ആ ദമ്പതികൾ, ദിവ്യാംബരാധാരികളും, സുഗന്ധദ്രവ്യാഭരണവിഭൂഷിതരുമായി ശിവസാരൂപ്യത്തോടുകൂടെശങ്കരാജ്ഞപ്രകാരം ശിവലോകത്തിൽനിന്നും വന്ന വിമാനത്തിൽ കയറി ഹൈമസ് തൂപിവിരാജിതവും ദർശനമാത്രത്താൽതന്നെ മനുഷ്യർക്ക് ഭുക്തിയേയും മുക്തിയേയും മാത്രമല്ല, സകല സിദ്ധികളേയും ദാനംചെയ്യുന്നതുമായ മൂലലിംഗത്തിന്റെ പ്രാസാദവും കണ്ടുകണ്ടു് വന്ദിച്ചു് ശിവലോകത്തിൽപോയി സുഖമായി വസിച്ചു.

ഭഗവാനായ ഹാലാസ്യനാഥന്റെ അത്ഭുതകരങ്ങളായ ഓരോ ലീലകളേയുംകണ്ടു് അത്യാനന്ദകുതൂഹലയായ തടാതക ഹൃദയമലിഞ്ഞസ്നേഹത്തോടും ഭക്തിയോടും വിശ്വാസത്തോടുംകൂടെഭർത്തൃപാദങ്ങളിൽവീണു് ഇപ്രകാരം സ്തുതിച്ചു.

മന്നാഥ! ജഗതാംനാഥ! സത്യജ്ഞാനസുഖാത്മക!
പാഹിമാംപരമേശാന! പരാപരനമോസ്തുതേ! ൧

മൽപ്രസാദക്രിയാദക്ഷ! ദക്ഷാദ്ധ്വരവിനാശന!
മദനാന്തകമൽഭക്ത! മദാജ്ഞാവശവർത്തക! ൨

നിഗമാഗമസന്താന നിലയാംഘ്രിസരോരുഹ!
ഭുവനത്രയസംഭൂതി ത്രാണസംഹാരകാരണ! ൩

ഹംസരൂപാംബുജാവാസ ദർശനാഗമ്യമസ്തക!
സൂകരാകാരമുരജിദ ദൃഷ്ടാംഘ്രിസരോരുഹ. ൪

നമോഭഗവതേതുഭ്യം സർവാത്മാന്തരവർത്തിനേ!
പുരത്രയവിനാശായ പുരന്ദരനതാംഘ്രയേ. ൫

നമഃപരാവരജ്ഞായ പരാല്പരതരായച
പരമാത്മസ്വരൂപായ നമഃകൈവല്യദായിനേ. ൬

നമഃത്രൈലോക്യനാഥായ നമശ്ചന്ദ്രാർദ്ധധാരിണേ!
നമോമഹ്യംബുവായ്വഗ്നി പുഷ്പവത്ഭാത്മമൂർത്തയേ. ൭

നമോവേദാന്തവേദ്യായ നമോനാദാന്തരൂപിണേ
നമോനാരായണാച്ച്യായ നമോനരകഹാരിണേ. ൮

ജീവന്മുക്തിപുരീശായ ശ്രീകണ്ഠായനമോസ്തുതേ
നമോഹാലാസ്യനാഥായേ ശങ്കരായനമോനമഃ ൯

തന്റെ പാദങ്ങളിൽ സാഷ്ടാംഗമായി വീണുസ്തുതിക്കുന്ന പ്രാണനായികയെ ഭക്തവത്സലനായ ഭഗവാൻ സ്നേഹപൂർവം പിടിച്ചെഴുന്നേല്പിച്ചു് തലോടുകയും പലവുരുവും ചുംബിക്കുകയുംചെയ്തു. ഹാലാസ്യനാഥനായഭഗവാന് തന്റെ പ്രാണപ്രേയസിയിൽ അവരുടെഭക്തിവിശ്വാസാദികൾകാണക്കാണെ സ്നേഹവാത്സല്യങ്ങൾ പൂർവാധികം വൎദ്ധിച്ചുതുടങ്ങി. കാണികൾ സുന്ദരപാണ്ഡ്യന്റെ ഓരോ അത്ഭുതകൃത്യങ്ങളേയും കണ്ടു് കണ്ടു് ഇതില്പരമില്ലാതെ അതിശയിക്കുകയും സ്തുതിക്കുകയും ആനന്ദിക്കുകയുംചെയ്തു.

ഭഗവാൻ ഇപ്രകാരം അത്ഭുതകരങ്ങളായ ഓരോ ലീലകളെ അനുക്രമമായി പ്രദൎശിപ്പിച്ചും, നീതികരമാകുംവണ്ണം പാണ്ഡ്യസാമ്രാജ്യത്തെ പരിപാലിച്ചുംപ്രാണപ്രേയസിയായ തടാതകയുമൊന്നിച്ചു് ക്രീഡിച്ചുവസിക്കുന്ന കാലത്തിൽ ഭാഗ്യശാലിനിയായ ഭഗവതിക്കു് ഗൎഭം ഉണ്ടായി അല്ലയോ താപസശ്രേഷ്ഠന്മാരെ! സാക്ഷാൽ മീനാക്ഷീഭഗവതി പ്രസവിച്ചതും അടുത്തലീലയിൽ വിവരമായിപ്പറയും. സ്വൎഗ്ഗസ്ഥാനമായിരുന്ന മലയധ്വജനെ മധുരാപുരിയിൽവരുത്തി കാഞ്ചനമാലയോടുകൂടെ തന്നാൽ ആനയിപ്പിക്കപ്പെട്ട സപ്തസമുദ്രങ്ങളിലും സ്നാനംചെയ്യിപ്പിച്ചു് തന്റെ സാരൂപ്യവും നല്കി അവരെ ശിവലോകത്തേക്കയച്ച പത്താമത്തെലീല ഇപ്രകാരമാണു്. ഭഗവാന്റെ അതിവിചിത്രമായ ഈ പത്താമത്തെലീലയെ കേൾക്കുന്നവരുടെ സകലപാപങ്ങളും നശിക്കുമെന്നു മാത്രമല്ല അവൎക്കു് മോക്ഷവും സിദ്ധിക്കും.

൧൦-ാം അദ്ധ്യായം

മലയധ്വജാനയനം എന്ന പത്താമത്തെ ലീല സമാപ്തം.

# ഹാലാസ്യമാഹാത്മ്യം.

## കേരളഭാഷാഗദ്യം.

### ൰൧-ാം അദ്ധ്യായം.

ഉഗ്രപാണ്ഡ്യാവതാരം എന്ന

## പതിനൊന്നാമത്തെലീല.

---

അല്ലയോ വസിഷ്ഠാദിമഹഷിശ്രേഷ്ഠന്മാരേ! മീനാക്ഷീഭഗവതിയായ തടാതകയിൽ ഹാലാസ്യനാഥനായ സുന്ദരേശ്വരപാണ്ഡ്യന് ഉഗ്രപാണ്ഡ്യൻ എന്നു പേരോടുകൂടെ ഒരു പുത്രനുണ്ടായ ഭഗവൽലീല, ഇനി ഞാൻ നിങ്ങളോടു സംഗ്രഹമായിപറയാം. നിങ്ങൾ കേട്ടുകൊള്ളുവിൻ എന്നിങ്ങനെ വീണ്ടും അഗസ്ത്യമഹഷി അരുളിച്ചെയ്തിട്ടു താഴെ വരുമാറു ഭഗവാൻെറ പതിനൊന്നാമത്തെ ലീലയെ പറയുവാൻ തുടങ്ങി:—

അല്ലയോ താപസവരന്മാരേ! കാലതാമസമെന്ന്യേ തടാതകയുടെ ഗർഭചിഹ്നങ്ങൾ പൂർണ്ണങ്ങളായിത്തുടങ്ങി. ആലിലപോലെയുള്ള ഭഗവതിയുടെ ഉദരവും, സുന്ദരേശ്വരപാണ്ഡ്യൻെറയും, ലോകവാസികളുടേയും സന്തോഷവും ക്രമേണ വളരുകയും, തങ്കപ്പൂങ്കുടങ്ങൾക്കു അതങ്കംനൽകുന്ന കൊങ്കകുംഭങ്ങളുടെയും, ദുഷ്ടന്മാരുടെയും മുഖങ്ങൾ കറുക്കുകയും ചെയ്തു. ആഹാരത്തിൽ അഭിരുചി കുറയുകയും, ശരീരത്തിനു ക്ഷീണ മറുകയും, കേളീവിലാസങ്ങളിൽ ഇച്ഛയില്ലാതാവുകയും ചില്ലിവില്ലാട്ടങ്ങളുടെ ചാട്ടവും, മന്ദാക്ഷവും ചുരുങ്ങിത്തുടങ്ങുകയും ചെയ്തു. ആഭരണങ്ങൾ എല്ലാം ഭാരമായി തോന്നിത്തുടങ്ങി. ആളിജനങ്ങളുടെ സഹായംകൂടാതെ ഒരിടത്തും പോകാൻ പാടില്ലാതായി. ഭർത്താവായ സുന്ദരേശ്വരപാണ്ഡ്യൻ ആയുർവേദപാരഗന്മാരായ ഭിഷഗ്വരന്മാരെക്കൊണ്ടു വഴിപോലെ ഗർഭരക്ഷയും, പുരോഹിതന്മാരെക്കൊണ്ടു് വിധിപ്രകാരമുള്ള കർമ്മങ്ങളും ചെയ്യിച്ചു. ഗർഭിണിയായ തടാതകാദേവി അനുഗ്രഹിക്കുന്ന സാധനങ്ങൾ എല്ലാം മനുഷ്യരുപധാരികളായി കിങ്കരവൃത്തിയനുഷ്ഠിക്കുന്ന ശിവഗണങ്ങൾ കാലതാമസം കൂടാതെ കൊണ്ടുവന്നു നല്കി. ഗർഭാധാനസീമന്താദികളായ കർമ്മങ്ങൾ മഹഷിമാരെക്കൊണ്ടു വിധിപ്രകാരം ചെയ്യിച്ചു. മാസവും പത്തു തികഞ്ഞു. സോമവാരവും തിരുവാതിരയും കൂടിയ ശുഭദിവസത്തിൽ വ്യാഴകേന്ദ്രത്തോടുകൂടിയതും, സാമ്രാജ്യപദസൂചകമായതുമായ ശുഭലഗ്നത്തിൽ കിഴക്കേദിക്കു് ബാലാക്കനെയെന്നപോലെ തടാതക ഒരു പുത്രനെ പ്രസവിച്ചു. ജാതനായ കുട്ടിയുടെ തേജ

സ്സുകൊണ്ടു് സൂതികാഗൃഹം ഏററവും പ്രകാശിച്ചു. ഹാലാസ്യനാഥനായ ഈശ്വരന്റെ ആജ്ഞപ്രകാരം ഏകമുഖനായി ജനിച്ചിരിക്കുന്ന ഷൺമുഖന്റെ ദിവ്യസാന്നിദ്ധ്യംകൊണ്ടു് ആ സൂതികാഗൃഹം പ്രകാശത്തോടുകൂടിയതായിത്തീൎന്നതിൽ അത്ഭുതപ്പെടാൻ എന്താണുള്ളതു്. അയുതാൎക്കസമാനമായ സ്വതേജസ്സുകൊണ്ടു് സൎവ്വലോകത്തേയും പ്രകാശിപ്പിക്കുന്നതാരകാരാതിക്കു ഒരു സൂതികാഗൃഹം പ്രകാശമാനമാക്കാൻ വലിയ പ്രയാസം വല്ലതും ഉണ്ടോ? കുമാരജനനത്തിൽ എല്ലാ ലോകങ്ങളിലുമുള്ള സൎവ്വജീവരാശികൾക്കും എവിടെനിന്നും ഉണ്ടായതെന്നും എപ്രകാരമുള്ളതെന്നും പറയാൻ പാടില്ലാത്തവിധത്തിൽ ഒരു ദിവ്യാനന്ദാനുഭൂതിയും, സന്തോഷവും ഉണ്ടായി. മംഗളാഭിവൃദ്ധിയും ലോകമെങ്ങും വ്യാപിച്ചു. യുദ്ധത്തിൽ തോല്പിച്ചു് ബന്ധനസ്ഥന്മാരാക്കി കൊണ്ടുവന്നു കാരാഗൃഹത്തിൽ ഇട്ടിരുന്നവരും ഐശ്വൎയ്യമദാന്ധന്മാരുമായ രാജാക്കന്മാരെയെല്ലാം ബന്ധനത്തിൽനിന്നും മോചിപ്പിച്ചയച്ചു. വൃന്ദാരകന്മാർ മന്ദാരപുഷ്പങ്ങൾ വൎഷിക്കുകയും, ദുന്ദുഭി മുഴക്കി വാദ്യഘോഷം ചെയ്യുകയും, ഉൎവ്വശ്യാദികളായ സ്വൎഗ്ഗരത്നങ്ങൾ നൃത്തങ്ങൾ തുടങ്ങുകയും, ഗന്ധൎവ്വന്മാർ വീണവായിക്കുകയും, ഗാനംചെയ്യുകയും, മാകന്ദമന്ദാരസുഗന്ധവാഹിയായ ബാലാനിലൻ മന്ദം മന്ദം വീശുകയും ഹോമവേദികകൾതോറും അഗ്നി വലത്തുഭാഗമായി ഹവിസ്സിനെ പ്രദാനം ചെയ്യുകയും, ദിക്കുകൾ എല്ലാം ഒന്നുപോലെ പ്രകാശിക്കുകയും, ദിക്പാലകന്മാർ അനുമോദിക്കുകയും, നദീജലങ്ങളും, എല്ലാ ജനങ്ങളുടേയും ഹൃദയങ്ങളും ഒന്നുപോലെ തെളിയുകയും ചെയ്തു. ത്രിലോകവാസികളും ഒന്നുപോലെ ഉഗ്രപാണ്ഡ്യജനനമഹോത്സവം അവരവരുടെ നിവാസാലയങ്ങളിൽ കൊണ്ടാടി. വാദ്യഘോഷംകൊണ്ടു് മൂന്നുലോകവും ഒന്നുപോലെ മുഖരീകൃതമാവുകയും ചെയ്തു. ദേവനാഗകന്യകാജനങ്ങൾ മംഗല്യദ്രവ്യങ്ങളോടുകൂടെ ലളിതമധുരങ്ങളായ മംഗളാശംസാഗാനങ്ങളും പാടി മധുരാപുരിയിൽ എത്തിക്കൂടി. സാമവേദഗാനത്തോടുകൂടെ ഋശ്യശൃംഗൻ, മരീചി, അത്രിമുതലായ മഹൎഷിമാരും വന്നുചേൎന്നു. ബൃഹസ്പതിയോടുകൂടെ ദേവേന്ദ്രനും, ബ്രഹ്മാവും, വിഷ്ണുവും മംഗളാലയമായ മധുരാപട്ടണത്തിൽ സുന്ദരപാണ്ഡ്യനന്ദനനായ ഉഗ്രപാണ്ഡ്യസന്ദൎശനത്തിനു് ആഗതന്മാരായി. ദേവൎഷികളേയും, ബ്രഹ്മൎഷികളേയും കൊണ്ടു മധുരാപുരം അലംകൃതമായി. ഇതെല്ലാം കണ്ടു് മധുരാപുരവാസികളും, മാതാപിതാക്കന്മാരും ഒന്നുപോലെ സന്തോഷസാഗരനിമഗ്നരായി. ത്രിലോകവാസികളും, വസുധയെ സുധാപ്രവാഹം അംഗീകരിച്ചു. അനന്തരം പാണ്ഡ്യരാജാവായ സുന്ദരേശ്വരമൂൎത്തി ആഗതന്മാരായ ദേവൎഷികളെക്കൊണ്ടു് ജാതകൎമ്മവും മററും ചെയ്യിപ്പിച്ചിട്ടു് താൻ ജന്മമുക്തനായെന്നുള്ള ഭാവം കാണിച്ചു. ബ്രാഹ്മണൎക്കും, വിദ്വാന്മാൎക്കും മഹൎഷിമാൎക്കും സാധുക്കൾക്കും എന്നു മാത്രമല്ല, കണ്ണിൽക്കണ്ട എല്ലാ ജനങ്ങൾക്കും ഒന്നുപോലെ വളരെ വളരെ ദിവ്യാംബരാഭരണാദ്യങ്ങൾ ദാനംചെയ്തു. അന്ധന്മാരും, രോഗികളും, അംഗഹീനന്മാരും പരമശിവന്റെ കൃപകൊണ്ടു് കുമാരന്റെ ജനനകാലത്തിൽ ഏററവും സ്വസ്ഥന്മാരായി. പന്ത്രണ്ടാംദിവസ

ത്തിൽ ബ്രഹ്മാവിഷ്ണുമഹേന്ദ്രാദികളേയും, വിദ്വാന്മാരേയും, ബ്രാഹ്മണരേയും, മന്ത്രിഗണങ്ങളേയും, പുരോഹിതന്മാരേയും, ബന്ധുക്കളേയും, ദേവഗണങ്ങളേയും മററുംകൂട്ടി; ജാതനായ കുട്ടിക്കു സ്വനാമാനുഗുണമായി 'ഉഗ്രൻ' എന്നു നാമകരണംചെയ്തു. സൃഷ്ടികൎത്താവായ ബ്രഹ്മാവു് കുട്ടിക്കു് ദൃഷ്ടിബാധകൾ ഏല്ക്കാതെ രക്ഷകെട്ടി. അനന്തരം നാമകരണത്തിനായി വന്നവരെല്ലാം സുന്ദരേശ്വരൻെറ അനുമതിപ്രകാരം അവരവരുടെ നിലയങ്ങളിലേക്കു തിരിച്ചുപോയി. കുട്ടിയെ വന്നുകണ്ടവർ എല്ലാം, അഹോ! രൂപം,! അഹോ കാന്തി! അഹോ ലക്ഷണം! ഈ ബാലൻ സാക്ഷാൽ കുമാരസ്വാമിയുടെ അവതാരംതന്നെ, സംശയമില്ല. ഈ മഹാഭാഗ്യം തടാതകയ്ക്കല്ലാതെ മററാൎക്കും സിദ്ധിക്കുകയില്ല, എന്നിങ്ങനെപറഞ്ഞു. നാലാംമാസത്തിൽ വാതൽപുറപ്പാട്ടും ആറാംമാസത്തിൽ ചോറൂണും, മൂന്നാമത്തെ വയസ്സിൽ ചൂഡാകൎമ്മവും, നടത്തിച്ചു. തേജോഭിവൃദ്ധിക്കുവേണ്ടി അഞ്ചാമത്തെ വയസ്സിൽ വ്രതമനുഷ്ഠിച്ചു് നാലുവേദങ്ങൾ എന്നല്ല, ലോകോപകാരപ്രദങ്ങളായ അറുപത്തിനാലു കലകളും വിശേഷിച്ചും, അസ്ത്രശസ്ത്രാഭ്യാസങ്ങളും, പഠിച്ചു. ധനുൎവ്വേദയിൽ ഉഗ്രനു തുല്യൻ ഉഗ്രൻതന്നെയായിരുന്നു. പാശുപതാസ്ത്രം തുടങ്ങിയ പല ദിവ്യാസ്ത്രപ്രയോഗങ്ങളും, പരമശിവങ്കൽനിന്നും തന്നെ ഉഗ്രകുമാരൻ ഗ്രഹിച്ചു. ഗുരു,പേരിനുമാത്രം ഉണ്ടായിരുന്നെന്നല്ലാതെ സകലശാസ്ത്രങ്ങളും, കലകളും, അസാമാന്യബുദ്ധിമാനായ അദ്ദേഹം സ്വയമേവ പഠിക്കുകയാണു ചെയ്തതു്. കുമാരനു ഏഴുവയസ്സും പൂൎത്തിയായി. അതിനകംവച്ചുതന്നെ പഠിക്കേണ്ടതെല്ലാം പഠിച്ചുകഴികയും ചെയ്തു. സൎവ്വജ്ഞനായ ആ കുമാരനിൽ വീൎയ്യ, ധൈൎയ്യ, പ്രാഭവ, നീതി, നിയമ വിനീതികളായ സൽഗുണങ്ങൾ അത്യന്തം ജാജ്വല്യമാനമായി വിളങ്ങി. നയനാഭിരാമനായ ഉഗ്രൻെറ പ്രായാതീതമായ പടിപ്പും, ഗാംഭീൎയ്യവും, ഗുണഗണങ്ങളും, പ്രതാപവും മററുംകണ്ടു് ലോകവാസികൾ ഇതില്പരമില്ലാതെ ആനന്ദിച്ചു. കുമാരൻ മാതാപിതാക്കന്മാരെ പൂജിച്ചു് അവരുടെ പ്രീതിക്കു പാത്രവാനായി. വിനോദവിനോദങ്ങളിലും ബാലക്രീഡയിലും ഉഗ്രകുമാരൻ അതിചതുരനായിരുന്നു. കാലക്രമേണ യൌവനാരംഭമായി. കുങ്കുമാരുണമായ ശരീരത്തിനു ഒരു ദിവ്യകാന്തിയും അവയവങ്ങൾക്കു സൌഷ്ഠവവും പൂൎവ്വാധികം വൎദ്ധിച്ചു. കോമളങ്ങളായ കാലിണകളും, വൃത്തത്തിലുള്ള ജംഘകളും, തുമ്പിക്കരങ്ങൾപോലെയുള്ള തുടകളും, കരിമസ്തകംപോലെ വിരിഞ്ഞ മാൎവും ഒതുങ്ങിയ അരയും, പീനങ്ങളായ സ്കന്ധങ്ങളും, ആജാനുബാഹുക്കളും, സുന്ദരങ്ങളും, ആയതങ്ങളും ആയ വിലോചനങ്ങളും ഇന്ദിരയുടെ നിവാസസ്ഥാനമോ എന്നു കാണികൾ ശങ്കിക്കത്തക്കവണ്ണം സകലവിധ ഐശ്വൎയ്യങ്ങളുടേയും നൃത്തഭൂമിയായി പ്രകാശിക്കുന്ന മുഖാംബുജവും കാളമേഘസമാനമായ കാൎകൂന്തലുംകൊണ്ടു ഉഗ്രൻ സൌന്ദൎയ്യനികേതനം ആയി.

ഇങ്ങനെ ജാജ്വല്യമാനമായ ദിവ്യസൌന്ദൎയ്യത്തോടും അസാമാന്യപ്ര

ഭാവങ്ങളോടും, സൎവ്വകൃത്യക്ഷമതയോടുംകൂടിയ കുമാരനെ പിതാവായ സുന്ദരേശ്വരപാണ്ഡ്യൻ കണ്ടു്, തന്റെ കുമാരനു് പുരുഷലക്ഷണങ്ങൾ മുപ്പത്തിരണ്ടും ഉണ്ടോ എന്നു പരീക്ഷിക്കണമെന്നു നിശ്ചയിച്ചു. സാമുദ്രികാശാസ്ത്രപ്രകാരം പുരുഷന്മാരുടെ അവയവങ്ങളിൽ അഞ്ചു് ദീൎഘമായും നാലു കുറിയതായും അഞ്ചു് സൂക്ഷ്മമായും, ആറു് ഉന്നതമായും, ഏഴു് രക്തമായും, മൂന്നു ഗംഭീരമായും, രണ്ടു് വിസ്താരമുള്ളതായും ഇരിക്കണം. ഈ മുപ്പത്തിരണ്ടവയവങ്ങളും ശാസ്ത്രപ്രകാരം ഒത്തിട്ടുള്ളവനാണു് പുരുഷലക്ഷണം പൂൎണ്ണമായ മനുഷ്യൻ.

അനന്തരം സോമസുന്ദരനായ പിതാവു് കുമാരനെപ്പിടിച്ചു മടിയിൽ ഇരുത്തിയുംകൊണ്ടു് തന്റെ കുമാരനു മുപ്പത്തിരണ്ടു പുരുഷലക്ഷണങ്ങളും ഉണ്ടോ എന്നു് ഓരോന്നായി പരീക്ഷിക്കുവാൻ തുടങ്ങി. ശാസ്ത്രപ്രകാരം ദീൎഘങ്ങളായിരിക്കേണ്ട കയ്യു്, കാലു്, മൂക്കു്, താടി, നേത്രങ്ങൾ എന്നീ അഞ്ചു് അവയവങ്ങളും ദീൎഘങ്ങളായി കണ്ടതിനാൽ തന്റെ പുത്രൻ ശത്രുജേതാവായും ഹ്രസ്വങ്ങളായിരിക്കേണ്ട നാക്കു്, പൃഷ്ഠം, മുഴംകാൽ, ജഘനം എന്നീ നാലു അവയവങ്ങളും ഹ്രസ്വങ്ങളായിത്തന്നെ കണ്ടതിനാൽ വലിയ ഭാഗ്യവാനായും, സൂക്ഷ്മങ്ങളായിരിക്കേണ്ട അംഗുലീയപൎവ്വം, തലമുടി, നഖം തൊലി, ദന്തം, ഈ അഞ്ചും സൂക്ഷ്മങ്ങളായിത്തന്നെ കണ്ടതിനാൽ ദീൎഘായുഷ്മാനായും, ഉന്നതങ്ങളായിരിക്കേണ്ട കക്ഷം, വയറു് മൂക്കു് സ്കന്ധം, വക്ഷസ്ഥലം. നെററി ഈ ആറും ഉന്നതങ്ങളായിരിക്കുന്നതിനാൽ ഐശ്വൎയ്യവാനായും, രക്തങ്ങളായിരിക്കേണ്ട, കാലടി, ചുണ്ടു് ഉള്ളംകയ്യു്, നഖങ്ങൾ, അണ്ണാക്കു്, കടക്കണ്ണു് നാക്കു് എന്നീ ഏഴും രക്തങ്ങളായിത്തന്നെ ഇരിക്കുന്നതിനാൽ സൌഖ്യവാനായും, ഗംഭീരങ്ങളായിരിക്കേണ്ട സത്വം, സ്വരം, നാഭി, എന്നീ മൂന്നും ഗംഭീരങ്ങളായിത്തന്നെ ഇരിക്കുന്നതിനാൽ രാജാധിരാജാവായും, വിസ്തീൎണ്ണങ്ങളായിരിക്കേണ്ട ശിരസ്സു്, തല, എന്നീ രണ്ടും വിസ്തീൎണ്ണങ്ങളായിത്തന്നെയിരിക്കുന്നതിനാൽ ബുദ്ധിമാനായും തീരുന്നതുകൂടാതെ പുരുഷലക്ഷണങ്ങൾ മുപ്പത്തിരണ്ടും ഒന്നുപോലെ വ്യക്തമായി കാണുന്ന സൎവ്വഗുണാന്വിതനായ എന്റെ കുമാരൻ സാൎവ്വഭൌമനായി തീരുകയും ചെയ്യുമെന്നു നിശ്ചയിച്ചു. നിൎമ്മലചിത്തനും നീതിനിഗമാഗമവേദിയും, കൎമ്മഠനും, കൃപാപൂൎണ്ണനും, ശാന്തനും, സൎവ്വജനപ്രിയനുമായ ഈ കുമാരൻ ഭൂമിയെരക്ഷിക്കുന്നതിനും മതിയാകുന്നവൻ ആണു്. അതിനാൽ കുമാരനെക്കൊണ്ടു് ആദ്യമായി അനുരൂപയായ ഒരു കുമാരിയെ പരിണയിപ്പിച്ചിട്ടു രാജ്യാഭിഷേകം ചെയ്യാം. എന്നിങ്ങനെ നിശ്ചയിച്ചിട്ടു് ഉഗ്രപാണ്ഡ്യന്റെ വിവാഹാലോചനയോടുകൂടെ സുന്ദരേശ്വരപാണ്ഡ്യൻ മധുരയിൽ വസിച്ചു.

അല്ലയോ മഹൎഷീശ്വരന്മാരെ! സുന്ദരേശ്വരന്റെ അത്യന്തം പരിശുദ്ധ
മാഹാത്മ്യമേറിയതുമായ ഈ പതിനൊന്നാമത്തെ ലീലയെ കേൾക്കു

കയോ പഠിക്കുകയോ ചെയ്താൽ അവൎക്കു പുത്രന്മാരും സമ്പത്തും ആയുരാരോഗ്യാദിവൃദ്ധിയും അവസാനത്തിൽ മോക്ഷവും ഉണ്ടാകും.

൧൧-ാം അദ്ധ്യായം

ഉഗ്രജനനം എന്ന പതിനൊന്നാംലീല

സമാപ്തം.

---

# ഹാലാസ്യമാഹാത്മ്യം

## കേരളഭാഷാഗദ്യം

### ൧൨-ാം അദ്ധ്യായം.

### വലയാദ്യായുധപ്രദാനം എന്ന

### പന്ത്രണ്ടാമത്തെ ലീല.

അല്ലയോ മുനിസത്തമന്മാരേ! കദംബവനവാസിയായ സുന്ദരേശ്വരപാണ്ഡ്യൻ സ്വപുത്രനായ ഉഗ്രനു വലയാദികളായ മൂന്നായുധങ്ങൾ നല്കിയ ലീലയെപ്പറയാം, നിങ്ങൾ കേട്ടുകൊള്ളുവിൻ.

സുന്ദരേശ്വരപാണ്ഡ്യൻ തന്റെ പുത്രനായ ഉഗ്രനു് വിവാഹം ആലോചിച്ചുകൊണ്ടു മധുരയിൽ വസിക്കുന്ന കാലത്തു് സൂൎയ്യവംശശിരോമണിയും, കല്യാണനഗരീനാഥനും, ശംഭുധ്യാനപരായണനും ആയ സോമശേഖരഭൂപാലൻ അത്യുഗ്രമായ തപസ്സുകൊണ്ടു് ഒരുദ്ദേഹത്തിനു ലഭിച്ച പുത്രിയും സൎവ്വലക്ഷണസമ്പന്നയും, രണ്ടാമത്തെ ലക്ഷ്മീദേവിയോ എന്നു കാണുന്നവർ ഒന്നുപോലെ സംശയിക്കത്തക്ക സൌന്ദൎയ്യവിലാസത്തോടും, സൌഭാഗ്യസമൃദ്ധിയോടും ഔജ്ജ്വല്യഭാവത്തോടും കൂടിയ കാന്തിമതിയെന്ന കന്യകയും ധൎമ്മപത്നിയുമായി വിമാനത്തിൽ കയറി മധുരയിൽ ചെന്നു. ശംഭുഭക്തനായ അദ്ദേഹം ഭാൎയ്യയോടും പുത്രിയോടുംകൂടെ വിമാനത്തിൽ കയറി അതിവേഗത്തിൽ അപ്രകാരം മധുരയിലേക്കുപോയതു്, "നിന്റെ പുത്രിയായ കാന്തിമതിയെ ഉഗ്രപാണ്ഡ്യനായിട്ടു് മധുരയിൽ കൊണ്ടുചെന്നു കൊടുക്കുക"യെന്നു ഹാലാസ്യനാഥനായ പരമശിവൻ തലേദിവസം രാത്രിയിൽ ചന്ദ്രശേഖരഭൂപനെ സ്വപ്നംകാണിച്ചതുകൊണ്ടായിരുന്നു.

ചന്ദ്രശേഖരഭൂപനും ധൎമ്മപത്നിയും മകൾ കാന്തിമതിയുംകൂടി മധുരപുരിയിൽ പ്രവേശിച്ച ഉടനെ മന്ത്രികളും മററും വളരെ വളരെ ഭക്തിയോ

ടും താല്പൎയ്യത്തോടും വിസ്മയത്തോടുംകൂടെ ചെന്നു എതിരേറ്റുകൊണ്ടുപോയി ഏറ്റവും കേമമായി സല്ക്കരിച്ചിരുത്തി കുശലപ്രശ്നാദികൾചെയ്തു. അനന്തരം അവർ അദ്ദേഹത്തെ ചക്രവൎത്തിയായ സുന്ദരേശ്വരപാണ്ഡ്യസന്നിധാനത്തെ പ്രാപിപ്പിച്ചു. ഉടൻതന്നെ സോമശേഖരഭൂപൻ, ദേവതകൾക്കുപോലും ദേവനും ജന്മികളുടെ എല്ലാ അഭിലഷങ്ങളേയും കൊടുക്കുന്നതിനായി മനുഷ്യവേഷം ധരിച്ചിരിക്കുന്നവനും, സത്യസ്വരൂപനും വിജ്ഞാനമയനും, ആനന്ദാത്മാവും, പരനും പരാപരനും, പരബ്രഹ്മവും പരംജ്യോതിസ്സും, പരമശിവനും, പരംവസ്തുവും, പരാമൃതനും, വേദാന്തവേദ്യനും, പരമേശ്വരനും, ശോഭായമാനമായ സൎവ്വാവയവങ്ങളോടുകൂടിയവനും, സൎവ്വാഭരണധാരിയും ആയി ഛത്രചാമരാദി രാജചിഹ്നങ്ങളോടുകൂടെ രാജവേഷവും ധരിച്ചു് സിംഹാസനാരോഹിതനായിരിക്കുന്ന ഹാലാസ്യനാഥനായ സുന്ദരേശ്വരപാണ്ഡ്യനെക്കണ്ടു സന്തോഷത്തോടുകൂടെ കാഞ്ചനപുഷ്പാദികൾകൊണ്ടു പൂജിച്ചു് സാഷ്ടാംഗനമസ്കാരംചെയ്തു.

സുന്ദരേശ്വരപാണ്ഡ്യനായ പരമശിവൻ, ഭക്തിപൂൎവ്വം തന്നെ നമസ്കരിച്ച സോമശേഖരഭൂപനെ തൃക്കരങ്ങൾകൊണ്ടു പിടിച്ചെഴുനേല്പിച്ചാലിംഗനംചെയ്യുകയും ആശിസ്സുകൾ നൽകുകയും ചെയ്തതിന്റെശേഷം യഥായോഗ്യം പീഠംനല്കിയിരുത്തി കുശലങ്ങൾ ചോദിക്കുകയും വസ്ത്രാഭരണാദികൾ പലതും സമ്മാനമായി കൊടുക്കുകയുംചെയ്തു. അനന്തരം അദ്ദേഹത്തിന്റെയും അനുയായികളുടേയും അധിവാസത്തിനായി പ്രത്യേകം ഒരു രാജമന്ദിരം ഒഴിച്ചുകൊടുത്തു. സോമശേഖരഭൂപനും, ഭാൎയ്യയും മകളും അവരോടുകൂടെ കല്യാണപുരിയിൽനിന്നും വന്നിട്ടുള്ളവരും എല്ലാംകൂടിപ്പോയി അവൎക്കു നൽകിയ മണിമന്ദിരത്തിൽ വസിച്ചു.

അതിന്റെ ശേഷം സുന്ദരേശ്വരപാണ്ഡ്യൻ മന്ത്രിമാരെ വരുത്തി കല്യാണസംഭാരങ്ങൾ ഒരുക്കുന്നതിനായി ആജ്ഞാപിച്ചു. മന്ത്രിമാർ കല്പനപ്രകാരം എല്ലാഭൂപന്മാൎക്കും ബന്ധുക്കൾക്കും കല്യാണപത്രികകൾ എഴുതി അയയ്ക്കുകയും മറ്റു സംഭാരങ്ങൾ ഒരുക്കുകയും ചെയ്തുതുടങ്ങി. ഭൂമിയിലുള്ള രാജാക്കന്മാരും ഒന്നൊഴിയാതെ സൈന്യസമേതരായി വരുവാൻതുടങ്ങി. കല്യാണാൎത്ഥം വന്നുകൂടിയ രാജാക്കന്മാരെക്കൊണ്ടും, അവരുടെ അനുചരന്മാരെക്കൊണ്ടും, ഭൂലോകവാസികളായ മറ്റു പുരുഷാരങ്ങളെക്കൊണ്ടും, ആഗതന്മാരായ രാജഗണങ്ങൾ സംഭാവനയായി കൊണ്ടുവന്നുകൂട്ടിയ ദിവ്യസാമാനങ്ങളെക്കൊണ്ടും, കനകരത്നങ്ങളെക്കൊണ്ടും മധുരാപുരം നിറഞ്ഞു. നഗരം മുഴുവൻ അടിച്ചുവാരി ചപ്പും ചവറും കളഞ്ഞും രാജവീഥികളിൽ വെള്ളം തളിച്ചു പൊടിയടക്കി വെള്ളമണൽ വിരിച്ചും ഭംഗിയാക്കി. കൊട്ടാരങ്ങളിലും ഗോപുരങ്ങളിലും, ദേവാലയങ്ങളിലും, ചൈത്യങ്ങളിലുമെല്ലാം കൊടിക്കൂറകൾ നാട്ടി. കുലവാഴകളും, തോരണങ്ങളും, പുഷ്പമാല്യങ്ങളും മറ്റും കൊണ്ടു് തെരുവുകൾ എല്ലാം അലങ്കരിച്ചു. മധുരാപുരയിൽ എവിടെ

നോക്കിയാലും ജനക്കൂട്ടവും ഉത്സവവും തന്നെ. രാജബന്ധുക്കളുടേയും സാമന്തഭൂപന്മാരുടേയും ആഗമനം കൊണ്ട് രഥഘോഷം ഒഴിഞ്ഞ ഒരു സമയവും മധുരാപുരിയിൽ ഇല്ലാതായി. ദീപാവലികൾ മൂലം രാത്രിയെന്നും പകലെന്നും ഉള്ള വ്യത്യാസം മധുരാപട്ടണത്തിൽ ഇല്ല. ഇപ്രകാരമുള്ള പല ഒരുക്കങ്ങളും ഉത്സവങ്ങളും ആഗമനങ്ങളും എല്ലാംകൊണ്ട് മധുരാപുരി ഒരു കല്യാണമന്ദിരമായിതീൎന്ന അവസരത്തിൽ സുന്ദരേശ്വരപാണ്ഡ്യനായ ഹാലാസ്യനാഥൻ, കല്യാണംപ്രമാണിച്ച് അവിടെ അപ്പോൾ വന്നുകൂടിയിട്ടുണ്ടായിരുന്ന ദേവഋഷികളിൽവച്ച് അത്യന്തം ശ്രേഷ്ഠനും സകലാഗമവേദിയും ശാസ്ത്രാൎത്ഥബോധിതാവും ആയ ബൃഹസ്പതിയെ വിളിച്ച് ഇപ്രകാരം പറഞ്ഞു.

അല്ലയോ ദേവഗുരോ! മഹൎഷീശ്വരന്മലക്ഷണവേദിയും ആയ ഭഗവാൻ കല്യാണപുരാധിപനായ സോമശേഖരഭൂപന്റെ മകളുംമററും വന്നുതാമസിക്കുന്ന മണിമന്ദിരത്തിൽപോയി സോമസുന്ദരഭൂപന്റെ മകൾകാന്തിമതിയുടെ സൎവ്വാവയവങ്ങളേയും പരിശോധിച്ച് അവളുടെ ലക്ഷണം മുഴുവൻ വന്നുപറയണം. ആ കന്യകയെ എന്റെ കുമാരനെക്കൊണ്ട് പരിണയിപ്പിക്കാൻ പോകുന്നുണ്ട്. എന്റെ കുമാരൻ പുരുഷലക്ഷണങ്ങൾ എല്ലാം തികഞ്ഞവൻ ആണ്. ആ സ്ഥിതിക്കു അവന്റെ പട്ടമഹിഷിക്കു സ്ത്രീലക്ഷണങ്ങളും എല്ലാം വേണ്ടതല്ലേ? അതുകൊണ്ട് അങ്ങുപോയി നോക്കീട്ടുവരണം.

ബൃഹസ്പതി ശങ്കരാജ്ഞയെ ശിരസാവഹിച്ചുകൊണ്ട് അതിവേഗത്തിൽ കാന്തിമതി വസിക്കുന്ന മണിമന്ദിരത്തിൽ പോയി കന്യകാരത്നവും സൎവ്വാവയവമഞ്ജുളയും ആയ അവളെക്കണ്ട് അവളുടെ പാദാദികേശം ഒന്നുപോലെ പരീക്ഷിച്ചു മനസ്സിലാക്കിയുംകൊണ്ടു സുന്ദരേശ്വരസന്നിധിയിൽ പ്രവേശിച്ചു ഇപ്രകാരം പറഞ്ഞു.

അല്ലയോ സ്വാമിൻ! സൎവ്വജ്ഞ! മഹാദേവ! ജഗൽഗുരോ! ഞാൻ സൎവ്വലക്ഷണസമ്പന്നയായ സോമശേഖരകന്യകയുടെ പാദാദികേശം പരീക്ഷിച്ചു. സൌന്ദൎയ്യസാരസൎവ്വസ്വമായ ആ കന്യകയ്ക്കു തുല്യമായി ത്രിലോകത്തിലും ഒരു സുന്ദരിയും ഇല്ല. വൃന്ദാരകാംഗനമാർ എല്ലാം കാന്തിമതിക്കു കപ്പംകൊടുക്കണം. സൌന്ദൎയ്യമകരന്ദം നാലുവഴിക്കും കൂടി ഒഴുകുന്ന ആ കാന്തിമതി, കാന്തിമതിതന്നെ. തിരുവടിക്ക് എല്ലാം അറിയാമല്ലൊ, എങ്കിലും അല്പജ്ഞനായ എന്നെ അവളുടെ അംഗലക്ഷണപരീക്ഷകനായി തിരുമേനി കല്പിച്ചയച്ചതുകൊണ്ട് അവളുടെ ലക്ഷണം മുഴുവൻ തിരുവടിയെ കേൾപ്പിക്കാം. ശാസ്ത്രോക്തമായിത്തന്നെ ഞാൻ അവളുടെ സൎവ്വാവയവങ്ങളേയും പ്രത്യേകംപ്രത്യേകം സൂക്ഷിച്ചുനോക്കി ഗ്രഹിച്ചിട്ടുണ്ട്. ഓരോന്നായി ഭഗവാൻ കേട്ടുകൊള്ളുക. കേശം, മൂൎദ്ധാവ്, നെററി, കണ്ണുകൾ നാസിക, ചെവികൾ, ഗണ്ഡങ്ങൾ, ചുണ്ടുകൾ, പല്ലുകൾ, നാക്ക്, താടി,

കണ്ഠം, ഭുജങ്ങൾ, പാണിതലങ്ങൾ, കൈവിരലുകൾ, നഖങ്ങൾ, വക്ഷോജയുഗളം, വയറു, നാഭി, ജഘനമണ്ഡലം, തുടകൾ മുട്ടുകൾ, കണങ്കാലുകൾ ഗുല്ഫങ്ങൾ, പുറവടികൾ, കാൽവിരലുകൾ. കാൽവിരലിലെനഖങ്ങൾ, ഉള്ളങ്കാലുകൾ, ഗന്ധം, സ്വരം, വൎണ്ണം, ഈ മുപ്പത്തിരണ്ടുകൂട്ടങ്ങളും ലക്ഷണത്തിനൊത്തിരിക്കുന്നവളാണ് ശാസ്ത്രോക്തപ്രകാരമുള്ള മുപ്പത്തിരണ്ടുസ്ത്രീലക്ഷണങ്ങളും പരിപൂൎണ്ണമായ ഉത്തമസ്ത്രീ. കാന്തിമതിയുടെ ഈ മുപ്പത്തിരണ്ടുകൂട്ടങ്ങളും ലക്ഷണാന്വിതങ്ങൾ ആണ്. അവ ഓരോന്നുംലക്ഷണസഹിതം വിസ്തരിച്ചുപറയാം. നിന്തിരുവടി കേട്ടുകൊണ്ടാലും.

കാൎമേഘംപോലെയും വണ്ടിൻനിറംപോലെയും ഉള്ള നീലിമയോടും സ്നിഗ്ദ്ധമായും, സൂക്ഷ്മമായും കോമളമായും നീണ്ടുചുരുണ്ടതായും ഉള്ളകേശഭാരം സൌഭാഗ്യൈശ്വൎയ്യസൂചകവും, ആനയുടെ മസ്തകംപോലെയും വൃത്തമായും ഉന്നതമായും ഉള്ള മൂൎദ്ധാവു്, ഭൎത്താവിനു് ദീൎഘായുസ്സിനെ ഉണ്ടാക്കുന്നതും സാൎവ്വഭൌമപദത്തെ ദാനംചെയ്യുന്നതും, അൎദ്ധചന്ദ്രോപമവും, നരമ്പുകളും രോമങ്ങളും ഇല്ലാത്തതും, മൂന്നുവിരൽ വീതിയോടുകൂടിയതും ഉയൎന്നതുമായ നെററി സൌഭാഗ്യാരോഗ്യകാരണവും, രക്തവൎണ്ണമായ കടക്കണ്ണുകളും, പാലുപോലെ വെളുത്തതും സ്നിഗ്ദ്ധവും ആയ വെളുത്തമിഴിയും അത്യന്തം നീലിമയോടുകൂടിയ കറുത്തമിഴിയുംകോമളങ്ങളും നിവരോമാന്വിതങ്ങളുമായ ഇമകളോടുംകൂടിയ ആയതലോചനങ്ങൾ അത്യന്തം ശുഭപ്രദങ്ങളും, ഒരുപോലെ വൃത്തമായിട്ടുള്ള സുഷിരങ്ങളോടുകൂടിയതും എൾപൂവിനുതുല്യവും ആയ മൂക്ക് ഐശ്വൎയ്യത്തേയും സൌഭാഗ്യത്തേയും സൂചിപ്പിക്കുന്നതും ശോഭനാവൎത്തങ്ങളും, മുമ്പോട്ടു തുങ്ങിയതും ആയ ചെവികൾ ശുഭപ്രദങ്ങളും, മാംസളിച്ചതും, മിനുത്തതും, വൃത്തവും ആയ കവിൾത്തടം അത്യന്തംനല്ലതും, കോവൽപഴംപോലെയുള്ള പാടലവൎണ്ണത്തോടുകൂടിയതും അത്യന്തം മിനുസമായതും രക്തവൎണ്ണമായ മുമ്മൂന്നുരേഖകളെക്കൊണ്ടു മനോഹരമായ മദ്ധ്യഭാഗത്തോടുകൂടിയതുമായ ഓഷ്ഠാധരങ്ങൾ പട്ടമഹിഷീപദത്തെ വിദ്യോതിപ്പിക്കുന്നതും പശുവിൻപാലുപോലെ വെളുത്തതും സ്നിഗ്ദ്ധങ്ങളും സൂക്ഷ്മം എണ്ണത്തിൽ മുപ്പത്തിരണ്ടു വരുന്നതുമായ പല്ലുകളുംപട്ടമഹിഷീപദത്തെത്തന്നെ സൂചിപ്പിക്കുന്നതും, കോമളവും മൃദുവും ചുവന്നതുമായ നാക്ക് ശോഭനമായതും, രണ്ടംഗുലം വീതിയുള്ളതും തടിച്ചതും മഞ്ജുളമായതുമായ ചിബുകം (താടി) ഐശ്വൎയ്യത്തെ സൂചിപ്പിക്കുന്നതും, മൂന്നുരേഖകളോടും നാലുവിരൽഉയൎച്ചയോടും കൂടിയതും, വൃത്തവും മാംസളവും ആയ കണ്ഠം ഭൎത്താവിനു് സാൎവ്വഭൌമത്വലഭിക്കുമെന്നതിനെ കാണിക്കുന്നതും, ഗ്രന്ഥിയും, അസ്ഥിയും മാംസംകൊണ്ടു മൂടിയതും സിരാരോമവിഹീനവും ഉരുണ്ടതും ആയ ബാഹുക്കളുംസാൎവ്വഭൌമനായ ഭൂപതിയുടെ പട്ടമഹിഷീപദത്തെതന്നെ പ്രകടീകരിക്കുന്നതും സൎവ്വസൌഭാഗ്യൈകകാരണവും, മദ്ധ്യം ഉയൎന്നും, തുടുതുടുത്തും മൃദുവായും ഉത്തമരേഖകൾ അടങ്ങിയതായും അരന്ധ്രമായും ഉള്ള കരതലം സൌഖ്യപ്രദായകവും, ദീൎഘങ്ങളും ചുവട്ടിൽനിന്നും അററംവരെക്രമേണഘനംകുറഞ്ഞതും ഉ

രുണ്ടതും നല്ലമിനുസമേറിയ വിരൽമുട്ടുകളോടുകൂടിയതുമായ കൈവിരലുകൾ സമ്പത്തും സൌഖ്യവും ഉണ്ടാക്കുന്നതും സ്നിഗ്ദ്ധങ്ങളും താമ്രവർണ്ണങ്ങളും വൃത്താകാരമായതുമായ നഖങ്ങൾ വിവിധഗുണസൂചകങ്ങളും, സുന്ദരവും പതിനെട്ടുവിരലളവു വിസ്താരത്തോടുകൂടിയതും ഉയൎന്നതും തടിച്ചതും രോമങ്ങളോടുകൂടാത്തതും നരമ്പുകൾ എഴുന്നുകാണാത്തതുമായ മാറിടം സൎവ്വസൌഖ്യപ്രദവും, ദൃഢവും, ഉന്നതവും, പങ്കജമൊട്ടുകൾപോലെ മനോഹരങ്ങളുംഐശ്വൎയ്യത്തോടുകൂടിയതുമായ വട്ടമുലകൾ സൌഭാഗ്യദായകങ്ങളും നരമ്പുകൾ എഴുന്നിട്ടില്ലാത്തതും അത്യന്തംമൃദുവും കൃശവും ആയ ഉദരം ഭോഗാഢ്യതയേയും മൃഷ്ടാന്നലാഭത്തേയും സൂചിപ്പിക്കുന്നതും, താണതും വലത്തുവശത്തോട്ടു ചുഴിയോടുകൂടിയതുമായ പൊക്കിൾ സമ്പത്തിനെ ഉണ്ടാക്കുന്നതും, ആനയുടെ തുമ്പിക്കരംപോലെ ഉരുണ്ടുനീണ്ടതും രോമങ്ങൾ ഇല്ലാത്തതും കോമളങ്ങളും ശൈത്യഗുണത്തോടുകൂടിയതുമായതുടകൾ സൌഖ്യപ്രദങ്ങളും, ആമപ്പുറംപോലെതടിച്ച ജഘനങ്ങൾ, അതിഭാഗ്യദ്യോതകങ്ങളും, മാംസംകൊണ്ടു മൂടിയതും വൃത്താകൃതിയോടുകൂടിയതുമായ മുട്ടുകൾ മഹാഭാഗ്യദായകങ്ങളും, മുകളിൽനിന്നു കീഴ്പോട്ടു ക്രമേണ ഉരുണ്ടതും ഭംഗിയേറിയതും സ്നിഗ്ദ്ധമായതും രോമങ്ങൾ ഇല്ലാത്തതും നരമ്പുകൾ എഴാത്തതുമായ കണങ്കാലുകൾ പട്ടമഹഷീപദത്തെ സൂചിപ്പിക്കുന്നതും, ഉത്തമവും സ്വേദഹീനവുംഗൂഢവും ആയ ഗുൽഫദ്വയങ്ങൾ ഉത്തമോത്തമങ്ങളും, ഞരമ്പുകൾ എഴുന്നുകാണാത്തതും ആമപ്പുറമ്പോലെ മനോഹരവുംമാംസളിച്ചതും ആയ പാദാഗ്രങ്ങൾ,ഭൂപപത്നിപദത്തെ വെളിപ്പെടുത്തുന്നതും, നീണ്ടതും ഉരുണ്ടതുമായകാൽവിരലുകൾ ഗുണാധിക്യത്തെദ്യോതിപ്പിക്കുന്നതും, സോമാർദ്ധതുല്യങ്ങളും നിൎമ്മലങ്ങളുംകോമളങ്ങളും ആയ കാൽനഖങ്ങൾ ശോഭനങ്ങളും, സ്നിഗ്ദ്ധമായും, മാംസളമായും, സമമായും, മൃദുമായും, വിയൎപ്പോടുംചൂടോടും കൂടാത്തതായുംഅരുണവൎണ്ണമായും ഉള്ള ഉള്ളങ്കാലുകൾ സൎവ്വസൌഭാഗ്യകാരണങ്ങളും, കൽഹാരം, താമര, പുഷ്പാതിരി ചമ്പകം ഈ പുഷ്പങ്ങളിൽ ഒന്നിൻെറ ഗന്ധമുള്ളതായ ശരീരം ഉത്തമോത്തമവും സൎവ്വസൌഭാഗ്യസൂചകവും, കോകിലഗാനം, കിളിമൊഴി, വീണാനാദം ഇവയിൽ ഒന്നിനോടുതുല്യമായ സ്വരം, സൎവ്വസമ്പൽസൌഭാഗ്യസുഖഭോഗൈകലക്ഷ്യവും, സുവൎണ്ണസദൃശമായ നിറം ഏററവും ഉത്തമമായ സ്ത്രീലക്ഷണസൂചകവും ആകുന്നു. കാന്തിമതിക്കു ശാസ്ത്രോക്തങ്ങളായ ഈ എല്ലാലക്ഷണങ്ങളും പരിപൂൎണ്ണമായിട്ടുണ്ടു്. വിപരീതമായി ഒരു ലക്ഷണവുംകണ്ടില്ല. കൃപാശാലിയും ഭക്തവത്സലനും ആയ നിന്തിരുവടി പണ്ടു അടിയനു് ഉപദേശിച്ചുതന്നതായ സ്ത്രീലക്ഷണങ്ങൾ എല്ലാം ഒത്തതായി ഞാൻ ഇതിനുമുമ്പിൽ ഒരു സ്ത്രീയേയും കണ്ടിട്ടില്ല. ഇവൾ എല്ലാംകൊണ്ടും കുമാരനായ ഉഗ്രപാണ്ഡ്യനു് അനുരൂപയായ പട്ടമഹിഷിതന്നെ. യാതൊരു സംശയവും ഇല്ല.

ദേവഗുരുവായ ബൃഹസ്പതി ഇപ്രകാരം പറഞ്ഞിട്ടു് സുന്ദരേശപരാപരബന്ധുനായ ഹാലാസ്യനാഥൻെറ പാദകമലങ്ങളിൽ തൻെറനേത്രദ്വയങ്ങളെ

യും അപ്പിച്ചുകൊണ്ടു് ചിത്രത്തിൽ എഴുതപ്പെട്ടവനെപ്പോലെനിശ്ചലനായി നിന്നു.

അനന്തരം സവ്വകർമ്മകുശലനും സർവ്വജ്ഞനുമായ സുന്ദരപാണ്ഡ്യൻ, നവഗ്രഹങ്ങൾ സുസ്ഥാനരോഹിതന്മാരായി നില്ക്കുന്നതായ ശുഭലഗ്നത്തോടുകൂടിയ ഒരു സമൂഹൂർത്തത്തിൽ വിവാഹാർത്ഥം ആഗതന്മാരായിട്ടുള്ള വിധി, വിഷ്ണു, മഹേന്ദ്രപ്രമുഖന്മാരായ ദേവന്മാരോടും ദേവഗണങ്ങളോടും, മുനിപുംഗവന്മാരോടും ബന്ധുകുലാവലികളോടും മററുംകൂടെ പുത്രനായ ഉഗ്രപാണ്ഡ്യനെ സ്നാനാദികളായി വേണ്ടുന്ന കർമ്മങ്ങൾ എല്ലാംചെയ്യിപ്പിച്ചു്. അനന്തരം, പിതാവായസോമശേഖരഭൂപൻ ഭാര്യാസഹിതനായി നീർവീഴ്ത്തിനല്കിയ കന്യകയായ കാന്തിമതിയെ പുത്രനായ ഉഗ്രനെക്കൊണ്ടുപരിണയിപ്പിച്ചു. അതിൻെറ ശേഷം സർവാഭരണവിഭൂഷിതരും മംഗല്യവസ്ത്രധാരികളും ആയ ആ ദംപതികളെ അലംകൃതമായ അമ്പാരിപ്പുറത്തേററിവിവിധവിധത്തിലുള്ള വാദ്യമേളങ്ങളോടും സംഗീതനൃത്തകോലാഹലങ്ങളോടും കൂടെ വിവാഹം പ്രമാണിച്ചു് അതിഭംഗിയായി അലംകരിച്ചുമോടിപിടിപ്പിച്ചിട്ടുള്ളതായ മധുരാപുരത്തിലെങ്ങും പട്ടണപ്രവേശം ചെയ്യിയ്ക്കുകയുംഅനന്തരം പാണ്ഡ്യകുലജാതന്മാരുടെ കീഴ്നടപ്പനുസരിച്ചു് സർവകാമപ്രദമായ സർവ്വജ്ഞലിംഗനമസ്കാരം നടത്തിക്കുകയും ചെയ്തതിൽപിന്നെ അരമനയിൽ കൊണ്ടുപോയി രണ്ടുപേരേയും കൂടെ ഭദ്രാസനത്തിൽ ഇരുത്തി ഗംഗതുടങ്ങിയ പുണ്യതീർത്ഥങ്ങളിൽ നിന്നും സുവർണ്ണകലശങ്ങളിൽ കൊണ്ടുവന്നിട്ടുള്ള തീർത്ഥോദകങ്ങൾകൊണ്ടു് യഥാവിധി അഭിഷേകം നടത്തി, വെൺകൊററക്കുട വെഞ്ചാമരങ്ങൾ മുതലായ രാജചിഹ്നങ്ങൾ എല്ലാം നല്കി. അതിൻെറശേഷം വലയാദികളായ മൂന്നായുധങ്ങളേയും സുന്ദരേശ്വരപാണ്ഡ്യൻ പുത്രനായ ഉഗ്രപാണ്ഡ്യനു കൊടുത്തു.

അല്ലയൊ വസിഷ്ഠാദിമഹർഷിമാരെ! വലയാദികളായ മൂന്നായുധങ്ങൾ എന്തെല്ലാമെന്നും അവയെ നല്കുന്നതിനുള്ളകാരണം എന്താണെന്നും കൂടെ നിങ്ങൾക്കറിയേണമെന്നുണ്ടെങ്കിൽ അതും കേൾപ്പിക്കാം. വലയാദിമൂന്നായുധങ്ങൾ എന്നതു്. വലയവും (വളയും) ശക്തിയും (വേലും) ചണ്ഡായുധവും ആണു്. ഇവയെ ഉഗ്രപാണ്ഡ്യനു കൊടുത്തതു്, ഹാലാസ്യനാഥൻെറ പൂർവവിരോധികളായിരുന്ന ദേവേന്ദ്രനോടും, സമുദ്രത്തോടും മഹാമേരുവിനോടും, പുത്രനെക്കൊണ്ടുപകവീട്ടിക്കാനായിരുന്നു. അതിൽ സുവർണ്ണനിർമ്മിതവും അത്യന്തം ഭാസമാനമായതും, വിചിത്രപ്പണികളോടുകൂടിയതും ആയിരം ആദിത്യന്മാർ ഏകകാലത്തിൽ ഉദിച്ചുയന്നാൽ ഏതൊരു മാതിരിദിവ്യതേജസ്സുണ്ടാകുമോ അപ്രകാരമുള്ളദിവ്യതേജസ്സോടുകൂടിയതും മണിജാലങ്ങളാൽ അലംകൃതവും ആയ വലയത്തെ പുത്രൻെറ കയ്യിൽ കൊടുത്തിട്ടു് ഇതുവളകൊണ്ടു് നീ വലഭിത്തായ ദേവേന്ദ്രൻെറ മൌലിയെ താഡനം ചെയ്യണമെന്നും, അഗ്നിജ്വാലയെക്കാളും ജാജ്വല്യമാനങ്ങളായ ദീപ്തജ്വാലാവലികളോടുകൂടിയതും കശപ്പുല്ലിൻെറ അഗ്രംപോലെ അത്യന്തം കൂർമ്മമായ മുനയോടും തൈക്ഷ്ണ്യത്തോടും കൂടിയതും മന്ത്രാധിഷ്ഠിതവും ആയ ശക്തിയെ നല്കിയുംവ

ച്ചു് ഇതുകൊണ്ടു സമുദ്രത്തെ ആക്രമിക്കണമെന്നും, അത്യന്തം ഭീഷണവും അത്ഭുതകരവും അഗ്രംവളഞ്ഞതും പ്രഭാഭാസുരവും, ദൃഢവും ബലവും ഏററിയതും ഏററവും നീളം കൂടിയതും ശത്രുക്കൾക്കു കാണാൻ സാധിക്കാത്തതുമായ ചണ്ഡായുധത്തെ നല്കീട്ടു ഇതുകൊണ്ടു് മഹാമേരുവിനെ ഖണ്ഡനം ചെയ്കയെന്നും അരുളിച്ചെയ്തു.

പിതാവും ഹാലാസ്യനാഥനും ആയ സുന്ദരേശ്വരപാണ്ഡ്യൻ മേൽപ്രകാരം ആയുധങ്ങളിൽ ഓരോന്നുകൊണ്ടും തന്റെ മൂന്നികശത്രുക്കളായ ഓരോരുത്തരേയും പിടിപ്പിക്കുകയെന്നു് പിന്നയും, പിന്നയും പറഞ്ഞു നല്കിയ വലയാദികളായ മൂന്നായുധങ്ങളേയും ഉഗ്രപാണ്ഡ്യൻ ഏററവും ഭക്തിപൂർവം കൈനീട്ടി വാങ്ങിയും കൊണ്ടു് പിതൃപാദങ്ങളിൽ സാഷ്ടാംഗപ്രണാമം ചെയ്തു.

ഹാലാസ്യനാഥൻ നമസ്കരിക്കുന്ന പുത്രനെകോരിയെടുത്തു് മാറ്റിൽഅണച്ചു് മൂർദ്ധാവിൽ പലവുരുവു ചുംബിക്കുകയും സന്തോഷാശ്രുക്കൾ ധാരമുറിയാതെ പൊഴിയ്ക്കുകയും ചെയ്തു കൊണ്ടു്; എന്റെ കുമാരനായ ഈ ഉഗ്രൻ ബാലനാണെങ്കിലും വീര്യശൌര്യപരാക്രമങ്ങൾക്കു ഇരിപ്പിടമായിട്ടുള്ളവനാകയാൽ പാണ്ഡ്യചക്രവർത്തിയായി ഭൂലോകഭരണം ചെയ്യുന്നതിനു സമർത്ഥൻതന്നെയെന്നു് നിശ്ചയിച്ചു് സ്വധാമത്തിങ്കൽ പഴയപ്രകാരം ലയിയ്ക്കുന്നതിനായി മനസ്സുവച്ചു.

ഇപ്രകാരം ഹാലാസ്യനാഥനായ സുന്ദരേശ്വരപാണ്ഡ്യൻ അറുപത്തിആറായിരം വർഷം ഭൂലോകശിവലോകമായ മധുരാപുരത്തിൽ വസിച്ചു് ഭൂപരിപാലനം ചെയ്തതിന്റെ ശേഷം ഭൂഭാരം മുഴുവനും പുത്രശിഖാമണിയായ ഉഗ്രപാണ്ഡ്യനെ ഏല്പിച്ചിട്ടു്, മീനാക്ഷീഭഗവതിയും തന്റെ പ്രിയ മഹിഷിയും ആയ തടാതകാ ദേവിയോടും മനുഷ്യാവതാരം എടുത്തു അനുചരന്മാരായി അതേവരേയും മധുരാപട്ടണത്തെ അലംകരിച്ചുവന്ന ഭൂതഗണങ്ങളോടും കൂടെ മൂലലിംഗത്തിൽ അന്തർദ്ധാനംചെയ്തു.

അതിന്റെ ശേഷം ശൂരാഗ്രേസരനും ഉഗ്രപരാക്രമിയും പാണ്ഡ്യരാജരത്നവും ആയ ഉഗ്രപാണ്ഡ്യൻ സാർവഭൌമപദത്തെ അഛന്റെ കല്പനപ്രകാരം കയ്യേററു് സർവലോകാനുകൂലവും നീതിനിയമാനുസരണവും ആകുംവണ്ണം രാജ്യപരിപാലനം നടത്തിത്തുടങ്ങി. ഭരണവിശേഷം കൊണ്ടു് ഭൂമി മുഴുവൻ അഭിവൃദ്ധിയിൽ ആവുകയും ജനങ്ങൾ സർവ്വജ്ഞസേവാരതന്മാരായിത്തീരുകയും ചെയ്തു.

അല്ലയൊ മഹർഷീശ്വരന്മാരേ! ജീവന്മുക്തിപുരാധിപനായ സുന്ദരേശ്വരന്റെ അത്യന്തം ശ്രേഷ്ഠമായ ഈ പന്ത്രണ്ടാമത്തെ ലീലയെ കേൾക്കുന്നവൎക്കും പഠിക്കുന്നവൎക്കും ദീർഘായുരാരോഗ്യസമ്പത്തും സന്തതിയും ഉണ്ടാകുന്നതാണു്.

൧൩-ാം അദ്ധ്യായം വലയാദ്യായുധപ്രദാനം എന്ന
പന്ത്രണ്ടാം ലീല സമാപ്തം.

# ഹാലാസ്യമാഹാത്മ്യം.

കേരളഭാഷാഗദ്യം

## ൧൩-ാം അദ്ധ്യായം.

സിന്ധുതാഡനം എന്ന

## പതിമൂന്നാമത്തെ ലീല.

അല്ലയോ ആനന്ദവനവാസികളായ മഹർഷിപുംഗവന്മാരെ! ഇനി നിങ്ങൾ സുന്ദരനായകൻ, ഉഗ്രപാണ്ഡ്യനെക്കൊണ്ടു, ശക്തിപ്രയോഗിപ്പിച്ചു് സമുദ്രതാഡനംചെയ്ത ലീലയെ കേട്ടുകൊള്ളുവിൻ എന്നിങ്ങനെ അരുളിച്ചെയ്തിട്ടു്, വേദാഗമസാരവേദിയായ കുംഭസംഭവൻ താഴെവരുമാറു വീണ്ടും കഥയാരംഭിച്ചു.

ഹാലാസ്യനാഥനായ സുന്ദരേശ്വരപാണ്ഡ്യൻ മീനാക്ഷീഭഗവതിയും തന്റെ മായാശക്തിയുമായ തടാതകാദേവിയോടും അനുചരന്മാരായ ഭൂതഗണങ്ങളോടും ഒന്നിച്ചു് സ്വലിംഗത്തിൽ അന്തർദ്ധാനംചെയ്തതിന്റെശേഷം പ്രജാപാലനലോലുപനും ഉഗ്രപരാക്രമിയും ശത്രുജേതാവും നീതിനിഗമാന്തവേദിയും പ്രതാപശാലിയുമായ ഉഗ്രപാണ്ഡ്യസാർവ്വഭൌമൻ മന്ത്രശാലികളും തന്ത്രനിപുണന്മാരും രാജ്യഭരണധുരന്ധരന്മാരും ആയ മന്ത്രികളോടുകൂടെ പ്രജകളെയെല്ലാം വഴിപോലെ പരിപാലിച്ചു് നൃപൻ എന്നും എല്ലാവരേയും ഒന്നുപോലെ രഞ്ജിപ്പിച്ചു് രാജാവെന്നും മററുള്ള ഓരോരാജപര്യ്യായങ്ങളേയും അന്വർത്ഥമാക്കിയും ആനന്ദകരമായും ശത്രുക്കളായ എല്ലാരാജാക്കന്മാരെയും ധർമ്മയുദ്ധംചെയ്തു് നിഗ്രഹിച്ചു് ഭൂമിമുഴുവനും തന്റെ കുടയ്ക്കുകീഴാക്കിയും ഭൂപരിപാലനം നടത്തിത്തുടങ്ങി.

ആ കാലത്തിൽ ബ്രാഹ്മണക്ഷത്രിയവൈശ്യശൂദ്രാദികളായ എല്ലാജാതിക്കാരും വർണ്ണാശ്രമോചിതങ്ങളായ സ്വവൃത്തികൾ ലോപംകൂടാതെ വിധിപ്രകാരംചെയ്തു് സന്തുഷ്ടചിത്തന്മാരായി സർവസമ്പൽസമൃദ്ധിയോടും, ആരോഗ്യാഭിവൃദ്ധിയോടും മനസ്സമാധാനത്തോടും കൂടെ സ്വഗൃഹങ്ങളിൽ അധിവസിക്കുകയും ഭൂമിയെങ്ങും കൃഷികൾകൊണ്ടും രമ്യങ്ങളായ ഹാടകഭൂഷണങ്ങൾകൊണ്ടും സൽജ്ജനങ്ങളെക്കൊണ്ടും നല്ലഗോധനങ്ങളെക്കൊണ്ടും ദേവാലയങ്ങളെക്കൊണ്ടും മററും പരിപൂർണ്ണാഭിവൃദ്ധിയെ പ്രാപിക്കുകയുംചെയ്തു. മംഗല്യനിധിയും പ്രജാക്ഷേമൈകതല്പരനും ഗുണാംബുധിയും ആയ ചക്രവർത്തിയുടെ ഭരണവിശേഷംകൊണ്ടു് കുടിലതനാദികളേയും, തമസ്സുരാത്രിയേയും, രജസ്സ്, പുഷ്പങ്ങൾ, സ്ത്രീകൾ ഇവയേയും, ഒ

ബന്ധവാത്താ, പരശ്രു, കുദ്ദാല, വ്യജനാദികളേയും കുമ്പും, ഔഷധാത്തേയും കഠോരത, കുചങ്ങളേയും വിഭ്രമങ്ങൾ, വനിതാമണികളേയും, പ്രമത്തത, ഭ്രമരങ്ങളേയും, ദാനഹാനി, ഗജേന്ദ്രന്മാരെയും കണ്ടകത്വം, വൃക്ഷങ്ങളേയും, വൎണ്ണസങ്കീൎണ്ണത്വം ചിത്രങ്ങളേയും ദാരിദ്ര്യം ദാരിദ്ര്യത്തേയും, ഘോരത ശബ്ദങ്ങളേയും നിഗ്രഹം, ഇന്ദ്രിയങ്ങളേയും വിഗ്രഹം ശരീരങ്ങളേയും രക്ഷാസ്ഥാനങ്ങളായി സ്വീകരിച്ചു. യാഗവേദികൾകൊണ്ടും വിദ്വൽപരിഷത്തുകളെക്കൊണ്ടു പരിപൂൎണ്ണങ്ങളായ ഗ്രാമങ്ങൾ അനേകമനേകമായി വൎദ്ധിച്ചു. നാളികേരവൃക്ഷങ്ങൾ പനസവൃക്ഷങ്ങൾ ചൂതവൃക്ഷങ്ങൾമുതലായ ഫലവൃക്ഷങ്ങളെക്കൊണ്ടു പൂൎണ്ണങ്ങളായ തോട്ടങ്ങൾ നോക്കുന്ന നോക്കുന്ന ദിക്കിലെല്ലാം കാണാറായി. ഫലിക്കാത്തതും പൂക്കാത്തതുമായവൃക്ഷങ്ങളെ ഒരിടത്തും കാണ്മാനില്ല. എന്തിനധികംപറയുന്നു. സസ്യധാന്യസമൃദ്ധവും ഐശ്വൎയ്യയുക്തവും സമാധാനം നിറഞ്ഞതുമായ ഭൂമണ്ഡലത്തെ ശൌൎയ്യഗാംഭീൎയ്യധൈൎയ്യാദികൾ കൊണ്ടും ഔദാൎയ്യവിനയാദികൾകൊണ്ടും ദുഷ്ടന്മാരുടെനേരെ ആദിത്യനെപ്പോലെ പ്രതാപശാലിയും സാധുക്കളിൽ ചന്ദ്രനെപ്പോലെ സൌമ്യശീലനും അത്യുശിഖാമണിയും ആയ ഉഗ്രപാണ്ഡ്യൻ ശത്രുക്കളെയെല്ലാം യുദ്ധത്തിൽ നിഗ്രഹിച്ചു് ഏകാതപത്രത്തിനു കീഴിലാക്കി അവനം ചെയ്തു. യാഗങ്ങളും അനവധി നടത്തി. ഉജ്വലമായ അവന്റെ കീൎത്തിയും പ്രതാപവും പതിനാലുലോകത്തിലും ഒന്നുപോലെ മുഴങ്ങി. ഇങ്ങനെ ഇന്ദ്രനേക്കാളും അനേകായിരം മടങ്ങധികമായ പ്രതാപത്തോടും ഐശ്വൎയ്യത്തോടുംകൂടിയ അവൻ സൎവ്വഭൂമണ്ഡലമണ്ഡനനായി വാഴുന്നകാലത്തിൽ തൊണ്ണൂററിആറു അശ്വമേധം വിധിപ്രകാരം ചെയ്തു.

ഉഗ്രപാണ്ഡ്യന്റെ ഏവംവിധങ്ങളായ പ്രതാപങ്ങളേയും ഐശ്വൎയ്യാദിവൃദ്ധിയേയും പ്രജാപാലനക്ഷമതയേയും മററുംകണ്ടു് ദേവേന്ദ്രനു വലുതായ അസൂയയും യാതൊരുവിഘ്നവും കുറവുംകൂടാതെ തൊണ്ണൂററിയാറു അശ്വമേധങ്ങൾ നടത്തിയ ഇവൻ തന്റെ സ്ഥാനം കയ്യിലാക്കുന്നതിനു് ഇനി അധികം യാഗങ്ങൾ ചെയ്യേണ്ടതില്ലല്ലോ എന്നുള്ള ഭയവും വൎദ്ധിക്കുകയാൽ, ഇവൻ വഴിപോലെ പ്രജാപാലനംചെയ്യുന്നതുകൊണ്ടാണല്ലൊ ഇവനു് ഇത്ര അധികം പ്രതാപവും ഐശ്വൎയ്യവും വൎദ്ധിച്ചിരിക്കുന്ന തെന്നും ഇവന്റെ പ്രജാപാലനധൎമ്മത്തിനു ഹാനിയെ ഉണ്ടാക്കിയാൽ ഇവന്റെ എല്ലാവലിപ്പങ്ങളും നാമാവശേഷിതമായികലാശിക്കുമെല്ലോ എന്നും അതിനു ഉപായാന്തരേണ സമുദ്രത്തെ പ്രേരിപ്പിച്ചയച്ചു് മധുരാപുരം നശിപ്പിച്ചുകളഞ്ഞാൽ സാധിച്ചുകളയാമെന്നും ഉള്ള വിചാരത്തോടുകൂടെ സമുദ്രത്തെ വരുത്തി, അഹന്നിശം ഒന്നുപോലെ മഹാഭയങ്കരങ്ങളായ കല്ലോലജാലങ്ങളോടും മഹത്തരമായ ജലപ്രവാഹത്തോടുംകൂടെ അമരാവതിയെക്കാളും അതിമനോഹരവും ഐശ്വൎയ്യം നിറഞ്ഞതുമായ മധുരാപുരിയിൽപോയി ഉഗ്രപാണ്ഡ്യന്റെ ആ പട്ടണത്തെ നശിപ്പിക്കുകയെന്നാജ്ഞാപിച്ചു.

സമുദ്രം ഇന്ദ്രന്റെ ആജ്ഞയെ ഭയഭക്തിപൂൎവ്വം ബഹുമാനിച്ചു ശിരസാവഹിച്ചുകൊണ്ടു് മൂലലിംഗത്തിന്റെ മാഹാത്മ്യത്തെ അല്പം പോലും ബ

ഛമാനിക്കാതെ മധുരാപുരത്തെ ആക്രമിക്കാനായി സംഭ്രമത്തോടുകൂടെ പുറപ്പെട്ടു് അൎദ്ധരാത്രിസമയത്തുപോയി മധുരാപുരത്തെ വളഞ്ഞു. മന്ദരസദൃശങ്ങളായ കല്ലോലജാലങ്ങളെക്കൊണ്ടു ഭൂഭേദനം ചെയ്യുന്ന ശബ്ദം കേട്ടു് പട്ടണവാസികൾ എല്ലാവരും ഞെട്ടി എഴുനേററു് അപാരമായ പരിഭ്രമത്തോടുകൂടെ നാലു വഴിയ്ക്കും പാച്ചിൽ തുടങ്ങി. കല്ലോലമാലകളാകുന്ന അനേകായിരം ആയതങ്ങളായ കരങ്ങൾ നീട്ടി ചന്ദ്രമണ്ഡലോപരി കിളൎന്നു് അഞ്ജനപൎവ്വതോപമമായ നിറത്തോടുകൂടിയ സമുദ്രജലപ്രവാഹത്തെക്കണ്ടാൽ അനേകായിരം കരങ്ങളോടുകൂടിയ ഒരു രാക്ഷസൻ ക്ഷുൽക്ഷാമപീഡിതനായി സപ്തലോകങ്ങളെ എല്ലാം ഒന്നോടെ വിഴുങ്ങി തന്റെ വിശപ്പടക്കാനായി വായും പിളൎന്നു് അട്ടഹാസവും ചെയ്യുവരികയാണോയെന്നു് ആരും ശങ്കിച്ചുപോകും. കാളമേഘാഭനായ രാഹു നിൎമ്മലജ്യോതിസ്സോടുകൂടിയ ചന്ദ്രവിഗ്രഹത്തെയെന്നവണ്ണം ആ സമുദ്രം പ്രകാശമാനമായ മധുരാപട്ടണത്തിന്റെ പലഭാഗങ്ങളും തന്റെ വദനഗഹ്വരത്തിനുള്ളിലാക്കി. കാൎമേഘങ്ങൾ വന്നിറങ്ങി ഭൂമി മൂടിയതുപോലെ മധുരാപുരത്തിന്റെ പലഭാഗങ്ങളും സമുദ്രാക്രാന്തമായി തീരുകയും ജനങ്ങൾ സംഭ്രമിച്ചിളകുകയും, ചെയ്തപ്പോൾ സൎവ്വജ്ഞനും കരുണാനിധിയും ആയ ഹാലാസ്യനാഥൻ ഭക്തജനാവനത്തിനും സമുദ്രഗൎവ്വാപഹാരത്തിനുംവേണ്ടി മൂലലിംഗത്തിൽനിന്നും ഒരു സിദ്ധസ്വരൂപത്തിൽ അവതരിച്ചു് ഈവിവരങ്ങൾ ഒന്നുംഅറിയാതെ മണിമഞ്ചത്തിൽ ശയിച്ചു നിദ്രചെയ്യുന്ന ഉഗ്രപാണ്ഡ്യന്റെ സമീപത്തിൽചെന്നു് സ്വപ്നത്തിൽ ഇങ്ങനെപറഞ്ഞു.

അല്ലയൊ രാജാവേ! നീ എഴുനേററാലും! എഴുനേററാലും! നിന്റെ പുരത്തെ സമുദ്രം ഇതാ ആക്രമിക്കുന്നു, ഭയാകുലന്മാരായ നിന്റെ പ്രജകൾ നാലുവഴിക്കും പലായനം തുടങ്ങി. പ്രജകൾക്കുണ്ടായിരിക്കുന്ന സങ്കടത്തിനു നിവൃത്തിയുണ്ടാക്കാതെ ഉറങ്ങുന്ന നീ എന്തൊരു രാജാവാണു്. ക്ഷതത്തിങ്കൽ നിന്നും പ്രജകളെ രക്ഷിയ്ക്കുന്നവരാണു് രാജാക്കന്മാർ. പ്രജകൾക്കു സംഭവിച്ചു ആപത്തുകളെപ്പററി ആലോചിക്കാതെ നിദ്രാസുഖം അനുഭവിക്കുന്നവർ ഒരിക്കലും ക്ഷത്രിയനല്ല. ആമകളാകുന്ന വട്ടപ്പരിശകളേയും മത്സ്യങ്ങളാകുന്ന ഖഡ്ഗങ്ങളേയും കല്ലോലമാലകളാകുന്ന കരങ്ങളിൽ വഹിച്ചുകൊണ്ടു് പ്രവാഹങ്ങളാകുന്ന കാലാൾപടകളോടും കപ്പലുകളാകുന്ന രഥങ്ങളോടും ആന കുതിര മുതലായവകളോടും കൂടെ യുദ്ധത്തിനൊരുങ്ങിവന്നാക്രമിക്കുന്ന സമുദ്രത്തോടു എതിരിടുന്നതിനും എന്റെ സഹായമുള്ളപ്പോൾ നീ ഒട്ടും തന്നെ ഭയപ്പെടേണമെന്നില്ല. അതിവേഗത്തിൽ എഴുനേററു പോയി ദുരഹംകാരിയും ഇന്ദ്രപ്രചോദിതനുമായ സമുദ്രത്തിന്റെ ആക്രമണത്തെത്തടുത്തു നരന്മാരെരക്ഷിച്ചു് നൃപൻ എന്നുള്ള നിന്റെ നാമത്തെ അൎത്ഥവത്താക്കുക. സമുദ്രത്തെ തടുക്കുന്നതിനുള്ള വഴിയും എന്റെ കുമാരനായ നിനക്കു ഞാൻതന്നെ പറഞ്ഞുതരാം. പണ്ടു് അഭിഷേകകാലത്തിൽ ഞാൻ നിനക്കു നല്കിയ ശക്തിയെ എടുത്തു സമുദ്രത്തിൽ എറിയുക. തൽക്ഷണം മുതൽ സമുദ്രം നിവൎത്തിയ്ക്കുവാനായി പിൻമാറും. ഒട്ടും താമസിക്കാതെ വേഗം തന്നെ എ

ഴുന്നേററുപോയി അപ്രകാരം ചെയ്യുക. കാലതാമസം നേരിട്ടാൽ മധുരാപുരംമുഴുവനും സമുദ്രം നശിപ്പിച്ചുകളയും.

പരമശിവൻമേൽപ്രകാരം പറഞ്ഞിട്ടു് ഉഗ്രപാണ്ഡ്യന്റെ നെററിയിൽ ഭസ്മം തേച്ചു് തൃക്കൈകൊണ്ടുതന്നെ കുലുക്കി ഉണർത്തിയുംവെച്ചു മിന്നൽക്കൊടിപോലെ മറഞ്ഞുകളഞ്ഞു.

ഉഗ്രപാണ്ഡ്യൻ ഉടൻതന്നെ കിടക്കയിൽനിന്നും ഓടി എഴുന്നേററിരുന്നുകൊണ്ടു് മന്ത്രിമാരെ വരുത്തി വിവരം പറഞ്ഞു. ശിവഭക്തന്മാരും കാൎയ്യസാരജ്ഞന്മാരുമായ മന്ത്രികൾ അതു കേട്ടു് അത്യന്തം അത്ഭുതപ്പെടുകയും സിദ്ധരൂപത്തിൽ വന്നതും കാൎയ്യങ്ങൾ പറഞ്ഞതും ഹാലാസ്യനാഥനായ സുന്ദരേശ്വരമൂൎത്തിതന്നെയാണെന്നു അഭിപ്രായപ്പെടുകയും അതിവേഗത്തിൽ പോയി ശൂലം പ്രയോഗിച്ചു് സമുദ്രാക്രമണത്തെ തടുക്കണമെന്നു ജാഗ്രതപ്പെടുത്തുകയും ചെയ്തു.

ഉഗ്രപാണ്ഡ്യൻ ഉടൻ തന്നെ ശൂലവും കയ്യിലെടുത്തു് സുന്ദരേശ്വരാജ്ഞയേയും വിചാരിച്ചു വിചാരിച്ചു് ഭയരഹിതനായി സമുദ്രസന്നിധാനത്തിലേക്കു തിരിച്ചു. കല്ലോലമാലകളുടെ സംഘട്ടനം കൊണ്ടുണ്ടാകുന്ന ഭേരീനിനാദത്തോടും ക്ഷുദ്രമത്സ്യങ്ങളാകുന്ന ദുഷ്ടസത്വങ്ങളോടും, ജലപ്രവാഹസംഘുഷ്ടമാകുന്ന ശംഖഘോഷത്തോടും മററും സ്വരാജ്യഗ്രഹണത്തിനായി വന്നടുക്കുന്ന സമുദ്രത്തിന്റെ അടുക്കൽ ഉഗ്രപാണ്ഡ്യൻ എത്തിയ അവസരത്തിൽ അദ്ദേഹത്തിന്റെ പിതാവായ ഹാലാസ്യനാഥൻ വീണ്ടും ഒരു സിദ്ധന്റെ വേഷമെടുത്തു് അവിടെ നിന്നുകൊണ്ടു് കാരുണ്യപൂൎണ്ണമായ കടാക്ഷംകൊണ്ടു ശക്തിയെ പ്രയോഗിക്കുന്നതിനാജ്ഞാപിച്ചു.

ഉടൻതന്നെ ഉഗ്രപാണ്ഡ്യൻ അംഭോനിധിയുടെ ജലപ്രവാഹബലത്തെ തടുക്കാനായി. സുവൎണ്ണകിങ്കിണീജാലകോലാഹലങ്ങളെക്കൊണ്ടു് അത്യന്തം വിരാജമാനമായതും കല്പാന്തകാലാഗ്നിയെക്കാളും അത്യന്തം ജാജ്വല്യമാനമായ ജ്വാലാമാലകളോടുകൂടിയതും മന്ത്രാദിമന്ത്രിതവുമായ ശക്തിയെ സിന്ധുമദ്ധ്യത്തിൽ എറിഞ്ഞു. അപ്പോൾ മുതൽ സമുദ്രത്തിന്റെ പ്രവാഹശക്തി കുറയുകയും കയറിയസ്ഥലങ്ങളിൽ ഉണ്ടായിരുന്ന ജലം വററി പുറകോട്ടു നില്ക്കുകയും ചെയ്തു. സമുദ്രം മധുരാപുരത്തിൽനിന്നും അകന്നതിനെക്കണ്ടു് സന്തുഷ്ടനായ സുന്ദരേശ്വരൻ വീണ്ടും സിദ്ധരൂപിയായിവന്നു് പുത്രനായ ഉഗ്രപാണ്ഡ്യനു് വളരെവളരെ വരങ്ങൾ എല്ലാംനൽകി ദൃഷ്ടികൊണ്ടുതന്നെ അനുഗ്രഹിച്ചു. അനന്തരംസിദ്ധരൂപിയായ അദ്ദേഹം ഒരുകോടി ചന്ദ്രപ്രകാശത്തിനു് തുല്യമായ ജ്യോതിൎമ്മയരൂപം ധരിച്ചു എല്ലാവരുംകാണത്തക്കവണ്ണം ആകാശമാൎഗ്ഗത്തിലൂടെ പോയി മൂലലിംഗത്തിൽ അന്തൎദ്ധാനംചെയ്തു. ഉഗ്രപാണ്ഡ്യൻ ആ അത്ഭുതസംഭവംകണ്ടു് ഇതില്പരമില്ലാത്ത ഭക്തിയോടുകൂടെ മന്ത്രികുലങ്ങളുമൊന്നിച്ചു് മൂലലിംഗാന്തികം പ്രാപിച്ചു പലപല പ്രകാരത്തിൽ സ്തുതിക്കുകയും, വന്ദിക്കുകയും,പൂജിക്കുകയും മററും ചെയ്തു. അന്നുമുതൽ മൂലലിംഗത്തിന്റെ പുരോഭാഗംതുടങ്ങി സമുദ്രാന്തികം വരെ ഏററവും

വിശാലവും സമസ്ത സസ്യസംപൂൎണ്ണവും ആയ കേദാരവും മഹാ വിശാലവും, ഗംഭീരവും ആയ തടാകവും അടങ്ങിയ ഒരു വലിയ ഭൂമിയെ ഹാലാസ്യനാഥന പ്രദാനംചെയ്തു.

അല്ലയോ മഹൎഷീശ്വരന്മാരേ! ഹാലാസ്യനാഥനായ പാൎവ്വതീവരന്റെ ഈ പതിമൂന്നാമത്തെ ലീലയെ പഠിച്ചാലും കേട്ടാലും അഖിലസമ്പത്തുകളുമുണ്ടാകുമെന്നു മാത്രമല്ല സൎവ്വവിധത്തിലുമുള്ള ആപത്തുകൾ എല്ലാം നശിക്കുകയും അവസാനകാലത്തു മോക്ഷം ലഭിക്കുകയും ചെയ്യുന്നതാണു.

൧൩-ാം അദ്ധ്യായം സിന്ധുതാഡനം എന്ന

പതിമൂന്നാമത്തെലീല സമാപ്തം.

---

# ഹാലാസ്യമാഹാത്മ്യം

## കേരളഭാഷാഗദ്യം.

### ൧൪-ാം അദ്ധ്യായം

### ഉഗ്രമൌലിഭേദനം എന്ന

### പതിനാലാമത്തെലീല.

---

കരുണാനിധിയും കദംബവനവാസിയും ആയ ഹാലാസ്യനാഥൻ തന്റെ പുത്രനായ ഉഗ്രപാണ്ഡ്യനെക്കൊണ്ടു ദേവേന്ദ്രന്റെ മൌലിഭേദനം ചെയ്തലീലയെ ഇനി ഞാൻ നിങ്ങളോടു വിസ്താരമായി പറയാം, ചെവിതന്നുകേട്ടുകൊള്ളുവിൻ! എന്നിങ്ങനെ മഹൎഷീശ്വരനായ കുംഭസംഭവൻ വസിഷ്ഠാദിമഹൎഷികളെവിളിച്ചു പറഞ്ഞിട്ടു് വീണ്ടും കഥയാരംഭിച്ചു.

അല്ലയൊ താപസവൎയ്യന്മാരേ! പാണ്ഡ്യഭൂപാലന്മാരും ദേവേന്ദ്രനുംതമ്മിൽ പൂൎവ്വവൈരികളാണ്. അവൎക്ക തമ്മിൽ വിരോധമുണ്ടാകുന്നതിനുള്ള കാരണമെന്താണെന്നു ദേവകൾക്കും മഹൎഷികൾക്കുംപോലും അറിയാൻപാടില്ലായിരുന്നു. ഇതിന്റെ രഹസ്യം എന്താണെന്നു മനസ്സിലാക്കണമെന്നു വിചാരിച്ചു് ഞാൻ ഒരു ദിവസം എന്റെ ഗുരുഭൂതനായ ഷഡാനനമൂൎത്തിയോടു പ്രാൎത്ഥിച്ചു. അതേവരേയും അത്യന്തം നിഗൂഢമായിരുന്ന ആ രഹ

സ്യം ഭക്തവത്സലനായ കുമാരഭഗവാൻ എന്നെ കേൾപ്പിച്ചു. ആ വിഷയം അത്യന്തം രഹസ്യമെങ്കിലും ഭഗവൽകഥാശ്രവണകുതുകികളായ നിങ്ങളെ ഞാനും കേൾപ്പിക്കാം.

പണ്ടൊരുകാലത്തിൽ ചോളം, ചേരം, പാണ്ഡ്യം ഈ രാജ്യങ്ങളിൽ മൂന്നിലും ഒന്നുപോലെ നവഗ്രഹങ്ങളുടെ വക്രഗതികൊണ്ടു വർഷം ഇല്ലാതെ ആയി തന്മൂലം ആ രാജ്യങ്ങളിലെങ്ങും തൊട്ടുകുറിയിടാൻപോലും വെള്ളമില്ലാതായെന്നുമാത്രമല്ല ധാന്യങ്ങളും സസ്യങ്ങളും വൃക്ഷലതാദികളും എല്ലാം നശിക്കുകയും ചെയ്തു. അത്യന്തോഷ്മാവുകൊണ്ട് മലകളും ഗൃഹകളും വനങ്ങളും എല്ലാം കാട്ടുതീകേറി നശിക്കുകയും, പക്ഷിമൃഗാദികൾപോലും ഇല്ലാതാവുകയും ക്ഷാമംകൊണ്ട് മനുഷ്യരെല്ലാം കൃശന്മാരും രോഗപീഡിതരും ആവുകയുംചെയ്തു. ഭക്ഷണത്തിനു പുല്ലുപോലും ഇല്ലാതാവുകയാൽ ഗോധനങ്ങളുമെല്ലാം നശിച്ചു. അത്യന്തം ജനനിബിഡിതവും അതേവരെയും സുഭിക്ഷതവും ആയിരുന്ന വിശാലങ്ങളായ മൂന്നുപ്രധാനരാജ്യങ്ങൾ ഒന്നുപോലെ ഇങ്ങനെ മഴയില്ലാതെ ക്ഷയിച്ചുതുടങ്ങിയതിനെക്കണ്ട് അത്യന്തം സന്താപമഗ്നന്മാരായ ചോള, ചേരപാണ്ഡ്യഭൂപന്മാർ മൂന്നുപേരുംകൂടെ ഒരു സ്ഥലത്തു കൂടിയാലോചിച്ചതിൽപിന്നെ വർഷമില്ലായ്മയുടെ കാരണമെന്തെന്നാരായുന്നതിന്നായി മലയാചലമദ്ധ്യത്തിൽ ഉള്ള പർണ്ണശാലയിൽ, ദ്വാദശാന്തവാസിയും, കഷ്ടഷാരണ്യകാലാഗ്നിയും, കാലകാലനും, കപാലിയും, കാളകൂടലസൽക്കണ്ഠനും കദംബവനനായകനും കാമിതാർത്ഥപ്രദാതാവും കാന്തകാന്താർദ്ധവിഗ്രഹനും, പഞ്ചകൃത്യങ്ങൾക്കും കാരണഭൂതനും. കാമശാസിതാവും, ഈശ്വരനും, ചിരന്തനനും, മഹാലിംഗസ്വരൂപിയും, നിരന്തരമായ സുഖപ്രാപ്തിക്കുവേണ്ടി, പുരന്ദരൻ തുടങ്ങിയുള്ള അമരന്മാരാൽപ്പോലും ചിന്ത്യമാനങ്ങളായ പാദാംബുജങ്ങളോടുകൂടിയവനും മഹാമാഹാത്മ്യനാഥനുമായ പരമശിവനെ ധ്യാനിച്ചുകൊണ്ടു വസിക്കുന്ന എൻ്റെ സമീപത്തിൽവന്നു വൃഷ്ടിയില്ലാത്തതുകൊണ്ടുണ്ടായ സങ്കടങ്ങൾ എല്ലാം അറിയിച്ചു. ഞാൻ ഉടൻതന്നെ വൃഷ്ടിയില്ലാതെ ആകുന്നതിനുള്ള കാരണമെന്താണെന്നു ജ്ഞാനദൃഷ്ടികൊണ്ടുനോക്കിയപ്പോൾ നവഗ്രഹങ്ങളുടെ വക്രചാരംകൊണ്ടാണെന്നു കാണുകയാൽ ഞാൻ ആ രാജപുംഗവന്മാരോട്, അല്ലയോ ചോളചേരപാണ്ഡ്യന്മാരേ! വക്രഗതിയോടുകൂടിയ ശുക്രനെ പുറകിൽ ആക്കീട്ട് ആദിത്യനും ചൊവ്വായും മുമ്പേനടക്കുന്നതുകൊണ്ടാണ് ഇപ്പോൾ മഴപെയ്യാത്തത്: ഇപ്രകാരമുള്ള വിപരീതഗതി ഏകദേശം പന്ത്രണ്ടുവർഷത്തോളവും ഉണ്ടായിരിക്കും. രാജ്യംമുഴുവൻ മഴപെയ്യുകയും ഇല്ല. അങ്ങനെയാണെങ്കിലും അനാവൃഷ്ടിമൂലം ഉള്ള നിങ്ങളുടെ ദുഃഖപരിഹാരശാന്തിക്കായി ഞാൻ ഒരു ഉപായംപറയാം. അതുമറ്റൊന്നും അല്ല. ഭക്തന്മാരുടെ ആപത്തുകളെ ഹരിക്കുന്നതിൽ വളരെ താല്പര്യമുള്ളവനും ബുഭുക്ഷുക്കൾക്കും മുമുക്ഷുക്കൾക്കും ഒന്നുപോലെ ഭോഗമോക്ഷങ്ങളെ പ്രദാനംചെയ്യുന്നവനും ആയഹാലാസ്യനാഥൻ മഹാപാപഭീതന്മാർക്കും മഹാരോഗപീഡിതന്മാർക്കും മഹാദാരിദ്ര്യദുഃഖിതന്മാർക്കും കാലഭയം നേരിട്ടവർക്കും ഒന്നുപോലെ രക്ഷിതാവാകയാ

ൽ നിങ്ങൾപോയി അദ്ദേഹത്തെ സേവിക്കണമെന്നുള്ളതാണ്. കാലപാശബന്ധിതനായ മൃഗണ്ഡുനന്ദനന് നിത്യായുസ്സനല്കിയതും സാഗരോത്ഥിതമായ ഘോരവിഷത്തെ പാനംചെയ്തതും ത്രിപുരന്മാരെ വധിച്ച് മൂന്നു ലോകത്തേയും രക്ഷിച്ചതും ഹാലാസ്യനാഥനായ സുന്ദരേശ്വരമൂൎത്തിയാണ്. ദേവദാനവസിദ്ധസാദ്ധ്യോരഗന്മാർ എല്ലാം അദ്ദേഹത്തെ സേവിച്ചുതന്നെയാണ് സകല കാമങ്ങളേയും സാധിക്കുന്നത്. അതുകൊണ്ടു നിങ്ങളും പോയി ഹാലാസ്യനാഥനായ സുന്ദരേശ്വരനെ സേവിച്ച് അനാവൃഷ്ടിമൂലമുണ്ടായിട്ടുള്ള സങ്കടത്തിന് പരിഹാരം ഉണ്ടാക്കുവിൻ എന്നുപറഞ്ഞു.

രാജപുംഗവന്മാർ അതുകേട്ട് ഏതുപ്രകാരത്തിൽആണ് ഞങ്ങൾപോയി ഹാലാസ്യനാഥനെ സേവിച്ചു സന്തോഷിപ്പിക്കേണ്ടതെന്നുംകൂടി അരുളിച്ചെയ്യണമെന്ന് എന്നോടപേക്ഷിച്ചു.

ഞാൻ അതുകേട്ടു ഉടൻതന്നെ പരമശിവപ്രസാദത്തിനു ഏററവും ഉത്തമമായ സോമവാരവ്രതാനുക്രമങ്ങളെ അവൎക്കുപദേശിച്ചുകൊടുത്തു. വ്രതപ്രാഭവങ്ങളെക്കേട്ടു അത്യന്തം സന്തുഷ്ടന്മാരായ അവർ ഉടൻതന്നെ എന്നോടുയാത്രയുംചോദിച്ചുപുറപ്പെട്ടു ഹാലാസ്യത്തിൽപോയി ഹേമപത്മാകരത്തിൽ ഇറങ്ങി വിധിപ്രകാരം സ്നാനംചെയ്തു, ഭസ്മംപൂശി രുദ്രാക്ഷമാലയും അണിഞ്ഞ് നിത്യകൃത്യങ്ങൾഎല്ലാം നടത്തി ശിവപ്രീതിക്കു കാരണമായിട്ടുള്ളതും ശിവവ്രതങ്ങളിൽവെച്ചു ഉത്തമമായിട്ടുള്ളതുമായ സോമവാരവ്രതത്തെ അനുഷ്ഠിച്ച് സുന്ദരേശ്വരമൂലലിംഗത്തിന്റെ സന്നിധിയിൽ അനവധിതവണ സാഷ്ടാംഗപ്രണാമംചെയ്യുകയും സ്തോത്രഗാനങ്ങൾ കൊണ്ടു സ്തുതിക്കുകയും ചെയ്തിട്ടു വൃഷ്ടി ഉണ്ടാവാനായി വളരെയെല്ലാംപ്രാൎത്ഥിച്ചു.

ഉടൻതന്നെ സുന്ദരേശ്വരന്റെ ആജ്ഞപ്രകാരം മധുരമായ സ്വരത്തിൽ, അല്ലയോ രാജാക്കന്മാരേ! വൃഷ്ടിക്കധിപൻ ദേവേന്ദ്രനാണ്. നിങ്ങൾ പോയി അദ്ദേഹത്തോടു സങ്കടംപറഞ്ഞാൽ അനാവൃഷ്ടിമൂലമുണ്ടായിട്ടുള്ള നിങ്ങളുടെ എല്ലാവിധസങ്കടങ്ങളേയും അദ്ദേഹം പരിഹരിക്കും. എന്റെ ആജ്ഞപ്രകാരം അവിടെപ്പോയാൽ നിങ്ങൾക്കു ഒരിക്കലും കാൎയ്യലാഭം സിദ്ധിക്കാതെ ഇരിക്കുകയില്ല. ദേവലോകത്തിൽ പോകുന്നതിനായിനഭോഗമനശക്തിയേയും ഞാൻ നിങ്ങൾക്കു നൽകാം എന്നിങ്ങനെ രാജാക്കന്മാൎക്കു അത്യന്തം സന്തോഷപ്രദമായ ഒരു അശരീരിവാക്യം ആകാശത്തിൽ മുഴങ്ങി.

ശ്രോത്രാമൃതമായ അശരീരിവാക്യംകേട്ടു സന്തുഷ്ടചിത്തന്മാരായരാജപുംഗവന്മാർ ഉടൻതന്നെ നഭോമാൎഗ്ഗത്തിലൂടെ ദേവേന്ദ്രസന്നിധാനത്തെപ്രാപിച്ചു. കാലതാമസമെന്യേ ഈ രാജാക്കന്മാരുടെ ആഗമനം അവിടെയുണ്ടാകുമെന്നു മുൻകൂട്ടി ജ്ഞാനചക്ഷുസ്സുമൂലം മനസ്സിലാക്കീട്ടുണ്ടായിരുന്ന ദേവേന്ദ്രൻ ഇവർ മൂന്നുപേൎക്കും ഇരിക്കുന്നതിനായി തന്റെ വീരസിംഹാസനത്തിനു സമീപത്തിൽ അതിനേക്കാൾ അല്പം ചെറുതായ മൂന്നുരത്നപീഠങ്ങൾ ഒരുക്കിയിട്ടിട്ടുണ്ടായിരുന്നു. ചോളഭൂപനും ചേരരാജാവും ദേവേന്ദ്രന്റെ അടുക്കൽ എത്തിയ ഉടൻതന്നെ അദ്ദേഹത്തെ ഭക്തിപൂൎവ്വംവന്ദിച്ചിട്ടു അവിടെ കിട

ന്നിരുന്ന രണ്ടുപീഠങ്ങളിൽ പ്രവേശനംചെയ്തു. പാണ്ഡ്യഭൂപനാകട്ടെ ദേവേന്ദ്രനെ വന്ദിക്കാതെയും അദ്ദേഹം ഇവൎക്കായി മുൻകൂട്ടിഏൎപ്പെടുത്തിച്ചിട്ടിരുന്ന ഉയരം കുറഞ്ഞ പീഠത്തിൽ ഇരിക്കാതെയും ദേവേന്ദ്രൻ ഇരിക്കുന്നതായ മറ്റൊരുസിംഹാസനത്തിൽ കയറിയിരുന്നു. ദേവേന്ദ്രൻ അതുകണ്ടിട്ട്, യാതൊരു അപ്രീതിയും കാണിക്കാതെ വളരെ സന്തോഷഭാവത്തിൽ രാജാക്കന്മാരെ നോക്കി വന്നകാൎയ്യം എന്തെന്നുചോദിച്ചു. ചേരരാജാവും ചോളരാജാവും അതുകേട്ട് ദേവേന്ദ്രനോടു വളരെ വളരെ ചാടുവചനങ്ങൾ പറഞ്ഞതിന്റെശേഷം സ്വദേശങ്ങളിൽ വൎഷമില്ലാത്തതിനാൽ ജീവജാലങ്ങൾ എല്ലാം അത്യധികം കഷ്ടപ്പെടുന്നെന്നും അതിനൊരുനിവൃത്തിയുണ്ടാക്കാനായി അങ്ങേവന്നു ശരണംപ്രാപിച്ചിരിക്കുകയാണെന്നും മറ്റും വളരെയെല്ലാം അപേക്ഷിച്ചുപറഞ്ഞു.

ദേവേന്ദ്രൻ ഉടൻതന്നെ മേഘങ്ങളെവിളിച്ച് ചോളചേരരാജ്യങ്ങളിൽ വൎഷിക്കാൻ ആജ്ഞാപിച്ചു. മഹാനായ പാണ്ഡ്യഭൂപൻ അഭിമാനംമൂലം സ്വദേശത്തിലെ വൃഷ്ടിഹാനിയെപ്പററി യാതൊന്നുംപറഞ്ഞില്ല. ദേവേന്ദ്രന് അതുകൊണ്ട് പാണ്ഡ്യരാജാവിന്റെ പേരിൽ വലിയ അസൂയതോന്നുകയാൽ ചോളചേരഭൂപന്മാൎക്ക് ഭാരംകുറഞ്ഞതായ ആഭരണങ്ങളും പാണ്ഡ്യരാജാവിന് എടുക്കാൻ സാധിക്കാത്തവണ്ണം ഏററവും ഭാരമുള്ള ഹാരവുംസമ്മാനമായികൊടുത്തു. അപ്രകാരം ചെയ്തത് പാണ്ഡ്യരാജാവിന്റെമേൽ ദേവേന്ദ്രന് തോന്നിയ അസൂയകൊണ്ട് അദ്ദേഹത്തിന്റെ ശക്തിയെഒന്നുപരീക്ഷിക്കണമെന്നുവിചാരിച്ചിട്ടായിരുന്നു. താൻസംഭാവനയായി നൽകിയ ഏററവുംഭാരമേറിയ ആ മുത്തുമാലയെ പാണ്ഡ്യഭൂപൻപൂമാലയെന്നപോലെ ധരിച്ചതിനെകണ്ടു് അതേവരെയും അസൂയാഭരിതനായിരുന്നഇന്ദ്രൻ അത്യന്തംവിസ്മയത്തോടുകൂടെ പാണ്ഡ്യഭൂപനോടായിട്ട്, അല്ലയോ പാണ്ഡ്യരാജാവേ! അങ്ങ് അതിശക്തൻതന്നെ. ഞാൻ സമ്മതിച്ചു. അവിടുന്ന് ഉഗ്രവംശജൻതന്നെയെന്നുള്ളതിനും യാതൊരുസംശയവും ഇല്ല. ഇന്നുമുതൽ അങ്ങേയ്ക്കു ഹാരധാരിപാണ്ഡ്യനെന്നും, സുന്ദരപാണ്ഡ്യനെന്നും ഉള്ള അപരനാമധേയങ്ങൾ കൂടി ഉണ്ടാകും

ദേവേന്ദ്രൻ ഇങ്ങനെ പറഞ്ഞതിന് സമാധാനമായി പാണ്ഡ്യരാജാവ് ചില ചാടുവാക്യങ്ങൾ ദേവേന്ദ്രനോടും പറഞ്ഞു. അനന്തരംദേവേന്ദ്രൻ എല്ലാവൎക്കും യാത്രപറഞ്ഞു. ചോളചേരപാണ്ഡ്യഭൂപന്മാർഅവരവരുടെ രാജ്യങ്ങളിലേക്കുംപോയി. ഇന്ദ്രന്റെ ആജ്ഞപ്രകാരം, ചേരരാജ്യത്തിലും ചോളരാജ്യത്തിലും വൎഷം ഉണ്ടാവുകയും, അവിടെ സസ്യാദികളും ധാന്യങ്ങളും വേണ്ടതിലധികം വൎദ്ധിക്കുകയും ജലാശയങ്ങൾ എല്ലാം പരിപൂൎണ്ണങ്ങളാവുകയും ദാരിദ്ര്യം സൂൎയ്യപ്രകാശം തട്ടിയ മഞ്ഞെന്നവണ്ണം നിശ്ശേഷം നാമാവശേഷിതം ആവുകയും ചെയ്തു.

നേരേമറിച്ച്, പാണ്ഡ്യരാജ്യത്തിൽ ഒരു പൊടി മഴപോലും ഉണ്ടായില്ല. പാണ്ഡ്യഭൂപനു അതുകൊണ്ട് വലിയ ലജ്ജയും ഇച്ഛാഭംഗവും ഉ

ണ്ടായെങ്കിലും തന്റെ ഘനം വിടരുതെന്നുള്ള വിചാരത്താൽ ആ വിഷയത്തിൽ മൌനമുദ്രയെ ഭഞ്ജിച്ചില്ലെന്നു മാത്രമല്ല താൻ ദേവലോകംവരെപോയിട്ടും, തന്റെ രാജ്യത്തിൽ മഴയുണ്ടായില്ലല്ലൊ എന്നുവിചാരിച്ച് അല്പം പോലും ചാഞ്ചല്യപ്പെട്ടതും ഇല്ല. ധീരന്മാരായ ഉത്തമപുരുഷന്മാരുടെ സ്വഭാവം ഇങ്ങനെയാണ്. അല്ലയോ മഹർഷിശ്വരന്മാരെ! അന്നുമുതൽക്കാണ് ദേവേന്ദ്രനും പാണ്ഡ്യഭൂപന്മാർക്കും തമ്മിൽ ശത്രുത്വം ആരംഭിച്ചത്.

മഹർഷിമാർ അതുകേട്ട് വീണ്ടും അഗസ്ത്യമഹർഷിയെനോക്കി, വിരോധകാരണം ഞങ്ങൾ മനസ്സിലാക്കി. മഴയില്ലാത്തതിനു പരിഹാരമായി പാണ്ഡ്യഭൂപൻ പിന്നിടെന്തൊന്നു ചെയ്തെന്നുകൂടി ഞങ്ങൾക്കറിയണമെന്നാശയുണ്ട്; കരുണാശാലിയായ നിന്തിരുവടി അതുംകൂടി ഞങ്ങൾക്ക പറഞ്ഞുതരണമെന്നപേക്ഷിച്ചു.

അഗസ്ത്യമഹർഷി അതുകേട്ട്, പാണ്ഡ്യഭൂപതി വിട്ടില്ല. ആ മത്സ്യത്തിൽ ദേവേന്ദ്രനെത്തന്നെ അദ്ദേഹം തോല്പിച്ചു. അദ്ദേഹംദേവലോകത്തിൽ നിന്നും വന്നതിന്റെശേഷം ഒരു നായാട്ട നിശ്ചയിച്ച്, അനവധി നായാടികളോടും, സൈന്യങ്ങളോടും, നായാട്ടിനു ഉചിതങ്ങളായ വാഹനങ്ങളോടും, ആയുധങ്ങളോടും കൂടെ കാട്ടിലേക്ക പോയി സമീപത്തിലുള്ള വനങ്ങളിൽ എല്ലാം സഞ്ചരിച്ചതിൽ മൃഗങ്ങളെ കിട്ടാഞ്ഞതുകൊണ്ട് മൃഗങ്ങളെ അന്വേഷിച്ച് അന്വേഷിച്ച് മലയാചലത്തിൽ എത്തി അവിടെയുള്ള ദുഷ്ടമൃഗങ്ങളെ വേട്ടയാടി മൃഗയാവിനോദത്തിൽ ലാലസചിത്തനായിനടക്കുമ്പോൾ, പുഷ്കലാവർത്തകം തുടങ്ങിയ നാലുമേഘപ്രധാനികളേയുംകണ്ട് ഭൃത്യന്മാരെക്കൊണ്ട് പിടിച്ചുകെട്ടിച്ചുകൊണ്ടുപോയി കാരാഗൃഹത്തിൽ അടപ്പിച്ചു.

ദേവേന്ദ്രൻ ഈ വിവരം അറിഞ്ഞു് അത്യന്തം ഉഗ്രമായ അമർഷത്തോടുകൂടെ യുദ്ധസന്നദ്ധനായി മധുരയിൽ എത്തി പാണ്ഡ്യഭൂപതിയെ യുദ്ധത്തിനുവിളിച്ചു.

പാണ്ഡ്യരാജാവായ ഉഗ്രൻ അതുകേട്ട്, ഒട്ടുംതന്നെ ഭയവും ചാഞ്ചല്യവും കൂടാതെ ഉടൻതന്നെ സുന്ദരേശ്വരസന്നിധാനത്തിൽ പോയി മീനാക്ഷീസഹിതമായ മൂലലിംഗത്തെ പ്രദക്ഷിണംവച്ച് നമസ്കരിച്ച് യുദ്ധത്തിനുപുറപ്പെടാനായി ഒരുക്കിക്കൊണ്ട് വന്നിട്ടുണ്ടായിരുന്ന മീനധ്വജാങ്കിതമായതന്റെ രഥത്തിൽ ആയുധപാണിയായി ആരോഹണംചെയ്ത് ദേവേന്ദ്രന് അഭിമുഖമായി ചെന്നു നിന്നുകൊണ്ട് യുദ്ധം ആരംഭിച്ചു. അവർ അനവധി ദിവ്യാസ്ത്രങ്ങൾ അന്യോന്യം വർഷിച്ചു. അവരുടെ ശസ്ത്രാസ്ത്രങ്ങളെക്കൊണ്ട് ഭൂമിയും ആകാശവും ഒന്നുപോലെമൂടി. ഇടിരവം പോലെയുള്ള ജ്യാനാദങ്ങളും, പടഹധ്വനിയും അട്ടഹാസവും മററുംകൊണ്ട് അഷ്ടദിഗ്ഗജങ്ങളുടെ കർണ്ണരന്ധ്രങ്ങൾ പോലും അടഞ്ഞു. പൊടിയിളകി ഭൂമിയും ആകാശവും തിരിച്ചറിയാൻ പാടില്ലാതെ ആയി. ഭാസ്കരബിംബവും മൂടി.

മേഘങ്ങൾ പെരുമഴതൂകുന്നതുപോലെ അവർ രണ്ടുപേരും അന്യോന്യം നാഗാസ്ത്രം, ഗരുഡാസ്ത്രം, ആഗ്നേയാസ്ത്രം, വരുണാസ്ത്രം, വായവ്യാസ്ത്രം. ബ്രഹ്മാസ്ത്രം, നാരായണാസ്ത്രം മുതലായ പലതരം ബാണങ്ങളും, അയയ്ക്കുകയും പ്രത്യസ്ത്രങ്ങളെക്കൊണ്ട്, ഖണ്ഡിക്കുകയും ചെയ്തുകൊണ്ടു വളരെ നേരത്തോളവും യുദ്ധംചെയ്തിട്ടും രണ്ടുപേർക്കും അല്പംപോലും ക്ഷീണമുണ്ടായില്ല.

അനന്തരം രണ്ടുപേരും ഒരേ അവസരത്തിൽ ഓരോ ബാണങ്ങളെ അന്യോന്യം അയച്ചു. അതിൽ ദേവേന്ദ്രൻ അയച്ച ബാണംകൊണ്ടു ഉഗ്രപാണ്ഡ്യന്റെ വില്ലുമാത്രം മുറിയുകയും, ഉഗ്രപാണ്ഡ്യൻ അയച്ച ബാണംകൊണ്ട് ദേവേന്ദ്രന്റെ വില്ലും ആവനാഴിയും ഛേദിച്ചുപോവുകയും ചെയ്തു. തന്റെ വില്ലും ആവനാഴിയും നശിച്ചുപോയതുകൊണ്ട് പൂർവ്വാധികം രുഷ്ടനായ ദേവേന്ദ്രൻ പൊട്ടിയ വില്ല് ദൂരെ എറിഞ്ഞുംവച്ച്, മുഷ്ടിയുദ്ധത്തിനായി ഉഗ്രപാണ്ഡ്യനെ ആഹ്വാനംചെയ്തു. ഉഗ്രപാണ്ഡ്യൻ കല്ലിനേക്കാളും കഠിനമാകുംവണ്ണം മുഷ്ടിയും ചുരുട്ടിക്കൊണ്ട് ദേവേന്ദ്രനോടടുത്തു. അനന്തരം അവർ തമ്മിൽ നടത്തിയ മുഷ്ടിയുദ്ധം എങ്ങനെയെന്നു വർണ്ണിക്കാൻ ആരെക്കൊണ്ടും സാധിക്കുകയില്ല. അവർ എണ്ണം കണക്കില്ലാതെ അന്യോന്യം താഡിച്ചു. ഒടുവിൽ ആയിരം കണ്ണുകളോടുകൂടിയ ദേവേന്ദ്രന്റെ ശരീരം മുഷ്ടിതാഡനംകൊണ്ടു പഞ്ഞിപോലെ അലവുകയാൽ ഏററവും അസ്വസ്ഥനും ദണ്ഡധരോപമനും ആയ അദ്ദേഹം കല്പാന്തകാലാഗ്നിയെപ്പോലെ കണ്ണുകളിൽക്കൂടി കോപാനലജ്വാലയെ ഉദ്വമിപ്പിച്ചുംകൊണ്ട്, അദ്ദേഹം ഭുജദണ്ഡത്തിൽ കനകപർവ്വതത്തിനേക്കാളും കഠിനകർക്കശമായ വജ്രായുധം എടുത്തിളക്കി. വിക്രമശാലികളിൽവെച്ച് അഗ്രഗണ്യനായ ഉഗ്രപാണ്ഡ്യൻ, ശ്രീനാരായണൻ, സുദർശനചക്രത്തെ എന്നപോലെ ശങ്കരദത്തമായ വലയംകൊണ്ട് അദ്ദേഹത്തിന്റെ വലതുഭുജത്തെയും അലംകരിപ്പിച്ചു. ദേവേന്ദ്രൻ ഉടൻതന്നെ മഹാദ്രികളുടെ പക്ഷങ്ങളെ ഛേദിക്കുന്നതിൽ സൂക്ഷ്മവും അത്യന്തം തീക്ഷ്ണവും ഘോരവും ആയ വജ്രായുധം ഉഗ്രപാണ്ഡ്യന്റെനേരെ അത്യുൽക്കടമായ ക്രോധാവേശത്തോടുകൂടെ പ്രയോഗിച്ചു. ഉഗ്രപാണ്ഡ്യൻ അനേകായിരംകോടി ആദിത്യന്മാർ ഒന്നിച്ചുദിച്ചാൽ ഏതൊരുമാതിരി തേജസ്സുണ്ടാകുമോ അതിനേക്കാളും അത്യന്തം ഉൽബണമായ ദിവ്യതേജസ്സോടുകൂടെ അദ്ദേഹത്തിന്റെ കയ്യിലിരുന്നു ജ്വലിക്കുന്ന വലയംചുഴററി വജ്രായുധത്തിനെതിരെയും പ്രയോഗിച്ചു. അത്യന്തം തീക്ഷ്ണവും ജാജ്വല്യമാനവും ആയ പ്രഭയോടുകൂടിയ ആ വലയം കുലിശത്തെ നിലത്തു പതിപ്പിക്കുകയും, ദേവേന്ദ്രന്റെ കിരീടം ഉടയ്ക്കുകയും ചെയ്തു.

ദേവേന്ദ്രൻ അതുകണ്ട് കദംബവനവാസിയും, ഹാലാസ്യനാഥനുമായ ഭഗവാൻ സുന്ദരേശ്വരന്റെ ഉത്തമഭക്തന്മാരിൽ അഗ്രഗണ്യനും മഹാബലശാലിയും സാക്ഷാൽ ഹാലാസ്യാധിപനന്ദനനുമായ ഉഗ്രപാണ്ഡ്യനെ ജയിക്കുന്നതിനു തന്നെക്കൊണ്ടു സാധിക്കുന്നതല്ലെന്നും നിശ്ചയിച്ച് ഭയവിഹ്വലതയോടുകൂടെ യുദ്ധക്കളംവിട്ട് ഓടിപ്പോയി.

ഉഗ്രപാണ്ഡ്യൻ ജയഭേരിയും മുഴക്കി സ്വസൈന്യങ്ങളോടുമൊന്നിച്ചു മധുരാപുരിയിൽ പ്രവേശിച്ചു സുന്ദരേശസ്മരണയോടുകൂടെ രാജ്യഭരണവും നിർവഹിച്ചു നിജാന്തഃപുരത്തിൽ ഇഷ്ടാനുപൂർവംവസിച്ചു.

യുദ്ധഭൂമിയിൽ നിന്നും ഉഗ്രപാണ്ഡ്യനോടു യുദ്ധത്തിൽ തോററു ദേവലോകത്തേക്കോടിപ്പോയ ദേവേന്ദ്രൻ അവിടെ എത്തിയ ഉടൻതന്നെ, ബന്ധനസ്ഥന്മാരായ മേഘങ്ങളെ വിട്ടയക്കണമെന്നുള്ള അപേക്ഷയോടുകൂടെ ഒരു സന്ദേശപത്രം എഴുതി വിശ്വസ്തനായ ദൂതനെ ഏല്പിച്ചു പാണ്ഡ്യരാജധാനിയിലേക്കയച്ചിട്ടു ഉഗ്രപാണ്ഡ്യൻ പ്രയോഗിച്ച വലയംകൊണ്ടു് തന്റെ കഴുത്തുപോകാതെ കിരീടം മാത്രം പോയതു ഹാലാസ്യനാഥന്റെ അനുഗ്രഹംകൊണ്ടു് തന്നെയെന്നും നിശ്ചയിച്ചു് ഹാലാസ്യസ്മരണയോടുകൂടെ ഉഗ്രപാണ്ഡ്യന്റെ ദയവിനേയും പ്രതീക്ഷിച്ചുകൊണ്ടു് അമരാവതിയിൽ വസിച്ചു. സന്ദേശവാഹകനായ ദൂതൻ അതിവേഗത്തിൽ മധുരാപുരിയെ പ്രാപിച്ചു ഉഗ്രപാണ്ഡ്യനെക്കണ്ടു വന്ദിച്ചു് ദേവേന്ദ്രന്റെ പത്രികയെ അദ്ദേഹത്തിന്റെ കയ്യിൽകൊടുത്തു.

ഉഗ്രപാണ്ഡ്യൻ പത്രികവാങ്ങി ഇപ്രകാരം വായിച്ചു.

൭൦.

## ശിവമയം.

അല്ലയോ ഭൂലോകചക്രവർത്തിയായ ഉഗ്രപാണ്ഡ്യരാജാവേ! അങ്ങേക്കു മംഗളംഭവിക്കട്ടെ. അങ്ങേക്കു തുല്യനായ ഒരു വില്ലാളി ത്രിലോകത്തിലും ഇല്ലെന്നു ഞാൻ അനുഭവിച്ചുതന്നെ അറിഞ്ഞു. മുഷ്ടിയുദ്ധത്തിനുംഅങ്ങുതന്നെ ഒന്നാമൻ. ഉത്സാഹശക്തിയും അങ്ങേപ്പോലെ ആൎക്കും ഇല്ല. വീര്യശൌര്യപ്രഭാവങ്ങളുടെ വിളഭൂമിയും ഭവാൻതന്നെ. പൌരുഷവാരാന്നിധിയുംരാജകേസരിയുമായ അവിടത്തെ സഖ്യത്തെ ഞാൻ സർവദാ ഒന്നുപോലെപ്രതീക്ഷിക്കുന്നു. എന്റെ വിചാരശൂന്യതകൊണ്ടാണു് നമുക്കുതമ്മിൽ പിണക്കത്തിനും യുദ്ധംചെയ്യുന്നതിനും സംഗതിയായതു്. അതിനെപ്പററി ഞാൻ ഏററവും പശ്ചാത്താപിക്കുന്നു. ഗർവിതനായ എന്റെ ഏതെല്ലാം പ്രവൃത്തികൾ അവിടത്തേക്കു അഹിതങ്ങളായിട്ടുണ്ടോ അവയെല്ലാം ഇപ്പോൾമുതൽ സഹിച്ചു എന്നെ അവിടത്തെ ആപ്തമിത്രങ്ങളിൽ ഒന്നാമനായി അംഗീകരിച്ചു എന്റെ മേഘങ്ങളെ വിട്ടയച്ചുതരണം. അവിടത്തെ രാജ്യത്തിൽഅവിടുന്നു് വിചാരിക്കുമ്പോൾ എല്ലാം വൎഷം ഉണ്ടാകും. ആ ഭാരം ഞാൻ കയ്യേററു.

ഉഗ്രപാണ്ഡ്യൻ മേൽപ്രകാരം എഴുത്തു വായിച്ചുംവച്ചു് ഞാൻ ദേവേന്ദ്രന്റെ വാക്കിനെമാത്രം വിശ്വസിച്ചു മേഘങ്ങളെ വിട്ടയക്കുകയില്ല. വേണ്ടുന്ന കാലങ്ങളിൽ എല്ലാം ആവശ്യത്തിനു തക്കവണ്ണം വൎഷിച്ചുകൊള്ളാ

മെന്നു മററാരെങ്കിലുംകൂടി ഏല്ക്കണം. അതിനാളുണ്ടെങ്കിൽ മേഘങ്ങളെ വിട്ടയച്ചുകൊള്ളാം എന്നു പറഞ്ഞു.

വീര്യശൌര്യപ്രഭാവോന്നതനും സപ്തഗ്രാമാധിപതിയും ശംഭുഭക്തന്മാരിൽവെച്ചു അത്യന്തം പ്രസിദ്ധനും ഏകവീര്യൻ എന്നുള്ള നാമധേയത്തോടുകൂടിയവനും ആയ ഒരു വെള്ളാളൻ അതുകേട്ടു ദേവേന്ദ്ര പ്രീതിക്കുവേണ്ടി താൻ ജാമ്യം കൊടുത്തുകൊള്ളാമെന്നു സമ്മതിക്കുകയാൽ അതേവരേയും കാരാഗൃഹത്തിൽ ബന്ധിച്ചിട്ടിരുന്ന മേഘപ്രധാനികൾ നാലുപേരേയും വിട്ടയച്ചു.

അന്നുമുതൽ കാലാകാലങ്ങളിൽ പാണ്ഡ്യരാജ്യത്തിൽ വർഷം ഉണ്ടാവുകയും സസ്യങ്ങളും ധാന്യങ്ങളും പൂർവാധികം വർദ്ധിക്കുകയും തന്മൂലം രാജ്യത്തിലെ ക്ഷാമം നീങ്ങുകയും ജനങ്ങൾ കൊണ്ടാടി മോദിക്കുകയും ഉഗ്രപാണ്ഡ്യൻ ഏററവും ക്ഷേമകരമാകുംവണ്ണം സമാധാനത്തോടുകൂടെ ഭൂപരിപാലനം നടത്തുകയും ചെയ്തു. അല്ലയൊ മഹർഷീശ്വരന്മാരേ! സർവേശ്വരനായ ഹാലാസ്യനാഥന്റെ അത്ഭുതതരമായ ഈ പതിന്നാലാമത്തെ ലീലയെ പാരായണം ചെയ്യുന്നവൎക്ക കാലാകാലങ്ങളിൽ വേണ്ട സകലൈശ്വര്യങ്ങളുമുണ്ടാവുകയും അന്ത്യകാലത്തിൽ മോക്ഷം കിട്ടുകയും ചെയ്യും.

൧൪-ാം അദ്ധ്യായം വൃത്രാരിമേഘവിമോചനം എന്ന

പതിന്നാലാം ലീല

സമാപ്തം.

---

# ഹാലാസ്യമാഹാത്മ്യം.

കേരളഭാഷാഗദ്യം

## ൧൫-ാം അദ്ധ്യായം.

### സോമവാരവ്രതവിധി.

വിണ്ടും അഗസ്ത്യമഹർഷി വസിഷ്ഠാദിമഹർഷിഗണങ്ങളെ നോക്കി അല്ലയൊ താപസശ്രേഷ്ഠന്മാരേ! കദംബവനവാസിയായ സുന്ദരേശ്വരൻ, ഉഗ്രപാണ്ഡ്യഭൂപാലനെക്കൊണ്ട് ചണ്ഡായുധത്താൽ മേരുവിനെ താഡനം ചെയ്യിച്ച് അത്യധികമായ ധനം എടുപ്പിച്ച അത്ഭുതകരമായ ലീലയെ ഇനിപ്പറയാം. മുനിപുംഗവന്മാരും സമാഹിതസ്വാ

ന്മാരുമായ നിങ്ങൾ കേട്ടുകൊള്ളുവിൻ! എന്നിങ്ങനെ അരുളിച്ചെയ്തിട്ടു് വീണ്ടും കഥാശേഷത്തെ താഴെപ്പറയും പ്രകാരത്തിൽ ആരംഭിച്ചു.

അല്ലയൊ മുനിപുംഗവന്മാരെ ഉഗ്രപാണ്ഡ്യഭൂപൻ, വിധിപ്രകാരം സോമവാരവ്രതം അനുഷ്ഠിയ്ക്കുകയും കാലാ തെറ്റാതെ കാമാരി സേവനംചെയ്യുകയും ചെയ്തതിനാൽ അദ്ദേഹത്തിനു് സർവസമ്പത്തുകളും, തേജസ്സും, യശസ്സും, സർവൈശ്വര്യാദിവൃദ്ധിയും മുമ്പിലത്തേതിലും അനേകായിരം മടങ്ങു് അധികമായി വർദ്ധിച്ചു.

വസിഷ്ഠാദിമുനിപുംഗവന്മാർ അതുകേട്ടു്, ഘടോത്ഭവനോടു്, അത്ര ശ്രേഷ്ഠമായ സോമവാരവ്രതവിധി ഞങ്ങളെ കൂടി കേൾപ്പിച്ചതിൻെറ ശേഷം മേരുതാഡനം ചെയ്ത ലീല കഥിച്ചാൽ മതിയാകുന്നതാണെന്നു പറഞ്ഞു.

കുംഭസംഭവൻ അതുകേട്ടു്, അല്ലയൊ താപസവര്യന്മാരേ! നിങ്ങളുടെ ഈ പ്രശ്നം അത്യന്തം ശ്രേഷ്ഠമായതുതന്നെ, അതുകൊണ്ടു ആദ്യമായി ഞാൻ സോമവാരവ്രതവിധികളെപ്പറ്റി നിങ്ങളോടു പറയാം. അതുകൊണ്ടു വലുതായ ലോകോപകാരം ഉണ്ടാകും. സോമവാരവ്രതാനുഷ്ഠാനം ഒന്നുകൊണ്ടു മാത്രം ഏതു ജീവികൾക്കും ശിവസാരൂപ്യരൂപമായ മുക്തി അനായാസേന ലഭിക്കുന്നതാണു്. സർവദേവന്മാരിലും വച്ചു് പരമേശ്വരനും സർവദേവിമാരിലും വച്ചു് പാർവതിയും എപ്രകാരം ശ്രേഷ്ഠമോ അപ്രകാരം സർവവ്രതങ്ങളിൽ വച്ചും സോമവാരവ്രതവും ശ്രേഷ്ഠമാകുന്നു. യഥാശക്തിസോമവാര മഹാവ്രതത്തെ അനുഷ്ഠിക്കുന്നവരുടെ സർവാപത്തുകളും സർവശത്രുക്കളും അതിവേഗത്തിൽ നശിച്ചു പോകും. അവരെ അകാലമരണവും ദുഃഖവും സ്പർശിക്കുകപോലും ചെയ്യുകയില്ല. വ്രതത്തിൻെറ പുണ്യഗൌരവം കൊണ്ടു് ഇഹാമുത്രമഹാഭോഗങ്ങൾ അനായാസേനലഭിക്കുകയും ചെയ്യും.. സോമവാരങ്ങളിൽ വച്ചു് ശ്രേഷ്ഠമായതു് അമാവാസ്യനാളിൽ വരുന്നസോമവാരമാണു്. അതിനെ അനുഷ്ഠിച്ചാൽ അവസാനമില്ലാത്ത പുണ്യവും ഫലവും ഉണ്ടാകുമെന്നാണു് വ്രതമാഹാത്മ്യസാരഗ്രാഹികളായ പുരാതനപുണ്യവിത്തുക്കളുടെ അഭിപ്രായം. മേരുതുടങ്ങിയ ശിവക്ഷേത്രങ്ങളിൽസോമവാരവ്രതം അനുഷ്ഠിച്ചാൽ ഉണ്ടാകുന്ന ഫലത്തിൽ നൂറായിരം പങ്കു കൂടുതൽ ഫലം ശ്രീഹാലാസ്യമഹാശിവക്ഷേത്രത്തിലെ സോമസുന്ദരസന്നിധാനത്തിൽവച്ചനുഷ്ഠിച്ചാൽ ഉണ്ടാകുന്നതാണു്. അതുകൊണ്ടു് ആത്മഹിതാപേക്ഷയോടു കൂടിയവർ സോമസുന്ദരസന്നിധാനത്തിൽ വച്ചു്; സോമവാരവ്രതത്തെ അത്യാദരവോടുകൂടെ അനുഷ്ഠിച്ചുകൊള്ളേണ്ടതാകുന്നു. സോമൻ എന്നാൽ ഉമയോടു കൂടിയദേവൻ എന്നും സോമവാരം എന്നാൽ, ഉമയോടുകൂടിയ ദേവനായ പരമേശ്വരൻെറ ദിവസമെന്നും-ആണു് അർത്ഥം. ആ ദിവസം അവസാനമില്ലാത്തഫലങ്ങളെ പ്രദാനം ചെയ്യുന്ന ഒരു ശുഭദിവസവും ആണു്. എല്ലാ ആളുകളും ആ പുണ്യദിവസത്തിൽ മുഴുവൻ ഉപവാസമെന്നൊ അല്ലെങ്കിൽ ഒരു നേരം

മാത്രം ഭക്ഷണമെന്നോ, അതുമല്ലെങ്കിൽ രാത്രിയിൽ മാത്രം ഊണെന്നൊ ഏതെങ്കിലും ഒരു നിയമം വച്ചുകൊള്ളണം. നിശ്ചയത്തിനു ഫലമുണ്ട്. നിയമം കൂടാതെ ഒരുത്തൎക്കും ഒരിക്കലും ശ്രേയസ്സുണ്ടാകുന്നതല്ല. പുണ്യദിവസങ്ങളിൽ വച്ച് അത്യന്തം മഹത്വമേറിയതായ സോമവാരത്തിൻനാളിൽ സോമചൂഡനായ പരമശിവനെ ഉദ്ദേശിച്ചു ചെയ്യുന്ന എല്ലാപുണ്യകൎമ്മങ്ങൾക്കും അന്തമില്ലാത്തതായ ഫലങ്ങൾ ഉണ്ടാകുമെന്നാണ് സുകൃതികളും കാൎയ്യാകാൎയ്യവിചക്ഷണന്മാരും വ്രതമാഹാത്മ്യവേദികളുമായ എല്ലാപൌരാണികവിദ്വാന്മാരുടേയും ഐകകണ്ഠ്യേനയുള്ള അഭിപ്രായം. അല്ലയൊ മുനിപുംഗവന്മാരേ! സോമവാരവ്രതത്തിൻെറ മഹത്വം മേൽപ്രകാരം ആണ്. ഇനി ഞാൻസോമവാരവ്രതവിധാനത്തേപ്പറയാം. നിങ്ങൾ ശ്രദ്ധയോടു കൂടെകേട്ടുകൊള്ളുവിൻ! ശ്രുതമാത്രേണ അതു് എല്ലാവൎക്കും എല്ലാ ഐശ്വൎയ്യങ്ങളേയും ദാനം ചെയ്യുന്നതാണു'.

അല്ലയൊ മുനീശ്വരന്മാരെ! സോമവാരവ്രതം ആരംഭിക്കുന്നതിന് ഏററവും നല്ലമാസങ്ങൾ വൃശ്ചികവും മകരവും ആകുന്നു. ശൂന്യാദിദോഷങ്ങൾ ഇല്ലെങ്കിൽ മററു മാസങ്ങളിലും ആരംഭിക്കാം. എങ്കിലും മലാദിദോഷരഹിതങ്ങളായ ചാന്ദ്രമാസങ്ങൾ ആണു് സോമവാരം തുടങ്ങുന്നതിനു വളരെ നല്ലതു്. അതുകൊണ്ടു് ചാന്ദ്രങ്ങളായ ഏതെങ്കിലും ഒരു മാസത്തിലെ,ദേവദൈത്യമുനീന്ദ്രാദികളായ ദേവന്മാരാൽ സ്തൂയമാനനായ പരമശിവന് അത്യന്തം പ്രിയപ്പെട്ടതായ സോമവാരശുഭദിവസത്തിൻ നാളിൽ ഭക്തിമാനായ വ്രതകൎത്താവു്, അതിരാവിലെ എഴുനേററു് തൻെറ ഹൃദയാബ്ജമാകുന്ന ഹാലാസ്യശിവക്ഷേത്രത്തിങ്കൽ പരാശക്തിയായ മീനാക്ഷീഭഗവതിയോടു കൂടെ സ്ഥിതനായിരിക്കുന്ന സോമസുന്ദരമൂൎത്തിയെ മനസ്സുകൊണ്ടു വിഭാവന ചെയ്തതിൻെറ ശേഷം പല്ലുതേച്ചു് നിത്യനൈമിത്തികങ്ങളായ സൎവകൎമ്മങ്ങളും അനുഷ്ഠിച്ചിട്ടു് വിധിപ്രകാരം സ്നാനം ചെയ്യണം.

അല്ലയോ മുനിപുംഗവന്മാരേ! സ്നാനകൎമ്മം ആചരിയ്ക്കാനുള്ള വിധിയും എപ്രകാരമാണെന്നു ഞാൻ പറയാം. സോമവാരവ്രതമുള്ളവൻ, ഭസ്മവും കൂവളവൃക്ഷത്തിൻെറ ചുവട്ടിൽനിന്നും വാരിയെടുത്ത മണ്ണും, എള്ളും, കുശയും, ഗോമയവും ശിരസ്സിലും പവിത്രത്തെ പാണിയിലും ധരിച്ചുംകൊണ്ടു്, അല്ലയോ സുന്ദരേശ്വര! സൎവതീൎത്ഥഫലപ്രദ! ഭുക്തിയേയും മുക്തിയേയും ദാനംചെയ്യുന്നതായ ഈ തീൎത്ഥത്തിൽ സ്നാനംചെയ്യുന്നതിന് നിന്തിരുവടി എനിയ്ക്കു് അനുവാദം നല്കണമേ! എന്നും, യാതൊരുത്തൻെറ തലമുടികളിൽ മേഘങ്ങളും, അംഗസന്ധികളിൽ നദികളും കുക്ഷിയിൽ സപ്തസമുദ്രങ്ങളും വിളങ്ങുന്നുവോ ആ തോയാത്മാവായ ഭഗവാനായിക്കൊണ്ടു് ഞാൻ നമസ്കരിയ്ക്കുന്നു എന്നും ഉള്ള അൎത്ഥങ്ങളോടുകൂടിയതുകളുമായ,

"സുന്ദരേശ്വര! സൎവേശ! സൎവതീൎത്ഥഫലപ്രദ!
ദേഹിസ്നാതുമനുജ്ഞാംമേ തീൎത്ഥേസ്മിൻഭുക്തിമുക്തിദേ

യസ്യകേശേഷുജീമൂതാ നദ്യാസ്സർവാംഗസന്ധിഷു
കുക്ഷൗസമുദ്രാസപ്താപിതസ്മൈതോയാത്മനേനമഃ"

ഈ ശ്ലോകങ്ങളെ ചൊല്ലിയതിൽപ്പിന്നെ വേദമന്ത്രോച്ചാരണങ്ങളോടു കൂടെ ഉത്തമതീർത്ഥത്തിൽ സ്നാനംചെയ്യണം. ഇപ്രകാരമാണ് സ്നാനവിധി.

സ്നാനാനന്തരം വ്രതകർത്താവു്, സമാഹിതമാനസനും, ശുചിയും, കാമക്രോധാഹങ്കാരപൈശുന്യദോഷവർജ്ജിതനും, ശുഭ്രവസ്ത്രധാരിയും ആയിട്ടു പോയി പിച്ചിപ്പൂ, മുല്ലപ്പൂ, പുന്നാഗപ്പൂ മുതലായ വെളുത്ത കുസുമങ്ങളും താമരപ്പൂകളും, എരിക്കിൻപുഷ്പങ്ങളും വില്വപത്രങ്ങളും മററും പറിച്ചു കൊണ്ടുവന്നു അവയെക്കൊണ്ടും, തിലം, അക്ഷതം ഇവകളെക്കൊണ്ടും ശ്രീ ഹാലാസ്യനാഥനും പ്രഭുവും ആയ ശങ്കരനെ പൂജിക്കണം. ദീക്ഷിതന്മാരല്ലാത്തവിപ്രന്മാക്കും ക്ഷത്രിയ വൈശ്യാദികൾക്കും മൂലലിംഗ പൂജനം ചെയ്യുന്നതിന് അർഹതയില്ല. ദീക്ഷിതന്മാരായ വിപ്രന്മാക്കുമാത്രമേ മേല്പറഞ്ഞപ്രകാരത്തിൽ മൂലലിംഗത്തെ പൂജിക്കാൻ വിധിയുള്ളു. ദീക്ഷിതന്മാരല്ലാത്ത ബ്രാഹ്മണക്കും, മററു ജാതികൾക്കും ബാഹ്യലിംഗങ്ങളിൽ കുസുമാക്ഷതങ്ങളെ അർച്ചിച്ചു കാലാരിയെ പൂജിയ്ക്കുന്നതിന് വിരോധം ഇല്ല. അവർ പൂജാദ്രവ്യങ്ങളെ ദീക്ഷിതന്മാരായ ബ്രാഹ്മണരെ ഏല്പിച്ചു് മൂലലിംഗത്തെ പൂജിപ്പിച്ചുകൊള്ളണം.

സോമവാരത്തുനാളിൽ ഒരുനേരം മാത്രം ഭക്ഷണംകഴിക്കുകയാകുന്ന വ്രതത്തോടുകൂടിയവൻ മദ്ധ്യാഹ്നകാലത്തിൽ ശിവപൂജയെ നിർവഹിച്ചുകൊള്ളണം. രാത്രിയിൽ ഉണ്ണുന്ന വ്രതത്തോടുകൂടിയവനും മുഴുവനും ഉപവാസംതന്നെ എന്നുള്ള വ്രതത്തോടുകൂടിയവനും മാത്രമേരാത്രിയിൽപരമശിവനെ പൂജിയ്ക്കാൻ പാടുള്ളു. മഹേശ്വരപൂജയ്ക്കു് എല്ലാ മന്ത്രങ്ങളിൽവച്ചും ശ്രേഷ്ഠമായതു് പഞ്ചാക്ഷരമന്ത്രവും, എല്ലാ പുഷ്പങ്ങളിലും പത്രങ്ങളിലുംവച്ചു് ശ്രേഷ്ഠമായതു് വില്വപത്രവും ആകയാൽ, മഹത്തുക്കളായ എല്ലാ ഭക്തന്മാരും പഞ്ചാക്ഷരം ജപിച്ചും വില്വപത്രങ്ങൾ അർച്ചിച്ചും പരമശിവനെ പൂജിച്ചുകൊള്ളേണ്ടതാകുന്നു.

സപ്തകോടി മഹാമന്ത്രങ്ങളും, ഹാലാസ്യനാഥനായ പരമശിവൻെറ വക്ത്രപത്മത്തിൽനിന്നും പുറപ്പെട്ടതുതന്നെയെങ്കിലും, അവയ്യൊന്നിനും പഞ്ചാക്ഷരമഹാമന്ത്രത്തിൻെറ പതിനാറിൽ ഒരു പങ്കുപോലും മഹത്വമില്ല. ദീക്ഷിതനോ അദീക്ഷിതനോമററുവല്ലവിധത്തിൽ ഉള്ളവനോ ആരുതന്നെയായിരുന്നാലും മോക്ഷദമായ മഹാപഞ്ചാക്ഷരമന്ത്രത്തെ വിധിപ്രകാരം ജപിയ്ക്കുന്നവൻതീച്ചയായിട്ടും ശങ്കരൻെറകിങ്കരനായിതീരുമെന്നുള്ളതിനുയാതൊരു വ്യത്യാസവും ഇല്ല. ബ്രഹ്മഹത്യാ ശിശുഹത്യാ മുതലായപഞ്ചമഹാപാപങ്ങളും മററനേകം ഉഗ്രപാപങ്ങളും ഒഴിവില്ലാതെ ചെയ്തിട്ടുള്ള ഒരുത്തൻതന്നെ ആയിരുന്നാലും പഞ്ചാക്ഷരജപത്തെ വിധിപ്രകാരംഅനുഷ്ഠിക്കുമെങ്കിൽ അവൻ സർവപാപവിനിർമ്മുക്തനായി ഉൽകൃഷ്ടഗതിയെ പ്രാപിയ്ക്കും. പാപമാകുന്ന പഞ്ഞിക്കെട്ടിന് പഞ്ചാക്ഷരമന്ത്രംകല്പാന്തവഹ്നിയാണ്. ധർമ്മാർത്ഥ

കാമമോക്ഷങ്ങൾ നാലുംലഭിക്കുന്നതിനു പഞ്ചാക്ഷരജപംപോലെ സുലഭമായ വഴി മറെറാന്നുംതന്നെയില്ല. അതുകൊണ്ടു ഇഹപരസൌഖ്യങ്ങളും മുക്തിയും വേണമെന്നാഗ്രഹിക്കുന്നവർ എല്ലാം അത്യന്തം ശുഭവും കല്യാണകരവും, പരമാത്മജ്ഞാനോദയത്തിനു മൂലകാരണമായി ഭവിക്കുന്നതുമായ പഞ്ചാക്ഷര മഹാമന്ത്രത്തെ കഴിയുന്നിടത്തോളവും ജപിച്ചുകൊള്ളേണ്ടതാകുന്നു. 'നമശിവായ' എന്നുള്ള പഞ്ചാക്ഷരമഹാമന്ത്രത്തെ 'നമശ്ശിവായൈ' എന്നു സ്ത്രീലിംഗമായി ജപിച്ചാൽ അതു ദേവീപരമായിട്ടു തീരും. ലിംഗവ്യത്യാസം ചെയ്താൽ ശങ്കരീശങ്കരന്മാരെ ഒന്നുപോലെ പൂജിക്കുന്നതിനു ഉപയുക്തമായ ഈ പഞ്ചാക്ഷരമഹാമന്ത്രത്തെ ജപിച്ചു വില്വപത്രങ്ങൾ കൊണ്ടർച്ചിച്ചാൽ ശിവസായൂജ്യമുണ്ടാകുമെന്നുള്ളതിനു ഒരുകാലത്തും പക്ഷാന്തരമില്ല.

അല്ലയോ മുനീശ്വരന്മാരെ! വില്വപത്രത്തെ സ്പർശിക്കയോ, ദർശിക്കയോ, വന്ദിക്കയോ ഏതെങ്കിലും ഒന്നു ചെയ്താൽ രാവും പകലും ഒഴിവില്ലാതെ ചെയ്ത പാപങ്ങളും നശിച്ചുപോകും. അന്ത്യകാലത്തിങ്കൽ കൂവളച്ചുവട്ടിൽനിന്നും മണ്ണുവാരി സർവഗാത്രങ്ങളിലും പൂശുന്നതായാൽ മരണാനന്തരം അവനു ശ്രേഷ്ഠമായ ഗതി ഉണ്ടാകും. പന്ത്രണ്ടുദിവസം നിരാഹാരനായി വില്വവൃക്ഷച്ചുവട്ടിൽ ഇരുന്നാൽ ബ്രഹ്മഹത്യാദികളായ പാപങ്ങളും ഇല്ലാതാകും ഭ്രൂണഹത്യാദോഷശാന്തിക്കു നിരാഹാരനായി മൂന്നുദിവസം വില്വവൃക്ഷച്ചുവട്ടിലിരുന്നു നൂറായിരം ഉരു ശിവനാമങ്ങളെ ജപിച്ചാൽ മതിയാകുന്നതാണു്. അഖണ്ഡങ്ങളായിരിക്കുന്ന വില്വപത്രങ്ങളെക്കൊണ്ടു സോമവാരത്തുനാളിൽസംയതാത്മാവായിസോമസുന്ദരനെപൂജിക്കുന്നവന്റെ ബ്രഹ്മഹത്യാദോഷങ്ങൾപോലും നശിച്ചുപോകും. മാതൃഹന്താവും പിതൃഹന്താവും എന്നല്ല സർവ്വ പാതകങ്ങൾ ചെയ്തവനും വില്വദലങ്ങൾകൊണ്ടു പരമശിവനെ പൂജിക്കുക ആകുന്ന ഏകവൃത്തികൊണ്ടു പാപവിമുക്തനാകാതെയിരിയ്ക്കുകയില്ല. വില്വദലങ്ങളെക്കൊണ്ടു ഭക്തിപൂർവം ചന്ദ്രശേഖരനെ പൂജിക്കുന്ന മൌനി സർവ്വപാപവിനിർമ്മുക്തനാകുന്നതു കൂടാതെ പരമപദത്തെ പ്രാപിക്കുകയും ചെയ്യും. ഉണങ്ങിയതും, പഴകിയതുമായ വില്വപത്രങ്ങൾ ഉപയോഗിച്ചു ഗിരിജാനാഥനെ പൂജിച്ചാലും സർവ്വപാപവിനിർമ്മുക്തിയുണ്ടാകുന്നതാണു്. പുഴക്കുത്തുവീണതും, ചിലന്തിവല പററിയതും തന്നത്താൻ അടന്നുവീണതുമായ വില്വപത്രങ്ങൾ ശിവപൂജക്കു കൊള്ളുന്നതല്ല. അതുകൊണ്ടു മേൽപ്പറഞ്ഞ അററകുററങ്ങൾ യാതൊന്നും ഇല്ലാത്തതായ വില്വപത്രങ്ങൾകൊണ്ടു വേണം ശിവപൂജചെയ്യേണ്ടതു്. പരമശിവപൂജയ്ക്കായി ആരംഭിക്കേണ്ടതു്, കയ്യുംകാലുംകഴുകി ശുദ്ധമാക്കി ശരീരത്തിൽ ഭസ്മരുദ്രാക്ഷമാലാദികൾ ധരിച്ചു, പ്രാണായാമം, സങ്കൽപ്പം. പുണ്യാഹം ഇവയും, പൂജാകർമ്മം നിർവിഘ്നമായി നിറവേറുന്നതിനുവേണ്ടി ഗണപതിപൂജയും ചെയ്തതിന്റെ ശേഷം സോമസുന്ദരനും, സോമേശനും സോമ (വെള്ളം) സോമ (ചന്ദ്ര)വിഭൂഷണനും ആയ ശിവന്റെ സന്നിധിയെ പ്രാപിച്ചും അഞ്ജലീബദ്ധനായി നിന്നുകൊണ്ടു ഞാൻ നിന്തിരുവടിയുടെ അനു

ഇങ്ങപ്രകാരം സോമവാരവ്രതത്തെ അനുഷ്ഠിക്കാൻപോകുന്നു എന്നിങ്ങനെ പ്രാത്ഥിച്ചതിൻെറശേഷം വേണ്ടതാകുന്നു.

മേൽപ്രകാരമുള്ള പ്രാത്ഥനയോടും, കൂപ്പുകയ്യോടുംകൂടെചന്ദ്രചൂഡൻെറ സന്നിധിയിൽ ഇരുന്നുകൊണ്ടു്, അചഞ്ചലമാനസനായി ഭക്തിയോടും ധ്യാനാദികളായിരിക്കുന്ന ഉപചാരങ്ങളോടും, കൂടെ ശങ്കരീ ശങ്കരന്മാരെ വിധിപ്രകാരം പൂജിക്കണം അങ്ങനെപൂജിച്ചാൽ ഭോഗമോക്ഷങ്ങൾ തീച്ചയായും ഉണ്ടാകും.

സൂൎയ്യകോടിപ്രകാശകനായും, കോടിശീതാംശുശീതളനായും, പഞ്ചാസനസമാസീനനായും, പഞ്ചവക്ത്രനായും, പരാല്പരനായും,പതിനഞ്ചു കണ്ണുകളോടും, ത്രിശൂലം, പരശു, ഖഡ്ഗം വജ്രം, അഭയം,പാശം,നാഗം,അംകുശം,ഘണ്ടാ, അഗ്നി ഇവകളാൽ ശോഭായമാനങ്ങളായ പത്തു കൈകളോടുകൂടിയവനായും, നാഗയജ്ഞോപവീതനായും, ദിവ്യാംബരങ്ങളാലും, ദിവ്യഗന്ധങ്ങളാലും, ദിവ്യപുഷ്പങ്ങളാലും, വിരാജിതനായും, മുത്തുമാല, തോൾവള, കിരീടം, കുണ്ഡലം മുതലായ ആഭരണങ്ങളാൽവിഭൂഷിതനായും ഇരിക്കുന്ന, ലോകഗുരുവായ മഹാദേവൻെറ പതിനാറുവയസ്സു പ്രായംതോന്നിക്കുന്നതായ സോമസുന്ദര സ്വരൂപത്തെ മനോന്മണിയായ മീനാക്ഷീഭഗവതിയുടെ കോമളവിഗ്രഹത്തോടുകൂടെ സ്വയംഭൂതമായിരിക്കുന്ന മഹാലിംഗത്തിൽ ധ്യാനിക്കുകയും, ധ്യാനോപചാരാത്ഥമായി താഴെവരുംപ്രകാരമെല്ലാം അപേക്ഷിക്കുകയും ചെയ്തുംകൊണ്ടുവേണം പുഷ്പങ്ങൾകൊണ്ടും മററും സുന്ദരമൂത്തിയെ പൂജിക്കേണ്ടതു്.

അതായതു:—ആദ്യമേതന്നെ അല്ലയോ മഹേശ്വരാ! അങ്ങു് ദയവു ചെയ്തു് മനോന്മണിയായ മീനാക്ഷിയോടുകൂടെ ഇവിടെ എഴുന്നെള്ളിയാലും എന്നിങ്ങനെയുള്ള അത്ഥത്തോടുകൂടിയതായ,

അഗച്ഛകൃപയാശംഭോ! മനോന്മന്യാമഹേശ്വര!
എന്ന ശ്ലോകംചൊല്ലി ഭഗവാനെ ആഹ്വാനംചെയ്യണം.

അനന്തരം; അല്ലയോ കദംബവനവാസിയായ വിശ്വാത്മാവേ! അങ്ങേയ്ക്കായിക്കൊണ്ടു നമസ്കാരം. അല്ലയോ കരുണാനിധേ! മനോഹരമായ രത്നസിംഹാസനം അവിടത്തെയ്ക്കു ഞാൻ ഇതാ തരുന്നു എന്നു് അത്ഥമുള്ളതായ,

'വിശ്വാത്മനേ!നമസ്തുഭ്യം കദംബവനവാസിനെ!
രത്നസിംഹാസനംചാരു ദദാമികരുണാനിധേ!'
എന്ന ശ്ലോകംചൊല്ലി ആസനം നല്കണം.

അതിൻെറശേഷം സവ്വമംഗളങ്ങൾക്കും ഹേതുഭൂതനും, ഉമാദേവിയോടുകൂടിയവനും ശവനും ആയ അങ്ങേയ്ക്കായിക്കൊണ്ടുനമസ്കാരം അല്ലയോശ്രീഹാലാസ്യനിവാസിനെ! ഞാൻ ഇതാ അവിടത്തേയ്ക്കു പാദ്യംനൽകുന്നു. എന്ന താല്പൎയ്യത്തോടുകൂടിയ-

'നമശ്ശർവ്വായസോമായ സർവ്വമംഗളഹേതവേ!
തുഭ്യംസംപ്രദദെപാദ്യം ശ്രീഹാലാസ്യനിവാസിനേ!'

എന്ന ശ്ലോകം ചൊല്ലി കാൽ കഴുകാനുള്ള പാദ്യം കൊടുക്കണം.

തദനന്തരം, എല്ലാ ലോകത്തിനും ആധാരമായും, ഒന്നും തനിക്കാധാരമല്ലാതേയും ഉള്ള അല്ലയോ മഹേശ്വര! ഞാൻ ഇതാ അവിടത്തേക്കു ആചമനം നല്കുന്നു. അല്ലയോ സുന്ദരേശ്വരാ! അങ്ങേയ്ക്കായിക്കൊണ്ടു നമസ്കാരം. എന്നിങ്ങനെ താല്പര്യത്തോടുകൂടിയ,

അശേഷജഗദാധാര! നിരാധാരമഹേശ്വര!
ദദാമ്യാചമനംതുഭ്യം സുന്ദരേശ!നമോസ്തുതേ.

എന്നുള്ള ശ്ലോകംചൊല്ലി ആചമനംകൊടുണക്കം.

അതിന്റെശേഷം, വിലതീരാത്തതായ ഫലങ്ങളെ ദാനംചെയ്യുന്നവനും കാലശാസിതാവും ആയ ദ്വാദശാന്തനിവാസിനേ! അങ്ങേയ്ക്കായിക്കൊണ്ട് ഞാൻ ഇതാ അൎഘ്യം നൽകുന്നെന്ന സാരത്തോടുകൂടിയതായ,

'അനർഘഫലദാത്രേച ശാസ്ത്രേവൈവസ്വതസ്യച
തുഭ്യമൎഘ്യംപ്രദാസ്യാമി ദ്വാദശാന്തനിവാസിനേ'

എന്ന ശ്ലോകംചൊല്ലി അൎഘ്യം കൊടുക്കണം.

അതില്പിന്നെ ഭക്തജനങ്ങൾക്കു ദൎശനമാത്രത്താൽതന്നെസർവാഭീഷ്ടഫലങ്ങളേയും പ്രദാനംചെയ്യുന്ന ദേവപൂജിതനായ ഭഗവാനേ! പഞ്ചാമൃതംകൊണ്ട്, ഞാൻ ഇതാ അങ്ങേയ്ക്കു അഭിഷേകംചെയ്യുന്നു എന്ന് അൎത്ഥത്തോടുകൂടിയ,

'ദൃഷ്ടമാത്രേണസർവേഷാം സർവാഭീഷ്ടഫലപ്രദ!
പഞ്ചാമൃതാദ്യൈദ്രവ്യൈസ്ത്വാം സ്നാനയേഹംസുരൎച്ചിത.'

എന്നുള്ള ശ്ലോകംചൊല്ലി അഭിഷേകം കഴിക്കണം.

അനന്തരം, ആനത്തോൽ ഉടുക്കുകയും, പുലിത്തോൽ പുതയ്ക്കുകയും, ചെയ്യുന്ന ദിഗംബരാ! നിന്തിരുവടിക്കു നമസ്കാരം. ഇതാ ഞാൻ അങ്ങേയ്ക്കു രണ്ടുവസ്ത്രം തരുന്നു എന്നു താല്പര്യത്തോടുകൂടിയതായ,

'ദിഗംബരനമസ്തുഭ്യം ഗജാജിനധരായച
വ്യാഘ്രചൎമ്മോത്തരീയായ വസ്ത്രയുഗ്മംദദാമ്യഹം.'

എന്ന ശ്ലോകംചൊല്ലി വസ്ത്രദാനംചെയ്യണം.

തദനന്തരം, രത്നമാലയിൽ നൂലെന്നവണ്ണം എല്ലാ ചരാചരങ്ങളിലും അന്തൎയ്യാമിയായി വാസംചെയ്യുന്നവനും നാഗയജ്ഞോപവീതനും ആയ അങ്ങേക്കായിക്കൊണ്ട് ഞാൻ ഇതാ ഉപവീതത്തെ ദാനംചെയ്യുന്നു എന്നൎത്ഥത്തോടുകൂടിയതായ,

"ചരാചരജഗത്രോതപ്രോതസൂത്രധരായതേ
നാഗയജ്ഞോപവീതായ ഹ്യുപവീതംദദാമ്യഹം"

എന്ന ശ്ലോകംചൊല്ലി ഉപവീതം കൊടുക്കണം.

അതിൽപിന്നെ, അല്ലയോ സമഷ്ടിവിദ്ര്യാനഗരനാഥ! സല്പ്പാരണേ! ശരണാഗതവത്സല! ശംഭോ! അങ്ങു് ഞാൻ നൽകുന്ന ആഭരണങ്ങളെ സ്വീകരിച്ചാലും എന്നിങ്ങനെ സാരത്തോടുകൂടിയ

"സമഷ്ടിവിദ്ര്യാനഗര നാഥനാഗവിഭൂഷണ!
ഗൃഹാണഭൂഷണംശംഭോ ശരണാഗതവത്സല."

എന്ന ശ്ലോകംചൊല്ലി ആഭരണം കൊടുക്കണം.

അതിൻെറ ശേഷം, അല്ലയോ അവന്ധ്യങ്ങളായ ഫലങ്ങളെ ദാനം ചെയ്യുന്നവനും സുഗന്ധമുള്ള ശരീരത്തോടുകൂടിയവനും ആയ ഭഗവാനേ അവിടത്തേക്കു് നമസ്കാരം അന്ധകാരാസുരഭഞ്ജകനായിരിക്കുന്ന അവിടത്തേക്ക ഞാൻ ഇതാ ഗന്ധങ്ങളെ ദാനം ചെയ്യുന്നു എന്നിങ്ങനെ അത്ഥത്തോടുകൂടിയ,

നമസ്സുഗന്ധദേഹായ ഹ്യവന്ധ്യഫലദായിനേ,
തുഭ്യംഗന്ധാൻ പ്രദാസ്യാമി ചാന്ധകാസുരഭഞ്ജക."

എന്നുള്ള ശ്ലോകംചൊല്ലി ഗന്ധാരാധന ചെയ്യണം.

അനന്തരം, ദേവസിദ്ധഗന്ധർവപൂജിതനായ അല്ലയോ സുന്ദരേശ്വര! അങ്ങേയ്ക്കു നമസ്കാരം. വരങ്ങളെ കൊടുക്കുന്നവനായ നിന്തിരുവടി ഞാൻ നൽകുന്ന ശുഭ്രങ്ങളായ അക്ഷതങ്ങളെ സ്വീകരിച്ചാലും എന്നീ അത്ഥത്തോടുകൂടിയ,

"അക്ഷതാൻ ധവളാൻദേവ! സിദ്ധഗന്ധർവപൂജിത!
സുന്ദരേശനമസ്തുഭ്യം ഗൃഹാണവരദോഭവ."

എന്നുള്ള ശ്ലോകംചൊല്ലി അക്ഷതം കൊടുക്കണം.

തദനന്തരം, അല്ലയോ പുഷ്പം എന്നതുപോലെയുള്ള തീക്കണ്ണുകളോടുകൂടിയവനും, പുഷ്പചാപഭഞ്ജനനും പുരന്ദരനു് വരങ്ങളെ പ്രദാനംചെയ്തവനമായ അല്ലയോ ഈശ! ഞാൻ ഇതാ നിന്തിരുവടിയെ പുഷ്പങ്ങൾകൊണ്ടു് പൂജിക്കുന്നു. എന്നിങ്ങനെ സാരത്തോടുകൂടിയ,

"പുഷ്പവദഗ്നിനയന!പുഷ്പചാപവിഭഞ്ജന!
പുഷ്പൈസ്ത്വാംപൂജയാമീശ! പുരന്ദരവരപ്രദ!

എന്നുള്ള ശ്ലോകം ചൊല്ലി സഹസ്രനാമം ജപിച്ചു് വില്വപത്രങ്ങളെക്കൊണ്ടും പുഷ്പങ്ങളെക്കൊണ്ടും ശിവനെശക്തിയോടുകൂടെ സമാരാധിക്കണം.

അനന്തരം, കാരണത്രയങ്ങൾക്കും ഹേതുഭൂതനും, ദേവേന്ദ്രൻെറ വൃത്രഹത്യാപാപത്തെ ശമിപ്പിച്ചവനും ആയ ഭഗവാനെ അങ്ങേയ്ക്കു നമസ്കാരം. അല്ലയോ വൃഷഭധ്വജ! ഞാൻ ഇതാ അമൃതത്തോടുകൂടിയതായ ഗുൽഗ്ഗുലുധൂപത്തെ അങ്ങേയ്ക്കായി സമപ്പണം ചെയ്യുന്നു അങ്ങു് സ്വീകരിച്ചാലും എന്നഅത്ഥത്തോടുകൂടിയതായ,

"നമോവൃത്രാരിപാപഘ്നേ! കാരണത്രയഹേതവേ!
സാജ്യംഗുൽഗുലുധൂപംത്വം ഗൃഹാണവൃഷഭധ്വജ!

എന്നുള്ള ശ്ലോകംചൊല്ലിധൂപാരാധനചെയ്യണം.

അതിന്റെശേഷം, ജ്യോതിൎമ്മയനും, ലിംഗസ്വരൂപിയും എല്ലാജ്യോതിസ്സുകൾക്കും ഇരിപ്പടമായിട്ടുള്ളവനും ജ്ഞാനദീപത്തെ പ്രദാനംചെയ്യുന്നവനും ആയ അങ്ങേക്ക് ഞാൻ ഇതാ ദീപംനൽകുന്നു എന്നൎത്ഥത്തോടുകൂടിയ,

"ജ്യോതിൎമ്മയായലിംഗായ ജ്യോതിഷാമാകരായതേ
ദീപംദദാമ്യഹംഭക്ത്യാ ജ്ഞാനദീപപ്രദായിനേ."

എന്നുള്ള ശ്ലോകംചൊല്ലി ദീപാരാധനം ചെയ്യണം.

തദനന്തരം, അല്ലയോ സുന്ദരേശ്വര! ഉപദംശങ്ങൾ, നെയ്യ്, പാല് ഫലങ്ങൾ, പലഹാരങ്ങൾ ഇവയോടുകൂടിയ ഷഡ്രസമിശ്രങ്ങളായ നൈവേദ്യസാധനങ്ങളെ ഞാൻ ഇതാ അങ്ങേയ്ക്കു തരുന്നു. നിന്തിരുവടി അതിനെ സ്വീകരിച്ചാലും. എന്നൎത്ഥത്തോടുകൂടിയ,

"നൈവേദ്യംഷഡ്രസോപേതം സോപദംശംഘൃതാന്വിതം
ഫലക്ഷീരാപൂപയുക്തം ഗൃഹ്യതാം സുന്ദരേശ്വര!

എന്നുള്ള ശ്ലോകംചെല്ലി നൈവേദ്യം നല്കണം.

അതിൽപിന്നെ അല്ലയോ ദേവേശ്വരനായ സോമസുന്ദര! കൎപ്പൂരചന്ദനങ്ങൾകൊണ്ട് വാസനിപ്പിക്കപ്പെട്ടതും അത്യന്തം തണുത്തതും നിൎമ്മലമായതുമായ പാനീയത്തെ ഞാൻ ഇതാ അങ്ങേയ്ക്കു തരുന്നു. നിന്തിരുവടി അതിനെ സ്വീകരിക്കണമേ എന്നിങ്ങനെ സാരത്തോടു കൂടിയതായ,

"പാനീയം ശീതളസ്വച്ഛം ചന്ദ്രചന്ദനവാസിതം
തുഭ്യംദദാമിദേവേശ! ഗൃഹ്യതാം സോമസുന്ദര!"

എന്നുള്ള ശ്ലോകംചെല്ലി പാനീയം കൊടുക്കണം.

അതിന്റെശേഷം, അല്ലയോ ശംഭോ! അടയ്ക്കാ, കൎപ്പൂരം, ചൂൎണ്ണം ഇവകളോടുകൂടെ ഞാൻ നിന്തിരുവടിക്കു താംബൂലം നൽകുന്നതിനെ നിന്തിരുവടി സ്വീകരിക്കണമേ എന്നുള്ള അൎത്ഥത്തോടുകൂടിയ,

"പൂഗീഫലൈസ്സകൎപ്പൂരൈൎന്നാഗവല്ലീദളൈൎയ്യുതം
ചൂൎണ്ണേനചയുതംശംഭോ! താംബൂലംഗൃഹ്യതാംത്വയാ."

എന്നുള്ള ശ്ലോകംചൊല്ലിതാമ്പൂലം നൽകണം.

തദനന്തരം അല്ലയോ ഈശ്വര! അതിഘോരങ്ങളായ പാപങ്ങളെശമിപ്പിക്കുന്നതിന്നുവേണ്ടിയും, അത്യുൽകൃഷ്ടങ്ങളായ ഫലങ്ങൾ ലഭിക്കുന്നതിനുവേണ്ടിയും ഞാൻ നിന്തിരുവടിയെ പ്രദക്ഷിണം വയ്ക്കുന്നു. അല്ലയോ പരമേശ്വര അങ്ങു എന്നിൽ പ്രസാദിക്കണമേ എന്നുള്ള പ്രാൎത്ഥന അടങ്ങിയതായ,

"പ്രകൃഷ്ടപാപനാശാൎത്ഥം പ്രകൃഷ്ടഫലസിദ്ധയേ
പ്രദക്ഷിണം കരോമീശ! പ്രസീദപരമേശ്വര!"

എന്നുള്ള ശ്ലോകംചൊല്ലി ഭഗവാനു പ്രദക്ഷിണം വെയ്ക്കണം.

അതിൽപ്പിന്നെ—

"നമശ്ശിവായ സോമായ ശംഭവേ! ശങ്കരായച
നമോഹാലാസ്യനാഥായ സച്ചിദാനന്ദമൂൎത്തയേ."

എന്ന ശ്ലോകംചൊല്ലി ഭഗവാനെ സമസ്കരിക്കണം.

അതിൻെറശേഷം പരമേശ്വരീപരമേശ്വരന്മാരുടെ ഓരോ അംഗങ്ങളേയും പൂജിക്കണം. അംഗപൂജകൊണ്ടു് വ്രതികൾക്കു് സൎവ്വസൌഭാഗ്യങ്ങളും കിട്ടും. അംഗപൂജചെയ്യേണ്ട വിധിയും ഇന്നപ്രകാരമെന്നു നിങ്ങൾക്ക പറഞ്ഞുതരാം.

"ഓംഭവാന്യൈനമഃ" "ഓംഭവായനമഃ" എന്നിങ്ങനെമന്ത്രംജപിച്ചു പാദങ്ങളേയും. "ഓംജഗന്മാത്രേനമഃ" ഓംജഗൽപിത്രെനമഃ എന്നുജപിച്ചു് ജംഘകളേയും, ഓംമൃഡാന്യൈനമഃ 'ഓംമൃഡായനമഃ, എന്നീമന്ത്രങ്ങൾജപിച്ചു' ജാനുക്കളേയും, ഓം,രുദ്രാണ്യൈനമഃ ഓംരുദ്രായനമഃ എന്നീമന്ത്രങ്ങൾചൊല്ലി ഊരുയുഗളവും ഓം കാള്യൈനമഃ ഓംകാലാന്തകായനമഃ എന്നുചൊല്ലി കടിപ്രദേശത്തേയും, ഓം നാഗേന്ദ്രകന്യായൈനമഃ ഓം നാഗേന്ദ്രാഭരണായനമഃ എന്നുജപിച്ചു നാഭീദേശത്തേയും,ഓംസ്തനപ്രിയായൈനമഃ ഓം സ്തവ്യായനമഃ എന്നുള്ള മന്ത്രം ഉച്ചരിച്ചു് സ്തനങ്ങളേയും, 'ഓം ഭവഘ്ന്യൈനമഃ, ഓംഭവനാശായനമഃ, എന്നുജപിച്ചു് ഭുജങ്ങളേയും, ഓം കംബുകണ്ഠായൈ നമഃ ഓം കാളകണ്ഠായനമഃ എന്നുചൊല്ലി കണ്ഠങ്ങളേയും, ഓം മായായൈനമഃ ഓം മഹേശായനമഃ എന്നു ജപിച്ചുകൊണ്ടു് മുഖങ്ങളേയും, ഓം ലളിതായൈനമഃ, ഓംഹാസ്യപ്രിയായനമഃ എന്നുചൊല്ലി ലലാടങ്ങളേയും, ഓം ശിവായൈനമഃ ഓം ശിവായനമഃ എന്നു ജപിച്ചുകൊണ്ടു് ശിരസ്സുകളേയും പൂജിക്കണം. വീണ്ടും, ഓം പ്രണതാൎത്തിഹരായൈനമഃ ഓം പ്രണതാൎത്തിഹരായനമഃ എന്നു ജപിച്ചുകൊണ്ടു് സൎവാംഗങ്ങളേയും ഒന്നായും പൂജിക്കണം.

ശങ്കരീശങ്കരന്മാരുടെ പാദംതുടങ്ങിയ ഓരോ അവയവങ്ങളേയും മേല്പറഞ്ഞ പ്രകാരത്തിൽഉള്ള ഓരോ മന്ത്രങ്ങളുംചൊല്ലി പൂജിക്കുംപോൾ, ഞാൻ പാദങ്ങളെ പൂജിക്കുന്നു. ഞാൻ ജംഘകളെ പൂജിക്കുന്നു എന്നിങ്ങനെ ശിരസ്സുവരെയും അപ്പോഴപ്പോൾ പൂജിക്കുന്ന അവയവങ്ങളിൽ ഇന്ന അവയവം പൂജിക്കുന്നു എന്നു ധ്യാനിക്കുകയും ചെയ്തുകൊള്ളണം.

പിന്നെയുംപിന്നെയും ഇങ്ങനെ മുൻപറഞ്ഞ നാമജപങ്ങളോടും അവയവധ്യാനത്തോടുംകൂടെ അവയവപൂജയെ ചെയ്തതിൻെറശേഷം ഓം മഹാദേവായ, ഓം മഹേശ്വരായ ഓം ശങ്കരായ, ഓം വൃഷധ്വജായ, ഓം ശൂലിനേ, ഓം കാമാന്തകായ, ഓം ദേവദേവായ, ഓം ശ്രീകണ്ഠായ, ഓം ഈശ്വരായ, ഓം അംബികാനാഥായ, ഓം രുദ്രായ, ഓം ശിവായ, എന്നീ പന്ത്ര

ണ്ടുനാമങ്ങളേയും ജപിച്ചുകൊണ്ടു ദൂർവ്വാച്ചനവും, വില്വപത്രാക്ഷതാച്ചനവും ചെയ്യണം.

ഇപ്രകാരം ശങ്കരനെ പൂജിക്കുന്നവക്ക സവ്വകാമാത്ഥസാധനസിദ്ധിയും ആയുരാരോഗ്യവിജയങ്ങളും ഉണ്ടാകുമെന്നു മാത്രമല്ല അപമൃത്യുതുടങ്ങിയ ദോഷങ്ങൾ യാതൊന്നും തീണ്ടുകപോലും ചെയ്യുന്നതല്ല. അതുകൊണ്ടു സർവൈശ്വര്യങ്ങളും, സമൃദ്ധിയായി ദാനംചെയ്യുന്ന ജഗന്നാഥനായ സോമനാഥ! നിന്തിരുവടി എന്റെ ദാരിദ്ര്യങ്ങളെ ഉൻമൂലനാശംചെയ്തു അനുഗ്രഹങ്ങളെ നിറവേററിത്തരണമേ! നിറവേററിത്തരണമേ! എന്നു അത്ഥത്തോടുകൂടിയ,

"സോമനാഥ! ജഗന്നാഥ! സർവൈശ്വര്യസമൃദ്ധിദ!
മമദാരിദ്ര്യമുന്മൂല്യ കാമാൻപൂരയപൂരയ."

എന്ന ശ്ലോകംചൊല്ലി പ്രാത്ഥിച്ചിട്ട്, അംബികാപതിയായിരിക്കുന്ന ദേവേശനെ അർച്ചിക്കണം. വീണ്ടും ഭവാദികളായിരിക്കുന്ന അഷ്ടനാമങ്ങൾ ചൊല്ലി പൂജിക്കണം.

അതിന്റെശേഷവും, ശിവായ, രുദ്രായ, പശുപതെ, നീലകണ്ഠായ, മഹേശ്വരായ, ഹരികേശായ, വിരൂപാക്ഷായ, കപർദ്ദിനേ, പ്രമഥാധിപായ, സമഷ്ടിവിദ്യാനഗരീനായകായ, സദാശിവായ, എന്നിങ്ങനെയുള്ള ശിവപര്യായങ്ങളെ ഉച്ചാരണം ചെയ്തിട്ട്, അദ്ദേഹത്തെ പൂജിക്കണം.

അതിന്റെ ശേഷം ആകാശദിഗ്ശരീരനായി ഗ്രഹനക്ഷത്രമാലിയായി, സുരസിദ്ധനിവാസസ്ഥാനനായിട്ടിരിക്കുന്ന പരമശിവ! ഞാൻ അങ്ങേയ്ക്കായി ഇതാ അർഘ്യം നൽകുന്നു എന്നിങ്ങനെയുള്ള പ്രാത്ഥനയോടുകൂടെ അർഘ്യത്രയങ്ങളേയും നൽകി സോമസുന്ദരനെ പ്രാർത്ഥിക്കണം.

അതിന്റെശേഷം, അല്ലയോ മഹേശ്വര! അറിവില്ലാത്തവനായ ഞാൻ ഏറെയെങ്കിലും കുറയെങ്കിലും നിന്തിരുവടിയുടെ പ്രസാദത്തിനായിചെയ്തിട്ടുള്ള കമ്മങ്ങളിൽഉള്ള തെററുകളെ നിന്തിരുവടി സഹിച്ചു പിതാവുപുത്രനെ എന്നപോലെ അടിയനെ രക്ഷിക്കണമേ എന്നുള്ള പ്രാർത്ഥനയോടുകൂടെ പൂജയെ ഉപസംഹരിക്കണം.

മേല്പറഞ്ഞ വിധിപ്രകാരം സോമവാരദിവസം പരമശിവനെ പൂജിക്കുന്ന സോമവാരവ്രതക്കാരൻ, വിദ്യാർത്ഥിയായിരുന്നാൽ അവൻ വിദ്യയേയും ധനാത്ഥിയായിരുന്നാൽ ധനത്തേയും, പുത്രാത്ഥിയായിരുന്നാൽ പുത്രനേയും, ജായാത്ഥിയായിരുന്നാൽ അവൻ ജായയേയും, രാജ്യാത്ഥിയായിരുന്നാൽ രാജ്യത്തേയും, മോക്ഷാത്ഥിയായിരുന്നാൽ അവൻ മോക്ഷത്തേയും അതിവേഗത്തിൽ പ്രാപിക്കപ്പെടും. എന്നുതന്നെയല്ല അവന്റെ എല്ലാ ഇഷ്ടങ്ങളും കാലതാമസമെന്യേ കൈക്കൂടുകയും ചെയ്യും.

അതുമല്ലാതെ ഈ സോമവാരവ്രതവിധിയെ പഠിക്കുന്നവരും, കേൾക്കുന്നവരുംകൂടെ സൎവ്വപാപവിമുക്തന്മാരും സമ്പന്നന്മാരും ആയി ഭവിക്കുന്നതാണു്.

൯-ാം—അദ്ധ്യായം സോമവാരവ്രതവിധി

സമാപ്തം.

# ഹാലാസ്യമാഹാത്മ്യം.

## കേരളഭാഷാഗദ്യം.

### ൧൦-ാം അദ്ധ്യായം.

### സോമവാരവ്രതോദ്യാപന വിധി

വീണ്ടും അഗസ്ത്യമഹർഷി വസിഷ്ഠാദികളായ മുനിപുംഗവന്മാരോടു്, അല്ലയൊ യതിസത്തമന്മാരെ! ഇനി ഞാൻ നിങ്ങൾക്കു സോമവാരവ്രതോദ്യാപനവിധികൂടി പറഞ്ഞുതരാം, കേട്ടുകൊള്ളുവിൻ. എന്നിങ്ങിനെ പറഞ്ഞിട്ടു് താഴെവരുമാറു് വ്രതോദ്യാപനവിധിയെപ്പററിപറയാൻതുടങ്ങി.

അല്ലയോ മഹർഷീശ്വരന്മാരേ! സോമവാരവ്രതം അനുഷ്ഠിക്കുന്നവർ എല്ലാം യഥാശക്തി വ്രതോദ്യാപനവും ചെയ്യണം. സോമവാരത്തുന്നാൾ വിത്തശാഠ്യംകൂടാതെ ന്യായമായി ആൎജ്ജിച്ച ദ്രവ്യം ചിലവാക്കി പരമശിവനെ ധവളാംബരങ്ങൾ, ഗന്ധപുഷ്പങ്ങൾ നൈവേദ്യസാധനങ്ങൾ മുതലായവകൊണ്ടു് പൂജിക്കുന്നവൎക്കു മറെറാരുജന്മം ഒരിക്കലും ഉണ്ടാവുന്നതല്ല. തിങ്കളാഴ്ചനാളിൽ ശിവക്ഷേത്രം അടിച്ചുവാരി ഗോമയമിട്ടുതളിക്കുന്നവരുടെ അനുഗ്രഹങ്ങൾ എല്ലാം സാധിക്കുമെന്നുമാത്രമല്ല അവൎക്കു അവസാനത്തിൽ പരമേശ്വരസാമീപ്യം ലഭിക്കുകയും ചെയ്യും. വിചിത്രവസ്ത്രങ്ങളേക്കൊണ്ടു് സോമവാരത്തുന്നാൾ ശിവക്ഷേത്രം അലങ്കരിച്ചാലും മേൽപ്രകാരമുള്ള ഗതികിട്ടും. അതുപോലെതന്നെ സോമവാരദിവസം അഷ്ടദിഗ്ഗജങ്ങൾ വഹിക്കുന്നതായ സോമസുന്ദരലിംഗപ്രാസാദത്തിൻെറ അകവും പുറവും ഒന്നുപോലെതേച്ചുകഴുകി, ഗന്ധപങ്കവിലേപനംചെയ്തു് സുഗന്ധദ്രവ്യങ്ങൾകൊണ്ടു് ധൂപിക്കുന്നവരുടേയും പാപങ്ങൾ എല്ലാം നശിച്ചുപോകും എന്നുമാത്രമല്ലഅവൎക്കു കാമലബ്ധിയും മോക്ഷലാഭവും ഉണ്ടാകുന്നതുമാണു്. തിങ്കളാഴ്ചദിവസം സോമസുന്ദരലിംഗം തൈലംകൊണ്ടോ നെയ്യുകൊണ്ടോ ഭക്തി

യോടുകൂടെ അഭിഷേകംചെയ്യുന്നവൻ ഏററവും ധനവാനാകും. പഞ്ചഗവ്യാഭിഷേകംചെയ്താൽ പൂർവ്വപാപങ്ങൾപോലും നശിച്ചുപോകും. ക്ഷീരാഭിഷേകം ചെയ്താൽ ശത്രുനാശവും ഐശ്വര്യവും ഉണ്ടാകും. തയിർകൊണ്ടഭിഷേകിച്ചാൽ അങ്ങനെ ചെയ്യുന്നവൻ എല്ലാ ഗുണങ്ങളും തികഞ്ഞവനായിത്തീരും. കറുത്തപശുവിന്റെ നെയ്യുകൊണ്ട് തിങ്കളാഴ്ചനാളിൽ സോമസുന്ദരലിംഗാഭിഷേകം ചെയ്യുന്നവന് ഇഹത്തിൽ എല്ലാ മഹാഭോഗങ്ങളേയും നിഷ്പ്രയാസം അനുഭവിക്കുന്നതിനും പരത്തിൽ സായൂജ്യമുക്തിയിൽ സുഖിക്കുന്നതിനും സംഗതിയാകും. തേൻകൊണ്ടഭിഷേകംചെയ്യുന്നവൻ യശഃപ്രതാപോന്നതനും, ശക്കരകൊണ്ടഭിഷേകംചെയ്യുന്നവൻ യുദ്ധവീരനും, കരിമ്പിൻനീർകൊണ്ടഭിഷേകംചെയ്യുന്നവൻ, സർവ്വാഭീഷ്ടസിദ്ധികളോടുകൂടിയവനും, ലാംഗലീ, കദളി, ചൂതം, പനസം ഇവകളുടെ പകങ്ങൾപിഴിഞ്ഞുള്ള രസവും ഗുളവുംകൂടി ചേത്തഭിഷേകംചെയ്യുന്നവൻ യാതൊരു സംശയവും കൂടാതെ ഭൂലോകചക്രവത്തിയായും, ഗന്ധോദകംകൊണ്ടഭിഷേകംചെയ്യുന്നവൻ അരോഗദൃഢഗാത്രനായും, നമകാദി മന്ത്രജപംകൊണ്ടു പരിശുദ്ധപ്പെടുത്തിയ കുംഭജലംകൊണ്ടഭിഷേകംചെയ്യുന്നവൻ സർവ്വകാമലബ്ധിയോടുകൂടിയവനായും ഭവിക്കുന്നതാണ്.

സോമവാരദിവസം ചന്ദനംകൊണ്ട് പരമശിവലിംഗം ലേപനംചെയ്യുന്നവന് ശാശ്വതസൌഖ്യവും, വസ്ത്രാഭരണങ്ങൾകൊണ്ട് പരമശിവലിംഗം അലങ്കരിച്ച്, നല്ല പുഷ്പങ്ങൾകൊണ്ട് പൂജിക്കുന്നവന് ശിവസാരൂപ്യവും, വില്വപത്രങ്ങൾകൊണ്ട് പൂജിക്കുന്നവന് സർവ്വസിദ്ധിയും ഉണ്ടാകും.

സോമവാരത്തിൻനാളിൽ ധൂമദാനംചെയ്യുന്നവൻ അതേവരേയും ചെയ്തിട്ടുള്ള സകല അപരാധങ്ങളേയും സഹിക്കും. അന്നേദിവസം നെയ്യ് വിളക്കുകൊളുത്തിയാൽ വിത്തവും ഓജസ്സും വദ്ധിക്കുകയും, ഭക്ഷ്യഭോജ്യാദി നൈവേദ്യങ്ങളെ അച്ചിക്കുകിൽ രാജത്വം ലഭിക്കുകയും, കർപ്പൂരതാംബൂലപൂഗാപ്പണംകൊണ്ട് ദപ്പകനെപ്പോലെ സുന്ദരനായിത്തീരുകയും, അന്നം, ഗുളം, പായസം, ശക്കര, തിലം, ഫലങ്ങൾ, അക്ഷതം, വില്വപത്രം, കോതമ്പ്, യവം, ശാല്യാദികളായിരിക്കുന്ന തണ്ഡുലങ്ങൾ, പുഷ്പങ്ങൾ മുതലായവകൊണ്ടു ശിവലിംഗപൂരണം ചെയ്യുന്നവൻ ചക്രവത്തിയായും ഭവിക്കും. കൂടാതെ അവനു അവൻ നൽകിയ അന്നതണ്ഡുലങ്ങൾ എത്രയുണ്ടോ അത്രയുംകോടിയുഗത്തോളം ശിവലോകവാസസൌഖ്യം അനുഭവിക്കുകയും ചെയ്യാം. സോമവാരത്തുന്നാളിൽ ശിവലിംഗവും വേദികയും കർപ്പൂരയുക്തമായ ചന്ദനച്ചാറുകൊണ്ടു വിലേപനം ചെയ്തിട്ട് പുഷ്പമാലകൊണ്ടലംകരിച്ച് കൂവളത്തിലകൾകൊണ്ടും പൂക്കൾകൊണ്ടും പൂജിച്ചാലുണ്ടാകുന്ന ഫലം ചില്ലറയൊന്നുമല്ല. ദിവസംപ്രതിയും സോമസുന്ദരമഹാലിംഗത്തെ പൂജിക്കുന്നതു് ഉത്തമവും മഹാപുണ്യപ്രദങ്ങളായിരിയ്ക്കുന്ന ഗ്രഹണാദി വിശേഷ ദിവസങ്ങളിൽ ശിവലിംഗപൂജനം ചെയ്യുന്നതു് അത്യുത്തമവും സോമവാരത്തുന്നാളിൽ ശിവലിംഗത്തെ പൂജിയ്ക്കുന്നതു് അത്യുത്തമോത്തമവും ആകുന്നു. മററുദിവസങ്ങളിൽ ചെയ്യുന്ന യാതൊരുപൂജയ്ക്കും സോമവാരത്തു

ന്നാൾ ചെയ്യുന്ന പൂജയുടെ നൂറുനൂറായിരത്തിൽ ഒരംശംപോലും ഫലമില്ല. എന്തിനധികംപറയുന്നു; ശക്തിക്കനുസരണമായി സോമവാരവ്രതം അനു ഷ്ഠിക്കുന്ന ഏതൊരുത്തനും ഇഹത്തിൽ ഗോഭൂധനധാന്യാദിസമൃദ്ധിയോടും കൂടി നിവസിക്കയും പരത്തിൽ പരമാനന്ദഗതിയെ പ്രാപിക്കയും ചെയ്യും. സോമവാരത്തുന്നാളിൽ ഭക്തിയോടു കൂടെ സോമസുന്ദരന്റെ സഹസ്രനാമ ങ്ങളും ജപിച്ചുചിക്കുന്നവൻ പാപരഹിതനും അരിജേതാവും ഭോഗിയുമായി സർവ്വകാമങ്ങളേയും പ്രാപിക്കും. വിശേഷിച്ചും സോമവാരത്തുന്നാളിൽ സോ മസുന്ദരലിംഗത്തിന് പ്രദക്ഷിണംവച്ച് നമസ്കരിക്കയുംസ്തുതിക്കയുംചെയ്യു ന്നവന് അണിമാദികളായിരിക്കുന്ന സിദ്ധികളെല്ലാം നിഷ്പ്രയാസമായി സി ദ്ധിക്കും.

ഭക്തിയോടുകൂടെ ഇല, പൂവ്, കായ് ഇവകളെക്കൊണ്ടുമാത്രംശിവനെ പൂജിച്ചാലും അവസാനമില്ലാത്ത ഫലം കിട്ടും. പരമശിവ പൂജയ്ക്ക് ഒഴിച്ചു കൂടാത്ത ഒരു സാധനം ഭക്തിമാത്രമാണ്. ബ്രഹ്മഹന്താവോ, സുരാപായിയോ കള്ളനോ, ഗുരുതല്പഗനോ എന്നല്ല ഇവരിലും വലിയ ഒരു മഹാപാപിത ന്നെ ആയിരുന്നാലും പരമശിവലിംഗ പൂജനം ഒന്നുകൊണ്ടുമാത്രം അവന്റെ സർവ്വപാപങ്ങളും നശിച്ചുപോകും. പാർവതീപതിയായ പരമശിവന്റെ നിർമ്മാല്യത്തെ ഭക്തിയോടു കൂടെ ശിരസ്സുകൊണ്ടു ധരിക്കുന്നവന് അത്യുത്ത മമായ രാജസൂയയാഗം ചെയ്ത പ്രയോജനമുണ്ടാകും. ഭക്തിയോടുകൂടെ അപ്ര കാരം ചെയ്യുന്നവൻ അത്യന്തം ശുചിയായും ശിവജ്ഞാനിയായും, ഭക്തി ക്കും, മുക്തിക്കും ഇരിപ്പിടമായും ഭവിക്കുന്നു.

ഗംഗാ, യമുനാ, സരസ്വതി, നർമ്മദാ, ഗോദാവരി മുതലായ നദികൾ പാപവിനാശിനികളായി തീർന്നിട്ടുള്ളതു് പരമശിവസംഗമംകൊണ്ടാക യാൽ സർവതീർത്ഥമയമായിരിക്കുന്ന ശിവസ്നാനോദകത്തെസേവിക്കുന്നവർ സകല മഹാപാപങ്ങളിൽനിന്നും തൽക്ഷണംതന്നെവിമുക്തന്മാരായിത്തീ രുന്നതാണ്. അതുകൊണ്ടു സ്നാനോദകത്തെയും നിർമ്മാല്യത്തേയും പ്രയത്ന പ്പെട്ടെങ്കിലും പാനംചെയ്കയും ധരിക്കുകയും ചെയ്യേണ്ടതാണ്. അങ്ങനെ ചെയ്യുന്നവരെ മനോവാക്കായജങ്ങളായിരിക്കുന്ന യാതൊരു പാത കങ്ങളും പിന്നെ തീണ്ടുകപോലും ചെയ്യുന്നതല്ല. സോമവാരകര ത്തുന്നാളിൽ പകൽ ഒരിക്കൽമാത്രം ഊണുകഴിച്ച് വ്രതം അനുഷ്ഠിക്കുന്നതു് ശ്രേഷ്ഠവും, രാത്രിയിൽമാത്രം ഒരുനേരം ഊണുകഴിച്ചു വ്രതം അനുഷ്ഠിക്കുന്ന തു് അതിലും ശ്രേഷ്ഠവും ഉപവസിച്ചുകൊണ്ടു് വ്രതം അനുഷ്ഠിക്കുന്നതു് അ തിലും ശ്രേഷ്ഠവും ഊണും ഉറക്കവുമുപേക്ഷിച്ച് വ്രതാനുഷ്ഠാനം ചെയ്യുന്ന തു് അതിലും ശ്രേഷ്ഠവും ഊണും ഉറക്കവുമുപേക്ഷിച്ചും നാലുയാമത്തിലും ഒന്നുപോലെ ശിവപൂജചെയ്തും വ്രതം അനുഷ്ഠിക്കുന്നതു് ഇവയെല്ലാററിലും ശ്രേഷ്ഠവുമാണ്. സോമവാരവ്രതം അനുഷ്ഠിക്കേണ്ട ക്രമം മേൽപ്രകാരം അ ഞ്ചുവിധത്തിലാകുന്നു. ഈ അഞ്ചിൽ ഏതുവേണമെങ്കിലും ശക്തിക്കനുസ രിച്ച് എടുക്കാം. ഓരോരോ കാമപൂർത്തിക്കുവേണ്ടി തുടങ്ങുന്ന സോമവാരവ്ര തം ഒന്നോ, രണ്ടോ, മൂന്നോ പന്ത്രണ്ടോ വർഷമോ അല്ലെങ്കിൽ ജീവാവസാ

നംവരെയുമൊ ഇഷ്ടംപോലെ സങ്കല്പാനുസരണം അനുഷ്ഠിക്കാം. ജീവാവസാനംവരെ സോമവാരവ്രതം അനുഷ്ഠിക്കുന്നവൻ ഉദ്യാപനക്രിയ ചെയ്യണമെന്നില്ല. അവന്ന് നിശ്ചയമായും കാമ്യപൂർത്തിയുണ്ടാകും. കാലസങ്കല്പത്തോടുകൂടെ വ്രതം അനുഷ്ഠിക്കുന്നവർ സങ്കല്പിതകാലാവസാനത്തിൽ ഉദ്യാപനക്രിയയെ ചെയ്യണം. അതിനുള്ള വിധിയും പറയാം കേട്ടുകൊള്ളുവിൻ.

വ്രതാവസാനത്തിൽ, മൂന്നുകണ്ണുകളോടും, വരദാഭയമൃഗപരശ്ശുശോഭിതങ്ങളായ നാലുകൈകളോടും, ചന്ദ്രരേഖാവതംസമായ ഉത്തമാംഗത്തോടും കൂടിയ പരമശിവന്റെയും കൽഹാരാംബുജശോഭിതമായ പാണിയുഗങ്ങളോടുകൂടിയ പാർവ്വതിയുടെയും പരിപാവനങ്ങളായ പ്രതിമകളെ വെള്ളികൊണ്ടു നിർമ്മിക്കണം. മുപ്പതുനിഷ്കംവെള്ളികൊണ്ടു നിർമ്മിക്കുന്ന മേൽപ്രകാരമുള്ള പ്രതിമകൾ ഉത്തമവും ഇരുപതുനിഷ്കം കൊണ്ടു നിർമ്മിക്കുന്നതു മദ്ധ്യമവും പത്തുനിഷ്കംകൊണ്ടു നിർമ്മിക്കുന്നതു അധമവുമാണ്. ഉത്തമമദ്ധ്യമാധമപ്രതിമകളിൽ ശക്ത്യാനുസരണം ഏതുകൊണ്ടും ഉദ്യാപനക്രിയതുടങ്ങാം.

ഉദ്യാപനക്രിയ തുടങ്ങുന്നതിന്റെ തലേദിവസം ഒരുനേരം മാത്രമെ ഊണുകഴിക്കാവു. ഉദ്യാപനകർമ്മം തുടങ്ങുന്ന വ്രതി പഞ്ചേന്ദ്രിയങ്ങളെ ഒതുക്കി സോമവാരവ്രതത്തുനാളിൽ ആഹാരം ഉപേക്ഷിച്ചു പരിശുദ്ധനായി ഒൻപതുവിരലളവുനീളത്തിൽ പതിനാറുതൂണുകളോടു കൂടിയതായ ഒരു മണ്ഡപം തീർത്തു് അതിനു നാലുദ്വാരവുമുണ്ടാക്കി മണ്ഡപമദ്ധ്യത്തിൽ ദർപ്പണോദരസന്നിഭമായിരിക്കുന്ന വേദികയും നിർമ്മിച്ചു തോരണാദികളെ കൊണ്ടു മണ്ഡപത്തെ അലംകരിച്ചു് കിഴക്കേ ദിക്കിലെങ്കിലും ഈശാനകോണിലെങ്കിലും വൃത്താകൃതിയിലൊ ചതുരശ്രാകാരത്തിലൊ ലക്ഷണയുക്തവും മൂന്നുമേഖലകളോടു കൂടിയതുമായ ഒരു കുണ്ഡമുണ്ടാക്കണം. അതിന്റെ ശേഷം കുളിയും നിത്യകർമ്മങ്ങളുമെല്ലാം സാധിച്ചു് പുരാണപാരായണം കൊണ്ടു ശേഷമുള്ള പകൽമുഴുവൻ കഴിച്ചുകൂട്ടണം. രാത്രിയിൽ യാമം തോറും ശിവാർച്ചന ചെയ്കയും മുൻപറഞ്ഞ വേദികയിൽ പീഠം വച്ചു് അതിൽ സ്ഥാപിച്ചിട്ടുള്ള ലിംഗത്തിലെങ്കിലും ഗംഗാജലംനിറച്ചുവച്ചിട്ടുള്ള കുടത്തിലെങ്കിലും പ്രതിമയിലെങ്കിലും പാർവതീപരമേശ്വരന്മാരെ ആവാഹിച്ചു് ഭക്തിയോടുകൂടെ പൂജിക്കുകയും ചെയ്യണം.

മുൻപിൽ ഉദ്യാപനകർമ്മത്തിനായി ഉണ്ടാക്കണമെന്നു പറഞ്ഞിട്ടുള്ള വെള്ളിപ്രതിമകളെ ഇതിന്റെ അടുക്കൽവച്ചു് അതിനേയുംകൂടി പൂജിക്കണം. ആദ്യം പഞ്ചഗവ്യംകൊണ്ടും അനന്തരം പഞ്ചാമൃതംകൊണ്ടും അഭിഷേകംചെയ്തിട്ടുവേണം ചന്ദനപുഷ്പാദികളെക്കൊണ്ടു് മുൻപേപറഞ്ഞതുപോലെ പൂജിക്കാൻ. നാലുയാമത്തിലുമുള്ള പൂജാവസാനസമയങ്ങളിൽ ഹോമിക്കയും ചെയ്യണം. സ്വഗൃഹ്യസൂത്രോക്തമായിരിക്കുന്ന വർത്മാവുകൊണ്ടു് അഗ്ന്യാധാനാദികമായിരിക്കുന്ന സർവത്തേയും നിർമ്മിച്ചിട്ടു് വഹ്നിഹൃദയത്തിങ്കലുള്ള ഭാവനാസങ്കല്പിതമായ ആസനത്തിൽ സാംബനെ ആവാഹിച്ചിട്ടു ഗന്ധാദികളെക്കൊണ്ടു പൂജിച്ചിട്ടു് ത്രിയംബകമന്ത്രവും, ഗൌരീമിമാം"

എന്നുള്ള ഋക്കം നൂററെട്ടു് ഉരുവീതം ജപിച്ചു് പരമശിവനെ മനസ്സുകൊണ്ടു ധ്യാനിച്ചു് ഹോമിക്കണം. ഒന്നാമത്തെ യാമത്തിൽ നെയ്കൊണ്ടും രണ്ടാമത്തെ യാമത്തിൽ ശക്കരകൊണ്ടും മൂന്നാമത്തെ യാമത്തിൽ എണ്ണകൊണ്ടും നാലാമത്തെ യാമത്തിൽ പായസംകൊണ്ടും ആകുന്നഹോമിക്കേണ്ടതു്. ഇങ്ങനെ നാലുയാമത്തിലുംപൂജാവസാന കാലങ്ങളിൽഹോമംചെയ്തതിന്റെ ശേഷം അടുത്തദിവസം പ്രഭാതത്തിൽ കുളിച്ചു് നിത്യകർമ്മം നടത്തി ശിവപൂജയും ചെയ്തു മുൻപറഞ്ഞ മന്ത്രങ്ങളും ജപിച്ചു് അന്നവും ആജ്യവും ഉപയോഗിച്ചു് വീണ്ടും ഹോമിച്ചു സമപ്പിക്കണം ഉദ്യാപനക്രിയയെ ശ്രോത്രിയനും വിദ്വാനും ശാന്തനും ശിവശാസ്ത്രവിശാരദനും ആയ ബ്രാഹ്മണനെ ഗുരുവാക്കിവരിച്ചു് അവന്റെ അനുജ്ഞപ്രകാരം വേണം ഏതൊരുവ്രതിയും അനുഷ്ഠിക്കേണ്ടതു്. കൂടാതെ നിറയെ പാലൊഴിച്ചു് വെള്ളവസ്ത്രങ്ങൾ കൊണ്ടു മൂടികെട്ടിയപതിമൂന്നുകുടങ്ങളെ അതിൽ ഓരോകുടങ്ങളുടെയും മുകളിൽ നെയ്യു്, ശക്കര, പക്വങ്ങൾ, മററുഭക്ഷ്യപദാത്ഥങ്ങൾ മുതലായവ കൊണ്ടു പൂണ്ണങ്ങളാക്കിയ ഓരോ വംശപാത്രങ്ങൾ വച്ചു് ശിവഭക്തന്മാരും തലേദിവസം തിങ്കളാഴ്ചവ്രതം നോററു പട്ടിണി കിടന്നവരുമായ ബ്രാഹ്മണരെ സുഗന്ധപുഷ്പവസ്ത്രാദികളെ കൊണ്ടു പൂജിച്ചിട്ടു് അവക്കു കൊടുക്കണം. അനന്തരം പതിമൂന്നു പശുക്കളെയും ദാനം ചെയ്യണം. കുട, ചെരുപ്പു്, വടി, ജലപാത്രങ്ങൾ മുതലായതുകളെ എത്രമാത്രം ദാനം ചെയ്യാൻ കഴിയുമൊ അത്രമാത്രം ദാനം ചെയ്യണം.

അതിന്റെ ശേഷം ഗുരുഭൂതനു് ഉന്നതമായ ആസനംനൾകി അതിലിരുത്തി ഗന്ധപുഷ്പാദികളെക്കൊണ്ടും വസ്ത്രാഭരണാദികൾകൊണ്ടും വഴിപോലെ അദ്ദേഹത്തെ പൂജിക്കണം. ശിവവ്രതജ്ഞാനോപദേശംകൊണ്ടു് അപാരമായ സംസാരസമുദ്രത്തിൽനിന്നും നമ്മെ ഉദ്ധരിക്കുന്ന ഗുരുഭൂതനു് മാതാപിതാക്കന്മാർപോലും തുല്യമല്ല. ഗുരുനാഥനെ പൂജിച്ചാൽ പരമശിവപ്രസാദമുണ്ടാകും, ഗുരുവും ശിവനും രണ്ടല്ല. പരമശിവനെ പാവ്വതീസമേതം പൂജിച്ചാലുണ്ടാകുന്ന ഫലം ഗുരുവിനെ പൂജിച്ചാലും ഉണ്ടാകും. സോമവാരത്തുന്നാളിൽ രാത്രിയിൽ രണ്ടാം യാമത്തിൽ ദമ്പതീപൂജയും ചെയ്യണം. ദമ്പതീപൂജ ചെയ്യേണ്ട ക്രമവുംപറയാം.

വെള്ളികൊണ്ടുണ്ടാക്കീട്ടുള്ളതായ പരമേശ്വരീപരമേശ്വരന്മാരുടെപ്രതിമകൾ സാക്ഷാൽ പാവ്വതീപരമേശ്വരന്മാർ ആണു് എന്നു സങ്കല്പിച്ചുംകൊണ്ടു് അഭിഷേകം നടത്തി വസ്ത്രങ്ങൾ, ആഭരണങ്ങൾ, ഗന്ധങ്ങൾ മുതലായവ ചാത്തി വിവിധതരത്തിലുള്ള നൈവേദ്യവസ്തുക്കൾ, ധൂപദീപങ്ങൾ, സുഗന്ധകുസുമങ്ങൾ, താംബൂലങ്ങൾ വാസനാദ്രവ്യങ്ങൾ, മുതലായവകൊണ്ടു് പൂജിച്ചു് ഷോഡശോപചാരങ്ങളെ ചെയ്യണം.

ഇങ്ങനെ എല്ലാവിധത്തിലുള്ള പൂജകളും നടത്തിയതിന്റെ ശേഷം ഉദ്യാപനക്രിയയ്ക്കായി സ്ഥാപിച്ചിട്ടുള്ള ഷോഡശസ്തംഭമണ്ഡപത്തിൽ പ്രതിഷ്ഠിച്ചിട്ടുള്ള പരമേശ്വരീ പരമേശ്വരന്മാരുടെ പ്രതിമയെ വീണ്ടും അഭി

ഷേകിച്ചു പൂജിച്ചു് ദക്ഷിണയോടും വസ്ത്രങ്ങളോടുംകൂടെ ഉദ്യാപനക്രിയ നടത്തിയ ഗുരുഭൂതന്നു് ശിവപ്രീതിയ്ക്കുവേണ്ടി ദാനംചെയ്യണം. കൂടാതെ അനവധി സ്വർണ്ണാഭരണങ്ങളും, വസ്ത്രങ്ങളുംമററു ദ്രവ്യങ്ങളും, കേദാരങ്ങളും, ഗ്രാമങ്ങൾ, നഗരങ്ങൾ മുതലായവയും ദാസദാസീനികരങ്ങളും രഥാശ്വഗന്ധികളും എന്നുവേണ്ട എന്തെല്ലാം കൊടുക്കാൻ ഒരുത്തന്നു ശക്തിയുണ്ടോ അതെല്ലാം ഗുരുഭൂതന്നു കൊടുക്കണം. വിശേഷിച്ചും വളരെ പാലുള്ളതുംകുടം പോലെയുള്ള മുലകളോടും കൂടിയതും അവയവങ്ങൾക്കൊന്നിനും കേടുപാടുകളോ അഭംഗിയോ കൂടാത്തതുംശിവഗുണമുള്ളതുമായകപിലപ്പശുവിന്റെനാലുകുളമ്പിലുംവെള്ളിയുംകൊമ്പുരണ്ടിലുംകനകവുംകെട്ടിച്ചു് മുത്തുകൊണ്ടു് വാലും മററും അലങ്കരിച്ചു് പശുക്കുട്ടിയോടും കെട്ടിക്കറക്കുന്നതിനുള്ള ചങ്ങലയോടും പാത്രത്തോടുംകൂടെ ദാനംചെയ്യണം. ഗുരുവിന്നു് യഥാശക്തി ധാന്യദാനവും ദീപദാനവും ചെയ്യണം. ചെയ്യപ്പെട്ട നിയമങ്ങൾ ഓരോന്നിന്റെയും ഫലപ്രാപ്തിയ്ക്കുവേണ്ടി ഓരോദാനങ്ങളെ ചെയ്യണമെന്നാണ വിധി. പഞ്ചാമൃതനിയമത്തിന്റെ ഫലപ്രാപ്തിക്കുവേണ്ടി ഗോദാനവും, പുഷ്പനിയമത്തിന്റെ ഫലലാഭത്തിനായി സ്വർണ്ണപുഷ്പപ്രദാനവും, ചെയ്യണം ധാന്യങ്ങൾകൊണ്ടുചെയ്ത ശിവലിംഗപൂരണത്തിന്റെ ഫലപ്രാപ്തി ധാന്യദാനവും ഘൃതകംബളപൂജയുടെ ഫലപ്രാപ്തി ഘൃതദീപദാനവും കൊണ്ടാണുണ്ടാകേണ്ടതു്. വിശേഷിച്ചും ഗോദാനവും സ്വർണ്ണദാനവും എല്ലാ നിയമങ്ങൾക്കും ഫലപ്രാപ്തി നൽകുന്നതാണു്. വ്രതത്തിന്റെ ഫലസിദ്ധിയെ കാംക്ഷിക്കുന്ന ഏതൊരുത്തനും യഥാശക്തി സ്വർണ്ണദാനവും ഗോദാനവും ചെയ്യേണ്ടതാണു്. ഇങ്ങനെ വിത്തശക്തിയ്ക്കനുസരണമായി ഉദ്യാപനക്രിയ നടത്തണം. ഉദ്യാപനക്രിയ ചെയ്യാതെ വ്രതാനുഷ്ഠാനത്തിന്നു് ഒരിക്കലും ഫലസിദ്ധിയുണ്ടാകുന്നതല്ല. മരണകാലംവരെയും വിടാതെ സോമവാരവ്രതത്തെ അനുഷ്ഠിച്ചുപോന്നാൽ ഉദ്യാപനക്രിയ ചെയ്യേണ്ടതില്ല. അതുകൊണ്ടു് ശരീരപാതപര്യന്തം വ്രതം അനുഷ്ഠിക്കുന്നതാണു് വളരെ ഉത്തമമായിട്ടുള്ളതു്. യമങ്ങളോടുകൂടിയവനായ നിയമി മേൽപ്രകാരം വ്രതോദ്യാപനക്രിയയെ സമാപിപ്പിച്ചിട്ടു് ബന്ധുക്കളോടും ദ്വിജന്മാരോടുംകൂടെ പാരണവീടണം. ഇങ്ങനെ വിധിപ്രകാരമെല്ലാം അനുഷ്ഠിക്കുന്നവൻ സർവലോകപൂജിതനായി സാർവ്വഭൌമനായി അനേകകാലം ഭൂമിയിൽനിവസിച്ചു് ഭൂലോകസൌഖ്യങ്ങളെ അനുഭവിക്കയും, അതിൽപിന്നെ ദേവലോകഗതനായി സർവാംഗസുന്ദരിമാരായ ഉർവ്വശ്യാദി സ്വർവ്വധൂരത്നങ്ങളുമൊന്നിച്ചു് സർവ്വസംഭോഗസൌഖ്യങ്ങളും ഭുജിച്ചു് അനേകായിരംകോടി കല്പകാലംവരെയും സ്വർല്ലോകമന്ദിരങ്ങളിൽ വസിക്കയും ചെയ്തിട്ടു് ഒടുവിൽ സർവ്വജ്ഞസായൂജ്യത്തെ പ്രാപിക്കും. മഹാവിഷ്ണുവും ബ്രഹ്മാവും, ദേവദാനവഗന്ധർവ്വപിശാചോരഗരാക്ഷസന്മാരും, മുനികളും, സ്വായംഭുവമുഖന്മാരായ മനുക്കളും, സിദ്ധന്മാരും, അസ്തികന്മാരും, ധർമ്മതല്പരന്മാരായ മററനവധി മാനവന്മാരും, വിധിപ്രകാരം സോമവാരവ്രതമനുഷ്ഠിച്ചു്, ധർമ്മാർത്ഥകാമമോക്ഷങ്ങളാകുന്ന ചതുർവ്വിധപുരുഷാർത്ഥങ്ങളെയും സാധിച്ചിട്ടുള്ളതായി ഞാൻ കേട്ടിട്ടുണ്ടു്. ദുഷ്ടചിത്തന്മാർക്കും, ശ്രു

ധാപിംഹിനന്മാൎക്കും, ശാസ്ത്രധൎമ്മവിദ്വേഷികൾക്കും, പരിഹാസശീലന്മാൎക്കും, ദേവന്മാരെയും ബ്രാഹ്മണരേയും, ദേവകളേയും, ഗുരുക്കന്മാരെയും, പശുക്കളേയും, സാധ്വീജനങ്ങളേയും അഗ്നിയേയും, തീൎത്ഥസ്ഥലങ്ങളേയും, പുണ്യക്ഷേത്രങ്ങളേയും നിന്ദിക്കുന്നവൎക്കും, ഒരുകാലത്തും സോമവാരവ്രതധൎമ്മങ്ങളെ ഉപദേശിച്ചു കൊടുക്കരുത്. സോമവാരവ്രതം ഒന്നുകൊണ്ടും ഒരിക്കലും ഉപേക്ഷിക്കത്തക്കതല്ലെന്നുള്ള വിചാരത്തോടുകൂടെ വ്രതം അനുഷ്ഠിക്കുന്നവരാണ് പുണ്യശാലികൾ. അത്യന്തദുൎല്ലഭമായ സോമവാരവ്രതത്തെ ഉപേക്ഷിക്കുന്നതു മഹാപാപമാണ്. ഗുരൂപദേശം കൂടാതെ വ്രതം അനുഷ്ഠിച്ചാലും പാപമുണ്ടാകും. യാതൊന്നിലും ഗുരുവിനെ കൂടാതെ സംശയനിവൃത്തിവരുന്നതല്ലല്ലോ. സംശയത്തോടുകൂടെ ആചരിക്കുന്ന വ്രതാദികൎമ്മങ്ങൾക്ക് ഒരിക്കലും ഫലസിദ്ധിയുണ്ടാകുന്നതുമല്ല. അതുകൊണ്ടാണ് ഗുരുസാന്നിദ്ധ്യത്തോടുകൂടെ വ്രതമനുഷ്ഠിക്കണമെന്നും, അല്ലെങ്കിൽ വ്രതഭംഗവും തന്മൂലം ദോഷവും ഉണ്ടാകുമെന്നും പറഞ്ഞതു്.

അല്ലയോ മഹൎഷിമാരെ! ഇനി നിങ്ങളെ ചുരുക്കമായി വ്രതമാഹാത്മ്യവും കേൾപ്പിക്കാം. സ്ത്രീകളായിരുന്നാലും പുരുഷന്മാരായിരുന്നാലും സോമവാരവ്രതം അനുഷ്ഠിക്കുന്നവൎക്ക് ഒരിക്കലും ദാരിദ്ര്യമാകട്ടെ, രോഗമാകട്ടെ, ശോകമോഹങ്ങളാകട്ടെ സന്തതിവിച്ഛേദമാകട്ടെ ഉണ്ടാകയില്ലെന്നുമാത്രമല്ല അതീതജന്മങ്ങളിൽപോലും അവർചെയ്തിട്ടുള്ള പാപങ്ങൾ എല്ലാം ഒന്നോടെ നശിക്കുകയും, മേൽക്കുമേൽ അവൎക്ക് ആയുരാരോഗ്യാഭിവൃദ്ധിയും, പ്രതാപാധിക്യവും സൌഭാഗ്യസമ്പൽസമൃദ്ധിയും ഉണ്ടാകുകയും ചെയ്യും. കൂടാതെ അവർ അവരുടെകുലകോടിയേയുംകൂടി ഇഹലോകത്തിൽനിന്നു ഉദ്ധരിച്ചു കൊണ്ടുപോകയും, അവസാനത്തിൽ സോമവാരവ്രതവൈഭവംകൊണ്ടു അവരും സോമചൂഡലോകവാസികളായി തീരുകയും ചെയ്യുന്നു.

ഇപ്രകാരമുള്ള സോമവാരവ്രതമാഹാത്മ്യത്തെ ഭക്തിയോടുകൂടെ പഠിക്കുകയും, പഠിപ്പിക്കുകയും, കേൾക്കുകയും ചെയ്യുന്നവർ എല്ലാം മഹാദേവദാസന്മാരായിത്തീരുന്നതാണ്. സോമവാരവ്രതം അനുഷ്ഠിക്കുന്നവരെ കാണുന്നവൎക്കും അവരുടെ കഥകളെപ്പററി കേൾക്കുന്നവൎക്കും വ്രതം അനുഷ്ഠിക്കാൻ ഉത്സാഹിപ്പിക്കുന്നവൎക്കുംകൂടി സ്വൎഗ്ഗലോകാനുഭവസൌഭാഗ്യം സിദ്ധിക്കും. അല്ലയോ മഹൎഷിമാരെ ഇപ്രകാരമെല്ലാമാണ്, സോമവാരവ്രതോദ്യാപനവിധിയും തന്മാഹാത്മ്യവും.

൨൦-ാം അദ്ധ്യായം

സോമവാരവ്രതോദ്യാപനവിധി

സമാപ്തം.

# ഹാലാസ്യമാഹാത്മ്യം.

## കേരളഭാഷാഗദ്യം

## ൧൫-ാം അദ്ധ്യായം.

### മേരുവിനെതാഡിച്ച് കാഞ്ചനം അപഹരിച്ച പതിനഞ്ചാം ലീല.

അല്ലയോ വസിഷ്ഠാദിമഹർഷികളെ! ഇനിയും നിങ്ങൾ കഥാവശേഷത്തെ കേട്ടുകൊള്ളുവിൻ. ഉഗ്രപാണ്ഡ്യൻ മേരുവിനെ താഡിച്ച കാഞ്ചനം ഹരിച്ച അത്യത്ഭുതമായ ലീലയെ പറയാം. സദാശിവനായ സുന്ദരേശ്വരപാണ്ഡ്യന്റെ പുത്രൻ ഉഗ്രപാണ്ഡ്യൻ എന്റെ ഉപദേശംഅനുസരിച്ച് സോമസുന്ദര സന്നിധിയിങ്കൽ വിധിപ്രകാരം സോമവാരവ്രതത്തെ അനുഷ്ഠിച്ചുതുടങ്ങുകയാൽ വ്രതപ്രാഭവം കൊണ്ട് പരമശിവന്റെ ശ്രീമച്ചരണപങ്കജങ്ങളിൽ അദ്ദേഹത്തിനു ഉത്തമവും നിശ്ചലവുമായ ഭക്തിവർദ്ധിച്ചു. തന്മൂലം പ്രസന്ന മാനസനായ സുന്ദരേശ്വരന്റെ കാരുണ്യവിലാസംകൊണ്ട് ദേവേന്ദ്രനു ഇന്ദ്രാണിയിൽ ജയന്തൻഎന്നപോലെ പട്ടമഹിഷിയായ കാന്തിമതിയിൽ അദ്ദേഹത്തിനു സൽഗുണാന്വിതനും, തേജോനിധിയും വീരപാണ്ഡ്യൻ എന്ന പ്രഖ്യാതനാമത്തോടുകൂടിയവനുമായ ഒരു പുത്രൻ ജാതനായി. പട്ടമഹിഷിയായ കാന്തിമതിക്കു രണ്ടുപ്രകാരത്തിലും വീരമാതാവെന്നുള്ള നാമധേയം അന്വർത്ഥവും ആയി. പിതാവായ ഉഗ്രപാണ്ഡ്യൻ ശുക്ലപക്ഷത്തിലെ ചന്ദ്രകലപോലെ ക്രമേണ അഭിവൃദ്ധിയോടും തേജോവിശേഷങ്ങളോടുംകൂടെ വളൎന്നു തുടങ്ങിയ കുമാരനെ യഥാകാലം ഉപനയിപ്പിച്ചു. വിദ്യാഭ്യാസത്തിനായി വേദവേദാംഗവിജ്ഞാനിയും സർവശാസ്ത്രപുരാണേതിഹാസമൎമ്മജ്ഞനുമായ ഗുരുഭൂതന്റെ അടുക്കൽ ആക്കി വീരപാണ്ഡ്യൻ കാലതാമസമെന്യെ സകലകലാവിദ്യകളിലും ഒന്നുപോലെ നിപുണനും യൌവ്വനയുക്തനും ആയിത്തീൎന്നു.

യൌവ്വനാരംഭത്തോടുകൂടെ വീൎയ്യശൌൎയ്യപരാക്രമങ്ങൾക്കു കുത്തരംഗമായിത്തീൎന്ന വീരപാണ്ഡ്യകുമാരനു സുന്ദരേശ്വര പാദപത്മങ്ങളിൽ അതിരററ ഭക്തിയും വർദ്ധിച്ചു. അദ്ദേഹത്തിന്റെ ഭക്തിവൈഭവത്തെപ്പററി പറയുന്നതിനു രാപ്പകലും ഒഴിവുകൂടാതെ സാക്ഷാൽ അനന്തൻതന്നെ അനേകായിരംദിവസം ശ്രമിച്ചാലും സാധിക്കുകയില്ല. ദേവാസുരാദികൾക്കുപോലും വേണ്ടപ്പെട്ട വിഭൂതികളെ ദാനംചെയ്യുന്ന ഹാലാസ്യനാഥന്റെ പത്മാംഘ്രികളിൽ ദേഹികൾക്കു ഭക്തിവർദ്ധിക്കുന്നതു അസാധാരണയാണു്. അനവധിജന്മങ്ങളിൽച്ചെയ്ത അവസാനമില്ലാത്ത പുണ്യകൎമ്മങ്ങളുടെ അമിതപ്രാഭവംകൊണ്ടുമാത്രമെ ഹാലാസ്യനാഥനിൽ ആൎക്കും ഭക്തിയു

ണ്ടാകും. സുന്ദരേശ്വരനിൽ ഒരുത്തനു ഭക്തിയുണ്ടായാൽപിന്നെ അവനു ദുഷ്പ്രാപമായി ലോകത്തിൽ യാതൊന്നുംതന്നെയില്ല. ഉടൻതന്നെ അവനു സൎവ്വസമ്പത്തുകളും സാമ്രാജ്യാധിപത്യവും മററാഗ്രഹിക്കുന്ന സൎവൈശ്വൎയ്യസുഖഭോഗസിദ്ധികളും ലഭിക്കുമെന്നുമാത്രമല്ല, അവസാനത്തിൽ ഇന്ദ്രത്വമോ ബ്രഹ്മപദവിയൊ വിഷ്ണുത്വമോ ശിവന്റെ സാലോക്യസാമീപ്യസാരൂപ്യസായൂജ്യങ്ങളിൽ ഏതൊന്നിനെ അവൻ ആഗ്രഹിക്കുന്നുവൊ അതുംഅനായാസേന നിശ്ചയമായും ലഭിക്കുന്നതാണ്. ശുഭാശുഭങ്ങളായിരിക്കുന്നസകലകൎമ്മങ്ങളേയും വിറകിനെ അഗ്നിഎന്നപോലെ നശിപ്പിച്ച്, പ്രപഞ്ചബന്ധത്തെ ഒഴിക്കുന്നതിന്, സുന്ദരേശ്വരഭക്തിക്കു സമം മററു യാതൊന്നുംതന്നെയില്ല. മ്ലേച്ഛനായിരുന്നാലും സുന്ദരേശ്വരഭക്തിയോടുകൂടിയവൻ മുക്തനാകുമെന്നുള്ളതിന് യാതൊരുസംശയവുമില്ല. സുന്ദരേശ്വരഭക്തന്മാരുടെ മഹാരോഗങ്ങൾ എല്ലാം കാററത്തുപഞ്ഞിയെന്നപോലെപറന്നുപോകും. നീൎക്കുമളയ്ക്കുസമാനമായ ശരീരത്തിൽ കാററുപോലെ അകപ്പെട്ടുകിടന്ന ജീവനിൽ പററിച്ചേൎന്നുകിടക്കുന്നതായ മഹാപാപപാശങ്ങളെ അറുക്കുന്നതിലേക്കുള്ള കണ്ടകോടാലി സുന്ദരേശ്വരഭക്തിയാണ്. ആദിമദ്ധ്യാന്തജ്ജീവനംജീവൻമുക്തിപുരാധിപനുമായ പരമേശ്വരനെ ഒരുനേരം അൎച്ചിച്ചാലുണ്ടാകുന്ന ഫലം അഗ്നിഷ്ടോമാദികളായ മഹായജ്ഞങ്ങൾ ചെയ്താൽപോലും ഉണ്ടാകുന്നില്ല. സദാ ഘോരപാപങ്ങളെ ചെയ്യുന്നവനായിരുന്നാലും അവൻ പരമേശ്വരഭക്തനാണെങ്കിൽ പാപഫലങ്ങളൊന്നും അവനെ തീണ്ടുകപോലുംചെയ്യുന്നതല്ല. ഘോരതരങ്ങളായ ദുഷ്കൃത്യങ്ങളെ ചെയ്തിട്ടുള്ള അനവധിആളുകൾപരമശിവങ്കലുള്ള ഭക്തിലേശംകൊണ്ടുമാത്രംമുക്തന്മാരായിത്തീൎന്നിട്ടുള്ളതിനെ വിചാരിക്കുമ്പോൾ അദ്ദേഹത്തിങ്കൽ അത്യന്തഭക്തിയോടുകൂടിയമഹാത്മാക്കൾ സംസാരബന്ധവിമോചിതന്മാരായി ഭവിക്കുമെന്നുള്ളതിന് വല്ല സംശയവുമുണ്ടോ? അശ്വമേധാധികമായ അപവൎഗ്ഗഫലം ശിവാൎച്ചനകൊണ്ടുണ്ടാകുമെന്നുള്ളപ്പോൾ സുകരമായ ശിവാൎച്ചനകൎമ്മത്തെ ഉപേക്ഷിച്ചുംവെച്ച് പ്രയത്നസാദ്ധ്യമായ അശ്വമേധാദിയാഗകൎമ്മങ്ങൾക്കായി ഒരുങ്ങുന്നത് ബുദ്ധിഹീനതതന്നെ. കുരുക്ഷേത്രനൈമിശാരണ്യങ്ങളിലും, പ്രഭാസതീൎത്ഥം ഗംഗാസാഗരസംഗമസ്ഥലം, രുദ്രകോടി, ഗയാ, സാളഗ്രാമപുരം, പുഷ്കരതീൎത്ഥം, ഭാരഭൂതീശം ഗോകൎണ്ണം; മണ്ഡലേശ്വരം, കാശി, ശ്രീപൎവ്വതക്ഷേത്രം, വ്യാഘ്രപുരം, ദക്ഷിണകൈലാസം മുതലായ പുണ്യതീൎത്ഥസ്ഥലങ്ങളിലും ഇടവിടാതെ താമസിച്ചു സേവിച്ചാലുണ്ടാകുന്നഫലം ഹാലാസ്യത്തിൽഒരുദിവസം താമസിച്ചു സുന്ദരേശ്വരനെ ഭജിച്ചാലുണ്ടാകും. ഇതിനു യാതൊരു സംശയവുമില്ല. അല്ലയോ മുനിപുംഗവന്മാരേ! ഇതു സത്യപരായണനായ ഗുഹന്റെ ഉപദേശമാണ്. അത് ഒരിക്കലും ഫലമില്ലാത്തതായൊ കളവായൊ വന്നു പോകാൻ ഇടയില്ലല്ലൊ. അതുകൊണ്ട്, ഹാലാസ്യനാഥനെ പൂജിക്കുന്നതിനേക്കാൾ വലുതായ ഒരുപുണ്യവും ഭുവനത്രയത്തിൽ ചെയ്വാനില്ലെന്നുള്ള വിചാരത്തോടുകൂടെ യഥാശക്തി ഏതൊരുത്തൻ ഹാലാസ്യനാഥനെ പൂജിക്കുന്നുവോ അവന് ഉടൻതന്നെ സൎവ്വതീൎത്ഥ

ങ്ങളുമാടി സർവക്ഷേത്രങ്ങളിലും ദർശനംചെയ്ത ഫലം ഉണ്ടാകും. എന്തു കൊണ്ടെന്നാൽ സർവതീർത്ഥങ്ങളും, സർവപുണ്യസ്ഥലങ്ങളും, സർവനദികളും, സർവോത്തമമായ സുന്ദരലിംഗത്തിൽത്തന്നെ സർവകാലവും വസിക്കുന്നതു കൊണ്ടാകുന്നു. സർവജ്ഞലിംഗാർച്ചനം ചെയ്യുന്നവന്ന് സർവപുണ്യസ്ഥലവാസവും സർവതീർത്ഥസ്നാനവും ചെയ്തവക്കുണ്ടാകുന്ന പുണ്യമുണ്ടാകുമെന്നു മാത്രമല്ല, സർവയജ്ഞവുംചെയ്താലുള്ള ഫലവും കൂടിയുണ്ടാകുകയുംഇഹത്തിൽ ഇഷ്ടാനുസരണമുള്ള സുഖഭോഗങ്ങളോടുംകൂടെ ജീവിക്കുന്നതിനും, മരണാനന്തരം ശൈവസായൂജ്യം കിട്ടുന്നതിനു സംഗതിയാവുകയുംചെയ്യും. ചതുർദ്ദശി, അഷ്ടമി, പൌർണ്ണിമ, അമാവാസ്യ, വ്യതീപാതം, സോമസൂര്യഗ്രഹണങ്ങൾ, സംക്രാന്തിമുതലായ പുണ്യദിവസങ്ങളിൽ മഹേന്ദ്രാദിവന്ദ്യനായ പരമശിവനെ പൂജിച്ചാൽ വളരെവളരെക്കാലം സ്വർല്ലോകവാസംചെയ്ത് ഇന്ദ്രപദവികളെ അനുഭവിക്കാം. അവസാനത്തിൽ മോക്ഷവും കിട്ടും.

പാണ്ഡ്യരാജരത്നമായ ഉഗ്രപാണ്ഡ്യഭൂപാലൻ മേല്പറഞ്ഞപുണ്യവാസരങ്ങൾഒന്നു ഉപേക്ഷിക്കാതെ വ്രതമായി കൈക്കൊണ്ടു വിവിധപ്രകാരത്തിൽ പരമേശ്വരനെ പൂജിച്ചു പൂർണ്ണമനോരഥനും വിത്തേശതുല്യനും, വിജിതാരിസഞ്ചയനും, അർത്ഥിഗണങ്ങൾക്കു കല്പദ്രുമവുംആയി പുത്രനായ വീരപാണ്ഡ്യനോടുകൂടെ ക്ഷേമമാകുംവണ്ണം ഭൂപരിപാലനംചെയ്തു കീർത്തികൊണ്ടു ത്രിലോകങ്ങളെയും ഒന്നുപോലെ പാൽപ്പായമാക്കി ഇന്ദ്രതുല്യപ്രതാപിയായി അനേകകാലം സസുഖം മധുരാപുരത്തിൽ വാണു.

ഉഗ്രപാണ്ഡ്യൻ മേൽപ്രകാരം അതുലമായ കീർത്തിയോടും പ്രാഭവങ്ങളോടും ക്ഷേമത്തോടുംകൂടെ മഹീപാലനം നടത്തിവരുന്ന ഈ കാലത്തിൽ ഒരിക്കൽ പ്രാണികൾക്ക് അത്യന്തം ദാരുണമായതും ഈതിബാധകളിൽ പ്രധാനപ്പെട്ടതുമായ അനാവൃഷ്ടിദോഷം അദ്ദേഹത്തിന്റെ നാട്ടിൽ ഉണ്ടായി. മഴയില്ലാഞ്ഞതുമൂലം ജലാശയങ്ങളിൽ ഉണ്ടായിരുന്ന വെള്ളവും പററി. വൃക്ഷങ്ങളും സസ്യങ്ങളും ധാന്യങ്ങളും ഒന്നുപോലെ നശിച്ചു. മനുഷ്യരും പക്ഷിമൃഗാദികളും ക്ഷുൽതൃഡാദികൾ മൂലം ക്ഷയിച്ചുതുടങ്ങി.

ഉഗ്രപ്രതാപിയായ ഉഗ്രപാണ്ഡ്യൻ ഉടൻതന്നെ ദീർഘദാവലോകികളും കാര്യാകാര്യവിചക്ഷണന്മാരും ജ്യോതിശ്ശാസ്ത്രവിശാരദന്മാരുമായ അനവധി ദൈവജ്ഞബ്രാഹ്മണരെ അളയച്ചുവരുത്തി അനാവൃഷ്ടിക്കുള്ള കാരണമന്വേഷിപ്പിച്ചു. ആദിത്യൻതുടങ്ങിയുള്ള ഗ്രഹങ്ങൾഎല്ലാം വക്രഗതിയോടുകൂടെ ദുസ്ഥിതന്മാരായിനില്ക്കുന്നതുകൊണ്ടും വിശേഷിച്ചുംശുക്രന്റെമുമ്പിൽ ചൊവ്വാവക്രനായിനില്ക്കുന്നതിനാലുംആണ് ഇപ്പോൾ വർഷമില്ലാത്തതെന്നും ഒരു വർഷത്തോളവും ഗ്രഹങ്ങളുടെ ഈ ദുസ്ഥിതിമാറുന്നതല്ലെന്നും അതുവരെയും വർഷംഉണ്ടാകാൻ ന്യായമില്ലെന്നും അവർഐകകണ്ഠ്യേനഅഭിപ്രായപ്പെട്ടു. അനന്തരം അവർ യാത്രയുംചോദിച്ചു അന്യദേശങ്ങളിലേക്കുപോയി. ധാന്യങ്ങളും സസ്യങ്ങളുമെന്നല്ലഭക്ഷണത്തിനുപയുക്തങ്ങളായയാതൊരു സാധനങ്ങളും അവിടെ ഇല്ലാതെ ആവുകയാൽ ബ്രാഹ്മണരുംമററും അന്യദിക്കുക

ൾ തേടിപ്പോയതുകണ്ടു് അത്യന്തം ദുഃഖിതനായ ഉഗ്രപാണ്ഡ്യൻ മന്ത്രിപ്രധാനികളെവരുത്തി അവരോടിങ്ങനെപറഞ്ഞു.

അല്ലയോ മന്ത്രിസത്തമന്മാരെ! നാം എന്താണു് ചെയ്യേണ്ടതു്. ഇനിയും ഒരുവർഷത്തോളവും മഴയുണ്ടാവുകയില്ലന്നാണു് ദൈജ്ഞന്മാരുടെഅഭിപ്രായം. കുടിക്കാൻവെള്ളവും ഭക്ഷണത്തിനുവേണ്ടുന്ന മററുവകകളും ഇല്ലാത്തതുമൂലം ബ്രാഹ്മണരുംമററും നാടുവിട്ടുപോയിത്തുടങ്ങിയിരിക്കുന്നു. അന്തണദേവാദികളെ ധനങ്ങൾകൊണ്ടു് തൃപ്തിപ്പെടുത്തിയാൽ മഴയുണ്ടാകുമെന്നാണല്ലൊ പുരാണവിത്തുകളുടെ അഭിപ്രായം. എന്റെരാജ്യത്തിൽഒരിടത്തും അല്പംപോലും ധനധാന്യസസ്യാദികൾ ഇല്ലതാനും. അതുകൾക്കൂടാതെ യാഗം അനുഷ്ഠിച്ചു് ദേവബ്രാഹ്മണപ്രീതിവരുത്താൻ ഒക്കുകയും ഇല്ല. ദേവന്മാരും ബ്രാഹ്മണരും പ്രസാദിക്കാതെ ഈ അനാവൃഷ്ടിയാകുന്ന ഈതിബാധനീങ്ങുന്നതുംഅല്ല. ആകപ്പാടെ കുഴങ്ങി. കല്പകവൃക്ഷവും കല്പകവല്ലിയും ആയ മീനാക്ഷീസുന്ദരേശ്വരന്മാരുടെ അപാരകാരുണ്യനിലയങ്ങളായ കടാക്ഷാവലോകങ്ങളെ അല്ലാതെ ഞാൻ ഈകാര്യത്തിൽ ഒരു രക്ഷാസ്ഥാനത്തേയും കാണുന്നതും ഇല്ല. അവരുടെ അനുഗ്രഹംആൎക്കുണ്ടോഅവൎക്കൊരിക്കലും ശോകമുണ്ടാവുകയില്ലന്നുള്ളതു് സൎവ്വവിദിതമായ ഒരു കാൎയ്യമത്രെ. നേരേമറിച്ചാണു് നമുക്കിപ്പോൾ അനുഭവമായിരിക്കുന്നതു്. എന്തെങ്കിലും ഭഗവാനായ ഹാലാസ്യനാഥന്റെ നിശ്ചയംപോലെ അവസാനിക്കട്ടെ. അല്ലാതെ ഞാൻ ഒരുവഴിയും കാണുന്നില്ല എന്നുപറഞ്ഞു.

അനന്തരം അദ്ദേഹം അനാവൃഷ്ടിമൂലം തന്റെ രാജ്യത്തിനു് നേരിട്ടിട്ടുള്ള അതിഭയങ്കരങ്ങളായ സങ്കടങ്ങളെ വിചാരിച്ചു് അത്യന്തം പാരവശ്യത്തോടുകൂടെ, അല്ലയോ ഹാലാസ്യനാഥ! സുന്ദരേശ്വര! ഭഗവാനെ! അങ്ങുതന്നെ അനന്യശരണനായ എന്നേയും എന്റെപ്രജകളേയും ഈ അനാവൃഷ്ടിബാധയിൽനിന്നും രക്ഷിക്കണെ! എന്നിങ്ങനെ പ്രാൎത്ഥിക്കുകയും വിലപിയ്ക്കുകയും ചെയ്തുകൊണ്ടു് അത്യന്തം ദുഃഖിതനും വിചാരമഗ്നനും ആയി നിന്നസ്ഥലത്തുതന്നെ ഉരുണ്ടുവീണുകിടന്നു.

മേൽപ്രകാരം മോഹിച്ചുവീണ ഉഗ്രപാണ്ഡ്യന്റെ കണ്ണിൽ ഉറക്കം പിടിച്ചു. ഉടൻതന്നെ ഭക്താനുകമ്പിയും ഭൂതേശനും ആയ ഹാലാസ്യനാഥൻ സ്വപ്നത്തിൽ പ്രത്യക്ഷനായി, നിന്റെയും നിന്റെ പ്രജകളുടെയും രക്ഷക്കായി ഞാൻ ഒരു വഴിപറഞ്ഞുതരാം. അല്ലയൊ പ്രിയപ്പെട്ട രാജശ്രേഷ്ഠ! അങ്ങു് കേട്ടുകൊള്ളുക: അങ്ങു് ഇപ്പോൾതന്നെ ഇവിടെ നിന്നും പുറപ്പെട്ടു്, മഹാമേരുപർവതത്തിൽ പോയി ഞാൻ നൽകിയിട്ടുള്ള ചണ്ഡായുധം കൊണ്ടു് അതിനെ പ്രഹരിച്ചാൽ എണ്ണം കണക്കും ഇല്ലാത്ത വിവിധദ്രവ്യങ്ങൾ നിറഞ്ഞതായ ഒരു ഗുഹാസ്ഥാനം നിനക്കു ദൃശ്യമാകും. നീ അതിൽനിന്നും വേണ്ടുവോളവും ധനംവാരി എടുത്തുംകൊണ്ടു് ആ ഗുഹാദ്വാരം പൂട്ടി മുദ്രവച്ചുപോന്നുകൊള്ളുക. ആവശ്യംപോലെ ധനംകിട്ടിയാൽ രക്ഷണീയന്മാരായ പ്രജകളേയും മററും രക്ഷിക്കാൻ പ്രയാസം നേരിടുന്നതല്ല

ല്ലൊ. ബ്രഹ്മവിത്തമനും ആചാരനിഷ്ഠാപരനും ആയ ഒരു ബ്രാഹ്മണനെ ഇന്നുമുതൽ രാജധാനിയിൽ താമസിപ്പിച്ച് എന്നേപ്പോലെ അവനേയും വിചാരിച്ച് പൂജിച്ചുകൊണ്ടാൽ വർഷാവസാനത്തിൽ തീർച്ചയായും വൃഷ്ടിയുണ്ടാകും. പിന്നെ ഒരിക്കലും നിൻെറ രാജ്യത്തിൽ മഴയില്ലാതെ വരികയില്ല, എന്നിങ്ങനെ അരുളിച്ചെയ്തിട്ട് അന്തർദ്ധാനം ചെയ്തു.

ഉഗ്രപാണ്ഡ്യൻ ഈ സ്വപ്നാനന്തരം ഞെട്ടിയുണൎന്ന് ആരോടും ഒന്നും പറയാതെ തൻെറ സൈന്യങ്ങളെയെല്ലാം ഒന്നിപ്പിച്ച് അവരോടുകൂടെ മഹാമേരുപർവതം നോക്കി പുറപ്പെട്ടു, തോടും, പുഴകളും, നദികളും, തടാകങ്ങളും വലിയവലിയ കാടുകളും, മലകളും, മററ് ദുർഗ്ഗമസ്ഥലങ്ങളുമെല്ലാം പിന്നീട്ട് ദ്രുതപ്രയാണംചെയ്ത് മേരുപാർശ്വത്തിങ്കൽ എത്തി സൈന്യങ്ങളെ അവിടെ നിൎത്തി. അനന്തരം ചണ്ഡായുധപാണിയായ ഉഗ്രപാണ്ഡ്യൻ ഏകാകിയായിത്തന്നെ സുമേരുവിൽക്കയറി, മനോവേഗാധികമായ വേഗത്തോടുകൂടെ അതിനെ പ്രദക്ഷിണംവച്ച് അതിൻെറ മുൻഭാഗത്തിൽ വന്നുനിന്നു. മേരുപർവതം അതുകണ്ടതിൽ യാതൊന്നും അനങ്ങിയില്ല. ഉടൻതന്നെ പ്രതാപശാലിയായ ഉഗ്രപാണ്ഡ്യഭൂപാലൻ തൻെറ കയ്യിൽഇരുന്ന ചണ്ഡായുധം ഇളക്കി മേരുവിനെ ഒന്നു പ്രഹരിച്ചു.

പ്രഹരം ഏററ ഉടൻതന്നെ മേരുപർവതം കന്ദുകംപോലെഭ്രമിച്ച് ഉഗ്രപാണ്ഡ്യൻെറ മുമ്പിൽ പ്രത്യക്ഷനായി. അദ്ദേഹം ഉടൻതന്നെഹാലാസ്യനാഥൻെറ കല്പനകൾ മുഴുവനും മേരുവിനെ കേൾപ്പിച്ചു. ഹാലാസ്യനാഥൻെറ കല്പനകളെ ഉഗ്രപാണ്ഡ്യൻെറ മുഖത്തിൽ നിന്നും കേട്ട് ദേവതാരൂപിയായ മേരു രാജാവിനോട് ഇങ്ങനെ പറഞ്ഞു.

അല്ലയോ രാജശ്രേഷ്ഠ! സുന്ദരേശ്വരനന്ദന! ഇനിക്കു ജംഗമാത്മകമായും സ്ഥാവരാത്മകമായുംഉള്ള രണ്ടു രൂപങ്ങൾ ഉണ്ട്. അതിൽഞാൻജംഗമാത്മകമായ വപുസ്സിനെക്കൊണ്ട് ദിവസംപ്രതിയും രാവിലെ ഹാലാസ്യത്തിൽ പോയി സുന്ദരേശനെ സേവിക്കുന്ന പതിവുണ്ട്. എന്നാൽ എൻെറ കാകാലദോഷം കൊണ്ടുഇന്നു കാലത്തെപോയി ഭഗവാനെ സേവിച്ചില്ല.അതിൻെറ ശിക്ഷയാണ് അദ്ദേഹത്തിൻെറ പുത്രനായ അങ്ങയുടെ കയ്യിൽ ഇരിക്കുന്ന ചണ്ഡായുധംകൊണ്ട് പ്രഹരം ഏല്ക്കാൻ ഇടയായത്. ഇനിക്ക് ഇതുകൊണ്ട് അവിടത്തെപ്പേരിൽ അല്പം പോലും പരിഭവം ഇല്ല. എൻെറ വീഴ്ചകൊണ്ടുതന്നെ സംഭവിച്ചതാണെന്നു ഞാൻ മനസ്സിലാക്കി. വിശേഷിച്ചും യശസ്സുകൊണ്ടും വീൎയ്യം കൊണ്ടും, ഐശ്വൎയ്യംകൊണ്ടും വിശിഷ്ടമായ പരമശിവഭക്തികൊണ്ടും അത്യന്തം ശ്രേഷ്ഠനായ അങ്ങേക്ക് തുല്യനായി ഇഹത്തിൽ ഇതേവരെ യാതൊരുത്തരും ഉണ്ടായിട്ടില്ല. ഭക്തിയുക്തന്മാരായ സത്തുക്കൾക്ക് ലോകത്തിൽ ദുർല്ലഭമായിട്ടു യാതൊന്നുംതന്നെയില്ല. അതുകൊണ്ട് നിൻെറ ഇഷ്ടാനുസരണം ഞാൻ എന്തുവേണമെങ്കിലും ചെയ്യാം എൻെറ സ്ഥാവരസ്വരൂപംതന്നെയും നിൎമ്മലം സമലം എന്നും രണ്ടുപ്രകാരത്തിൽ ആണ്. ഭൂമിയിൽ ചില ദിക്കുകളിൽ ഞാൻ അതിനിൎമ്മലവും

അശ്ചര്യകരവും, തരുണാരുണസന്നിഭവും അതിശുദ്ധവും ഉത്തമവും ആയ സ്ഥാവരസ്വരൂപത്തോടുകൂടെയാണ് ശോഭിക്കുന്നതു്! അതു് എന്റെ സ്വർണ്ണാത്മകമായ സ്വരൂപം ആണ്. ഇവിടെ ഉള്ള എന്റെ സ്വർണ്ണാത്മകമായ സ്ഥാവരസ്വരൂപം ശിലകൊണ്ടു് ആച്ഛാദനം ചെയ്യപ്പെട്ടിരിക്കുകയാണ്. അതു് ശില്പിയെക്കൊണ്ടു് ഉപരിസംസ്ഥിതമായിരിക്കുന്ന ശിലയെ ഭേദിപ്പിച്ചു്, ഉള്ളിൽ നിന്നും ഇഷ്ടംപോലെ വേണ്ടുന്നധനംവാരിക്കൊണ്ടു പൊയ്ക്കൊള്ളണം.

മഹാനും ലോകാധാരനും ആയ മഹാമേരു ഇപ്രകാരം പറഞ്ഞിട്ടു് ഉടൻ അന്തർദ്ധാനം ചെയ്തു. മഹാമേരുവിന്റെ വാക്കുകൾ കേട്ടു്, അപരിച്ഛേദ്യമായ സന്തുഷ്ടിയോടും അനന്ദത്തോടും കൂടിയവനായിത്തീൎന്ന ഉഗ്രപാണ്ഡ്യൻ, ശില്പികളെക്കൊണ്ടു് ശിലകീറിപ്പിച്ചു്, ദ്രവ്യം കിടക്കുന്ന ഗുഹതുറപ്പിച്ചു്, അതിൽനിന്നും, എണ്ണം കണക്കുമില്ലാത്ത ദ്രവ്യം ചുമപ്പിച്ചു വെളിയിൽ ഇടുവിച്ചുംവച്ചു് അല്പംപോലും പഴുതില്ലാതെ ശിലകൊണ്ടുമൂടിയടച്ചു മീനദ്ധ്വയാങ്കിതമായ ചണ്ഡായുധംകൊണ്ടു് മുദ്രവച്ചു. അനന്തരം വാരിയെടുത്ത ദ്രവ്യം ചുമടുചുമടായി ഭാണ്ഡംകെട്ടി തന്നോടൊന്നിച്ചുണ്ടായിരുന്ന സൈന്യങ്ങളെക്കൊണ്ടും ആന, കുതിര, കാള മുതലായ മൃഗങ്ങളെക്കൊണ്ടും മററും ചുമപ്പിച്ചുകൊണ്ടു് രാജധാനിയെ പ്രാപിച്ചു് എല്ലാ പ്രജകളേയും അളയച്ചുവരുത്തി അവൎക്കെല്ലാം ഒരുവൎഷത്തേയ്ക്കു സൌഖ്യമായി കാലക്ഷേപം ചെയ്യുന്നതിനുവേണ്ടവക നൽകി. ആഗതന്മാരായ പ്രജകൾ അവരുടെമുൻപിൽ കുന്നുകൾപോലെ വാരിക്കൂട്ടിക്കൊടുത്ത ദ്രവ്യങ്ങൾ, ആന, കുതിര, കാള, ഒട്ടകംമുതലായ മൃഗങ്ങളെക്കൊണ്ടു് ചുമപ്പിച്ചും തങ്ങൾ തങ്ങൾ തന്നെ ചുമന്നും അവരവരുടെ ഭവനങ്ങൾതോറും കൊണ്ടുപോയി അനാവൃഷ്ടിമൂലം ഉള്ള സങ്കടങ്ങൾ അല്പംപോലും അറിയാതെ സൌഖ്യമായികാലക്ഷേപം ചെയ്തു. കല്പകവൃക്ഷത്തിനുപോലും അഗ്രഹം ജനിക്കത്തക്കവണ്ണംആഗതന്മാരായവൎക്കെല്ലാം എണ്ണംകണക്കുമില്ലാതെ ദ്രവ്യം വാരിക്കോരി കൊടുത്തിട്ടും ഒട്ടേറെ ശേഷിക്കുകയാൽ അവയെക്കൊണ്ടു് ഹാലാസ്യനാഥാലയ, ശൃംഗങ്ങളായ വിമാനത്തേയും ഗോപുരങ്ങളേയും,പണിയിച്ചു. മേൽപ്രകാരം വിമാനവും ഗോപുരങ്ങളും കനകംകൊണ്ടു് പണിയിച്ചിട്ടും ബാക്കിവരികയാൽ അവയെ വീണ്ടും അനവധി ബ്രാഹ്മണരെ വരുത്തി അവൎക്കു ദാനം ചെയ്തു.

അതിന്റെശേഷം വക്രഗതികളും ദുസ്ഥിതന്മാരും ആയിരുന്ന ആദിത്യൻതുടങ്ങിയ ഗ്രഹങ്ങളെയെല്ലാം വഴിപോലെ പൂജിച്ചു് തൃപ്തന്മാരാക്കി. വൎഷവുംഒന്നുകഴിഞ്ഞു. ക്രമപ്രകാരം മഴയും ആരംഭിച്ചു. രാജ്യവും വളരെ അഭിവൃദ്ധിയിൽ ആയി. യാഗാദികളായ വൈദികകൎമ്മങ്ങൾക്കു യാതൊരു മുടക്കവുംകൂടാതെ നടത്തുകയും പ്രജകളെയെല്ലാം വഴിപോലെ പരിപാലിക്കുകയും ശത്രുക്കളെ അടക്കുകയും ചെയ്തു.

ഇങ്ങനെ അത്യന്തം ക്ഷേമകരമായവിധത്തിൽ ഭൂമിമുഴുവൻ തന്റെ വെൺകൊററക്കുടയ്ക്കുകീഴിൽ ആക്കി അനവധികാലം ഭൂപരി

പാലനം നടത്തിയതിന്റെ ശേഷം സ്വപുത്രനായ വീരപാണ്ഡ്യനെ മധുരാപുരാധിപനും ഭൂലോക ചക്രവൎത്തിയും ആയി അഭിഷേകം ചെയ്യിച്ചതിന്റെ ശേഷം ഉഗ്രപ്രതാപിയും ഉഗ്രഭക്താഗ്രഗണ്യനും ആയ ഉഗ്രപാണ്ഡ്യൻ സുന്ദരേശ്വരകൃപാപൂരംകൊണ്ടു ഇഹലോകം വെടിഞ്ഞു ശിവലോകത്തിൽപോയി സായൂജ്യപദവിയെപ്രാപിച്ചു.

സുന്ദരേശ്വരന്റെ അത്യന്തം പാവനമായ ഈ ലീലയെ പഠിക്കുകയും കേൾക്കുകയും ചെയ്യുന്നവരുടെ സകലപാപങ്ങളും തീരും. അവൎക്ക അവസാനത്തിൽ മോക്ഷവും കിട്ടും.

൧൫-ാം അദ്ധ്യായം കാഞ്ചനാപഹരണം എന്ന

പതിനഞ്ചാം ലീല സമാപ്തം.

---

# ഹാലാസ്യമാഹാത്മ്യം

## കേരളഭാഷാഗദ്യം.

## ൧൬-ാം—അദ്ധ്യായം.

കണ്വാദി താപസന്മാൎക്ക വേദോപദേശംചെയ്ത

## പതിനാറാമത്തെ ലീല.

വീണ്ടും അഗസ്ത്യമഹൎഷി വസിഷ്ഠാദികളെനോക്കി അല്ലയൊ വസിഷ്ഠാദി മഹൎഷിപുംഗവന്മാരേ! സമഷ്ടിവിദ്യാനഗരീനായകനായ സോമസുന്ദരൻ, എല്ലാവിദ്യകൾക്കും ആദിഭൂതമായ വേദത്തിന്റെ അൎത്ഥങ്ങളെ കണ്വാദിതാപസവൎയ്യന്മാൎക്കുപദേശിച്ചുകൊടുത്തതായ പാവനലീലയെ ഇനിഞാൻ ചുരുക്കിപ്പറയാം. നിങ്ങൾ കേട്ടുകൊള്ളുവിൻ.

പണ്ടു്, ബ്രഹ്മാണ്ഡസൃഷ്ടികാലത്തിങ്കലെ ആദ്യത്തെ കൃതായുഗത്തിൽ ശബ്ദവാചകമായ പ്രണവത്തിങ്കൽ നിന്നും സമസ്തങ്ങളായിരിക്കുന്ന വേദങ്ങളും സംജാതങ്ങളാകുകയും ഹാലാസ്യനാഥനായ പരമേശ്വരന്റെ പ്രസാദംകൊണ്ടു് ദ്വിജന്മാർ അതുപഠിയ്ക്കുകയും ചെയ്തു. എന്നാൽ വേദം പഠിച്ചമുനിപുംഗവന്മാർ ആരും അതിന്റെ അൎത്ഥംഗ്രഹിച്ചില്ല.

അക്കൂട്ടത്തിൽപ്പെട്ടവരും നൈമിശാരണ്യവാസികളുമായ കണാദൻ ശാണ്ഡില്യൻ, ഗർഗ്ഗൻ മുതലായ മഹർഷിപുംഗവന്മാർ, തമ്മിൽതമ്മിൽ, നമ്മൾ വേദം മുഴുവനും ലക്ഷണപൂർവം അഭ്യസിച്ചെങ്കിലും സൽഗുരുവിൻെറ പാദദൎശനാഭാവംകൊണ്ടു് നമുക്കു വഴിപോലെ അതിൻെറ അൎത്ഥം ഗ്രഹിപ്പാൻ ഇതേവരേയും കഴിഞ്ഞില്ലല്ലൊ എന്നിങ്ങനെ പറയുകയും ഗുരുവിനെ ഉണ്ടാക്കുന്നതിലെക്കുള്ള ഉപായം എന്താണെന്നു വളരെ വളരെ ഗാഢമായി ആലോചിയ്ക്കുകയും ചെയ്തുകൊണ്ടിരിയ്ക്കുന്ന അവസരത്തിൽ മതിതേജസ്വിയായ ഹരഭക്തൻ എന്ന മഹാതാപസൻ അവരുടെ മുമ്പിൽ പ്രത്യക്ഷനായി.

കണാദാദികൾ ഉടൻ തന്നെ അദ്ദേഹത്തെ നമസ്കരിച്ചാസനം നല്കിയിരുത്തി. അദ്ദേഹം കണാദാദികളോടു് നിങ്ങൾ എല്ലാവരും ഏതോ ഒരു കാൎയ്യത്തിൽ വിചാരമഗ്നരായിരിയ്ക്കുന്നതുപോലെ ഇനിയ്ക്കു തോന്നുന്നു. കാൎയ്യമെന്താണു് എന്നു ചോദിച്ചു.

കണാദാദികൾ അതുകേട്ടു്, ഞങ്ങൾക്കു വേദങ്ങളുടെ അൎത്ഥമറിയണമെന്നു വളരെ ആശയുണ്ടു്. അതിനുള്ള വഴിയെന്താണെന്നാലോചിച്ചുകൊണ്ടിരിയ്ക്കുകയാണു്. കരുണാനിധിയായ അവിടുന്നു അതിനവല്ലവഴിയും തോന്നുന്നുണ്ടെങ്കിൽ ഞങ്ങൾക്കു പറഞ്ഞുതരണം എന്നപേക്ഷിച്ചു.

ഹരഭക്തൻ അതുകേട്ടുപറഞ്ഞു:—

അല്ലയൊമുനിശാൎദ്ദൂലങ്ങളേ! സൎവലോകഹിതാവഹമായ എൻെറ ഭാഷിതത്തെ ശ്രദ്ധയോടു കൂടെ നിങ്ങൾ കേട്ടുകൊള്ളുവിൻ. ലോകത്തിൽ സാധിക്കുന്നതിനു പ്രയാസമായും ദുൎല്ലഭമായും എന്തെല്ലാം ഉണ്ടോ അവയെല്ലാം തപസ്സുകൊണ്ടു സാധിക്കാം. തപസ്സികളായ മഹാജനങ്ങൾക്കു സൎവവും സിദ്ധിക്കും എന്നാണു മഹദ്വചനം. സ്ഥലവിശേഷത്തിൻെറ കൂടുതൽ കുറവുകൊണ്ടു് ഫലസിദ്ധിക്കുകാലതാമസവും വ്യത്യാസങ്ങളും ഉണ്ടു്. മററുസ്ഥാനങ്ങളിൽ തപസ്സുചെയ്താൽ ഫലപ്രാപ്തിയുണ്ടാകുന്നതിനു വളരെ മുൻകൂട്ടി ക്ഷേത്രങ്ങളിൽ തപസ്സുചെയ്താൽ ഫലസിദ്ധിയുണ്ടാകും. ക്ഷേത്രങ്ങളുടെ മാഹാത്മ്യത്തിൻെറ കൂടുതൽ കുറവനുസരിച്ചു് താമസിച്ചും വേഗത്തിലും ഫലലാഭം ഉണ്ടാകുന്നുണ്ടു്. അതായതു ഉത്തമക്ഷേത്രങ്ങളിൽ തപസ്സുചെയ്താൽ അതിവേഗത്തിലും അല്പാല്പം മാഹാത്മ്യം ചുരുങ്ങിയ ക്ഷേത്രങ്ങളിൽ വച്ചുതപസ്സുചെയ്താൽ അല്പാല്പവ്യത്യാസങ്ങളോടുകൂടിയുമേ ഫലസിദ്ധിയുണ്ടാകു. ക്ഷേത്രങ്ങളിൽ ശിവക്ഷേത്രങ്ങളാണു് ഉത്തമങ്ങൾ പാവനങ്ങളായ ശിവക്ഷേത്രങ്ങൾ ഭൂലോകത്തിൽ അനവധി ഉണ്ടെങ്കിലും അവയിൽ ഒക്കേയും വച്ചു്, വേദാന്തഘോഷിതമായും പുണ്യദമായും പരമമായും ഭേദവിനാശകമായും ഇരിയ്ക്കുന്ന ഹാലാസ്യക്ഷേത്രമാണു് ഉത്തമമായിട്ടുള്ളതു്. അവിടെ താമസിച്ചു തപസ്സുചെയ്യുന്നവൎക്കു കാലതാമസം കൂടാതെ ധൎമ്മാദ്യങ്ങളായപുരുഷാൎത്ഥസിദ്ധിയും മററുവിവിധവിധത്തിലുമുള്ള സിദ്ധികളും എളുപ്പത്തിൽ ഉണ്ടാകും. നാമംകൊണ്ടു് സമഷ്ടിവിദ്യാനഗരിയായ ഹാലാസ്യത്തിൽ താമസിച്ചു തപസ്സുചെയ്തു്, അനവധി ജനങ്ങൾ, ദക്ഷിണാമൂൎത്തിയായ ഹാലാസ്യനാഥൻെറ കൃപയാൽ അതിദുൎല്ലഭങ്ങളായ അനവധി വിദ്യകളേയും സി

ധികളേയും സമ്പാദിച്ചിട്ടുണ്ട്. ഹാലാസ്യവാസികളായ മീനാക്ഷീസുന്ദരേശ്വരന്മാർ ഭക്തകല്പമഹീരുഹങ്ങളാണ്. ഭക്തന്മാരെ അനുഗ്രഹിക്കുന്നതിനായിട്ടത്രെ അവർ അവിടെ നിത്യവാസം ചെയ്യുന്നത്. അതുകൊണ്ട് നിങ്ങൾ ഹാലാസ്യമഹാക്ഷേത്രത്തിൽപോയി ദേവിയേയും ദേവനേയും പ്രണമിച്ച് ദേവന്റെ ദക്ഷിണഭാഗസ്ഥനായ ദക്ഷിണാമൂർത്തിയുടെ സന്നിധിയിൽ താമസിച്ച് വേദാർത്ഥജ്ഞാനമാകുന്ന ഫലോദ്ദേശ്യത്തോടുകൂടെ തപസ്സുചെയ്താൽ നിങ്ങൾക്കു അതിവേഗത്തിൽ സകലവേദാഗമാർത്ഥബോധവും ഉണ്ടാകും.

കണ്വാദികളായ മഹർഷിമാർ ഹരഭക്തന്റെ മേൽപ്രകാരമുള്ള വാക്കുകൾ കേട്ട് ഇതില്പരമില്ലാത്ത സന്തോഷത്തോടുകൂടെ അദ്ദേഹത്തെയും മുമ്പിൽനടത്തി മധുരയിലേക്കു തിരിച്ചു. അതിവേഗത്തിൽ അവർ ഹാലാസ്യത്തിൽ എത്തി. ഒന്നാമതായി അവർ ഹേമപത്മിനീമഹാതീർത്ഥത്തിൽ ഇറങ്ങി സ്നാനംചെയ്ത് കാലോചിതകർമ്മങ്ങൾ എല്ലാം നിർവഹിച്ചു. അനന്തരം അവർ ക്ഷേത്രത്തിനകത്തു കടന്ന്, ആകാശത്തിൽനിന്നും ഇറങ്ങിയ അതുല്യാത്ഭുതകോമളമായ വിമാനത്തിൽ ആരോഹണംചെയ്തിരിക്കുന്ന ഭഗവാനെയും ഭഗവതിയേയും നമസ്കരിക്കുകയും പല പ്രകാരത്തിൽ അവരെ സ്തുതിക്കുകയും ചെയ്തു. അതിന്റെശേഷം ആ വിമാനത്തിന്റെ ദക്ഷിണഭാഗത്തു വടമൂലത്തിൽ സ്ഥാപിച്ചിട്ടുള്ള വ്യാഖ്യാനപീഠത്തിൽ ഇരിക്കുന്ന ശുദ്ധസ്ഫടികസംകാശനും, ബ്രഹ്മാദികളായ ദേവസംഘങ്ങളാലും, മുനിഗണങ്ങളാലും ഒന്നുപോലെ സമാവൃതനും, ത്രിനേത്രധാരിയും അക്ഷമാല, സുധാപൂർണ്ണമായ ഹേമകുംഭം, ജ്ഞാനമുദ്ര, പുസ്തകം ഇവകളാൽ ശോഭായമാനങ്ങളായ ചതുർബാഹുക്കളോടുകൂടിയവനും, അവ്യയനും, വരങ്ങളെ കൊടുക്കുന്നവനും, വേദവ്യാഖ്യാനതല്പരനും ആയ ദക്ഷിണാമൂർത്തിയുടെ സമീപത്തെ പ്രാപിച്ചിട്ട് വിസ്മിതമാനസന്മാരും ഭക്തിപരവശന്മാരുമായ ആ മഹർഷിപുംഗവന്മാർ പിന്നെയുംപിന്നെയും അദ്ദേഹത്തെ പ്രണിപതിച്ചിട്ട് വേദോക്തങ്ങളും മനോഹരങ്ങളുമായിരിക്കുന്ന നാനാവിധസ്തോത്രങ്ങളേക്കൊണ്ട് അദ്ദേഹത്തെ സ്തുതിച്ചു. അനന്തരം ആ മുനിപുംഗവന്മാർ എല്ലാവരും അദ്ദേഹത്തിന്റെ അടുക്കൽ ഇരുന്നുകൊണ്ട് ശ്രീമാനായ ദക്ഷിണാമൂർത്തിയുടെ, സർവജ്ഞാനപ്രദവും, ഇരുപത്തിരണ്ടു ബീജാക്ഷരങ്ങളോടുകൂടിയതും ഹരഭക്തനാൽ ഉപദേശിക്കപ്പെട്ടതും സുദുർല്ലഭവും ആയ മേധാവിദ്യയെ സന്തോഷത്തോടുകൂടെ ജപിയ്ക്കുകയും, ഭക്തിപൂർവം ത്രികാലങ്ങളിലും ഒന്നുപോലെ ചന്ദനപുഷ്പഗന്ധതോയങ്ങൾകൊണ്ട് പൂജിക്കുകയും, ഉപവാസപാരായണന്മാരായ അവർ ഹവനം, തർപ്പണം, ദ്വിജഭോജനം മുതലായ പഞ്ചവിധോപാസനകളെ ചെയ്യുകയും ചെയ്തു.

കാർത്തികമാസത്തിലെ പൌർണ്ണമിനാളിൽ തുടങ്ങിയ ഈ വ്രതത്തെ മഹർഷിമാർ അടുത്തവർഷത്തിലെ കാർത്തികമാസത്തിലെ പൌർണ്ണമിവരെയും യാതൊരു വിഘ്നവുംകൂടാതെ അനുഷ്ഠിച്ചു. ഒരുവർഷംതികഞ്ഞ അന്നേദിവസം സർവവേദാർത്ഥസാരരൂപനും, സർവജ്ഞനും, ഭക്തവത്സലനും ഈശ്വരനും ആയ ഭഗവാൻ ദക്ഷിണാമൂർത്തി ഉത്തരീയത്തോടും തലക്കെട്ടോടുംകൂടിയ

വനും, ത്രിപുണ്ഡ്രാംകിതമായ ശിരസ്സ്, ഫലാടം, സ്കന്ധങ്ങൾ വക്ഷഃപ്രദേശം ഇവകളോടുകൂടിയവനും, രുദ്രാക്ഷമാലാലംകൃതനും മന്ദസ്മിതസുന്ദരമുഖനും കുണ്ഡലാദിവിഭൂഷിതനും ചന്ദ്രനെപ്പോലെ പ്രിയദർശനനും പതിനാറുവയസ്സു പ്രായം തോന്നിക്കുന്നവനുമായ ഒരു ബ്രാഹ്മണയുവാവിന്റെ വേഷത്തിൽ സുവ്യക്തമാകുംവണ്ണം സുസ്വരത്തോടുകൂടെ വേദവാക്യങ്ങളെയും ഉച്ചരിച്ചുകൊണ്ടു പ്രത്യക്ഷനായി.

വിപ്രവേഷധാരിയും ദക്ഷിണാമൂർത്തിയും ആയ ശിവനെക്കണ്ടു പൂർണ്ണചന്ദ്രോദയംകണ്ട സമുദ്രത്തേപ്പോലെ ആഹ്ലാദചിത്തന്മാരായിത്തീർന്ന കണ്വാദി താപസന്മാർ ദണ്ഡുപോലെ ഭൂമിയിൽ പതിച്ചിട്ടു,

"സർവ്വാപൽപരിഹർത്തൃഭ്യാം നമതാംപ്രാണിനാംസകൃൽ
വിദ്യാദാനരതാഭ്യാംച ചരണാഭ്യാം നമോനമഃ"

എന്നിങ്ങനെ സ്തുതിച്ചു. മേൽപ്രകാരം പാദപത്മങ്ങളിൽ സാഷ്ടാംഗപ്രണാമംചെയ്തു സ്തുതിച്ചുതുടങ്ങിയ മഹർഷിമാരെ ജഗൽഗുരുവായ ദക്ഷിണാമൂർത്തി കൃപാദൃഷ്ടിയോടുകൂടെ വീക്ഷണംചെയ്തിട്ടു ശീതളസ്വരത്തിൽ 'നിങ്ങൾക്കു എന്താണഭീഷ്ടം' അല്ലയോഭക്തശിരോമണികളേ! എന്തുതന്നെയായിരുന്നാലും നിങ്ങൾ പറഞ്ഞുകൊള്ളുവിൻ എന്നുപറഞ്ഞു.

ദക്ഷിണാമൂർത്തിയുടെ മേൽപ്രകാരമുള്ള ചോദ്യം കേട്ടയുടൻതന്നെ മഹർഷിമാർ ആചാരപൂർവം ഓടി എഴുന്നേറ്റു കൈകൂപ്പി നിന്നുകൊണ്ടു ഇങ്ങനെ പറഞ്ഞു.

അല്ലയോ ഭഗവാനെ! സൽഗുരുവായ നിന്തിരുവടി സർവലോകഹിതത്തിനുവേണ്ടി വേദാർത്ഥങ്ങൾ മുഴുവൻ അടിയങ്ങൾക്കു ഉപദേശിച്ചുതരണം.

കൃപാനിധിയും ഗുരുമൂർത്തിയും ആയ ഭഗവാൻ അതുകേട്ടു, ഭക്തപരായണന്മാരും ജ്ഞാനാന്വേഷണതല്പരന്മാരും ആയ കണ്വാദി മഹർഷിമാരെയും മററുണ്ടായിരുന്ന വിപ്രന്മാരെയും മൂലലിംഗസ്വരൂപിയായ ഹാലാസ്യനാഥന്റെ സന്നിധിയിൽ കൊണ്ടുപോയിരുത്തിയുംകൊണ്ടു അവരോടിപ്രകാരം വേദങ്ങളുടെ വിശുദ്ധങ്ങളും പ്രൌഢതരങ്ങളും ആയ അർത്ഥങ്ങളെ ഉപദേശിക്കുവാൻ തുടങ്ങി.

അല്ലയോ മാമുനിമാരേ! നിങ്ങൾ അത്യന്തം രഹസ്യമായ വേദാർത്ഥതത്വങ്ങളെ കേട്ടുകൊള്ളുവിൻ! ശ്രവണമാത്രത്താൽതന്നെ സർവപാപങ്ങളും നശിച്ചുപോകും. വേദരഹസ്യങ്ങൾ അതുപാവനങ്ങളാണു്. കാംക്ഷിതപ്രാപ്തിക്കു ഇതു സുകരമായ വഴി മററൊന്നുംതന്നെ ഇല്ല.

അല്ലയോ മഹർഷിശ്രേഷ്ഠന്മാരെ! ഈ പരതരമായ എന്റെ ലിംഗം സ്വയംഭൂതവും ഉത്തമോത്തമവും ആണു്. സർവവേദവേദാർത്ഥങ്ങൾക്കും നിദാനമായിട്ടുള്ളതും ഇതുതന്നെ. 'ഏകമേവാദ്വിതീയം' എന്നും പരമെന്നും, ബ്രഹ്മമെന്നും പരാല്പരമെന്നും സത്യമെന്നും വിജ്ഞാനമെന്നും അനന്ദ

മെന്നും പരിപൂൎണ്ണമെന്നും മഹത്തെന്നും പരംജ്യോതിസ്സെന്നുംമററുംവേദാന്തം പറയുന്നതു് സനാതനമായിരിക്കുന്ന ഈ സുന്ദരേശ്വരമഹാലിംഗത്തെയാണു് വേദംഒന്നേ ഉള്ളു. അതുപോലെതന്നെ വേദാൎത്ഥവും ഒരുപ്രകാരത്തിലേ ഉള്ളു എങ്കിലും മായകൊണ്ടു വേദവും ശാഖാഭേദങ്ങൾകൊണ്ടു അതിൻെറ അൎത്ഥങ്ങളും അനന്തങ്ങളായി തീൎന്നിരിക്കുകയാണു്. സൂക്ഷ്മത്തിൽ ഒന്നുനോക്കിയാൽ എല്ലാം ഒന്നുതന്നെ.

പണ്ടു് സൃഷ്ടിയുടെ ആദികാലത്തിൽ ഹാലാസ്യനാഥനായ സുന്ദരേശ്വരൻ ഒന്നാമതായി ബ്രഹ്മാവിനെ സൃഷ്ടിച്ചു സ്വസ്വരൂപസമുത്ഭവങ്ങളായ എല്ലാ വേദങ്ങളേയും അദ്ദേഹത്തിനു ദാനംചെയ്തു. അദ്ദേഹത്തിങ്കൽനിന്നും ജഗത്രയത്തിന്നു് വേദവിജ്ഞാനമുണ്ടായി. ജ്യോതിൎമ്മയമെന്നും, ആദിമദ്ധ്യാന്തരഹിതമെന്നും, ആകാശസ്വരൂപമെന്നും പരബ്രഹ്മം എന്നും വേദത്താൽ പ്രതിപാദിതമായിരിക്കുന്ന ഈ ലിംഗം സൃഷ്ട്യാദികൾക്കുവേണ്ടി മൂന്നുപ്രകാരത്തിൽ വിഭക്തങ്ങളായി ഭവിച്ചു. അതിൽ അധോഭാഗത്തിൽ ആത്മതത്വവും മദ്ധ്യഭാഗത്തിൽ വിദ്യാതത്വവും അഗ്രഭാഗത്തിൽ ശിവതത്വവും പ്രകാശിക്കുന്നു. സൎവ്വങ്ങളായിരിക്കുന്ന ഈ ഭാഗങ്ങളിൽനിന്നും സൎവ്വതത്വങ്ങളും സമുത്ഥിതങ്ങളായി. ബ്രഹ്മാവും വിഷ്ണുവും രുദ്രനും ക്രമേണ ഈ തത്വങ്ങൾക്കു ഈശ്വരന്മാർ ആണെന്നു സൎവ്വവേദങ്ങളും ഒന്നുപോലെ മുറയിടുന്നു. ഇതിൽ ആത്മതത്വത്തിങ്കൽനിന്നു അകാരവും വിദ്യാതത്വത്തിങ്കൽനിന്നു് ഉകാരവും ശിവതത്വത്തിങ്കൽനിന്നു് മകാരവും സൎവ്വതത്വത്തിങ്കൽനിന്നു് ബിന്ദുസഹിതമായ നാദവും ഉണ്ടായി. ഇങ്ങനെയാണു പ്രണവത്തിൻെറ ഉത്ഭവം.

വ്യസ്തസമസ്തരൂപത്തോടുകൂടി പ്രണവത്തിങ്കൽനിന്നു് വ്യസ്തങ്ങളായും സമസ്തങ്ങളായും ഉള്ള ഭൂമി തുടങ്ങിയ എല്ലാ വ്യാഹൃതികളും ശിവാജ്ഞകൊണ്ടു് ഉണ്ടായി. അതിൽനിന്നും സമഷ്ടിവ്യഷ്ടിസ്വരൂപിണിയും ത്രിപദയും വേദജനനിയും ചിന്തിതാൎത്ഥദയും ആയ ഗായത്രിയുണ്ടായി. അതിൽനിന്നും ഋഗ്യജുസ്സാമസംജ്ഞകങ്ങളായ ത്രിവേദങ്ങൾ അഥൎവ്വവേദസഹിതമായിട്ടുത്ഭവിച്ചു. ബഹുപ്രഭേദം ആകുംവണ്ണം ആ വേദങ്ങൾ വിസ്താരിതങ്ങളായി. പ്രണവംതുടങ്ങിയിട്ടുള്ള മഹാമന്ത്രങ്ങളും അകാരാദ്യങ്ങളായിരിക്കുന്ന എല്ലാഅക്ഷരങ്ങളും കാമികാദ്യങ്ങളായിരിക്കുന്ന ശൈവാഗമങ്ങളും പഞ്ചാനനനായ ഈ ഹാലാസ്യനാഥൻെറ ഊൎദ്ധ്വവക്ത്രത്തിൽനിന്നും സംഭവിച്ചതുകളാണു്. ദേവദേവേശനായ ഇദ്ദേഹത്തിൻെറ പുരുഷാഖ്യമായ മുഖത്തിൽനിന്നും ഇരുപത്തിഒന്നുപ്രകാരത്തിൽഉള്ള ഭേദത്തോടുകൂടിയ ഋഗ്വേദം ഉണ്ടായി. നൂററിയൊന്നു ഭേദങ്ങളോടു കൂടിയതായ യജുൎവ്വേദം അദ്ദേഹത്തിൻെറ അഘോരമുഖത്തിൽ നിന്നും, ആയിരം ഭേദങ്ങളോടുകൂടിയ സാമവേദം അദ്ദേഹത്തിൻെറ വാമവക്ത്രത്തിൽ നിന്നും ഒമ്പതുവിധഭേദങ്ങളോടുകൂടിയ അഥൎവ്വവേദം അദ്ദേഹത്തിൻെറ സദ്യോജാതവക്ത്രത്തിൽനിന്നും ഉണ്ടായി.

ഈ ചതുൎവ്വേദങ്ങളുടെ വൈഭവംകൊണ്ടു്, നാലുവിധ ജാതികളും നാലുവിധ ആശ്രമങ്ങളും നാനാധൎമ്മങ്ങളും വിവിധങ്ങളായ യജ്ഞങ്ങളും മ

ററും ഉണ്ടായി. ദേവദേവേശനായ ഭഗവാന്റെ ആജ്ഞഹേതുവായിട്ട് ജനങ്ങൾ അതിനെ ആചരിക്കുകയും ചെയ്യുന്നു. സമസ്തങ്ങളായിരിക്കുന്ന വേദങ്ങൾക്കും കർമ്മകാണ്ഡം എന്നും ജ്ഞാനകാണ്ഡമെന്നും രണ്ടുഭാഗങ്ങൾ ഉണ്ട്. അതായതു് പ്രവൃത്തിമാൎഗ്ഗവും നിവൃത്തിമാൎഗ്ഗവും. ഇവയിൽ കർമ്മകാണ്ഡം ഹാലാസ്യനാഥനായ സുന്ദരേശ്വരന്റെ സകലസ്വരൂപമായ ഈ മഹാലിംഗത്തിന്റെ പൂജാക്രമങ്ങളെ പററിവിവരിക്കുന്നതും ജ്ഞാനകാണ്ഡം എന്നതു് സച്ചിൽസുഖാത്മകമായ അദ്ദേഹത്തിന്റെ നിഷ്കളസ്വരൂപത്തെപ്പററി വിവരിക്കുന്നതും ആണ്.

വിഷ്ണ്വാദികളായിരിക്കുന്ന സകല ദേവന്മാരും പിനാകിയായ ഹാലാസ്യനാഥന്റെ അംശഭൂതന്മാരാണ്. സർവവ്യാപിയായ ഈ മഹാദേവൻ സ്വയം അംശിയാണെന്നുള്ളതു പ്രശ്രുതമാണ്. എല്ലാദേവതകൾക്കും രണ്ടുപ്രകാരത്തിലും നൾകുന്ന ഹവിസ്സിനെ അംശീഭൂതനായിരിക്കുന്ന ഇദ്ദേഹം സ്വീകരിച്ചുംകൊണ്ട് തത്തൽഫലങ്ങളെ ദാനംചെയ്യുന്നു. അഗ്നിഷ്ടോമം അശ്വമേധം മുതലായ മഹായാഗങ്ങളും, വേദോക്തങ്ങളായിരിക്കുന്ന നിത്യനൈമിത്തിക കാമ്യപ്രായശ്ചിത്തകർമ്മങ്ങളും എല്ലാം സുന്ദരേശ്വരന്റെ പലപ്രകാരത്തിൽ ഉള്ള പൂജകൾ ആണ്. അല്ലയൊ മഹൎഷിപുംഗവന്മാരേ! നിങ്ങൾ ഇതിൽ തെല്ലുപോലും സംശയിക്കരുതു്. ജീവന്മുക്തിപുരപ്രഭുവും, ഹാലാസ്യനാഥനുമായ ഈ സുന്ദരേശ്വരനെ സംബന്ധിച്ചു് വേദാന്തം ഘോഷിക്കുന്നതു് ഇദ്ദേഹം, ഏകനും, ബ്രഹ്മാവും, അദ്വിതീയനും, സത്യജ്ഞാനസുഖാത്മകനും, നിഷ്കളനും, നിൎമ്മലനും, സൂക്ഷ്മസ്വരൂപിയും, നിരഞ്ജനനും എല്ലാദേവന്മാൎക്കും അധികാരണനും, രുദ്രനും, വിശ്വാധികനും, പ്രഭുവും, സർവജ്ഞനും, സർവകൎത്താവും, സർവകാരണനും, ഈശ്വരനും, ആദ്യന്തവിഹീനനും, പരാപരരഹിതനും, പരംജ്യോതിസ്സും പരാൽപരനും, നിഷ്പ്രാപ്യനും, പരംതത്വവും, അപ്രമേയനും, അനുപമനും ആയ പരമാത്മസ്വരൂപിയെന്നാണ്. തത്വമസ്യാദികളായിരിക്കുന്ന വാക്യങ്ങളെക്കൊണ്ടു പ്രതിപാദിക്കപ്പെടുന്നതും ജീവന്മുക്തിപുരാധിപനായ സുന്ദരേശ്വരനെത്തന്നെ ആകയാൽ മഹാലിംഗസ്വരൂപിയും ഈശ്വരനും കദംബവനനായകനും ആയ ഇദ്ദേഹത്തെ ഗുരുകാരുണ്യംകൊണ്ടു് വേദാന്തങ്ങൾമൂലം അറിയാൻ ഇടവരുന്നവൎക്കു് ഒരുപ്രകാരത്തിലും ഒരിക്കലും യാതൊരുവിധശോകങ്ങളും ഉണ്ടാകുന്നതല്ല.

അതുകൊണ്ടു് വേദോക്തങ്ങളായ കൎമ്മജ്ഞാനകാണ്ഡങ്ങൾ രണ്ടിനും മീനാക്ഷീവരനായ സുന്ദരേശ്വരമൂൎത്തിതന്നെയാണു ആധാരമായിട്ടുള്ളതെന്നു വിചാരിച്ചുകൊള്ളുവിൻ. അതുപോലെതന്നെ, വേദോക്തങ്ങളായിരിക്കുന്ന സർവകൎമ്മങ്ങളുടേയും അനുഷ്ഠാനംകൊണ്ടു് യാതൊരുഫലം ഉണ്ടാകുമോ ആ ഫലം മുഴുവനും, നീപാടവീനാഥനും ഹാലാസ്യേശ്വരനുമായ ഭഗവാന്റെ പൂജകൊണ്ടുണ്ടാകുന്നതാണെന്നും നിങ്ങൾ ധരിച്ചുകൊള്ളുവിൻ. ഹാലാസ്യേശ്വരലിംഗധ്യാനംകൊണ്ടു്, വേദാന്തജ്ഞാനത്താൽ യാതൊരുഫലം സിദ്ധിക്കുമോ അതും ഉണ്ടാകും. പൂജാകൎമ്മംകൊണ്ടു ചിത്തശുദ്ധിയും ചിത്തശുദ്ധി

യാൽ ജ്ഞാനാംഗവും ഉണ്ടാകും. യമനിയമപ്രാണായാമപ്രത്യാഹാരധാരണാധ്യാനസമാധികളായ അഷ്ടാംഗയോഗങ്ങളും ശാന്തിദാന്ത്യാദികളായ ധർമ്മങ്ങളും ആണ് ജ്ഞാനാംഗങ്ങൾ എന്നുപറയപ്പെടുന്നത്. സമസ്തങ്ങളായിരിക്കുന്ന ജ്ഞാനാംഗങ്ങളിൽവച്ചും ഭക്തിയോടുകൂടെയുള്ള പരമശിവന്റെ ലിംഗാർച്ചനയും, ലിംഗപ്രതിഷ്ഠയും, ശിവസ്ഥാനനിരീക്ഷണവും, ശിവഭക്ത പൂജയും പരാൽപരനായ പരമേശ്വരനിൽ ഉള്ള ഭക്തിവിശ്വാസങ്ങളും, ശിരസ്സിലും, കണ്ഠങ്ങളിലും, രുദ്രാക്ഷമാലകളെ ധരിക്കുന്നതും, ഭക്തിപൂർവം അഗ്നിരിത്യാദി മന്ത്രജപത്തോടുകൂടെ ലലാടാദിപ്രദേശങ്ങളിൽ ഭസ്മധാരണം ചെയ്യുന്നതും, വേദവേദാന്തനിരൂപണം, കാരുണ്യവാരിധിയും ആയ ഗുരുപാദങ്ങളെ പൂജാശുശ്രൂഷാദികൾകൊണ്ടു സന്തോഷിപ്പിക്കുന്നതും അത്യന്തം ശ്രേഷ്ഠമാണെന്നുള്ള വിചാരത്തോടുകൂടെ ജ്ഞാനാംഗങ്ങളെ എല്ലായ്പോഴും ആചരിക്കണം. ഇങ്ങനെ ശിവലിംഗദർശനവും പൂജയും തർപ്പണവും മററും ചെയ്താൽ ചിത്തശുദ്ധിയും ചിത്തശുദ്ധികൊണ്ടു ജ്ഞാനവും ജ്ഞാനത്താൽ ഭക്തിയും ഭക്തികൊണ്ടു പരമാനന്ദാനുഭവവും ഉണ്ടാകും.

ഈ ലോകത്തിൽ കാണുന്ന എല്ലാമാർഗ്ഗാ (മതാ)ന്തരോക്തങ്ങളായ ധർമ്മങ്ങളെക്കാളും ശ്രേഷ്ഠമായിട്ടുള്ളത് സ്മാർത്തധർമ്മങ്ങളും, ആ സ്മൃതിധർമ്മങ്ങളേക്കാളും ശ്രേഷ്ഠമായിട്ടുള്ളതു, വൈദികകർമ്മങ്ങളും ആകുന്നു. ശ്രുതിധർമ്മമെന്നുപറയപ്പെടുന്ന ഈ വൈദികധർമ്മങ്ങൾക്കു മേലായിമററൊരുധർമ്മവും ഇല്ല. ധർമ്മം ഇന്നതെന്നും അധർമ്മം ഇന്നതെന്നും നിർമ്മലമായിരിക്കുന്ന ശിവം ഏതെന്നും അറിയുന്നതിലേക്കുള്ള പ്രമാണം ശ്രുതി തന്നെയാണ്. ശ്രുതിയെ അനുസരിച്ചുള്ള സ്മൃതികളും പ്രമാണങ്ങൾ തന്നെ.

സർവവും ശിവൻതന്നെയെന്നുള്ള ജ്ഞാനം ഉണ്ടായാൽ സർവഭോഗങ്ങളും മോക്ഷവും അനായാസേന ഉണ്ടാകും. സർവവും ശിവൻതന്നെ യെന്നുള്ള ജ്ഞാനത്തേക്കാൾ വലുതായി മററൊരുജ്ഞാനവും ഇല്ല.

ദക്ഷിണാമൂർത്തി ഇപ്രകാരം പറഞ്ഞിട്ട്, മഹർഷിമാരുടെ ഹൃദയങ്ങളിൽ തൊട്ടുംകൊണ്ട് നിങ്ങൾക്കുംവേദാർത്ഥജ്ഞാനം ഉണ്ടാകും. യാതൊരുവ്യത്യാസവും ഇല്ല. എന്നിങ്ങനെ അനുഗ്രഹിച്ചു. അനന്തരം അതേവരേയും ഭൂദേവവിഗ്രഹനായി മഹർഷിമാരുടെ അടുക്കൽനിന്നിരുന്ന ഗുരുഭൂതനായ ദക്ഷിണാമൂർത്തി മൂലലിംഗത്തിൽ അന്തർദ്ധാനംചെയ്തു.

തൽക്ഷണംമുതൽ കണ്വാദിമഹർഷിഗണങ്ങൾക്ക് വേദാർത്ഥജ്ഞാനം ഉദിക്കുകയും സർവ്വവും അവർക്ക് ഉള്ളംകയ്യിൽ നെല്ലിക്കാ എന്നതുപോലെ കാണാറാവുകയും ചെയ്തു.

അല്ലയോ മഹർഷിമാരെ! ഹാലാസ്യനാഥനായ സുന്ദരേശ്വരന്റെ അത്യത്ഭുതകരമായ പതിനാറാമത്തെ ലീല ഇതാണ്. ഈ ലീലയെ പാരായണംചെയ്യുന്ന ശിവഭക്തന്മാർക്ക് എത്രയും വേഗത്തിൽ വാസ്തവജ്ഞാനോദ

യം ഉണ്ടാകുന്നതുകൂടാതെ ഇഹപരസൌഖ്യവും ശിവസായൂജ്യവും അനായാസേന ലഭിക്കുമെന്നുള്ളതിനും യാതൊരു സംശയവും ഇല്ല. ഇനി ഞാൻ കദംബവനപുരാധിപനായ സുന്ദരേശ്വരന്റെ പതിനേഴാമത്തെ ലീല നിങ്ങളെ കേൾപ്പിക്കാം.

൧൬-ാം അദ്ധ്യായം.

പതിനാറാം ലീല സമാപ്തം.

## ഹാലാസ്യമാഹാത്മ്യം.

### കേരളഭാഷാഗദ്യം.

൧൭-ാം അദ്ധ്യായം.

രത്നവിക്രയം എന്ന

### പതിനേഴാമത്തെ ലീല.

വീണ്ടും അഗസ്ത്യമഹർഷി, വസിഷ്ഠാദികളായ താപസന്മാരെ നോക്കി, അല്ലയൊ മഹർഷിപുംഗവന്മാരെ! ലീലാവിലാസിയായ ഭഗവാൻ സമഷ്ടിവിദ്യാപുരാധിപന്റെ അത്ഭുതതരങ്ങളായ എല്ലാലീലകളും ഒന്നുപോലെ മനോഹരങ്ങളും പാവനങ്ങളും ആണെങ്കിലും അദ്ദേഹം രത്നവിക്രയം ചെയ്ത പതിനേഴാമത്തെ ലീല വളരെ വളരെ കാൎയ്യഗൌരവത്തോടുകൂടിയതാണ്. ഇനി ഞാൻ അതിനെ പറയാം നിങ്ങൾ ചെവിതന്നു കേട്ടുകൊള്ളുവിൻ എന്നിങ്ങനെ അരുളിച്ചെയ്തിട്ടു താഴെ വരുമാറു കഥയാരംഭിച്ചു.

മധുരാപുരാധിപനും രാജാധിരാജനും ശത്രുകുലഹന്താവും വീൎയ്യശൌൎയ്യപരാക്രമശാലിയും ആയ വീൎയ്യപാണ്ഡ്യമഹാരാജാവിന് കുലഭൂഷണങ്ങളും കുലീനകളും ആയ അനവധി പട്ടമഹിഷികൾ ഉണ്ടായിരുന്നെങ്കിലും അവരിൽ ഒരുത്തിപോലും പ്രസവിച്ചില്ല. എന്നാൽ അദ്ദേഹത്തിനു ഭോഗിനി (വെപ്പാട്ടി)കളായി അനവധി സ്ത്രീരത്നങ്ങൾ ഉണ്ടായിരുന്നവർ എല്ലാം പ്രസവിച്ചു ഒട്ടുവളരെ മക്കൾ ഉണ്ടായിരുന്നു. അവർ എല്ലാവരും ഒന്നുപോലെ ദുഷ്ടന്മാരും മൂഢബുദ്ധികളും ആയിപ്പോയി.

തന്റെ കാലാനന്തരം പാരമ്പൎയ്യക്രമമനുസരിച്ചു രാജ്യപരിപാലനം ചെയ്യുന്നതിനു കുലീനകളായ പട്ടമഹിഷികളിൽ ആരും പ്രസവിച്ചിട്ടു കു

ലദീപകനായി ഒരു പുത്രനെങ്കിലും ഉണ്ടായില്ലല്ലൊ എന്നുള്ള മനസ്താപം കൊണ്ടു് അത്യന്തം താന്തനും ചിന്താവിവശനും ആയിത്തീൎന്ന അദ്ദേഹം എല്ലാത്തിനും തന്റെ കുലദൈവമായ സുന്ദരേശ്വരഭഗവാൻ തന്നെ ആശ്രയമെന്നുള്ള സ്ഥിരവിശ്വാസത്തോടുകൂടെ കുലീനകളായ പട്ടമഹിഷികളുമൊന്നിച്ചു്, ചതുൎദ്ദശി, അഷ്ടമി, സോമവാരം മുതലായ പുണ്യദിവസങ്ങളിൽ ഹാലാസ്യക്ഷേത്രത്തിൽപോയി ഹാലാസ്യനാഥനായ ഭഗവാൻ സുന്ദരേശ്വരനേയും നായികയായ മീനാക്ഷീഭഗവതിയേയും വിശേഷവ്രതനിഷ്ഠകളോടുകൂടെ ഉപാസിച്ചുവന്നു.

ചിരകാലം ഇങ്ങനെ ഉപാസിച്ചതിന്റെ ഫലമായി ലക്ഷണയുക്തനും സൎവസൽഗുണസമ്പന്നനും ആയ ഒരുപുത്രൻ അത്യന്തം കുലീനയും ശീലഗുണയുക്തയും ആയ തന്റെ ഒരു പട്ടമഹിഷിയിൽ ഉണ്ടായി. അംബികാപതിയുടെ അനുഗ്രഹലേശംകൊണ്ടു ജാതനായ ആ കുമാരനെ വീരപാണ്ഡ്യൻ അത്യന്തം സന്തോഷത്തോടുകൂടെ പരിലാളിച്ചു വളൎത്തിവന്നു.

കുമാരനു് അഞ്ചുവയസ്സു പ്രായമായ കാലത്തിൽ ഒരിക്കൽ വീരപാണ്ഡ്യൻ നായാട്ടിനായി സൈന്യസമേതം വനത്തിൽപോയി കാടിളക്കിച്ചു് കണ്ടകണ്ട മൃഗങ്ങളെയെല്ലാം വേട്ടയാടി മൃഗയാ വിനോദത്തിൽ പരിലോലനായി നടക്കുന്ന അവസരത്തിൽ അദ്ദേഹം ഒരു സിംഹത്താൽ മൃതനായി സ്വൎല്ലോകം പ്രാപിക്കുന്നതിനു സംഗതിവന്നുകൂടി.

നിൎദ്ദയാശയന്മാരായ ഭോഗിനീപുത്രന്മാർ ഈ വിവരം അറിഞ്ഞു് അനായകമായിത്തീൎന്ന രാജധാനിയിലെ ഭണ്ഡാരത്തിൽ പ്രവേശിച്ചു് അവിടെ ഉണ്ടായിരുന്ന ധനങ്ങൾ എല്ലാം കുത്തിവാരിയുംകൊണ്ടു് അങ്ങുമിങ്ങും പോയി. ദുരാത്മാക്കളായ അവർ തമ്മിലും വലിയ വലിയ തമ്മിത്തല്ലുകൾ എല്ലാം ഉണ്ടായി. ഈ അവസരത്തിൽ അനന്തരാവകാശിയായ രാജകുമാരനെ ചിലമന്ത്രിമാർ ഒരു രഹസ്യസ്ഥലത്തു ഗൂഢമായി താമസിപ്പിച്ചു രക്ഷിച്ചുകൊണ്ടതിനാൽ അദ്ദേഹത്തിനു യാതൊരാപത്തും നേരിടുന്നതിനു സംഗതിയായില്ല.

ഭോഗിനീപുത്രന്മാരുടെ തമ്മിൽ തല്ലും കുത്തിക്കവൎച്ചയും മററും കൊണ്ടുണ്ടായ സമാധാനഭംഗവും കോലാഹലങ്ങളുമെല്ലാം ഒട്ടു ചുരുങ്ങിയ അവസരത്തിൽ രാജാവിനോടു കൂടെ മൃഗയാവിനോദത്തിനായി കാട്ടിൽപ്പോയിരുന്ന മൂലസൈന്യങ്ങളും മററുനായികളും വന്നുചേൎന്നു. അനന്തരം മൃതനായ മഹാരാജാവിന്റെ ശേഷക്രിയകൾ എല്ലാം ആ രാജകുമാരനെക്കൊണ്ടു വിധിപ്രകാരം നടത്തിച്ചു. അനന്തരം അദ്ദേഹത്തെ രാജാവാക്കി അഭിഷേകം ചെയ്യണമെന്നു് എല്ലാവരും കൂടെ നിശ്ചയിച്ചുവേണ്ടുന്ന സംഭാരങ്ങൾ എല്ലാം ഒരുക്കാൻതുടങ്ങി. ആദ്യമേ തന്നെ പുത്തൻ കിരീടം ഉണ്ടാക്കുന്നതിനു് വേണ്ട ധനവും രത്നങ്ങളുമെടുക്കാനായി കോശാഗാരത്തിൽ പ്രവേശിച്ചു നോക്കിയതിൽ അവിടെ രത്നങ്ങളാകട്ടെ ധനങ്ങളാകട്ടെ മററുയാതൊന്നുമാകട്ടെ ഇല്ലായിരുന്നു.

അനന്തരം അവർ തമ്മിൽ തമ്മിൽ ഇങ്ങനെ പറഞ്ഞു:—

അയ്യയ്യൊ! അന്യായമായിപ്പോയല്ലൊ! ദുരാഗ്രഹികളായ ഭോഗിനീതനയന്മാർ എടുത്താലൊടുങ്ങാത്തവണ്ണം ധനങ്ങളെക്കൊണ്ടും രത്നങ്ങളെക്കൊണ്ടും പരിപൂൎണ്ണമായിരുന്ന ഈ കോശാഗാരം എങ്ങനെ ഇതുശൂന്യമാക്കിക്കളഞ്ഞു. ഇനി നാം എന്താണു ചെയ്യേണ്ടതു്. ധനംകുറെ ഏതുപ്രകാരത്തിൽ എങ്കിലും ഉണ്ടാക്കാം. ലക്ഷണയുക്തങ്ങളായ രത്നങ്ങൾ നമുക്ക എവിടെനിന്നും കിട്ടും. ലക്ഷണമൊത്തതല്ലാത്ത രത്നങ്ങളെക്കൊണ്ട് ഒരിക്കലും രാജാക്കന്മാൎക്ക് കിരീടങ്ങൾ ഉണ്ടാക്കാൻ പാടുള്ളതും അല്ലല്ലോ. ശാസ്ത്രജ്ഞന്മാർ എല്ലാവരുടേയും അഭിപ്രായം ലക്ഷണം തികയാത്ത രത്നങ്ങൾ ഉപയോഗിച്ചുകിരീടമുണ്ടാക്കിയാൽ രാജ്യത്തിൽ പലവിധആപത്തുകൾ ഉണ്ടാകുമെന്നും ആണ്. രാജകുമാരനെപട്ടംകെട്ടിച്ചില്ലെങ്കിൽ രാജ്യം അരാജകമായി തീരുകയും ഉടൻ ശത്രുക്കളുടെ ആക്രമണമുണ്ടാവുകയും ആഭ്യന്തരകലഹങ്ങൾ വൎദ്ധിക്കുകയും ചെയ്യും. എല്ലാററിനും സഹായം ഹാലാസ്യനാഥനായ സുന്ദരേശ്വരൻ തന്നെ. ഈ കുമാരനെ പാണ്ഡ്യവംശത്തിന് നടുനായകമാക്കിവീഴ്ത്തു പാണ്ഡ്യനു നല്കിയതും ഭഗവാനായ സുന്ദരേശ്വരനല്ലാതെ മററാരും അല്ലല്ലൊ. അദ്ദേഹത്തിന്റെ സഹായം കൊണ്ടു സാധിക്കാൻ പാടില്ലാത്തതായി ത്രിലോകത്തിലും വല്ലതും ഉണ്ടോ? അതുകൊണ്ടു നമുക്ക അദ്ദേഹത്തെ തന്നെ ശരണംപ്രാപിക്കാം. അദ്ദേഹം ഇതിന് ഏതെങ്കിലും ഒരു കഴിവുണ്ടാക്കിത്തരും.

അനന്തരം അവർ കുമാരനെയും എടുത്തുംകൊണ്ട്, സുന്ദരേശ്വരക്ഷേത്രത്തിന്റെ ഗോപുരദ്വാരത്തിൽപോയി നിന്നുകൊണ്ട് അവരിൽ ഓരോരുത്തരും പ്രത്യേകം പ്രത്യേകം സങ്കല്പധ്യാനത്തോടുകൂടെ ഭഗവാനെസ്തുതിക്കുകയും രാജകുമാരനെക്കൊണ്ട് പലതവണയും ഭക്തിപൂൎവ്വം അദ്ദേഹത്തെ പ്രാൎത്ഥിപ്പിക്കുകയും ചെയ്തു.

ഈ അവസരത്തിൽ ഭക്തവത്സലനും കാരുണ്യശാലിയും ഇന്ദ്രാദിവന്ദ്യനും ആയ സുന്ദരേശ്വരൻ, സാലംകാരനും കോമളവിഗ്രഹനും ആയഒരു വൈശ്യപ്രഭുവിന്റെ വേഷം ധരിച്ചു്, അനവധി രത്നങ്ങൾകൊണ്ടുണ്ടാക്കിയ ദിവ്യമാലകളും ചാൎത്തി രത്നപൂൎണ്ണമായ ഒരു വലിയഭാണ്ഡം തോളത്തുമേറി രാജകുമാരനും മന്ത്രിപുംഗവന്മാരും കൂടെ പരം പരമശിവന്റെ കാരുണ്യവിലാസത്തെ പ്രതീക്ഷിച്ചു കൊണ്ടു കാത്തുനില്ക്കുന്നതായ ഗോപുരദ്വാരത്തിൽവന്ന് അവരെ നോക്കി, നിങ്ങൾ എന്തോകാൎയ്യവശാൽ ചിന്താകുലന്മാരായി നിൽക്കുന്നതുപോലെ തോന്നുന്നല്ലൊ; കാരണമെന്താ? പറയരുതൊ എന്നു ചോദിച്ചു.

മന്ത്രിമാർ അതുകേട്ടു സംഗതിമുഴുവനും ആ വൈശ്യപ്രഭുവിനോടുപറഞ്ഞു. വൈശ്യപ്രഭു അതുകേട്ടു മന്ദഹാസപൂൎവ്വം മന്ത്രിമാരോട്ട്, ഇത്രെയുള്ളോ? സാരമില്ല. നിങ്ങൾക്ക് ഏതെല്ലാം തരത്തിലുള്ള രത്നങ്ങളാണാവശ്യമുള്ളതു്. എല്ലാത്തരത്തിലുള്ള രത്നങ്ങളും എന്റെ പക്കൽഉണ്ട്. ഏതുവേണമെങ്കിലും തരാം.

മന്ത്രിമാർ അതുകേട്ട് അത്യന്തം സന്തോഷഭാവത്തോടുകൂടെ വൈശ്യശ്രേഷ്ഠനോട് അല്ലയോ വൎത്തകപ്രഭോ രാജകിരീടങ്ങൾക്കുപയോഗിക്കാൻ കൊള്ളുന്നതായ രത്നങ്ങളാണ് ഞങ്ങൾക്കാവശ്യമായിട്ടുള്ളത്. കിരീടത്തിനുപയോഗിക്കുന്ന രത്നങ്ങൾ എല്ലാം ലക്ഷണയുക്തങ്ങളായിരിക്കണം. അതുകൊണ്ട് അങ്ങയുടെ പക്കൽ ലക്ഷണംതികഞ്ഞ രത്നങ്ങൾ എത്രയുണ്ടോ അതെല്ലാം ഞങ്ങൾക്കുതരണം എന്നു പറഞ്ഞു.

സചിവന്മാരുടെ ഇപ്രകാരമുള്ള വാക്കുകളെ വൈശ്യരൂപിയായ ശിവൻകേട്ട്, തന്റെ തോളിൽഇട്ടിരുന്ന ഭാണ്ഡം എടുത്തു നിലത്തുവെച്ചഴിച്ച് അതിൽ ഉണ്ടായിരുന്നതും അനൎഘങ്ങളും ആയ അനവധി രത്നങ്ങൾ എടുത്തു അവരുടെ മുമ്പിലായിട്ട് ഒരു നീലാംബരം വിരിച്ച് അതിൽ വെച്ചുംകൊണ്ട് അവയിൽ ഓരോന്നിന്റേയും ലക്ഷണങ്ങളെപ്പററി ഇപ്രകാരംപറഞ്ഞുതുടങ്ങി.

പണ്ട് മഹാബലശാലിയും ശ്രീമാനും ആയി വലൻ എന്നു പേരോടുകൂടിയ ഒരു ദാനവേന്ദ്രൻ ഉണ്ടായിരുന്നു. അവൻ ഭുജബലംകൊണ്ടും തപോബലംകൊണ്ടും ലോകത്രയാധിപനായി തീൎന്നെങ്കിലും ദേവേന്ദ്രൻ അവനെ ഒരുയാഗത്തിനു യജ്ഞപശുവാക്കി വരിച്ചിട്ട് വധിച്ചു. അവന്റെ അസ്ഥികളിൽ നിന്ന് വജ്രങ്ങളും, പല്ലുകളിൽനിന്നും മുത്തുകളും, രക്തത്തിൽ നിന്നും പത്മരാഗങ്ങളും, രോമങ്ങളിൽനിന്നു വൈഡൂൎയ്യങ്ങളും, മാംസങ്ങളിൽനിന്നു പവിഴങ്ങളും, നേത്രങ്ങളിൽ നിന്നു മഹാനീലമണികളും, പിത്തത്തിൽ നിന്നു മരതകക്കല്ലുകളും, കഫത്തിൽനിന്ന് പുഷ്യരാഗക്കല്ലുകളും, മേദസ്സിൽനിന്നു ഗോമേദകങ്ങളും ഉണ്ടായി. മററുപ്രകാരത്തിലും നവരത്നങ്ങൾ ഉണ്ടാകുന്നതായി ശാസ്ത്രങ്ങൾ ഘോഷിക്കുന്നുണ്ട്. ഇവയിൽ വജ്രവും മുത്തും ബ്രാഹ്മണജാതിയും, മണിക്യവിദ്രുമങ്ങൾ ക്ഷത്രിയജാതിയും പുഷ്യരാഗവും, ഗോമേദകവും വൈഡൂൎയ്യവും വൈശ്യജാതിയും- ഇന്ദ്രനീലവും മരതകവും ശൂദ്രജാതിയും ആണ്. ഇവയിൽ മുത്തും സ്ഫടികജാതികളും സത്വഗുണപ്രധാനങ്ങളും ഗോമേദകവും മാണിക്യവും വിദ്രുമവും രജോഗുണപ്രധാനങ്ങളും അഞ്ജനോപലനീലാദ്യങ്ങൾ താമസഗുണപ്രധാനങ്ങളും വജ്രവും വൈഡൂൎയ്യവും പുഷ്യരാഗവും, സത്വരജോഗുണമിശ്രങ്ങളും മരതകം താമസരാജസയുക്തവുംആണ്.

മന്ത്രിമാർ അതുകേട്ട്വൈശ്യപ്രഭുവിനോട്, വലാസുരനെ ദേവേന്ദ്രൻ യജ്ഞത്തിനുവേണ്ടി വധിച്ചതും അവന്റെ അംഗങ്ങളിൽ നിന്നും നവരത്നങ്ങൾ ഉണ്ടായതുമെല്ലാം വിസ്താരമായി കേൾപ്പിക്കണമെന്നപേക്ഷിച്ചു.

വൎത്തകശ്രേഷ്ഠൻ മന്ത്രിമാരുടെ അപേക്ഷയനുസരിച്ചുവലാസുരനിഗ്രഹത്തേയും രത്നോത്ഭവത്തേയുംപ്പററി വിസ്താരമായി താഴെ വരുമാറുപറഞ്ഞുതുടങ്ങി:—

"മഹാനും അതിവിക്രമിയും വലാസുരൻ എന്നുള്ള നാമധേയംകൊണ്ടു ത്രൈലോക്യപ്രഖ്യാതനും ആയ ദാനവേന്ദ്രൻ, ബാല്യകാലം തുടങ്ങിയേ

ഒരു മഹാശിവഭക്തനായിത്തീരുകയാൽ അവൻ ഗുരുഭൂതനായ ശുക്രാചാൎയ്യരുടെ ഉപദേശപ്രകാരം കൈലാസത്തിൽ പോയി ഗന്ധപുഷ്പാദികളെക്കൊണ്ടു കൈലാസപതിയായ പരമശിവനെ പൂജിച്ചു സന്തോഷിപ്പിച്ചു് താപസശ്രേഷ്ഠന്മാരാൽപ്പോലും അതിദുസ്സഹമായ തപസ്സുതുടങ്ങി.

അത്യുഗ്രപ്രതാപിയായ വലാസുരന്റെ തപസ്സുകൊണ്ടു സന്തുഷ്ടനായിത്തീൎന്ന പരമേശ്വരൻ ആ കാലത്തിൽ ഒരിക്കൽ പരമേശ്വരിയോടു കൂടെ വൃഷഭവാഹനത്തിൽക്കയറി വലാസുരന്റെ മുമ്പിൽ പ്രത്യക്ഷീഭൂതനായിട്ടു്, അവനോടു ഞാൻ നിന്റെ തപസ്സുകൊണ്ടു് ഏറ്റവും സന്തുഷ്ടനായി നിനക്കെന്തൊരു വരം വേണമെന്നു ചോദിച്ചു.

പ്രത്യക്ഷനായ പരമശിവനെക്കണ്ടും അദ്ദേഹത്തിന്റെ അരുളപ്പാടുകളെക്കേട്ടും സന്തോഷസാഗരനിമഗ്നനായ വലാസുരൻ ഭഗവൽപാദങ്ങളിൽ ഭക്തിയോടുകൂടെ നമസ്കരിച്ചുകൊണ്ടു്, അല്ലയോ ഭഗവാനെ കരുണാവാരിരാശിയും ഭക്തവത്സലനും സൎവ്വജ്ഞനും ആയ നിന്തിരുവടി എനിക്കു രണ്ടുവരങ്ങൾ തരേണം. അവയിൽ ഒന്നു് ഞാൻ ഒരിക്കലും ശത്രുക്കളാൽ വദ്ധ്യനാകരുതെന്നും മറ്റൊന്നു് എന്റെ ശരീരത്തിൽ ഉള്ള ധാതുക്കൾ എല്ലാം നവരത്നങ്ങളായിത്തീരണമെന്നും ആണു്.

പരമേശ്വരൻ അതുകേട്ടു് വലാസുരനെ നോക്കി അല്ലയോ ഭക്ത! നിന്റെ ഇഷ്ടപ്രകാരം അവരണ്ടും ഭവിക്കും. ഒരിക്കലും ഇതിനു തെറ്റുവരികയില്ല എന്നിങ്ങനെ വരവുംകൊടുത്തു് അനുഗ്രഹിച്ചിട്ടന്തൎദ്ധാനംചെയ്തു.

അപ്പോൾമുതൽ വലാസുരൻ സകലൎക്കും അവദ്ധ്യനും അവന്റെ ശരീരത്തിൽ ഉള്ള എല്ലാ ധാതുക്കളും രത്നങ്ങളും ആയിത്തീൎന്നു. അതിൽപിന്നെ അവൻ സകല ഭൂപന്മാരോടും യുദ്ധംചെയ്തു അവരെയെല്ലാം തോല്പിച്ചു ഭൂലോകത്തേയും ദേവലോകത്തിൽപോയി ദേവേന്ദ്രനോടും ഏറ്റു് അവനേയും യുദ്ധത്തിൽ തോല്പിച്ചു സ്വൎല്ലോകത്തേയും കീഴടക്കി ത്രൈലോക്യാധിപത്യത്തെ കൈക്കൊള്ളുകയും ഇന്ദ്രാണിയുടെ വീരപത്നിയെന്നുള്ള ഗൎവത്തെ ദൂരീകരിക്കുകയും ചെയ്തു.

അങ്ങിനെയിരിക്കുന്ന കാലത്തിൽ ഒരിക്കൽ ആരാലും അജയ്യനും, അവദ്ധ്യനും മഹത്തായ കരബലംകൊണ്ടു് മഹേഭങ്ങളുടെ വിഷാണങ്ങളെപ്പോലും ഭേദിക്കുന്നതിനു സമൎത്ഥനും ആയ ആ അസുരേന്ദ്രനെ കൊല്ലുന്നതിനുള്ള ഒരുപായത്തെ ദേവേന്ദ്രൻ ദേവകളെയെല്ലാം വിളിച്ചുവരുത്തി യോഗംകൂട്ടി ആലോചിച്ചു തീൎച്ചപ്പെടുത്തിയുംകൊണ്ടു് അദ്ദേഹം സൎവ ദേവതാസഹായനായിപ്പോയി വലാസുരനെ യുദ്ധത്തിനു് വിളിച്ചു.

വലാസുരൻ ഉടൻതന്നെ അസുരസൈന്യസഹായനായിച്ചെന്നു ദേവേന്ദ്രനോടു ഏററു അതിഭയങ്കരമായി യുദ്ധംചെയ്തു. വലാസുരന്റെ അതിപരാക്രമത്തോടുകൂടിയ ആക്രമങ്ങളെ സഹിക്കുന്നതിനു് ശക്തന്മാരല്ലാതെ ആയിത്തീൎന്ന ദേവേന്ദ്രനും സൈന്യങ്ങളും യുദ്ധംതുടങ്ങി വളരെസമയം ക

ഴിയുന്നതിനു മുമ്പേതന്നെ ആയുധവുംവച്ച് പിൻവാങ്ങി. അനന്തരം ദേവേന്ദ്രൻ വലാസുരനോടു ഇങ്ങനെ പറഞ്ഞു:—

അല്ലയോ ബലവീര്യപരാക്രമങ്ങളെക്കൊണ്ടു ത്രൈലോക്യപ്രഖ്യാതനും മഹാനും ആയ വലാസുര! അങ്ങേക്ക് തുല്യം പരാക്രമശാലികൾ മൂന്നുലോകത്തിലും ഇല്ല. ഞങ്ങൾ അങ്ങയുടെ ബലങ്ങളേയും പരാക്രമങ്ങളേയും കണ്ടു് അത്യന്തം സന്തുഷ്ടന്മാരായി. അവിടുന്ന് എന്തൊരുവരം ഉദ്ദേശിക്കുന്നുവോ അതിനെ പ്രദാനം ചെയ്യാം. ദേവേന്ദ്രന്റെ മേൽപ്രകാരമുള്ള വാക്കുകളെകേട്ടു വലാസുരൻ, കൈകൊട്ടി ചിരിച്ചുംകൊണ്ടു്, ഇപ്രകാരം പറഞ്ഞു:—

എടൊ ലജ്ജാവിഹീനനായ ദേവേന്ദ്ര! ഇനിക്കു നിന്റെ വാക്കുകേട്ടതിൽ ഇതില്പരമില്ലാത്ത വിസ്മയംതോന്നുന്നു. ഒരാൾക്കു എത്രകണ്ടു് യുദ്ധശക്തിയുണ്ടോ അത്രകണ്ടേ അയാൾക്കു വരശക്തിയും ഉള്ളു. എന്നോടു യുദ്ധംതുടങ്ങിയ ഉടനെ തോറേറാടിയ നിനക്കു എന്നോളവും ആയോധനശക്തിയില്ലെന്നുള്ളതിനു പക്ഷാന്തരം ഇല്ലല്ലൊ. എന്നോളവും രണശക്തിയില്ലാത്ത നിനക്കു ഒരിക്കലും എനേക്കാൾ വരശക്തിയുണ്ടാകുന്നതും അല്ല. അപ്പോൾ നീ എതുക്രമം അനുസരിച്ചാണു് ഇനിക്കു വേണ്ട വരം തരാമെന്നു പറഞ്ഞതു്. അതുമല്ല, ഞാൻ വിശേഷിച്ചും സർവജ്ഞനും സർവശക്തനും ആയ ഉമാസഹായനോടു് അവധ്യത്വംമുതലായ ശ്രേഷ്ഠവരങ്ങളെവരിച്ചവൻ. ആ ഇനിക്കാണോ നീ വേണ്ടവരം തരാമെന്നുപറഞ്ഞതു്. വളരെ ഭംഗിയായി. നിനക്കു വേണ്ടവരംഞാൻ തരാം. വേണമെങ്കിൽ ഈ ക്ഷണത്തിൽതന്നെ വരിച്ചുകൊള്ളുക.

ദേവേന്ദ്രനും മറ്റുള്ള ദേവന്മാരും അതുകേട്ടു് പറഞ്ഞു. ഞങ്ങൾ ഇപ്പോൾ ഒരുയാഗം നടത്താൻ പോകുന്നു. ആ യാഗത്തിൽ അങ്ങ് പശുവായി ഭവിക്കണം. ഇതാണു് ഞങ്ങൾക്കിപ്പോൾ ആവശ്യമുള്ളവരം.

വലാസുരൻ അതുകേട്ടു് ദേവന്മാർ അപേക്ഷിച്ച വരം എന്നേക്കൊണ്ടു സാധിക്കാവുന്നതും, വളരെ നിസ്സാരമായതും തന്നേ. ഞാൻ ഒരിക്കലും എന്റെ ഈ ശാശ്വതമല്ലാത്തതായ ശരീരത്തെ ഉപേക്ഷിക്കുമ്പോൾ അവർക്കു ഇഷ്ടസിദ്ധിയും ഇനിക്കു കീൎത്തിയും ഉണ്ടാകും ഇതൊരു വലിയ കാൎയ്യംതന്നെ. എന്തുകൊണ്ടെന്നാൽ നിസ്സാരമായ ശരീരത്യാഗംകൊണ്ടു് അത്യുൽകൃഷ്ടമായ കീൎത്തിലഭിക്കുന്നതു് ചില്ലറക്കാൎയ്യമോ? ഇവർ ഇങ്ങനെ വരിച്ചതു എന്റെ പൂർവപുണ്യംതന്നെ. യാതൊരു സംശയവും ഇല്ലാ എന്നിങ്ങനെ വിചാരിച്ചുകൊണ്ടു് അത്യാനന്ദപാരവശ്യത്തോടുകൂടെ ദേവന്മാരെ നോക്കി അല്ലയോ ദേവന്മാരെ നിങ്ങൾ യാചിച്ച വരംഞാൻതന്നിരിക്കുന്നു നിങ്ങൾ എന്നോടു ഇത്ര എളുപ്പമായ ഒരു വരമേ വരിക്കു എന്നു ഞാൻ വിചാരിച്ചിരുന്നില്ല. നിങ്ങൾക്കു അങ്ങനെ തോന്നിയതു എന്റെ ഭാഗ്യം കൊണ്ടാണു്. ഹാ! ഹാ! ഞാൻ എത്ര സന്തുഷ്ടനായി. ഇനി ഇനിക്കു അനിത്യമായ ഈ മാംസം ശരീരത്തെ ഉപേക്ഷിച്ചു നിത്യമായ കീൎത്തി ശരീരത്തിൽ

എത്രയോകോടി കല്പകാലം ജീവിക്കാം. നിങ്ങൾ ഇങ്ങനെ ഒരുവരം വരിച്ചില്ലെങ്കിൽ ആ ഭാഗ്യം ഇനിക്ക ഒരുകാലത്തും ഉണ്ടാകുന്നതല്ലായിരുന്നു. നിങ്ങൾ അതുകൊണ്ടു് വേഗത്തിൽപോയി യാഗത്തിനുവേണ്ട ഒരുക്കങ്ങൾ എല്ലാം ചെയ്യുവിൻ! നിങ്ങൾക്ക് യാഗസിദ്ധിക്കവേണ്ടി ഞാൻ അവിടെ വന്നുകൊള്ളാം എന്നുപറഞ്ഞു.

അനന്തരം വലാസുരൻ തന്റെ സാമ്രാജ്യലക്ഷ്മിയെ മുഴുവനും പുത്രങ്കൽ സമർപ്പിച്ചിട്ടു് പുരത്തിൽനിന്നും പുറപ്പെട്ടു ദേവന്മാർ യാഗമാരംഭിച്ചിരിക്കുന്നതായ കൈലാസപർവതത്തിന്റെ താഴ്വരയിലേക്കുപോയി. അവൻ അവിടെ ചെന്നു ദേവന്മാരെനോക്കി ഇങ്ങനെ പറഞ്ഞു.

"നിങ്ങളുടെ ഈ വിശിഷ്ടമായ ശൈവകർമ്മത്തിൽ നിങ്ങൾക്കുതന്ന വരപ്രകാരം ഞാൻ പശുവായ ഭവിച്ചുകൊള്ളാം. നിങ്ങൾ യജ്ഞപശുവായ എന്നെ ബന്ധിക്കുന്നതിനു് യൂപം ഉണ്ടാക്കുവിൻ."

ധൈൎയ്യപൂർവം പറയുന്ന വലാസുരന്റെ ഈ വാക്കുകളെക്കേട്ടു അത്യന്തം സന്തോഷചിത്തന്മാരായ ദേവന്മാർ ആ ദാനവപുംഗവനെ നോക്കി, അല്ലയോ വലാസുര! അങ്ങു് സത്യവ്രതൻതന്നെ. അങ്ങേയ്ക്കു സമന്മാരായി ത്രൈലോക്യത്തിലും ആരും ഇല്ല. ഇപ്പോൾ ഞങ്ങൾക്ക നല്കിയവരം ഹേതുവായിട്ടു അങ്ങേ കീർത്തി ആ ചന്ദ്രതാരം നിലനില്ക്കുകയും ചെയ്യും എന്നിങ്ങനെ പറഞ്ഞു.

അനന്തരം അവർ പുരുഷമേധാഖ്യമായ യാഗത്തിനു വേണ്ട ഒരുക്കങ്ങൾ ചെയ്യാൻതുടങ്ങി. ആ യാഗത്തിൽ ദിവസ്പതി യജമാനനാവുകയും സപ്തൎഷികൾ ഋത്വിക്കുകളാവുകയും, അന്യന്മാരായ താപസന്മാർ എല്ലാം വേദോക്തങ്ങളായ മററു യാഗകർമ്മങ്ങളുടെ അനുഷ്ഠാതൃക്കൾ ആവുകയുംചെയ്തു. അനന്തരം അവർ ദാനവശ്രേഷ്ഠനെ യജ്ഞസ്തംഭത്തിൽ ബന്ധിക്കാനായിക്കൊണ്ടുപോയി നിൎത്തിയുംകൊണ്ടു് യജ്ഞരാജാവും, വേദസപ്തരൂപിയും ത്ര്യംബകനും ബ്രഹ്മാവിഷ്ണുമഹേന്ദ്രാദിദേവതാവന്ദ്യനും പരനും പശുപതിയും ഈശാനനും ഭഗവാനും ആയ രുദ്രനെസ്മരിച്ചു. ഗംഗാധരനും ചന്ദ്രചൂഡനും ത്രിനേത്രനും അഷ്ടമൂൎത്തിയും ആയ അദ്ദേഹം ഉടനെ പ്രത്യക്ഷനായി വലാസുരനെ യൂപത്തിൽ ബന്ധിച്ചുകൊള്ളുന്നതിനു് അനുവാദംകൊടുത്തു. ദേവന്മാർ ഉടൻതന്നെ ചിലന്നിനൂൽകൊണ്ടു് സിംഹശ്രേഷ്ഠനെ ബന്ധിക്കുന്നതുപോലെ ഭുജബലവീൎയ്യപരാക്രമശാലിയായ ദാനവേന്ദ്രനെ ദൎഭക്കയറുകൊണ്ടു യൂപസ്തംഭത്തിൽ ബന്ധിച്ചു. അനന്തരം താമരനൂൽകൊണ്ടു് ബന്ധിതനായ മത്തകരീന്ദ്രനെപ്പോലെ യൂപസ്തംഭമൂലത്തിൽ വിരാജിതനായി നില്ക്കുന്ന അസുരാഗ്രണിയായ വലാസുരനെ പശുസംജ്ഞാപനത്തിനായി ഓരോരുത്തരുംചെന്നു പീഡിപ്പിച്ചിട്ടും അവൻ അല്പംപോലും ചാഞ്ചല്യം കാണിക്കാതെ വളരെ പ്രസന്നഭാവത്തോടുകൂടെത്തന്നെ നിന്നു. സംജ്ഞാപനക്രിയചെയ്തപ്പോഴും സന്തോഷചിത്തനായിട്ടിരുന്നു. അപ്പോൾ കല്പകവൃക്ഷങ്ങൾ പിഴുതുമറിക്കുന്നതുപോലെ ദേവകൾ പുഷ്പവൃഷ്ടിചെയ്യുക

യും, മററുള്ളവരെല്ലാം വലാസുരനെ ഇതിൽപരമില്ലാത്ത പ്രശംസിക്കുകയും ചെയ്തു.

അനന്തരം വജ്രായുധംകൊണ്ടു് ദാനവേന്ദ്രൻെറ ശരീരം ഭേദിച്ചു ഋത്വിക്കുകൾ അതിൽനിന്നും വസയെടുത്തു അഗ്നിയിൽ ഹോമിച്ചു. ഉടൻ തന്നെ യജ്ഞാത്ഥമായി ശരീരപരിത്യാഗംചെയ്ത അസുരേന്ദ്രൻ അത്യന്തം തേജസ്സ്വരൂപിയും ദിവ്യസ്ത്രീപരിവാരിതനും രത്നവിമാനാരോഹിതനും ആയി ബ്രഹ്മലോകത്തേക്കുപോയി. ശ്രീശങ്കരഭക്താഗ്രഗണ്യനായ അവൻ അവിടെ സവ്വസൌഭാഗ്യങ്ങളും ഭുജിച്ചുകൊണ്ടു് അത്യന്തം സന്തോഷത്തോടുകൂടെ പാത്തു.

പുണ്യകമ്മംകൊണ്ടു സംശുദ്ധമായിത്തീന്ന ആ ദാനവേന്ദ്രൻെറ സവ്വാവയവങ്ങളും ഒന്നുപോലെ രത്നബീജങ്ങളായിത്തീരുകയും അവയിൽ രത്നങ്ങളായ അനവധിരത്നങ്ങൾ ഉണ്ടാവുകയും ചെയ്തു. ഇപ്രകാരം അവൻെറ ശരീരത്തിൽനിന്നു ജനിച്ചതുകളായ രത്നങ്ങൾ ആണു് ലോകത്തിലുള്ള എല്ലാരത്നങ്ങളിൽവച്ചും പാവനമായിട്ടുള്ളതുകൾ; ആ നവരത്നങ്ങളെയാണു് രാജാക്കന്മാർ ധരിക്കേണ്ടതും. ദാനവൻെറ ഏററവും അശുദ്ധികരങ്ങളായ അസ്ഥിതുടങ്ങിയതുകളിൽ നിന്നും സംജാതങ്ങളായ രത്നങ്ങൾ ശുദ്ധങ്ങളാണെന്നു പറഞ്ഞതിൽ നിങ്ങൾക്കു വല്ല സംശയവും തോന്നുന്നുണ്ടെങ്കിൽ അതിനും ഞാൻ സമാധാനം പറയാം. വലാസുരൻ ദാനവവംശജാതനാണെങ്കിലും അവൻ പരമശിവഭക്തന്മാരിൽവച്ചു് അത്യന്തം ശ്രേഷ്ഠനായിരുന്നതുകൊണ്ടും അവൻെറ ശരീരം ഏററവും ധമ്മാത്ഥമായ അവശ്യത്തിനുവേണ്ടി ഉപേക്ഷിച്ചതുകൊണ്ടും ശിവഭക്തനായ ഒരുത്തനാൽ വധിക്കുകയും ധമ്മകാൎയ്യാത്ഥമായി ഉപേക്ഷിക്കുകയും ചെയ്ത ആ ശരീരം ഒരു പ്രകാരത്തിലും അശുദ്ധമല്ല. അതുകൊണ്ടാണു് വലാസുരൻെറ ശരീരജങ്ങളായ രത്നങ്ങൾക്കു ശുദ്ധികൂടുമെന്നു ഞാൻ പറഞ്ഞതു്. ഇനി ഞാൻ നിങ്ങൾക്കു രത്നങ്ങൾനോക്കാനുള്ള ക്രമവും രത്നലക്ഷണങ്ങളും പറഞ്ഞുതരാം. ശ്രദ്ധാപൂർവം കേട്ടുകൊള്ളുവിൻ.

അല്ലയോ മന്ത്രിസത്തമന്മാരേ! മാണിക്യംതുടങ്ങിയ എല്ലാരത്നങ്ങളേയും പരീക്ഷിക്കുന്നതു് ആഴ്ചനോക്കിവേണം. അതായതു് ഞായറാഴ്ചനാളിൽ മാണിക്യവും, ഗോമേധവും തിങ്കളാഴ്ചനാളിൽ മുത്തും വൈഡൂൎയ്യവും ചൊവ്വാഴ്ചനാളിൽ പവിഴവും, ബുധനാഴ്ചനാളിൽ മരതകവും വ്യാഴാഴ്ചനാളിൽ പുഷ്യരാഗകവും, വെള്ളിയാഴ്ചനാളിൽ വജ്രവും ശനിയാഴ്ചനാളിൽ നീലവും പരിശോധിക്കണം. രത്നം നോക്കുന്നവൻ അത്യന്തം നിമ്മലനും ധമ്മപരായണനും ആയിരിക്കണം. രത്നംനോക്കുന്നതു്, താമരപ്പൂവു്, പിച്ചിപ്പൂവു്, ചുവന്ന ആമ്പൽപ്പൂവു്, സീലിന്ധ്രപുഷ്പം, കൊടിമല്ലികപ്പൂവു്, ശതപത്രപ്രസൂനം (വെറിതൾതാമരപ്പൂവു്) കൃഷ്ണചന്ദനപ്പൂവു്, ചെങ്ങഴുനീർപ്പൂവു്, മന്ദാരപ്പൂവു്, എന്നീ ഒമ്പതു പുഷ്പങ്ങളും ശിരസ്സിൽ ധരിച്ചുകൊണ്ടു് ചാണകംകൊണ്ടു് മെഴുകി ശുദ്ധിപ്പെടുത്തിയ ഭൂമിയിൽ ഒരു പീഠംവ

ച്ച് അതിന്റെ മുകളിൽ ശുദ്ധവസ്ത്രം വിരിച്ച് അതിന്റെ മദ്ധ്യഭാഗത്തിൽ ആദ്യമായി പത്മരാഗവും, മാണിക്യം തുടങ്ങിയ മററുരത്നങ്ങളെ കിഴക്കേദിക്കുതുടങ്ങി വലത്തോട്ടു എട്ടുദിക്കുകളിലും മണ്ഡലാകൃതിയിലും നിരത്തി മദ്ധ്യത്തിൽ വച്ചിട്ടുള്ള പത്മരാഗത്തെ ആദിത്യദേവനായും, മുത്തിനെ ചന്ദ്രനായും, പവിഴത്തെ ചൊവ്വായായും, മരതകരത്നത്തെ ബുധനായും, പുഷ്യരാഗത്തെ ഗുരുവായും, വജ്രത്തെ ശുക്രനായും നീലത്തെ ശനിയായും ഗോമേദകത്തെ രാഹുവായും, വൈഡൂര്യത്തെ കേതുവായും ഭാവിച്ച് മുൻപറഞ്ഞ താമരപ്പൂതുടങ്ങിയ പുഷ്പങ്ങളെക്കൊണ്ട് പൂജിച്ചതിന്റെശേഷം വേണ്ടതാകുന്നു.

ഇനി ഞാൻ വജ്രാദികളായ രത്നങ്ങളുടെ പൂർവോക്തപ്രകാരമുള്ള ലക്ഷണങ്ങളും ഇന്നവണ്ണമെല്ലാമാണെന്നു പറയാം. നിങ്ങൾ ശ്രദ്ധവെച്ചു കേട്ടുകൊണ്ടാലും. ഒന്നാമതായി വജ്രത്തിന്റെ ലക്ഷണംതന്നെ പറയാം.

വജ്രമാണ് ഭൂമിയിൽ ഉള്ള എല്ലാരത്നങ്ങളിലും വച്ച് ശ്രേഷ്ഠമായിട്ടുള്ളത്. അതുകൊണ്ട് മററുള്ള രത്നങ്ങളേയും എല്ലാ ധാതുക്കളേയും എന്നല്ല മററു സർവവസ്തുക്കളേയും മുറിക്കാം. വജ്രത്തെ വജ്രംകൊണ്ടല്ലാതെ മററൊന്നുകൊണ്ടും ഛേദിക്കാൻ ഒക്കുന്നതല്ല. അതുകൊണ്ടാകുന്നു മററുള്ള എല്ലാരത്നങ്ങളേക്കാളും വജ്രത്തെ ശ്രേഷ്ഠതരമെന്നു ബുദ്ധിമാന്മാർ പറഞ്ഞിട്ടുള്ളത്. ദധീചിമഹർഷിയുടേയും വലാസുരന്റേയും അസ്ഥികൾ വീണ കോസലാദികളായ സ്ഥലങ്ങൾ ആകുന്നു വജ്രാകരഭൂമികൾ. ദേശഭേദംഅനുസരിച്ച് വജ്രങ്ങൾക്ക് പല വർണ്ണങ്ങളും ഉണ്ട്. കോസലദേശത്തിലെ വജ്രഖനികളിൽനിന്നും ലഭിക്കപ്പെടുന്ന വജ്രങ്ങൾ നെന്മേനിവാകപ്പൂവിന്റെ നിറംപോലെയുള്ള നിറത്തോടുകൂടിയവയും, കലിംഗജങ്ങളായവജ്രക്കല്ലുകൾ പീതവർണ്ണത്തിൽ ഉള്ളവയും മാതംഗരാജ്യത്തിൽ ഉണ്ടാകുന്ന വൈരക്കല്ലുകൾ മല്ലികപ്പൂവിന്റെ നിറംപോലെയുള്ള നിറത്തോടുകൂടിയവയും ഹിമവൽപ്രദേശങ്ങളിൽ ഉണ്ടാകുന്ന വജ്രങ്ങൾ ശുഭ്രവർണ്ണത്തിൽ ഉള്ളവയും മഹാരാഷ്ട്രജനങ്ങളായ വൈരക്കല്ലുകൾ രക്തവർണ്ണത്തോടുകൂടിയതുകളും സൌവീര്യരാജ്യത്തിൽ ഉണ്ടാകുന്നതുകൾ കൃഷ്ണവർണ്ണത്തിൽ ഉള്ളവകളും പൌണ്ഡ്രരാജ്യത്തിൽ നിന്നും കിട്ടുന്നതുകൾ കരിംകൂവളപ്പൂവിന്റെ നിറംപോലെയുള്ള നിറത്തോടുകൂടിയതുകളും മാഗധരാജ്യജാതങ്ങളായ വൈരക്കല്ലുകൾ പിംഗലവർണ്ണത്തിൽ ഉള്ളതുകളായും ഇരിക്കുന്നു. ഇങ്ങനെ ഉണ്ടാകുന്ന ദിക്കുകളുടെ ഭേദങ്ങൾ അനുസരിച്ചും ദേവതാഭേദങ്ങൾ അനുസരിച്ചും വജ്രങ്ങൾ പലപലവർണ്ണത്തിലും ഉണ്ട്. ദേവതാഭേദങ്ങളേയും പറയാം കേട്ടുകൊള്ളുവിൻ.

നെന്മേനിവാകപ്പൂവിന്റേയും കദളിയുടേയും മുളയുടേയും നിറത്തോടുകൂടിയ വജ്രങ്ങളുടെ ദേവത വിഷ്ണുവും, വെളുത്തനിറത്തിലും ആറുകോണങ്ങളോടുകൂടിയതായും ഉള്ള വജ്രങ്ങളുടെ ദേവത ഇന്ദ്രനും, കരിംകൂവളപ്പൂവിന്റേയും വണ്ടിന്റേയും നിറത്തിൽ ഉള്ള വൈരക്കല്ലുകളുടെ ദേവത യമധർമ്മനും, പ്ലാവിന്റേയും മുള്ളിന്റേയും പൂക്കളുടെ നിറംപോലെയുള്ള നിറ

ത്തോടുകൂടിയ വജ്രങ്ങളുടെ ദേവത വായുവും, കർണ്ണികാരപുഷ്പത്തി(കൊങ്ങൻപൂവി)ന്റെ വർണ്ണത്തോടുകൂടിയ വജ്രത്തിന്റെ ദേവത വരുണനും, അംബുപ്രഭയോടുകൂടിയതിന്റെ ദേവത ചന്ദ്രനും, മിന്നാമിനുങ്ങിന്റെ പ്രഭപോലെയുള്ള പ്രഭയോടുകൂടിയതിന്റെ ദേവത ആദിത്യനും, അഗ്നിപ്രഭയോടുകൂടിയതിന്റെ ദേവത അഗ്നിയും ആകുന്നു.

ശുദ്ധസ്ഫടികവർണ്ണത്തിൽ ഉള്ളവജ്രം ബ്രാഹ്മണജാതിയും ശശലോചനംപോലെയുള്ള വജ്രം ക്ഷത്രിയജാതിയും കദളീദളത്തിന്ന് തുല്യമായ നിറത്തോടുകൂടിയ വൈരം, വൈശ്യജാതിയും കരവാളകാന്തിയോടുകൂടിയ വജ്രം ശൂദ്രജാതിയും ആകുന്നു. വിപ്ര ക്ഷത്രിയ വൈശ്യ ശൂദ്രരായ നാലുജാതിക്കാരും അവരവരുടെ ജാതിയിൽ ഉള്ള വജ്രങ്ങളെവേണം ധരിക്കേണ്ടതു്. എന്നാൽ ബ്രാഹ്മണൎക്ക നാലുജാതിയിലും ഉള്ള വൈരവും ധരിക്കാം. ഇങ്ങനെ വജ്രരത്നങ്ങൾ അനേകവിധപ്രകാരത്തിൽ ഉണ്ടെങ്കിലും അവ എല്ലാത്തിലുംവെച്ചു് ശ്രേഷ്ഠമായിട്ടുള്ളതും ആരെക്കൊണ്ടും വിലമതിക്കാൻ സാധിക്കാത്തതുമായ രത്നം മിന്നാമിനുങ്ങിന്റെ പ്രഭപോലെയുള്ള പ്രഭയോടുകൂടിയതാണ്. അതിനെയാണ് ചക്രവൎത്തികളായ രാജാക്കന്മാർ തങ്ങളുടെ കിരീടങ്ങൾക്ക് നടുനായകക്കല്ലായിവെച്ചുകൊള്ളേണ്ടതു്. ആരോഗ്യവിജയകരവും അനൎഘവും ശ്രീകരവും ആയ അതിനെ കിരീടത്തിന്റെ നടുനായകക്കല്ലായി ഉപയോഗിക്കുന്ന രാജാക്കന്മാൎക്കുണ്ടാകുന്ന ശ്രേയസ്സുകൾ അവൎണ്ണനീയങ്ങളാണ്. ഖണ്ഡദേശാധിപനായ ഒരു രാജാവു മേൽപറഞ്ഞ രത്നംപതിച്ച കിരീടം ധരിച്ചാൽ അവൻ അതിവേഗത്തിൽ ചക്രവൎത്തിയായിത്തീരും.

വജ്രരത്നംകൊണ്ടു കുലസ്ത്രീകൾക്ക മംഗല്യാഭരണം ഉണ്ടാക്കരുതു്. വൎണ്ണാല്പതാ (നിറക്കുറവു) രേഖാ (പുള്ളി) ത്രാസം (പുള്ളടി) കാകപദം (കീറൽ) ബിന്ദു ഇങ്ങനെ അഞ്ചുദോഷങ്ങൾ എല്ലാം രത്നങ്ങൾക്കുംഉണ്ടു്. അവയില്ലാത്തതായ രത്നങ്ങളെ ഉപയോഗിച്ചേ അതാതു രത്നങ്ങൾക്ക പറഞ്ഞ ഗുണങ്ങൾ ഉണ്ടാവുകയുള്ളു. ദോഷങ്ങൾ ഒഴിഞ്ഞതായ വജ്രരത്നംകൊണ്ടാഭരണമുണ്ടാക്കിധരിച്ചാൽ അവനു ശത്രുഭയമാകട്ടെ ശസ്ത്രാസ്ത്രഭയങ്ങളാകട്ടെ ഭൂതപ്രേതപൈശാചിക പീഡകളാകട്ടെ ദാരിദ്ര്യദുഃഖമാകട്ടെ അപമൃത്യുഭയമാകട്ടെ യാതൊന്നും ഉണ്ടാകുന്നതല്ലെന്നു മാത്രമല്ല ലക്ഷണയുതമായ വജ്രഭൂഷിതനെ ഒരിക്കലും ശ്രീദേവി വിട്ടുപിരികയും ഇല്ലാ.

അല്ലയോ സചിവശ്രേഷ്ഠന്മാരേ! ഇനി ഞാൻനിങ്ങൾക്കു മുത്തിന്റെ ഗുണങ്ങളും ലക്ഷണങ്ങളും പറഞ്ഞുതരാം ചെവിതന്നു കേട്ടുകൊണ്ടാലും!

മുത്തുകൾ സ്ഥലജങ്ങളെന്നും ജലജങ്ങളെന്നും രണ്ടുപ്രകാരത്തിൽ ഉണ്ടു്. പണ്ടു് വജ്രാഹതികൊണ്ടു വലാസുരന്റെ ദന്തങ്ങൾ പതിമൂന്നു സ്ഥാനങ്ങളിൽ പോയിവീണു. അവയിൽനിന്നാണു് ഇന്നും മുത്തുകൾ ഉണ്ടാകുന്നതു്. അപ്രകാരം വീണതു് ശംഖിലും മത്സ്യത്തിന്റെ ശിരസ്സിലും മേഘത്തിലും സ്ത്രീകളുടെ കണ്ഠത്തിലും മുളയിലും പന്നിയുടെ ദംഷ്ട്രത്തിലും സ

സർപ്പത്തിന്റെ ഫണത്തിലും ആനയുടെ പല്ലിലും വരാഹകപ്പക്ഷിയുടെ കണ്ഠത്തിലും പുണ്ഡരീകക്കരുമ്പിന്റെ മൊട്ടിലും ശാലിനെല്ലിന്റെ തണ്ടുകളിലും മുത്തുച്ചിപ്പിയിലും കരടവാജീഭുജത്തിലും (മാൻകൊമ്പിലും) ആണ്. ഈ പതിമൂന്നിൽ സ്ത്രീകളുടെ കണ്ഠദേശത്തിലും വരാഹഗളത്തിലും കരടവാജീഭുജത്തിലും നിന്നു മുത്തുകൾ സാധാരണയായി ഉത്ഭവിക്കുന്ന പതിവില്ല. അപ്രകാരംഉള്ള മുത്തുകൾ മൂന്നുലോകത്തിലും ഒന്നുപോലെ ദുർല്ലഭമാണ്. മററു പത്തുസ്ഥാനങ്ങളിൽനിന്നും എപ്പോഴും മുത്തുകൾ ഉണ്ടാകുന്നുണ്ട്.

ഇവയിൽ ശംഖിൽനിന്നും ഉണ്ടാകുന്ന മുത്ത് മാടപ്രാവിന്റെ നിറംപോലെയും മത്സ്യത്തിന്റെ ശിരസ്സിൽനിന്നും ഉണ്ടാകുന്ന മുത്ത് പൂപ്പാതിരിപ്പൂവിന്റെ നിറംപോലെയും, മേഘത്തിൽനിന്നും ഉണ്ടാകുന്ന മുത്ത് ബാലാർക്കാരുണപ്രഭപോലെയുള്ള പ്രഭയോടുകൂടിയതായും, മുളയിൽനിന്നും ഉണ്ടാകുന്ന മുത്തുകൾ ആലിപ്പഴം പോലെയും, പന്നിയുടെ ദംഷ്ട്രത്തിൽനിന്നും ഉണ്ടാകുന്നമുത്ത് രക്തവർണ്ണമായും സർപ്പത്തിന്റെ ഫണത്തിൽനിന്നും ഉണ്ടാകുന്ന മുത്ത് നീലപ്രഭയോടുകൂടിയതായും, ആനയുടെ ദന്തത്തിൽനിന്നും ഉണ്ടാകുന്ന മുത്ത പീതവർണ്ണത്തോടുകൂടിയതായും ശാലിസ്തംബത്തിൽനിന്നും ഉണ്ടാകുന്ന മുത്തും കരിമ്പിൻമൊട്ടിൽനിന്നും ഉണ്ടാകുന്നമുത്തും അതുപോലെതന്നെ മഞ്ഞനിറത്തോടുകൂടിയതായും, മുത്തുച്ചിപ്പികളിൽനിന്നും ഉണ്ടാകുന്നമുത്ത് ചന്ദ്രപ്രഭപോലെയുള്ള പ്രഭയോടുകൂടിയതായും ഇരിക്കും. ഇങ്ങനെ പത്തുസ്ഥാനങ്ങളിൽനിന്നും മുത്തുകൾ പതിവായിട്ടും ഉണ്ടാകുന്നുണ്ടെങ്കിലും മുത്തുച്ചിപ്പിയിലും ശംഖിലും നിന്നാണ് മുത്തുകൾ ധാരാളമായിട്ടും ഉണ്ടാകുന്നതു്. സുലഭത്വംകൊണ്ടും ഗുണബാഹുല്യംകൊണ്ടും മുത്തുച്ചിപ്പികളിൽനിന്നും ഉണ്ടാകുന്ന മുത്താണ് ശ്രേഷ്ഠമായിട്ടുള്ളതു്. നീലനിറത്തിൽ ഉള്ള മുത്ത് വൈഷ്ണവവും മഞ്ഞനിറത്തിൽ ഉള്ളതു് മാഹേന്ദ്രവും, മേഘനിറത്തിൽ ഉള്ളതു് യാമ്യവും ലോഹിതവർണ്ണത്തിൽ ഉള്ളതു് വായവ്യവും ശുഭ്രവർണ്ണത്തിൽ ഉള്ളതു് വാരുണവും അരുണപ്രഭയോടുകൂടിയതു് ആഗ്നേയവും ആകുന്നു. ദേവതാഭേദം അനുസരിച്ചുള്ള മുത്തുകളുടെ വർണ്ണക്രമം ഇപ്രകാരമാണ്. നക്ഷത്രങ്ങളെപ്പോലെയുള്ള പ്രകാശത സുവൃത്തത്വം നൈർമ്മല്യം ഘനതാ സ്നിഗ്ദ്ധതാ സ്ഫുടത്വം ഇങ്ങനെ ആറുഗുണങ്ങൾ മുത്തിനുണ്ട്. ഈ ആറുഗുണങ്ങളോടുകൂടിയതായ മൌക്തികങ്ങളെ ധരിക്കുന്നവർക്ക് ആയുസ്സും ഐശ്വര്യവും വർദ്ധിക്കും. അലക്ഷ്മിയും ദാരിദ്ര്യവും അവരെ ഒരുകാലത്തും തീണ്ടുന്നതുപോലും അല്ല.

അല്ലയോ സചിവോത്തമന്മാരേ! ഇനിഞാൻ പത്മരാഗരത്നത്തിന്റെ ലക്ഷണങ്ങളും ഗുണങ്ങളും നിങ്ങളോടു പറയാം; സശ്രദ്ധം കേട്ടുകൊള്ളുവിൻ!

മക്കം, കാളപുരം, തുംബുരുപുരം, സിംഹളം ഈ സ്ഥലങ്ങളിൽ വാലാസുരന്റെ രക്തം വീണടത്തു നിന്നുമാണ് മാണിക്യം ഉണ്ടാകുന്നതു്. ഇവയിൽ കൃതായുഗത്തിൽ മക്കത്തും, ത്രേതായുഗത്തിൽ കാളപുരത്തിലും ദ്വാപരയു

ഗത്തിൽ തുംബുരുപുരത്തിലും കലിയുഗത്തിൽ സിംഹളത്തിലും പത്മരാഗം ധാരാളമുണ്ടാകും. പത്മത്തിൻേറയും കൽഹാരപുഷ്പത്തിൻെറയും മിന്നാമിനുങ്ങിൻെറയും നക്ഷത്രത്തിൻേറയും അഗ്നിയുടെയും ദീപത്തിൻേറയും മാതളനാരകക്കുരുവിൻെറയും സൂൎയ്യൻേറയും, മാതളനാരകപുഷ്പത്തിൻേറയും ഇന്ദ്രകോപത്തിൻെറയും പ്രഭകൾ പോലെയുള്ള പ്രഭകളോടു കൂടിയപത്മരാഗക്കല്ലുകൾ പ്രശംസ്യങ്ങളാകുന്നു. ബ്രാഹ്മണജാതിയിൽ പെട്ട പത്മരാഗത്തിന് ജാതരംഗമെന്നും, ക്ഷത്രിയജാതിയിൽ പെട്ട പത്മരാഗത്തിന് കുരുവിന്ദമെന്നും വൈശ്യജാതിയിൽപ്പെട്ടതിനു സൌഗന്ധികമെന്നും, ശൂദ്രജാതിയിൽപ്പെട്ടതിന് ഗവാംഗം എന്നും നീലഗന്ധി എന്നും നാമധേയങ്ങൾ പറയപ്പെടുന്നു.

ഇവയിൽ ഒന്നാമത്തേതിന് പത്തുവിധത്തിലും രണ്ടാമത്തേതായ ക്ഷത്രിയജാതിക്ക് എട്ടുവിധത്തിലും വൈശ്യജാതിക്കു ആറുവിധത്തിലും നാലാമത്തേതായ ശൂദ്രജാതിക്ക് നാലുവിധത്തിലും ഛായകൾ ഉണ്ട്. താമര, ചെങ്ങഴുനീർപ്പൂവ്, മിന്നാമിനുങ്ങ്, അഗ്നി, കുയിൽക്കണ്ണ്, ദീപം, മാതളനാരകക്കുരുവ്, ആദിത്യൻ, മാതളനാരകപ്പൂവ് ഇവപത്തിൽ ഏതെങ്കിലും ഒന്നിൻെറ പ്രഭപോലെയുള്ള പ്രഭയോടുകൂടിയ മാണിക്യം ബ്രാഹ്മണജാതിയിൽ അകപ്പെട്ടതും, പാച്ചോററിപ്പൂവ്, മുരുക്കിൻപൂവ്, ഉച്ചമലരിപ്പൂവ്, കുന്നിക്കുരുവ്, ചെമ്പരത്തിപ്പൂവ് മുയൽച്ചോര, സിന്ദൂരം ചുട്ടുപഴുപ്പിച്ച ഇരുമ്പ് ഇവയിൽ ഏതെങ്കിലും ഒന്നിൻെറ നിറംപോലെയുള്ള നിറത്തോടുകൂടിയ മാണിക്യം ക്ഷത്രിയജാതിയും, ചെമ്പരത്തിച്ചാറ്, കുയിൽമിഴി, ഇലവിൻപൂവ്, പഞ്ചവൎണ്ണപ്പൂവ്, ചുട്ടുപഴുപ്പിച്ചഇരുമ്പ്, അശോകത്തളിര് ഇവയിൽ ഒന്നിൻെറ പ്രഭയോടുകൂടിയ പത്മരാഗം മൂന്നാമത്തേതായ വൈശ്യജാതിയും, കുമ്പിൽപൂവ്, തൊണ്ടിപ്പഴം, ചെങ്കുറിഞ്ഞിപ്പൂവ്, ധാതു, ഇവയിൽ ഏതെങ്കിലും ഒന്നിൻെറ പ്രഭപോലെയുള്ളപ്രഭയോടുകൂടിയതു് ശൂദ്രജാതിയിൽപ്പെട്ട മാണിക്യവും ആണ്. ഘനക്കുറവു് വൈരത്തിന് എത്രമാത്രം ശ്രേഷ്ഠതരമാണോ പത്മരാഗത്തിനു ഘനക്കൂടുതലും അത്രമാത്രം ശ്രേഷ്ഠതരമാണ്. അതുപോലെതന്നെ ഊൎദ്ധ്വരശ്മികളോടു കൂടിയപത്മരാഗം അധമവും പാർശ്വരശ്മികളോടുകൂടിയതു് മദ്ധ്യമവും ആകുന്നു.

ജാതരംഗം എന്നപേരോടു കൂടിയതും ഒന്നാമത്തെ ജാതിയിൽപ്പെട്ടതുമായ പത്മരാഗം ധരിച്ചാൽ ഗോദാനം, ഭൂദാനം, വിദ്യാദാനം, കന്യകാദാനം മുതലായ ദാനങ്ങളും അശ്വമേധാദിയാഗങ്ങളും ചെയ്താൽ എത്രമാത്രം ശ്രേയസ്സുണ്ടാകുമോ അത്രമാത്രം ശ്രേയസ്സുണ്ടാകുന്നതാണ്. ക്ഷത്രിയജാതിയിൽപ്പെട്ട കുരുവിന്ദമെന്നമാണിക്യം ധരിക്കുന്നവൻ സാധാരണമനുഷ്യനായിരുന്നാൽ അവൻ രാജാവായും രാജാവായിരുന്നാൽ ചക്രവൎത്തിയായും ഭവിക്കും വൈശ്യജാതിയായ സൌഗന്ധികമെന്ന മൂന്നാമത്തെ പത്മരാഗരത്നം ധരിക്കുന്നവന് സീമാതീതമായ കീൎത്തിയും സമ്പത്തും ഉണ്ടാകുന്നതാണ്. ഗവാംഗത്തെധരിക്കുന്നവന് ക്ഷീരസസ്യസമൃദ്ധിയുണ്ടാകും. നീലഗന്ധത്തെ

ധരിക്കുന്നവൻ രോഗഹീനനായിരിക്കും. എന്നുവേണ്ടാ ലക്ഷണയുക്തവും ദോഷഹീനവും നേത്രപ്രിയവുമായ പത്മരാഗരത്നം ധരിക്കുന്ന ഏതൊരുത്തനും അത്യധികമായ കീർത്തിയും ലക്ഷ്മിയും വിദ്യയും ഉണ്ടാകുമെന്നുള്ളതിനു യാതൊരുസംശയവും ഇല്ല. അവരുടെ കൈവശം മററുരത്നങ്ങളുംമെല്ലാം വന്നുചേരും.

അല്ലയോ സചിവോത്തമന്മാരെ! ഇനി നിങ്ങൾ മരതകത്തിൻെറ ലക്ഷണങ്ങളെ കേട്ടുകൊള്ളുവിൻ! പണ്ട് വലാസുരൻെറ പിത്തത്തെ പക്ഷികൾ കൊത്തിക്കൊണ്ടുപറന്നപ്പോൾ അയതു വീണ ദിക്കിയിൽ ആണ് മരതകം ഉണ്ടാകുന്ന ആകരങ്ങൾ ധാരാളം ഉള്ളത്. കൂടാതെ പണ്ട് അരുണൻ ജനിച്ച മുട്ടത്തോടുകളെ വിനതസൂക്ഷിച്ചുവച്ചിരുന്നതിനെ ഗരുഡൻ ജനിച്ചപ്പോൾ മേചകപ്രഭമായ അതിനെക്കൊരുത്ത് ഗരുഡൻെറ അരയിൽ കെട്ടിയതു് പൊട്ടിവീണതായ ദിക്കുകളിലും ആകരങ്ങൾ ഉണ്ട്. പണ്ട് മോഹിനീരൂപം എടുത്തമഹാവിഷ്ണുവിനെ കണ്ടു കാമമോഹിതനായ പരമശിവൻെറ രേതസ്സുകൾ വീണ മന്ദരപർവ്വതത്തിൻെറ താഴ്വരകളിൽ പലസ്ഥലത്തും മരതകഖനികൾ ഉണ്ട്. മഹാവിഷ്ണുവിൻെറ മോഹിനീരൂപം കണ്ട് കാമസംഭ്രാന്തനായ പരമശിവനു സംഭവിച്ച ശുക്ലസ്രാവത്തിൽ നിന്നുമാണ് ഹരിഹരപുത്രനും വനദേവതാഗ്രഗണ്യനും ആയ ശാസ്താവുണ്ടായതു്. പക്ഷിരാജാവായ ഗരുഡൻ ദൈത്യേന്ദ്രപിത്തവും ഭക്ഷിച്ചുംവച്ച് തുരുഷ്കരാജ്യത്തിൽ പോയിതുരുഷ്കന്മാരോടുകൂടെ ഒരു ബ്രാഹ്മണനെ ഭക്ഷിച്ചിട്ട് ഛർദ്ദിച്ചപ്പോൾ അവിടെ വീണപിത്തത്തിൽ നിന്നും ഇപ്പോൾ അനവധി മരതകരത്നങ്ങൾ ഉണ്ടാകുന്നുണ്ട്. അതുകൊണ്ടത്രെ മരതകക്കല്ലിനു ഗാരുത്മതം എന്നും ഗരുഡപച്ചയെന്നും മററും പേരുകൾ ഉണ്ടായിട്ടുള്ളതു്.

മരതകക്കല്ലുകൾ കറുകയിതളിൻേറയോ * കളമാഗ്രദളത്തിൻേറയോ പ്രഭപോലെയുള്ള പ്രഭയോടുകൂടിയതായിരിക്കും. ഇവയുടെ നിറത്തോടുകൂടിയ മരതകക്കല്ലുകൾ വളരെ വളരെ ശ്രേഷ്ഠങ്ങളും ആണ്. മരതകത്തിനു് സഗുണമെന്നും സദോഷമെന്നും രണ്ടു ജാതി വ്യത്യാസങ്ങൾ ഉണ്ട്. അതിൽ ആദ്യമായി സഗുണജാതിയിൽപ്പെട്ടവയുടെ പ്രഭേദങ്ങളെപ്പററിപ്പറയാം. ഗാഢം ഉല്ലസിതം, പേശലം, പിത്തലം, മുഗ്ധം, പൃഥുകം, ഇങ്ങനെ സഗുണജാതിയിൽ ആറുതരങ്ങൾ ഉണ്ട്. അവയിൽ, കറുകയിതൾക്കൊത്തനിറത്തോടു കൂടിയതു് ഉല്ലസിതവും, നെല്പോലയുടെ അററത്തിൻെറനിറം പോലെയുള്ള നിറത്തോടുകൂടിയതു പേശലവും തത്തച്ചിറകിൻെറ നിറംപോലെയുള്ളതു് പിത്തലവും താമരയിലയുടെ വർണ്ണത്തിൽ ഉള്ളതു് പൃഥുകവും തുളസിയിലയുടെ നിറത്തിൽ ഉള്ളതു് മുഗ്ധവും ആകുന്നു.

ദോഷലേശാനചിതം, ദുഷ്ടം, ദോഷമൂർഛിതം, ദോഷലേശം മന്ദദോഷം ഇങ്ങനെ സദോഷജാതിയിലും അഞ്ചുപ്രഭേദങ്ങൾ ഉണ്ട്. അവയിൽ

* കളമം— ഒരുമാതിരിനെല്ല്.

നാരകത്തിലയുടെ നിറത്തോടുകൂടിയതു് ദോഷലേശാന്വിതവും, അലരിയില യുടെ നിറത്തോടുകൂടിയതു ദുഷ്ടവും, ചെന്താമരയിലയുടെ വർണ്ണത്തോടുകൂടി യതു് ദോഷമൂർച്ഛിതവും, മഞ്ഞുപററിയതായ താമരയിലയുടെ നിറത്തിൽ ഉള്ളതു് ദോഷലേശവും മയിൽചിറകിനുതുല്യമായ നിറത്തോടുകൂടിയതു് മന്ദ ദോഷവും ആണു്.

ഇപ്രകാരമുള്ള ദോഷങ്ങൾ യാതൊന്നും ഇല്ലാത്തതായും ഗുണഗണയു ക്തമായും രത്നങ്ങളിൽവെച്ചു് അത്യന്തം ശ്രേഷ്ഠമായും ഉള്ള മരതകരത്നത്തെ ധരിക്കുന്ന രാജാവു് അതിപ്രസിദ്ധനായ അരിജേതാവായി തീരുന്നതുകൂടാതെ അവനു് അസീമമായ ചതുരംഗസേനാഭിവൃദ്ധിയും ഉണ്ടാകും. സാധാരണന്മാ ർ മരതകരത്നമണിഞ്ഞാൽ അവൎക്കു് ധനധാന്യാദിസൎവ്വസമ്പത്തുകളും വ ൎദ്ധിക്കും.

ഇനി നിങ്ങൾ നീലരത്നത്തിന്റെ ഗുണങ്ങളെ കേട്ടുകൊള്ളുവിൻ! ഞാൻ വിവരമായിപ്പറയാം.

വലാസുരന്റെ ലോചനങ്ങളിൽ നിന്നും ഉത്ഭവിച്ചതായും ഹരകണ്ഠ വിഷോത്ഭവമായും മഹാ നീലരത്നം രണ്ടുപ്രകാരത്തിൽ ഉണ്ടെന്നാണു് ശാ സ്ത്രവിത്തുക്കളുടെ അഭിപ്രായം. ദേവേന്ദ്രൻ, പണ്ടു് വിശ്വരൂപനെ വധിച്ച തിൽ വച്ചുണ്ടായ ദോഷശാന്തിക്കുവേണ്ടി അശ്വമേധംചെയ്തു് സമാപിച്ചതി ൽ പിന്നെ അദ്ദേഹത്തിന്റെ നേത്രമലങ്ങൾ എല്ലാം ഒരു ദിക്കിൽ ഉപേക്ഷി ച്ചു. ഇന്ദ്രനീലം ഉണ്ടാകുന്നതു് ആ ദിക്കിൽനിന്നമാണു്. കൂടാതെ സൂൎയ്യന്റെ ഭാൎയ്യയായ തപസ്വി അദ്ദേഹത്തിന്റെ ചൂടു സഹിക്കുന്നതിനു് നിവൃത്തിയി ല്ലാതെ തന്റെ ഛായയെ നിയോഗിച്ചിട്ടു് തപസ്സുചെയ്യുന്നതിനായി കാന നത്തിൽ അശ്വരൂപിണിയായി പോയ വിവരം സൂൎയ്യൻ അറിഞ്ഞു് കാമാതു രനായി ഒരു ആൺകുതിരയുടെ രൂപവുമെടുത്തു് പുറകെ ഓടിപ്പോകുമ്പോൾ കാമ പരവശനായ അദ്ദേഹത്തിനു ഇന്ദ്രിയസ്ഖലനം സംഭവിക്കുകയും അ ശുക്ലം ചില ചില ദിക്കുകളിൽ വീഴുകയും ചെയ്തിട്ടുണ്ടു്. ആ സ്ഥലങ്ങളിൽ നിന്നും നീലക്കല്ലുകൾ ഉണ്ടാകും. സൂൎയ്യരേതസ്സു വീണതായ സ്ഥലങ്ങളിൽ നിന്നും ഉണ്ടാകുന്ന നീലക്കല്ലുകൾ ദേവന്മാൎക്കുപോലും സമ്മതകരമായ താണു്.

നീലരത്നത്തിന്റെ ഉല്പത്തിസ്ഥാനങ്ങൾ മുൻപറഞ്ഞവകൾ ആണു്. വിപ്രാദികളായി നാലു ജാതിഭേദങ്ങൾ അതിനും ഉണ്ടു്. അല്പം വെളുത്തതു വിപ്രജാതിയും അല്പം ചുടപ്പത്തോടുകൂടിയതു് ക്ഷത്രിയജാതിയും ശ്യാമളശ്വേ തവൎണ്ണാന്വിതമായതു വൈശ്യജാതിയും ഏററവും കറുത്തതു് ശൂദ്രജാതിയും ആകുന്നു.

സുവ്യക്തമായ ഇന്ദ്രായുധപ്രഭ ഏതൊരു നീലരത്നത്തിന്റെ മദ്ധ്യഭാഗ ത്തിൽ പ്രശോഭിക്കപ്പെടുന്നുവോ അതു് ഇന്ദ്രനീലവും, ഭൂമിയിൽ അത്യന്തം ദുൎല്ലഭവും, വളരെ വിലയേറിയതുമാണു്. ഒരു പാത്രത്തിൽ പാലു് പകൎന്നു വച്ചു് അതിലിട്ടാൽ പാലു നീലനിറമാകുന്നതായ രത്നം മഹാ നീലമാണു്.

മേല്പ്പറയപ്പെട്ടതും ശ്രേഷ്ഠങ്ങളും ആയ വജ്രം മുത്തു, പത്മരാഗം, ഗാരുത്മതകം, ഇന്ദ്രനീലം ഈ അഞ്ചു രത്നങ്ങളെക്കൊണ്ടും ഉണ്ടാക്കിയതായ ആഭരണം ധരിക്കുന്ന രാജാവിന് ലക്ഷ്മിയും, മംഗളവും, കീൎത്തിയും, വിദ്യയും ഉണ്ടാകുന്നതാണു്. അല്പകാന്തികളോടു കൂടിയതായ വൈഡൂൎയ്യഗോമേദകപുഷ്യരാഗപ്രവാളരത്നങ്ങളെ നല്ല വജ്രത്തോടു കൂടെ ധരിച്ചാലും രാജാക്കന്മാൎക്ക് എല്ലാ സൌഭാഗ്യങ്ങളും ഉണ്ടാകും.

അല്ലയോ മന്ത്രിസത്തമന്മാരേ! ഇനി ഞാൻ നിങ്ങളെ ഗോമേദകരത്നത്തിന്റെ ലക്ഷണങ്ങളേയും ഗുണങ്ങളേയും കേൾപ്പിക്കാം. ഗോമേദകരത്നത്തിന്റെ ആകാരഭൂമികൾ വലാസുരന്റെ മേദസ്സ് വീണസ്ഥലങ്ങൾ ആണ്. തേൻതുള്ളി, ഗോമൂത്രം, നെയ്യ് കാഞ്ചനം ഇവയിൽ ഒന്നിന്റെ കാന്തിപോലെയുള്ള കാന്തിയോടുകൂടിയതും, സ്വച്ഛത, സ്നിഗ്ദ്ധത ഗുരുത്വം ഈ മൂന്നു ഗുണങ്ങളോടുകൂടിയതുമായ രത്നമാണ് ഗോമേദകം. ഇതിനെ ധരിക്കുന്നവർ സൎവ്വപാപവിമുക്തന്മാരും പരമവിശുദ്ധന്മാരും ആയിത്തീരുന്നതാണു്.

ഇനി ഞാൻ പുഷ്യരാഗരത്നത്തിന്റെ ഗുണലക്ഷണങ്ങളെപ്പറയാം. അതിനേയും നിങ്ങൾ നല്ലവണ്ണം കേട്ടുകൊള്ളുവിൻ! പണ്ട് മഹാവിഷ്ണു വരാഹരൂപം എടുത്തു് മദോല്ക്കടനായ ഹിരണ്യാക്ഷനെ കൊന്നഅവസരത്തിൽ അദ്ദേഹം അത്യന്തംകോപത്തോടുകൂടെഹുംകാരഘോഷം ചെയ്തപ്പോൾ ആദിവരാഹസ്വരൂപനായസാക്ഷാൽ മഹാവിഷ്ണുവിന്റെ നാസികാരന്ധ്രങ്ങളിൽകൂടെ പുറപ്പെട്ട നാസികാമലങ്ങൾ വീണ ദിക്കുകളിൽനിന്നും, വലാസുരന്റെ കഫം വീണ സ്ഥലങ്ങളിൽ നിന്നുമാണു ഇപ്പോൾ പുഷ്യരാഗരത്നങ്ങൾ ഉണ്ടാകുന്നതു്. പുഷ്യരാഗരത്നം അനേകപ്രകാരത്തിൽ ഉണ്ടെങ്കിലും ഹേമച്ഛായമായും, ശിരോവൃത്തമായും അംഗാരജ്യോതിസ്സോടുകൂടിയതായുമുള്ള പുഷ്യരാഗക്കല്ലുകളാണ് ഏററവും ഉത്തമങ്ങൾ. പാരിയാത്രപൎവ്വതത്തിന്റെ ശൃംഗങ്ങളും മന്ദരപൎവ്വതത്തിന്റെ താഴ്വരകളും ഇന്ദ്രപുരിയും സുധൎമ്മയും ബ്രഹ്മാവുണ്ടാക്കിയതു പുഷ്യരാഗരത്നങ്ങൾകൊണ്ടാണ്. ഭംഗിയേറിയതായ പുഷ്യരാഗരത്നങ്ങൾകൊണ്ടുണ്ടാക്കിയതായ ആഭരണങ്ങളെ ശരീരത്തിൽ അണിയുന്നവൎക്ക് ശത്രുവിജയവും കീൎത്തിയും ദിവ്യൈശ്വൎയ്യങ്ങളും വിദ്യാസമ്പത്തും ദിവസംതോറും വൎദ്ധിച്ചുവൎദ്ധിച്ചുതന്നെ വരുമെന്നുള്ളതിന് യാതൊരാക്ഷേപവും ഇല്ല. മറെറാരു രത്നം ധരിച്ചാലും ഇതുപോലെ ശത്രുജയം ഉണ്ടാകുന്നതല്ല.

അല്ലയോ സചിവേന്ദ്രന്മാരേ! ഇനിനിങ്ങൾ വൈഡൂൎയ്യരത്നത്തിന്റെ ഗുണലക്ഷണങ്ങളേയും നല്ലതുപോലെ ചെവിതന്നുകേട്ടുകൊള്ളുവിൻ. വൈഡൂൎയ്യരത്നങ്ങൾ ഉണ്ടാകുന്നതു് വലാസുരന്റെ രോമങ്ങൾ വീണതായ ഇളാവൃതഖണ്ഡത്തിലും മേരുവിന്റെ പശ്ചിമഭാഗങ്ങളിലും, ഗോരക്ഷസിംഹളദ്വീപുകളിലും പാരസീകം, മാഗധം മുതലായ രാജ്യങ്ങളിലും മലയം, ത്രികൂടം മുതലായ പൎവ്വതങ്ങളിലും ദ്വീപാന്തരങ്ങളിലും മററും നിന്നാകുന്നു. ക

ല്പാന്തകാലത്തിലെ ക്ഷുഭിതമായ അംഭോധിയുടെ ഗംഭീരശബ്ദംപോലെയുള്ള മേഘങ്ങളുടെ ഭയങ്കരഗൎജ്ജനംകൊണ്ടു് ഭൂമിയിൽ ചില സ്ഥലങ്ങളിൽനിന്നും ചിലപ്പോൾ വൈഡൂൎയ്യം ഉണ്ടാകുന്നുണ്ടു്. പൂച്ചക്കണ്ണിന്റെയും മുളയിലകളുടേയും മയിൽക്കഴുത്തിന്റെയും വൎണ്ണത്തോടുകൂടിയതും, സ്നിഗ്ദ്ധതയും, ഗുരുത്വവും, സ്വച്ഛതയും ഉള്ളതുമായ വൈഡൂൎയ്യക്കല്ലുകളാണു് മെച്ചമേറിയതുകൾ. അതിൽ വലത്തുഭാഗത്തോട്ടു് ഛായാപ്രസരത്തോടുകൂടിയ രത്നം ബ്രാഹ്മണജാതിയും, ഇടത്തുവശത്തോട്ടു് ഛായാപ്രസരത്തോടുകൂടിയ രത്നം ക്ഷത്രിയജാതിയും അധോഭാഗത്തിലോട്ടു ഛായാപ്രസരത്തോടുകൂടിയ രത്നം വൈശ്യജാതിയും ഊൎദ്ധ്വഗതമായ ഛായാപ്രസരത്തോടുകൂടിയ രത്നം ശൂദ്രജാതിയും ആണു്. ലക്ഷണപൂൎണ്ണമായ വൈഡൂൎയ്യരത്നം ധരിക്കുന്ന രാജാവിനു് എല്ലാവിധ യോഗ്യതകളും, ശത്രുജയവും, സദൈശ്വൎയ്യപ്രതാപവും, യാതൊരു കുറവും കൂടാതെ നാൾക്കുനാൾ അഭിവൃദ്ധിയെ പ്രാപിക്കും.

അല്ലയോ മന്ത്രീശ്വരന്മാരേ! ഇനി നിങ്ങൾ വിദ്രുമലക്ഷണംകൂടി കേട്ടുകൊള്ളുവിൻ. വിദ്രുമങ്ങൾ ഉണ്ടാകുന്നതു്, വലാസുരന്റെ മാംസംവീണ സ്ഥലങ്ങളിൽനിന്നും ബ്രഹ്മാവു പണ്ടു് പിതൃകുലം സൃഷ്ടിക്കാനായി എടുത്ത സന്ധ്യാത്മകമായ ശരീരത്തിൽ ഉണ്ടായിരുന്ന മലംഉപേക്ഷിച്ചസ്ഥലങ്ങളിൽനിന്നും പണ്ടു് ലോകനാശംചെയ്വാൻ തുടങ്ങിയപൎവ്വതങ്ങളുടെ ചിറകുകളെ വജ്രപാണിയായ ദേവേന്ദ്രൻ ഛേദിച്ചപ്പോൾ രക്തം വീണ സ്ഥലങ്ങളിൽനിന്നും സൂൎയ്യസാരഥിയായ അരുണൻ പൊട്ടിപുറന്നതായമൊട്ടത്തോടുകൾവീണ സ്ഥലങ്ങളിൽനിന്നും പണ്ടു് ലോകഹിതത്തിനുവേണ്ടി മഹാവിഷ്ണു വധിച്ച മധുകൈടഭന്മാരുടെ മാംസങ്ങൾ വീണ സ്ഥലങ്ങളിൽനിന്നും ആണു്.

ഇവയിൽ പൎവ്വതങ്ങളുടെ രക്തം വീണസ്ഥലങ്ങളിൽ നിന്നും ഉണ്ടാകുന്ന വിദ്രുമങ്ങൾ ശുകപുഷ്പകാന്തിയോടുകൂടിയതായിരിക്കും. അതും തൊണ്ടിപ്പഴം, തത്തച്ചുണ്ടു്, ജവാപുഷ്പം ഇവയുടെ കാന്തിപോലെയുള്ള കാന്തിയോടുകൂടിയതുമായ വിദ്രുമങ്ങൾ അത്യുത്തമങ്ങളും ഛിദ്രവക്രത്വവും, കൃമിദൂഷണത്വവും, പങ്കാശ്രയത്വവും ഉള്ള വിദ്രുമങ്ങൾ നിന്ദ്യങ്ങളും ആണു്. ലക്ഷണയുക്തമായ വിദ്രുമരത്നം വിശേഷിച്ചുംസ്ത്രീകൾക്കു് അണിയുന്നതിനു് വളരെ വളരെ നല്ലതാണു്. പവിഴംകൊണ്ടുണ്ടാക്കിയതായ ആഭരണം അണിയുന്ന പുരുഷന്മാൎക്കും ആയുരാരോഗ്യൈശ്വൎയ്യസമ്പത്തുകളും ശത്രുജയവും പുത്രസൌഭാഗ്യവും ഉണ്ടാകുന്നതാണു്.

അല്ലയോ മന്ത്രികുലോത്തമന്മാരേ! നിങ്ങൾ ഒമ്പതുരത്നങ്ങളുടെയും ഗുണങ്ങളും ലക്ഷണങ്ങളും കേട്ടുവെല്ലൊ. ഇനി സൂൎയ്യകാന്തക്കല്ലെന്നും, ചന്ദ്രകാന്തക്കല്ലെന്നും പേരോടുകൂടിയതായ രണ്ടുതരംകല്ലുകൾഉണ്ടു്. അവയും രത്നത്തിൽ ചേൎന്നതെന്നാണു് വിദ്വാന്മാരുടെ അഭിപ്രായം. ഇവയിൽ സൂൎയ്യരശ്മിതട്ടുമ്പോൾ തീയുണ്ടാകുന്നതു് സൂൎയ്യകാന്തവും, ചന്ദ്രാംശുക്കൾ തട്ടുമ്പോൾ വെള്ളം പൊഴിയുന്നതു് ചന്ദ്രകാന്തവും, ഇതിൽ ചന്ദ്രകാന്തക്കല്ലു് കലിയുഗത്തിൽ വളരെ വളരെ ദുൎല്ലഭവും ആണു്.

വൈശ്യരൂപിയായ സുന്ദരേശ്വരൻ രത്നലക്ഷണങ്ങൾ സർവ്വവും ഇപ്രകാരം ഘോഷിച്ചതിന്റെ ശേഷം വടക്കോട്ടുതിരിഞ്ഞിരുന്നുംകൊണ്ടു് ഒരുനല്ല പുതിയവസ്ത്രം എടുത്തുവിരിച്ചു് അതിന്റെ നടുക്കു് പത്മരാഗവും, കിഴക്കുതുടങ്ങി മുക്താദികളായ രത്നങ്ങളും വഴിപോലെ നിരത്തി സൂര്യൻതുടങ്ങിയ രത്നദേവതകളെ വിധിപ്രകാരമുള്ള മന്ത്രോച്ചാരണപൂർവ്വം മുൻപറയപ്പെട്ട പൂക്കൾകൊണ്ടു് പൂജിച്ചിട്ടു്, മൂലലിംഗംനോക്കി കുറേനേരത്തോളവും ധ്യാനിച്ചുകൊണ്ടിരുന്നു. അനന്തരം മന്ത്രിമാരോട്ടു്, നിങ്ങൾ ഈ നവരത്നങ്ങൾകൊണ്ടു് കിരീടമുണ്ടാക്കി ഈ രാജകുമാരനെ അണിയിച്ചു് അഭിഷേകിക്കുവിൻ. ഈ ഭൂപാലകബാലനു് നാൾക്കുനാൾ എല്ലാ ഐശ്വര്യങ്ങളും വർദ്ധിക്കുമെന്നും പറഞ്ഞു് രത്നങ്ങൾവാരി മന്ത്രിമാരുടെ കയ്യിൽ കൊടുത്തു.

രത്നലാഭംകൊണ്ടു് അത്യന്തം കൃതാർത്ഥന്മാരായ ആ മന്ത്രിസത്തമന്മാർ ഇതില്പരമില്ലാത്തസന്തോഷസാഗരത്തിൽ മുങ്ങിയും പൊങ്ങിയും അനന്തരകരണീയം എന്താണെന്നുള്ള ചിന്തപോലുംകൂടാതെകോമളവിഗ്രഹനും സർവ്വാധാരനും ജഗന്നാഥനും കരുണാസാഗരനും ഭക്തവത്സലനും, വൈശ്യരൂപിയും ആയ സുന്ദരേശ്വരനെത്തന്നെ കുറേനേരത്തോളവും നോക്കിയുംകൊണ്ടു് നിന്നു. അനന്തരം അദ്ദേഹത്തെനോക്കി അല്ലയോ വൈശ്യപ്രഭോ! അങ്ങു് കുറേനേരത്തോളവും ഇവിടെത്തന്നെ താമസിക്കണം. ഞങ്ങൾ ഈ രത്നങ്ങൾ കൊണ്ടുപോയി കിരീടം ഉണ്ടാക്കിച്ചു് രാജകുമാരനു് അഭിഷേകവും കഴിച്ചുംവച്ചു വന്നു് അങ്ങേക്കു യാത്രപറഞ്ഞുകൊള്ളാമെന്നും പറഞ്ഞു് അവർ രത്നങ്ങളും കൊണ്ടു് രാജകുമാരനോടുകൂടെരാജധാനിയിൽപ്പോയി. അവകൊണ്ടുമനോഹരമായ കിരീടം, വിധിപ്രകാരം പുത്തനായി ഉണ്ടാക്കിച്ചു് ഉത്തമകർമ്മികളും സദാചാരപരന്മാരുമായ ഋത്വിക്കുകളെക്കൊണ്ടു ഹോമാദികൃത്യങ്ങൾ എല്ലാം വഴിപോലെ നടത്തിച്ചു്, സുമുഹൂർത്തത്തിൽ രാജകുമാരനെ ഉത്തമമായ സിംഹാസനത്തിൽ വാഴിച്ചു് മന്ത്രാഭിമന്ത്രിതമായ ശുദ്ധജലംകൊണ്ടഭിഷേകം ചെയ്തു് നൂതനമായി ഉണ്ടാക്കിയതും ലക്ഷണപൂർണ്ണവും നവരത്നഖചിതവുമായ കിരീടം ധരിപ്പിച്ചു. ഛത്രചാമരാദികളായ മററു രാജചിഹ്നങ്ങളേയും അണിയിച്ചു. മേൽപ്രകാരം അഭിഷേകം നടത്തിയ ആ രാജകുമാരനു് മന്ത്രിമാരും ഋത്വിക്കുകളും മററവിടെയുണ്ടായിരുന്ന മഹത്തുക്കളുംഎല്ലാംകൂടി അഭിഷേകപാണ്ഡ്യൻ എന്നു നാമകരണം ചെയ്തു. ഏതാദൃശങ്ങളായ സംഭവങ്ങൾ കണ്ടുകൂടിയവരെല്ലാം അത്യന്തം അനുമോദിക്കുകയും പാണ്ഡ്യകുലരാജാക്കന്മാരുടെ കാര്യങ്ങൾ എല്ലാംമംഗളകരമായി നിറവേറുന്നതു് അവരുടെ കുലദൈവവും സർവ്വലോകൈകപാലകനും കരുണാവരുണാലയനും ആയ ഹാലാസ്യനാഥന്റെ കൃപാവിശേഷം മൂലമാണെന്നഭിപ്രായപ്പെടുകയും ചെയ്തു.

പട്ടാഭിഷേകാനന്തരം മന്ത്രിമാർ, രത്നംനൽകിയ വൈശ്യപ്രഭുവിനു് സമ്മാനംകൊടുക്കുന്നതിനായി കണക്കുംകയ്യുമില്ലാത്ത ധനവും ആഭരണങ്ങളും വസ്ത്രങ്ങളും മററുമായി വൈശ്യപ്രഭുവിന്റെ അടുക്കൽ ചെന്നപ്പോൾ, മന്ദസ്മിതാഞ്ചിതവക്ത്രനും സുന്ദരേശ്വരമൂർത്തിയും ആയ ആ വൈശ്യൻ കാ

രുണ്യപൂൎണ്ണമായ കടാക്ഷാവലോകനംകൊണ്ടു് മന്ത്രിമാരെ അനുഗ്രഹിച്ചിട്ടു് ജ്യോതിൎമ്മയസ്വരൂപിയായി തന്റെ മൂലലിംഗത്തിങ്കൽ തിരോധാനംചെയ്തു.

അതേവരെയും വൈശ്യസ്വരൂപവും കൈക്കൊണ്ടു നിന്നിരുന്ന ഒരു മനുഷ്യൻ അതിവേഗത്തിൽ അനേകായിരംകോടി സൂൎയ്യന്മാർ ഏകകാലത്തിൽ ഉദിച്ചുയൎന്നാൽപ്പോലും ഉണ്ടാകാത്തതും കൎപ്പൂരദീപം പോലെ കത്തിക്കാളുന്നതും എന്തെന്നില്ലാത്ത പ്രഭാവിശേഷങ്ങളോടുകൂടിയതുമായ ഒരു ദിവ്യസ്വരൂപത്തെ പ്രകടിപ്പിച്ചിട്ടു് മിന്നൽക്കൊടിപോലെ ഉടനടി അപ്രത്യക്ഷമായതുകണ്ടു് ഇതില്പരമില്ലാത്ത ആശ്ചൎയ്യത്തോടും സന്തോഷത്തോടും കൂടെ മന്ത്രിമാർ തങ്ങളിൽ തങ്ങളിൽ ഇങ്ങനെ പറഞ്ഞു.

കിരീടത്തിനുവേണ്ട ലക്ഷണയുക്തങ്ങളായ രത്നങ്ങളുംകൊണ്ടു് രത്നവിക്രയനായിവന്ന വൈശ്യൻ മനുഷ്യനല്ല. കാലകാലനും ഹാലാസ്യനാഥനും ആയ സുന്ദരേശ്വരൻ ആണു്. കരുണാനിധിയായ ഹാലാസ്യനാഥനു് തന്റെ ഭക്തന്മാൎക്കുവേണ്ടി ഇന്നതെല്ലാമേ ചെയ്യാവു എന്നും മറ്റു ഇല്ല. സുന്ദരേശ്വരാനുഗ്രഹം ഈ രാജകുമാരനു പരിപൂൎത്തിയായിട്ടും ഉണ്ടു്. അതുകൊണ്ടു് ഇദ്ദേഹം ദീൎഘായുഷ്മാനും അരോഗദൃഢഗാത്രനും ശത്രുജേതാവും ആയ ഒരു മഹാചക്രവൎത്തിയായിത്തീരുമെന്നുള്ളതിനു് യാതൊരുസംശയവും ഇല്ല.

അവർ ഇങ്ങനെ പറഞ്ഞു് പിരിഞ്ഞു് അവരവരുടെ നിലയനങ്ങളിലേക്കു് പോയി. അഭിഷേകപാണ്ഡ്യൻ ബാലനാണെങ്കിലും, ഹാലാസ്യനാഥന്റെ കാരുണ്യവിലാസംകൊണ്ടു് ഒരു വലിയ രാജ്യതന്ത്രജ്ഞനും അതിസമൎത്ഥനും പ്രജാരക്ഷണാഭിഷയത്തിൽ അപാരമായ താല്പൎയ്യത്തോടുകൂടിയവനും ആയ ഒരു മഹാരാജാവായി കാലതാമസമെന്ന്യേ തീരുകയും ചതുരംഗവാഹിനിയോടുകൂടെ രാജകുമാരൻ പോയി അദ്ദേഹത്തിന്റെ ദുഷ്ടദായാദികളെ വധിച്ചു ലോകത്തിൽ സമാധാനം ഉണ്ടാക്കുകയും അവർ കത്തിക്കവൎന്നുകൊണ്ടുപോയ ദ്രവ്യങ്ങൾ മുഴുവൻ തിരിച്ചെടുക്കുകയും ചെയ്തു.

അനന്തരം അഭിഷേകപാണ്ഡ്യമഹാരാജാവു് ആഭ്യന്തരകലഹങ്ങൾ യാതൊന്നും ഇല്ലാതെ ഭൂമണ്ഡലത്തിലുള്ള സകല രാജാക്കന്മാരേയും ഒന്നുപോലെ ജയിച്ചു തിറവാങ്ങിയും ഭൂലോകചക്രവൎത്തിയായും, ഹാലാസ്യനാഥന്റെ പാദാംബുജയുഗളത്തിൽ അൎപ്പിതമായ ഹൃദയത്തോടുകൂടിയവനായും, സൎവൈശ്വൎയ്യസമ്പൽസമൃദ്ധികളോടും അരോഗദൃഢഗാത്രതയോടുകൂടിയവനായും അനേകായിരംവൎഷം ഭൂപരിപാലനം ചെയ്തു.

അല്ലയോ മഹൎഷിസത്തമന്മാരേ! സുന്ദരേശ്വരന്റെഅതിപാവനമായ ഈ പതിനേഴാമത്തെ ലീലയെ പഠിക്കുകയും കേൾക്കുകയും, ചെയ്യുന്നവൎക്കു മംഗളവൎദ്ധനയും സൎവാൎത്ഥസമൃദ്ധിയും, പുത്രദായ്യായുരാരോഗ്യസമ്പത്തുകളും നിൎമ്മലമായ കീൎത്തിയും ആയുരന്തത്തിങ്കൽ ശൈവസായൂജ്യവും ലഭിക്കുന്നതാണു്.

സുന്ദരേശ്വരൻ വൈശ്യരൂപിയായി രത്നവിക്രയംചെയ്ത
പതിനേഴാം ലീല. സമാപ്തം.

# ഹാലാസ്യമാഹാത്മ്യം.

## കേരളഭാഷാഗദ്യം.

### ൰൮-ാം അദ്ധ്യായം.

### മേഘങ്ങളെക്കൊണ്ടു സമുദ്രപാനം ചെയ്യിപ്പിച്ച

### പതിനെട്ടാമത്തെലീല.

അല്ലയോ മഹർഷിപുംഗവന്മാരേ! ഹാലാസ്യനാഥനായ ഭഗവാൻ സുന്ദരേശ്വരൻ മേഘങ്ങളെക്കൊണ്ടു സമുദ്രജലം പാനം ചെയ്യിപ്പിച്ചതായ അദ്ദേഹത്തിന്റെ പതിനെട്ടാമത്തെ ലീലയെ ഇനി ഞാൻ നിങ്ങളോടുപറയാം. സർവരോഗതാപാപഹമായ ആ പരിപാവനലീലയെ പരമശിവഭക്തന്മാരും ശൈവമാഹാത്മ്യശ്രവണകുതുകികളും താപസേന്ദ്രന്മാരുമായ നിങ്ങൾ ശ്രദ്ധാപൂർവം കേട്ടുകൊള്ളുവിൻ!

ഹാലാസ്യനാഥനിൽ അത്യന്തം ഭക്തിയോടുകൂടിയ അഭിഷേകപാണ്ഡ്യൻ ദിനംപ്രതി പഞ്ചഗവ്യം, പഞ്ചാമൃതം, ഗന്ധോദകം, പുഷ്പരസോദകം, ഫലസാരം, ഇക്ഷുസാരം, ഹിമതോയം, ശുദ്ധജലം, ഇവകളെ കൊണ്ട് സുന്ദരേശ്വരലിംഗത്തെ അഭിഷേകിച്ച്, ഹിമതോയമിശ്രിതമായ കർപ്പൂരചന്ദന പങ്കാദികൾ ആലേപനംചെയ്ത്, ഉപചാരപൂർവം പരമാന്നാദികളായ ഭക്തങ്ങളേയുംപൂപങ്ങളേയും വ്യഞ്ജനങ്ങളേയും ഫലങ്ങളേയുംശർക്കര,ആജ്യം, ദധി, ക്ഷീരം,ക്ഷൌദ്രം, വാസിതപാനകങ്ങൾമുതലായവകളേയും വെവ്വേറെപാത്രങ്ങൾ നിറയവച്ചുനിവേദിച്ചു താംബൂലപൂഗാദികളേയും അർപ്പിച്ചു കർപ്പൂര ദീപാരാധനം ചെയ്തുവന്നു. ഇങ്ങനെ ചെയ്തുവരവേ ഒരു ദിവസം ഭക്തശിരോമണിയായ അഭിഷേകപാണ്ഡ്യൻ ആശ്രിതവത്സലനും കരുണാനിധിയും വിവിധലീലാവിലാസിയും മായാമയനുമായ ഭഗവാനേ അദ്ദേഹം കർപ്പൂരവിപ്ലുതനായി കാണുകയാൽ, കർപ്പൂരസുന്ദരൻ, എന്നുകൂടി നാമകരണംചെയ്തു.

ഇങ്ങനെ ഒരു ദിവസംപോലും മുടങ്ങാതെ കർപ്പൂരസുന്ദരനായ ഹാലാസ്യനാഥനെ അഭിഷേകപാണ്ഡ്യൻ ഭക്തി പൂർവം പൂജിച്ചും സേവിച്ചും വരുന്ന അവസരത്തിൽ ചൈത്രമാസത്തിലെ പൌർണ്ണമാസംപ്രാപ്തമായി. അന്നേദിവസം ശൈവഭക്തശിരോമണിയുംരാജരത്നവും ആയ അഭിഷേകപാണ്ഡ്യൻ കർപ്പൂരം, ചന്ദനം, കസ്തൂരി, പുഴുകു, കുങ്കുമം, സുഗന്ധപുഷ്പങ്ങൾ മുതലായ വിവിധവിഭവങ്ങളെക്കൊണ്ടു വിസ്താരമായും വിശേഷമാതിരിയിലും ഹാലാസ്യനാഥനെ പൂജിക്കണമെന്നും നിശ്ചയിച്ച് അതി

നവേണ്ട വിഭവങ്ങൾ എല്ലാം ഒരുക്കിക്കൊണ്ടുവന്ന് വിധിപ്രകാരം പൂജതുടങ്ങിയ അവസരത്തിൽ കാലംതോറും ചൈത്രമാസത്തിലെ വെളുത്തവാവിൻനാളിൽ നടത്തിവരാറുള്ള പൂജയെ പതിവുംപ്രകാരം നടത്തുന്നതിനായി വേണ്ട ഒരുക്കങ്ങളോടുകൂടെ വന്നതിൽ ദേവേന്ദ്രനപ്പോഴും അവസരം കിട്ടാതെ അഭിഷേകപാണ്ഡ്യൻ നടത്തുന്ന അതിവിശേഷമായ പൂജാക്രമങ്ങളും മററും കണ്ടും, അദ്ദേഹത്തിൻെറ അതിനിർമ്മലവും അസാധാരണവുംആയ ഭക്തിവിശേഷങ്ങളെപ്പററി വിചാരിച്ചും അത്യന്തം വിസ്മിതനായി വളരെ നേരത്തോളവും അവിടെത്തന്നെ ഒരു ദിക്കിൽ കാത്തുനിൽക്കേണ്ടി വന്നുപോയി.

അഭിഷേകപാണ്ഡ്യൻ അദ്ദേഹത്തിൻെറ പൂജയും സമപ്പിച്ചുപോയതിൽപിന്നെ ഇന്ദ്രൻ ഹേമപത്മനീതീർത്ഥത്തിൽ ഇറങ്ങി സ്നാനവും മററു കർമ്മങ്ങളുമെല്ലാം നടത്തി ഹേമസരോജകുസുമങ്ങളും മററും കൊണ്ട് ഹൈമവതീസഹായനായ ഹാലാസ്യേശ്വരനെ പതിവുപോലെ പൂജിച്ചു. അനന്തരം അദ്ദേഹം മധുരയിൽനിന്നും തിരിച്ച് സ്വധാമയെപ്രാപിച്ച് ചിന്താമണിവിരാജിതമായ തൻെറ ഭദ്രപീഠത്തിൽ ഇരുന്ന് കർപ്പൂരസുന്ദരനായ ഹാലാസ്യനാഥൻെറ മാഹാത്മ്യങ്ങളെപ്പററി ചിന്തിക്കുമ്പോൾ ശ്രീമാനായ വരുണഭഗവാൻ അദ്ദേഹത്തെ കാണുന്നതിനായി അവിടെ വന്നു.

ആഗതനായ വരുണദേവനും ഇന്ദ്രനും തമ്മിൽ യഥോചിതം ആചാരോപചാരങ്ങൾ ചെയ്ത് രണ്ടുപേരും സന്തോഷിതന്മാരായി. അനന്തരം വാസവൻ വരുണനോടു പല കുശലങ്ങളുംചോദിച്ചു. കുശലപ്രശ്നങ്ങൾ കേട്ട് സന്തുഷ്ടനായ പാശി പല ചാടുവചനങ്ങളും പറഞ്ഞു ദേവേന്ദ്രനെ ആനന്ദമുളവാക്കി. അതിൻെറശേഷം ദേവേന്ദ്രനോടു വരുണൻ അങ്ങയുടെ മുഖം ശ്രമവിന്ദുവിരാജിതമായി കാണുന്നല്ലോ അതിനുള്ള കാരണം എന്താണ് എന്നുചോദിച്ചു.

ദേവേന്ദ്രൻ അതുകേട്ടു മന്ദസ്മിതപൂർവം ഇങ്ങനെപറഞ്ഞു:—

അല്ലയോ വിമലാശയനായ ജലേശ്വരാ! ശ്രമകാരണം വളരെ രസകരമായതാണ്. അങ്ങേയ്ക്ക് അതു കേൾക്കണമെന്നു ഉൽക്കണ്ഠയുണ്ടായിരിക്കുന്നതു അങ്ങയുടെ പുരാകൃതപുണ്യവൈഭവം തന്നെയെന്നു ഞാൻ വിചാരിക്കുന്നു. അത്ര പാവനമാണ് ആ ചരിത്രം. ഭൂമിയിൽ പാണ്ഡ്യമണ്ഡലത്തിൻെറ പ്രധാനനഗരമായ ശ്രീമധുരയിൽ കദംബവനമദ്ധ്യത്തിൽ ഹാലാസ്യം എന്നു പേരോടുകൂടിയതായ ഒരു പരിപാവന മഹാക്ഷേത്രം ഉണ്ട്. അവിടെയുള്ള സ്വയംഭൂതമായ ലിംഗത്തിൽ സകലചരാചര ജഗൽഗുരുവും സൃഷ്ടിസ്ഥിതി സംഹാരകാരണനും വേദാന്തവേദ്യനും സച്ചിദാനന്ദസ്വരൂപിയുമായ സാക്ഷാൽ പരമശിവൻ സുന്ദരേശ്വരൻ എന്നുള്ള അത്ഭുതപാവനായ അപര നാമധേയത്തോടുകൂടെ നിത്യസാന്നിദ്ധ്യം ചെയ്യുന്നുണ്ട്. ആ സ്വയംഭൂതമൂലലിംഗത്തെ ആദ്യമായി കൃതായുഗത്തിൽ കണ്ടുപിടിച്ചതും ഒന്നാമതായി ആരാധിച്ചതും ഞാനാണ്. ഞാൻ ഗജസിംഹവിരാജിതമായ

ഒരു അത്യത്ഭുതപ്രസാദം ആ മൂലലിംഗത്തിനു നൽകീട്ടുണ്ടു്. ഇപ്പോൾ ആ മൂലലിംഗം ശോഭിക്കുന്നതു ഞാൻ നൽകിയതായ ആ പ്രാസാദത്തിൽ ആണു്. ആ മൂലലിംഗത്തിന്റെ മാഹാത്മ്യങ്ങളെപ്പററി പറഞ്ഞവസാനിപ്പിക്കാൻ ആയിരംനാക്കുള്ള അനന്തനേക്കൊണ്ടുപോലും സാധിക്കുന്നതല്ലാ. പണ്ടു കൃതായുഗത്തിൽ, ഒന്നുകൊണ്ടും തീരാതവണ്ണം എന്നെപ്പിടികൂടി അനേകായിരംവൎഷം ഒന്നുപോലെ എന്നെയിട്ടു കഷ്ടപ്പെടുത്തിയ വൃത്രഹത്യാദോഷം ആ ലിംഗദൎശനക്ഷണത്തിൽതന്നെ നാമാവശേഷിതം ആയിപ്പോയി. ഈ ഹാലാസ്യനാഥനാണു് ത്രൈലോക്യ പ്രസിദ്ധന്മാരായ പാണ്ഡ്യഭൂപന്മാരുടെ കുലദൈവം. അവരെപ്പോലെ ശിവഭക്തന്മാരായ ആളുകളും സുന്ദരേശ്വരലിംഗത്തിനു തുല്യമായ മഹേശ്വരലിംഗവും ഒരിടത്തും ഇല്ല. എന്റെ ബ്രഹ്മഹത്യാദോഷം തീൎന്നകാലം മുതൽ ഞാൻ ആണ്ടുതോറും ചൈത്രമാസത്തിലെ വെളുത്തവാവുനാളിൽ ഹാലാസ്യത്തിൽ പ്പോയി മീനാക്ഷി സഹായനായ സുന്ദരേശ്വരനെ പൂജിച്ചു് അഭിലാഷങ്ങളെ പ്രാൎത്ഥിക്കുന്ന പതിവുണ്ടു്. അതനുസരിച്ചു് ഈ ചൈത്രമാസത്തിലെ വെളുത്തവാവായ ഇന്നേദിവസം ഞാൻ കദംബവനവാസിയായ പരമേശ്വരന്റെ മൂലലിംഗപൂജനത്തിനായി ഹാലാസ്യത്തിൽ പോയിരുന്നു. ഞാൻ ചെന്നപ്പോൾ പാണ്ഡ്യഭൂമിപാലാഗ്രഗണ്യനും ശിവഭക്തശിരോമണിയുമായ അഭിഷേകപാണ്ഡ്യൻ അതിവിസ്താരത്തിൽ ദുൎല്ലഭസാമഗ്രികളോടുകൂടെ പൂജ ആരംഭിച്ചുപോയതിനാൽ അദ്ദേഹത്തിന്റെ അസാധാരണമായ പൂജാവൈഭവങ്ങളെക്കണ്ടും അദ്ദേഹത്തിന്റെ പൂജാനന്തരം ഉള്ള സമയത്തെ പ്രതീക്ഷിച്ചും വളരെനേരത്തോളവും കാത്തുനിൽക്കേണ്ടിവന്നുപോയി. അദ്ദേഹം പൂജയുംകഴിഞ്ഞു പോയതിൽപ്പിന്നെ ഞാൻ പരിപാവനം ആയ ഹേമപത്മനീതീൎത്ഥത്തിൽ ഇറങ്ങി യഥാവിധി സ്നാനകൎമ്മങ്ങളുംമററും ആചരിച്ചതിന്റെശേഷം അവിടെനിന്നു അനവധി സ്വൎണ്ണസരോരുഹ കുസുമങ്ങൾ പറിച്ചുകൊണ്ടുപോയി ഹാലാസ്യനാഥനും മീനാക്ഷിസഹിതനും ആയ സുന്ദരേശ്വരനെ പൂജിക്കുകയും സ്തുതിക്കുകയും നമസ്കരിക്കുകയും കാംക്ഷിതങ്ങളെ പ്രാൎത്ഥിക്കുകയും മററും ചെയ്തുംവച്ചു് ആ ക്ഷീണത്തോടുകൂടെ ഇവിടെ വന്നു വിശ്രമിച്ചുകൊണ്ടിരിക്കുന്ന അവസരത്തിൽ ആണു് ഭവാൻ ആഗതനായതു്.

അങ്ങു സുന്ദരേശ്വരമഹാലിംഗത്തിന്റെ മാഹാത്മ്യങ്ങളെ നല്ലതുപോലെ അറിഞ്ഞിട്ടില്ലായിരിക്കണം. ആ ലിംഗത്തിന്റെ സ്മരണംകൊണ്ടുമാത്രം സൎവ്വ പാപങ്ങളും ഭയങ്ങളും നശിച്ചുപോകുന്നതാണു്. അവിടത്തെ ദേവിയായ മീനാക്ഷിയോ സൎവ്വാഭീഷ്ടപ്രദായിനിയും ആണു്. ആ ദേവിയുടെ നാമസ്മരണംകൊണ്ടും സൎവ്വ സമ്പത്തുകളും സൎവ്വസിദ്ധികളും ഉണ്ടാവുകയും ചെയ്യും. അതുമല്ല അവിടെയുള്ള ഹേമപത്മാകരമെന്ന തീൎത്ഥം ഭൂലോകത്തിലുള്ള എല്ലാപുണ്യതീൎത്ഥജലാശയങ്ങളിൽവച്ചും അത്യന്തം ശുഭകരമായിട്ടുള്ളതും അതിലെ സ്നാനംകൊണ്ടു ഏതുവിധത്തിൽഉള്ള ആരുടെ പാപവും നശിച്ചുപോകുന്നതും ആണു്. കൂടാതെ ആ പുണ്യതീൎത്ഥത്തിൽ

സ്നാനംചെയ്യുന്നവൎക്ക് ആയുരാരോഗ്യവും ഐശ്വൎയ്യവും സന്തതിയും വൎദ്ധിക്കുകയും ചെയ്യും. പ്രവേശനമാത്രത്താൽ തന്നെ സൎവ്വ പാപങ്ങളേയും നിൎമ്മൂലനാശം ചെയ്യുന്ന ഹാലാസ്യമഹാക്ഷേത്രമോ ത്രൈലോക്യപ്രഖ്യാതമായതു തന്നെ. ആ ക്ഷേത്രത്തിനുള്ളിൽ യാതൊരു പാപങ്ങളും ശോകങ്ങളും ഭൂത പ്രേതപൈശാചിക ബാധകളും കടന്നുകൂടുന്നതല്ലെന്നുള്ളതിന് യാതൊരു സംശയവും ഇല്ല. ഞാൻ അനുഭവസാക്ഷിയാണ്. എന്റെ പുറകെ മുസലവുമായി ഓടിപ്പററി എന്തെല്ലാം ചെയ്തിട്ടും വിടാതെ സൎവ്വദാ എന്നെ ഉപദ്രവിച്ചുവന്ന വൃത്രഹത്യാ ഹാലാസ്യക്ഷേത്രത്തിന്റെ വളപ്പിനുള്ളിൽ ഞാൻ എതൊരുക്ഷണത്തിൽ കടന്നുവോ ആ ക്ഷണത്തിൽ തന്നെ എന്നെ വിട്ടുമാറുകയും ചെയ്തു. ഹാലാസ്യമഹാക്ഷേത്രത്തിന്റേയും ഹേമപത്മിനീ തീൎത്ഥത്തിന്റേയും മീനാക്ഷിദേവിയുടേയും സുന്ദരേശ്വര മഹാലിംഗത്തിന്റേയും എല്ലാമഹാത്മ്യങ്ങളേയും പറഞ്ഞവസാനിപ്പിക്കുന്നതിനു വാചസ്പതിമുഖന്മാരെക്കൊണ്ടും സാധിക്കുന്നതല്ല.

മഹാത്മാവായ വാസവനാൽ ഈരിതമായ ഹാലാസ്യമാഹാത്മ്യത്തെ കേട്ട് ഇതിൽപരമില്ലാത്ത കൃതാൎത്ഥതയോടും ആനന്ദത്തോടും കൂടിയവനായിത്തീൎന്ന ജലാധിപൻ മന്ദസ്മിതപൂൎവ്വം ഇങ്ങനെപറഞ്ഞു:—

അല്ലയോ സ്വൎല്ലോകാധിപ! ഞാൻ അങ്ങേ കാണുന്നതിനായി എന്റെ മന്ദിരത്തിൽനിന്നും വെളിക്കിറങ്ങിയപ്പോൾ എനിക്കു നിമിത്തം വന്നതു് സൎവ്വകാമദയായ കാമധേനു അതിന്റെ കുട്ടിയോടുംകൂടെ ആയിരുന്നു. പിന്നെയും ഞാൻ അനവധി നല്ല ശകുനങ്ങൾകണ്ടു. ആ ശുഭശകുനങ്ങളുടെ ഫലം ഇപ്പോൾ അനുഭവവും ആയി. അതു മറെറാന്നും അല്ല. ഭവാൻ മുഖത്തിൽനിന്നും ഹാലാസ്യേശ്വര ലിംഗമഹത്വങ്ങളെ ശ്രവിച്ചതുതന്നെ. ഇതില്പരമായ ഒരു സുകൃതവചനം മറെറന്താണു കേൾക്കാനുള്ളതു്. അതുമല്ല, ഞാൻ അനവധി നാളായിട്ടു ജലോദരം എന്ന മഹാവ്യാധിയാൽ പീഡിതനായി വളരെ കഷ്ടപ്പെടുന്നു. സൎവ്വവൈദ്യന്മാരായ അശ്വനീദേവന്മാർ പഠിച്ചപണിപതിനെട്ടും എടുത്തിട്ടും ഇതേവരേയും യാതൊരു സമാധാനവും കിട്ടിയിട്ടില്ല. അതുകൊണ്ടു അങ്ങു് ആ രോഗശമനത്തിനുള്ള ഒരു നല്ല വഴിപറഞ്ഞുതരണം.

ദേവരാജാവായ വാസവൻ അതിനുത്തരമായി ഇങ്ങനെ പറഞ്ഞു—

അല്ലയോ വരുണദേവ! മഹാവ്യാധികളെക്കൊണ്ടു സന്തപ്തന്മാരായവൎക്കും മഹാപാപപീഡിതന്മാൎക്കും അപമൃത്യുഭീതന്മാൎക്കും കാലമൃത്യുവശഗന്മാൎക്കും ശരണസ്ഥാനമായി ദയാനിധിയായ ഹാലാസ്യേശ്വരന്റെ പാദപത്മങ്ങൾ അല്ലാതെ ത്രിലോകത്തിലും യാതൊന്നും തന്നെയില്ല. യഥാശക്തി ശുദ്ധദ്രവ്യങ്ങളേക്കൊണ്ടും ത്രികരണങ്ങളെക്കൊണ്ടും ഹാലാസ്യനാഥനെ സേവിച്ചാൽ എല്ലാവിധത്തിലുമുള്ള ദുഃഖങ്ങൾ അവസാനിക്കുകയും അഭീഷ്ടങ്ങൾ എല്ലാം സാധിക്കുകയും ചെയ്യും. അല്ലയോ ജലേശ! അതുകൊണ്ടു ഇപ്പോൾതന്നെ അങ്ങു് മഹാപാവനസ്ഥാനമായ മധുരാപുരത്തിൽപോയി ഹാലാ

സ്യലിംഗത്തിൻെറ പ്രഭാവത്തേയും പാണ്ഡ്യനൃപൻെറ ഭക്തിയേയും പരീക്ഷിച്ചറിഞ്ഞിട്ട് സുന്ദരേശാരാധനം ചെയ്തുകൊള്ളുക. ഒട്ടുംതാമസിക്കാതെ അങ്ങയുടെ മഹാവ്യാധിശമിക്കുകയും മറെറന്തെല്ലാം അങ്ങാഗ്രഹിക്കുന്നുവോ അവ സാധിച്ചുകിട്ടുകയുംചെയ്യും. കാട്ടുതീകൊണ്ടുള്ള ബാധ വർഷാരംഭം തുടങ്ങിയാൽ ഉണ്ടാകാത്തതുപോലെ ഹാലാസ്യദർശനം ചെയ്താൽ പിന്നെ ഏതുതരം മഹാവ്യാധികളേയും ഭയപ്പെടേണ്ട ആവശ്യം വരുന്നതല്ല.

വരുണൻ അതുകേട്ട അങ്ങനെതന്നെ ചെയ്യാമെന്നും സമ്മതിച്ച് ദേവേന്ദ്രനോട്ട യാത്രയുംചോദിച്ച സന്തോഷപുരസ്സരം തൻെറ ആലയത്തിലേയ്ക്കു മടങ്ങിപ്പോയി.

അതിൽപ്പിന്നെ ഒരു ദിവസം വരുണൻ ഹാലാസ്യേശ്വരൻെറ വൈഭവത്തേയും പാണ്ഡ്യരാജാവിൻെറ ഭക്തിയേയും ശക്തിയേയും ഒന്നു പരീക്ഷിക്കണമെന്നു നിശ്ചയിച്ചും കൊണ്ട് സമുദ്രത്തെവിളിച്ചു മധുരാപുരംപോയി ഗ്രസിക്കുകയെന്നു കല്പിച്ചു.

കല്പനപ്രകാരം ഉടൻതന്നെ സമുദ്രം ഭീമങ്ങളായ ഫേനക്കൂടങ്ങളോടും ഉൽഫുല്ലങ്ങളായ തരംഗങ്ങളോടും വേഗോൽക്ഷിപ്തങ്ങളായ അഗ്നിസംഘാതങ്ങളോടും ഉല്ലസത്തുകളായ ശഫരകുലങ്ങളോടും ഉദ്വൃത്തുകളായ മണിപ്രഭാജാലങ്ങളോടും കൂടെ പുറപ്പെട്ടുചെന്നു വീചീമാലകളെക്കൊണ്ട ഭൂമണ്ഡലഗ്രഹണത്തിനാരംഭിച്ചു.

ആമ്നായാന്ത ഘോഷിതമായ ഹാലാസ്യ ക്ഷേത്രമാഹാത്മ്യങ്ങൾ അറിഞ്ഞ് പുണ്യവൃദ്ധിക്കും ഭോഗമോക്ഷങ്ങൾക്കും മററുമായി മധുരാപുരത്തിൽവന്നു ശരണം പ്രാപിച്ചിട്ടുള്ളവരായ, ദേവന്മാരും, സിദ്ധന്മാരും, ചാരണന്മാരും മാനവന്മാരുംമററും സമുദ്രാക്രമണവും ജലപ്രവാഹവും കണ്ട് ഇതിൽപ്പരമില്ലാതെ ഭയവിഹ്വലന്മാരായി ലിംഗമൂർത്തിധരനും ദേവദേവനും, സമസ്തദുരിതാപഹരനും, ഭക്തവത്സലനും, ഈശാനനും, ശംകരനും, സോമസുന്ദരനും, ശംഭുവും, ശശാങ്കകലാശേഖരനും, ആയ ഹാലാസ്യനാഥനെ ചെന്നു ശരണം പ്രാപിച്ചുകൊണ്ട ഇപ്രകാരം അപേക്ഷിച്ചു.

അല്ലയോ പ്രഭോ! ശരണാഗതവത്സല! നിന്തിരുവടി അടിയങ്ങളെ രക്ഷിക്കണമേ! അകാലത്തിൽ സമുദ്രം ഭൂമിയെ ഗ്രസിക്കുന്നതിനെ അങ്ങു കണ്ടുംകൊണ്ട് മിണ്ടാതിരിക്കയോ ചെയ്യുന്നത്. ഈ ക്ഷണത്തിൽതന്നെ അത്യുഗ്രവേഗത്തിൽ കോപിച്ചുതുടങ്ങിയിരിക്കുന്ന സമുദ്രം ഭൂമണ്ഡലം മുഴുവനും നശിപ്പിച്ചുകളയും. അല്ലയോ ആശ്രിതമന്ദാരമേ! അഖിലാർത്തിഭഞ്ജനാ! അങ്ങയുടെ പാദപങ്കജങ്ങളെല്ലാതെ ഞങ്ങൾക്ക് മറെറാരാശ്രയവുമില്ല.

ഇവർ ഇപ്രകാരം അപേക്ഷിച്ചുംകൊണ്ട ഹാലാസ്യേശ്വരസന്നിധിയിൽ ഭാവിഫലത്തെ വിചാരിച്ച് ഭയവിഹ്വലന്മാരായി നില്ക്കുന്ന അവസരത്തിൽ പാണ്ഡ്യഭൂപാലശിരോരത്നമായ അഭിഷേകപാണ്ഡ്യനും സമുദ്രാക്രമ

ണംകണ്ടു അത്യന്തം ഭയാവിഷ്ടചേതസ്സായി സിംഹാസനത്തിൽനിന്നും ഉത്ഥാനംചെയ്തു ഹാലാസ്യേശ്വരസന്നിധിയിൽ എത്തി. അദ്ദേഹത്തെ പലതവണയും താണുവീണു വണങ്ങിയും കൊണ്ടു ഇപ്രകാരംസ്തുതിച്ചു.

ദേവദേവകൃപാരാശേ! ജഗദുല്പത്തികാരണ!
ജഗല്പാലനസംഹാരകര! ഭക്താർത്തിഭഞ്ജന! ൧

സമുദ്രജലസംഭ്രുതാൽ ഭയാൽസർവാപ്രജാശ്ശമാം
ഭഗവൻ! പാഹിപാഹ്യാശു കാളകൂടാദ്ഭ്യതാമരാർ. ൨

ഭക്തശിരോമണിയായ അഭിഷേകപാണ്ഡ്യന്റെ മേൽപ്രകാരമുള്ള സ്തുതികേട്ടു അത്യന്തം സന്തുഷ്ടനായ ഹാലാസ്യേശ്വരൻ തന്റെ ജടാഭാരത്തിന്നിടയിൽനിന്നും നാലു മേഘങ്ങളെ അവതരിപ്പിച്ചു ഭൂമണ്ഡലാക്രമണം ചെയ്യുന്ന സമുദ്രജലത്തെ കുടിച്ചു വററിക്കുന്നതിന്നായി കല്പിച്ചു.

സർവ്വജ്ഞനും പ്രണതാർത്തിഹരനുമായ പരമേശ്വരന്റെ ആജ്ഞപ്രകാരം ഉടൻതന്നെ ആ മേഘങ്ങൾപോയി സമുദ്രജലംമുഴുവൻ കുടിച്ചുവററിച്ചു സമുദ്രാക്രമണത്തിൽനിന്നും ഭൂമണ്ഡലത്തെ രക്ഷിച്ചു.

കണ്ടവരെല്ലാം ഇതു ഏററവും അത്ഭുതകരമായ ഒരുസംഭവമാണെന്നും ഇത്ര അനുഗ്രഹീതമായ ഭഗവൽലീല ഇതിനുമുമ്പിൽ ഉണ്ടായിട്ടില്ലെന്നുംസമ്മതിക്കയും അതേവരേയും ശോകാകുലന്മാരായിരുന്ന അവർ അത്യാനന്ദസാഗരത്തിലെ വീചീപരമ്പരകൾ തോറും നൃത്തനമാരംഭിക്കുകയുംചെയ്തു.

അഭിഷേകപാണ്ഡ്യൻ ആക്രമിച്ചുകയറിയ സമുദ്രജലം മുഴുവനും വററിയതുകണ്ടു ഇതില്പരമില്ലാത്ത സന്തോഷത്തോടും ഭക്തവത്സലനായ ഹാലാസ്യേശ്വരന്റെ അപാരമായ കരുണാവിശേഷത്തെ വിചാരിച്ചു വിചാരിച്ചു അത്യന്തം അതിശയത്തോടും ഭക്തിയോടുംകൂടെ സ്വമന്ദിരത്തിൽപോയി സുന്ദരേശ്വരപാദകമലങ്ങളെതന്നെ വീണ്ടും വീണ്ടും സ്മരിച്ചുകൊണ്ടു വസിച്ചു.

അല്ലയോ! മഹർഷിപുംഗവന്മാരെ! മേഘങ്ങളെകൊണ്ടു സമുദ്രജലത്തെ പാനംചെയ്യിപ്പിച്ച ഹാലാസ്യാധിപനായ ഭഗവാൻ ശ്രീസുന്ദരേശ്വരന്റെ അത്ഭുതമനോഹരമായ പതിനെട്ടാമത്തെ ലീല ഇപ്രകാരമാണു. ഈ ലീലയെ പഠിക്കുകയും കേൾക്കുകയും ചെയ്യുന്നവർ സമസ്തപാപവിനിർമ്മുക്തന്മാരും ഇഹാമുത്രസുഖഭോഗികളും ആയിത്തീരുന്നതാണു.

മേഘങ്ങളെകൊണ്ടു സമുദ്രജലംപാനം ചെയ്യിപ്പിച്ച
പതിനെട്ടാംലീല സമാപ്തം.

# ഹാലാസ്യമാഹാത്മ്യം

## കേരളഭാഷാഗദ്യം

### ൨൫-ാം അദ്ധ്യായം.

### അതിവർഷരക്ഷണം എന്ന

### പത്തൊമ്പതാമത്തെ ലീല.

അല്ലയോ മഹർഷിപുംഗവന്മാരെ! ഇനി നിങ്ങൾ കൃപാലയനായ ഹാലാസ്യേശ്വരൻ വൃഷ്ടിഭയത്തിൽ നിന്നും മധുരാപുരവാസികളെ രക്ഷിച്ചതായ ലീലയെ കേട്ടുകൊൾവിൻ. ഈ ലീല അത്യന്താ അത്ഭുതതരവും പാവനകരവും ആണ്.

പരമശിവൻ തന്റെ ജടയിൽ നിന്നും നാലു മേഘപ്രധാനികളെ നിയോഗിച്ചയച്ചു ഭ്രമണ്ഡലാക്രമണംചെയ്തുസമുദ്രജലം മുഴുവനും പാനം ചെയ്യിപ്പിച്ചവിവരം അറിഞ്ഞു് അത്യന്തംരുഷ്ടനായ വരുണദേവ കോപോപരക്തനേത്രാന്തനും ഭ്രുകുടീഭീഷണാനനനും വ്രീളാവിഷാദസമ്മിശ്രവിത്രസ്താകുലമാനസനും ആയിട്ടു് പുഷ്കലവർത്തപ്രഭൃതികളായ നാലു മേഘപ്രധാനികളേയും വിളിച്ചുവരുത്തി അവരോടു് നിങ്ങൾ പോയി അതിവൃഷ്ടികൊണ്ടു് മധുരാപുരത്തെ നശിപ്പിക്കുവിൻ എന്നാജ്ഞാപിച്ചു.

വരുണന്റെ ആജ്ഞകിട്ടിയ ക്ഷണത്തിൽ തന്നെ പുഷ്കലാവർത്ത പ്രമുഖന്മാരായനാലു് മേഘപ്രധാനികളും കൂടി ദിഗന്തരസമാഗതന്മാരായിരുന്ന മറ്റുള്ളമേഘഗണങ്ങളെ എല്ലാം വിളിച്ചുകൂട്ടികൊണ്ടു് അതിവേഗത്തിൽ പുറപ്പെട്ടു് മധുരാപുരത്തിനു് നേരെ മുകളിലുള്ള ആകാശതലത്തെ അലങ്കരിച്ചിട്ടു് ആ പുരമദ്ധ്യസ്ഥിതമായ കദംബകാനനത്തിലുള്ള ഹാലാസ്യമഹാക്ഷേത്രത്തിൽ നിത്യസാന്നിദ്ധ്യം ചെയ്യുന്ന സുന്ദരേശ്വരവൈഭവങ്ങളെ തെല്ലു പോലും ബഹുമാനിക്കാതെ വർഷിക്കുവാനുള്ള വട്ടങ്ങൾ എല്ലാം കൂട്ടിത്തുടങ്ങി. ആകാശം ഘനീകൃതങ്ങളായ മേഘങ്ങളെ കൊണ്ടു ഛന്നമായ അവസരത്തിൽ ദിഗന്തരം അന്ധീകൃതമായി. ദുർദ്ദിനത്തിന്റെ മറ്റുള്ള ചടങ്ങുകളും ഓരോന്നായി ഒത്തുചേർന്നു. ചപലന്മാരായി അതിവേഗത്തിൽ അങ്ങോട്ടും ഇങ്ങോട്ടും ഓടി നടക്കുന്ന അംബുദങ്ങളുടെ അന്യോന്യസംഘട്ടനം കൊണ്ടു് സംജാതങ്ങളായ വൈദ്യുതപ്രകാശങ്ങൾ നിമിഷംതോറും ആകാശതലത്തിൽ പ്രാദുർഭവിക്കുകയും അന്തരിതമാവുകയും ചെയ്തു. ഇടവിടാതെ പുറപ്പെടുന്ന മേഘനിർഘോഷങ്ങളെ കൊണ്ടു അഷ്ടദിഗ്ഗജങ്ങൾ പോലും ബധിരന്മാരായി. സ്ഫടികസ്തംഭാകൃതിയിൽ പരിസ്രുതങ്ങളായപയഃപ്രവാഹങ്ങ

ളെക്കൊണ്ടു് കല്പാന്തകാലത്തിലെ ജലപ്രളയത്തിനേക്കാളും അധികതരമായ വിധത്തിൽ മധുരാപുരിയെങ്ങും ജലം നിറയുകയും ഘനാഘനോപലവ്യൂഹങ്ങളെക്കൊണ്ടു മധുരാപുരാവനിമൂടുകയും ചെയ്തു.

ഇപ്രകാരം തുടങ്ങിയ അതിവൃഷ്ടികണ്ടു് മധുരാപുരവാസികളായ എല്ലാ ആളുകളും, പാണ്ഡ്യവംശാലംകാരഭൂഷിതനും ശിവഭക്താഗ്ര്യനും ആയ അഭിഷേകപാണ്ഡ്യമഹാരാജാവും പഴയപോലെ അത്യന്തം ഭീതമാനസരായി അശേഷജഗത്തുകൾക്കും ആധാരഭൂതനും മഹാലിംഗസ്വാപിയും സമസ്തഭയസംഹനനും സർവ്വസമ്പൽപ്രദായിയും ആയ ശ്രീ ഹാലാസ്യനാഥന്റെ സന്നിധിയെ അതിവേഗത്തിൽ പ്രാപിച്ചിട്ടു് ജ്ഞാനനിധിയും ദേവദേവനുമായ അദ്ദേഹത്തെ ഭക്തിപൂർവ്വം പിന്നേയും പിന്നേയും പ്രണിപതിച്ചിട്ടു ഇപ്രകാരം പ്രാർത്ഥിച്ചു.

സുന്ദരേശകൃപാരാശേ! സമസ്തദുരിതാപഹ!
അതിവൃഷ്ട്യാപുനർഭീതാനസ്മാൻപാഹികടാക്ഷതഃ

മീനാക്ഷീവല്ലഭനും സർവ്വഭൂതങ്ങൾക്കും ശരണസ്ഥാനമായിട്ടുള്ളവനും ചന്ദ്രാലംകൃതശേഖരനും ആയ ഹാലാസ്യനാഥൻ അതിഭീതന്മാരായ ഭക്തന്മാരുടെ സ്തുതികേട്ടു് അത്യന്തം സന്തുഷ്ടനായിട്ടു്, അതിവൃഷ്ടിഭയത്തേയും വരുണന്റെ അഹങ്കാരത്തേയും ഒന്നോടെ ശമിപ്പിക്കണമെന്നു നിശ്ചയിച്ചുകൊണ്ടു് പണ്ടു് തന്റെ ജടയിൽ നിന്നും ഉത്ഭവിച്ചവരും അബ്ധിജലം മുഴുവനും പാനംചെയ്തു സമുദ്രാക്രമണത്തിൽ നിന്നും ഭൂമിയെ രക്ഷിച്ചവരുമായ നാലു് മേഘത്തലവന്മാരേയും വിളിച്ചുവരുത്തി അവരോടു് നിങ്ങൾ പോയി മധുരാപുരത്തിനു് നേരെ മുകളിലുള്ള ആകാശതലം നിറക്കെ കൂടാകാരത്തിൽ ഞെരുങ്ങിനിന്നു കൊണ്ടു് ഇപ്പോൾ തുടങ്ങിയിരിക്കുന്ന അതിവൃഷ്ടിയിൽ നിന്നും ഉണ്ടാകുന്നതായ ഒരു തുള്ളിവെള്ളംപോലും മധുരാപട്ടണത്തിൽ വീഴുന്നതിനു് പഴുതു കൊടുക്കാതെ തടുത്തു കൊള്ളണമെന്നാജ്ഞാപിച്ചു.

കപർദ്ദജങ്ങളായ ആ മേഘങ്ങൾ ദേവദേവന്റെ ആജ്ഞയെ കേട്ടയുടൻതന്നെ പുറപ്പെട്ടു് വരുണാജ്ഞകൊണ്ടു് വർഷിക്കുന്ന പുഷ്കലാവർത്തകാദികളായ മേഘങ്ങൾക്കു് ചുവടെ താഴെത്തായി രണ്ടുയോജനസമചതുരത്തിൽ സാന്ദ്രമാകുംവണ്ണം മണ്ഡപാകാരത്തിൽ നിരന്നുനിന്നും കൊണ്ടു് അതിഭീഷണമായ മഹാവൃഷ്ടിയെ നിരോധനംചെയ്തു.

മധുരാപുരത്തിനും ഹാലാസ്യമഹാക്ഷേത്രത്തിനും മേൽപ്പുരകെട്ടിയതുപോലെ അതിനു് മുകളിലുള്ള ആകാശതലത്തെ ആച്ഛാദനം ചെയ്യുന്ന മേഘങ്ങളുടെ ഉപരിഭാഗത്തിൽ, അതിനും മുകളിൽ നിൽക്കുന്ന പുഷ്കലാവർത്തകാദികളായ മേഘങ്ങൾ ധാരമുറിയാതെ പെയ്യുന്ന ജലപ്രവാഹം കണ്ടാൽ സ്ഫടികഭിത്തികളെക്കൊണ്ടും മേഘമണ്ഡലംവരെ മുട്ടുന്നതായിരിക്കുന്ന ശിഖരങ്ങളെക്കൊണ്ടും വിരാജമാനമായ ഗോപുരത്തോടുകൂടിയതായി ഹാലാസ്യക്ഷേത്രോപരിഭാഗത്തിങ്കൽ വിശ്വകർമ്മാവിനാൽ നിർമ്മിതമായ ഒരു മഹാമ

ണ്ഡപമോ എന്ന് മനുഷ്യരും സുരാസുരന്മാരും യക്ഷകിന്നരകിംപുരുഷസിദ്ധസാദ്ധ്യവിദ്യാധരഗന്ധൎവ്വന്മാരും മററും ശങ്കിച്ചുതുടങ്ങി. മധുരാപുരവാസികളെല്ലാവരും ഭയരഹിതന്മാരായി അവരവരുടെ മന്ദിരങ്ങളിലേക്കും രാജാവായ അഭിഷേകപാണ്ഡ്യൻ തന്റെ കുലദൈവമായ സുന്ദരേശ്വരമൂൎത്തിയുടെ അപാരകാരുണ്യവിലാസങ്ങളേയും അത്യത്ഭുതവൈഭവങ്ങളേയും മററുമോൎത്ത് വിസ്മിതനും കൃതകൃത്യനുമായി തന്റെ രാജധാനിയിലേക്കും തിരിച്ചുപോയി പരമാനന്ദസൌഖ്യത്തോടെ വസിച്ചു. ഭോഗാപവൎഗ്ഗകാമികളായി ഹാലാസ്യക്ഷേത്രസന്നിധാനത്തിൽ വസിക്കുന്ന യാതൊരുത്തൎക്കും യാതൊരുകാലത്തും യാതൊരുവിധമായ ഭയവും ദുഃഖവും ഉണ്ടാകുന്നതല്ലെന്നുള്ളതിന് ഇതൊരു നല്ല ദൃഷ്ടാന്തമാണ്.

ഈ വിവരം അറിഞ്ഞ് അത്യന്തം ഭീതനായ വരുണൻ അതിവേഗത്തിൽ മേഘങ്ങളെ വിളിച്ച് വൎഷിച്ചതു് മതി ഇനി വൎഷിക്കണ്ട എന്നു പറഞ്ഞു. ഉടൻതന്നെ മേഘങ്ങൾ വൎഷം അവസാനിപ്പിച്ചു. അതിവൃഷ്ടിമൂലം ചഞ്ചലന്മാരും മതിഭീഷണന്മാരുമായി ഭവിച്ചിരുന്ന ഭക്തഗണങ്ങൾ ഹാലാസ്യേശ്വരനെ ഉദ്ദേശിച്ച്, അല്ലയോ ജഗല്പാലനതല്പര! ഭവൽപാദശരണ്യന്മാരായിരിക്കുന്ന ഞങ്ങൾക്ക് അങ്ങയുടെ കൃപാമൂലം യാതൊരു ദുഃഖവുമുണ്ടാകുകയില്ല. അവിടുത്തെ ഭക്തന്മാരായ അടിയങ്ങൾക്ക് നേരിടുന്ന സകലസന്താപങ്ങൾക്കും പരിഹാരം ചിന്തിക്കാനും ചെയ്യുവാനും ഉള്ള അവിടുത്തെ ചുമതലയെ അവിടുന്നു യഥാകാലം നിൎവ്വഹിച്ചുവരുമ്പോൾ ഞങ്ങൾ മഹാഭാഗ്യവാന്മാർതന്നെ എന്നുള്ളതിന് യാതൊരു സംശയവും ഇല്ലന്നും മററും വളരെ ഭക്തിപൂൎവ്വം അദ്ദേഹത്തെ പ്രശംസിച്ച് പറഞ്ഞുംകൊണ്ട് ഈശ്വരസ്മരണയോടുകൂടെ അവരവരുടെ തൊഴിലുകൾക്കായി പോയി.

അനന്തരം ഹാലാസ്യനാഥനായ സുന്ദരേശ്വരമൂൎത്തിയുടെ അത്യത്ഭുതകരമായ ഈ ലീലയെ കണ്ട് ഇതില്പരമില്ലാത്ത ഭക്തിയോടും ഭയത്തോടും സന്തോഷത്തോടും വിസ്മയത്തോടും കൂടിയവനായിത്തീൎന്ന വരുണൻ തനിയ്ക്കു് നേരിട്ടിട്ടുള്ള ജലോദരമഹാവ്യാധിയുടെ ശമനത്തെ ഇച്ഛിച്ചുകൊണ്ട് സമുദ്രങ്ങളോടും സരസ്വതി ഗംഗാ, കാളിന്ദി മുതലായ മഹാനദികളോടും പാശഹസ്തന്മാരായ അനവധി പരിവാരങ്ങളോടും ശുദ്ധസ്ഫടികസങ്കാശങ്ങളായ വസ്ത്രങ്ങളോടും വിചിത്രവിധത്തിലുള്ള ഭൂഷണങ്ങളോടും മററന്യങ്ങളായ നാനാവിധോപകരണങ്ങളോടും വിദ്വാന്മാരായ മുനിപുംഗവന്മാരോടും മററുമായി ഹാലാസ്യത്തെ പ്രാപിച്ച് പരിപൂൎണ്ണനും പരാപരനും പരമശിവനുമായ ഹാലാസ്യനാഥനെ മനസ്സിൽ സ്മരിച്ചുംകൊണ്ട് ഹേമപത്മിനിയിൽ ഇറങ്ങി സ്നാനംചെയ്തു. ഏതൊരുവത്സരത്തിൽ വരുണദേവൻ ഹേമപത്മിനിയിൽ ഇറങ്ങി സ്നാനകൎമ്മം ആചരിച്ചുവോ, ആ ക്ഷണത്തിൽതന്നെ അദ്ദേഹത്തിന്റെ ജലോദരവ്യാധിയും ശമിച്ചു.

ഹേമപത്മിനീസ്നാനംകൊണ്ട്, മഹാരോഗവിനിൎമ്മുക്തിവന്ന ലഘുകായനായിത്തീൎന്ന വരുണൻ മനസ്സന്തുഷ്ടിയോടുകൂടെഹേമപത്മിനീതീൎത്ഥ

ത്തിൽനിന്നും കരക്കയറി ശുഭ്രവസ്ത്രമുടുത്തു ഭസ്മവും പൂശി രുദ്രാക്ഷമാലയും ധരിച്ചുകൊണ്ടു് സന്തുഷ്ടമാനസനായി അത്ര്യമേതന്നെ മീനാക്ഷീക്ഷേത്രത്തിൽ പ്രവേശിച്ചു് അതിഭക്തിയോടുകൂടെ ആചാരപൂർവം കനകപുഷ്പങ്ങളെക്കൊണ്ടു് ഭഗവതിപൂജയേ നിർവഹിച്ചതിൻെറ ശേഷം മനോന്മണിയായ ആ ഭഗവതിയെ അനേകപ്രകാരത്തിൽ സ്തുതിച്ചു് വണങ്ങിയുംവച്ചു് പ്രദക്ഷിണക്രമംതെററാതെ അവസാനമില്ലാത്ത ദിവ്യതേജസ്സോടുകൂടിയ ദിവ്യവിമാനമദ്ധ്യത്തിൽ പ്രകാശിക്കുന്ന ജ്യോതിൎമ്മയമഹാലിംഗസന്നിധാനത്തെ പ്രാപിച്ചിട്ടു് ഒന്നാമതായി സാഷ്ടാംഗനമസ്കാരം ചെയ്തു. അനന്തരം മഹാഭക്തിയോടുകൂടെ എഴുന്നേററു പൂജക്കായി ആരംഭിച്ചു.

വരുണന്, പരമേശ്വരപൂജയ്ക്കുവേണ്ടുന്ന തീൎത്ഥോദകങ്ങളെ ഗംഗാദികളായ പുണ്യനദികൾ ഹേമകുംഭങ്ങളിൽ നിറച്ചുകൊടുത്തു. ദിവ്യമാല്യങ്ങളും സുഗന്ധപുഷ്പങ്ങളും, കിരീടങ്ങൾ തുടങ്ങിയ വിചിത്രാഭരണങ്ങളും ഗന്ധാക്ഷതചന്ദനാദികളും മററും കല്പവൃക്ഷവും, അൎഘ്യം, ഗുൽഗുലു, ദീപം, ധൂപം, പഞ്ചഗവ്യം, പഞ്ചാമൃതം, പരമാന്നാദിഭക്തിസാധനങ്ങൾ വിശിഷ്ടഫലങ്ങൾ മുതലായവയെ കാമധേനുവും കൊണ്ടുവന്നുകൊടുത്തു.

അവകളെക്കൊണ്ടു് ഭക്തപരവശനായ വരുണൻ വിധിപ്രകാരം ത്രിവിധകരണങ്ങളാലും പരമശിവനെ ആരാധിച്ചു. അനന്തരം സഹസ്രനാമജപത്തോടുകൂടെ ഭാഗ്യവാകാരസദൃശങ്ങളായ ആയിരം മുത്തുകളെ ഭഗവാനായിക്കൊണ്ടു് അൎച്ചിച്ചിട്ടു് അത്യന്തം വിനയത്തോടുകൂടെ ഇപ്രകാരം സ്തുതിച്ചു.

കല്യാണശൈലപരികല്പിതകാൎമ്മുകായ
മൌൎവീകൃതാഖിലമഹോരഗനായകായ
പൃത്ഥ്വീരഥായകമലാപതിസായകായ
ഹാലാസ്യമദ്ധ്യനിലയായ നമശ്ശിവായ. ൧

ഭക്താൎത്തിഭഞ്ജനപരായപരാത്പരായ
കാളാഭ്രകാന്തിഗരളാംകിതകന്ധരായ
ഭൂതേശ്വരായഭുവനത്രയകാരണായ
ഹാലാസ്യമദ്ധ്യനിലയായ നമശ്ശിവായ. ൨

രുദ്രാക്ഷമൂൎത്തിഹരിമൃഗ്യപദാംബുജായ
ഹംസാബ്ജസംഭവസുദൂരസുമസ്തകായ
ജ്യോതിൎമ്മയസ്ഫുരിതദിവ്യവപുൎദ്ധരായ
ഹാലാസ്യമദ്ധ്യനിലയായ നമശ്ശിവായ. ൩

കാദംബകാനനനിവാസകുതൂഹലായ
കാന്താൎദ്ധഭാഗകമനീയകളേബരായ

കാലാന്തകായകരുണാമൃതസാഗരായ
ഹാലാസ്യമദ്ധ്യനിലയായ നമശ്ശിവായ. ൨

വിശ്വേശ്വരായ വിബുധേശ്വരപൂജിതായ
വിദ്യാവിശിഷ്ടവിദിതാത്മസുവൈഭവായ
വിദ്യാപ്രദായവിമലേന്ദ്രവിമാനഗായ
ഹാലാസ്യമദ്ധ്യനിലയായ നമശ്ശിവായ. ൩

സമ്പൽപ്രദായസകലാഗമമസ്തകേഷു
സംഘോഷിതാത്മവിഭവായ സദാശിവായ
സർവ്വാത്മനേ!സകലദുഃഖസമൂലഹർത്രേ
ഹാലാസ്യമദ്ധ്യനിലയായ നമശ്ശിവായ. ൪

ഗംഗാധരായ ഗരുഡധ്വജവന്ദിതായ
ഗണ്ഡസ്ഫുരൽഭുജഗകുണ്ഡലമണ്ഡിതായ
ഗന്ധർവ്വകിന്നരസുഗീതഗുണാധികായ
ഹാലാസ്യമദ്ധ്യനിലയായ നമശ്ശിവായ. ൫

പാണിംപ്രഗൃഹ്യമലയധ്വജഭൂപപുത്ര്യാഃ
പാണ്ഡ്യേശ്വരസ്സ്വയമഭൂൽപരമേശ്വരോയഃ
തസ്മൈജഗൽപ്രഥിതസുന്ദരപാണ്ഡ്യനാമ്നേ
ഹാലാസ്യമദ്ധ്യനിലയായ നമശ്ശിവായ. ൬

ഗീർവ്വാണദേശികഗിരാമപിദൂരഗായ
വക്തുംമഹത്വമിഹകോഭവതഃപ്രവീണഃ
ശംഭോക്ഷമസ്വഭഗവച്ചരണാരവിന്ദ
ഭക്ത്യാകൃതാംസ്തുതിമിമാം മമസുന്ദരേശ. ൭

വരുണൻ മേൽപ്രകാരം സുന്ദരേശ്വരനെ സ്തുതിച്ചുംകൊണ്ട് പലതവണയും നമസ്കരിച്ചു. അനന്തരം ഭക്തിപാരാവാരപാരംഗതനായ വരുണന്റെ മുമ്പിൽ കദംബവനനായകനും സർവ്വജഗന്നാഥനും സർവ്വാഭരണഭൂഷിതനും ആയ ഹാലാസ്യനാഥൻ സ്വച്ഛമൌക്തികസംകാശഭൂഷണാംബരമൂർത്തിമാനും വഹ്നിവരാഭയപാശധരങ്ങളെക്കൊണ്ട് ശോഭായമാനങ്ങളായ പാണിതലങ്ങളോടുകൂടിയവനും ആയിട്ട് പ്രത്യക്ഷീഭവിച്ചു.

മനോവാചാമഗോചരനായ പരമേശ്വരൻ പ്രത്യക്ഷമായതുകണ്ട് വിസ്മിതനും ഭക്തിപരവശനും ആയിത്തീർന്ന വരുണൻ സർവ്വകർമ്മങ്ങളേയും വിസ്മരിച്ചിട്ട് ചിത്രത്തിൽ എഴുതിയവനെപ്പോലെ യാതൊന്നും പറയുന്നതിനും പ്രവൃത്തിക്കുന്നതിനും ശക്തനല്ലാതെ നിന്നിടത്തുതന്നെ അനങ്ങാതെ നിന്നു.

പരമശിവൻ അതുകണ്ടു് വരുണനെ നോക്കി അല്ലയോ വരുണ! ഞാൻ നിന്റെ സ്തുതികൊണ്ടു് അത്യന്തം സന്തുഷ്ടനായി. ഭക്തിശിരോമണിയായ നിനക്കു ഏതൊരുവരം വേണമെങ്കിലും നൽകാം. ഇഷ്ടപ്രകാരം വേണ്ടതു് ചോദിച്ചുകൊള്ളുക. എന്നുപറഞ്ഞു.

വരുണൻ അതുകേട്ടു് വീണ്ടും പരമശിവനെ നമസ്കരിച്ചുംകൊണ്ടു് ഇങ്ങനെ പറഞ്ഞു.

അല്ലയോഭക്തവത്സലനായ ഹാലാസ്യനാഥ! തിരുവടി എന്റെ എല്ലാഅപരാധങ്ങളേയും ക്ഷമിച്ചു് എന്നെരക്ഷിച്ചുകൊള്ളണം. ഞാൻ അറിവില്ലാതെ അവിടത്തോടു് മത്സരിച്ചു. അതു എന്റെ പാകക്കുറവുകൊണ്ടു് സംഭവിച്ചുപോയതാണു്. അപാരഗുണനിധിയും സർവശക്തനും ആയ ഭഗവാനു് വിപരീതംചെയ്യുന്നതിനു് സാമർത്ഥ്യമുള്ളവരായി യാതൊരുത്തരും ത്രൈലോക്യത്തിൽ ഇല്ലെന്നുള്ളതു് ഞാൻ നല്ലതുപോലെ അനുഭവിച്ചുതന്നെ മനസ്സിലാക്കി. അവിടത്തെ അപാരമായ ശക്തിയേയുംകരുണയേയും പരിക്ഷിക്കാനായിട്ടാണു് ഞാൻ സമുദ്രത്തെക്കൊണ്ടു് ഭൂമണ്ഡലം അതിക്രമിപ്പിച്ചതും പുഷ്കലാവർത്തകാദികളായ മേഘത്തലവന്മാരെ നിയോഗിച്ചയച്ചു് അതിവർഷംകൊണ്ടു് മധുരാപട്ടണം നശിപ്പിക്കാൻ തുടങ്ങിയതും. തിരുവടി അതു രണ്ടും നിഷ്പ്രയാസമായി നിരോധിച്ചു് അവിടത്തെ ശക്തിയേയും കരുണയേയും എനിക്കു് പ്രത്യക്ഷമാക്കിത്തന്നു. അല്ലയോ കാളകൂടവിഷാപഹനായ ഹാലാസ്യനായക! തിരുവടിയുടെ സുന്ദരേശ്വരലിംഗദർശനംകൊണ്ടും ഹേമപത്മിനീതീർത്ഥസ്നാനംകൊണ്ടും എന്റെ ജലോദരമഹാവ്യാധി നാമാവശേഷിതം ആയി. ഇതില്പരമായി ഇനിക്കു യാതൊന്നും വേണമെന്നില്ല. അപാരകൃപാശാലിയായ തിരുവടിയുടെ പാദപത്മങ്ങളിൽ എല്ലാക്കാലത്തും ഇനിക്കു് അവ്യഭിചാരിയായ ഭക്തിഉണ്ടായാൽ മാത്രം മതിയാകുന്നതാണു്.

സുന്ദരേശ്വരൻ അതുകേട്ടു് പറഞ്ഞു—

അല്ലയോ വരുണ! എല്ലാം നിന്റെ അഭീഷ്ടംപോലെതന്നെ ഭവിക്കും. അതിനു യാതൊരു ആക്ഷേപവും ഇല്ല നിനക്കും എന്നിൽ എല്ലാകാലത്തും നിഷ്കളങ്കമായ ഭക്തിയുണ്ടാകും. കൂടാതെ മേല്ക്കുമേൽ നിനക്കു സർവസൌഭാഗ്യങ്ങളും ശക്തിയും വർദ്ധിക്കുകയും ചെയ്യും. നിന്നാൽകൃതമായ സ്തോത്രം അനുദിവസവും പാരായണം ചെയ്യുന്നവർക്കും ധർമ്മാർത്ഥകാമമോക്ഷങ്ങളായ നാലു പുരുഷാർത്ഥങ്ങളും ഉണ്ടാകും.

പരമശിവൻ ഇപ്രകാരം അരുളിച്ചെയ്തിട്ടു് അന്തർദ്ധാനംചെയ്തു.
വരുണൻ വീണ്ടും സുന്ദരേശ്വരമൂർത്തിയെ ഇപ്രകാരം സ്തുതിച്ചു.

നമശ്ശിവായദേവായ കദംബവനവാസിനെ
മഹാദേവായ ശർവായ നീലകണ്ഠായശൂലിനെ
കപാലിനെ കരാളായ ശമ്യാകസ്രഗ്ധരായച
യോഗായയോഗഗമ്യായ യോഗിനാംപതയേനമഃ

കാലായ കാലഹരന്ത്രേ ച കാലരൂപധരായ ച
കലാധരകലാശോഭിമൌലയെ കാമദായിനെ! ൧

ശിവായശൂരായശുഭപ്രദായ
ശുഭ്രായ്യഭൂത്യതയേനമോസ്തു
നാരായണാംഭോരുഹസംഭവാദ്യൈ-
ർവന്ദ്യായദേവൈന്ദ്രിനാനനായ. ൨

അനന്തരം സ്തുതി അവസാനിപ്പിച്ച് വീണ്ടും ഹാലാസ്യനാഥനെ ലതവണയും നമസ്കരിച്ച് എന്റെ എല്ലാ അപരാധങ്ങളേയും നിന്തിരുടിതന്നെ ക്ഷമിച്ചുകൊള്ളേണമെ! ക്ഷമിച്ചുകൊള്ളേണമേ എന്നിങ്ങനെ പ്രാർത്ഥിച്ചിട്ട് അത്യന്തംസന്തുഷ്ടനായ വരുണൻസ്വസ്ഥാനത്തിലേക്കുപോയി.

അന്നുമുതല്ക്കാണ് ഹാലാസ്യത്തിനു "ചതുഷ്കൂടപുരം" എന്നുകൂടി പേരുണ്ടായത്. അല്ലയോ മഹർഷിമാരെ ചതുഷ്കൂടപുരാധിപനായ ഹാലാസ്യനാഥന്റെ ചതുർവിധം അർത്ഥദായകവും മഹാപാവനവും വർഷരക്ഷണലക്ഷിതവും ആയ ലീല ഇപ്രകാരം ആണ്.

ഈ പാവനമായ ലീലയെ കേൾക്കുന്നവർ ഭൂമിയിൽ ആയിരം വർഷം പുത്രമിത്രകളത്രാദി സർവ്വബന്ധുക്കളോടും വിവിധസമ്പൽസമൃദ്ധിയോടുംകൂടെ അത്യാനന്ദഭോഗികളായി വസിക്കുകയും പരത്തിൽഅനശ്വരമായ പരമാനന്ദസൌഖ്യത്തെ അനുഭവിക്കുകയും ചെയ്യും.

൨൫-ാം അദ്ധ്യായം.

൧൯-ാം ലീല സമാപ്തം.

---

# ഹാലാസ്യ മാഹാത്മ്യം.

## കേരളഭാഷാതല്പ്യം.

### ൨൬-ാം അദ്ധ്യായം.

### സുന്ദരേശ്വരൻ സിദ്ധരൂപംധരിച്ച

### ഇരുപതാം ലീല.

---

ഹാലാസ്യനാഥനായ സുന്ദരേശ്വരൻ സിദ്ധരൂപം ധരിച്ച് അനവധി അത്ഭുതകർമ്മങ്ങളെ കാണിച്ചതായ ഇരുപതാമത്തെ ലീലയെ ഞാൻ ഇനിപ്പറയാം. നിങ്ങൾ കേട്ടുകൊള്ളുവിൻ എന്നി

ങ്ങനെ വസിഷ്ഠാദികളായ മഹർഷിപുംഗവന്മാരെ നോക്കി കുംഭസംഭവനും ശൈവാഗമവേദികളിൽ വച്ച് അഗ്രഗണ്യനും ആയ അഗസ്ത്യമഹർഷി അരുളിചെയ്തിട്ട്, വീണ്ടും താഴെവരുമാറു് കഥയാരംഭിച്ചു.

അല്ലയോ മഹർഷിഗണങ്ങളേ! നാനാവിധത്തിലും ആശ്ചര്യകരങ്ങളായ ലീലകളെ ചെയ്യുന്നതിന് അതിസമർത്ഥനും ദയാനിധിയും ആയ സുന്ദരേശ്വരൻ തന്റെ ഭക്തന്മാരായ മധുരാപുരനിവാസികൾക്കും തന്നെ പരദൈവമായിക്കരുതി സകലകർമ്മങ്ങളും തന്നിൽതന്നെ സമർപ്പിച്ച് നിഷ്കാമഭക്തിയോടുകൂടെ ഭൂമണ്ഡലഭരണം നടത്തുന്ന തന്റെ ഭക്താഗ്രഗണ്യനായ അഭിഷേകപാണ്ഡ്യമഹീപാലനും സർവസമ്പത്തുകളും സർവാഭീഷ്ടങ്ങളും കൊടുക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടെ ഒരു ദിവസം പതിനാറുവയസ്സുപ്രായംവരുന്നതായ ഒരു അഭിരാമസ്വരൂപനായ സിദ്ധന്റെ സ്വരൂപത്തെ കൈക്കൊണ്ടു. പാദങ്ങളിൽ കടകനൂപുരങ്ങൾ അണിഞ്ഞും, പുലിത്തോലുകൊണ്ടുള്ള കൌപീനം ഉടുത്തും വാമപാണിയിൽ യോഗദണ്ഡും, മറ്റെക്കയ്യിൽ സ്വർണ്ണവടിയും വഹിച്ചും ശരീരം മുഴുവനും ഭസ്മം പൂശിയും, അററം വളഞ്ഞു ചെമ്പിച്ചതായ കുററിജ്ജടകളെനാഗപാശംകൊണ്ടു് കററപോലെകെട്ടിവച്ചും, കർണ്ണങ്ങളിൽ അത്യന്തം ശുദ്ധങ്ങളായ സ്ഫടികകുണ്ഡലങ്ങളെ അണിഞ്ഞും യോഗപട്ടം ധരിച്ചും അരയിൽ ഒഡ്യാണം ഇട്ടുമുറിക്കിയും സിദ്ധരൂപത്തെ കൈക്കൊണ്ടു് സുന്ദരേശ്വരനെക്കണ്ടാൽ ആരും അപഹൃതചിത്തവൃത്തികളായിപ്പോകും. ശുഭ്രങ്ങളായ അസ്ഥിമാലകളെക്കൊണ്ടു് അഭിരാമമായ കളേബരത്തോടുകൂടിയവനും പൂർണ്ണശശാങ്കവദനനും ആയ ആ സിദ്ധയുവാവു് കുന്ദകുശ്മളോപമങ്ങളായ ദന്തങ്ങളെ മന്ദഹാസത്താൽ പുറത്തുകാണിച്ചുംകൊണ്ടു് അതിരമ്യമായ മധുരാപുരവീഥിയിൽക്കൂടെ മന്ദസഞ്ചാരം തുടങ്ങി.

ഹൃദയാകർഷകമായ അഭിരാമസ്വരൂപത്തോടുകൂടെമധുരാപുരവീഥിയിൽകൂടി സ്വൈരപ്രയാണം ചെയ്യുന്ന ആ സിദ്ധനെ തത്രത്യരായ ആളുകൾ കണ്ടു് ഉപചാരപൂർവം വിളിച്ചുകൊണ്ടുപോയി വളരെ ഭക്തിയോടുകൂടെ പൂജിച്ചിരുത്തി ഓരോരുത്തരും അവരവരുടെ അഭിമതപ്രകാരം ഉള്ള പലപല കാര്യസിദ്ധികളേയും പ്രാർത്ഥിച്ചു.

ഓരോരുത്തരും എന്തെന്തു് അപേക്ഷിച്ചുവോ അവയെല്ലാം യാതൊരു താമസവും കൂടാതെ സിദ്ധൻ സാധിച്ചുകൊടുത്തു. യൌവ്വനമപേക്ഷിച്ചു ജരാപീഡിതവിഗ്രഹന്മാരും ദന്തഹീനന്മാരും അററു ദർപ്പൂപോലെ നരച്ചുവെളുത്ത കേശപാശങ്ങളോടും രോമങ്ങളോടും കൂടിയ വൃദ്ധന്മാരുടെ മൂർദ്ധാവിൽ ഏതൊരവസരത്തിൽ മഹാദേവനായ ആ സിദ്ധൻ അദ്ദേഹത്തിന്റെ കയ്യിൽ ഇരുന്ന വേത്രദണ്ഡംകൊണ്ടു് സ്പർശിച്ചുവോ ആ അവസരത്തിൽ അവർ നവയൌവനപ്രാപ്തന്മാരായി. സിദ്ധവൈഭവം കേട്ടാഗതകളായ വന്ധ്യകളുടെ നെററിയിൽ സിദ്ധൻ ഭസ്മംവാരിതേച്ചയുടനെ അവർ ഗർഭിണികളായിത്തീർന്നു. അഞ്ജനപ്രയോഗംകൊണ്ടു് അനവധി ജനങ്ങളുടെ അ

ന്ധതയേയും ബധിരതയേയും മൂകതയേയും തീൎത്തു. വിക്കൻമാരേയും കോഞ്ഞൽമാരേയും വാചാലന്മാരാക്കി. കാലൊടിഞ്ഞവരേയും കയ്യൊടിഞ്ഞവരേയും കൂനന്മാരേയും ഞൊണ്ടികളേയും മററും ഭസ്മലേപനം കൊണ്ടും വേത്രദണ്ഡതാഡനംകൊണ്ടും അംഗഭംഗരഹിതന്മാരും സംസ്ഥാനന്മാരും ആക്കിതീൎത്തു. ഭൂതപ്രേതപൈശാചികാദികളായ ബാധോപദ്രവങ്ങളാൽ പീഡിതന്മാരായ അനവധി ജനങ്ങൾ ആ സിദ്ധനെ വന്നുകണ്ടു് അദ്ദേഹത്തിന്റെ അനുഗ്രഹവിശേഷത്താൽ ബാധാവിമുക്തന്മാരായിപ്പോയി. അദ്ദേഹം ഭസ്മലേപനംകൊണ്ടു് പതിനെട്ടുപ്രകാരത്തിൽ ഉള്ള കുഷ്ഠങ്ങളേയും എണ്പതു പ്രകാരത്തിൽ ഉള്ള വാതരോഗങ്ങളേയും എല്ലാശിരോരോഗങ്ങളേയും നേത്രകൎണ്ണാക്ഷിനാസികാരോഗങ്ങളേയും ജ്വരാതിസാരഗുന്മപ്ലീഹമഹോദരാൎശ്ശസ്സുകളേയും നിഷ്പ്രയാസം ശമിപ്പിച്ചു. ദാരിദ്ര്യപീഡകൊണ്ടു് ശരണാഗതന്മാരായവൎക്കും അദ്ദേഹം വിഭൂതിനൽകി അവരുടെ ദാരിദ്ര്യശാന്തിവരുത്തി അദ്ദേഹം ദാരിദ്ര്യശാന്തിക്കായി ആൎക്കെല്ലാം വിഭൂതിനൽകിയോ അവർ ഓരോരുത്തരും അവരവരുടെ ഭവനങ്ങളിൽ ചെന്നുനോക്കിയപ്പോൾ അവ വിത്തേശന്റെ ഭണ്ഡാഗാരത്തോടുപോലും ധനഗൎവ്വംകൊണ്ടു് മല്ലിടുന്നതിനു സന്നദ്ധങ്ങളായി കാണപ്പെട്ടു.

അഞ്ജനം, ആകൎഷണം, അദൃശ്യം, വായുസ്തംഭം, വശ്യം, വാദംമുതലായതുകളെ കാമുകന്മാരായ യുവാക്കന്മാരെക്കാണിച്ചു അവരെ വ്യാമോഹിപ്പിച്ചു. ഇന്ദ്രജാലം മഹേന്ദ്രജാലം മുതലായ മഹാജാലങ്ങൾ പ്രദൎശിപ്പിച്ചു കാണികളെ ഇതിൽപരമില്ലാതെ അതിശയിപ്പിച്ചു. വിശേഷിച്ചും സിദ്ധരൂപിയായ പരമേശ്വരൻ, വശ്യം, ആകൎഷണം, വിദ്വേഷം, സ്തംഭനം, ഉച്ചാടനം മുതലായതുകളെക്കൊണ്ടു് എല്ലാജനങ്ങളേയും വശീകരിച്ചു. കഴുതകളെ പിടിച്ചു കുതിരകളാക്കുക, കുതിരകളെപ്പിടിച്ചു കഴുതകളാക്കുക, പുലിയെ പൂച്ചയാക്കുക. പൂച്ചയെ പുലിയാക്കുക, ബാലന്മാരെ വൃദ്ധന്മാരാക്കുക, നിൎദ്ധനന്മാരെ ധനികന്മാരാക്കുക, സ്ത്രീകളെ പുരുഷന്മാരാക്കുക, പുരുഷന്മാരെ സ്ത്രീകളാക്കുക, സമീപത്തിൽ ഇരിക്കുന്നതിനെ ദൂരത്തിൽ ആക്കുക, പാററായെ കൂററനാക്കുക, കൂററനെ പാററയാക്കുക, വലുതിനെ ചെറുതാക്കുക, ചെറുതിനെ വലുതാക്കുക, കുന്നുകളെ കുഴിയാക്കുക, കുഴികളെ കുന്നുകളാക്കുക, സ്ഥലങ്ങളെ ജലാശയങ്ങളാക്കുക, ജലാശയങ്ങളെ സ്ഥലങ്ങളാക്കുക, മൃഗങ്ങളുടെയും വസ്തുക്കളുടേയും മററും നിറവ്യത്യാസംചെയ്ക മുതലായ പലവിധ അത്ഭുതക്രിയകളേയും പ്രദൎശിപ്പിച്ചു.

അനന്തരം വീഥിയിൽനിന്നും തിരിച്ചു അവിടെത്തന്നെ അടുക്കൽഉണ്ടായിരുന്ന ഒരു ഉദ്യാനത്തിൽ പ്രവേശിച്ചു് അവിടെ ഉണ്ടായിരുന്ന മാവുകൾ എല്ലാം പ്ലാവുകളും പ്ലാവുകൾ എല്ലാം പനകളും ആലുമരങ്ങളെ പാലമരങ്ങളും പാലമരങ്ങളെ ആലുമരങ്ങളും പൂഗത്തെയെല്ലാം പുന്നാഗങ്ങളും പുന്നാഗങ്ങളെയെല്ലാം തമാലങ്ങളും തമാലങ്ങളെയെല്ലാംഹിന്താലങ്ങളും ഇങ്ങനെ ആ ഉദ്യാനത്തിൽ ഉണ്ടായിരുന്ന ഓരോ വൃക്ഷങ്ങളേയും മറെറാരോ

വൃക്ഷങ്ങളാക്കി തീക്കുകയും ലതകളെ വൃക്ഷങ്ങളാക്കുകയും വൃക്ഷങ്ങളെ ലതകളാക്കുകയും പൂക്കാത്തവൃക്ഷങ്ങളിൽ പൂവുണ്ടാക്കുകയും കായ്ക്കാത്തമരങ്ങളിൽ കായ്കൾ ഉണ്ടാക്കുകയും പച്ചക്കായ്കളെ പഴുപ്പിക്കുകയും പഴുത്തകായ്കളെ പച്ചക്കായ്കളാക്കുകയും കറുത്തപുഷ്പങ്ങളെ വെളുത്തപൂക്കളാക്കുകയും വെളുത്തപൂക്കളെ കറുത്തപൂക്കളാക്കുകയും ചേമന്തിപ്പൂക്കളെ ചെമ്പകമരത്തിലും ചെമ്പരത്തിപ്പൂക്കളെ ചേമന്തിയിലും ഉൽപ്പാദിപ്പിക്കുകയും താലങ്ങളിൽ താമരപ്പൂക്കളേയും ചേമന്തിയിലും ഉൽപ്പാദിപ്പിക്കുകയും താലങ്ങളിൽ താമരപ്പൂക്കളേയും പിച്ചിവള്ളികളിൽ ഉച്ചമലരിപ്പൂക്കളേയും കാണിച്ചുകൊടുക്കുകയും മററുമായി അവിടെ അദ്ദേഹം പ്രദർശിപ്പിച്ച വിസ്മയങ്ങളെക്കണ്ടു് കാണികൾ ഇതിൽപ്പരമില്ലാതെ സംഭ്രമിക്കുകയും അതിശയിക്കുകയും സന്തോഷിക്കുകയും ചെയ്തു. അനന്തരം ആ ഉദ്യാനത്തിനു കുറെ അകലത്തിൽ ഉണ്ടായിരുന്ന രണ്ടു അത്യുന്നതങ്ങളായ പർവതങ്ങളെ വിളിച്ചു വരുത്തി രണ്ടു അമ്മാനക്കായ്കൾ എന്നപോലെ അവയെക്കൊണ്ടു് അമ്മാനയാടിക്കളിച്ചു. സിദ്ധന്റെ അത്ഭുതകരങ്ങളായ ഈശപ്രകടനങ്ങളെ കാണുന്നതിനായി വന്നുകൂടിയ പുരുഷാരംകൊണ്ടു സമീപദേശങ്ങൾ പോലും ഞെരുങ്ങി.

അതിന്റെശേഷം അവിടെ നിന്നും വേഗവതീനദിയിൽ പോയി ഇറങ്ങി അതിലെ ജലത്തിൽ തന്റെ കയ്യിൽ ഉണ്ടായിരുന്ന വേത്രദണ്ഡു കൊണ്ടൊന്നിടിച്ചു് വെള്ളംമുഴുവൻ വററിച്ചു. അതിന്റെശേഷം അതിനുമുമ്പിൽ ഒരിക്കലും ഉണ്ടായിട്ടില്ലാത്തവിധത്തിൽ അതിൽ ജലപ്രവാഹം ഉണ്ടാക്കി. ജലത്തിനു മുകളിൽക്കൂടി ദ്രുതഗമനവും മന്ദസഞ്ചാരവും ആയാസഹീനംചെയ്തു വീണ്ടും അതിലെവെള്ളം മുഴുവനും വററിച്ചു് മററുള്ളവരുമായി ക്രീഡിച്ചു. ജലജന്തുക്കളേയും ഒന്നിനെ മറെറാന്നാക്കിയും അതിനെ പിന്നൊന്നാക്കിയും കാണികളെ അത്ഭുതപരതന്ത്രരാക്കി. അവസാനത്തിൽ വേഗവതിയെ പൂർവവൽ ആക്കിച്ചെയ്തും വച്ചു് ജലത്തിൽനിന്നും കരയ്ക്കുകയറി അതിഭയങ്കരമായ അന്ധകാരം ഉണ്ടാക്കി ഭൂതലത്തെ മൂടുകയും നക്ഷത്രങ്ങളേയും ചന്ദ്രനേയും ആകാശത്തിൽ പ്രദർശിപ്പിക്കുകയും ചെയ്തു രാത്രിയെ ഉണ്ടാക്കി. കാമകികളായ സുന്ദരിമാർ അതുകണ്ടു് കാമുകന്മാരുമായി കന്ദർപ്പനടനമാടുവാനുള്ള വട്ടങ്ങൾകൂട്ടി. ഉടൻതന്നെ ററാലാസ്യനാഥനായ ആ സിദ്ധൻ രാത്രിയെ അസ്തമിപ്പിച്ചു് അതിതീവ്രതരങ്ങളായ സൂര്യരശ്മികളോടുകൂടിയ പകലിനെ ഉണ്ടാക്കി. കാഴ്ചക്കാർ ഇതു മായയാണെന്നും ഇന്ദ്രജാലമാണെന്നും മഹേന്ദ്രജാലമാണെന്നും സിദ്ധിവൈഭവമാണെന്നും മററും പലപ്രകാരത്തിൽ അവരവരുടെ വാസനപോലെ അഭിപ്രായങ്ങളെ തട്ടിമൂളിക്കുകയും അത്യത്ഭുതമഹാസാഗരത്തിലെ വീചിപരമ്പരകൾതോറും നീന്തിക്കളിക്കുകയും ചെയ്തു.

അതിന്റെ ശേഷം അദ്ദേഹം തന്റെകയ്യിൽ ഉണ്ടായിരുന്ന യോഗദണ്ഡിനെ നിലത്തുനാട്ടി അതിന്റെ മുകളിൽ നിശിതങ്ങളായ രണ്ടു സൂചികൾ നിറുത്തി അതിനുമുകളിൽ പാദാംഗുഷ്ഠങ്ങളെ ഊന്നിയുംകൊണ്ടു് ഉ

പ്രകാരത്തിൽ ഭ്രമണംചെയ്തു. അതിൽപ്പിന്നെ ആകാശത്തിൽ കുതിച്ചുചാടി വീണ്ടും പാദമൂന്നിയും പിന്നെയും കുതിച്ചുചാടി തല കീഴായിവന്നു തലയൂന്നിയും പിന്നെയും പിന്നേയും ഇങ്ങനെ പലപ്രാവശ്യവും സൂച്യഗ്രത്തിങ്കൽ തലയും പാദവും ഊന്നിയുംകൊണ്ട് തിരിയുകയും മറിയുകയും മററും ചെയ്തു. കാണികൾ അനിർവചനീയമായ ആനന്ദത്തേയും ആശ്ചര്യത്തേയുംഅനുഭവിച്ചു.

അതിൽപ്പിന്നെ സിദ്ധസ്വരൂപിയായഹാലാസ്യനാഥൻപക്ഷീന്ദ്രനെപ്പോലെ ആകാശത്തിലെങ്ങും പറന്നു നടക്കുകയും മേഘമണ്ഡലോപരികിളന്നുപോയി കാളമേഘാഭവും സുഗർജ്ജിതവും വിദ്യുന്മാലാവിഭൂഷിതവും ആയ ഒരു ഭയങ്കരമേഘത്തെ പിടിച്ചുകൊണ്ടുവന്നു മററുള്ളവക്കു കാണിച്ചുകൊടുക്കുകയും, അതിൻെറശേഷം അതിനെ വിട്ടുംവച്ച് പൂർവവൽസ്വസ്ഥാനത്തിൽപോയി വഷിക്കുന്നതിനു ആജ്ഞാപിക്കുകയും ഉടൻ തന്നെ ആ മേഘം അതിൻെറ സ്ഥാനത്തിൽപ്പോയി ആജ്ഞപ്രകാരം, നിന്നുകൊണ്ടു വഷിക്കുകയും ഇപ്രകാരം മററനവധിമേഘങ്ങളേയും വിളിച്ചുവരുത്തുകയും തിരിച്ചയക്കുകയും വഷിപ്പിക്കുകയും സൂര്യചന്ദ്രന്മാരേയും മററുള്ള ഗ്രഹങ്ങളേയും നക്ഷത്രങ്ങളേയും ഓരോന്നായും എല്ലാം കൂടിയും പിടിച്ചുകൊണ്ടുവന്ന് അവരേക്കൊണ്ടു പലതും ചെയ്യിപ്പിക്കുകയും ആകാശത്തിൽകൂടെ പറക്കുന്ന പക്ഷികളെ പിടിച്ചുകൊണ്ടുവന്ന് ഒരു ജാതിയിൽ ഉള്ളതിനെ മറെറാരുജാതിയാക്കി വിടുകയും ദിവ്യാജ്ഞനപ്രദാനംകൊണ്ടു ഭൂഗതങ്ങളായ അനവധി അനർഘങ്ങളായ രത്നകനകങ്ങളേയും മററു ദിവ്യവസ്തുക്കളേയും അവിടവിടെയായി കുന്നുകൾപോലെ പ്രദർശിപ്പിച്ചു വിസ്മയിപ്പിക്കുകയും,അഗ്നിസ്തംഭം, വായുസ്തംഭം,ജലസ്തംഭം, മുതലായ ചതുഷ്ഷഷ്ടികലകളേയും അന്യങ്ങളായ എല്ലാവിദ്യകളേയും കാണിച്ചെല്ലാവരേയും ഒന്നുപോലെ സന്തോഷിപ്പിക്കുകയും ഭോഗമോക്ഷ പാരായണന്മാരായിവന്നുവന്നപേക്ഷിക്കുന്ന എല്ലാ ജനങ്ങളുടേയും എല്ലാ അപേക്ഷകളേയും സാധിച്ചുകൊടുക്കുകയും മററുംചെയ്തു.

അതിൻെറശേഷം ചിലവിപ്രന്മാർ ചെന്നു സിദ്ധനോടു വേദശാസ്ത്രപുരാണാദികളായ സർവ വിദ്യകളും അവരുടെ നാക്കിൽ ഉദിപ്പിച്ചുകൊടുക്കണമെന്നപേക്ഷിക്കുകയും അപേക്ഷിച്ചമാത്രയിൽ തന്നെ ഭസ്മംനൽകി എല്ലാവിദ്യകളും അവക്കു മുഖസ്ഥമാക്കി കൊടുക്കുകയും കുരയും നരയും പൂണ്ടവരും. കവിളൊട്ടിയവരും കാഴ്ചകുറഞ്ഞവരും കൂനിപ്പിടച്ചവരും ആയ വൃദ്ധസ്ത്രീകളെ നവയൌവനകളാക്കി ഭത്താക്കന്മാരോടു ചേക്കുകയും എന്നുവേണ്ട ഇതിൽപ്പരമില്ലാത്തതും വാചാമഗോചരങ്ങളും ആയ അനവധിഅത്ഭുതങ്ങളെ കാണിച്ചു. ഹാലാസ്യനാഥനായ പരമശിവൻ സിദ്ധരൂപിയായി കാണിച്ച ഇദൃശ്യങ്ങളായ അതിശയങ്ങളെ എല്ലാം ഒന്നൊന്നായിപ്പറയുന്നതിനു വാഗീശ്വരനെ കൊണ്ടല്ലാതെ മററാരെക്കൊണ്ടുംസാധിക്കുന്നതല്ല.

സിദ്ധരൂപിയായ അദ്ദേഹം ഇങ്ങനെ അനേകവിധത്തിലുള്ള അത്ഭു

തങ്ങളെ പ്രദർശിപ്പിച്ചും ജനതയ്ക്കു അമിതമായ നയനാനന്ദത്തെ പ്രദാനം ചെയ്തും ചിലപ്പോൾ സ്ഥൂലനായും ചിലപ്പോൾ കൃശനായും ചിലപ്പോൾ വാമനനായും ചിലപ്പോൾ ദീർഘനായും ചിലപ്പോൾ വൃദ്ധനായും ചിലപ്പോൾ ബാലനായും ചിലപ്പോൾ യുവാവായും ചിലപ്പോൾ ദൃശ്യനായും ചിലപ്പോൾ അദൃശ്യനായും ചിലപ്പോൾ തേജസ്വിയായും ചിലപ്പോൾ തേജോഹീനനായും തപസ്സുകൊണ്ടുപോലും അസാദ്ധ്യങ്ങളായ അനവധി സിദ്ധികളേയും ഇഷ്ടപൂൎത്തികളേയും അപേക്ഷിച്ചവൎക്കെല്ലാം നൽകിയുംകൊണ്ടു സർവസിദ്ധിപ്രദനും സർവസൽഗുണസമ്പന്നനും ശാന്തനും കാരുണ്യസംപൂൎണ്ണനും സർവജനാനന്ദ കന്ദളനും ആയി അവിടെ വസിച്ചു.

സിദ്ധരൂപിയും ഹാലാസ്യനാഥനുമായ പരമശിവന്റെ മേൽപ്രകാരമുള്ള വിചിത്രകൎമ്മങ്ങൾ എല്ലാം കാഴ്ചക്കാൎക്കു ഇതിൽപ്പരമില്ലാത്ത അതിശയമായി തോന്നിയെങ്കിലും സൃഷ്ടിസ്ഥിതി സംഹാരകൎത്താവും അഘടനാഘടനാപടീയസിയായ തന്റെ മായാശക്തിയെക്കൊണ്ടും അസീമമായ പ്രാഭവത്തെക്കൊണ്ടും എന്തുംചെയ്യുന്നതിനു കഴിയുന്നവനുമായ അദ്ദേഹത്തിന്റെ സ്ഥിതിക്കു ഇതെന്നല്ല ഇതിൽപ്പരമായിട്ടുള്ളതുതന്നെ ആയിരുന്നാലും അത്ര അതിശയകരമായി വിചാരിക്കാനില്ലെന്നുള്ളതു് പരസ്യമായ രഹസ്യമാണു്.

സിദ്ധന്റെ അത്യത്ഭുതകരങ്ങളായ ഈ വൈഭവങ്ങളെപ്പററി പാണ്ഡ്യരാജാവായ അഭിഷേകപാണ്ഡ്യൻ കേട്ടു്, അത്യന്തം ആനന്ദതുന്ദിലനും വിസ്മിതനും ആയിട്ടു്, സിദ്ധനെ കൂട്ടിച്ചുകൊണ്ടുവരുന്നതിനായി ചില ചെറുപ്പക്കാരായ കിങ്കരന്മാരെ നിയോഗിച്ചയച്ചു.

രാജാജ്ഞപ്രകാരം സിദ്ധനെ വിളിക്കാനായിപ്പോയ കിങ്കരന്മാർ അവിടെ ചെന്നതിൽ അദ്ദേഹം കാണിക്കുന്ന ഓരോ അത്ഭുതകൎമ്മങ്ങളെക്കണ്ടു് രാജകല്പന മറന്നെന്നുമാത്രമല്ല അനന്യകാൎയ്യവിചിന്തിതന്മാരായി അദ്ദേഹത്തിന്റെ പുറകെ നടക്കുകയുംചെയ്തു. രാജകിങ്കരന്മാരെന്നല്ലാ അത്ഭുതസ്വരൂപിയായ സിദ്ധന്റെ വിചിത്രകൎമ്മങ്ങളെ കണ്ടവരിൽ ആൎക്കുംതന്നെ അദ്ദേഹത്തെ വിട്ടുപിരിഞ്ഞുപോകുന്നതിനു അല്പംപോലും ശക്തിയില്ലാതെ ആയിപ്പോയി.

അല്ലയോ വസിഷ്ഠാദിമഹൎഷിമാരേ! അത്ഭുതകൎമ്മകുശലനായ ഹാലാസ്യനാഥൻ സിദ്ധസ്വരൂപം എടുത്തു എന്നും കണക്കില്ലാത്ത അതിശയങ്ങളെ പ്രദർശിപ്പിച്ചതായ ഈ ഇരുപതാമത്തെ ലീലയെ കേൾക്കുന്നവരുടേയും പഠിക്കുന്നവരുടേയും സർവപാപങ്ങളും തീരുകയും അവൎക്കു അതിരില്ലാത്ത ഐഹികസൌഖ്യാനുഭൂതിയും അവസാനത്തിൽ മോക്ഷലാഭവും ഉണ്ടാകും.

ഹാലാസ്യനാഥൻ സിദ്ധവേഷം എടുത്ത
ഇരുപതാം ലീല സമാപ്തം.

# ഹാലാസ്യമാഹാത്മ്യം

## കേരളഭാഷാഗദ്യം

### ൨൧-ാം അദ്ധ്യായം

### കല്ലാനയെക്കൊണ്ടു കരിമ്പുതീററിച്ച

### ഇരുപത്തൊന്നാമത്തെ ലീല.

വീണ്ടും വസിഷ്ഠാദിമഹർഷിമാർ കുംഭസംഭവനെ നോക്കി അല്ലയോ ശിവപാദഭക്താഗ്രഗണ്യനും സർവ്വാഗമവേദിയുമായ മുനികുലോത്തംസമേ! സർവ്വജ്ഞ! ഹാലാസ്യനാഥനായ സുന്ദരേശ്വരമൂർത്തിയുടെ ലീലാവിലാസങ്ങളെ സംബന്ധിച്ച് തിരുവടിയുടെ വദനപത്മത്തിൽനിന്നും പൊഴിയുന്ന വചനമകരന്ദപാനംകൊണ്ട് ഞങ്ങൾ അവസാനമില്ലാത്തതായ തൃപ്തിക്കും കൃതാർത്ഥതക്കും പാത്രീഭൂതന്മാരായി. ഞങ്ങൾക്കു വീണ്ടും വീണ്ടും അത്ഭുതമനോഹരങ്ങളും പരിപാവനങ്ങളുമായ ഉമാസഹായന്റെ ലീലകളെ കേൾക്കുവാനുള്ള ഉൽക്കണ്ഠവർദ്ധിച്ചുതന്നെ വരുന്നു. ഭഗവാൻ അതുകൊണ്ടു സിദ്ധരൂപധാരിയായ ഹാലാസ്യനാഥൻ അതിൽപിന്നെ ചെയ്തതെന്തെന്നും പാണ്ഡ്യരാജപുംഗവനായ അഭിഷേകപാണ്ഡ്യൻ ചെയ്തതെന്തെന്നുംകൂടി അരുളിച്ചെയ്യണം.

അഗസ്ത്യൻ അതുകേട്ടു ഇതിൽപ്പരമില്ലാത്ത സന്തോഷത്തോടും താല്പര്യത്തോടുംകൂടെ കഥാശ്രവണോൽക്കന്മാരായ മഹർഷിമാരെ അഭിമുഖമാക്കിക്കൊണ്ട് വീണ്ടും താഴെവരുമാറുകഥയാരംഭിച്ചു.

അല്ലയോ മുനിസത്തമന്മാരേ! സിദ്ധസ്വരൂപിയായ ഹാലാസ്യനാഥൻ കല്ലാനയെക്കൊണ്ടു കരിമ്പുതീററിച്ചതായ ലീലയെ ഇനി ഞാൻ നിങ്ങളെ കേൾപ്പിക്കാം. ഈ ലീല ഏററവും ആശ്ചര്യകരമായതും പരിപാവനവും ആണ്. പാണ്ഡ്യഭൂപവംശാലംകാരനായ അഭിഷേകപാണ്ഡ്യൻ സിദ്ധനെ വിളിച്ചുകൊണ്ടുവരുവാനായി അയച്ച കിങ്കരന്മാരിൽ ഒരുത്തരേയും വളരെനേരം കാത്തിരുന്നിട്ടും കാണാഴികയാൽ സർവ്വകർമ്മകുശലന്മാരും അതിസമർത്ഥന്മാരുമായ ചില മന്ത്രികളെ വിളിപ്പിച്ച് അവരോടു സിദ്ധനെ കൂട്ടിച്ചുകൊണ്ടുവരുവാനായി കല്പിച്ചയച്ചു.

കൽപ്പനയുണ്ടായമാത്രയിൽത്തന്നെ മന്ത്രിമാർ സിദ്ധന്റെ സമീപത്തിൽപോയി അദ്ദേഹത്തിനെ വന്ദിച്ചുകൊണ്ടു അല്ലയോ സ്വാമിൻ! സിദ്ധാഗ്രഗണ്യ! തിരുവടിയെ ഞങ്ങൾ രാജകല്പനപ്രകാരം രാജമന്ദിരത്തിലേക്കു കൂട്ടിച്ചുകൊണ്ടുപോകുവാനായി വന്നിരിക്കുകയാണ്. തിരുവടി ക

യാപൂർവം കൊട്ടാരത്തിലോളവും എഴുന്നള്ളിവന്നു് രാജമന്ദിരം അങ്ങയുടെ പരിപാവനങ്ങളായ പാദപത്മപാംസുകളെക്കൊണ്ടു പരിശുദ്ധിപ്പെടുത്തുകയും അവിടത്തെ ദയവിനേയും ദൎശനത്തേയും മഴത്തുള്ളികളെയും ചാതകങ്ങൾ എന്നപോലെ കാത്തുകൊണ്ടിരിക്കുന്ന അഭിഷേകപാണ്ഡ്യനെ അവിടുന്നു കൃതാൎത്ഥനാക്കി അനുഗ്രഹിക്കണം.

സിദ്ധൻ മന്ദഹാസപൂർവം മന്ത്രിമാരോടു ഇങ്ങനെ മറുപടി പറഞ്ഞു.

അല്ലയോ മന്ത്രിപ്രധാനികളെ! അഭിഷേകപാണ്ഡ്യൻ മറാ ഭൂലോകചക്രവൎത്തിയുമായ രാജകുലശേഖരൻ. ഞാൻ തപസ്വിയായ ഒരു സിദ്ധൻ. ഞങ്ങൾക്കുതമ്മിൽ യാതൊരു കാൎയ്യവും ഇല്ലാ. പിന്നെന്തിനു ഞങ്ങൾ അന്യോന്യം കാണുന്നു. അതുകൊണ്ടു നിങ്ങൾപോയി എന്നെ വിളിച്ചിട്ടു് വരുന്നില്ലെന്നു പറഞ്ഞതായി പറയണം എന്നുപറഞ്ഞയച്ചു.

മന്ത്രിമാർ അതിവേഗത്തിൽ പോയി വിവരം രാജാവിനെ അറിയിച്ചു. രാജാവു അതുകേട്ടു് വളരെ ഗൎവ്വത്തോടുകൂടെ സിദ്ധന്റെ അഭിപ്രായം അങ്ങനെയാണെങ്കിൽ നമ്മുടെ അഭിപ്രായവും അങ്ങനെതന്നെ. സിദ്ധൻ എന്നെക്കാണേണ്ട ആവശ്യമില്ലെങ്കിൽ എനിക്കു സിദ്ധനെക്കാണേണ്ടആവശ്യവും ഇല്ലെന്നു വളരെ ആത്മാഭിമാനത്തോടുകൂടെ വിചാരിച്ചുകൊണ്ടു് ആ കഥയും വിസ്മരിച്ചു പഴയപോലെ രാജ്യകാൎയ്യങ്ങളിൽ പ്രവേശിച്ചു. അടുത്തദിവസം മകരസംക്രമം ആകയാൽ രാജാവു രാവിലെ എഴുന്നേറ്റുപോയി ഹേമപത്മിനിയിൽ ഇറങ്ങി സ്നാനകൎമ്മവും അനുഷ്ഠിച്ചുംവെച്ചു സുന്ദരേശ്വരനെ ദർശിച്ചു വന്ദിക്കാനായി ക്ഷേത്രത്തിനുള്ളിൽ പ്രവേശിച്ചപ്പോൾ സിദ്ധൻ സുന്ദരേശ്വരലിംഗത്തിനു അലങ്കാരമായ ദേവവിമാനം ചുമക്കുന്ന വായുകോണിങ്കൽ ഉള്ള കല്ലാനയുടെ സമീപത്തിൽ അതിനെയും നോക്കിക്കൊണ്ടു വസിക്കുന്നതിനെ മഹാകായന്മാരും ബലശാലികളും മഹോദ്ധതന്മാരും രാജാവിന്റെ മുമ്പിൽ അട്ടഹാസത്തിനു അകമ്പടിക്കാരായിനടക്കുന്നവരുമായ കഞ്ചുകികൾ കണ്ടു അവരുടെ കയ്യിൽ ഇരുന്നിരുന്ന വേത്രദണ്ഡങ്ങളെ ചൂണ്ടിയുംകൊണ്ടു് ഹേ! ഹേ! സിദ്ധ! മാറിനിൽക്കണം! മഹാരാജാവു തിരുമനസ്സുകൊണ്ടു സ്വാമിദർശനത്തിനായി വരുന്നു എന്നു പലതവണയും വളരെ വളരെ ഉച്ചത്തിൽ ശാസിച്ചുപറഞ്ഞതിലും അല്പംപോലും ഇളകാതെ സിദ്ധൻ അവിടെത്തന്നെ ഇരുന്നു. വീണ്ടും അവർ അത്യന്തം കോപത്തോടും, ഗർവത്തോടുംകൂടെ, എടാ, സിദ്ധാ! ദുർബ്ബുദ്ധേ! അതിവേഗത്തിൽ എഴുന്നേറ്റുപോയാലും! മഹാരാജാവു തിരുമനസ്സുകൊണ്ടു പ്രദക്ഷിണംവെച്ചുതൊഴാൻ എഴുന്നള്ളിവരുന്നതിനെ നീ കണ്ടില്ലേ? എന്നിങ്ങനെ അവർ അട്ടഹസിച്ചുംകൊണ്ടു പറഞ്ഞു. സിദ്ധൻ അതുകേട്ടു ഇരുന്നിടത്തുതന്നെ പിന്നെയും ഒന്നുകൂടെ ഉറച്ചിരുന്നു. ഇതിനിടയിൽ രാജാവു സിദ്ധന്റെ സമീപത്തിലും എത്തി. അനന്തരം അദ്ദേഹം ചിത്രത്തിൽ എഴുതിയവനെപ്പോലെ ഒട്ടും അനങ്ങാതെ അവിടത്തന്നെ കുത്തിയിരിക്കുന്ന സിദ്ധ

വേഷധരനായ ഹരനെ വിസ്മയത്തോടുകൂടെ നോക്കിയുംകൊണ്ടു ഇങ്ങനെ ചോദിച്ചു:—

ഭവാൻ ആരു്? ഇവിടെ എന്തിനുവേണ്ടി കുത്തിയിരിക്കുന്നു? എവിടെനിന്നും ആണു് ഇവിടെവന്നതു്? അങ്ങയുടെ പേരെന്തു്? അവിടത്തേക്കു എന്തെല്ലാം വിദ്യകൾ വശമുണ്ടു്? അങ്ങയുടെ ശക്തി എന്തെല്ലാം? ഇവയെ എന്നോടു വിശദമായിപ്പറയുന്നതിനു തിരുവടിക്കു ദയവുണ്ടാകണം.

സിദ്ധൻ അതിനു് മറുപടിയായി ഇങ്ങനെ പറഞ്ഞു:—

അല്ലയോ പാണ്ഡ്യകുലോത്തംസ! ഞാൻ എന്റെ മുഴുവൻ വിവരവും പറയാം അങ്ങു കേട്ടുകൊള്ളുക. ഞാൻ ഒരു സിദ്ധനാണു്. സ്വച്ഛന്ദസഞ്ചാരിയും ഭിക്ഷാശിയുമായ എനിക്കു മാനാപമാനങ്ങളോ നാഥനോ യാതൊന്നും ഇല്ലാ. എന്നെ എല്ലാവരും അജ്ഞാതസിദ്ധൻ എന്നാണു വിളിക്കുന്നതു്. എന്റെ ദേശം കാശ്മീരവും പുരി കാശിയും ആണു്. എല്ലാ ശിവക്ഷേത്രങ്ങളിലും പോയി ഈശ്വരദർശനം ചെയ്യണമെന്നുള്ള വിചാരത്തോടുകൂടെ സ്വദേശത്തിൽനിന്നും പുറപ്പെട്ടു് പലദിവസങ്ങളായി മെല്ലെ മെല്ലെ നടന്നു് ഓരോ ക്ഷേത്രങ്ങളിലും പോയി സ്വാമിദർശനംചെയ്തുകൊണ്ടുവരുന്നകൂട്ടത്തിൽ അനാദിഭൂതവും അഖിലജഗൽക്കാരണവും അവ്യയവും ശ്രീമദ്ധാലാസ്യനാഥാഖ്യവും ആയ മൂലലിംഗത്തെ ദർശിക്കുന്നതിനുവേണ്ടിയും, മധുരാപുരവാസികളായ എല്ലാ ജനങ്ങൾക്കും എന്റെ വിവിധങ്ങളും അത്ഭുതകരങ്ങളും ആയ പ്രഭാവങ്ങളെ കാണിച്ചുകൊടുക്കുന്നതിനും അവരുടെ എല്ലാ അഭീഷ്ടങ്ങളേയും ഒന്നുപോലെ സാധിച്ചുകൊടുക്കുന്നതിനും ആയി ഇവിടെയും വന്നതാണു്.

എനിക്കു അറിയാൻപാടില്ലാത്തതായി യാതൊരുവിദ്യയും ഇല്ല. എല്ലാ ശക്തികളും എനിക്കു വശമുണ്ടു്. എന്റെ ഈ വിവരങ്ങൾ എല്ലാം അവിടുന്നു് എന്തിനായിട്ടാണു് ചോദിക്കുന്നതു്. അനന്തരം ആ സിദ്ധൻ ഇങ്ങനെപറഞ്ഞിട്ടു പുഞ്ചിരിയോടുകൂടെ വീണ്ടും അവിടെത്തന്നെ സധൈര്യം ഇരുന്നു.

രാജാവു സിദ്ധന്റെ മേൽപ്രകാരമുള്ള അപേക്ഷയില്ലായ്മയേയും ദർപ്പത്തെയും ധൈര്യത്തേയും മററുംകണ്ടു് ഇതില്പരമില്ലാതെ അതിശയിക്കുകയും ക്രുദ്ധിക്കുകയും ചെയ്തിട്ടു് അനന്തരകരണീയം എന്തെന്നുള്ള ആലോചനയോടുകൂടെ ഒന്നു മിണ്ടാതെ നില്ക്കുന്ന അവസരത്തിൽ മഹാരാജാവിനെ കാണുന്നതിനായി വന്ന ഒരു കൃഷീവലൻ, വളരെ വണ്ണിച്ചതും അത്യന്തം നീളംകൂടിയതും സുകോമളവും വിശാലങ്ങളായ പർവതങ്ങളോടുകൂടിയതും നയനാനന്ദകന്ദളവും ആയ ഒരു കരിമ്പുകൊണ്ടുവന്നു് അദ്ദേഹത്തിനു തിരുമുൽക്കാഴ്ചയായിവച്ചു. അപൂർവതരത്തിൽ ഉള്ള ആ ഇക്ഷുഖണ്ഡത്തെ മഹാരാജാവു തൃക്കൈകൊണ്ടുതന്നെ തിരിച്ചും മറിച്ചും നോക്കി അടുക്കൽ ശിലാവിഗ്രഹംപോലെ ഇരിക്കുന്ന സിദ്ധനോടു, അല്ലയോ അജ്ഞാതസിദ്ധ! അ

വിടുന്നു യഥാൎത്ഥസിദ്ധനും ദിവ്യശക്തികൾ എല്ലാം തികഞ്ഞവനും ആണെങ്കിൽ എന്റെ കയ്യിൽ ഇരിക്കുന്ന ഈ കരുമ്പ് ഈ കല്ലാനയെക്കൊണ്ടു തീററിക്കണം. അങ്ങനെ ചെയ്താൽ ഞാൻ നിന്തിരുവടിയെ എന്റെ സ്വാമിയായി അംഗീകരിച്ചുകൊള്ളുകയും അവിടത്തെ എല്ലാ അഭീഷ്ടങ്ങളേയും ഒന്നുപോലെ സാധിച്ചുതരികയും ചെയ്തുകൊള്ളാമെന്നുപറഞ്ഞു.

അതുകേട്ട് മന്ദസ്മിതാഞ്ചിത വക്ത്രനായ സിദ്ധൻ രാജാവിനെ നോക്കി ഇപ്രകാരം മറുപടിപറഞ്ഞു:—

അല്ലയോ നൃപശ്രേഷ്ഠ! ശശികുലാവതംസമേ! അങ്ങ് എന്റെ എല്ലാ അഭീഷ്ടങ്ങളേയും സാധിച്ചുതരണമെന്നുപറഞ്ഞതിന് അല്പംപോലും അൎത്ഥമില്ല. എന്തുകൊണ്ടെന്നാൽ, ഏതെങ്കിലും ഒരു വിദ്യകൈവശമുള്ളവനെപ്പോലും ജനങ്ങൾ ഇതിൽപ്പരമില്ലാതെ പൂജിക്കുന്നു. അപ്പോൾ എല്ലാ വിദ്യകളും ഒന്നുപോലെ സാധിച്ചുകൊടുക്കുന്നതിനു ശക്തിയുള്ള എന്നെ പൂജിക്കാത്തവരായി ത്രിലോകത്തിലും ആരും തന്നെ ഉണ്ടാവുകയില്ലെന്നു മാത്രമല്ല എനിക്കു വേണ്ടുന്നതായി യാതൊന്നും കാണുകയും ഇല്ല. അങ്ങു ഇനിമേൽ ഇങ്ങനെ നിരൎത്ഥകങ്ങളായ വാക്കുകൾ ഞങ്ങളെപ്പോലെ ഉള്ളവരോടു പറയരുത്. നിങ്ങൾ വലിയകാൎയ്യമായിക്കരുതുന്ന കനകരത്നാദികളും പുല്ലും ഞങ്ങൾക്കു തുല്യമാണ്. ഇനിക്കു അവിടുന്നുയാതൊരു അഭീഷ്ടവും സാധിച്ചുതരേണ്ടെങ്കിലും എന്റെ ശക്തി അവിടത്തേക്കുകാണിച്ചുതരാം.

സിദ്ധൻ ഇപ്രകാരം പറഞ്ഞുംകൊണ്ടു കല്ലാനയേ നോക്കി എടോ ഗജേന്ദ്ര! നീ ഈ രാജാവിന്റെ കയ്യിൽ ഇരിക്കുന്ന കരിമ്പു വാങ്ങി തിന്നുക എന്നിങ്ങനെ അതിഗംഭീരസ്വരത്തിൽ ആജ്ഞാപിച്ചു.

ഉടൻതന്നെ ആ കല്ലാന കല്പാന്തമേഘങ്ങളെപ്പോലെ ഗൎജ്ജിച്ചുംകൊണ്ട് തുമ്പിക്കയ്യ് നീട്ടി രാജാവിന്റെ കയ്യിൽ ഇരുന്ന ഇക്ഷുഖണ്ഡം വാങ്ങി ഭക്ഷിച്ചു. അനന്തരം രാജാവിന്റെ ഗളത്തിൽ അണിഞ്ഞിരുന്നതും വിലമതിക്കാൻ സാധിക്കാത്തതും ആയ മുത്തുമാലയെ താമരവളയം ആണെന്നുള്ള വിചാരത്തോടുകൂടെ കല്ലാനതുമ്പിക്കൈകൊണ്ടെടുത്തു ഭക്ഷിക്കാനായി ഭാവിച്ചപ്പോൾ രാജകിങ്കരന്മാർ അതു പിടിച്ചുപറിക്കാനായി ഭാവിച്ചു. ഉടൻതന്നെ സിദ്ധൻ വീണ്ടും അമൎഷപൂൎവം അതും ഭക്ഷിച്ചു കൊള്ളുകയെന്നാജ്ഞാപിച്ചു. ഒട്ടും താമസിക്കാതെ ഗജേന്ദ്രൻ അതിനെയും കുക്ഷിയിലാക്കി.

അതുകണ്ട് അത്യന്തം ക്രുദ്ധനും വിഷാദിയും ആയ രാജപുംഗവൻ രൂക്ഷതയോടുകൂടെ സിദ്ധനെ ഒന്നുനോക്കി. കിങ്കരന്മാർ അതുകണ്ട് സിദ്ധനെ പ്രഹരിക്കാനായി ഓടിയടുത്തു. രാജകിങ്കരന്മാർ പ്രഹരിക്കാൻ കൃതസന്നദ്ധന്മാരായി ഓടി അടുത്ത ക്ഷണത്തിൽ തന്നെ അത്യന്തം ഭയന്നവനെപ്പോലെ സിദ്ധൻ ഇരുന്നിടത്തു നിന്നും ഓടി എഴുന്നേററു അഭയം ഇരിക്കുന്ന മട്ടിൽ

റിന്നുകൊണ്ട് എല്ലാ കിങ്കരന്മാരേയും സ്വശക്തികൊണ്ട് സംഭിപ്പിച്ചിട്ട് അടിക്കാൻ വരുവിൻ! എന്തിന താമസിക്കുന്നു എന്നിങ്ങനെ പരിഹാസപൂർവം വിളിച്ചുംകൊണ്ട് അവിടെത്തന്നെ വസിച്ചു.

കിങ്കരന്മാർ ദാരുഭൂതന്മാരായിത്തീർന്നതിനേയും കല്ലാനകരിമ്പു ഭക്ഷിച്ചതിനെയും മറ്റും കണ്ട് വിസ്മിതമാനസനും ശാന്തകോപനും ആയിത്തീൎന്ന പാണ്ഡ്യരാജരത്നം മന്ത്രിമാരോടുകൂടെ സിദ്ധപാദത്തിൽ വീണ സാഷ്ടാംഗനമസ്കാരംചെയ്തുംകൊണ്ട് എന്റെ സമസ്താപരാധങ്ങളേയും ക്ഷമിക്കേണമേ! ക്ഷമിക്കേണമേ എന്നിങ്ങനെ പിന്നെയും പിന്നെയും അപേക്ഷിയ്ക്കുകയും നിലത്തു നിന്നും എഴുന്നേററു് കൈരണ്ടും കൂപ്പിതലയിൽവച്ചുംകൊണ്ടു ഭക്തിമൂലം പുളകാഞ്ചിതവിഗ്രഹനായ അദ്ദേഹം ആശ്രിതനായ അടിയനെ രക്ഷിക്കണമേ രക്ഷിക്കേണമെ എന്നിങ്ങനെ വീണ്ടും വീണ്ടും പ്രാൎത്ഥിക്കുകയും വീണ്ടും വീണുനമസ്കരിക്കുകയും ഇടയ്ക്കിടയ്ക്കു ഭക്തിപരവശനായ അദ്ദേഹം ഭിത്തിയില്ലാതെ എഴുതപ്പെട്ടചിത്രംപോലെ സിദ്ധന്റെ മുമ്പിൽ നില്ക്കുകയും മററും ചെയ്തു. രാജാവിന്റെ ഭക്തിപാരവശ്യം കണ്ട് ഇതില്പരമില്ലാതെ സന്തുഷ്ടനായിത്തീൎന്ന സിദ്ധൻ അനുകമ്പാപൂൎവം അദ്ദേഹത്തെ തലോടിയുംകൊണ്ട് അല്ലയോ രാജാധിരാജാവായ അഭിഷേകപാണ്ഡ്യ! ഞാൻ നിന്റെ ഭക്തികൊണ്ട് അത്യന്തം സന്തോഷിച്ചു. ഇനി നിനക്കു വേണ്ടവരം ചോദിച്ചുകൊള്ളുക. എന്തുവേണമെങ്കിലും തരാം.

രാജാവതുകേട്ട് അല്ലയോ മായാമയനും സർവജ്ഞനും കൃപാനിധിയും ആശ്രിതവത്സലനും ആയ സിദ്ധാ! എനിക്ക് അവിടത്തെ അനുഗ്രഹംമൂലം സൽഗ്ഗുണാലയനായ ഒരുപുത്രൻ ഉണ്ടാകണം. അല്ലാതെ മറെറാരു അനുഗ്രഹവും ഇല്ല എന്നുപറഞ്ഞു.

സിദ്ധൻ ഉടൻതന്നെ രാജാവിനെനോക്കി, അല്ലയോ ഭൂപരത്നമേ! അങ്ങേക്കു പുത്രഭാഗ്യം കാലതാമസമെന്യേ ഉണ്ടാകുന്നതു കൂടാതെ മഹദൈശ്വൎയ്യവും ആയുർവൃദ്ധിയും യശസ്പൂൎത്തിയും സംപ്രാപ്യമാവുകയും അവസാനത്തിൽ സായൂജ്യം കിട്ടുകയും ചെയ്യും. ഇങ്ങനെ അനുഗ്രഹിച്ചിട്ട് ഗജത്തിന്റെ വായിൽനിന്നും മുത്തുമാലയെടുത്തു രാജാവിന്റെ കയ്യിൽ കൊടുത്തു് അദ്ദേഹത്തിന്റെ ദേഹമാസകലം തലോടിയുംകൊണ്ടു പലതവണയുംആശിസ്സുകൾ നല്കുകയും സന്തോഷപൂൎവം പലതും സംസാരിക്കുകയും ചെയ്തുംവച്ചു് മിന്നൽക്കൊടിപോലെ തന്റെ മൂലലിംഗത്തിൽ അന്തർദ്ധാനം ചെയ്തു. രാജാവും മററുള്ളവരും അതുകണ്ടു ഇതില്പരമില്ലാതെ അതിശയിക്കുകയും സിദ്ധരൂപനായിവന്നതു ഹാലാസ്യനാഥനായ സുന്ദരേശ്വരൻ തന്നെയെന്നു നിശ്ചയിക്കുകയും ചെയ്തു.

അനന്തരം പാണ്ഡ്യരാജാവു്, സുന്ദരേശ്വരലിംഗത്തിന് അഭിമുഖമായിചെന്നുനിന്നുകൊണ്ട് നിഷ്കളങ്കമായ ഭക്തിയോടും വിശ്വാസത്തോടുംകൂടെ സകലാദ്ധ്യക്ഷനും ചരാചരഗുരുവും സർവജ്ഞനും ലീലാവിലാസിയുമാ

യ അദ്ദേഹത്തിന്റെ പാദപത്മങ്ങളിൽ തന്റെ മാനസഭൃംഗങ്ങളുടെ വിശ്രമസ്ഥാനമായി സങ്കല്പിച്ചും താൻ അറിയാതെ ചെയ്തിട്ടുള്ള എല്ലാ അപരാധങ്ങളേയും ക്ഷമിച്ചുകൊള്ളേണമെന്നുംമററും അപേക്ഷിച്ചും കൊണ്ട് ഇപ്രകാരം സ്തുതിച്ചു.

പരിപൂൎണ്ണപരാനന്ദപരചിത്സത്യവിഗ്രഹ!
സുന്ദരേശപരസർവ്വജ്ഞ! ത്രാഹിമാമപരാധിനം. ൧
ഫാലാക്ഷിജാതജ്വലനപരിലീഢമനോഭവ
ജീവന്മുക്തിപുരീനാഥ! ത്രാഹിമാമപരാധിനം ൨
പാരിജാതഗുണാതീത പാദപങ്കജവൈഭവ
കദംബകാനനാദ്ധ്യക്ഷ ത്രാഹിമാമപരാധിനം ൩
ഭക്തപ്രാൎത്ഥിതസർവ്വാൎത്ഥ കാമധേനോ പുരാന്തക
കരുണാവരുണാവാസ ത്രാഹിമാമപരാധിനം ൪
കൈവല്യദാനനിരത കാളകൂടഭയാപഹ
കന്യാകാനഗരീനാഥ ത്രാഹിമാമപരാധിനം. ൫
കമലാപതിവാഗീശ ശചീശപ്രമുഖാമരൈഃ
പരിപൂജിതപാദാബ്ജ ത്രാഹിമാമപരാധിനം. ൬
പഞ്ചാസ്യപന്നഗാംകാംഗ പരാനന്ദപ്രദായക
പർവ്വതാധീശജാമാതാ ത്രാഹിമാമപരാധിനം. ൭
പരാല്പരപദാംഭോജ പരിധ്യാനരതാത്മനാം
കാംക്ഷിതാൎത്ഥപ്രദസ്മാഹി ത്രാഹിമാമപരാധിനം.

അനന്തരം, ഈ അപരാധാഷ്ടകത്തെ ഏതൊരുത്തൻ അങ്ങയുടെ സന്നിധിയിൽനിന്നുംകൊണ്ടു ജപിക്കുന്നുവോ അവന്റേയും അനുദിവസവും ഈ അഷ്ടകത്തെ യാതൊരുത്തൻ പാരായണം ചെയ്യുന്നുവോ അവന്റേയും സർവ്വാപരാധങ്ങളെയും നിന്തിരുവടി കരുണാപൂർവം ക്ഷമിച്ച് എല്ലാ അഭീഷ്ടങ്ങളെയും സാധിച്ചുകൊടുക്കണം എന്നും പ്രാൎത്ഥിച്ചു.

ഇങ്ങനെ പ്രാൎത്ഥിക്കുകയും വീണ്ടും സ്തുതിക്കുകയും ചെയ്തുംവച്ച് ലിംഗസന്നിധിയിൽ അനവധിപ്രാവശ്യം സാഷ്ടാംഗപ്രണാമംചെയ്തു. വീണ്ടും താഴെ പറയുമാറ് സ്തുതിച്ചു.

"ഹാലാസ്യനാഥശംഭോ
ചൊറ്റൂതൎക്കതാപരാധവൃഷതാം
അഹമപിതവപാദാംബുജം
ശരണതയംപാഹിമാംമഹേശാന
കാദംബകാനനകാന്താരകല്പിതേന്ദ്രവിമാനക!
ശംഭോക്ഷമസ്വാപരാധാൻകൃതാനജ്ഞാനതഃപ്രഭോ!

ഇങ്ങനെ പലപ്രാവശ്യവും സ്തുതിക്കുകയും പ്രണമിക്കുകയും ചെയ്തുംവച്ച് അപാരകരുണാ നിധിയായ ഹാലാസ്യനാഥസ്വരൂപത്തോടുകൂടെ രാജമ

ന്ദിരത്തിൽ പോയി സസുഖം വസിച്ചു. സിദ്ധരൂപിയായ സുന്ദരേശ്വരന്റെ അനുഗ്രഹപ്രകാരം മഹാതേജസ്വിയും സൽഗുണാലയനും കാമകോമളനും നിശ്ശേഷതര രാജലക്ഷണസമ്പന്നനും ആയ ഒരു പുത്രൻ ഉണ്ടായി. കുമാരന് വിക്രമപാണ്ഡ്യൻ എന്നു നാമകരണംചെയ്തു യഥായോഗ്യം വളത്തി സകലകലാവിദ്യകളേയും അഭ്യസിപ്പിച്ചു സർവ്വജ്ഞനാക്കി അവങ്കൽ ഭൂഭാരത്തെയും സമപ്പിച്ചു. അഭിഷേകപാണ്ഡ്യൻ സ്വസ്ഥനായിരുന്നു ഹാലാസ്യനാഥന്റെ കൃപാകടാക്ഷവീക്ഷണങ്ങളെക്കൊണ്ടു ലബ്ധങ്ങളായ അനേകപ്രകാരത്തിൽ ഉള്ള ഐഹികസുഖഭോഗങ്ങളേയും അനുഭവിച്ചുകൊണ്ടു വളരെക്കാലം ഇഹലോകവാസം ചെയ്യുകയും അവസാനത്തിൽ ശിവസായൂജ്യത്തെ പ്രാപിക്കുകയും ചെയ്തു.

മഹേശ്വരനായ സുന്ദരേശ്വരന്റെ കൃപാപൂരംകൊണ്ടു സംലബ്ധമായ പിതുരധികമായ അപാരശ്രീയോടുംവിദ്യാവിനയസൌഭാഗ്യാദികളോടുംകൂടിയ വിക്രമപാണ്ഡ്യൻ സമുദ്രമേഖലയായതിന്റെ സാമ്രാജ്യത്തെ സർവലോകാഭിനന്ദിതമാകുംവണ്ണം പരിപാലിച്ചുകൊണ്ടു അമരാവതിയിൽ ദേവേന്ദ്രൻ എന്നപോലെ മധുരാപുരത്തിൽ വസിച്ചു.

അല്ലയോ മഹഷിസത്തമന്മാരേ! ഇപ്രകാരമാണു ഇക്ഷുദണ്ഡത്തെ കല്ലാനയെക്കൊണ്ടു ഭക്ഷിപ്പിച്ച ഉക്ഷവാഹനനായ സുന്ദരേശ്വരന്റെ ഇരുപത്തിഒന്നാമത്തെ ലീല. ഈ പാപനാശനകരവും പരമാനന്ദപ്രദവും അത്ഭുതതരവുമായ ലീലയെ പഠിക്കുന്നവക്കും കേൾക്കുന്നവക്കും പുരുഷാത്ഥങ്ങൾ നാലും അനായാസേന സംപ്രാപ്തമാകും.

൨൧-ാം അദ്ധ്യായം ഇരുപത്തിഒന്നാമത്തെ ലീല സമാപ്തം.

---

## ഹാലാസ്യമാഹാത്മ്യം

### കേരളഭാഷാതജ്ജ്മം.

### ൨൨-ാം അദ്ധ്യായം.

### നഗ്നന്മാർ അയച്ച മത്തഗജത്തെ സംഹരിച്ച ഇരുപത്തിരണ്ടാമത്തെ ലീല.

അല്ലയോ മുനിസത്തമന്മാരേ! നഗ്നന്മാർ ആഭിചാരം ചെയ്തുണ്ടാക്കി അയച്ച മത്തഗജത്തിനെ പാവ്വതീവല്ലഭനും ഭക്തപ്രിയനും പരാപരനും ആയ ഹാലാസ്യനാഥൻ വധിച്ചതായ ഇരുപത്തിരണ്ടാം ലീലയെ ഇനി ഞാൻ പറയാം അത്യന്തം സാരവത്തായ ഈ ലീലാശ്രവണം സർവ്വപാപ

ഘരമാകയാൽ നിങ്ങൾ മനസ്സിരുത്തി കേട്ടുകൊള്ളുവിൻ എന്നിങ്ങനെ അഗസ്ത്യൻ പറഞ്ഞുംകൊണ്ടു് പരമശിവപാദാംബുജസ്മരണയോടുകൂടെ താഴെ വരുമാറു് വീണ്ടും കഥയാരംഭിച്ചു.

ശിവഭക്തിപരായണനും രാജശേഖരനും ഇന്ദ്രപ്രതാപിയും രാജസമനും നീതിമാനും മഹാധീരനും അരിമർദ്ദനനും സ്വനാമസദൃശങ്ങളായ വിക്രമാതിശങ്ങളോടു കൂടിയവനും ആയ വിക്രമപാണ്ഡ്യൻ പ്രശംസാവഹമായ ഭരണനൈപുണ്യത്തോടു കൂടെ മഹീപാലനം തുടങ്ങിയകാലത്തിൽ ഭൂമിയിലെങ്ങും ഇതിൽപരമില്ലാത്ത ഐശ്വര്യാഭിവൃദ്ധിയും സമാധാനവും മുമ്പത്തേതിലും അനേകായിരംമടങ്ങുകൂടിയതുമല്ലാതെ വൎണ്ണാശ്രമികൾ കൎമ്മലോഭം കൂടാതെ തങ്ങൾ തങ്ങളുടെ വൎണ്ണാശ്രമധൎമ്മങ്ങളെ അനുഷ്ഠിക്കുകയും വൈദികധൎമ്മങ്ങൾ എല്ലായിടത്തും എല്ലാവരിലും ഒന്നുപോലെ അഭിവൃദ്ധിയെപ്രാപിക്കുകയും ചെയ്തു. വേദബാഹ്യന്മാരായ ജനങ്ങൾ മധുരാപുരിയിൽ നിന്നും പലായനം ചെയ്തു. വേദജ്ഞാനമില്ലാത്തതിൽ ഒരു ബ്രാഹ്മണനെപ്പോലും ആ പുരത്തിലെങ്ങും കാണ്മാനില്ലാതായി. ഭസ്മപാണ്ഡരവിഗ്രഹന്മാരും രുദ്രാക്ഷമാലാധാരികളും അധികാരഭേദം അനുസരിച്ചു് ശിവപൂജചെയ്യാത്തവരും ആയി വിപ്രക്ഷത്രിയവൈശ്യശൂദ്രരായ നാലു ജാതിക്കാരിലും അക്കാലത്തിൽ ആരും ഇല്ലായിരുന്നു. നിരന്തരം വൈദികകൎമ്മങ്ങളെ എല്ലാവരും അനുഷ്ഠിച്ചു. പുരുഹൂതസമപൌരുഷനും പുണ്യനിലയനനും ആയ വിക്രമപാണ്ഡ്യൻ മഹാപാപശാന്തിക്കുവേണ്ടി പുരുഹൂതനാൽ മുമ്പിൽ പൂജിക്കപ്പെട്ടതും പുരാതനവും സുന്ദരേശ്വരസംജ്ഞിതവും സൎവ്വകാമപ്രദവും ആയ മഹാലിംഗത്തെ പാപശാന്തിക്കും സൎവ്വാഭീഷ്ടസിദ്ധിക്കും വേണ്ടി ഇടവിടാതെ പൂജിച്ചുവന്നു.

മൂലപ്രാസാദത്തിന്റെ വായവ്യദേശത്തിൽ ഒരു ആലയത്തെ ഉണ്ടാക്കി അതിൽ പിതൃവാക്യം അനുസരിച്ചു് അജ്ഞാസിദ്ധനെപ്രതിഷ്ഠിച്ചു് അവിടേയും ഇടവിടാതെ പൂജാദികളായ എല്ലാ അടിയന്തിരങ്ങളും നിൎവ്വിഘ്നം നിൎവ്വഹിച്ചുപോന്നു. സ്വയംകൃതങ്ങളും പ്രജാകൃതങ്ങളുമായ പുണ്യങ്ങളെക്കൊണ്ടും അജ്ഞാസിദ്ധന്റെ കടാക്ഷം കൊണ്ടുണ്ടായ സൎവ്വസിദ്ധിപ്രദാനം കൊണ്ടും ആയുഷ്മാനും ബലവാനും, സമ്പൽസൌഭാഗ്യാരോഗ്യവാനും കീൎത്തിമാനും, കാന്തിമാനും. ധീമാനും വീൎയ്യവാനും ആയിത്തീൎന്ന വിക്രമപാണ്ഡ്യൻ എല്ലായ്പോഴും ഒന്നുപോലെ ശൈവങ്ങളായ ശാസ്ത്രങ്ങളേയും പുരാണങ്ങളേയും വിദ്വാന്മാരുടെ മുഖത്തിൽ നിന്നുംശ്രവിച്ചുകൊണ്ടു് ശിവഭക്ത്യാനന്ദലഹരിയിൽ തന്നെ മനസ്സും ലയിപ്പിച്ചു വസിച്ചു.

ഭക്താനുഗ്രഹകാരിയായ ശ്രീമദാലാസ്യനാഥന്റെ അനുഗ്രഹം ഹേതുവായിട്ടു് പാണ്ഡ്യഭൂപാലരത്നമായ വിക്രമപാണ്ഡ്യനു് ശത്രുക്കളായി യാതൊരു രാജാക്കന്മാരും ഇല്ലായിരുന്നു.

ചോളരാജാവായ കാഞ്ചീപുരാധീശ്വരൻ വിക്രമപാണ്ഡ്യന്റെ അതിശയങ്കരങ്ങളായ വീൎയ്യവൈഭവങ്ങളെക്കേട്ടു് അത്യന്തം അസൂയാലുവായിട്ടു് പാണ്ഡ്യനെ ജയിക്കുന്നതിനു് ഇപ്രകാരം ഒരു ഉപായം ചിന്തിച്ചു.

യുദ്ധം ചെയ്തു പാണ്ഡ്യനെ ജയിക്കാൻ ആരെക്കൊണ്ടും സാധിക്കുന്നതല്ല. അതുകൊണ്ടു മാന്ത്രികപ്രയോഗംകൊണ്ട് അവനെ സംഹരിക്കണം ലോകത്തിൽ ഉള്ള എല്ലാ വാദങ്ങളിൽ വച്ചും മന്ത്രവാദം ആണു ഉത്തമമായ വാദം. അതുകൊണ്ടു സാധിക്കാൻ പാടില്ലാത്തതായി യാതൊന്നും തന്നെ ഇല്ല.

മന്ത്രവാദപരനായിത്തീൎന്ന ചോളഭൂപാലൻ ഇപ്രകാരം വിചാരിച്ചുകൊണ്ട്, സഹ്യം, ഗോവർദ്ധനം, ക്രൌഞ്ചം, ത്രികൂടം, അഞ്ജനം, വിന്ധ്യം, ഹേമകൂടം, കാഞ്ചീകുഞ്ജരം ഈ എട്ടുപൎവ്വതങ്ങളിലുമായി വസിക്കുന്നക്ഷപണന്മാരിൽ പ്രധാനികളായ എണ്ണായിരം ക്ഷപണാചാൎയ്യന്മാരെ എഴുത്തയച്ചുവരുത്തി. രാജാവിൻെറ പത്രികപ്രകാരം ആഗതന്മാരും ചൎമ്മാംബരന്മാരും വികാലകേശന്മാരും പിഞ്ഛരാഭൂഷിതപാണികളും കമണ്ഡലുധരന്മാരുമായ ആ നഗ്നാചാൎയ്യന്മാർ വശ്യാദികളായ മാന്ത്രികകൎമ്മങ്ങളിൽ തങ്ങൾക്കു അപാരമായ പ്രാഗത്ഭ്യം ഉണ്ടെന്നുള്ള പ്രകടനയോടുകൂടെ രാജാവിൻെറ തലയിൽ പിഞ്ഛരികൊണ്ടു തലോടിയിട്ടു ആശിസ്സുനല്കി.

ഉടൻതന്നെരാജാവും ആ നഗ്നാചാൎയ്യന്മാരെ സാഷ്ടാംഗപ്രണാമം ചെയ്തുംകൊണ്ടു ഇപ്രകാരം പറഞ്ഞു:—

അല്ലയോ സൎവ്വകൎമ്മകുശലന്മാരായ നഗ്നാചാൎയ്യന്മാരേ! ഞാൻ നിങ്ങളെ ആളയച്ചു വിളിപ്പിച്ചതു് എൻെറ ശത്രുവായ പാണ്ഡ്യരാജാവിനെ അഭിചാരം ചെയ്തുവധിച്ചു എന്നെ രക്ഷിക്കുന്നതിനായിട്ടാകുന്നു. നിങ്ങൾ അഭിചാരം ചെയ്തുപാണ്ഡ്യഭൂപാലനായ വിക്രമപാണ്ഡ്യനെവധിച്ചാൽ നിങ്ങൾക്കു അൎദ്ധരാജ്യം തരാം. അഭിചാരവിധാനത്തിനു് എന്തെല്ലാം ഒരുക്കുകൾ വേണമെങ്കിലും ഒരുക്കിത്തരാം. സമയം കളയാതെ ആരംഭിച്ചു കൊള്ളുവിൻ!

നഗ്നന്മാർ അതുകേട്ടു് വളരെ സന്തോഷത്തോടുകൂടെ ശിവഭക്തഗണാകീൎണ്ണമായ മധുരാപുരത്തേയും ശിവഭക്താഗ്രഗണ്യശിരോമണിയായ വിക്രമപാണ്ഡ്യനേയും നശിപ്പിക്കുന്നതിനു അഭിചാരം ചെയ്യുന്നതിലേക്കുവേണ്ട ഒരുക്കുകൾ എല്ലാം ഒരുക്കിയുംകൊണ്ടു ഉടനടികൎമ്മഫലത്തെ പ്രദാനം ചെയ്യുന്നതായ ക്ഷീരതരംഗിണിയുടെ തീരത്തിൽപ്പോയി മേഘമണ്ഡലംവരെ പൊക്കമേറിയതും രണ്ടുയോജനനീളവും വീതിയും ഉള്ളതുമായ ഒരു ഹോമശാലയുണ്ടാക്കി അതിനുള്ളിൽ എട്ടുകോണുകളോടും ഒരു യോജനവിസ്താരത്തോടും കൂടിയതായ ഒരു കുണ്ഡം ഉണ്ടാക്കി വിഷവൃക്ഷങ്ങൾ മുറിച്ചു വിറകാക്കി കെട്ടുകെട്ടായി ചുമന്നുകൊണ്ടുവന്നു വിധിപ്രകാരം കുണ്ഡത്തിൽ കൂട്ടി തീ കൊളുത്തി ലവണമിശ്രമായ നിംബതൈലംകൊണ്ടും മരീചമിശ്രമായതിലതൈലം കൊണ്ടും മൃഗപക്ഷികളുടെ രക്തങ്ങൾകൊണ്ടും വസകൾകൊണ്ടും മററും ഹോമിച്ചു.

ദുരാചാരന്മാരും ദുഷ്ടകൎമ്മാസക്തന്മാരുമായ ആ നഗ്നാചാൎയ്യന്മാർ കഠിനനിഷ്ഠയോടുകൂടെ ഇപ്രകാരം ചിലദിവസം ഹോമിച്ചപ്പോൾ ആ ഹോ

മകുണ്ഡമദ്ധ്യത്തിൽ നിന്നും അത്യുന്നതവും അതിഭീഷണവും ആയ സപ്തശ്രു പക്ഷത്തോടുകൂടിയ ഒരു മത്തഗജം സമുദ്രമദ്ധ്യത്തിൽ നിന്നും കാളകൂടം എന്നപോലെ ഉത്ഭവിച്ചു് ആചാര്യന്മാരുടെ അഭിമുഖമായി നിന്നു. ഉടനെ ആചാര്യന്മാർ ആ ഗജപുംഗവനോടു് നിന്നെ അവതരിപ്പിച്ചതു മധുരാപുരത്തേയും വിക്രമപാണ്ഡ്യനേയും നശിപ്പിച്ചു ചോളഭൂപന്റെ സങ്കടം തീൎത്തു കൊടുപ്പാനായിട്ടാണു്. അതു കൊണ്ടു നീ ഇപ്പോൾ തന്നെ ഇവിടെനിന്നും പോയി മധുരാപുരത്തെയും നശിപ്പിച്ചു വിക്രമപാണ്ഡ്യനേയും സംഹരിച്ചിട്ടു് വരണം എന്നു നിയോഗിച്ചു.

ഉല്ക്കടമദത്തോടു കൂടിയ ഗജേന്ദ്രൻ അതുകേട്ടു, മേഘവിസ്ഫൂൎജ്ജിതം പോലെ ഘീല്കാരം ചെയ്തു ലോകത്രയങ്ങളെയിളക്കിയും ശ്രോത്രമുല്പമഹാനിലസംഘട്ടനങ്ങളെക്കൊണ്ടു മേഘമണ്ഡലങ്ങളെ സൎവ്വത്രശിഥിലീഭവിപ്പിച്ചും കൊമ്പുകൾകൊണ്ടു മഹോന്നതപൎവ്വതങ്ങളെ പാടനം ചെയ്തും വാൽപുഛപ്രഹരം കൊണ്ടു വലിയ വലിയ മരങ്ങളെ കൂടിതകൎത്തും പാദവിന്യാസം കൊണ്ടു ഭൂതലത്തെ ചാഞ്ചാടിപ്പിച്ചും അയോമുസലത്തെ ശുണ്ഡദണ്ഡത്തിൽവഹിച്ചും കൊണ്ടു മധുരാപുരം നോക്കി ദക്ഷിണാഭിമുഖമായി പ്രയാണംതുടങ്ങി,

നഗാഭിചാരസംഭൃതവും സ്ഥാവരജംഗമങ്ങൾക്കു ഒന്നുപോലെ ഭയത്തെ ജനിപ്പിക്കുന്നതുമായ ആ മത്തഗജത്തിന്റെ പോക്കുകണ്ടാൽ അഞ്ജനപൎവ്വതം ആനയുടെ സ്വരൂപമെടുത്തു വരികയാണോയെന്നു ആരുംശങ്കിച്ചുപോകും.

തുമ്പിക്കയ്യിൽ ഇരിക്കുന്ന ഇരിമ്പുലക്ക കറക്കി സമീപസ്ഥങ്ങളായ സൎവ്വത്തേയും സംഹരിച്ചുകൊണ്ടു മധുരാപുരിയിൽ എത്തിയമത്തേഭവീരൻ അതിന്റെ ഈശാനകോണിൽവന്നുനിന്നുകൊണ്ടു ആ പട്ടണത്തിൽഉള്ള സൎവ്വത്തേയും ഒന്നോടെ കബളീകരിക്കാനായി ആരംഭിച്ചു. മധുരാപുരവാസികളായശിവഭക്തന്മാർ ഉൽക്കടമദനനായി എത്തിയിരിക്കും പൎവ്വതാകാരനും കാലഭീഷണനുമായ അഭിചാരഗജത്തെക്കണ്ടു അത്യന്തം ഭയവിഹ്വലതയോടുകൂടെ രക്ഷാസ്ഥാനങ്ങൾ തിരക്കി പലായനംചെയ്തു.

അതിധീരനും ശിവപാദാംബുജൈകശരണനും ആയ വിക്രമപാണ്ഡ്യൻ ഇതുകണ്ടു് അത്യന്തം വ്യസനത്തോടും ഭയത്തോടും കൂടെ ഓടി ഹാലാസ്യസന്നിധാനത്തെ പ്രാപിച്ചു് ഭുക്തിമുക്തിപ്രദനും കരുണാവാസനും സ്വനാഥനും ആയ സുന്ദരേശ്വരനെ പലതവണയും സാഷ്ടാംഗനമസ്കാരം ചെയ്തു അഞ്ജലീബദ്ധനായിനിന്നും കൊണ്ടു ഇപ്രകാരം പ്രാൎത്ഥിച്ചു.

അല്ലയോ സുന്ദരേശ്വര! കാഞ്ചീപുരാധിപന്റെ പ്രേരണകൊണ്ടു് നഗ്നന്മാർ അഭിചാരം ചെയ്തുണ്ടാക്കി അയച്ചിരിക്കുന്ന മദോല്ക്കടഗൎവ്വിതനായ മത്തഗജം മധുരാപുരത്തേയും എന്റെ പ്രജകളേയും എന്നേയും കബളീകരിക്കുന്നതിനു മുമ്പായി നിന്തിരുവടി പ്രസാദിക്കണമേ! അവിടത്തെ ആശ്രയമല്ലാതെ ഞങ്ങൾക്കിപ്പോൾ മറെറാരവലംബവും ഇല്ല. അവിടത്തെ അ

നുഗ്രഹവിശേഷംകൊണ്ട് ഞാൻ ശത്രുക്കളെയെല്ലാം അടക്കിയെങ്കിലും ഇപ്പോൾ വന്നിരിക്കുന്ന ഈ അഭിചാരഗജത്തെ അടക്കുന്നതിനു ഞാൻ മതിയാകുന്നതല്ല. സർവ്വശക്തനും മായാമയനും ആയ നിന്തിരുവടിതന്നെ മായസംഭ്രമമായ ഈ ആപത്തിനെ അടക്കി അവിടത്തെ ഭക്തനായ അടിയനേയും അടിയന്റെ പ്രജകളേയും രാജ്യത്തേയും രക്ഷിക്കണം.

ഭക്തിഭയശോകാദികളെക്കൊണ്ട് വിഹ്വലനായ വിക്രമപാണ്ഡ്യൻ ഇപ്രകാരം പ്രാർത്ഥിച്ചുകൊണ്ടു നില്ക്കുന്ന അവസരത്തിൽ, അല്ലയോ രാജാവേ! പൂർവ്വദിക്കിൽ ബഹിർപ്രാകാരത്തിനു സമീപത്തിലായി ഷോഡശസ്തംഭവിരാജിതവും അട്ടാലാഖ്യകവും ആയ ഒരു മണ്ഡപത്തെ അതിവേഗത്തിൽ ശാസ്ത്രോക്തമാകുംവണ്ണം ഉണ്ടാക്കിച്ചാൽ ഉടൻതന്നെ ഞാൻ ഒരു വില്ലാളിയായി അവിടെ വന്നു നിന്നുകൊണ്ട് ആനയെക്കൊന്നു നിങ്ങളുടെ സങ്കടം തീർത്തുതരാം എന്നിങ്ങനെ ദയാനിധിയായ നീപാടവീശ്വരന്റെ കല്പന ആകാശതലത്തിൽ നിന്നും അശരീരിയായി കേട്ടു.

ഉടൻതന്നെ രാജാവ് ശംഭുവാക്യത്തെ പ്രമാണമായി അംഗീകരിച്ച് മന്ത്രിമാരെക്കൊണ്ട് ശില്പികളെ വരുത്തി ശാസ്ത്രാനുസരണമാകുംവണ്ണം സർവ്വാലംകാരഭൂഷിതമായ ഒരു അട്ടാലയമണ്ഡപം പറഞ്ഞ സ്ഥാനത്തിൽ ഉണ്ടാക്കിച്ച്, അതിന്റെ മദ്ധ്യത്തിൽ സുവർണ്ണവിരചിതവും നാലുചുററും പതിച്ചിട്ടുള്ള നവരത്നങ്ങളുടെ പ്രഭാജാലങ്ങളെക്കൊണ്ട് വിരാജിതമായതും അത്യുന്നതമായതും ആയ ഒരു ഭദ്രപീഠവും സ്ഥാപിച്ചു. ഉടൻതന്നെ ഭഗവാനും ബലപരാക്രമശാലിയും ആയ ഹാലാസ്യനാഥൻ ഇടംകയ്യിൽ . അത്യുന്നതമായ ഒരു വില്ലും വലംകയ്യിൽ അതിതീക്ഷ്ണാഗ്രങ്ങളോടുകൂടിയതായ ബാണങ്ങളും ധരിച്ച് അസിധേനവാഖ്യശസ്ത്രംകൊണ്ട് കടീതടത്തെ അലങ്കരിച്ച്, നീലസ്നിഗ്ദ്ധകോമളമായ കേശപാശങ്ങളിൽ പീലികൾ ചേർത്ത് പിന്നിക്കെട്ടി, തമാലശ്യാമളമായ കളേബരത്തിൽ മുത്തുമാലകൾ ചാർത്തി ശംഖംകൊണ്ടുള്ള കുണ്ഡലങ്ങളുമണിഞ്ഞ്, ജപാകുസുമവും കുസുംഭപ്രസൂനവും കണ്ടാൽ കൊതിച്ചുപോകത്തക്ക രക്തവർണ്ണത്തിൽ ഉള്ള വസ്ത്രവും ധരിച്ച്, ത്രിനേത്രനും അത്യന്തശോഭിതാകാരനും സൌന്ദര്യസാഗരത്തിൽ നിന്നും ഉണ്ടായ പൂർണ്ണചന്ദ്രനെപ്പോലെ അഭിരാമമായ വദനമണ്ഡലത്തോടുകൂടിയവനും ആയ ഒരു കിരാതന്റെ രൂപത്തിൽ ഉദയാചലത്തിൽനിന്നും ബാലാദിത്യൻ ഉദിച്ചു പൊങ്ങിവരുന്നതുപോലെ അട്ടാലാഖ്യമണ്ഡപമദ്ധ്യപ്രതിഷ്ഠിതമായ ഭദ്രപീഠത്തിൽ നിന്നും പ്രാദുർഭവിച്ചു. ഇടത്തേക്കാൽ മുന്നിലും വലത്തേക്കാൽ പുറകിലും ആയി നിന്നുംകൊണ്ട് അസ്ത്രസന്ധാനംചെയ്ത് മത്തഗജം ഒരു അമ്പുവിളിപ്പാട് അകലത്തിൽ വന്നയുടനെ നാരസിംഹാഖ്യമായിരിക്കുന്ന വൈഷ്ണവതേജസ്സിനെ ആ ബാണത്തിൽ വിന്യാസംചെയ്തുകൊണ്ട് അതിന്റെ മസ്തകം ലക്ഷ്യമാക്കി പ്രയോഗിച്ചു. ധനുർവേദവിശാരദനും അട്ടാലവീരനുമായ സുന്ദരേശ്വരനാൽ പ്രയോഗിതമായ ആ നാരസിംഹാഖ്യകബാണം, സർവ്വതോമുഖമായ അത്യുഗ്രതേജസ്സോടുകൂടെ പാഞ്ഞുപോയി ഗജസംഹാ

നനംചെയ്തു. ഗജം അസ്ത്രംകൊണ്ടു് മരിച്ചുവീണ ഉടൻതന്നെ അതൊരു പൎവ്വതമായിത്തീൎന്നു. ആ പൎവ്വതമാണു് ഗജശൈലമെന്നുള്ള പേരോടുകൂടെ ഇപ്പോഴും മധുരയിൽ കാണുന്നതു്. നാരസിംഹകാഖ്യകമായ ബാണവും നരസിംഹാകാരമായി അവിടെ സാന്നിദ്ധ്യം ചെയ്യുന്നുണ്ടു്. രോമേശമാമുനി പണ്ടു് അവിടെ നിജനാമപൂർവകമായ ഒരു സരസ്സു നിൎമ്മിച്ചു് അതിൽ സ്നാനംചെയ്തു് മഹത്തരങ്ങളായ താപസ്സുകൾ അനുഷ്ഠിച്ചു സിദ്ധിയെ പ്രാപിച്ചു. കൂടാതെ പ്രഹ്ലാദനും മററനവധി ഭക്തന്മാരും സിദ്ധിയെ പ്രാപിച്ചിട്ടുള്ളതും അവിടെവെച്ചാണു്.

ഏതൊരവസരത്തിൽ ബാണംഏററു് അഭിചാരഗജം വീണുവോ ആ അവസരത്തിൽ തന്നെ രാജാവു് അതിനെ കാണുന്നതിന്നായി അതിൻെറ അടുക്കൽ എത്തി. രാജാവിനെ കണ്ടമാത്രയിൽ ഗജത്തോടുകൂടെ വന്നിരുന്ന നഗ്നാചാൎയ്യന്മാരും ചോളരാജാവിൻെറ സൈന്യങ്ങളും ഓട്ടം തുടങ്ങി. രാജാവതുകണ്ടു് തൻെറ ഭടന്മാരോടു് അവരെ വിടാതെ പിടിച്ചുകൊണ്ടുവന്നു ദണ്ഡിക്കാൻ ആജ്ഞാപിച്ചു. ഉടൻതന്നെ പാണ്ഡ്യസൈന്യങ്ങൾ ദ്രുതപ്രയാണം ചെയ്തു നഗ്നാചാൎയ്യന്മാരേയും ചോളസൈന്യങ്ങളേയും ഒന്നോടെ ബന്ധിതന്മാരാക്കിക്കൊണ്ടുവന്നു് പലപ്രകാരത്തിൽ ദണ്ഡിച്ചുവിട്ടു. ശൈവവിരോധികളായ നഗ്നാചാൎയ്യന്മാരെ വിശേഷിച്ചും ദണ്ഡിച്ചു. അവരിൽ പല്ലുപോകാതെയും എല്ലൊടിയാതെയും തലയുടയാതെയും ഒരുത്തരും തിരിച്ചുപോയില്ല.

ചോളസൈന്യങ്ങളും നഗ്നാചാൎയ്യന്മാരും പ്രഹരമേററു് പരവശരായി ചാകാതെ ചത്തു ഓടിപ്പോയതിൻെറ ശേഷം രാജാധിരാജാവും ശിവപാദഭക്താഗ്രഗണ്യനും പ്രതാപശാലിയും ആയ വിക്രമപാണ്ഡ്യൻ ഇതില്പരമില്ലാത്ത ആഹ്ലാദത്തോടുകൂടെ അട്ടാലമണ്ഡപവാസിയും അട്ടാലവീരൻ എന്നുള്ള നാമധേയത്തോടുകൂടിയവനും അത്ഭുതവേഷനുമായ സുന്ദരേശ്വരനെ വന്ദിക്കാനായി അട്ടാലയമണ്ഡപത്തിനു അഭിമുഖമായി ചെന്നുനിന്നു് ഗജവധം ചെയ്യുന്നതിന്നായി തത്ര പ്രത്യക്ഷീഭൂതമായ സ്വരൂപത്തെ മനസാസ്മരിച്ചുംകൊണ്ടു് ഇപ്രകാരം സ്തുതിച്ചു.

കല്യാണാചലകോദണ്ഡ കാന്തദോൎദ്ദണ്ഡമണ്ഡിതം
കലംബീകൃതകംസാരിം കലയേട്ടാലസുന്ദരം. ൧

കാളകൂടപ്രഭാജാലകളങ്കീകൃതകന്ധരം
കലാധരകലാമൌലിം കലയേട്ടാലസുന്ദരം. ൨

കാലകാലംകലാതീതം കലാവന്തംചനിഷ്കലം
കമലാപതിസ്തംസ്തുത്യം കലയേട്ടാലസുന്ദരം. ൩

കാന്താൎദ്ധകമനീയാംഗം കരുണാമൃതസാഗരം
കലികന്മഷദോഷാഘ്നം കലയേട്ടാലസുന്ദരം. ൪

കദംബകാനനാധീശം കാംക്ഷിതാൎത്ഥസുരദ്രുമം
കാമശാസനമീശാനം കലയേട്ടാലസുന്ദരം. ൫

സൃഷ്ടാനി മായയാ യേന ബ്രഹ്മാണ്ഡാനി ബഹൂനി ച
രക്ഷിതാനി ഹൃതാന്യന്തെ കലയേട്ടാലസുന്ദരം. ൯

സ്വഭക്തജനസന്താപ പാപാപൽഭംഗതല്പരം
കാരണം സർവ്വജഗതാം കലയേട്ടാലസുന്ദരം. ൰

കുലശേഖരഭൂപോത്തമഭൂപാനം കുലദൈവതം
പരിപൂർണ്ണചിദാനന്ദം കലയേട്ടാലസുന്ദരം. ൰൧

അട്ടാലവീരശ്രീശംഭോ രഷ്ടകം പരമിഷ്ടദം
പഠതാം ശൃണ്വതാം സദ്യസ്തനോതി പരമാം ശ്രിയം. ൰൨

വിക്രമപാണ്ഡ്യന്റെ മേൽപ്രകാരമുള്ള സ്തുതികേട്ട് അത്യന്തം സന്തുഷ്ടനായ അട്ടാലവീരൻ അദ്ദേഹത്തിന്റെ എല്ലാ അഭീഷ്ടങ്ങളേയും നൽകിയും വച്ച് അന്തർദ്ധാനം ചെയ്യുന്നതിനായി ഭാവിച്ചപ്പോൾ വിക്രമപാണ്ഡ്യൻ തന്റെ പാണിയുഗളത്താൽ അദ്ദേഹത്തിന്റെ പാദപത്മങ്ങളെ ഗ്രഹിച്ചുംകൊണ്ടു് ഇപ്രകാരം പിന്നെയും പ്രാർത്ഥിച്ചു.

അല്ലയോ ഭക്തപരാധീനനായ സുന്ദരേശ്വര! ഭഗവാൻ അട്ടാലാഖ്യകമായ ഈ മണ്ഡപത്തിൽ ഭക്തലോകങ്ങളുടെ ഇഷ്ടസിദ്ധിക്കുവേണ്ടി എല്ലാക്കാലവും സാന്നിദ്ധ്യം ചെയ്യണം.

സുന്ദരേശ്വരൻ അതുകേട്ട് ഞാൻ അട്ടാലസുന്ദരൻ എന്നുള്ള നാമധേയത്തോടുകൂടെ എല്ലാക്കാലവും ഇവിടെ സാന്നിദ്ധ്യം ചെയ്തുകൊള്ളാമെന്ന് സമ്മതിച്ചിട്ട് തിരോധാനം ചെയ്തു.

അല്ലയോ മഹർഷീശ്വരന്മാരേ! ഭക്തവത്സലനായ അട്ടാലേശ്വരൻ അദ്ദേഹത്തെ സേവിക്കുന്നവരുടെ എല്ലാവിധ അഭീഷ്ടങ്ങളേയും നൽകുന്ന മൂർത്തിയാണ്. അദ്ദേഹത്തിന്റെ കൃപാകടാക്ഷംകൊണ്ട്, വിക്രമപാണ്ഡ്യന് രാജശേഖരപാണ്ഡ്യൻ എന്ന് പേരോടുകൂടെ ഒരു പുത്രൻ ജനിച്ചു. അദ്ദേഹം അനേവധികാലം പുത്രനായ രാജശേഖരനുമൊന്നിച്ച് സർവ്വസമ്പൽസമൃദ്ധിയോടുകൂടെ ഭൂപരിപാലനവും നടത്തി ഇതിൽപ്പരമില്ലാത്ത ഐഹികഭോഗങ്ങളും ഭുജിച്ച് സസുഖം വസിച്ചു.

ഹാലാസ്യനാഥന്റെ അത്യന്തം രസാവഹമായ ഈ ഇരുപത്തിരണ്ടാമത്തെ ലീലയെ കേൾക്കുകയും പഠിക്കുകയും ചെയ്യുന്നവർക്ക് ഇഹത്തിലും പരത്തിലും ഒന്നുപോലെ എല്ലാസൌഖ്യങ്ങളും ഉണ്ടാകുന്നതാണ്.

൨൨-ാം അദ്ധ്യായം
നഗ്നാഭിചാരത്താൽ ഉണ്ടായ
ആനയെവധിച്ച ഇരുപത്തിരണ്ടാംലീല സമാപ്തം.

# ഹാലാസ്യമാഹാത്മ്യം

## കേരളഭാഷാഗദ്യം.

### ൨൩-ാം—അദ്ധ്യായം.

### ഒരു ബ്രാഹ്മണസ്ത്രീയുടെ ദുഃഖംശമിപ്പിച്ച

### ഇരുപത്തിമൂന്നാമത്തെ ലീല.

പിന്നെയും അഗസ്ത്യൻ പരമേശ്വരസ്മരണയോടു കൂടെ താഴെവരുമാറു കഥയാരംഭിച്ചു;—

അല്ലയോ മുനിപുംഗവന്മാരേ! ഭക്തന്മാൎക്കുവേണ്ടി എന്തും ചെയ്യുന്നതിന് സൎവദാ സന്നദ്ധനായ ഹാലാസ്യേശ്വരൻ സന്താപനിമഗ്നയായ ഒരു ബ്രാഹ്മണകന്യകയെ വൃദ്ധനും, തരുണനും, ബാലനും ആയി രക്ഷിച്ചതും ആ സ്ത്രീക്കു ഗൌരീസാരൂപ്യം നൽകിയതും ആയ പരിപാവനലീലയെ ഇനി ഞാൻ നിങ്ങളെ കേൾപ്പിക്കാം.

പണ്ടു മധുരാപട്ടണത്തിൽ വിരൂപാക്ഷൻ എന്നു പേരോടുകൂടെ ഒരു ബ്രാഹ്മണൻ ഉണ്ടായിരുന്നു. അവൻ സൎവവിദ്യാവിശാരദനും ആചാരതല്പരനും ആയിരുന്നു. അവനെപ്പോലെ ശിവഭക്തിയും ആൎക്കും ഇല്ലായിരുന്നു. അവന്റെ അനുകൂലയും സുശീലയും സാദ്ധ്വീകുലമണിയും ഭൎത്തൃശുശ്രൂഷാതൽപരയും സൎവാംഗസുന്ദരിയും ആയ ഭാൎയ്യയുടെ പേരു സുവ്രതയെന്നാണ്. ആ പരസ്പരാനുരാഗബാധിതരും ശിവഭക്ത്യൈകമാനസരും ആയ ദംപതികൾക്കു വളരെ കാലമായിട്ടും പുത്രലാഭം ഉണ്ടാകാഞ്ഞതിനാൽ അവർ രണ്ടുപേരുംകൂടെ വളരെ വളരെ ഭക്തിപൂൎവം എല്ലാശൈവവ്രതങ്ങളേയും വിടാതെ അനുഷ്ഠിച്ചുവന്നെന്നു മാത്രമല്ല ദിവസംപ്രതിയും ഒന്നുപോലെ അവർ ഹേമപത്മിനിയിൽ സ്നാനംചെയ്തു മീനാക്ഷീസുന്ദരേശ്വരന്മാരെ നമസ്കരിക്കുകയും ഗൌരീരൂപത്തെ മനസ്സിൽ ധ്യാനിക്കുകയും ഗൌരീബീജമന്ത്രത്തെ മനസാ സ്മരിക്കുകയും ചെയ്തുകൊണ്ടു സാപ്തമാതാക്കളുടെ സന്നിധാനത്തിൽ വച്ചു കഠിനങ്ങളായ തപസ്സുകളെ ചെയ്യുകയും ചെയ്തുവന്നു.

കൃപാനിധിയും മീനാക്ഷീവല്ലഭനും ആയ സുന്ദരേശ്വരൻ അവരുടെ തപോവ്രതങ്ങളെക്കൊണ്ടു അത്യന്തം സന്തുഷ്ടനായെങ്കിലും അവരുടെ പൂൎവാൎജ്ജിതകൎമ്മഫലവിപൎയ്യയംകൊണ്ടു അവൎക്കു പുത്രലാഭം ഉണ്ടാകുകയെന്നുള്ളതു അസാദ്ധ്യവും ന്യായവിരോധവും ആണെന്നുകാണുകയാൽ അതിസുന്ദരിയും സൽഗുണസമ്പന്നയും ആയ ഒരു കന്യകയെ പ്രദാനംചെയ്തു.

സന്താനലാഭംകൊണ്ട് സന്തോഷസാഗരത്തിൽ നിമഗ്നരായ ആ ദമ്പതികൾ പുത്രിയ്ക്കു ഗൌരിയെന്നു നാമകരണവും ചെയ്ത് അത്യന്തംലാളിച്ചുവളൎത്തിവന്നു. ശുക്ലപക്ഷത്തിലെ ചന്ദ്രക്കലപോലെ സുന്ദരിയായ ആ കന്യക വളൎന്നുതുടങ്ങി. അവൾക്കു അഞ്ചു വയസ്സ് പ്രായമായപ്പോൾ ഒരു ദിവസം അവൾ സുരാചാൎയ്യസന്നിഭനും സമാധിസ്ഥനും പരിശുദ്ധധീമാനും പിതാവുമായ വിരൂപാക്ഷന്റെ സന്നിധിയിൽ ചെന്നു അദ്ദേഹത്തെവന്ദിച്ചുകൊണ്ടു ഇപ്രകാരം പ്രാൎത്ഥിച്ചു.

അല്ലയോ പിതാവേ! മന്ത്രസിദ്ധിസമന്വിതനും പ്രീതമാനസനുമായ നിന്തിരുവടി അവിടത്തെ പ്രിയപുത്രിക്ക് അവിടുന്നു സംസാരം നശിപ്പിക്കുന്നതിനായി അനുഷ്ഠിച്ചുവരുന്ന ധൎമ്മം യാതൊന്നൊ അതിനെ ഉപദേശിച്ചുതരണം. ഐഹികഭോഗങ്ങളിൽ എനിക്കു വലിയ മോഹം ഒന്നും തോന്നുന്നില്ല.

വിരൂപാക്ഷൻ ഇതുകേട്ടു അത്യന്തം വിസ്മിതനായിട്ട് തന്റെ മകളിൽ ഈശ്വരിയുടെകടാക്ഷം പരിപൂൎണ്ണമായിട്ടുണ്ടെന്നും അല്ലെങ്കിൽ അഞ്ചു വയസ്സുപ്രായമുള്ള ഈ കുട്ടിക്കു ഇങ്ങനെ തോന്നാൻ ഇടയില്ലെന്നും ഇവൾ അതുകൊണ്ട് ധൎമ്മോപദേശത്തിനു പാത്രമായിട്ടുള്ളവൾ തന്നെയെന്നും നിശ്ചയിച്ചുകൊണ്ട് അത്യന്തംശ്രേഷ്ഠവും ചതുൎവ്വൎഗ്ഗഫലപ്രദവും, മഹാ പാപഹരവും സൎവ്വാപൽഭഞ്ജനക്ഷമവും സൎവ്വസിദ്ധികരവും സത്യവും ആയ ധൎമ്മത്തെ ഇങ്ങനെ ഉപദേശിക്കാൻതുടങ്ങി.

അല്ലയോ പുണ്യനിധിയായ പ്രിയപുത്രി! ജഗദ്ധാത്രിയും, സച്ചിദാനന്ദസ്വരൂപിണിയും സൎവ്വവിദ്യാലയയും ഗൌരിയെന്നുള്ള നാമധേയത്തോടുകൂടിയവളുമായ ശക്തി സാക്ഷാൽ പരമശിവന്റെ വാമഭാഗത്തിൽ എല്ലാകാലത്തും ഒന്നുപോലെവസിക്കുന്നു. ആ ഗൌരീബീജം ഭോഗമോക്ഷങ്ങൾക്കും ജഗത്തിന്നും ബീജമായിട്ടുള്ളതും വാണി ലക്ഷ്മിമുതലായ ദേവിമാരാലും, വിഷ്ണുബ്രഹ്മാദികളായ ദേവന്മാരാലും, സിദ്ധഗന്ധൎവ്വാദികളായ ദേവതാഗണങ്ങളാലും എല്ലാജനങ്ങളാലും ഒന്നുപോലെ ആരാധിതവും ആകുന്നു. ആൎയ്യന്മാരുടെ ഹൃദയാകാശത്തിൽ അവസ്ഥിതമായിരിക്കുന്ന ദിവ്യശക്തിയും സൎവ്വവ്യാപ്തമായ പരബ്രഹ്മവും ഗൌരീബീജമല്ലാതെ മററു ഒന്നും അല്ല. സച്ചിദാനന്ദമയമായ ഈ ഗൌരീബീജമൊന്നല്ലാതെ മററു ലോകത്തിൽ ഉള്ള യാതൊന്നും ശാശ്വതമല്ല. ഇനി ഞാൻ അതിന്റെ ഉദ്ധൃതി നിന്നോടുപറയാം. നീ നല്ലതുപോലെ കേട്ടു മനസ്സിൽ ധരിച്ചുകൊള്ളുക. സൽസ്വരൂപ ശിവാകാരവും ധൎമ്മദവും ആയഹകാരവും ചിദ്രൂപശിവാകാരവും അൎത്ഥദവും ആയ രേഫവും. അവ രണ്ടിന്റെയും ഐക്യംകൊണ്ടുണ്ടായ ആനന്ദാത്മകമായ ഈകാരവും അവസാനത്തിൽ മോക്ഷദങ്ങളാകുന്ന ബിന്ദുനാദങ്ങളും ഒന്നിച്ചു ചേൎത്താൽ ഗൌരീബീജമാകുന്ന ഏകാക്ഷരം ഉണ്ടാകും. അതിനെ ഭക്തിപൂൎവ്വം ജപിച്ചാൽ ധൎമ്മാൎത്ഥകാമമോക്ഷങ്ങളാകുന്ന പുരുഷാൎത്ഥങ്ങളും ഉണ്ടാകും.

ഗൌരീബീജ മഹാമന്ത്രത്തിന്റെ ഋഷി ദക്ഷിണാമൂൎത്തിയും, ഛന്ദ

സ്സ് ഗായത്രിയും, ദേവതാസച്ചിദാനന്ദ സ്വരൂപിണിയും, മഹാദേവിയും ആയ ഗൌരിയും, ആകുന്നു. ഗൌരിബീജമന്ത്രം ജപിക്കുന്നവഷഡംഗന്യാസം ചെയ്യേണ്ടതു് ഹ്രാം. ഹ്രീം. എന്നബീജമന്ത്രം കൊണ്ടുവേണം.

അതിന്റെശേഷം മഹാ ആകാശത്തിന്നു ഹേതുഭൂതമായിട്ടുള്ള ഹൃദയാകാശത്തിൽ സുധാസാഗരസംവീതമായിട്ടുള്ള രത്നദ്വീപിൽ കല്പകാഢ്യമായ മാണിക്യമണ്ഡപത്തിൽ സ്ഥാപിച്ചിട്ടുള്ള സുപ്രഭാരത്നോജ്വലതോരണവിരാജിതവും ഭദ്രപീഠവും ആകുന്ന പത്മപീഠത്തിൽ വസിക്കുന്ന അഭയവരപാശാംകുശങ്ങളാൽ ശോഭിക്കപ്പെടുന്നതായ ചതുർബാഹുക്കളോടുകൂടിയവനും, സൌന്ദര്യാംബുധിയും കാഞ്ചനകളേബരനും കാമാരിയും ആയ പരമേശ്വരന്റെ മടിയിൽ ഇരിക്കുന്നവളും ഒരു കോടി തരുണാരുണന്മാർ ഏകകാലത്തിൽ ഉദിച്ചുയൎന്നാൽപോലുംഉണ്ടാകാത്തതായ അത്യന്തം ഊർജ്ജസ്വലതയോടുകൂടിയ തേജോഭൂഷിതയും കരുണാമൃതസാഗരയും ദ്വിനേത്രയും ദ്വിഭുജയും പീനങ്ങളായ ജഘനങ്ങളോടും ഊരുക്കളോടും വാമപാണിയിൽ സുധാപൂൎണ്ണവുംചിന്താരത്നങ്ങൾ പതിച്ചതുമായഹേമകുംഭത്തേയും ദക്ഷിണപാണിയിൽ ചെന്താമരപ്പൂവും വഹിച്ചിട്ടുള്ളവളും മന്ദഹാസാലംകൃതസുന്ദരമുഖിയും ദക്ഷവാമസ്ഥന്മാരായ ഹേരംബഗുഹന്മാരെ സദാവീക്ഷണംചെയ്തുകൊണ്ടിരിക്കുന്നവളും അരുണാംബരധാരിണിയും ശ്രീപരമേശ്വരന്റെ മൂൎത്തിഭൂതമായ കൃപാലതികയും ആയ ഗൌരിയെധ്യാനിക്കണം.

ഈ ധ്യാനത്തോടുകൂടെ ഗൌരീബീജമന്ത്രത്തെ ഒരു ലക്ഷംതവണജപിച്ചാൽ സാലോക്യവും, രണ്ടുലക്ഷംതവണ ജപിച്ചാൽ, സാമീപ്യവും മൂന്നു ലക്ഷംതവവണ ജപിച്ചാൽ സായൂജ്യവും കിട്ടും. ഗുരുവിനോടു ഉപദേശം വാങ്ങിക്കുംപോൾതന്നെ സൎവാഭീഷ്ടങ്ങളേയും നൽകുന്നതിന്നായി ഗൌരീബീജമന്ത്രം ഒന്നല്ലാതെ മററു യാതൊന്നും ഇല്ല. ഗൌരീബീജമന്ത്രംകൊണ്ടും ധ്യാനാദ്യുപചാരങ്ങൾകൊണ്ടും പാപവിനാശിനിയായ ദേവിയെ ജപിച്ചു് ദശാംശക്രമത്തിൽ തൎപ്പണവും സ്വാഹാന്തത്തിൽ ഹോമവും മന്ത്രസിദ്ധിക്കവേണ്ടി ബ്രാഹ്മണഭോജനവും ചെയ്യണം.

പിതാവായ വിശ്വപാകൻ മകൾക്കു മേൽപ്രകാരം ഗൌരീബീജമന്ത്രം ഉപദേശിച്ചുംവെച്ചു പഴയപോലെ സമാധിസ്ഥനായി. ധന്യയും ചിത്തശുദ്ധിയോടുകൂടിയവളും ആയ ഗൌരിയാകട്ടെ പിതൃനിയോഗപ്രകാരം ഗൌരീ മന്ത്രംജപിച്ചു് ഗൌരീഭഗവതിയേയും ധ്യാനിച്ചുകൊണ്ടു് കാലംകഴിച്ചുവന്നു. ഇങ്ങനെ വൎഷം മൂന്നുകഴിഞ്ഞു; ഗൌരിക്കു് വയസ്സും എട്ടായി. പുത്രിയെ വിവാഹംകഴിച്ചുകൊടുക്കണമെന്നുള്ള വിചാരം വിശ്വപാകനെപ്പീഡിക്കാനും തുടങ്ങി. പുത്രീവിവാഹവിചാരഗ്രസ്തനായ വിശ്വപാകൻ മകൾക്കു് തക്ക വരനേയും അന്വേഷിച്ചും കൊണ്ടിരിക്കുന്ന ആ കാലത്തിൽ സ്വരപ്പിഴകൂടാതെ മധുരഗാനത്തിൽവേദവും ഉച്ചരിച്ചുംകൊണ്ടു ഒരു ബ്രഹ്മചാരിവിശ്വപാകന്റെ അടുക്കൽചെന്നു. ഉടൻതന്നെ വിശ്വപാകൻആബ്ര

ഹ്മചാരീവിപ്രൻെറ ഗോത്രനാമാദികളും മററും ചോദിച്ചറിയാതെതന്നെ പുത്രിയായ ഗൌരിയെ ഉദകത്തോടുകൂടെ അദ്ദേഹത്തിനു കന്യകാദാനം ചെയ്തു.

വിരൂപാക്ഷൻെറ ഭാൎയ്യയും ഗൌരിയുടെ മാതാവുംആയ സുവ്രതയും മററുള്ള അദ്ദേഹത്തിൻെറ ബന്ധുക്കളും ഈ വിവരം അറിഞ്ഞുവന്നു. ഗോത്രനാമാദികളും മററുംചോദിച്ചറിയാതെ മകളെ കന്യകാദാനംചെയ്തതു് വളരെ തെററാണെന്നും ഇതേവരെ യാതൊരുത്തരും കുലഗോത്രനാമാദികളെ അന്വേഷിക്കാതെ പെണ്ണുകൊടുത്തിട്ടില്ലെന്നും വിരൂപാക്ഷൻ ചെയ്തതു് വളരെ അപമാനകരവും പരിതാപകരവും ആയ ഒരു നീചപ്രവൃത്തിയാണെന്നും സ്ഥിരബുദ്ധിയുള്ളവരിൽ ആരും ഇപ്രകാരം ചെയ്യുന്നതല്ലെന്നും മററും പറഞ്ഞു് അദ്ദേഹത്തെ ഭത്സിച്ചു.

അനന്തരം അവർ ബ്രഹ്മചാരിയോടു അദ്ദേഹത്തിൻെറ ഗോത്രം, സൂത്രം, നക്ഷത്രം, മുതലായവയെപ്പററി ചോദിച്ചതിൽ യാതൊന്നും വിരോധമായിട്ടുള്ളതില്ലെന്നറിയുകയാൽ അത്യന്തം സന്തോഷിക്കുകയും ആ വിഷയത്തിൽ വിരൂപാക്ഷനെ ഭത്സിച്ചതിനെപ്പററി വളരെയൊക്കെ പശ്ചാത്താപിക്കുകയും ചെയ്തു. എങ്കിലും, വരനായ ബ്രഹ്മചാരിയുടെ ഉദ്ധ്വപുണ്ഡ്രധാരണം നിന്ദ്യമെന്നും മററുള്ള അനവധി ഗുണങ്ങളുടെ കൂട്ടത്തിൽ ഈ ഒരു ദോഷം ചന്ദ്രനിൽ കളങ്കം എന്നതുപോലെ തെളിയുന്നതല്ലെന്നു അവർ എല്ലാവരും ഒന്നുപോലെ സമാധാനപ്പെടുകയും ചെയ്തു.

അതിൻെറ ശേഷം അവർ എല്ലാവരും കൂടി ആഘോഷപൂൎവം വിവാഹംനടത്തി വളരെ വളരെ വസ്ത്രാഭരണങ്ങളും ധനങ്ങളും മററും ആ ദംപതികൾക്കു സ്ത്രീധനമായി കൊടുത്തു. അനന്തരം അവർ സ്ത്രീധനംകിട്ടിയ സാമാനങ്ങളും കൊണ്ടു് വരൻെറ ദിക്കിലേക്കുപോയി. വീട്ടിൽനിന്നും ഏകനായിപ്പോയ തൻെറ ബ്രഹ്മചാരിയായ പുത്രൻ സുന്ദരിയായ ഒരു കന്യകയോടും, അനവധിദ്രവ്യങ്ങളോടും ആഭരണങ്ങളോടും കൂടെ ഗൃഹസ്ഥനായി വന്നതുകണ്ടപ്പോൾ കുമാരൻെറ പിതാവിനു് ഇതില്പരമില്ലാത്ത സന്തോഷം ഉണ്ടായെന്നുമാത്രമല്ല പുത്രനെഏററവും ലാളിക്കുകയും ശ്ലാഘിക്കുകയും കൂടി ചെയ്തു. സ്നുഷയായ ഗൌരിയുടെ മേലും അദ്ദേഹത്തിനു വളരെ സ്ഥായിയുണ്ടായിരുന്നു. അദ്ദേഹത്തിൻെറ ഭാൎയ്യയുടെ പ്രകൃതം നേരേമറിച്ചായിരുന്നു. തൻെറ പുത്രൻെറവധു ശിവഭക്തൻെറമകളായ ഗൌരിയാണെന്നെപ്പോൾ അറിഞ്ഞുവോ അപ്പോൾമുതൽ ശ്വശ്രുവിനു അവളിൽ പ്രീതിയും ബഹുമാനവും ഇല്ലാതെആയി. ഗൌരിചെയ്യുന്നതെല്ലാം കുററമെന്നു സ്ഥാപിക്കാനായി അവർ ശ്രമിച്ചു. ഇഷ്ടമില്ലാത്തവർ ചെയ്യുന്ന ഏതും കുററം തന്നെയാണല്ലോ.

ബ്രഹ്മചാരിക്കു് വാങ്മനഃകായങ്ങൾ കൊണ്ടു് ഗൌരിയിൽ സംഗമുണ്ടായതും ഇല്ല. ഗൌരിയാകട്ടെ, വൈഷ്ണവരായ അവരുടെ വീട്ടിൽ ഭിക്ഷുക്കളായി വൈഷ്ണവരല്ലാതെ ശിവഭക്തന്മാരിൽ ആരെയും കാണാഞ്ഞതുകൊണ്ടു

യാതൊരുകാലത്തിൽ ഇനിക്ക് ഒരുശിവഭക്തനു ഭിക്ഷകൊടുക്കാൻ സാധിക്കുമെന്നുള്ള വിചാരത്തോടുകൂടെ ഗൌരീബീജമന്ത്രവുംജപിച്ചുകൊണ്ട് അവിടെതാമസിക്കുന്ന അവസരത്തിൽ ഒരുദിവസം അവളെമാത്രം വീട്ടിൽ താമസിപ്പിച്ചുംവച്ച് ശ്വശ്രൂശ്വശുരന്മാരും ഭർത്താവും അന്യഗ്രാമത്തിൽ ഉള്ള ഒരു വിപ്രഭവനത്തിൽ കല്യാണത്തിനായിപ്പോയി, ഗൌരി മുൻപറഞ്ഞ ആലോചനയോടും മീനാക്ഷീ സുന്ദരേശരസ്മരണയോടും കൂടെ ഭർത്തൃഭവനത്തിൽ ഏകാകിനിയായി കുത്തിയിരിക്കുന്ന അവസരത്തിൽ ഭക്തപരാധീനനായ സുന്ദരേശ്വരൻ ഒരു വൃദ്ധവിപ്രന്റെ വേഷത്തിൽ അവളുടെ അടുക്കൽചെന്നു അല്ലയോ! കല്യാണി! ഇനിക്കു ഭിക്ഷതരികയെന്നു യാചിച്ചു.

ഗൌരിയതുകേട്ടു തലപൊക്കിനോക്കിയപ്പോൾ, കാണപ്പെട്ട സ്മേരസുന്ദരമുഖാംബുജനും ഭസ്മരുദ്രാക്ഷമാലാധാരിയും ശുഭ്രവസ്ത്രധാരിയും ഉജ്ജ്വലൽബ്രഹ്മതേജോനിലയനും എൺപതില്പരം വയസ്സു തോന്നിക്കുന്നവനും ആയ വൃദ്ധബ്രാഹ്മണന്റെ പാദപത്മത്തിൽ വീണു വന്ദിച്ചുകൊണ്ടു ഇപ്രകാരം പറഞ്ഞു.

അല്ലയോ! പൂജ്യനായഭിക്ഷുശ്രേഷ്ഠ! എന്റെ ഭർത്താവും അദ്ദേഹത്തിന്റെ അച്ഛനമ്മമാരും മഠത്തിന്റെ മുറികൾ എല്ലാം പൂട്ടിയുംകൊണ്ടു അടുത്തഗ്രാമത്തിൽ ഒരു കല്യാണത്തിനു പോയിരിക്കുന്നു. അരിയും നെല്ലും ഒന്നും വെളിയിൽ എടുത്തതു അല്പംപോലും ഇല്ല. ഞാൻ എന്താ ചെയ്യേണ്ടതു.

ഭിക്ഷുഅതുകേട്ട് ബ്രാഹ്മണകന്യകയോടു, അല്ലയോ സുശീലെ! മഠത്തിന്റെ കതകുതുറന്നുകിടക്കുകയാണു. നീചെന്നുനോക്കുക. പുരയ്ക്കകത്ത് പരിപ്പും പഴയരിയും നെയ്യും കറിസാമാനങ്ങളുമെല്ലാം ഉണ്ടു. നീ അതെടുത്തു അതിവേഗത്തിൽ ഭക്ഷണം തയ്യാറാക്കി ഇനിക്കു തരണം. ഞാൻ വിശപ്പുകൊണ്ടു ഏററവും പരവശനായിരിക്കുന്നു. അതുകൊണ്ടു യാതൊരു ഒഴികഴിവുകളും എന്നോടുപറയരുതു. വിശപ്പുമൂലം പരവശനായിവന്നു ഭക്ഷണം യാചിക്കുന്നവനു വല്ലനിവൃത്തിയും ഉണ്ടെങ്കിൽ ഭക്ഷണംകൊടുക്കുന്നതില്പരം പുണ്യമായ ഒരുപ്രവൃത്തിയും ക്ഷുൽതൃഡാർത്തനെ ഇച്ഛാഭംഗത്തോടുകൂടെ നിവൃത്തിയുള്ളപ്പോൾ മടക്കി അയക്കുന്നതില്പരം വലുതായ ഒരു പാപപ്രവൃത്തിയും ലോകത്തിൽ യാതൊന്നുംതന്നെയില്ല.

ഗൌരി അതുകേട്ട് അങ്ങനെ ആവാമെന്നുംസമ്മതിച്ച് അതിവേഗത്തിൽ അവിടെനിന്നും എഴുന്നേററു പോയിനോക്കിയപ്പോൾ ഭിക്ഷു പറഞ്ഞതുപോലെ പുരമുറിതുറന്നു കിടക്കുന്നതും മുറിക്കകത്തു ഭക്ഷണം തയ്യാറാക്കുന്നതിനു വേണ്ടസംഭാരങ്ങൾ എല്ലാം ഒരുക്കിവച്ചിരിക്കുന്നതും കണ്ട് ഇതില്പരമില്ലാതെ ആശ്ചര്യപ്പെടുകയും സന്തോഷിക്കുകയും ചെയ്തു. അനന്തരം അവൾ അരിയുംസാമാനങ്ങളും എല്ലാം എടുത്തു പാചകശാലയിൽ കൊണ്ടുപോയി ചോറുംകറികളും പലഹാരങ്ങളും മററും തയ്യാറാക്കി കൊണ്ടുവന്നു വളരെ ഭക്തിയോടുകൂടെ കദളിയിലയിൽ വിളമ്പിക്കൊടുത്തു. വൃദ്ധബ്രാഹ്മണൻ അ

ത്തുഭക്ഷിച്ച് അത്യന്തംതൃപ്തനായി. അതേവരെയും വൃദ്ധനായിരുന്ന ആ ബ്രാഹ്മണൻ മൃഷ്ടാന്നഭോജനം കഴിഞ്ഞഅവസരംമുതൽ പതിനാറുവയസ്സു പ്രായംവരുന്ന അതികോമളാകാരനായ ഒരു യുവാവായിത്തീൎന്നു. അപ്പോൾമുതൽ തരുണീതരുണന്മാരായ അവർ രണ്ടുപേരും കൂടെ ആ രഹസ്യസ്ഥലത്തിൽ വസിക്കുന്നതിൽ വച്ച് വല്ല അപവാദത്തിനും സംഗതിനേരിട്ടെങ്കിലൊ എന്നുള്ളഭയം ഗൌരിക്കുണ്ടായി. ഈ അവസരത്തിൽ കെട്ടററുവീണതുപോലെ അതിവേഗത്തിൽ ആ വിപ്രകന്യകയുടെ ശ്വശ്രൂ ആഗതയായി വാതുക്കൽവന്നു നിന്നുകൊണ്ട്, കതകുതുറക്കുവാൻ പറഞ്ഞു.

ശ്വശ്രൂവിന്റെ വിളി ഏതൊരുക്ഷണത്തിൽ കേട്ടുവോ അപ്പോൾതന്നെ വിപ്രകന്യക ജീവച്ശവം ആയി. വളരെ വളരെ പണിപ്പെട്ടിട്ടും അവൾക്കു വിളികേൾക്കുന്നതിനു സാധിച്ചില്ല. വ്യസനംകൊണ്ടും, ഭയംകൊണ്ടും സംഭ്രമംകൊണ്ടും അവൾ മരവിച്ചുപോയി. കുറെഅധികം വിളിച്ചിട്ടും പ്രത്യുക്തിപോലും ഇല്ലാഞ്ഞപ്പോൾ ദുഷ്ടയും കഠിനമാനസയും ആയ ശ്വശ്രൂവിന്റെ കോപം ജ്വലിച്ചു. അവൾ കാൽകൊണ്ടു കതകു ചവിട്ടിത്തുറന്നകത്തേയ്ക്കു കടന്നു. അതേവരെയും തരുണാരുണകോമളപ്രകാശകനായി നിന്നിരുന്ന ആ തരുണവിപ്രൻ ശ്വശ്രൂ അകത്തേക്കുകടന്ന ക്ഷണംതന്നെ അതിതേജസ്വിയായ ഒരു കുട്ടിയുടെ വടിവു ധരിച്ചു തല്പത്തിൽ മലൎന്നുകിടന്നുകൊണ്ടു കയ്യും കാലും കുടഞ്ഞു കളിക്കുകയും മഹാവിഷ്ണുവിനെക്കൊണ്ടുപോലും കണ്ടുപിടിക്കുന്നതിനുകഴിയാത്ത പാദാംഗുഷ്ഠം പാണിതലംകൊണ്ടു ഗ്രസിച്ചു മുഖാംബുജത്തിൽ ചേൎത്താസ്വദിക്കുകയും ചെയ്തു തുടങ്ങി.

ശ്വശ്രൂ കുട്ടിയെ സൂക്ഷിച്ചുനോക്കിയുംകൊണ്ടു ഗൌരിയോടു എടി മൂഢേ! ദുഷ്ടേ! ഈ കുട്ടിയേതു്? എന്നു ചോദിച്ചു.

ഗൌരി ഭയത്തോടുകൂടെ, ശ്രീദേവിയെന്നുപേരോടുകൂടിയ ഒരു വിപ്രപത്നി ഈ കുട്ടിയെ ഇവിടെക്കൊണ്ടുവന്നു കിടത്തി എന്നോട് നോക്കിക്കൊള്ളുകയെന്നും പറഞ്ഞു് ഭൎത്താവിനോടുകൂടെ വെളിയിൽപ്പോയി. അവളുടെ കുട്ടിയാണെന്നുതോന്നുന്നു. അവൾ ഇപ്പോൾത്തന്നെ തിരിച്ചുവരും എന്നു പറുക്കെ പറഞ്ഞു.

ശ്വശ്രൂ അതുകേട്ടു, എടീശഠേ! ധൂൎത്തേ! ഇതു എന്തൊരുമാതിരി ദുസ്സാമൎത്ഥ്യം ആണു്. വല്ലവരുടേയും കുട്ടിയെ ഇവിടെക്കൊണ്ടുവന്നു കിടത്തുന്നതിനു നീ എന്തിനനുവദിച്ചു? ഇതുകടന്ന സ്വാതന്ത്ര്യം നിനക്കാരുതന്നു? വല്ലവരുടെയും കുട്ടിയെ സൂക്ഷിക്കുകയോ നിന്റെ പ്രവൃത്തി എന്നും മററും വളരെ പരുഷമായിപ്പറയുകയും ഭത്സിക്കുകയും ചെയ്തുംവച്ചു് കുട്ടിയെഎടുത്തു അവളുടെ കഴുത്തിൽകെട്ടിയിട്ടു വീട്ടിൽനിന്നും അടിച്ചുവെളിക്കിറക്കി എവിടെഎങ്കിലും പൊയ്ക്കൊള്ളുക. ഒരു കാലത്തും ഇവിടെ കാലെടുത്തുവയ്ക്കരുതു്. ഇങ്ങോട്ടുവന്നാൽ അനുഭവം വേറേയാണെന്നും മററും പലതും പിന്നെയും പിന്നെയും ക്രുദ്ധിച്ചുപറഞ്ഞു. വാതലുംഅടച്ചു.

ഭർത്തൃഗൃഹത്തിൽനിന്നും കുട്ടിയോടുകൂടെ ശ്വശ്രുവിനാൽ ബഹിഷ്കൃതയായ ഗൌരി അവളുടെ പാണിപത്മങ്ങളിൽ അരയന്നക്കിടാവെന്നപോലെ ഇരുന്നുല്ലസിക്കുന്ന ശിശുവിൻെറ സോമാഭിരാമവും മന്ദസ്മിതാലംകൃതവും ആയ വദനസൌഭാഗ്യവിലാസങ്ങളെ ഇതില്പരമില്ലാത്ത ആനന്ദത്തോടുകൂടെ ദർശിച്ചും ഗൌരീബീജത്തെ മനസാസ്മരിച്ചും അവിടെത്തന്നെ തെരുവുവീഥിയിൽ നില്ക്കുമ്പോൾ അവളുടെ പാണിതലത്തിൽ ബാലനായി ക്രീഡിച്ചുകൊണ്ടിരുന്ന ഹാലാസ്യനാഥൻ ശിശുരൂപംവിട്ടു സാക്ഷാൽ പരമേശ്വരൻെറ സുന്ദരതരസ്വരൂപത്തോടുകൂടെ വൃഷാരൂഢനായി വിപ്രകന്യകയായ ഗൌരിയെ സാക്ഷാൽ ഗൌരിയും ആക്കി ആ സൌഭാഗ്യവതിയെ അദ്ദേഹത്തിൻെറ മടിയിൽവച്ചുംകൊണ്ടു് എല്ലാവരും കാണെത്തന്നെ ആകാശമാർഗ്ഗത്തിൽക്കൂടെപ്പോയി മറഞ്ഞു. കാണികൾ അതുകണ്ടു് ഇതില്പരമില്ലാതെ അതിശയിക്കുകയും പരമേശ്വരീപരമേശ്വരന്മാരുടെ തൽസ്വരൂപത്തോടുകൂടെയുള്ള പ്രയാണവുംനോക്കി യാതൊന്നുംചെയ്യുന്നതിനു ശക്തന്മാരല്ലാതെ ചിത്രത്തിൽ എഴുതിയവരെപ്പോലെനിന്നുപോവുകയുംചെയ്തു.

അല്ലയോ മഹാമഹർഷിപുംഗവന്മാരെ! ഇപ്രകാരമെല്ലാമാണു് ഹാലാസ്യനാഥൻെറ അത്ഭുതലീലാവിശേഷങ്ങൾ. അദ്ദേഹത്തിൻെറ മാഹാത്മ്യത്തിനും കരുണയ്ക്കും യാതൊരളവുംഇല്ല. അദ്ദേഹത്തിൻെറ അത്യത്ഭുതകരവും ഭക്തിമയവും ആയ ഈ ഇരുപത്തിമൂന്നാമത്തെ ലീലയെ കേൾക്കുകയും പഠിക്കുകയും ചെയ്യുന്നവർക്കു എല്ലാസൌഖ്യങ്ങളും ലഭിക്കുകയും താപങ്ങൾ ശമിക്കുകയുംചെയ്യും.

൨൩-ാം അദ്ധ്യായം ഇരുപത്തിമൂന്നാം ലീല സമാപ്തം.

---

# ഹാലാസ്യമാഹാത്മ്യം.

## കേരളഭാഷാഗദ്യം.

### ൨൪-ാം അദ്ധ്യായം.

### ഭഗവാൻ വ്യത്യസ്തനൃത്തംചെയ്ത

## ഇരുപത്തിനാലാമത്തെ ലീല.

---

അല്ലയോ മുനിശ്രേഷ്ഠന്മാരേ! ഇനി നിങ്ങൾസുന്ദരേശ്വരൻ വ്യത്യസ്തതാണ്ഡവംചെയ്ത ലീലയെ കേട്ടുകൊള്ളുവിൻ! ഈ ലീല ശ്രുതമാത്രത്താൽ തന്നെ സകല കാമങ്ങളേയുംനൽകുന്നതാ

ണ് എന്നിങ്ങനെ അരുളിച്ചെയ്തിട്ടു താപസമൌലിയായ കുംഭസംഭവൻ താഴെവരുമാറു വീണ്ടും കഥയാരംഭിച്ചു.

ഭക്തശിരോമണിയായ വിക്രമപാണ്ഡ്യഭൂപൻ ശിവലോകം പ്രാപിച്ചതിൻെറശേഷം സകല ഗുണങ്ങൾക്കും ഇരിപ്പിടമായ രാജശേഖരപാണ്ഡ്യൻ രാജ്യഭാരം കയ്യേറ്റു. അദ്ദേഹം ചതുർവിധോപായങ്ങളെക്കൊണ്ടും പിതാവിനേക്കാൾ അത്യധികമായ അഭിവൃദ്ധിയോടുകൂടെ രാജ്യഭരണംനടത്തിവന്നു. സൎവ്വവിദ്യകളും അറുപത്തിനാലുകലകളും അദ്ദേഹത്തിനു സ്വാധീനമായിരുന്നു. ബ്രാഹ്മണഭക്തിയും ആചാരധൎമ്മനയവിനയങ്ങളും, പരമശിവഭക്തിയും യശോധൈൎയ്യവീൎയ്യങ്ങളും, രാജശേഖര പാണ്ഡ്യനെപ്പോലെ മറെറാരുത്തൎക്കും ഇല്ലായിരുന്നു. എങ്കിലും പരമശിവനിലുള്ള ഭക്തിവിശ്വാസങ്ങൾകൊണ്ടു ശിവനടനംമാത്രം അവർ അഭ്യസിച്ചില്ല. പാണ്ഡ്യസാൎവ്വഭൌമനായ രാജശേഖരപാണ്ഡ്യൻ സൎവ്വവിദ്യാവിശാരദൻ എന്നും സകലകലാദക്ഷൻ എന്നും ഉള്ള പ്രസിദ്ധി ലോകംഎങ്ങും പരന്നു. ഇതിനെ ജംബുനാഥഭക്തനും ചോളഭൂപാലകനുമായ കരികാലഭൂപൻകേട്ടു് തനിയ്ക്കും എല്ലാവിദ്യകളും കലകളും അഭ്യസിക്കണമെന്നു നിശ്ചയിച്ചു കാലതാമസമെന്യെ സൎവ്വവും അഭ്യസിച്ചു. ചോളാധിപനായ കലികാലഭൂപനു നൎത്തനവും വശമായിരുന്നു. രാജശേഖരപാണ്ഡ്യനു് നൃത്തം വശമല്ലെന്നുള്ള വിവരം അദ്ദേഹത്തിനു അറിയാനും പാടില്ലായിരുന്നു. ഇങ്ങനെ സൎവ്വവിദ്യാവിശാരദന്മാരും സകലകലാവല്ലഭന്മാരുമായ പാണ്ഡ്യചോളാധിപന്മാർ ഭൂപരിപാലനവും നടത്തി സസുഖം വസിക്കുന്നകാലത്തിൽ ഒരിക്കൽ ഒരു വിദ്വാൻ ചോളരാജധാനിയിൽ ചെന്നിരുന്നു. ആ വിദ്വാനും ചോളഭൂപാലകനുംകൂടി അന്യോന്യം അനവധിവിദ്യാപരീക്ഷകൾ നടത്തുകയും ബുദ്ധിമാനായ ആ വിദ്വച്ഛിരോമണിക്കു അനവധിധനം സമ്മാനമായി നൽകുകയും ചെയ്തു.

ചോളഭൂപൻെറ സംഭാവനയായി കിട്ടിയ അവസാനമില്ലാത്തദ്രവ്യവും ചുമപ്പിച്ചുകൊണ്ടു് ആ വിദ്വാൻ അനന്തരം വിക്രമപാണ്ഡ്യസന്നിധാനത്തിൽ പോയി അദ്ദേഹവുമായും പലവിദ്യാ പരീക്ഷണങ്ങൾ നടത്തി. ആ വിദ്വാൻ ഒടുവിൽ പാണ്ഡ്യഭൂപനെ ഏററവും പ്രശംസിച്ചുംകൊണ്ടു് അദ്ദേഹത്തെ നോക്കി അല്ലയോസാർവഭൌമനായ പാണ്ഡ്യരാജരത്നമെ; അങ്ങുസകലകലാവല്ലഭൻ തന്നെ. അങ്ങേപ്പോലെ സമ്പത്തും കീൎത്തിയും മററാൎക്കും ഇല്ല. മഹാപ്രഭുവായ അങ്ങെ എല്ലാ ജനങ്ങളും സ്തുതിക്കുകയും ചെയ്യുന്നു. അങ്ങു് ഐശ്വൎയ്യംകൊണ്ടു് രാജരാജനിഭനും പ്രതാപംകൊണ്ടു് ആദിത്യതുല്യനും ആണെങ്കിലും ചോളാധിപനായ കലികാലനെപ്പോലെ അങ്ങേയ്ക്കു എല്ലാകലകളും അറിയാൻ പാടില്ല. ഞാൻ ചോളരാജ്യത്തിൽപോയി കലികാലനെക്കണ്ടു അവനു് നൃത്തവിദ്യകൂടി അറിയാം. രാഗതാളസമന്വിതമായ അവൻെറ നൃത്തം കണ്ടാൽ സാക്ഷാൽ നടേശമൂൎത്തിയായ പരമശിവനും അന്ധാളിച്ചുപോകും. നിനക്കുനൃത്തവിദ്യ വശമില്ലെന്നു എല്ലാ

വരും പറയുന്നു. നൃത്തവിദ്യ നിന്നെക്കൊണ്ടുപഠിക്കാൻ. സാധിക്കുകയില്ലെന്നാണു് കലികാലന്റെ അഭിപ്രായം എന്നുപറഞ്ഞു.

രാജശേഖരൻ അതുകേട്ടു് അത്യന്തം ലജ്ജയോടുകൂടെ, ഓരോരുത്തൎക്ക് ഓരോന്നു് അറിവുണ്ടെന്നല്ലാതെ എല്ലാം അറിഞ്ഞവരായി ലോകത്തിൽ ആരുംതന്നെയില്ലല്ലൊ എന്നിങ്ങനെഗ്രഡബുദ്ധിയായ അവൻ സമ്പ്രദായത്തിൽ പറഞ്ഞിട്ടു് ഒന്നും മിണ്ടാതെ കാൽകൊണ്ടു് ഭൂമിയിൽ വരച്ചുംകൊണ്ടു് കുറേനേരത്തോളവും നിന്നു. അനന്തരം അദ്ദേഹം മന്മവാദിയായ . അവിദ്വാനു് വിലതീരാത്ത അനവധി ആഭരണങ്ങളും വസ്ത്രങ്ങളും സമ്മാനം നല്കിപ്പറഞ്ഞയച്ചു.

അതിന്റെ ശേഷം രാജശേഖരപാണ്ഡ്യൻ സ്വയമേവ നൃത്തവിദ്യ അഭ്യസിക്കണമെന്നു നിശ്ചയിച്ചു് വമപാദം പൊക്കിപ്പിടിച്ചുകൊണ്ടു നൃത്താഭ്യാസം ആരംഭിച്ചു. ഇങ്ങനെ കുറേദിവസം നൃത്താഭ്യാസം ചെയ്തപ്പോൾ പരമശിവഭക്തനായ രാജശേഖരപാണ്ഡ്യന്റെ ഹൃദയാകാശത്തിൽ താഴെ വരുമാറു ചിലവിചാരങ്ങൾ ഉദിച്ചു. അതായതു, നടേശമൂൎത്തിയായ പരമശിവന്റെ നൃത്തലീലയെ ഇനിക്കു ചെയ്യാമൊ? ചോളഭൂപനെ ജയിക്കണമെങ്കിൽ അതുപഠിക്കാതെ കഴിയുകയും ഇല്ലാ, ഒരുകാൽ പൊക്കിപ്പിടിച്ചുകൊണ്ടു് അല്പദിവസമായിട്ടു നൎത്തനം ചെയ്തതിൽവച്ചു് ഇനിക്കു ഇതില്പരമില്ലാത്ത വിഷമങ്ങളും പ്രയാസങ്ങളും തോന്നുന്നു അപ്പോൾ അനവധി നാളായിട്ടു് താണ്ഡവത്തെ ഒരുലീലയായി മുട്ടാതെ നടത്തിക്കൊണ്ടു വരുന്ന പരമശിവനു് അതു എത്രമാത്രം അസഹ്യവും ദുഃഖകരവും ആയിരിക്കണം. അഖവാസൎവ്വഭാരസഹിഷ്ണുവും ക്ലേശരഹിതനുമായ അദ്ദേഹത്തിനു് നൃത്തംകൊണ്ടു യാതൊരു ക്ലേശവും ഇല്ലെന്നുവരുമൊ എന്നുംമറ്റും ആയിരുന്നു.

രാജശേഖരപാണ്ഡ്യൻ ഇങ്ങനെയുള്ള വിചാരങ്ങളോടുകൂടെ ഖേദവ്യാകുലമാനസനായി നൃത്താഭ്യാസം ചെയ്തുവരുന്ന കാലത്തിൽ ഒരിക്കൽ ഒരു ശിവരാത്രിദിവസം അൎദ്ധരാത്രി ആയപ്പോൾ പതഞ്ജലിയുടെ അപേക്ഷാനുസരണം പരമശിവൻ മുടങ്ങാതെ രജതസഭയിൽ വച്ചു നടത്തുന്ന താണ്ഡവം കണ്മാനായിപ്പുറപ്പെട്ടുപോയി. അവിടെ ചെന്നു് അനേകായിരം ഉരുപഞ്ചാക്ഷരം ജപിച്ചും ഹൃദയംഗമങ്ങളായ അനവധി സ്തോത്രഗാനങ്ങൾ പാടിയും താണ്ഡവമൂൎത്തിയായ നടേശനെ പ്രസാദിപ്പിച്ചിട്ടു തൽസന്നിധാനത്തിൽ ഇരുന്നു നൃത്തം കണ്ടാനന്ദിച്ചുകൊണ്ടു വസിച്ചു. അപ്പോൾ, തനിക്കുനൃത്തം ചെയ്യുമ്പോൾ തോന്നിയിട്ടുള്ള പ്രയാസങ്ങളും ദുഃഖങ്ങളും ഓൎമ്മവരികയാൽ ഭക്തവത്സലനും കരുണാനിധിയും ആയ താണ്ഡവമൂൎത്തിയിങ്കൽ അപാരമായ ഭക്തിവിശ്വാസങ്ങളോടുകൂടിയ ഭക്താഗ്രേസരനായ രാജശേഖരപാണ്ഡ്യൻ ഭഗവാനെ നോക്കി ശപഥംചെയ്തുകൊണ്ടു് ഇപ്രകാരം പറഞ്ഞു:—

അല്ലയോ ഭഗവാനെ! പരമാനന്ദ താണ്ഡവപണ്ഡിത! പഞ്ചകൃത്യങ്ങളേയും മററുലീലകളേയും ചെയ്യുന്നതിൽ അതിവിചക്ഷണനായിട്ടു

ള്ളോവേ! അങ്ങ് നടനശ്രമശാന്തിക്കുവേണ്ടി വളരെ സമയമായിട്ടെ ഉയൎത്തിപ്പിടിച്ചുകൊണ്ടു നൎത്തനം ചെയ്യുന്ന ഈ ഇടത്തുകാൽ ഊന്നിനിന്നുകൊണ്ടു ഇനിവലത്തേകാൽപൊക്കിനൎത്തനം ചെയ്യുക. ഒററക്കാൽ ഊന്നിയുംകൊണ്ട് മറേറക്കാൽ പൊക്കി വളരെനേരം നൃത്തം ചെയ്യുന്നതുപോലെ ശ്രമകരവും ദുഃഖകാരണവും ആയ പ്രവൃത്തി മറെറാന്നുംതന്നെയില്ല ഇതു ഞാൻ അനുഭവിച്ചുതന്നെ അറിഞ്ഞതാണ്. അതുകൊണ്ടു തിരുവടിഇപ്പോൾ പൊക്കിപ്പിടിച്ചിരിക്കുന്ന കാൽ ഊന്നിമറേറകാൽ പൊക്കിനൎത്തനംചെയ്യാതെ ഇപ്പോൾ പൊക്കിപ്പിടിച്ചിരിക്കുന്ന കാൽതന്നെഇനിയും പൊക്കിപ്പിടിച്ചുംകൊണ്ടു നൎത്തനം ചെയ്യുകയാണെങ്കിൽ ഞാൻ ഈ വാളുകൊണ്ടു എന്റെകഴുത്തുവെട്ടി അങ്ങയുടെ മുമ്പിൽ മരിക്കുന്നുണ്ട്. രാജാവു ഇപ്രകാരം പറഞ്ഞുംകൊണ്ടു ഉറയിൽനിന്നും വാളൂരിഎടുത്തു അല്പംപോലും ശരീരസ്നേഹം ഇല്ലാതെ ഗളഖണ്ഡനം ചെയ്വാൻ തുടങ്ങിയതിനെ പതഞ്ജലിയുടെയും വ്യാഘ്രപാദന്റെയും അപേക്ഷപ്രകാരം ദ്വാദശാന്തസ്ഥാനത്തിൽ താണ്ഡവം ചെയ്തുകാണിച്ചു കൊടുത്ത ഹാലാസ്യനാഥനായ സുന്ദരേശ്വരൻ ആത്മഭക്തനായ ആ രാജശേഖരന്റെ അഭിപ്രായം മനസ്സിലാക്കിയും കൊണ്ടു ഇടത്തുകാൽ ഊന്നി ഉദഞ്ചിതാകുഞ്ചിതവാമപാദനായി അതിരമ്യവും അത്യത്ഭുതവും ആയ വ്യത്യസ്ത താണ്ഡവംതുടങ്ങി. ഉടൻതന്നെ വിഷ്ണുതുടങ്ങിയുള്ള സൎവവിബുധന്മാരും ആഗതന്മാരാവുകയും അപ്സരസ്ത്രീകൾ നൃത്തഗാനങ്ങൾ തുടങ്ങുകയും കല്പകപ്പൂക്കൾ വൎഷിച്ചു പരമശിവനെ മൂടുകയും പരമാനന്ദമത്തരായ ദേവർഷിഗണങ്ങൾ വേദഘോഷം തുടങ്ങുകയും ചെയ്തു.

രാജശേഖരപാണ്ഡ്യനും അദ്ദേഹത്തിന്റെ മന്ത്രിസത്തമന്മാരും മധുരാപുരവാസികളായ എല്ലാ ആളുകളും ശിവരാത്രിപ്രമാണിച്ചു അന്യദിക്കുകളിൽ നിന്നും വന്നുകൂടിയിട്ടുള്ള പുരുഷാരങ്ങളും ഒരുപോലെ താണ്ഡവമൂൎത്തിയായ ഹാലാസ്യനാഥന്റെ അത്യത്ഭുതകരവും ഹൃദയാകൎഷകവും മനോമാലിന്യ നാശകരവും ഭക്തിസംവൎദ്ധകവും സൎവപാപഹരവും, സൎവസമ്പൽസമൃദ്ധിദായകവും, ആയ വ്യത്യസ്തതാണ്ഡവം കണ്ടു് ചിലർ ഭക്തിപൂൎവം സാഷ്ടാംഗ പ്രണാമം ചെയ്യുകയും, ചിലർ പൂജിക്കുകയും മററുചിലർ സ്തുതിക്കുകയും വേറേചിലർ ധ്യാനിക്കുകയും, അന്യന്മാർ നൎത്തനം ചെയ്യുകയും മററുചിലർ പഞ്ചാക്ഷരം ജപിക്കുകയും വേറേചിലർ ആനന്ദപാരവശ്യംകൊണ്ടു സ്തബ്ധന്മാരാവുകയും ചിലർ ആനന്ദാശ്രുക്കൾ പൊഴിക്കുകയും ചിലർ രോമാഞ്ചകഞ്ചുകന്മാരായി പരമാനന്ദ മനുഭവിക്കുകയും മററുചിലർ ഭക്തിയിൽ മുഴുകി പരവശരാവുകയും ചിലർ ജയജയഘോഷം മുഴക്കുകയും മററുചിലർ സംസാരബന്ധം മറക്കുകയും മററും ചെയ്തു.

പരമശിവന്റെ വ്യത്യസ്തനൎത്തനംകണ്ടു് ദേവന്മാരും, മനുഷ്യരും, മഹർഷിമാരും പ്രാപിച്ച അവസ്ഥയെപ്പററി ആയിരം നാക്കുള്ള അനന്തനെക്കൊണ്ടുപോലും പറഞ്ഞറിയിക്കാൻ ഒക്കുന്നതല്ല. ഭക്ത്യാഗ്രഗണ്യനായ

രാജശേഖരപാണ്ഡ്യൻ രജതസഭാ പതിയായ ഹാലാസ്യനാഥന്റെ അടുക്കൽ ചെന്നിപ്രകാരം സ്തുതിച്ചു.

പരിപൂൎണ്ണപരമാനന്ദ സത്യജ്ഞാനാദ്വയാത്മകം
ഭജാമിസുന്ദരേശാനം മഹദത്ഭുതതാണ്ഡവം. (൧)

ശ്രീമൽപഞ്ചാക്ഷരമയം പഞ്ചകൃത്യൈകകാരണം
ഭജാമിസുന്ദരേശാനം മഹദത്ഭുതതാണ്ഡവം. (൨)

വിശ്വാധികംവിശ്വരൂപം വിശ്വാത്മാനംപരാൽപരം
ഭജാമിസുന്ദരേശാനം മഹദത്ഭുതതാണ്ഡവം. (൩)

യോഗാഭ്യാസരതൈസ്സത്ഭിസ്സദാദ്ധ്യേയംസുസിദ്ധിദം
ഭജാമിസുന്ദരേശാനം മഹത്ഭുതതാണ്ഡവം. (൪)

ഭക്താപൽഭഞ്ജനപരം ഭക്തിഗമ്യംഭവാപഹം
ഭജാമിസുന്ദരേശാനം മഹദത്ഭുതതാണ്ഡവം. (൫)

ഭോഗമോക്ഷപ്രദംപുംസാ മാഗമാന്തൈരഭിഷ്ടുതം
ഭജാമിസുന്ദരേശാനം മഹദത്ഭുതതാണ്ഡവം. (൬)

ദ്വാദശാന്തഗതംസൂക്ഷ്മം സോമസൂൎയ്യാഗ്നികോടിഭം
ഭജാമിസുന്ദരേശാനം മഹദത്ഭുതതാണ്ഡവം. (൭)

ഷഡ്ത്രിംശൽസത്വസോപാന മഹാപ്രാസാദമദ്ധ്യഗം
ഭജാമിസുന്ദരേശാനം മഹദത്ഭുതതാണ്ഡവം. (൮)

കാലാതീതംകാലകാലം കലാധരകലാധരം
ഭജാമിസുന്ദരേശാനം മഹദത്ഭുതതാണ്ഡവം. (൯)

സൂക്ഷ്മപഞ്ചാക്ഷരീഭൂത പ്രണവാകാമദ്ധ്യഗം
ഭജാമിസുന്ദരേശാനം മഹദത്ഭുതതാണ്ഡവം. (൧൦)

നിവൃത്ത്യാദികലാതീതം നിത്യംസകളനിഷ്കളം
ഭജാമിസുന്ദരേശാനം മഹാത്ഭുതതാണ്ഡവം. (൧൧)

സൎവ്വസമ്പല്ക്കരസത്യ സൎവ്വാപദ്ഭഞ്ജനക്ഷമം
ഭജാമിപുരേശാനം മഹദത്ഭുതതാണ്ഡവം. (൧൨)

പിതാമഹസംഘൈൎവ്വിബുധൈൎവ്വിശിഷ്ടൈ
വിദ്യാവിശേഷാച്ചിതപാദപത്മ!

ൟൻ

ഹാലാസ്യനാഥായനമോസ്തുഭ്യം
ശ്രീസുന്ദരേശാത്ഭുതതാണ്ഡവേശ! (൫൨)

മഹാതാണ്ഡവപണ്ഡിതനായ സുന്ദരേശനെ രാജശേഖരപാണ്ഡ്യൻ ഭക്തിപാരവശ്യത്തോടുകൂടെ പിന്നെയും. പിന്നെയും ഇപ്രകാരം സ്തുതിച്ചിട്ടു വീണ്ടും വീണ്ടും നമസ്കരിക്കുകയും, ഞാൻ കൃതാൎത്ഥനായി! ഞാൻ കൃതാൎത്ഥനായി! എന്നിങ്ങനെ തന്നത്താൻ പറയുകയും ചെയ്തു.

അനന്തരം രാജശേഖരപാണ്ഡ്യൻ ഭക്താൎത്തിഭഞ്ജനനും ആശ്രിതവത്സലനും ആയ ഭഗവാനോട്, അല്ലയോ നടേശ! അങ്ങ് അങ്ങയുടെ സുന്ദരമായ വാമപാദത്തെ കുറഞ്ഞൊന്നു പൊങ്ങിച്ചുകൊണ്ട് ഭൂമിതലത്തിലെ അനവധി ക്ഷേത്രങ്ങളിൽ നൎത്തനംചെയ്യുന്നുണ്ട്. എന്നാൽ ഇടത്തേക്കാൽ പൊക്കിപ്പിടിച്ചുകൊണ്ടുള്ള വ്യത്യസ്തനൃത്തം മറെറങ്ങും ചെയ്യുന്നില്ല. അതുകൊണ്ട് മഹാദത്ഭുതകരവും, അത്യന്തമോഹനവും ദർശനമാത്രത്താൽ തന്നെ സൎവ്വപാപവിനാശകാരണവും ആയ ഈ വ്യത്യസ്തനൃത്തത്തെ ലോകാനുഗ്രഹത്തിനുവേണ്ടിയും എൻെറ വംശാഭിവൃദ്ധിക്കായും എല്ലാക്കാലവുംചെയ്തുകൊണ്ട് ഇവിടെ വസിക്കണമെന്നു എനിക്കൊരു വലുതായ അപേക്ഷയുണ്ടെന്നു പറഞ്ഞു.

രാജശേഖരപാണ്ഡ്യൻ ഇപ്രകാരം പ്രാൎത്ഥിച്ചപ്പോൾ, അപ്രകാരം ചെയ്യാമെന്നു സമ്മതിച്ചതായി ആകാശത്തിൽനിന്നും 'ഓം, 'ഓം' എന്നിങ്ങനെ ഒരുശബ്ദം കേൾക്കാറായി. രാജശേഖരപാണ്ഡ്യൻ അതുകേട്ട്, വീണ്ടും സന്തുഷ്ടനായ താണ്ഡവമൂൎത്തിയെ പിന്നെയും പിന്നെയും പലതവണയും പ്രണമിക്കുകയും, അത്യന്തം ഭക്തിയോടുകൂടെ ഭക്തവത്സലനും കരുണാനിധിയുമായ ഭഗവാൻെറ സ്നേഹവാത്സല്യവിലാസത്തെപ്പററി ഏററവും ചിന്തിക്കുകയും ഛത്രവും ചാമരവും രത്നസിംഹാസനവും മുത്തുമാലയും വ്യത്യസ്തതാണ്ഡവമൂൎത്തിയായ അദ്ദേഹത്തിനു പ്രദാനംചെയ്യുകയുംചെയ്തു. അന്നുമുതല്ക്കാണു് കദംബവനവാസിയായ ഹാലാസ്യനാഥനു് വ്യത്യസ്തനൃത്തകൎത്താവെന്നുള്ള ഒരുനാമധേയംകൂടെ ഉണ്ടായതു്.

അല്ലയോ മഹർഷിപുംഗവന്മാരേ! സുന്ദരേശ്വരൻെറ അതിസുന്ദരമായ ഈ വ്യത്യസ്തതാണ്ഡവത്തെ നിത്യവും ധ്യാനിക്കുന്നവൎക്ക സൎവ്വകാൎയ്യങ്ങളും സിദ്ധിക്കുകയും, ദുരിതങ്ങൾ നശിക്കുകയുംചെയ്യും. രാജശേഖരപാണ്ഡ്യൻ സുന്ദരേശ്വരൻെറ വ്യത്യസ്തനൃത്തംകണ്ട് അന്നുരാത്രിമുഴുവൻ രജതയിൽത്തന്നെ കഴിച്ചുകൂട്ടി പിറേറദിവസം രാവിലെ രാജമന്ദിരത്തിൽ പോയി ശിവരാത്രി വ്രതത്തിൻെറ പാരണയുംവീടി. അന്നുതുടങ്ങി അവസാനകാലംവരേയും എടവിടാതെ രാവും പകലുമൊന്നു പോലെ സുന്ദരേശ്വരമൂൎത്തിയുടെ ആ അത്ഭുതകരമായ വ്യത്യസ്തനൃത്തത്തെയും സ്മരിച്ചു സ്മരിച്ചു് ജീവിതശേഷത്തെ നയിച്ചു. ദേശാന്തരസഞ്ചാരികളായ വിപ്രന്മാരും മററനേകായിരം

പുരുഷാരങ്ങളും ഈ അത്ഭുതനൃത്തംകേട്ടു മധുരയിൽവന്നു് പരമശിവനെ കൂപ്പിസ്തുതിച്ചു സകലാഭീഷ്ടങ്ങളേയും സമ്പാദിച്ചു.

വ്യത്യസ്തതാണ്ഡവേശനായ ഹാലാസ്യനാഥന്റെ കൃപാകടാക്ഷംകൊണ്ടു് ഈ കാലത്തിൽ രാജശിരോമണിയായ രാജശേഖരപാണ്ഡ്യന്നു് പാലാഴിക്കു് ചന്ദ്രൻ എന്നപോലെ കുലോത്തുംഗൻ എന്ന പേരോടുകൂടെ ഒരു പുത്രനും ഉണ്ടായി; രാജശേഖരൻ പുത്രസമേതം അനവധികാലം ദേവലോകത്തെ ജയന്തനോടുകൂടെ ദേവേന്ദ്രൻ എന്നപോലെ ക്ഷേമകരമാംവണ്ണം പരിപാലിച്ചു.

ഹാലാസ്യനാഥനായ സുന്ദരേശ്വരന്റെ ഭക്തിമയവും പരിപാവനവും ആയ ഈ ലീലയെ കേൾക്കുകയും പഠിക്കുകയും ചെയ്യുന്നവർക്കു് ഇഹലോകസൌഖ്യവും പരഗതിയും നിസ്തർക്കമായും ലഭിക്കുന്നതാണു്.

൨൪-ാം അദ്ധ്യായം ഇരുപത്തിനാലാം ലീല

സമാപ്തം.

# ഹാലാസ്യമാഹാത്മ്യം.

## കേരളഭാഷാഗദ്യം

## ൨൫-ാം അദ്ധ്യായം.

## വിപ്രപത്നീവധനിരൂപണം എന്ന

## ഇരുപത്തഞ്ചാമത്തെ ലീല.

വസിഷ്ഠാദിമഹർഷികൾ വീണ്ടും കുംഭസംഭവനെ നോക്കി അല്ലയോ അഗസ്ത്യമഹർഷേ! സുന്ദരേശ്വര വൈഭവങ്ങളെ ഇനിയും ഞങ്ങളെ കേൾപ്പിക്കുക. കേൾക്കുംതോറും ഞങ്ങൾക്ക മേല്ക്കുമേൽ കേൾക്കണമെന്നുള്ള ആഗ്രഹം വർദ്ധിച്ചുതന്നെ വരുന്നു എന്നിങ്ങനെപ്പറഞ്ഞു.

അഗസ്ത്യമഹർഷി അതുകേട്ടു്, പരമശിവന്റെ അതിമനോഹരങ്ങളും ദിവ്യങ്ങളും ആയ ലീലകളെ കേൾക്കുന്നതിൽ അത്യന്തം താല്പര്യത്തോടുകൂടിയവരായ നിങ്ങളെ ഇനി ഞാൻ ഹാലാസ്യനാഥനായ അദ്ദേഹം ബ്രാ

മഹാപാപിവധനിരൂപണത്തിനായി കൈക്കൊണ്ട ലീലയെ കേൾപ്പിക്കമെന്നും പറഞ്ഞു് ഇപ്രകാരം പറഞ്ഞുതുടങ്ങി.

അല്ലയോ വസിഷ്ഠാദിതാപസവൎയ്യന്മാരെ! രാജശേഖരപാണ്ഡ്യൻ ശിവസാരൂപ്യംപ്രാപിച്ചതിൻശേഷം അദ്ദേഹത്തിന്റെ പുത്രനായ കുലോത്തുംഗപാണ്ഡ്യൻ മധുരാസാമ്രാജ്യത്തെ ഭരിച്ചുവന്നു. ദേവബ്രാഹ്മണഭക്തനും സദാചാരതല്പരനുമായ അദ്ദേഹത്തിന്റെ രാജ്യഭരണം പ്രജകൾക്കു വളരെ വളരെക്ഷേമകരമായിരുന്നു. വ്യത്യസ്തതാണ്ഡവമൂൎത്തിയായ സുന്ദരേശ്വരസേവയോടുകൂടെ രാജ്യഭരണം നടത്തിവന്ന കുലോത്തുംഗപാണ്ഡ്യൻ ആയിരം ഭാൎയ്യമാരെ വിവാഹം കഴിച്ചു. ഭാൎയ്യമാരിൽ ഓരോരുത്തൎക്കു് ആറാറുമക്കൾവീതവും ഉണ്ടായി. അവരിൽവെച്ചു് അഗ്രജൻ അനന്തഗുണപാണ്ഡ്യൻ ആയിരുന്നു. പിതാവായ കുലോത്തുംഗൻ എല്ലാപുത്രന്മാരോടുംകൂടെ രാജ്യപരിപാലനംചെയ്യുന്ന ആ കാലത്തിൽ ഒരിക്കൽ നവപുരത്തിൽ പാൎക്കുന്ന ഒരു ബ്രാഹ്മണശ്രേഷ്ഠൻ അദ്ദേഹത്തിന്റെഭാൎയ്യയോടും മുലകുടിമാറാത്ത ഏകപുത്രനോടുംകൂടെ മധുരാപുരിയിൽ ഉള്ള അദ്ദേഹത്തിന്റെ ശ്വശുരാലയത്തിലേയ്ക്കായി യാത്രതിരിച്ചുവരുമ്പോൾ മാൎഗ്ഗശ്രമംകൊണ്ടു് തൃഷാൎത്തരായ അവർ വഴിമദ്ധ്യേയുള്ള ഒരു അരയാൽചുവട്ടിൽ വഴിയാത്രകൊണ്ടുണ്ടായ ക്ഷീണം തീൎക്കാനായിക്കയറിയിരുന്നുകൊണ്ടു് ദാഹശമനത്തിനായി വെള്ളം എവിടെയുണ്ടെന്നന്വേഷിച്ചപ്പോൾ കുറെഅകലത്തിൽ ഒരു തടാകം കാണുകയാൽ ആ ബ്രാഹ്മണശ്രേഷ്ഠൻ പത്നിയോടു പുത്രനേയുംവെച്ചുകൊണ്ടു് അവിടെ ഇരിക്കാൻ പറഞ്ഞിട്ടു് പാനീയം കൊണ്ടുവരാനായി അദ്ദേഹം അതിവേഗത്തിൽ തടാകംനോക്കിപ്പോയി.

കുഞ്ഞിനേയുംവെച്ചുകൊണ്ടു് ആ ബ്രാഹ്മണസ്ത്രീ ആൽച്ചുവട്ടിലും ഇരുന്നു. മുമ്പൊരിക്കൽ ഒരു കാട്ടാളൻ ആ ആലിന്മുകളിൽ ഇരുന്ന ഒരു ശുകത്തെ വധിക്കുന്നതിന്നായി ഒരു അസ്ത്രം പ്രയോഗിച്ചതു ലാക്കുതെറ്റിപ്പോവുകയാൽ ഒരു വടപത്രത്തിൽ തച്ചുകേറിയതു ഈ അവസരത്തിൽ ആലുംമുകളിൽത്തൂങ്ങിക്കിടക്കുന്നുണ്ടായിരുന്നു. ബ്രാഹ്മണൻ വെള്ളംകൊണ്ടുവരാനായിപ്പോയി കുറെക്കഴിഞ്ഞപ്പോൾ അതേവരെയും ഇലയിൽകൊരുത്തുതൂങ്ങിക്കിടന്നിരുന്ന ആ നിശിതവിശിഖം കാററടിക്കുകയാൽ ഇലയിൽനിന്നുംപറിഞ്ഞു് അധോമുഖമായി വീഴുകയും, ആ അസ്ത്രംതൂങ്ങിക്കിടന്നിരുന്നതിനുനേരെ താഴത്തു കുട്ടിയേയും കളിപ്പിച്ചുകൊണ്ടിരുന്ന അന്തണസ്ത്രീയുടെ കണ്ഠത്തിൽ വന്നുകൊണ്ടു് അവൾ ധൎമ്മരാജാലയംപ്രാപിക്കുകയും ചെയ്തു.

ഭൎത്താവായ അന്തണശ്രേഷ്ഠൻ ജലവുംകൊണ്ടുവന്നു നോക്കിയപ്പോൾ ഭാൎയ്യ ചത്തു മറിഞ്ഞുകിടക്കുന്നു. അനാഥയായകുട്ടി നിലത്തുകിടന്നുകരയുന്നു. സാധുവായവിപ്രൻ അതുകണ്ടു് ഇതില്പരമില്ലാത്ത വ്യസനത്തോടുകൂടെ മാറത്തടിച്ചുനിലവിളിതുടങ്ങി. പരലോകപ്രാപ്തയായ ആ തരുണീരത്നത്തിന്റെ വിലതീരാത്തതായ പലപല സൽഗുണങ്ങളേയും സൌന്ദൎയ്യവിലാസത്തേയും മാതൃഹീനമായ ശിശുവിനെരക്ഷിക്കുന്നതിനുള്ള ദുൎഘടങ്ങളേ

യും മററുംപററിതന്നത്താൻ പറയുകയും വിലാപിക്കുകയും ചെയ്യുന്നതും അതിസൌന്ദൎയ്യവതിയായ ഒരു അന്തൎജ്ജനസ്ത്രീരത്നം ഗതജീവിതയായിക്കിടക്കുന്നതും പാലുകുടിമാറാത്ത ഒരു കുട്ടി ഇതെല്ലാം കണ്ടു എന്തെന്നറിയാതെസംഭ്രമിക്കുന്നതും ഒക്കെക്കൂടികണ്ടാൽ ഏതൊരു കഠിനഹൃദയന്റെ മാനസവും വെണ്ണപോലെ ഉരുകിപ്പോകും. ഭാൎയ്യയുടെ ഗുണഗണങ്ങളെപ്പററി വീണ്ടും വീണ്ടും സ്മരിക്കുകയും വിലാപിക്കുകയും ചെയ്തുകൊണ്ടു അതിശോകാബ്ധിയിൽ ആ വിപ്രോത്തമൻ കുറെനേരംകൊണ്ടു് മൂൎച്ഛയോടുകൂടെ നിമഗ്നനായി. അല്പംകഴിഞ്ഞപ്പോൾ പ്രജ്ഞയുണ്ടായി നാലുപാടും ആൎത്തിയോടുകൂടെ നോക്കിയപ്പോൾ പക്ഷ്യാന്വേഷണതല്പരനായ ഒരു കാട്ടാളൻ കുറെ ദൂരത്തിൽകൂടെ ഓടിപ്പോകുന്നതു ആ വിപ്രൻകണ്ടു്, ഉന്മത്തനെപ്പോലെഓടിച്ചെന്നു് അവന്റെ കുടുമമയ്ക്കുകടന്നുപിടികൂടിയുംകൊണ്ടു്, എടാ,ദുഷ്ട! ദുൎമ്മതേ! കാട്ടാളാധമ! നീ എന്റെ ഭാൎയ്യയെ എന്തിന്നു് കൊന്നു? നീ മനുഷ്യമാംസംതിന്നുമോ? എന്നിങ്ങനെ പലതുംപറഞ്ഞു് ഭത്സിച്ചുകൊണ്ടു് അവനെ അഞ്ചെട്ടു പത്തുതല്ലി.

ആ വിചാരിതമായിട്ടുണ്ടായ ഈ സംഭവങ്ങൾകണ്ടു് അത്യന്തം വിഷണ്ണനായകാട്ടാളൻ അല്ലയൊ വിപ്രോത്തമ! അങ്ങു് കോപിക്കരുതേ! ഞാൻ അങ്ങേഭാൎയ്യയെ കണ്ടതുമില്ല;കേട്ടതുമില്ല. നിരപരാധിയായ ഒരു അന്തൎജ്ജനസ്ത്രീയെ ഞാൻ എന്തിന്നുവേണ്ടിക്കൊല്ലുന്നു. അവിടത്തെ ഭാൎയ്യയെഞാൻ കൊന്നിട്ടില്ല. അങ്ങനെ അവിടുന്നുശങ്കിക്കരുതു്. അവിടത്തെ ഭാൎയ്യയുടെ മരണഹേതുവിനെപ്പററി അവിടുന്നു വഴിപോലെ അന്വേഷിച്ചോ? അന്വേഷിക്കാതെ ആരുടെയുംമേൽകുററംചുമത്തുന്നതു് ശരിയല്ലെന്നുംമററും പല സമാധാനങ്ങൾ പറഞ്ഞിട്ടും ബ്രാഹ്മണൻ കേൾക്കാതെ കാട്ടാളനേയും പിടിച്ചു് കുട്ടിയേയും എടുത്തുംകൊണ്ടു് രാജമന്ദിരത്തിലേക്കു തിരിച്ചു. അവിടെച്ചെന്നു് ബ്രാഹ്മണക്കുട്ടിയോടുകൂടെ വളരെ ഉച്ചത്തിൽ നിലവിളിച്ചു. മന്ത്രിമാർ അതുകേട്ടു് കാൎയ്യമെന്തെന്നു ചോദിച്ചു. ബ്രാഹ്മണൻ അതുകേട്ടു മാറത്തടിച്ചുനിലവിളിച്ചുംകൊണ്ടു് ഈകാട്ടാളൻ എന്റെ ഭാൎയ്യയെക്കൊന്നു് എന്നെയും ഈ മുലകുടിമാറാത്ത കുട്ടിയേയും അനാഥരാക്കിക്കളഞ്ഞിരിക്കുന്നെന്നുപറഞ്ഞു. കേട്ടവരെല്ലാം കഷ്ടമെന്നുതന്നെ ഘോഷിച്ചു.

മന്ത്രിമാർ ഉടൻ വിവരം രാജാവിനെ അറിയിച്ചു. അദ്ദേഹം അതിവേഗത്തിൽ വെളിയിൽഇറങ്ങിവന്നു് മൃതകളത്രാന്വിതനും ബാലനോടുകൂടിയവനും, ഭാൎയ്യാമരണംകൊണ്ടു് തലതല്ലിപ്പിടിച്ചു നിലവിളിക്കുന്നവനും ആയ ആ ബ്രാഹ്മണനെക്കണ്ടു്, അത്യന്തം അനുതാപത്തോടുകൂടെ, അല്ലയോ ബ്രാഹ്മണശ്രേഷ്ഠ! അങ്ങുവ്യസനിക്കരുതേ! വ്യസനത്തിനുള്ള കാരണം എന്തുതന്നെ ആയിരുന്നാലും ഞാൻ അതിനു പരിഹാരമുണ്ടാക്കിത്തരാം. വ്യസനകാൎയ്യമെന്തെന്നും ഈ കാട്ടാളൻ ആരാണെന്നും പറയുകയെന്നു ബ്രാഹ്മണനോടുപറഞ്ഞു.

ബ്രാഹ്മണൻ അതുകേട്ടു്, വേടന്റെ നേരെ കയ്യുചൂണ്ടിയും കൊണ്ടു്,

ഈ കാട്ടാളൻ എന്റെ ഭാൎയ്യയെ എയ്തുകൊന്നു. അമ്പിതാണ് കണ്ടാലും! എന്നു പറഞ്ഞു.

ഉടനെ വേടൻ, അയ്യോ, പൊന്നുതമ്പുരാനെ! ഇദ്ദേഹം സത്യമറിയാതെ പറയുകയാണ്. തിരുമേനികൂടെ അതിനെ വിശ്വസിക്കരുതു. ഞാൻ ഇദ്ദേഹത്തിന്റെ ബ്രാഹ്മണിയെ കൊന്നിട്ടില്ല. ഇതു സത്യമാണ എന്നവളരെ താണവീണുപറഞ്ഞു.

രാജാവുടനെ ചില നല്ലവാക്കുകൾ വീണ്ടും പറഞ്ഞ് ബ്രാഹ്മണന്റെ ശോകത്തെ കുറെ അടക്കീട്ട് വേടനെനോക്കി, എടോ കാട്ടാളാധമ! നീ കളവുപറയുന്നോ? കള്ളം പറഞ്ഞാൽ നിന്നെഞാൻവധിക്കും. സത്യംപറഞ്ഞാൽ നിന്നെ രക്ഷിച്ചുകൊള്ളാം. അതുകൊണ്ടു സത്യംപറഞ്ഞേക്കുക. അതാണ നിനക്കുനല്ലതു എന്നിങ്ങനെ വളരെ ഗാംഭീൎയ്യസ്വരത്തിൽ പറഞ്ഞു.

വേടൻ അതുകേട്ടു മുമ്പത്തേതിലും ഏററവും ഭയത്തോടുകൂടെ നിലവിളിച്ചുംകൊണ്ടു, അല്ലയോ പൊന്നുതമ്പുരാനേ! നിന്തിരുവടി അടിയനെ രക്ഷിക്കണം. അടിയൻ ഒരുകാലത്തും ഇതുചെയ്തിട്ടില്ലെന്നുള്ളതു സത്യമാണ്. തിരുമനസ്സുകൊണ്ടെങ്കിലും ആലോചിച്ചുവേണമേ കല്പിക്കാൻ എന്നു പറഞ്ഞു.

രാജാവിനു വേടന്റെ വാക്കുകളെകേട്ടതിൽ പലസംശയങ്ങളും ഉണ്ടായി. അനന്തരം അദ്ദേഹം, ബ്രാഹ്മണനോടു ഇങ്ങനെപറഞ്ഞു:—

"അല്ലയോ ബ്രാഹ്മണശ്രേഷ്ഠ! ഈ കാട്ടാളൻ കുററംഏല്ക്കുന്നില്ല. ഇവൻ ബ്രാഹ്മണിയെ കൊല്ലുന്നതുകണ്ടതായി അന്യസാക്ഷികളും ഇല്ല. അന്യതെളിവും ഗൂഢവിചാരണയും കൂടാതെ ഉടനടി ഇവനെ ഈ വിഷയത്തിൽ എങ്ങനെശിക്ഷിക്കും. അതുകൊണ്ട് കൃത്യത്തെപ്പററി അന്വേഷിച്ചിട്ട് ഇവനെ ശിക്ഷിക്കാം. അങ്ങ് മൃതശരീരം കൊണ്ടുപോയി ദഹിപ്പിക്കണം.

ബ്രാഹ്മണൻ അപ്രകാരം സമ്മതിച്ച് മൃതശരീരം എടുപ്പിച്ചുകൊണ്ടുപോയി. രാജാവ് കാട്ടാളനെ ഭൃത്യന്മാരെക്കൊണ്ടു പിടിച്ചു ബന്ധിപ്പിച്ച് താഡിപ്പിച്ച് കാരാഗ്രഹത്തിൽ ഇടുവിച്ചു. അനന്തരം ഈകേസ്സിന്റെ വിസ്തൃതം അറിയുന്നതിലേക്കുള്ള മാർഗ്ഗങ്ങളെപ്പററി മന്ത്രിമാരും വിദ്വാന്മാരും മററുമായി ആലോചിച്ചതിലും യാതൊരു തുമ്പുംകിട്ടായ്കയാൽ മേൽ എന്തോന്നു ചെയ്യേണമെന്നു തോന്നാത്തവനായിത്തീൎന്ന രാജശ്രേഷ്ഠൻ, ഞങ്ങളുടെ കുലദൈവവും, എന്റെ പിതാവിന്റെ അപേക്ഷപ്രകാരം വ്യത്യസ്ത നൃത്തംപോലും ചെയ്ത ആശ്രിതവത്സലനും കരുണാനിധിയും ആയ ഹാലാസ്യനാഥൻ തന്നെ ഇതിന്റെ പരമാൎത്ഥം തെളിയിച്ചുതരണം എന്നുള്ള അപേക്ഷ

യോടുകൂടെ ഉടൻതന്നെ രാജധാനിയിൽനിന്നും തിരിച്ചു് ഹേമപത്മിനിയിൽ പ്പോയി സ്നാനവും ചെയ്തു് ഹാലാസ്യക്ഷേത്രത്തിൽ കടന്നു് അത്യന്തം ഭക്തിയോട്ടം ബ്രാഹ്മണസ്ത്രീമരിച്ചതു് എങ്ങനെയെന്നുള്ള സത്യം വെളിപ്പെടുത്തിത്തരണമെന്നുള്ള പ്രാർത്ഥനയോടുംകൂടെ മീനാക്ഷീദേവിയേയും മൂലലിംഗത്തേയും രാജതസഭാവാസിയായ നൃത്യസ്ഥതാണ്ഡവമൂർത്തിയേയും അഷ്ടാംഗപഞ്ചാംഗത്ര്യാംഗങ്ങളെക്കൊണ്ടു് സ്തുതിക്കുകയും വിവിധങ്ങളായ സ്തോത്രങ്ങളെ ബീജവിശേഷയുക്തമായ പഞ്ചാക്ഷരീമന്ത്രത്തോടുകൂടെജപിക്കുകയുംചെയ്തു.

അനന്തരം ഭഗവാനെ അതിഭക്തിപൂർവ്വം മനസ്സിൽധ്യാനിച്ചുംകൊണ്ടു ആ കുലോത്തുംഗപാണ്ഡ്യരാജാവു്, അല്ലയോ കദംബവനവാസിയായ ഹാലാസ്യനാഥ! സുന്ദരേശ്വരമൂർത്തേ! ഞാൻ ഇന്നോളവും അവിടത്തെ കൃപാകടാക്ഷംകൊണ്ടു് സത്യഭംഗം വരുത്താതെതന്നെ രക്ഷാശിക്ഷകളെ നടത്തിവന്നു. എന്നാൽ ഇപ്പോൾ ഉണ്ടായിട്ടുള്ള ഒരുബ്രാഹ്മണീവധത്തിന്റെ സത്യമറിയുവാൻ ഒരു വഴിയും കാണുന്നില്ല. നിന്തിരുവടിതന്നെ അതിനുമാർഗ്ഗം ഉണ്ടാക്കിത്തരണമെന്നിങ്ങനെ പ്രാർത്ഥിച്ചപ്പോൾ, അല്ലയോ കുലോത്തുംഗപാണ്ഡ്യ! നീ ഇന്നു അർദ്ധരാത്രിയിൽ ഖഡ്ഗപാണിയായി നഗരപരിശോധനയ്ക്കെന്നുള്ള വ്യാജേന ബഹിർപുരത്തിന്റെ നാലുഭാഗത്തും സഞ്ചരിക്കുക. അപ്പോൾ ഞാൻ നിന്റെ ഈ സംശയം തീർത്തുതരാം എന്നിങ്ങനെ അശരീരിവാക്കുകേട്ടു്.

കുലോത്തംഗനൃപൻ അശരീരിവാക്കുകേട്ടു് അത്യന്തം സന്തോഷപൂർവ്വം രാജമന്ദിരത്തിൽ പോയി വിപ്രന്മാരോടുകൂടെ ഭക്ഷണവും കഴിച്ചു് നേരം ഏതുകദേശം അർദ്ധരാത്രിയാകുന്നതുവരേയും കൊട്ടാരത്തിൽതന്നെ ഈ വിചാരത്തോടുകൂടെ വസിച്ചു. അർദ്ധരാത്രി അടുക്കാറായപ്പോൾ ഖഡ്ഗപാണിയായി വെളിയിൽ ഇറങ്ങി ബഹിർപുരത്തിലെങ്ങും ചുററിനടന്നു. ഒടുവിൽ ഒരു വൈശ്യവീഥിയിൽകൂടെ പോകുമ്പോൾ അവിടുള്ള ഒരു വൈശ്യന്റെ മന്ദിരത്തിൽ ചില ആഘോഷങ്ങൾ നടക്കുന്നതുകണ്ടു് എന്താണെന്നറിയാനായി അങ്ങോട്ടുകയറിച്ചെന്നപ്പോൾ അന്നേദിവസം അവിടെ നടക്കാൻ പോകുന്ന ഒരു വിവാഹം പ്രമാണിച്ചാണു് ആഘോഷങ്ങൾ എല്ലാം നടക്കുന്നതെന്നും അവിടെക്കൂടിയിട്ടുള്ള പുരുഷാരങ്ങൾ കല്യാണം പ്രമാണിച്ചുകൂടിക്കിടക്കുകയാണെന്നും മനസ്സിലായി. അനന്തരം അവിടെ നടക്കുന്ന വിശേഷസംഭവങ്ങൾ മുഴുവൻമനസ്സിലാക്കണമെന്നുള്ളവിചാരത്തോടു കൂടെ രാജാവായ കുലോത്തുംഗപാണ്ഡ്യൻ ആ വൈശ്യമന്ദിരവളപ്പിനുള്ളിൽ തന്നെ ഒരു കോണിൽ പതുങ്ങി ഇരുന്നുകൊണ്ടു കല്യാണം പ്രമാണിച്ചു ഓരോരുത്തരും വരുന്നതും പോകുന്നതും, പലപ്രകാരത്തിലുള്ള ആഘോഷങ്ങൾ നടക്കുന്നതുംമററും നോക്കിക്കണ്ടു സന്തോഷിച്ചു.

ഈ അവസരത്തിൽ അദ്ദേഹത്തിന്റെ സമീപത്തിൽ ഇരുന്നിരുന്ന കൃഷ്ണവർണ്ണന്മാരും പനപോലെ ദീർഘമായ ശരീരത്തോടും ഘോരാകൃതിയോ

ട്ടും ഭയംകരങ്ങളായ ദംഷ്ട്രങ്ങളോടും ഭീഷണങ്ങളായ വക്ത്രങ്ങളോടുകൂടിയവരും ദണ്ഡപാശപാണികളുമായ രണ്ടു യമകിങ്കരന്മാരിൽ- ഒരുത്തൻ അന്യനെനോക്കി, എടോ സ്നേഹിത! ഇന്നുവിവാഹം കഴിക്കുന്ന പുരുഷനെ വളരെവേഗത്തിൽ തന്നെ നമുക്കു കാലപുരത്തിൽ കൊണ്ടുപോകണ്ടയോ? നീ എന്താ ആ കാൎയ്യത്തിൽ ഒന്നും അനങ്ങാതെ ഇരിക്കുന്നതു്. എന്നുചോദിക്കുകയും, ഉടനെ മററവൻ, വരട്ടെ, അവൻ അവളെ വേളികഴിക്കട്ടെ! അതിൽപിന്നെ നമുക്കു നോക്കാം. ബദ്ധപ്പെടുന്നതെന്തിനു്? അടുത്തക്ഷണത്തിൽ തന്നെ അക്കാൎയ്യം നമുക്കു വഹിച്ചുകളയാമെല്ലൊ എന്നു ഉത്തരം പറയുകയും ചെയ്തതിനെ കേട്ടു് കുലോത്തുംഗപാണ്ഡ്യൻ ശിവചരണപങ്കജധ്യാനത്തോടു കൂടെ അവരുടെ സമീപത്തോട്ടുചെന്നു ഭയലേശം കൂടാതെ ഇങ്ങനെ ചോദിച്ചു.

“അല്ലയോ യമധൎമ്മകിങ്കരന്മാരെ! നിങ്ങൾ തമ്മിൽ പറഞ്ഞതെല്ലാം ഞാൻ കേട്ടു. നിങ്ങൾ അരോഗദൃഢഗാത്രനായ ഈ വൈശ്യകുമാരനെ ഏതുപ്രകാരത്തിൽ ആണു് കാലമന്ദിരത്തിലേക്കു കൊണ്ടുപോകുന്നതു?

അവർ അതുകേട്ടു് അത്യന്തംവിസ്മയത്തോടു കൂടെ രാജാവിനെ നോക്കി- അല്ലയൊ നൃപശ്രേഷ്ഠ! അവനെവധിക്കുന്നതിനു് അത്യന്തം അത്ഭുതമായ ഒരു ഉപായം ഉണ്ടു. ഇവിടെ മൂൎച്ചഏറിയകൊമ്പുകളോടും കൂടിയ ഒരു പശുനില്ക്കുന്നുണ്ടു് വിവാഹം കഴിഞ്ഞാൽ ഉടൻതന്നെ ഞങ്ങൾ അതിന്റെ കയറുഅറുത്തു അതിനെ വിരട്ടും. പശു ഉടൻ ഒടിച്ചോയി കുമാരനെ തള്ളിയിട്ടു കുത്തിക്കൊല്ലും. ഞങ്ങൾ തൽക്ഷണം തന്നെ അവന്റെ ജീവനെകയ്ക്കലാക്കി യമലോകത്തേക്കു കൊണ്ടുപോവുകയും ചെയ്യും ഇതാണു്. വൈശ്യകുമാരനെകൊല്ലുന്നതിനായി ഞങ്ങൾ ചെയ്വാൻ നിശ്ചയിച്ചിരിക്കുന്നകൌശലം. മരണകാലം അടുത്തവനെ കൊല്ലുന്നതിനു് പുല്ലും മതിയാവും അവനിൽ വജ്രംപ്രയോഗിച്ചപോലെ അതുഫലപ്പെടും. ദൃഷ്ടാന്തമായി ഞങ്ങൾ ഇന്നു പകൽനടത്തിയ സംഭവം വേണമെങ്കിൽ കേൾപ്പിക്കാം ഇന്നു പകൽ ഒരു ബ്രാഹ്മണി കുമാരനോടുകൂടെ ഇവിടെ അടുക്കൽ തന്നെവഴിയരികിൽ ഉള്ള ഒരു ആലും ചുവട്ടിൽ വഴിനടന്നക്ഷീണം കൊണ്ടു കിടന്നുറങ്ങിയിരുന്നു. അവളോടൊന്നിച്ചുണ്ടായിരുന്ന അവളുടെ ഭൎത്താവു ജലപാനത്തിനായി കുറെ അകലത്തുള്ള ഒരു താമരപ്പൊയ്കയിലേക്കു പോയ അവസരത്തിൽ ഞങ്ങൾ അവിടെ ചെന്നു അവളുടെ തലയ്ക്കുമീതെ, മുമ്പൊരിക്കൽ ഒരു കാട്ടാളൻ ഒരു പക്ഷിയെ കൊല്ലാനായിപ്രയോഗിച്ച ഒരു നിശിതബാണം ലാക്കു തെററി ഇലയിൽ കൊരുത്തുതൂങ്ങിക്കിടന്നിരുന്നതിനെ ഞങ്ങൾ ഊതി അവളുടെ കണ്ഠത്തിൽ ഇട്ടു് വധിച്ചു് ജീവനെ യമാലയത്തിലേക്കു കൊണ്ടുപോയി. ഇങ്ങനെ ഞങ്ങൾ പലസംഭവങ്ങളും നടത്തിയിട്ടുണ്ടു. അതുകൊണ്ടു് കാലം അടുത്താൽ കൊല്ലുന്നതിനു് വലിയ പ്രയാസമൊന്നുമില്ല. എന്തുകൊണ്ടും സാധിച്ചു കളയാം എന്നു പറഞ്ഞു.

കുലോത്തുംഗപാണ്ഡ്യൻ! അതുകേട്ടയുടൻ തന്നെ വളരെ വളരെ പരമാനന്ദത്തോടുംകൂടെ അന്നേദിവസം പകൽമരിച്ചബ്രാഹ്മണിയുടെ ഭൎത്താവായ ബ്രാഹ്മണന്റെ വീട്ടിൽ ഓടിപ്പോയി അങ്ങയുടെ ഭാൎയ്യമരിക്കുന്നതിനുണ്ടായ കാരണമെന്താണെന്നറിയണമെങ്കിൽ വരണമെന്നുംപറഞ്ഞുവിളിച്ചുകൊണ്ടു വന്ന് യമദൂതന്മാരിരിക്കുന്നതിനു സമീപത്തിൽ ഒളിച്ചിരുത്തിയുംകൊണ്ട് ഇവരുടെ സംഭാഷണങ്ങളെ ഓൎത്തുകേട്ടുകൊള്ളുക. അതുകൊണ്ട് അങ്ങയുടെഭാൎയ്യയെ കൊന്നതു ആരെന്നുതെളിയും എന്നുപറഞ്ഞു.

ഈ അവസരത്തിൽ അവിടെയിരിക്കുന്നയമദൂതന്മാർ അന്യോന്യം അവരവരുടെ ഓരോപ്രാഭവകൎമ്മങ്ങളെയുംപററി സ്തുതിച്ചുപറഞ്ഞുകൊണ്ടിരിക്കുകയായിരുന്നു. ഉടൻതന്നെ അവരിൽഒരുത്തൻ ഞാൻ എന്തുകൊണ്ടും പൂജ്യൻതന്നെഎന്നുംപറഞ്ഞു. മററവൻ അതുകേട്ട അതിനു കാരണമെന്തെന്നുചോദിച്ചു ഉടനെമററവൻ വിവിധതരത്തിലുള്ള ജന്തുക്കളെകൊല്ലുന്നതിന് എന്നെപ്പോലെ സാമൎത്ഥ്യം മററാൎക്കും ഇല്ല. ഞാൻ ഇന്നു അരനിമിഷംകൊണ്ടു ഒരു ഗജപുംഗവനെ വധിച്ചു. കൂടാതെ അഞ്ചാറുസിംഹങ്ങളേയും ഒരു രാജാവിനെയുംകൊന്നു. മററനവധിജീവികളേയും ഞാൻ കാലാലയത്തിലേക്കു നിയമിച്ചു. ഒരുദിവസംകൊണ്ട് ഇത്രവളരെ കൊലകൊല്ലുന്നതിന് നിങ്ങളിൽ വല്ലവരേയുംകൊണ്ടു സാധിക്കുമോ? അതുകൊണ്ടു തന്നെ ഞാൻ മററുള്ളവരെക്കാൾ പൂജ്യൻ എന്നുപറഞ്ഞത്.

മററവൻ അതുകേട്ട്, അങ്ങനെയാണെങ്കിൽ എന്നിൽപകുതി പൂജ്യതപോലും നിനക്കില്ല. എന്തുകൊണ്ടെന്നാൽ, ഇന്നലെ ഞാൻ ഇന്ദുമതിയെന്നു പേരോടുകൂടിയ ഒരു വിപ്രനാരിയുടെ ജീവനെ അവളുടെ ഭൎത്താവു അവളെ പൂമാലകൊണ്ടു ലീലാൎത്ഥം എറിഞ്ഞതക്കത്തിൽ അപഹരിച്ചുകളഞ്ഞു. ഈ മാതിരി കൌശലം നിങ്ങളിൽ ആൎക്കെങ്കിലും വശമുണ്ടോ? എനിക്കു കൊല്ലുന്നതിന് ആയുധവുംമററും വേണമെന്നില്ല. ഇതുകൂടാതെഞാൻ ഇന്നലെത്തന്നെനാലുജാതിയിലുംകൂടി ഒട്ടനവധി ജനങ്ങളെ വധിച്ചിട്ടുണ്ട്. അതൊന്നുമല്ല, വിശേഷമായ മറെറാരുകൃത്യം കൂടിഞാൻ ഇന്നലെ ചെയ്തു. അതെന്താണെന്നുപറയാം. വഴിപോക്കനായ ഒരുവിപ്രൻ മുലകുടിമാറാത്ത ഒരു ശിശുവിനോടുകൂടെ ഭാൎയ്യാസമേതം ഇവിടെ അടുക്കൽ തന്നെയുള്ള ഒരു ആൽചുവട്ടിൽവന്നു വഴിനടന്നക്ഷീണം തീരാനായികുഞ്ഞിനേയും ഭാൎയ്യയേയും ആൽചുവട്ടിൽ ഇരുത്തിയുംവെച്ച് വെള്ളം കോരികൊണ്ടു വരാനായി അടുത്തുണ്ടായിരുന്ന തടാകത്തിലേക്കുപോയി. വഴിനടന്നക്ഷീണം കൊണ്ടു ഖിന്നയായ ബ്രാഹ്മണിക്കുട്ടിയോടുകൂടെ ആൽത്തറയിൽകിടന്നു വിശ്രമിക്കുമ്പോൾ ഞാൻ അവിടെയെത്തി. അവൾകിടക്കുന്ന സ്ഥലത്തിനുനേരെ മുകളിൽ ആലിലയിൽ കൊരുത്തുകേറിതൂങ്ങികിടന്നിരുന്ന ഒരു നിശിതബാണം ഊതി അവളുടെ കണ്ഠത്തിൽ ഇട്ടുവധിച്ചുകളഞ്ഞു. ആ ബാണം അതിന് മുമ്പൊരിക്കൽ ആ ആലിൻമുകളിൽ ഇരുന്ന ഒരു പക്ഷിയെ കൊല്ലുന്നതിനായി ഒരു കാട്ടാളൻപ്രയോഗിച്ചതു് ലാക്കുതെററി എലയി

ൽകൊണ്ടുകൊരുത്തു തൂങ്ങിക്കിടന്നിരുന്നതാണു്. മരണകാലം അടുത്തെങ്കിൽ അൎക്കും ആരേയും കൊല്ലുന്നതിനായാതൊരു വൈഷമ്യവും ഇല്ല. ആ സമയത്തു് അമൃതും വിഷംതന്നെ. അതുകൊണ്ടു ഇനി കാലം താമസിക്കാതെ ഇവിടെ നില്ക്കുന്ന നിശിതങ്ങളായ കൊമ്പുകളോടുകൂടിയ പശുവിനെ അഴിച്ചുവിട്ടു് വൈശ്യകുമാരനെ നമുക്ക വധിക്കണം. നീ പശുവിൻെറ കയർ കയ്യിൽ അഴിച്ചുപിടിച്ചുകൊള്ളുക. വൃഥാ സമയം കളഞ്ഞാൽ യമധൎമ്മരാജാവിനോടു നാം സമാധാനം പറയണം. അദ്ദേഹത്തിൻെറ വലിയകോപത്തിനു് സമാധാനം പറയാൻതക്ക ശേഷി നമുക്കുണ്ടോ? അതുകൊണ്ടു് നീ വലിയ പ്രാഭവങ്ങൾ ഒന്നുംപൊട്ടിക്കാതെ പശുവിൻെറകയറുപൊട്ടിച്ചു വിടാനുള്ള വഴിനോക്കുകയെന്നുപറഞ്ഞു.

കുഭോദ്ഭുംഗപാണ്ഡ്യൻ അതുകേട്ടു് ബ്രാഹ്മണനോടു, ഇപ്പോൾ അങ്ങയുടെ ഭാൎയ്യമരിച്ചതു് എങ്ങിനെയെന്നു മനസ്സിലായൊ? നിരപരാധിയായപുളിന്ദനെ നാം ശിക്ഷിച്ചെങ്കിൽ അന്യായമായിപ്പോവുകയില്ലായിരുന്നൊ? ഇനി നമുക്ക വൈശ്യകുമാരൻെറ കഥകൂടി കഴിയുന്നതും കണ്ടുംവച്ചുപോകാം എന്നുപറഞ്ഞു.

ബ്രാഹ്മണൻ, അതുകേട്ടു് വളരെവളരെ അത്ഭുതപ്പെട്ടുകയും തൻെറഭാൎയ്യ ആയുസ്സററു മരിച്ചതുതന്നെയെന്നുനിശ്ചയിച്ചു അതേവരേയും ഉണ്ടായിരുന്ന വ്യസനം ഉപേക്ഷിക്കുകയും ചെയ്തിട്ടു് അപ്പോൾ വിവാഹംകഴിക്കാൻ പോകുന്ന വൈശ്യകുമാരൻെറ അവസ്ഥയും ഇവർ പറയുന്നതുപോലെ ആണെങ്കിൽ യമകിങ്കരന്മാരുടെ വാക്കുകൾ എല്ലാം സത്യം തന്നെയെന്നു നിശ്ചയിക്കാമെന്നും വിചാരിച്ചു്, അതും കൂടി കണ്ടിട്ടു പോയാൽ മതിയെന്നു സമ്മതിച്ചു് രണ്ടുപേരുംകൂടെ പിന്നേയും അവിടെത്തന്നെഇരുന്നു.

ഈ അവസരത്തിൽ യമഭടന്മാരിൽ ഒന്നാമൻ രണ്ടാമനോടു എടോ! കാശിവിശ്വനാഥക്ഷേത്രത്തിനും ദക്ഷിണകൈലാസമായ കാളഹസ്തിക്ഷേത്രത്തിനും അടുത്തു് അയ്യഞ്ചുക്രോശം ഉള്ളിലും നടേശമൂൎത്തിയുടെ നിവാസസ്ഥാനമായ ചിദംബരത്തിനു് ഒന്നരയോജനയ്ക്കുള്ളിലും സുന്ദരേശ്വരൻെറ ആവാസഭൂമിയായ ഹാലാസ്യക്ഷേത്രത്തിനു് രണ്ടുയോജനയ്ക്കുള്ളിലും മററുള്ള എല്ലാശിവക്ഷേത്രത്തിൻെറയും ഓരോയോജനയ്ക്കുള്ളിലും നമുക്ക കടന്നു തോന്ന്യാസങ്ങൾ ഒന്നും പ്രവൎത്തിച്ചുകൂടാ. യമധൎമ്മൻ എന്നോടു കല്പിച്ചിട്ടുള്ളതു അപ്രകാരം ആണു്. നിന്നോടും അങ്ങിനെതന്നെ പറഞ്ഞിട്ടുണ്ടോ? എന്നുചോദിച്ചു.

രണ്ടാമൻ അതു കേട്ടു്, എന്നോടും, നിന്നോടും മാത്രമല്ല, അദ്ദേഹത്തിൻെറ എല്ലാകിങ്കരന്മാരോടും അപ്രകാരം കല്പിച്ചിട്ടുണ്ടു്. ശിവക്ഷേത്രങ്ങൾക്ക സമീപത്തിൽ നമുക്കെന്നല്ലാ മററുദേവന്മാൎക്കും അവരുടെ കിങ്കരന്മാൎക്കും

ഒരിക്കലും പ്രവേശിച്ചു സർവ്വേശ്വരനായ പരമശിവന്റെ അനുമതിക്കു വിപരീതമായി യാതൊന്നും പ്രവർത്തിക്കാൻ പാടില്ലെന്നുമറുപടി പറഞ്ഞു.

യമഭടന്മാർ അന്യോന്യം ഘോഷിച്ച പരമേശ്വരക്ഷേത്രമാഹാത്മ്യങ്ങളെക്കേട്ടു് രാജാവും ബ്രാഹ്മണശ്രേഷ്ഠനും ഏററവും അതിശയിച്ചു് ശിവപാദാരവിന്ദ സ്മരണകളോടുകൂടെ അവിടെ വസിക്കുമ്പോൾ പാണിഗ്രഹണമുഹൂൎത്തം സമീപിക്കുകയും കല്യാണഘോഷങ്ങൾ അതിവിസ്മയനീയമാംവണ്ണം തുടങ്ങുകയും, ഗായകന്മാർ മംഗളഗീതങ്ങൾ പാടുകയും തകിൽ, പെരുമ്പറ, മുരശു്, മദ്ദളം മുതലായ വാദ്യങ്ങൾ തകൎക്കുകയും, നൎത്തകീജനങ്ങൾ കൂത്തും പാട്ടും തുടങ്ങുകയും, മംഗലാംഗനകൾ വായ്ക്കുരവകൾ ഇടുകയും, ബ്രാഹ്മണശ്രേഷ്ഠന്മാർ ജയജയഘോഷം മുഴക്കുകയും, എല്ലാവിധ ആഘോഷാരവാരങ്ങളെക്കൊണ്ടും ദിങ്മണ്ഡലം ഒന്നുപോലെമുഖരീകൃതമാവുകയും മണവാളനായ വൈശ്യകുമാരൻ കന്യകയുടെ ഗളതലത്തെ മംഗല്യസൂത്രം കൊണ്ടു അലംകരിക്കുകയും ചെയ്തു.

ഈ കോലാഹലത്തിനിടയിൽ കല്യാണമണ്ഡപത്തിനു് സമീപത്തിൽ ഉള്ള ഒരുഗോഷ്ഠത്തിൽനിന്നിരുന്ന നിശിതങ്ങളായ കൊമ്പുകളോടുകൂടിയ ഒരു പശു വിരണ്ടു കയറുംപൊട്ടിച്ചോടി കല്യാണമണ്ഡപത്തിൽചെന്നുകയറി മണവാളനായ വൈശ്യകുമാരനെ മറിച്ചിട്ടുകുത്തി അവന്റെ കഥകഴിച്ചു. അതേവരേയും അവിടെ ഓരോകഥകളുംപറഞ്ഞു്, കുലോത്തുംഗപാണ്ഡ്യനും വിപ്രശ്രേഷ്ഠനുമൊഴിച്ചു മററുള്ളവൎക്കെല്ലാം അദൃശ്യന്മാരായി നിന്നിരുന്ന യമഭടന്മാർ പശുവുകുത്തി മരിച്ച വൈശ്യകുമാരന്റെ ജീവനേയും വഹിച്ചുകൊണ്ടു് കാലപുരത്തിനുംപോയി. കല്യാണാൎത്ഥം കൂടിയവരും, ആ അഭിനവദംപതിമാരുടെ ബന്ധുജനങ്ങളും ഒന്നുപോലെ ദുഃഖസാഗരനിമഗ്നരായി നെഞ്ചത്തടിച്ചു നിലവിളിച്ചു. അയ്യയ്യോ ഇത്രമാത്രം അന്യായമായ സംഭവം മറെറന്താണുള്ളതു്. കല്യാണവും കണ്ണോക്കും ഒരേഅവസരത്തിൽ ചെയ്യേണ്ടിവരുന്നതില്പരം കഷ്ടമായകഥ മററുവല്ലതും ഉണ്ടോ? അല്പജ്ഞന്മാരായ മനുഷ്യർ ഏററവും സമീപത്തിൽ അവൎക്കു അടുത്തിട്ടുള്ള ആപത്തുകളെപ്പോലും അറിയുന്നില്ല. ഭാവികാലത്തിലെ സുഖജീവിതത്തെ ആശിച്ചു് അവർ എന്തെല്ലാംചെയ്യുന്നു. ഫലമനുഭവിക്കുന്നതിനുമുമ്പെന്നല്ല, പ്രവൃത്തിതന്നേയും മുഴുവനാക്കുന്നതിനുമുമ്പെ, അവിചാരിതമായവിധത്തിൽ ഏതെല്ലാം പ്രകാരത്തിൽ ഉദ്ദേശ്യത്തിനു വിപരീതങ്ങൾ നേരിടുന്നു. എല്ലാം മായാമയനായ പരമേശ്വരന്റെ ലീലാവിലാസങ്ങൾതന്നെ. അന്തൎയ്യാമിയായ അദ്ദേഹത്തിന്റെ നിശ്ചയപ്രകാരം അല്ലാതെ മനുഷ്യരുടെ ഇഷ്ടംപോലെ ലോകത്തിൽ യാതൊന്നും നടക്കുന്നില്ല. നടക്കേണ്ട സംഗതികൾക്കെല്ലാം ഓരോകാലങ്ങളും, കാരണങ്ങളും, കാൎയ്യങ്ങളും, ഉദ്ദേശം നിശ്ചയിച്ചുവച്ചിട്ടുണ്ടു്. കാലാകാലങ്ങളിൽതന്നെ അതുപോലെയെല്ലാം നടക്കും. ഇവിടെ വിവാഹംനടത്തിയ ദംപതികളുടെ ഉദ്ദേശ്യം എന്തായിരുന്നു. വൈ

വനിശ്ചയം എന്തായിരുന്നു. എന്തൊന്നു നടന്നു. ഇതുതന്നെ അന്നുദിവസ വും നമുക്കുചുററും സംഭവിക്കുന്ന ഓരോസംഗതികൾക്കും ദൃഷ്ടാന്തം.

അല്ലയോ താപസശ്രേഷ്ഠന്മാരേ! കുലോത്തുംഗപാണ്ഡ്യനും ബ്രാഹ്മണശ്രേഷ്ഠനും ഈ അത്ഭുതസംഭവങ്ങൾ എല്ലാം കണ്ട് അത്യന്തം വിസ്മയത്തോടും പരമശിവസ്മരണയോടുംകൂടെ അവിടെനിന്നും പുറപ്പെട്ടു രാജധാനിയിൽപ്പോയി നിദ്രയാരംഭിച്ചു. പിറേറദിവസം ഉദയകാലത്തിൽ രാജാവു എഴുന്നേററ് മന്ത്രിമാരെയെല്ലാംവരുത്തി തലേദിവസം രാത്രിയിൽ നടന്ന അത്ഭുതസംഭവങ്ങൾ മുഴുവൻ അവരെ കേൾപ്പിച്ചു. കേട്ടവർ എല്ലാം വളരെവളരെ അതിശയിക്കുകയും പരമശിവൻെറ അത്ഭുതലീലകളെപ്പററി അത്യന്തം ആനന്ദിക്കുകയും പാണ്ഡ്യരാജവംശത്തോടു അവരുടെ പരദൈവമായ സുന്ദരേശ്വരമൂൎത്തിക്കുള്ള അപാരമായ കരുണയെപ്പററി അഗാധമായി ചിന്തിച്ചു വിസ്മയഭരിതരാവുകയും ചെയ്തു. എന്നുമാത്രമല്ല, കുലോത്തുംഗപാണ്ഡ്യൻെറ പാദകമലങ്ങളിൽ ഭക്തിപൂൎവ്വം നമസ്കാരംചെയ്തിട്ട്, അല്ലയോ, പരമേശ്വരഭക്തന്മാരിൽ അത്യന്തം വിശിഷ്ടനും, പരമേശ്വരാനുഗ്രഹംകൊണ്ടു ദേവകല്പനും ആയ മഹാരാജാവേ! ഇതെല്ലാം അവിടത്തെ പരദൈവവും സകലലോകൈകരക്ഷിതാവും കരുണാശാലിയും ആശ്രിതവത്സലനുമായ ഹാലാസ്യനാഥൻെറ അത്ഭുതലീലകൾ ആണ്. അദ്ദേഹത്തിൻെറ കടാക്ഷവീക്ഷണംകൊണ്ടു ഇതും ഇതിലധികവും അത്ഭുതസംഭവങ്ങൾ നടക്കും. ഭക്താഗ്രഗണ്യനായ അവിടത്തോട്, സുന്ദരേശ്വരമൂൎത്തിക്കു അപാരമായ പ്രതിപത്തിയുണ്ട്. അദ്ദേഹത്തിൻെറ കരുണയ്ക്കു ഇത്രമാത്രം പാത്രീഭൂതനായി ഇന്നോളം മററാരും ഉണ്ടായിട്ടില്ലെന്നും മററുവളരെയെല്ലാം പറഞ്ഞു

രാജാവു് ഉടൻതന്നെ, അതേവരെയും ബന്ധനത്തിൽ പാൎപ്പിച്ചിരുന്ന കാട്ടാളനെവരുത്തി, അവൻ വിപ്രഭാൎയ്യയുടെ മരണകാൎയ്യത്തിൽ അന്വേഷണംകൊണ്ടു് നിരപരാധിയെന്നു തെളിഞ്ഞിരിക്കുന്നതിനാൽ വിട്ടിരിക്കുന്നതായി കല്പിച്ചു. കൂടാതെ അവനു് സമ്മാനമായി വളരെ വളരെ ദ്രവ്യങ്ങൾ കൊടുക്കുകയും സത്യമറിയാതെ ചില ബന്ധനകൾ ചെയ്തതിനു അവനോടു മാപ്പുചോദിക്കുകയുംചെയ്തു. ബ്രാഹ്മണനും മറെറാരുവേളിക്കു വേണ്ട ദ്രവ്യവും നൽകി യാത്രയയച്ചു. അദ്ദേഹം രാജാവുനല്കിയ ദ്രവ്യം കൊണ്ടു പോയി രണ്ടാംവിവാഹം നടത്തി ദ്വിതീയവേളിയോടും പുത്രനോടുംകൂടെസസുഖം വസിച്ചു.

രാജശ്രേഷ്ഠനായ കുലോത്തുംഗപാണ്ഡ്യൻ രജതസഭാവാസിയായ താണ്ഡവമൂൎത്തിയുടെ വ്യത്യസ്തനൃത്തവും ദർശിച്ച്, മാണിക്യവജ്രാദികളായ വിലതീരാത്ത പലപല രത്നങ്ങളേയുംകൊണ്ടു നിൎമ്മിതങ്ങളായ മകുട, കടക, മഞ്ജീരവും മററു ഭൂഷണങ്ങളും നല്ല ദ്വജപടഹങ്ങളും സുന്ദരേശ്വരമൂൎത്തിയായ പരമേശ്വരനു നൽകുകയും, സീമാതീതമായ ഭക്തിയോടുകൂടെ ഹാലാസ്യനാഥനായ അദ്ദേഹത്തെ ദിവസംപ്രതിയും വഴിപോലെ പൂജിക്കുകയും ചെയ്തുകൊണ്ട്, പുത്രമിത്രകളത്രവിത്തസമ്പൽ സൌഭാഗ്യാദികളായ സകല

വിധ ഐശ്വൎയ്യങ്ങളോടുംകൂടെ ഭൂലോകപരിപാലനവുംചെയ്തു മധുരയിൽ അനേകാലം വസിച്ചു.

അല്ലയോ മഹർഷിശ്രേഷ്ഠന്മാരേ! പാവനചരിതനായ ഭഗവാൻ താണ്ഡവേശ്വരമൂൎത്തിയുടെ അത്യന്തരമ്യമായ ഈ ഇരുപത്തിഅഞ്ചാമത്തെ ലീലയെ പഠിക്കുകയും കേൾക്കുകയും ചെയ്യുന്നവൎക്ക് സകലസൌഭാഗ്യങ്ങളും അവസാനത്തിൽ ജനനമരണവിഹീനമായ മോക്ഷവും സംപ്രാപ്തമാകും

വിപ്രവനിതാവധനിൎവ്വാപണം എന്ന ഇരുപത്തിഅഞ്ചാംലീല.

സമാപ്തം.

# ഹാലാസ്യമാഹാത്മ്യം

## കേരളഭാഷാഗദ്യം

### ൩൬-ാം അദ്ധ്യായം.

പിതൃഘ്നദോഷഹനനം എന്ന

### ഇരുപത്തിആറാംലീല.

അനന്തരം അഗസ്ത്യൻ വസിഷ്ഠാദികളായ മഹർഷിപുംഗവന്മാരെ നോക്കി, അല്ലയോ താപസവൎയ്യന്മാരേ അച്ഛനെ കൊന്നു് അമ്മയെപ്പുണൎന്ന മഹാപാതകിയും, പിതൃഹന്താവുംആയ ബ്രാഹ്മണൻെറ, ബ്രഹ്മഹത്യാദികളായ ഉഗ്രപാപങ്ങളെ നശിപ്പിച്ച അത്ഭുതവിചിത്രമായ ലീലയെ ഇനി ഞാൻ നിങ്ങളെകേൾപ്പിക്കാം. എന്നിങ്ങനെയുള്ള മുഖവുരയോടുകൂടെ താഴെവരുമാറു വീണ്ടും കഥയാരംഭിച്ചു.

പണ്ടു്, സൎവ്വവിധസൌഭാഗ്യങ്ങൾക്കും ഇരിപ്പിടമായിരുന്ന അവന്തിഎന്നപേരോടുകൂടിയ രാജ്യത്തിൽ അത്യന്തം ശ്രീമാനും കാമിനീഹൃദയചകോരങ്ങൾക്ക് ശശാങ്കസദൃശനുമായഒരു വിപ്രശ്രേഷ്ഠൻഉണ്ടായിരുന്നു. തണ്ടാർശരോപമനും സൎവ്വശാസ്ത്രാംബുധിയുമായ അവൻ, ഭൂലോകാംഗനമാരും ദേവലോകാംഗനമാരും ഒന്നുപോലെ കണ്ടാൽ കാലുപിടിച്ചു് കുമ്പിടത്തക്കവണ്ണമുള്ള സൌന്ദൎയ്യതേജസ്സോടുകൂടിയഒരുഅംഗനാരത്നത്തിനെവിവാഹം കഴിച്ചു. പരസ്പരപ്രണയമതികളായ ആ ദംപതികൾ ചിത്താനുകൂലം മദനനാടകവും

അടി സുഖിച്ചുവസിക്കവേ ആ തരുണീരത്നം യൌവ്വനാരംഭത്തോടുകൂടിത്തന്നെ ഗൎഭം ധരിക്കുകയും കോമളശരീരനായ ഒരു കുമാരനെ പ്രസവിക്കുകയും ചെയ്തു. അവർ പുത്രനെ അത്യന്തം ലാളിച്ചുവളൎത്തി. കാലക്രമേണ അവൻ യൌവ്വനയുക്തനും കാമസദൃശനും ആയി. യുവാവും കാമരസികനും ആയ ആ കുമാരന് സൌന്ദൎയ്യവതിയായ മാതാവിനെ കാണെക്കാണെ അവരിൽ അനുരാഗം വളൎന്നുതുടങ്ങിയെന്നു മാത്രമല്ല, പാപാഗ്രണിയും അന്ധബുദ്ധിയുമായ അവൻ അവന്റെ മാതാവിനെപ്പിടിച്ച് ബലാൽക്കാരേണ പുണരുവാനും തുടങ്ങി. കാമംമുഴുത്തു് തന്നെത്താൻ മറന്നുള്ള കാമുകന്മാൎക്ക് മാതാവെന്നൊ, സഹോദരിയെന്നോ പരസ്ത്രീയെന്നൊ മറ്റൊ ഉള്ള വ്യത്യാസമോ ലജ്ജാവിവേകാദികളോ യാതൊന്നും ഉണ്ടാകുന്നതല്ലല്ലൊ.

ആ ദുഷ്ടാഗ്രഗണ്യൻ അവന്റെ മാതാവും തന്റെ ഭാൎയ്യയും ആയ വധൂരത്നത്തിനെ ഇങ്ങനെ പിടിച്ചു ബലാല്ക്കാരേണ പുണൎന്നുതുടങ്ങിയ വിവരം പിതാവായ ബ്രാഹ്മണശ്രേഷ്ഠൻ അറിഞ്ഞിട്ടും, അതിനെ വെളിപ്പെടുത്താതെ വളരെ ഗൂഢമായി വച്ചുകൊണ്ടിരുന്നു. അദ്ദേഹം അപ്രകാരം ചെയ്തതു് വചനാപമാനങ്ങളെ, വിശേഷിച്ചും ഭാൎയ്യാപമാനത്തെ വെളിപ്പെടുത്താൻ പാടില്ലെന്നുള്ള നീതിശാസ്ത്രം അദ്ദേഹത്തിന് നല്ലതുപോലെ അറിയാവുന്നതുകൊണ്ടായിരുന്നു. ഇപ്രകാരം അദ്ദേഹം തന്റെ പുത്രന്റെ അത്യന്തം നീചവും, അതികഷ്ടവും, മനുഷ്യരിൽ ആരുംതന്നെ ഒരിക്കലും ചെയ്യാത്തതുമായ ഈ പ്രവൃത്തിയെ വെളിപ്പെടുത്താതെ മറയ്ക്കുകയും സഹിക്കുകയും ചെയ്തുവന്നു. എങ്കിലും, ആ വിഷയത്തിൽ അദ്ദേഹത്തിന് അതിരില്ലാത്ത വ്യസനവും ലജ്ജയും ഉണ്ടായിരുന്നു.

ബ്രാഹ്മണകുമാരൻ ഇങ്ങനെ മാതാവിനെപ്പിടിച്ചു ഇടവിടാതെ പുണൎന്നുകൊണ്ടുവരുമ്പോൾ ഒരു ദിവസം പുത്രനും അമ്മയുംകൂടി കാമകേളി ചെയ്തുകൊണ്ടിരുന്ന മുറിയിൽ പിതാവായ ബ്രാഹ്മണൻ അറിയാതെ ചെന്നുകയറുന്നതിനും പാപാഗ്രണിയായ പുത്രൻ കാണുന്നതിനും ഇടയായി.

അഛനെ കണ്ടതുകൊണ്ടു് അത്യന്തം കുണ്ഠിതചിത്തനായിത്തീൎന്ന പുത്രൻ; അഛൻ മുഖാന്തിരം മേലാൽ തന്റെ ആ പാപകൎമ്മത്തിന് വല്ല തടസ്ഥങ്ങളും നേരിട്ടെങ്കിലോ എന്നു ശങ്കിച്ചും ഇഛാഭംഗംമൂലം നേരിട്ട കോപംകൊണ്ടും കഠിനഹൃദയനും, കാമാതുരനും, അധമാധമനും, പാപാഗ്രഗണ്യനും, ആയ ആ ബ്രാഹ്മണകുമാരൻ അവന്റെ പിതാവിന്റെ കുടുമ്മയ്ക്കെത്തിപ്പിടിച്ചു്, കൊല്ലരുതെന്നു വിരോധിച്ച മാതാവിന്റെ അപേക്ഷകളേയും വകവയ്ക്കാതെ ഖഡ്ഗംകൊണ്ടു വെട്ടി ശിരഛേദനംചെയ്തു. അയ്യയ്യോ പറയുന്നതുപോലും മഹാപാപം! ഈ മാതിരിയിൽ ഉള്ള ദുഷ്ടന്മാരും ഉണ്ടാകുന്നല്ലൊ.

അതിന്റെശേഷം അവൻ അമ്മയെനോക്കി. കാമാൎത്തന്മാൎക്കധൎമ്മം എവിടെ? സ്നേഹമെവിടെ? കൃപയെവിടെ? അഛനാര്? അമ്മയാര്? ഭ

യം എവിടെ? ഒന്നുമില്ല. അവക്ക അവർ ആഗ്രഹിച്ചതു സാധിക്കണം. ഞാൻ അതിനുവേണ്ടി അഛനെക്കൊന്നു; ഇനി നമുക്ക സുഖമായി ക്രീഡിക്കാം. ആരേയും ശങ്കിക്കേണ്ട എന്നു പറഞ്ഞിട്ട് രാത്രിയിൽ തന്നെ പിതാവിൻെറ മൃതശരീരം എടുത്തു ദഹിപ്പിച്ചു.

അനന്തരം അവിടെ താമസിക്കുന്നതിനു സൌഖ്യമില്ലെന്നും പറഞ്ഞു് ഉണ്ടായിരുന്ന ധനങ്ങളുമെല്ലാം എടുത്തു മാതാവിനേയും പിടിച്ചു കൊണ്ടു ആ രാത്രിയിൽ തന്നെ ദേശാന്തര ഗമനത്തിനായി തിരിച്ചു. വഴിമദ്ധ്യേ കള്ളന്മാർവന്നു് അവൻെറ കയ്യിൽ ഉണ്ടായിരുന്ന ധനവും സൌന്ദൎയ്യവതിയായ മാതാവിനേയും അപഹരിച്ചു കൊണ്ടുപോയി. നാം ഒരു പ്രകാരത്തിൽ വിചാരിച്ചു പ്രവൃത്തിക്കുമ്പോൾ ദൈവം അതിൻെറ ഫലം മറെറാരു പ്രകാരത്തിൽ ആക്കിത്തീൎക്കുന്നു എന്നുള്ളതിനു് ഇതൊരു ദൃഷ്ടാന്തമാണു്.

കയ്യിലുണ്ടായിരുന്ന ധനവും, പിതാവിനെക്കൊന്നു് തൻെറ ക്രീഡാപാത്രമാക്കിക്കൊണ്ടു നടന്ന സൌന്ദൎയ്യശാലിനിയായ മാതാവും എന്നല്ല വസ്ത്രാഭരണാദികൾപോലും ചോരന്മാരാൽ അപഹൃതനും കൌപീനമാത്രശേഷിതനും ആയിത്തീൎന്ന ആ അധമവിപ്രൻ തൻെറ വിധിവിപരീതങ്ങളേ ഓൎത്തു വിലപിക്കുകയും പശ്ചാത്താപിക്കുകയും ചെയ്തു കൊണ്ടു ഭിക്ഷയെടുത്തു ഭക്ഷണവും കഴിച്ചുകൊണ്ടു വഴിനീളെ നടന്നു ചില ദിവസങ്ങൾ കഴിച്ചുകൂട്ടി

അതേവരേയും ഭോഗാതിസക്തനും ക്രീഡാതല്പരനുമായിരുന്ന ആ ബാലൻ, ദാരിദ്ര്യാന്ധകാരത്താൽ അത്യന്തം മനശ്ശല്യകണ്ടകപൂൎണ്ണങ്ങളായ ദുഃഖഗൎത്തങ്ങളിൽ അകപ്പെട്ടു വല്ലാതെ കുഴങ്ങിവശായപ്പോൾ താൻ കീഴിൽചെയ്ത പ്രവൃത്തികളെപ്പററി ഇങ്ങനെ വിചാരിച്ചു,

“അയ്യോ! ഞാൻ ചെയ്തതെല്ലാം പാപം എന്നൊജനിപ്പിച്ചു പിതാവിനെ ഞാൻ കൊന്നു. പ്രസവിച്ചുവളൎത്തിയ മാതാവിനെ ഞാൻ പിടിച്ചു പുണൎന്നു. അവരെ കൊണ്ടുപോയി കള്ളന്മാൎക്ക കൊടുത്തു. എൻെറ പ്രവൃത്തിദോഷംകൊണ്ടു് എൻെറ അഛനും, അമ്മയും, ധനവും, വീടും എല്ലാം നശിച്ചു. ഇനിക്കിപ്പോൾ ആരും ആശ്രയവും ഇല്ല. ദുഃഖവും പാപവും മാത്രം ശേഷിച്ചു. പിതൃനിഗ്രഹവും മാതൃസംഗവും ചെയ്ത എൻെറ പാപം എങ്ങനെപോകും. ഈ മഹാപാപത്തെ നശിപ്പിക്കാതെ എനിക്ക ഗതി എവിടെകിട്ടും. ഇനി ഏതുവഴിയാലോചിച്ചെങ്കിലും പാപവിമോചനം ചെയ്‌വാൻ തന്നെ ശ്രമിക്കണം. അതിനു് ആദ്യമായി തീൎത്ഥാടനം തന്നെചെയ്യാം. തീൎത്ഥാടനംകൊണ്ടു തീരാത്ത പാപങ്ങൾ ഒന്നുമില്ലെന്നാണല്ലൊ മഹത്തുക്കളുടെ അഭിപ്രായം.” ബ്രാഹ്മണകുമാരൻ ഇപ്രകാരം വിചാരിച്ചുംകൊണ്ടു്, തീൎത്ഥാടനത്തിനായി തിരിച്ചു.

പിതൃഹത്യാമൂലം ഉണ്ടായ ബ്രഹ്മഹത്യാമുസലവുമായി പുറകേചെന്നു് പീഡിക്കാനും തുടങ്ങി. പുറകിൽ അയോമുസലംകൊണ്ടു്, തന്നെ പീഡിപ്പിക്കുന്ന ഭീഷണസത്വം എന്താണെന്നു കൂടെക്കൂടെ തിരിഞ്ഞുനോക്കും.

നോക്കുംപോൾ ആരേയും കാണുകയും ഇല്ല. പിന്നെയും കണ്ണുപറിക്കും പോൾ പ്രഹാരംതുടങ്ങും. വീണ്ടും തിരിഞ്ഞുനോക്കുംപോൾ ആരേയും കാണുകയില്ല. ഒന്നുമില്ലെന്നു ധൈര്യം നടിച്ചുംകൊണ്ടു് വീണ്ടും നടക്കും. ബ്രഹ്മഹത്യയും പുറകെചെല്ലും. വീണ്ടും നില്ക്കും. ബ്രഹ്മഹത്യയും നില്ക്കും ഉടനെ ഓടും, ബ്രഹ്മഹത്യയും പുറകേ ഓടിയെത്തും. ഇങ്ങനെ നിന്നും, ഓടിയും മന്ദം മന്ദം നടന്നും തിരിഞ്ഞുനോക്കിയും, ബ്രഹ്മഹത്യയും വിപ്രകുമാരനുമായി മത്സരിച്ചുമത്സരിച്ചു് ഉപതീൎത്ഥംവരെ എത്തി. തീൎത്ഥത്തിൽ ഇറങ്ങി സ്നാനംചെയ്യാൻ തുടങ്ങിയപ്പോൾ ബ്രഹ്മഹത്യ പുറകിൽ നിന്നുകൊണ്ടു് പിടിച്ചുവലിച്ചു. വിപ്രകുമാരൻ തൻെറ മുഴുവൻശക്തിയും വിനിയോഗിച്ചുംകൊണ്ടു് പലതവണയും കുതിച്ചു മുമ്പോട്ടുചാടാൻ ശ്രമിച്ചിട്ടും സാധിച്ചില്ല. ഉടൻതന്നെ അവിടെനിന്നും ഓടി മറെറാരുതീൎത്ഥത്തിൽ സ്നാനത്തിനായി ചെന്നു. കൂടെ ബ്രഹ്മഹത്യയും എത്തിത്തുടുത്തു. ഇങ്ങനെ പല തീൎത്ഥങ്ങളിലും സ്നാനംചെയ്യാൻ തുടങ്ങിയും ബ്രഹ്മഹത്യ അവയെയെല്ലാം ഒന്നുപോലെ മുടക്കിയും ഭൂമിയെല്ലാം ചുററിനടന്നു ഒടുവിൽ ആ വിപ്രൻെറ പൂൎവപുണ്യവൈഭവംകൊണ്ടു്, പാൎവതീവല്ലഭനും ഭക്തപ്രിയനും ആയ സുന്ദരേശ്വരൻെറ നിത്യസന്നിധാനംകൊണ്ടു്, ഏററവും പരിപാവനമായ മധുരാപുരത്തിൽ ചെന്നുചേൎന്നു.

ഈ അവസരത്തിൽ സുന്ദരേശ്വരനും മീനാക്ഷീഭഗവതിയുംകൂടെപിതൃഹന്താവും മാതൃജാരനും ദുൎമ്മതിയും മഹാപാപിയും ആയ ആ ദ്വിജനെ ബ്രഹ്മഹത്യാമുഖത്തിൽ നിന്നും രക്ഷിക്കണമെന്നുള്ള വിചാരത്തോടുകൂടെ കാട്ടാളൻേറയും കാട്ടാളസ്ത്രീയുടെയും വേഷം ധരിച്ചുംകൊണ്ടു് ഹാലാസ്യമഹാക്ഷേത്രത്തിൻെറ പുറത്തെ ഗോപുരവാതുക്കൽ ഇരുന്നു് കന്ദൎപ്പലീലാരസത്തോടുകൂടെ കന്ദൎപ്പവൈഭവങ്ങളെപ്പററി ഇപ്രകാരം പറഞ്ഞുവിനോദിക്കുകയായിരുന്നു.

അല്ലയോ വല്ലഭേ! മീനധ്വജൻ മഹാദുഷ്ടനാണു്. അവൻ എത്രയോ ജനങ്ങളുടെ മാനസധൈൎയ്യത്തെ കവരുന്നു. കാമാന്ധന്മാരായ ദുരാത്മാക്കൾ കാമിനിമാരെ പ്രസാദിപ്പിക്കാനായി എന്തെല്ലാം അധൎമ്മപ്രവൃത്തികൾ ചെയ്യുന്നു. ചിലർ മോഷ്ടിക്കുന്നു. മററുചിലർ കുത്തിക്കവരുന്നു. ചിലർ കൊലപാതകം ചെയ്യുന്നു. വേറെചിലർ ഭൃത്യവൃത്തികൾ ചെയ്യുന്നു. ഇങ്ങനെ വിചാരിച്ചുനോക്കിയാൽ, കാമമോഹിതരായ ജനങ്ങൾ കാമിനികൾക്കു വശഗന്മാരായി ചെയ്യുന്ന അധമകൎമ്മങ്ങൾക്കു ഒരു കയ്യുംകണക്കും ഇല്ല. അല്ലയോ പ്രിയെ! ഞാൻ ഇങ്ങനെ പറഞ്ഞതുകൊണ്ടു് മാനമായ പ്രവൃത്തികളിൽനിന്നും സമ്പാദിച്ച ദ്രവ്യംകൊണ്ടു് സ്വഭാൎയ്യയെ പുലൎത്തുന്നതും, സ്വപത്നിയും ഒന്നിച്ചു ക്രീഡിക്കുന്നതും ഒരിക്കലും തെററെന്നൎത്ഥമില്ല. പരദാരസ്വീകാരംപോലെ പാപകരമായ പ്രവൃത്തിയും യാതൊന്നുമില്ല.

ഇങ്ങനെ ഇവർതമ്മിൽ പറഞ്ഞുംകൊണ്ടിരിക്കുന്ന അവസരത്തിൽ ആയിരുന്നു പിതൃഘാതകനും മാതൃജാരനും ആയ വിപ്രൻ അവിടെചെന്നു

കേറിയതു്. ഹാലാസ്യനാഥനായ സുന്ദരേശ്വരൻ ഉടൻതന്നെ അവനെ വിളിച്ചു് ഇങ്ങനെ പറഞ്ഞു:—

എടോ പിതൃദ്രോഹിയും മാതൃജാരനും ആയ വിപ്രാധമ! നീ ചെയ്ത പാപത്തിനു് പ്രായശ്ചിത്തംപോലും ഇല്ല. എങ്കിലും ബ്രഹ്മഹത്യാപീഡിതനും അനന്യശരണനും ആയി നീ സങ്കടപ്പെടുന്നതിനെ ഞങ്ങളുടെ ദൃഷ്ടിയിൽ കാണുന്നതിനു് സംഗതിയായതുകൊണ്ടു് നിന്റെ പാപം തീരുന്നതിനായി ഞങ്ങൾ പ്രായശ്ചിത്തം പറഞ്ഞുതരാം. നിന്റെ കയ്യിൽ യാതൊരുമുതലും ഇല്ലാത്തതുകൊണ്ടു് ദ്രവ്യം ചെലവഴിക്കേണ്ട. പ്രായശ്ചിത്തം ഒന്നും നീ ചെയ്യേണ്ട. നീ ഇപ്പോൾ ചെയ്യേണ്ടതു്, പശുക്കൾക്കു് കറുകയും വെള്ളവും കൊടുക്കുകയും, പരമശിവനെ പ്രദക്ഷിണനമസ്കാരാദി കർമ്മങ്ങളെക്കൊണ്ടു് പ്രസാദിപ്പിക്കുകയും, ആദരപൂർവം ശങ്കരഭക്തന്മാരെ ശുശ്രൂഷിക്കുകയും, പരമശിവാഭിഷേകംചെയ്ത ജലത്തിൽ മൂന്നുവാരം സ്നാനം ചെയ്യുകയും, ഭിക്ഷയെടുത്തു് ഒരുനേരംമാത്രം ഊണകഴിക്കുകയും, എല്ലാക്കാലത്തും ഒന്നുപോലെ ജിതേന്ദ്രിയനായിരിക്കുകയും, മാത്രമാണു്. ഇങ്ങനെ ചെയ്താൽ മൂന്നുമാസംകൊണ്ടു് സർവപാപങ്ങളും തീൎന്നു് നീ പരിശുദ്ധനാകും.

പാർതി അതുകേട്ടു് അത്യന്തം വിസ്മയിച്ചു. അനന്തരം കൃപാശാലിയായ അദ്ദേഹത്തിന്റെ അനേകമ്പാഗുണത്തെ വിശദമായി പുരസ്കരിച്ചുകൊണ്ടു് സ്തുതിച്ചു. ഭഗവാൻ അതുകേട്ടു്, ഭഗവതിയായ മീനാക്ഷിയെ മാറോടണച്ചാശ്ലേഷിച്ചുംകൊണ്ടു്, അല്ലയോ പ്രിയെ! ധർമ്മവാനും ചാരിത്രശുദ്ധിയോടുകൂടിയവനും നിർമ്മലമാനസനും, വിദ്വാനും ആയ ഒരുത്തനെ നാം രക്ഷിച്ചതുകൊണ്ടു് വലിയ മാഹാത്മ്യം ഒന്നും ഇല്ല. ധർമ്മവും, ആചാരവും വെടിഞ്ഞു് അത്യന്തം മൂഢനും പാപിയും ആയിത്തീൎന്നുപോയ ഒരുത്തനെ രക്ഷിച്ചാൽ അതു വലിയ കാൎയ്യവും അതിശയിക്കത്തക്ക ഒരു പ്രവൃത്തിയും ആയിത്തീരും. അതുകൊണ്ടാണു് ഞാൻ ഈ പാപിയെ ധർമ്മോപദേശം ചെയ്തു രക്ഷിച്ചതു്. ഇത്രയും അന്യോന്യം പറഞ്ഞുംവച്ചു് രണ്ടുപേരും അവിടെത്തന്നെ തിരോധാനംചെയ്തു. വിപ്രൻ ശിവാജ്ഞപ്രകാരം പ്രായശ്ചിത്തങ്ങൾ അനുഷ്ഠിക്കുകയും തന്മൂലം അവന്റെ സർവപാപങ്ങളും നീങ്ങുകയും ചെയ്തു. എന്നുമാത്രമല്ല, അതില്പിന്നെ അവൻ വലിയ യോഗ്യനായും തീൎന്നു.

അല്ലയോ മഹൎഷിമാരെ! ഇപ്രകാരം ആണു മാതൃജാരനും പിതൃഹന്താവും ആയ വിപ്രാധമനെപ്പോലും മഹാപാപാന്ധകാരത്തിൽനിന്നും ഉദ്ധരിച്ച കരുണാശാലിയായ ഹാലാസ്യനാഥന്റെ അതിപാവനമായ ഇരുപത്തിയാറാമത്തെ ലീല. ഈ ലീലയെ കേൾക്കുകയും പഠിക്കുകയും ചെയ്യുന്നവരുടെ സകലപാപങ്ങളും തീരുമെന്നു മാത്രമല്ല അവൎക്കു ഇഹപരസൌഖ്യങ്ങൾ സീമയില്ലാതെ ലഭിക്കുകയും ചെയ്യും.

പിതൃഘ്നപാപഹരണം ചെയ്ത ൨൬-ാം ലീല സമാപ്തം.

# ഹാലാസ്യമാഹാത്മ്യം.

## കേരളഭാഷാഗദ്യം.

### ൨൭-ാം അദ്ധ്യായം.

### സിദ്ധനുമായി അങ്കംവെട്ടി അസ്ത്രാചാൎയ്യന്റെ ഭാൎയ്യയെ രക്ഷിച്ച

### ഇരുപത്തി ഏഴാമത്തെ ലീല.

വീണ്ടും അഗസ്ത്യമഹൎഷി വസിഷ്ഠാദികളെനോക്കി മന്ദസ്മിതപൂൎവം അല്ലയോ മഹൎഷിസത്തമന്മാരെ! ചണ്ഡികേശനായ ഹാലാസ്യനാഥൻ അങ്കംവെട്ടി സിദ്ധനെവധിച്ച് അസ്ത്രാചാൎയ്യന്റെ ഭാൎയ്യയെ രക്ഷിച്ച അത്ഭുതകരവും പാപവിനാശനവും ആയ ലീലയെ നിങ്ങൾ കേട്ടിട്ടുണ്ടോ എന്നുചോദിച്ചു.

മഹൎഷിമാർ അതുകേട്ട് ഇല്ല. ഞങ്ങൾ ആ ലീല കേട്ടിട്ടില്ല. ഹാലാസ്യനാഥന്റെ ആ ലീലകൂടി ഞങ്ങളെ കേൾപ്പിക്കണം. ഭഗവാന്റെ ഓരോ ലീലകളേയും കേൾക്കുംതോറും ഞങ്ങൾക്കു മേല്ക്കുമേൽഉള്ള ലീലകളെ കേൾക്കണമെന്നു വലുതായ ആഗ്രഹംവൎദ്ധിച്ചുതന്നെ വരുന്നു. കരുണാനിധിയും ശൈവാഗമവേദിയും ആയ നിന്തിരുവടി കാലതാമസമെന്ന്യെ അരുളിച്ചെയ്താലും എന്നപേക്ഷിച്ചു.

അഗസ്ത്യൻ അതുകേട്ടു താഴെവരുമാറു വീണ്ടും കഥയാരംഭിച്ചു.

പണ്ട് മനോമോഹനമായ മധുരാപുരത്തിൽ അതിസമൎത്ഥനായ ഒരു ആയുധശിക്ഷകൻ ഉണ്ടായിരുന്നു. അവൻ ദിവസംപ്രതിയും ഓരോയാമസമയം ഭടന്മാരെ ആയുധാഭ്യാസം ശീലിപ്പിച്ചതിന്റെശേഷം ഹാലാസ്യമഹാക്ഷേത്രത്തിൽപോയി ഹേമപത്മിനിയിൽ സ്നാനംചെയ്തു ശ്രുത്യന്തവേദ്യനായ സുന്ദരേശ്വരന്റെ പൊൽത്താരടികളെ ദൎശിച്ചു ഭക്തിയോടുകൂടെ സ്തോത്രപ്രദക്ഷിണാദികളെച്ചെയ്ത് അദ്ദേഹത്തെ സേവിക്കുന്ന പതിവുണ്ടായിരുന്നു. ഈ ആയുധശിക്ഷകന് ശിഷ്യന്മാരായി അനവധിഭടന്മാരെ കിട്ടുകയും അവരെല്ലാം ഇദ്ദേഹത്തിന്റെ ശിക്ഷാസാമൎത്ഥ്യംകൊണ്ട് സമൎത്ഥന്മാരായ യോദ്ധാക്കളായി തീരുകയുംചെയ്തു. അനന്തരം അദ്ദേഹത്തിന്റെ ശിഷ്യന്മാർ യഥാശക്തി ദക്ഷിണയും നൽകി ആയുധപരിശീലവും പൂൎത്തിയാക്കി രാജാവിന്റെ സൈന്യത്തിൽപോയി ചേൎന്നു.

അതിൽപിന്നെ ദുൎമ്മതിയും പാപബുദ്ധിയും ആയ ഒരു സിദ്ധൻ ഈ അസ്ത്രാചാൎയ്യന്റെ അടുക്കൽ വന്നു തന്നെ ആയോധനപരിശീലനം ചെയ്യിക്കണമെന്നപേക്ഷിച്ചു.

ഋജുബുദ്ധിയായ അസ്ത്രാചാൎയ്യൻ ദുഷ്ടബുദ്ധിയായ സിദ്ധൻെറ ഉദ്ദേശങ്ങളെ മനസ്സിലാക്കാതെ ശരണാഗതനായ ആ സിദ്ധനെ ശിഷ്യനായി സ്വീകരിച്ച് തനിക്കറിയാവുന്നിടത്തോളവും ഉള്ള അസ്ത്രധനുരാദികളായ സകല വിദ്യകളെയും അവനു പഠിപ്പിച്ചുകൊടുത്തു. ദുഷ്ടനായ ആ സിദ്ധന് അസ്ത്രാചാൎയ്യൻ ഇങ്ങനെ തനിക്കറിയാവുന്ന വിദ്യകൾ എല്ലാം ഉപദേശിച്ചുകൊടുത്തതു് പാമ്പിനു പാലുകൊടുത്തതുപോലെ ആയിരുന്നു.

എന്തുകൊണ്ടെന്നാൽ അസ്ത്രാചാൎയ്യൻെറ നിഷ്കളങ്കമായ ശിഷ്യവാത്സല്യംകൊണ്ടും, ശിക്ഷാപടുത്വംകൊണ്ടും ആയോധനവിദ്യയിൽ അതിനിപുണനായിത്തീൎന്ന ആ വടുപാപിയായ ദുഷ്ടസിദ്ധൻ ഗുരുവിനു ദക്ഷിണപോലും കൊടുക്കാതെ അദ്ദേഹത്തിൻെറ അടുക്കൽനിന്നും ഓടിപ്പോയി. അവിടെത്തന്നെ അടുക്കൽ മറെറാരു കളരിയിട്ടു അനവധി ശിഷ്യന്മാരെ ശേഖരിച്ചു്, അവൻെറ ഗുരുഭൂതനായ അസ്ത്രാചാൎയ്യനു് എതിരായി ആയുധാഭ്യാസംചെയ്യിച്ചു് ഗുരുഭൂതനുണ്ടായിരുന്ന വരവിനേയും ബഹുമാനത്തേയും ഇല്ലാതാക്കിയതുകൊണ്ടായിരുന്നു. അസ്ത്രാചാൎയ്യൻ ഈവിവരം അറിഞ്ഞിട്ടും അവനുവിപരീതമായി യാതൊന്നിനും ഒരുങ്ങാതെ അവരവർ ചെയ്യുന്നഗുണദോഷങ്ങളുടെ ഫലങ്ങളെ അവരവർതന്നെ അനുഭവിച്ചുകഴിഞ്ഞുകൊള്ളുമെന്നുള്ള സമാധാനത്തോടുകൂടെ ഇരുന്നു.

ഈ അവസരത്തിൽ ഒരിക്കൽ അദ്ദേഹത്തിൻെറ മറെറാരുശിഷ്യൻ അദ്ദേഹത്തിൻെറ പാദപത്മങ്ങളിൽച്ചെന്നു് സാഷ്ടാംഗമായി വീണുനമസ്കരിച്ചുകൊണ്ടു് ഇങ്ങനെപറഞ്ഞു.

അല്ലയോഗുരോ! അങ്ങയുടെ വിചാരശൂന്യത അങ്ങേക്കുതന്നെ വലുതായ ആപത്തിനെചെയ്യും. ശിഷ്യചിത്തം മനസ്സിലാക്കാതെ ഗ്രന്ഥങ്ങളും സാരങ്ങളും ആയ വിദ്യകളെ പറഞ്ഞുകൊടുത്താലുണ്ടാകുന്ന ഭവിഷ്യത്തിതാണു്. അയ്യോ! ഇതെന്തൊരന്യായം. ദുഷ്ടനായ ആ സിദ്ധൻഅവിടത്തെ വശീകരിച്ചു എല്ലാവിദ്യകളും അഭ്യസിച്ചു. എന്നിട്ടു് അവിടത്തേക്കു ഗുരുദക്ഷിണയായി യാതൊന്നും നൽകിയില്ലെന്നു മാത്രമല്ല അവിടത്തോടു യാത്രപോലും ചോദിക്കാതെ കടന്നുകളഞ്ഞു. അതുപോരാഞ്ഞിട്ടു ഇപ്പോൾ എതിരായി മറെറാരുകളരിയിട്ടു അവിടത്തെ ശിഷ്യന്മാരിൽത്തന്നെ വളരെവളരെ ആളുകളെ വശീകരിച്ചുകൊണ്ടുപോയിആയുധാഭ്യാസംതുടങ്ങിച്ചു് അവിടത്തെകൊററുംമുട്ടിച്ചു. ഇത്രമാത്രം ദുഷ്ടനായ ഒരു ശിഷ്യൻ ഇതിനുമുമ്പിൽ ആൎക്കെങ്കിലും ഉണ്ടായിട്ടുണ്ടോ.അങ്ങു് അവനെക്കൂടാതെ എത്രയോപേരെ ആയുധാഭ്യാസം ചെയ്യിപ്പിച്ചിരിക്കുന്നു. അവരിൽ വല്ലവരിൽനിന്നുംഇപ്രകാരമൊരു ആപത്തും അപമാനവും നഷ്ടവും നേരിട്ടോ. പാത്രംഅറിയാതെ ദാനംനൽകിയ ഫലംതന്നെ.

ഗുണവാനും ക്ഷമാനിധിയും ദംഭാഭാവനാരഹിതനും സുന്ദരേശ്വരഭക്തനുമായ ആ അസ്ത്രാചാൎയ്യന് ശിഷ്യന്റെ മേൽപ്രകാരമുള്ള മൎമ്മഭേദകങ്ങളായ വാക്കുകളെ കേട്ടതിൽ യാതൊരുഭാവപ്പകൎച്ചയും ഉണ്ടായില്ല. നിൎമ്മലമാനസന്മാരും ഭക്തശിരോമണികളുമായ ആളുകൾക്കു മാനാപമാനങ്ങളും ബന്ധുശത്രുതാഭാവങ്ങളും ഒന്നും ഒരിക്കലും ഉണ്ടാകുന്നതല്ലല്ലൊ. അവർഎല്ലാം സർവേശ്വരങ്കൽ സമൎപ്പിക്കും. ഭക്തവത്സലനായ ഭഗവാൻ അവരുടെ എല്ലാ അഭീഷ്ടങ്ങളെയും സാധിച്ചുകൊടുക്കുകയും അവൎക്കു നേരിടുന്ന സകല ആപത്തുകളിൽനിന്നും അവരെ രക്ഷിക്കുകയും ചെയ്തുകൊള്ളും.

അതിന്റെ ശേഷം അത്യന്തം ദുൎബ്ബുദ്ധിയായ സിദ്ധൻ; ദിവസംപ്രതിയും അസ്ത്രാചാൎയ്യന്റെ വീട്ടിൽപോയി ആരുമറിയാതെഅദ്ദേഹത്തിന്റെ ഭാൎയ്യയോടു്, “തരമുണ്ടോ? തരമുണ്ടോ? എന്നു കാമാൎത്തനായി ചോദിക്കയും ആ സാദ്ധ്വിക്കു സിദ്ധന്റെ ചോദ്യം മനസ്സിലാകായ്കയാൽ “ഒന്നുംഅറിഞ്ഞുകൂടാ” എന്നുത്തരം പറയുകയും ചെയ്തുവന്നു. ഒരുദിവസംപോലും ഒഴിവുകൂടാതെ സിദ്ധൻ ഇങ്ങനെ ചോദിക്കുകയും ആചാൎയ്യപത്നികാൎയ്യം മനസ്സിലാക്കാതെ മേൽപ്രകാരം മറുപടി പറയുകയും ചെയ്തുവരുന്ന കാലത്തിൽ ഒരുദിവസം പതിവിൻപ്രകാരം സിദ്ധൻ അസ്ത്രാചാൎയ്യഭവനത്തിൽ ചെന്നപ്പോൾ ഗൃഹിണിയല്ലാതെ മററാരും അവിടെ ഇല്ലെന്നറിയുകയാൽ തന്റെ ആഗ്രഹപൂൎത്തിക്കു ഇതുതന്നെ തക്കസമയം എന്നും നിശ്ചയിച്ചു ആചാൎയ്യപത്നിയുടെ കയ്യു പിടിച്ചുംകൊണ്ടു തന്റെ മനോഗതത്തെ തുറന്നുപറഞ്ഞു.

അധമാധമനായ ആ സിദ്ധന്റെ നീചകൃത്യംകൊണ്ടും ശ്രവണദുസ്സഹമായ അവന്റെ അഭിപ്രായംകേട്ടും അത്യന്തം ഭയാകുലയും വ്യസനാക്രാന്തയും രോഷപോഷിതയും ആയ ആചാൎയ്യപത്നി അതിവേഗത്തിൽ സിദ്ധന്റെ കൈ തട്ടിയുംവച്ചു് ഗൃഹത്തിനുള്ളിൽ ഓടിപ്പോയി ഒളിച്ചു. വഞ്ചനയും അപമാനവും വെളിപ്പെടുത്തരുതെന്നുള്ള ബുധമതം അനുസരിച്ചു ആചാൎയ്യപത്നി ഈ വിവരം അവരുടെ ഭൎത്താവിനെപ്പോലും അറിയിച്ചതും ഇല്ല. ഈ അവസരത്തിൽ ഭക്തരക്ഷണലോലുപനും കൃപാശാലിയുംദേവാദിദേവനും ആയ ഹാലാസ്യനാഥൻ ഈ വിവരം അറിഞ്ഞു് അസ്ത്രാചാൎയ്യന്റെ വേഷംധരിച്ചു ഉടൻ അവിടെഎത്തി സിദ്ധനെനോക്കി ഇങ്ങനെ പറഞ്ഞു;—

“എടോ സിദ്ധ! നീ യുവാവും ഞാൻ വൃദ്ധനുംആണു്. എങ്കിലും നമുക്കു രണ്ടുപേൎക്കുംതമ്മിൽ ഒരു അങ്കം വെട്ടണം. പരമേശ്വരിയായ ചണ്ഡിക ആൎക്കാണു് വിജയം നൽകുന്നതെന്നറിയാമല്ലോ”

സിദ്ധൻ ഇതുകേട്ടു് വളരെ കോപത്തോടുകൂടെ, ഹാ! ഹാ! വൃദ്ധന്റെ ഈ ആഗ്രഹം കാലോചിതമായതുതന്നെ; സന്ദേഹമില്ല. അററു ദൎഭപ്പൂവുപോലെ നരച്ചു വെളുത്തു തൊലി തൂങ്ങിയ കിഴവച്ചാരെ അങ്കംവെട്ടി ജയിച്ചാൽ ബലവാനുള്ള ബഹുമതി എന്തു്? ഒന്നുമില്ല. എങ്കിലുംഎന്റെ മറെറാരു ഇഷ്ടസിദ്ധിക്കുള്ള ബാധയൊഴിയുമല്ലോ. ഇവന്റെ കഥ

കഴിച്ചുകളയാം. അതു് ലോകാപവാദംകൂടാതെ പാറിക്കുന്നതിന്നു തക്ക സൌകര്യം ഇപ്പോൾതന്നെ ഉണ്ടാക്കിയതു എന്റെ മഹാഭാഗ്യം തന്നെയെന്നും വിചാരിച്ചുകൊണ്ട്, അങ്ങനെ തന്നെ! ഞാൻ ഇതാ യുദ്ധംചെയ്യാൻ തയ്യാറായിക്കഴിഞ്ഞു എന്നുംപറഞ്ഞു വാളും പരിചയുമായി അത്യന്തം വീറോടുകൂടെ അങ്കത്തിനടുത്തു.

അസ്ത്രാചാര്യവേഷധാരിയായ ഹാലാസ്യനാഥനും ഖഡ്ഗഫലകപാണിയും ബഹുശിഷ്യസമേതനും ആയി ചണ്ഡികാപൂജയുംനിർവഹിച്ച്, തന്റെ അങ്കവൈഭവം കാണിക്കാൻതുടങ്ങി. ഗുരുദ്രോഹിയും, ദുഷ്കർമ്മകുശലനും ആയ സിദ്ധാചാര്യനും അസ്ത്രാചാര്യവേഷധാരിയായ ഹാലാസ്യനാഥനും തമ്മിൽ ഏറ്റു രണ്ടുപേരുടെയും അങ്കവൈഭവങ്ങളെ കാണിക്കാനായി തുടങ്ങിയപ്പോൾ എണ്ണം കണക്കുമില്ലാത്ത പുരുഷാരം കാഴ്ചക്കാരായും വന്നുകൂടി. എതിരാളികൾ തമ്മിൽ അങ്കവും തുടങ്ങി. ഹാലാസ്യനാഥനായ സുന്ദരേശ്വരന്റെ ഒരു വെട്ടുപോലും തടുക്കുന്നതിന്നു സിദ്ധനെക്കൊണ്ടു കഴിയുന്നതല്ലെങ്കിലും അങ്കം കാണ്മാനായി വന്നുകൂടിയിട്ടുള്ള കാഴ്ചക്കാരുടെ രസച്ചരടു് അതിവേഗത്തിൽ പൊട്ടിച്ചുകളയരുതെന്നുള്ള വിചാരത്തോടുകൂടെ സുന്ദരേശ്വരൻ; ഇടത്തും വലത്തും ചാടിയും കറങ്ങിയും പല അടവുകളും ചവുട്ടിയും സിദ്ധന്റെ വെട്ടുകളെ തടുത്തും, സിദ്ധനെ വെട്ടിയും കുറേ നേരത്തോളവും കാഴ്ചക്കാൎക്കു വളരെവളരെ നയനാനന്ദകരമാകുംവണ്ണം അങ്കംവെട്ടി.

അതിന്റെശേഷം ആചാര്യപത്നിയുടെ പാതിവ്രത്യഭംഗം ചെയ്യുന്നതിനു് ഇച്ഛിച്ച സിദ്ധന്റെ വക്ഷസ്സിൽ അസ്ത്രാചാര്യവേഷധാരിയായ ഹാലാസ്യനാഥൻ ഒന്നാമതായി ഒരു വെട്ടുവെട്ടി. അതിന്റെ ശേഷം ആചാര്യപത്നിയുടെ പാണീതലത്തിൽ ബലാൽക്കാരമായി കടന്നു പിടികൂടിയ അവന്റെ കരങ്ങളും അനന്തരം ആ സാധ്വിയോടു സഭ്യങ്ങളല്ലാത്ത വാക്കുകൾ പറഞ്ഞ അവന്റെ നാക്കും ഛേദിച്ചു. അവസാനത്തിൽ അവന്റെ ശിരസ്സും മുറിച്ചിട്ടു് അതേവരെയും അസ്ത്രാചാര്യനായിനിന്നു സിദ്ധനോടു അങ്കംവെട്ടിയ ഹാലാസ്യനാഥൻ മിന്നൽക്കൊടിപോലെ തിരോഭൂതനായി.

കൂടെയുണ്ടായിരുന്ന ഭടന്മാർ അതുകണ്ടു ഇതില്പരമില്ലാത്ത ആശ്ചര്യത്തോടുകൂടെ ആചാര്യമന്ദിരത്തിൽപോയി അദ്ദേഹത്തിന്റെ പത്നിയോടു് "ഗുരുഭൂതൻ എവിടെപ്പോയി" എന്നു ചോദിച്ചു. ആചാര്യപത്നി അതു കേട്ടു, അദ്ദേഹം സുന്ദരേശ്വരദർശനത്തിനായിപ്പോയിരിക്കുന്നു എന്നു മറുപടിപറഞ്ഞു.

ശിഷ്യന്മാർ അതുകേട്ടു വിസ്മയത്തോടുകൂടെ അന്യോന്യം നോക്കിക്കൊണ്ടു നില്ക്കുമ്പോൾ ഹാലാസ്യനാഥദർശനത്തിനായിപ്പോയിരുന്ന സാക്ഷാൽ അസ്ത്രാചാര്യനും എത്തി. ഭടന്മാർ ഉടൻതന്നെ അദ്ദേഹത്തെ വന്ദിച്ചുംകൊണ്ടു, അല്ലയോ ഗുരുഭൂത! അങ്ങയുടെ ശത്രുവായ സിദ്ധനോടു് അവിടത്തെ സ്വരൂപത്തിൽ ഒരാൾവന്നു് അങ്കംവെട്ടി അവനെ കൊന്നുംവച്ചു മിന്നൽക്കൊടിപോലെ മറഞ്ഞുകളഞ്ഞു. അസ്ത്രാചാര്യനും അതുകേട്ടു് വ

ളരെവളരെ അതിശയിച്ചു അപ്രകാരം സംഭവിക്കാനുള്ള കാരണമെന്താണെന്നാലോചിച്ചുംകൊണ്ടിരിക്കുമ്പോൾ അദ്ദേഹത്തിന്റെ പത്നിവന്നു സിദ്ധൻ തന്റെ പാതിവ്രത്യധ്വംസനത്തിനായിത്തുടങ്ങിയകഥകൾ മുഴുവൻ വിവരിച്ചുകേൾപ്പിച്ചു.

അസ്ത്രാചാര്യൻ അതുകേട്ടപ്പോൾ തന്റെ സ്വരൂപം എടുത്തുവന്നു ദുരാചാരതല്പരനായ സിദ്ധനെ വധിച്ചതു ഭക്തവത്സലനും കരുണാവരുണാലയനും ആയ ഹാലാസ്യനാഥൻ തന്നെയെന്നു തീർച്ചയായിഅവിടെഉണ്ടായിരുന്ന ഭടന്മാരെയെല്ലാം നല്ലവാക്കുകൾ പറഞ്ഞു സന്തോഷിപ്പിച്ചയച്ചുംവച്ചു ഉടൻതന്നെ ആശ്രിതമന്ദാരദാരുവായ സുന്ദരേശ്വരന്റെ സന്നിധിയിൽ പ്പോയി ഭക്തിപൂർവം അഞ്ജലീബദ്ധനായി നിന്നുകൊണ്ടു ഇപ്രകാരംസ്തുതിച്ചു.

സുന്ദരേശ! മഹാദേവ! ഭഗവൻ! ഭക്തവത്സല!
ത്വല്പാദപങ്കജേഭക്തിം ദത്വാമാംരക്ഷസർവദാ. ൧

ഭക്തിമുക്തികരീംസദ്യ സമസ്തദുരിതാപഹാം
സർവശത്രുക്ഷയകരീം ഭക്തിംദത്വേശപാഹിമാം. ൨

അജ്ഞാനവിനിഹന്ത്രീംച സദാസുജ്ഞാനദായിനീം
ഭക്തിംപ്രദായമാംരക്ഷ ഭഗവൽപാദപങ്കജേ. ൩

സാലോക്യാദിപദപ്രാപ്തി മൂലഭൂതാംസുപുണ്യദാം
മഹാപാതകസംഹന്ത്രീം ഭക്തിംദത്വാചപാലയ. ൪

ധർമ്മമർത്ഥംചകാമംച മോക്ഷംയാസമ്പ്രയച്ഛതി
ദത്വാതാംഭക്തിമതുലാം പാഹിമാംകരുണാനിധേ! ൫

ത്വയിമേതിമിതാഭക്തി രമിതാതേകൃപാമയി
ഹൽഗ്രഹത്വംചപ്രഭുത്വംച ബുധൈനിർണ്ണീതമാവയോഃ ൬

തസ്മാൽത്വംപൂർണ്ണകൃപയാ ഭക്തിലേശാംശസംയുതം
പാഹിപാഹിമഹാദേവ! കദംബവനനായക! ൭

കരുണാമൃതസംപൂർണ്ണ ത്വൻകടാക്ഷാവലോകനാൽ
മദീയവംശസംഭൂതാൻ സർവദാപാലയപ്രഭോ! ൮

അതിന്റെശേഷം അനേകായിരം ഉരു പഞ്ചാക്ഷരംജപിച്ചു. തദനന്തരം സ്തുതിയും ജപവും അവസാനിപ്പിച്ചു മന്ദിരത്തിലേക്കു പോകാൻ തുടങ്ങിയപ്പോൾ പാണ്ഡ്യരാജകുലശേഖരനായ കുലോത്തുംഗഭൂപൻ ഈ വിവരങ്ങൾ എല്ലാം അറിഞ്ഞു ക്ഷേത്രത്തിൽവന്നു അസ്ത്രാചാര്യനെ ഇതില്പരമില്ലാതെ ബഹുമാനിച്ചു ആനപ്പുറത്തുകയററി രാജമന്ദിരത്തിൽ കൊണ്ടു

പോയി പൂജിക്കുകയും പലവിധ സ്ഥാനമാനങ്ങളും വിലതീരാത്ത അനവധി ആഭരണങ്ങളും നൽകുകയും മററും ചെയ്തു.

അസ്സാചാൎയ്യൻ സുന്ദരേശ്വരകൃപകൊണ്ടുണ്ടായ ശത്രുനാശത്തേയും രാജബഹുമാനത്തേയും പൊതുജനസമ്മതത്തേയും മററും വിചാരിച്ചു വിചാരിച്ചു് സീമാതീതമായ സന്തോഷത്തോടുകൂടെ സ്വമന്ദിരത്തിൽപ്പോയി വംശവർദ്ധിനിയും സുശീലയും അനുകൂലയും പതിവ്രതാരത്നവും ആയ പത്നിയുമൊന്നിച്ചു് ഹാലാസ്യേശ്വരസ്മരണയോടുകൂടെ അമിതമായ ലൌകികഭോഗങ്ങളുമനുഭവിച്ചു് ചിരകാലം പരമാനന്ദസൌഖ്യത്തോടുകൂടെ ഇഹലോകവാസം ചെയ്തു.

അല്ലയോ മുനികുലസത്തമന്മാരേ! ഹാലാസ്യനാഥനായ സുന്ദരേശ്വരന്റെ സർവസൌഭാഗ്യദായകവും സർവാപൽഭഞ്ജനകരവും ആയ ഈ ഇരുപത്തിഏഴാമത്തെ ലീലയെ പാരായണംചെയ്യുകയോ കേൾക്കുകയോ ചെയ്യുന്നവൎക്കു് ഐഹികമായും പാരത്രികമായും ഉള്ള എല്ലാ സൌഖ്യങ്ങളും അനായാസേന ലഭിക്കുമെന്നുള്ളതിനു യാതൊരുസംശയവും ഇല്ല.

൩൩-ാംഅദ്ധ്യായം ൨൭-ാംലീല

സമാപ്തം.

---

# ഹാലാസ്യമാഹാത്മ്യം.

കേരളഭാഷാഗദ്യം

## ൩൪-ാം അദ്ധ്യായം.

## നാഗസർപ്പഹനനംചെയ്ത ഇരുപത്തിഎട്ടാമത്തെ ലീല.

ഹാലാസ്യേശ്വരന്റെ അതിപാവനങ്ങളും അത്ഭുതതരങ്ങളുമായ അനാദി ലീലകളെക്കേട്ടു് വീണ്ടും വീണ്ടുംആ ദ്ദേഹത്തിന്റെ ലീലാശ്രവണത്തിൽ അതികുതുകികളായിത്തീൎന്ന വസിഷ്ഠാദിമഹർഷിമാർ വീണ്ടും അഗസ്ത്യമഹർഷിയെനോക്കി ഇങ്ങനെ ചോദിച്ചു.

അല്ലയോ ശൈവാഗമവേദികളിൽവച്ചു് അദ്വിതീയനായ മഹാമുനേ! അവിടത്തെ വദനാരവിന്ദത്തിൽനിന്നും പൊഴിയുന്ന ഹാലാസ്യനാഥലീലാമകരന്ദപാനംകൊണ്ടു് ഞങ്ങൾ ഇതില്പരമില്ലാതെ കൃതാൎത്ഥന്മാരായി. നി

ന്തിരുവടി ദയവുചെയ്തു അദ്ദേഹംചെയ്ത അട്ടത്തലീലകൂടി ഞങ്ങളെ കേൾപ്പിക്കണം.

അഗസ്ത്യർ അതുകേട്ട്, വസിഷ്ഠാദികളോട്- എന്നാൽ ഇനി ഞാൻ ഹാലാസ്യനായകനായ സുന്ദരേശ്വരൻ ശൈലാകൃതിയായിച്ചെന്ന സർപ്പത്തിനെ വധിച്ചതായ അദ്ദേഹത്തിൻെറ ഇരുപത്തെട്ടാമത്തെലീലയെ കേൾപ്പിക്കാം എന്നിങ്ങനെ പറഞ്ഞുംകൊണ്ട് അത്യന്തം ഉത്സാഹത്തോടുകൂടെ വീണ്ടും കഥയാരംഭിച്ചു.

പാണ്ഡ്യഭൂപാലരത്നമായ കുലോത്തുംഗപാണ്ഡ്യൻ ശിവസായൂജ്യത്തെ പ്രാപിച്ചതിൻെറ ശേഷം അദ്ദേഹത്തിൻെറ പുത്രനായ അനന്തഗുണപാണ്ഡ്യൻ രാജ്യഭാരം കയ്യേററു- ശിവഭക്തന്മാരിൽ അഗ്രഗണ്യനും അനന്തഗുണാലയനും നിശ്ശേഷതരരാജലക്ഷണസമ്പന്നനും കരുണാപൂർണ്ണനും ജഗദാഹ്ളാദജനകനും ആയ അദ്ദേഹം തൻെറ നീതികരമായ ഭരണവിശേഷംകൊണ്ടും ബാഹുബലംകൊണ്ടും സാഗരാന്തയായിരിക്കുന്ന ഭൂമി മുഴുവൻ കീഴടക്കി ത്രൈലോക്യപ്രഖ്യാതനായ ഒരു മഹാചക്രവർത്തിയായിത്തീൎന്നു

മേൽപ്രകാരം ഭൂലോകചക്രവർത്തിയായ അനന്തഗുണപാണ്ഡ്യൻ അരിജേതാവായും സകലലോകൈകസമ്മതനായും രാജ്യഭാരം ചെയ്യുന്നകാലത്തിൽ ഒരിക്കൽ തദ്ദേശവാസികളായ നഗ്നന്മാർ കൂട്ടംകൂടി തമ്മിൽ തമ്മിൽ ഇങ്ങനെ ആലോചിച്ചു.

"ഇപ്പോഴത്തെ രാജാവായ അനന്തഗുണപാണ്ഡ്യൻ സുന്ദരേശഭക്തനും ഭസ്മധാരകനും പഞ്ചാക്ഷരപ്രിയനും രുദ്രാക്ഷമാലാധാരിയും ശിവലിംഗാൎച്ചനതല്പരനും ശിവഭക്തപ്രപൂജകനും ആകയാൽ അദ്ദേഹത്തിൻെറ എല്ലാ പ്രജകളും ഒന്നുപോലെ ശംഭുഭക്തിപരായണന്മാരും ഭസ്മരുദ്രാക്ഷമാലാധാരികളും ആയിത്തീൎന്നു് ശൈവമതം അത്യന്തം അഭിവൃദ്ധിയെ പ്രാപിക്കുകയും നഗ്നസിദ്ധാന്തങ്ങൾ നാൾക്കുനാൾ നഷ്ടമായിത്തീരുകയും ചെയ്തുവരുന്നു. ശിവഭക്താഗ്രഗണ്യനായ അനന്തഗുണപാണ്ഡ്യനെ സംഹരിക്കാതെ നമുക്ക് നമ്മുടെ നഗ്നമതത്തെ ഉദ്ധരിക്കുവാൻ കഴിയുന്നതല്ല. അപാരഭുജബലശാലിയും വീര്യശൌര്യപരാക്രമനിധിയുമായ അനന്തഗുണപാണ്ഡ്യനെ യുദ്ധത്തിൽ തോല്പിച്ചോ, മററുപ്രകാരത്തിൽ നേരിട്ടോ വധിക്കുന്നതിന് നമ്മെക്കൊണ്ടെന്നല്ല ഇപ്പോൾ ഭൂലോകത്തിലുള്ളതിൽ ആരെക്കൊണ്ടും അസാദ്ധ്യമത്രെ. അതുകൊണ്ട് നമുക്ക് അദ്ദേഹത്തെ ആഭിചാരംചെയ്തു വധിക്കണം. ആഭിചാരത്താൽ സാധിക്കാൻ പാടില്ലാത്തതായി യാതൊന്നും, തന്നെയില്ലല്ലോ"

ദുഷ്ടന്മാരായ നഗ്നന്മാർ ഇപ്രകാരം നിശ്ചയിച്ചതിൻെറശേഷം എല്ലാവരുംകൂടി ഒരുവിജനപ്രദേശത്തിൽ പോയി വിശാലമായ ഒരു ഹോമകുണ്ഡത്തെ വിധിപ്രകാരം ഉണ്ടാക്കി പ്രധാന മാന്ത്രികന്മാരായ അവർ ഒന്നുചേൎന്നു വിവിധോപകരണംപൂൎവ്വം അനേകപ്രകാരത്തിൽ ഹോമിച്ചു.

മഹത്തായ ആ ആഭിചാരഹോമം ഇടവിടാതെ നടന്നുവരുമ്പോൾ ഒരിക്കൽ ആ ഹോമകുണ്ഡമദ്ധ്യത്തിൽനിന്നും നീണ്ടു് തടിച്ച ഗിരിപോലെയു

ള്ള ശരീരത്തോടും തീക്കനൽപോലെ മിന്നുന്ന വട്ടക്കണ്ണുകളോടും ഗുഹപോലെയുള്ള വദനത്തോടും അമ്പിളിക്കീറുകൾപോലെയുള്ള ദംഷ്ട്രങ്ങളോടും ഊർദ്ധ്വജ്വലിതമായ ദീപ്തപാവകസങ്കാശത്തോടുംകൂടിയ കേശപാശങ്ങളോടും കൂടിയവനും ജഗത്ത്രാസകാരകനും ബൃഹൽകുക്ഷിയും ക്രൂദ്ധാശിയും വിഷവീക്ഷണനും ആയ ഒരു രാക്ഷസൻ പ്രാദുർഭവിച്ചു. അവൻ നഗ്നന്മാരെനോക്കി എടോ നഗ്നന്മാരെ! കത്തിക്കാളുന്നതായ ജഠരാഗ്നി എന്റെ ശരീരത്തെ ഇതാ നശിപ്പിക്കുന്നു. നിങ്ങൾ എന്തിനാണ് എന്നെ ഉൽപ്പാദിപ്പിച്ചതു്? നിങ്ങൾക്കുവേണ്ടി ഞാൻ ചെയ്യേണ്ടകാൎയ്യം എന്തെന്ന് അതിവേഗത്തിൽ പറയുവിൻ! ക്ഷുധാൎത്തനായ എനിക്ക് കൊററുനൾകി എന്റെ വിശപ്പടക്കുന്നതിൽ ഒട്ടും അമാന്തിക്കരുതു്; എന്നിങ്ങനെ അട്ടഹാസപൂൎവ്വം പറഞ്ഞു.

നഗ്നന്മാർ അതുകേട്ട് സന്തോഷപൂർവ്വം ഇപ്രകാരം മറുപടിപറഞ്ഞു.

അല്ലയോ രാക്ഷസേന്ദ്ര! ഞങ്ങൾ നിന്നെ ഉണ്ടാക്കിയതു് ഞങ്ങളുടെ വിരോധിയായ അനന്തഗുണപാണ്ഡ്യനെ കൊല്ലുന്നതിനായിട്ടാണ്. ശിവഭക്തനായ അവൻമൂലം നഗ്നമതം ക്ഷയിച്ചുതുടങ്ങി. നീ അതുകൊണ്ട് ശൈലാകൃതിയിലുള്ള ഒരു ഫണീന്ദ്രന്റെ വേഷമെടുത്തു് അതിവേഗത്തിൽ മധുരാപുരിയിൽ പോയി രാജാവായ അനന്തഗുണപാണ്ഡ്യനേയും അദ്ദേഹത്തിന്റെ നഗരവാസികളായ സകലജനങ്ങളേയും വിഷവേഗം കൊണ്ട് സംഹരിക്കണം.

അഭിചാരോൽഭൂതനായ ആ രാക്ഷസേന്ദ്രൻ നഗ്നഭാഷിതം കേട്ടക്ഷണത്തിൽതന്നെ ശൈലാകൃതിയിലുള്ള ഒരു ഘോരസൎപ്പത്തിന്റെ വേഷംകൈക്കൊണ്ട് വിശാലമായ ഫണവും വിരിച്ച് ആയതമായ ജിഹ്വയും നീട്ടിഫല്ക്കാരവും ചെയ്തുകൊണ്ട് മധുരാപുരംനോക്കി ദ്രുതഗമനംചെയ്തു് അതിവേഗത്തിൽ അവിടെ എത്തി. ഭീഷണമായ ഫൂല്ക്കാരത്തോടുകൂടെ കല്പാന്തകാലാഗ്നിയെപ്പോലെ എത്തിയിരിക്കുന്ന ഭയങ്കരസൎപ്പത്തെക്കണ്ട് ഭയവിഹ്വലന്മാരായ മധുരാപുരവാസികൾ ഉടൻതന്നെ ഓടിപ്പോയി വിവരം രാജാവിനെ അറിയിച്ചു.

രാജാവു് കേട്ട മാത്രയിൽതന്നെ ചാപബാണ തൂണീരപാണിയായി സൎപ്പവധത്തിനു് പുരവാസികളോടൊന്നിച്ചു പുറപ്പെട്ടു് സൎപ്പേന്ദ്രന്റെ അടുക്കൽ ചെന്നപ്പോൾ പർവ്വതാകാരനും വിഷജ്വാലകൊണ്ട് അത്യന്തം ഭയങ്കരനുമായ അവനെക്കണ്ടു വല്ലാതൊന്നന്ധാളിച്ചു ഞെട്ടി പുറകോട്ടുമാറി വിചാരത്തോടുകൂടി അല്പനേരംനിന്നു. അനന്തരം ധൈൎയ്യത്തോടും സുന്ദരേശപാദാംബുജസ്മരണയോടുംകൂടെ തീക്ഷ്ണമായ ഒരുബാണമെടുത്തു് തൊടുത്തയച്ചു.

സൎപ്പം അതിനെ ഭക്ഷിച്ചുംവെച്ചു് രാജാവിനെ ദംശിക്കുന്നതിനായി ഓടിഅടുത്തു. രാജാവു് വീണ്ടും അനവധി ബാണം അയച്ചു് സൎപ്പത്തിന്റെ ഉടൽമുഴുവൻ ഛിന്നഭിന്നമായി ഖണ്ഡിച്ചു. അനന്തരം ബാണംകൊണ്ട് വിഭിന്നഗാത്രനായിത്തീൎന്ന സൎപ്പം നദീപ്രവാഹമെന്നപോലെ ഉൽ

ണത്തോടുകൂടിയതായ വിഷത്തെ ഛർദ്ദിച്ചു. ആ വിഷജ്വാലകൊണ്ടു് മധുരാപുരവാസികൾ ഒന്നുപോലെ മൂർച്ഛിതന്മാരായി.

രാജാവു് ഇതുകണ്ടു് വിഷാദത്തോടുകൂടി അതിവേഗത്തിൽ ഓടി ഹാലാസ്യമഹാക്ഷേത്രത്തിൽ പ്രവേശിച്ചു് സുന്ദരേശ്വരലിംഗസന്നിധാനത്തിൽ ചെന്നു സാഷ്ടാംഗം വീണു നമസ്കരിച്ചുംകൊണ്ടു് വിഷജ്വാലാശാന്തിക്കുവേണ്ടി ഇപ്രകാരം സ്തുതിച്ചു.

സുന്ദരേശകൃപാരാശേ ഹാലാഹലവിഷാപഹ!
പാഹിനശ്ശരണാപന്നാൻ വിഷജ്വാലാവിമൂർഛിതാൻ
കദംബകാനനാധീശ! കമലാപതിപൂജിത-
പാഹിനശ്ശരണാപന്നാൻ പന്നഗേനപ്രപീഡിതാൻ
കർപ്പൂരസുന്ദരശിവ! കർപ്പൂരാത്യന്തശീതള!
കർപ്പൂരധവളാകാര! സർപ്പാദസ്മാച്ചപാഹിനഃ
ജീവന്മുക്തിപുരേശാന! ജീവന്മുക്തിപ്രദായക!
ജീവന്മുക്തംഗതാനസ്മാൻ ജീവയാസ്മാദ്വിഷോൽബണാൽ
ഭൂലോകശിവലോകേശ! ഭൂലോകാമരപാദപ!
ഭൂലോകഹർത്തൃഗരളാൽ ഭൂലോകംപരിപാലയ
കല്യാണസുന്ദരപതേ! കല്യാണാദ്രിധനുർദ്ധര!
കല്യാണംകല്പയാസ്മാകം കല്യാണദയമാന്തക,
കദംബവനമദ്ധ്യസ്ഥ ചിദംബരവിഭാവസോ
നിതാംബിനീവാമഭാഗ ദിഗംബരനമോസ്തുതേ.

രാജാവും മററുള്ളവരുംകൂടെ ഇപ്രകാരം സ്തുതിച്ചുംകൊണ്ടു് മൂലലിംഗവും നോക്കി ചിന്താപരവശന്മാരായി നില്ക്കുന്ന അവസരത്തിൽ ഭഗവാനും ഗംഗാധരനും ചന്ദ്രചൂഡനും ആയ ഹാലാസ്യനാഥൻ ഗരളപ്രവാഹംകൊണ്ടുള്ള പ്രജകളുടെ ആർത്തിയെ ശമിപ്പിക്കുന്നതിനായി മൂലലിംഗത്തിൽ നിന്നും ഒരു സിദ്ധരൂപിയായി അവതരിച്ചു് രാജാവിനോടും അദ്ദേഹത്തോടൊന്നിച്ചു് മററുണ്ടായിരുന്ന ജനങ്ങളോടുംകൂടി സർപ്പാന്തികത്തെപ്രാപിച്ചിട്ടു് തൻെറ ജടയിൽ ശോഭിക്കുന്ന ശശാങ്കജ്യോത്സനകൊണ്ടു വിഷജ്വാലയെ ശമിപ്പിച്ചു.

ഹാലാസ്യനാഥൻെറ ശിരോലങ്കാരമായ ബാലചന്ദ്രൻെറ സുധാരൂപമായ അംശുക്കളെക്കൊണ്ടു ഏതൊരുക്ഷണത്തിൽ വിഷജ്വാലയെ ശമിപ്പിച്ചുവോ ആ ക്ഷണത്തിൽ തന്നെ അതേവരേയും മൂർഛിതന്മാരായിരുന്നവർ ഒന്നുപോലെ മൂർഛവിട്ടെഴുനേല്ക്കുകയും എല്ലാവരുടെ ഹൃദയവും മധുരാപുരിയും അമൃതസേചനം ചെയ്തകാലത്തെപ്പോലെ തണുക്കുകയുംചെയ്തു.

ലോകവാസികൾ ഇതുകണ്ടു് സിദ്ധനെ വന്ദിക്കാനായി അത്ഭുതപാരവശ്യത്തോടും അമിതമായ ഭക്തിയോടുംകൂടെ അടുത്തുകൂടിയ അവസരത്തിൽ അദ്ദേഹം കാരുണ്യപൂർണ്ണമായ കടാക്ഷാവലോകനങ്ങളെ കൊണ്ടു് അവരെ അനുഗ്രഹിച്ചിട്ടു് അതിവേഗത്തിൽ മറഞ്ഞുകളഞ്ഞു.

രാജാവിൻെറ അസ്ത്രങ്ങൾ ഏറ്റു് വിഭിന്നഗാത്രനും പരമശിവൻെറ ശിരോഭൂഷണമായ ബാലചന്ദ്രൻെറ അംശുക്കൾ കൊണ്ടു് നിർവിഷവീൎയ്യനുമായ ആ സൎപ്പേന്ദ്രൻ അതിൻെറശേഷം അത്യന്തം വിപുലവും അത്ഭുതകരവുമായ ഒരു പൎവ്വതമായിതീൎന്നു. ഇന്നും അതിൻെറപേരു നാഗശൈലം എന്നാണു്.

പരമശിവൻ തൻെറ ചൂഡാമണിയായ ശശാങ്കൻെറ കിരണങ്ങളെക്കൊണ്ടു് ആ സ്ഥലം മുഴുവൻ മധുരീകരിച്ചതു് നിമിത്തമാണു് ഇപ്പോഴും ആ പട്ടണത്തിനു് മധുരാപുരം എന്നു പേർപറഞ്ഞുവരുന്നതു്. ഹാലാസ്യനായ സൎപ്പം സമീപത്തിൽ ശൈലാകൃതിയായിവസിക്കുന്നതുകൊണ്ടു ക്ഷേത്രത്തിനു് ഹാലാസ്യമെന്നുള്ള പേരുണ്ടാവുകയും അതു് ത്രൈലോക്യവിശ്രുതമായി തീരുകയും ചെയ്തു.

ഉത്തമോത്തമനും രാജാധിരാജാവുമായ അനന്തഗുണപാണ്ഡ്യൻ സുന്ദരേശ്വരൻെറ അത്യത്ഭുതമായ കാരുണ്യം കണ്ടു് ഇതിൽപരമില്ലാത്ത സന്തോഷത്തോടുകൂടെ ഭക്തിപൂൎവ്വം മഹേശ്വരനായ അദ്ദേഹത്തിനെ ഇടവിടാതെ സ്തുതിക്കുകയും വന്ദിക്കുകയും ചെയ്തുംകൊണ്ടു് സൎവൈശ്വൎയ്യസമന്വിതനായി ചിരകാലം ഭൂപരിപാലനം ചെയ്തു.

അല്ലയോ! മുനിനായകന്മാരേ! ഹാലാസ്യനാഥനായ ശ്രീസുന്ദരേശ്വരൻെറ അത്ഭുതമനോഹരവും പരിപാവനവുമായ ഈ ഇരുപത്തിയെട്ടാമത്തെ ലീലയെ ശ്രദ്ധാഭക്തികളോടുകൂടെ കേൾക്കുകയും പഠിക്കുകയും ചെയ്യുന്നവൎക്കു് സൎവ്വദുഃഖങ്ങളും തീരുകയും അഭീഷ്ടങ്ങൾ സിദ്ധിക്കുകയും ചെയ്യുമെന്നുമാത്രമല്ല അവൎക്കു് ഒരുകാലത്തും വിഷഭയം ഉണ്ടാകുന്നതുമല്ല.

൨൮-ാം അദ്ധ്യായം.

നഗാഭിചാരംകൊണ്ടുണ്ടായസൎപ്പത്തെ വധിച്ച

ഇരുപത്തിഎട്ടാം ലീല സമാപ്തം.

# ഹാലാസ്യമാഹാത്മ്യം.

കേരളഭാഷാഗദ്യം

൨൯-ാം അദ്ധ്യായം.

നഗ്നധേനുവിപാതനം എന്ന

## ഇരുപത്തിഒൻപതാമത്തെ ലീല.

---

ശൈവാഗമവേദിയും ശിവഭക്താഗ്രഗണ്യനും ആയ അഗസ്ത്യൻ വീണ്ടും വസിഷ്ഠാദിമഹർഷികളോടു താഴെവരുമാറുകഥപറഞ്ഞു തുടങ്ങി.

അല്ലയോ! മുനികുലപുംഗവന്മാരേ! ഹാലാസ്യനാഥനായ സുന്ദരേശ്വരൻ സുപ്രസിദ്ധമായപശുപർവ്വതത്തേയും വൃഷഭാചലത്തേയും നിർമ്മിച്ചതായ ലീലയെ ഇനി ഞാൻ നിങ്ങളെ കേൾപ്പിക്കാം. അത്യന്തം സാരവത്തും പരിപാവനവുമായ ഈ ഒരു ലീലാശ്രവണം കൊണ്ടുതന്നെനിങ്ങളുടെ സർവ്വാഭീഷ്ടങ്ങളും അനായാസേന ലഭിക്കുന്നതാണു്.

അല്ലയോ മുനിപുംഗവന്മാരേ! നഗ്നന്മാർ അഭിചാരംചെയ്തുണ്ടാക്കിയ പർവ്വതാകാരനായ സർപ്പശ്രേഷ്ഠൻ മഹേശ്വരൻെറ ലീലകൊണ്ടു് നശിച്ചുപോയതിൻെറശേഷം ഒരിക്കൽ വീണ്ടും നഗ്നന്മാർ സഭകൂടി ഇങ്ങനെ നിശ്ചയിച്ചു.

നാം വളരെക്കാലത്തെ ശ്രമം ചെയ്തു് നിറവേററിയ ഹോമകുണ്ഡത്തിൽ നിന്നും നമ്മുടെ മന്ത്രസാമർത്ഥ്യംകൊണ്ടു് പാതാളത്തിനടിയിൽ നിന്നും ഒരു വലിയപർവ്വതം, ഭൂമി പിളർന്നുകൊണ്ടു് കിളർന്നതുപോലെ ഉണ്ടായ രാക്ഷസനെ നമ്മൾ പന്നഗമാക്കി മധുരാപുരത്തേയും അനന്തഗുണപാണ്ഡ്യനേയും ധ്വംസിക്കാനായി അയച്ചതിൽ രാജാവു് നിശിതങ്ങളായബാണങ്ങൾ പ്രയോഗിച്ചു് പന്നഗത്തെ ഖണ്ഡംഖണ്ഡമായി മുറിയ്ക്കുകയും തദനന്തരത്തിൽ പന്നഗശ്രേഷ്ഠൻ ഛർദ്ദിച്ചു് വിഷജ്വാലകൊണ്ടു് മധുരാപുരം നശിക്കാൻ തുടങ്ങിയപ്പോൾ ആ വിഷത്തെ മധുരീകരിക്കുകയും ചെയ്തു് നമ്മുടെ പ്രയത്നങ്ങളെ നിഷ്ഫലമാക്കി കളഞ്ഞു. നമ്മുടെ അനേകകാലത്തെ പ്രയത്നങ്ങളെ മേൽപ്രകാരം അല്പക്ഷണത്തിനുള്ളിൽ വ്യർത്ഥമാക്കിക്കളഞ്ഞ രാജാവിനെ ഏതെങ്കിലുംപ്രകാരത്തിൽ പററിക്കാതെവിട്ടാൽ നമുക്കും നമ്മുടെമതത്തിനും ഏററവും പോരാത്തതാണു്. അതുകൊണ്ടു് വീണ്ടും ഒരു മഹത്തായ അഭിചാരംകൂടിച്ചെയ്തു് അത്യന്തം ശക്തിയേറിയ ഏതെങ്കിലും ഒരു സത്വത്തെ ഉണ്ടാക്കി അയച്ചു് അവനെ വധിക്കണം.

നഗ്നന്മാർ മേൽപ്രകാരം ആലോചിച്ചുറച്ചുംകൊണ്ടു് വീണ്ടും വലുതാ

യ ഒരു കുണ്ഡം ഉണ്ടാക്കി നാനാവിധത്തിലുള്ള ഉപകരണങ്ങളോടുകൂടെ അത്യുഗ്രമായ അഭിചാരകർമ്മങ്ങളോടുകൂടിയ ഒരു ഹോമം തുടങ്ങി. ഹോമം പരിപൂർത്തിയായ ക്ഷണത്തിൽ ഹോമകുണ്ഡത്തിൽനിന്നും അത്യുഗ്രഭീഷണാകാരനും പശുസ്വരൂപിയുമായ ഒരു അസുരൻ ഉണ്ടായി. നഗ്നന്മാർ അവനെ നോക്കി മധുരാപുരത്തേയും മധുരാപുരാധിപനായ അനന്തഗുണപാണ്ഡ്യനേയും നശിപ്പിക്കുകയെന്നു പറഞ്ഞു.

ധേനുസ്വരൂപിയായ അസുരൻ കേട്ടമാത്രയിൽത്തന്നെ മധുരാപുരം നോക്കി അതിവേഗത്തിൽ നടന്നു. അത്യുഗ്രങ്ങളായ പർവ്വതങ്ങളെ ഇളക്കിയും മേഘമണ്ഡലത്തിൽ ഉടക്കുന്നതും അത്യന്തം ആയതവും നിശിതവുമായശൃംഗങ്ങളെകൊണ്ടു് പർവ്വതശൃംഗങ്ങളെ കുത്തിയിളക്കി നാനാദിക്കുകളിലുമെറിഞ്ഞും ലാംഗൂലചാലനോദ്ധൂതവാതങ്ങൾ കൊണ്ടു് അനവധി വൃക്ഷങ്ങളുടെ മൂലച്ഛേദനംചെയ്തും വിദ്രുതഗമനം കൊണ്ടുണ്ടായഖുരാഘാതംമൂലം ഇളകുന്ന പൊടികളെ ഉച്ഛ്വാസവായുക്കളെക്കൊണ്ടു് സർവ്വത്രപറപ്പിച്ചു് ഭൂലോകത്തെ അന്ധകാരമയമാക്കിയും മററുപലപ്രകാരത്തിലുമുള്ള ഭയങ്കരകൃത്യങ്ങളെ പ്രകടിപ്പിച്ചും മധുരാപുരത്തിനു് സംഹാരരുദ്രനായിവന്നെത്തിയ ധേനുകാസുരനെക്കണ്ടു് ആശ്ചര്യപരതന്ത്രന്മാരും ഭയവിഹ്വലന്മാരുമായിത്തീർന്ന മധുരാപുരവാസികൾ അതിവേഗത്തിൽ രാജസന്നിധിയിൽ പ്രവേശിച്ചു് വിവരം രാജാവിനെ അറിയിച്ചു.

രാജാവു് അതുകേട്ടു് അത്യന്തം ആശ്ചര്യത്തോടും ഭയത്തോടുംകൂടെ ഹാലാസ്യനാഥനായ സുന്ദരേശ്വരന്റെ സന്നിധിയിൽ ചെന്നു് സാഷ്ടാംഗമായിവീണു പ്രണമിച്ചുംകൊണ്ടു് ഇപ്രകാരം സ്തുതിച്ചു.

കദംബകാനനാധീശ! കരുണാമൃതസാഗര!
ശരണാഗതഭക്താനാ മാർത്തിഹാരിൻ! വൃഷധ്വജാ. (൧)
സമസ്തലോകൈകവിഭൊ! സർവജ്ഞശശിഭൂഷണ!
ജഗതാംരക്ഷണാത്ഥംത്വം കാളകൂടമഹാവിഷം. (൨)

അന്ധകാസുരമത്യുഗ്രം കൃതാന്തഞ്ചപുരത്രയം
കാമാദീനഖിലാൽദുഷ്ടാൻ പുരാസമഹരപ്രഭോ! (൩)
ഏവംത്വയാപാലിതാനാം ജഗതാമതിഭീതിദാ
ഗൌരേകാപർവ്വതാകാരാ സമായാതിജവേനച. (൪)
ത്വമേവഏനാംസംഹത്തും സമർത്ഥോന്യേനകശ്ചന
യേനകേനാപ്യുപായേന താംഗാംസംഹരശംകര! (൫)

പാണ്ഡ്യവംശാലങ്കാരരത്നവും ഭക്താഗ്രഗണ്യനുമായ അനന്തഗുണപാണ്ഡ്യന്റെ മേൽപ്രകാരമുള്ള അപേക്ഷയെക്കേട്ടു് സന്തുഷ്ടനായ ഹാലാസ്യനാഥനും ഭക്തവത്സലനും പാർവ്വതീനായകനുമായ പരമശിവൻ തന്റെ മുൻപിൽ എല്ലാക്കാലത്തും ഒന്നുപോലെ വസിക്കുന്ന വൃന്ദാരകവന്ദ്യനായ വൃഷഭത്തിനോടു് നീപോയി മധുരാപുരനാശത്തിന്നായി നഗ്നന്മാർ അയച്ചിരിക്കു

ന്ന ഗോവിനെ നിർവീൎയ്യയാക്കി നശിപ്പിക്കുക എന്നു കല്പിച്ചു.

വൃഷഭശ്രേഷ്ഠൻ അതുകേട്ടു് കൈലാസഗിരിപോലെ അത്യന്തം ഔന്നത്യവും ധാവള്യവും ഏറിയതായ സൌന്ദൎയ്യസ്വരൂപം കൈക്കൊണ്ടു് ഏററവും കാമാൎത്തനായ ഒരു കാളയെപ്പോലെ മുക്രയുംതട്ടിക്കൊണ്ടു് പശുവിൻെറ അടുക്കലേക്കു് പോയി. സൌന്ദൎയ്യാകാരനായ വൃഷഭവീരനെ കണ്ട ക്ഷണത്തിൽതന്നെ പശുവും കാമാതുരയായെന്നു മാത്രമല്ല കിങ്കിണിജാലമാലാഭിരലംകൃതഗളാന്തരനും ഭൂതനാഥനായ സുന്ദരേശ്വരൻെറ പാദന്യാസംകൊണ്ടു് പവിത്രീകൃതമായ പൃഷ്ഠത്തോടുകൂടിയവനും കൈലാസശിഖരോപമമായ ഉപ്പരണയോടുകൂടിയവനും വിശ്വസംരക്ഷണതല്പരനും ലോകവിശ്രുതനും വൃന്ദാരകേന്ദ്രവന്ദിതനും ഉദാരാംഗനും വിമലാകാരനും ദേവതാത്മാവും ഭദ്രാലയനും ആയ നന്ദിയുടെ സൌന്ദൎയ്യതേജോവിലാസങ്ങളാലും ആലോകനചതുരതയാലും കാമപ്രകടനവികാരങ്ങളാലും ആകൎഷിതയായ ആ പശുവിനു് കാളയെ കാണക്കാണെ വീൎയ്യസ്രാവമുണ്ടാവുകയും തന്മൂലം നിർവീൎയ്യയായിത്തീൎന്ന ആ പശു മീലിതനേത്രയായി ഭൂമിയിൽ വീണു് മരിച്ചു് പൎവ്വതമായിത്തീരുകയും ചെയ്തു. അപ്രകാരമുണ്ടായ പൎവ്വതത്തെ ഇന്നും പശുപൎവ്വതം എന്നാണു് വിളിച്ചുവരുന്നതു്. പശുവു് വീണു് മരിച്ചു് പൎവ്വതമായ ക്ഷണത്തിൽതന്നെ അതിനോടൊന്നിച്ചു് വന്നിരുന്ന നഗ്നന്മാർ ആത്മരക്ഷാൎത്ഥം ഗൂഢപ്രദേശങ്ങൾ നോക്കി ഓടിപ്പോയി.

അനന്തരം നഗ്നന്മാർ ആഭിചാരം ചെയ്തുണ്ടാക്കിയയച്ച പശുവിനെ വധിക്കാനായി പ്രത്യക്ഷനായനന്ദി തൻെറ വൃഷഭസ്ഥൂലശരീരത്തെ ശിവാജ്ഞപ്രകാരം അവിടെത്തന്നെ ഉത്തരഭാഗത്തിൽ വൃഷഭാചലമായി ഉപേക്ഷിച്ചുംവച്ചു് തൻെറ സൂക്ഷ്മരൂപത്തോടുകൂടെ പരമശിവസന്നിധാനത്തെ പ്രാപിച്ചു് അദ്ദേഹത്തിൻെറ മുൻപിൽ പഴയപോലെ നിവസിച്ചു.

നീപാടവീനായകനായ സുന്ദരേശ്വരൻെറ വാഹനശ്രേഷ്ഠയായ നന്ദിയുടെ മേൽപ്രകാരമുള്ള വൈഭവങ്ങളെ കണ്ടു് അനന്തഗുണപാണ്ഡ്യനും അദ്ദേഹത്തിൻെറ പ്രജകളും ഇതിൽപരമില്ലാതെ സന്തോഷിക്കുകയും പ്രശംസിക്കുകയും ചെയ്തുംകൊണ്ടു് ക്ഷേത്രത്തിൽ പോയി ശങ്കരീശങ്കരന്മാരേയും വൃഷഭവീരനേയും സാഷ്ടാംഗപ്രണാമം ചെയ്യുകയും പലപ്രകാരത്തിൽ സ്തുതിക്കുകയും മററുംചെയ്തു. അനന്തരം അവർ അവരവരുടെ മന്ദിരങ്ങളിൽ പോയി ഹാലാസ്യേശ്വരസ്മരണയോടുകൂടെ സൌഖ്യമായി വസിച്ചു.

അല്ലയോ ഋഷീശ്വരന്മാരെ! അക്കാലത്തിൽ ആയിരുന്നു രഘുകുലനാഥനായ രാമഭദ്രൻ സോദരനും വിക്രമശാലിയുമായ ലക്ഷ്മണനോടും പരാക്രമികളായ മൎക്കടസൈന്യങ്ങളോടും കൂടെ മാരുതിയുടെ മുഖത്തിൽ നിന്നും ലങ്കയിലുണ്ടെന്നറിഞ്ഞു ജാനകിയെ രാവണവധംസാധിച്ചു് വീണ്ടുകൊണ്ടുവരുവാനായി പുറപ്പെട്ടു് വൃഷഭാചലത്തിൽ എത്തി താമസിച്ചതു്. മലയാചലത്തിൽ നിന്നും ഞാൻ ഈ വിവരം അറിഞ്ഞു് വൃഷഭാചലത്തിൽ പോയി സൂൎയ്യവംശരാജരത്നമായ അദ്ദേഹവും തമ്മിൽ അന്യോന്യസംഭാഷണം ചെ

യ്ക്കൂട്ടത്തിൽ ഞാൻ ഹാലാസ്യനാഥനായ സുന്ദരേശ്വരന്റെ മാഹാത്മ്യങ്ങളേയും അറിയിച്ചു. രാഘവൻ സുന്ദരേശ്വരമാഹാത്മ്യത്തെ എന്തൊരുക്ഷണത്തിൽ എന്റെ മുഖത്തുനിന്നു ഗ്രഹിച്ചുവോ ആ ക്ഷണത്തിൽതന്നെ അദ്ദേഹം ഹേമപത്മാകരത്തിൽ പോയി സ്നാനംചെയ്ത് കാമാരിവല്ലഭയും, ആശ്രിതകല്പകവല്ലിയുമായ മീനാക്ഷീഭഗവതിയെ ഭക്തിയോടുകൂടെ പൂജിച്ചുംവച്ച്, ഭക്താർത്തിഭഞ്ജനനും സർവ്വശക്തനും ആയ സുന്ദരേശ്വരന്റെ മൂലലിംഗത്തെ ഉപചാരങ്ങളോടുകൂടെ പൂജിച്ച്, സ്വമനോരഥസിദ്ധിക്കായിക്കൊണ്ട് ഇപ്രകാരം പ്രാർത്ഥിച്ചു.

ശംഭോ! ശങ്കരസർവ്വജ്ഞ! സർവ്വകല്യാണകാരണ!
കരുണാകരകാലാരെ! കാമിതാർത്ഥപ്രദായക (൧)

കാളകൂടലസൽക്കണ്ഠ! കദംബവനനായക!
ഭൂലോകശിവലോകേശ! പുരന്ദരവിമാനഗ! (൨)

സന്തിപുണ്യാന്യനേകാനി തവക്ഷേത്രാണിഭൂതലേ
ഹാലാസ്യാഖ്യമിദംക്ഷേത്ര മത്യന്തംമഹദത്ഭുതം. (൩)

അനുഗ്രഹാർത്ഥംജഗതാം ത്വൽകൃതൈരംബുദാനകൈഃ
പരിതഃപർവ്വതാകാരൈ നിശ്ചപ്രത്യക്ഷവിശേഷതഃ (൪)

ഹന്തുസർവ്വാണിദുഃഖാനി ദാതുസ്സർവ്വാശ്വസമ്പദഃ
ത്വല്ലിംഗസ്യസമംനാസ്തി ജനാനാംദൃഷ്ടമാത്രതഃ (൫)

മഹാപാപൌഘസംഹർത്തൃ ന്മഹാതീർത്ഥസ്യസർവ്വദാ
സർവ്വാസിദ്ധിസംപ്രദാതൃ സ്തുല്യംതീർത്ഥംനവിദ്യതെ. (൬)

കച്ചിൽക്ഷേത്രസ്യമാഹാത്മ്യം കച്ചിൽലിംഗസ്യവൈഭവം
കച്ചിൽതീർത്ഥസ്യവൈശിഷ്ട്യം ഹാലാസ്യേവിദ്യതേത്രയം (൭)

തസ്മാദത്രമഹാസിദ്ധി സ്സർവ്വേഷാമസ്തിജന്മിനാം
അസ്മാകമപികാര്യാണാം സിദ്ധിസ്സ്യാദത്രനിശ്ചയഃ (൮)

ഹാലാസ്യേശ്വര! ദേവേശ! മല്ക്കാര്യമതിദുഷ്കരം
തത്സിദ്ധിശ്ചയഥാസദ്യോ ഭവിഷ്യതിയഥാകുരു. (൯)

അമിതമായ ഭക്തിയോടുകൂടെ രഘുവംശോത്തമനായ ശ്രീരാമൻ മേൽപ്രകാരം പ്രാർത്ഥിച്ചുകൊണ്ടു അഞ്ജലീബദ്ധനായിനില്ക്കുമ്പോൾ, കർണ്ണാമൃതമായ ഈശ്വരഭാഷിതം അശരീരിയായി താഴെ വരുമാറു കേട്ടു.

"അല്ലയോ! സൂര്യവംശാലങ്കാരനും വിക്രമവാരിധിയും ആയ രാഘവ! നിന്റെ കാര്യസിദ്ധിയ്ക്കുവേണ്ടുംവഴി ഞാൻ പറഞ്ഞുതരാം. നീ മഹത്സൈന്യങ്ങളോടുകൂടെ എന്റെ ലിംഗത്തിന് ആഗ്നേയദിക്കിൽപോയി സമു

ത്തിൽ ചിറകെട്ടി അതുവഴി ലംകയിൽപോയി രാവണനെ കുലത്തോടുകൂടെ നശിപ്പിച്ചുംവെച്ചു് സാധ്വീമണിയും നിന്റെ പത്നിയും ആയ സീതയെ വീണ്ടുകൊള്ളുക. നിന്റെ ഉദ്ദേശ്യപ്രകാരംതന്നെ ആ കാൎയ്യമെല്ലാം നിറവേറും. രാവണൻ എത്രവലിയ ബലശാലിയും ബന്ധുസഹായം ഏറിയവനും ആണെങ്കിലും അവനെ നിനക്കു ജയിക്കുന്നതിനും സഹധൎമ്മിണിയായ സീതയെ ലഭിക്കുന്നതിനും സംഗതിയാകുമെന്നുമാത്രമല്ല ലങ്കയിൽനിന്നും നീ വാനരസൈന്യങ്ങളോടും സഹജനായ ലക്ഷ്മണനോടും, ജനകജയോടും വാനരരാജാവായ സുഗ്രീവനോടും ഭക്തോത്തമനും ഭുജബലവീൎയ്യവാനും ആയ ഹനുമാനോടും കൂടി അയോദ്ധ്യയിൽപ്പോയി സിംഹാസനാരോഹണംചെയ്തു് അനേകവൎഷം ഭൂലോകചക്രവൎത്തിയായി സസുഖം വസിക്കുകയും അവസാനത്തിൽ വൈകുണ്ഠപദം പ്രാപിക്കുകയും ചെയ്യും.

രാഘവൻ സുന്ദരേശ്വരന്റെ മേൽപ്രകാരമുള്ള അരുളപ്പാടുകൾകേട്ടു്, ചാപം ബാണമെടുത്തുകെട്ടിയുംവെച്ചു്, സുന്ദരേശ്വരനെ വീണ്ടും വന്ദിച്ചിട്ടു്, സുന്ദരേശ്വരശിവലിംഗത്തിന്റെ ആഗ്നേയകോണുനോക്കിപ്പോയി സമുദ്രതീരം പ്രാപിച്ചു്, പൎവ്വതങ്ങളും കുന്നുകളും മററും ഇടിച്ചിട്ടു് സമുദ്രത്തിൽ ചിറയുണ്ടാക്കി അതുവഴി ലംകയിൽപ്പോയി സകുടുംബം രാവണനെവധിച്ചു് അവന്റെ സഹോദരനായ വിഭീഷണനെ ലങ്കയിൽ രാജാവാക്കി അഭിഷേകം കഴിക്കുകയും അതേവരെയും രാക്ഷസരാജാവിന്റെ ബന്ധോവസ്തിൽ ഇരുന്നിരുന്ന സീതയെ അഗ്നിപ്രവേശം ചെയ്യിപ്പിച്ചു് സംശുദ്ധയാക്കി അംഗീകരിക്കുകയും രാമനാഥാഖ്യമായ ശിവലിംഗത്തെ പ്രതിഷ്ഠിക്കുകയും ചെയ്തുംവെച്ചു് വീണ്ടും ഹാലാസ്യനാഥനെ സന്ദൎശിച്ചിട്ടു് ഭാൎയ്യാസഹജവാനരനായകാദികളോടുകൂടെ അയോദ്ധ്യയിൽപോയി സിംഹാസനാരോഹണംചെയ്തു് രാജ്യപരിപാലനംനടത്തി ചിരകാലം അവിടെ സുഖവാസം ചെയ്യുകയും അവസാനത്തിൽ വൈകുണ്ഠപദത്തെ പ്രാപിക്കുകയും ചെയ്തു.

അല്ലയോ മുനിപുംഗവന്മാരെ! ഹാലാസ്യനാഥനായസുന്ദരേശ്വരന്റെ അതിപാവനമായ ഈ ഇരുപത്തിഒമ്പതാമത്തെ ലീലയെ കേൾക്കുകയും പഠിക്കുകയും ചെയ്യുന്നവരുടെ സകലപാപങ്ങളും നശിക്കുകയും അവൎക്കു ഇഹപരങ്ങളിൽ സൌഖ്യലാഭം ഉണ്ടാവുകയും ചെയ്യും.

൨൯-ാം അദ്ധ്യായം.

നഗാധേനപരനം എന്ന

ഇരുപത്തിഒമ്പതാമത്തെ ലീല സമാപ്തം.

# ഹാലാസ്യമാഹാത്മ്യം

## കേരളഭാഷാഗദ്യം

### ൩൰-ാം—അദ്ധ്യായം.

### സേനാപ്രദർശനം ചെയ്ത

### മുപ്പതാമത്തെ ലീല.

വീണ്ടും അഗസ്ത്യൻ, വസിഷ്ഠാദിമഹർഷിമാരെനോക്കി, അല്ലയൊ താപസവര്യന്മാരേ! ഇനി നിങ്ങൾ ഹാലാസ്യനാഥനായ സുന്ദരേശ്വരൻ കുലഭൂഷണപാണ്ഡ്യന് സൈന്യങ്ങളെ കാണിച്ചുകൊടുത്തതായ ലീലയെ കേട്ടുകൊള്ളുവിൻ. അതിവിചിത്രമായ ഈ ലീല അമിതപാപങ്ങളെ ദൂരീകരണം ചെയ്ത് സകലസമ്പത്തുകളേയും വർദ്ധിപ്പിക്കുന്നതിൽ അദ്വിതീയമായിട്ടുള്ളതാണെന്നും മററും മുഖവുരയായി അരുളിച്ചെയ്തിട്ട് താഴെ വരുംപ്രകാരം വീണ്ടും കഥതുടങ്ങി.

ശിവഭക്താഗ്രഗണ്യനും നീതിനിഗമാഗമവേദിയും ആയ അനന്തഗുണപാണ്ഡ്യൻ ശിവസായൂജ്യത്തെ പ്രാപിച്ചതിൻെറ ശേഷം അദ്ദേഹത്തിൻെറ പുത്രനും വീര്യശൌര്യപരാക്രമശാലിയും ആയ കുലഭൂഷണപാണ്ഡ്യൻ രാജ്യഭാരം കയ്യേററ് അതുല്യമായ ശിവഭക്തിപൂർവം സേനാനായകനായ സുന്ദരസാമന്തനോടുകൂടെ നീതികരമാകുംവണ്ണം രാജ്യഭരണം നടത്തി ലോകവാസികൾക്കെല്ലാം ഒന്നുപോലെ പരമാനന്ദം വളർത്തിവരുന്നകാലത്തിൽ ഒരിക്കൽ, വന്യപതിയും കിരാതന്മാരുടെനിയാമകനും ആയ ചേദിരാജാഖ്യൻ പാണ്ഡ്യരാജാവായ കുലഭൂഷണനോടു യുദ്ധം ചെയ്യുന്നതിനായി സൈന്യങ്ങളെ ശേഖരിക്കുകയും മററുവേണ്ട ഒരുക്കങ്ങൾ എല്ലാം ചെയ്യുകയും ചെയ്തു.

മഹാധീരനും നയകോവിദനും ആയ കുലഭൂഷണപാണ്ഡ്യൻ ചാരന്മാർ മുഖാന്തിരം ഈവിവരം അറിഞ്ഞ്, ശൂരാഗ്രേസരനും ഭടാഗ്രണിയും സുന്ദരേശ്വരസേവകനും ആയ സുന്ദരസാമന്തനെ വിളിച്ചുവരുത്തി രഹസ്യമായി ഇങ്ങനെപറഞ്ഞു.

വന്യജനാഗ്രേസരനും കിരാതാധിപനും ആയ ചേദിരാജാഖ്യൻനമ്മോടു യുദ്ധത്തിനായി സൈന്യശേഖരവും മററുംചെയ്തു വരുന്നതായിചാരന്മാർ മുഖാന്തിരം നമുക്കു അറിവു കിട്ടിയിരിക്കുന്നു. അവൻ യുദ്ധത്തിനു വരുന്നപക്ഷം അവൻെറ സൈന്യങ്ങളെ തടുക്കുന്നതിന് നമുക്കിപ്പോൾ ഉള്ള പട്ടാളങ്ങൾ പോരാ. പുതിയതായി കുറെ ഭടന്മാരെ കൂടെശേഖരിപ്പിക്കണം. അതുകൊണ്ട് സൈന്യാധിപൻ വേണ്ടവിധം കൊണ്ടുപോയി ക

റെ അധികം പട്ടാളങ്ങളെ ശേഖരിച്ചുകൊണ്ടുവരണം. കാലതാമസം നേരിടരുത്. ഏതവസരത്തിൽ ശത്രുവിന്റെ ആഗമനം ഉണ്ടാകും എന്ന് നമുക്ക നിശ്ചയിക്കാവുന്നതല്ല.

സുന്ദരസാമന്തൻ അതുകേട്ട്, അപ്രകാരം ചെയ്യാമെന്നും സമ്മതിച്ച് അതിവേഗത്തിൽ കോശാഗാരത്തിൽ പോയി കണക്കില്ലാത്തദ്രവ്യവും ചുമപ്പിച്ച് മന്ത്രികളോടും മററും താൻ സൈന്യശേഖരം ചെയ്യാൻ പോകയാണെന്നും പറഞ്ഞ് ചില ഭൃത്യന്മാരെക്കൊണ്ട് ദ്രവ്യവും ചുമപ്പിച്ച് രാജധാനിയിൽ നിന്നും പുറപ്പെട്ട്, ഹാലാസ്യേശ്വരസന്നിധിയിൽ പ്രവേശിച്ച് സുന്ദരേശ്വരലിംഗത്തിന് അഭിമുഖമായി നിന്നുകൊണ്ട് ഇപ്രകാരം പ്രാൎത്ഥിച്ചു.

അല്ലയൊ സ്വാമിൻ! ഹാലാസ്യേശ്വര! ഭഗവാൻ പ്രസാദിക്കണമേ! അല്ലയൊ ജഗന്നായകനും മന്നായകനും ആയ മഹേശ്വര! അങ്ങേക്കായിക്കൊണ്ട് നമസ്കാരം. അല്ലയൊ സുന്ദരേശ്വര! തിരുവടിയല്ലാതെ അടിയന് യാതൊരുത്തരും ആശ്രയമില്ല. എന്റെ അന്നദാതാവായ കുലഭൂഷണപാണ്ഡ്യൻ അദ്ദേഹത്തിന്റെ ശത്രുക്കളെ തടുക്കുന്നതിനുവേണ്ട സൈന്യങ്ങളെ ചേൎക്കുന്നതിനായി കണക്കില്ലാത്ത ദ്രവ്യവുംതന്ന് അല്പനായ എന്നെ നിയോഗിച്ചയച്ചിരുന്നു. അടിയന് ദേശംതോറും നടന്നലയുവാനും സൈന്യങ്ങളെ ചേൎക്കുന്നതിനും കഴിയുന്നതല്ല. ഭഗവൽപാദാംബുജസ്മരണയും ഭഗവൽപാദപൂജയും ചെയ്യുന്നതുപോലെയും തൽപ്രീതിക്കുവേണ്ടിയും തൽഭക്തന്മാരുടെ ആവശ്യത്തിനായും തൽസ്ഥാനനിൎമ്മാണത്തിനായും ദ്രവ്യവ്യയം ചെയ്യുന്നതുപോലെയും ഇഷ്ടലാഭത്തിന് സുഗമമായമാൎഗ്ഗം യാതൊന്നുംഇല്ലെന്നാണ് എന്റെ വിശ്വാസം. അതുകൊണ്ട്, ഞാൻ സൈന്യങ്ങളെ ചേൎക്കുന്നതിന്നായി രാജാവുനല്കിയിട്ടുള്ള ദ്രവ്യമെല്ലാം അങ്ങയുടെയും അങ്ങയുടെ ഭക്തന്മാരുടെയും ഇഷ്ടസിദ്ധിക്കുവേണ്ടി ചെലവാക്കുന്നതിനും എല്ലാക്കാലവും ഒന്നുപോലെ അങ്ങയുടെയും അങ്ങയുടെ ഭക്തന്മാരുടേയുംപാദപൂജചെയ്യുന്നതിനും നിശ്ചയിച്ചിരിക്കുന്നു. പാൎവ്വതിവല്ലഭനും കാരുണ്യവാരിധിയും ആശ്രിതകല്പകദാരുവും ആയ തിരുവടി പാണ്ഡ്യഭൂപാലകനായ കുലഭൂഷണപാണ്ഡ്യന് വേണ്ട സൈന്യങ്ങളെ ഉണ്ടാക്കിക്കൊടുത്ത് അദ്ദേഹത്തിന്റെ ശത്രുക്കളെ എല്ലാം നിഗ്രഹിക്കണം.

സേനാനായകൻ ഹൃദയംഗമമായ ഭക്തിയോടുകൂടെ ഇപ്രകാരം പ്രാൎത്ഥിക്കുകയും നാനാവിധത്തിലും ഉള്ള നൂതനവിഭവങ്ങളോടുകൂടെ സുന്ദരേശ്വരനെ പൂജിക്കുകയും ചെയ്തുംവെച്ച് തന്റെഭവനത്തിൽ പോയി നിൎമ്മലമാനസന്മാരായ അനവധി ശിവഭക്തന്മാരെ വരുത്തി അവൎക്ക കാൽകഴികിച്ചൂട്ടും ദക്ഷിണയും കൊടുത്തു പൂജിച്ചയച്ചുംവെച്ച് അവരുടെ ഉഛിഷ്ടവും ഭക്ഷിച്ചുകൊണ്ട് പരമശിവസ്മരണയോടുകൂടെ വസിച്ചു. അനന്തരം സുന്ദരസാമന്തൻ ദിവസംപ്രതിയും രാവിലെ ഹാലാസ്യമഹാക്ഷേത്രത്തിൽ പോയി നൂതനവിഭവങ്ങളോടുകൂടെ സുന്ദരേശ്വരനെ പൂജിക്കുകയും, ശിവഭക്തന്മാൎക്ക മൃഷ്ടാന്നഭോജനം നല്കുകയും ചെയ്തുവന്നു. കൂടാതെ ശിവഭക്ത

ന്മാരായ ബ്രാഹ്മണോത്തമന്മാരെ രഹസ്യസ്ഥലങ്ങളിൽ വിളിച്ചുകൊണ്ടു പോയി യാഗത്തിനും മൌഞ്ജീബന്ധനത്തിനും, കാലക്ഷേപത്തിനും മററും വേണ്ട ദ്രവ്യങ്ങൾ കൊടുക്കുകയും ശിവക്ഷേത്രത്തിൽ കേടുഭവിച്ചിട്ടുള്ള ഗോപുരങ്ങളുടേയും പ്രാസാദങ്ങളുടേയും മതിൽക്കെട്ടുകളുടേയും മററും ജീർണ്ണോദ്ധാരണം ചെയ്യുകയും ആയിരംകാൽ മണ്ഡപം ഉണ്ടാക്കുകയും സ്വർണ്ണംകൊണ്ടു് ഒരു രഥം ഉണ്ടാക്കുകയും, പാലും, തൈരും, നെയ്യും, തേനും, ശർക്കരയും, പലഹാരങ്ങളും മററുംകൂട്ടി ദിവസംപ്രതിയും സദ്യനടത്തുകയും എന്നുവേണ്ട ലക്ഷവുമല്ല കോടിയുമല്ല ഒരു കണക്കും ഇല്ലാത്തദ്രവ്യം വാരിപ്പണം ശിവകാര്യങ്ങൾക്കും അദ്ദേഹത്തിന്റെ ഭക്തന്മാരുടെ പ്രീതിക്കുംവേണ്ടി ചെലവാക്കി. അക്കൂട്ടത്തിൽ മന്ത്രിഗണങ്ങളുടേയും മററുള്ളവരുടേയും ബോദ്ധ്യത്തിനു വേണ്ടി സൈന്യങ്ങളെ ശേഖരിക്കുന്നതിനെന്നുള്ള നാട്യത്തിൽ ഭൃത്യന്മാരെ നാലുവഴിക്കും ഓടിക്കുകയും ചെയ്തുവന്നു. സുന്ദരസാമന്തൻ ഇങ്ങനെ മഹേശ്വരപൂജയും ശിവസേവകശുശ്രൂഷണവും ഇടവിടാതെ ചെയ്തുതുടങ്ങി ഏകദേശം ആറുമാസം കഴിഞ്ഞകാലത്തിൽ ഒരു ദിവസം കുലഭൂഷണപാണ്ഡ്യൻ ശ്രീസുന്ദരേശ്വരഭക്തോത്തമനായ ആ സൈന്യാധിപനെ വിളിച്ചുവരുത്തി മന്ദസ്മിതപൂർവ്വം ഇങ്ങനെ ചോദിച്ചു.

അല്ലയൊ രണശൂരനായ ഭടാഗ്രഗണ്യ! സുന്ദരസാമന്ത! നീ ഇതുവരെ എത്രസൈന്യങ്ങളെ ശേഖരിച്ചു. ഭടന്മാർ എല്ലാവരും നല്ലധൈര്യശാലികളും സുശിക്ഷിതന്മാരും ആജ്ഞാപാലിതന്മാരും വിശ്വസ്തന്മാരും ആണോ? നിന്നെ ചുമതലപ്പെടുത്തുന്ന ഏതുകാര്യവും ഭംഗിയായിത്തന്നെ നിറവേറുമെന്നു ഇനിക്കു നല്ലതുപോലെ ബോധമുണ്ടു്. എന്തെല്ലാം ആണു് സൈന്യങ്ങളെ ശേഖരിച്ചുതുടങ്ങിയതിൽപിന്നെ ഉണ്ടായിട്ടുള്ള സംഭവങ്ങൾ; ആരുടെയെല്ലാം സഹായം ലഭിച്ചു. എല്ലാം വിസ്തരിച്ചുപറയുക.

സുന്ദരസാമന്തൻ അതുകേട്ടു് വിനയപൂർവ്വം ഇങ്ങനെ പറഞ്ഞു.

അല്ലയൊ അന്നദാതാവായ പൊന്നുതമ്പുരാനേ! തിരുമേനിയുടെ കൃപകൊണ്ടു്, ഞാൻ അക്ഷതബലശാലികളായ അനവധിഭടന്മാരെ ശേഖരിച്ചിട്ടുണ്ടു്. അവർ എല്ലാവരും ഒന്നുപോലെ നല്ല അഭ്യാസികളും വിശ്വസ്തന്മാരും ആണു്. സൈന്യങ്ങളെ ചേർക്കുന്ന കാര്യത്തിൽ ഇനിക്കു് മഹിതഗുണശാലിയും, മധുമഥനസേവിതനും, മലമകൾമണവാളനും ആയ സുന്ദരേശ്വരന്റെ സഹായമല്ലാതെ മററാരുടേയും സഹായം ഉണ്ടായിട്ടുംഇല്ല. ഞാൻ ആഗ്രഹിച്ചിട്ടും ഇല്ല. ഭഗവാനായ ഹാലാസ്യനാഥൻതന്നെ ഇനിക്കു ഇതേവരയും സൈന്യങ്ങളെ ശേഖരിച്ചുതന്നിട്ടുള്ളവനും മേലാൽ ശേഖരിച്ചുനൽകുന്നതും ഭക്തകല്പകവൃക്ഷമായ അദ്ദേഹംതന്നെ. എന്നെ സംബന്ധിച്ചുള്ള സർവ്വവിധകാര്യസിദ്ധികളുടേയും നിക്ഷേപസ്ഥാനം.

കുലഭൂഷണപാണ്ഡ്യൻ അതുകേട്ടു, സുന്ദരസാമന്തൻ, ശിവഭക്തന്മാരിൽ അദ്വിതീയനും ഭഗവാനായ സുന്ദരേശ്വരൻ ഭക്തവത്സലനും ആണെന്നുള്ളതിനു സംശയമില്ല. നിർമ്മലമാനസനും ശിവഭക്താഗ്രണിയും ആയ

നിന്റെ എല്ലാഅഭീഷ്ടങ്ങളേയും മീനാക്ഷീസഹായനായ സോമസുന്ദരഭഗവാൻ പ്രയാസലേശംകൂടാതെ സാധിപ്പിച്ചുതരും. എന്തായാലും ഞാൻ അടുത്തദിവസം രാവിലെ പുത്തനായി ശേഖരിച്ചിട്ടുള്ള സൈന്യങ്ങളെ കാണുന്നതിനായിവരും. എല്ലാം തയ്യാർ ചെയ്തുകൊള്ളണം.

താൻ അടുത്തദിവസം സൈന്യങ്ങളെ നോക്കുന്നതിനു നിശ്ചയിച്ചിരിക്കുന്നു എന്നുള്ള കുലഭൂഷണപാണ്ഡ്യന്റെ വാക്ക്, സുന്ദരസാമന്തന്റെ ഉള്ളിൽ കടന്നതു ഒരു വിഷൂചിശക്തിയുടെ പ്രവേശനംപോലെ ആയിരുന്നു. രാജഭണ്ഡാരത്തിൽ കിടന്ന പണമെല്ലാം വാരിക്കൊണ്ടുപോയി ശിവപൂജനടത്തുകയും ശിവക്ഷേത്രത്തിന്റെ ജീർണ്ണോദ്ധാരണക്രിയ നടത്തുകയും ശിവഭക്തന്മാൎക്കു സത്രവും സമ്മാനിയും കൊടുക്കുകയും മററും ചെയ്തിട്ടുള്ളതല്ലാതെ ഒരു ഒററ ഭടനെപ്പോലും സുന്ദരസാമന്തൻ ചേൎത്തിട്ടില്ലാ. അടുത്തദിവസം സൈന്യങ്ങളെ രാജാവിനു കാണിച്ചുകൊടുക്കുകയും ചെയ്യണം. സുന്ദരസാമന്തൻ കുഴഞ്ഞു. അനന്തരം സുന്ദരേശ്വരന്റെ കാരുണ്യമുണ്ടെങ്കിൽ എല്ലാം സാധിക്കുമെന്നുവിചാരിച്ചാശ്വസിച്ചുംകൊണ്ടു താൻ ശേഖരിച്ചിട്ടുള്ള സൈന്യങ്ങളെയെല്ലാം അടുത്തദിവസം കാണിച്ചുകൊടുക്കാമെന്നുണൎത്തിച്ചു. അതിന്റെശേഷം സേനാനായകൻ രാജാവിന്റെ മുമ്പിൽനിന്നും പുറപ്പെട്ടു ഹേമാബ്ജിനിയിൽ പോയി കുളിച്ചു ഭസ്മവും രുദ്രാക്ഷമാലയും ചാൎത്തി ഒന്നാമതായി മീനാക്ഷീഭഗവതിയെ വണങ്ങി തദനന്തരം ഹാലാസ്യവാസപ്രിയനായ സുന്ദരനാഥന്റെ സന്നിധാനത്തിൽ എത്തി അദ്ദേഹത്തെസാഷ്ടാംഗപ്രണാമം ചെയ്തുകൊണ്ടിപ്രകാരം പ്രാൎത്ഥിച്ചു.

അല്ലയോ ഭക്തവത്സലനായ ശങ്കര! ഹാലാസ്യനാഥനായ സുന്ദരേശ്വര! നിന്തിരുവടിയുടേയും, നിന്തിരുവടിയുടെ ഭക്തന്മാരുടേയും പാദപൂജകളെ ചെയ്തു, ഭഗവാന്റെ വാസനിലയനങ്ങളുടെ ജീൎണ്ണോദ്ധാരണം നടത്തിയും സൈന്യങ്ങളെ ശേഖരിക്കുന്നതിനായി രാജകരത്തിൽനിന്നും ലഭിച്ചദ്രവ്യങ്ങൾ മുഴുവൻ ചെലവാക്കിയതല്ലാതെ രാജാജ്ഞപ്രകാരം ഞാൻ ഒരു ഭടനെപ്പോലും കൂട്ടിട്ടില്ല. അടുത്തദിവസം രാവിലെ രാജാവു് സൈന്യങ്ങളെ കാണുന്നതിനായി വരുകയും ചെയ്യും. അനന്യശരണനായ എനിക്കു് അങ്ങല്ലാതെ ആരും ആശ്രയവും ഇല്ല. നിന്തിരുവടിതന്നെ വേണ്ട സഹായംചെയ്തു് അടിയനെ രക്ഷിക്കണം.

സുന്ദരസാമന്തൻ ഹൃദയംഗമമായ ഭക്തിയോടുകൂടെ മേൽപ്രകാരം പ്രാൎത്ഥിച്ചുംകൊണ്ടു് അഞ്ജലീബദ്ധനായി നില്ക്കുമ്പോൾ അതിമധുരമായ ശിവഭാഷിതം അശരീരിയായി താഴെവരുമാറുകേട്ടു.

എടൊ! ധീമാനായ സുന്ദരസാമന്ത! എന്റെ ഭക്തന്മാരിൽവച്ചു അത്യന്തം ശ്രേഷ്ഠനായ നീ അല്പംപോലും വ്യസനിക്കേണ്ട. ഭക്തന്മാരുടെവ്യസനം എനിക്കു മഹാ ദുസ്സഹമാണു്. വിശേഷിച്ചും നിന്റെ എന്തൊരഭീഷ്ടവും സാധിപ്പിച്ചുതരുന്നതിനു ഞാൻ സദാ സന്നദ്ധനുമാണു്. നിന്റെ

രാജാവായ കുലഭൂഷണപാണ്ഡ്യൻ അടുത്തദിവസം പ്രഭാതത്തിൽ സൈന്യങ്ങളെ നോക്കുന്നതിനായി വരുമ്പോൾ നാനാവിധ ഭൂഷണന്മാരുംവിവിധായുധധാരികളും അത്ഭുതബലശാലികളും വിചിത്രാകൃതികളോടുകൂടിയവരുമായ ലക്ഷോപലക്ഷം ഭടന്മാരെ ഞാൻ അദ്ദേഹത്തിനു കാണിച്ചുകൊടുക്കാം. മഹോൽക്കടബലശാലികളും സുശിക്ഷിതന്മാരും ശൂരാധിശൂരന്മാരുമായ ആ സൈന്യങ്ങളെ കാണുന്നക്ഷണത്തിൽതന്നെ നിന്നിൽ അത്യന്തം സന്തോഷചിത്തനും വിസ്മിതനുമായി തീരുന്ന കുലഭൂഷണപാണ്ഡ്യൻ അദ്ദേഹത്തിന്റെ സർവ്വസൈന്യാധിപത്യത്തെനിനക്കു നൽകുകയും വിലമതിക്കാൻപാടില്ലാത്ത അനേകം ആഭരണങ്ങളും ദിവ്യാംബരങ്ങളും നിനക്കു സമ്മാനമായി തരികയും ഇതേവരെയും ആൎക്കുംകൊടുത്തിട്ടില്ലാത്ത പല സ്ഥാനമാനങ്ങളും നൽകുകയും ചെയ്യും.

സുന്ദരേശ്വരന്റെ സുവ്യക്തവും മധുരമയവുമായ മേൽപ്രകാരമുള്ള അശരീരിവാക്കുകൾ കേട്ടു് ഇതില്പരമില്ലാത്ത പരമാനന്ദത്തിനു് ഇരിപ്പിടമായിത്തീൎന്ന സുന്ദരസാമന്തൻ ഉടൻതന്നെ സുന്ദരേശ്വരസന്നിധാനത്തിൽനിന്നും പുറപ്പെട്ടു് തന്റെ മന്ദിരത്തിൽ പോയി വിവരം അദ്ദേഹത്തിന്റെ ഭാൎയ്യയോടുപറഞ്ഞു.

സുശീലയും സാധ്വീമണിയും ആയ സ്ത്രീരത്നം അതുകേട്ടു് സധൈൎയ്യം ഇങ്ങനെപറഞ്ഞു.

അല്ലയൊ പ്രാണനായക! അങ്ങു് ഇക്കാൎയ്യത്തിൽ ഒട്ടുംഅധൈൎയ്യപ്പെടുകയോ സംശയിക്കുകയോ ചെയ്യരുതു്. ആശ്രിതകല്പകവല്ലിയായ മീനാക്ഷീഭഗവതിയും കല്പകദാരുവായ സുന്ദരേശ്വരനും അവരുടെ ഭക്തന്മാരെ ഒരിക്കലും വ്യസനിപ്പിക്കയില്ല. സർവ്വശക്തരായ അവൎക്കു് ഭക്താഭീഷ്ടാൎത്ഥം എന്തൊരുകാൎയ്യമാണു് സാധിച്ചുകൊടുക്കാൻകഴിയാത്തതു്. വിശേഷിച്ചും ധൎമ്മവാന്മാരെ രക്ഷിക്കുന്നതിനു് ധൎമ്മംതന്നെ സദാപി തയ്യാറുണ്ടല്ലോ. അതുകൊണ്ടു് ധൎമ്മമൂൎത്തിയും ഭക്തവത്സലനുമായ ഭഗവാൻ സുന്ദരേശ്വരൻ നിശ്ചയമായി നിന്നെ രക്ഷിക്കുമെന്നു് വിശ്വസിച്ചുകൊള്ളുക.

ഭാൎയ്യയുടെ മേൽപ്രകാരമുള്ള വാക്കുകൾ സുന്ദരസാമന്തന്റെ വിശ്വാസത്തിനു് അത്യന്തം ഊൎജ്ജിതത്തെ ഉണ്ടാക്കി. അനന്തരം അവൻ പതിവുപോലെ ശിവഭക്തന്മാരോടുകൂടെഭക്ഷണവുംകഴിച്ചു് ശിവവാക്യസ്മരണയോടുകൂടെ നിദ്രയ്ക്കാരംഭിച്ചു. പിറേറദിവസം അതിരാവിലെ സുന്ദരസാമന്തൻ എഴുനേററു് ചില ഭൃത്യന്മാരോടുകൂടെ സുന്ദരേശ്വരസന്നിധാനത്തിൽ പോയി മൂലലിംഗംകണ്ടുവന്ദിച്ചു് ഇഷ്ടസിദ്ധ്യൎത്ഥം പലതും പ്രാൎത്ഥിച്ചുകൊണ്ടു് പതുക്കെപ്പതുക്കെ അവിടെനിന്നും രാജമന്ദിരത്തിലേക്കു യാത്രതിരിച്ചു് മാൎഗ്ഗമദ്ധ്യത്തിലെത്തിയപ്പോൾ, അല്ലാ ഞാൻഅങ്ങോട്ടു പോയാൽ രാജാവിനോടു് എന്തൊന്നുപറയും; സൈന്യങ്ങളെ ഒന്നും കാണ്മാനില്ലല്ലോ. കദംബവനനായകനും സോമസുന്ദരമൂൎത്തിയുമായ ഭഗവാൻതന്നെ ആശ്രയം; എന്നിങ്ങനെ വിചാരിച്ചുകൊണ്ടു് അവിടെത്തന്നെനിന്നു.

ആ അവസരത്തിൽ ഭക്തവത്സലനും വൃന്ദാരകവൃന്ദവന്ദിതനും കാരു

ന്യമൂൎത്തിയും നിപാടനിനാഥനുമായ സുന്ദരേശ്വരൻ നന്ദീശ്വരപ്രമുഖന്മാരും കുണ്ഡോദരമുഖന്മാരുമായ എല്ലാ ഭൂതഗണങ്ങളോടുംകൂടെ ഭക്തകാൎയ്യസിദ്ധ്യൎത്ഥം ഭടാകൃതിയിൽ തന്നെ പ്രത്യക്ഷീഭവിച്ചു. സുഗന്ധദ്രവ്യങ്ങളെക്കൊണ്ടും ദിവ്യാഭരണാംബരങ്ങളെക്കൊണ്ടും അലംകൃതാംഗങ്ങളായ ശരീരങ്ങളോടുകൂടിയവരും നിശിതായുധഹസ്തന്മാരും കാഹളം, പടഹം, ഭേരി, മദ്ദളം, ചെണ്ടമുതലായവാദ്യഘോഷങ്ങളോടും കൊടി, കുട, തഴമുതലായതുകളോടുംകൂടെ കൂട്ടംകൂടിയ ശൌൎയ്യവാരാനിധികളായ ഭടന്മാരെകണ്ടാൽ ആരും ഇതില്പരമില്ലാതെ ആശ്ചൎയ്യഭരതന്ത്രന്മാരും ഭയാകുലന്മാരുമായി തീൎന്നുപോകും. അവരിൽ ചിലർ ദണ്ഡഹസ്തന്മാരുംമററുചിലർ കുന്തപാണികളും വേറേ ചിലർ ശരചാപലസൽപാണികളും മററുചിലർ ഖഡ്ഗചൎമ്മധരന്മാരും അന്യന്മാർ പ്രാസഹസ്തന്മാരും മററുചിലർ മുദ്ഗപാണികളും വേറേചിലർ ഭ്രമച്ചക്രലസൽകരന്മാരും അസിധേനുധരന്മാരും മററുമായിരുന്നു. വിവിധായുധപാണികളും വിവിധവേഷധാരികളുമായ അവർ ഇനവും തരവും ഭാഷയും തിരിച്ചു് കവാത്തു് ചെയ്യുകയും നന്ദിഭൃംഗിമഹാകാളൻ മുതലായ ഗണനായകന്മാരായ അനേകം അശ്വാരൂഢന്മാരാൽ പരിസേവിതനും യുദ്ധവേഷാലംകൃതനുമായ സുന്ദരേശ്വരൻ ലക്ഷണയുക്തമായ ഒരു അശ്വത്തിന്റെ മുകളിൽ കയറി സേനാമദ്ധ്യത്തെ അലങ്കരിക്കുകയും ചെയ്തു.

സേനാനായകനായ സുന്ദരസാമന്തൻ പെരുംകടൽപോലെ വന്നുകൂടിയ സൈന്യത്തേയും സൈന്യാധിപനായി അശ്വാരോഹണംചെയ്തു് സൈന്യമദ്ധ്യത്തിൽ പ്രകാശിക്കുന്ന സുന്ദരേശ്വരനേയും കണ്ടു് വിസ്മിതനും സന്തുഷ്ടനുമായിത്തീൎന്നു. അനന്തരം പ്രാപ്തമനോരഥനായ അവൻ അതിവേഗത്തിൽ രാജാഗാരത്തിൽപ്രവേശിച്ചു് പാണ്ഡ്യരാജകുലഹാരമായകുലഭൂഷണ പാണ്ഡ്യരാജാവിനെ വന്ദിച്ചിട്ടു് വിനയപൂൎവ്വം താൻ ശേഖരിച്ചിട്ടുള്ള സൈന്യങ്ങളെ എല്ലാം കൊണ്ടുവന്നതായി അദ്ദേഹത്തോടറിയിച്ചു.

സുന്ദരസാമന്തന്റെ സൈന്യങ്ങൾ ആഗതന്മാരായിരിക്കുന്നുഎന്നുള്ള വാക്കും സൈന്യങ്ങളുടെ ആഗമനഘോഷങ്ങളും മററും കേട്ടു് രാജാവു് അന്തഃപുരത്തിൽനിന്നും അതിവേഗത്തിൽ ഇറങ്ങി സചിവന്മാരോടുകൂടെ വെളിക്കുള്ള ഒരാസ്ഥാനമണ്ഡപത്തെ പ്രാപിച്ചു് ഭദ്രാസനസ്ഥനായി സൈന്യങ്ങളെ കാണ്മവാനുള്ള ഉൽകണ്ഠാപൂൎവ്വം സേനാഗമനവും പ്രതീക്ഷിച്ചുകൊണ്ടിരുന്നു. അടുത്തക്ഷണത്തിൽ സൈന്യങ്ങളും എല്ലാം വന്നുചേൎന്നു. ഉടൻതന്നെ സുന്ദരസാമന്തൻസ്വൎണ്ണവേത്രലസൽകരനായിസേനാമദ്ധ്യത്തെ പ്രാപിച്ചിട്ടു് സൈന്യങ്ങളോടു് സ്വൎണ്ണച്ചൂരലിളക്കിമന്ദമന്ദം താഡിച്ചുംകൊണ്ടു് നിൽക്കുവാൻ ആജ്ഞാപിച്ചു. സേനകളെല്ലാമണിനിരന്നുനിന്നു. അതുകണ്ടു് സന്തുഷ്ടനായ രാജാവു് സേനാനായകനെനോക്കി ഭോ! ഭോ! സുന്ദരസാമന്താ! ഭവാൻ ശൂരാധിശൂരനും പരാക്രമശാലിയും അതിസമൎത്ഥനുമായ ഒരു സൈന്യാധിപൻതന്നെയെന്നുള്ളതിനു് യാതൊരു സംശയവുമില്ല. ഇനിയ്ക്കു് വിവിധായുധപാണികളും വിവിധവേഷധാരികളുമായണിനിരന്നു

നില്ക്കുന്ന ഈ സൈന്യങ്ങളുടെ ജാതിയും ദേശവും തിരിച്ചറിഞ്ഞാൽ കൊള്ളാമെന്നുള്ള വലിയ മോഹമുണ്ട്.

സേനാനായകനായ സുന്ദരസാമന്തൻ അതുകേട്ട് ഹാലാസ്യനാഥനായ സുന്ദരേശ്വരനെ മനസ്സിൽ ധ്യാനിച്ചുംകൊണ്ട് ആശ്ചര്യദായിയായ ആ സേനയിലുള്ള ഓരോ വകുപ്പുകാരേയും വേത്രദണ്ഡമെടുത്ത് ചൂണ്ടിക്കാണിച്ചുംകൊണ്ടിങ്ങനെപറഞ്ഞു.

അല്ലയോ മഹാരാജാവായ കുലഭൂഷണഭൂപാല! അങ്ങ് കണ്ടുകൊണ്ടാലും. ഇവർ കലിംഗദേശികന്മാരും അതിനടുത്തു നില്ക്കുന്നവർ ആന്ധ്രന്മാരും അതിനടുത്തവർ കർണ്ണാടകന്മാരും അവയ്ക്കപ്പുറം നില്ക്കുന്നവർ മഹാബലന്മാരും പരാക്രമശാലികളുമായ ഏതദ്ദേശീയന്മാരുംഅതിനടുത്തവർ ബലശൗര്യസമന്വിതന്മാരായ അവന്തീദേശോത്ഭവന്മാരും തത്സമീപത്തിൽ നില്ക്കുന്നവർ വിക്രമയുതന്മാരായ മഹാരാഷ്ട്രോത്ഭവന്മാരും അതിനടുത്തവർ മാഗധദേശികന്മാരും അതിനടുത്തു നില്ക്കുന്നവർ മാളവന്മാരും അതിനടുത്തവർ വങ്കാളസംഭവന്മാരും അതിദീർഘന്മാരും അതിസ്ഥൂലന്മാരുംഅതിശൌര്യപരാക്രമിതന്മാരും ആയി അതിനടുത്തുനില്ക്കുന്നവർ ഭയങ്കരശാലികളായ വ്യാധന്മാരും അതിനു അടുത്തവർ വിത്താശമൂലം അത്രാഗതന്മാരായകാശ്മീരദേശികന്മാരും മററുള്ളവർ അതുലബലശാലികളും വിന്ധ്യപർവ്വതമദ്ധ്യസ്ഥന്മാരുമായ ശംബരന്മാരും ആകുന്നു.

അല്ലയോ മഹാരാജാവേ! നിന്തിരുവടിയുടെ ധനംകൊണ്ട് ഞാൻനാനാദേശങ്ങളിൽനിന്നും വരുത്തിയ സൈന്യങ്ങൾ ഇവരാണ്. ഇവരെപ്പററിയുള്ള തിരുമേനിയുടെ അഭിപ്രായം എന്താണ്.

കുലഭൂഷണപാണ്ഡ്യനും മന്ത്രിമാരും സുന്ദരസാമന്തൻ കാണിച്ചുകൊടുത്ത സൈന്യങ്ങളെക്കൊണ്ടു അത്യന്തം വിസ്മയിച്ചു. അനന്തരം അവർ, സോമസുന്ദരനോട്, സൈന്യമദ്ധ്യത്തിൽ അലംകൃതശരീരനും അശ്വാരൂഢനും ആയി കാണപ്പെടുന്ന ആൾ ആരാണെന്നു ചോദിച്ചു.

സുന്ദരസാമന്തൻ അതുകേട്ട്, അശ്വസൈന്യങ്ങളാൽ പരിസേവിതനും ഛത്രചാമരഭൂഷിതനും ദിവ്യാഭരണധാരിയും ആയി സൈന്യമദ്ധ്യത്തിൽ അശ്വാരൂഢനായിക്കാണുന്ന ആളിനേയും അദ്ദേഹത്തോടൊന്നിച്ചുള്ള അനുചരന്മാരെയും താൻ അറിയത്തില്ലെന്നുപറഞ്ഞു. രാജാവതുകേട്ട്, ഉള്ളതുതന്നെ. നാനാദിഗന്തരങ്ങളിൽനിന്നും വന്നുകൂടിയ ഈ സൈന്യത്തിൽപ്പെട്ടവരിൽ ഓരോരുത്തരും ഏതേതെന്നു വ്യക്തമായി പറയുന്നതിന് ആരെക്കൊണ്ടും പ്രയാസമാണ്. അങ്ങനെ എല്ലാവരെയും തിരിച്ചുതിരിച്ചറിയണമെന്ന് എനിക്ക് താല്പര്യവും ഇല്ല. എന്തായാലും അവരെ ഇങ്ങോട്ടുവിളിച്ചുകളയാം. അവർക്കെല്ലാം സമ്മാനം നൽകണമെന്നു ഞാൻ വിചാരിക്കുന്നുണ്ടെന്നും പറഞ്ഞ് സേനാമദ്ധ്യത്തിൽ അശ്വാരൂഢനായി ശോഭിക്കുന്ന സുന്ദരേശ്വരനേയും അനുചരന്മാരേയും രാജാവ് കൈകാട്ടിവിളിച്ചു.

ഉടൻതന്നെ ഹാലാസ്യനാഥനായ സുന്ദരേശ്വരനും അദ്ദേഹത്തിന്റെ

അനുചരന്മാരും അശ്വാരോഹിതന്മാരും ആയ നന്ദീശമുഖ്യഗണങ്ങളും രാജസന്നിധിയിൽ എത്തി. രാജാവു് അവൎക്കെല്ലാം ദിവ്യാഭരണങ്ങളും വസ്ത്രങ്ങളും സമ്മാനം കൊടുത്തു. സുന്ദരേശ്വരനും അനുചരന്മാരും അത്യന്തം സന്തോഷത്തോടുകൂടെ സമ്മാനങ്ങളെ സ്വീകരിച്ചു. അനന്തരം സുന്ദരേശ്വരൻ തന്റെ വാഹനമായ അശ്വത്തെ അഞ്ചുപ്രകാരത്തിൽ ഓടിച്ചു് എല്ലാവൎക്കും അതിശയത്തെയും ആനന്ദത്തെയും വളൎത്തിയുംവച്ചു് സൈന്യമദ്ധ്യത്തിൽപ്പോയി തിരോധാനംചെയ്തു. ഈ അവസരത്തിൽ ഒരു ഭടൻ ഓടിവന്നു് രാജാവിനെ വന്ദിച്ചുംകൊണ്ടു്, അല്ലയോ മഹാരാജാവേ! നിന്തിരുവടിയുടെ ശത്രുവായ ചേദിരാജാവിനെ നിന്തിരുവടിയോടു യുദ്ധത്തിനായി വരുന്ന മാൎഗ്ഗമദ്ധ്യത്തിൽ വച്ചു് ഒരു സിംഹം കൊന്നുകളഞ്ഞു. ഇനി അവിടുന്നു് ശത്രുവിനെ വിചാരിച്ചു് അല്പംപോലും ഭയപ്പെടേണ്ട ആവശ്യം ഇല്ല. രാജാവും മന്ത്രിമാരും അതുകേട്ടു ഏററവും അതിശയിച്ചു. അനന്തരം രാജാവും മന്ത്രിഗണങ്ങളുംകൂടെ സുന്ദരസാമന്തനെ വിളിച്ചു അവനു വളരെ വളരെ വസ്ത്രാഭരണങ്ങളെ സമ്മാനമായി നൽകുകയും, പാണ്ഡ്യസാമ്രാജ്യത്തിലെ സൎവസൈന്യാധിപത്യം കൊടുക്കുകയും ചെയ്തുംവച്ചു് അവനോടു് ഇനി സൈന്യം ആവശ്യമില്ലെന്നും നാനാദിക്കുകളിൽനിന്നും ശേഖരിച്ചു കൊണ്ടുവന്നിട്ടുള്ള പുത്തൻസേനകൾക്കു് വേണ്ടുന്ന സാമാനങ്ങളും നൽകി അവരെയെല്ലാം യാത്രപറഞ്ഞയച്ചുകൊള്ളണമെന്നും കല്പിച്ചു.

രാജാവിന്റെ മേൽപ്രകാരമുള്ള കല്പനകിട്ടിയ ക്ഷണത്തിൽതന്നെ സുന്ദരസാമന്തൻ സൈന്യങ്ങളോടു് പൊയ്ക്കൊള്ളുവാൻ പറഞ്ഞു. ഏതൊരു ക്ഷണത്തിൽ സുന്ദരസാമന്തന്റെ മുഖത്തിൽനിന്നും പൊയ്ക്കൊള്ളുവിൻ എന്നുള്ള ശബ്ദം പുറപ്പെട്ടുവോ ആ ക്ഷണത്തിൽതന്നെ അതേവരെയും അവിടെ കടവുപോലെ കൂടിക്കിടന്നിരുന്ന ലക്ഷോപലക്ഷം പട്ടാളങ്ങളും എങ്ങോട്ടുപോയെന്നാൎക്കും നിശ്ചയിക്കാൻ കഴിയാതവണ്ണം അപ്രത്യക്ഷമായി.

അത്യന്തം അത്ഭുതതരമായ ആ കാഴ്ചയെക്കണ്ടു് അവിടെ കൂടിയിട്ടുണ്ടായിരുന്നവർ ഒക്കെയും ഇതെല്ലാം മായാമയനും ലീലാവിലാസിയും ആയ ഹാലാസ്യനാഥന്റെ വൈഭവങ്ങൾ തന്നെയെന്നു നിശ്ചയിക്കുകയും, അദ്ദേഹത്തിന്റെ ഭക്തവാത്സല്യത്തെപ്പററി അതിരില്ലാതെ പുകഴ്ത്തുകയും ചെയ്തു. അന്നുതുടങ്ങി രാജാവും മന്ത്രിഗണങ്ങളും മററുള്ളവരും എല്ലാം സുന്ദരസാമന്തനെ ആനന്ദമൂൎത്തിയെപ്പോലെ ഭാവിച്ചു പൂജിക്കുകയും അദ്ദേഹം സുന്ദരേശ്വരന്റെ അപാരമായ കാരുണ്യമോൎത്തു് ഇതില്പരമില്ലാത്ത ഭക്തിയോടും വിശ്വാസത്തോടുംകൂടെ ഹാലാസ്യനാഥനായ അദ്ദേഹത്തെത്തന്നെ തന്റെ സൎവ്വസ്വമായും സൎവ്വസിദ്ധിസാധനമായും കരുതി സേവിക്കുകയും ചെയ്തുവന്നു. സുന്ദരസാമന്തനു് ഭഗവൽകാരുണ്യംകൊണ്ടു് അതില്പിന്നെ ക്രമാതീതമായ പല ഔന്നത്യങ്ങളും ഉണ്ടാവുകയും ഏറെനാൾ ചിരകാലം ആയുരാരോഗ്യാഭിവൃദ്ധിയോടും യശോസമൃദ്ധിയോടുംകൂടെ ഇഹലോകഭോഗങ്ങളെ അനുഭവിക്കുകയും മരണാനന്തരം ശിവസായൂജ്യത്തെ പ്രാപിക്കുകയും ചെയ്തു.

ഹാലാസ്യനാഥന്റെ വിശേഷതരങ്ങളായ ഈ മാതിരി ലീലകളെക്കണ്ട് അദ്ദേഹത്തിൽ ഇതില്പരമില്ലാത്ത ഭക്തിവിശ്വാസങ്ങളോടുകൂടിയവനായിത്തീൎന്ന കുലഭൂഷണപാണ്ഡ്യൻ ഹാലാസ്യക്ഷേത്രത്തിലെ ഉപയോഗത്തിനായി അനവധി സ്വൎണ്ണമയപാത്രങ്ങൾ ഉണ്ടാക്കികൊടുക്കുകയും അത്യധികമായ ഭക്തിയോടുകൂടെ ഭഗവാനെ അനുദിവസവും പോയി സേവിക്കുകയും പൂജിക്കുകയും ചെയ്തുവന്നു.

ഹാലാസ്യാധിപനും നീപവനാധിനാഥനും കരുണാവാരിരാശിയും ആശ്രിതവത്സലനും ആയ ഭഗവാൻ ശ്രീസുന്ദരേശ്വരന്റെ അതിപാവനവും അത്ഭുതമനോഹരവും ആയ ഈ മുപ്പതാമത്തെ ലീലയെ കേൾക്കുകയും പഠിക്കുകയും ചെയ്യുന്നവൎക്ക ഇഹലോകത്തിൽ സകല സൌഭാഗ്യസിദ്ധിയും പരലോകത്തിൽ ശിവസായൂജ്യവും ലഭിക്കുന്നതാണ്.

൩൰-ാം അദ്ധ്യായം.

സൈന്യപ്രദൎശനം എന്ന മുപ്പതാംലീല സമാപ്തം.

# ഹാലാസ്യമാഹാത്മ്യം

## കേരളഭാഷാഗദ്യം

### ൩൧-ാം അദ്ധ്യായം.

### നിധിദാനംചെയ്ത

### മുപ്പത്തിഒന്നാമത്തെ ലീല.

അല്ലയോ വസിഷ്ഠാദിമഹൎഷീശ്വരന്മാരെ! പരമശിവനായ ഹാലാസ്യനാഥൻ പാണ്ഡ്യരാജാവായ കുലഭൂഷണപാണ്ഡ്യന് അക്ഷയദ്രവ്യത്തോടുകൂടിയ ഒരു സഞ്ചിയെ ദാനം ചെയ്തതായ അദ്ദേഹത്തിന്റെ മുപ്പത്തിഒന്നാമത്തെ ലീലയെ കേട്ടുകൊള്ളുവിൻ. ഇതിനെക്കേട്ടാൽ നിങ്ങളുടെ സൎവപാപങ്ങളും തീരും എന്നിങ്ങനെ പറഞ്ഞുംകൊണ്ട് കഥപറവാൻ തുടങ്ങി:—

പാണ്ഡ്യഭൂപാലരത്നവും ശത്രുകുലാന്തകനും നീതിശാലിയും ഭക്തശിരോമണിയും ആയ കുലശേഖരപാണ്ഡ്യൻ ഭക്തിയോടുകൂടെ ഇന്ദുവാരാദികളായ എല്ലാ ശിവവ്രതങ്ങളേയും അനുഷ്ഠിച്ച് സുന്ദരേശ്വര സേവയും രാജ്യപ

രിപാലനവും വഴിപോലെ നടത്തി അത്യധികമായ സന്തോഷത്തോടുകൂടെ ബന്ധുപുത്രാമാത്യകളത്രങ്ങളുമൊന്നിച്ചു രാജധാനിയിൽ വസിക്കുന്ന കാലത്തിൽ അദ്ദേഹത്തിൻെറ ജന്മാന്തരപാപം മൂലം അദ്ദേഹത്തിന് ബ്രാഹ്മണരിൽ അനാദരവുതോന്നിത്തുടങ്ങുകയാൽ ആ രാജധാനിയിൽ ഉണ്ടായിരുന്ന വിപ്രന്മാർ എല്ലാവരും ഒന്നുപോലെ ദരിദ്രന്മാരും തന്മൂലം യാഗവിഹീനന്മാരും ഹീനകർമ്മാസക്തന്മാരും ആയിത്തീരുകയും യാഗംമുടങ്ങിയതിനാൽ പാണ്ഡ്യരാജ്യത്തിൽ മഴയില്ലാതെ ആവുകയും സസ്യങ്ങളും ധാന്യങ്ങളും വൃക്ഷങ്ങളും ചെടികളും എല്ലാം നശിക്കുകയും ചെയ്തു. ഭക്ഷണത്തിനു വക കിട്ടാതെ മനുഷ്യരും പശുക്കളും മററു മൃഗപക്ഷികളും എല്ലാം വലഞ്ഞു. മഴക്കുറവുമൂലവും ക്ഷാമംകൊണ്ടും പാണ്ഡ്യരാജ്യത്തിൽ ഒരു പ്രകാരത്തിലും കഴിച്ചുകൂട്ടുന്നതിനു സാധിക്കുകയില്ലെന്നുള്ള ദിക്കായപ്പോൾ പ്രജകൾ കുടുംബസമേതം അന്യരാജ്യങ്ങൾ തോറും പോയിത്തുടങ്ങി.

രാജാവ് ഈ വിവരം അറിഞ്ഞ്, അത്യന്തം വ്യസനത്തോടുകൂടെ ഒരു സോമവാരത്തിൽ നാളിൽ അതിരാവിലെ സോമസുന്ദരമന്ദിരത്തിൽപോയി അവിടെയുള്ള ഹേമപത്മിനീതീർത്ഥത്തിൽ ഇറങ്ങി ഹാലാസ്യേശ്വരസ്മരണയോടുകൂടെ സ്നാനംചെയ്ത് ഭസ്മംപൂശി രുദ്രാക്ഷവും ധരിച്ചു നിത്യകർമ്മങ്ങളും നടത്തി താൻ അതിൽപിന്നെ ചെയ്യാൻപോകുന്ന കർമ്മങ്ങൾ നിർവിഘ്നമായി നിറവേറുന്നതിനുവേണ്ടി തൽതീരത്തിൽ പ്രതിഷ്ഠിച്ചിട്ടുള്ള വിഘ്നേശ്വരനെ നാളികേരസഹസ്രംകൊണ്ട് പൂജിച്ചതിൽപിന്നെ ഭഗവതീക്ഷേത്രത്തിൽപ്പോയി മഹാദേവിയായ മീനാക്ഷിയുടെ പാദപൂജയും നിർവ്വഹിച്ചുംവച്ച് മഹാത്ഭുതനായും, മൂലലിംഗാധിപനായും മഹദാനന്ദസാഗരനായും ഇരിക്കുന്ന സുന്ദരേശ്വരൻെറ മുമ്പിൽചെന്ന് അഞ്ജലീബദ്ധനായി നിന്നുംകൊണ്ട് ഇപ്രകാരം പ്രാർത്ഥിച്ചു.

അല്ലയോ സുന്ദരേശ്വര! സുരാരാതിസൂദന! ത്രിപുരാന്തക! സോമസൂര്യാഗ്നിനയന! ഷഡധ്വമയവിഗ്രഹ! മീനാക്ഷീവല്ലഭ! ദേവദേവദയാനിധേ! ഞാൻ നിന്തിരുവടിയുടെ ഒരു ഭക്തനാം, നിന്തിരുവടി ഭക്തവത്സലനും ആണല്ലൊ. ഞാൻ ഇതേവരേയും രാജ്യപരിപാലനം ചെയ്തത് രക്ഷിതാവായ നിന്തിരുവടിയുടെ കാരുണ്യവിലാസംകൊണ്ടല്ലാതെ എൻെറ സാമർത്ഥ്യംകൊണ്ടല്ല. ഇപ്പോൾ എൻെറ രാജ്യവും പ്രജകളും അനാവൃഷ്ടിമൂലം വളരെ വളരെ സന്താപിക്കുന്നു. എനിക്കു അവരെ അനാവൃഷ്ടിമൂലം ഉണ്ടായിരിക്കുന്ന ആപത്തിൽ നിന്നും രക്ഷിക്കുന്നതിന് ഒരുവിധമായ ശക്തിയും ഇല്ല. എൻെറ ഭണ്ഡാഗാരത്തിൽ ഉണ്ടായിരുന്ന ധനമെല്ലാം സൈന്യശേഖരം ചെയ്യുന്നതിലേക്കെന്നുള്ള വ്യാജേന എൻെറ സർവ്വസൈന്യാധിപനും അവിടത്തെ ഭക്തന്മാരിൽ മുമ്പനും ആയ സുന്ദരസാമന്തൻ ധർമ്മകാര്യങ്ങൾക്കായി ചിലവാക്കിപ്പോയി. അനാവൃഷ്ടിമൂലം രാജ്യത്തിൽ സസ്യങ്ങളാകട്ടെ ധാന്യങ്ങളാകട്ടെ യാതൊന്നും ഉണ്ടാകുന്നതും ഇല്ല. ധാന്യസസ്യാഭാവവും ധനാഭാവവുംകൂടി ഒരു രാജ്യത്തിൽ നേരിട്ടാൽപി

ന്നെ ആ രാജ്യത്തിന്റെ അവസ്ഥയെക്കാൾ ശോച്യതരമായി മററുവല്ലതും ഉണ്ടോ! ധാന്യങ്ങളും സസ്യങ്ങളും ഇല്ലാത്തതുകൊണ്ടും ധനാഭാവംകൊണ്ടും ഞാനും എന്റെ പ്രജകളും ഒരുപോലെ ഖിന്നന്മാരായിപ്പോയിരിക്കുന്നു. നിന്തിരുവടി വേണ്ടതെല്ലാം നല്കി എന്നേയും എന്റെ രാജ്യത്തേയും രക്ഷിക്കണം. അങ്ങയുടെ കാലിണയല്ലാതെ അടിയന്നു യാതൊരാശ്രയവും ഇല്ല.

കുലഭൂഷണപാണ്ഡ്യൻ മേൽപ്രകാരം പ്രാർത്ഥിച്ചു് ഹാലാസ്യേശ്വരനെ പൂജിച്ചുംവെച്ചു് കൊട്ടാരത്തിൽ പോയി വ്യസനാധിക്യം മൂലം അത്താഴം പോലും കഴിക്കാതെ സുന്ദരേശ്വരസ്മരണയോടുകൂടെ പകൽ മുഴുവൻ കഴിച്ചുകൂട്ടി രാത്രിയിൽ വെറുനിലത്തുതന്നെ ശയിച്ചു നിദ്രചെയ്തു. നേരം അർദ്ധരാത്രിയായപ്പോൾ ഭക്തവത്സലനായ സുന്ദരേശ്വരൻ, ഒരു സിദ്ധന്റെ വേഷത്തിൽ കുലഭൂഷണപാണ്ഡ്യന്റെ അടുക്കൽ ചെന്നു് സ്വപ്നത്തിൽ ഇങ്ങനെ പറഞ്ഞു:—

അല്ലയോകുലഭൂഷണപാണ്ഡ്യ! നീ വ്യസനിക്കാതെ; നിന്റെ സങ്കടം ഞാൻ തീർത്തുതരാം. നീ ഒരുകാര്യംചെയ്യണം. ഇനിമേൽ ബ്രാഹ്മണരിൽ അനാദരവു കാണിക്കരുതു്. വേദങ്ങൾ എന്റെ രൂപവും വേദിയന്മാരായ ഉത്തമബ്രാഹ്മണർ എനിക്കു പ്രിയന്മാരുംആണു്. അപ്രകാരം ഉള്ള ബ്രാഹ്മണരിൽ നീ അനാദരവു കാണിച്ചതുകൊണ്ടാണു് നിന്റെ രാജ്യത്തിൽ അനാവൃഷ്ടിയും മററുദോഷങ്ങളും നേരിട്ടതു്. അതുകൊണ്ടു നീ ഇന്നുമുതൽ ബ്രാഹ്മണരെ വഴിപോലെ പൂജിച്ചുകൊണ്ടാൽ നിന്റെ രാജ്യത്തിൽ മഴയുണ്ടാവുകയും തന്മൂലം സസ്യങ്ങളും ധാന്യങ്ങളും ധാരാളം വർദ്ധിച്ചു ക്ഷാമം തീരുകയുംചെയ്യും. നിനക്കും ആയുരാരോഗ്യാഭിവൃദ്ധിയും ഐശ്വര്യവർദ്ധനയും വിദ്യാവർദ്ധനയും മേൽക്കുമേൽ ഉണ്ടാകും. എങ്കിലും ഞാൻ നിനക്കു അക്ഷയദ്രവ്യമായ ഒരു സഞ്ചിയെത്തരുന്നുണ്ടു്. അതിൽനിന്നും ദിവസംപ്രതിയും നിനക്കു വേണ്ടവേണ്ട ദ്രവ്യം എടുത്തു ചെലവുചെയ്തുകൊള്ളുക. എത്രയോകോടി ദ്രവ്യം എടുത്താലും അതിൽ ഒരിക്കലും ദ്രവ്യം ഇല്ലാതാവുകയോ കുറയുകയോ ചെയ്യുന്നതല്ല. അനന്തരം കയ്യിലുണ്ടായിരുന്ന ഒരു സഞ്ചി രാജാവിന്റെ കരത്തിൽവെച്ചു.

സിദ്ധരൂപിയായിച്ചെന്ന സുന്ദരേശ്വരൻ ഇപ്രകാരം കുലഭൂഷണപാണ്ഡ്യനെ സ്വപ്നംകാണിച്ചുംവെച്ചു് അദ്ദേഹത്തിന്റെ നെററിയിൽ ഭസ്മം വാരി തേച്ചു. അനന്തരം തിരോധാനംചെയ്തു. ഉടൻതന്നെ കുലഭൂഷണപാണ്ഡ്യൻ ഉണന്നു്, അത്യന്തം സംഭ്രമത്തോടുകൂടെ ചാടി എഴുന്നേററുനോക്കിയപ്പോൾ തന്റെ പാണിയിൽ അക്ഷയദ്രവ്യയുതമായ ഒരു സഞ്ചി ഇരിക്കുന്നതുകണ്ടു് ഇതില്പരമില്ലാത്ത സന്തോഷത്തോടുകൂടെ ആ സഞ്ചിയെടുത്തു ശിരസ്സിൽവെച്ചുംകൊണ്ടു് സ്വല്പസമയം ആനന്ദനൃത്തംചെയ്തു. പിറേറദിവസം പ്രഭാതത്തിൽ തന്നെ രാജാവു് മന്ത്രിമാരെയെല്ലാം അളയച്ചുവരുത്തി താൻതലേദിവസം രാത്രിയിൽ കണ്ട സ്വപ്നവൃത്താന്തങ്ങൾ മുഴുവൻ

അവരോടുപറയുകയും അക്ഷയദ്രവ്യത്തോടുകൂടിയതും സുന്ദരേശ്വരദത്തമായതുമായ സഞ്ചി അവരെ കാണിക്കുകയുംചെയ്തു.

മന്ത്രിമാർ അതുകേട്ടു, അല്ലയോ ചന്ദ്രവംശാലങ്കാരമായ കുലഭൂഷണപാണ്ഡ്യ! നിന്തിരുവടിക്കു തുല്യം ശിവഭക്തന്മാർ ആരും തന്നെ ഇല്ല. പരമശിവന്റെ കാരുണ്യം എല്ലാക്കാലത്തും ഒന്നുപോലെ അവിടത്തേക്കുണ്ടു്. അതുകൊണ്ടു് അവിടുന്നു ഈ നിധിയെ സിംഹാസനത്തിൽ സ്ഥാപിച്ചു പരമശിവനെപ്പോലെ വിചാരിച്ചു് ഇതിനെ പൂജിച്ചുകൊണ്ടാൽ അവിടത്തേക്കുവേണ്ട ദ്രവ്യം ലഭിക്കുകയും നാൾക്കുനാൾ ഐശ്വര്യംവർദ്ധിക്കയും ചെയ്യും. അവിടുന്നു് ഇനിമേൽ മുടങ്ങാതെ ഭൂസുരാരാധനം ചെയ്യുകയും, ഭൂലോകകല്പവൃക്ഷമായ മൂലലിംഗത്തെ അഭിഷേകപൂജാനിവേദ്യാദികൾകൊണ്ടു് പ്രസാദിപ്പിക്കുകയുംഉത്സവാദി അടിയന്തിരങ്ങളെ മുട്ടുകൂടാതെ നടത്തിക്കുകയും സൂര്യൻതുടങ്ങിയ നവഗ്രഹങ്ങളേയും, ശക്രാദികളായ ദേവന്മാരെയും, താപസവര്യന്മാരേയും പിതൃക്കളേയും വഴിപോലെ പൂജിക്കുകയും ചെയ്യണം. ദേവന്മാരും മുനീന്ദ്രന്മാരും പിതൃക്കളുമെല്ലാം ബ്രാഹ്മണപൂജ ഒന്നുകൊണ്ടുമാത്രം തൃപ്തിപ്പെടുമെന്നു് വേദവാക്യമുള്ളതുകൊണ്ടു് അണ്ടു് മറ്റാരെയും തൃപ്തിപ്പെടുത്തിയില്ലെങ്കിലും ഭൂദേവന്മാരെമാത്രം തൃപ്തിപ്പെടുത്തിയാലും അവിടത്തേക്കും അവിടത്തെ രാജ്യത്തിനും സകലൈശ്വര്യങ്ങളും സിദ്ധിക്കുകയും ഇപ്പോൾ അവിടത്തേക്കുള്ളതായ സുന്ദരേശ്വരാനുഗ്രഹം ആയുരവധി നിലനില്ക്കുകയും ചെയ്യും.

മന്ത്രിമാരുടെ ഉപദേശപ്രകാരംതന്നെ കുലഭൂഷണപാണ്ഡ്യൻ സർവ്വവും നടത്തി. പാണ്ഡ്യരാജ്യത്തിൽ അന്നുമുതൽ കാലാകാലങ്ങളിൽ വർഷം ഉണ്ടാവുകയും സസ്യങ്ങളും ധാന്യങ്ങളും എന്നും ഒന്നുപോലെ അഭിവൃദ്ധിയെ പ്രാപിക്കുകയും രാജ്യത്തിൽ ഉണ്ടായിരുന്ന ദാരിദ്ര്യം മുഴുവൻ തീരുകയും ധനാഭിവൃദ്ധികൊണ്ടും മറ്റുള്ള ഐശ്വര്യങ്ങളുടെ ആധിക്യംകൊണ്ടും പാണ്ഡ്യരാജ്യം ലക്ഷ്മീദേവിയുടെ നൃത്തരംഗമായി തീരുകയും ചെയ്തു. രാജാവു് അക്ഷയനിധിദമായ ദ്രവ്യത്തെ വാരിവാരി ആശ്രിതന്മാൎക്കെല്ലാം നൽകിയും ദേവദ്വിജസേവയെച്ചെയ്തും ഹാലാസ്യേശ്വരനായ സുന്ദരേശ്വരനെ ഉദ്ദേശിച്ചു് അനവധി സൽക്കർമ്മങ്ങളെ നടത്തിയും പരമശിവസ്മരണയോടുകൂടെ സർവൈശ്വര്യസമ്പന്നനും ജഗജ്ജയിയും ആയി അനേകായിരം വത്സരം ഏകഛത്രാധിപത്യത്തിനു കീഴിൽ സുഖോദയമാകുംവണ്ണം ഭൂപരിപാലനംചെയ്തു. അദ്ദേഹത്തിന്റെ പ്രജകളാകുന്നബ്രാഹ്മണക്ഷത്രിയവൈശ്യശൂദ്രരായ നാലുജാതിക്കാരും ഒന്നുപോലെ വർണ്ണാശ്രമോചിതങ്ങളായ വൈദികസ്മാർത്തകർമ്മങ്ങളെ അനുഷ്ഠിക്കുകയും അതിരില്ലാത്ത ഭക്തിവിശ്വാസങ്ങളോടുകൂടെ സകലലോകനിയന്താവും സർവശക്തനും നീപാടവീനായകനും ഹാലാസ്യേശ്വരനും മീനാക്ഷീവല്ലഭനും ഭക്തകല്പകമഹീരുഹനും ആയ സുന്ദരേശ്വരന്റെപാദസേവയെ ചെയ്യുകയുംചെയ്തു. തന്മൂലം ദാരിദ്ര്യദുഃഖമാകട്ടെ അപമൃത്യുവാകട്ടെ രോഗാദിബാധകളാകട്ടെ യാതൊന്നും അന്നാ

ട്ടിലെങ്ങും സ്പർശിക്കുകപോലും ചെയ്തില്ല. ഒന്നുപോലെ ശിവഭക്തന്മാരായ രാജാവിനേയും പ്രജകളേയുംകൊണ്ട്, അലംകൃതമായ ഒരു രാജ്യത്തിന്റെ ക്ഷേമാഭിവൃദ്ധി ഏവംവിധമായിരിക്കുമെന്നുള്ളതിനെ അല്പനായ ഞാൻ വിസ്തരിച്ചുപറയുന്നതിനേക്കാൾ നല്ലത് ശിവഭക്തന്മാരും കാൎയ്യാകാൎയ്യവിചക്ഷണന്മാരും മേധാവികളും ആയ നിങ്ങൾതന്നെ ഓൎമ്മിച്ചുകൊള്ളുന്നതാണ് വളരെ വളരെ ഉത്തമമായിട്ടുള്ളത്.

അല്ലയോമുനികുലമാലാ നടുനായകമൌക്തികങ്ങളെ! ഹാലാസ്യേശ്വരനായ സുന്ദരേശ്വരൻ സ്വഭക്തനായ കുലഭൂഷണപാണ്ഡ്യന് അക്ഷയദ്രവ്യത്തോടുകൂടിയ സഞ്ചിയെദാനം ചെയ്ത് അദ്ദേഹത്തെസങ്കടസമുദ്രത്തിൽനിന്നും പാണ്ഡ്യരാജ്യത്തെ ദാരിദ്ര്യക്കടലിൽനിന്നും ഉദ്ധരിച്ചതായമുപ്പത്തിഒന്നാമത്തെ ലീല ഇപ്രകാരം ആണ്. ഈ പരിപാവനലീലയെ പഠിക്കുകയും കേൾക്കുകയും ചെയ്യുന്നവൎക്ക് ഇഹപരസൌഖ്യങ്ങളും മുക്തിയും സിദ്ധിക്കും,

നീവിദാനംചെയ്ത മുപ്പത്തൊന്നാംലീല.

സമാപ്തം.

---

# ഹാലാസ്യമാഹാത്മ്യം

## കേരളഭാഷാഗദ്യം.

### മുപ്പത്തെട്ടാം അദ്ധ്യായം.

### വലയവിക്രയം ചെയ്ത

### മുപ്പത്തിരണ്ടാമത്തെ ലീല.

---

അല്ലയോവസിഷ്ഠാദിതാപസന്മാരെ! ഇനി നിങ്ങൾഹാലാസ്യനാഥൻ വലയവിക്രയംചെയ്ത ലീലയെ കേട്ടുകൊള്ളുവിൻ. പരിപാവനമായ ആ ലീലാശ്രവണം, അമൃതപാനംപോലെ ആനന്ദജനകം ആണ്. പണ്ട് കാലകാലനും പരമേശ്വരനും ആയ ഹാലാസ്യനാഥൻ ഭിക്ഷാടനത്തിനായി ദേവദാരുവനത്തിൽ പോയിരുന്നു. തത്രസ്ഥരായ മുനിഗണങ്ങളുടെ പാതിവ്രത്യകളായ പത്നികൾ സുന്ദരേശ്വരന്റെ അതിമനോഹരമായ അംഗസൌന്ദൎയ്യാതിരേകത്താൽ അപഹൃതചിത്തവൃത്തികളായിത്തീരുകയാൽ അത്യധികമായ കാമതാപത്തോടുകൂടെ ഭിക്ഷാടനത്തിനായി വന്ന താപസന്റെ നാലുചുററുമായി താപസപത്നികൾചെന്നു

കൂട്ടംകൂടി നിന്നുംകൊണ്ട്, അവരിൽ ചിലർ കണ്ണുപറിക്കാതെ അദ്ദേഹത്തെ ത്തന്നെ നോക്കിക്കൊണ്ടുനില്ക്കുകയും മററുചിലർ, കാക്കൽവീണു നമസ്കരിക്കുകയും, വേറെ ചിലർ, കരങ്ങൾപിടിച്ചു ചുംബിപ്പാൻ തുടങ്ങുകയും, അന്യകൾ ഭിക്ഷനൽകുകയും മററുചിലർ ചിത്രത്തിൽ എഴുതപ്പെട്ടവരെപ്പോലെ നിന്നിടത്തുതന്നെ നിന്നുപോവുകയും വേറെ ചിലർ അശ്ലീലങ്ങൾ നൽകുകയും ചിലർ പുഷ്പങ്ങൾപറിച്ചുകൊണ്ടുവന്നു് പാദപൂജയെ നിർവഹിക്കുകയും, ചിലർ ആഭരണങ്ങൾകൊണ്ടുവന്നു് കൊടുക്കുകയും, ചിലർ, പാൽ നെയ്യ്, ശക്കര, തേൻ, മുതലായവകളെ കൊടുക്കുകയും, വേറെ ചിലർ എന്തൊരു സാധനംകൊടുത്താൽ ഇദ്ദേഹം വഴിപ്പെടും, എന്നുള്ള വിചാരത്തോടുകൂടെ അദ്ദേഹത്തിനു ചുററും ഭ്രമണംചെയ്യുകയും, ചിലർ കാമതാപത്തോടുകൂടെ അദ്ദേഹത്തിനെ തടുത്തു നിൽക്കുകയും ചിർ അർദ്ധോന്മീലിതനയനകളായി ആലിംഗനത്തിനൊരുമ്പെടുകയുംചെയ്തു.

കഠോരകുചഭാരകളും, കമനീയകളേബരകളും, ഗളിതവലയാംബര കുന്തളകളും, മനോഭവശരവ്രാതശകലീകൃതഹൃദയകളും ആയ താപസപത്നികൾ മേൽപ്രകാരം അദ്ദേഹത്തിൻെറ പുറകേ ഓടുകയും മുമ്പിൽ ചാടിത്തടുക്കുകയും ഇടത്തും വലത്തുംനിന്നുകൊണ്ട് പലപ്രകാരത്തിൽ അലട്ടുകയും അപേക്ഷിക്കുകയും മററും ചെയ്തിട്ടും, അവരുടെ ഉദ്ദേശസിദ്ധിക്കു് അനുകൂലമായ യാതൊരുസൌകൎയ്യവും സുന്ദരേശ്വരൻ കൊടുത്തില്ല.

ഹാലാസ്യനാഥനായ സുന്ദരേശ്വരഭിക്ഷുവിൻെറ ആ വൈരാഗ്യത്തേയും, തങ്ങളുടെഭാൎയ്യമാരുടെ കാമപാരവശ്യത്തേയും മാമുനിമാർ ഇതിപ്പരമില്ലാത്ത വിസ്മയത്തോടുകൂടെ നോക്കിക്കണ്ടു്, സമാധിസ്ഥന്മാരും ദിവ്യചക്ഷുസ്സോടുകൂടിയവരുമായ അവർ ഇതെല്ലാം ഹാലാസ്യനാഥനും ഭക്തവത്സലനുമായ പരമേശ്വരൻെറ ലീലതന്നെയെന്നുനിശ്ചയിക്കുകയും, സൌന്ദൎയ്യശാലിയായ ഒരുപുരുഷനെ കണ്ടതിൽ തങ്ങളുടെ ഭാൎയ്യമാർ ഇങ്ങനെ കാമാതുരകളായില്ലേയെല്ലൊ എന്നുവിചാരിച്ചമാത്രയിൽ അവൎക്കുണ്ടായ കോപംമൂലം അവർ അവരുടെ ഭാൎയ്യമാരെനോക്കി, കാമാൎത്തകളായ നിങ്ങൾ, മധുരാപുരവാസികളായ വൈശ്യന്മാൎക്കു പുത്രികളായി ജനിച്ചു് ഈശ്വരസ്പൎശനദൎശനാദികളെ അനുഭവിക്കുമാറാകട്ടെ എന്നു ശപിക്കുകയുംചെയ്തു,

ശാപപ്രകാരം സുന്ദരികളായ ആ താപസപത്നികൾ എല്ലാവരുംമധുരാപുരവാസികളായ വൈശ്യന്മാരുടെ പുത്രികളായി ജനിച്ചു. സൌന്ദൎയ്യസൽഗുണയുക്തകളായ ആ കന്യകമാർ വെളുത്തപക്ഷത്തിലെ ശശാങ്കനെപ്പോലെ നാൾക്കുനാൾ അഭിവൃദ്ധിയോടുകൂടിയ സൌന്ദൎയ്യത്തോടുകൂടെ വളൎന്നു യൌവനയുക്തകളായി. കാണികൾ എല്ലാം അവരുടെ സൌന്ദൎയ്യതേജോവിലാസത്താൽ ആകർഷിതന്മാരും ആയി. ഈ കാലത്തിൽ ഹാലാസ്യനാഥനായ സുന്ദരേശ്വരൻ, വൈശ്യകന്യകകൾ താപസപത്നികളായിരുന്ന കാലത്തിൽ തണ്ടാർശരഭ്രാന്തികൊണ്ടു്, തന്നെ സ്പൎശിക്കണമെന്നു് അവൎക്കുണ്ടായിരുന്ന ആഗ്രഹത്തെ സാധിച്ചുകൊടുക്കുന്നതിനായി വളരെസുന്ദരനും

തേജസ്വിയും ആയ ഒരു വൃദ്ധവൈശ്യന്റെ വേഷം ധരിച്ചു്, അത്യന്തം ശുഭ്രമായ വസ്ത്രവും ഉടുത്തു് ഉഷ്ണീഷവുംധരിച്ചു്, ചന്ദനപങ്കവുംഅണിഞ്ഞു് പാദാരവിന്ദദ്വയത്തിൽമെതിയടിയും ഇട്ടു്, ലലാടത്തിൽ സിന്ദൂരതിലകവുമണിഞ്ഞു് ഭംഗിയേറിയ കുണ്ഡലങ്ങൾ, കടകങ്ങൾ മുതലായവകളും ചാർത്തി കയ്യിൽ കുടയും പിടിച്ചു്, താംബൂലചൂർണാദികളാൽ ശോഭിതമായ വദനാംബുജംകൊണ്ടു് രക്തകൈരവങ്ങളിൽനിന്നുമിളക്കുന്ന വെണ്ണിലാവെന്നതുപോലെ പുഞ്ചിരിയുംതൂകി ശംഖമുക്താദികളെക്കൊണ്ടുണ്ടാക്കിയതായ അനവധി വിചിത്രവളകളെ പട്ടുസൂത്രത്തിൽ കൊരുത്തു് തോളിൽഇട്ടുംകൊണ്ടു വൈശ്യവീഥിയിൽ പ്രവേശിച്ചു്, വളവേണമോ? വളവേണമോ? എന്നു മധുരസ്വരത്തിൽ വിളിച്ചു.

സുന്ദരേശ്വരന്റെ മധുരനാദംകൊണ്ടു് തന്നെ ആകർഷിതകളായ അനവധി വൈശ്യകുമാരികൾ ഓടിവന്നു വളക്കാരനു നാലുവശവുമായി നിന്നുംകൊണ്ടു്, ഇനിക്കു വള തരിക! ഇനിക്കു വള തരിക!! എന്നു കൂട്ടംകൂട്ടമായി ആവശ്യപ്പെട്ടു. വൈശ്യൻ അതുകേട്ടു് ആ സുന്ദരികളിൽ ഓരോരുത്തരുടേയും കോമളങ്ങളായ കരപല്ലവങ്ങൾ പിടിച്ചുംകൊണ്ടു്, ഇരിക്കുക, നിങ്ങൾക്കെല്ലാവക്കും ഞാൻ വള തരാം എന്നു പറഞ്ഞു് ഓരോരുത്തരെയായി പ്പിടിച്ചു് ഇരുത്തി. സുന്ദരേശ്വര കരസ്പർശനം ഉണ്ടായ മാത്ര മുതൽ സുന്ദരികളായ ആ വൈശ്യകന്യകമാരുടെ ഹൃദയത്തിൽ ഉണ്ടായ കുളുർമ്മയും ആനന്ദവും എന്തൊരുമാതിരിയായിരുന്നു എന്നുള്ളതു് എന്നാലെന്നല്ലാ ആയിരം നാക്കുള്ള അനന്തനെക്കൊണ്ടുപോലും പറഞ്ഞറിയിക്കാൻകഴിക്കുന്നതല്ല. ഹാലാസ്യനാഥന്റെ കരസ്പർശംകൊണ്ടു് വൈശ്യകന്യകൾക്കു മേൽപ്രകാരം ഉള്ള അവാച്യമായ ഹൃദയാനന്ദം ഉണ്ടായി എങ്കിലും ലജ്ജിതകളായ അവർ മററുള്ളവരെ ധരിപ്പിക്കാൻവേണ്ടി വൈശ്യനോടു്, അല്ലയോ വളക്കാരനീ എന്താണു് എന്റെ കൈ വിടാത്തതു്? ഞാൻ ഇപ്പോൾ പോയി അമ്മയോടുപറയും, എന്നു പറഞ്ഞു.

വൈശ്യരൂപിയായ സുന്ദരേശ്വരൻ അതുകേട്ടു്, വൈശ്യകുമാരികളായ നിങ്ങളുടെ കയ്യു്, വൃദ്ധവൈശ്യനായ ഞാൻ പിടിക്കുന്നതുകണ്ടു യാതൊരു ദോഷവും ഇല്ല. എന്നു പറഞ്ഞുകൊണ്ടു് അവരിൽ ഓരോരുത്തക്കും വളകൾ കൊടുത്തു. സുന്ദരേശ്വരന്റെ കരസ്പർശനാനന്ദത്തെ വൈശ്യകുമാരികൾ വീണ്ടും ഓക്കുകയാൽ അവക്കൊക്കും അദ്ദേഹത്തിനെ വിട്ടുപിരിഞ്ഞു പോകാൻ തീരെ മനസ്സില്ലാതെ കൂട്ടംകൂട്ടമായി തിക്കിക്കേറി "അങ്ങു് തന്ന വള നല്ലതല്ല" വേറെ നല്ല വള തരികയെന്നു പറയുകയും ചിലർ അത്രം കിട്ടിയ വളകൾ പൊട്ടിച്ചുകളഞ്ഞുംവെച്ചു് വെറുംകൈ കാട്ടി വീണ്ടും വളചോദിക്കുകയും ചെയ്തു, വൈശ്യകരസ്പർശ ജ്ഞാനന്ദത്തെ അനുഭവിച്ചു. അദ്ദേഹത്തിന്റെ കരസ്പർശനസുഖം എങ്ങനെയെല്ലാമായിട്ടും അവക്കു മുഴുക്കാഴികയാൽ അവർ, എല്ലാവരുംകൂടെ വൈശ്യനോടു, അല്ലയോ വളക്കാര! നീ നാളെയും മറെറന്നാളും, എന്നല്ലാ എല്ലാദിവസവും വള കൊണ്ടുവരണം. വിലയിതാ വാങ്ങിക്കൊള്ളുകയെന്നുപറഞ്ഞു.

സുന്ദരേശ്വരനായ വൈശ്യൻ അതുകേട്ട്, ഞാൻ നിങ്ങൾക്കു വളവേണമെങ്കിൽ എന്നും കൊണ്ടുവന്നുതരാം. ഇനിക്കു വളയ്ക്ക് ഇന്നു വിലവേണമെന്നില്ല. നാളെ തന്നാൽ വാങ്ങിച്ചുകൊള്ളാം. ഇന്നു പറഞ്ഞുംകൊണ്ട് എല്ലാ വൈശ്യഭവനങ്ങളിലുംപോയി വൈശ്യകുമാരികൾക്കെല്ലാം വള നൽകി. വൈശ്യന്റെ ഉദാരബുദ്ധിയും സൌശീല്യവുംമററും കണ്ട് എല്ലാവരും അതിശയിച്ചു. ഇങ്ങനെ പരമശിവൻ വൈശ്യവീഥിയിൽ എങ്ങും ചുററി സഞ്ചരിച്ച് വള വിററ്, വൈശ്യകുമാരികളെയെല്ലാം ആനന്ദ സാഗരത്തിൽ അത്യന്തം മുക്കി സന്തോഷമഗ്നകളാക്കിയുംവച്ച് ഗർഭഗേഹത്തിൽ പ്രവേശിച്ച് സ്വലിംഗത്തിൽ മറഞ്ഞു.

വൈശ്യേശ്വരനായ സുന്ദരേശ്വരന്റെ കരസ്പർശംകൊണ്ട് ആ വൈശ്യകന്യകമാർ എല്ലാവരും ഒന്നുപോലെ ആയുരാരോഗ്യശാലിനികളും സൌന്ദര്യയുക്തകളും സന്താനവതികളും ഐശ്വര്യവതികളും ആയി അനേകകാലം സുഖവാസംചെയ്തു. അവരുടെ മരണശേഷം അവരുടെ കുലജാതന്മാരും സുന്ദരേശ്വരവൈഭവംകൊണ്ട്, പവിത്രന്മാരും ദാനശീലന്മാരും ധനികളും പാപഭീരുക്കളും ധർമ്മതൽപരന്മാരും നിർമ്മലസ്വാന്തന്മാരും ജ്ഞാനികളും മഹാത്മാക്കളും ശിവഭക്തന്മാരും ആയി തീർന്നു. ഇപ്രകാരം ആണ് വൈശ്യവംശം ഐശ്വര്യപൂർവം വർദ്ധിച്ചിട്ടുള്ളത്.

അല്ലയോ വസിഷ്ഠാദിമഹർഷീശ്വരന്മാരേ! ഭർത്തൃശാപംകൊണ്ട് വൈശ്യകുമാരികളായി ജനിച്ച താപസമണികളുടെ ഹൃദയപ്രസാദത്തിനുവേണ്ടി വള വിററതായ സുന്ദരേശ്വരന്റെ മുപ്പത്തിരണ്ടാമത്തെ ലീല ഇങ്ങനെയാണ്. ഹൃദയാനന്ദജനകവും പാപഹരവും ആയ ഈ ലീലയെ കേൾക്കുകയും പഠിക്കുകയും ചെയ്യുന്നവർക്കു ഇഹലോകസൌഖ്യവും പരലോകാനന്ദവും ഉണ്ടാകുമെന്നുള്ളതിന് യാതൊരുസംശയവുമില്ല.

വളയ വിക്രയം ചെയ്ത

മുപ്പത്തിരണ്ടാം ലീല സമാപ്തം.

“വിദ്യാഭിവർദ്ധിനി” അച്ചുക്കൂടം—കൊല്ലം.

ഇതിനടുത്ത രണ്ടാം വാല്യവും ഉടനേതയാറാകുന്നതാണ്.

ഈ പുസ്തകത്തിന്റെ സർവ്വാവകാശവും എസ്സ്. റി. റെഡ്യാർ

അന്റ് സൺസിൽ ഇരിക്കുന്നു.

ശ്രീ

# ഹാലാസ്യമാഹാത്മ്യം.

## കേരളഭാഷാഗദ്യം.

---

### മുപ്പത്തിഒമ്പതാം അദ്ധ്യായം.

### അഷ്ടസിദ്ധ്യുപദേശംചെയ്ത

### മുപ്പത്തിമൂന്നാമത്തെ ലീല.

---

ശൈവമാഹാത്മ്യശ്രവണകുതൂഹലചിത്തന്മാരായ വസിഷ്ഠാദിമഹർഷികൾ, ശൈവാഗമസാരവേദിയായ കുംഭസംഭവനെനോക്കി,—അല്ലയോ ഭഗവാനെ! മുനികുലതിലകനും സർവ്വജ്ഞനും ആയ നിന്തിരുവടിയുടെ വദനാരവിന്ദോൽഗളിതമായ ഹാലാസ്യേശ്വര ലീലാമകരന്ദപാനം കൊണ്ടു് ഞങ്ങൾ അപാരമായ കൃതാൎത്ഥതയ്ക്കും കേവലം പാത്രീഭൂതന്മാരായെന്നു മാത്രമല്ല, ആ ലീലാവിലാസിയും കരുണാവരുണാലയനും ആയ ഉമാസഹായന്റെ അപാരമഹത്വങ്ങൾക്കു് നിലയനങ്ങളായ കഥകളെ വീണ്ടും കേൾക്കുന്നതിൽ ഞങ്ങൾക്കു് ഇതില്പരമില്ലാത്ത ആശ വൎദ്ധിക്കുകയും ചെയ്യുന്നു. അതുകൊണ്ടു് ഹാലാസ്യനാഥനായ ശിവൻ അനന്തരം ചെയ്ത ലീലയെ സരസമായും സമഗ്രമായും ഞങ്ങളെ കേൾപ്പിക്കുമാറാകണം എന്നപേക്ഷിച്ചു.

അഗസ്ത്യൻ അതുകേട്ടു് ആനന്ദാശ്രുക്കളോടുകൂടെ ലീലാശ്രവണോല്ലുകന്മാരായ ആ താപസന്മാരെ അഭിമുഖരാക്കിയുംകൊണ്ടു് കഥാശേഷത്തെ ഇപ്രകാരം തുടൎന്നു:—

“അല്ലയോ മുനിശ്രേഷ്ഠന്മാരെ! ഹാലാസ്യനാഥനായ സോമസുന്ദരൻ യക്ഷികൾക്കു അഷ്ടസിദ്ധ്യുപദേശംചെയ്ത മുപ്പത്തിമൂന്നാമത്തെ ലീലയെ ഇ

നി ഞാൻ നിങ്ങളെ കേൾപ്പിക്കാം. പരിപാവനമായ ഈ ലീലാശ്രവണംകൊണ്ടു നിങ്ങളുടെ സകലദുഃഖങ്ങളും അവസാനിക്കുകയും നിങ്ങൾക്ക് സർവ്വാഭീഷ്ടലാഭം ഉണ്ടാവുകയും ചെയ്യും.

ശ്രീമൽകൈലാസമുഖ്യങ്ങളും ഉത്തമങ്ങളും ആയ ശിവക്ഷേത്രങ്ങളിലെല്ലാം ലിംഗസമുൽപ്പത്തിയുണ്ടാകുന്നതിനു മുമ്പായി സപ്തപാതാളമൂലത്തിൽനിന്നു സുന്ദരേശ്വരലിംഗം ഉണ്ടായതുകൊണ്ട് മൂലലിംഗമെന്നുള്ള വിശേഷനാമത്തിനുകൂടി പാത്രീഭൂതമായ ഹാലാസ്യേശ്വരമഹാലിംഗത്തിൽ ഉള്ളതുപോലെയുള്ള പരമശിവസാന്നിദ്ധ്യം മറ്റുയാതൊരു ശിവലിംഗങ്ങളിലും ഇല്ല. കൈലാസാദികളായ മഹാക്ഷേത്രങ്ങളിൽ ഉള്ള ലിംഗങ്ങൾ എല്ലാം സർവ്വലിംഗാത്മകമായ ഹാലാസ്യേശ്വരമഹാലിംഗത്തിന്റെ ശാഖോപശാഖകൾ ആണ്. മേൽപ്രകാരം ഹാലാസ്യേശ്വരമഹാലിംഗത്തിൽ പരിപൂർണ്ണനായിരുന്നുകൊണ്ട് കൈലാസാദികളായ അന്യശിവസ്ഥാനങ്ങളിലെല്ലാം സ്വസാന്നിദ്ധ്യം സാധിച്ചുവരുന്നവനും കൈലാസവാസിയും ദേവദേവനും കദംബവനനായകനും ആയ സുന്ദരേശ്വരൻ ഒരുദിവസം വടമൂലത്തിൽ ഉള്ള സ്വകീയാസനത്തിൽ ഇരുന്നുകൊണ്ട് സമസ്തശിവധർമ്മങ്ങളേയും, സകലാഗമങ്ങളേയും, തത്വജ്ഞാനമയങ്ങളും ശ്രവണപ്രിയങ്ങളുമായ ശാസ്ത്രസാരങ്ങളേയും മറ്റും പററി നന്ദി, ഭൃംഗി, മഹാകാളൻ, കുംഭോദരൻ, നികുംഭൻ മുതലായ ഗണനായകന്മാർക്കും, സനകസനന്ദസനൽകുമാരസനാതനന്മാരായ മഹർഷിമാർക്കും ഉപദേശിച്ചുകൊടുക്കുന്ന അവസരത്തിൽ, സ്കന്ദമാതാക്കളായ യക്ഷിണികൾ ആറുപേരും ഭസ്മരുദ്രാക്ഷധാരിണികളും ജടിലമാരും ഭക്തിസംയുക്തകളും ആയി ഭഗവൽസന്നിധിയിൽ പ്രവേശിച്ച് അദ്ദേഹത്തെ ഭക്തിപൂർവ്വം വന്ദിച്ചു സ്തുതിച്ചുകൊണ്ടിപ്രകാരം അപേക്ഷിച്ചു.

“അല്ലയോ ദേവ! സർവ്വജ്ഞ! സുന്ദരേശ്വര! പിനാകപാണേ! അവിടത്തെ പരിപാവനമായ പാദാംബുജരജഃകണങ്ങൾ മോഹാംബോധിയുടെ അത്യന്തം ആഴമേറിയ ഭാഗത്തിൽ ആണ്ടുകിടക്കുന്നവരെപ്പോലും കരേററി അയക്കുന്നു. അവിടത്തെ സേവനം സർവ്വൈശ്വര്യസാധകമായ ചിന്താമണിയാണ്. തിരുവടി ഭക്തകളായ ഞങ്ങൾക്കു ദയവുചെയ്ത് അഷ്ടസിദ്ധികളെ ഉപദേശിച്ചുതരണം:—

ഭക്തവത്സലനായ ഭഗവാൻ യക്ഷിണികളുടെ അപേക്ഷകേട്ട്, അത്യന്തം സന്തോഷത്തോടെ ഇപ്രകാരം പറഞ്ഞു.

“അല്ലയോ യക്ഷിണികളേ! അഷ്ടസിദ്ധിപ്രാപ്തിക്കുള്ള വഴി ഞാൻ പറഞ്ഞുതരാം; നിങ്ങൾ അവധാനപൂർവ്വം കേട്ടുകൊള്ളുവിൻ. പരിപൂർണ്ണയും പരാശക്തിയും അദ്വൈതയും ആയ മഹേശ്വരിയെ സേവിച്ചാൽ

ഭാവനാമാത്രസന്തുഷ്ടയായ ആ ഭവാനിയിൽനിന്നും നിങ്ങൾക്ക അഷ്ടസിദ്ധികളെ വരിക്കാം. ദേവിയെ സേവിക്കുന്നതിനുള്ള ക്രമം ഞാൻപറഞ്ഞുതരാം. നവാവരണസംയുക്തയും, നവനാദസ്വരൂപിണിയും അണിമാദികളായ അഷ്ടസിദ്ധികളോടും അന്യങ്ങളായ മറെറല്ലാ ശക്തികളോടും കൂടെ എന്റെ മടിയിൽ വസിക്കുന്നവളും ആയ ദേവിയെ ഞാൻ തന്നെ അവൾ എന്നുള്ളവിചാരത്തോടുകൂടെ പൂജിക്കുകയും ശിവപ്രാപ്തിക്കുവേണ്ടി ജ്ഞാതൃജ്ഞേയജ്ഞാനരൂപവും ജഗത്തുകൾക്ക ആദികാരണവും പൂർണ്ണവും മഹാത്മകവും ആയ ജ്യോതിസ്സിനെ ശീലിച്ചുകൊള്ളുകയും സമസ്തദുഃഖങ്ങളേയും നശിപ്പിക്കുന്നതും എല്ലാവിധ ആനന്ദങ്ങളേയും ദാനംചെയ്യുന്നതും ആയ മഹാദേവിയുടെ മൂലവിദ്യയെ അഖിലസിദ്ധിസാദ്ധ്യത്തിനായി ജപിക്കുകയുംചെയ്താൽനിങ്ങൾക്ക അനുഗ്രഹപൂർത്തിയുണ്ടാകും.

സർവ്വജ്ഞനും ദയാലുവുമായ ഭഗവാൻ അഷ്ടസിദ്ധികളെ സാധിക്കുന്നതിനുവേണ്ടി യക്ഷികൾക്കുചെയ്ത ഉപദേശത്തെ അവർ അവധാനതയോടുകൂടെ കേൾക്കാഞ്ഞതിനാൽ കോപിഷ്ഠനായിത്തീർന്ന ഭഗവാൻ അവരെ നോക്കി, സാരമേറിയ എന്റെ ഉപദേശങ്ങളെ ജാഗ്രതയോടുകൂടി ഓർത്തുകേൾക്കാതെ നിസ്സാരമാക്കി നിരാകരിച്ചുകളഞ്ഞ നിങ്ങൾക്ക ഒരിക്കലും ജ്ഞാനമുണ്ടാവുകയില്ലെന്നു് മാത്രമല്ല ധാർഷ്ട്യമതികളായ നിങ്ങൾ ശിലാരൂപിണികളായി ഭൂമിയിൽ ജനിക്കുകയും ചെയ്യുമെന്നു ശപിച്ചു.

വടമൂലവാസിയായ ഭഗവാന്റെ ഇപ്രകാരമുള്ള ശാപവാക്കുകൾകേട്ടു് കമ്പിതവിഗ്രഹകളും വിപുലാകാരകളും നിർവ്വേദമാനസകളും നിഷ്ടേന്ദ്രിയകളും ആയിത്തീർന്ന ആ യക്ഷികൾ ശിവപ്രീതികരങ്ങളായ അനവധി സ്തോത്രങ്ങളെ ഭക്തിപൂർവ്വം പാടിയുംകൊണ്ടു്, അല്ലയോ ഭഗവാനേ! ഞങ്ങൾ, ശിലാരൂപിണികളായി ഏതുദേശത്തിൽ വസിക്കുമെന്നും, ഏതൊരുകാലത്തിൽ ഞങ്ങൾക്ക അങ്ങയുടെ പാദസാമീപ്യം ലഭിക്കുമെന്നുംകൂടി ദയാപൂർവ്വം അരുളിച്ചെയ്യാറാകണമെന്നപേക്ഷിച്ചു.

ദയാലുവായ സുന്ദരേശ്വരൻ ഉടൻതന്നെ ഇപ്രകാരം ശാപമോക്ഷം അരുളിച്ചെയ്തു:—

“ത്രൈലോക്യപ്രഖ്യാതമായ പാണ്ഡ്യദേശത്തിൽ “ശ്രീപട്ടമംഗലം” എന്നപേരോടുകൂടിയ ഒരു ഗ്രാമംഉണ്ടു്. അതിൽ അവന്ധ്യമായ ഒരു വടവൃക്ഷം ഉണ്ടു്. ഉന്നതങ്ങളും, ആയതങ്ങളും, മേഘങ്ങൾ വന്നിരുന്നു വിശ്രമസുഖം അനുഭവിക്കുന്നതുമായ ശാഖോപശാഖകളോടും ശ്യാമളകോമളങ്ങളായ പത്രങ്ങളോടുംകൂടെ ഏകദേശം ഒരുയോജനവിസ്താരത്തി

ൽ കവിഞ്ഞസ്ഥലത്തെ അച്ഛാദനംചെയ്യുന്നതായ അതിന്റെ ചുവട്ടിൽ നിങ്ങൾ അറുപേരും ആയിരംവത്സരക്കാലം തമസ്സുനിറഞ്ഞ ശിലാരൂപിണികളായി വസിക്കും. അവിടെ അടുക്കൽ, അനാദിയും അമലവും ഹാലാസ്യം എന്നപേരോടുകൂടിയതുമായ ഒരുക്ഷേത്രവും, ആ ക്ഷേത്രത്തിൽ മഹത്തരവും അത്യന്തപാവനവും സുന്ദരേശ്വരസംജ്ഞിതവുമായ എന്റെ മൂലലിംഗവും ഉണ്ട്.

അനേകായിരംകോടിയുഗകാലങ്ങൾക്കുമുമ്പു തുടങ്ങിയേ എന്റെ പരിപൂർണ്ണമായ നിത്യദിവ്യസാന്നിദ്ധ്യത്തോടുകൂടിയ ആ സുന്ദരേശ്വരലിംഗത്തിൽനിന്നും ഞാൻ ഗുരുമൂർത്തിയെന്നുള്ള പേരോടുകൂടെ അവതരിച്ചുവന്ന് നിങ്ങൾക്ക അഷ്ടസിദ്ധികളേയും ഉപദേശിച്ചുതരാം; അപ്പോൾ നിങ്ങളുടെ ശാപവുംതീരും. അതിൽപിന്നെ നിങ്ങൾക്ക നിങ്ങളുടെ സ്വഭാവകോമളിമാവോടുകൂടിയ സ്വരൂപത്തോടുകൂടെ മത്സാമീപ്യത്തെ പ്രാപിച്ചു പരമഭോഗങ്ങളും അനുഭവിച്ചു സുഖിച്ചുരമിക്കുകയുംചെയ്യാം.”

ഭഗവാൻ ഇപ്രകാരം യക്ഷികൾക്ക ശാപമോക്ഷവും കൊടുത്ത് നന്ദികേശ്വരന്റെ കൈയുംപിടിച്ച് ശങ്കരപ്രാസാദത്തിലേക്കുപോയി. നിഗ്രഹാനുഗ്രഹശക്തനായ ഭഗവാന്റെ ശാപംഅനുസരിച്ച് യക്ഷികൾ ശിലാരൂപിണികളായി വടമൂലത്തിലുംവസിച്ചു.

ശാപമോക്ഷപ്രകാരമുള്ള ആയിരംസംവത്സരം കഴിഞ്ഞ അവസരത്തിൽ ഭക്തവത്സലനായ ഭഗവാൻ സുന്ദരേശ്വരൻ ഹാലാസ്യക്ഷേത്രത്തിൽ ഉള്ള തന്റെ മൂലലിംഗത്തിൽനിന്നും ഗുരുമൂർത്തിയെന്നുള്ള നാമധേയത്തോടുകൂടെ അവതരിച്ച്, ശ്രീപട്ടമംഗലഗ്രാമത്തിൽ ഉള്ള ഊക്കൻവടവൃക്ഷത്തിന്റെ ചുവട്ടിൽ ശിലാരൂപിണികളായി വസിക്കുന്ന യക്ഷികളുടെ സമീപത്തിൽ പോയി അവൎക്ക അണിമാദികളായ അഷ്ടസിദ്ധികളും ഉപദേശിച്ചുകൊടുത്തു. ഉടൻതന്നെ അവർ ശാപമോചിതകളും ജ്ഞാനമതികളും പൂർവ്വവൽ അതികോമളസ്വരൂപിണികളുംആയി തത്രപ്രത്യക്ഷീഭവിച്ചു. അഷ്ടസിദ്ധിപ്രഭാവംകൊണ്ട് അവർ ആകാശസഞ്ചാരമുഖ്യങ്ങളായ അനവധി അത്ഭുതകർമ്മങ്ങളെ പ്രകടീകരിച്ചു. അനന്തരം അവർ കൈലാസാചലത്തിൽപോയി ശംകരാന്തികത്തെ പ്രാപിച്ച് അദ്ദേഹത്തിന്റെപാദസേവയുംചെയ്തു പരമാനന്ദപൂർവ്വം അവിടെ വസിച്ചു.

അല്ലയോ മുനിപുംഗവന്മാരേ! ഇപ്രകാരം ആണ് ഭഗവാനായ സുന്ദരേശ്വരൻ ഹാലാസ്യത്തിൽ ഉള്ള തന്റെ മൂലലിംഗത്തിൽ നിന്നും ഗുരുമൂർത്തിയായി അവതരിച്ച് യക്ഷികൾക്ക അഷ്ടസിദ്ധികൾ ഉപദേ

ശിച്ചുകൊടുത്ത അത്ഭുതകരമായ ലീല. ഈ പരിപാവനമായ ലീലയെ കേൾക്കുകയും പഠിക്കുകയും ചെയ്യുന്നവൎക്ക മംഗള്യസൌഖ്യാൎത്ഥങ്ങൾ സിദ്ധിക്കുമെന്നു മാത്രമല്ല അന്ത്യകാലത്തിൽ മോക്ഷപ്രാപ്തിയുംഉണ്ടാകും.

യക്ഷികൾക്ക അഷ്ടസിദ്ധ്യുപദേശം ചെയ്ത
മുപ്പത്തിമൂന്നാം ലീല സമാപ്തം.

---

# ഹാലാസ്യമാഹാത്മ്യം.

## കേരളഭാഷാഗദ്യം.

### ൩൪-ാം അദ്ധ്യായം.

### കാന്താരചേദിയെന്ന ചോളരാജാവിനുവേണ്ടി സുന്ദരേശ്വരൻ വാതിൽ തുറന്നു കൊടുത്ത മുപ്പത്തിനാലാം ലീല.

---

അല്ലയോ മാമുനിശ്രേഷ്ഠന്മാരേ! ഇനി ഞാൻ നിങ്ങളെ ഹാലാസ്യനാഥനായ സുന്ദരേശ്വരൻ, ശിവഭക്താഗ്രഗണ്യനും, കാന്താരചേദിയെന്നുള്ള നാമധേയത്തോടു കൂടിയവനും ആയ ചോളരാജാവിന്ന് വാതിൽ തുറന്നുകൊടുത്തതായ ലീലകേൾപ്പിക്കാം.

അല്ലയോ മുനിപുംഗവന്മാരേ! ഈ ചോളരാജാവിന്നു കാന്താരചേദിയെന്നുള്ള പേരുണ്ടായത് അദ്ദേഹം ചോളരാജധാനിയായ കാഞ്ചീപുരത്തിൽ ഉണ്ടായിരുന്ന മീനാക്ഷിക്ഷേത്രം പണ്ടു കല്പാന്തകാലത്തിൽ ജീൎണ്ണമായിപ്പോയതിനെ ഉദ്ധരിക്കുന്നതിനുവേണ്ടി, കാന്താരമെല്ലാം ഛേദിച്ചതുകൊണ്ടാണ്. മഹാപ്രഭുവും സൎവശാസ്ത്രാൎത്ഥകോവിദനും ആയ ആ ചോളഭൂപൻ, രാജചിഹ്നങ്ങളായ ഹാരകേയൂരമകുടകുണ്ഡലാദിവിഭൂഷണങ്ങളേയും ചന്ദനം, കസ്തൂരി, കുങ്കുമം മുതലായ സുഗന്ധലേപനങ്ങളേയും മററും ഉപേക്ഷിച്ച് ശരീരം മുഴുവൻ ഭസ്മവും പൂശി സന്ധികൾതോറും ത്രിപുണ്ഡ്രങ്ങളും രുദ്രാക്ഷമാല്യങ്ങളുമണിഞ്ഞ്, സാംബനായ സദാശിവനെ സൎവ്വോപചാരങ്ങൾകൊണ്ടും പൂജിച്ചു ശ്രദ്ധയോടുകൂടെ ശ്രീപഞ്ചാക്ഷരമഹാമന്ത്രവും ജപിച്ചു, ശിവഭക്താഗ്രഗണ്യനായി വാഴുന്നകാലത്തിൽ ഒരിക്കൽ കമ്പാനദിയിൽ സ്നാനം ചെയ്ത് കാമാക്ഷീദേവിയുടെ പാദപൂജ ചെയ്യുന്നതിന്നായി ചോളരാജാവ് കാന്താരഛേദം ചെയ്ത ജീൎണ്ണോദ്ധാരണം സാധിച്ചു

തായ കാഞ്ചീപുരക്ഷേത്രത്തിൽ ആഗതന്മാരായ പുരാണജ്ഞാനികളും ശിവഭക്തന്മാരും ആയ മഹർഷിപുംഗവന്മാരുടെ മുഖപത്മങ്ങളിൽ നിന്നും വിസ്തൃതങ്ങളായ ഹാലാസ്യക്ഷേത്രത്തിന്റെ മാഹാത്മ്യങ്ങളേയും തീർത്ഥരാജവൈഭവങ്ങളേയും, മൂലലിംഗത്തിന്റെ വൈശിഷ്ട്യങ്ങളേയും അദ്ദേഹം കേട്ട് അത്യന്തം വിസ്മയമാനസനായി തീർന്നു എന്നു മാത്രമല്ല, ഭക്തവത്സലനായ പരമശിവന്റെ പരിപൂർണ്ണദിവ്യസാന്നിദ്ധ്യസ്ഥാനമായ ഹാലാസ്യക്ഷേത്രത്തേയും പരിപാവനതരമായ പുണ്യതീർത്ഥത്തേയും വിശിഷ്ടമായ മൂലലിംഗത്തേയും താൻ ഏതൊരവസരത്തിൽ ദർശനം ചെയ്തു കൃതാർത്ഥനാകും എന്നിങ്ങനെയുള്ള ചിന്തയ്ക്കു വശംഗതനായിത്തീരുകയും ചെയ്തു. ചോളരാജാക്കന്മാരും പാണ്ഡ്യരാജാക്കന്മാരും തമ്മിൽ ജന്മശത്രുക്കളായിരുന്നതുകൊണ്ടാണ്, കൂടുതൽ ചിന്തക്കും വ്യസനത്തിനും ചോളരാജാവിനിടയായത്. അദ്ദേഹം ഇപ്രകാരമുള്ള വിചാരത്തോടും അപാരമായ ഭക്തിയോടും കൂടെ പരമശിവന്റെ പാവനരൂപത്തേയും ധ്യാനിച്ചു നിദ്രയാരംഭിച്ച അന്നുരാത്രിയിൽ 'നീ ഏകനായിവന്ന് എന്നെ ദർശിച്ചുകൊള്ളുക,' എന്നു സുന്ദരേശൻ അദ്ദേഹത്തിന്റെ അടുക്കൽ വന്നു പറഞ്ഞതായി അദ്ദേഹം സ്വപ്നംകണ്ടു.

ഉടൻതന്നെ ചോളഭൂപൻ ഉണർന്ന് വേഷപ്രച്ഛന്നനായി മധുരാപുരിയിലേക്കു യാത്രതുടർന്നു. കാലതാമസം കൂടാതെ തീരം കവിഞ്ഞുപായുന്ന ജലപ്രവാഹത്തോടുകൂടിയ വേഗവതിയുടെ തീരത്തിൽ എത്തി. വിസ്താരംകൊണ്ടും അഗാധംകൊണ്ടും അത്യന്തം ഭയംകരമായ ആ നദിയിലെ കൂലംകഷമായി രാമബാണംപോലെ അത്യുഗ്രവേഗത്തിൽ പായുന്ന ജലപ്രവാഹത്തെ കണ്ടപ്പോൾ ചോളഭൂപനുണ്ടായ ഇച്ഛാഭംഗവും വ്യസനവും ഭയവും ഇന്നപോലെ അവർണ്ണനീയം ആയിരുന്നു.

അദ്ദേഹം ഇങ്ങനെ വിചാരിച്ചു:—ഞാൻ എങ്ങനെയാണ് ഈ മഹാനദിയെ കടക്കുന്നത്. എന്റെ ജന്മശത്രുവായ പാണ്ഡ്യാധിപൻ ഞാൻ ഇവിടെ വന്നിരിക്കുന്നു എന്നുള്ള വിവരം അറിഞ്ഞാൽ ഉടൻതന്നെ യുദ്ധത്തിനൊരുങ്ങിവരും. ഏകാകിയായ എനിക്കു അദ്ദേഹത്തെ തടുക്കുന്നതിനു സാധിക്കുന്നതുമല്ല. ഇപ്പോൾ എനിക്കു രണ്ടു ശത്രുക്കൾ ആയി. ഒന്ന് ഈ നദി; മറ്റൊന്ന് പാണ്ഡ്യരാജാവ്. ഇവരെ ജയിച്ചതിനു മേലേ ഭഗവദ്ദർശനം ചെയ്വാൻ സാധിക്കുകയുള്ളൂ. ഹാലാസ്യദർശനാനന്തരം എന്തുതന്നെയും സംഭവിച്ചുകൊള്ളട്ടെ. എനിക്കു അതിൽ യാതൊരു മനസ്താപവും ഇല്ല. ഞാൻ ഇങ്ങനെ പലതും എന്തിനു ചിന്തിക്കുന്നു. മൂലലിംഗദർശനത്തിനുള്ള മഹാഭാഗ്യം എനിക്കില്ലായിരിക്കാം. ഉണ്ടെങ്കിൽ കരുണാവരുണാലയനായ ഭഗവാൻ എനിക്കു ഈ വിഷയത്തിൽ നേരിട്ടിട്ടുള്ള എല്ലാ തടസ്സങ്ങളേയും നിരാകരിക്കും. എന്നുറച്ചുകൊണ്ടും ഭക്തബന്ധുവായ ഭഗവാനെ വിളിച്ചു പ്രാർത്ഥിച്ചു ഈ സങ്കടങ്ങൾ പറയു

കയല്ലാതെ മറെറാന്നുംചെയ്യുക. സർവ്വാന്തൎയ്യാമിയായ അദ്ദേഹം തന്നെ എന്നെ രക്ഷിക്കും. എന്നിങ്ങനെ തന്നെത്താൻ വിചാരിച്ചുംകൊണ്ട് വേഗവതിയുടെ ഉത്തരതീരത്തിൽ നിൽക്കുന്ന ചോളഭൂപൻ ഇപ്രകാരം പ്രാൎത്ഥിച്ചു:—

"ഹാലാസ്യവാസിന്ദേവേശ ഹാലാഹലവിഷാപഹ!
വിഷ്ണുധേശാദിവിബുധൈഃ പരിപൂജിതപാദുക!
ത്വദീയഞ്ചമഹാക്ഷേത്രം വിമാനംദിഗ്ഗജൈൎദ്ധൃതം
സ്വയംഭൂതംമഹാലിംഗ മമൃതാകാരമത്ഭുതം
ദ്രഷ്ടുംസമാഗതോസ്മ്യദ്യ സഹേതേനനദീന്ദ്യപൈവ
കിംകരിഷ്യാമിശംസത്വം ത്വമേവശരണംമമ."

അത്യന്തം ദീനനായ ചോളരാജാവിന്റെ ഇപ്രകാരമുള്ള പ്രാൎത്ഥനകൾകേട്ട് കരുണാൎദ്രമാനസനായിത്തീൎന്ന സുന്ദരേശ്വരൻ തന്റെ ഭക്താഗ്രണിയെ രക്ഷിക്കുന്നതിനായി, ക്ഷേത്രപാലകന്മാർ ക്ഷേത്രദ്വാരങ്ങൾ എല്ലാം അടച്ചുപൂട്ടി മീനാങ്കിതമായ മുദ്രയും വച്ചിട്ടു പോയ ഉടൻ തന്നെ ഉത്തരസാലമദ്ധ്യത്തിൽ ഉള്ള വാതിലുഭേദിച്ച് സിദ്ധരൂപധാരിയായി അതിവേഗത്തിൽ ചോളരാജാവിന്റെ അടുക്കൽചെന്ന് വേഗവതിയിലെ ജലം മുഴുവനും വററിച്ച് അദ്ദേഹത്തേയുംകൊണ്ടു മറുകരയിൽ വന്ന് ഹേമാബ്ജനിയിൽ ഇറക്കി സ്നാനവും ചെയ്യിപ്പിച്ചു ക്ഷേത്രത്തിനുള്ളിൽ കൊണ്ടുപോയി. അനന്തരം ചോളഭൂപനു ദിവ്യദൃഷ്ടികൊടുത്തു. അതേവരെ അന്ധകാരംകൊണ്ട് യാതൊന്നും തിരിച്ചറിയാൻ പാടില്ലാതെ ഇരുന്ന ചോളഭൂപനു ഹാലാസ്യക്ഷേത്രത്തിൽ ഉള്ള ഭുവനത്രയവിഖ്യാതങ്ങളായ ഓരോ അത്ഭുതസ്ഥാപനങ്ങളും ദൈവികസ്ഥാനങ്ങളുംപ്രത്യക്ഷത്തിൽ കാണാറായി.

നീപാടവീശ്വരനായ ആ സുന്ദരേശ്വരൻ, ഒന്നാമതായി ചോളഭൂപന് കരുണാമയിയായ മീനാക്ഷീദേവിയുടെ പരമപാവനമായ വിഗ്രഹത്തെ കാണിച്ചുകൊടുത്തു. അനന്തരം അതിവിചിത്രങ്ങളായ മന്ദിരങ്ങളും തന്റെ അത്ഭുതകോമളമായ വിമാനവും കാണിച്ചു. അതിന്റെശേഷം അഷ്ടദിഗ്ഗജങ്ങളാലും മുപ്പത്തിരണ്ടു സിംഹവീരന്മാരാലും അറുപത്തിനാലു ദേവഗണങ്ങളാലും ധരിക്കപ്പെട്ടുന്നതായ ആ വിമാനമദ്ധ്യത്തിൽ സ്ഥിതിചെയ്യുന്ന മൂലലിംഗത്തെ കാണിച്ചുകൊടുത്തു. സാന്ദ്രസുധാദ്രവമായ ആ ലിംഗത്തെ [illegible] അവസരത്തിൽ ഭക്തശിരോമണിയായ ചോളരാജാവ് പുളകാങ്കിതഗാത്രനായി എന്നുമാത്രമല്ല അദ്ദേഹത്തിനുണ്ടായ ആനന്ദാത്ഭുതങ്ങൾ വാചാമഗോചരങ്ങളായിരുന്നു. കണ്ണുകളിൽനിന്നും ആനന്ദാശ്രുക്കൾ ഒഴുകുകയും, ജ്ഞാനം ഉദിക്കുകയും ഭക്തിയിൽ കുളിക്കുകയും തന്നെത്താൻമറന്ന് പാട്ടും ആട്ടവും തുടങ്ങുകയും, പഞ്ചാക്ഷരമഹാമന്ത്രജപത്തോടുകൂടെ പലയുരുവും താണുവന്ദിക്കുകയുംമററും ചെയ്തു.

ചോളരാജാവിൻെറ മേൽപ്രകാരമുള്ള ഭക്തിചാപല്യങ്ങളെ ഭക്തചിന്താമണിയായ പരമശിവൻകണ്ടു് ഇതിൽപ്പരമില്ലാതെ പ്രസാദിച്ചു് അദ്ദേഹത്തിനു് പരമദുർല്ലഭങ്ങളായ പല വരങ്ങളും കൊടുത്തിട്ടു് ഇപ്രകാരം പറഞ്ഞു:—

"അല്ലയോഭക്തശിരോമണിയായ ചോളരാജാവ! അങ്ങേയ്ക്കു എൻെറ ഭക്തോത്തമനായ പാണ്ഡ്യരാജാവിനോടു് ഏററു യുദ്ധംചെയ്യുന്നതിനുവേണ്ട ബലംഇല്ല. അതുകൊണ്ടു് അങ്ങു് അതിവേഗത്തിൽ പൊയ്ക്കൊള്ളുക. ഞാൻതന്നെ വേഗവതിയുടെ ഉത്തരതീരംവരെകൊണ്ടാക്കാം."

അനന്തരം നീപാടവീനാഥനും സിദ്ധരൂപിയുമായ ഭഗവാൻ പരമേശ്വരൻ ചോളഭൂപനെകൊണ്ടുപോയി വേഗവതിയുടെ ഉത്തരതീരത്തിൽ ആക്കി ഭസ്മംകൊണ്ടു അദ്ദേഹത്തിൻെറ ലലാടത്തെ അലംകരിച്ചിട്ടു് വിദ്യുല്ലതികയെന്നപോലെ തിരോധാനംചെയ്തു.

കാന്താരചേരദിരാജാവു് ലീലാമയനായ ഭഗവാൻെറ അസീമമായ കൃപാവിശേഷത്തെപ്പററി പലതും വിചാരിച്ചുകൊണ്ടു്, സ്വകീയരാജ്യത്തിൽ പോയി.

ഭക്തത്രിഭുവനേശനായ സുന്ദരേശ്വരൻ സ്വയംകൃതമായ ദ്വാരഭേദത്തെ അടച്ചു് വൃഷമുദ്രയുംവച്ചു് തൻെറ പ്രാസാദത്തിൽ പ്രവേശിച്ചു് മീനലോചനയായ ഭഗവതിയുമൊന്നിച്ചു് മഞ്ചമദ്ധ്യത്തിൽ സസുഖം രമിച്ചു.

നേരംവെളുത്തു് ക്ഷേത്രപാലകന്മാർ പതിവുപോലെവന്നു് ഗോപുരവാതിൽ തുറക്കുന്നതിനായി ഭാവിച്ചപ്പോൾ തങ്ങൾ തലേദിവസം രാത്രിയിൽ വെച്ചിട്ടുണ്ടായിരുന്ന മീനമുദ്രമാററി വൃഷമുദ്രവച്ചിരിക്കുന്നതുകണ്ടു് വിസ്മയം ഓടിപ്പോയി പാണ്ഡ്യരാജാവായ കുലഭൂഷണനെ അറിയിച്ചു. രാജാവു് അവരോടു് ദ്വാരഭേദംചെയ്തതു് ആരെന്നന്വേഷിക്കാൻ ആജ്ഞാപിച്ചു. ഉടൻതന്നെ രാജസേവകന്മാർ ആ ദിക്കിലെങ്ങും സഞ്ചരിച്ചു് ദ്വാരഭേദം ചെയ്തവർ ആരാണെന്നു് പലപ്രകാരത്തിൽ അന്വേഷിച്ചിട്ടും യാതൊരുതുമ്പും ഉണ്ടാകായ്കയാൽ ആവിവരവും രാജാവിനെ അറിയിച്ചു.

രാജാവിനു് അതുകേട്ടപ്പോൾ വലിയ വ്യസനംഉണ്ടായി. അനന്തരം അദ്ദേഹം ഇങ്ങനെപറഞ്ഞു:—"മുദ്രപൊട്ടിച്ചു് ദ്വാരഭേദംചെയ്തതു് ആരാണെന്നു് സുന്ദരേശ്വരനറിയാം. അദ്ദേഹംതന്നെ അതു വെളിപ്പെടുത്തിത്തരണം. അതുവെളിപ്പെടാതെ ഞാൻ ഉണ്ണുന്നതല്ല."

കുലഭൂഷണപാണ്ഡ്യൻ ഇപ്രകാരം ശപഥവും ചെയ്തുംവച്ചു് ഭൂമിയിൽ കമന്നുകിടന്നു. വിചാരമഗ്നനായി കിടന്ന രാജാവു് അല്പനേരത്തിനുള്ളി

ൽ നിദ്രയ്ക്കുവശംഗതനായി. കുറേ കഴിഞ്ഞപ്പോൾ, അദ്ദേഹം ഇങ്ങനെ ഒരു സ്വപ്നം കണ്ടു.

എടോ ഭക്താഗ്രഗണ്യനായ കുലഭൂഷണപാണ്ഡ്യ! ഭക്തനായ ചോളരാജാവിനെ എന്റെ മൂലലിംഗദർശനം ചെയ്യിക്കുന്നതിനായി ഞാനാണ് ദ്വാരം ഭേദനം ചെയ്തതും മുദ്രയിളക്കിയതും. എന്റെ ഗോപുരദ്വാരത്തിന്റെ വാതിൽ ഭേദിക്കുവാനും നിന്റെ കിങ്കരന്മാർ വെച്ചമുദ്രയിളക്കാനും മറ്റാർക്കു ധൈര്യം വരും? നീ അതു വിചാരിച്ചു മനസ്താപിച്ചു കിടക്കാതെ എഴുന്നേറ്റു പോയി ഭക്ഷണം കഴിക്കു.

കുലഭൂഷണപാണ്ഡ്യൻ ഈ സ്വപ്നംകണ്ടയുടൻ തന്നെ ഓടി എഴുന്നേറ്റിരുന്നും കൊണ്ട് മന്ത്രിപ്രധാനികളെ വിളിച്ചുകൊണ്ടു വരാൻ കല്പിച്ചു. കിങ്കരന്മാർ ഓടിപ്പോയി മന്ത്രിപ്രധാനികളെ വിളിച്ചുകൊണ്ടുവന്നു. രാജാവു താൻ കണ്ട സ്വപ്നവർത്തമാനം മുഴുവൻ അവരോടു പറഞ്ഞു. 'ഒരമന്ത്രരഹസ്യം അങ്ങാടിപ്പരസ്യം' എന്നുണ്ടല്ലോ. ഉടൻ തന്നെ ഈ വർത്തമാനം കാട്ടുതീപോലെ നാടടക്കം നിറഞ്ഞു. നാട്ടുകാരും മന്ത്രികളും പാണ്ഡ്യരാജാവായ കുലഭൂഷണപാണ്ഡ്യനും എന്നുവേണ്ട കേട്ടവർ കേട്ടവർ എല്ലാം നീപാടവീനാഥനായ ഹാലാസ്യനാഥന്റെ അതിവിസ്മയാവഹമായ ഭക്തിവാത്സല്യത്തെപ്പറ്റി സ്തുതിച്ചു. കുലഭൂഷണന് മുമ്പത്തേതിലും അത്യധികമായ ഭക്തി ഹാലാസ്യനാഥനിൽ വർദ്ധിച്ചു.

അല്ലയോ മുനിപുംഗവന്മാരേ! ഇപ്രകാരം ആണ് ഹാലാസ്യനാഥനായ സുന്ദരേശ്വരൻ തന്റെ ഭക്തശിരോമണിയായ ചോളഭൂപനുവേണ്ടി ദ്വാരഭേദനം ചെയ്ത മുപ്പത്തിനാലാമത്തെ ലീല. ഭക്തിസംവർദ്ധകമായ ഈ ലീലയെ കേൾക്കുകയും പഠിക്കുകയും ചെയ്യുന്നവർക്ക് സീമാതീതമായ ഭക്തിയുണ്ടാവുകയും അവസാനത്തിൽ ശിവസായുജ്യം ലഭിക്കുകയും ചെയ്യും.

കാന്തരഭേദി എന്ന ചോളരാജാവിനു വാതിൽ തുറന്നു

കൊടുത്ത മുപ്പത്തിനാലാം ലീല സമാപ്തം.

# ഹാലാസ്യമാഹാത്മ്യം

## കേരളഭാഷാഗദ്യം.

### ൩൫ാം അദ്ധ്യായം.

### പാണ്ഡ്യസൈന്യങ്ങൾക്കു വെള്ളം നല്കിയ മുപ്പത്തിഅഞ്ചാം ലീല.

---

അഗസ്ത്യമഹർഷിയുടെ വദനാരവിന്ദോൽഗളിതമായ സുന്ദരേശ്വരന്റെ മുപ്പത്തിനാലാമത്തെ ലീലകേട്ട പരമാനന്ദമത്തരായ വസിഷ്ഠാദികൾ വീണ്ടും കുംഭസംഭവനോടു, അല്ലയോ ശൈവാഗമരഹസ്യവേദിയായ മഹർഷിശ്രേഷ്ഠ! സുന്ദരേശ്വരഭഗവാന്റെ മുപ്പത്തിഅഞ്ചാമത്തെ ലീല എന്താണു? അതുംകൂടി ഞങ്ങളെ സവിസ്തരം കേൾപ്പിക്കണം എന്നപേക്ഷിച്ചു.

"അഗസ്ത്യമഹർഷി അതുകേട്ടു താഴെ വരുമാറു് ലീലാശേഷത്തെ തുടന്നു:—

അല്ലയോ മുനിപുംഗവന്മാരേ! ഭഗവാന്റെ അടുത്തലീല അദ്ദേഹം പാണ്ഡ്യസൈന്യങ്ങൾക്കു് പാനീയം നല്കിയതാണു്. അതിനെ വിവരമായി പറയാം. നിങ്ങൾ ശ്രദ്ധാപൂർവ്വം കേട്ടുകൊള്ളുവിൻ!

പാണ്ഡ്യരാജാവായ കുലഭൂഷണപാണ്ഡ്യൻ സുന്ദരേശ്വരഭക്തിയോടുകൂടെ നീതികരമാംവണ്ണം അനേകകാലം രാജ്യം പരിപാലിച്ചതിൽ പിന്നെ ശിവസായുജ്യത്തെ പ്രാപിച്ചു. അദ്ദേഹം കാലധർമ്മം പ്രാപിക്കുംപോൾ അദ്ദേഹത്തിനു് രാജേന്ദ്രപാണ്ഡ്യൻ എന്നും രാജസിംഹപാണ്ഡ്യൻ എന്നും രണ്ടു പുത്രന്മാർ ഉണ്ടായിരുന്നു. അച്ഛന്റെ മരണാനന്തരം അവരിൽ മൂത്തപുത്രനായ രാജേന്ദ്രപാണ്ഡ്യൻ സിംഹാസനാരൂഢനായി രാജ്യഭാരം ആരംഭിച്ചു.

ചോളരാജാവായ കാന്താരശേഖരി ഈ വിവരം അറിഞ്ഞു, രാജേന്ദ്രപാണ്ഡ്യനെ തന്റെ മിത്രമാക്കണമെന്നുള്ള വിചാരത്തോടുകൂടെ തന്റെ സർവ്വാംഗസുന്ദരിയായ മകളെ അദ്ദേഹത്തിനു വിവാഹം കഴിച്ചു കൊടുക്കണമെന്നു നിശ്ചയിച്ചു് വിശ്വസ്തനായ ഒരു ദൂതനെ പാണ്ഡ്യരാജധാനിയിൽ അയച്ചു വിവരം രാജേന്ദ്രപാണ്ഡ്യനെ അറിയിച്ചു. അദ്ദേഹം ചോളരാജാവിന്റെ സന്ദേശത്തെ സബഹുമാനം അംഗീകരിച്ചുന്നു മാത്രമല്ല തനിക്കും അപ്രകാരം ചെയ്യുന്നതിൽ വളരെ സന്തോഷമാണെന്നുള്ള വി

വരം ചോളരാജാവിനെ അറിയിക്കുന്നതിനായി തന്റെ ഒരു വിശ്വസ്തദൂതനെ ചോളരാജധാനിയിലേക്കും അയച്ചു. ചോളരാജാവു് ദൂതമുഖേന തന്റെ മകളെ പരിണയിക്കുന്നതിൽ പാണ്ഡ്യരാജാവായ രാജേന്ദ്രപാണ്ഡ്യന് സമ്മതമാണെന്നുള്ള സന്തോഷവർത്തമാനം കേട്ടയുടൻ തന്നെ ജ്യോതിശ്ശാസ്ത്രജ്ഞന്മാരെ വരുത്തി വിവാഹമുഹൂർത്തവുംമററും നിശ്ചയിച്ചു് കല്യാണസംഭാരങ്ങൾ എല്ലാം കാലേകൂട്ടി വട്ടം കൂട്ടാൻതുടങ്ങി.

ഈ അവസരത്തിൽ ചോളരാജാവായ കാന്തരഷേരദിയുടെ സർവ്വാംഗസുന്ദരിയായ കന്യകയെ തന്റെ ജ്യേഷ്ഠനായ രാജേന്ദ്രപാണ്ഡ്യനു വിവാഹം ചെയ്തുകൊടുക്കാൻ നിശ്ചയിച്ചിരിക്കുന്നു എന്നുള്ള വിവരം പരാക്രമശാലിയും അത്യന്തം ബലവാനും ആയ രാജസിംഹപാണ്ഡ്യൻ അറിഞ്ഞു്, കാമാതുരനായി എന്നു മാത്രമല്ല സൈന്യസമേതം കാഞ്ചീപുരത്തിൽ പോയി ആ കന്യകാമണിയെ അപഹരിച്ചുകൊണ്ടു് പോരണമെന്നുള്ള ദുഷ്ടവിചാരത്തോടുകൂടെ വലുതായ ഒരു ചതുരംഗസൈന്യത്തെ ശേഖരിച്ചു് അവയോടുകൂടെ കാഞ്ചീപുരത്തിൽ പ്രവേശിച്ചു.

പാണ്ഡ്യരാജാവായ രാജേന്ദ്രൻ താൻ വിവാഹംചെയ്തു കൊടുക്കാൻ നിശ്ചയിച്ചു വച്ചിരിക്കുന്ന തന്റെ മകളെ അദ്ദേഹത്തിന്റെ അനുജൻ രാജസിംഹപാണ്ഡ്യൻ ബലാല്ക്കാരമായി കൊണ്ടുപോകാൻ വലുതായ സൈന്യബലത്തോടുകൂടെ വന്നിരിക്കുന്നു എന്നുള്ള വിവരം ചോളരാജാവായ കാന്താരഷേരദിക്കു അതിവേഗത്തിൽ അറിവു കിട്ടി. ഉടൻതന്നെ അദ്ദേഹം തന്റെയും എതൃതനായിരിക്കുന്ന ശത്രുവിന്റെയും ശക്തിയെപ്പററി പലപ്രകാരത്തിലും താരതമ്യവിവേചനം ചെയ്തതിന്റെശേഷം, സംഖ്യാതീതമായ ബലത്തോടുകൂടെ യുദ്ധോദ്യുക്തനായി വന്നിരിക്കുന്ന ധർമ്മഹതകനായ ഒരു ശൌര്യവാരാംനിധിയോടു തന്നെക്കൊണ്ടു് എതിർക്കുന്നതിനു് ഒക്കുന്നതല്ലെന്നും അതുകൊണ്ടു അദ്ദേഹത്തെ എതിരേററുകൊണ്ടുവന്നു സല്ക്കരിച്ചിട്ടു ആ കന്യകയെ കൊടുക്കുകതന്നെ നന്നെന്നും വിചാരിച്ചു് അപ്രകാരമെല്ലാം ചെയ്തു.

അനന്തരം ജാമാതാവായ രാജസിംഹപാണ്ഡ്യനും അദ്ദേഹത്തിന്റെ സൈന്യങ്ങളും ചോളരാജാവും അദ്ദേഹത്തിന്റെ സൈന്യങ്ങളും എല്ലാം കൂടി കാഞ്ചീപുരത്തിൽനിന്നും പാണ്ഡ്യരാജേന്ദ്രനെ യുദ്ധത്തിൽ തോല്പിച്ചു് പാണ്ഡ്യരാജ്യത്തേയും മധുരാപുരത്തേയും കൈയ്ക്കലാക്കുന്നതിനായി യുദ്ധകോലാഹലത്തോടുകൂടെ പുറപ്പെട്ടു് അതിവേഗത്തിൽ മധുരാപുരിയിൽഎത്തി.

രാജേന്ദ്രപാണ്ഡ്യൻ കപടമതിയും ധൂർത്താഗ്രഗണ്യനുമായ അനുജന്റെ അധർമ്മകലുഷമായ ആഗമനം കണ്ടു് മതിൽപ്പുറമില്ലാത്ത താപ

ഭയങ്ങളോടുകൂടെ ഹാലാസ്യക്ഷേത്രത്തിൽ ഓടിപ്പോയി, പാദപങ്കജസേവകന്മാരുടെ നിത്യദുഃഖങ്ങളെ ഇല്ലാതാക്കി സർവാഭീഷ്ടങ്ങളേയും നല്കുന്നവനും നിഖിലലോകൈകനാഥനും ദയാനിധിയും നിപാടവീനായകനും ആയ സുന്ദരേശനെ പ്രദക്ഷിണനമസ്കാരസ്തോത്രങ്ങൾകൊണ്ടും, അശേഷാർത്ഥപ്രദായകം ആയ പഞ്ചാക്ഷരമന്ത്രജപംകൊണ്ടും പ്രസാദിപ്പിച്ചതിന്റെശേഷം അഞ്ജലിബദ്ധനായി നിന്നുകൊണ്ടിപ്രകാരം പ്രാർത്ഥിച്ചു:—

“അല്ലയോ! സർവജ്ഞനും സർവഗനും, ഭക്തന്മാരിൽ അത്യന്തം കൃപയോടുകൂടിയവനും ആയ പരമേശ്വര! അമിതബലശാലിയായ എന്റെ അഗ്രജൻ, എനിക്കു വിവാഹം കഴിച്ചുതരാൻ നിശ്ചയിച്ച കന്യകയെ അധർമ്മമായി വിവാഹം കഴിച്ചെടുത്തുകളഞ്ഞതുമല്ലാതെ നിസ്സഹായനും ബലഹീനനും ആയ എന്നോടിതാ എണ്ണം കണക്കും ഇല്ലാത്ത ചതുരംഗസൈന്യസമേതം ചോളഭൂപാലസഹായിയായി യുദ്ധത്തിനു വന്നിരിക്കുന്നു. എന്നെക്കൊണ്ട് മാത്രനേരംപോലും എതിർത്തുനില്പാൻ ഒക്കുന്നതല്ല. എനിക്കു സഹായിക്കാൻ ഭക്തവത്സലനായ നിന്തിരുവടിഅല്ലാതെ മററാരും ഇല്ലതാനും. അശരണന്മാരായ ഭക്തന്മാരെ രക്ഷിക്കുന്നതിൽ പ്രത്യേകതാല്പര്യത്തോടുകൂടിയ അങ്ങ് അടിയനെ ഇപ്പോൾ രക്ഷിച്ചില്ലെങ്കിൽ അടിയന്റെ സർവസ്വവും ഇപ്പോൾ അഗ്രജൻ അപഹരിച്ചുകളയും; അല്ലയോ ഭക്തവത്സല! ഭഗവാനെ! നിന്തിരുവടിയുടെ കരുണാവൈഭവംകൊണ്ട് ബലഹീനനായ ഞാൻ അപാരബലശാലിയായ അഗ്രജനോടേററു പരാജിതനാകരുതേ! എന്നെ സഹായിക്കേണമേ! രക്ഷിക്കേണമേ! അല്ലയോ വിശ്വൈകനാഥ! അങ്ങല്ലാതെ അടിയനാരും ആശ്രയമില്ല”

ഭക്തശിരോമണിയായ രാജേന്ദ്രപാണ്ഡ്യന്റെ ദയനീയവും ഭക്തിമസൃണവും ആയ ഈ അപേക്ഷകൾക്ക് പ്രത്യുത്തരമായി ആകാശത്തിൽനിന്നും അല്ലയോ രാജേന്ദ്രപാണ്ഡ്യ! നീ വ്യസനിക്കാതെ! നിന്നെ ഞാൻ രക്ഷിച്ചുകൊള്ളാം. ഞാൻ ഭക്താർത്തിഭഞ്ജനൻ ആണെന്നു നീ എപ്പോഴും വിശ്വസിച്ചുകൊണ്ടാലും. ഒട്ടും മടിക്കേണ്ട! രാവിലെതന്നെ യുദ്ധസന്നദ്ധനായി ശത്രുസൈന്യങ്ങളെ തടുത്തു യുദ്ധംചെയ്വാൻ ആരംഭിച്ചുകൊള്ളുക. ഞാൻ പുറകേ ഉണ്ട്.

ദയാലുവായ സുന്ദരേശ്വരന്റെ മേൽപ്രകാരമുള്ള അശരീരിവാക്കുകേട്ടപ്പോൾ രാജേന്ദ്രപാണ്ഡ്യന്റെ ഭയവും സംശയവും അസ്തമിക്കുകയും അദ്ദേഹത്തിന് ഇതില്പരമില്ലാത്ത സന്തോഷവും ഉത്സാഹവും ഉദിക്കുകയും ചെയ്തു. അനന്തരം അദ്ദേഹം കൊട്ടാരത്തിൽപ്പോയി പിറേറദിവസം രാവിലെ യുദ്ധത്തിനു പോകുന്നതിന് വേണ്ടുന്ന ഏർപ്പാടുകൾ എല്ലാം ചെയ്തതിന്റെശേഷം സുന്ദരേശപാദസ്മരണയോടുകൂടി നിദ്രയാരംഭിച്ചു.

അടുത്തദിവസം രാവിലെ എഴുനേററ് ഭസ്മരുദ്രാക്ഷധാരിയും സൈന്യസഹായനും ആയി സുന്ദരേശ്വരസന്നിധിയെ പ്രാപിച്ച് മൂലലിംഗാധിപനായ അദ്ദേഹത്തെ പലതവണയും നമസ്കരിക്കുകയും പലതും പ്രാർത്ഥിക്കുകയും ചെയ്തിട്ട്, അത്യന്തം സ്ഥൈര്യത്തോടുകൂടി പ്രദക്ഷിണമാർഗ്ഗമായി പരിബന്ധികളുടെ പാളയം നോക്കി പുറപ്പെട്ടു.

കാലതാമസംകൂടാതെ ബലവീര്യശൌര്യാംഭോധിയായ അനുജാധമൻെറയും ചോളാധിപൻെറയും സൈന്യങ്ങളെ കണ്ടുമുട്ടുകയും അവരും രാജേന്ദ്രപാണ്ഡ്യനും തമ്മിൽ ഘോരസമരം തുടങ്ങുകയും ചെയ്തു.

ഈ അവസരത്തിൽ അല്പസൈന്യസഹായനായി വന്നിരിക്കുന്ന ജ്യേഷ്ഠനെക്കണ്ടു് അവസാനമില്ലാത്ത പടയാളികളുടെ നേതാവായ അനുജൻ രാജസിംഹപാണ്ഡ്യൻ വളരെ നിന്ദാസ്വരത്തിൽ, ഇതെന്തൊരു കൂത്താണു്? കണ്ണൻചിരട്ടകൊണ്ടു് കടൽവെള്ളം കോരി വററിക്കാൻ പോകുന്നതുപോലെയല്ലേ സംഖ്യാതീതമായ എൻെറ ചതുരംഗിണിയെ ജയിക്കുന്നതിനായി ജ്യേഷ്ഠൻ എവിടെനിന്നോ അഭ്യാസഹീനന്മാരും അശക്തന്മാരും ആയ കുറേ ഭടന്മാരെയും ശേഖരിച്ചുംകൊണ്ടു് യുദ്ധത്തിനു വന്നിരിക്കുന്നു. യുദ്ധംതന്നെ തുടങ്ങിക്കൊള്ളണം. വിരോധമില്ല. ആയുധംവച്ചു് അഭയം യാചിച്ചേതെങ്കിൽ ജീവനെങ്കിലും ലഭിക്കുമായിരുന്നു. അതും വേണ്ടെന്നല്ലേ ഇപ്പോഴത്തെ ഭാവം എന്നുപറഞ്ഞു.

ഇതിനിടയിൽ ഇരുകക്ഷിയിലും ഉള്ള സൈന്യങ്ങൾതമ്മിൽ അടുത്തു് വെട്ടിയും കുത്തിയും മററും യുദ്ധം തകൃതിയായി ചെയ്തുതുടങ്ങി. ഭടന്മാരുടെ സിംഹനാദങ്ങളും യുദ്ധവീരന്മാരുടെ ജ്യാനാദങ്ങളും മനോവേഗാതീതമാകുംവണ്ണം സർവ്വത്ര ചുററിപ്പായുന്ന രഥങ്ങളുടെ ഭ്രമണഘോഷങ്ങളും ആനകളുടെ അമറക്കങ്ങളും കുതിരകളുടെഹേഷാരവങ്ങളും കാഹളനാദങ്ങളും പെരുമ്പറമുഴക്കങ്ങളും മററും കൊണ്ടു് മൂന്നുലോകങ്ങളും ഒന്നുപോലെ ഇളകി; കബന്ധങ്ങളെക്കൊണ്ടു യുദ്ധക്കളം മൂടി. രോഷാധിക്യവും ശൌര്യവേഗവുംകൊണ്ടു് ഇരുകക്ഷിയിലുമുള്ള സൈന്യങ്ങൾ തന്നെത്താൻ പോലും മറന്നു് തുടങ്ങിയ ആ ഭയങ്കരയുദ്ധംപോലെ അതിനുമുമ്പിൽ ഒരു യുദ്ധം ഉണ്ടായിട്ടില്ലെന്നു് യുദ്ധകോലാഹലം കാണാനായി ആകാശതലത്തിൽ വന്നുനിറഞ്ഞ ദേവകൾ ഒന്നുപോലെ തലകുലുക്കി സമ്മതിച്ചു.

നേരവും ഉച്ചയായി; തീജ്വാലയെക്കാളും കഠിനമായ ഊഷ്മാവോടുകൂടിയ അത്യുഷ്ണത്താൽ ബാധിതമായ ആ ഗ്രീഷ്മകാലത്തിലെ മദ്ധ്യാഹ്നസമയത്തെ വെയിലുകൊണ്ടപ്പോൾ ഇരുകക്ഷിയിലെ സൈന്യങ്ങളും ഒന്നുപോലെ ക്ഷീണിച്ചു് ക്ഷുത്തൃഡാർത്തരായി, ജലമെവിടെ, ജലമെവിടെ എന്നുള്ള വിളിയോടുകൂടെ പിന്തിരിഞ്ഞു.

ഗ്രീഷ്മകാലത്തിലെ ആ അഗ്നികല്പാതപപീഡകൊണ്ട് പരിതപ്തന്മാരായി പിന്തിരിഞ്ഞ പാണ്ഡ്യസൈന്യങ്ങൾക്ക് കുടിക്കാൻ വെള്ളംകൊടുക്കുന്നതിനായി ഭക്തവത്സലനും ദയാലുവുമായ ഭഗവാൻ സുന്ദരേശ്വരൻ സ്വമായകൊണ്ട് യുദ്ധഭൂമിയിൽതന്നെ അതിവിസ്തീർണ്ണമായ ഒരു പാനീയശാലയും അതിന്റെ മദ്ധ്യത്തിൽ വേദമയങ്ങളായ സ്തംഭങ്ങളെക്കൊണ്ട് വിരാജമാനവും മഹോജ്ജ്വലതരവും ആയ ഒരു മഞ്ചവും ഉണ്ടാക്കി. പാദസരോരുഹങ്ങളിൽ ശിഞ്ജിതംകൊണ്ട് മഞ്ജുവായ മഞ്ജീരങ്ങളും കടിതടത്തിൽ വ്യാഘ്രചർമ്മവും, അണിഞ്ഞ് ഭസ്മരുദ്രാക്ഷമാലകൾകൊണ്ട് മനോഹരമായ കളേബരത്തോടും, ലാവണ്യസാഗരോൽഭൂതമായ പൂർണ്ണചന്ദ്രതുല്യമായ മുഖത്തോടും തപ്തകാഞ്ചനസാകാരമായ ജടാമണ്ഡലത്തോടും കൂടിയവനും കാന്തികൊണ്ട് കനകാദ്രിസന്നിഭനും കനകമയമായോദ്ധ്യാനധാരിയുമായ ഒരു സന്ന്യാസിയായി ആ മഞ്ചമദ്ധ്യത്തിൽ ഇരുന്നുംകൊണ്ട്, അവിടെ സമീപത്തിൽ താൻ മായകൊണ്ട് നിർമ്മിച്ചിട്ടുള്ളതായ സുവർണ്ണകലശത്തിൽനിന്നും തന്റെ കപർദ്ദസ്ഥയായ ഗംഗാവാരിയെ ജലപാത്രംകൊണ്ട് കോരി ധാരമുറിയാതെ ഒഴിച്ചുകൊടുത്തു. ഒരു കിണ്ടിയുടെ വാലുവഴിയായി ഒഴിച്ചുകൊടുത്ത ജലം ആയിരം ജലപാത്രങ്ങളുടെ ജലദ്വാരം വഴിയായി ഒഴിച്ചുകൊടുക്കുന്നതുപോലെ സൈന്യങ്ങൾക്ക് പ്രയോജനീഭവിച്ചു. പാണ്ഡ്യസൈന്യങ്ങൾ തിക്കിക്കയറി പരമശിവൻ ഒഴിച്ചുകൊടുക്കുന്ന അമൃതസദൃശമായ പാനീയം പാനംചെയ്ത് ദാഹത്തെയും ക്ഷീണത്തെയും നശിപ്പിച്ചു എന്നുമാത്രമല്ല പാനീയപാനാനന്തരംമുതൽ അവർ എല്ലാവരും ഒന്നുപോലെ ഇതിൽപ്പരമില്ലാത്ത സ്ഥൈര്യത്തോടും ധൈര്യത്തോടും ശൌര്യത്തോടും പരാക്രമത്തോടും കൂടിയവരായിത്തീരുകയും ചെയ്തു.

അനന്തരം പാണ്ഡ്യസൈന്യങ്ങൾ ഒന്നുപോലെ പുളച്ചുമദിച്ചാർത്തു ഘോഷിച്ചുകൊണ്ട് ശത്രുസൈന്യങ്ങളെ തടുത്തുനിറുത്തി യുദ്ധംചെയ്തു. ദാഹംകൊണ്ടും ക്ഷീണംകൊണ്ടും വിശപ്പുകൊണ്ടും പരവശരായ സിംഹേന്ദ്രപാണ്ഡ്യന്റെയും, ചോളരാജാവിന്റെയും ഭടന്മാർ, പാണ്ഡ്യസൈന്യങ്ങളോട്ടു തടുത്തുനിന്നു യുദ്ധംചെയ്യുന്നതിന്നു അല്പംപോലും, ശക്തിയില്ലാതെ പലവഴിക്കുമായി പലായനംചെയ്തു. ഒടുവിൽ യുദ്ധഭൂമിയിൽ സിംഹേന്ദ്രപാണ്ഡ്യനും ചോളരാജാവും മാത്രം ശേഷിച്ചു. യുദ്ധവീരന്മാരായ അവർ സൈന്യസഹായഹീനന്മാരും ക്ഷീണന്മാരും ആയിരുന്നിട്ടും യുദ്ധം അവസാനിപ്പിക്കാതെ പാണ്ഡ്യസൈന്യങ്ങളോടേററു ഭയങ്കരസമരംചെയ്തു. അവസാനത്തിൽ ആ യുദ്ധവീരന്മാരെ രണ്ടുപേരെയും പാണ്ഡ്യസൈന്യങ്ങൾ ബന്ധനസ്ഥരാക്കി. യുദ്ധവും അവസാനിച്ചു. അനന്തരം ബന്ധനസ്ഥരാക്കിയ സിംഹേന്ദ്രപാണ്ഡ്യനേയും ചോളരാജാവിനേയും രാജേന്ദ്രപാണ്ഡ്യൻ ഭടന്മാരെക്കൊണ്ട് ചുമപ്പിച്ചു കൊണ്ടുപോയി ദ്വാദശാന്തപ്രഭുവും ഹാലാസ്യനാഥനുമായ സുന്ദരേശ്വരന്റെ തിരുമുമ്പിൽ വച്ച് സാഷ്ടാംഗനമസ്കാ

രം ചെയ്തുകൊണ്ടു്, അവിടത്തെ കൃപാകടാക്ഷംകൊണ്ടു് തിരുവടിയുടെ പാദദാസനായ അടിയനോടു പടവെട്ടാൻ വന്നവർ രണ്ടുപേരേയും ഇതാ ബന്ധിച്ചുകൊണ്ടുവന്നു തിരുമുമ്പിൽ സമർപ്പിച്ചിരിക്കുന്നു. എന്നു പറഞ്ഞപ്പോൾ, "ഞാൻ എന്റെ ഭക്തനായ നിനക്കുവേണ്ടി ഇത്രയുംസഹായിച്ചു. അതു് എന്റെ ചുമതല. ഇനി എനിക്കു ഇതിൽ യാതൊരു ചുമതലയും ഇല്ല. നീ നിന്റെ ഇഷ്ടംപോലെ ചെയ്തുകൊള്ളുക." എന്നിങ്ങനെ അശരീരിവാക്കുകേട്ടു.

പാണ്ഡ്യരാജാവു് ബന്ധനസ്ഥരായ ശത്രുക്കളെ രണ്ടുപേരെയും കൊണ്ടുപോയി യഥായോഗ്യം ബഹുമാനിച്ചു താമസിപ്പിച്ചു. അഞ്ചാംദിവസം ചോളരാജാവിനെ ബന്ധനത്തിൽ നിന്നും വിമോചിച്ചു് ബഹുമാനപൂർവ്വം സ്വദേശത്തേക്കു യാത്രയാക്കുകയും, അനുജനും ഖലനുമായ സിംഹേന്ദ്രപാണ്ഡ്യനെ അൽപകർമ്മങ്ങളിൽ കാര്യസ്ഥനാക്കി വെയ്ക്കുകയും ചെയ്തു. രാജേന്ദ്രപാണ്ഡ്യൻ മുമ്പത്തേതിലും അധികമായ സുന്ദരേശ്വരഭക്തിയോടുകൂടെ മധുരാരാജ്യത്തെയും പരിപാലിച്ചുവസിച്ചു. ലോകവാസികൾ രാജേന്ദ്രപാണ്ഡ്യന്റെ ശിവഭക്തിയേയും ഹാലാസ്യനാഥന്റെ ഭക്തവാത്സല്യത്തേയും പററി ഇതിൽപ്പരമില്ലാതെ പ്രശംസിച്ചു.

അല്ലയോ മഹർഷീശ്വരന്മാരെ! നീപാടവീശ്വരനായ പരമേശ്വരന് ഭക്തന്മാർക്കുവേണ്ടി ഇന്നതെല്ലാമേ ചെയ്യാവൂ എന്നുംമററും ഇല്ല. അദ്ദേഹം തന്റെ ഭക്തന്മാരെ എല്ലാ ആപത്തുകളിൽനിന്നും എപ്പോഴും രക്ഷിച്ചുകൊള്ളുമെന്നുള്ളതിന്നു് ഈ ലീല ഏററവും ശ്രേഷ്ഠമായ ഒരു ദൃഷ്ടാന്തമാകുന്നു.

ഭഗവാന്റെ അത്യന്തം അത്ഭുതകരമായ ഈ മുപ്പത്തിഅഞ്ചാമത്തെ ലീലയെ പാരായണംചെയ്യുകയും കേൾക്കുകയും ചെയ്യുന്നവർക്കു ഇഹപരങ്ങളിൽ ഒന്നുപോലെ എല്ലാവിധ ഇഷ്ടപൂർത്തികളും, അന്ത്യത്തിൽ മോക്ഷപ്രാപ്തിയും ഉണ്ടാകുന്നതാണു്.

പാണ്ഡ്യ സൈന്യങ്ങൾക്കു് വെള്ളംനല്കിയ

മുപ്പത്തിഅഞ്ചാം ലീല

സമാപ്തം.

# ഹാലാസ്യമാഹാത്മ്യം

### കേരളഭാഷാഗദ്യം

## ൨൨-ാം അദ്ധ്യായം.

## രസവാദം കാണിച്ച

## ൩൩-ാം ലീല.

---

അഗസ്ത്യൻ വീണ്ടും പറഞ്ഞു:—"അല്ലയോമുനികളെ! സുന്ദരേശ്വരൻ സിദ്ധവേഷധാരിയായി രസവാദപ്രദർശനം ചെയ്ത മുപ്പത്തിമൂന്നാമത്തെ ലീല ഇനി ഞാൻ നിങ്ങളെ കേൾപ്പിക്കാം. ഈ ലീല ഏററവും സാരതരവും പരിപാവനവും അതിരില്ലാത്ത ഭക്തിയേയും അത്ഭുതത്തേയും ഒന്നുപോലെ വൎദ്ധിപ്പിക്കുന്നതും ആകുന്നു.

ഭൂലോകത്തിൽ, സൎവ്വ മനോഹരവും പുരുഹൂതാദികളായ ദേവശ്രേഷ്ഠന്മാരാലും മുനീന്ദ്രന്മാരാലും ഒന്നുപോലെ അഭീഷ്ടതവുമായി പുഷ്പവനമെന്നു പേരോടുകൂടിയ ഒരു പുരവും ആ സ്വൎഗ്ഗതുല്യമായ പുരത്തിൽ, പുഷ്പവനനാഥൻ എന്ന പേരോടു കൂടെ സ്വയംഭൂതമായ ഒരു ശിവലിംഗത്തോടുകൂടിയ ക്ഷേത്രവും ഉണ്ടായിരുന്നു. ആ ക്ഷേത്രത്തിൻേറയും ശിവലിംഗത്തിൻേറയും മാഹാത്മ്യത്തേപ്പററി വൎണ്ണിക്കുന്നതിന്, ആയിരം നാക്കുള്ള അനന്തനേക്കൊണ്ടുപോലും സാധിക്കുന്നതല്ല. ആ ക്ഷേത്രവളപ്പിനുള്ളിലുള്ള പൊടികൾപോലും, ശിവലിംഗസദൃശങ്ങളാകയാൽ ബ്രഹ്മാദികൾപോലും പാദംകൊണ്ടു ചവിട്ടാതെ ദൂരത്തിൽ നിന്നുകൊണ്ടാണ്, പുഷ്പവനനാഥനെ സേവിക്കുന്നതു്. നവഗ്രഹങ്ങളും ഭക്തിയോടുകൂടെ ക്ഷേത്രപ്രദക്ഷിണം ചെയ്തു ഈശ്വരനെ സേവിച്ചുവരുന്നു. ഇത്രത്തോളവും മാഹാത്മ്യമേറിയ ആ ക്ഷേത്രനാഥനായ പുഷ്പവനേശ്വരനെ അനുദിവസവും ഭക്തിയോടുകൂടെ സേവിക്കുകയും ധ്യാനിക്കുകയും, പൂജിക്കുകയും പൂജാവസാനത്തിൽ നൃത്തം ചെയ്യുകയും ചെയ്യുന്നവളായി ആ ദിക്കിൽ ഒരു വേശ്യയുണ്ടായിരുന്നു. സൌന്ദൎയ്യസമ്പന്നയും, ഗുണോജ്ജ്വലയും, പരമശിവൻേറയും പരമശിവഭക്തന്മാരുടെയും സേവയിൽ അപാരമായ ആസക്തിയോടുകൂടിയവളുമായ ആ കന്യകാരത്നത്തിൻെറ നാമധേയം, ഹേമനാഥയെന്നായിരുന്നു.

അവൾ ബാല്യകാലംതുടങ്ങിയേ ദിവസംപ്രതിയും, അഞ്ചുനാഴിക വെളുപ്പുള്ളപ്പോൾ എഴുന്നേററു്, കുളിച്ചു് ശരീരം മുഴുവൻ ഭസ്മംതേച്ചു്, രുദ്രാക്ഷമാലയും ചാൎത്തി നിത്യകൃത്യങ്ങളുമെല്ലാം നടത്തി ശിവനെയും ശിവഭക്തന്മാരെയും പൂജിച്ചുവന്നിരുന്നു. അവളുടെ സ്വാധാരണ

ജോലി പ്രദക്ഷിണനമസ്കാരസ്തോത്രങ്ങളെക്കൊണ്ട് എല്ലാ സമയവും ഒന്നുപോലെ സദാശിവനെ പ്രസാദിപ്പിക്കുകയായിരുന്നു. അവൾ അനു ദിവസവും അന്നപൂർണ്ണേശ്വരിയുടെ കൃപാകടാക്ഷംകൊണ്ട് ഷഡ്രസയുക്തമായ ഭക്ഷണസാധനങ്ങൾ ഉണ്ടാക്കി ശിവഭക്തന്മാൎക്ക ദാനംചെയ്യുകയും അതിന്റെ ഉച്ഛിഷ്ടം ഭുജിക്കുകയും ചെയ്യുവന്നു. അവൾ ഇങ്ങനെ പകൽ മുഴുവൻ പരമശിവപ്രസാദത്തിനു വേണ്ടുന്ന കൎമ്മങ്ങളെ ആചരിയ്ക്കുകയും രാത്രിയിൽ തരുണന്മാരുമൊന്നിച്ച് ക്രീഡിച്ച് അവരിൽനിന്നും കണക്കില്ലാത്ത ദ്രവ്യങ്ങൾ കൈക്കലാക്കി അവയും ശിവഭക്തന്മാരുടെ ഓരോ പ്രകാരത്തിൽ ഉള്ള ഇഷ്ടസിദ്ധികൾക്കായി ചെലവാക്കിയും ശിവാനന്ദസാഗരനിമഗ്നയായി കാലംകഴിച്ചുവരുന്ന കാലത്തിൽ ഒരിക്കൽ, ഏവംവിധങ്ങളായ ശൈവപൂജകളേയും ഭക്തഗണശുശ്രൂഷണങ്ങളേയും കൊണ്ട് ഭക്താഗ്രഗണ്യയായിത്തീൎന്ന അവൾക്ക്, ഒരു സ്വൎണ്ണപ്രതിമയുണ്ടാക്കി പുഷ്പവനനാഥനു സമൎപ്പിച്ചാൽ കൊള്ളാമെന്നുള്ള മോഹം ജനിച്ചു. അനന്തരം അവൾ ശില്പികളെ വരുത്തി, പുഷ്പവനനാഥനായ സാംബമൂൎത്തിയുടെ ഒരു ഉത്സവവിഗ്രഹത്തിന്റെ പ്രതിമയ്ക്കു വിധിപ്രകാരമുള്ള കരുവു പിടിപ്പിച്ചു. അതിന്റെശേഷം അവൾ ഇങ്ങനെ വിചാരിച്ചു:—"മെഴുകുകൊണ്ടു ബിംബത്തിന്റെ പ്രതിമയുണ്ടാക്കിയതുകൊണ്ടായില്ലല്ലോ. ബിംബം ഉണ്ടാക്കണമെങ്കിൽ വളരെ വളരെ സ്വൎണ്ണം വേണമല്ലോ. അതിനെന്താ വഴി. എനിക്കിപ്പോൾ കിട്ടിവരുന്ന സംഖ്യ മുഴുവനും ചെലവാക്കിയേ ശിവഭക്തന്മാരുടെ അഷ്ടിമുട്ടാതെ നടക്കു. അതിൽനിന്നും കുറെ അരിഷ്ടിച്ചെടുക്കാമെന്നുവച്ചാൽ അവരുടെ കൊററുമുടങ്ങുമെന്നു മാത്രമല്ല ലോഭിക്കയെന്നതു് എന്റെ സ്വഭാവത്തിനു വിരോധവും അത്രെ. സ്വൎണ്ണമുണ്ടാവാൻ മറുവഴിയും കാണുന്നില്ല. എന്താണു് ചെയ്യുക. ദയാലുവായ സുന്ദരേശ്വരൻതന്നെ എന്റെ ഈ അനുഗ്രഹസിദ്ധിക്കു വേണ്ട വഴിയുണ്ടാക്കിത്തരട്ടെ. ആശ്രിതരക്ഷകനായ സ്വാമിയുടെ ദയവല്ലാതെ ഈ കാൎയ്യത്തിൽ ഞാൻ മറെറാരു ശരണവും കാണുന്നില്ല."

വേശ്യാശിരോമണിയായ ഹേമനാഥ ഇപ്രകാരമുള്ള വിചാരങ്ങളോടുകൂടെ ചിലദിവസങ്ങൾ കഴിച്ചുകൂട്ടി. കോമളമായ അവളുടെ ശരീരം ആ വിചാരംകൊണ്ടു് വെയിൽകൊണ്ടുവാടിയ താമരത്തണ്ടുപോലെയായി. കരുണാവരുണാലയനായ ഭഗവാന്റെ കാരുണ്യത്തേയും പ്രതീക്ഷിച്ച് , തന്റെ അനുഗ്രഹസിദ്ധിക്കുള്ള മാൎഗ്ഗവും ആലോചിച്ച് അനന്യചിന്തയായിവാഴുന്ന ആ കാലത്തിൽ ഒരിക്കൽ സൎവ്വവ്യാപിയും സദാശിവനും ആയ പരമേശ്വരൻ, ആ വനിതാമണിയും ഭക്താഗ്രേസരയുമായ വേശ്യയുടെമനോരഥപൂരണത്തിനുവേണ്ടി ഭസ്മരുദ്രാക്ഷാദി വിഭൂഷണനും, ഖട്വാംഗപാണിയും, സ്ഫടികകുണ്ഡലവിഭൂഷിതനും, സ്വച്ഛന്ദസഞ്ചാരിയും ആയ സിദ്ധന്റെ വേഷംധരിച്ച്, ആ അംഗനാമണിയുടെ ഭവനത്തിൽ ദിവസംപ്രതി ഉണ്ണാൻപോകുന്ന ശിവഭക്തന്മാരോടുകൂടെപ്പോയി.

ശിവഭക്തന്മാർ ഭവനത്തിൽ അഗതരാകുന്ന ഉടൻതന്നെ ഹേമനാഥ വെളിയിൽവന്നു് അത്യന്തം ആചാരത്തോടും ഭക്തിയോടുംകൂടെ അവരെയെല്ലാം ക്ഷണിച്ചുകൊണ്ടുപോയി വഴിപോലെ പൂജിച്ചിരുത്തി തൃപ്തികരമാകുംവണ്ണം ഭക്ഷണവും, ദക്ഷിണകളും നൽകി. ശിവഭക്തന്മാർ ഊണും പൂജയും എല്ലാം കഴിച്ചു് വളരെ വളരെ തൃപ്തിയോടുകൂടെ മടങ്ങിപ്പോയി. സിദ്ധവേഷധാരിയായ സദാശിവൻമാത്രം വേശ്യാംഗനയുടെ കേളിവിശാലസാദികളും ശിവഭക്തന്മാരോടുകാണിക്കുന്ന അസീമമായ ഉദാരശീലവും മററും കണ്ടു് ഇതിൽപരമില്ലാത്ത സന്തോഷത്തോടുകൂടെ, മതിമറന്നവനെപ്പോലെ, യാതൊന്നും കഴിക്കാതേയും, ആരോടും ഒന്നും ഉരിയാടാതേയും ഭക്ഷണമണ്ഡപത്തിൻെറ ഒരു കോണിൽതന്നെ ഇരുന്നുകളഞ്ഞു.

വേശ്യാരത്നമായ ഹേമനാഥയുടെ ദാസിമാർ, ഭക്ഷണാർത്ഥം അഗതന്മാരായ ശൈവഭക്തന്മാരിൽ ഒരു സിദ്ധൻ ഇപ്രകാരം ഉണ്ണാതെ കുത്തിയിരിക്കുന്നതുകണ്ടു്, ഓടിപ്പോയിവിവരം ഹേമനാഥയെ അറിയിച്ചു. ഭക്താഗ്രഗണ്യയായ ആ കന്യ ഇതുകേട്ടയുടൻ തന്നെ അതിവേഗത്തിൽ പുറപ്പെട്ടു് സിദ്ധരൂപധാരിയായ സദാശിവൻെറ അടുക്കൽചെന്നു് അത്യന്തം ഭക്തിയോടുകൂടെ നമസ്കരിച്ചിട്ടു്, വിനയാനതയായി കൂപ്പുകൈയോടുകൂടെ അദ്ദേഹത്തിൻെറ സന്നിധിയിൽതന്നെ നിന്നു.

സൌന്ദര്യവാരിധിയായ ആ സിദ്ധൻ ഉടൻതന്നെ മുഖം ഉയർത്തി ആ വനിതാമണിയുടെ സൌന്ദര്യസാരസർവസ്വവാഹിനിയുടെ ഉത്ഭവസ്ഥാനങ്ങളായ ഓരോ അവയവങ്ങളേയും, പ്രത്യേകം പ്രത്യേകം വളരെ വളരെ ആകാംക്ഷയോടുകൂടെ ഇംഗിതപ്രകടിതമാംവണ്ണം സൂക്ഷിച്ചുനോക്കി മന്ദഹാസംചെയ്തു.

ഇംഗിതജ്ഞയായ അവൾ അതുകണ്ടു് കൂപ്പുകൈയോടുകൂടതന്നെ ഇപ്രകാരം പറഞ്ഞു:—"അല്ലയോഭഗവാനെ! ഭക്താഗ്രഗണ്യനായ സിദ്ധശ്രേഷ്ഠ! കാമത്തിനു കണ്ണില്ലെന്നാണ് സർവരുടേയും അഭിപ്രായം. അങ്ങയുടെ ആസ്യവും ഹൃദയാകർഷകവും ആയ മന്ദസ്മിതവും അനുഗ്രഹപൂർവം ഉള്ള അവലോകനങ്ങളും അവിടത്തേക്കു എന്നോടൊന്നിച്ചു ക്രീഡിക്കാൻ അപാരമായ ആശയുണ്ടെന്നുള്ള പരമാർത്ഥത്തെ സൂചിപ്പിക്കുന്നു.

അവിടത്തെ ഏതുവിധമായ അനുഗ്രഹവും സാധിച്ചുതരുന്നതിനു ഞാൻ തയ്യാറാണ്. എന്തായാലും പറഞ്ഞുകൊള്ളട്ടെ. അല്പംപോലും മടിക്കേണ്ട. ഭക്തന്മാരുടെ ഇംഗിതത്തിനു പൂർത്തിയുണ്ടാക്കിക്കൊടുക്കുന്ന ഏകവൃത്തിതന്നെ എൻെറ കഠിനമായവ്രതം. ഞാൻ വിചാരിക്കുന്നതുപോലെ അവിടുന്നു എന്നോടൊന്നിച്ചു രമിക്കാൻ അനുഗ്രഹിക്കുന്നുണ്ടെങ്കിൽ ഈ ക്ഷണത്തിൽ തന്നെ തിരുവടി എൻെറ അന്തർഗേഹത്തിൽ ഉള്ള മഞ്ചത്തിലേ

ക്കായി എഴുന്നെള്ളിയാലും. ഞാൻ ശിവഭക്തേഷ്ടകരണത്തെക്കാൾ പുണ്യമായി യാതൊരു പ്രവൃത്തിയും കാണുന്നില്ല. അതുകൊണ്ടു് അവിടത്തെ അഗ്രഹാരയിങ്കൽ ഭിക്ഷയിങ്കലും പോലും തടവുണ്ടാകുമെന്നു് വിചാരിക്കേണ്ട."

ഇഷ്ടാനുകൂലമായിട്ടുള്ള ഹേമനാഥയുടെ മധുരതരമായ ഈ വാക്കുകൾ കേട്ടു് അതിസന്തുഷ്ടനായ സദാശിവൻ, ഇപ്രകാരം പറഞ്ഞു:—

"അല്ലയോ ഭക്താഗ്രഗണ്യയും സുഭഗയും ആയ കല്യാണി! ഹേമനായികേ! നിനക്കു തുല്യം ധർമ്മപരായണയായി ഒരു സ്ത്രീയെയും ലോകത്തിലെങ്ങും കാണുന്നതല്ല. ഈ നിത്യമല്ലാത്ത ശരീരംകൊണ്ടു് അനാചാരവും ഉത്തമവും ആയ ധർമ്മങ്ങൾ പലതും നീ സമ്പാദിച്ചിരിക്കുന്നു. എല്ലാ ധർമ്മങ്ങളിലുംവച്ചു് ഉത്തമമായധർമ്മം ശിവധർമ്മമെന്നാണു് പൂജ്യപാദന്മാർ എല്ലാവരുടേയും ഐകകണ്ഠ്യേനയുള്ള അഭിപ്രായം. ശിവധർമ്മങ്ങൾ അനേകപ്രകാരത്തിൽ ഉള്ളതിൽ ശിവലിംഗാർച്ചനം ഉത്തമവും, ശിവഭക്തന്മാരെ പൂജിക്കുന്നതു് അതിലും ഉത്തമവും ആകുന്നു. നീ ഇതുരണ്ടും ഒന്നുപോലെ സാധിച്ചു. അന്നംകൊണ്ടും, അർത്ഥംകൊണ്ടും, ശരീരംകൊണ്ടും, ദയകൊണ്ടും, സത്യംകൊണ്ടും, വാക്കുകൊണ്ടും, ഒന്നുപോലെ ശിവധർമ്മത്തെ പരിപാലിച്ചുവരുന്ന നിന്നെപ്പോലെ ശിവധർമ്മമർമ്മജ്ഞതയുള്ളവരായി മൂന്നു ലോകത്തിലും ഒരുത്തരേയും കാണുന്നതല്ല. എല്ലാംകൊണ്ടും നീ മഹാധന്യതന്നെ. യാതൊരു സന്ദേഹവും ഇല്ല. നിനക്കിപ്പോൾ, സദാശിവന്റെ ഒരു ഉത്സവേശ്വരമൂർത്തിയെ സ്വർണ്ണംകൊണ്ടുണ്ടാക്കിയാൽകൊള്ളാമെന്നു അത്യാഗ്രഹമുള്ളതായി ഞാൻവിചാരിക്കുന്നു. എന്താവാസ്തവംതന്നെയോ? ഞാൻ ഹാലാസ്യവാസിയായസിദ്ധൻ ആണു്. നിനക്കു നിന്റെ അഭീഷ്ടപ്രകാരമുള്ള ഒരു ബിംബം നിർമ്മിക്കുന്നതിനുവേണ്ട സ്വർണ്ണം ഉണ്ടാക്കിത്തരാനായി ഞാൻ വന്നിരിക്കുകയാണു്. എനിക്കു രസവാദം നല്ലതുപോലെ അറിയാം. നീ ഈ ഭവനത്തിൽ ഉള്ള വെള്ളിപ്പാത്രങ്ങളും ചെമ്പുപാത്രങ്ങളും ഇരുമ്പും ഉരുക്കും മററുലോഹങ്ങളും കൊണ്ടുണ്ടാക്കിയിട്ടുള്ള എല്ലാ സാധനങ്ങളും എടുത്തുകൊണ്ടുവന്നുതന്നാൽ രസവാദവിചക്ഷണനായ ഞാൻ അവയെല്ലാം സ്വർണ്ണമാക്കിത്തരാം."

സിദ്ധവേഷധാരിയായ ഹാലാസ്യനാഥന്റെ അനുകമ്പാമസൃണമായ മേല്പറഞ്ഞ വാക്കുകളെ കേട്ടു് സന്തോഷസാഗരനിമഗ്നയായ ഹേമനാഥ ഉടൻതന്നെ വീട്ടിനുള്ളിൽപോയി അവിടെയുണ്ടായിരുന്ന സൂചിവരെയുള്ള എല്ലാ ലോഹസാധനങ്ങളും എടുപ്പിച്ചുകൊണ്ടുവന്നു്, സിദ്ധന്റെ മുമ്പിൽ മറിച്ചുകൊടുത്തു.

സിദ്ധരൂപിയായ സുന്ദരേശ്വരൻ ഉടൻതന്നെ വെള്ളിപ്പാത്രം തുടങ്ങി തന്റെ മുമ്പിൽ കൊണ്ടുവന്നു മറിച്ചിരിക്കുന്ന ലോഹപാത്രങ്ങൾവരെ ഭസ്മ

പാണിയായി സ്പർശിച്ചുകൊണ്ട്, ഇപ്രകാരം പറഞ്ഞു:—"അല്ലയോ ഭക്താഗ്രഗണ്യയായ ഹേമനാഥേ! നീ ഈ ലോഹസാധനങ്ങൾ എല്ലാം വാരിക്കൊണ്ടുപോയി ഒരു അഗ്നികുണ്ഡം ഉണ്ടാക്കി ഇന്നുരാത്രി മുഴുവൻ അതിൽ ഇട്ടേക്കണം. നാളേരാവിലെ ചെന്നുനോക്കിയാൽ അവ മുഴുവൻ, അഞ്ചത്തിനെക്കാൾ മാറേററിയ സ്വർണ്ണക്കട്ടയായി കിടക്കും. അതുകൊണ്ട് നീ നിന്റെ നാമധേയപൂർവമായ സദാശിവന്റെ ഉത്സവേശ്വരബിംബപ്രതിമയെയുണ്ടാക്കി പ്രതിഷ്ഠിപ്പിച്ചുകൊള്ളുക."

ഹേമനാഥ അതുകേട്ട് സിദ്ധരൂപിയായ ഹാലാസ്യനാഥനെ വീണ്ടും നമസ്കരിച്ചുകൊണ്ടു പറഞ്ഞു:—"അല്ലയോ ഭഗവാനേ! സിദ്ധശ്രേഷ്ഠ! നിന്തിരുവടി ഊണുംകഴിച്ച് ഇന്നേദിവസം രാത്രിയിൽ ഇവിടെ താമസിച്ച് എന്നെ അനുഗ്രഹിച്ചിട്ട്, പിറേത്തദിവസം പോകണം. അവിടത്തെ സന്നിധാനം എനിക്കു ഇതില്പരമില്ലാത്ത ആനന്ദത്തെ തരുന്നുണ്ട്. അതുകൊണ്ട് എന്റെ ഈ അപേക്ഷയെക്കൂടി നിന്തിരുവടി സാധിപ്പിച്ചുതരണം."

ഹേമനാഥയുടെ അത്യാദരവോടുകൂടിയ ഈ അപേക്ഷയ്ക്കു മറുപടിയായി സിദ്ധൻ യാതൊന്നും പറഞ്ഞില്ല. ഒരു മന്ദഹാസംമാത്രംചെയ്തു. അനന്തരം തേജോരൂപിയായ ആ സിദ്ധൻ ആകാശമാർഗ്ഗേണ തിരോധാനം ചെയ്തു. ഹേമനാഥയ്ക്കും സഖികൾക്കും ഇതില്പരമില്ലാത്ത വിസ്മയം ഉദിച്ചു. ആഗതനായി സ്വർണ്ണം ഉണ്ടാക്കുന്നതിനുള്ള മാർഗ്ഗം ഉപദേശിച്ച സിദ്ധൻ ഹാലാസ്യനാഥനായ സുന്ദരേശ്വരൻതന്നെയെന്നു അവർ തീർച്ചയാക്കി. ഹേമനാഥയ്ക്കു സുന്ദരേശ്വരന്റെ വേർപാടുകൊണ്ട് മനസ്താപവും തന്റെ ഇഷ്ടപൂർത്തിക്കു ശരിയായ വഴി കിട്ടിയതുകൊണ്ടു വലുതായ സന്തോഷവും ഏകകാലത്തിൽ ഉദിച്ചു. അനന്തരം ഹേമനാഥ തന്റെ ഗൃഹത്തിനുള്ളിൽപോയി ഒരു അഗ്നികുണ്ഡംകൂട്ടി, സിദ്ധൻ ഭസ്മവിലേപനം ചെയ്തുകൊടുത്ത ലോഹങ്ങൾ എല്ലാം അതിൽ കൊണ്ടുചെന്നിട്ട് തീയുംജ്വലിപ്പിച്ചുംവച്ചുപോയി പതിവുപോലെ നിദ്രയാരംഭിച്ചു. രാവിലെ എഴുന്നേററു ചെന്നുനോക്കിയപ്പോൾ, തലേദിവസം രാത്രിയിൽ അഗ്നികുണ്ഡത്തിൽ ഇട്ട ലോഹപാത്രങ്ങൾ എല്ലാം ഉരുകി സ്വർണ്ണക്കട്ടയായി കിടക്കുന്നതുകണ്ടു. അപ്പോൾ ഹേമനാഥയ്ക്കുണ്ടായ അത്ഭുതവും സന്തോഷവും ഇന്നവണ്ണമെന്നു വിവരിക്കാൻ ആരെക്കൊണ്ടും ഒക്കുന്നതല്ലാ. അതിന്റെശേഷം അവൾ ബിംബനിർമ്മാണത്തിൽ അതിസമർത്ഥന്മാരായ ശില്പികളെവരുത്തി സിദ്ധോപദേശകർമ്മംകൊണ്ടു ലബ്ധമായ സ്വർണ്ണക്കട്ടകളെക്കൊണ്ട്, യഥാവിധിസോമശേഖരനായ സദാശിവന്റെ അതിവിചിത്രമായ ഒരു ഉത്സവബിംബം ഉണ്ടാക്കിച്ചു. അനന്തരം അതിനെ ശിവാഗമജ്ഞന്മാരായ ആചാര്യന്മാരെക്കൊണ്ട്, ശുഭമുഹൂർത്തത്തിൽ പ്രതിഷ്ഠിപ്പിച്ചിട്ട്, ഭക്തിപൂർവം നമസ്കരിച്ചു. അവൾ നമസ്കരിച്ചെഴുന്നേററു ബിംബത്തിൽ നോക്കിയപ്പോൾ ആ ബിംബം അത്യുജ്ജ്വലമായ സൌന്ദര്യതേജസ്സിന്റെ നികേതസ്ഥാനമായികാ

ങ്കയാൽ ഇതിനുതുല്യമായി മററൊരുബിംബം മൂന്നുലോകത്തിലും ഇല്ലെന്നു പറഞ്ഞു. അതിൻെറശേഷം അവൾ ആ ബിംബത്തിനു, 'ഹേമനാഥൻ' എന്നും സുന്ദരനാഥൻ, എന്നും നാമകരണംചെയ്തു. അനന്തരം അംഗുലികൾ കൊണ്ടു് ആ ബിംബത്തിൻെറ ഗണ്ഡങ്ങളിൽതൊട്ടു് അവൾ ചുംബിച്ചു. അവളുടെ കൈവിരലുകൾ പതിഞ്ഞ അടയാളം ഇപ്പോഴും ബിംബത്തിൽ കാണുന്നുണ്ടു്. അതിൽപിന്നെ ഹേമനിർമ്മിതങ്ങളായ അനവധി ആഭരണങ്ങൾകൊണ്ടു് ആ ബിംബത്തെ അലങ്കരിക്കുകയും അത്യാഡംബരങ്ങളോടുകൂടെ ഉത്സവങ്ങൾ ഘോഷിക്കുകയുംചെയ്തു. ഹാലാസ്യനാഥൻെറ മേൽപ്രകാരമുള്ള കാരുണ്യത്തെയും ഹേമനാഥയുടെ അസീമമായ നിഷ്കൃതാഭക്തിയേയുംപററി കണ്ടവരും കേട്ടവരും ഒന്നുപോലെ അതിശയിച്ചു. അവർ ഭഗവാനെപ്പോലെ ഭക്തവാത്സല്യവും ഹേമനാഥയെപ്പോലെ ഭക്തിവാത്സല്യാദികളും ഉള്ളവർ ആരുംതന്നെ ഇല്ലെന്നുകൊണ്ടാടി. താൻ മഹാധന്യയായി എന്നു തന്നെത്താൻ വിശ്വാസംതോന്നി സംതൃപ്തയായ ഹേമനാഥ പൂർവാധികമായ ഭക്തിവിശ്വാസങ്ങളോടുകൂടെത്തന്നെ പിന്നെയുംഭഗവൽപൂജയും ഭഗവൽഭക്തസേവയും മുടങ്ങാതെ നടത്തിവന്നു. അവസാനത്തിൽ അവൾ, പരാല്പരനായ ഹേമനാഥേശൻെറ അസീമകാരുണ്യംകൊണ്ടു്, പരാശക്തിയുടെ സായുജ്യത്തെ സമ്പാദിച്ചു.

അല്ലയോ മഹർഷിമാരെ! സ്ഥിരമായ വിശ്വാസത്തോടും നിർമ്മലമായ ഭക്തിയോടുംകൂടെ ഭഗവാനായ പരമശിവനെ ഭജിക്കുന്നവരുടെ ഐഹികാമുഷ്മികങ്ങളായ സകലകാമങ്ങളേയും, അദ്ദേഹംസാധിച്ചുകൊടുക്കും. സോമസുന്ദരനായ ഈശ്വരനെപ്പോലെ ഭക്താഭീഷ്ടപ്രദനായി ഒരുദൈവവും ഇല്ലെന്നു നിങ്ങൾ ദൃഢമായി വിശ്വസിച്ചുകൊള്ളുവിൻ. അല്ലയോ മുനിശ്രേഷ്ഠന്മാരെ! ഭഗവാനായ ഹാലാസ്യനാഥൻ രസവാദപ്രദർശനംചെയ്തതായ അദ്ദേഹത്തിൻെറ മുപ്പത്തിആറാമത്തെ ലീല ഇപ്രകാരം ആണു്. അത്യത്ഭുതകരവും ഭക്തിമയവും രസാവഹവും ആയ ഈ ലീലയെ ഭക്തിയോടുകൂടെ കേൾക്കുകയും പഠിക്കുകയും ചെയ്യുന്നവർക്കു് ഇഹപരങ്ങളിൽ ഒന്നുപോലെ എല്ലാവിധ ഇഷ്ടപൂർത്തിയും നിസ്സംശയമായും സിദ്ധിക്കുന്നതാണു്.

രസവാദം കാണിച്ച

മുപ്പത്തിആറാംലീല സമാപ്തം.

# ഹാലാസ്യമാഹാത്മ്യം

## കേരളഭാഷാഗദ്യം.

### ൩൯-ാം അദ്ധ്യായം.

### സസൈന്യചോളനിപാതനംചെയ്ത

### മുപ്പത്തിഏഴാം ലീല.

അല്ലയോ മഹർഷീശ്വരന്മാരേ! ഇനി ഞാൻ നിങ്ങളോട്, കദംബവനവാസിയും ഭക്തമന്ദാരവും ആയ ഭഗവാൻ സുന്ദരേശ്വരന്റെ അതിപാവനവും അതിവിചിത്രവും ആയ മുപ്പത്തിഏഴാം ലീലയെ വിസ്താരമായിപ്പറയാം. അത്യന്തം ആഴമേറിയതായ ഒരു വിശാലപുഷ്കരിണിയിൽ ചോളഭൂപതിയെ സൈന്യസമേതനായി ചാടിച്ച ഈ ലീല വളരെ സ്വാരസ്യമായതാകയാൽ നിങ്ങൾ ശ്രദ്ധാപൂർവ്വം കേട്ടുകൊള്ളുവിൻ എന്നിങ്ങനെ അഗസ്ത്യമഹർഷി, വസിഷ്ഠാദികളെ അഭിമുഖമാക്കി ആഖ്യാനംചെയ്തുകൊണ്ട്, താഴെ വരുമാറ്, ലീലാകഥനമാരംഭിച്ചു:—

"പാണ്ഡ്യാധിപനും രാജേശ്വരനും ആയ രാജേന്ദ്രപാണ്ഡ്യൻ ചിരകാലം അവനിയെ പരിപാലിച്ച് ഒടുവിൽ അദ്ദേഹം കൈവല്യത്തെ പ്രാപിച്ചതിന്റെശേഷം അദ്ദേഹത്തിന്റെ പുത്രനായ രാജേശ്വരപാണ്ഡ്യനു രാജ്യാധിപത്യം ലഭിച്ചു. അദ്ദേഹവും വളരെക്കാലം ഭംഗിയാകുംവണ്ണം ഭൂപരിപാലനം നടത്തി അവസാനത്തിൽ ശിവലോകം പ്രാപിച്ചു. അനന്തരം അദ്ദേഹത്തിന്റെ പുത്രനായ രാജഗംഭീരപാണ്ഡ്യന് സിംഹാസനം ലഭിച്ചു. ശിവഭക്തന്മാരിൽവച്ച് അഗ്രഗണ്യനായിരുന്ന അദ്ദേഹം ഗ്രാമംതോറും ശിവലിംഗങ്ങളെ പ്രതിഷ്ഠിപ്പിച്ച് പൂജിപ്പിച്ചുവന്നു. ഒടുവിൽ അദ്ദേഹവും ശിവലോകഗതനായി. അതിന്റെശേഷം അദ്ദേഹത്തിന്റെ പുത്രനായ പാണ്ഡ്യവംശപ്രദീപനും ചിരകാലം ഭൂപരിപാലനം നടത്തി ഈശ്വരസായൂജ്യത്തെ പ്രാപിച്ചു. അതിന്റെശേഷം അദ്ദേഹത്തിന്റെ പുത്രനും പുരുഹൂതജേതാവും ആയ രാജരത്നം പുരുഹൂതജേതാവെന്നുള്ള നാമത്തോടുകൂടെ രാജ്യപരിപാലനം കൈയേല്ക്കുകയും പ്രഖ്യാതമായ രണനൈപുണ്യത്തോടുകൂടെ വളരെക്കാലം അവനീശാസനം ചെയ്യുകയും ചെയ്തിട്ട് ഒടുവിൽ തൽപുത്രനായ പാണ്ഡ്യവംശപതാകാഖ്യന്റെ ചുമലിൽ രാജ്യഭാരം ഇറക്കിയുംവച്ചു കൈവല്യം അടയുകയും പാണ്ഡ്യവംശപതാകാഖ്യനായ അദ്ദേഹം ഭൂലോകവാസികളെ ഒന്നുപോലെ ശിവഭക്തന്മാരാക്കിത്തീർക്കുകയും, അവ

സ്ഥാനത്തിൽ ശിവപാദത്തിൽതന്നെ ചേരുകയുംചെയ്തു. അതിന്റെശേഷം അദ്ദേഹത്തിന്റെ പുത്രനും, വീൎയ്യശൌൎയ്യപരാക്രമശാലിയും, അതിബുദ്ധിമാനും, ഗംഭീരനും കാമകോമളനും, കാൎയ്യാകാൎയ്യവിചക്ഷണനും വിദ്വൽകുലാഗ്രണിയും വിശേഷശീലനായ ഹാലാസ്യനാഥനിൽ ഉള്ള അപാരമായ ഭക്തികൊണ്ടു് സകലലോകൈകമാന്യനും ആയ സുന്ദരേശപാദശേഖരപാണ്ഡ്യന് പാണ്ഡ്യഭൂപാലാധിപത്യം സിദ്ധിച്ചു.

മഹത്തായ ശിവഭക്തികൊണ്ടും ബാഹുബലംകൊണ്ടും നിസ്തുല്യനായിത്തീൎന്ന സുന്ദരേശപാദശേഖരപാണ്ഡ്യൻ ലോകാനുകൂലങ്ങളായ നീതികൌശലങ്ങളോടുകൂടെ ഭൂപരിപാലനവും സുന്ദരേശപാദസേവയും വഴിയാകുംവണ്ണംനടത്തി സമാധാനചിത്തനായി വാഴുന്നകാലത്തിൽ ഒരിക്കൽ ചോളരാജാവു്, സംഖ്യയില്ലാത്ത ചതുരംഗസൈന്യസമേതം, തന്നോടു യുദ്ധം ചെയ്വാനായി കോട്ടയ്ക്കുവെളിയിൽ ഓടിക്കിൽ പാളയംഅടിച്ചിരിയ്ക്കുന്നു എന്നുള്ള വിവരം ചാരന്മാർമുഖാന്തിരം അദ്ദേഹം ധരിച്ചു.

ശേഖരപാണ്ഡ്യന് സൈന്യങ്ങൾ വളരെ കുറവായിരുന്നു എങ്കിലും ഭൂരിബലനായ ചോളരാജാവു് അതിഭയങ്കരമായവിധത്തിൽ യുദ്ധസന്നാഹങ്ങളോടുകൂടെ ആഗതനായിരിക്കുന്നു എന്നുള്ള വിവരംകേട്ടതിൽ അല്പംപോലും കലുങ്ങാതെയും സഹായാൎത്ഥം സൈന്യങ്ങളെ ശേഖരിക്കാതെയും തന്റെ മന്ത്രിപ്രധാനികളെ വരുത്തി അവരോടു് ധൈൎയ്യപൂൎവ്വം ഇങ്ങനെ പറഞ്ഞു:—

“അല്ലയൊ തന്ത്രനിപുണന്മാരും വിശ്വസ്തന്മാരുംആയ മന്ത്രിപ്രധാനികളെ! അസീമബലസഹായനും യുദ്ധാഭിദഗ്ദ്ധനും ആയ ചോളരാജാവു അതിക്രമമായ ഒരുക്കത്തോടുകൂടെ നമ്മോടു യുദ്ധംചെയ്വാൻ ആഗതനായിരിക്കുന്ന വിവരവും നമുക്ക സൈന്യങ്ങളും യുദ്ധോപകരണങ്ങളും വളരെവളരെ കുറവാണെന്നുള്ളവിവരവും നിങ്ങൾക്ക അറിയാമല്ലൊ. എന്നാൽ ഞാൻ അവനോടു യുദ്ധംചെയ്വാനായി നമുക്കിപ്പോൾ ഉള്ളതിൽ കൂടുതലായി സൈന്യങ്ങളെ ശേഖരിക്കണമെന്നൊ സംഭാരങ്ങൾ കൂട്ടണമെന്നൊ വിചാരിക്കുന്നില്ല. ഞാൻ പുരുഷപ്രയത്നംകൊണ്ടു യാതൊന്നുംനടക്കുന്നതല്ലെന്നും ദൈവാനുകൂല്യംകൊണ്ടേ എല്ലാം സാധിക്കൂ എന്നും ഉള്ള അഭിപ്രായക്കാരനാണു്. ആ വിശ്വാസംകൊണ്ടാണു് ഞാൻ എന്റെ കുലദൈവവും കരുണാരാശിയും ഭക്തവത്സലനും ലീലാവിലാസിയും സൎവ്വേശ്വരനും സകലലോകൈകനാഥനും ആയ ഹാലാസ്യനാഥൻതന്നെ എനിക്കുസൎവ്വാശ്രയമെന്നു വിചാരിച്ചു് ബാല്യകാലംതുടങ്ങിയേ അപാരമായ ഭക്തിയോടുകൂടെ അദ്ദേഹത്തെ ഭജിച്ചുവരുന്നതു്. ആൎത്തത്രാണപരായണനായ മൃത്യുഞ്ജയൻ അദ്ദേഹത്തിന്റെ പാദദാസനായ എന്നെ ഈ അവസരത്തിൽ ഉപേക്ഷിക്കുമോ? ഒരിക്കലുംഇല്ല. അദ്ദേഹത്തിന്റെ അനുകമ്പയുണ്ടെങ്കിൽ

ചോളരാജാവല്ല ത്രിലോകത്തിലും ഉള്ള യുദ്ധവീരന്മാർ എല്ലാവരുംകൂടി ലക്ഷോപലക്ഷം സൈന്യങ്ങളോടുകൂടെ നമ്മോടു യുദ്ധത്തിനായി വന്നാലും നമുക്കലേശംപോലും ഭയപ്പെടേണ്ട ആവശ്യം ഇല്ലല്ലൊ. ഹാലാസ്യനാഥനായ സുന്ദരേശ്വരൻ എന്നെ ഉപേക്ഷിക്കുകയില്ല. അദ്ദേഹം തീർച്ചയായും നമുക്കു സഹായിക്കും. അദ്ദേഹത്തിന്റെ പാദഭക്തിയാകുന്ന മഹാബലംമാത്രം നമുക്കു മതിയാകും. രാജചിഹ്നമായി നാമമാത്രം കുറേസൈന്യങ്ങൾ വേണം. അതിന്റെ വകയ്ക്കായി ഒരു പതിനായിരം കാലാളുകളും ആയിരം കുതിരയും നൂറു ആനയും പത്തു രഥവും തയ്യാറാവണം. ഇതിൽകൂടുതലായി യാതൊരുസഹായവുംവേണ്ടാ. രംഗഭൂമിയിൽഅസീമബലശാലിയും, ആർത്തബന്ധുവും സർവ്വാന്തര്യാമിയും ആയ ഹാലാസ്യനാഥന്റെ സഹായം തീർച്ചയായും എനിക്കുണ്ടാകും. അതുകൊണ്ടു ഞാൻശത്രുക്കളെ നിശ്ചയമായും ജയിക്കുകയും ചെയ്യും. ഇക്കാര്യത്തിൽ നിങ്ങളുടെ അഭിപ്രായം എന്താണ്? അന്തമില്ലാത്തുള്ള സൈന്യങ്ങളോടുകൂടെ യുദ്ധത്തിനുവന്നിരിക്കുന്ന ചോളനോട് അല്പസൈന്യവാനായ ഇദ്ദേഹം പോയി എങ്ങിനെ എതിർത്തു ജയിക്കും. ഇതു അസംഭവ്യമല്ലയോ എന്നുംമററും നിങ്ങൾ നിശ്ശേഷം ശങ്കിക്കേണ്ട. അന്തകവൈരിയായ ഹാലാസ്യനാഥന്റെ കൃപാബലത്തിന്റെ ഒരു കണികയുടെ പരമാണുവിന്റെ ബലംപോലും അവന്റെ അതിസമർത്ഥന്മാരായ എല്ലാ സൈന്യങ്ങൾക്കുംകൂടി ഒരിക്കലും കാണുന്നതല്ല. അതിന്റെ പരമാർത്ഥം നിങ്ങൾക്കു ഞങ്ങൾതമ്മിൽ ഏൽക്കുമ്പോൾ ബോദ്ധ്യമാകും. അതുകൊണ്ട് എനിക്കു സഹായമായി വേണമെന്നു പറഞ്ഞിടത്തോളവും ഉള്ള സൈന്യങ്ങളുടെ ചെലവിനു വേണ്ടുന്നമുതൽ വച്ചുംവച്ച് ബാക്കിയുള്ള എല്ലാധനവും വാരി സുന്ദരേശ്വരപ്രീതിക്കുവേണ്ടി ദാനധർമ്മങ്ങൾ ചെയ്യുകയും ദരിദ്രന്മാർക്കും ബ്രാഹ്മണർക്കും മററും നൽകുകയും ഹാലാസ്യക്ഷേത്രത്തിൽ പതിവിൽകൂടുതലായ അടിയന്തിരങ്ങൾ പലതും ഘോഷിപ്പിക്കുകയും ചെയ്യുവിൻ."

പാണ്ഡ്യഭൂപന്റെ മേൽപ്രകാരമുള്ള അഭിപ്രായംവിലയേറിയതാണെന്നു ചിലരും ശരിയല്ലെന്നു മററു ചിലരും പറഞ്ഞു. ഈ അഭിപ്രായവ്യത്യാസത്തെ സംബന്ധിച്ചു മന്ത്രിസംഘങ്ങളും മഹാരാജാവും തമ്മിൽ പല വാദപ്രതിവാദങ്ങളും ഉണ്ടായി. താന്താങ്ങളുടെ അഭിപ്രായം ശരിയാണെന്നു സാധിക്കാൻവേണ്ടി അവർതമ്മിൽ അഭിപ്രായപ്രകടനങ്ങളും വാദങ്ങളും ചെയ്തുകൊണ്ടിരിക്കവെ, യുദ്ധത്തിനായിവന്ന ചോളനും സൈന്യങ്ങളും മധുരാപുരിക്കുള്ളിൽ പ്രവേശിച്ചതായി അറിയുകയാൽ എല്ലാവരും പാദംമതിയാക്കി. അനന്തരാകരണീയം എന്തെന്നറിയാതെ ഏററവും സംഭ്രമിച്ചു. അതിൽചിലർ ഒരു കുതിരയെക്കൊണ്ട് ഏകകാലത്തിൽ ആയിരം കുതിരയെ തടുക്കുന്നവനാണ് ചോളരാജാവെന്നും മററും കൊട്ടിഘോഷിച്ചു. ചിലർ അവന്റെ അതിപരാക്രമശാലികളും യുദ്ധനിപുണന്മാരുമായ ഓരോ ഭടന്മാർക്കും ഓരോയിരം ഭടന്മാർ വീതം ഉണ്ടായാലും തടുക്കാവുന്നതല്ലെന്നു ഭീ

ഷണി പറഞ്ഞു. ശേഖരപാണ്ഡ്യന്റെ മന്ത്രികളുടേയും മററുള്ളവരുടേയും വാക്കുകൾ കേവലം ചാപല്യമയങ്ങളും നാസ്തികതാപ്രകടനങ്ങളും എന്നല്ലാതെ കാൎയ്യമടങ്ങിയതാണെന്നു തോന്നുകയോ ഭടന്മാർ പുരത്തിനുള്ളിൽപ്രവേശിച്ചിരിക്കുന്നു എന്നു കേട്ടതിലും അല്പമെങ്കിലും ഭയംജനിക്കുകയോ യാതൊന്നും ഉണ്ടായില്ല. മലയിളകിയാലും മഹാജനങ്ങളുടെ മനസ്സിളകുകയില്ലെന്നുള്ള അപ്തവാക്യത്തിനു ശേഖരപാണ്ഡ്യൻ ഒന്നാന്തരം ദൃഷ്ടാന്തമായി ശോഭിച്ചു.

അനന്തരം അദ്ദേഹം തന്റെ സ്വല്പസൈന്യങ്ങളോടുകൂടെ സുന്ദരേശ്വരസന്നിധാനത്തിൽ പോയി അദ്ദേഹത്തിന്റെ പാദങ്ങളിൽ സാഷ്ടാംഗപ്രണാമംചെയ്തുകൊണ്ട് ഭക്തിപൂർവ്വം തന്റെ മനോഗതങ്ങൾ എല്ലാം അറിയിച്ചു.

അശ്രിതത്രാണപരായണനും കരുണാനിധിയും കദംബകാനനവാസിയും മായാമയനും സൎവ്വാന്തൎയ്യാമിയും സൎവ്വശക്തനുമായ ഭഗവാൻ, അത്യുച്ചനിന്നനും ബഹിർധീരനുമായി തന്റെ പാദങ്ങളിൽ സാഷ്ടാംഗപ്രണാമംചെയ്തു രക്ഷയാചിക്കുന്ന രാജാവിനെ, സരസീരുഹപ്രസൂനകോമളങ്ങളായ നേത്രാഞ്ചലങ്ങൾ ഇളക്കി കരുണാപൂർവ്വം കടാക്ഷിച്ചു. കടാക്ഷാനന്തരം ഇപ്രകാരം അശരീരിവാക്കുകേട്ടു.

"എടോ സുന്ദരേശാംഘ്രിശേഖരപാണ്ഡ്യ! നീ അല്പവും വ്യസനിക്കേണ്ട. നിനക്കുവേണ്ട സഹായങ്ങൾ ഞാൻ ചെയ്തുതരാം. എന്റെ ഭക്തന്മാരെ ഞാൻ ഒരിക്കലും കൈവിടുന്നതല്ല. അതിപരാക്രമിയായ ചോളനോടും അവന്റെ അന്തമില്ലാത്തസൈന്യങ്ങളോടും സ്വല്പസൈന്യസഹായനായ ഞാൻ എങ്ങനെ പോയി എതിൎക്കും എന്നുംമററും നീ അല്പവും വ്യാകുലപ്പെടേണ്ട. അവന്റെ പരാക്രമങ്ങൾ എന്നെ സംബന്ധിച്ചിടത്തോളവും സമുദ്രത്തിൽ തീക്കൊള്ളിയെറിയുന്നതുപോലെ നിഷ്ഫലമാകുമെന്നു മാത്രമല്ല, അവൻ നിന്നോടേററാൽ തോററുപോവുകയും ചെയ്യും. അതിനുവേണ്ട വഴികൾ ഞാൻതന്നെ ഉണ്ടാക്കിത്തരാം. നീ എന്നെ വിശ്വസിക്കുക. എന്നെ വിശ്വസിക്കുന്നവൎക്ക വരുന്ന തോൽവിയും എനിക്കുവരുന്ന തോൽവിയും രണ്ടല്ലെന്നു എനിക്കറിയാം."

ശേഖരപാണ്ഡ്യന്റെ ചെവികൾക്ക്, ഈ അശരീരിവാക്കുകൾ അമൃതവൎഷമായിരുന്നു എന്നുള്ള വിവരം പറയേണ്ടതില്ലല്ലോ. അദ്ദേഹം താൻ കേട്ട അശരീരിവാക്കിന്റെ ഓൎമ്മയ്ക്കുവേണ്ടി ചേലാഞ്ചലം ബന്ധിച്ചുംകൊണ്ട് ചോളരാജാവിനോടും അവന്റെ സൈന്യങ്ങളോടും യുദ്ധത്തിനായി സൈന്യസമേതം പുറപ്പെട്ടു.

അതിവേഗത്തിൽ ഇരുകക്ഷികളുംതമ്മിൽ കണ്ടുമുട്ടുകയും പോരേല്ക്കുകയുംചെയ്തു. ചോളപാണ്ഡ്യഭടന്മാർതമ്മിൽ ഏററുതുടങ്ങിയ ഭയങ്കര

യുദ്ധത്തെപ്പററി വിവരിക്കാൻ എന്നെക്കൊണ്ടെന്നല്ല അനന്തനെക്കൊണ്ടും സാധിക്കുന്നതല്ല. പാണ്ഡ്യന്റെ സൈന്യം എണ്ണത്തിൽ വളരെ കുറവായിരുന്നെങ്കിലും യുദ്ധത്തിൽ എണ്ണം കണക്കമില്ലാത്തതായി ശത്രുക്കൾക്കു തോന്നി. കടൽപോലെ ഗംഭീരതരമായ ചോളസൈന്യങ്ങളുടെ യുദ്ധകൌശലങ്ങൾ അത്യന്തം ഭയങ്കരങ്ങളും അസാധാരണങ്ങളും ആയിരുന്നു എങ്കിലും ഹാലാസ്യേശപ്രസാദാനുഗ്രഹമാകുന്ന കവചങ്ങൾ ധരിച്ചു യുദ്ധംചെയ്യുന്ന പാണ്ഡ്യസൈന്യങ്ങളോടു യാതൊന്നും ഫലിച്ചില്ലെന്നുമാത്രമല്ല, അവരുടെ എതിരാക്രമങ്ങളെ തടുക്കുന്നതിനു നിവൃത്തിയില്ലാതെ അതിവേഗത്തിൽതന്നെ പലവഴിക്കും തോറേറാടിത്തുടങ്ങുകയുംചെയ്തു.

തന്റെ സൈന്യങ്ങൾ തോറേറാടുന്നതുകണ്ടക്ഷമനായിത്തീൎന്ന ചോളൻ അത്യന്തം അമർഷത്തോടും അഭിമാനത്തോടുംകൂടെ മുന്നണിയിൽ കടന്നു ശേഖരപാണ്ഡ്യനേയും അവന്റെ സ്വല്പസൈന്യങ്ങളെയും നശിപ്പിക്കുന്നതിനു ഞാനൊരുത്തൻതന്നെ വേണമെന്നില്ലെന്നും മററും പലവമ്പുകളും പറഞ്ഞുകൊണ്ടു് മനോവേഗത്തിലും അതിവേഗംകൂടിയ തന്റെ അശ്വത്തെ യുദ്ധക്കളമെങ്ങും എടാപിടാതെ പായിച്ചു് എല്ലാഭടന്മാരേയും ശേഖരപാണ്ഡ്യനേയും ഒരുപോലെ തടുത്തു് അതേവരേയും ഏകനായിരുന്ന ചോളഭൂപൻ ഇപ്പോൾ അനേകായിരമായി ഭവിച്ചുവോ എന്നു കാണികൾ ശങ്കിച്ചുപോകത്തക്കവണ്ണമുള്ള പ്രയാണവേഗത്തോടും പ്രയോഗചാതുൎയ്യത്തോടുംകൂടെ യുദ്ധം ആരംഭിച്ചു.

പാണ്ഡ്യനും സൈന്യങ്ങളും ചോളരാജാവിന്റെ അത്യൽഭടാടോപത്തോടും അതിപരാക്രമത്തോടുംകൂടിയ യുദ്ധസന്നാഹം കണ്ടു ഇതിലുപരമില്ലാതെ വിഷമിച്ചു. സൈന്യങ്ങളുടെ നിലയിളകുകയും പാണ്ഡ്യന്റെ ധൈൎയ്യം ആകപ്പാടെ അഴിഞ്ഞുപോവുകയുംചെയ്തു. അദ്ദേഹം ഒരുനിമിഷനേരം ചിന്താഗ്രസ്തനായി പടക്കളത്തിൽതന്നെ നിന്നു. അനന്തരം ഹാലാസ്യനാഥനെ സ്മരിച്ചു. വ്യസനാക്രാന്തനായ പാണ്ഡ്യൻ ഏതൊരവസരത്തിൽ ആത്മാൎത്ഥമായ ഭക്തിയോടും വിശ്വാസത്തോടുംകൂടെ ദയാലുവും കദംബവനനായകനുമായ ഭഗവാനെ സ്മരിച്ചുവോ അതവസരത്തിൽതന്നെ അദ്ദേഹം തമാലശ്യാമളാകാരനും ജ്വലദാരുണനേത്രനും വിചിത്രകഞ്ചുകാവൃതഗാത്രനും മുക്താമാലാഭൂഷിതനും കണ്ണഭൂഷാലംകൃതനും കേയൂരകങ്കണധാരിയും പിഞ്ഛാലംകൃതോഷ്ണീഷാവൃതമസ്തകനും ആയ ഒരു കിരാതന്റെ വേഷത്തിൽ ആമ്നായമയമായ അശ്വത്തിന്റെപുറത്തു കയറി പാണ്ഡ്യസേനാമദ്ധ്യത്തിൽനിന്നും പ്രത്യക്ഷീഭവിച്ചു മുന്നണിയിൽവന്നുനിന്നുംകൊണ്ടു "എടോ ചോള! നീ സമൎത്ഥനാണെങ്കിൽ എന്നോടു നേരിട്ടുനിന്നു യുദ്ധംചെയ്യുക" എന്നുംപറഞ്ഞു് ആകാശവീഥിയിൽ കാളമേഘത്തെ എന്നപോലെ കുതിരയെ യുദ്ധഭൂമിയിൽ സൎവ്വത്ര ഓടിച്ചു. അനന്തരം തടിൽപ്രഭാസമാനമായി തന്റെ കൈയിലുള്ള ജ്വലിക്കുന്ന ശക്തിയെടുത്തു ചുഴററി ചോളരാജാവിന്റെ

കുതിരയുടെമുഖത്തുഅടിക്കാനായിഭാവിച്ചപ്പോൾഭയാകുലനായിത്തീൎന്നചോളൻതന്റെകുതിരയെതിരിച്ചുപായിച്ചു. ഏതൊരവസരത്തിൽചോളൻഅവന്റെ അശ്വത്തോടുകൂടെ പിന്തിരിഞ്ഞുപോ അ അവസരത്തിൽ കിരാതവേഷധാരിയായ സുന്ദരേശ്വരൻ തിരോധാനംചെയ്യുകയുംചെയ്തു.

അത്ഭുതവിക്രമനും അസാധാരണവേഷധാരിയും ആയോധനനിപുണനുമായ ആ കിരാതന്റെ ആഗമനംകണ്ടും, അത്യൽക്കടാമൎഷത്തോടുകൂടെ തന്നെയും തന്റെ സൈന്യങ്ങളേയും അന്തകാലയം പൂകിക്കുവാനായി അടുത്തടുത്ത ചോളനോടു അദ്ദേഹം വാശിപൂൎവം പറഞ്ഞതും പ്രതിശാസിക്കുന്നതുകേട്ടും ആനന്ദാത്ഭുതപരതന്ത്രനായി അതേവരെയും യുദ്ധക്കളത്തിൽനിന്നിരുന്ന പാണ്ഡ്യൻ കാന്ദിശീകനായി പലായനംതുടങ്ങിയ ചോളനെ സിംഹനാദംചെയ്തും ആയുധങ്ങൾ പ്രയോഗിച്ചും തുരത്തിയുംകൊണ്ടു അനുധാവനംചെയ്തു. മനോവേഗംപോലും തോററുപോകത്തക്കവണ്ണമുള്ള ശീഘ്രഗതിയോടുകൂടിയ അവരുടെ കുതിരകളുടെ ത്വരിതപലായനംകൊണ്ടു ചോളനും പാണ്ഡ്യനും ഓടിയും ഓടിച്ചും യുദ്ധക്കളത്തിൽനിന്നും വളരെ അകലത്തിൽ ആയി. ഉടനെ ചോളൻ തിരിഞ്ഞുനോക്കി. ഏകനായ പാണ്ഡ്യനല്ലാതെ മററാരും തന്നെ അനുധാവനം ചെയ്യുന്നില്ലെന്നും യുദ്ധക്കളത്തിൽവച്ചു തന്നെ ധഹിപ്പിക്കാനായി ധൂമകേതുവിനെപ്പോലെ തന്റെനേരെ പാഞ്ഞടുത്ത അഞ്ജനപൎവതോപമനായ കിരാതൻ പിൻവാങ്ങിയെന്നും അദ്ദേഹത്തിനുമനസ്സിലാവുകയാൽ പൂൎവാധികമായ അമൎഷത്തോടും ഉഗ്രപരാക്രമത്തോടും കൂടെ തന്റെ കുതിരയെതിരിച്ചു അത്യുഗ്രവേഗത്തിൽ പാണ്ഡ്യഭൂപാലാഭിമുഖമായി പായിച്ചു യുദ്ധംതുടങ്ങി. അതുകണ്ടു വീണ്ടും ഭയവിഹ്വലനായിത്തീൎന്ന പാണ്ഡ്യൻ ഇടയ്ക്കിടയ്ക്കു ചോളനെ തടുക്കയും ഇടക്കിടയ്ക്കു പിന്തിരിഞ്ഞു പലായനം ചെയ്യുകയുംചെയ്തു. വളരെവളരെ സമയംകൊണ്ടു മധുരാപുരത്തിന്റെ പടിഞ്ഞാറെ അററംവരെ പററി. ഇതിനിടയിൽ തോറോടിപ്പോയ ചോളസൈന്യങ്ങളുമെല്ലാം വന്നു ചോളനോടൊന്നിച്ചു അനേകം ചോളനും സൈന്യങ്ങളുംകൂടി പാണ്ഡ്യനെ പായിച്ചു. പാണ്ഡ്യൻ പഴയപോലെ മുന്നോട്ടുകേറിത്തടുത്തും പിന്തിരിഞ്ഞോടിയും വീണ്ടും കുറേദൂരത്തോളവും പുറകോട്ടുപോയി.

ഇങ്ങനെ അവർ പോയിപ്പോയി വഴിമദ്ധ്യത്തിൽ ഉണ്ടായിരുന്നതും പത്മകല്ഹാരകൈരവാദികളെക്കൊണ്ടു മൂടിക്കിടക്കുകയാൽ കാണികൾക്കു ജലാശയമാണെന്നുള്ള ശങ്കയെ ജനിപ്പിക്കാത്തതുമായ ഒരു അഴമേറിയ വാപിയിൽ പാണ്ഡ്യനും പുറകേ ചോളനും, അനന്തരം അദ്ദേഹത്തിന്റെ സൈന്യങ്ങളും ചാടുകയും മായാമയനും ലീലാവിലാസിയും ഭക്തത്രാണപരായണനും ആയ ഹാലാസ്യനാഥന്റെ കാരുണ്യാതിശയത്താൽ പാണ്ഡ്യനും കുതിരയും മറുകരയിൽ എത്തുകയും ചോളനും അവന്റെ ഒട്ടധികം സൈന്യങ്ങളും വെള്ളംകുടിച്ചു ചാവുകയുംചെയ്തു. ശേഷിച്ചചോ

ളസൈന്യങ്ങൾ തങ്ങളുടെ രാജാവും കൂട്ടസൈന്യങ്ങളും കണ്ടുവാപിയിൽ വീണു വെള്ളംകുടിച്ചുമരിക്കുന്നതുകണ്ടു് ഭയവിക്രാന്തരായി തിരിഞ്ഞോടിത്തുടങ്ങിയപ്പോൾ പാണ്ഡ്യസൈന്യങ്ങൾചെന്നു് അവരെയെല്ലാം തടുത്തു പിടിച്ചുകൊണ്ടുവന്നു ബന്ധനസ്ഥരാക്കി. ചോളരാജാവിന്റെവകയായി അനവധി ആനകളും കുതിരകളും രഥങ്ങളും മററുപല യുദ്ധസാമഗ്രികളും പാണ്ഡ്യനുകിട്ടി. ജയചിഹ്നങ്ങളായി കിട്ടിയ രഥഹയാദികളിൽ നല്ലതെല്ലാം പാണ്ഡ്യൻ തന്റെകുലദൈവവും രക്ഷിതാവുംആയ സുന്ദരേശമൂർത്തിയുടെ തൃപ്പാദങ്ങളിൽകൊണ്ടുചെന്നു സമർപ്പിച്ചിട്ടു, "അല്ലയോ ഭഗവാനേ! കദംബവനവാസിയും ഹാലാസ്യനാഥനും ആയ സോമസുന്ദരാ! നിന്തിരുവടി ഞങ്ങളുടെ രക്ഷിതാവും ഞങ്ങളുടെശത്രുക്കളെശിക്ഷിതാവുംആകുന്നു. അല്ലയോ അട്ടാലസുന്ദരേശ! അങ്ങ്ഞങ്ങളെരക്ഷിച്ചാലും. ഞങ്ങളുടെ ശത്രുക്കളെ ശിക്ഷിച്ചാലും" എന്നിങ്ങനെപ്രാർത്ഥിക്കുകയും ദേവദേവേശനും കദംബവനനായകനും ആയ സുന്ദരേശ്വരനെ പൂജോപചാരാദികളെക്കൊണ്ടു പ്രസാദിപ്പിക്കുകയും ചെയ്തിട്ടു സ്വമന്ദിരത്തിൽപോയി സ്വസ്ഥനായി വസിച്ചു.

അന്നുമുതൽ ഭക്തവത്സലനും പരമകാരുണികനും ആയ സുന്ദരേശ്വരന്നു് അജ്ഞദേവൻ എന്നുള്ള ഒരു അപരനാമംകൂടി ഉണ്ടായി. സുന്ദരേശപാദശേഖരപാണ്ഡ്യനെപ്പോലെ ശിവഭക്തിയുള്ളവർ മൂന്നുലോകത്തിലും ആരുമില്ലെന്നും അദ്ദേഹത്തിന്റെ എല്ലാഅഭീഷ്ടങ്ങളേയും സാധിപ്പിച്ചുകൊടുക്കുന്നതിനു ഹാലാസ്യേശ്വരൻ കിങ്കരനെപ്പോലെസദാകാത്തുനിൽക്കുകയാണെന്നും ഭൂലോകവാസികൾ ഒരുപോലെ കൊണ്ടാടുകയും തന്മൂലം അദ്ദേഹത്തിനു ശത്രുക്കളായി ആരും ഇല്ലാതാവുകയും അദ്ദേഹത്തിന്റെ എല്ലാവിധ ഉദ്ദേശ്യങ്ങളും അനായാസേന സാധിച്ചുകിട്ടുകയും ചെയ്തുവന്നു.

അല്ലയോ വസിഷ്ഠാദിമഹർഷീശ്വരന്മാരേ! ദേവബ്രാഹ്മണഭക്തന്മാരായ ആളുകൾക്കു ഭൂലോകത്തിൽ എന്താണു് സാധിക്കാത്തതു്. അവരോടുപിണങ്ങുന്നതിനു ആരെക്കൊണ്ടുസാധിക്കും. വിശേഷിച്ചും ശിവഭക്തന്മാർക്കു വിപരീതമായി യാതൊരുത്തരെക്കൊണ്ടും യാതൊന്നുംപ്രവർത്തിക്കാൻ ഒക്കുകയില്ലെന്നു മാത്രമല്ല, അവർ വിചാരിച്ചാൽ സാധിക്കാത്തതായും ലോകത്തിൽ യാതൊന്നുംതന്നെ കാണുകയും ഇല്ല. അദ്ദേഹത്തിൽ ശാശ്വതമായ ഭക്തിവർദ്ധിക്കണം; അതു് മഹാഭാഗ്യവാന്മാർക്കല്ലാതെ സാധിക്കുകയില്ല. ദേവന്മാർപോലും അദ്ദേഹത്തിന്റെ ഭക്തന്മാരാകാൻ സർവ്വദാ ആഗ്രഹിക്കുന്നു. എന്തെങ്കിലും ഒരു മനുഷ്യനു് അവന്റെ പൂർവ്വപുണ്യത്തിന്റെ വൈഭവവിശേഷംകൊണ്ടു് ഹാലാസ്യേശ്വരനായ പരമേശ്വരനിൽ ഭക്തി വർദ്ധിച്ചെങ്കിൽ, അവനു സമസ്തവും സംപ്രാപ്തമായി. ഭോഗമോക്ഷപ്രദായകമായ ഹാലാസ്യേശ്വരഭക്തിയെക്കാൾ ശ്രേഷ്ഠമായി യാതൊരു സമ്പത്തിയും ഇല്ല. അതുകൊണ്ടു മനുഷ്യനായി

ജനിച്ചാൽ അവൻ പ്രധാനമായും സമ്പാദിക്കാൻ ശ്രമിക്കേണ്ടതു പരമേശ്വരഭക്തി ഒന്നുതന്നെയാണ്. അല്ലയോ മഹർഷീശ്വരന്മാരെ! ഇപ്രകാരമാണ് കർപ്പൂരസുന്ദരനും കാളകൂടാശിയും ആയ ഭഗവാൻ സുന്ദരേശ്വരന്റെ അത്യന്തം ശ്രേഷ്ഠമായ മുപ്പത്തിഏഴാമത്തെ ലീല. ഈ പരിപാവനമായ ലീലയെ ഭക്തിയോടുകൂടെ കേൾക്കുന്നവൎക്ക ഇഹത്തിൽ ആയുരാരോഗ്യസമ്പൽസമൃദ്ധിയും പരത്തിൽ പരമാനന്ദാനുഭവവും അനായാസേന സിദ്ധിക്കുന്നതാകുന്നു. വിശേഷിച്ചും രാജാക്കന്മാർ ഇതിനെ പാരായണം ചെയ്താൽ അവൎക്ക യുദ്ധത്തിൽ ശ്രേഷ്ഠമായ ജയത്തെ ദാനംചെയ്യുകയും ചെയ്യും.

സസൈന്യചോളനിപാതനംചെയ്ത

മുപ്പത്തിഏഴാം ലീല സമാപ്തം.

---

# ഹാലാസ്യമാഹാത്മ്യം

## കേരളഭാഷാഗദ്യം.

### ൩൮-ാം അദ്ധ്യായം.

അക്ഷയതണ്ഡുലപാത്രദാനംചെയ്ത

### മുപ്പത്തി എട്ടാം ലീല.

---

വീണ്ടും അഗസ്ത്യമഹർഷി വസിഷ്ഠാദികളെ നോക്കി, അല്ലയോ മഹർഷിശ്രേഷ്ഠന്മാരേ! ഇനി ഞാൻ നിങ്ങളെ ഭഗവാനായ സുന്ദരേശ്വരൻ തന്റെ ഭക്തശിരോമണിയായ ഒരു ശൂദ്രന്നു്, അക്ഷയതണ്ഡുലമൂതം നല്കിയ ലീലയെ കേൾപ്പിക്കാം. നിങ്ങൾ ശ്രദ്ധാപൂൎവ്വം കേട്ടുകൊള്ളുവിൻ. ഈ ലീലാശ്രവണം മനോരഥങ്ങൾക്കു സുരദ്രുമമാകുന്നു. എന്നിങ്ങനെ അരുളിച്ചെയ്തതു കേട്ടപ്പോൾ സന്തോഷാശ്രുപ്ലുതന്മാരായിത്തീൎന്ന വസിഷ്ഠാദികൾ, എന്നാൽ ആ ലീലകൂടി ഞങ്ങളെ കേൾപ്പിക്കണമെന്നപേക്ഷിക്കുകയും ശിവാഗമവേദിയായ കുംഭസംഭവൻ താഴെ വരുമാറു് ലീലാകഥനം ആരംഭിക്കുകയുംചെയ്തു:—

"പണ്ടു് മധുരാപുരിയിൽ സൽഗുണസംയുതനും ഭക്തസൌമ്യൻഎന്ന നാമധേയത്തോടുകൂടിയവനും ആയ ഒരു ശൂദ്രൻ ഉണ്ടായിരുന്നു. അവൻ

ശിവഭക്തന്മാരിൽ അഗ്രേസരനായിരുന്നു എന്നു മാത്രമല്ല, ഭക്തന്മാരെ ശുശ്രൂഷിക്കുന്നതിലും അവൎക്കു ദാനധൎമ്മങ്ങളെ ചെയ്യുന്നതിലും അദ്വിതീയനും ആയിരുന്നു. അവൻ കൃഷിമുതലായ ഉത്തമപ്രവൃത്തികളിൽ ഏൎപ്പെട്ടു ധൎമ്മലോപം കൂടാതെ അനവധി ധനം സമ്പാദിക്കുകയും അവകൊണ്ടു ഇടവിടാതെ ഭക്തന്മാൎക്കു അന്നവസ്ത്രാദികൾ കൊടുക്കുകയും ചെയ്തുവന്നു. അവന്റെ ഭാൎയ്യയും ധൎമ്മശീലയും പാതിവ്രത്യപരായണയും ആയ സ്ത്രീരത്നം, വസിഷ്ഠന്നു അരുന്ധതി എന്നതുപോലെ എല്ലാംകൊണ്ടും അവന്നു അനുകൂലയായിരുന്നു എന്നു മാത്രമല്ല, പതിവാക്യപ്രചോദിതയായ അവളെപ്പോലെ ആ ഭക്തന്മാൎക്കു അന്നവസ്ത്രാദികളെ ദാനം ചെയ്യുന്നതിൽ സന്തോഷത്തോടുകൂടിയ സ്ത്രീകൾ ഭൂലോകത്തിൽ അപ്പോൾ യാതൊരു സ്ഥലത്തും ഇല്ലായിരുന്നു.

ഇങ്ങനെ രത്നകനകങ്ങളെപ്പോലെ യോജിച്ച ആ സൽഗുണാസക്തന്മാരും, ശിവജ്ഞാനസമ്മിതന്മാരും, ശിവാൎച്ചനാപരായണരും, ധൎമ്മമാൎഗ്ഗസഞ്ചാരികളും കൃഷിവൃത്തിക്കാരും ആയ ആ ദമ്പതികൾ അനുദിവസവും പ്രഭാതത്തിൽതന്നെ എഴുന്നേറ്റു സ്നാനകൎമ്മവും നിത്യാനുഷ്ഠാനങ്ങളുംമറ്റും നടത്തി ഭസ്മം പൂശി രുദ്രാക്ഷമാല്യവും ധരിച്ചു ഹാലാസ്യത്തിൽ പോയി പരമശിവനെ വന്ദിച്ചുംവച്ചുവന്നു അഗതന്മാരാകുന്ന ശിവഭക്തന്മാരോടുകൂടെ ഭക്ഷണവും കഴിച്ചു, ധൎമ്മഭംഗം വരാതെയുള്ള ഗൃഹഭരണം, കൃഷിമുതലായ സ്വകീയവൃത്തികളിൽ ഏൎപ്പെട്ടു സൎവ്വജീവികൾക്കും അനുകൂലമാകുംവണ്ണം ജീവിതദശയെ നയിച്ചുവന്നു.

ഈ അവസരത്തിൽ ഒരിക്കൽ ഹാലാസ്യനാഥനായ സുന്ദരേശ്വരന്നു ഭക്തരത്നങ്ങളായ ആ ദമ്പതിമാരുടെ ഭക്തിവിശ്വാസാദികളെ ഒന്നുപരീക്ഷിച്ചാൽ കൊള്ളാമെന്നു തോന്നുകയാൽ അദ്ദേഹം ആ ഭക്തശിരോമണിയായ ഭക്തിസൌമ്യന്റെ അതിവിശാലങ്ങളായ അനവധി കൃഷിസ്ഥലങ്ങളിലെ കൃഷികളെ തന്റെ മായാവൈഭവംകൊണ്ടു ഉണക്കിക്കളഞ്ഞു. തന്മൂലം ഭക്തിസൌമ്യന്നു ആ പൂവിൽ യാതൊരു ധാന്യങ്ങളും ലഭിച്ചില്ല. അവൻ എന്നിട്ടും താൻ നടത്തിവന്ന നിത്യദാനങ്ങളിൽ യാതൊന്നും മുടക്കാതെ അടുത്ത പൂവിൽ കടം വീട്ടിക്കൊള്ളാമെന്നുള്ള കരാറിന്മേൽ തന്റെ സമീപസ്ഥന്മാരായ കൃഷിക്കാരോടു ശിവഭക്തന്മാൎക്കു നിത്യനിദാനം അന്നം നൽകുന്നതിനും മറ്റും വേണ്ട ധാന്യങ്ങളും സസ്യങ്ങളും പണവും കടം വാങ്ങി നടത്തി. അടുത്തപൂവിലും ഭക്തിസൌമ്യന്റെ കൃഷികൾമാത്രം ഉണങ്ങിപ്പോയി. കഴിഞ്ഞപൂവിൽ വാങ്ങിയ കടം വീട്ടാനും മേൽ ശിവഭക്തന്മാൎക്കു അന്നംകൊടുക്കുന്നതിനും എന്നല്ല തങ്ങളുടെ നിത്യവൃത്തി നിൎവ്വഹിക്കുന്നതിനുപോലും യാതൊന്നും ഇല്ലാതെ അവർ അത്യന്തം വ്യസനിച്ചു. വീണ്ടും കടം ചോദിച്ചതിൽ പഴയകടം വീട്ടാഞ്ഞതുമൂലം ആരും കൊടുത്തതും ഇല്ല. സാധുക്കളായ ആ ദമ്പതിമാർ എന്തുചെയ്യും. അവൎക്കു തങ്ങൾ

ഉപവാസമായി പോകുന്നതിൽ അല്ലായിരുന്നു വ്യസനം. ശിവഭക്തന്മാൎക്കു അവർ അതേവരെയും എത്രകഷ്ടപ്പെട്ടിട്ടും മുടങ്ങാതെ നടത്തി അന്നദാനം മുട്ടിപ്പോകുമല്ലോ എന്നുള്ളതിൽ ആയിരുന്നു നിവൃത്തിയില്ലാത്ത സങ്കടം ഉദിച്ചതു്. പണത്തിനു പണവും നെല്ലിനു നെല്ലും കൂടാതെ വ്യസനിച്ചാൽ വല്ല പ്രയോജനവും ഉണ്ടാകുമോ? ഒടുവിൽ അവർ ഹാലാസ്യനാഥൻ തന്നെ സൎവ്വത്തിനും ആശ്രയമെന്നു സങ്കല്പിച്ചുകൊണ്ടു ഒരു ദിവസം രാവിലെ എഴുന്നേറ്റു് ഹേമാബ്ജനീതീൎത്ഥത്തിൽ പോയി സ്നാനംചെയ്തു ശിവനാമജപങ്ങളോടു കൂടെ ഹാലാസ്യനാഥക്ഷേത്രത്തിനകത്തു കടന്നു, മൂന്നുരു പ്രദക്ഷിണവും അഞ്ചുരു നമസ്കാരവുംചെയ്തുംവെച്ചു് ഭക്തിപൂൎവ്വം പഞ്ചാക്ഷരമന്ത്രം ജപിച്ചു് സോമസുന്ദരേശ്വരനെ സേവിച്ചു.

അതേവരെയും ഖിന്നഹൃദയരും ഉപവാസകൎശിതരുമായിരുന്ന ആ ദമ്പതികൾ എപ്പോൾ മുതൽ പഞ്ചാക്ഷരമന്ത്രജപം തുടങ്ങിയോ അപ്പോൾ മുതൽ രോമാഞ്ചകഞ്ചുകിതരും ആനന്ദാശ്രുപ്ലുതനേത്രരും ഗൽഗദവാണികളോടു കൂടിയവരും ആയിത്തീൎന്നു. അനന്തരം അവർ സാഞ്ജലിബന്ധരായി ശ്രീഹാലാസ്യപതിയും, സാംബനും കാരുണ്യസമുദ്രവും, ഭക്താൎത്തിഭഞ്ജനനും ആയ സുന്ദരേശ്വരനോടു ഇപ്രകാരം പ്രാൎത്ഥിച്ചു:—

"അല്ലയോ കദംബകാനനാധീശ! കനകാചലകാൎമ്മുകനും കമലാപതിപൂജിതനും കമലാസനസംസേവ്യനും ആയ അങ്ങയുടെ പാദകമലം ഭക്തിയോടുകൂടെ ഞങ്ങൾ ഇന്നലെവരേയും അങ്ങയുടെ ഭക്തന്മാൎക്കു മൃഷ്ടാന്നം നൽകിവന്നു. ഇതിനകം ഞങ്ങൾ ഒരു നേരംപോലും ശിവഭക്തന്മാൎക്കു അന്നം നൽകുന്നതിനു മുമ്പായി ഭക്ഷിച്ചിട്ടില്ലെന്നുള്ള പരമാൎത്ഥവും സൎവ്വാന്തൎയ്യാമിയായ നിന്തിരുവടിക്കു അറിയാവുന്നതാണു്. നിത്യേന ഞങ്ങൾ നടത്തിവന്ന അന്നദാനം അടുത്ത ദിവസംമുതൽ മുട്ടാതെ ചെയ്യുന്നതിനും ഞങ്ങളുടെ അഷ്ടികഴിക്കുന്നതിനും വേണ്ടതിൽ യാതൊന്നും ഇല്ല. എനിക്കു കൃഷിപ്പിഴനേരിട്ടുതുടങ്ങീട്ടു ഒരുവൎഷമായി. കഴിഞ്ഞപൂവിൽ കൃഷിപ്പിഴകൊണ്ടു എനിക്കു യാതൊന്നും കിട്ടിയില്ലെങ്കിലും അടുത്തപൂവിൽ കൊടുത്തുകൊള്ളാമെന്നും പറഞ്ഞു് അയൽക്കാരോടു കടംവാങ്ങി ഈ പൂവുവരെയും ശിവഭക്തന്മാരുടെയും ഞങ്ങളുടെയും അഷ്ടിയ്ക്കു മുട്ടുകൂടാതെ കഴിച്ചുപോന്നു. ഈ പൂവിലും കൃഷിപിഴച്ചു. കഴിഞ്ഞ തവണ വാങ്ങിയതു കൊടുക്കാത്തതുകൊണ്ടു കടം ചോദിച്ചതിൽ ആരും തരുന്നതുമില്ല. അല്ലയോ ഭഗവാനേ ഭക്തവത്സല! ഇനി ഞങ്ങൾ എന്താണു് ചെയ്യേണ്ടതു്? ഞങ്ങൾ എത്രദിവസം വേണമെങ്കിലും ഭഗവൽസ്മരണയോടുകൂടെ പട്ടിണികിടന്നുകൊള്ളാം. അതിരാവിലെ ഭക്ഷണത്തിനായി ഞങ്ങളുടെ വസതിയിൽ വരുന്ന ശിവഭക്തന്മാരെ ഞങ്ങൾ എങ്ങനെ പറഞ്ഞയയ്ക്കും? അയ്യോ! ഭഗവാനേ! ആശ്രിതവത്സല! എന്റെ വസതിയിൽ ഭക്ഷണാൎത്ഥം വരുന്ന ശിവഭക്തന്മാരോടു ഭക്ഷണമില്ലെന്നുപറയുന്നതിനു എനിക്കു ഒരിക്കലും സംഗതി

വരുത്തരുതെ! നിന്തിരുവടി ദയവുചെയ്തു എനിക്കു കടം തരുന്നതിനു മനസ്സുള്ളതിൽ ഒരു മനുഷ്യനെ എൻെറ കണ്ണിൽ കാണിച്ചുതരേണമേ! നിന്തിരുവടി അവിടത്തെ ഭക്തജനങ്ങളുടെ ആപൽബന്ധുവാണെന്നുള്ള മഹദ്വാചനം എന്നെ സംബന്ധിച്ചിടത്തോളവും അസാധുവായിത്തീരുന്നതു നിന്തിരുവടിക്കും കുറവാണേ! ഞാൻ അനന്യശരണനായിച്ചെയ്യുന്ന എൻെറ പ്രാർത്ഥനയെ അവിടുന്നു് ദയാപൂർവ്വം സ്വീകരിക്കണമേ! സാധുരക്ഷണലോലനും കാലകാലനും സകലദേവതാവൃന്ദപൂജിതനും ആയ നിന്തിരുവടി വിചാരിച്ചാൽ സാധിക്കാത്തതായി യാതൊന്നും ഇല്ല. അല്ലയോ സുന്ദരേശ്വര! ഞങ്ങളുടെ മഹാവ്രതം ഭക്തന്മാക്കു നിത്യാന്നം നല്കുന്നതാണു്. അയ്യോ കരുണാകര! അങ്ങു ദയവുചെയ്തു അതു മുടങ്ങാതെ ഇരിക്കുന്നതിനുവേണ്ട വഴിയുണ്ടാക്കിത്തരണേ! അതുമുടക്കിയുംവച്ചു ഒരു നിമിഷംപോലും ജീവിച്ചിരിക്കുന്നതിന് ഞങ്ങൾ ശക്തരല്ല. എല്ലാമറിയാവുന്ന നിന്തിരുവടിയോടു ഇതിൽകൂടുതലായി യാതൊന്നും അർത്ഥിക്കണമെന്നു ഞങ്ങൾ വിചാരിക്കുന്നില്ല. അവിടുന്നു് ഇഷ്ടംപോലെ ചെയ്യുന്നതിനെ ഈ പാദഭക്തർ അനുസരിച്ചുകൊള്ളാം.”

ദുഃഖസാഗരനിമഗ്നരായ ഭക്തസൌമ്യശുദ്ധനും അദ്ദേഹത്തിൻെറഭാര്യയും മേൽപ്രകാരം അസീമമായ ഭക്തിയോടും വിശ്വാസത്തോടുംകൂടെ പ്രാർത്ഥിച്ചപ്പോൾ, അല്ലയോ ശുദ്ധചൂഡാമണികളായ ദംപതികളെ! ഭക്തിയോടുകൂടെ എൻെറ ഭക്തന്മാക്കു മൃഷ്ടാന്നദാനം നല്കിയ നിങ്ങളിൽ എനിക്കു അപാരമായ പ്രീതിയുണ്ടു്. “എൻെറ ഭക്തന്മാക്കു അന്നദാനം നല്കുന്നതിൽ കൂടുതലായി എൻെറ ഭക്തന്മാർ എൻെറ കാരുണ്യത്തിനുവേണ്ടി യാതൊന്നും ചെയ്യേണ്ടതില്ല. നിങ്ങൾ നിത്യാന്നദാനം മുട്ടുകൂടാതെ നടത്തിവന്ന അന്നദാനം നിങ്ങൾക്കു നേരിട്ട കൃഷിപ്പിഴമൂലം ഇന്നു മുതൽ മുടങ്ങിപ്പോകുമല്ലോ എന്നു നിങ്ങൾ സ്വല്പംപോലും വ്യസനിക്കേണ്ട എന്തുകൊണ്ടെന്നാൽ, എൻെറ പ്രസാദംകൊണ്ടു, ഒരിക്കലും ഒഴിയാത്ത പൂർണ്ണതണ്ഡുലത്തോടു കൂടിയ ഒരു തണ്ഡുചമൃതം നിങ്ങളുടെ ഭവനത്തിൽ ഇപ്പോൾ ഇരിപ്പുണ്ടു്. അനവാക്ഷതസംപൂർണ്ണമായപാത്രത്തിൽനിന്നുംവേണ്ടഅരിഎടുത്തു പാചിച്ചും മററുള്ള സാമാനങ്ങൾ വേണ്ട അരിയെടുത്തു വിററു വാങ്ങിയും പഴയപോലെ ഭക്തന്മാക്കു നിത്യാന്നദാനം ചെയ്തുകൊള്ളുക. അന്നദാനത്തെക്കാൾ വലിയ ദാനം മറെറാന്നും ഇല്ലെന്നുള്ളതു് സുപ്രസിദ്ധമാണല്ലോ. ഇങ്ങനെ നിങ്ങൾ ഞാൻ നൽകിയ അക്ഷയതണ്ഡുലപാത്രത്തിൽ നിന്നും വേണ്ടുന്ന അരിയെടുത്തുവിററും പാകം ചെയ്തും ഭക്തന്മാക്കു ഭക്ഷണം നൽകിയും വസ്ത്രാഭരണാദി മററാവശ്യമുള്ളവകൾ എല്ലാം നൽകിയും നൂറുവർഷത്തോളവും അരോഗദൃഢഗാത്രരായി ഭൂമിയിൽ വസിച്ചുകൊള്ളുവിൻ. അവസാനത്തിൽ ഞാൻ നിങ്ങളെ എൻെറ പാദത്തിൽ ചേർത്തുകൊള്ളാം. അതുകൊണ്ടു് നിങ്ങൾ പോയി അതന്ദ്രിതന്മാരായി അന്നദാനത്തേക്കാൾ പരതരമായ ദാനം യാതൊന്നും തന്നെയില്ലെന്നുള്ള ദൃഢവിശ്വാസത്തോടു

കൂടെ അഹോരാത്രം അന്നദാനവ്രതാും ആചരിച്ചു പഴയപോലെ എന്നേയും സ്മരിച്ചു വസിച്ചുകൊള്ളുവിൻ" എന്നിങ്ങനെ ആകാശത്തിൽനിന്നും അശരീരിവാക്കുകേട്ടു.

അ അവസരത്തിൽ ആ ശൂദ്രദംപതികൾക്കുണ്ടായ ആനന്ദാതിശയങ്ങൾ ഏവം വിധമായിരുന്നു എന്നു ഒരുത്തരെക്കൊണ്ടും പറഞ്ഞറിയിക്കാൻ ഒക്കുന്നതല്ല. അവർ ഇററിററുവീഴുന്ന ആനന്ദാശ്രുകണങ്ങളോടുകൂടെ പരമശിവനെ വീണ്ടും വീണ്ടും നമസ്കരിക്കുകയും ഭക്തിമയങ്ങളായ സ്തോത്രങ്ങളെ ഉച്ചത്തിൽ ജപിക്കുകയും ക്ഷേത്രപ്രദക്ഷിണം വെക്കുകയും മററും ചെയ്തു അവൎക്കുണ്ടായ ആനന്ദത്തെയും ഭക്തിയേയും പ്രസ്പഷ്ടീകരിച്ചുംകൊണ്ടു അവരുടെ വസതിയിലേക്കുപോയി.

പ്രീതരായ അവർ അവരുടെ രമ്യമായ മന്ദിരത്തിൽ ചെന്നുനോക്കിയപ്പോൾ ഒന്നാമതായി അവരുടെ ദൃഷ്ടിപഥത്തിൽ എത്തിയതു അക്ഷയാക്ഷതസംപൂൎണ്ണവും അത്ഭുതതരവും ആയ "മൃതം" ആയിരുന്നു. മന്ദിരമദ്ധ്യത്തിൽ കാണപ്പെട്ട ആ അക്ഷയതണ്ഡുലപാത്രം സുന്ദരേശ്വരാനുഗ്രഹപ്രകാരം പ്രത്യക്ഷമായതാണെന്നു അവർ നിശ്ചയിച്ചു. തന്മൂലം വിസ്മയാവിഷ്ടചിത്തരായ അവർ ആ തണ്ഡുലപൂൎണ്ണപാത്രത്തെ എടുത്തു ഒരു ശുഭാസനത്തിൽ സ്ഥാപിച്ചു, ഗന്ധാദ്യങ്ങളെക്കൊണ്ടു പരിപൂജിക്കുകയും, ഭക്തിയോടുകൂടെ തണ്ഡുലാമൃതത്തിനു പ്രദക്ഷിണം വെക്കുകയും അതിന്റെ മുമ്പിൽ വീണു പലതവണ നമസ്കരിക്കുകയും മററും ചെയ്തു. തണ്ഡുലാമൃതമാകട്ടെ വളരെ വളരെ ധവളമയമായ അക്ഷതം ഇടവിടാതെ ചൊരിയാനും തുടങ്ങി. ശൂദ്രദംപതികൾ ആ അരിവാരിപ്പിററു മററുവേണ്ട സാധനങ്ങൾ എല്ലാം വരുത്തിച്ചു വേണ്ടതുപോലെ ഭക്ഷണസാധനങ്ങളെ പാകംചെയ്തു വന്ന ശിവഭക്തന്മാൎക്കെല്ലാം ശിവാജ്ഞപ്രകാരം യാതൊരു മുട്ടുംകൂടാതെ കൊടുത്തുതുടങ്ങി. കാലക്രമേണ ഈ അത്ഭുതവൎത്തമാനം നാട്ടിലെല്ലാംപരക്കുകയും കേട്ടവരെല്ലാം കൂട്ടംകൂട്ടമായി വന്നുകാണുകയും ഭക്തവത്സലനായ ഹാലാസ്യേശ്വരന്റെ കാരുണ്യാതിശയത്തെപ്പററി ഇതിൽപരമില്ലാതെ സ്തുതിക്കുകയും ചെയ്തു.

ആ ശൂദ്രദംപതികൾ മേൽപ്രകാരം അക്ഷയതണ്ഡുലപാത്രത്തിൽനിന്നും കിട്ടുന്ന തണ്ഡുലം കൊണ്ടു അന്നദാനവും വസ്ത്രാഭരണദാനങ്ങളും മററും ശിവഭക്തന്മാൎക്കു ഇടവിടാതെ ചെയ്തു. തദ്വാരാ തങ്ങൾ ഇച്ഛിച്ചും ബലാരോഗ്യജ്ഞാനസൌന്ദൎയ്യശാലികളായി ബന്ധുമിത്രപുത്രപൌത്രദാസദാസീനികരങ്ങളോടുകൂടെ നൂറു വൎഷം ഇഹത്തിൽ വസിക്കുകയും അനന്തരം ശിവപാദത്തിൽ ലയിച്ചു പരമസായൂജ്യത്തെ പ്രാപിക്കുകയും ചെയ്തു.

അന്നദാനത്തിനു തുല്യമായ ദാനവും ശിവഭക്തിക്കു തുല്യമായ ഭക്തിയും, ഇല്ലെന്നുള്ളതിനാൽ ഏതു ജാതിയിൽ ഉൾപ്പെട്ടവരും ഏതുപദവിയിലുള്ളവരും ആയിരുന്നാലും സ്വഭക്തന്മാരുടെ എല്ലാവിധസങ്കടങ്ങളേയും സദാപി പരിഹരിച്ചു അവൎക്കുവേണ്ടി എന്തുതന്നെ ചെയ്യുന്നതിനും ഭക്തവത്സ

ലനും കരുണാവരുണാലയനും ലീലാവിനോദിയും മായാമയനും ആയ ഹാലാസ്യനാഥൻ തയ്യാറാണെന്നുള്ളതിനും ഈ ലീല ഒരു അത്ഭുതമമായ ദൃഷ്ടാന്തമാകുന്നു. അല്ലയോ മഹർഷീശ്വരന്മാരേ! ഹാലാസ്യേശ്വരന്റെ ഇപ്രകാരമെല്ലാമുള്ള ലീലാവിലാസങ്ങൾക്ക ഒരുകൈയും കണക്കും ഇല്ല. സ്വഭക്തനായ ശൂദ്രനേ തണ്ഡുലചൂർണ്ണമായ കുട്ടയെനല്കിയഅദ്ദേഹത്തിന്റെ കാരുണ്യത്തിനുവേണ്ടി നമ്മൾ എല്ലാക്കാലവും അദ്ദേഹത്തെ ഭജിക്കേണ്ടതാകുന്നു. ഹാലാസ്യമധ്യനിലയനായ അദ്ദേഹത്തിന്റെ തിരുനാമങ്ങളെ ഒരു തവണ ജപിക്കുന്നിടത്തോളവും ഉള്ള ഫലം കല്പകോടികാലം അന്ന്യങ്ങളായ അനവധി നാമങ്ങളെ ജപിച്ചാലും സീമാതീതമായ വിധത്തിൽ വിവിധദാനധമ്മങ്ങൾ ചെയ്താലും ഉണ്ടാകുന്നതല്ല. അല്ലയോ വസിഷ്ഠാദിമുനിപുംഗവന്മാരേ! ഹാലാസ്യാധീശ്വരനായ സുന്ദരേശ്വരന്റെ അത്ഭുതപാവനമായ മുപ്പത്തിഎട്ടാമത്തെ ലീല ഇപ്രകാരം ആണ്. ഈലീലയെ ഭക്തിപൂവ്വം കേൾക്കുകയും പഠിക്കുകയും ചെയ്യുന്നവക്ക് എല്ലാവിധസംപത്തുകളും ഇഹത്തിൽ ലഭിച്ചു ചിരകാലം വസിക്കുന്നതുമല്ലാതെ അവസാനത്തിൽ അവക്ക് അനന്തവും അനശ്വരവും ആയ മോക്ഷപദവി സംപ്രാപ്തമാകുന്നതും ആകുന്നു.

അക്ഷയതണ്ഡുല പാത്രദാനം ചെയ്ത
മുപ്പത്തിഎട്ടാം ലീല സമാപ്തം.

# ഹാലാസ്യമാഹാത്മ്യം

കേരളഭാഷാഗദ്യം.

൩൯-ാം അദ്ധ്യായം.

വൃദ്ധവൈശ്യരൂപം ധരിച്ച

## മുപ്പത്തിഒമ്പതാം ലീല.

വീണ്ടും അഗസ്ത്യൻ വസിഷ്ഠാദിമുനിപുംഗവന്മാരോട താഴെവരുമാറു ഭഗവല്ലീലാകഥനം ആരംഭിച്ചു:–

"അല്ലയോ താപസവയ്യന്മാരേ! ഹാലാസ്യപതിയായ സുന്ദരേശ്വരൻ, നീതിവർജ്ജിതന്മാരായ ജ്ഞാതികളെ വ്യവഹാരംകൊണ്ട് ജയിച്ച്, ധനക്ഷേത്രവിത്താദികളെ വൈശ്യഭാഗിനേയനു നൽകിയതായ അദ്ദേഹത്തി

ന്റെ മുപ്പത്തിഒമ്പതാം ലീലയെപ്പോലെ അത്യുത്തമമായ ലീല മറെറാന്നും തന്നെയില്ല. പാപാന്ധകാരധ്വംസനത്തിന് സൂര്യതേജസ്സുപോലെ അത്യന്തം ശ്രേഷ്ഠമായ ആ ലീലയെ ഇനി ഞാൻ നിങ്ങളെ കേൾപ്പിക്കാം. അവധാനതയോടുകൂടെ നിങ്ങൾ അതിനെ ശ്രവിച്ചുകൊള്ളുവിൻ.

പണ്ട് മധുരാപുരിയിൽ, അൎത്ഥപതിയെന്ന പേരോടുകൂടിയ ഒരുവൈശ്യൻ ഉണ്ടായിരുന്നു. ഒരു വലിയകച്ചവടക്കാരനും, ശിവഭക്താഗ്രഗണ്യനും, ധൎമ്മമാൎഗ്ഗാവലംബിയും ആയിരുന്ന അദ്ദേഹത്തിനു, സൌന്ദൎയ്യസൌശീല്യാദിഗുണങ്ങളെക്കൊണ്ട് അത്യന്തം അനുകൂലയായി സുശീലയെന്നുപേരോടുകൂടിയ ഒരു പത്നിയും, അനവധി ബന്ധുക്കളും അവസാനമില്ലാത്ത സമ്പത്തുകളും ഉണ്ടായിരുന്നു; എങ്കിലും, ഏതോ ജന്മാന്തരകൃതമായ പാപംകൊണ്ട് പുത്രഭാഗ്യം ഉണ്ടായില്ല.

ധന്യവാനും വാണിജ്യവിഷയപ്രവീണനും ഭക്താഗ്രേസരനുമായ ആ വൈശ്യൻ ധനസമ്പാദനത്തിൽ അത്യധികമായ തീക്ഷ്ണതയോടുകൂടെവീണ്ടുംവീണ്ടും പാപലേശസംബന്ധത്തിനുഅശേഷം അവകാശം കൂടാതെ അനവധിദ്രവ്യംകച്ചവടംചെയ്തുസമ്പാദിച്ചുകൂട്ടി.അനന്തരം അദ്ദേഹം തന്റെ മരണശേഷം സമ്പത്തുക്കളെഎല്ലാം വഴിപോലെ പരിപാലിക്കുന്നതിനും അന്ത്യകാലത്തിൽ തനിക്കുവേണ്ട ശുശ്രൂഷകളേയും കൎമ്മങ്ങളേയുംചെയ്യുന്നതിനുംആയി ഒരുകുട്ടിയെപുത്രനായിദത്തെടുക്കണമെന്നു നിശ്ചയിച്ച് തന്റെ ഭഗിനീപുത്രനും സൎവ്വഗുണോപേതനും ആയ ഒരു ബാലനെ ദത്തെടുത്ത്പുത്രനിർവിശേഷമായവാത്സല്യത്തോടുകൂടെ വളൎത്തിവന്നു.

അങ്ങനെയിരിക്കുന്ന കാലത്ത് ഒരിക്കൽ ആ ദത്തുപുത്രന്റെ മാതാവും വൈശ്യപ്രഭുവിന്റെ ഭഗിനിയുമായ വൈശ്യസ്ത്രീ ഏതോകാരണവശാൽ കുപിതയായി വൈശ്യപ്രഭുവിനെ, പുത്രഹീനനായ നിന്നെപ്പോലെനിൎഭാഗ്യവാനായി ലോകത്തിൽ ആരാണുള്ളത്? നീ എന്റെ പുത്രനെക്കൊണ്ടല്ലേ ഇപ്പോൾ പുത്രവാനായി തെളിയുന്നത്. കഠിനപാപിയായ നിന്റെ മുഖംകണ്ടാൽപോലും ഗുണമുണ്ടാകുന്നതല്ല. മഹാപാപിയായ നിനക്കു പുത്രനെ ദാനംചെയ്തതുകൊണ്ട് ഞാനും മഹാപാപിയായിപ്പോയി എന്നിങ്ങനെ ഭർത്സിച്ചു.

കുത്സിതയായ തന്റെഭഗിനിയുടെ കൎണ്ണശല്യങ്ങളായ ഭർത്സനങ്ങളെ കേട്ട്, അത്യന്തം ദുഃഖിതനായ ആ വൈശ്യപ്രഭു, ജന്മാന്തരത്തിലെങ്കിലും തനിക്കു പുത്രഭാഗ്യം സിദ്ധിക്കണമെന്നുള്ള താല്പൎയ്യത്തോടുകൂടി പത്നിയുമൊന്നിച്ച് കാനനത്തിൽപോയി തപോവൃത്തിയെ അനുഷ്ഠിച്ച് ജീവിതശേഷത്തെ നയിക്കണമെന്നുള്ള വിചാരത്തോടുകൂടെ ഭാഗിനേയനും ദത്തുപുത്രനുംആയ കുട്ടിക്ക് തന്റെ സൎവ്വസ്വവും നൽകിയുംവെച്ച് വൃദ്ധയായ തന്റെ ഭാൎയ്യയോടുകൂടി തപസ്സിനായിപ്പോയി.

ഈ വിവരം ആ വൈശ്യപ്രഭുവിന്റെ അതിക്രമികളായ ജ്ഞാതികൾ അറിഞ്ഞു് തൽക്ഷണം തന്നെ അവിടെ എത്തി ഭാഗിനേയനായ ദത്തപുത്രനേയും ഭഗിനിയേയും അടിച്ചുവെളിക്കിറക്കി സർവ്വസ്വവും അവർകൈയ്യിലാക്കി എന്നുമാത്രമല്ല, അവൾക്കു ഒരുനേരത്തെ ഭക്ഷണത്തിനു വേണ്ടതുകൂടെപോലും കൊടുത്തതുമില്ല. അവർ തങ്ങൾക്കു ലഭിക്കുമെന്നു ആശിച്ചിരുന്ന കേദാരഗോധനകനകാദിവസ്തുക്കളിൽ യാതൊന്നും ലഭിക്കാതേയും, കേറിക്കിടക്കാൻ വീടോ കുടിക്കാൻ കഞ്ഞിയോ യാതൊന്നും ലഭിക്കാതേയും ആയപ്പോൾ ആ മാതാവിനും കുട്ടിക്കും ഉണ്ടായ മനസ്താപവും വ്യസനവും എന്തൊരുമാതിരിയാണെന്നു ഊഹിച്ചാൽപോലും സഹിക്കാത്തവണ്ണം ഭയങ്കരമായിരുന്നു എന്നുള്ളതു പ്രത്യേകം പറയേണ്ട ആവശ്യമില്ലല്ലൊ. അത്യന്തം സാധുക്കളായ അവരെ സഹായിക്കുന്നതിനും ആരും തുനിഞ്ഞില്ല. ഇങ്ങനെ നിരാശ്രയരായിത്തീൎന്ന അവർ, ഇനി നമുക്കു ദൈവംതന്നെ ആശ്രയമെന്നും വിചാരിച്ചു പരമശിവഭക്തിയോടുകൂടെ സുന്ദരേശാലയത്തിലേക്കായി യാത്രതിരിച്ചു.

അവർ കാലതാമസമെന്യേ ഹാലാസ്യക്ഷേത്രത്തിൽ എത്തി. അനന്തരം മാതാവു് ഹേമപത്മനീതീർത്ഥത്തിൽ ഇറങ്ങി താനും സ്നാനം ചെയ്തു് കുട്ടിയെ കുളിപ്പിച്ചു്, ഭസ്മംപൂശി ശുഭ്രവസ്ത്രവും ധരിപ്പിച്ചു് സുന്ദരേശ്വരന്റെ തിരുമുമ്പിൽ കൊണ്ടുപോയി നിൎത്തി കുട്ടിയോടു് സാഷ്ടാംഗപ്രണാമംചെയ്തു പഞ്ചാക്ഷരം ജപിക്കുന്നതിനു ഉപദേശിച്ചു. കുട്ടി അപ്രകാരം ചെയ്തു. അനന്തരം അവളും സാഷ്ടാംഗപ്രണാമം ചെയ്തുകൊണ്ടു്, അല്ലയോ ദേവ ദേവ! കൃപാരാശേ! ധൎമ്മമാൎഗ്ഗപ്രവൎത്തക! ഞങ്ങളെ രക്ഷിക്കണമേ! ഞങ്ങൾ അനന്യശരണരായിത്തീൎന്നിരിക്കുകയാണേ എന്നിങ്ങനെ പ്രാർത്ഥിച്ചു. ഉടൻതന്നെ അവൾ മായാനിദ്രയ്ക്കു വശംഗതയാവുകയും, ഉറക്കത്തിൽ “അല്ലയോ സുന്ദരീ! നീ വ്യസനിക്കാതെ! നിന്റെ സന്താപത്തിനു ഞാൻ നിവൃത്തിയുണ്ടാക്കിത്തരാം. നീ ഇപ്പോൾതന്നെ കുമാരനോടുകൂടെ നിങ്ങളുടെ മന്ദിരത്തിൽ പോയി നിങ്ങളുടെ ജ്ഞാതികളുടെ കൈവശത്തിൽ ഇരിക്കുന്ന അട്ടുക്കളയുടെ വാതിൽ ബന്ധിക്കണം. ഉടൻതന്നെ അവർ നിന്നെയും പിടിച്ചുകൊണ്ടു് ന്യായസ്ഥാനത്തിൽ പോയി സങ്കടം ബോധിപ്പിക്കും. ഞാൻ അവിടെ പ്രത്യക്ഷനായി നിങ്ങളുടെ ഭാഗം പിടിച്ചു വ്യവഹരിച്ചു് വസ്തുവകകൾ എല്ലാം അവരുടെ പക്കൽ നിന്നും ന്യായാധിപനെക്കൊണ്ടെടുപ്പിച്ചു നിങ്ങൾക്കു നൽകാം.” എന്നിങ്ങനെ സുന്ദരേശ്വരൻ തന്നെ വന്നു പറഞ്ഞതായി അവൾ സ്വപ്നം കാണുകയും ചെയ്തു.

സ്വപ്നാനന്തരം ആ സ്ത്രീരത്നം ഉണൎന്നു നാലു ദിക്കിലും നോക്കി; ആരേയും കാൺമാനില്ല. അവൾ സ്വപ്നവൎത്തമാനത്തെ ഓൎത്തു് വിസ്മിതചിത്തയും പുളകാഞ്ചിതഗാത്രയും സാനന്ദജലലോചനയും ആയി. അതി

ന്റശേഷം അവർ സുന്ദരേശ്വരനെ പിന്നെയും വന്ദിക്കുകയും പഞ്ചാക്ഷരമന്ത്രത്തെ ഭക്തിപൂർവം ജപിക്കുകയും, ചെയ്തംവച്ചു് സ്വമന്ദിരത്തിൽ പോയി ഊണും കഴിച്ചു് ഭക്തവത്സലനായ ഭഗവാന്റെ കാരുണ്യത്തെ മനസാസ്മരിച്ചും സുന്ദരേശ്വരാജ്ഞപ്രകാരം പാകാലയബന്ധനത്തിനായി സൂര്യാഗമനത്തെ പ്രതീക്ഷിച്ചുംകൊണ്ടു അന്നത്തെ രാത്രിയെ ശിവരാത്രിയായി കഴിച്ചുകൂട്ടി.

പിറേറന്നാൾ രാവിലെ എഴുന്നേററു് ബാലകനോടുകൂടെ ഹേമപത്മിനിയിൽപ്പോയി സ്നാനംചെയ്തു് സുന്ദരേശ്വരനേയും മീനാക്ഷീഭഗവതിയേയും വന്ദിച്ചിട്ടു് വൈശ്യപ്രഭുവിന്റെ മന്ദിരത്തിൽ പോയി ജ്ഞാതികളുടെ കൈവശത്തിൽ ഇരുന്ന പാകശാലയുടെ കവാടം ബന്ധിച്ചു.

ജ്ഞാതികൾ അതുകൊണ്ടു് അത്യന്തം ക്രുദ്ധരായി ഓടിവന്നു് മാതാവിനേയും പുത്രനേയും കഠിനമായി താഡിച്ചു. അനന്തരം അവർ അവളെയും കുട്ടിയേയും ബലാൽകാരേണ പിടിച്ചുവലിച്ചു് ന്യായാധിപന്റെ അടുക്കൽ കൊണ്ടുപോയി നിർത്തിയുംകൊണ്ടു് അവർ ചെയ്ത അക്രമപ്രവൃത്തിയേപ്പററി സങ്കടം കേൾപ്പിച്ചു.

ഈ അവസരത്തിൽ ഭക്താർത്തിഭഞ്ജനപരനും, പരിപൂർണ്ണനും, പരാല്പരനും, കാരുണ്യവാരാന്നിധിയും നിപാടവിനാശനും ആയ സുന്ദരേശ്വരൻ, മുമ്പേ തപസ്സിനായി കാട്ടിൽപ്പോയ വൃദ്ധവൈശ്യന്റെ വേഷത്തിൽ അവിടെ പ്രത്യക്ഷനായി. വിറച്ചുവിറച്ചു മന്ദമന്ദം വടിയും കുത്തി വന്നുകേറിയ വൃദ്ധവൈശ്യനെ കണ്ടക്ഷണത്തിൽ വൈശ്യബാലൻ സ്വമാതുലൻ എന്നുള്ള വിചാരത്തോടുകൂടെ ആനന്ദഭരിതനായി അദ്ദേഹത്തെ കുമ്പിട്ടു. സോദരിയും അദ്ദേഹത്തിന്റെ സമീപത്തിലേക്കു ചെന്നു. അദ്ദേഹം ഭഗിനിയേയും ഭാഗിനേയനേയും അത്യന്തം സ്നേഹവാത്സല്യാനുകമ്പകളോടുകൂടെ തഴുകുകയും ചുംബിക്കുകയുംചെയ്തു. അനന്തരം ആ വൃദ്ധവൈശ്യൻ കാണികളുടെ ഹൃദയം അലിഞ്ഞുപോകത്തക്കവണ്ണമുള്ള ആർദ്രതാപ്രകടനയോടുകൂടെ ഇരുമാറും നദീപ്രവാഹം പോലെ ഒഴുകുന്ന സ്വകീയാശ്രുക്കളെ തുടച്ചുംകൊണ്ടു്, അല്ലയോ ഭഗിനി! നീ ഒട്ടും വ്യസനിക്കേണ്ട. ഞാൻ നിങ്ങൾക്കു നല്കിയ എന്റെ സ്വയാർജ്ജിതസ്വത്തിനെ അപഹരായ നിങ്ങളെ അടിച്ചാട്ടിപ്പുറത്താക്കിയുംവച്ചു് കവർന്നെടുക്കാൻ എന്റെ ജ്ഞാതികൾക്കു ഒരു അവകാശവും ഇല്ല. അക്രമമായി അവർ എടുത്ത സ്വത്തുക്കൾ മുഴുവനും ഞാൻ ന്യായാധിപനെക്കൊണ്ടു നിങ്ങൾക്കു തരുവിപ്പിക്കാം. എന്നിങ്ങനെ പറഞ്ഞു അവരെ സമാശ്വസിപ്പിച്ചിട്ടു് ന്യായാധിപന്റെ സമീപത്തിൽപോയി നിന്നു. വൃദ്ധവൈശ്യന്റെ ആഗമനം കണ്ടക്ഷണത്തിൽ തന്നെ ജ്ഞാതികളുടെ ഉള്ളിൽ ആധിപിടിച്ചുവന്നു് അവരെല്ലാവരും ഒന്നുപോലെ നടുങ്ങിയെങ്കിലും ഒരുമാതിരി ധൈര്യത്തെ അവലംബിച്ചുംകൊണ്ടു് ഇപ്രകാരം പറഞ്ഞു.

അല്ലയോ മാന്യന്യായസ്ഥനായ പ്രാഡ്വിപാക! ഞങ്ങളുടെ ജ്ഞാതിയായ ഒരുത്തൻ പുത്രനില്ലാതെ തപസ്സിനായി കാട്ടിൽപ്പോയി. ഭാൎയ്യയും അദ്ദേഹത്തെ അനുഗമിച്ചു. ശാസ്ത്രപ്രകാരം അദ്ദേഹത്തിന്റെ എല്ലാസ്വത്തുക്കൾക്കും പുത്രനില്ലാത്തതിനാൽ ജ്ഞാതികളായ ഞങ്ങൾക്കാണ് അവകാശം. അങ്ങനെ ഇരിക്കെ സ്വത്തിന് അവകാശമില്ലാത്ത ഇവർ പുത്രനോടുകൂടെ വന്ന് പാകശാലയെ ബന്ധിച്ചിരിക്കുന്നു. അത് അന്യായവും വലിയ അക്രമവും ആണ്. അതുകൊണ്ട് നിയമശാസ്ത്രജ്ഞനായ അങ്ങ് തപസ്സിനായിപ്പോയ ഞങ്ങളുടെ ജ്ഞാതിയുടെ സ്വത്തിന്റെ അവകാശികൾ ഞങ്ങളാണെന്നു സ്ഥാപിച്ചും അക്രമമായി പാകാലയകവാടബന്ധനം ചെയ്ത ഇവളെ ക്രമമായി ശിക്ഷിച്ചും ശാസ്ത്രപ്രകാരം തീൎച്ചയുണ്ടാക്കിത്തരണം.

ഉടൻതന്നെ വൃദ്ധവൈശ്യവേഷധാരിയായി നില്ക്കുന്ന കരുണാവരുണാലയനും മായാമയനും ഭക്തവത്സലനുമായ ഭഗവാൻ ഹൃദയാകർഷകമായ മന്ദഹാസത്തോടും പ്രസന്നമായ വദനത്തോടും കൂടെ മധുരമായിട്ടിപ്രകാരം പറഞ്ഞു:—

“അല്ലയോ ദയാലുവായ വിധികൎത്താവേ! വാദസ്വത്തുക്കൾ മുഴുവനും എന്റെ സ്വയാൎജ്ജിതമാണ്. സമ്പാദ്യകൎത്താവായ എനിക്കു ഔരസപുത്രന്മാർ ഇല്ലാഞ്ഞതുമൂലം ഞാൻ എന്റെ ഭഗിനീതനയനായ ഈ കുമാരനെ പുത്രനായി ദത്തെടുത്ത് എന്റെ സൎവസ്വവും ഇവനായി കൊടുത്തും വെച്ച് തപസ്സിനായിപ്പോയി. ഇപ്പോൾ എന്റെ ജ്ഞാതികൾ, നിസ്സഹായനായ ഈ കുട്ടിയുടെ അടുക്കൽനിന്നും സ്വത്തുക്കളെല്ലാം അപഹരിച്ചെടുത്തതായി അറിയുകയാൽ അതിനെപ്പറ്റി സങ്കടം ബോധിപ്പിച്ചു തീൎച്ചയുണ്ടാക്കിക്കൊടുക്കാനായി വന്നപ്പോളാണ് അഞ്ജനം ഉണ്ടാക്കാൻ മരുന്നന്വേഷിക്കുമ്പോൾ നിധി കാലിൽ തടഞ്ഞതുപോലെ ഈ വ്യവഹാരവും വന്നുചേൎന്നതു്. അതുകൊണ്ടു ഞാൻ ക്രമപ്രകാരം ദത്തെടുത്തതനുസരിച്ച് എന്റെ സൎവസ്വത്തുക്കൾക്കും ശാസ്ത്രപ്രകാരമുള്ള അവകാശി ഈ ബാലകൻ ആണെന്നു സ്ഥാപിച്ചു വിധിയുണ്ടാകണം.”

ജ്ഞാതികൾ അതുകേട്ട്, സ്വത്തുക്കൾ സമ്പാദിച്ചതു് ഇദ്ദേഹമല്ല. അദ്ദേഹം തപസ്സിനുപോയിരിക്കയാണ്. അതുകൊണ്ട് ഈ സ്വത്തുക്കൾ ഇദ്ദേഹത്തിന്റെ കളവായ അപേക്ഷയെ പ്രമാണമാക്കി സ്വീകരിച്ച് അവകാശമില്ലാത്ത ബാലനു കൊടുക്കുന്നതു വളരെ അന്യായമാണെന്നു ബലമായി വാദിച്ചു.

വാദിപ്രതികളായ ഇരുകക്ഷികളുടെയും പരസ്പരവിരുദ്ധങ്ങളായ വാദങ്ങൾകേട്ട ധൎമ്മാലോചനയോടുകൂടെ ഇങ്ങനെ പറഞ്ഞു.

ഈ വ്യവഹാരത്തിൽ പ്രധാനമായും തീൎച്ചയാക്കാനുള്ളതു്, വാദത്തിലിരിക്കുന്ന സ്വത്തുക്കളുടെ അൎജ്ജകനായ വൈശ്യപ്രഭു ഇദ്ദേഹം ത

ന്നോയോ എന്നുള്ളതാണ്. അതു തെളിയിക്കേണ്ടതു് വിവാദസ്വത്തുക്കളുടെ ആർജ്ജകൻ എന്നുവാദിക്കുന്ന വൃദ്ധവൈശ്യൻവേണംതാനും.

പ്രാഡ്വിവാകന്റെ ഇപ്രകാരമുള്ള അഭിപ്രായംകേട്ടു വൃദ്ധവൈശ്യരൂപധാരിയായ സുന്ദരേശ്വരൻ, തന്റെ പൂർവികന്മാരിൽ ഓരോരുത്തരുടേയും നാമങ്ങളും അവരിൽ ഓരോരുത്തരും ഇന്നാരുടെ ഇന്നാരുടെ മക്കൾ എന്നും അവർ ജീവിച്ചിരുന്ന കാലങ്ങൾ ഇന്നവയെന്നും, മരിച്ചതു ഇന്നപ്പോൾ എന്നും, ഗൃഹങ്ങളുടേയും വസ്തുക്കളുടേയും പേരുകളും അവയുടെ എല്ലുകകളും അടയാളങ്ങളും ഭൃത്യജനങ്ങളുടെ നാമധേയങ്ങളും ഗോവൃഷമഹിഷാദികളുടെ സംഖ്യകളും നിറങ്ങളും കൊടുക്കൽവാങ്ങൽ സംബന്ധിച്ചുള്ള വിവരമായ കണക്കുകളും വസ്തുക്കൾ സമ്പാദിച്ചതിലേക്കുള്ള പ്രമാണങ്ങളുടെ പൂർണ്ണവിവരണങ്ങളും, ആ കുടുംബത്തിൽപുരാതനകാലംതുടങ്ങിയേ നടന്നിട്ടുള്ള പല രഹസ്യസംഭവങ്ങളും, യാതൊരുസംശയവുംകൂടാതെ വെളിപ്പെടുത്തീട്ടു, വിവാദവസ്തുക്കളുടെ ആർജ്ജകനായിരുന്നു തപസ്സുചെയ്യാൻപോയ വൈശ്യവൃദ്ധൻ ഞാനാണെന്നുഇപ്രകാരമല്ലാതെമററുയാതൊരുപ്രകാരം തെളിയിക്കുന്നതിനും വഴിയില്ലാത്തതിനാൽ മേധാവിയായ അവിടുന്ന് എന്റെ ഈ തെളിവുകളെ വിശ്വസിച്ചും, വിവാദവസ്തുക്കളുടെ ആർജ്ജകനായ വൈശ്യൻ ഞാനെന്നും ഞാൻ ശാസ്ത്രപ്രകാരം ദത്തെടുത്ത എന്റെ ഭഗിനീനന്ദനനാണ് ഇതിന്റെ അവകാശിയെന്നും വിധികല്പിക്കുമാറാകണം എന്ന് അപേക്ഷിച്ചു.

വൃദ്ധവൈശ്യന്റെ മേൽപ്രകാരമുള്ള വാക്കുകൾ കേൾക്കുന്നതുവരേയും അദ്ദേഹമല്ല വിവാദസ്വത്തുക്കളുടെ ആർജ്ജകൻ എന്ന് ബലമായി വാദിച്ചുകൊണ്ടു് നിന്നിരുന്ന ജ്ഞാതികൾ തങ്ങളുടെ കൃത്രിമങ്ങൾ മുഴുവൻ ഇവിടെ വെളിപ്പെട്ടുപോകുന്നതിനും തന്മൂലം രാജശിക്ഷ കിട്ടുന്നതിനും സംഗതി വന്നേക്കുമെന്നുള്ള ഭയംകൊണ്ടു ഓരോരുത്തരായി ഓടിത്തുടങ്ങി.

വൃദ്ധവൈശ്യന്റെ വാദങ്ങളും തെളിവിലേക്കായി പറയുന്ന അടയാളവാചകങ്ങളുംകേട്ടു കാഴ്ചക്കാരെല്ലാവരും ഇതില്പരമില്ലാതെ വിസ്മയിക്കുകയും ഈ സാധുക്കളായ മാതാവിനേയും ബാലനേയും ദ്രോഹിച്ച അവരുടെ പ്രവൃത്തി വളരെ അക്രമമായിപ്പോയി എന്നു അനുതപിക്കുകയുംചെയ്തു.

ജ്ഞാതികൾ ഓരോരുത്തരായി തക്കം നോക്കി കടന്നുതുടങ്ങിയിരിക്കുന്നതിനെക്കണ്ടു, വൃദ്ധവൈശ്യവേഷധാരിയായ സുന്ദരേശ്വരൻ ന്യായസ്ഥനോടു, കള്ളി വെളിക്കാകുമെന്നായപ്പോൾ ഓരോരുത്തരായി കടന്നുതുടങ്ങിയിരിക്കുന്നതിനെ അങ്ങു കാണുന്നുവോ? ഇതുകൊണ്ടുതന്നെ ഇവരുടെ വാദത്തിനും വരവിനും ഉത്തമവിശ്വാസം ഇല്ലെന്നു സ്പഷ്ടമാകുന്നുണ്ടല്ലോ. ഞാൻ ഈ ജ്ഞാതികൾ എല്ലാവരും അറികയും അവരുടെ സമ്മതത്തോടുകൂടി

യും ആണു് ഭാഗിനേയനായ ഈ കുമാരനെ ദത്തെടുത്തതു്. വാസ്തവം ഇങ്ങനെയിരിക്കെ ഇവർ ഇപ്പോൾ ഈ ദുർവ്യവഹാരം കൊണ്ടുവന്നിരിക്കുന്നതു്, ദുരാഗ്രഹംമൂലം ആണു്. അതുകൊണ്ടു് ന്യായാധിപതനായ അങ്ങു് ഈ ക്രിത്രിമികൾക്കു് ശരിയായ ശിക്ഷകൊടുക്കണമെന്നു് വളരെ താഴ്മയോടുകൂടെ അപേക്ഷിച്ചു.

വൃദ്ധവൈശ്യന്റെ മേൽപ്രകാരമുള്ള വാക്കുകളെക്കേട്ടു്, പ്രാഡ്വിവാകൻ, അദ്ദേഹത്തിനോടു്, അല്ലയോ വൈശ്യപ്രഭോ! അറിവില്ലാത്തവരായ ജ്ഞാതികളുടെ തെററിനെ അങ്ങു് ക്ഷമിക്കുക. അങ്ങു് പുത്രനായി ദത്തെടുത്ത ഭഗിനീനന്ദനനു അങ്ങയുടെ സ്വത്തുമുഴുവൻ കൊടുക്കുന്നതിനു ഞാൻ വിധിച്ചിരിക്കുന്നു, എന്നു മറുപടിപറഞ്ഞു.

അനന്തരം ജരഠവൈശ്യധാരിയായ കർപ്പൂരസുന്ദരേശ്വരൻ വൈശ്യസ്ത്രീയേയും വൈശ്യകുമാരനേയും കൂട്ടിച്ചുകൊണ്ടുപോയി സർവ്വസമ്പത്തുകളെക്കൊണ്ടും സമ്പൂർണ്ണമായ അവരുടെ മന്ദിരത്തിൽ ആക്കിയുംവച്ചു് അന്തർദ്ധാനംചെയ്തു.

ലോകവാസികൾ ഈ വിവരം അറിഞ്ഞു് സുന്ദരേശ്വരൻ വൈശ്യവൃദ്ധന്റെ വേഷത്തിൽ വന്നു് ഇപ്രകാരമെല്ലാം വാദിച്ചു സത്യംപോലെവിധിവാങ്ങിക്കൊടുത്തതാണെന്നു പരസ്പരം പറയുകയും ഭക്തവത്സലന്റെ ആശ്രിതത്രാണലോലതയെപ്പററി പുകഴ്ത്തുകയും ചെയ്തതിനെ രാജാവായ സുന്ദരേശ്വരപാദശേഖരപാണ്ഡ്യന്നു് അറിവുകിട്ടുകയാൽ ഉടൻ തന്നെ അദ്ദേഹം വൈശ്യഭഗിനിയേയും പുത്രനേയും ദൂതന്മാർമുഖാന്തിരം വരുത്തി ഹാലാസ്യനാഥഭക്തശിരോമണികളായ അവരെ വഴിപോലെ സല്ക്കരിച്ചിരുത്തി പൂജിക്കുകയും മോഹനങ്ങളായ അനവധി ഗൃഹങ്ങളും ഗ്രാമങ്ങളും കേദാരങ്ങളും മററും നൽകുകയുംചെയ്തു.

ദേവദേവനായ സുന്ദരേശ്വരന്റെ ഇപ്രകാരമുള്ള ഭക്തവാത്സല്യപ്രകടനങ്ങളെപ്പററി ലോകത്തിലെങ്ങും സംസാരം തുടങ്ങുകയാൽ അനവധിജനങ്ങൾക്കു ഹാലാസ്യനാഥനിൽ അളവില്ലാത്ത ഭക്തിവർദ്ധിക്കുകയും, ഇതുപോലെ ആശ്രിതവാത്സല്യമുള്ള ഒരു ദേവൻ ത്രൈലോക്യത്തിലും ഇല്ലെന്നു മുക്തകണ്ഠം ഘോഷിക്കുകയുംചെയ്തു.

സുന്ദരേശ്വരപാദശേഖരപാണ്ഡ്യനും അന്നുമുതൽ പൂർവ്വാധികമായ ഭക്തിവിശ്വാസങ്ങൾ ഹാലാസ്യേശ്വരനിൽ വർദ്ധിച്ചെന്നുമാത്രമല്ല, അദ്ദേഹം ഹാലാസ്യക്ഷേത്രത്തിലെ ഉന്നതങ്ങളായ ഗോപുരങ്ങളും പ്രാസാദങ്ങളുംമററും വിലതീരാത്ത രത്നക്കല്ലുകളെക്കൊണ്ടു് അലംകരിക്കുകയും പതിവിൽ കൂടുതലായ പലപൂജാവിധികളും ഉത്സവങ്ങളുംഏർപ്പെടുത്തി നടത്തിത്തുടങ്ങുകയും

ചെയ്തു. സുന്ദരേശ്വരാനുഗ്രഹംകൊണ്ടു് അദ്ദേഹം ഭൂലോകപ്രഖ്യാതനായി ത്തീൎന്നതുമാത്രമല്ല അരോഗദൃഢഗാത്രനും സംഖ്യാതീതങ്ങളായ ബഹുവിധസമ്പത്തുകളുടെ ഉടമസ്ഥനും അരിജേതാവും സുഖാനുഭോഗിയും ഭക്താഗ്രണിയും ആയിഭവിച്ചു. അദ്ദേഹത്തിനു സുന്ദരേശ്വരകൃപാവിശേഷത്താൽവരഗുണൻഎന്നുള്ള നാമധേയത്തോടുകൂടി സൽഗുണസമ്പന്നനും വീൎയ്യശൌൎയ്യപരാക്രമശാലിയുംആയ ഒരു പുത്രൻ ജാതനായി. ഒടുവിൽ അദ്ദേഹം പുത്രനായ വരഗുണനിൽ, രാജ്യഭാരം സമൎപ്പിച്ചുംവച്ചു്, തപോവൃത്തിയിൽ ഇരുന്നുകൊണ്ടു്, സുന്ദരേശ്വരപാദപങ്കജങ്ങളിൽ ലയിച്ചു.

അല്ലയോ മുനിപുംഗവന്മാരേ! സുന്ദരേശ്വരൻ തൻെറ ഭക്തന്മാൎക്കുവേണ്ടി ഇന്നതെല്ലാമേ ചെയ്യാവൂ എന്നൊന്നും ഇല്ല. അദ്ദേഹം, ഭക്തിപൂൎവ്വം തന്നെ ഭജിക്കുന്നവരുടെ ഇഷ്ടസിദ്ധിക്കു വേണ്ടി എന്തുംതന്നെയും ചെയ്തുകൊള്ളും. അദ്ദേഹത്തെ യഥാൎത്ഥമായ ഭക്തിയോടുകൂടെ ഭജിച്ചിട്ടുള്ളവരിൽ ഒരുത്തരും അനുഗ്രഹം സാധിക്കാതെ പിൻമടങ്ങിയതായി കേട്ടുകേൾവിപോലും ഇല്ല. അതുകൊണ്ടു് സേവിക്കുന്നെങ്കിൽ ഹാലാസ്യനാഥനെത്തന്നെ സേവിക്കണം. സുന്ദരേശ്വരപാദഭക്തികൂലം ലഭിക്കുന്നതുപോലെയുള്ള ഗണ്യമായഫലം മറെറാരുദേവനെ ഭജിച്ചാലും സിദ്ധിക്കുന്നതല്ല. ശിവഭക്തികൊണ്ടു് പുരുഷാൎത്ഥങ്ങൾ നാലും സിദ്ധിക്കും. അനവധിഭക്തന്മാൎക്കു അപ്രകാരം സിദ്ധിച്ചതായി എനിക്കു അറിയുകയുംചെയ്യാം. അല്ലയോ താപസവൎയ്യന്മാരെ! നിങ്ങൾ കദംബകാനനവാസിയായ സുന്ദരേശ്വരമൂൎത്തിയുടെ അതിവിചിത്രമായ മുപ്പത്തിഒമ്പതാമത്തെ ലീലയെ ശ്രവിച്ചുവല്ലൊ. ഈ സൎവ്വദുഃഖവിനാശിനിയായ ലീലയെ ഭക്തിപൂൎവ്വം പഠിക്കുകയും കേൾക്കുകയും ചെയ്യുന്നവൎക്കു് ഐഹികമായും ആമുഷ്മികമായും വേണ്ടതെല്ലാം ലഭിക്കുന്നതാണു്.

വൃദ്ധവൈദ്യരൂപംധരിച്ച

മുപ്പത്തിഒമ്പതാം ലീല സമാപ്തം.

# ഹാലാസ്യമാഹാത്മ്യം

## കേരളഭാഷാഗദ്യം.

### ൪൰-ാം അദ്ധ്യായം.

### വരഗുണപാണ്ഡ്യന്റെ ബ്രഹ്മഹത്യാദോഷം തീൎത്ത

## നാല്പതാം ലീല.

കർപ്പൂരസുന്ദരേശ്വരനും കദംബവനവാസിയും ആയ ഹാലാസ്യനാഥൻ വൃദ്ധവൈശ്യന്റെ വേഷം ധരിച്ചു് വ്യവഹാരത്തിൽ, അൎത്ഥപതിയെന്നുപേരായ വൈശ്യപ്രഭുവിന്റെ മരുപുത്രനു വസ്തുവകകൾ വാങ്ങിച്ചുകൊടുത്ത സുന്ദരേശ്വരന്റെ പരിപാവനമായ മുപ്പത്തിഒമ്പതാമത്തെ ലീലയെക്കേട്ടു് അത്യന്തം വിസ്മയചിത്തന്മാരും ഭക്തിപാരവശ്യന്മാരും ആയിത്തീൎന്ന വസിഷ്ഠാദിമഹൎഷികൾ, വീണ്ടും കുംഭസംഭവനോടു "അല്ലയോ ശൈവാഗമധൎമ്മമൎമ്മജ്ഞാനിയായ കുംഭസംഭവ! പരമേശ്വരന്റെ അതിവിചിത്രമായ മുപ്പത്തിഒമ്പതാമത്തെ ലീലയെ കേൾക്കകമൂലം ഞങ്ങളുടെ എല്ലാവിധപാപങ്ങളും അവസാനിച്ചതായി ഞങ്ങൾക്ക തോന്നുന്നു. തന്മൂലം ഞങ്ങൾ ഏറ്റവും കൃതാൎത്ഥരും ആയി. ഇനി അടുത്തലീല ഏതാണോ? അതുംകൂടി ഞങ്ങളെ കേൾപ്പിക്കണം" എന്നിങ്ങനെ അപേക്ഷിച്ചതിനെക്കേട്ടു് അത്യന്തം സന്തുഷ്ടനായ അഗസ്ത്യമഹൎഷി ഇപ്രകാരം പറഞ്ഞു-

"അല്ലയോ താപസന്മാരേ! അടുത്തതു്, മധുരാപുരാധിപനായ വരഗുണപാണ്ഡ്യന്റെ ബ്രഹ്മഹത്യാപാപം തീൎത്തു അദ്ദേഹത്തിനു ശ്രീകൈലാസം കാണിച്ചു കൊടുത്തതായ നാല്പതാമത്തെ ലീലയാണു്. ഈ അതിവിശിഷ്ടമായ ലീലയെ കേട്ടാൽ എല്ലാവിധപാപങ്ങളും അവസാനിക്കും. ഞാൻ അതിനെ വിസ്താരമായി നിങ്ങളെ കേൾപ്പിക്കാം; നിങ്ങൾ ശ്രദ്ധാപൂൎവം കേട്ടുകൊള്ളുവിൻ" എന്നിങ്ങനെ അരുളിച്ചെയ്തിട്ടു് താഴെവരുംമാറു കഥയാരംഭിച്ചു.—

"പവിത്രതമമായ പാണ്ഡ്യരാജ്യത്തിന്റെ ഭരണകൎത്താവായി ഭവിച്ച വരഗുണപാണ്ഡ്യൻ, ഭൂലോകത്തിൽ ഉള്ള എല്ലാ രാജാക്കന്മാരിൽവച്ചും വളരെ വളരെ ശ്രേഷ്ഠനായിരുന്നു എന്നു മാത്രമല്ല, രാജ്യലക്ഷ്മിയുടെ പരിലാളനകൊണ്ടു് അദ്ദേഹം രണ്ടാമത്തെ വിഷ്ണുവായും, വേദജ്ഞാനത്തിൽ ഉള്ള

അപാരനൈപുണ്യംകൊണ്ട് രണ്ടാമത്തെ ബ്രഹ്മാവായും പ്രജാപരിപാലനത്തിൽ കാണിച്ചുവന്ന സീമാതീതമായ ദയതുടങ്ങിയ ഗുണങ്ങളെക്കൊണ്ട് അനന്യനായ പ്രജാപതിയായും, സത്യപരിപാലനവും സൎവജ്ഞതയും, ഇന്ദ്രിയനിഗ്രഹതയുംകൊണ്ട്, ശിവസന്നിഭനായും, അദ്ദേഹത്തെ ഭൂലോകവാസികൾ ഒന്നുപോലെ കൊണ്ടാടി. വിക്രമംകൊണ്ട് അദ്ദേഹം ബിഡൗജസ്സിൻെറയും, സമ്പത്തുകൊണ്ട് രാജരാജൻെറയും, കാന്തികൊണ്ട് കന്ദൎപ്പൻെറയും, തേജസ്സുകൊണ്ട് ഭാസ്കരൻെറയും വിദ്യാകൌശല്യംകൊണ്ട് സരസ്വതീദേവിയുടേയും അതുല്യമായ കീൎത്തിക്കു കളങ്കത്തെ ഉണ്ടാക്കി. ബുദ്ധിവൈഭവം വിചാരിച്ചാൽ ബൃഹസ്പതിയും, ഗാംഭീൎയ്യംകൊണ്ട് സമുദ്രവും സ്ഥൈൎയ്യംകൊണ്ട് അദ്രിയും, അദ്ദേഹത്തിനു തുല്യമല്ലായിരുന്നു.

ഇപ്രകാരം അതുല്യനും സൎവസൽഗുണസമ്പൂൎണ്ണനും യശോധാവള്യംകൊണ്ട് ത്രൈലോക്യത്തേയും ഒന്നുപോലെ വെളുപ്പിച്ചവനും ആയ ആ വരഗുണപാണ്ഡ്യൻ, കരുണാവരുണാലയരായ മീനാക്ഷീസുന്ദരേശന്മാരുടെ ചരണാംബുജയുഗളങ്ങളിൽ അപാരമായ ഭക്തിയോടുകൂടെ അനുദിവസവും വണങ്ങി, ഭംഗിയാകുംവണ്ണം രാജ്യപാലനവും ചെയ്ത് ആനന്ദസാഗരനിമഗ്നനായി വാഴുന്ന കാലത്തിൽ ഒരുദിവസം, അദ്ദേഹം മൃഗയാവിനോദത്തിനായി വനത്തിൽ പോകണമെന്നു നിശ്ചയിച്ച് രാജസേവകന്മാരോട് നായാട്ടിനു വേണ്ട വട്ടങ്ങൾ എല്ലാം ഒരുക്കുന്നതിന് ആജ്ഞാപിച്ചു.

രാജകല്പനപ്രകാരം അവർ വേണ്ടതെല്ലാം ഒരുക്കി. അനന്തരം അദ്ദേഹം നായാടികളോടുകൂടെ അശ്വാരൂഢനായി കാനനത്തിലേക്കു യാത്രതിരിച്ചു. കാലതാമസമെന്യേ രാജാവും നായാടികളുംകൂടി അത്യുന്നതങ്ങളായ വന്യവൃക്ഷങ്ങളാൽ ആക്രാന്തവും, സിംഹവ്യാഘ്രശരഭാദികളായ ഘോരമൃഗങ്ങളാൽ സേവിതവും അത്യന്തം ഗഹനവും ആയ ഒരു വനത്തിൽ പ്രവേശിച്ച് കൌതുകകരമാകുംവണ്ണം വിവിധജാതിയിലുള്ള മൃഗങ്ങളേയും ശ്രദ്ധാപൂൎവം ഇളക്കിയും ഓട്ടിച്ചും അസ്ത്രങ്ങൾ അയച്ചു വധിച്ചും ഉത്സാഹത്തോടുകൂടെ നായാട്ടുനടത്തിയുംകൊണ്ട് സമയം പോയതറിയാതെ നേരം അസ്തമനം അടുക്കുന്നതുവരേയും അവർ ആ കാനനത്തിൽതന്നെ കഴിച്ചുകൂട്ടി. സൂൎയ്യാസ്തമയത്തോടുകൂടെ രാത്രിയാകുന്ന രാക്ഷസി അന്ധകാരമാകുന്ന കാൎക്കൂന്തലും അഴിച്ചു. രാജാവും പരിവാരങ്ങളും മൃഗയാവിനോദത്തിൽനിന്നു പിന്തിരിഞ്ഞ് മധുരാപുരംനോക്കി പ്രയാണം ആരംഭിച്ചു. പാണ്ഡ്യവംശശിഖാമണിയായ വരഗുണപാണ്ഡ്യൻ നേരം അസമയംആയതുമൂലം താൻ ആരോഹണംചെയ്തിരുന്ന അശ്വത്തെ അതിവേഗത്തിൽ പലായനംചെയ്യിപ്പിച്ചുകൊണ്ടായിരുന്നു രാജധാനിയിലേക്കു പുറപ്പെട്ടത്. വഴിമദ്ധ്യേ ഒരുസ്ഥലത്തു ഒരുവൃക്ഷത്തിൻെറചുവട്ടിൽ ഒരു ബ്രാഹ്മണൻകിടന്നുറങ്ങുന്നുണ്ടായിരുന്നു. ഉഗ്രസവാരിമൂലം രാജാവു് അതു കണ്ടില്ല. അതിവേഗത്തിൽ ആ വഴിയേക്കൂടി പാഞ്ഞുപോയ കുതിരയു

ടെ ഖുരപാതംകൊണ്ടു് ഒരു ബ്രാഹ്മണൻ കാലവശഗതനാവുന്നതിനു സംഗതിയായി. രാജാവു് ഈ വിവരമറിയാതെ രാജധാനിയിൽവന്നു് നീരാട്ടും അമൃതേത്തും മററും കഴിച്ചു് നിദ്രയാരംഭിച്ചു.

മററുള്ള വിപ്രന്മാർ ഈ വിവരം അറിഞ്ഞു് നേരം പുലന്നു ഉടൻ തന്നെ രാജാശ്വത്തിൻെറ ഖുരപാതത്താൽ ഗതജീവനായ ബ്രാഹ്മണൻെറ ശവപുരെടുത്തുംകൊണ്ടു്, രാജദ്വാരത്തിൽ വന്നുകൂടി. ഇതിൽപ്പരമില്ലാത്ത ഖേദപാരവശ്യത്തോടുകൂടെ ആക്രന്ദനംതുടങ്ങി. അവരുടെ രോദനംകേട്ടു പള്ളിയുണന്ന രാജാവു്, മന്ത്രിമാരോടു വെളിയിൽകേൾക്കുന്ന ഘോഷം എന്താണെന്നു പോയി അന്വേഷിക്കാൻ കല്പിച്ചു. അവർ ബ്രാഹ്മണരുടെ അടുക്കൽപോയി, നിലവിളിക്കുന്നതിൻെറ കാരണം എന്തെന്നു ചോദിച്ചതിൽ, രാജാവിൻെറ കുതിരയുടെ ചവിട്ടുകൊണ്ടു മൃതനായ ബ്രാഹ്മണൻെറ ശവശരീരം കാണിച്ചുംകൊണ്ടു് ഇന്നലെ സന്ധ്യയ്ക്കുമേൽ മഹാരാജാവുതിരുമനസ്സുകൊണ്ടു്, നായാട്ടുകഴിഞ്ഞു് വളരെവേഗത്തിൽ കുതിരയേയുംഓടിച്ചുകൊണ്ടു് കൊട്ടാരത്തിലേക്കു പോകുമ്പോൾ കുതിരയുടെ ചവിട്ടുകൊണ്ടു് വഴിമദ്ധ്യേ ഉറങ്ങിക്കിടന്നിരുന്ന ഈ വിപ്രൻ മരിച്ചുപോയി. ഇവൻെറ കഴുത്തിൽ കുതിരയുടെ കുളമ്പുകൊണ്ടു പാടുകിടക്കുന്നതിനെ കണ്ടാലും എന്നിങ്ങനെ അവർ പറഞ്ഞു.

മന്ത്രിമാൎക്കു് ബ്രാഹ്മണരുടെ വാക്കുകൾകേട്ടതിൽ വളരെ വ്യസനമുണ്ടായെന്നുമാത്രമല്ല, അവർ കുറേനേരത്തോളവും ബ്രാഹ്മണവധംകൊണ്ടു് മഹാരാജാവിനു നേരിട്ടിരിക്കുന്ന ബ്രഹ്മഹത്യാദോഷത്തെഭയന്നു് വല്ലാതെ അന്ധാളിച്ചു നിന്നുപോകുകയുംചെയ്തു. അനന്തരം അവർ പ്രേതസംസ്കാരത്തിനുവേണ്ട ഉപകരണങ്ങളും കൂടെ ഉണ്ടായിരുന്നവൎക്കു് അനവധി വസ്ത്രങ്ങളും ആഭരണങ്ങളും മററും നല്കി സന്തോഷിപ്പിച്ചു അവരെയെല്ലാം പ്രേതസംസ്കാരകൎമ്മത്തിന്നായി അയച്ചിട്ടു ഈവിവരം രാജാവിനെ അറിയിച്ചു.

രാജാവു് അതുകേട്ടപ്പോൾ ഉണ്ടായ സംഭ്രമവും വ്യസനവും പശ്ചാത്താപവും ഇന്നപ്രകാരമാണെന്നു ഒരുത്തരേക്കൊണ്ടും പറഞ്ഞറിയിക്കാൻ ഒക്കുന്നതല്ല. അദ്ദേഹം അനന്തരകാൎയ്യം എന്തെന്നു ചിന്തിക്കുന്നതിനുപോലും ശക്തനല്ലാതെ വളരേനേരത്തോളവും വിഷണ്ണനായിനിന്നു. അനന്തരം മന്ത്രികളോടു, നിങ്ങൾ, മതിവിചക്ഷണന്മാരായ പുരോഹിതന്മാരെവരുത്തി പ്രമാദംകൊണ്ടു് നേരിട്ട ബ്രഹ്മഹത്യാപാപശാന്തിക്കു പ്രായശ്ചിത്തം എന്താണെന്നു അന്വേഷിക്കണമെന്നാജ്ഞാപിച്ചു. ഉടൻതന്നെ മതിവിദഗ്ദ്ധന്മാരായ ചില പുരോഹിതന്മാർ അവിടെ ആഗതന്മാരായി. അവരോടു ബ്രഹ്മഹത്യാപാപശാന്തിക്കു എന്തൊന്നു ചെയ്യണമെന്നു ചോദിച്ചു.

വൈദികപ്രമാണികളും പുരോഹിതശ്രേഷ്ഠന്മാരുമായ അവർ പ്രമാദം കൊണ്ടുനേരിട്ട ബ്രഹ്മഹത്യാപാപശാന്തിക്കുവേണ്ടി, കാലവിളംബംകൂടാതെ ഗോദാനവും, ഭൂദാനവും, സ്വർണ്ണദാനവുംമററും നടത്തുകയും നദീതീരങ്ങളിൽ പാകാലയങ്ങൾ ഉണ്ടാക്കി വളരെക്കാലം അനവധി ഉത്തമബ്രാഹ്മണക്ക് അന്നദാനംചെയ്യുകയും, പെരുവഴികളിൽ തണ്ണീർപ്പന്തലുകൾ കെട്ടിച്ച് വെള്ളംകഴിപ്പിക്കുകയും, പശുക്കൾക്കു ദ്വൈദാനം ചെയ്യുകയും, പഞ്ചമഹാപാതകങ്ങളെ നശിപ്പിക്കുന്നതിൽ അദ്വിതീയമായ സാമത്ഥ്യത്തോടുകൂടിയ പഞ്ചഗവ്യത്തെവിധിപ്രകാരംജപിച്ചുപ്രതിദിനംസേവിക്കുകയും അശ്വത്ഥവൃക്ഷപ്രദക്ഷിണംചെയ്യുകയുംമററും ചെയ്യണമെന്ന് ഐകകണ്ഠേന അഭിപ്രായപ്പെടുകയും, രാജാവു് അപ്രകാരമെല്ലാംതന്നെ ചെയ്യുകയുംചെയ്തു.

ശാസ്ത്രജ്ഞന്മാരും തപസ്വികളുംആയ വിപ്രന്മാരുടെ ഉപദേശംഅനുസരിച്ച് മേൽപ്രകാരമെല്ലാം ചെയ്തിട്ടും, ബ്രഹ്മഹത്യ രാജാവിനെ വിട്ടുമാറിയില്ല. ആ പാപം കൃഷ്ണവർണ്ണത്തിലുള്ള ഒരു ഘോരാകാരയായ രാക്ഷസിയുടെരൂപത്തിൽ മുസലവുംഏന്തി നിഴലെന്നപോലെ ഒരിക്കലും വിട്ടുമാറാതെ അദ്ദേഹത്തെ പിന്തുടന്നുവന്നു. രാജാവു് എപ്പോൾ തിരിഞ്ഞുനോക്കിയാലും ഒരു ഭയങ്കരസത്വം ഗുഹപോലെ വായുംപൊളിച്ചുകൊണ്ടു് പുറകിൽ ഉണ്ടു്. ഇതെന്തെന്നുള്ള ചിന്തയും അതിൽനിന്നും തനിക്കുവല്ലആപത്തുകളും നേരിട്ടേക്കുമോഎന്നുള്ള ഭയവും രാജാവിനെ സർവ്വദാ പീഡിപ്പിച്ചുതുടങ്ങി. പലപ്പോഴും ഈ ഭയങ്കരസത്വാനുഗമനത്തെ ഇല്ലാതാക്കുവാൻ എന്താണുചെയ്യേണ്ടതെന്നും ആലോചിച്ചുതുടങ്ങി.

വസിഷ്ഠാദിമാമുനിമാർ അതുകേട്ടു്, വിസ്മയപൂർവ്വം അഗസ്ത്യരോടു ഇങ്ങിനെചോദിച്ചു.

“അല്ലയോ ഭഗവാനേ! ഹാലാസ്യക്ഷേത്രത്തിൻെറ സീമയിൽ പ്രവേശിച്ചപ്പോൾ ദേവേന്ദ്രൻെറ അതിഭയങ്കരവും ഒന്നുകൊണ്ടും ശമിക്കാതിരുന്നതുമായ ബ്രഹ്മഹത്യാപാപം സൂര്യോദയത്തിൽ ഹിമകണം എന്നപോലെ നാമാവശേഷിതമായതായി നിന്തിരുവടി ഞങ്ങളോടു് മുമ്പേ പറയുകയും ഇപ്പോൾ, സർവ്വഥാ ഹാലാസ്യക്ഷേത്രവാസിയും, പരമേശ്വരഭക്താഗ്രഗണ്യനം ആയ വരഗുണപാണ്ഡ്യനെ എന്തെല്ലാം പ്രായശ്ചിത്തകർമ്മങ്ങൾ ചെയ്തിട്ടും വിട്ടുമാറാതെ ഹാലാസ്യക്ഷേത്രത്തിൽ പ്രവേശിച്ചുംഉപദ്രവിച്ചുംവന്നു എന്നു് പറയുകയുംചെയ്തതു് പൂർവ്വാപരവിരുദ്ധമല്ലയോ എന്നു ഞങ്ങൾ ശങ്കിക്കുന്നു. അതല്ല, ദേവേന്ദ്രനു അപ്രകാരവും വരഗുണപാണ്ഡ്യനു് ഇപ്രകാരവും സംഭവിച്ചതു് വല്ല പ്രത്യേക കാരണവുംകൊണ്ടാണെങ്കിൽ അതെന്താണെന്നും അരുളിച്ചെയ്‌വാൻ ദയവുണ്ടാകണം.

അഗസ്ത്യൻ അതുകേട്ടു്, മന്ദഹാസപൂർവ്വം ഇങ്ങനെ പറഞ്ഞു:—

"അല്ലയോ മാഹർഷിപുംഗവന്മാരേ! നിങ്ങളുടെ ഈചോദ്യം വളരെ സമയോചിതവും സാരവത്തുംതന്നെ. ദേവേന്ദ്രന്റെ ബ്രഹ്മഹത്യാപാപം ക്ഷേത്രപ്രവേശനമാത്രത്താൽ ശമിച്ചതിനും വരഗുണപാണ്ഡ്യൻ സർവ്വദാ ഹാലാസ്യക്ഷേത്രവാസിയായിരുന്നിട്ടും അദ്ദേഹത്തിന്റെ പാപം ശമിക്കാതെയിരുന്നതിനും തക്കകാരണമുണ്ട്. എന്തെന്നാൽ, സാധാരണ സ്ഥലങ്ങളിൽവച്ച് ചെയ്യുന്ന പാപങ്ങൾ പുണ്യസ്ഥാനപ്രവേശനംകൊണ്ടും, പുണ്യസ്ഥാനങ്ങളിൽവച്ചുചെയ്യുന്ന പാപങ്ങൾ, ശിവക്ഷേത്രപ്രവേശനംകൊണ്ടും മററുള്ള ശിവക്ഷേത്രങ്ങളിൽവെച്ച് ചെയ്യുന്ന പാപങ്ങൾ ശിവക്ഷേത്രോത്തമമായ ഹാലാസ്യപ്രവേശനംകൊണ്ടും നശിച്ചുപോകുന്നു. എന്നാൽ ഹാലാസ്യത്തിൽവച്ചുചെയ്ത പാപങ്ങൾ അനുഭവിക്കാതെ തീരുന്നതല്ല. ശിവക്ഷേത്രോത്തമോത്തമവും ദേശാന്തസ്ഥാനവും ആകുന്ന ഹാലാസ്യത്തിൽ വച്ച് ചെയ്യുന്ന സുകൃതദുഷ്കൃതങ്ങൾക്ക് ഒരിക്കലും അവസാനമുണ്ടാകുന്നതല്ല. അതുകൊണ്ടത്രേ വരഗുണപാണ്ഡ്യൻ ഹാലാസ്യത്തിൽവസിച്ചിട്ടും അദ്ദേഹത്തിന്റെ പാപംതീരാഞ്ഞത്. ഹാലാസ്യത്തിൽവെച്ച് ഏതൊരു ജീവിതന്നെ ആയിരുന്നാലും ചെയ്യുന്ന യാതൊരു സുകൃതങ്ങൾക്കും ഒരിക്കലും നാശമുണ്ടാകുന്നതല്ലെങ്കിലും, ആർത്തത്രാണപരായണനും കരുണാമൂർത്തിയും ആയ ഹാലാസ്യേശ്വരന്റെ അസാധാരണാനുകൂല്യവൈഭവംകൊണ്ട് വരഗുണപാണ്ഡ്യന്റെ ബ്രഹ്മഹത്യാപാപം ശമിച്ചു. അത് ഞാൻ വിവരമായിപ്പറയാം. നിങ്ങൾ ശ്രദ്ധവച്ചു കേട്ടുകൊള്ളുവിൻ!"

"അല്ലയോ മുനിപുംഗവന്മാരെ! ശിവപ്രസാദയുക്തന്മാർക്ക് യാതൊന്നും അസാദ്ധ്യമായിട്ടില്ലെന്നുള്ളതിനു വരഗുണപാണ്ഡ്യന്റെ കഥ വളരെ ഉത്തമമായ ഒരു ദൃഷ്ടാന്തമാണ്. അന്യസ്ഥലങ്ങളിൽ ചിരകാലതപസ്സുകൊണ്ടു സാധിക്കുന്ന വലിയവലിയ ഫലങ്ങൾ എല്ലാം ഹാലാസ്യത്തിൽ അല്പമായ തപസ്സുകൊണ്ടു സാധിക്കും. അതുകൊണ്ട് മർത്ത്യനായി ജനിച്ചാൽ മുഖ്യമായും വേണ്ടത് ഹാലാസ്യനാഥനായ സുന്ദരേശ്വരനെ സേവിച്ചു പ്രസാദിപ്പിക്കുകയാണ്.

അല്ലയോ വസിഷ്ഠാദിമാമുനീശ്വരന്മാരെ! ഇനി ഞാൻ കഥാശേഷത്തെ വിശദമായി പറയാം ശ്രവിച്ചുകൊള്ളുവിൻ.

ബ്രഹ്മഹത്യാപാപനിപീഡിതനായ വരഗുണപാണ്ഡ്യൻ തൽശാന്തിക്കുള്ള വഴികാണാതെ ചിന്താപരവശനും ഭയവിഹ്വലനുമായി വാഴുന്ന കാലത്തിൽ ഒരിക്കൽ, അത്യുത്തമനായ ഒരു ശിവഭക്തൻ യദൃച്ഛയാ രാജസന്നിധിയിൽ വന്നു കൂടുകയും അദ്ദേഹത്തെ ഈവിവരം ധരിപ്പിച്ചപ്പോൾ, എടവിടാതെയുള്ള സുന്ദരേശ്വരക്ഷേത്രപ്രദക്ഷിണംകൊണ്ട് ഈ മഹാപാപത്തെ ശമിപ്പിക്കാമെന്നു പറയുകയും ചെയ്തു,,

വരഗുണപാണ്ഡ്യൻ അതുതന്നെ തനിക്കു രക്ഷാമാർഗ്ഗമെന്നു വിശ്വസിച്ചുകൊണ്ട്, ഉടൻതന്നെ ഹാലാസ്യക്ഷേത്രത്തിൽപോയി പ്രദക്ഷിണംതു

ടങ്ങി. പത്തുദിവസംകൊണ്ടു് ആയിരത്തിഎട്ടു പ്രദക്ഷിണംചെയ്തു. അനന്തരം അത്യന്തഹീനമായ സുന്ദരേശ്വരലിംഗത്തിനു അഭിമുഖമായി സാഷ്ടാംഗ പ്രണാമംചെയ്തിട്ടു വിവിധവിധത്തിൽ അദ്ദേഹത്തെ സ്തുതിച്ചു. ഉടൻതന്നെ ആകാശത്തിൽനിന്നും ഇപ്രകാരം അശരീരിവാക്കുകേട്ടു.

"അല്ലയോ വരഗുണപാണ്ഡ്യാ! നിൻെറ പുണ്യപാപഫലങ്ങളെ ഞാൻ വിവരമായി പറയാം. കേട്ടുകൊള്ളുക. നീ ചെയ്ത വിപ്രഹത്യാപാപത്തിനു ഒരിക്കലും അവസാനമില്ല. അതുപോലെതന്നെ മൽക്ഷേത്രപ്രദക്ഷിണംചെയ്തു സമ്പാദിച്ച പുണ്യത്തിനും അന്തമില്ല. എൻെറ ക്ഷേത്രപ്രദക്ഷിണത്തിനായി ഒരുത്തൻ എത്ര അടികൾ വയ്ക്കുന്നുവോ അത്രയും അശ്വമേധയാഗംചെയ്ത ഫലവും, സർവ്വദാനഫലവും അവനു യാതൊരു സംശയവുംകൂടാതെ സിദ്ധിക്കും. എൻെറ ക്ഷേത്രപ്രദക്ഷിണനമസ്കാരംപോലെ ശ്രേഷ്ഠമായി യാതൊരുപുണ്യപ്രവൃത്തിയും ഇല്ല. മേരുമന്ദരം, കൈലാസം, കാശി, ശ്രീപർവ്വതം, ചിദംബരംമുതലായ മുഖ്യശിവക്ഷേത്രങ്ങളിൽ എല്ലാംഉള്ള ലിംഗങ്ങളിൽഒക്കെയും സാന്നിദ്ധ്യംചെയ്യുന്നതു് ഞാൻതന്നെയാണു്. ആ പുണ്യക്ഷേത്രങ്ങളിൽ എല്ലാംപോയി സേവിച്ചാൽ യാതൊരുഫലം ഉണ്ടാകുമോ ആ ഫലംമുഴുവൻ ഇവിടെവന്നു എന്നെ സേവിച്ചാൽ ഉണ്ടാകുന്നതാണു്. എങ്കിലുംഎൻെറ എല്ലാലിംഗങ്ങളിലുംവച്ചു് ശ്രേഷ്ഠമായി മദ്ധ്യാർജ്ജുനത്തിൽ ഒരു ലിംഗംഉണ്ടു്. ആലിംഗം മഹാപാപനാശകരവും ഉടനടി പുണ്യഫലത്തെ പ്രദാനംചെയ്യുന്നതും ആണു്. അതുകൊണ്ടു് അങ്ങു്, എൻെറ മദ്ധ്യാർജ്ജുനലിംഗംഎവിടെക്കാണുന്നുവോ അവിടെപ്പോയി ബ്രഹ്മഹത്യാപാപത്തെ മോചിപ്പിച്ചാലും. കാഞ്ചീപുരാധിപനായചോളൻ ഇപ്പോൾ നിന്നോടു യുദ്ധത്തിനായിവരും. എൻെറ പ്രസാദംകൊണ്ടു, നീ അവനെ ജയിച്ചു മദ്ധ്യാർജ്ജുനത്തിൽ പ്രവേശിച്ചുകൊള്ളുക."

ഭക്താർത്തിഭഞ്ജനനായ ഭഗവാൻെറ ഇപ്രകാരമുള്ള അശരീരിവാക്കുകളെ കേട്ടു് വിസ്മിതനായ വരഗുണപാണ്ഡ്യൻ പഞ്ചാക്ഷരമന്ത്രജപത്തോടുകൂടെ പിന്നെയും പിന്നെയും കദംബകാനനവാസിയും കരുണാവരുണാലയനും ആയ ഹാലാസ്യേശ്വരനെ പ്രണമിച്ചു ആനന്ദസാഗരനിമഗ്നനായി സ്വാലയം പ്രവേശിച്ചു് ചോളഗമനവും നിരീക്ഷിച്ചുകൊണ്ടിരുന്നു. കാലതാമസമെന്യേ യുദ്ധസന്നദ്ധനായ ചോളരാജാവു് അമിതസൈന്യസഹായനായി മധുരയിൽ വന്നു് വരഗുണപാണ്ഡ്യനെ പോരിനു വിളിച്ചു. സുന്ദരേശ്വരഭക്താഗ്രണിയും വീര്യശൌര്യപരാക്രമശാലിയുമായ വരഗുണപാണ്ഡ്യൻ ഉടൻതന്നെ സൈന്യസമേതം ചോളനെ തടുത്തു അതിഭയങ്കരമായ യുദ്ധം ചെയ്തു. യുദ്ധത്തിൽ ചോളഭൂപൻ പരാജിതനായി. പാണ്ഡ്യഭൂപൻെറയും അദ്ദേഹത്തിൻെറ സൈന്യങ്ങളുടെയും യുദ്ധപരാക്രമം കണ്ടു് ഭയോൽഭ്രാന്തവിഹ്വലനായ ചോളഭൂപൻ, പാണ്ഡ്യനും സൈന്യങ്ങളും കാണിക്കുന്ന പരാക്രമപ്രക്രമങ്ങളെല്ലാം ഹാലാസ്യേശ്വരനായ സുന്ദരേശ്വരൻെറ

ാനുഗ്രഹവൈഭവംകൊണ്ടാണെന്നു തീർച്ചയാക്കി. സപരസൈന്യങ്ങളോടുകൂടെ പ്രാണരക്ഷാർത്ഥം പിന്തിരിഞ്ഞോടിത്തുടങ്ങി. വരഗുണപാണ്ഡ്യൻ ആകട്ടെ ഭയാക്രാന്തന്മാരായി പലായനംചെയ്യുന്ന ശത്രുവിനെയും സൈന്യങ്ങളെയും അനുധാവനം ചെയ്യുകയാണെന്നുള്ള വ്യാജേന മദ്ധ്യാർജ്ജുനമഹാലിംഗത്തെ അന്വേഷിച്ചു അവരുടെ പിറകേ പ്രയാണം തുടങ്ങി. വരഗുണപാണ്ഡ്യനും സൈന്യങ്ങളും കൂടെ കാലതാമസമെന്യേ പാപശാന്തിപ്രദവും മഹാപുണ്യസ്ഥാനവും ആയ മദ്ധ്യാർജ്ജുനത്തിൽ എത്തി. രാജാവിന്റെ ഭാഗ്യംകൊണ്ടു അവർ മദ്ധ്യാർജ്ജുനമഹാസ്ഥാനത്തിൽ എത്തിയദിവസം പൌഷമാസത്തിലെ ഒരു പൌർണ്ണമി ആയിരുന്നു. പുണ്യകാലത്തിൽ പുണ്യദേശാഗതനായ ആ പുണ്യഭൂപൻ പരമപാവനമായ കാവേരീനദിയിൽ ഇറങ്ങി സ്നാനം ചെയ്തു് നിത്യകർമ്മങ്ങളെല്ലാം കഴിച്ചു്, മദ്ധ്യാർജ്ജുനേശനെ ദർശിപ്പാനായി ക്ഷേത്രത്തിനകത്തു പ്രവേശിക്കാൻ തുടങ്ങിയപ്പോൾ, അതേവരെയും നിഴലെന്നപോലെ വരഗുണപാണ്ഡ്യനെ പിന്തുടർന്നുവന്ന ബ്രഹ്മഹത്യാ സഞ്ചിതകർമ്മഹീനനായ ജീവാത്മാവിനെ അജ്ഞാനമെന്നപോലെ വേർപെട്ടു മതിൽക്കുപുറത്തു നിലയായി. എപ്പോൾ ബ്രഹ്മഹത്യാനുഗമനം നീങ്ങിയോ അപ്പോൾമുതൽ, വരഗുണപാണ്ഡ്യൻ എതിരില്ലാത്ത ആനന്ദത്തിനു പാത്രീഭൂതനായി. അദ്ദേഹത്തിനു് അതേവരെയും തലയിൽ കയററീട്ടുണ്ടായിരുന്ന എന്തോ ഒരു വലിയ ഭാരം നിലത്തിറങ്ങിയതുപോലെ തോന്നുകയും വിവിധവിചാരങ്ങളെക്കൊണ്ടും ഭയംകൊണ്ടും അതേവരെയും കലുഷമായിരുന്ന അദ്ദേഹത്തിന്റെ ഹൃദയം സ്വച്ഛമാവുകയും ചെയ്തു. ഇപ്രകാരം പാപഭാരം ഇറക്കി സന്തോഷാനന്ദാശയനായിത്തീർന്ന ആ വരഗുണപാണ്ഡ്യൻ മദ്ധ്യാർജ്ജുനവാസിയായ മഹേശ്വരനു അഭിമുഖമായി നിന്നുകൈക്കൂപ്പിയും കൊണ്ടു്, അല്ലയോ കൃപാവാരിധിയായ ഉമാപതേ! ബ്രഹ്മഹത്യാ മഹാപാപപീഡിതനായ എന്നെ നിന്തിരുവടി രക്ഷിക്കണമേ എന്നിങ്ങനെ പ്രാർത്ഥിച്ചു.

ഉടൻതന്നെ ആകാശത്തിൽ നിന്നും താഴെ പറയുംപ്രകാരം അശരീരിവാക്കുകേട്ടു.

അല്ലയോ വരഗുണപാണ്ഡ്യാ! അങ്ങു് മൽഭക്തന്മാരിലും, ബ്രാഹ്മണഭക്തന്മാരിലും അത്യുത്തമൻ ആണെന്നു എനിക്കറിയാം. ഭക്തവത്സലനായ ഞാൻ എന്റെ ഭക്തന്മാർക്കുണ്ടാകുന്ന എല്ലാവിധആപത്തുകളേയും എപ്രകാരമെങ്കിലും പരിഹരിക്കുകതന്നെചെയ്യും. അങ്ങേടെ പൂർവ്വജന്മകൃതമായ പാപമാണു് ഈ ജന്മത്തിൽ അതിഘോരമായ ബ്രഹ്മഹത്യാപീഡ സംഭവിക്കാൻ കാരണമായതു്. ആ പാപം ഇപ്പോൾ മുതൽ നീങ്ങിയിരിക്കുന്നു. ഇനി അതിന്റെ ഉപദ്രവം അങ്ങേയ്ക്കുണ്ടാകുന്നതല്ല. അങ്ങു് ഇന്നുമുതൽ പരിപൂർണ്ണതൃപ്തനായി വസിച്ചുകൊണ്ടാലും.

ഈ അശരീരിവാക്കു്, വരഗുണപാണ്ഡ്യനെ എത്രമാത്രം സന്തോഷഭരിതനാക്കിയെന്നു വിവരിക്കേണ്ടതില്ലല്ലോ. അനന്തരം അദ്ദേഹം വീണ്ടും പ

ലതവനയും മദ്ധ്യാർജ്ജുനവാസിയായ പരമേശ്വരനെ സാഷ്ടാംഗപ്രണാമം ചെയ്യുകയും സ്തുതിക്കുകയും ചെയ്തതിൻെറ ശേഷം കയറിപ്പോയ ഗോപുരദ്വാരത്തിൽ കൂടെത്തന്നെ ക്ഷേത്രത്തിനുവെളിയിൽ ഇറങ്ങി. അതിൽ പിന്നെ ബ്രഹ്മഹത്യ അദ്ദേഹത്തെ തീണ്ടുകപോലും ചെയ്തിട്ടില്ല- വരഗുണപാണ്ഡ്യൻ അനന്തരം മന്ദരോപമങ്ങളായ ശിലകൾകൊണ്ടു്, മദ്ധ്യാർജ്ജുനലിംഗശിവക്ഷേത്രത്തിൻെറ മതിലുകളും ഗോപുരങ്ങളും ഉണ്ടാക്കിക്കുകയും, കനകരത്നങ്ങളെക്കൊണ്ടു് പ്രാസാദം അലംകരിക്കുകയും മററും ചെയ്യുംവച്ചു് ധ്വജതോരണങ്ങളെക്കൊണ്ടു് മണ്ഡിതമായ മധുരയിൽ പ്രവേശിച്ചു് ചിദാത്മാവും സ്വപ്നാധനനും ജഗന്നാഥനും ഹാലാസ്യാധിപനും ആനന്ദമൂർത്തിയും ആയ സുന്ദരേശ്വരനു്, രത്നനിർമ്മിതങ്ങളായ ഖണ്ഡങ്ങളോടുകൂടിയ അനവധി മുത്തുക്കുടകളും, വെഞ്ചാമരങ്ങളും ആലവട്ടങ്ങളും ദുകൂലങ്ങളും വിചിത്രാഭരണങ്ങളും മററും പ്രദാനം ചെയ്യുകയും, വിവിധസ്തോത്രോച്ചാരണങ്ങളോടുകൂടെ ഭക്തിപുരസ്സരം അദ്ദേഹത്തെ സാഷ്ടാംഗപ്രണാമം ചെയ്യുകയും ചെയ്തു.

അനന്തരം മേൽപ്രകാരമുള്ള കൃത്യങ്ങളെക്കൊണ്ടു്, കൃതാർത്ഥനായിത്തീൎന്ന വരഗുണപാണ്ഡ്യൻ, കൊട്ടാരത്തിൽ പോയി പുരാണപാരായണകോവിദന്മാരും ശൈവാഗമവേദികളും ആയ അനവധി പൌരാണികപ്രമാണികളെ വരുത്തി അവരെക്കൊണ്ടു് ശൈവപുരാണങ്ങൾ എല്ലാം വായിപ്പിച്ചു കേട്ടു്, ഇതിൽപരമില്ലാത്ത ശിവഭക്തിയിൽ മുഴുകി പരമാനന്ദതൃപ്തനായി വസിച്ചു.

പുരാണശ്രവണംകൊണ്ടു്, എല്ലാലോകങ്ങളിലുംവെച്ചു ഉത്തമമായിട്ടുള്ളതു്, ശിവലോകമാണെന്നു് അദ്ദേഹത്തിനു മനസ്സിലായപ്പോൾ സുന്ദരേശപ്രസാദംകൊണ്ടു് ഇവിടെവെച്ചുതന്നെ ശിവലോകം കാണണമെന്നുള്ള അത്യാശ അപ്പോൾമുതൽ അദ്ദേഹത്തിനു വൎദ്ധിച്ചു. ഈ അവസരത്തിൽ വരഗുണപാണ്ഡ്യൻെറ ഭാഗ്യംകൊണ്ടു ശിവരാത്രിയും സംപ്രാപ്തമായി. ഉടൻതന്നെ വരഗുണപാണ്ഡ്യൻ, ഹാലാസ്യക്ഷേത്രത്തിൽപോയി വിധിപ്രകാരം സുന്ദരേശ്വരനെ വന്ദിച്ചുകൊണ്ടിപ്രകാരം പ്രാൎത്ഥിച്ചു.

"അല്ലയോ കദംബകാനനാധീശനും കരുണാവരുണാലയനും സത്യജ്ഞാനാനന്ദമയലിംഗമൂർത്തിയും ആയ സദാശിവ! നിത്യവും, ഇഷ്ടപ്രദവും പ്രമഥാദിഗണാവൃതവും ബ്രഹ്മാണ്ഡാദ്ധ്വാഗതവും ആയ നിന്തിരുവടിയുടെ ലോകത്തെ ഈ ഭൂലോകത്തിൽ എനിക്കു കാണിച്ചുതരണം."

ശിവഭക്തശിരോമണിയായ വരഗുണപാണ്ഡ്യൻെറ പ്രാൎത്ഥനകേട്ടു് ഭക്താർദ്രമാനസനായ ഹാലാസ്യേശ്വരൻ അത്യന്തം പ്രസന്നനായി സൎവ്വാത്ഭുതാലയമായ ശിവലോകത്തെ ഭൂലോകത്തിൽ രാജാവിനു കാണിച്ചുകൊടുത്തു. വിദ്യാധരഗണങ്ങളാൽ ഭൂഷിതമായ അനേകവിമാനങ്ങൾ

കൊണ്ടും കല്പകവൃക്ഷവനങ്ങൾകൊണ്ടും കാമധേനുക്കൂട്ടങ്ങൾകൊണ്ടും ചിന്താമണിമയങ്ങളായ പൎവ്വതങ്ങൾകൊണ്ടും, സുധാപൂൎണ്ണങ്ങളായ സരസ്സുകൾകൊണ്ടും, ഗണനാഥന്മാരുടെ മേരുസദൃശികളായ കനകവേശ്മങ്ങൾകൊണ്ടും, രത്നവിചിത്രങ്ങളായ പ്രാകാരഗോപുരങ്ങൾകൊണ്ടും മററും വാചാമഗോചരമായ അത്ഭുതപ്രാഭവങ്ങളോടുകൂടിയ ശിവലോകംകണ്ടു് ഇതില്പരമില്ലാത്ത ആനന്ദത്തോടുകൂടെ അതിൽ പ്രവേശിച്ചു് അകത്തുകടന്നു് നോക്കിയപ്പോൾ, കാണാറായ തേജോരാശിവിരാജിതവും, പരമപാവനവും ആയ ശൈവവിമാനത്താൽ വിസ്മിതമാനസനായിത്തീൎന്ന വരഗുണപാണ്ഡ്യൻ ചിത്രമെന്നപോലെ അവിടെത്തന്നെ നിന്നുപോയി. ഉടൻതന്നെ തത്രാഗതനായ നന്ദികേശ്വരൻ, വരഗുണപാണ്ഡ്യനെ കൈയ്യുപിടിച്ചുകൊണ്ടുപോയി ദേവേശനായ സദാശിവനെ കാണിച്ചുകൊടുത്തു.

തേജോമയമായ വിമാനമദ്ധ്യത്തിൽ ഉള്ള സിംഹാസനത്തിൽ എഴുന്നെള്ളിയിരുന്നു്, വാമഭാഗസ്ഥയായ ഭവാനീദേവിയെ മന്ദസ്മിതത്തോടുകൂടെ സമാലോകനംചെയ്തും, ലീലാവിലോലന്മാരായി ഇരുപുറവും വസിക്കുന്ന ഗണപതിഷൺമുഖന്മാരുടെ ക്രീഡകളാൽ ആൎദ്രമാനസനായും ആലിംഗനചുംബനാദികൾകൊണ്ടു് അവരെ ആശ്ലേഷിച്ചും, പാൎശ്വവൎത്തികളായി സേവിച്ചു വാഴുന്ന ഹരിവിധിവാസവപ്രഭൃതികളായ ദേവസമൂഹങ്ങളേയും ഗണസംഘങ്ങളേയും ദയാൎദ്രമായ കടാക്ഷവിക്ഷേപങ്ങൾ കൊണ്ടു്, പുളകാങ്കിതവിഗ്രഹരാക്കിയും അനുമോദിക്കുന്ന സദാശിവനെക്കണ്ടപ്പോൾ പരമഭക്തികൊണ്ടു് പരവശനായിത്തീൎന്നവരഗുണപാണ്ഡ്യൻ സാഷ്ടാംഗപ്രണാമം ചെയ്തുകൊണ്ടു് ഇപ്രകാരം പ്രാൎത്ഥിച്ചു.

ഞാൻ കൃതാൎത്ഥനായി! ഞാൻ കൃതാൎത്ഥനായി! അല്ലയോ ഭഗവാനെ! അനന്തപുണ്യസുലഭമായ നിന്തിരുവടിയുടെ ലോകവിലോകനം ഒന്നുകൊണ്ടുമാത്രം ഞാൻ കൃതാൎത്ഥനായി! ഞാൻകൃതാൎത്ഥനായി. എനിയ്ക്കു ഈ പരമാനന്ദകരമായ കാഴ്ചകാണുന്നതിനു് ഭാഗ്യമുണ്ടായതു്, ഞാൻ ചെയ്ത അങ്ങയുടെ ലിംഗാരാധനമാകുന്ന ഏകപുണ്യംകൊണ്ടാണെന്നുള്ളതിനുയാതൊരുസംശയവുംഇല്ല. മേലുംഅവിടത്തെ ലിംഗാരാധനം ചെയ്യുന്നതിനു വേണ്ടഭാഗ്യം നല്കി നിന്തിരുവടി ഈ ഭക്തദാസനെ അനുഗ്രഹിക്കണം.

വരഗുണപാണ്ഡ്യൻ ഇത്രയും പറഞ്ഞു അവസാനിപ്പിച്ചു ഉടൻതന്നെ അതേവരെയും അതിദീപ്തമായ കാന്തിപൂരത്തോടുകൂടെഭാസിച്ചുകൊണ്ടിരുന്ന ശിവലോകവും അതിലെ വിസ്മയകാഴ്ചകളും ഒളിമിന്നൽപോലെ അന്തരിതമായി. അനന്തരം വിസ്മയമാനസനായവരഗുണപാണ്ഡ്യൻ പഴയപോലെ ശിവലിംഗപൂജചെയ്യുകയും സുന്ദരേശ്വരദൎശനത്തിനായിഅവിടെ വന്നുകൂടിയ എല്ലാഭക്തശിരോമണികളേയും താൻകണ്ടഅതിശയങ്ങൾ മുഴുവൻ കേൾപ്പിക്കുകയും വിസ്മിതമാനസരായ അവർ സുന്ദരേശ്വരന്റെ സീമാവി

ഹീനമായ മാഹാത്മ്യത്തേയും, ഭക്തന്മാരിൽഉള്ള അദ്ദേഹത്തിന്റെ എതിരില്ലാത്ത അനുകമ്പയേയും പററി അത്യധികം പ്രശംസിക്കുകയുംചെയ്തു. ഈ വർത്തമാനം കാട്ടുതീപോലെ നാടടക്കംപരക്കുകയും കേട്ടവരെല്ലാം അതിശയിക്കുകയും ഭക്തന്മാരിൽ വരഗുണപാണ്ഡ്യനും ഭക്തവാത്സല്യമുള്ളവരിൽ സുന്ദരേശ്വരനും തുല്യമായി ആരും ഇല്ലെന്ന് എല്ലാവരും ഒന്നുപോലെ കൊണ്ടാട്ടുകയും ചെയ്തു. അന്നുമുതല്ക്കാണ് പരാൽപരവും പരദുർല്ലഭവും ആയ ഹാലാസ്യത്തിന് ഭൂലോകശിവലോകമെന്നുള്ള പേരുണ്ടായതു്. വരഗുണപാണ്ഡ്യന്റെ ബ്രഹ്മഹത്യാപാപം തീർത്തു് അദ്ദേഹത്തിനു്, ഹാലാസ്യത്തിൽവച്ചു ശിവലോകം കാണിച്ചുകൊടുത്തപരാൽപരനും പാർവതിവല്ലഭനും ഭക്തമന്ദാരതരുവും ആയ സുന്ദരേശ്വരനെപ്പോലെ കരുണയുള്ളവരായി മററാരാണുള്ളതു്? അതുകൊണ്ടു്, “അല്ലയോ മഹർഷിമാരേ! നിങ്ങൾ എല്ലാവരുമായും നിപാദവിനാഹനും ഹാലാസ്യമദ്ധ്യനിലയനും ചരാചരജഗൽഗുരുവും ആയ സദാശിവനെത്തന്നെ ഭജിച്ചുകൊള്ളുവിൻ! ആ ഭക്താത്തിഭഞ്ജനനും ഹാലാഹലവിഷാശിയും ആയ കരുണാകരൻനിങ്ങളുടെ എല്ലാ അഭിഷ്ടങ്ങളേയും സാധിച്ചുതരും. വിശേഷിച്ചും വരഗുണപാണ്ഡ്യന്റെ ബ്രഹ്മഹത്യാദോഷം തീർത്തു് അദ്ദേഹത്തിനു ശിവലോകം കാണിച്ചുകൊടുത്തതായ മീനാക്ഷീസഹായന്റെ ഈ നാൽപതാമത്തെ ലീലയെ കേൾക്കുകയും പഠിക്കുകയും ചെയ്യുന്നവൎക്കു യാതൊരു ഐഹികസങ്കടങ്ങളും നേരിടുകയില്ലെന്നുമാത്രമല്ല, അന്ത്യകാലത്തിൽ പരമപദപ്രാപ്തി സിദ്ധിക്കുകയും ചെയ്യും. വിശേഷിച്ചും ഈ ലീല മഹാപാപപ്രശമനവും, മഹാപുണ്യപ്രദായകവും മഹാവിജയകരവും സർവസമ്പൽക്കരവും ആകുന്നു.

വരഗുണപാണ്ഡ്യന്റെ ബ്രഹ്മഹത്യാദോഷം തീർത്ത
നാല്പതാം ലീല സമാപ്തം.

---

# ഹാലാസ്യമാഹാത്മ്യം

## കേരളഭാഷാഗദ്യം.

### ൪൨-ാം അദ്ധ്യായം.

ഭക്തരക്ഷണത്തിനു വിറകുകെട്ടു ചുമന്ന

### നാല്പത്തിഒന്നാം ലീല.

അല്ലയോ താപസോത്തമന്മാരായ വസിഷ്ഠപ്രഭൃതികളെ! ഇനി നിങ്ങൾ ഹാലാസ്യാധിപനായ സുന്ദരേശ്വരന്റെ പരിപാവനമായ നാല്പത്തിഒന്നാമത്തെ ലീലയെകേട്ടുകൊള്ളുവിൻ! ഭക്തശിരോമണിയായ ഭദ്രനുവേണ്ടി ഭഗവാൻ കാഷ്ഠഭാരംവഹിച്ചതായ ഈ ലീ

ല ഭഗവാന്റെ ഭക്തവാത്സല്യത്തിന്ന അത്യുത്തമമായ ഒരു ദൃഷ്ടാന്തവും അത്യന്തം പാവനമായിട്ടുള്ളതും ആകുന്നു.

വസിഷ്ഠാദികൾ അതുകേട്ട്, അത്യന്തം താല്പൎയ്യത്തോടുകൂടെ അല്ലയോ ശൈവാഗമരഹസ്യവേദിയായ കുംഭസംഭവമഹൎഷേ! നിന്തിരുവടി കാലതാമസമെന്ന്യേ കരുണാവരുണാലയനായ മീനാക്ഷീസഹായന്റെ ആ ഭക്തിപ്രധാനമായ ലീല ഞങ്ങളെ കേൾപ്പിക്കേണമേ! നിന്തിരുവടിയുടെ മുഖാരവിന്ദത്തിൽനിന്നും പൊഴിയുന്ന പരമശിവലീലാമകരന്ദകണങ്ങളെ പാനം ചെയ്യുംതോറുംവീണ്ടുംവീണ്ടുമുള്ള ലീലാമകരന്ദാസ്വാദനത്തിൽ പൂൎവ്വാധികമായ ഔത്സുക്യം ഞങ്ങൾക്കു ജനിക്കുന്നു. എന്നിങ്ങനെ അപേക്ഷിക്കകയാൽ ലീലാകഥനകൌതുകിയായ അഗസ്ത്യൻ ഹാലാസ്യേശ്വരന്റെ അതിപാവനമായ നാല്പത്തിഒന്നാമത്തെ ലീലയെ താഴെ വരുമാറു് ആരംഭിച്ചു:—

“അല്ലയോ വസിഷ്ഠാദി താപസന്മാരേ! ശിവഭക്താഗ്രണിയായ വരഗുണപാണ്ഡ്യൻ ഹാലാസ്യേശ്വരന്റെ അനുഗ്രഹവൈഭവംകൊണ്ട് നിത്യമംഗളത്തോടുകൂടിയതായ തന്റെ സാമ്രാജ്യത്തെ പരിപാലിച്ചുവസിക്കുന്ന കാലത്തിൽ ഒരിക്കൽ ചോളരാജധാനിയിലെ ഒരു സരസഗായകനും, ഹേമനാഥൻ എന്ന് ലോകവിഖ്യാതനും ആയ ഒരു സംഗീതവിദ്വാൻ അന്തേവാസികളായ അനവധി ഗായകരസികന്മാരോടുകൂടെ പെരുംപറയും അടിപ്പിച്ച് മധുരാപുരിയിൽവന്നു വരഗുണപാണ്ഡ്യസന്നിധിയിൽ പ്രവേശിച്ച് ചേതസ്സമാകർഷകമായ ഗീതാപ്രവാഹംകൊണ്ട് അദ്ദേഹത്തെ ആനന്ദസാഗരത്തിൽ മുക്കി. അവന്റെ ഗാനംകേട്ട് അപാരമധുരനായിത്തീൎന്ന പാണ്ഡ്യഭൂപാലൻ അത്യന്തം സംതൃപ്തനായി അനവധി വസ്ത്രാഭരണങ്ങൾ അവന്നു സംഭാവനയായി നൽകി. അനന്തരം ആ ഗായകശിരോമണിയോട് നിങ്ങളുടെ ഗാനം ഇനിയും എനിക്കു ഒരുതവണകൂടി കേൾക്കണം. അതിനുവേണ്ടി കുറേദിവസത്തേക്ക് ഇവിടെ അടുക്കൽ സൌകൎയ്യമുള്ള ഒരു മന്ദിരത്തിൽ പാൎക്കുക. എന്നുംപറഞ്ഞ് അപ്പോഴത്തേക്കുമാത്രം ആ സംഗീതകോവിദനു യാത്രപറഞ്ഞു.

മേൽപ്രകാരമുള്ള രാജകല്പനകേട്ട് കൌതുകാവിഷ്ടനായ ആ ഗായകശിരോരത്നം ഉപഗായകന്മാരായ സ്വശിഷ്യന്മാരോടുകൂടെ രാജാഗാരത്തിന്നു സമീപത്തിൽ ഉള്ള മന്ദിരത്തിൽ ഢക്കാവാദ്യവും മുഴക്കിക്കൊണ്ട് പാൎപ്പാരംഭിച്ചു.

ഹേമനാഥഗായകൻ, സ്വസമീപത്തിൽനിന്നും പോയ ഉടൻതന്നെ വരഗുണപാണ്ഡ്യൻ, സ്വാജ്ഞാകാരികളും ഹേമവേത്രധാരികളും ആയ ചില ബാലകിങ്കരന്മാരെ അയച്ച് തന്റെ രാജധാനിയിലെപ്രധാനഗായകനായ ഭദ്രനെ രഹസ്യത്തിൽവരുത്തി, അവനോട്, “അല്ലയോ ഭദ്ര! ചോളദേശക്കാരനായ ഒരു ഗായകമൌക്തികം ഇവിടെ വന്നിരുന്നു. അവൻ എന്നെയും

സദസ്യരെയും ഇതില്പരമില്ലാതെ അവന്റെ സംഗീതവിദ്യകൊണ്ട് സന്തോഷിപ്പിച്ച് എന്നോട് അനവധി സമ്മാനങ്ങൾവാങ്ങി. അവൻപോയിട്ടില്ല. നിന്നോട് മത്സരിക്കാനായി ഇവിടെത്തന്നെ അടുക്കൽ പെരുമ്പറയും മുഴക്കിക്കൊണ്ട് താമസിക്കുന്നു. എന്താ? നിനക്ക് അവനോടൊന്ന് പിണങ്ങാമോ? പിണങ്ങിയാൽപോരാ ജയിക്കണം. ജയിക്കാൻതക്ക മിടുക്കില്ലെങ്കിൽ പിണങ്ങാതെ അടങ്ങിക്കൊള്ളുന്നതാണ് മാനം" എന്നുപറഞ്ഞു.

ഭദ്രൻ അതുകേട്ട വിനയപൂർവം അല്ലയോ നൃപശ്രേഷ്ഠ! ഭക്താഭീഷ്ടപ്രദായകനായ സുന്ദരേശ്വരന്റെ കൃപാകടാക്ഷംകൊണ്ട് നിറയാത്ത കടത്തിലെ വെള്ളംപോലെ അല്പവിദ്യകൊണ്ട് ഗർവിതനായി പെരുമ്പറ അടിച്ചു തുള്ളുന്ന അവന്റെ അഹങ്കാരമെല്ലാം ഞാൻ സഭാമദ്ധ്യത്തിൽ വെച്ച് നശിപ്പിച്ച് ഢക്കയുംകത്തിക്കീറിച്ച് മുഞ്ഞിയും കരിച്ചുവയ്ക്കുന്നുണ്ട്. അവനെ ജയിക്കുന്നതിനുവേണ്ട ഗാനവൈദഗ്ധ്യം കരുണാവരുണാലയനും, ആഗമസാരഗായകനുമായ ഭഗവാൻ സുന്ദരേശ്വരന്റെ അനുഗ്രഹലേശംകൊണ്ട് എനിക്ക് ഉണ്ട്. തിരുമേനി കണ്ടുകൊള്ളണം. എന്നിങ്ങനെ യാതൊരു കൂസലുംകൂടാതെ രാജാവിനോട് മറുപടിപറഞ്ഞു.

രാജാവിതുകേട്ട്, അത്യന്തം സന്തോഷിച്ചു. അനന്തരം ഭദ്രനോട്, എന്നാൽ നീ ഇപ്പോൾ പൊയ്ക്കോൾക തമ്മിൽ മത്സരിച്ച് പാടുന്നതിനു യോഗ്യമായ ഒരു അവസരം നിശ്ചയിച്ച് നീ വിവരം അറിയിച്ചാൽ ഞാൻ ഹേമനാഥഗായകനെ സഭയിൽ വരുത്തിത്തരാം എന്നുപറഞ്ഞു.

ഭദ്രൻ അതുകേട്ട് പാണ്ഡ്യഭൂപനെവണങ്ങി അദ്ദേഹത്തിനോട് വിടയുംവാങ്ങി സ്വമന്ദിരത്തിലേക്കു യാത്രതിരിച്ചു. അദ്ദേഹം വഴിമദ്ധ്യത്തിൽവെച്ചു, നീരാളക്കുപ്പായങ്ങളും ഇട്ട്, വീരാളിപ്പട്ടുകൊണ്ട് പട്ടുതലപ്പാവുകളുംകെട്ടി വീണാപാണികളായി മധുരാപട്ടണത്തിലെ വീഥികളിൽ നടന്ന് തങ്ങളുടെ ഗാനവൈശാരദ്യംകൊണ്ട് ശ്രോതാക്കളുടെ ഹൃദയം കവരുന്ന ഹേമനാഥഗായകപ്രവീരന്റെ അന്തേവാസികളായ പല ഉപഗായകന്മാരേയും കാണുകയും അവരുടെ ശ്രുതിമധുരംകൊണ്ടും അഭ്യാസബലംകൊണ്ടും അദ്വിതീയങ്ങളായ ഗാനങ്ങളെ കേൾക്കുകയുംചെയ്തു ഭദ്രൻ അവരുടെ പാട്ടുകേട്ടു കുഴങ്ങി. വീണാവാദനയിൽ ധുരീണരായ കിന്നരന്മാരും സ്വർല്ലോകഗായകന്മാരായ ഗന്ധർവന്മാരും ഇവരുടെ വീണാവാദനവും പാട്ടും കേട്ടാൽ ഉടൻ ഓടിയൊളിക്കും. അപ്പോൾ ഇവരുടെ ഗുരുവിനെ ഞാൻ എങ്ങനെ ജയിക്കും. ശിഷ്യന്മാർ ഇത്ര കേമന്മാർ ആയപ്പോൾ ഗുരു എത്ര സമർത്ഥനായിരിക്കണം. എന്നിങ്ങനെ അവൻ മനസ്സുകൊണ്ടുവിചാരിച്ചു. അനന്തരം വിവിധവിചാരങ്ങളെക്കൊണ്ട് ചഞ്ചലമാനസനായ അവൻ, ഭൂതാവേശം ഉണ്ടായവനെപ്പോലെ അതിവേഗത്തിൽ ഓടി. മുനിഗണങ്ങളാൽ സ്തൂയമാനനും, ചതുഷ്കൂടപുരാധിപനും, സർവ്വദാതാവും,

ഭക്താൎത്തിഭഞ്ജനനും ആയ ഹാലാസ്യപതിയുടെ സന്നിധിയിൽ എത്തി വലമുറ പ്രദക്ഷിണംചെയ്തു് ഒടുവിൽ, മൂലലിംഗത്തിൽ അഭിമുഖമായി ചെന്നു സാഷ്ടാംഗപ്രണാമംചെയ്തു കിടന്നുംകൊണ്ടു് ഇപ്രകാരം പ്രാൎത്ഥിച്ചു.

“അല്ലയോ ദേവദേവ! കൃപാരാശേ! ഭക്താഭീഷ്ടപ്രദായക! നിന്തിരുവടി അടിയനെ രക്ഷിക്കണേ! അടിയനു് ഇപ്പോൾ നേരിട്ടിരിക്കുന്ന ആപത്തിൽനിന്നും രക്ഷിക്കുന്നതിനു നിന്തിരുവടിയെ അല്ലാതെ മററാരേയും കാണുന്നില്ല. ഈ ഗാനവിദ്യാവിശാരദനായ ഹേമനാഥൻ എന്റെ മാനം ഇപ്പോൾ നശിപ്പിക്കും. എനിക്കു വേറൊരു രക്ഷയുമില്ല. അപ്രകാരം വരുന്നതിനു ഇടവരാതെ നിന്തിരുവടി വേണ്ടതുചെയ്തെന്നെ രക്ഷിക്കണം. ഞാൻ എന്റെ സങ്കടം മുഴുവൻ എന്റെ രക്ഷിതാവായ നിന്തിരുവടിയെ കേൾപ്പിച്ചു. ഇനി എന്നെ രക്ഷിക്കുന്നതും ഉപേക്ഷിക്കുന്നതും അവിടത്തെ തിരുവുള്ളംപോലെ”

ഭദ്രൻ ഇപ്രകാരം പ്രാൎത്ഥിച്ചതിന്റെശേഷം തിരുമുമ്പിൽനിന്നു് എഴുന്നേററു് സൎവ്വസമ്പൽ സമന്വിതമായ തന്റെ ഭവനത്തിൽ പോയി സുഖമായി വസിച്ചു.

ഭദ്രന്റെ ഹൃദയംഗമമായ പ്രാൎത്ഥനകൊണ്ടു്, പ്രീതനും ആൎദ്രമാനസനും ആയിത്തീൎന്ന ഭസ്മാലംകൃതനും, കദംബവനനാഥീശനും ആയ സുന്ദരേശ്വരൻ, ജീൎണ്ണോൽജീൎണ്ണ ഷാംബരധാരനും ജീൎണ്ണകന്ഥളന്തരാനും ആയ ഒരു വൃദ്ധന്റെ വേഷമെടുത്തു്, തലയിൽ വിറകുകെട്ടും ചുമലിൽ വീണയും എന്തി “വിറകുവേണമോ? വിറകുവേണമോ?” എന്നിങ്ങനെ വിളിച്ചുകൊണ്ടു മന്ദം മന്ദം മധുരാപുരിവീഥിയിൽകൂടെ നടന്നുനടന്നു് ഹേമനാഥഗായകൻ ഉപഗായകസമേതനായി പെരുമ്പറയുംമുഴക്കി വാഴുന്നമണിമന്ദിരപ്പാൎശ്വത്തിൽപ്രവേശിച്ചു് തന്റെ തലയിൽ ഇരുന്ന വിറകുകെട്ടു് പുറംതിണ്ണയിൽ ഇറക്കിവെച്ചുംവച്ചു്, തോളത്തുകിടന്ന വീണയെടുത്തു്, തുംബുരുനാരദാദികൾപോലും വിസ്മയിക്കത്തക്കവണ്ണം തന്തിമീട്ടി സ്വരം കല്പിച്ചു്, അതിമധുരമായി ഗാന്ധാരസ്വരത്തിൽ രാഗവിസ്താരം തുടങ്ങി.

മാളികമുകളിൽ, സുന്ദരിമാരായ തരുണാംഗിയുമൊന്നിച്ചു്, നൎമ്മാലാപക്രീഡാദികളിൽ വിനോദിച്ചുകൊണ്ടു സുഖാസീനനായിവസിക്കുന്ന ഹേമനാഥഗായകൻ, മനോഹരമായ ഗീതധ്വനികേട്ടു ഇതിലുംമില്ലാത്ത അത്ഭുതത്തോടുകൂടെ ചാടി എഴുന്നേററു, ഇപ്പാടുന്നതാര്? ഹാ! ഹാ! എത്ര കൎണ്ണാനന്ദകരമായ ഗാനം! എത്രമനോഹരമായ ശ്രുതി! ഈ സംഗീതവിദ്യയുടെ മറുകരകണ്ട, ഗായകമൌക്തികം ഏതു്? എന്നിങ്ങനെയുള്ള വിചാരത്തോടുകൂടെ മാളികമുകളിൽനിന്നു താഴെ ഇറങ്ങി വീണാക്വണിതവും ഗാനനിനദവും പുറപ്പെടുന്ന ഗൃഹദ്വാരത്തിലേക്കു പുറപ്പെട്ടു. അവിടെചെന്നു

പ്പോൾ ആ ഗായകശ്രേഷ്ഠന്നുണ്ടായ അതിശയം അല്പമൊന്നും അല്ലായിരുന്നു. വലപോലെ കീറിപ്പറിഞ്ഞ വസനവുമുടുത്തു്, തൊലിയുംചുളുങ്ങി മുടിയുംനരച്ചു് കായവുംശുഷ്കിച്ച ഒരുവൃദ്ധൻ സമീപത്തിൽ ഒരുകെട്ടുവിറകും കൈയിൽ ഒരുപഴംവീണയുംവച്ചുകൊണ്ടു്, പരമാത്മലയത്തിൽനിത്യാനന്ദം അനുഭവിക്കുന്നതുപോലെയുള്ള രസത്തോടുകൂടെ വീണവായിച്ചു് രാഗവിസ്താരംചെയ്യുന്നതായിരുന്നു ഹേമനാഥഗായകൻ കണ്ടതു്. അദ്ദേഹം വിനയത്തോടുകൂടെ ആ വൃദ്ധനോടു അങ്ങു് ആരാണെന്നു പറയണമെന്നു് അപേക്ഷിച്ചു.

ഗായകവൃദ്ധൻ ഇങ്ങനെ മറുപടിപറഞ്ഞു:—"ഞാൻ മഹാപ്രഭുവും ഗായകേന്ദ്രനും ആയ ഭദ്രന്റെ ദാസനാണു." ഹേമനാഥഗായകന്നു് ആ ശബ്ദം വിഷലിപ്തമായശസ്ത്രപാതംപോലെ മനസ്സിൽകൊണ്ടു. തലമുറിച്ച മരംപോലെ സ്വല്പനേരം അവിടെത്തന്നെനിന്നു. അനന്തരംആ വൃദ്ധനോടു മറ്റുയാതൊന്നും ചോദിക്കകയോ പറയുകയോ ചെയ്യാതെ ഉടൻതന്നെവീട്ടിനകത്തുകടന്നു തന്റെ മഞ്ചത്തിൽ ചെന്നിരുന്നുംകൊണ്ടു്, ഇപ്രകാരംവിചാരിച്ചു.

അഹോ! അത്ഭുതം!! അത്ഭുതം!!! ഈമാതിരി ഗായകവിദ്വാന്മാരുണ്ടോ? ദാസന്റെ ഗാനവൈദഗ്ദ്ധ്യം ഇത്ര ക്ഷേമമായപ്പോൾ യജമാനന്റെ പ്രാഗത്ഭ്യം എത്രകണ്ടു വലുതായിരിക്കണം. ഈ മൂത്തുനരച്ച വൃദ്ധനായ, ഭദ്രന്റെ ദാസനോടുപോലും പിണങ്ങുന്നതിനു എന്നെക്കൊണ്ടെന്നല്ല, ഭൂലോകത്തിൽഉള്ള യാതൊരുഗായകന്മാരെക്കൊണ്ടും അഥവാ ദേവന്താംഗികളെക്കൊണ്ടും സാധിക്കുമെന്നുതോന്നുന്നില്ല. അങ്ങനെയിരിക്കെ ഇവന്റെ ഗുരുവായ ഭദ്രനെ ഞാൻ എങ്ങനെ ജയിക്കും. അതുകൊണ്ടു്, ഭദ്രൻവന്നു നേരിടുന്നതിനുമുമ്പിൽ ഉള്ള ബഹുമാനവും കൊണ്ടു് കടന്നുകളയുന്നതാണു് നല്ലതു്.

ഹേമനാഥൻ, ഉടൻതന്നെ ശിഷ്യന്മാരെ എല്ലാംവിളിച്ചു അവരോടുവിവരംപറഞ്ഞു. അവരും അപ്രകാരംതന്നെ വേണമെന്നുനിർബന്ധിച്ചു. ഉടൻതന്നെ എല്ലാവരുംകൂടെ അന്നുരാത്രിയിൽആരും അറിയാതെ കെട്ടുംഭാണ്ഡവും ആയി മധുരാപുരിയിൽനിന്നും കടന്നു.

ഹാലാസ്യാധിപനായ സുന്ദരേശ്വരൻ, ഹേമനാഥഗായകനും പരിവാരങ്ങളും വരഗുണപാണ്ഡ്യനോടു് യാത്രചോദിക്കകപോലും ചെയ്യാതെയും മററാരും അറിയാതെയും ഒരുരാത്രികൊണ്ടു്, കെട്ടുംചുമടുമെടുത്തു്, മധുരാപുരംവിട്ടവിവരം അന്നുരാത്രിയിൽ ഭദ്രനെ സ്വപ്നത്തിൽ അറിയിച്ചു.

അതുകേട്ടപ്പോൾ ഭദ്രനുണ്ടായ ഉത്സാഹവും സന്തോഷവും എത്രമാത്രമെന്നു പറയേണ്ടതില്ലല്ലോ. അദ്ദേഹം പിറേറന്നാൾ രാവിലെ എഴുന്നേ

റ്റ്, ഹാലാസ്യത്തിൽപോയി ഹേമപത്മിനിയിൽ ഇറങ്ങിക്കുളിച്ചു നിത്യകൎമ്മങ്ങൾ വിധിപ്രകാരം അനുഷ്ഠിച്ചു, സുന്ദരേശ്വരനെ ഭക്തിപുരസ്സരം പ്രാൎത്ഥനനമസ്കാരങ്ങൾകൊണ്ടു പൂൎവ്വാധികം പ്രസാദിപ്പിച്ചുംവച്ചു, രാജനികടത്തിൽപോയി അദ്ദേഹത്തെ വിനയപൂൎവ്വം വണങ്ങിയുംകൊണ്ടു ഉപവിഷ്ടനായി, ഇങ്ങനെ അറിയിച്ചു:—

"അല്ലയോ മഹാരാജാവേ! ആ ഗായകൻ എവിടെ? അവനെ കല്പിച്ചു വേഗംവിളിപ്പിക്കണം. ഇവിടെ അവൻ വന്നുചേരുന്നതിന്റെ അടുത്തക്ഷണത്തിൽ അവനെ ഞാൻ വീണയുംവയ്പിച്ചയച്ചുതരാം".

ശംഭുഭക്തനായ ഗായകന്റെ ധൈൎയ്യപൂൎവ്വമുള്ള ഈ അഭിപ്രായംകേട്ടു, ആശ്ചൎയ്യപരതന്ത്രനായ വരഗുണപാണ്ഡ്യൻ ഉടൻതന്നെ ഹേമനാഥഗായകനെ കൂട്ടിച്ചുകൊണ്ടുവരുന്നതിനായി അവൻ താമസിച്ചുവന്ന മന്ദിരത്തിലേക്കു കിങ്കരന്മാരെ അയച്ചു. കിങ്കരന്മാർ ഉടൻതന്നെ മടങ്ങിവന്നു രാജാവിനെ വന്ദിച്ചുംകൊണ്ടു ഹേമനാഥഗായകനും ശിഷ്യന്മാരും അവർ താമസിച്ചുവന്ന ഭവനത്തിൽ കാണ്മാനില്ലെന്നും, അടുത്തവീട്ടുകാർ, അവനും ശിഷ്യന്മാരും ഭദ്രനെപ്പേടിച്ചു ഇന്നലെരാത്രിയിൽ ആരും അറിയാതെ കടന്നുകളഞ്ഞതായിപ്പറയുന്നു എന്നും അറിയിച്ചു.

രാജാവു് അതുകേട്ടു ഏററവും ആനന്ദിക്കുകയും ഇതെല്ലാം മായാമയനായ സുന്ദരേശ്വരന്റെ അനുഗ്രഹവിശേഷങ്ങൾ തന്നെയെന്നു നിശ്ചയിക്കുകയും ചെയ്തു. അനന്തരം അദ്ദേഹം ഭദ്രനെ ഇതില്പരമില്ലാതെ ബഹുമാനിച്ചു് വിശേഷമാതിരിയിൽ ഉള്ള പല വസ്ത്രാഭരണാദികളും അണിയിച്ചു, ആനപ്പുറത്തുകയററി യശഃപടഹവും മുഴക്കി, മധുരാപുരവീഥിയെ പ്രദക്ഷിണം വയ്പിക്കുകയും ഹേമനാഥഗായകനും പരിവാരങ്ങളും ഭദ്രനെ ഭയന്നു ഓടിപ്പോയവിവരം പരസ്യംചെയ്യിക്കുകയും ചെയ്തതുകൂടാതെ അനവധി കനകരത്നങ്ങളും വസ്ത്രാഭരണധനധാന്യങ്ങളും ഭദ്രനു സമ്മാനമായി കൊടുക്കുകയും ചെയ്തു.

ഗജസ്കന്ധാരൂഢനും സ്തുതിപാഠകന്മാരാൽ ഗീയമാനനും ആയ ഭദ്രൻ ബഹുജനസമ്മേളനത്തോടും വാദ്യഘോഷങ്ങളോടും രാജദത്തങ്ങളായ ബഹുവിധസമ്പത്തുകളോടുകൂടെസ്വമന്ദിരത്തിൽപോയി തനിക്കുകിട്ടിയസമ്പത്തുകളിൽ പകുതി സുന്ദരേശ്വരനു ദക്ഷിണയായി സമൎപ്പിക്കുകയും ശേഷിച്ചതിൽ ഒരുപങ്കു് ഉത്തമഭക്തന്മാരായ വിപ്രന്മാൎക്കു് ദാനമായി നൽകുകയുംചെയ്തുംവച്ചു ശേഷമുള്ള തന്റെ ജീവിതകാലത്തെ സുന്ദരേശ്വരസ്മരണയോടുകൂടെ പരമാനന്ദകരമായി കഴിച്ചുവന്നു. ഭക്താനുഗ്രഹകൎത്താവും പരാല്പരനും ആയ സുന്ദരേശ്വരന്റെ ഭക്തവാത്സല്യത്തേയും ഗായകേന്ദ്രനും ശിവഭക്തശിരോമണിയുമായ ഭദ്രന്റെ മഹാഭാഗ്യത്തെയുംപററി അളുകൾ ഒന്നുപോലെ പ്രശംസിക്കുകയും ചെയ്തു.

അല്ലയോ വസിഷ്ഠാദിമഹർഷിപുംഗവന്മാരേ! ഭക്താർത്തിഭഞ്ജനനും സർവ്വജ്ഞനും ആയ ഭഗവാൻ ഭക്തനായ ഭദ്രനുവേണ്ടി വിറകുകെട്ടുചുമന്നു സംഗീതവിശാരദനായ ഹേമനാഥഗായകനെ തോല്പിച്ചു അദ്ദേഹത്തിന്റെനാല്പത്തിരണ്ടാമത്തെ ലീല ഇപ്രകാരം ആണു്. ഈ പരമപാവനവും ഭക്തിസംവർദ്ധകവുമായ ലീലയെ പഠിക്കുകയും കേൾക്കുകയും ചെയ്യുന്നവർക്കു ഇഹപരങ്ങളിൽ ഒന്നുപോലെ സകലാഭീഷ്ടസംസിദ്ധിയുണ്ടാകുമെന്നുള്ളതിനു യാതൊരു സംശയവും ഇല്ല.

ഭക്തരക്ഷണത്തിനു വിറകുകെട്ടുചുമന്ന
൪൧-ാം ലീല സമാപ്തം.

---

## ഹാലാസ്യമാഹാത്മ്യം

### കേരളഭാഷാഗദ്യം.

### ൪൮-ാം അദ്ധ്യായം.

### ഭദ്രനുവേണ്ടി ചേരഭൂപതിക്കു എഴുത്തയച്ച

## നാല്പത്തിരണ്ടാമത്തെ ലീല.

അല്ലയോ വസിഷ്ഠാദിമഹർഷീശ്വരന്മാരെ! ഭക്തവത്സലനായ ഭഗവാൻ ഹാലാസ്യേശ്വരൻ സ്വഭക്തനായ ഭദ്രനുവേണ്ടി ചേരഭൂപതിക്കു എഴുത്തയച്ചതായ അദ്ദേഹത്തിന്റെ നാല്പത്തിരണ്ടാമത്തെ ലീലയെ നിങ്ങൾ ശ്രദ്ധാപൂർവ്വം കേട്ടുകൊൾവിൻ! ഈ അതിപാവനമായ ലീലാശ്രവണം, ശ്രോതാക്കളുടെ സകലപാപങ്ങളേയും നശിപ്പിക്കുന്നതാണെന്നുള്ള മുഖപ്രസംഗത്തോടുകൂടെ വീണ്ടും അഗസ്ത്യമഹർഷി താഴെവരുമാറു ലീലാകഥനം തുടങ്ങി.—

"പാണ്ഡ്യരാജകുലശിരോഭൂഷണമായ വരഗുണപാണ്ഡ്യനിൽനിന്നും അസീമമായ പലസമ്മാനങ്ങളും പ്രശംസാപത്രങ്ങളും വാങ്ങിയ ഭദ്രൻ, ഐഹികഭോഗത്തിൽ ഉള്ള ആസക്തിയും രാജസേവയിൽ ഉള്ള താല്പര്യവും നിശ്ശേഷം ഉപേക്ഷിച്ചു്, നീപാടവിനാഥനും ഭക്താർത്തിഭഞ്ജനനും, ആയ സുന്ദരേശ്വരന്റെ സേവയിൽ സക്തമായ മനസ്സോടുകൂടെ ഗാനസ്വരൂപിയും ഗാനരസികനുമായ അദ്ദേഹത്തെ ശ്രുതിമധുരമായ ഗാനവൃത്തികൊണ്ടു സേവിക്കാൻ തുടങ്ങി.

ഭക്തപരാധീനനും പാൎവ്വതീപതിയും, ആയ ഭഗവാൻ സുന്ദരേശ്വരൻ ഗായകവിധുരനായ ഭദ്രന്റെ ഗാനശ്രവണംകൊണ്ടു അത്യന്തം സന്തുഷ്ടനായിട്ടു് അവന്റെ മുമ്പിൽ പ്രത്യക്ഷീഭവിച്ചു്, അവന്റെ പ്രാൎത്ഥനാഗീതങ്ങളിൽ വിലീനമാനസനായി എല്ലാനേരവും ഒന്നുപോലെതലയുംആട്ടി വസിച്ചു. ആമ്നായാന്തൎഗ്ഗതങ്ങളും അതിമധുരങ്ങളും ആയ ഭദ്രന്റെ പ്രാൎത്ഥനാഗീതഗാനങ്ങൾ സുന്ദരേശ്വരനെ എത്രമാത്രം ആനന്ദിപ്പിച്ചു എന്നു പറഞ്ഞറിയിക്കാൻ എന്നെക്കൊണ്ടെന്നല്ല ആയിരം നാക്കുള്ള അനന്തനെക്കൊണ്ടും ഒക്കുന്നതല്ല.

ഇപ്രകാരം ശ്രുതിമധുരങ്ങളായ സ്തോത്രഗാനങ്ങൾകൊണ്ടു് പരമശിവനെ പ്രസാദിപ്പിച്ചു് ഹാലാസ്യത്തിൽതന്നെ വസിക്കുന്ന ഗായകശിരോമണിയും ഭക്താഗ്രഗണ്യനുമായ ഭദ്രൻ ഒരുദിവസം പതിവുപോലെ ഗാനസേവനവും ചെയ്തു സ്വമന്ദിരത്തിൽ പോകുന്നതിനായി ഭാവിച്ചപ്പോൾ, അവന്റെ ഗാനവിദ്യകൊണ്ടു് സന്തുഷ്ടനായ സുന്ദരേശ്വരൻ, ഒട്ടുവളരെ പണംവാരി കിഴികിഴിയായി കെട്ടി അവന്റെ മുമ്പിൽവച്ചു.

അവൻ സന്തോഷപൂൎവ്വം ആ പണക്കിഴികൾ എടുത്തുകൊണ്ടുപോയി ശിവഭക്തന്മാൎക്കു് കൊടുത്തു. പിന്നൊരുദിവസം രാജാവിന്റെഭൂഷണങ്ങൾ എടുത്തുകൊണ്ടുവന്നു്, ഭദ്രനുനല്കി. അവൻ അതും കൊണ്ടുപോയി അൎത്ഥികൾക്കു ദാനംചെയ്തു. അടുത്തദിവസം വളരെ രത്നങ്ങൾവാരിക്കൊടുത്തു. ഭദ്രൻ അതും ദാനംചെയ്തു. അതിനടുത്തദിവസം കനകങ്ങളും, അതിനടുത്തദിവസം വളരെ വളരെ സ്വൎണ്ണക്കട്ടികളും, അതിനടുത്തദിവസം അമൂല്യങ്ങളായ കൌശേയാംബരങ്ങളും, പിറേറദിവസംരത്നചിത്രദൎപ്പണവും, മറെറാരുദിവസം ഛത്രചാമരാദികളും പിന്നൊരുദിവസം, ഹേമരത്നവിഭൂഷിതമായ ഭദ്രാസനവും, പിന്നെയും പലപല തങ്കക്കട്ടികളും വെള്ളിക്കട്ടികളും മററും ഭദ്രനു് സുന്ദരേശ്വരൻ നല്കി. അവൻ കിട്ടിയതെല്ലാം വീട്ടിൽ കൊണ്ടുപോയി യാചകന്മാൎക്കായി പകുത്തുകൊടുത്തു.

ഇങ്ങനെ പരമേശ്വരപ്രസാദംകൊണ്ടു് കിട്ടിയതെല്ലാം ഉപഗായകന്മാൎക്കും യാചകന്മാൎക്കും ചിന്തിയും, പൊട്ടിച്ചും, എണ്ണിയും വീതിച്ചുംമററുംകൊടുത്തു് ഒന്നുമില്ലാതായതിന്റെ ശേഷവും, ഭദ്രൻ രാജസേവയ്ക്കുപോകാതെ, പിന്നെയും സുന്ദരേശ്വരസന്നിധിയിൽതന്നെപോയി അദ്ദേഹത്തെ ഗാനവിദ്യയാൽ സേവിച്ചുംകൊണ്ടു് ഇപ്രകാരം പ്രാൎത്ഥിച്ചു.

„അല്ലയോസുന്ദരേശ്വര! അങ്ങു് എനിക്കുനല്കിയ സമ്പത്തുകൾമുഴുവനും ഞാൻ അൎത്ഥികൾക്കും ഉപഗായകന്മാൎക്കും വീതിച്ചു് ദാനംചെയ്തു. ഇനി എന്റെ കൈയിൽ യാതൊന്നും ഇല്ല. അവർ എന്നോടുവന്നൎത്ഥിക്കുകയും ചെയ്യുന്നു. ഞാൻ എന്താണു് ചെയ്യേണ്ടതു്. അല്ലയോ ഭക്താ

ത്തിഭഞ്ജനനായ ഭഗവാനേ! ഞാൻ അങ്ങയെ അല്ലാതെ ഈ ജന്മം മററാരേയും സേവിക്കുന്നതും അല്ല. അതുപോലെതന്നെ അർത്ഥികളോടു ഇല്ലെന്നു പറയുന്നതും എന്നെക്കൊണ്ടു പ്രയാസംതന്നെ. അതുകൊണ്ടു തിരുവടി ഈ ധർമ്മസങ്കടത്തിൽ നിന്നും അടിയനെ രക്ഷിക്കണം.”

ഭദ്രൻ ഇപ്രകാരം പ്രാർത്ഥിച്ചുംവച്ചു സ്വഭവനത്തിൽപോയി മനസ്താപത്തോടുകൂടെ നിദ്രതുടങ്ങി. അർദ്ധരാത്രിയായപ്പോൾ, ഭക്തപരാധീനനായ ഹാലാസ്യനായകൻ, ഭദ്രന്റെ മന്ദിരത്തിൽ എഴുന്നെള്ളി സ്വപ്നത്തിൽ അവനോടിങ്ങനെ പറഞ്ഞു:—

“അല്ലയോ ഭദ്ര! നിന്റെ ദാനശീലം വളരെവളരെ അതിശയിക്കത്തക്കതുതന്നെ. അതുപോലെതന്നെ എന്നിൽ ഉള്ള നിന്റെ ഭക്തിയും അനന്യസാധാരണമെന്നു എനിക്കറിയാം. തന്മൂലം ഞാൻ നിന്നെ ഹൃദയംഗമമായി അനുഗ്രഹിക്കുന്നു. നിനക്കു മേല്ക്കുമേൽ, മംഗളം വർദ്ധിക്കും. ഞാൻനിനക്കു എടുത്തുതന്ന ദ്രവ്യങ്ങൾ എല്ലാം രാജഭണ്ഡാരത്തിൽ നിക്ഷേപിച്ചിരുന്നവയാണ്. അവകൾ കാണാഞ്ഞു ഭണ്ഡാരപാലകന്മാരും കോശാദ്ധ്യക്ഷനും ഇതില്പരമില്ലാതെ വ്യസനിക്കുന്നു. മുദ്രപൊട്ടിക്കുകയോ വാതിൽതുറക്കുകയോ യാതൊന്നുംചെയ്യാതെ കോശാഗാരത്തിൽ കിടന്ന ദ്രവ്യങ്ങൾ മോഷ്ടിച്ച കള്ളൻ ആരായിരിക്കണം, ഈ അത്ഭുതകരമായ മോഷണം മായാമയനായ സുന്ദരേശ്വരൻ അറിയാതെ ഒരിക്കലും പോയിട്ടില്ലെന്നു അവർ എന്നെ ശങ്കിക്കുകയും ചെയ്യുന്നു. ഇനിയും ഞാൻ ഭണ്ഡാരത്തിൽനിന്നും നിനക്കു ദ്രവ്യങ്ങൾ എടുത്തുതരുന്നതായാൽ അതു നിന്റെ കൈയിൽവച്ചു അവർകാണുംപോൾ, അവർവന്നു നിന്നെ പിടികൂടും. അതുകൊണ്ടു, ഈവിഷമങ്ങൾക്കു ഒന്നിനുംഇടയാകാതെ നിനക്കുവേണ്ട ദ്രവ്യം കിട്ടത്തക്കതായ ഒരുവഴി ഞാൻ പറഞ്ഞുതരാം. അതു മററൊന്നും അല്ല. മല്പാദാശ്രിതനായ ചേരരാജാവു എന്റെ പേരുപറഞ്ഞു ചെല്ലുന്നവർക്കെല്ലാം എന്തും കൊടുക്കുന്നതിനു സന്നദ്ധനാണ്. ഞാൻ ഒരു എഴുത്തുതരാം. നീ അതുകൊണ്ടുപോയി ചേരഭൂപനെ കാണിച്ചാൽ നിനക്കു വേണ്ട ദ്രവ്യം അവൻതരും. നീ എഴുത്തുവാങ്ങിക്കൊണ്ടു ചേരരാജധാനിക്കു രാവിലെതന്നെ പുറപ്പെട്ടുകൊള്ളുക.”

സുന്ദരേശ്വരൻ ഇപ്രകാരം പറഞ്ഞിട്ടു ഒരു പത്രിക എഴുതി ഭദ്രന്റെ കൈയിൽ കൊടുത്തു. ഭദ്രൻ അതു വാങ്ങിയുംകൊണ്ടു, സുന്ദരേശ്വരനോടു അല്ലയോഭഗവാനേ! ഇതു സങ്കടമാണ്. ഞാൻ ഭഗവൽസേവയല്ലാതെ ഒരിക്കലും രാജസേവയ്ക്കു പോകുന്നതല്ലെന്നു തീർച്ചയാക്കിപ്പോയി. അതിനു വിപരീതമായി ഞാനിപ്പോൾ ചേരരാജാവിന്റെ അടുക്കൽപോയി എങ്ങനെയാണ് ദ്രവ്യം യാചിക്കേണ്ടതു്? എന്നു ചോദിച്ചപ്പോൾ, ഭഗവാൻ ഭദ്ര! നീ അതൊന്നും ഇപ്പോൾ ആലോചിച്ചിട്ടാവശ്യം ഇല്ല. ഞാൻ പറ

യുന്നതിനെ കേൾക്കുക. അതാണു് വേണ്ടതെന്നു നിർബന്ധമായി പറയുകയാൽ, സുന്ദരേശ്വരാജ്ഞയെ ധിക്കരിച്ചാൽ പാപമുണ്ടാകുമെന്നുള്ള ഭയത്തോടുകൂടെ രാവിലെ ചേരരാജധാനിയിലേക്കു് പോകാം എന്നു സമ്മതിച്ചു.

ഇത്രയും കഴിഞ്ഞയുടനെ ഭദ്രൻ ഉണർന്നു. അതേവരേയും അദ്ദേഹത്തിന്റെ അടുക്കൽനിന്നു സംഭാഷണം ചെയ്തുകൊണ്ടിരുന്ന സുന്ദരേശ്വരൻ തിരോഭൂതനും ആയി. സുന്ദരേശ്വരൻ, സ്വപ്നത്തിൽ നൽകിയ എഴുത്തിനെ ഭദ്രൻ വളരെ ഭദ്രമായി സൂക്ഷിച്ചു. പിറേറദിവസം രാവിലെ അവൻ എഴുനേററു് ചേരരാജധാനിയിലേക്കു എഴുത്തോടുകൂടെ യാത്രതിരിച്ചു. രണ്ടുമൂന്നു ദിവസംകൊണ്ടു് അവൻ ചേരരാജധാനിയിൽ എത്തി. ഭസ്മാങ്കിതലലാടനും രുദ്രാക്ഷമാലാഭൂഷണനുമായ ഭദ്രൻ അവിടെയുള്ള ഒരു തണ്ണീർപന്തലിന്റെ ഒരുകോണിൽ ഒതുങ്ങിയിരുന്നു സുന്ദരേശ്വരഭജനം ചെയ്തുകൊണ്ടിരുന്നു.

ആ അവസരത്തിൽ, ഒരു ദിവസം രാത്രിയിൽ സുന്ദരേശൻ ചേരനോടു സ്വപ്നത്തിൽ ഇങ്ങനെ പറഞ്ഞു:—"അല്ലയോ ചേരഭൂപാല! ഞാൻ എന്റെ ഒരു ഭക്തനെ നിന്റെ രാജധാനിയിലേക്കയച്ചിട്ടുണ്ടു്. നീ അവനെ അന്വേഷിച്ചു് അവന്റെ അപേക്ഷയെ സാധിച്ചുകൊടുക്കുക." ചേരരാജാവു് സ്വപ്നം കണ്ടയുടൻതന്നെ ഞെട്ടി ഉണർന്നു അതിവേഗത്തിൽ മന്ത്രിമാരെ വരുത്തി അവരോടു സ്വപ്നവൃത്താന്തം കഥിക്കുകയും നമ്മുടെ പട്ടണത്തിൽ വന്നിട്ടുള്ള ആ പരമപാവനസ്വരൂപനായ ഭക്താഗ്രഗണ്യനെ അതിവേഗത്തിൽ കൂട്ടിച്ചു് എന്റെ സമീപത്തിൽ കൊണ്ടുവരണമെന്നു്, കല്പിക്കുകയും ചെയ്തു.

മന്ത്രിമാർ ഉടൻ തന്നെ പോയി അന്വേഷിച്ചു് ഭദ്രനെക്കണ്ടുപിടിച്ചു് വിവരം ചേരഭൂപാലനെ അറിയിച്ചു. ആഗതനായ ശിവഭക്തൻ ഭസ്മരുദ്രാക്ഷഭൂഷിതാംഗനായി പരമേശ്വരധ്യാനവും ചെയ്തുകൊണ്ടു് ഒരു പഴയതണ്ണീർപ്പന്തലിന്റെ ഉള്ളിൽ ഇരിക്കുന്നു എന്നു കേട്ടയുടൻതന്നെ ചേരഭൂപൻ, അതിസംഭ്രമത്തോടുകൂടെ ഓടി എഴുനേററു് യാതൊരു രാജോചിതങ്ങളായ അലങ്കാരങ്ങളുംകൂടാതെ ഭദ്രൻ ഇരിക്കുന്ന തണ്ണീർപന്തലിൽ എത്തി. കണ്ണടച്ചു് മഹേശനേയും ധ്യാനിച്ചു് ശ്രോത്രപീയൂഷകരമായി പാടിക്കൊണ്ടിരിക്കുന്ന ഭദ്രനു സന്തോഷബാഷ്പപ്രവാഹംകൊണ്ടു്, ചേരഭൂപനെ കാണ്മാൻ സാധിച്ചില്ല. ഭദ്രൻ വേഷംകൊണ്ടു് വളരെ പ്രാകൃതനായിരുന്നെങ്കിലും, രോഗിയോ നിസ്വനോ അഥവാ വികൃതനോ ആയിരുന്നാലും ഒരുത്തൻ സാക്ഷാൽ പരമേശ്വരഭക്തൻ ആണെങ്കിൽ, അവൻ മാന്യൻതന്നെ എന്നുള്ള വിചാരത്തോടുകൂടെ ചേരരാജാവു ഭദ്രനെ നോക്കി ഇപ്രകാരം ചോദിച്ചു.

ഭസ്മോദ്ധൂളിതസർവ്വാംഗനും, ശങ്കരഭക്തനുമായ അങ്ങു ആരാണു്? അങ്ങു

യുടെ സ്വദേശം ഏതു്? ഇവിടെ എന്തിനുവന്നു? അവിടത്തേക്കു എന്നെക്കൊണ്ടു് വല്ലതും സാധിക്കാനുണ്ടെങ്കിൽ പറയണം.

ഭദ്രൻ അതു കേട്ടു് ഇങ്ങനെ മറുപടിപറഞ്ഞു.

"ഞാൻ ഭക്താഭീഷ്ടപ്രദനായ സുന്ദരേശ്വരന്റെ ആജ്ഞപ്രകാരം അദ്ദേഹത്തിന്റെ ഭക്താഗ്രഗണ്യനായ അങ്ങേക്കാണുന്നതിനായി മധുരയിൽനിന്നും വന്നിരിക്കുകയാണു്. എന്റെ കൈയിൽ അങ്ങേയ്ക്കു തരുന്നതിനായി സുന്ദരേശ്വരൻ ഒരു എഴുത്തു തന്നയച്ചിട്ടുണ്ടു്. ഇതാ വാങ്ങിയാലും" എന്നു പറഞ്ഞു എഴുത്തെടുത്തു ചേരരാജാവിന്റെ നേരെനീട്ടി. അദ്ദേഹം വളരെ ഭക്തിപൂർവ്വം താണുതൊഴുതുംകൊണ്ടു ആ എഴുത്തുവാങ്ങികണ്ണിലുംശിരസ്സിലും വച്ചു് സന്തോഷാനന്ദാശ്ചര്യസംഭ്രമങ്ങളോടുകൂടെഇപ്രകാരം വായിച്ചു:—

"നാനാശ്ചര്യയുതായാം
മധുരായാംഭദ്രഇതിനാമ്നാ
മയിസക്തോദത്വാസ്മൈ
പ്രേഷയവസുഭൂരിശീഘ്രതരം"

നാനാവിധ ആശ്ചര്യങ്ങൾക്കും ഇരിപ്പിടമായ മധുരയിൽ, എന്നെ സേവിച്ചുവാഴുന്ന ഈ ഭദ്രനു് കാലതാമസംകൂടാതെ വേണ്ടുന്ന ദ്രവ്യംകൊടുത്തയച്ചാലും എന്നുള്ള അർത്ഥമടങ്ങിയതും മനോഹരങ്ങളായ വർണ്ണവിന്യാസങ്ങളോടുകൂടിയതും ആയ സുന്ദരേശ്വരന്റെ തൃക്കൈവിളയാടി എഴുതിയ തിരുവെഴുത്തുവായിച്ചപ്പോൾ, ചേരഭൂപനുണ്ടായ അത്ഭുതാനന്ദങ്ങൾ വാചാമഗോചരങ്ങളായിരുന്നു എന്നു പ്രത്യേകം പറയേണ്ടതില്ലല്ലൊ. ഹാലാസ്യാധിപനായ സുന്ദരേശ്വരനു് തന്നിൽ ഇത്രമാത്രം കരുണയും വിശ്വാസവും ഉണ്ടായല്ലോ എന്നോർത്തും കൃതാർത്ഥത കൊണ്ടുണ്ടായ യഥാർത്ഥമായ പരമാനന്ദത്തെ അനുഭവിച്ചും രണ്ടുമൂന്നുക്ഷണത്തോളവും അദ്ദേഹം ഒന്നും മിണ്ടാതെ നിന്നുപോയി. അനന്തരം, അദ്ദേഹം ഭദ്രനെ ആനപ്പുറത്തുകയററി വാദ്യഘോഷങ്ങളോടും രാജോചിതങ്ങളായ അകമ്പടിയോടുംമററും കൂടെ പുരത്തിനുള്ളിൽകൊണ്ടുപോയി ആചാരോപചാരങ്ങൾകൊണ്ടു സൽക്കരിച്ചു് മാന്യസ്ഥാനത്തിൽ ഇരുത്തി വിശ്രമിപ്പിച്ചു. അനന്തരം ഭദ്രനെ, സാക്ഷാൽ സുന്ദരേശ്വരൻതന്നെയെന്നുള്ള വിചാരത്തോടുകൂടെ അഭ്യംഗാചരണവും സ്നാനവും മററും ചെയ്യിപ്പിച്ചു്, കുങ്കുമചന്ദനാദികളായി പരിമളം ഏറിയ പലവിധ കുറിക്കൂട്ടുകളും ചാർത്തി വിലതീരാത്ത വസ്ത്രങ്ങളേയും ആഭരണങ്ങളേയും മററും കൊണ്ടലംകരിപ്പിച്ചു തൃപ്തിയാകുംവണ്ണം ഷഡ്രസോപേതമായ ഭക്ഷണങ്ങളും നൽകി എഴുന്നെള്ളിപ്പിച്ചുകൊണ്ടുവന്നു് ഉഗ്രപീഠത്തിൽ ഇരുത്തി വന്ദിച്ചുംകൊണ്ടു വിനയാനതനും ഭക്തിയുക്തനുമായ ചേരഭൂപൻ ഇപ്രകാരം പറഞ്ഞു:—

"അല്ലയോസ്വാമിൻ! ശിവസന്നിഭനായ അങ്ങയുടെ പാദപത്മരേണുക്കളെക്കൊണ്ടു് എന്റെ മന്ദിരം പരിപൂതമാകുന്നതിനു ഭാഗ്യമുണ്ടായ ഇന്നത്തെ ദിവസംപോലെ പരമാനന്ദകരമായ ഒരു സുദിനം ഇതിനുമുമ്പിൽ എനിക്കുണ്ടായിട്ടില്ല. ഞാൻ ഇന്നു് ഏററവും കൃതാർത്ഥനായി. ഇപ്രകാരം ഒരു ഭാഗ്യം എനിക്കുണ്ടാകുമെന്നു ഞാൻ സ്വപ്നത്തിൽപോലും വിചാരിച്ചിരുന്നതും ഇല്ല. എല്ലാം മായാമയനും ജഗന്നിവാസനും ഭക്തകല്പമഹീരുഹനും ആയ സുന്ദരേശ്വരന്റെ ലീലാപ്രയോഗങ്ങൾ എന്നല്ലാതെ ഒന്നും പറവാനില്ല. അവിടത്തെ ഏതൊരുമാതിരിനിയോഗങ്ങളേയും അനുഷ്ഠിക്കുന്നതിനു് അവിടത്തെ ദാസദാസനായ ഞാൻ സദാപി സന്നദ്ധനാണു്."

ഭദ്രൻ അതുകേട്ടു്, മന്ദസ്മിതപൂർവം പറഞ്ഞു:—

"അല്ലയോ ചേരഭൂപാലോത്തമ! ഭക്താഗ്രണിയായ അങ്ങയെപ്പോലെ, മഹാഭാഗ്യശാലികളായി ആരും തന്നെയില്ല. കരുണാവരുണാലയനായ സാക്ഷാൽ സുന്ദരേശ്വരന്റെ അസീമമായ വിശ്വാസത്തിനും അനുഗ്രഹത്തിനും പാത്രവാനാകുന്നതിൽ കൂടുതലായി എന്തൊരു ഭാഗ്യമാണു് ഇഹപരങ്ങളിൽ ഒരുത്തനു സിദ്ധിക്കാനുള്ളതു്. അങ്ങു് എല്ലാമഹാനുഭാവന്മാരിൽവച്ചും മഹാനുഭാവൻ എന്നും, എല്ലാമഹാഭാഗ്യശാലികളിലും മഹാഭാഗ്യശാലിയെന്നും, സുകൃതികളിൽവച്ചും സുകൃതിയെന്നും പിന്നെയും പിന്നെയും അനേകായിരം തവണ പറയണം. അതുമല്ല വാസ്തവതത്വത്തിന്റെ രഹസ്യത്തെ ചുഴിഞ്ഞുനോക്കുന്നതായാൽ, ജാതിഭേദമെന്യേ ബ്രഹ്മാദിസ്തംബപര്യന്തം അന്തര്യാമിയായ ഭഗവാൻ സുന്ദരേശ്വരൻ ജീവാഖ്യനായി സ്ഥിതിചെയ്യുമ്പോൾ ലോകത്തിൽ ഉൽകൃഷ്ടമായും അപകൃഷ്ടമായും യാതൊന്നുംതന്നെയില്ല. പിന്നെലൌകികമായ ജീവിതാന്തരങ്ങളുടെയും ഗുണാഗുണങ്ങളുടെയും പുണ്യപാപങ്ങളുടെയുംകൂടുതൽ കുറവുകളെ അനുസരിച്ചാണു്, ഒരുത്തൻ ശ്രേഷ്ഠനെന്നും അന്യൻ നീചൻ എന്നും മററും നിശ്ചയിക്കുന്നതു്.

ഇങ്ങനെ അവർ തമ്മിൽ കുറേ നേരത്തോളവും സംഭാഷണംചെയ്തു. ചേരരാജാവു് ഉടൻ തന്നെ, കാലവിളംബം വരാതെ ഭദ്രനെ അയക്കണമെന്നുള്ള സുന്ദരേശ്വരാജ്ഞയെ അനുസ്മരിച്ചിട്ടു് ഭദ്രനെനോക്കി, അല്ലയോ ശിവഭക്തനായ ഗായകശിഖാമണേ! നിങ്ങളിവിടെ താമസിക്കാതെ ആവശ്യമുള്ള ധനം വാരി കിങ്കരന്മാരെക്കൊണ്ടു ചുമപ്പിച്ചുകൊണ്ടു മധുരയിലേക്കു പുറപ്പെട്ടാലും. അവിടത്തെ ഇവിടെ ഒട്ടും താമസിപ്പിക്കരുതെന്നാണു് സുന്ദരേശ്വരന്റെ കല്പന. ഞാൻ ഇനിയും അങ്ങയെ സംഭാഷണരസംകൊണ്ടു ഇവിടെ താമസിപ്പിച്ചാൽ ആജ്ഞാലംഘനംചെയ്ത പാപത്തിനു ഞാൻ ഉത്തരം പറയേണ്ടിവന്നേക്കും. അതിന്റെശേഷം ഭദ്രനെനോക്കി കിങ്കരന്മാരോടുകൂടെ കോശാഗാരത്തിൽപ്രവേശിച്ചു് ആവശ്യമുള്ളെടത്തോളവും ദ്രവ്യം വാരിക്കൊള്ളുന്നതിനു പറഞ്ഞു.

ഭദ്രൻ രാജാജ്ഞപ്രകാരം അദ്ദേഹത്തിന്റെ കോശാഗാരത്തിൽനിന്നും അനവധികിങ്കരന്മാരെക്കൊണ്ടു് ദ്രവ്യവും ചുമപ്പിച്ചു്, ഭക്തഗണങ്ങളോടുകൂടെ അവിടെ നിന്നും തിരിച്ചു മധുരയിൽ എത്തി തന്റെമന്ദിരത്തിൽപോയി പഴയപോലെ ദാനവും സുന്ദരേശ്വരഭജനവും ചെയ്തു സൌഖ്യമായ് താമസിച്ചു.

അല്ലയോ വസിഷ്ഠാദികളേ! ആശ്രിതവത്സലനും സർവ്വാർത്ഥകല്പതരുവും ആയ സുന്ദരേശ്വരനിൽ യഥാർത്ഥഭക്തിയോടു കൂടിയവർക്ക് ദുഷ്കരമായി യാതൊന്നുംതന്നെ ഇല്ലെന്നുള്ളതിലേക്കും ഭക്തവത്സലനായ ഭഗവാൻ തന്റെ ആശ്രിതന്മാരെ രക്ഷിക്കുന്നതിനുവേണ്ടി എന്തും ചെയ്യുമെന്നുള്ളതിലേക്കും ഭദ്രനുവേണ്ടി ചേരരാജാവിനു എഴുത്തെഴുതിയതായ അദ്ദേഹത്തിന്റെ ഈ നാല്പത്തിരണ്ടാമത്തെ ലീല അത്യന്തം ശ്രേഷ്ഠമായ ഉദാഹരണമാകുന്നു. ഈ പരമപാവനമായ ലീലയെ കേൾക്കുകയും പഠിക്കുകയും ചെയ്യുന്നവർക്ക് ഇഹപരസൌഖ്യങ്ങൾ അനായാസേന ലബ്ധമാകുന്നതാണ്.

ഭദ്രനുവേണ്ടി ചേരഭൂപതിക്ക് എഴുത്തയച്ച
നാല്പത്തിരണ്ടാം ലീല സമാപ്തം.

# ഹാലാസ്യമാഹാത്മ്യം

കേരളഭാഷാഗദ്യം

൪൯ ാം അദ്ധ്യായം.

ഭദ്രനു ഫലകാദാനംചെയ്ത

## നാൽപ്പത്തിമൂന്നാം ലീല.

ശൈവാഗമവേദിയായ അഗസ്ത്യമഹർഷി വീണ്ടും വസിഷ്ഠാദികളെ നോക്കി, അല്ലയോ മുനിപുംഗവന്മാരേ! നിങ്ങൾ ഇനി ഭക്തനായ ഭദ്രനു് ഭഗവാൻ ഫലകാദാനംചെയ്ത അദ്ദേഹത്തിന്റെ നാല്പത്തിമൂന്നാമത്തെ ലീലയെ കേട്ടുകൊള്ളുവിൻ എന്നിങ്ങനെയുള്ള മുഖവുരയോടുകൂടെ താഴെ വരുമാറു വീണ്ടും ലീലാകഥനം ആരംഭിച്ചു.

അല്ലയോ താപസശ്രേഷ്ഠന്മാരേ! പരമേശ്വരഭക്തികൊണ്ടു് മഹാപ്രഭുവായിത്തീർന്ന ഭദ്രന്റെ ഐശ്വര്യങ്ങൾ കണ്ടു് അസൂയാലുക്കളായിത്തീർന്ന

മധുരാപട്ടണത്തിലെ മററു ഗായകന്മാർ എല്ലാവരുംകൂടി ഭദ്രനെ ദരിദ്രനാക്കുന്നതിനുവേണ്ടി ഓരോന്നു ചെയ്വാൻ തുടങ്ങി.

ഹാലാസ്യേശ്വരപ്രസാദംകൊണ്ടു് ഭദ്രനു വിവരം മനസ്സിലായി. അന്നുമുതൽ അവൻ, അസൂയാലുക്കളായ ശത്രുക്കളുടെ ദുഷ്പ്രയോഗങ്ങൾ ഒന്നും തന്നിൽ ഫലിക്കാതിരിക്കുന്നതിനുവേണ്ടി പൂർവാധികമായ ഭക്തിയോടുകൂടെ കദംബകാനനവാസിയും കരുണാവരുണാലയനും ആശ്രിതവത്സലനുമായ ഭഗവാനെ സേവിക്കണമെന്നു നിശ്ചയിച്ചു്, അന്നുമുതൽ അനുദിവസവും കാലത്തും, ഉച്ചയ്ക്കും, സന്ധ്യയ്ക്കും, അർദ്ധരാത്രിയിലും മുടങ്ങാതെ പോയി സുന്ദരേശ്വരഭജനം ചെയ്തുതുടങ്ങി. ധർമ്മാർത്ഥകാമമോക്ഷങ്ങൾ സിദ്ധിക്കുന്നതിനും, രോഗതാപാദി പാപമൃത്യുദുഃഖങ്ങൾ നശിക്കുന്നതിനും പരമേശ്വരഭജനത്തിനു സമമായി മററൊന്നും ഇല്ലെന്നുള്ള ഭദ്രന്റെ വിശ്വാസവും, ഭക്തിയും ദിവസം എന്നപോലെ വർദ്ധിക്കുകയും ചെയ്തു. ഇപ്രകാരം ഭഗവൽപൂജയിൽ അത്യാസക്തമായ ഹൃദയത്തോടുകൂടെ സർവവും സർവജ്ഞനായ സുന്ദരേശ്വരങ്കൽ തന്നെ സമർപ്പിച്ചു്, സമയംതെററാതെ ഗാനവിദ്യകൊണ്ടു് സുന്ദരേശ്വരസേവയെ നിർവഹിച്ചുവന്ന ഭദ്രനിൽ, എല്ലാവർക്കും ഒന്നുപോലെ ബഹുമാനം ഉദിക്കുകയും, മധുരാപട്ടണത്തിലെ അർത്ഥികൾ ശിവഭക്തനായ ഭദ്രന്റെ നിസ്തുല്യമായ ഉദാരതയേയും ദയയേയും തന്നെ തങ്ങളുടെ ശരണസ്ഥാനമായി സ്വീകരിക്കുകയും ചെയ്തു.

സുന്ദരേശ്വരനായ ശങ്കരനെ ഭോഗാംഗപൂജാവസരത്തിൽ, സേവിക്കുന്നവർ, സർവപാപവിമുഖന്മാരും, മോക്ഷപദപ്രാപ്തന്മാരും ആയിത്തീരുമെന്നാണല്ലോ ആപ്തമതം. ഭദ്രൻ അതിനെ അടിസ്ഥാനമാക്കിപതിവായി ഭോഗാംഗപൂജാസമയം തെററാതെ ഗാനവിദ്യകൊണ്ടു്, സുന്ദരേശ്വരനെസേവിക്കുകയും തന്മൂലംഭദ്രനു് സകലസിദ്ധികളും സിദ്ധിക്കുകയും ചെയ്തു.

ഇങ്ങനെ ഇരിക്കുന്ന അവസരത്തിൽ ഒരുദിവസം ലീലാരസപ്രിയനും മായാമയനും ആയ ഹാലാസ്യനായകൻ, ഐശ്വര്യാഢ്യനായ ഭദ്രനെ ഒന്നുപരീക്ഷിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടെ, ഭദ്രൻ അർദ്ധരാത്രിയിലെസുന്ദരേശ്വരസേവയ്ക്കു വീട്ടിൽനിന്നും പുറപ്പെടുന്നതിനുമുമ്പായി സ്വഭാവേന തന്നെ ഭയങ്കരമായ ആ അർദ്ധരാത്രിയിൽ അതിഘോരമായ ഒരു അതിവർഷം ഉണ്ടാക്കി. കല്പാന്തകാലത്തിലെ അതിവർഷവും നിസ്സാരമെന്നുതോന്നത്തക്കവണ്ണം തുടങ്ങിയ അതിവർഷംകൊണ്ടും കൂരിരുട്ടുകൊണ്ടും ഭൂമിയും ആകാശവും, മററുള്ള യാതൊരു സാധനങ്ങളും തിരിച്ചറിയാൻപാടില്ലാതെ എല്ലാം അന്ധകാരമയമായിത്തീർന്ന ആ രാത്രിയിലും ഭദ്രൻ ആനയുടെ തുമ്പിക്കൈയ്യുവണ്ണത്തിൽ, ധാരമുറിയാതെ ചൊരിയുന്ന മഴയുംനനഞ്ഞു് ചടപടരടിതത്തോടുകൂടിയ മേഘനിർഘോഷങ്ങളുംസഹിച്ചു സുന്ദരേശ്വരന്റെഭോഗാംഗപൂജാസമയത്തിൽ താൻ നടത്തിവരുന്ന സേവമുടക്കാൻ പാടില്ലെ

ന്നുള്ള ദൃഢനിശ്ചയത്തോടുകൂടെ സ്വമന്ദിരത്തിൽനിന്നും ഇറങ്ങിത്തിരിച്ചു ചരൽക്കല്ലുകൾ വാരിയെറിയുന്നതുപോലെ ശിരസ്സിൽ പതിക്കുന്ന വർഷോപലങ്ങളെ കല്പകപ്രസൂനങ്ങൾപോലെ സഹിച്ചു, മനുഷ്യരെന്നല്ല തിര്യക്കുകൾ പോലും ഉപേക്ഷിച്ചതായ ആ രാത്രിയുടെ ഭയങ്കരതയെ അല്പംപോലും അറിയാതെ അമൃതസാഗരത്തിൽനീന്തിക്കളിച്ചു കല്പകപ്പൂവൃഷ്ടിയുമേറ്റു, പരബ്രഹ്മജ്യോതിസ്സിൽലയിക്കാൻ പോകുന്ന ഒരുജീവന്മുക്തന്റെആത്മപ്രസന്നതപോലെയുള്ള തെളിവോടും സന്തോഷത്തോടുംകൂടെ പുറപ്പെട്ടു ഹാലാസ്യക്ഷേത്രത്തിൽ പ്രവേശിച്ചു പതിവുപോലെയുള്ള ഗാനസേവതുടങ്ങി.

ലീലാവിനോദിയായ സുന്ദരേശ്വരൻ എന്നിട്ടും പരീക്ഷമതിയാക്കാതെ മേഘങ്ങളോടു പൂർവ്വാധികം ഭയങ്കരമായ വിധത്തിൽ വീണ്ടും വർഷിക്കുന്നതിനാജ്ഞാപിച്ചു.

പുഷ്കലാവർത്തകാദികളായ മേഘത്തലവന്മാർ, സുന്ദരേശ്വരാജ്ഞയെ ശിരസാവഹിച്ചുകൊണ്ടു അതേവരെ വർഷിച്ചതിലും വളരെവളരെ ഭയങ്കരമായി പെയ്തുതുടങ്ങി. മേഘങ്ങൾ സ്ഫടികസ്തംഭാകൃതിയിൽ വർഷിക്കുന്ന ജലധാരകളെ ചക്രവാതങ്ങൾ അടിച്ചു സർവ്വത്ര ചിതറിച്ചു, ഒരു നിമിഷനേരംപോലും ഇടവിടാതെപുറപ്പെട്ടുതുടങ്ങിയ ഇടിനാദംകൊണ്ടു ഭൂമിയെ കമ്പിതമാക്കിയും മററും രണ്ടാമതുള്ളങ്ങിയ അതിവർഷം എത്രമാത്രം ഭീമഭയങ്കരമായ അവസ്ഥയാണു ആ രാത്രിക്കുണ്ടാക്കിത്തീർത്തതെന്നു് എന്നെക്കൊണ്ടല്ല ശ്രീ അനന്തനെക്കൊണ്ടുപോലും പറഞ്ഞറിയിക്കാൻ ഒക്കുന്നതല്ല. കാറ്റും പെരുമഴയും തണുപ്പും മററും സഹിച്ചു്, അന്ധതാമിസ്രമഹാനരകത്തിലെ ഗുഹാപ്രദേശങ്ങളേക്കാളും അഞ്ജനപർവ്വതത്തിലെ ദരികളെക്കാളും അതിഘോരാന്ധകാരത്തോടുകൂടിയ രാത്രിയുടെയും സ്ഥലങ്ങളിൽവച്ചു തുടരെത്തുടരെ കതിനകൾ പൊട്ടിക്കുന്നതുപോലെ ചുഴചവും കേൾക്കുന്നഇടിനാദങ്ങളുടെയും കുലപർവ്വതങ്ങളെപ്പോലും പുഴക്കിമറിക്കുന്ന ചണ്ഡമാരുതന്റേയും ഭയങ്കരപ്രകടനങ്ങൾ യാതൊന്നിലും യാതൊരുവിധമായ ഭയമോ ചാപല്യമോ വിരസമോ യാതൊന്നും പ്രകാശിപ്പിക്കാതെഭഗവദ്വാഹനമായ വൃഷദേവന്റെ പൃഷ്ഠഭാഗത്തിൽ പോയ്ക്കയറിയിരുന്നുംകൊണ്ടു്, പതിവിൽക്കൂടുതലായ ആനന്ദത്തേയും ഭക്തിയേയും പ്രസന്നതയേയും പ്രസ്ഫുടീഭവിപ്പിച്ചുംകൊണ്ടു ഭദ്രൻ അന്നും ഗാനസേവ ആരംഭിച്ചു.

ചുഴലിക്കാറ്റുകൾ അടിച്ചുകേറുന്ന ജലശീകരങ്ങൾകൊണ്ടും ശൈത്യംകൊണ്ടും ഭദ്രന്റെ ശരീരം മരവിക്കുകയും നഖങ്ങൾകൊണ്ടു വീണയുടെ തന്ത്രികൾ ധ്വനിപ്പിക്കുന്നതിനു നിവൃത്തിയില്ലാതെ ആവുകയും പെരുമഴകൊണ്ടു വെള്ളവും ചെളിയും മാറോളം പൊങ്ങുകയും ചെയ്തിട്ടും, ഭദ്രൻ അവിടെ നിന്നും ഒരണുവുപോലും അനങ്ങാതേയും ഇളകാതേയും കലങ്ങാതെയും ഭക്തിനിശ്ചയങ്ങൾക്കു യാതൊരു ചലനമോ വ്യത്യാസമോ കൂടാതേയും ഭജിച്ചുകൊണ്ടുതന്നെ ഇരുന്നു.

അതികഠിനമായ ഭക്തികൊണ്ട് പരമേശ്വരധ്യാനത്തിൽ മനസ്സു മുഴുകിപ്പോയ ഭദ്രൻ വീണയിൽ നിന്നും ശ്രുതിപുറപ്പെടാത്തതും പെരുമഴ പെയ്യുന്നതും തൻെറ ശരീരം മാറോളവും ചെളികൊണ്ടു മൂടിയതും അല്പംപോലും അറിഞ്ഞില്ല. അവൻ ശ്രോത്രാമൃതമാകുംവണ്ണം പാടിയുംകൊണ്ടുതന്നെ ഇരുന്നു. ഗാഢമായഭക്തിയിൽ ലയിച്ച മനഃസ്ഥിതിയോടുകൂടിയ ഒരു യഥാർത്ഥഭക്തൻ അന്യങ്ങളായ തൻെറ പരിതഃസ്ഥിതികളെപ്പററി അറിയാതെ ഇരുന്നതിൽ ഒട്ടുംതന്നെ അതിശയിക്കാനില്ല. വീണ്ടും സുന്ദരേശ്വരൻപങ്കംകൊണ്ട് ഭദ്രനെ മൂടുവാൻ തുടങ്ങി. സ്ഥിരഭക്തനായ അവനുണ്ടോ അതെല്ലാം അറിയുന്നു. അവൻെറ ഹൃദയവും സ്വരവും ഒന്നുപോലെ അപ്പോൾ സുന്ദരേശ്വരങ്കൽ ലയിച്ചുപോയിരിക്കുന്നു. ഭക്തിസുധയുടെ പരമാസ്വാദ്യമാത്രം എന്താണെന്നവനറിയാം.

ഇത്രയും ആയിട്ടും യാതൊരു ചലനവും ഇല്ലാതെ ഏകതാനതയോടുകൂടെ തന്നെ ഭജിക്കുന്ന ഭദ്രൻെറ മേൽ സുന്ദരേശ്വരനുണ്ടായ അനുകമ്പയും സ്നേഹവും ഇന്നമാതിരിയിലാണെന്നു പ്രത്യേകം പറയേണമെന്നില്ലല്ലോ. അനന്തരം കൃപാർദ്രമനസ്സനായ ഭഗവാൻ ചെളിയിൽ ഇരുന്നുകൊണ്ട് ധാരമുറിയാതെ ഭജനംചെയ്യുന്ന ഭദ്രൻെറ പൃഷ്ഠത്തിന്നു കീഴിൽ വിലതീരാത്തരത്നങ്ങൾ പതിച്ചതായ ഒരു സ്വർണ്ണഫലകയെ മന്ദമായി വച്ചുകൊടുത്തു. ഉടൻതന്നെ ഭദ്രൻ ആ പലക കൈയിൽ എടുത്തുനോക്കിയുംകൊണ്ട്, ഈ രത്നങ്ങൾ പതിച്ച പലകയെ എനിക്കു ഇരിക്കാനായി നൽകിയതാരാണ്? എന്തായാലും ഇതു് അതിശയിക്കത്തക്കതുതന്നെ. എന്നിങ്ങനെ വിചാരിച്ചുംകൊണ്ട് വീണ്ടും ഭജനം തുടങ്ങി. പതിവുസമയം ആയപ്പോൾ ഭജനം മതിയാക്കി സുന്ദരേശ്വരനെ നമസ്കരിച്ച് പലകയോടുകൂടെ തൻെറ ഭവനത്തിൽ പോകുന്നതിന്നായി തിരിച്ചു.

ഉടൻതന്നെ അതേവരെയും അതിഘോരമായി പെയ്തുകൊണ്ടുനിന്ന വർഷം അവസാനിക്കുകയും ആകാശത്തിൽ നക്ഷത്രങ്ങൾ മിന്നി പ്രകാശിക്കുകയും, ചന്ദ്രോദയംകൊണ്ട് മുല്ലപ്പൂ വാരി വിരിച്ചതുപോലെ ഭൂമിയും ആകാശവും ശുഭ്രമാവുകയുംചെയ്തു. ഭദ്രൻ ചന്ദ്രപ്രകാശംകൊണ്ട് തെളിഞ്ഞുകണ്ട മാർഗ്ഗത്തിൽകൂടെ സ്വമന്ദിരത്തിൽ പോയി, തൻെറ കൈവശമുണ്ടായിരുന്ന ഹേമരത്നവിചിത്രിതമായ പലകയെ ബന്ധുക്കളിൽ പലരേയുംകാണിച്ച്, വിവരം മുഴുവൻ അവരെ അറിയിച്ചു. കേട്ടവർ എല്ലാവരും ഒന്നുപോലെ വിസ്മയിക്കുകയും ഈ പലക ഭക്തവാത്സലനായ ഭഗവാൻ സുന്ദരേശ്വരൻെറ കാരുണ്യവിശേഷംകൊണ്ട് ലഭിച്ചതാണെന്നു അഭിപ്രായപ്പെടുകയുംചെയ്തു. ഭദ്രനും അതു സമ്മതിച്ചു. തന്മൂലം അവൻെറ ഭക്തി പൂർവ്വാധികം ഉജ്വലിതം ആയി.

പിറേറദിവസം പ്രഭാതമായപ്പോൾ ഈ വിവരം എങ്ങനെയോ വരഗുണപാണ്ഡ്യൻ അറിഞ്ഞു. ഉടൻതന്നെ അദ്ഭുതമായ പലകയോടുകൂ

ടെ ഭദ്രനെ കൂട്ടിച്ചുകൊണ്ടു ചെല്ലുന്നതിനായി സേവകന്മാരെ പറഞ്ഞയച്ചു. അവർ ഭദ്രനെ അതിവേഗത്തിൽ ക്ഷണിച്ച് ഫലകയോടുകൂടെ രാജമന്ദിരത്തിൽ കൊണ്ടുചെന്നാക്കി.

രാജേന്ദ്രനായ ഫലകയോടുകൂടെ ആഗതനായ ഭദ്രനെ കണ്ടപ്പോൾ വരഗുണപാണ്ഡ്യനുണ്ടായ ആനന്ദാതിശയസന്തോഷങ്ങൾ ഇന്നവിധമെന്നു ആരെക്കൊണ്ടും പറഞ്ഞറിയിക്കത്തക്കതല്ല. അദ്ദേഹം ഭദ്രനെ മനുഷ്യരൂപത്തിൽ ആഗതനായ സുന്ദരേശ്വരനെപ്പോലെ ഭാവിച്ച് പൂജിച്ചിരുത്തി, ധാന്യധനസ്വാദ്ധ്യങ്ങളായ അനവധി ഗ്രാമങ്ങളും കനകരത്നനിർമ്മിതങ്ങളായ അനവധി മണിമന്ദിരങ്ങളും സ്വർണ്ണവസ്ത്രാഭരണങ്ങളും മററുംസമ്മാനമായി നല്കി. അനന്തരം വളരെ വിനയപൂർവ്വം ഭദ്രനെനോക്കി ഇങ്ങനെ പറഞ്ഞു:

"അല്ലയോ പരമശിവഭക്താഗ്രഗണ്യനായ ഭദ്ര! നിൻെറ ഭക്തിതന്നെയാണ് യഥാർത്ഥമായ ഭക്തി. ഭക്തികൊണ്ടു പരമശിവനെ പ്രസാദിപ്പിച്ച് ഏതൊരുമാതിരി കാര്യ്യവും സാധിക്കാം എന്നു നീ അനേകകാര്യ്യങ്ങൾകൊണ്ടു് ഞങ്ങൾക്കെല്ലാം പ്രത്യക്ഷമാക്കിത്തന്നു. കുട്ടിയുടെ പുറകെ പശു നടക്കുന്നതുപോലെ ഭക്തശിരോമണിയായ നിൻെറ പുറകെ ഭക്തവത്സലനായ ഭഗവാൻ സദാപി യാനം ചെയ്യുന്നുണ്ടു്. മഹാഭാഗ്യവാരിധിയായ നിന്നിൽ അദ്ദേഹം കാണിക്കുന്ന ദയ ഇതിനു മുമ്പിൽ ആരോടും കാണിച്ചിട്ടില്ലാത്തവണ്ണം വളരെ വളരെ ഉൽകൃഷ്ടമായതുതന്നെ. ഇതിനു മുമ്പിൽ അദ്ദേഹത്തിൻെറ പാണിപങ്കജംകൊണ്ടു് രത്നപ്രഭാരഞ്ജിതമായ ഫലക ഇരിക്കുന്നതിനായി ആൎക്കു ലഭിച്ചിട്ടുണ്ടു്. പരമശിവനും അദ്ദേഹത്തിൻെറ സാക്ഷാൽ ഭക്തന്മാരും രണ്ടല്ലെന്നു വേദാഗമപുരാണങ്ങളിൽ ഘോഷിച്ചിട്ടുള്ളതു് വാസ്തവംതന്നെയെന്നു് ഇപ്പോൾ അനുഭവമായി. ഈശ്വരനെ പൂജിക്കുന്നഫലം ഈശ്വരഭക്തന്മാരെ പൂജിച്ചാലും ഉണ്ടാകുമെന്നുള്ള ആപ്തവചനം യഥാർത്ഥമാകുന്നു. അതുകൊണ്ടു്, പരമേശ്വരൻെറ സാക്ഷാൽ ഭക്തനായ അങ്ങെ പൂജിച്ചതിനാൽ എൻെറ സകലപാപങ്ങളും അവസാനിച്ചതായി ഞാൻ വിചാരിക്കുന്നു. അങ്ങയുടെ ആഗമനവും സാന്നിദ്ധ്യവുംകൊണ്ടു് എൻെറ മന്ദിരവും പരിപൂതമായി"

അനന്തരം ഭദ്രനെ ബഹുവിധപൂജാനമസ്കാരസല്ക്കാരങ്ങളോടുകൂടെ യാത്രയാക്കി.

ഭദ്രൻ രാജദത്തങ്ങളായ അനവധി സല്ക്കാരദ്രവ്യങ്ങളോടും ബഹുമതികളോടും കൂടെ മാഗധവന്ദികളാൽ സ്തൂയമാനനായി സ്വമന്ദിരത്തിലേക്കു പുറപ്പെട്ടു. അനവധി രാജഭടന്മാർ അദ്ദേഹത്തെ അനുധാവനംചെയ്തു. അവർ ഇതില്പരമില്ലാത്ത ഘോഷത്തോടുകൂടെ ആയിരുന്നു

ഭദ്രനെ അവന്റെ ഭവനത്തിൽ എഴുന്നെള്ളിച്ചുകൊണ്ടുചെന്നാക്കിയതെന്നല്ലാതെ മറെറാന്നുംവൎണ്ണിക്കാവതല്ല.

ഭവനംഗതനായ ഭദ്രൻ, പൂൎവ്വാധികമായ ശ്രദ്ധയോടും ഭക്തിയോടും കൂടെ അൎത്ഥിജനങ്ങൾക്കു വേണ്ടതെല്ലാം നൽകി സുന്ദരേശ്വരസ്മരണയോടുകൂടെ പൂൎവ്വവൽ സസുഖംവസിച്ചു. സുന്ദരേശ്വരഭക്തനായ ഭദ്രന് ചന്ദ്രോദയത്തിലെ സമുദ്രജലംപോലെ സമ്പത്തുകൾ വൎദ്ധിച്ചു. ലോകവാസികൾ അവന്റെ ധനാഭിവൃദ്ധിയും, ഭക്തിയും, ദാനതല്പരതയും കണ്ടു ഇതിൽപ്പരമില്ലാതെ അതിശയിക്കയും സന്തോഷിക്കകയുംചെയ്തു.

അല്ലയോ വസിഷ്ഠാദി താപസന്മാരെ! സുന്ദരേശ്വരഭക്തന്മാൎക്ക് ഒരു കാലത്തും ആപത്തുകൾ സംഭവിക്കുന്നതല്ലെന്നും അവരുടെ എല്ലാഅഭീഷ്ടങ്ങളും സാധിക്കുമെന്നും ഇഹപരസൌഖ്യത്തിന് പരമശിവഭക്തിപോലെ മറെറാന്നും ഉപയോഗപ്പെടുന്നതല്ലെന്നും ഉള്ളതിന് മതിയായ ദൃഷ്ടാന്തമായ സുന്ദരേശ്വരന്റെ നാല്പത്തിമൂന്നാമത്തെ ലീല മേൽപ്രകാരമാണ്. അതുകൊണ്ടു എതൊരുത്തന് ആയുരാരോഗ്യസമ്പത്തുകളും ഇഹപരസൌഖ്യവും വേണമോ അവൻ തീൎച്ചയായും, ദൃഢവ്രതത്തോടുകൂടെ ആനന്ദമൂൎത്തിയും കരുണാനിധിയും ആശ്രിതകല്പദാരുവും ആയ സുന്ദരേശ്വരനെ ധ്യാനിക്കുകയോ പൂജിക്കുകയോ കീൎത്തിക്കുകയോ ഏതെങ്കിലും ചെയ്യേണ്ടതാകുന്നു.

പരമശിവന്റെ പാവനമായ ഈ ലീലയെ കേൾക്കുകയും പഠിക്കുകയും ചെയ്യുന്നവൎക്കു അനായാസേന ശിവാനുഗ്രഹം ഉണ്ടാകുന്നതാകുന്നു.

ഭദ്രനു ഫലപ്രദാനംചെയ്തു

നാല്പത്തിമൂന്നാം ലീല സമാപ്തം.

# ഹാലാസ്യമാഹാത്മ്യം

## കേരളഭാഷാഗദ്യം.

### ൪൦-ാം അദ്ധ്യായം.

### ഭദ്രാൎയ്യക്കു ജയം നല്കിയ

## നാല്പത്തിനാലാം ലീല.

പരമശിവലീലാശ്രവണംകൊണ്ടു് പരമാനന്ദതുന്ദിലരായിത്തീൎന്ന വസിഷ്ഠാദി മഹൎഷിമാർ വീണ്ടും തപഃസ്വാദ്ധ്യായ തല്പരനായ അഗസ്ത്യമഹൎഷിയോടു "അല്ലയോ ഭഗവാനേ സുന്ദരേശ്വരന്റെ അടുത്തലീല എന്താണു്. അതുംകൂടി ഞങ്ങളെ കേൾപ്പിക്കുന്നതിനു നിന്തിരുവടിക്കു ദയവുണ്ടാകണം" എന്നിങ്ങനെ അപേക്ഷിച്ചു.

അഗസ്ത്യൻ അതുകേട്ടു് മന്ദസ്മിതപൂൎവ്വം വസിഷ്ഠാദികളെനോക്കി "അല്ലയോ താപസവൎയ്യന്മാരേ ഭഗവാനായ സുന്ദരേശ്വരപ്പെരുമാളിന്റെ അടുത്തലീല ഭദ്രന്റെഭാൎയ്യക്കു പാട്ടിൽ വിജയം സമ്പാദിച്ചുകൊടുത്തതാണു്. അതിമംഗളകരമായ ആ നാൽപത്തിനാലാമത്തെ ലീല നിങ്ങളെ സവിസ്തരം കേൾപ്പിക്കാം. നിങ്ങൾ മനസ്സിരുത്തികേട്ടുകൊൾവിൻ!"

സുന്ദരേശ്വരഭക്തന്മാരിൽ അഗ്രഗണ്യനായ വരഗുണപാണ്ഡ്യൻ വളരെക്കാലം ജനക്ഷേമകരമാംവണ്ണം രാജ്യപരിപാലനം ചെയ്തു് ഒടുവിൽ, യോഗികൾക്കുപോലും ദുർല്ലഭമായ ശിവസായുജ്യത്തെ പ്രാപിച്ചതിൽപിന്നെ അദ്ദേഹത്തിന്റെപുത്രനും, രാജരാജസമ്പന്നനും വീൎയ്യശൌൎയ്യപരാക്രമശാലിയും, ആയ രാജരാജപാണ്ഡ്യൻ, രാജ്യഭാരംതുടങ്ങി.

അദ്ദേഹത്തിന്റെ രാജ്യഭാരകാലത്തിൽ ഒരുദിവസം, ഭദ്രനെപ്പോലെ ഭഗവൽഭക്തിയും ഗാനചാതുൎയ്യവും സൌന്ദൎയ്യവിലാസവുംകൊണ്ടു ത്രിലോകമോഹിനിയും പതിവ്രതാരത്നവും ആയ ഭദ്രഭാൎയ്യ രാജരാജപാണ്ഡ്യന്റെ പട്ടമഹിഷിയെ കാണുന്നതിനായി രാജധാനിയിൽപോയി. ഗായികാശിരോമണിയും, സൌശീല്യവതിയും ആയ ഭദ്രഭാൎയ്യയെ കൃതാഭിഷേകയായ രാജപത്നി ബഹുമാനപൂൎവ്വം ആദരിച്ചു സല്ക്കരിച്ചു. ആ അവസരത്തിൽ ഗാനവിദുഷിയായ ഭദ്രഭാൎയ്യയെ കാണുന്നതിനായി പട്ടമഹിഷിയുടെ അന്തഃപുരത്തിൽ എത്തിയ, രാജാവിന്റെ ദാസസ്ത്രീകളിൽ അതിസൌന്ദൎയ്യശാലിനിയും അഹംകാരമൂ

ത്തഴും സംഗീതത്തിൽ ഉള്ള തന്റെ സാമാന്യജ്ഞാനത്തെ, അഭേദിതീയജ്ഞാനമായിക്കരുതി തനിക്കു മേലായി മൂന്നുലോകത്തിലും ഗായികമാർ ഇല്ലെന്നുള്ള നാട്യത്തോടുകൂടിയവളും രാജവിമോഹിനിയെന്ന യഥാർത്ഥനാമത്തോടുകൂടിയവളുമായ ഒരു അസൂയക്കാരികൂടി ഉണ്ടായിരുന്നു. ആ വാരവിലാസിനിക്കു ഭദ്രയെ ഒരു നല്ലഭക്താഗ്രണ്യയും ഗായികാമൌക്തികവും, സൌന്ദര്യതേജോമയിയും ആയി ആ അന്തഃപുരത്തിൽ വന്നുകൂടിയവരും പട്ടമഹിഷിയും ഒന്നുപോലെ ബഹുമാനിക്കുന്നതു കണ്ടപ്പോൾ, വല്ലാത്ത കുണ്ഠിതവും അസൂയയും ഉണ്ടായി. അവൾ, തന്നെപ്പോലെ ഒരിക്കലും ഈ ഭദ്രയ്ക്കു ഗാനവിദ്യയിൽ, സാമർത്ഥ്യമില്ലെന്നും മററും പലതും പറഞ്ഞു ഭദ്രയ്ക്കുമായി ശണ്ഠയിട്ടു.

പട്ടമഹിഷിയുടെ തടസ്സംകൊണ്ടു്, അവരുടെ മത്സരം ഭയങ്കരമാകുന്നതിന്നിടയായില്ലെങ്കിലും, വാരവിലാസിനീതിലകമായ രാജവിമോഹിനിക്കു് വലിയ ഇച്ഛാഭംഗവും, മനസ്സമാധാനക്കേടും, അഭിമാനവും തന്മൂലം ഉദിച്ചു. അനന്തരം എല്ലാവരും പിരിഞ്ഞു.

ഭദ്രയ്ക്കു, പട്ടമഹിഷിയുടെ സൽക്കാരങ്ങളും സ്വീകരിച്ചു്, യാത്രയും ചോദിച്ചു് സ്വമന്ദിരത്തിൽപോയി. അവൾ അവളുടെ വീട്ടിൽ അനന്യചിന്തയായി പരശിവധ്യാനവും ഭർത്തൃശുശ്രൂഷയുംചെയ്തു താമസിക്കുന്ന അവസരത്തിൽ, രാജമഹിഷിയുടെ അന്തഃപുരത്തിൽവച്ചു് അവളുമായി കലഹിച്ച വാരനാരി, തനിക്കു ഇച്ഛാഭംഗത്തിനും അഭിമാനക്കേടിനും സംഗതിയാക്കിയ ഭദ്രയെ ഏതെങ്കിലും വിധത്തിൽ അപമാനിക്കണമെന്നുള്ള ദ്വേഷവിചാരത്തോടുകൂടെ ഒരുദിവസം രാജരാജപാണ്ഡ്യനോടു താനും ഭദ്രയും തമ്മിൽ, അന്തഃപുരത്തിൽവച്ചുണ്ടായ കലഹവും, തനിക്കുനേരിട്ട ഇച്ഛാഭംഗവും അത്യന്തം ധരിപ്പിക്കുകയും അതിന്റെശേഷം, അത്യദ്ഭുതത്തെ ലീലാവിശേഷങ്ങൾകൊണ്ടു് പരമാനന്ദതൃപ്തനാക്കീട്ടു്, തന്നെ അപമാനിച്ച ഭദ്രയെ രാജസഭയിൽവച്ചു് ഏതെങ്കിലും പ്രകാരത്തിൽ ഒന്നപമാനിപ്പിക്കാമെന്നു് ഏൽക്കണമെന്നു് ശാഠ്യം പിടിക്കുകയും ചെയ്തു. മനോഭവാർത്തികൊണ്ടു് സ്ത്രീവശനായ രാജരാജപാണ്ഡ്യൻ, സുന്ദരേശപരമമഹിമയെ വിചാരിക്കാതെ അപ്രകാരം ചെയ്യാമെന്നേററു.

അനന്തരം രാജരാജപാണ്ഡ്യൻ, തന്റെ ഭോഗിനിയുടെ ഇഷ്ടസാദ്ധ്യത്തിനായി ഭദ്രയെ സംഗീതത്തിൽ തോല്പിക്കുന്നതിനു സാമർത്ഥ്യമുള്ളതായ ഗായികമാർ ഭൂലോകത്തിൽ എവിടെ ഉണ്ടെന്നുള്ള അന്വേഷണം ആരംഭിച്ചു. പലസ്ഥലങ്ങളിൽ അന്വേഷിച്ചതിന്റെശേഷം ദ്വീപാന്തരത്തിൽനിന്നും, ഗാനവിദ്യാകുശലയായ ഒരു ഗായികയെ രഹസ്യമായി വരുത്തി രാജമന്ദിരത്തിൽ പാർപ്പിച്ചുകൊണ്ടു് ഭദ്രയെ വരുത്തി അവളോടു ഇങ്ങനെ ചോദിച്ചു.

"അല്ലയോ ഗായകീമൌക്തികമേ! ഇവിടെ ഒരു പാട്ടുകാരിവന്നുതാമസിക്കുന്നു. നിനക്കു അവളോടു പിണങ്ങിപ്പാടാമോ"? ഭദ്രോയ്യ, ആകാം എന്നു മറുപടി പറഞ്ഞു. ഉടനെ രാജാവു്, ആകുമെങ്കിൽമാത്രം ഏററാൽമതി. തോററുപോയാൽ നമുക്കു പൊതുവെ പോരാത്തതാണു്. എന്താന്നല്ല ആത്മവിശ്വാസം ഉണ്ടോ? ഏററുതോല്ക്കുന്നതിൽ ഭേദമല്ലേ ഏൽക്കാതിരിക്കുന്നതെന്നു വീണ്ടും ചോദിച്ചു. ഭദ്രോയ്യ, അല്ലയോ പാണ്ഡ്യഭൂപാലേന്ദ്ര! ഞാൻ, സുന്ദരേശ്വരഭക്തയും, പതിവ്രതയും ആണെന്നും, സുന്ദരേശ്വരൻ, ഭക്തവത്സലൻ ആണെന്നും അങ്ങേയ്ക്കും അറിയാവുന്നതല്ലേ? അപ്പോൾ ഞാൻ എങ്ങനെ തോല്ക്കും, ഭക്താധീനനായ സുന്ദരേശ്വരനും പാതിവ്രത്യശക്തിയുംകൂടി എന്നെ രക്ഷിച്ചുകൊള്ളുമെന്നുള്ള വിശ്വാസം എനിക്കുണ്ടു. അതുകൊണ്ടു് ഞാൻ നിശ്ചയമായും തോല്ക്കുകയില്ലെന്നു വിചാരിച്ചു് എന്നോടു പിണങ്ങാൻ വന്നിരിക്കുന്നവളെ രാജസഭയിൽ ആനയിപ്പിച്ചു് ഞങ്ങളെക്കൊണ്ടു മത്സരിപ്പിച്ചു പാടിക്കണം എന്നിങ്ങനെ അതിനു മറുപടി പറഞ്ഞു.

ഉടൻതന്നെ രാജരാജപാണ്ഡ്യൻ, എന്നാൽ നീ ഇപ്പോൾപൊയ്ക്കൊള്ളുക. അടുത്തദിവസം ഗാനമത്സരത്തിനായി സഭയിൽ വരണം എന്നും പറഞ്ഞു്, ഭദ്രോയ്യയെ യാത്രയാക്കി. അനന്തരം അദ്ദേഹം ദ്വീപാന്തരത്തിൽനിന്നും താൻ വരുത്തിയ പാട്ടുകാരിയെ വിളിച്ചുവരുത്തി, അവളോടുപിണങ്ങുന്നതിനായി രാജസഭയിൽ ഒരു ഗായിക ഹാജരാകുമെന്നും, അവളെ പാടിജയിക്കുന്നതുകൂടാതെ സഭയിൽവച്ചു് കഠിനമായി അപമാനിക്കണമെന്നും താൻ അരുതരുതെന്നു വിലക്കിയാലും അതിനെ വകവയ്ക്കേണ്ടതില്ലെന്നുംമററും പലകാര്യങ്ങളും പറഞ്ഞു് മനസ്സിലാക്കി ശരീരാലംകരണത്തിനുവേണ്ട വസ്ത്രാഭരണങ്ങൾ അവൾക്കു നൽകി അവളെ അവളുടെ പാർപ്പുസ്ഥലത്തേക്കയച്ചു.

അടുത്ത ദിവസം രാവിലെ ആ സംഗീതവിദുഷികൾ രണ്ടുപേരേയും, രാജരാജപാണ്ഡ്യൻ സഭയിൽ വരുത്തി. മന്ത്രിസത്തമന്മാരും പൌരപ്രധാനികളും ആയ എല്ലാ സഭാംഗങ്ങളും രാജസഭയിൽവച്ചു് ഭദ്രോയ്യയായ ഗായികാമണിയും, ദ്വീപാന്തരാഗതയായ മറെറാരു സംഗീതവിദുഷിയും തമ്മിൽ സംഗീതമത്സരം നടക്കാൻ പോകുന്നെന്നു് വിദ്വൽശ്രോതാക്കളും കാലേക്കൂട്ടി അറിഞ്ഞിട്ടുണ്ടായിരുന്നതിനാൽ, പതിവിൽ കൂടുതൽ നേരത്തെ വന്നു് സഭയെ അലംകരിച്ചു. ശ്രോതാക്കളായി പട്ടണവാസികളിലും പലരും എത്തിക്കൂടി.

നൂതനഗായിക സഭയിൽ എത്തിയ ഉടൻ തന്നെ ഭദ്രോയ്യയെ, ആക്ഷേപിക്കാൻ തുടങ്ങി. രാജാവു് വ്യാജമായി, അരുതെന്നു തടുത്തതിനെ അവൾ വകവെച്ചില്ല. അവൾ വീണ്ടും, എടിധൂർത്തെ! ചണ്ഡാലീ!

മൂഢ! നീ ആണോ എന്നോടു പാടിജയിക്കാൻ വന്നിരിക്കുന്നതു്? മധുരാലാപനത്തിൽ കാകൻ കുയിലിനെ ജയിക്കാൻ ഒരുങ്ങുന്ന മാതിരിയിലുള്ള നിന്റെ ഈ ദുർമ്മോഹം, അതിശയിക്കത്തക്കതെന്നല്ലാതെ മറെറന്താണു് പറയേണ്ടതു്. നിന്നെക്കണ്ടതിൽ നിനക്കു സംഗീതത്തിന്റെ ഗന്ധം പോലും തട്ടീട്ടുണ്ടെന്നു തോന്നുന്നില്ല. കഴുത കുങ്കുമം ചുമക്കുന്നതുപോലെ നീ ഈ നല്ലവീണയെ എന്തിനു വഹിച്ചുകൊണ്ടു നടക്കുന്നു. എനിക്കു സംഗീതജ്ഞാനമേ ഇല്ലെന്നു സത്യംചെയ്തു് വീണകൊണ്ടുവന്നു് എന്റെ കാല്ക്കൽവെച്ചു് നമസ്കരിച്ചുംവെച്ചു് വെളിയിൽ പോവുകയെന്നും മററും കണക്കും വഴക്കും കൂടാതെ ആക്ഷേപിച്ചു.

അനന്തരം രാജാവു് താൻ ഒരു മദ്ധ്യസ്ഥൻ എന്നുള്ള വ്യാജേന ഭദ്രഭാര്യയെ അതികഠിനമായി ശകാരിക്കുന്ന എതിർഗായികയെ വിലക്കീട്ടു അല്ലയോ അംഗനമാരെ! നിങ്ങൾ തമ്മിൽ കാര്യമില്ലാതെ എന്തിനു വാഗ്വാദം ചെയ്യുന്നു. കാണാൻപോകുന്ന ഉത്സവം പറഞ്ഞു കേൾപ്പിക്കണമെന്നില്ലല്ലൊ. നിങ്ങളിൽ വിദുഷി ആരെന്നു ശ്രോതാക്കളായ ഞങ്ങൾ നിശ്ചയിച്ചുകൊള്ളാം. സംഗീതമത്സരത്തിൽ തോൽക്കുന്നവർ ജയിക്കുന്നവൾക്കു ദാസിയാകണം. ഇതാണു് പന്തായം. നിങ്ങളിൽ തോററതാരെന്നും ജയിച്ചതാരെന്നും ഞങ്ങൾ നിശ്ചയിച്ചുകൊള്ളാം. അതുകൊണ്ടു തമ്മിൽ കലഹിച്ചു സമയം കളയാതെ പാടുവിൻ എന്നാജ്ഞാപിച്ചു.

രാജാജ്ഞയനുസരിച്ചു ഒന്നാമതായി ദ്വീപാന്തരത്തിൽനിന്നും ആഗതയായ ഗായകീമണിതന്നെ കൃതസന്നാഹയായി അനന്യസാധാരണമായ അഭ്യാസപാടവത്തോടുകൂടെ അത്ഭുതകരമാകുംവണ്ണം പാടി. അനന്തരം ഭദ്രന്റെ ഭാര്യയും കോകിലവാണിയും തോററുപോകത്തക്കവണ്ണം ശ്രുതിമധുരമായസ്വരത്തിൽ ഹൃദയാകർഷകമായിപ്പാടി.

സഭാഗതന്മാരായ ആളുകൾ, ഭദ്രഭാര്യയുടെ ഗാനമാണു് മനോഹരമായതെന്നു തലകുലുക്കി അഭിപ്രായപ്പെട്ടു. പക്ഷപാതിയായ രാജരാജപാണ്ഡ്യൻ, അതുസമ്മതിക്കാതെ ദ്വീപാന്തരത്തിൽനിന്നുംവന്ന ഗായികയുടെ ഗാനമാണു് ചേതോഹരമായതെന്നു പ്രതിരഭിപ്രായം കല്പിച്ചു. തിരുവായ്ക്കെതിർവായില്ലല്ലൊ? രാജാവിന്റെ അഭിപ്രായം അറിഞ്ഞപ്പോൾ സഭാവാസികളുടേയും അഭിപ്രായം മറിഞ്ഞു. അവരും നൂതനഗായികയുടെ ഗാനംതന്നെ ചേതോഹരമെന്നുള്ള നാട്യത്തിൽ അവളെ പ്രശംസിച്ചു. ഭദ്രഭാര്യ കുഴഞ്ഞു. പക്ഷംപറയുന്ന സദസ്സിൽ ന്യായത്തിനു രക്ഷയില്ലല്ലോ. ഭദ്രയെ ഇളിഭ്യയാക്കണമെന്നു് രാജാവു്, കാലേകൂട്ടി നിശ്ചയിച്ചുപോയി. ന്യായമായാലുംശരി, അന്യായമായാലുംശരി. അദ്ദേഹം പറയുന്നതിനു എതിർപറയാൻ ആളുകളുംഇല്ല. ഈ പതനത്തിൽ ഭദ്രഭാര്യ കുഴഞ്ഞുപോയതിൽ അതിശയിക്കാൻ ഒന്നുമില്ല.

സഭാവാസികളായ ആളുകൾ ഒന്നുപോലെ തന്റെ പക്ഷത്തിൽ ചേൎന്നപ്പോൾ പാണ്ഡ്യഭൂപതി, കൌശലത്തിൽ ഭദ്രയോടു സമ്പ്രദായമായി ഇങ്ങനെ പറഞ്ഞു.

"അല്ലയോ ഭദ്രവല്ലഭേ! ഭവതി വ്യസനിക്കാതിരിക്ക. വിവാദത്തിൽ ജയാപജയങ്ങൾ ഉണ്ടാകുന്നതു പതിവാണ്. ഒരിക്കൽ തോറ്റവർ മറ്റൊരിക്കലും, ഒരാളോടു തോറ്റവർ മറ്റൊരാളോടും ജയിക്കുകയും, അതുപോലെതന്നെ ഒരിക്കൽ ജയിച്ചവർ മറ്റൊരിക്കലും, ഒരാളോടു ജയിച്ചവർ മറ്റൊരാളോടും തോല്ക്കുകയും ചെയ്യും. ഇതൊരു സൎവ്വസാധാരണമായ ന്യായമായപ്പോൾ നീ കുണ്ഠിതപ്പെടുന്നതെന്തിന്. വേണമെങ്കിൽ അടുത്തദിവസം കൂടി പാട്ടുനടത്തിക്കളയാം. നാളെയുംകൂടി നീ തോറ്റാൽ, എതിരാളിയുടെ ദാസിയാകണം."

ഭദ്രയ്ക്കു രാജാവിന്റെ കല്പനകൾ എപ്പോഴും ശ്രുതികളായിരുന്നെന്നു പറയേണ്ടതില്ലല്ലൊ. അവൾ അങ്ങനെയാകട്ടെ; അടുത്തദിവസവും വന്നുകൊള്ളാം എന്നുമാത്രം പറഞ്ഞിട്ടു രാജസഭയിൽനിന്നും പുറത്തിറങ്ങി. ഉത്തരഗായിക സന്തോഷപൂൎവ്വം, സ്വവാസമന്ദിരത്തിലേക്കുംപോയി. എല്ലാവരാലും ഒന്നുപോലെ ബഹുമാനിതയായ അവൾ ഇതില്പരമില്ലാത്ത ആനന്ദത്തോടുകൂടെ രാജസല്ക്കാരങ്ങളുമേറ്റു അവിടെതാമസിച്ചു.

ഭൂപാലപക്ഷപാതംകൊണ്ടു വ്യസനാക്രാന്തയായ ഭദ്രയാകട്ടെ, സ്വമന്ദിരത്തിൽ പോകാതെ, ഹാലാസ്യമഹാക്ഷേത്രത്തിൽപോയി, സുന്ദരേശാഭിമുഖമായിനിന്നുംകൊണ്ടു, സാശ്രുലോചനയായി ഇങ്ങനെപ്രാൎത്ഥിച്ചു.

"അല്ലയോ മീനാക്ഷീവല്ലഭ! ആശ്രിതചിന്താമണേ! ഭക്തപരാധീന! ആനന്ദതാണ്ഡവ! മധുരാനാഥ! നീപവനനായക! കൃപാനിധിയായ നിന്തിരുവടിയില്ലാതെ അടിയന്നു അന്യം ആശ്രയം ഇല്ല. പക്ഷപാതമെന്ന്യെ ഗുണദോഷവിവേചനംചെയ്തു തീൎച്ചകല്പിക്കേണ്ട രാജാവു ഈ ഭക്തയായ അവിടത്തെ ദാസകിങ്കരിയുടെ ഭാഗ്യദോഷംകൊണ്ടു എതിൎകക്ഷിയിൽ ചേൎന്നുപോയിരിക്കുന്നു. അദ്ദേഹത്തിന്റെ ഈ ന്യായമല്ലാത്ത ഒരുക്കംകൊണ്ടു എനിക്ക വലുതായ മാനഹാനിക്കും സങ്കടത്തിനും സംഗതിവരുന്നതാണ്. അതുകൊണ്ടു എനിക്ക നേരിട്ടിരിക്കുന്ന ഈ മഹാസങ്കടത്തിൽ ഭഗവാൻ, എന്നെ രക്ഷിക്കണം.

ഭദ്ര ഭക്തിപൂൎവ്വം ഇങ്ങനെ അപേക്ഷിച്ചുംകൊണ്ടു സാഷ്ടാംഗപ്രണാമംചെയ്തു. ഉടൻതന്നെ ആകാശത്തിൽനിന്നും, നീ ഭയപ്പെടാതെ! നിന്നെ ഞാൻ രക്ഷിച്ചുകൊള്ളാം. എന്നിങ്ങനെ അശരീരിവാക്കുണ്ടായി. സന്തോഷംകൊണ്ടു ഭദ്രയുടെകണ്ണുനിറഞ്ഞു. അവൾ അത്ഭുതപാരതന്ത്ര്യയും ഭക്തിപരാധീനയും ആയി കുറേനേരത്തോളവും അവിടെത്തന്നെ കിടന്നുപോയി. അനന്തരം എഴുനേറ്റു സ്വമന്ദിരത്തിൽപോയി നിത്യക

മ്മാനുഷ്ഠാനങ്ങളും ആഹാരവും മററും കഴിച്ച് സുന്ദരേശ്വരസ്മരണയോടുകൂടെ അന്നത്തെ രാത്രി കഴിച്ചു. പിറേറദിവസം രാവിലെ എഴുന്നേററ് രാജസഭയിൽ, പാടുന്നതിനായിപ്പോയി. നൃത്തനായിക, ഭദ്ര ചെല്ലുന്നതിനുമുമ്പേകൂട്ടിയെ, സംഗീതമത്സരത്തിൽ സന്നദ്ധയായി രാജസഭയിൽ ഹാജരുണ്ടായിരുന്നു.

അനന്തരം തലേദിവസത്തെപ്പോലെ രണ്ടുപേരും പാടി. രാജാവ് അന്നും നൃത്തനായികയുടെ ഗാനമാണ് മനോഹരമെന്നു പക്ഷപാതമായി അഭിപ്രായപ്പെട്ടു. മററുള്ളവർ അദ്യം ഭദ്രയുടെ ഗാനമാണ് നല്ലതെന്നു അഭിപ്രായപ്പെട്ടെങ്കിലും രാജാവിൻെറ അഭിപ്രായം വിപരീതമായപ്പോൾ, അവരും തിരിഞ്ഞു.

ഉടനെ ഭദ്ര യാതൊരുസംശയവും വിചാരിക്കാതെ രാജാവിനോട് വിനയപൂർവം "അങ്ങയുടെ അഭിപ്രായം നിഷ്പക്ഷപാതമായതല്ല. ഏതുപ്രകാരത്തിൽ എങ്കിലും എന്നെ പുച്ഛരിക്കണമെന്നു അങ്ങേയ്ക്കു നിർബന്ധമുള്ളതുപോലെ തോന്നുന്നു. അതുകൊണ്ട്, നമ്മൾക്കു ഈ സഭാവാസികളോടുകൂടെ ഹാലാസ്യത്തിൽ പോകണം, അവിടെ സുന്ദരേശ്വരക്ഷേത്രത്തിൻെറ മുഖമണ്ഡപത്തിൽ ഇരുന്നു ഞങ്ങൾ മത്സരിച്ചുപാടാം. അപ്പോൾ ഞങ്ങളുടെ ഗാനത്തിൽ അരുടെ ഗാനമാണ് മനോഹരമെന്നു അവിടെ കൂടുന്നവർ എല്ലാവരും ഒന്നുപോലെ സ്തുതിക്കുന്നുവോ അവൾ ജയിച്ചതായി നിശ്ചയിച്ച്, തോററവൾ അവളുടെ ദാസിയായിക്കൊള്ളാം" എന്നുപറഞ്ഞു.

രാജാവ് വിചാരംകൂടാതെ അപ്രകാരം ആകാം എന്നു സമ്മതിച്ചു. എല്ലാവരുടേയും സമ്മതപ്രകാരം അടുത്തദിവസത്തെ സംഗീതമത്സരംഹാലാസ്യത്തിലെ മനോഹരമണ്ഡപത്തിൽ ആക്കി സഭപിരിഞ്ഞു.

തലേദിവസത്തെ നിശ്ചയംപോലെ ഗായികമാരും രാജാവും സഭാംഗങ്ങളും ഹാലാസ്യക്ഷേത്രത്തിൽഉള്ള മണ്ഡപത്തിൽ ഹാജരായി. മേലാൽ സംഗീതവിവാദംഉണ്ടാകുന്നതല്ലെന്നും അന്നത്തെ ഗാനത്തിൽ ഭദ്രയെജയിച്ചു തൻെറ ദാസിയാക്കിക്കളയാമെന്നും രാജസഹായംകൊണ്ടു നൃത്തനായികയും ഇന്നത്തെ ഗാനത്തിൽ പക്ഷപാതരഹിതമായതീർച്ചകിട്ടുമെന്നും തൻമൂലം തന്നോടുപിണങ്ങാൻ വന്നിരിക്കുന്ന പാട്ടുകാരിയെ തൻെറ ദാസിയാക്കിത്തോല്പിക്കാമെന്നും, സുന്ദരേശ്വര സഹായംകൊണ്ടു ഭദ്രയും ദൃഢമായി ഉറച്ചുംകൊണ്ടായിരുന്നു അന്നേദിവസം സഭയിൽ ഹാജരായത്.

കാരുണ്യമൂർത്തിയും വന്ദാരുവൃന്ദകാമപ്പ്രദനും, വൃന്ദാരകവൃന്ദവന്ദിതനും ഹാലാസ്യമന്ദിരവാസിയും ആയ സുന്ദരേശ്വരൻ കവിവേഷധാരിയായി അതുംഅറിയാതെ അസ്ഥാനമദ്ധ്യഗനായി വസിച്ചു. അന്നേദിവസം ദീപാന്തരാഗതയായ ഗായികതന്നെ ഒന്നാമതായിപ്പാടി. അവളുടെ അന്നത്തെ

ഗാനം, അവളുടെ വാസനയ്ക്കും അഭ്യാസത്തിനും അനുസരണമായി എത്ര കണ്ടുമനോഹരമാക്കാൻ കഴിയുമോ അത്രകണ്ടു മനോഹരമായിത്തന്നെ.എങ്കിലും അതിനെപ്പററി മായാമയനായ സുന്ദരേശ്വരന്റെ വൈഭവംകൊണ്ടു്, രാജാവാകട്ടെ ആസ്ഥാനഗായകന്മാരായ അന്യന്മാരാകട്ടെ അല്പംപോലും പ്രശംസിച്ചില്ലെന്നു മാത്രമല്ല, തത്സംബന്ധമായി ഒരക്ഷരംപോലും ഉരിയാടിയതുമില്ല. അനന്തരം ഹാലാസ്യപ്രഭുവായ സുന്ദരേശ്വരന്റെ അനുകാശവാണിയേയും സ്മരിച്ചുംകൊണ്ടു് സഭയിൽഇരിക്കുന്ന ഭദ്രേ, തൽപാദധ്യാനത്തോടുകൂടെ അപാദമധുരമായ കോകിലനാദത്തിൽ, മൃദുഗാനംതുടങ്ങി. ആ ഗാനശ്രവണംകൊണ്ടു രാജാവിന്റെ ഹൃദയം ചന്ദ്രോദയംകണ്ട സമുദ്രംപോലെ ഇളകിമറിഞ്ഞെന്നുമാത്രമല്ല അദ്ദേഹം, ഹാ! ഹാ! ചിത്രം! ചിത്രം! ഭദ്രയുടെ ഗാനം അതിമനോഹരം ഇതുപോലെഹൃദയാകർഷകമായ ഒരുഗാനം ഞാൻ ഇതിനുമുൻപിൽ കേട്ടിട്ടില്ല. ജയിച്ചു, ജയിച്ചു. ഭദ്രജയിച്ചു. നൃത്തനഗായിക ഭദ്രയെ തോളിൽചുമക്കട്ടെ അവൾ തോററു തോററു എന്നിങ്ങനെ സുന്ദരേശ്വരന്റെ മായാമഹിമയാൽ ഉദ്ദേശത്തിനുപ്രതികൂലമായി അഭിപ്രായംകല്പിക്കുകയുംചെയ്തു. പൂർവദ്വേഷംകൊണ്ടു എപ്രകാരമെങ്കിലും ഭദ്രയെ അനകളിപ്പിക്കണമെന്നു കരുതിക്കൂട്ടി പ്രവർത്തിച്ചുവന്ന രാജാവിന്റെ അഭിപ്രായം മറിഞ്ഞപ്പോൾ മനസ്സാക്ഷിക്കവിപരീതമായിരാജഭയംകൊണ്ടു് ശൌളി ഉത്തരംതാങ്ങുന്നതുപോലെ പക്ഷപാതമായി പറഞ്ഞ രാജാവിന്റെ അഭിപ്രായംപോലും ശരിവച്ചുവന്ന സഭാവാസികൾ, അദ്ദേഹത്തിന്റെ ന്യായമായ അഭിപ്രായപ്രകടനത്തിൽ, എത്രമാത്രം യോജിച്ചിരിക്കണമെന്നു പ്രത്യേകം പറയേണ്ടതില്ലല്ലോ. അവർ ഒന്നുപോലെ ഭദ്രയെ സ്തുതിക്കുകയും സന്തോഷംകൊണ്ടു്, മദോന്മത്തരായി ഘോഷിക്കുകയും ചെയ്തു. ഭദ്രയാകട്ടെ ഇതെല്ലാംകേട്ടു നിർജ്ജീവയായി മരപ്പാവപോലെ സഭയിൽ കുത്തിയിരിക്കുന്ന നൃത്തനഗായികയുടെ സ്കന്ധത്തിൽ ഓടിക്കയറി എന്റെ ദാസിയായ നീ എന്നെ ചുമക്കുകയെന്നുപറഞ്ഞു.

രാജാവതുകേട്ടു്, അതേ! അതേ! അങ്ങനെതന്നെചെയ്യണം. സംഗീതത്തിന്റെ ഗന്ധംപോലുംതട്ടിയിട്ടില്ലാത്ത ഇവൾ, ഗായികാമൌക്തികമായ നിന്നോടെന്തിനുപിണങ്ങി എന്നുപറഞ്ഞു. അല്ലയോ വസിഷ്ഠാദിമാമുനിമാരേ! അതേവരെയും ഏതുപ്രകാരത്തിൽഎങ്കിലും ഭദ്രയെ നൃത്തനഗായികയുടെ ദാസിയാക്കി തന്റെ ഭോഗിനിയായ രാജമോഹിനിയെസന്തോഷിപ്പിക്കണമെന്നുകരുതി മനഃപൂർവം പല പക്ഷപാതപ്രവൃത്തികളും ചെയ്തുവന്ന രാജാവിന്റെ പ്രകൃതം അതപ്പാടെ മാറിപ്പോയതുവിചാരിക്കുമ്പോൾ മായാമയനായ സുന്ദരേശ്വരന്റെ മാഹാത്മ്യത്തോടു പിണങ്ങാൻ യാതൊന്നിനും ശക്തിയില്ലെന്നല്ലാതെ മററുവല്ലതും പറയാനുണ്ടോ?

രാജാവിന്റെ അഭിപ്രായം മറിഞ്ഞതു് സുന്ദരേശ്വരവൈഭവംകൊണ്ടാണെന്നു്, മററുള്ളവർ എല്ലാംനിശ്ചയിച്ചു. അനന്തരം അവർ ഇരു

ധികാരഹേതുഭൂതനാവും ഇച്ഛാവേദിയുമായ സുന്ദരേശ്വരനെ പലപ്രകാരത്തിൽ സ്തുതിക്കുകയും ഭദ്രന്റെയും അവന്റെ ഭാൎയ്യയുടേയും ഭക്തിവിശേഷത്തെപ്പററി ഇതില്പരമില്ലാതെ കൊണ്ടാടുകയുംചെയ്തു.

അതിന്റെശേഷം രാജാവു് ഭദ്രയെ നൃത്തനഗായികയുടെ സ്കന്ധത്തിൽനിന്നും ഇറക്കി വസ്ത്രാഭരണാദികളായ പലപല സമ്മാനങ്ങളുംനൽകി ബഹുമാനപൂർവം യാത്രയാക്കി. ദ്വീപാന്തരത്തിൽനിന്നും അദ്ദേഹം വരുത്തിയ ഗായികാശ്രേഷ്ഠയായ അന്യയേയും സൽക്കാരങ്ങളുംമററുംകൊണ്ടു ഏററവും സന്തോഷിപ്പിച്ചുപറഞ്ഞയച്ചു. അതിന്റെശേഷം അദ്ദേഹം പൌരുഷംമാത്രംകൊണ്ടു ഒന്നും സാധിക്കുന്നതല്ലെന്നും, ദൈവാനുകൂല്യംതന്നെ ശ്രേഷ്ഠമെന്നുമുള്ള വിചാരത്തോടുകൂടെ മേൽ, യാതൊരുപ്രകാരേണയുള്ള കാൎയ്യസിദ്ധിക്കും, ഈശോപാസനയല്ലാതെ മററൊന്നും ചെയ്യുന്നതല്ലെന്നും നിശ്ചയിച്ചു്, പലപല ദിവ്യവസ്തുക്കളും കാണിക്കയായി സമൎപ്പിച്ചു്, സുന്ദരേശ്വരപാദാസക്തിയോടുകൂടെ സമ്പത്തുകൊണ്ടു രാജരാജൻതന്നെ ആയ ആ രാജരാജപാണ്ഡ്യൻ തന്റെ ജീവിതശേഷത്തെനയിച്ചു.

മേൽപ്രകാരം സുന്ദരേശ്വരഭക്താഗ്രണിയായിതീൎന്ന അദ്ദേഹത്തിനു കാലാന്തരേണമെന്ന്യ സുഗുണപാണ്ഡ്യൻ എന്നപേരോടുകൂടിയ ഒരുപുത്രനും ഉണ്ടായി. അദ്ദേഹംപുത്രനോടുകൂടെ അബ്ധിമേഖലയായ ഭൂമിയും പരിപാലിച്ചു അനേകായിരം കാലം സർവൈശ്വൎയ്യസമ്പന്നനും ആനന്ദസംപൂൎണ്ണനും ആയി മധുരാപട്ടണത്തിൽ സുന്ദരേശ്വരസ്മരണയോടുകൂടെ വസിച്ചു.

ഹാലാസ്യനാഥനായ സുന്ദരേശ്വരന്റെ നാല്പത്തിനാലാമത്തെ ലീല ഇപ്രകാരമാണു്. ഈ അതിപാവനമായ ലീലയെ ഭക്തിയോടുകൂടെ കേൾക്കുകയും പഠിക്കുകയും ചെയ്യുന്നവൎക്ക ഇഹപരസൌഖ്യങ്ങൾ അനായാസേന ലഭിക്കുമെന്നുള്ളതിനു യാതൊരുസംശയവുമില്ല.

ഭദ്രഭാൎയ്യയ്ക്കു ജയം നൽകിയ

നാല്പത്തിനാലാം ലീല സമാപ്തം.

# ഹാലാസ്യമാഹാത്മ്യം.

## കേരളഭാഷാഗദ്യം.

### ൪൫-ാം അദ്ധ്യായം.

പന്നിക്കുട്ടികൾക്കു പാലുകൊടുത്തതു

## നാല്പത്തി അഞ്ചാം ലീല.

അഗസ്ത്യമഹർഷി വീണ്ടും വസിഷ്ഠാദി മഹർഷിമാരെ വിളിച്ച്, അല്ലയോ താപസവര്യന്മാരേ! ഇനി നിങ്ങൾ, ആശ്രിതകല്പദ്രുമമായ ഹാലാസ്യപ്രഭു പന്നിയുടെ വേഷമെടുത്തു പന്നിക്കുട്ടികൾക്കു പാൽകൊടുത്തതായ അദ്ദേഹത്തിന്റെ അതിവിസ്മയാവഹമായ നാല്പത്തിഅഞ്ചാമത്തെ ലീലയെ കേട്ടുകൊള്ളുവിൻ എന്നിങ്ങനെ പറഞ്ഞുകൊണ്ടു താഴെവരുമാറു് വീണ്ടും ലീലാകഥനം ആരംഭിച്ചു:—

പരിപാവനയായ വേഗവതിയുടെ തീരത്തിൽ പുരാണജ്ഞന്മാരായ മുനികളാൽ പരിസേവിതമായി ഗുരുതീർത്ഥം എന്ന പേരോടുകൂടിയ ഒരു പുണ്യക്ഷേത്രം ഉണ്ടു്. അതിൽ പണ്ടു സ്ഥിതികർത്താവായ മഹാവിഷ്ണു ചിത്രരഥൻ എന്നുള്ള നാമധേയത്തോടും സംഹാരകർത്താവായ സാക്ഷാൽ പരമശിവൻ ഗുരുനാഥൻ എന്നുള്ള നാമധേയത്തോടുംകൂടെ ഉഗ്രമായ തപസ്സുചെയ്തു താമസിച്ചിരുന്നു. അവരെ ദർശിച്ചു അനവധി ജീവികൾ തങ്ങളുടെ ജന്മാന്തരാർജ്ജിതങ്ങളായ മഹാപാപങ്ങളെ നശിപ്പിച്ചുപോന്നു.

ഈ ഗുരുതീർത്ഥപുണ്യഭൂമിക്കു സമീപത്തിൽതന്നെ സസ്യധാന്യാഢ്യങ്ങളായ അനവധി കൃഷിസ്ഥലങ്ങളുടെ ഉടമസ്ഥനും വളരെവളരെ ദ്രവ്യസ്ഥനും ആയി സംകലൻ എന്നു പേരോടുകൂടിയ ഒരു പരമഭാഗ്യനായ ശൂദ്രൻ, പാതിവ്രത്യപരായണയും, പൂർണ്ണേന്ദുസദൃശാനനയും പുണ്യാംഗിയും 'സുകല' യെന്നു പേരോടുകൂടിയവളുമായ ധർമ്മപത്നിയുമൊന്നിച്ചു താമസിച്ചിരുന്നു. സദാചാരതല്പരരും അനുകൂലമതികളുമായ അദമ്പതികൾക്കു വിവാഹാനന്തരം അനവധികാലം കഴിഞ്ഞിട്ടും പുത്രഭാഗ്യം ഉണ്ടാകാഞ്ഞതുമൂലം അവർ ചിന്താമഗ്നരായി, പുത്രസമ്പത്തു കാമിച്ചു് പലകാലം ഉഗ്രതപസ്സുകൾ ചെയ്തതിൽപിന്നെ അവൎക്കു അത്യന്തം ബലിഷ്ഠന്മാരും മഹാദുഷ്ടന്മാരും ആയി പന്ത്രണ്ടു പുത്രന്മാർ ക്രമേണ ഉണ്ടായി. അശിക്ഷിതന്മാരും പിതൃലാളിതന്മാരും ആയ അവർ യൌവ്വ

നയുകതന്മാരായപ്പോൾ ഭാഗ്യദോഷംകൊണ്ടു് അവരുടെ മാതാപിതാക്കന്മാർ പരലോകപ്രാപ്തരായി. പുത്രന്മാൎക്കു സ്വാതന്ത്ര്യവും ലഭിച്ചു. നികൃഷ്ടന്മാരും ഖലോൽക്കടന്മാരും ആയ ഓരോരുത്തരും സ്വാഭിപ്രായംപോലെയും, പുണ്യരതിയോ പാപഭയമോ ലേശംപോലും ഇല്ലാതേയും, നിർദ്ദയമാകുംവണ്ണം കൃഷിപ്രവൃത്തികളിലുംമററും ഏൎപ്പെട്ടു് കുറേനാൾ ജീവിതത്തെ കഷ്ടതരമായി കഴിച്ചു. അതിൽപിന്നെ ഒരു ദിവസം അവർ കുറേ നായാടികളോടും നായ്ക്കളോടും മററുംകൂടെ സമീപത്തിൽ ഉള്ള ഒരു വനത്തിൽ നായാട്ടിനായിപ്പോയി. അവിടെ അവർ കാടിളക്കി മൃഗങ്ങളെ ഓടിച്ചുംകൊണ്ടു നടക്കുമ്പോൾ, വല്ലിക്കുടിലിൽ സമാധിസ്ഥനായിരിക്കുന്ന ഒരു മഹർഷീശ്വരൻ അവൎക്കു ഗോചരമായി. ദയാപൂൎണ്ണചേതസ്സും, പുളകിതസൎവാംഗനും, സാനന്ദജലലോചനനും പാവകജ്വാലപോലെ പ്രകാശിക്കുന്ന ബ്രഹ്മതേജസ്സുകൊണ്ടു് ദുൎന്നിരീക്ഷ്യനും രാഗദ്വേഷഭയക്രോധരഹിതനും മദമാത്സൎയ്യവൎജ്ജിതനും വല്ക്കലധാരിയും ജടാമണ്ഡലമണ്ഡിതനും ധ്യാനസ്തിമിതനും ആയി തപോനിഷ്ഠയിൽ കുററിയെന്നപോലെയാതൊരു ചേഷ്ടയുംകൂടാതെ ഇരിക്കുന്ന ആ താപസനെ പരിഹാസപരായണന്മാരായ ശൂദ്രപുത്രന്മാരും അവരുടെ അനുയായികളുംകൂടി വട്ടമിട്ടുനിന്നുംകൊണ്ടു് കല്ലും മണ്ണും കട്ടയും മററും വാരി എറിയുകയും കൈകൊട്ടി ചിരിക്കുകയും മററും പല ചാപല്യവും ചെയ്തു് അദ്ദേഹത്തിന്റെ സമാധിക്കു ചലനം ഉണ്ടാക്കി.

സമാധിഭംഗത്താൽ ക്രുദ്ധനായ താപസവൎയ്യൻ, ധ്യാനംകൊണ്ടു് സ്തിമിതങ്ങളായ തന്റെ നയനങ്ങളിൽ മണ്ണുമാന്തി തേവുന്ന ശൂദ്രബാലന്മാരെ നോക്കി "മണ്ണുമാന്തിയെറിഞ്ഞു് എന്റെ സമാധിക്കു ഭംഗംചെയ്ത നിങ്ങൾ മണ്ണുമാന്തുന്ന പന്നികളായി ജനിക്കുകയും, ജനനാനന്തരം അച്ഛനും അമ്മയും മരിച്ചു് നിങ്ങൾ അനാഥന്മാരും ക്ഷുധാൎത്തന്മാരും അതി വലയുകയും ചെയ്യുമാറാകട്ടെ"യെന്നു ശപിച്ചു.

താപസശ്രേഷ്ഠന്റെ മേൽപ്രകാരം ഉള്ള ശാപംകൊണ്ടു്, ഭയാകുലന്മാരായിത്തീൎന്ന ശൂദ്രപുത്രന്മാർ, ശാന്തരോഷന്മാരും ക്ഷമാധികന്മാരുമായി അദ്ദേഹത്തെ ഭക്തിപൂൎവ്വം സാഷ്ടാംഗമായി പ്രണമിച്ചു് സ്തുതിച്ചുംകൊണ്ടു് ഇപ്രകാരം പ്രാൎത്ഥിച്ചു:—

അല്ലയോ ക്ഷമാനിധിയായ താപസശ്രേഷ്ഠ! കരുണാലയനായ നിന്തിരുവടി അറിവില്ലാത്ത ബാലന്മാരായ ഞങ്ങൾ ചെയ്ത അപരാധം ക്ഷമിക്കണം. ഞങ്ങൾക്കു് നിന്തിരുവടിയല്ലാതെ പരാശ്രയം ഇല്ല. അറിവില്ലാത്തവരുടെ തെററുകളെ ക്ഷമിക്കുന്നതിനും അനാഥന്മാരെ രക്ഷിക്കുന്നതിനും നിങ്ങളെപ്പോലെയുള്ള തപോധനന്മാരെക്കൊണ്ടു കഴിഞ്ഞില്ലെങ്കിൽ, മററാരെക്കൊണ്ടുകഴിയും.

ചെറുപ്പക്കാരും അറിവില്ലാത്തവരുമായ ആ ശൂദ്രബാലന്മാരുടെ പ്രാൎത്ഥനകൊണ്ട് അനുകമ്പിതാശയനായിത്തീൎന്ന ആ തപോധനൻ അവൎക്ക് ഇപ്രകാരം ശാപമോക്ഷംകൊടുത്തു.

പന്നിക്കുട്ടികളായി പിറക്കുന്ന നിങ്ങൾ, അച്ഛനമ്മയുംകൂടാതെ ക്ഷുൽപിപാസാപീഡിതരും ആതപാക്രാന്തരും ആയി വലയുമ്പോൾ, സൎവ്വചരാചരരക്ഷിതാവും, ഹാലാസ്യനായകനും ആയ ഭഗവാൻ സുന്ദരേശ്വരൻ, നിങ്ങളുടെ മാതാവായി പന്നിരൂപം എടുത്തുവന്നു നിങ്ങൾക്ക് മുലനൽകി നിങ്ങളെ രക്ഷിക്കുകയും ശുദ്ധജ്ഞാനമയമായ ആ സ്തന്യപാനം കൊണ്ട്, അസ്തമിതമഹാമലന്മാരായി തീരുന്ന നിങ്ങൾ, അപ്പോൾമുതൽ വിജ്ഞാനികളും കാൎയ്യാകാൎയ്യവിചക്ഷണന്മാരും, ആയിത്തീരുകയും, നിങ്ങളുടെ മുഖമൊഴിച്ചുള്ള മററു സൎവ്വാവയവങ്ങളും, മനുഷ്യരൂപത്തിൽ ആയി ശാപംതീരുന്നതുകൂടാതെ നിങ്ങൾ എല്ലാവരും ഒന്നുപോലെ, രാജപ്രിയന്മാരായിത്തീൎന്ന് അനവധി സുഖഭോഗങ്ങളും അനുഭവിച്ച് ചിരകാലം സുഖിച്ചു വസിക്കുകയും ചെയ്യും.

താപസൻ ഇങ്ങനെ ശാപമോക്ഷവും കൊടുത്തുംവെച്ച് പഴയപോലെ സമാധിസ്ഥനായി. ശൂദ്രബാലന്മാർ, അതിൽപിന്നെ അല്പകാലംകഴിഞ്ഞയുടനെ ശാപശക്തികൊണ്ട് സൂകരശിശുക്കളായി ജനിച്ചു. കോലപോതങ്ങളായി ജനിച്ചശൂദ്രബാലന്മാർ, അവരുടെ മാതാപിതാക്കളായ സൂകരയുഗ്മത്തോടുകൂടെ ആ കാട്ടിൽ സഞ്ചരിക്കുന്ന കാലത്ത് ഒരു ദിവസം മധുരാധിപനായ രാജരാജപാണ്ഡ്യൻ, മൃഗയാവിനോദാൎത്ഥം സൈന്യസഹായനായി ആ വനത്തിൽ പ്രവേശിച്ചു.

മൃഗയാൎത്ഥം സസൈന്യനായി വനമദ്ധ്യഗതനായ രാജരാജപാണ്ഡ്യൻ നായാടികളെക്കൊണ്ട് കാടിളക്കിച്ചു, സിംഹവ്യാഘ്രശല്യവരാഹമഹിഷാദികളായ അനവധി മൃഗങ്ങളെ തീക്ഷ്ണങ്ങളായ ശരനികരം പൊഴിച്ചു നായാടിനടക്കുന്ന അവസരത്തിൽ ശാപജാതന്മാരായ കോലപോതങ്ങളുടെ അദ്ധ്യക്ഷതയിൽ ഇരതേടി കാടുചുററുന്ന ഒരു വരാഹയൂഥം അദ്ദേഹത്തിന്റെ ദൃഷ്ടികൾക്ക ഗോചരമായി. കുലപൎവ്വതങ്ങളുടെ മഹോന്നതശൃംഗങ്ങൾപോലും തുല്യമല്ലാത്തവിധത്തിൽ ഉള്ള ഭയങ്കരാകൃതികളോടുകൂടിയ പന്നികളേയും, പത്നിയോടുകൂടെ മുമ്പിൽ നടക്കുന്ന മേരുസന്നിഭനായ സൂകരശ്രേഷ്ഠനേയുംകണ്ട് അത്യന്തം അത്ഭുതപരതന്ത്രനായി. ഉടൻതന്നെ ശാപജാതന്മാരായ കോലപോതങ്ങളുടെ പിതാവായ വരാഹനാഥൻ, തന്റെ പ്രിയപത്നിയെ നോക്കി, ഗൎവ്വത്തോടുകൂടെ ഗംഭീരസ്വരത്തിൽ ഇങ്ങനെ പറഞ്ഞു:—

"ഹേ പ്രിയേ! മൃഗയാലോലനായി കാടിളക്കുന്ന പാണ്ഡ്യരാജാവ് ഇതാ നമുക്ക അഭിമുഖനായിരിക്കുന്നു. അവൻ അടുത്ത ക്ഷണത്തിൽ ന

മ്മുടെ യൂഥത്തിൽ ബാണംപ്രയോഗിക്കും. നിനക്കു ഈ കിടാങ്ങളോടുകൂടെ മാറിപ്പാർപ്പായി വല്ല വനഗഹ്വരങ്ങളേയും ശരണസ്ഥാനമായി കല്പിച്ചു, പെററിട്ടു അധികംദിവസം ചെല്ലാത്ത കുഞ്ഞുങ്ങൾക്കു പാലുകൊടുത്തു അവയെ വളൎത്തിക്കൊള്ളാമെങ്കിൽ, ഞാൻ എന്റെ പൂൎവജന്മാൎജ്ജിതമായ പാപംകൊണ്ടു പ്രാപിച്ചതായ സൂകരരൂപത്തെ ഉപേക്ഷിച്ചു, അത്യന്തം ശുദ്ധമായ അവന്റെ ബാണോദകക്ഷാളനംകൊണ്ടു ശുദ്ധാന്തഃകരണനായി സൽഗതിയെ പ്രാപിച്ചുകൊള്ളാം. ഇനിക്കുകിട്ടിയിരിക്കുന്ന ഈ നശ്ശ്വാതിലിരുന്ന അസ്ഥിരമായ ശരീരപ്രണയംകൊണ്ടു, നീ അടങ്ങാകളയരുതു. അതുകൊണ്ടു, നീ എന്നിലുള്ള സ്നേഹം ഉപേക്ഷിച്ചു, നവപ്രസൂതങ്ങളായ കുട്ടികളോടുകൂടെ മാറിപ്പാൎക്കുക. അടുത്തക്ഷണത്തിൽ, രാജരാജപാണ്ഡ്യനും ഞാനും തമ്മിൽ ഏററു പോരാണംനടക്കും. യുദ്ധത്തിൽ മരിക്കുന്നവൎക്കു സ്വൎല്ലോകപ്രാപ്തി സംഭവിക്കുമെന്നുള്ളതിനു സന്ദേഹമില്ലല്ലോ. ഭൎത്താവിന്റെ ഈ വാക്കുകൾകേട്ടു, വിസ്മിതമാനസയും, താപഭയാക്രാന്തയും ആയിത്തീൎന്ന ഭാൎയ്യ പ്രണയപൂൎവം ഇങ്ങനെ പറഞ്ഞു:—

“അല്ലയോ പ്രിയഭൎത്താവേ! ഒരു സ്ത്രീ ദിവ്യവസ്ത്രാഭരണങ്ങൾകൊണ്ടലംകൃതയായിരുന്നാലും, ഭൎത്താവില്ലാത്തവളാണെങ്കിൽ അവൾക്കെന്തൊരു ശോഭയാണുള്ളതു്. അതുപോലെതന്നെ മററതെല്ലാം സൌഭാഗ്യങ്ങൾ ഉണ്ടായിരുന്നാലും ഭൎത്താവില്ലാത്തനാരിക്കു എന്തൊരു മനഃസൌഖ്യമാണുള്ളതു്. അതുകൊണ്ടു ഞാൻ എനിക്കു എത്ര മക്കൾ ഉണ്ടെങ്കിലും മററെന്തെല്ലാം സൌഭാഗ്യങ്ങൾ ഉണ്ടെങ്കിലും എന്റെ ജീവനാഥനായ അങ്ങേ ഒരിക്കലും വിട്ടുപിരിയാൻ നിശ്ചയിച്ചിട്ടില്ല. ഭൂമിയിലായാലും സ്വൎഗ്ഗത്തിലായാലും ഭൎത്താവോടൊന്നിച്ചുതന്നെ എന്റെ താമസവും. ഒരു നിമിഷംപോലും അവിടത്തെ വിരഹം സഹിക്കാൻ എനിക്കു ശക്തിയില്ല. എന്നെ പിരിച്ചയച്ചുംവെച്ചു നിന്തിരുവടി സ്വൎഗ്ഗത്തിനുപോകാമെന്നു നിശ്ചയിക്കേണ്ട. കുട്ടികൾ അവരുടെ കൎമ്മംപോലെ കഴിഞ്ഞുകൊള്ളട്ടെ; അതുകൊണ്ടു ഭൎത്താവിന്റെ പരാക്രമം കാണ്മാൻ ഈ ഭാൎയ്യയുംകൂടെത്തന്നെ വരുന്നു.”

ഭൎത്തൃപരായണയായ സൂകരതരുണി അല്പംപോലും പുത്രവാഞ്ഛകൂടാതെ ഇപ്രകാരം പറഞ്ഞുംകൊണ്ടു യൂഥനാഥനായ തന്റെ ഭൎത്താവിന്റെ പുറകേനടന്നു.

ഈ അവസരത്തിൽ ഉച്ചമായ ബലപ്രകടനത്തോടുകൂടെ ചെല്ലുന്ന വരാഹയൂഥത്തേയും യൂഥനാഥനേയും രാജരാജപാണ്ഡ്യൻകണ്ടു, സൈന്യങ്ങളോടുകൂടെ, മനോവേഗത്തേയും വായുവേഗത്തേയും വെല്ലുന്ന ശീഘ്രഗതികളോടുകൂടിയ പടക്കുതിരകളിൽക്കയറി, വരാഹയൂഥത്തെ എതിൎത്തു. അനവധി ദിവ്യാസ്ത്രങ്ങളും ആയുധജാലങ്ങളും പ്രയോഗിച്ചു. രാജാവും, സൈന്യങ്ങളും, തേററകൾകൊണ്ടു അതിശൌൎയ്യപരാക്രമികളായ പന്നി

ത്തടിയന്മാരുംകൂടി നടത്തിയ ആ യുദ്ധം ഇന്നപ്രകാരമെന്നു സ്മരിക്കുന്നതിനുപോലും പാടില്ലാത്തവിധത്തിൽ ഭയങ്കരമായിരുന്നു. ദംഷ്ട്രാഘാതങ്ങൾകൊണ്ട് അനവധി സൈന്യങ്ങളും ശരനികരങ്ങളും ആയുധജാലങ്ങളും ഏററു് അനവധി പന്നിത്തടിയന്മാരും സ്വർല്ലോകഗതന്മാരായി. ഒടുവിൽ, യൂഥനാഥനും ഭാര്യയും മാത്രം സൂകരവ്യൂഹത്തിൽ ശേഷിച്ചു.

സംഘനാശം കണ്ട് ഭയാകുലയായ സൂകരി തന്റെ ഭർത്താവായ യൂഥനാഥൻ ഏർപ്പെട്ടിരിക്കുന്ന ആപൽകര സമരത്തിൽനിന്നും ഏതുപ്രകാരത്തിൽ എങ്കിലും അദ്ദേഹത്തെ രക്ഷിക്കണമെന്നുള്ള താല്പര്യത്തോടുകൂടെ ഇപ്രകാരം പറഞ്ഞു—

“അല്ലയോ ഭർത്താവെ! അസഹായനായ അങ്ങ്, അശ്വാരൂഢനും സൈന്യസഹായനും അസ്ത്രശസ്ത്രപാണിയും, ആയ ഈ രാജാവിനോട് ഇനി പിണങ്ങാനായി തുനിയേണ്ട. ഏകാകിയായ അവിടത്തേക്ക് ഈ ഭയങ്കരയുദ്ധത്തിൽ ജീവനാശമല്ലാതെ ജയം കിട്ടുമെന്ന് എനിക്കു തോന്നുന്നില്ല. അതുകൊണ്ട് നമുക്കിപ്പോൾ ഇവിടെനിന്നും, എവിടെയെങ്കിലും പോയി നമ്മുടെ പ്രാണൻ പിഴക്കാൻ നോക്കണം. ജനിച്ചാൽ ഒരിക്കൽ മരണം ഉണ്ടെന്നുവച്ചു അകാലത്തിൽ തന്നെത്താൻപോയി മൃത്യുവിന്റെ വായിൽ ചാടിക്കൊടുക്കണമെന്നില്ലല്ലോ.”

സൂകരിയുടെ മേൽപ്രകാരമുള്ള അപേക്ഷയ്ക്കു മറുപടിയായി സൂകരശ്രേഷ്ഠൻ സഗൗരവം പറഞ്ഞു:—

“പ്രിയേ! നിന്റെ ഈ അപേക്ഷകേൾക്കുക ഒട്ടും വീരോചിതമല്ല. ശൌര്യശാലികൾ ഒരിക്കലും ജീവൻകൊതിച്ച് പിന്മാറീട്ടില്ല. വിശേഷിച്ചും ശൌര്യപരാക്രമികൾക്കു കേൾവികേട്ട നമ്മുടെ വംശത്തിനു ഈ ഭീരുപ്രവൃത്തി വലിയ ലാഘവമാണ്. രണ്ടുസിംഹങ്ങളുടെ മദ്ധ്യത്തിൽ ഒരു പന്നിനിന്നു വെള്ളംകുടിക്കും, എന്നാൽ രണ്ടു പന്നിയുടെ മദ്ധ്യത്തിൽ ഒരു സിംഹംനിന്നു വെള്ളംകുടിക്കുമോ? അതിശൌര്യവും ധൈര്യവും കൂടിയജാതിയാണ് വരാഹം. അതിൽനാഥനായി ജനിച്ചഞാൻ മുഗ്ദ്ധയായ നിന്റെ ഭീഷണികേട്ടു രാജാവിനോട്ടതോററു് പ്രാണൻപിഴയ്ക്കാൻവേണ്ടി വല്ലടിക്കിലും ഓടിപ്പോകയെന്നോ; ഒരിക്കലും ഉണ്ടാകുന്നതല്ല. സ്ത്രീസ്വഭാവമായ ചാപല്യംകൊണ്ട് നിനക്കിങ്ങതോന്നി. അതിൽ ഞാൻ അതിശയിക്കുന്നില്ല. പൌരുഷമില്ലാത്ത ജീവിതംകൊണ്ട് ഫലമെന്തു്? വൈരിനിഗ്രഹത്തിനുവേണ്ടി യത്നിക്കുന്നതിൽ രണ്ടുംവരാം. അതിനു തരക്കേടില്ല, അതുകൊണ്ട് വീരോചിതമല്ലാത്ത നിന്റെ അപേക്ഷയെ ഞാൻ ധിക്കരിച്ചു് ഇതാ രാജാവിനോടു യുദ്ധത്തിനു പുറപ്പെട്ടുകഴിഞ്ഞു. യുദ്ധത്തിൽ രാജാവിനെ ജയിച്ചാൽ ഭോഗമാനം തോററാൽ സ്വർഗ്ഗം. രണ്ടും വീരോചിതംതന്നെ.”

അ വരാഹൻ ഇപ്രകാരം പറഞ്ഞുംകൊണ്ടു, ഘുരുഘുരാരവത്തോടുകൂടെ കോലരൂപമെടുത്തു ചെന്ന ഒരു പെരുമലപോലെ രാജാവിന്റെ നേരേ ഓടിച്ചെന്നു, അത്യുഗ്രമായി മുഖംകൊണ്ടു തേരു കുത്തിയെടുത്തു, ദൂരത്തിൽ മറിക്കുകയും ഖുരപാതങ്ങൾകൊണ്ടു കുതിരകളെ ധ്വംസിക്കുകയും, ദംഷ്ട്രാഘാതംകൊണ്ടു കരികളുടെ ശുണ്ഡാദണ്ഡങ്ങൾ ഖണ്ഡിക്കുകയും നിശ്വാസപ്രരോഹങ്ങൾകൊണ്ടു സൈന്യങ്ങളെ തകൎക്കുകയും മററും ചെയ്തു് രാജരാജപാണ്ഡ്യനു അപാരമായ അത്ഭുതവും ഭീതിയും സംഭ്രമവും ഉണ്ടാക്കി.

രാജാവു രഥത്തിൽനിന്നും ചാടിയിറങ്ങി വെള്ളിമലയ്യൊപ്പമുള്ള വേഗംകൂടിയ ഒരു വെള്ളക്കുതിരയുടെ പുറത്തുകയറി നോക്കിയപ്പോൾ, തന്റെ സൈന്യങ്ങൾ മുഴുവൻ സൂകരപ്രവീരനാൽ നിർജ്ജിതമായി കാണുകയാൽ, മുമ്പൊരിക്കലും ഉണ്ടായിട്ടില്ലാത്ത വീറോടുകൂടെ ഞാൺവലിച്ചു വില്ലുപൂട്ടി ആവനാഴിയിൽനിന്നും തുടരെത്തുടരെ അനവധി ദിവ്യാസ്ത്രങ്ങൾ എടുത്തു തൊടുത്തു, വരാഹപ്രവീരനെ ലാക്കാക്കി ശരവർഷം ചെയ്തു.

രാജരാജപ്രയുക്തങ്ങളായ നിശിതബാണങ്ങൾ, രോമംപ്രതി വന്നേററിട്ടും, തെല്ലുപോലും ആ കിടിപ്രവീരൻ കൂട്ടാക്കാതെ, രോമത്തിൽ പററിയ മണൽത്തരികൾപോലെ കുടഞ്ഞുകളഞ്ഞുംവെച്ചു, രാജാവിന്റെ വാഹനമായ അശ്വത്തെ തേററകൊണ്ടു തട്ടിപ്പിളൎന്നു, രണ്ടാക്കി ഭൂമിയിൽ മറിച്ചു. ഉടൻതന്നെ രാജാവു ഓടിപ്പോയി മറെറാരു രഥത്തിൽ കയറി അത്യുഗ്രപരാക്രമവേഗങ്ങളോടുകൂടെ നിശിതങ്ങളായ അനവധി ബാണങ്ങൾ കയ്യാറാതെ വാരിത്തൊടുത്തു വീണ്ടും വരാഹശ്രേഷ്ഠനെ ലാക്കാക്കി ശരമാരിതൂകി.

പന്നിത്തടിയൻ ആ ശരങ്ങളെ തൃണസമാനം മാനിക്കാതെ ഓടിഅടുത്തു, മുഖംകൊണ്ടു തേരു പൊക്കിയെടുത്തു മറിക്കുകയും, ദംഷ്ട്രംകൊണ്ടു, സൂതനെ ഹനിക്കുകയും ഖുരപാതങ്ങൾകൊണ്ടു അശ്വങ്ങളെ വധിക്കുകയും ചെയ്തു. ആദിവരാഹത്തെക്കാളും അതിപരാക്രമത്തോടുകൂടിയ ആ വരാഹശ്രേഷ്ഠന്റെ അനിതരസാധാരണങ്ങളായ അക്രമപ്രക്രമങ്ങൾകൊണ്ടു അത്യുൽക്കടരോഷപോഷിതനായ രാജാവു, രഥത്തിൽനിന്നും ഓടിയിറങ്ങി, കയ്യിൽ ഇരുന്ന വജ്രസമാനമായ ഗദകൊണ്ടു് അത്യുഗ്രമായ ഊക്കോടുകൂടെ വരാഹത്തിന്റെ മസ്തകത്തിൽ, തുടരെത്തുടരെ ഒട്ടധികം താഡിച്ചു.

തീവ്രമായ ഗദാതാഡനംകൊണ്ടു ഭിന്നമസ്തകനായ സൂകരശ്രേഷ്ഠൻ ഗതപ്രാണനായി ഭൂമിയിൽ വീണു. അനന്തരം അതേവരേയും സൂകരരൂപിയും, ശാപംകൊണ്ടു, കോലപോതങ്ങളായി ജനിച്ചു ശൂദ്രബാലകന്മാരുടെ പിതാവുമായ കോലയൂഥനായകൻ ദിവ്യാംബരാഭരണഭൂഷിതമായ ദിവ്യശരീരത്തോടുകൂടെ ദേവവിമാനത്തിൽ കയറി സ്വർല്ലോകത്തേക്കു പോയി. ഭർത്താവിന്റെ മേൽപ്രകാരമുള്ള അവസ്ഥ കണ്ടപ്പോൾ അദ്ദേഹത്തോടുകൂടെ

ത്തന്നെ വിമാനത്തിൽ കയറി ദേവലോകത്തിൽ പോകണമെന്ന നിശ്ചയത്തോടുകൂടിയവളായിത്തീൎന്ന അവന്റെ സൂകരി, ഭീതിവൎജ്ജിതയായി രാജാവിന്റേയും സൈന്യങ്ങളുടേയും നേരെ പാഞ്ഞുചെന്നു യുദ്ധം തുടങ്ങി. ചക്രവാതം മഹോന്നതവൃക്ഷങ്ങളെ എന്നപോലെ നിശ്വാസവേഗംകൊണ്ടു സൈന്യങ്ങളെ തള്ളിമറിച്ചും മുഖതാഡനങ്ങൾകൊണ്ടു സ്യന്ദനങ്ങൾ പൊടിപൊടിച്ചും ആനകളേയും കുതിരകളേയും ദംഷ്ട്രംകൊണ്ടു കുത്തിത്തകൎത്തും ആ സൂകരപത്നി ചെയ്ത യുദ്ധപരാക്രമങ്ങൾ ഏവംവിധങ്ങൾ എന്നു ആരാലെക്കൊണ്ടും വൎണ്ണനീയമല്ല.

സൂകരിയുടെ യാതൊരുപ്രകാരത്തിലും നിവാൎയ്യമല്ലാത്ത യുദ്ധവിക്രമങ്ങൾകൊണ്ടു രാജരാജപാണ്ഡ്യന്റെ സൈന്യങ്ങൾ ഒന്നുപോലെ വിവശീകൃതന്മാരായപ്പോൾ, രാജാവു വല്ലാതെ അന്ധാളിച്ചു ഈ പന്നിയെ കൊല്ലുന്നതിനു സമൎത്ഥനായി തന്റെ കൂട്ടത്തിൽ ആരുണ്ടെന്നു നാലുപുറവും അമ്പരന്നുനോക്കി. ഝൎഝരൻ എന്നുപേരുള്ള ഒരു ലുബ്ധകൻ, രാജാവിന്റെ പാരവശ്യവും സൂകരിയുടെ നിഷ്ഠുരവിക്രമപ്രക്രമങ്ങളും കണ്ടുണ്ടായ അത്യുൽക്കടക്രോധത്തോടുകൂടെ ആ പന്നിയുടെ നേരെ പാഞ്ഞുചെന്നു അനവധി കൂരമ്പുകൾ പൊഴിച്ചു. സൂകരിയും അവളുടെ ഭൎത്താവിനെപ്പോലെതന്നെ ശരീരത്തിൽ തറച്ച ബാണങ്ങൾമുഴുവൻ കുടഞ്ഞുകളഞ്ഞുംവെച്ചു ആ കാട്ടാളനെ തട്ടി രണ്ടായിപിളൎന്നു. തട്ടേററു പിളൎന്നു വീഴുന്നതിനു മുമ്പായി അവൻ അവന്റെ കയ്യിൽമിന്നൽപ്പിണർപോലെ തിളങ്ങിക്കൊണ്ടിരുന്ന നിശിതഖഡ്ഗംകൊണ്ടു സൂകരിയുടെ കണ്ഠത്തിൽ ഒന്നുവെട്ടുകയും വെട്ടേററു, രണ്ടു ഖണ്ഡമായ സൂകരിയോടുകൂടിത്തന്നെ തട്ടേററു ശരീരംപിളൎന്ന കാട്ടാളനും ഭൂമിയിൽവീണു മരിക്കുകയും ചെയ്തു. രാജാവിനും സൈന്യങ്ങൾക്കും സമാധാനവും ഉണ്ടായി. അതിന്റെശേഷം സൂകരിതന്റെ ഭൎത്താവിനെപ്പോലെ ദിവ്യദേഹം കൈക്കൊണ്ടു ദേവവിമാനത്തിൽ കയറി ദേവലോകത്തേക്കും പോയി.

രാജാവു ആ വരാഹമിഥുനത്തിന്റെ ശൌൎയ്യപരാക്രമങ്ങളും അവർപ്രാപിച്ച ഗതിയും മററുംകണ്ടു ഏററവും അത്ഭുതപ്പെടുകയും ആനന്ദിക്കയും ചെയ്തു. അനന്തരം അദ്ദേഹം, വരാഹസമരത്തിൽ ശേഷിച്ച സൈന്യങ്ങളോടും വാഹനങ്ങളോടുംകൂടെ മധുരാപുരിയിൽ മടങ്ങിപ്പോയി സുന്ദരേശപാദസേവയും ചെയ്തു വസിച്ചു.

പൎവ്വതാകാരനായ വരാഹം വീണു മരിച്ച സ്ഥലത്തിനു ഇന്നും വരാഹപൎവ്വതം എന്നാണു പേരു്. സൂകരശരീരപാതം കൊണ്ടുണ്ടായ ആ വരാഹപൎവ്വതത്തിന്റെ മാഹാത്മ്യം ചില്ലറയൊന്നുമല്ല. ആ അത്യന്തപാവനമായ പൎവ്വതത്തിൽ അനവധി സിദ്ധന്മാരുംയോഗികളും താമസിച്ചു്, അണിമാദ്യഷ്ടസിദ്ധിക്കുവേണ്ടി ഇപ്പോഴും തപസ്സുചെയ്യുന്നുണ്ടു്.

ഇപ്രകാരം അഗസ്ത്യൻ പറഞ്ഞതുകേട്ട് അത്ഭുതാനന്ദതുന്ദിലരായ വസിഷ്ഠാദി താപസന്മാർ വിനയപൂർവം അഗസ്ത്യനെ വന്ദിച്ചുകൊണ്ട് അല്ലയോ വേദവേദാംഗാഗമേതിഹാസവേദികളായ മഹാമഹർഷിമാർക്കെല്ലാം നടുനായകനായുള്ള കുംഭസംഭവ! അങ്ങ് ദയാപൂർവം വരാഹദേവസംഭൃതമായ ആ വരാഹപർവ്വതത്തിന്ന് മാഹാത്മ്യവും ശുദ്ധിയും ഉണ്ടായതെങ്ങനെയെന്ന് ഞങ്ങൾക്ക പറഞ്ഞുതരണം എന്നപേക്ഷിച്ചു.

അഗസ്ത്യൻ അതുകേട്ട്, മന്ദസ്മിതപൂർവം അല്ലയോ വസിഷ്ഠാദികളെ! അതുപറയാം; നിങ്ങൾ കേട്ടുകൊള്ളുവിൻ എന്നിങ്ങനെ പറഞ്ഞിട്ട്, വരാഹപർവ്വതത്തിന്റെ ശുദ്ധിയേയും മാഹാത്മ്യത്തേയുംപറ്റി ചുരുക്കത്തിൽ ഇങ്ങനെ പറഞ്ഞു:—

"ഗംഗാവിദ്യാധരൻ" എന്നു പേരോടുകൂടിയ ഒരു ഗന്ധർവ്വനെ പണ്ടു പുലസ്ത്യൻ "നീ പന്നിയായിജനിക്കും" എന്നു ശപിച്ചതുകൊണ്ടു പന്നിയായിജനിച്ച ഗന്ധർവ്വനാണ് ശാപമൂലം കോലപോതങ്ങളായിജനിച്ച ശുദ്ധബാലകന്മാരുടെ പിതാവായി രാജരാജപാണ്ഡ്യനോടേറ്റു യുദ്ധംചെയ്ത് തന്റെ പർവ്വതാകാരമായ സ്ഥൂലശരീരത്തെ വരാഹപർവ്വതമായി ഭൂമിയിൽ ഉപേക്ഷിച്ചിട്ട്, ദിവ്യശരീരിയായി ദേവലോകത്തിൽപോയ സൂകരശ്രേഷ്ഠൻ. ഗംഗാവിദ്യാധരഗന്ധർവ്വനെ പണ്ടു പുലസ്ത്യൻ ശപിച്ചപ്പോൾ "നീ സുന്ദരേശ്വരാംശജനായ രാജരാജന്റെ ശരാതാഡനംകൊണ്ടു ഭാര്യയോടൊന്നിച്ചു ശാപമുക്തനാകും" എന്നുനൽകിയ ശാപമോക്ഷം അനുസരിച്ചാണ്, രാജരാജപാണ്ഡ്യനും സൂകരശ്രേഷ്ഠനുംതമ്മിൽ യുദ്ധം ഉണ്ടാകുന്നതിനും അദ്ദേഹത്തിന്റെ ശരാതാഡനംകൊണ്ട്, വരാഹയൂഥനാഥൻ സ്വർല്ലോകപ്രാപ്തനാകുന്നതിനു സംഗതിയായത്.

അല്ലയോ മഹർഷികളെ! അവന്റെ അതിപാവനമായ ശരീരപാതംകൊണ്ടുണ്ടായതായ ആ ഉത്തമപർവ്വതത്തിനുതുല്യം പാവനമായ ഒരു തപോഭൂമി ഭൂലോകത്തിൽ ഇല്ല. അതുകൊണ്ടാണ് എല്ലാദേവന്മാരും ദാനവന്മാരും അവിടെ താമസിച്ചു ഉഗ്രതപസ്സുകൾ ചെയ്യുന്നത്. അവിടെതാമസിച്ചു തപസ്സുചെയ്യുന്ന എല്ലാവരേയും ഒന്നുപോലെ അനുഗ്രഹിക്കുന്നതിനായി ദയാമൂർത്തിയായ സുന്ദരേശ്വരൻ സിദ്ധരൂപിയായി അവിടെ സദാപി സാന്നിദ്ധ്യംചെയ്യുന്നതും ഉണ്ട്.

താപസശാപംകൊണ്ട് പന്നിക്കുട്ടികളായി ജനിച്ച ശുദ്ധബാലകന്മാരുടെ മാതാപിതാക്കന്മാരായ സൂകരമിഥുനങ്ങൾ അവർ ജനിച്ച് അധികംനാൾ കഴിയുന്നതിനു മുൻകൂട്ടിയേ മേൽപ്രകാരം പരലോകപ്രാപ്തരാവുകയാൽ, അനാഥരായിത്തീർന്ന അവർ, പാലുകുടിക്കാതെ വിശപ്പും ദാഹവുംകൊണ്ടു അത്യന്തം ദുഃഖിച്ചു. അത്യുഗ്രമായ വെയിൽകൊണ്ടു ഇതി

ല്ലാമില്ലാതെ പരിതപിച്ചും ജീവച്ഛവങ്ങളായി ചിലദിവസങ്ങൾ കഴിച്ചുകൂട്ടി.

അരക്ഷകരായിത്തീൎന്ന സൂകരപോതങ്ങൾ മേല്പ്രകാരം അപരിഹാൎയ്യമായ സങ്കടാവസ്ഥയിൽപെട്ടുഴലുന്ന ആ കാലത്തിൽ ഒരിക്കൽ, സൎവരക്ഷകനും സൎവജ്ഞനും സൎവ്വേശ്വരനും, കൃപാംഭോധിയും സൎവഭൂതങ്ങൾക്കും ഹിതംചെയ്യുന്നതിൽ വിശേഷതാല്പൎയ്യത്തോടുകൂടിയവനും ആയ സുന്ദരേശ്വരൻ വാമാൎദ്ധാസക്തഗാത്രയായ പാൎവ്വതീദേവിയോടുകൂടെ വൃഷഭധ്വജഭൂഷിതമായ വിമാനത്തിൽ കയറി ലീലാവിലോലനായി സഞ്ചരിക്കുമ്പോൾ യദൃച്ഛയാ ആ വനത്തിൽ ചെല്ലുന്നതിനും സൂൎയ്യകരങ്ങൾതട്ടി സന്താപിക്കുന്ന സൂകരപോതങ്ങളെ മീനാക്ഷീദേവി കാണുന്നതിനും സംഗതിയായി. അതുകണ്ടു ദയാൎദ്രമാനസയായിത്തീൎന്ന സുന്ദരേശ്വരി ഭഗവാനെ വിളിച്ച് കൈചൂണ്ടിയുംകൊണ്ട് "നോക്കിയാലും! നോക്കിയാലും! ഇതെന്തൊരു അന്യായം. പ്രസവിച്ച ഉടൻതന്നെ അച്ഛനും അമ്മയും മരിച്ചു പാൽപോലുംകുടിക്കാതെ കടുംവെയിലിൽ ഉരുകി സന്തപിക്കുന്ന ഈ പന്നിക്കുട്ടികളെ അങ്ങു് നോക്കിയാലും!" എന്നുപറഞ്ഞു്, ആ പന്നിക്കുട്ടികളെ ഭഗവാനു കാണിച്ചുകൊടുത്തു.

വരദാനവിശാരദനും കൃപാനിധിയുമായ ഭഗവാനാണോ അനാഥരായ ആ സൂകരപോതങ്ങളുടെ സങ്കടാവസ്ഥയെ കണ്ടാൽ ദയവുണ്ടാകാത്തതു്. ആ കരുണാവരുണാലയൻ ഉടൻതന്നെ അവരുടെ അമ്മയുടെ വേഷമെടുത്തു് അടുക്കൽചെന്നു അവക്കു് തൃപ്തിവരുവോളവും പാലുകൊടുത്തു.

ജ്ഞാനാത്മകമായ സ്തന്യപാനംകൊണ്ടു്, ആ സൂകരപോതങ്ങൾക്കു്, മാനുഷികമായ ശരീരവും, ബുദ്ധിയും, ബലവും, ജ്ഞാനവും, വിജ്ഞാനവും, സാമൎത്ഥ്യവും ഉണ്ടായി. മുഖംമാത്രം വരാഹരൂപത്തിൽ ഇരുന്നിരുന്നു.

കാളകൂടഗളസൽഗളനായ സുന്ദരേശ്വരൻ മേല്പ്രകാരം മുലപ്പാലുകൊടുത്തു്, മാമുനിശാപംകൊണ്ടു് സൂകരപോതങ്ങളായി ജനിച്ച ശൂദ്രബാലകന്മാരുടെ മുഖമൊഴിച്ചുള്ള എല്ലാഅവയവങ്ങളിലെയും വരാഹരൂപം മാററി ശാപമോചനംചെയ്തുംവച്ചു് അന്തൎദ്ധാനംചെയ്തു.

അല്ലയോ വസിഷ്ഠാദികളേ! ഇപ്രകാരം ആണു്; കരുണാവരുണാലയനായ ഭഗവാൻ, സൂകരപോതരൂപികളായ ശൂദ്രബാലക്കു് മുലപ്പാൽ നൽകിയ അദ്ഭുതത്തിന്റെ അതിപാവനമായ നാല്പത്തിഅഞ്ചാമത്തെ ലീല. ഈ ലീലയെ കേൾക്കുകയും പഠിക്കുകയും ചെയ്യുന്നവരുടെ സകല പാപങ്ങളും ശാപങ്ങളും താപങ്ങളും ആപത്തുകളും നാമാവശേഷമാകുമെ

ന്നു മാത്രമല്ല, ഇഹത്തിൽ ഇഷ്ടഭോഗലാഭവും പരത്തിൽ പരമാനന്ദലാഭവും ഉണ്ടാകുന്നതും ആണു്.

പന്നിക്കുട്ടികൾക്കു പാലുകൊടുത്ത

നാല്പത്തിഅഞ്ചാം ലീല സമാപ്തം.

---

# ഹാലാസ്യമാഹാത്മ്യം

## കേരളഭാഷാഗദ്യം.

## ൪൬-ാം അദ്ധ്യായം.

## പന്നിക്കുട്ടികളെ മന്ത്രിയാക്കിയ

## നാല്പത്തിയാറാം ലീല.

വീണ്ടും അഗസ്ത്യൻ വസിഷ്ഠാദികളെ നോക്കി, അല്ലയോ താപസവര്യന്മാരെ! ഹാലാസ്യനാഥനായ സുന്ദരേശ്വരൻ, താൻ പാലുകൊടുത്തു ശാപമോചനം വരുത്തി മുഖമൊഴിച്ചുള്ള അവയവങ്ങൾ മുഴുവൻ മനുഷ്യരൂപത്തിൽ ആക്കിയ ജ്ഞാനവിജ്ഞാനപരാക്രമികളായ സൂകരപോതങ്ങളെ പാണ്ഡ്യരാജാവിന്റെ മന്ത്രികളാക്കിത്തീർത്ത അദ്ദേഹത്തിന്റെ നാല്പത്തിആറാമത്തെ ലീല നിങ്ങളെ കേൾപ്പിക്കാം. ഈ അത്ഭുതകരമായ ഏകലീലാശ്രവണംകൊണ്ടുതന്നെ നിങ്ങളുടെ സകല താപങ്ങളും അവസാനിക്കും, എന്നിങ്ങനെ പറഞ്ഞുംകൊണ്ടു് താഴെ വരുമാറു ലീലാകഥനം തുടങ്ങി.

ജ്ഞാനാത്മകമായ സുന്ദരേശ്വരന്റെ സ്തന്യപീയൂഷപാനംകൊണ്ടു്, ശാപമുക്തരും മുഖംകൊണ്ടുമാത്രം സൂകരരൂപികളും മറ്റുള്ള എല്ലാ അവയവങ്ങൾകൊണ്ടും മനുഷ്യപ്രകൃതികളും ആയ ശുദ്ധഭാവകന്മാർ, കാലതാമസമെന്നിയെ, യൌവനയുക്തന്മാരും, വീര്യശൌര്യപരാക്രമശാലികളും, സമസ്തശാസ്ത്രനിപുണന്മാരും സദാചാരപരായണന്മാരും, രാജനീതികുശലന്മാരും സംഭാഷണവിഷയത്തിൽ ബൃഹസ്പതിതുല്യന്മാരും, ദയാപരന്മാരും ക്ഷമാശാലികളും ആയ പന്ത്രണ്ടു് ബാലാദിത്യന്മാരെപ്പോലെ ശോഭിച്ചു.

മേൽപ്രകാരമുള്ള സുന്ദരേശ്വരന്റെ അതിവിസ്മയാവഹമായ കാരുണ്യത്തേയും മായാവൈഭവത്തേയും കണ്ടു്, ആശ്ചൎയ്യപരതന്ത്രയായ മീനാക്ഷീഭഗവതി, ഭൎത്താവിനെ മന്ദസ്മിതപൂൎവ്വം കടാക്ഷിച്ചുംകൊണ്ടു്, ഇങ്ങനെ ചോദിച്ചു.

"അല്ലയോ ദേവദേവനും മഹാദേവനും ആയ സദാശിവ! അല്ലയോ മഹേശ്വരനും ദയാമൂൎത്തിയും ആയ സുന്ദരേശ്വര! ഞാൻ എന്റെ ജീവനായകനായ ഭവാനോടു് ഒന്നുചോദിക്കുന്നു. മൃഗയാവിനോദത്തിൽ, സൂകരവ്യാഘ്രാദികളായ ദുഷ്ടമൃഗങ്ങളെ കൊല്ലുന്നതു് രാജധൎമ്മങ്ങളിൽ ഒന്നായിരിക്കെ ആ രാജധൎമ്മം രക്ഷിക്കാൻവേണ്ടി മധുരാപുരാധിപനായ രാജരാജപാണ്ഡ്യൻ നായാടിവധിച്ചവരായ സൂകരനാഥന്റെ കുട്ടികളെ രക്ഷിക്കുന്നതിനു് സൎവ്വജ്ഞനും ദേവദേവനും ആയ നിന്തിരുവടി അതിനികൃഷ്ടമായ വരാഹരൂപം എടുക്കുന്നതിനു കാരണം എന്താണു്?

മീനാക്ഷീഭഗവതിയുടെ മേൽപ്രകാരമുള്ള ചോദ്യത്തിനു്, വരദാനവിശാരദനും സൎവ്വാത്മാവും ശൎവ്വനും സൎവ്വഗനും ആയ സുന്ദരേശ്വരസ്വാമി സന്തോഷപൂൎവ്വം ഇങ്ങനെ മറുവടിപറഞ്ഞു.

അല്ലയോ ഹൈമവതി! ജംഗമസ്ഥാവരരൂപമായിരിക്കുന്ന, ബ്രഹ്മാദിസ്തംബപൎയ്യന്തമുള്ള ഈ ജഗത്തിൽ, ചിദാത്മാവായിരിക്കുന്ന ഞാൻ അഖണ്ഡിതനായി വ്യാപിച്ചിരിക്കുകയാണു്. അതാതു ശരീരങ്ങളിൽ അതാതാത്മാവായിരുന്നു കൃത്യങ്ങൾ ചെയ്യുന്നതും ഞാനാണു്. ഞാൻ ആകാശംപോലെ അനന്തനും അഖണ്ഡനും അഭേദനും ആണു്. എല്ലാലോകങ്ങളേയും പരിപാലിക്കുന്നതും ഞാൻതന്നെ. യാതൊരുപ്രകാരത്തിൽ ശരീരികളായിരിക്കുന്ന ജനങ്ങൾക്കു അവരുടെ കരചരണാദികളായ അവയവങ്ങൾ, തുല്യസ്നേഹത്തോടുകൂടിയതായിരിക്കുന്നുവോ, അതുപോലെ വിരാൾസ്വരൂപിയും സൎവ്വാന്തൎയ്യാമിയുമായ എന്റെ അവയവങ്ങളാകുന്ന ബ്രഹ്മാദികളായ സകലജീവജാലങ്ങളിലും എനിക്കു സ്നേഹമുണ്ടു്. അതുകൊണ്ടത്രെ ഞാൻ പന്നിയായിപ്പോയി ആ പന്നിക്കിടാങ്ങൾക്കു പാലുകൊടുത്തതും താപവും ശാപവും അകററിയതും. ഇനി ഞാൻ നിന്നോടു് അവൎക്കു ശാപംകിട്ടുന്നതിനുണ്ടായകാരണം പറയാം:—

ഈ പന്നിക്കിടാങ്ങൾ പൂൎവ്വജന്മത്തിൽ, ശൂദ്രബാലന്മാരായിരുന്നു. അതിലാളനകൊണ്ടു് വിവേകശൂന്യന്മാരായ ഇവർ ഒരിക്കൽ നായാട്ടിനായി കാട്ടിൽ പോയപ്പോൾ, ഒരു വനത്തിൽ തപസ്സുചെയ്തുകൊണ്ടിരുന്ന ഒരു മഹൎഷീശ്വരന്റെ തപസ്സിനെ വിഘ്നപ്പെടുത്തുകയാൽ കോപാവിഷ്ടനായ അദ്ദേഹം ശപിച്ചതുകൊണ്ടാണു ഇവർ ഇങ്ങനെ സൂകരപോതങ്ങളായി ജനിച്ചതു്. അന്നു് അദ്ദേഹം ഇവൎക്കു ശാപമോക്ഷം കൊടുത്തതു്, "സൂകരപോതങ്ങളായി ജനിക്കുന്ന നിങ്ങൾ, ബാല്യത്തിൽതന്നെ പിതൃമാതൃവി

ഹീനരായി സ്തന്യപാനത്തിനുപോലും സംഗതിയാകാതെ കൊട്ടുവെയിലേററു പൊരിയുന്ന അവസരത്തിൽ, ദയാസിന്ധുവായ സോമസുന്ദരൻ തല്ലത്നിയായ ഭവാനിയുമൊന്നിച്ച് നിങ്ങളെക്കാണുന്നതിനും കരുണാകരനായ സദാശിവൻ നിങ്ങൾക്കു മാതൃരൂപത്തിൽവന്നു മുലപ്പാൽതരുന്നതിനും അപ്പോൾ മുതൽ നിങ്ങൾ ശാപവിമുക്തരാകുന്നതിനും സംഗതിയാകും" എന്നാണ്. ആ ശാപമോക്ഷംഫലിപ്പിക്കാൻവേണ്ടിയാണ് ഞാൻ വരാഹരൂപം ധരിച്ചത്. ഇനി ഞാൻ ശാപവിമുക്തരായി വരാഹപർവ്വതഗുഹാന്തർഭാഗത്തിൽ വസിക്കുന്ന ഇവരെ രാജരാജപാണ്ഡ്യൻെറ മന്ത്രികളാക്കി ഐഹികങ്ങളായ അനവധി ഭോഗങ്ങൾ അനുഭവിപ്പിച്ചതിൻെറ ശേഷം ഇവക്കു സായുജ്യംകൊടുക്കും.

സുന്ദരേശ്വരൻെറ ഇപ്രകാരമുള്ള വാക്കുകൾകേട്ട് ഉണ്ടായ ആനന്ദംകൊണ്ട് പുളകാഞ്ചിതവിഗ്രഹയായ മീനാക്ഷീദേവി ആശ്രിതവത്സലനായ ഭഗവാൻെറ സീമാതീതമായ കരുണയെപ്പററി മനസ്സുകൊണ്ട് ഏററവും പ്രശംസിച്ചു. അനന്തരം വീണ്ടും വീണ്ടും അദ്ദേഹത്തെ ആലിംഗനംചെയ്തുകൊണ്ട് അദ്ദേഹത്തോടൊന്നിച്ചുവസിച്ചു. അതിൻെറശേഷം അവർ ഹാലാസ്യത്തിൽ തിരിച്ചെഴുന്നെള്ളി. അന്നുരാത്രിയിൽ സുന്ദരേശ്വരൻ, രാജരാജപാണ്ഡ്യൻെറ അടുക്കൽചെന്ന് സ്വപ്നത്തിൽ അദ്ദേഹത്തോടു ഇപ്രകാരംപറഞ്ഞു.

അല്ലയൊ രാജരാജപാണ്ഡ്യ! എന്നാൽ, ഭാര്യയോടൊന്നിച്ച് ഹതനായ കോലയൂഥനാഥൻെറ ശരീരംഇപ്പോൾ പാവനമായ പർവ്വതാകാരത്തിൽ കിടക്കുന്നുണ്ട്. ആ പർവ്വതഗുഹാന്തർഭാഗത്തിൽ, അവൻെറ മക്കൾ, എൻെറ സ്തന്യപാനംകൊണ്ട് മുക്തശാപന്മാരും, മുഖമൊഴിച്ചുള്ള മറെറല്ലാഅവയവങ്ങളും, മനുഷ്യാകൃതിയോടുകൂടിയവരും ആയിട്ട്, വസിക്കുന്നു. ജ്ഞാനവിജ്ഞാനസമ്പന്നന്മാരായ അവരെ അതിവേഗത്തിൽ വരുത്തി നിൻെറ മന്ത്രികളാക്കി, അവരുടെ ഗുണദോഷപ്രകാരം രാജ്യഭരണംനടത്തുക. അവരുടെ സാമർത്ഥ്യംകൊണ്ടുണ്ടാകുന്നധനങ്ങൾകൊണ്ട്, മേലാൽ നീ വിത്തേശതുല്യനും ഏകഛത്രാധിപനും ആയി അനേകായിരംവഷം ഭൂപരിപാലനംചെയ്ത് സസുഖംവസിക്കും.

രാജാവു് ഇപ്രകാരം സ്വപ്നംകണ്ടയുടൻതന്നെ ഓടി എഴുനേററു മന്ത്രിമാരെ വിളിച്ചുവരുത്തി അവരോടു ഈ വിവരങ്ങൾ മുഴുവൻ പറഞ്ഞു അവരോടുകൂടെ താൻ മുൻപേ നായാട്ടിനുപോയ സൂകരപർവ്വതത്തിൽ എത്തി, അവിടെ ഗുഹാന്തർഭാഗത്തിൽ, സൂകരമുഖന്മാരായി വസിക്കുന്ന പന്ത്രണ്ടു ശൂദ്രബാലന്മാരേയും കൂട്ടിച്ചുകൊണ്ടുവന്ന് തൻെറ മന്ത്രികളാക്കി നിയമിച്ചു. അത്യന്തം ബുദ്ധിമാന്മാരായ അവരുടെ മർത്ത്യശരീരത്തോടും സൂകരമുഖത്തോടുംകൂടിയ രൂപം കണ്ട് സുന്ദരേശ്വരൻെറ മായാവൈഭവങ്ങൾ ക

ന്നം ഇന്നവണ്ണമെല്ലാമാണെന്നു ആരെക്കൊണ്ടും തിട്ടപ്പെടുത്താൻ പാടില്ലാത്തവിധത്തിൽ വളരെ വളരെ വിസ്മയാവഹമാണെന്ന് എല്ലാവരും പ്രശംസിച്ചു.

വാക്പതിസന്നിഭന്മാരും സൂകരമുഖന്മാരുമായ മന്ത്രികൾ, അവരുടെ രാജ്യഭരണധുരന്ധരതകൊണ്ട്, മധുരാസാമ്രാജ്യത്തെ സ്വർല്ലോകസമാനമാക്കി. സന്ധ്യാദികളായ സർവ്വകാര്യങ്ങളിലും കുശലന്മാരായ അവരുടെ ഭരണകാലത്തിൽ ഉണ്ടായ ഐശ്വര്യങ്ങളും സമാധാനങ്ങളും ഏവംവിധങ്ങൾ എന്ന് ആരെക്കൊണ്ടും പറഞ്ഞറിയിക്കത്തക്കതല്ല. സമർത്ഥന്മാരായ ആ മന്ത്രിപുംഗവന്മാർ, രാജാവിനും പ്രജകൾക്കും ഒന്നുപോലെ വേണ്ട ചെയ്തുകൾ ഉണ്ടാക്കി രാജ്യംഭരിച്ചതിന്റെ ഫലമായി അവർക്ക് രാജകന്യകകളെ ഭാര്യമാരായി വിവാഹം കഴിച്ചുകൊടുക്കുകയും അവരുടെ നിവാസത്തിന് അത്യുന്നതങ്ങളായ പന്ത്രണ്ടു മണിമന്ദിരങ്ങളെ നല്കുകയും, ഇഷ്ടംപോലെയുള്ള സുഖാനുഭവങ്ങൾക്കായി വേണ്ട സമ്പത്തുകൾ കൊടുക്കുകയും ചെയ്തു.

സൂകരാനനന്മാരായ അവർ, ഗൃഹിണികളായ രാജകുമാരികളോടുകൂടെ അനവധികാലം മധുരയിൽ മന്ത്രിപദത്തിൽ ഇരുന്ന് സുഖഭോഗങ്ങൾ അനുഭവിച്ചു. ഒടുവിൽ പരമശിവസ്തുതിപാഠംകൊണ്ട് വിഗതകന്മഷന്മാരായ അവർ രാജരാജപാണ്ഡ്യനോടുകൂടെ ശിവസായൂജ്യത്തെ പ്രാപിച്ചു. അല്ലയോ വസിഷ്ഠാദികളെ! ഇപ്രകാരം ആണു മായാമയനായ സുന്ദരേശ്വരൻ, സൂകരാനനന്മാരായ കുട്ടികളെ മധുരാപുരാധിപനായ രാജരാജപാണ്ഡ്യന്റെ മന്ത്രികളാക്കിയ അദ്ദേഹത്തിന്റെ നാല്പത്തിആറാമത്തെ ലീല. രാജരാജപാണ്ഡ്യൻ, പരമശിവസായുജ്യം പ്രാപിച്ചതിന്റെശേഷം അദ്ദേഹത്തിന്റെ പുത്രൻ സുഗുണപാണ്ഡ്യന് രാജ്യഭാരം കിട്ടി. അദ്ദേഹം അച്ഛനേക്കാൾ കീർത്തിയോടും ക്ഷേമത്തോടുംകൂടെ രാജ്യം പരിപാലിച്ചു. സർവ്വഭൂതനിവാസിയും സർവ്വാഭീഷ്ടദായിയും ആയ സുന്ദരേശ്വരന്റെ അതിമഹത്തായ ഈ ലീലയെ കേൾക്കുകയും പഠിക്കുകയും ചെയ്യുന്നവരുടെ ജന്മാന്തരകൃതങ്ങളായ പാപങ്ങൾകൂടി നശിച്ചുപോവുകയും, അവർക്ക് ഇഹത്തിൽ, നല്ല ഭാര്യമാരും പുത്രന്മാരും വിദ്യയും സമ്പത്തും ഉണ്ടാവുകയും പരത്തിൽ പരമാനന്ദപ്രാപ്തി സംഭൃതമാവുകയും ചെയ്യും.

പന്നിക്കുട്ടികളെ മന്ത്രിമാരാക്കിയ

നാല്പത്തി ആറാം ലീല സമാപ്തം.

# ഹാലാസ്യമാഹാത്മ്യം

## കേരളഭാഷാഗദ്യം.

### ൫൩-ാം അദ്ധ്യായം.

ഖഞ്ജരീടപക്ഷിക്കു മൃത്യുഞ്ജയമന്ത്രം ഉപദേശിച്ച

## നാൽപ്പത്തിഏഴാം ലീല.

---

കുംഭസംഭവനെ വന്ദിച്ചുകൊണ്ടു് വീണ്ടും വസിഷ്ഠാദികൾ, വന്ദാരുവൃന്ദങ്ങൾക്കു മന്ദാരദാരുവായ ഭഗവാൻ സുന്ദരേശ്വരന്റെ പരമാനന്ദദായകമായ അടുത്തലീല ഞങ്ങളെ കേൾപ്പിക്കമാറാകണമെന്നു അപേക്ഷിച്ചു.

ഉടനെ അഗസ്ത്യൻ ചന്ദ്രോദയത്തിലെ കുമുദത്തിനേക്കാൾ പ്രസന്നമായ മുഖഭാവത്തോടുകൂടെ, അല്ലയോ തപസ്വിശ്രേഷ്ഠന്മാരെ! അടുത്തതു്, മൃത്യുഞ്ജയനും കൃപാനിധിയുമായ സുന്ദരേശൻ ഭക്തശിരോമണിയായിത്തീർന്ന ഖഞ്ജരീടപക്ഷിക്കു് മൃത്യുഞ്ജയമഹാമന്ത്രോപദേശം ചെയ്തു് ബലശാലികളായ വായസക്കൂട്ടങ്ങളുടെ ഉപദ്രവത്തിൽനിന്നും സാധുക്കളായ ഭരദ്വാജങ്ങളെ രക്ഷിച്ച നാൽപ്പത്തിഏഴാമത്തെ ലീലയാണു്. ഭക്തിമയവും പാപവിനാശകരവും വിസ്മയാവഹവും ആയ ലീല ഇനി ഞാൻ നിങ്ങളെ കേൾപ്പിക്കാം. ശ്രദ്ധവെച്ചു് നിങ്ങൾ കേട്ടുകൊള്ളുവിൻ.

പണ്ടു്, കാക്കകളും ഖഞ്ജരീടങ്ങളും തമ്മിൽ വംശശത്രുക്കൾ ആയിരുന്നു. ബലോദ്ധതന്മാരായ കാകന്മാരുടെ കണ്ണിൽ എപ്പോഴെങ്കിലും സാധുക്കളായ ഖഞ്ജരീടങ്ങൾ ദൃഷ്ടങ്ങളായാൽ അപ്പോൾതന്നെ അവയുടെ കഥകഴിക്കുമായിരുന്നു. കാകന്മാരുടെ വജ്രംപോലെ തീക്ഷ്ണങ്ങളായ തുണ്ഡങ്ങൾകൊണ്ടുള്ള താഡനങ്ങൾമൂലം ഖഞ്ജരീടങ്ങൾക്കു് ഒരേടിക്കിലും തിരിയാൻ പാടില്ലെന്നായപ്പോൾ വിവശരായ ഖഞ്ജരീടങ്ങൾ കൂട്ടംകൂട്ടമായിപ്പോയി വന്യഗൃഹങ്ങളെ ശരണസ്ഥാനങ്ങളായി പ്രാപിച്ചു് വനജ്ഞാശികളായി കാലം കഴിച്ചുവന്നു.

അക്കാലത്തു ഒരിക്കൽ, പൂർവ്വജന്മത്തിൽ ചെയ്ത പുണ്യസഞ്ചയങ്ങളോടു യുക്തമായ പാപലേശത്തോടുകൂടിയ ഒരു ജീവൻ അവരുടെ യൂഥനാഥനായ ഖഞ്ജരീടമായി വന്നു ജനിച്ചു. കാകതുണ്ഡങ്ങൾകൊണ്ടു് താഡിതനായ അവൻ സ്വപുണ്യപരിപാകംകൊണ്ടു് ഒരിക്കൽ ഇരുന്നു ഇങ്ങനെ വിചാരിച്ചു.

ലോകത്തിൽ എല്ലാജനങ്ങൾക്കും ശത്രുക്കളുണ്ട്. അതിൽചിലർ തങ്ങളെഉപദ്രവിക്കുന്ന ശത്രുക്കളെ തങ്ങളും ഉപദ്രവിക്കുകയും അന്യന്മാർ ശത്രുപീഡയെ സഹിക്കുകയും ചെയ്യുവരുന്നു. എന്നാൽ തന്നെഉപദ്രവിക്കുന്ന ശത്രുവിനെ യഥാശക്തി ഉപദ്രവിക്കാതെ അടങ്ങിയിരിക്കുന്നതു വീരോചിതമാണെന്നു എനിക്കു അഭിപ്രായംഇല്ല. തന്നെഉപദ്രവിക്കുന്നശത്രുവിന്റെബലാധിക്യംകൊണ്ട് അവനെഅങ്ങോട്ടുപദ്രവിക്കാൻനമുക്കുശക്തിപോരെങ്കിൽ, ബലവാന്മാരായ അന്യന്മാരെ ആശ്രയിച്ചെങ്കിലും ശത്രുവിനോടു പ്രതിക്രിയചെയ്യുന്നതാണ് ഉത്തമപക്ഷം. അതുകൊണ്ട്, കാരണംകൂടാതെ ഞങ്ങളുടെ വംശശത്രുക്കളായിത്തീർന്നിരിക്കുന്ന കാകലോകത്തെ പരമേശ്വരസേവകൊണ്ടു സംഹരിക്കുന്നുണ്ടു. ഇന്നുമുതൽ എന്റെ പ്രയത്നം അതിനുതന്നെ.

ഇങ്ങനെ ആ ഖഞ്ജരീടാധിപൻ വിചാരിച്ചുറച്ചപ്പോൾ, അതിന്റെ പൂർവ്വപുണ്യപ്രഭാവംകൊണ്ട് അതിരിക്കുന്ന മരത്തിന്റെ ചുവട്ടിൽകൂടെ സ്നാനത്തിനായി മന്ദമന്ദംപോകുന്ന ഒരു താപസവര്യൻ ഇങ്ങനെ പറഞ്ഞുകൊണ്ട് പോകുന്നതു കേൾക്കാറായി.__

ആധികൊണ്ടാകട്ടെ, വ്യാധികൊണ്ടാകട്ടെ, ശത്രുക്കളെക്കൊണ്ടാകട്ടെ മൃത്യുവിനെക്കൊണ്ടാകട്ടെ അന്യങ്ങളായ മറ്റുദുഃഖങ്ങൾകൊണ്ടാകട്ടെ പീഡിതനായ ഏതൊരുത്തനും രക്ഷകിട്ടേണമെങ്കിൽ ഹാലാസ്യേശ്വരനായ സുന്ദരേശ്വരനെത്തന്നെ ശരണംപ്രാപിക്കണം. ആപൽബന്ധുവായ അദ്ദേഹത്തിനേപ്പോലെ ആശ്രിതവാത്സല്യം മറ്റാർക്കുണ്ട്. ഏതൊരാപത്തിൽനിന്നും ഭക്തന്മാരെരക്ഷിക്കാൻ അദ്ദേഹത്തിനുകഴിയുന്നതുപോലെ ആർക്കു കഴിയും. ഭൂലോകത്തിൽഉള്ള എല്ലാശിവക്ഷേത്രങ്ങളിൽവച്ചും, വേഗത്തിൽ തപസ്സിദ്ധിയുണ്ടാകുന്നക്ഷേത്രം ഹാലാസ്യവും, മൂർത്തികളിൽവച്ച് അതിവേഗത്തിൽ പ്രസാദിക്കുന്നമൂർത്തി സുന്ദരേശ്വരനും, മഹത്തരങ്ങളായ തീർത്ഥങ്ങളിൽവച്ച്, അതിവേഗത്തിൽ കന്മഷംനശിപ്പിക്കുന്നതു് ഹേമപത്മിനീതീർത്ഥവും, ഉഗ്രശക്തിയേറിയ എല്ലാശിവലിംഗങ്ങളിൽവച്ചും ശ്രേഷ്ഠമായ ശിവലിംഗം സോമസുന്ദരലിംഗവും ആണെന്നാണ് സൂക്ഷ്മതത്വാർത്ഥവേദികളായ എല്ലാമഹാമുനിമാരുടേയും അഭിപ്രായം. അതുകൊണ്ട് തങ്ങൾക്കനേരിട്ടിട്ടുള്ള എല്ലാവിധദുഃഖങ്ങളും ഇല്ലാതാക്കുന്നതിനുവേണ്ടി, സർവ്വധർമ്മദനും, സർവ്വകാമദനും, സർവ്വാർത്ഥദനും സർവ്വമുക്തിദനും സർവ്വസിദ്ധിദനും, സർവ്വപാപഹാരിയും, സർവ്വശത്രുഹന്താവുമായ സുന്ദരേശ്വരനെത്തന്നെ എല്ലാവരും സേവിക്കണം.

ഖഞ്ജരീടപക്ഷി, മേൽപ്രകാരമുള്ള മഹർഷീശ്വരസംഭാഷണങ്ങൾ കേട്ട്, അത്യന്തം വിസ്മിതനും സുന്ദരേശ്വരഭക്തിയിൽ ദൃഢമായ മനസ്സോടുകൂടിയവനുമായി. അനന്തരം ആ പക്ഷി ഉടൻതന്നെ ഇവിടെനിന്നും

പുറപ്പെട്ടു്, മധുരയിൽപോയി ഹേമപത്മിനീതീർത്ഥത്തിൽ സ്നാനംചെയ്തു്, ഹാലാസ്യക്ഷേത്രത്തിൽ പ്രവേശിച്ചു് സുന്ദരേശ്വരനെനമസ്കരിച്ചു് അദ്ദേഹത്തെ ഹൃദയത്തിൽ ധ്യാനിച്ചുപാസിച്ചു് പ്രത്യക്ഷമാക്കി വരംവാങ്ങി തന്റെയും തന്റെ വംശത്തിന്റെയും ജന്മശത്രുക്കളായ വായസങ്ങളുടെ വംശനാശംവരുത്തണമെന്നു നിശ്ചയിച്ചു.

ഇപ്രകാരം വിചാരിച്ചുകൊണ്ടു് അതു് ഉടൻതന്നെ വൃക്ഷകോടരത്തിൽനിന്നും ഹാലാസ്യംനോക്കിപ്പറന്നു് കാലതാമസമെന്യേ മധുരയിൽ എത്തി. ശുദ്ധമായ സുന്ദരേശ്വരഭക്തിയോടുകൂടെ ഹേമപത്മിനിയിൽ ഇറങ്ങി സ്നാനംചെയ്തു് ക്ഷേത്രത്തിനകത്തു പ്രവേശിച്ചു്, സുന്ദരേശ്വരലിംഗം നോക്കി തൊഴുതുംകൊണ്ടു് അനേകായിരംതവണ സദാശിവസ്മരണയോടുകൂടെ മന്ദംമന്ദം ക്ഷേത്രപ്രദക്ഷിണം വച്ചതിന്റെശേഷം സുന്ദരേശ്വരസന്നിധിയിൽപ്പോയി നിന്നുകൊണ്ടു് ഈശാനനും സാംബനുമായ സുന്ദരേശ്വരനെ മനസ്സുകൊണ്ടു് പൂജിച്ചു.

അന്നുമുതൽ ആ ഖഞ്ജരീടപക്ഷി മൂന്നുസന്ധ്യയിലും ഇങ്ങനെ സർവ്വാന്തരാത്മകനും, സർവ്വാഭീഷ്ടപ്രദനും, സർവ്വജ്ഞനും ഈശ്വരനും ആകുന്ന സുന്ദരേശ്വരനേയും പൂജിച്ചുകൊണ്ടു് അവിടെ വസിച്ചു.

ബ്രഹ്മാദിപിപീലികാന്തമുള്ള സകലഭൂതങ്ങളുടേയും അന്തരാത്മാവായ അദ്ദേഹം ഖഞ്ജരീടപക്ഷിയുടെ ശുദ്ധമായ ഭക്തിയും വിശ്വാസവുംകണ്ടു് ഇതിൽപ്പരമില്ലാതെ പ്രസാദിച്ചെന്നുമാത്രമല്ല അതിന്റെ പവിത്രമായ ചരിത്രത്തേയും ശുദ്ധമായ ഭക്തിയേയും പററി സദാപി പ്രശംസിക്കുകയുംചെയ്തു. ഇങ്ങനെ കുറേദിവസങ്ങൾ കഴിഞ്ഞതിന്റെശേഷം, കാരുണ്യവിവശനായ കദംബവനനായകൻ, ആ പക്ഷിക്കു ഋഷിഛന്ദോപദേവതകളോടുകൂടെ മൃത്യുഞ്ജയമഹാമന്ത്രം ഉപദേശിച്ചുകൊടുത്തിട്ടു് ഇങ്ങനെ പറഞ്ഞു:—

അല്ലയോ ഭരദ്വാജപക്ഷി! നീ ദിവസംപ്രതിയും, ബ്രാഹ്മമായ മുഹൂർത്തത്തിൽ എഴുനേററു്, സർവ്വകാമപ്രദമായ മൃത്യുഞ്ജയമന്ത്രം ജപിക്കണം. അതുകൊണ്ടു്, നിങ്ങളുടെ സമസ്താഭീഷ്ടങ്ങളും സാധിക്കുമെന്നുമാത്രമല്ല, കാക്കകളിൽനിന്നും നേരിട്ടുവരുന്ന ഉപദ്രവങ്ങൾ ഇല്ലാതാവുകയുംചെയ്യും. വിശേഷിച്ചും പരാക്രമവും ഉണ്ടാകും. അങ്ങു് അങ്ങയുടെ വംശജാതന്മാൎക്കും ഈമന്ത്രം ഉപദേശിച്ചുകൊടുക്കണം. അവരും മന്ത്രപ്രഭാവംകൊണ്ടു്, ലബ്ധകാമന്മാരും, നിർഭയന്മാരും ആയിത്തീരും.

സദാശിവനും കൃപാധീനനും ആയ സുന്ദരേശ്വരന്റെ, മേൽപ്രകാരമുള്ള ഉപദേശത്തെ ഭരദ്വാജപക്ഷിശ്രേഷ്ഠൻ വേദവിധിയേക്കാൾ ബഹുമാ

നപൂർവ്വം അംഗീകരിച്ച് ഇതിൽപ്പരമില്ലാത്ത സന്തോഷത്തോടുകൂടെ അദ്ദേഹത്തെ അനവധിതവണ നമസ്കരിച്ചിട്ട്, ഉപദേശപ്രകാരം മൃത്യുഞ്ജയമഹാമന്ത്രം ജപിച്ചുതുടങ്ങി. കാലതാമസമെന്യേ മന്ത്രവൈഭവംകൊണ്ട്, ഖഞ്ജരീടൻ, അമിതപരാക്രമിയും, അത്യന്തബലശാലിയും ധൈര്യവാനും ആയിത്തീൎന്നു. അനന്തരം അവൻ, നാനാദേശങ്ങളിലും ചുററിസഞ്ചരിച്ച്, കണ്ണിൽപ്പെടുന്ന കാകക്കൂട്ടങ്ങളുടെ മണ്ടകൊത്തിപ്പൊളിച്ചുതുടങ്ങി. അതേവരേയും കാകകളേപ്പേടിച്ചു തല വെളിയിൽക്കാണിക്കാതെ കോടരങ്ങളിൽ ഒളിച്ചുപാൎത്തുവന്ന ഖഞ്ജരീടങ്ങൾ, സുന്ദരേശ്വരഭക്തനായ ഖഞ്ജരീടനാഥൻ, വായസവേട്ടയ്ക്കിറങ്ങിയതുമുതൽ സ്വാതന്ത്ര്യംലഭിച്ചുതടവുകാരേപ്പോലെ നാനാദിക്കുകളിലും ചുററിസഞ്ചരിച്ചുതുടങ്ങുകയും, അതേവരേയും പരഭയംകൂടാതെ നാട്ടുംപുറങ്ങൾ തങ്ങളുടെ വിഹാരസ്ഥാനങ്ങളായി കല്പിച്ച് സ്വൈരംപോലെ സഞ്ചരിച്ച് ഭക്ഷണസാധനങ്ങൾസമ്പാദിച്ചുകുടുംബങ്ങൾപോററിവന്ന വായസങ്ങൾ, സൂൎയ്യോദയംകണ്ട കൂരിരുട്ടുകൾപോലെ വനങ്ങളേയും ഗുഹകളേയും ശരണസ്ഥാനങ്ങളായി ആശ്രയിക്കുകയും ചെയ്തു.

മായാമയനായ സുന്ദരേശ്വരന് എന്താണ്ചെയ്വാൻ കഴിയാത്തത്. അദ്ദേഹം ഒരുനിമിഷത്തിൽ ഉൽകൃഷ്ടനെ അപകൃഷ്ടനാക്കുകയും, നികൃഷ്ടനെ ഉൽകൃഷ്ടനാക്കുകയും ചെയ്യും. എന്നല്ല സമുദ്രത്തെ മരുഭൂമിയായും മരുഭൂമിയെ സമുദ്രമായും വേണമെങ്കിലും ആക്കാൻ അദ്ദേഹത്തെക്കൊണ്ട് കഴിയും. അങ്ങനെയുള്ള സൎവ്വവ്യാപിയും സൎവ്വസമൎത്ഥനുംആയ ഭഗവാൻ സുന്ദരേശ്വരൻ, പണ്ട് കാകകളെപ്പേടിച്ചു വൃക്ഷകോടരങ്ങളിൽ ഒളിച്ചുപാൎത്ത ഖഞ്ജരീടപക്ഷികൾ ഇപ്പോൾ കാകകളേത്തേടി ദേശസഞ്ചാരംതുടങ്ങുമാറാക്കിയതിൽ അത്ര അതിശയിക്കാൻ ഒന്നുമില്ല.

വായസശ്രേഷ്ഠന്മാരുടെ മണ്ടകൊത്തിപ്പൊളിക്കുന്നതിൽ അതിശ്രേഷ്ഠനായ ആ ഭരദ്വാജയൂഥാധിപനെ മററുള്ളവർ അന്നുമുതൽ, 'ബലിയാൻ' എന്നു വിളിച്ചുതുടങ്ങി. ത്രികാലജ്ഞന്മാരും, യോഗയുക്തന്മാരുംആയ മഹാത്മാക്കൾ, ദേവദേവനായ സകലേശ്വരന്റെ സ്വാതന്ത്ര്യത്തെപ്പററി ഇതിൽപ്പരമില്ലാതെ പ്രശംസിക്കുകയും ബ്രഹ്മാദികീടപൎയ്യന്തം ആൎക്കും സദാശിവപ്രസാദം ഉണ്ടായാൽ എന്തും സാധിക്കാമെന്നു തീർച്ചയാക്കുകയും ചെയ്തു.

അല്ലയോ വസിഷ്ഠാദിതാപസന്മാരെ! അല്പസത്വങ്ങളായ ഖഞ്ജരീടങ്ങൾക്കു ഇത്രയധികം ബലം വൎദ്ധിച്ചതു് മൃത്യുഞ്ജയമഹാമന്ത്രജപത്തിന്റെ ഫലംകൊണ്ടാണെന്നു നിങ്ങൾ മനസ്സിലാക്കിയിരിക്കുമല്ലൊ. ഭഗവാങ്കൽ നിന്നുമൃത്യുഞ്ജയമന്ത്രം പഠിച്ച ഖഞ്ജരീടയൂഥനാഥൻ അതിനെ തന്റെ വംശത്തിൽ ഉള്ള എല്ലാവരേയും ഒന്നുപോലെ പഠിപ്പിച്ചു. അവരും ഭക്തിയോടുകൂടെ മഹാ പാവനവും ശത്രുനാശകരവും,

ശക്തിവൎദ്ധനകരവുമായ ആ മന്ത്രം ജപിക്കുകയും തൻമൂലം സജാതീയനായ ഒരുത്തന്റെ ജനനംകൊണ്ടു ആ വംശംമുഴുവൻ ഉദ്ധരിക്കപ്പെടുകയുംഅപ്രകാരംചെയ്തഖഞ്ജരീടപ്പുള്ള ജനിച്ചുള്ളവർ, ആയിത്തീരുകയുംചെയ്തു. ഖഞ്ജരീടപക്ഷികൾ ഇപ്പോഴുംപുറപ്പെടുവിക്കുന്ന കൂജിതത്തിനു മൃത്യുഞ്ജയമന്ത്രത്തോടു വളരെ സാമ്യമുള്ളതുകൊണ്ടു്, അവ ഇന്നും പ്രതിദിവസം പ്രഭാതത്തിൽ മൃത്യുഞ്ജയമന്ത്രപാരായണം ചെയ്യുന്നുണ്ടെന്നുള്ള അഭിജ്ഞന്മാരുടെ അഭിപ്രായം ശരിതന്നെയാണു്.

അല്പപ്രാണിയായ ഖഞ്ജരീടപക്ഷിയെ, ബലീയാൻ എന്നുള്ള അത്യുത്തമമായ നാമത്തിനു അൎഹതയുള്ളതാക്കിത്തീൎത്ത ആ മൃത്യുഞ്ജയമന്ത്രം ഋഷ്യാദികളോടുകൂടെ രാവിലെ എഴുന്നേറ്റു ജപിക്കുന്ന മനുഷ്യരുടെ സകലപാപങ്ങളും ആധിയും വ്യാധിയും ശത്രുക്കളും ഉടനടി നശിച്ചുപോവുകയും ആയുരാരോഗ്യസമ്പത്തുകൾ അധികംവൎദ്ധിക്കുകയുംചെയ്യും.

അല്ലയോ മഹൎഷീശ്വരന്മാരേ! ഖഞ്ജരീടസംജ്ഞനായവന്‌ മൃത്യുഞ്ജയമന്ത്രം ഉപദേശിച്ചു, കാക്കകളുടെ ഉപദ്രവത്തിൽനിന്നും ഖഞ്ജരീടപക്ഷികളെ രക്ഷിച്ചതായ ഭഗവാന്റെ അതിവിസ്മയാവഹമായ നാല്പത്തിഏഴാമത്തെ ലീല ഇപ്രകാരമാണു്. പരമശിവന്റെ അതിരമണീയവും പരിശുദ്ധവും അത്യത്ഭുതനികേതനവും ആയ ഈ ലീലയെ സന്തോഷത്തോടുകൂടെ പഠിക്കുകയും താല്പൎയ്യത്തോടുകൂടെ കേൾക്കുകയും ചെയ്യുന്നവൎക്കു ഇഹത്തിൽ വിവിധങ്ങളായിരിക്കുന്ന സകലഭോഗാനുഭവവും പരത്തിൽ മോക്ഷലാഭവും ഉണ്ടാകുമെന്നുള്ളതിനു യാതൊരു സംശയവുമില്ല.

ഖഞ്ജരീടപക്ഷിക്കു മൃത്യുഞ്ജയമന്ത്രം ഉപദേശിച്ച
നാല്പത്തിഏഴാംലീല സമാപ്തം.

---

# ഹാലാസ്യമാഹാത്മ്യം

കേരളഭാഷാഗദ്യം.

൪൮-ാം അദ്ധ്യായം.

ശാരിക്കു മോക്ഷം കൊടുത്ത

## നാല്പത്തിഎട്ടാംലീല.

---

സദാശിവഭക്തന്മാരിലും, വേദാഗമപുരാണേതിഹാസവേദികളിലും അഗ്രിമനായ അഗസ്ത്യമഹൎഷി വീണ്ടും വസിഷ്ഠാദികളോടു ഹാലാസ്യവാസിയായ സുന്ദരേശ്വരൻ, ശാരിപ്പക്ഷി

ക്കു മോക്ഷംകൊടുത്തതായ അദ്ദേഹത്തിന്റെ നാല്പത്തിഎട്ടാമത്തെ ലീലയെപ്പററി ഇപ്രകാരംപറഞ്ഞുതുടങ്ങി:—

പണ്ടു് ഒരുദിക്കിൽ വളരെആഴവും വിസ്താരവും ഏറിയതും, നിർമ്മലോദകംകൊണ്ടു പരിപൂൎണ്ണമായതും, കമലപുഷ്പമത്സ്യാദികളുടെ നിത്യസാന്നിദ്ധ്യത്തോടുകൂടിയതുമായ ഒരുതടാകംഉണ്ടായിരുന്നു. അതിനടുക്കൽ നിത്യസഹവാസംചെയ്തുവന്ന ഒരു കുളക്കോഴി നിത്യതനിർവ്വഹിച്ചുവന്നതു് ദിവസംപ്രതിയുംഅതിന്റെ തീരത്തിൽവന്നുകുത്തിയിരുന്നു തരംനോക്കി മത്സ്യങ്ങൾ കൊത്തിയെടുത്തുകൊണ്ടുപോയായിരുന്നു.

ഇങ്ങനെ ആ ശരാരി അനവധികാലം തടാകത്തിലെ മത്സ്യങ്ങളെ വേട്ടയാടി നിത്യത സുഖമായി നിർവ്വഹിച്ചുകൊണ്ടുവരുന്ന കാലത്തിൽ ഒരിക്കൽ അതിന്റെ ഭാഗ്യവൈപരീത്യമോ എന്നുതോന്നുംവണ്ണം മഴയില്ലാതാവുകയും തൻമൂലംശരാരിയുടെ ആഹാരഭണ്ഡാഗാരമായ തടാകത്തിൽ വെള്ളംമുഴുവൻവററി അതിലെ മത്സ്യാദികളും ശരാരിയുടെ ആഹാരസാധനങ്ങളും മററുജലജന്തുക്കളും മുഴുവൻഇല്ലാതാവുകയുംചെയ്തു.

തടാകം നിർജ്ജലമായപ്പോൾ ശരാരിക്കു കൊററുമുട്ടി. അനന്തരം അതു ആഹാരസമ്പാദ്യത്തിനായി ഈ തടാകമുപേക്ഷിച്ചു അന്യദിക്കിലെങ്ങാനുംപോകയാണു് നല്ലതെന്നു അതിന്റെ ബന്ധുക്കളോടും മററുംപറഞ്ഞിട്ടു അവരോടുകൂടെ ആഹാരംഅന്വേഷിച്ചു അതേവരെ വസിച്ചുവന്ന തടാകതീരത്തിൽനിന്നും പുറപ്പെട്ടു അനവധിസ്ഥലങ്ങൾ ചുററിപ്പറന്നു ഒരുവനത്തിൽപ്രവേശിച്ചു് ജലാശയം എവിടെഉണ്ടെന്നു പലസ്ഥലത്തുംഅന്വേഷിച്ചുനടന്നതിൽ ഒരുസ്ഥലത്തു്, ഒരുമഹാതാപസൻ ഇരുന്നുതപസ്സുചെയ്യുന്ന ഒരാശ്രമവും അതിന്റെ ഉപാന്തത്തിൽ, നാലുവശവും വിചിത്രമായ സോപാനങ്ങൾ കെട്ടിസൂക്ഷിച്ചിട്ടുള്ളതും മനോഹരങ്ങളായ മണ്ഡപങ്ങളോടുകൂടിയതും ക്രോശപ്രമാണം വിസ്താരമുള്ളതും, തീരസ്ഥങ്ങളും പുഷ്പഫലോപേതങ്ങളുമായ വൃക്ഷലതാഗൃഹങ്ങൾകൊണ്ടഭിരാമമായതും, വളരെ ആഴമേറിയതും ശീതളവും വിമലവുമായ ജലത്താൽ പരിപൂൎണ്ണമായതും, ചെറിയമത്സ്യങ്ങളും മദ്ധ്യപ്രായംചെന്ന തടിയന്മാരാം സാമൃദ്ധ്യവൃത്തവൃദ്ധമത്സ്യങ്ങളും കണക്കുകൂടാതെ ഞെരുങ്ങിക്കിടന്നു കളിച്ചുപുളയ്ക്കുന്നതും അച്ഛോദകംഎന്നുപേരോടുകൂടിയതുമായ ഒരുതീർത്ഥവുംകണ്ടു. അപ്പോൾഅതിനുണ്ടായസന്തോഷം ഇത്രമാത്രമാണെന്നു പറയേണ്ടതില്ലല്ലോ. ഉടൻതന്നെ അതും ആ തീർത്ഥതടാകത്തിന്റെ സമീപത്തിൽഎത്തി. ശരാരി തീർത്ഥക്കരയിൽ എത്തിയഅവസരത്തിൽ സമീപത്തിൽഉള്ള പർണ്ണശാലയിൽനിന്നും ചിലതാപസന്മാർ കുളിക്കുന്നതിനായി ആ തീർത്ഥക്കുളത്തിൽ വന്നിറങ്ങി. കടവിൽ കളിച്ചുകൊണ്ടുനിന്നിരുന്ന വലിയമത്സ്യങ്ങൾ ഉടൻതന്നെ ഭക്തിയോടുകൂടെഒഴിഞ്ഞുകൊടുത്തു. മീൻകുട്ടികൾപോകാതെകുളിക്കു

ന്നതിന്നായി ചെന്നിറങ്ങിയമുനിമാരുടെജടാജൂടങ്ങളിലും വല്ക്കലങ്ങളിലും മററുംചാററിപ്പിടിച്ചുകയറുകയും അവക്കുചുററുംചെന്നുപൊതിയുകയും കുതിച്ചുചാടി പുറത്തുകയറുകയും മററുംചെയ്തു. ജീവകാരുണ്യശാലികളും ശാന്തമാനസന്മാരും ആയ ആ മഹർഷികൾക്കും അമിതാനന്ദത്തെ ഉണ്ണികളിടങ്ങൾ ഗൃഹസ്ഥന്മാൎക്കെന്നപോലെ പ്രദാനംചെയ്തുകൊണ്ടിരുന്നു.

ശരാരി അതുകണ്ടു ഇതിൽപ്പരമില്ലാത്ത വിസ്മയത്തോടുകൂടെ ഇപ്രകാരംവിചാരിച്ചു.

അല്ല ഇതെന്തൊരുവിസ്മയം! ഈമത്സ്യങ്ങൾ ഭൃത്യന്മാരെപ്പോലല്ലെ താപസന്മാരെസേവിക്കുന്നതു്. അവരും അതുപോലെതന്നെ മക്കളെപ്പോലെ അവയെ ലാളിക്കുകയുംചെയ്യുന്നു. അതുമല്ല, അമ്മാത്രജീവികളായ ഇവർ വലിയക്രൂരന്മാരായും ഇരിക്കുന്നു. അതുമല്ല, ആശ്രമപ്രഭാവംകൊണ്ടു ഇവൎക്ക ഹിംസയിൽ അല്പംപോലുംആസക്തിയുംകാണുന്നില്ല. ജീവകാരുണ്യമുള്ള മഹാത്മാക്കന്മാരിൽ അനുകമ്പയില്ലാത്ത ജന്തുക്കൾഉണ്ടോ? അന്യഹിംസകൂടാതെ ജീവിക്കുന്നതിൽപരം പുണ്യമായി യാതൊന്നുംചെയ്യാനുംഇല്ല. അതുകൊണ്ടു ഇനിമേൽ ഞാൻ ഒരിക്കലും മത്സ്യങ്ങളെകൊന്നുതിന്നുകയില്ലെന്നുമാത്രമല്ല യാതൊരുജന്തുക്കളേയും യാതൊരുപ്രകാരേണയും ഉപദ്രവിക്കുന്നതുംഅല്ല. ബുദ്ധിയുള്ളവർ ഒരിക്കലും നിറയ്ക്കാൻ ഒക്കാത്തതായ പെരുവയർനിറയ്ക്കാൻവേണ്ടി അന്യജന്തുക്കളെ ഹിംസിക്കുന്നതല്ല. പ്രാണിഹിംസചെയ്തു സാധിക്കുന്ന ജീവധാരണത്തേക്കാൾ കഷ്ടമായി എന്താണുള്ളതു്. അന്യനെക്കൊന്നുതിന്നുന്നതു നന്നായിരിക്കുമെന്നു വിചാരിക്കുന്നവർ തന്നെകൊന്നുതിന്നുന്നതിൽ അന്യനും രുചിതോന്നാമെന്നും അന്യന്മാർ നമ്മെ അപ്രകാരംചെയ്യാൻതുടങ്ങിയാൽ നമുക്കുണ്ടാകുന്ന വ്യസനം എന്തുമാതിരിയായിരിക്കുമെന്നും ഓൎക്കാമെങ്കിൽ ഒരുപ്രാണിയും മററൊരുപ്രാണിയെ ഹിംസിച്ചു തന്റെ ജീവധാരണംചെയ്യുന്നതല്ല. ഇങ്ങനെ ഞാൻ പ്രാണിഹിംസയിൽനിന്നും വിരമിക്കുമ്പോൾ എന്റെ ജീവധാരണത്തിന്നു വഴിമുട്ടും. വിശേഷിച്ചും എനിക്കിപ്പോൾ വലിയ വിശപ്പുംഉണ്ടു്. അതുകൊണ്ടു ഇനിചിന്തിക്കേണ്ടതു് പ്രാണിഹിംസകൂടാതെ വിശപ്പടക്കുന്നതിനുള്ള മാൎഗ്ഗംഎന്തെന്നാണു്.

ആ ശരാരിപക്ഷി അതിന്റെ പുരാപുണ്യവൈഭവംകൊണ്ടു ഇപ്രകാരം വിചാരിച്ചുകൊണ്ടിരിക്കുമ്പോൾ നേരംഇരുട്ടുകയുംഅതിന്റെ വിശപ്പും ദാഹവും ക്ഷീണവും വേഗത്തിൽതീൎന്നു് മൃഷ്ടഭോജനം ചെയ്തതിനേക്കാൾ അതിരററതൃപ്തിയും സന്തോഷവും അതിനു ഉദിക്കുകയുംചെയ്തു. കൊല്ലുകയോ തിന്നുകയോ യാതൊന്നുംചെയ്യാതെ വിശപ്പടങ്ങി ക്ഷീണവുംതീൎന്നു് കമ്പയുംവിട്ടു് തൃപ്തിയുണ്ടായതിനെപ്പററി അതിനുണ്ടായവിസ്മയത്തിനും അതിരില്ലായിരുന്നു.

അതു പിറേറദിവസംമുതൽ തൻെറ സജാതീയരോടുകൂടെ ആ തടാകതീരത്തിൽ വാസംതുടങ്ങി. ആ തടാകത്തിൻെറ പശ്ചിമതീരത്തിൽ അത്യുന്നതവും അത്യന്തപാവനവുമായ ഒരുമണ്ഡപമുള്ളതിൽവച്ചു സത്യതപസ്സെന്നുപേരോടുകൂടിയ ഒരുതാപസൻ പുരാണങ്ങൾവായിച്ചു തൻെറ ശിഷ്യവർഗ്ഗങ്ങളെ അർത്ഥം പറഞ്ഞുകേൾപ്പിച്ചുവരുന്നുണ്ടായിരുന്നു.

ശരാരിക അതുകേട്ടപ്പോൾ പൂർവജന്മകൃതമായ പുണ്യവൈഭവംകൊണ്ടു പുരാണപാരായണശ്രവണത്തിൽ ഇതിൽപരമില്ലാത്ത ആസക്തിയുണ്ടായെന്നുമാത്രമല്ല അതിനു പൂർവാധികം ഈശ്വരഭക്തി വർദ്ധിക്കകയുംചെയ്തു. അതു ദിവസംപ്രതിയും പുരാണപാരായനതുടങ്ങുമ്പോൾ മുനിമണ്ഡപത്തിൻെറ സമീപത്തിൽ പാറും. പാരായനതീരുന്നതുവരെയും ഭക്തിയോടെപുരാണങ്ങൾകേൾക്കകയും വിശിഷ്ടങ്ങളായ അദ്ധ്യാത്മതത്വങ്ങളെ ആത്മചിന്തനംചെയ്തു സംയമിയായ ഒരുസന്യാസിയെപ്പോലെ സ്വാനുഭവപ്പെടുത്തുകയും തന്മൂലമുണ്ടാകുന്ന പരമാനന്ദത്തെ അനുഭവിക്കകയുംചെയ്തുവന്നു. മാത്രമല്ല അതിനു ഈശ്വരമാഹാത്മ്യശ്രവണംകൊണ്ടു ഈശ്വരപ്രേമം വർദ്ധിക്കകയുംചെയ്തു.

ഇങ്ങനെയുള്ള ജീവന്മുക്തസ്വഭാവത്തോടുകൂടെ ആ ശരാരി പുരാണപാരായണവുംകേട്ടു് ആനന്ദിച്ചുവസിക്കുന്നകാലത്തിൽ ഒരുദിവസം സത്യതാപസൻ ക്ഷേത്രമാഹാത്മ്യങ്ങൾ വായിക്കാൻതുടങ്ങി. ഭാരതഖണ്ഡത്തിൽ ഉള്ള അനവധിക്ഷേത്രമാഹാത്മ്യങ്ങൾ വായിച്ചകൂട്ടത്തിൽ ഹാലാസ്യക്ഷേത്രമാഹാത്മ്യവും സത്യതാപസൻ വായിച്ചു പറഞ്ഞു. അതുകേട്ടപ്പോൾ ശ്രോതാക്കളായ മഹർഷിമാർ ഒന്നുപോലെ പരമാനന്ദഭോഗികളായി അവരോടൊന്നിച്ചു ക്ഷേത്രമാഹാത്മ്യങ്ങൾ കേട്ടുകൊണ്ടിരുന്ന ശരാരി വിശേഷിച്ചും ഹാലാസ്യക്ഷേത്രമാഹാത്മ്യശ്രവണത്താൽ പരമാനന്ദതുന്ദിലനും സന്തോഷബാഷ്പാകുലനേത്രനും, പുളകാഞ്ചിതഗാത്രനും ആയതുമാത്രമല്ല, ഹാലാസ്യേശ്വരനിൽ ദൃഢമായ പരമപ്രേമംകൊണ്ടു, ശരീരംമറന്നു സ്തംഭമെന്നതുപോലെ നിശ്ചലനായിവസിക്കകയുംചെയ്തു.

സത്യതാപസൻ ഹാലാസ്യക്ഷേത്രമഹത്വങ്ങളെപ്പററി ശ്രോതാക്കളായ മാമുനിമാരെ ധരിപ്പിച്ചതു താഴെവരുമാറായിരുന്നു.

അല്ലയോ മുനികളേ! കദംബകാനനവും ഭൂലോകശിവലോകവും, ആയ ഹാലാസ്യത്തിൽ നിത്യസാന്നിദ്ധ്യംചെയ്യുന്ന സുന്ദരേശ്വരനെപ്പോലെ മററുള്ള ക്ഷേത്രങ്ങളിൽ സാന്നിദ്ധ്യംചെയ്യുന്ന ഒരു ദേവനും കാരുണ്യമില്ല. തപസ്സിൻെറ ഫലം [illegible] അനുഭവിക്കേണമെന്നുള്ളവർ തപസ്സുചെയ്യേണ്ടതു് ജീവന്മുക്തിപ്രദമായ ഹാലാസ്യത്തിൽവെച്ചുവേണം. ഇതുപോലെ ഉടനടി കർമ്മഫലദായകമായ ഒരുസ്ഥലം മറെറാന്നും

ഇല്ല. മററുള്ള ഏതുപുണ്യക്ഷേത്രത്തിൽവെച്ചു തപസ്സചെയ്താലും തപസ്സിൻെറ അവസാനത്തിൽ അല്ലാതെ ഫലം കിട്ടുന്നതല്ലല്ലോ, ഹാലാസ്യത്തിൽവെച്ച് തപസ്സുതുടങ്ങിയാൽ തുടങ്ങുമ്പോൾമുതൽ ഫലാനുഭവംസിദ്ധിച്ചുതുടങ്ങും. അത്രമഹത്വമേറിയതാണ്, സദാശിവൻെറ മൂലലിംഗസ്ഥാനമായ ചതുഷ്കൂടപുരം. തപസ്സും, ഹോമവും ജപവും അർച്ചനയും മററുംനടത്തുന്നതിന്നു ഇത്രമാത്രം പാവനമായ ഒരുസ്ഥലം ഭൂലോകത്തിൽ വേറെയില്ല. എല്ലാദേവന്മാരിലുംവെച്ചു സർവ്വജ്ഞനായ സദാശിവൻ എങ്ങിനെ ശ്രേഷ്ഠനോ അതുപോലെഎല്ലാഉത്തമക്ഷേത്രങ്ങളിൽവച്ചുംകദംബകാനനത്തിലുള്ളഹാലാസ്യക്ഷേത്രവുംമഹത്തരമാകുന്നു. അതുപോലെതന്നെ ഭൂലോകത്തിൽഉള്ള സർവ്വതീർത്ഥങ്ങളിലും പരമപാവനമായ തീർത്ഥംഹേമപത്മിനിയും, പരമശിവൻെറ എല്ലാലിംഗങ്ങളിലും ശ്രേഷ്ഠമായതു് അതിഭ്രുതവുംചിരന്തനവും ആയ സുന്ദരേശ്വരലിംഗവും ആണെന്നാണ് വേദജ്ഞാനതല്പരന്മാരായ മഹാന്മാരുടെഅഭിപ്രായം. ലോകോപകാരത്തിന് അത്യന്തോപയുക്തമായമഹാക്ഷേത്രം, മഹാതീർത്ഥം, മഹാലിംഗംഇവമൂന്നുംഒന്നുപോലെ ഒത്തുചേർന്നിട്ടുള്ളതു്, ഭൂലോകശിവലോകമായ ഹാലാസ്യത്തിൽഅല്ലാതെ മററെവിടെയാണ്. അതുകൊണ്ടു് സംസാരാമയബാധിതരായ ജന്തുക്കൾക്ക് മോചനംലഭിക്കണമെങ്കിൽ ഹാലാസ്യത്തിൽത്തന്നെപോയി, ഹാലാസ്യേശ്വരനെ സേവിക്കണം. ഭക്തപ്രിയനായ സുന്ദരേശ്വരൻ, ഭാവനമാത്രംകൊണ്ടു് എല്ലാ കാമങ്ങളേയും, നൽകും. അദ്ദേഹത്തെപ്പോലെ ദയാപരനായ ഒരുമൂർത്തി മൂന്നുലോകത്തിലും ഇല്ല. അല്ലയോ മഹർഷീശ്വരന്മാരെ ഞാൻ പറയുന്നതു മുഴുവൻ സത്യമാണ്. ഭോഗമോക്ഷേച്ഛുക്കളായ ജനങ്ങൾ തീർച്ചയായിട്ടുംപോയി സേവിക്കേണ്ടതു് ചന്ദ്രശേഖരനും ഭക്തവത്സലനും ശങ്കരനുമായ സുന്ദരേശ്വരൻ തൻെറ ഭഗവതിയായ മീനാക്ഷിയോടുകൂടെ എവിടെ വസിക്കുന്നോ അവിടെയാണ്.

ഇങ്ങനെയുള്ള സത്യതാപസൻെറ പുരാണപാരായണം ആയിരുന്നു ആ ശബരിയെ, സുന്ദരേശ്വര പ്രേമാമൃതപാനലഹരിയിൽ മുക്കി സ്തംഭിപ്പിച്ചതു. അതിൻെറശേഷം ഭക്തിരസാനുഭൂതിയിൽനിന്നും ഉണൎന്ന ആ പക്ഷി, ഇനി മാത്രപോലും ഇവിടെയെങ്ങും താമസിച്ചു് ജന്മംകളയാതെ കഴിയുന്ന വേഗത്തിൽ മധുരാപുരിയിലെത്തണംഎന്നുള്ള വിചാരത്തോടുകൂടെ ഉടൻതന്നെ താപസാശ്രമത്തിൽനിന്നും പുറപ്പെട്ടു് അതിവേഗത്തിൽ മധുരയെപ്രാപിച്ചു. മധുരാപുരസീമകളിൽ ആ പക്ഷിശ്രേഷ്ഠൻ എപ്പോൾ കടന്നുവോ അപ്പോൾമുതൽ താൻ ഒരുജീവൻമുക്തനേക്കാൾ അത്യന്തം സ്വാസ്ഥ്യതയെ അനുഭവിക്കുന്നതെന്നുതോന്നി.

മധുരയിൽ എത്തിയതിൽപിന്നെ അല്പംപോലും താമസിക്കാതെ ആ പക്ഷിശ്രേഷ്ഠൻ സുന്ദരേശ്വരസ്മരണയോടുകൂടെ ഹേമപത്മിനിയിൽ ഇറങ്ങി സ്നാനംചെയ്തു, സദാശിവനാമോച്ചാരണങ്ങളോടുകൂടെ ഹാലാസ്യ

ക്ഷേത്രത്തിൽ പ്രവേശിച്ച് ക്ഷേത്രപ്രദക്ഷിണം ചെയ്തു. അതിന്റെശേഷം ദേവദേവനായ കദംബവനനായകന്ന് അഭിമുഖമായി ചെന്നുനിന്നുകൊണ്ടു നാമജപത്തോടുകൂടെ അനവധിതവണ കുമ്പിട്ടു. അനന്തരം അതു്, മനകുല്പിതങ്ങളായ പൂജോപഹാരങ്ങൾകൊണ്ടു്, ഉമാസഹായനായ സുന്ദരേശ്വരനെ പൂജിച്ചു.

അനേകംകോടി ലിംഗങ്ങളുടെ ആദിഭൂതലിംഗനായകനും, ശ്രീമദാലാസ്യനിലയനനും, സച്ചിദാനന്ദവിഗ്രഹനും മഹാസിദ്ധികൾക്കെല്ലാം കാരണഭൂതനും, കലുഷാപഹനും, വൃഷഭാരൂഢനും, പുരുഹൂതപൂജിതനും, എല്ലാ ആപത്തുകളേയും പാപങ്ങളേയും നശിപ്പിക്കുന്നവനും, സർവ്വസമ്പൽപ്രദായകനും, സംസാരോത്താരണക്ഷമനും, സർവ്വതത്വങ്ങൾക്കും കാരണഭൂതനും, കാരുണ്യാമൃതസാഗരനും, സമസ്തലോകങ്ങളേയും അഭയംകൊടുത്തു രക്ഷിക്കുന്നവനും, കാളകൂടവിഷം കുടിച്ചവനും ആയ സുന്ദരേശ്വരനെ ആ ശരാരിപക്ഷി പതിനഞ്ചുദിവസം മുടങ്ങാതെ കാലത്രയത്തിലും ഇങ്ങിനെ സേവിച്ചു.

പതിനാറാംദിവസം പ്രഭാതത്തിൽ ആ പക്ഷിശ്രേഷ്ഠൻ ഉണന്ന് ഹേമപത്മിനിയിൽ സ്നാനത്തിനായി ചെന്നിറങ്ങിയപ്പോൾ സ്ഫടികസമാനം അമലമായ അതിലെ സ്വച്ഛജലത്തിൽ നീന്തിക്കളിക്കുന്ന മത്സ്യക്കൂട്ടങ്ങളെ കാണുകയാൽ വിശപ്പുകൊണ്ടു് ആർത്തനായ ആ പക്ഷിശ്രേഷ്ഠൻ, മത്സ്യങ്ങളെ കൊത്തിത്തിന്നണം എന്നു നിശ്ചയിച്ചു. എങ്ങോട്ടുപോയെന്നറിയാൻ പാടില്ലാതെ ഉടൻതന്നെ ആ ദുർവ്വിചാരംമാറി സൽബുദ്ധി ഉദിച്ചു. അനന്തരം അതു് ഹാ! ഹാ! ഞാൻ എത്ര നിസ്സാരൻ! ചിത്തവികാരം ഉണ്ടാക്കുന്നതിനു കാരണങ്ങളായി തീരുന്ന വിഷയങ്ങളെക്കണ്ടാലും അതിൽ അല്പംപോലും മനസ്സിളക്കം ഉണ്ടാകാത്തവനല്ലെ മഹാത്മാവു്. അല്പനായ എന്റെ വൈരാഗ്യവും അഹിംസാവ്രതവും, സദാശിവപ്രേമവും ശാന്തിയുമെല്ലാം ഈ മത്സ്യങ്ങളെക്കണ്ടപ്പോൾ ഉണ്ടായ ആഗ്രഹംകൊണ്ടു രാഹുഗ്രസ്തമായ ചന്ദ്രപ്രകാശം എന്നപോലെ അസ്തമിതം ആയിപ്പോയല്ലോ. മത്സ്യങ്ങൾ കിടന്നു കളിക്കുന്നതുകണ്ടപ്പോൾ മനസ്സടക്കം കൂടാതെ കൊന്നു ഭക്ഷിച്ചുകളയാമെന്നു നിശ്ചയിച്ച എന്നെപ്പോലെ കുത്സിതന്മാരായി ഭൂമിയിൽ ആരുംഇല്ല. അതുകൊണ്ടു്, എന്റെ വൈരാഗ്യവും ഭക്തിയും സ്നേഹവും വളരെവളരെ നിസ്സാരം. എന്നെപ്പോലെ ദുർമ്മതികളും നിന്ദിതന്മാരും മററാരും ഇല്ല. അല്ലെങ്കിൽ, അനുചിതമല്ലാത്ത ഹാസ്യവൃത്തിയിൽ എന്റെ മനോഗതി പോകുമോ? മേലാൽ ഈമാതിരി വിചാരം ഉണ്ടാകാതെ ഹാലാസ്യേശ്വരൻ, കാത്തുകൊള്ളട്ടെ, എന്നിങ്ങനെ വിചാരിച്ചിട്ടു്, വളരെനേരം അതിന്റെ തീരത്തിൽ തന്നെ ഇരുന്നു് വ്യസനിക്കുകയും പശ്ചാത്തപിക്കുകയും ചെയ്തു.

ശരാരിയുടെ വ്യസനവും പശ്ചാത്താപവും ഭക്തിയും വിശ്വാസവും മററുംകണ്ടു് പ്രസന്നനായ ഭഗവാൻ സുന്ദരേശ്വരൻ, ഇനിമേൽ ഇതുപോ

ലെയുള്ള അഗ്രഹം ആ ശാരിക്കു ഉണ്ടാകാതെ ഇരിപ്പാനായി ഹേമപത്മിനിയെ അപ്പോൾമുതൽ, മത്സ്യാദിജന്തുവിഹീനമാക്കിക്കൊടുത്തു.

അന്നുമുതൽ അഹിംസാവ്രതനായ ആ ശാരി യാതൊരു മനശ്ചാഞ്ചല്യവുംകൂടാതെ പൂർവ്വവൽ, മീനാക്ഷീസഹായനായ സുന്ദരേശ്വരനേയും സേവിച്ചു ഹാലാസ്യത്തിൽ വസിച്ചു. ഒടുവിൽ ആ പക്ഷിക്കു കരുണാവരുണാലയനും, കാമിതാർത്ഥദാതാവും ആശ്രിതവത്സലനും ആയ ഭഗവാൻ സുന്ദരേശ്വരൻ, അതിശ്രേഷ്ഠവും, അവസാനമില്ലാത്ത ആനന്ദാനുഭവത്തിനു നിദാനമായതും ആയ സാരൂപ്യമുക്തിയെ നൽകി. ഹിംസാഭയംകൊണ്ടു, വിചതീരാത്ത അഹിംസാധർമ്മം അനുഷ്ഠിച്ചു് നിശ്ചലമായ ഭക്തിയോടുകൂടെ സുന്ദരേശ്വരനെ സേവിച്ചു പ്രസാദിപ്പിച്ചു ആ ഖഗം ശിവലോകംപ്രാപിച്ചു്, ഗണാഗ്രണിയായിവസിച്ചു.

അല്ലയോ വസിഷ്ഠാദികളായ താപസപുംഗവന്മാരേ! തന്റെ ഭക്താഗ്രണിയും, അഹിംസാവ്രതനും ആയ ശാരിപക്ഷിക്കു്, അതു് അതിഗാഢമായ ഭക്തിയോടും വൈരാഗ്യത്തോടുംകൂടിയവളായിരുന്നിട്ടും അതിന്റെ ജാതിസ്വഭാവംകൊണ്ടു്, മത്സ്യങ്ങളെക്കണ്ടപ്പോൾ ഭക്ഷിക്കണമെന്നുള്ള ആശയുണ്ടായതിനാൽ, ഒരുപ്രകാരത്തിലും ഭക്തന്മാരുടെ ഭജനം തടസ്സങ്ങൾകൂടാതെ വഹിക്കണമെന്നു പ്രത്യേകതാല്പര്യമുള്ളവനായഹാലാസ്യേശ്വരപ്രഭു മേലാൽ ആ ശാരിക്കു ഹേമപത്മിനീതീരത്തിൽവെച്ചു ഈമാതിരിവിചാരം ഉണ്ടാകരുതെന്നുനിശ്ചയിച്ചു് അപ്പോൾമുതൽ അതിലെ എല്ലാജന്തുക്കളേയും ഇല്ലാതെയാക്കിയതുകൊണ്ടാണു ഇന്നും അതിൽ ജലജന്തുക്കൾ യാതൊന്നും ഇല്ലാതെ ഇരിക്കുന്നതു്. ഇത്രമാത്രം ഭക്തവാത്സല്യം ഹാലാസ്യവാസിയായ സുന്ദരേശ്വരനല്ലാതെ അന്യദേവന്മാരിൽ ആർക്കെങ്കിലും ഉണ്ടോ? ഭക്തപരാധീനനായ ഭഗവാനു്, ആശ്രിതന്മാർക്കുവേണ്ടി ഇന്നതെല്ലാമേ ചെയ്യാവു എന്നൊരു നിശ്ചയവും ഇല്ല. അദ്ദേഹം തന്നെ ഭജിക്കുന്ന ഏതൊരുപ്രാണിക്കും എല്ലാ അഭീഷ്ടങ്ങളും സാധിച്ചുകൊടുക്കും. മനുഷ്യർ എന്നും മൃഗങ്ങൾ എന്നും, പക്ഷികൾ എന്നും, പുണ്യവാന്മാർ എന്നും പാപികൾ എന്നും ധനവാന്മാർ എന്നും ദരിദ്രന്മാർ എന്നുംമററുമുള്ള യാതൊരു അന്വേഷണങ്ങളും സുന്ദരേശ്വരനില്ല. അദ്ദേഹത്തിൽ ആർക്കെങ്കിലും ഭക്തിയും വിശ്വാസവും ഉണ്ടോ അവക്കു വേണ്ടുന്ന ഏതൊരുമാതിരി രക്ഷകൾക്കും അദ്ദേഹം എപ്പോഴും തയ്യാറുതന്നെ. ഇപ്രകാരമുള്ള അചിന്ത്യപ്രഭാവങ്ങളോടുകൂടിയ സുന്ദരേശ്വരൻ, അദ്ദേഹത്തിൽ അപാരഭക്തിയോടുകൂടിയ ശാരിപക്ഷിക്കുവേണ്ടി ഹേമപത്മിനീതീർത്ഥത്തിൽ ജലജന്തുക്കൾ ഇല്ലാതെ ആക്കിയതും ഹിംസാവ്രതത്തോടും അതിഭക്തിയോടും കൂടിയ അതിനു ശിവസാരൂപ്യം നൽകിയതുമായ അദ്ദേഹത്തിന്റെ ഈ നാല്പത്തിഎട്ടാമത്തെ ലീലയെ വായിക്കുകയും കേൾക്കുകയും ചെയ്യുന്നവക്കു് ഇ

ഹപരങ്ങളിൽ ഒന്നുപോലെ ശിവപ്രസാദം ഉണ്ടാകുമെന്നുള്ളതിന്നു യാതൊരു സംശയവും ഇല്ല.

ശരാരിക്കു മോക്ഷം കൊടുത്ത

നാല്പത്തിഎട്ടാം ലീല സമാപ്തം.

---

# ഹാലാസ്യമാഹാത്മ്യം

## കേരളഭാഷാഗദ്യം.

### ൪൯-ാം അദ്ധ്യായം.

### പുരസീമാപ്രദർശനം ചെയ്ത

### നാല്പത്തിഒമ്പതാം ലീല.

---

അല്ലയോ വസിഷ്ഠാദികളെ! ഇനി ഞാൻനിങ്ങളോട്ടു ഭഗവാനായ സുന്ദരേശ്വരൻ അദ്ദേഹത്തിന്റെഭൂഷണഭുജംഗമമായ വാസുകിയെക്കൊണ്ടു, മധുരാപുരത്തിന്റെ സീമയെ വ്യക്തപ്പെടുത്തിച്ചതായ വിചിത്രലീലയെ കഥനംചെയ്യാം. പരിപാവനമായ ഈ ഏകലീലാശ്രവണംകൊണ്ടു നിങ്ങൾക്കു സകലാഭീഷ്ടങ്ങളും സിദ്ധിക്കും. കേട്ടുകൊള്ളുവിൻ:—

"രാജരാജപാണ്ഡ്യന്റെ തനയനും ധിനയാന്വിതനുംആയ സുഗുണപാണ്ഡ്യൻ വളരെക്കാലം ഭൂപരിപാലനം ചെയ്തതിന്റെശേഷം സ്വർഗ്ഗപ്രാപ്തനായി. അതിന്റെശേഷം അദ്ദേഹത്തിന്റെ മകനായ ചിത്രരഥപാണ്ഡ്യനും, അതിന്റെശേഷം ചിത്രഭൂഷണപാണ്ഡ്യൻ എന്നു സുപ്രസിദ്ധനാമാവായ അദ്ദേഹത്തിന്റെ മകനും, അനന്തരം ചിത്രധ്വജപാണ്ഡ്യനും, തൽപുത്രൻ ചിത്രവർമ്മപാണ്ഡ്യനും, അദ്ദേഹത്തിന്റെ പുത്രൻ ചിത്രസേനപാണ്ഡ്യനും, തൽപുത്രൻ ചിത്രവിക്രമപാണ്ഡ്യനും, തൽപുത്രൻ രാജമാർത്താണ്ഡപാണ്ഡ്യനും, തൽപുത്രൻ രാജചൂഡാമണിപാണ്ഡ്യനും, അദ്ദേഹത്തിന്റെ പുത്രൻ രാജശാർദ്ദൂലപാണ്ഡ്യനും, തൽപുത്രൻ രാജകുഞ്ജരപാണ്ഡ്യനും, തൽപുത്രൻ ഉഗ്രസേനപാണ്ഡ്യനും തൽപുത്രൻ മഹാസേനപ

പാണ്ഡ്യനും തല്പുത്രൻ ശത്രുഞ്ജയപാണ്ഡ്യനും തല്പുത്രൻ ഭീമരഥപാണ്ഡ്യനും മകൻ പ്രതാപമാർത്താണ്ഡപാണ്ഡ്യനും തൽസുതൻ വിക്രമകഞ്ചുകനും, അദ്ദേഹത്തിന്റെ മകൻ യുദ്ധകോലാഹലപാണ്ഡ്യനും, തൽസുതൻ അതുലവിക്രമപാണ്ഡ്യനും, അദ്ദേഹത്തിന്റെ നന്ദനൻ അതുലകീർത്ത്യാഹ്വയനും, തൽതനൂജൻ കീർത്തിവിഭൂഷണപാണ്ഡ്യനുംപരമ്പരയായി ഹാലാസ്യവാസിയായ സുന്ദരേശ്വരന്റെ കൃപാതിരേകത്താൽ മധുരാപുരത്തിൽ നിവസിച്ച് ഭൂലോകചക്രവർത്തികളായി ഭൂപരിപാലനം ചെയ്തു സ്വർല്ലോകപ്രാപ്തരായി. ഇവർ എല്ലാവരും ഒന്നുപോലെ മീനാക്ഷീവല്ലഭനായ സുന്ദരേശ്വരന്റെ അംശംകൊണ്ട് രാജാക്കന്മാരായി അവതരിച്ചവരായിരുന്നതിനാൽ അവരുടെ ഭൂലോകപരിപാലനം ഒന്നുപോലെ സകലജനങ്ങൾക്കും ക്ഷേമകരവും, സമാധാനപ്രദവും ആയിരുന്നു. മുൻപറഞ്ഞ പാണ്ഡ്യരാജാക്കന്മാരുടെ അനുക്രമമായ ഭരണംകൊണ്ട് മധുരാപട്ടണം നാൾക്കുനാൾ അഭിവൃദ്ധിയെ പ്രാപിച്ചുവരവെ മന്വന്തരം സംപ്രാപ്തമാവുകയാൽ, കടലുകൾ ഒന്നിച്ച് ഭൂമിമുഴുവനും മുക്കി; എങ്കിലും, കദംബകാനനവാസിയായ സുന്ദരേശ്വരന്റെ ആലയമായ ഹാലാസ്യമഹാക്ഷേത്രത്തിനും ഹേമപത്മിനീതീർത്ഥത്തിനും മീനാക്ഷീനിലയനത്തിനും മഹേശ്വരപ്രസാദത്തിനും മാത്രം യാതൊരുകേടുകളും സംഭവിച്ചില്ല. മഹാപ്രളയത്തിൽപോലും നശിച്ചുപോകാത്ത ഇവകൾ ഉണ്ടോ ഒരുമന്വന്തരത്തിൽ നശിക്കാൻപോകുന്നു. മററുള്ളവ സർവ്വവും മന്വന്തരത്തിൽ, സമുദ്രാക്രമണംകൊണ്ടും, മഹാതപം കൊണ്ടും കൊടുങ്കാററുകൾകൊണ്ടും അതിവൃഷ്ടികൊണ്ടും നശിച്ചു. ഇങ്ങനെ കുറേനാൾ കഴിഞ്ഞപ്പോൾ പ്രളയാന്തംവന്നു. ഉടനെ ബ്രഹ്മാവ് മന്വന്തരംകൊണ്ട് നശിച്ചുപോയ സകലവും സൃഷ്ടിക്കുവാനായി തുടങ്ങി. ക്രമേണ സ്ഥാവരജംഗമങ്ങളായ ഓരോ ജീവികളേയും സൃഷ്ടിച്ച ലോകം പഴയപ്രകാരത്തിൽ ജീവജാലങ്ങളെക്കൊണ്ടും മററും നിറഞ്ഞു. സൂര്യചന്ദ്രവംശജാതന്മാരായ നൃപന്മാരും ഉണ്ടായി. ഇക്കൂട്ടത്തിൽ വംശശേഖരപാണ്ഡ്യൻ പാണ്ഡ്യമണ്ഡലനാഥനായും ഉത്ഭവിച്ചു. അദ്ദേഹം സുന്ദരേശ്വരന്റെ വിമാനത്തിനു ചുററുമായി ഒരുചെറിയപുരം ഉണ്ടാക്കി തന്റെ ചുരുങ്ങിയ പ്രജകളോടുകൂടെ മധുരാപാലനവുംചെയ്തു കുറേനാൾ പാർത്തു. കാലം കുറേക്കഴിഞ്ഞപ്പോൾ ജനങ്ങൾ പെരുകി എല്ലാവർക്കുംകൂടെ ആ പട്ടണത്തിൽ വസിക്കുന്നതിനു സ്ഥലം ഇല്ലാതെയായി. അപ്പോൾ രാജാവ്, തന്റെ പ്രജകൾക്കു വസിക്കുന്നതിനു ഇപ്പോഴുള്ള പട്ടണം പോരാത്തതിനാൽ എന്താണു ചെയ്യേണ്ടതെന്നിങ്ങനെ ആലോചിച്ചുംകൊണ്ട്, വ്യസനപൂർവ്വം ഹാലാസ്യേശ്വരക്ഷേത്രത്തിൽപ്പോയി അദ്ദേഹത്തെ ദർശനംചെയ്തിട്ട് ഇപ്രകാരം പ്രാർത്ഥിച്ചു.

അല്ലയോ കരുണാവരുണാലയനും, കദംബകാനനവാസനും, ആയ സുന്ദരേശ്വര! അല്ലയോ ദേവദേവ! മധുരാനഗരീശ്വര! ചതുരാനനാർച്ചി

കളാൽപ്പോലും ആരാധിക്കപ്പെടുന്ന പാദപത്മത്തോടുകൂടിയവനേ! ദേവതാ സാർവ്വഭൌമ! അങ്ങയുടെ പ്രസാദം കൊണ്ടു്, എന്റെ പ്രജകൾ നാൾക്കുനാൾ വർദ്ധിച്ചുവരുന്നു. അവൎക്കു വസിക്കുന്നതിനു വേണ്ടസ്ഥലം ഞാൻഇപ്പോൾ സ്ഥാപിച്ചിട്ടുള്ള പുരത്തിൽ ഇല്ല. പുരം വിസ്താരപ്പെടുത്തുന്നതിനു അങ്ങയുടെ പുരത്തിന്റെ സീമഎവിടാവരെയാണെന്നു അറിയാൻ പാടില്ലാത്തതിനാൽ നിവൃത്തിയില്ല. ത്രൈലോക്യപ്രസിദ്ധമായ അങ്ങയുടെ പുരത്തിന്റെ സീമയെ നിൎണ്ണയിക്കുന്നതിനു മഹാമഹൎഷിമാരെക്കൊണ്ടു പോലും സാദ്ധ്യമല്ലാതെ ഇരിക്കുമ്പോൾ അല്പജ്ഞനായ എന്നെക്കൊണ്ടു എങ്ങനെ കഴിയും. അതുകൊണ്ടു് തിരുവടിതന്നെ അങ്ങയുടെ പുരസീമയെ വ്യക്തപ്പെടുത്തിത്തരണം.

രാജാവു് ഇപ്രകാരം പ്രാൎത്ഥിച്ചപ്പോൾ സുന്ദരേശ്വരനായ സദാശിവൻ, കോമളരൂപിയായ ഒരു സിദ്ധന്റെ വേഷത്തിൽ ആത്മലിംഗത്തിൽനിന്നും അവിർഭൂതനായി ഗർഭഗൃഹത്തിൽനിന്നും വെളിയിൽ പ്രത്യക്ഷനായി മഹാമണ്ഡപമദ്ധ്യത്തിൽ ചെന്നിരുന്നുകൊണ്ടു് വംശശേഖരഭൂപതിയെ സമീപത്തിൽ വിളിച്ചുവരുത്തി കരുണാമസൃണമായ കടാക്ഷംകൊണ്ടു് അദ്ദേഹത്തെ അനുമോദിപ്പിച്ചുംകൊണ്ടു, പുരത്തിന്റെ അതിൎത്തി ഞാൻഎന്റെ ഭൂഷാഭുജംഗമായ വാസുകിയെക്കൊണ്ടു വ്യക്തമായി കാണിച്ചുതരാം; എന്നിങ്ങനെ പറഞ്ഞിട്ടു്, വാസുകിയെ കടാക്ഷിച്ചുംകൊണ്ടു നമ്മുടെ പുരത്തിന്റെ സീമയെ നീ വംശശേഖരപാണ്ഡ്യനു കാണിച്ചുകൊടുക്കുകയെന്നു പറഞ്ഞു.

ഉടൻതന്നെ വാസുകി ശരണാഗതവത്സലനായ ഭഗവാൻ സുന്ദരേശ്വരന്റെ പാണിയിൽനിന്നും താഴെ ഇറങ്ങി വാൽകുത്തിനിന്നുകൊണ്ടു് ഇപ്രകാരം അപേക്ഷിച്ചു:- “അല്ലയോ സുന്ദരേശ! ഞാൻ ജിഹ്മൻ ആണ്. അതുകൊണ്ടു ക്ഷേത്രത്തിന്റെ മതിൽ ജിഹ്മമായിട്ടിരിക്കുകയേയുള്ളൂ. കൂടാതെ ഞാൻ സീമ കാണിച്ചുകൊടുക്കുന്ന ഈ പുരം ഇന്നുമുതൽ എന്റെ നാമധേയത്തോടുകൂടിയതായിത്തീരുന്നതിനു തിരുവടി അനുഗ്രഹിക്കണം.”

വാസുകി ഇപ്രകാരം പറഞ്ഞുകൊണ്ടു് മൂലലിംഗത്തിൽനിന്നും ഒരു യോജനദൂരത്തോളവും പൂൎവ്വഭാഗത്തിൽപോയി അവിടെ വാലുറപ്പിച്ചു നിന്നിട്ടു് തന്റെ അതിദീൎഘമായ ശരീരം മധുരാപുരത്തിനു പ്രദക്ഷിണമായി നാലുപാടും ചുററി തിരിയെ തലകൊണ്ടുവന്നു് വാലിൽ മുട്ടിച്ചുവച്ചുകൊണ്ടു മധുരാപുരത്തിന്റെ പൂൎവ്വാദിഭാഗങ്ങളുടെ സീമയെ കാണിച്ചുകൊടുത്തു. അതിന്റെശേഷം അദ്ദേഹംപോയി പഴയപോലെ സുന്ദരേശ്വരപാണിക്കു അലംകാരമായി വീണു. ഉടനെ സുന്ദരേശ്വരൻ വംശശേഖരപാണ്ഡ്യനോടു്, വാസുകി വളഞ്ഞു കാണിച്ചുതന്നതുപോലെ ഈ പുരത്തിനു സാലം ഉണ്ടാക്കി പ്രജാപാലനംചെയ്തു അനേകായിരംവൎഷം സന്തോഷത്തോടുകൂടെ വസിച്ചുകൊള്ളുകയെന്നു പറഞ്ഞിട്ടു മറഞ്ഞു.

രാജാവു് അത്യന്തം ഭക്തിയോടുകൂടെ ലിംഗമൂർത്തിയായ സുന്ദരേശ്വരനെ നമസ്കരിച്ചു് വിലതീരാത്ത അനവധി ദിവ്യാഭരണങ്ങളും നൂതനവസ്ത്രങ്ങളുംമററും അദ്ദേഹത്തിനു സമപ്പിക്കുകയും സപ്പം കാണിച്ചുകൊടുത്ത പ്രകാരത്തിൽ സാലനിമ്മാണംചെയ്യുകയുംചെയ്തു. വാസുകി വളഞ്ഞുകാണിച്ചുകൊടുത്തപ്രകാരം സാലംനിമ്മിച്ച നാൾമുതല്ക്കാണു് കദംബകാനനമെന്ന ആ പുരത്തിനു ഹാലാസ്യം എന്നുകൂടിപ്പേരുണ്ടായതു്. മൂലലിംഗത്തിൽനിന്നു ഏതുഭാഗത്തെ സാലത്തിന്നും ഒരു യോജന അകലംവരും. അകെ രണ്ടുയോജന വീതിയും രണ്ടുയോജനനീളവും ഉള്ള ചതുരശ്രാകാരമായ ഒരു പുരമാണു് മധുര. ആ പുരത്തിന്നു് പൂവ്വദ്വാരത്തിൽ പുഷ്പവനക്ഷേത്രവും, ദക്ഷിണദ്വാരത്തിൽ സുബ്രഹ്മണ്യപൎവ്വതവും പശ്ചിമദ്വാരത്തിൽ ശ്രീപത്രികാപുരിയും, ഉത്തരദ്വാരത്തിൽ വൃഷഭാചലവും അതിരുകളാണു്. ഈ അതിരിന്നുള്ളിൽ വസിക്കുന്ന മനുഷ്യർ എന്നല്ല പശുപക്ഷിമൃഗാദികൾപോലും, സുന്ദരേശാംശജാതന്മാരും തൻമൂലം മഹാഭാഗ്യശാലികളും ആകുന്നു. മഹത്തരങ്ങളായ അനവധി പുണ്യകമ്മങ്ങൾ ചെയ്തവക്കു മാത്രമേ ഹാലാസ്യത്തിൽ ജനിക്കുന്നതിന്നും നിവസിക്കുന്നതിന്നും ഉള്ള ഭാഗ്യം സിദ്ധിക്കു. ഹാലാസ്യത്തിൽവച്ചു് മരിക്കുന്നവക്കു് സദാശിവസായൂജ്യം ലഭിക്കുമെന്നുള്ളതിനു യാതൊരു സംശയവും ഇല്ല. അവിടെ വസിക്കുന്ന ജന്തുക്കൾപോലും ഇഹത്തിലും പരത്തിലും ഒന്നുപോലെ സൌഖ്യം ലഭിക്കുമെന്നുള്ളതു നിസ്സംശയമത്രെ. അതുകൊണ്ടാണു സത്തുക്കൾ സർവദാ ഹാലാസ്യവാസത്തെ കാംക്ഷിച്ചുവരുന്നതു്. വംശശേഖരപാണ്ഡ്യൻ അതിന്റെശേഷം ഹാലാസ്യത്തിന്റെ സീമയെ ചുററി വൃത്തവും അത്യുന്നതവും ആയ സാലവും ഉള്ളിൽ അത്യുത്തമങ്ങളായ ഗൃഹാദികളും ഉണ്ടാക്കി അളകാപുരംപോലും തുല്യമല്ലാത്തതാക്കി. സീമാസാലത്തിനകത്തു നാലുജാതിക്കും താമസിക്കുന്നതിനുവേണ്ട ആലയങ്ങളും വിശേഷിച്ചും ഉത്തമന്മാരായ വേദിയന്മാക്കു നിവസിക്കുന്നതിനായ അനവധി ഗ്രാമങ്ങളും ഹോമകുണ്ഡങ്ങളും മേഘമണ്ഡലത്തിൽ മുട്ടുന്ന രത്നപ്രാസാദക്കൂട്ടങ്ങളും ആകാശഗംഗയിലെ പരിപാവനമായ ജലത്തിന്റെ സ്പർശംകൊണ്ടു സംശുദ്ധമായ കൊടിക്കൂറകളോടുകൂടിയ കൊടിമരങ്ങളും സൂയ്യന്റെ കുതിരകൾ നാമ്പുപിച്ചിത്തിന്നുന്ന വൃക്ഷങ്ങളോടും വല്ലികളോടുംകൂടിയ ഉദ്യാനങ്ങളും അച്ഛസ്ഫടികസമാനമായ ജലംകൊണ്ടുംകുമുദേന്ദീവരകൽഹാരങ്ങളെക്കൊണ്ടും അതിമനോഹരങ്ങളായ തടാകങ്ങളും ഉണ്ടാക്കി മധുരാപുരം ത്രൈലോക്യപ്രഖ്യാതമായ ഒരു മനോഹരപട്ടണമാക്കി. സുന്ദരേശ്വരപ്രാസാദത്തിന്റെയും ഗോപുരങ്ങളുടേയും മീനാക്ഷീനിലയത്തിന്റെയും മണ്ഡപാദികളായ അന്യസ്ഥാപനങ്ങളുടേയും എല്ലാവിധകേടുകളും അദ്ദേഹം തീത്തു. അതിന്റെശേഷം അദ്ദേഹം സുന്ദരേശ്വരഭക്തിയോടുകൂടെ പ്രജാപരിപാലനം ചെയ്തു ചിരകാലം വസിച്ചു. ഭക്താഗ്രഗണ്യനും പ്രജാപാലനൈകലോലുനുമായ അദ്ദേഹത്തിനു് കാലതാമസംവിനാ വംശചൂഡാമണിയെന്നു പേരോടുകൂടിയ ഒരു പുത്രൻ കരുണാവരുണാലയനായ സുന്ദരേശ്വരന്റെ അസീ

മമായ കൃപാതിരേകത്താൽ ജാതനായി. പുത്രനോടുകൂടെ സർവഭാഗ്യങ്ങളും അനുഭവിച്ചു മീനാക്ഷീസുന്ദരേശ്വരന്മാരുടെ പാദകമലങ്ങളും ധ്യാനിച്ചു സന്തോഷസാഗരനിമഗ്നനായി ദേവലോകത്തിൽ ദേവേന്ദ്രൻ ജയന്തനോടുകൂടെ എന്നപോലെ വംശശേഖരപാണ്ഡ്യൻ വംശചൂഡാമണിപാണ്ഡ്യനോടുകൂടെ വസിച്ചു.

അല്ലയോ വസിഷ്ഠാദിതാപസന്മാരെ! ഇപ്രകാരമാണു കദംബകാനനവാസിയായ സുന്ദരേശ്വരൻ അദ്ദേഹത്തിന്റെ ഭൃഷാഭൃജംഗത്തിനെക്കൊണ്ടു വംശശേഖരപാണ്ഡ്യന് പുരാതിർത്തി കാണിച്ചുകൊടുത്ത അദ്ഭുതത്തിന്റെ നാല്പത്തിഒമ്പതാമത്തെ ലീല. ഈ ലീലയെ പഠിക്കുകയും കേൾക്കുകയും ചെയ്യുന്നവൎക്കു സർവഭാഗ്യങ്ങളും നേരിടുമെന്നുള്ളതിനു യാതൊരു സന്ദേഹവും ഇല്ല. അവൎക്കു അവസാനത്തിൽ സായുജ്യപദവി ലഭിക്കുന്നതു കൂടാതെ അവരുടെ ഇഹലോകവാസം പരമാനന്ദകരമായിരിക്കുകയും ചെയ്യും.

പുരസീമാപ്രദർശനംചെയ്ത

നാല്പത്തിഒമ്പതാം ലീല സമാപ്തം.

---

# ഹാലാസ്യമാഹാത്മ്യം

## കേരളഭാഷാഗദ്യം.

### ൫൰-ാം അദ്ധ്യായം.

ചോളരാജാവിനെതോല്പിച്ച

### അമ്പതാംലീല.

വീണ്ടും അഗസ്ത്യമഹർഷി വസിഷ്ഠാദികളെനോക്കി അല്ലയോ ശിവഭക്തശിരോമണികളെ! ചതുഷ്കൂടപുരാധിപനായ സുന്ദരേശ്വരൻ ശ്രീവംശശേഖരപാണ്ഡ്യനുവേണ്ടി വിക്രമചോളനെ തോല്പിച്ച അമ്പതാമത്തെ ലീലയെ ഇനി ഞാൻ നിങ്ങളെ കേൾപ്പിക്കാം. പരമകാരുണികനായ ഭഗവാന്റെ അതിവിചിത്രമാ

യ ഈ ഒരു ലീലാശ്രവണംകൊണ്ടു തന്നെ നിങ്ങൾക്കു സകലസൗഭാഗ്യങ്ങളും സിദ്ധിക്കും എന്നുപറഞ്ഞു.

വസിഷ്ഠാദികൾ അതുകേട്ടു്, അത്യന്തം ശ്രദ്ധയോടുകൂടെ അടുത്തലീലകൂടി തങ്ങളെ കേൾപ്പിക്കണമെന്നു ഏററവും വിനയപൂർവ്വം അപേക്ഷിച്ചു. അവരുടെ അപേക്ഷപ്രകാരം അഗസ്ത്യൻ താഴെവരുമാറു കഥയാരംഭിച്ചു.

"അല്ലയോ മഹർഷിശ്രേഷ്ഠന്മാരെ! പാണ്ഡ്യരാജേന്ദ്രവായവംശശേഖരപാണ്ഡ്യൻ അവനീശാസനം നടത്തിവന്നകാലത്തിൽ അനവധി രാജാക്കന്മാർ അദ്ദേഹത്തിന്റെ ശത്രുക്കളായിഭവിച്ചു. അവരിൽ എല്ലാംവച്ചു് വംശശേഖരപാണ്ഡ്യന്റെ ബദ്ധവിരോധിയും ഗംഭീരനും വലിയ ബലശാലിയും ആയിരുന്നതു വീരനായ വിക്രമചോളൻ ആയിരുന്നു. ആ ചോളഭൂപൻ ഒരിക്കൽ അശ്വപതി, മഹാശൂരൻ, നരേശൻ, ഗജേശൻ മുതലായ അനവധി ഉത്തരദേശീയന്മാരായ രാജാക്കന്മാരോടും അവരുടെ അററമില്ലാതെയുള്ള ചതുരംഗസൈന്യങ്ങളോടുംകൂടെ വംശശേഖരപാണ്ഡ്യനോടു പടവെട്ടാനായി വേണ്ടതെല്ലാം ഒരുക്കിക്കൊണ്ടു പുറപ്പെട്ടു് സഹ്യകന്യകയായ കാവേരിനദിയുടെ തീരത്തിൽ വന്നു പാളയമടിച്ചു തക്കവും നോക്കിപ്പാർത്തു.

കുറേദിവസം അവിടെ താമസിച്ചിട്ടും യുദ്ധകാരണങ്ങൾ യാതൊന്നും ഉണ്ടാകായ്കയാൽ, അവർ തങ്ങളുടെ ആനകളേയും കുതിരകളേയും ഭടന്മാരേയും മധുരാപുരത്തിൽ അയച്ചു തടാകാദികളേയും കൃഷിസ്ഥലങ്ങളേയും തോട്ടങ്ങളേയും മററും നശിപ്പിക്കുകയും ഭവനങ്ങളും സത്രങ്ങളും പൊളിക്കുകയും പ്രജകളുടെ ധനധാന്യങ്ങളേയും പശുക്കളേയും മററും ബലാൽക്കാരേണ അപഹരിച്ചുകൊണ്ടു പോകയും മററുംചെയ്തു യുദ്ധകാരണം ഉണ്ടാക്കി.

വിക്രമചോളന്റേയും കൂട്ടുരാജാക്കന്മാരുടേയും സൈന്യങ്ങൾ തന്റെ രാജ്യത്തിൽക്കടന്നു് മേൽപ്രകാരമെല്ലാം അക്രമപ്രവൃത്തികൾ ചെയ്യുകയും പ്രജകളെ ദ്രോഹിക്കുകയും ചെയ്തുതുടങ്ങിയവിവരം വംശശേഖരപാണ്ഡ്യൻകേട്ടു് ഇരിക്കപ്പൊറുതിയില്ലാതെ വിഷാദിച്ചു.

അനന്തരം അദ്ദേഹം മന്ത്രിമാരെവരുത്തി അവരോടു ഇങ്ങനെപറഞ്ഞു:—

"അല്ലയോ സചിവപ്രധാനികളേ! വീര്യശൌര്യപരാക്രമിയും ഇടാനീംതനന്മാരായ എല്ലായുദ്ധവീരന്മാരിൽവച്ചും അഗ്രേസരനും ആയ വിക്രമചോളൻ അനവധി ബന്ധുരാജാക്കന്മാരോടും ഭടന്മാരോടുംകൂടെ നമ്മോടു യുദ്ധംചെയ്യാനായിവന്നു തരവുംപാർത്തു കാവേരീതീരത്തിൽപാളയംഅടി

ച്ചുകിടക്കുന്നവിവരവും, അവരുടെ കണ്ടകന്മാരും മര്യാദകെട്ടവരുമായ ഭടന്മാർ ഗജങ്ങളോടും അശ്വങ്ങളോടും മററും നമ്മുടെ പട്ടണത്തിനുള്ളിൽ പ്രവേശിച്ചു പല അഴിമതികളും നടത്തിവരുന്ന വിവരവും നിങ്ങൾക്ക അറിയാമല്ലൊ. ഭൂരിസൈന്യസഹായന്മാരായി കാലേക്കൂട്ടി വേണ്ടവട്ടങ്ങളുമെല്ലാം ഒരുക്കി യുദ്ധസന്നദ്ധന്മാരായി വന്നിരിക്കുന്ന അയോദ്ധനവിക്രമികളായ അനവധി രാജാക്കന്മാരോടു ബന്ധുബലമൊ സൈന്യബലമോ മുൻകൂട്ടിയുള്ള ഒരുക്കമോ യാതൊന്നും ഇല്ലാത്ത നാം പോയി എതിക്കുന്നതെങ്ങനെ? നമ്മുടെ രാജ്യത്തിൽ അന്യരാജാക്കന്മാരുടെ ഭടന്മാർ വന്നുകാണിക്കുന്ന അഴിമതികളും സഹിച്ചു രാജനാമവും ധരിച്ചു അടങ്ങിപ്പാക്കുന്നതെങ്ങനെ? എന്തായാലും ഈ അവസരത്തിൽ പ്രയത്നംകൊണ്ടും സർവോപരി ബലശാലികളായി തീർന്നിരിക്കുന്ന ശത്രുക്കളെ ദുർബ്ബലന്മാരായ നമ്മെക്കൊണ്ടു, നമ്മുടെ ശക്തിമൂലം ജയിക്കാൻ കഴിയുമെന്നു എനിക്കു തോന്നുന്നില്ല. പിന്നെ ദൈവാനുകൂല്യം ഉണ്ടെങ്കിൽ നമുക്കവരെ ഓടിക്കാം. ശരണ്യനും ഭക്തവത്സലനും ആയ ഹാലാസ്യപതി നമ്മെ ഈ അവസരത്തിൽ ഉപേക്ഷിക്കുമോ? ഒരിക്കലും ഇല്ല. നിസ്സഹായന്മാരായ ഭക്തന്മാരുടെ അപത്ബന്ധു ആർത്തത്രാണപരായണനായ അദ്ദേഹമല്ലാതെ ആരാണു. ഞാൻ അദ്ദേഹത്തെ അല്ലാതെ നമുക്കു സഹായമായി യാതൊരുത്തരേയും ഈ കഷ്ണത്തിൽ കാണുന്നില്ല. സർവശക്തനും സർവാന്തര്യാമിയുമായ അദ്ദേഹത്തിൻെറ സഹായം നമുക്കു ലഭിക്കുമെങ്കിൽ വിക്രമചോളനും സഹായികളും അവരുടെ സൈന്യങ്ങളും എന്നല്ല, ത്രിലോകവാസികളും ഒന്നിച്ചുവന്നു നേരിട്ടാലും യാതൊന്നും ഭയപ്പെടാനില്ല. അതുകൊണ്ടു നമ്മുടെ കുലദൈവവും സുന്ദരേശപരനും വിളവും വിശ്വൈകസാക്ഷിയുമായ ഭഗവാൻ ഹാലാസ്യനാഥൻെറ പാദപത്മങ്ങളിൽ പോയി സാഷ്ടാംഗപ്രണാമം ചെയ്തു സങ്കടമുണർത്തി അനുവാദം വാങ്ങിക്കൊണ്ടു് ഉള്ളിടത്തോളമുള്ള സൈന്യങ്ങളോടും ഉപകരണങ്ങളോടുകൂടെ യുദ്ധത്തിനു പുറപ്പെടുകയല്ലെ വേണ്ടതു. നിങ്ങളുടെ അഭിപ്രായം കേൾക്കട്ടെ.

മന്ത്രിമാർ അതുകേട്ടു നമുക്കിപ്പോൾ അട്ടാലസുന്ദരനായ ഹാലാസ്യനാഥൻെറ ആശ്രയമല്ലാതെ മററു യാതൊരു രക്ഷയും ഇല്ലെന്നും അതുകൊണ്ടു അദ്ദേഹത്തിൻെറ പാദസന്നിധാനത്തിൽ പോയി അഭയം യാചിച്ചിട്ടു യുദ്ധത്തിനു പോവുകതന്നെ വേണമെന്നും ഐകകണ്ഠ്യേന അഭിപ്രായപ്പെട്ടു.

ഉടൻതന്നെ വംശശേഖരപാണ്ഡ്യൻ മന്ത്രാലോചനാമണ്ഡപത്തിൽ നിന്നും തിരിച്ചു ഹാലാസ്യേശ്വരസന്നിധാനത്തെ പ്രാപിച്ചു, ഇഷ്ടാർത്ഥദനായ ചതുഷ്കൂടപുരാധിപനൊടു ഇപ്രകാരം പ്രാർത്ഥിച്ചു.

"അല്ലയൊ ദേവദേവ! കൃപാസിന്ധോ! പ്രണതാർത്തിഹരപ്രഭോ! എൻെറ മാതാവും പിതാവും നിന്തിരുവടിതന്നെ. അല്ലയോ അട്ടാലവീരവിഷ്ടപത്രയതുഷ്ട! എൻെറ ബന്ധുവും നിന്തിരുവടിയാണു്. എൻെറ വി

ദ്രൃയും ദ്രവ്യവും, നിന്തിരുവടിയല്ലാതെ മററൊന്നും അല്ല. എന്റെ രക്ഷിതാവും അങ്ങുതന്നെ. എന്നുവേണ്ട എന്റെ സർവ്വസ്വവും വരദനായ നിന്തിരുവടിയാണ്. ഇങ്ങനെ എല്ലാം നിന്തിരുവടിതന്നെയെന്നുള്ള യഥാർത്ഥവിശ്വാസത്തോടുകൂടെ വാഴുന്ന അടിയനോട്, യുദ്ധംചെയ്വാനായി ഹരിവിക്രമനും, ഭൂരിസൈന്യബലനും, ആയ വിക്രമചോളൻ അനവധി ബന്ധുരാജാക്കന്മാരോടും സീമാതീതമായ സൈന്യങ്ങളോടും അതികേമമായ ഒരുക്കത്തോടുംകൂടെ ആഗതനായിരിക്കുന്നു. അല്ലയോ സ്വാമിൻ! സർവ്വജ്ഞ! അവരെ ജയിക്കുന്നതിനു എന്നെക്കൊണ്ടു സാധിക്കുകയില്ല. ഇനി ഞാൻ എന്താണ് ഇവിടെ ചെയ്യേണ്ടതു? അല്ലയോ സുന്ദരേശ്വര! പരാൽപരമായ ഈ ഹാലാസ്യം അവിടത്തെ ക്ഷേത്രവും അതിൽ വസിക്കുന്നവരെല്ലാം നിന്തിരുവടിയുടെ പ്രജകളും അല്ലേ? അല്ലയോശങ്കര! ഞാൻ അവിടത്തെ ദാസദാസനാണെന്നുള്ളതിന്ന് യാതൊരു സന്ദേഹവും ഇല്ലല്ലൊ. അവിടത്തെ ക്ഷേത്രത്തേയും, അവിടത്തെ പ്രജകളേയും അവിടത്തെ ദാസനായ അടിയനേയും രക്ഷിക്കാനുള്ള ചുമതല അവിടത്തേക്കാണെന്നും ഞങ്ങളിൽ ആക്കെങ്കിലും എന്തെങ്കിലും ഹാനികൾ സംഭവിക്കുന്നതായാൽ അതു ദൂഷണം മററാക്കും അല്ലെന്നും സർവ്വജ്ഞനായ ഭഗവാനറിയാവുന്നതാണ്. അതുകൊണ്ടു ഇപ്പോൾ നേരിട്ടിരിക്കുന്ന ഈ വലുതായ ആപത്തിൽനിന്നും അടിയങ്ങളെ രക്ഷിക്കുന്നതിനു നിന്തിരുവടിക്കു ദയവുണ്ടാകണം.

വംശശേഖരപാണ്ഡ്യൻ അശ്രുപൂർണ്ണാക്ഷനായി ഇപ്രകാരം പ്രാർത്ഥിച്ചുംകൊണ്ടു ഭഗവാന്റെ പാദപത്മങ്ങൾക്കുനേരെയുള്ള ഭൂമിയിൽ ദണ്ഡവൽകമന്നുവീണു. ഉടനെ, അല്ലയൊ മത്ഭക്തനായ വംശശേഖരപാണ്ഡ്യ! നീ അല്പംപോലും അധൈര്യപ്പെടാതെ ശത്രുക്കളോടുപോയിനേരിട്ടുകൊള്ളുക. തീർച്ചയായും നിനക്കു വിജയംനേരിടും. അതിനു നിനക്കുവേണ്ട സഹായങ്ങൾ ഞാൻ ചെയ്യുന്നതാം. എന്നിങ്ങനെ ആകാശത്തിൽനിന്നും അശരീരിവാക്കുകേട്ടു.

ഉടൻതന്നെ വംശശേഖരപാണ്ഡ്യൻ വിസ്മിതനും സന്തോഷാതിശയാന്വിതനും ആയി ചാടി എഴുന്നേററു, അഷ്ടാംഗപഞ്ചാംഗത്ര്യംഗമായി സുന്ദരേശ്വരനെ പിന്നെയും നമസ്കരിച്ചിട്ടു, ശരീരംമുഴുവൻ ഭസ്മവുംപൂശി യുദ്ധസന്നദ്ധനായി തന്റെ ഏററവും ചെറിയരഥഗജതുരഗപദാതികളോടുകൂടെ പ്രദക്ഷിണനമസ്കാരാദികൾചെയ്തു ഹാലാസ്യനാഥനെപിന്നെയും പിന്നെയും പ്രസാദിപ്പിച്ചുംകൊണ്ടു വിക്രമചോളനോടുംഅവന്റെ ബലശാലികളായ സഹായക്ഷിതീശന്മാരോടുംകടൽപോലെയുള്ള വലിയ സൈന്യത്തോടും യുദ്ധംചെയ്വാനായി പുറപ്പെട്ടു.

വംശശേഖരപാണ്ഡ്യൻ പടയോടുകൂടെ തന്നോടു യുദ്ധത്തിനായി പുറപ്പെട്ടിരിക്കുന്നു എന്നുള്ള വിവരം ചാരന്മാർമുഖേന ഗ്രഹിച്ചു അതിപരാ

ക്രമശാലിയായ വിക്രമചോളൻ സഹായികളായ അന്യരാജാക്കന്മാരോടും, സൈന്യങ്ങളോടുംകൂടെ അതിവേഗത്തിൽ പാണ്ഡ്യന്റെ വരവിനെ അഭിമുഖീകരിച്ചു പുറപ്പെട്ടു ഇരുകക്ഷികളും വൃഷഭാചലത്തിന്റെ ഉത്തരഭാഗത്തിൽവെച്ചു് തമ്മിൽ സന്ധിച്ചു് അന്യോന്യം പോരുതുടങ്ങി.

അവർതമ്മിൽ ഉണ്ടായ യുദ്ധത്തിന്റെ ഭയങ്കരതയെപ്പററി കേട്ടാൽപ്പോലും പേടിച്ചുപോകും. യുദ്ധത്തിന്റെ കാഠിന്യം അത്രയ്ക്കുണ്ടായിരുന്നു. മല്ലന്മാരായ ഇരുകക്ഷിയിലെ ഭടന്മാരും തമ്മിലേട്ടുത്തു് അന്യോന്യം മുഷ്ടിയുദ്ധംചെയ്തും, വില്ലാളികൾ പരസ്പരം പേമഴപോലെ ശരമ്പുകൾതൂകി ഭൂമിയും ആകാശവുംതമ്മിൽ തിരിച്ചറിയാൻപാടില്ലാതെ അക്കിയും, വേല്ക്കാർ അന്യോന്യം വേലുകൾ പാട്ടിയും, വാൾക്കാർ വെട്ടുകയും തടുക്കുകയും മററുംചെയ്തും സാദിഭടന്മാർ പടക്കുതിരകളെ സഞ്ചരിപ്പിച്ചും മതംഗജങ്ങളെ വിരട്ടിയും ഇരുകക്ഷിയിലെയും സൈന്യങ്ങൾക്കു അവർ വരുത്തിക്കൂട്ടിയ നഷ്ടങ്ങൾക്കു ഒരു കയ്യുംകണക്കും ഇല്ലായിരുന്നു. ഭടന്മാർ അന്യോന്യം ചെയ്യുന്ന വാദപ്രഘോഷങ്ങളും ജ്യാനാദങ്ങളും ശംഖധ്വനികളും കാഹളനാദങ്ങളും സിംഹധ്വനികളും മററുംകൊണ്ടു്, അഷ്ടദിഗ്ഗജങ്ങളുടെ കർണ്ണരന്ധ്രങ്ങൾപോലും അടഞ്ഞുപോയി. ഭൂമികുലുങ്ങുകയും കടൽ കലങ്ങുകയും ചെയ്തു. യുദ്ധകോലാഹലംകാണ്മാനായിവന്നു ആകാശതലത്തെ അലങ്കരിച്ചിരുന്ന ദേവഗണങ്ങൾ യുദ്ധഭയങ്കരതയെക്കണ്ടു നില്ക്കപ്പൊറുതിയില്ലാതെ നാനാവഴിക്കും ഓട്ടംതുടങ്ങി. വെട്ടുകൊണ്ടും കുത്തുകൊണ്ടും അസ്ത്രങ്ങൾ ഏററും ഭടന്മാരും ആനകളും കുതിരകളും ചത്തുചത്തു മലപോലെ നാലുവഴിക്കും മറിഞ്ഞു. ഗംഗാപ്രവാഹത്തിലും വലിയ ഉരുക്കോട്ടുകൂടെ യുദ്ധക്കളത്തിൽക്കൂടെ നാലുവഴിക്കും പായുന്ന രക്തപ്പുഴകളിലെ ശോണിതവീചികളിൽ കബന്ധങ്ങൾ നൃത്തംതുടങ്ങി.

ഇങ്ങനെ വീറോടുകൂടെ ഇരുകക്ഷിയും ഒന്നുപോലെ പോരുതുടങ്ങിയെങ്കിലും, സംഖ്യകൊണ്ടും ബലംകൊണ്ടും അത്യന്തം ഉൽകൃഷ്ടന്മാരായ ചോളരാജാവിന്റെ ഭടന്മാരെപ്പോലെ വിക്രമങ്ങൾ കാണിക്കുന്നതിനു സംഖ്യകൊണ്ടും ബലം കൊണ്ടും നിസ്സാരന്മാരായ പാണ്ഡ്യസൈന്യങ്ങൾക്കു കഴിഞ്ഞില്ല.

ഒടുവിൽ ആ ഭയങ്കരമായ യുദ്ധത്തിൽ, വിക്രമചോളന്റെ പക്ഷക്കാർ പാണ്ഡ്യസൈന്യങ്ങൾ പിൻമാറിപ്പോകത്തക്കവണ്ണമുള്ള പരാക്രമബലങ്ങളോടും ധൈര്യവീര്യബലങ്ങളോടുംകൂടെ മുമ്പോട്ടു കയറി ശരമ്പുകൾ എയ്തു സിംഹനാദംചെയ്തു.

ഉടൻതന്നെ ആ പാണ്ഡ്യസേനാമധ്യത്തിൽനിന്നും ആലവായിലെയേശനായ സുന്ദരേശൻ ചാപബാണതൂണീരപാണിയായി ആവിർഭവിച്ചു് സ്വനാമധേയാങ്കിതങ്ങളായ അസ്ത്രശസ്ത്രങ്ങളെ ചോളസൈന്യങ്ങളുടെനേ

ഠേ വധിച്ചു. സുന്ദരേശ്വരപ്രയുക്തങ്ങളായ ആ കഠിനബാണങ്ങളിൽ നൂറുനൂറുവീതം ഓരോ ചോളഭടന്മാൎക്കും ഏററു. യുദ്ധം ആരംഭിച്ചതിൽപിന്നെ അതുവരേയും ഉണ്ടായിട്ടില്ലാത്തവണ്ണം പാണ്ഡ്യസേനാമദ്ധ്യത്തിൽ നിന്നും അസാധാരണദിവ്യതയോടുകൂടിയ ബഹുശസ്ത്രങ്ങളുടെ കൂട്ടായിട്ടുള്ള ആഗമനംകണ്ടു് സംശയഗ്രസ്തനായ വിക്രമചോളൻ, ആ ശരങ്ങളിൽ ചിലതെടുത്തുനോക്കിയപ്പോൾ അവ സുന്ദരേശ്വരനാമാങ്കിതങ്ങളായി കാണുകയാൽ, ബുദ്ധിമാനായ അദ്ദേഹം ഇപ്രകാരം വിചാരിച്ചു.

സുന്ദരേശ്വരനാമാങ്കിതങ്ങളായ ഈ അമ്പുകൾ അദ്ദേഹത്തിനാൽതന്നെ പ്രയുക്തങ്ങളായവയാണു്. സ്വഭക്തന്മാൎക്കു കാമധേനുവിനേയും ചിന്താമണിയേയും കല്പകവൃക്ഷത്തേയും കൂടി ചിന്തിതാൎത്ഥഫലപ്രദനായ അദ്ദേഹത്തിനു ഭക്തന്മാൎക്കുവേണ്ടി ഇന്നതെല്ലാമേ ചെയ്യാവു എന്നില്ല. വദാന്യവൃന്ദകാമപ്രദനും കല്പകപാദപകല്പനും ആയ അദ്ദേഹം തന്റെ ഭക്തനുവേണ്ടി വിറകുപോലും ചുമന്നവൻ ആണു്. അങ്ങനെയുള്ള ശിവനെ മുൻനിൎത്തിക്കൊണ്ടാണു് പാണ്ഡ്യൻ യുദ്ധത്തിനുവന്നിരിക്കുന്നതു്. അല്ലെങ്കിൽ സുന്ദരേശ്വരനാമാങ്കിതങ്ങളായ അസ്ത്രങ്ങൾ പാണ്ഡ്യപക്ഷത്തിൽനിന്നും വരുന്നതിനിടയില്ല. അതുമല്ല, ആ അസ്ത്രസഞ്ചയങ്ങൾ എത്രമാത്രം ഉഗ്രങ്ങളായിരിക്കുന്നു. അതിൽ ഒരു അസ്ത്രത്തിനു നമ്മുടെ അമ്പതില്പരം ആളുകൾ വീതം നഷ്ടപ്പെട്ടുവല്ലോ. അതുകൊണ്ടു് സുന്ദരേശ്വരന്റെ ദിവ്യസഹായത്തോടുകൂടിയ പാണ്ഡ്യനോടു പടവെട്ടാതെ മാറുകയാണുനല്ലതു്. അല്ലെങ്കിൽ നാശംനേരിടും. സൎവ്വശക്തനായ ജഗദീശ്വരനോടു പിണങ്ങാൻ കേവലം കൃമിപ്രായന്മാരായ മനുഷ്യരെക്കൊണ്ടു് സാധിച്ചുവരുന്നതോ; ഒരിക്കലും ഇല്ല. അതുകൊണ്ടു പിൻമാറുകതന്നെ മാനം.

അനന്തരം വിക്രമചോളൻ ഈ വിവരം തന്റെ സഹായികളായ രാജാക്കന്മാരെയും ഭടന്മാരെയും അറിയിച്ചു. അദ്ദേഹത്തിന്റെ ഭടന്മാരും ബന്ധുരാജാക്കന്മാരിൽ ചിലരും അവരുടെ ഭടന്മാരും ഇതു വാസ്തവംതന്നെയെന്നും ഈശ്വരകാരുണ്യത്തോടുകൂടിയ പാണ്ഡ്യനോടേററാൽ തോററുപോവുകയേയുള്ളൂവെന്നും സമ്മതിച്ചു പിൻവാങ്ങി. മ്ലേച്ഛതുരുഷ്കാദികളായരാജാക്കന്മാൎക്കും അവരുടെ ഭടന്മാൎക്കും ഇതുകേട്ടതിൽ വളരെ വളരെ ഹാസ്യമായിത്തോന്നി. അവർ ചോളനേയും അവനെ അനുകരിച്ച രാജാക്കന്മാരെയും അവരുടെ ഭടന്മാരെയും ഇതില്പരമില്ലാതെ ഭത്സിക്കുകയും തങ്ങൾ പാണ്ഡ്യനേയും അവന്റെ ഭടന്മാരെയും, നശിപ്പിച്ചു് രാജ്യം പിടിക്കാതെ മടങ്ങുന്നതല്ലെന്നും മററും വീരവാദങ്ങൾ പറകയും ചെയ്തുകൊണ്ടു്, പാഷണ്ഡരായ അവർ ഈശ്വരമാഹാത്മ്യത്തെ തെല്ലുപോലും മാനിക്കാതെ യുദ്ധംതുടങ്ങുകയും ചോളനും ഭടന്മാരും അദ്ദേഹത്തിന്റെ അഭിപ്രായത്തോടു യോജിച്ചമററുള്ളവരും യുദ്ധത്തിൽനിന്നും പിൻവാങ്ങിപ്പോവുകയുംചെയ്തു.

അട്ടാലവീരനായ സുന്ദരേശ്വരൻ, പ്രത്യക്ഷഗാത്രനായി ചോക്കളത്തിൽനിന്ന ശരവർഷംചെയ്യുന്നതിനെ പാണ്ഡ്യൻകണ്ടു് ഇതില്പരമില്ലാത്ത അത്ഭുതത്തോടും ആനന്ദത്തോടും ധൈര്യത്തോടുംകൂടെ യുദ്ധക്കളത്തിൽ ഒരു സ്ഥലത്തുമാറി ഭഗവാന്റെ ബാണപ്രയോഗത്തിൽ ഉള്ള ചാതുര്യംകണ്ടു് രസിച്ചുകൊണ്ടുനിന്നു.

ഭക്തോപദ്രവഭഞ്ജനക്ഷമനായ അട്ടാലസുന്ദരേശ്വരൻ ഇതിനിടയിൽ സ്വനാമാങ്കിതമായങ്ങളായ അനേകായിരം ശരങ്ങളെ മ്ലേച്ഛശത്രുഭടന്മാദികളിൽ പ്രയോഗിച്ചു. ഹാലാസ്യേശപ്രയുക്തങ്ങളായ ബാണങ്ങളിൽ ഒന്നുപോലും പിഴയ്ക്കാതെ ഓരോ ബാണങ്ങളും സഹസ്രാംശുവിന്റെ തിക്ഷ്ണകരങ്ങളെപ്പോലെ തേജോമയങ്ങളായ ആയിരം ആയിരം ബാണങ്ങളായിപ്പോയി മ്ലേച്ഛശത്രുഭടന്മാരിൽ ഒന്നുപോലുംശേഷിക്കാതെനശിപ്പിച്ചു.

മാനവിക്രമമോഹിതന്മാരായ മ്ലേച്ഛശത്രുഭടാദ്യന്മാരും അവരുടെ ഭടന്മാരും, ഗജാശ്വങ്ങളും ഒന്നുപോലെ ശംഭുനാമാങ്കിതങ്ങളായ ബാണങ്ങൾകൊണ്ടു് ഭിന്നവക്ഷസ്സുകളായി രണാങ്കണത്തിൽ മറിയുന്നതിനെക്കണ്ടു് അത്ഭുതപരതന്ത്രനും സംഭ്രാന്തചിത്തനും ആയിത്തീൎന്ന വിക്രമചോളൻ, സുന്ദരേശ്വരവൈഭവത്തെപ്പററി ഇതിൽപരമില്ലാത്തതെ സ്തുതിച്ചുകൊണ്ടു് ത്രപാഗാത്രധനായി ശീഘ്രപലായനംചെയ്തു. മററുശേഷിച്ചവരും അദ്ദേഹത്തെ അനുഗമിച്ചു.

സ്വഭക്തന്മാൎക്കവേണ്ടി എന്തും ചെയ്യുന്നതിനു സന്നദ്ധനായ അട്ടാലവീരൻ മേൽപ്രകാരം പാണ്ഡ്യനു വിജയം നല്കിയുംവെച്ചു് അദ്ദേഹത്തെ കരുണാമസൃണവും അനുഗ്രഹസൂചകവും ആയ കടാക്ഷങ്ങൾകൊണ്ടു് മന്ദമന്ദം വീക്ഷിക്കുകയും, മുഗ്ദ്ധഹാസംകൊണ്ടു് തനിക്കു ഭക്തജനങ്ങളിൽ ഉള്ള അനുകമ്പയെ പ്രകടിപ്പിക്കുകയും ചെയ്തിട്ടു് വിദ്യുല്ലതിക എന്നപോലെ തിരോഭൂതനായി.

സുന്ദരേശ്വരങ്കൽ നിന്നു അത്ഭുതപൂൎവ്വമാകുംവണ്ണം ലബ്ധമായ അതികാന്ത്യത്തെ ഭക്തിപൂൎവ്വം സ്മരിച്ചും തന്മൂലം ഉളവായ വിജയത്തെ ചിന്തിച്ചും ഇതിൽപരമില്ലാത്ത ആനന്ദാത്ഭുതങ്ങൾക്കു വശഗനും അത്യന്തം സ്വസ്ഥനും ആയ പാണ്ഡ്യൻ ഈശമാഹാത്മ്യം കൊണ്ടു് യുദ്ധത്തിൽ ഭംഗക്ഷതാദികൾ പോലും നേരിടുന്നതിനു സംഗതിയാകാത്തവരായ സൎവ്വസൈന്യങ്ങളോടുംകൂടെ മധുരാപുരിയിൽ പ്രവേശിച്ചു് അട്ടാലസുന്ദരേശ്വരസന്നിധാനത്തിൽചെന്നു കരുണാലയനും ഭക്തകല്പകവും ആയ അദ്ദേഹത്തെ വിവിധസ്തോത്രങ്ങളെക്കൊണ്ടു സ്തുതിക്കുകയും, അനേകവിധിപ്രാവശ്യം നമസ്കരിക്കുകയും, മുക്താഫലങ്ങളും ചിത്രങ്ങളായ വസ്ത്രാഭരണങ്ങളും രത്നചിത്രധനങ്ങളും കാണിക്കയായി സമൎപ്പിക്കുകയും ചെയ്തു. പാണ്ഡ്യചോളയുദ്ധത്തിൽ സ്വഭക്തനായ പാണ്ഡ്യനു് ജയം നല്കുന്നതിനാ

യി പ്രത്യക്ഷീഭവിച്ച സുന്ദരേശ്വരന്റെ അത്ഭുതമനോഹരമായ ഗാത്രത്തെ ദർശിച്ചും, അദ്ദേഹത്തിന്റെ അതിവിസ്മയനീയകാരുണ്യവിശേഷത്തെ ചിന്തിച്ചും മധുരാപുരവാസികൾ ഇതിൽ പരമില്ലാതെ അത്യാനന്ദിച്ചു.

പാണ്ഡ്യകുലദീപവും ഭക്താഗ്രഗണ്യനും ആയ വംശശേഖരപാണ്ഡ്യൻ, പ്രസിദ്ധവാഗ്മികളും ദിവ്യകല്പനാശക്തിയുള്ളവരുമായ അനുഗ്രഹകവികളാൽ സ്തൂയമാനനായി സന്തോഷസാഗരനിമഗ്നനായി, അഭീഷ്ടദനായ അട്ടാലയേശ്വരന്റെ അനുഗ്രഹംകൊണ്ടു, സർവാരിജേതാവായി സർവോപരിശ്ലാഘ്യനായി സാർവഭൗമനായി ചിരകാലം ഭൂപരിപാലനം ചെയ്തു.

അല്ലയോ മുനീശ്വരന്മാരേ! കദംബവനവാസിയുടെ അമ്പതാമത്തെ ലീല ഇപ്രകാരമാണു. ഈ ലീലയെ കേൾക്കുകയും പഠിക്കുകയും ചെയ്യുന്നവരുടെ എല്ലാവിധപാപങ്ങളും സൂര്യോദയത്തിൽ അന്ധകാരം എന്നപോലെ നശിച്ചു പോകുമെന്നു മാത്രമല്ല ഇഹത്തിലും പരത്തിലും ഒന്നുപോലെ അവർക്കു വേണ്ടുന്നതെല്ലാം ലഭിക്കുകയും മോക്ഷലാഭമുണ്ടാവുകയും ചെയ്യും.

ചോളരാജാവിനെ തോല്പിച്ച

അമ്പതാം ലീല സമാപ്തം.

---

## ഹാലാസ്യമാഹാത്മ്യം

കേരളഭാഷാഗദ്യം.

൫൧-ാം അദ്ധ്യായം.

സംഘപ്പലകനല്കിയ

### അമ്പത്തിഒന്നാം ലീല.

അനന്തരം അഗസ്ത്യമഹർഷി വസിഷ്ഠാദിമാമുനിമാരോടു, ഹാലാസ്യേശ്വരനായ സുന്ദരേശ്വരൻ മഹാകവികളായ സംഘികൾക്കു സംഘപ്പലകനല്കിയതായ അദ്ദേഹത്തിന്റെ ലീലയെ താഴെ വരുമാറു പറഞ്ഞുതുടങ്ങി:—

"അല്ലയോ മുനിപുംഗവന്മാരേ! വംശശേഖരപാണ്ഡ്യൻ മധുരാരാജ്യപരിപാലനം ചെയ്യുന്ന കാലത്തു ഒരിക്കൽ, ബ്രഹ്മലോകപിതാമഹനും ഹിരണ്യഗർഭനും ആയ ഭഗവാൻ ബ്രഹ്മാവു, ഗായത്രി, സാവിത്രി, സരസ്വതി,

എന്നിമൂന്നുദേവിമാരോടും കൂടെ മഹാധ്വരം ചെയ്യുന്നതിനായി വാരാണസീമഹാപുരത്തിൽപ്പോയി വിശ്വനാഥന്റെ ആ മഹാക്ഷേത്രത്തിൽ, പിതാമഹേശ്വരലിംഗത്തെ പ്രതിഷ്ഠിക്കുകയും അതിന്റെ മുൻഭാഗത്തിൽ ദശാശ്വമേധികതീർത്ഥത്തെ നിർമ്മിക്കുകയും ചെയ്തിട്ട് ചരാചരങ്ങളായ എല്ലാലോകങ്ങളേയുംസൃഷ്ടിച്ച് അതിൽ വിഹരിക്കുന്നവനായ അദ്ദേഹം, വിശ്വനാഥന്റെ സന്നിധാനത്തിൽവച്ചു, ഒമ്പതു അശ്വമേധയാഗംനടത്തി ആ തീർത്ഥത്തിൽ അവഭൃഥസ്നാനം ചെയ്തു. അനന്തരം അദ്ദേഹം മഹാമുനിപുംഗവന്മാരോടുകൂടെ പത്താമത്തെ അശ്വമേധയാഗം ചെയ്യുന്നതിനായി ആരംഭിച്ചു വിധിവൽ അതിനെയും സമാപിച്ചിട്ടു അവഭൃഥസ്നാനം ചെയ്യുന്നതിനായി തന്റെ ത്രയീശക്തികളോടും കൂടെ പോകുന്ന അവസരത്തിൽ സരസ്വതീദേവി തത്രാഗതയായ ഒരു ഗന്ധർവ്വസ്ത്രീയുടെ ഗാനമാധുര്യത്താൽ ആകൃഷ്ടയായി ഇടയ്ക്കു കുറെനേരം നിന്നുപോകുകയാൽ ഭർത്താവിനോടുകൂടെ അവഭൃഥസ്നാനം ചെയ്യുന്നതിനു ചെന്നെത്താൻ സംഗതിയായില്ല.

പിതാമഹൻ സാവിത്രിയോടും ഗായത്രിയോടുംകൂടെ ആനന്ദകാനനത്തിൽവച്ചു അവഭൃഥസ്നാനകർമ്മത്തെ നിവർത്തിച്ചു. ഉടനെ സരസ്വതിയും അദ്ദേഹത്തിന്റെ സന്നിധിയിൽ എത്തി. ഭർത്താവു തന്നെ ഉപേക്ഷിച്ചുംവച്ചു സപത്നികളായ ഗായത്രീദേവിയോടും സാവിത്രീദേവിയോടുംകൂടെ അവഭൃഥസ്നാനം കഴിച്ചുകളഞ്ഞതിൽവച്ചു് കോപാക്രാന്തയായ ശാരദാദേവി ഭർത്താവിനെ പലപ്രകാരത്തിൽ ഭത്സിച്ചു.

ബ്രഹ്മാവിനു അതുകേട്ടപ്പോൾ വലുതായ കോപം ജ്വലിച്ചു, അദ്ദേഹം അല്ലയോ ഭാരതി! നിന്റെ ഈ അഹമ്മതി അതിശയനീയംതന്നെ നീ ചെയ്ത കുറ്റത്തിനു ഞാൻ ഉത്തരം പറയണമെന്നോ? അങ്ങോട്ടുകോപിക്കേണ്ടതിനു ഇങ്ങോട്ടു അല്ലേ വല്ലരെ നന്നായി. അൽപവും ഹേതുകൂടാതെ ഇങ്ങനെ അകാരണമായി കോപിക്കുന്ന നീ നാല്പത്തിഎട്ടു തവണ മനുഷ്യജന്മം എടുക്കുമാറാകട്ടെ എന്നു ശപിച്ചു.

ഭർത്താവിങ്ങനെ ശപിച്ചതു കേട്ടപ്പോൾ ഭാരതി, വല്ലാതെ അന്ധാളിച്ചു. അദ്ദേഹത്തിന്റെ കോപം ഒട്ടു ശമിച്ചതിന്റെ ശേഷം സന്ത്യനപീഡിതയായ ശാരദാഭഗവതി വിനീതിയോടുകൂടെ ഭർത്തൃപാദങ്ങളിൽ സാഷ്ടാംഗമായി പ്രണമിച്ചുകൊണ്ടു, അല്ലയോ പ്രാണപ്രിയവല്ലഭ! ചരാചരസ്രഷ്ടാവായ പത്മസംഭവ! അവിടത്തെ പ്രാണപ്രേയസിയും മൂഢയുമായ ഞാൻ, സ്വഭാവസിദ്ധമായ സ്ത്രീചാപല്യമൂലം ക്രുദ്ധയായി ചെയ്തതിനെ നിന്തിരുവടി സഹിക്കേണമേ! അങ്ങല്ലാതെ എനിക്കാരും ആശ്രയം ഇല്ല; രക്ഷിക്കണം എന്നിങ്ങനെ അപേക്ഷിച്ചപ്പോൾ ബ്രഹ്മാവു് അത്യന്തം കൃപാർദ്രചേതസ്സായി സന്തോഷപൂർവം ഇങ്ങനെ പ്രതിശാപം അരുളി:—

“അല്ലയോ സരസ്വതി! നീ വ്യസനിക്കേണ്ട, നിന്റെ ശാപത്തെ ഞാൻ ലഘുപ്പെടുത്തിയേക്കാം. നിന്റെ അംഗഭൂതങ്ങളായ അക്ഷരങ്ങളിൽ അകാരംതൊട്ടു്, സകാരംവരെയുള്ള നാല്പത്തിഎട്ടു് പണ്ഡിതന്മാരായും ഹകാരസ്വരൂപിയും ശ്രീസുന്ദരേശ്വരനുമായ സദാശിവൻ, വിദ്വൽക്കുലനായകനായ നാല്പത്തിഒമ്പതാമത്തെ പണ്ഡിതനായും ഭൂമിയിൽ അവതരിക്കുകയും, അവർ നാല്പത്തിഒൻപതുപേരുംകൂടെ സൽക്കവീശ്വരന്മാരായ സംഘികളായി, ഭൂലോകശിവലോകവും, ശിവക്ഷേത്രശിരോമണിയും, ദ്വാദശാന്തസ്ഥാനവും, സമസ്തപാപാധിവ്യാധികളാകുന്ന പഞ്ഞികൾക്കും അഗ്നികുണ്ഡസമാനവും ആയ ഹാലാസ്യത്തിൽവസിച്ചു് ദ്രാവിഡഭാഷയിൽ അനവധി മനോഹരങ്ങളും സാരതരങ്ങളും രസാവഹങ്ങളുമായ കവിതകളെ നിർമ്മിച്ചു് എല്ലാവരേയും ഒരുപോലെ ആനന്ദിപ്പിക്കുകയും ഭക്തിമയങ്ങളായ സ്തുതികൾകൊണ്ടു് സുന്ദരേശ്വരനെ സന്തോഷിപ്പിക്കുകയും അദ്ദേഹത്തിന്റെ അനുഗ്രഹംകൊണ്ടു്, അനവധി പ്രബന്ധങ്ങളെനിർമ്മിക്കുകയും അനവധികാലം മഹത്തരങ്ങളായ വിവിധഭോഗാനുഭവങ്ങളോടുകൂടെ ഭൂമിയിൽ വസിക്കുകയും ചെയ്തിട്ടു് ഒടുവിൽ സായൂജ്യപദവിക്കർഹന്മാരാകും.

അല്ലയോ അനവദ്യാംഗിയായ ഭാരതി! നീ എന്നോടുകൂടെ പഴയപോലെ സർവസുഖങ്ങളേയും ഭുജിച്ചുംകൊണ്ടു്, എന്റെ മുഖപങ്കജത്തിൽതന്നെ വസിച്ചുകൊള്ളുക”

ഇന്ദ്രാദികളായ സുരന്മാരാൽപോലും അർച്ചിതനായ ബ്രഹ്മാവു് ഇപ്രകാരം പറഞ്ഞിട്ടു്, ശക്തിത്രയങ്ങളോടുകൂടെ എല്ലാ ലോകങ്ങൾക്കും മുകളിലത്തെ ലോകമായ സത്യലോകത്തേക്കുപോയി.

അനന്തരം മേൽപ്രകാരമുള്ള ധാതാവിന്റെ ശാപം ഹേതുവായിട്ടു് ശാരദാംബയുടെ അംഗഭൂതങ്ങളായ വർണ്ണങ്ങൾ, നൽക്കീരൻ, കപിലൻ, ഇങ്ങനെ നാല്പത്തിഎട്ടു പേരോടുകൂടിയ മഹാകവികളായി ഭൂമിയിൽ ജനിച്ചു. സമസ്ത ഭാഷാനിപുണന്മാരും സർവശാസ്ത്രാർത്ഥ പാരഗന്മാരും, ശിവധർമ്മപരായണന്മാരും, ശിവാർച്ചനതല്പരന്മാരും, ഗംഗാപ്രവാഹവിശദവാഗ്ജാലാതുലവൈഭവന്മാരും ആയ അവർ രസാർത്ഥപുഷ്ടങ്ങളും ചമല്ക്കാരമയങ്ങളുമായ കവിതകൾകൊണ്ടു് മഹീപാലന്മാരെ വർണ്ണിച്ചു് അർത്ഥസഞ്ചയവും ജയവും സമ്പാദിച്ചുകൊണ്ടു് സന്തോഷത്തോടുകൂടെ സർവദിക്കുകളിലും ചുറ്റിസ്സഞ്ചരിക്കുന്നകാലത്തിൽ ഒരുദിവസം ഭൂലോകശിവലോകേശനും, പുരുഹൂതപ്രപൂജിതനും, ഭക്താഭീഷ്ടപ്രദനും, സർവാപൽഭഞ്ജനക്ഷമനും, മഹാദേവിയും മനോജ്ഞയും ആകുന്ന മീനാക്ഷീഭഗവതീസഹായനും ജഗന്മൂലകന്ദനും, ആയ സുന്ദരേശ്വരനെ ദർശിക്കുന്നതിനായി, ഹാലാസ്യത്തിൽ സമാഗതരായി.

മധുരാക്ഷേത്രത്തിൽഉള്ള ദേവനിർമ്മിതമായ സുന്ദരേശ്വരവിമാനത്തിന്റെ ഊർദ്ധ്വഭാഗത്തിങ്കൽ വിരാജിതവും, ദർശനമാത്രത്താൽതന്നെ സർവ്

പാപങ്ങളേയും നശിപ്പിച്ച് ഭോഗമോക്ഷങ്ങളെ ദാനംചെയ്യുന്നതും ശാതകുംഭമയവും ആയ താഴികക്കുടത്തെ ദൂരത്തിൽ കണ്ട ഉടൻതന്നെ സംഘികളും ദ്രാവിഡഭാഷാദക്ഷന്മാരും നിർമ്മലാശയന്മാരും ആയ കപിലാദികൾ ഭക്തിയോടുകൂടെ പ്രണിപതിച്ചിട്ട്, ആനന്ദാതിശയനിബദ്ധരായ അവർ എഴുന്നേററ് നിശ്ചലന്മാരായിനിന്നു.

ഭക്താനുഗ്രഹതല്പരനും ഭഗവാനുമായ സുന്ദരേശ്വരനും, ഒരു കവീശ്വരരൂപത്തിൽ അവരുടെ മുമ്പിൽ ആവിർഭൂതനായി കാരുണ്യാർദ്രകടാക്ഷംകൊണ്ട് ആ വിദ്വൽകുലത്തെ വിലോകനംചെയ്തിട്ട് സൽക്കവീശ്വരനായ ഈശ്വരൻ, പ്രൗഢമായ വാക്സാമർത്ഥ്യത്തോടുകൂടെ ഇപ്രകാരം ചോദിച്ചു.

"നിങ്ങൾ ആരാണ്? എവിടെപ്പോകുന്നു. ഇവിടെ എന്തിനായി വന്നു. നിങ്ങളുടെ ആഗ്രഹം എന്ത്? നിങ്ങൾക്ക് എന്തെല്ലാം വിദ്യകൾ അറിയാം."

ഹാലാസ്യാധിപനും കവീശ്വരനും ആകുന്ന സുന്ദരേശ്വരന്റെ ഗംഭീരമായ ഈ ചോദ്യത്തിനു സംഘികളായ കവീശ്വരന്മാർ താഴെവരുമാറു മറുവടിപറഞ്ഞു:—

"ഞങ്ങൾ, വിധിശാപഗ്രസ്തയായ സരസ്വതീദേവിയുടെ അംശസംഭൂതങ്ങളായ വർണ്ണങ്ങളിൽനിന്നും ജനിച്ചവരാണ്. ഞങ്ങൾ ഇപ്പോൾ പരിപാവനയായ താമ്രവർണ്ണീനദിയുടെ തീരത്തിൽനിന്നും വരുന്നു. ഞങ്ങൾ ധർമ്മാർത്ഥകാമമോക്ഷലോഭികളായി ഇവിടെ വന്നിരിക്കുകയാണ്. ഒരുനാഴികസമയംകൊണ്ട് നൂറുനൂറുപദ്യംവീതം ഉണ്ടാക്കത്തക്ക കവിത ഞങ്ങൾക്ക് എല്ലാവർക്കും ഒന്നുപോലെ വശമുണ്ട്. ഞങ്ങൾ ഇവിടെ വന്നതു ഹാലാസ്യേശ്വരനായ കർപ്പൂരസുന്ദരനെ ദർശിക്കുന്നതിനും സേവിക്കുന്നതിനും ആയിട്ടത്രേ. ഞങ്ങളുടെ ദർശനം ഞങ്ങൾക്കു ഹാലാസ്യനാഥനും സദാശിവനുമായ സാക്ഷാൽ സുന്ദരേശ്വരനെ ദർശിച്ചാൽ ഏതൊരു മാതിരി പരമാനന്ദമുണ്ടാകുമോ ആ മാതിരിയുള്ള പരമാനന്ദത്തെ ദാനംചെയ്യുന്നു. ഞങ്ങളിൽ ആരും ഇതിനു മുമ്പേ സുന്ദരേശ്വരനെ ദർശിച്ചിട്ടില്ല. ഞങ്ങളുടെ കൃപാലേശംകൊണ്ട് അതിപ്പോൾ സാദ്ധ്യമാകണം. ഞങ്ങൾ ഭഗവാനെ ഞങ്ങളുടെ ഏററവും ഉററബന്ധുവായും ഞങ്ങളുടെ സംഘത്തിൽപ്പെട്ട ഒരാളായും ഇപ്പോൾമുതൽ നിശ്ചയിച്ചിരിക്കുന്നു. അതുകൊണ്ട് നിന്തിരുവടി സുന്ദരേശ്വരദർശനത്തിനു വേണ്ട സഹായം ഞങ്ങൾക്കു ചെയ്തുതരണം.

സംഘികളായ കവികളുടെ മേൽപ്രകാരമുള്ള അപേക്ഷകൾമൂലം പൂർവ്വാധികം പരിതുഷ്ടനും കവീശ്വരനും ആയ സർവ്വജ്ഞൻ സ്വകവിതാമൃതരസംകൊണ്ട് അവരെ പരമാനന്ദനിമഗ്നരാക്കിയതിൽപിന്നെ അവർ

നാല്പത്തിഎട്ടുപേരെയും അത്യന്തം അനുകമ്പാപൂർവ്വം ക്ഷണിച്ച് ഹാലാസ്യക്ഷേത്രത്തിനകത്തുകൊണ്ടുപോയി ജഗന്മൂലഭൂതവും, ചിരന്തനവും, എല്ലാലിംഗങ്ങളിലുംവെച്ച് ശ്രേഷ്ഠമായ ലിംഗമെന്ന് ശ്രുതിവാക്യത്താൽപ്പോലും പ്രസ്തുതവും ആയ സുന്ദരേശ്വരമഹാലിംഗം അവൎക്കുകാണിച്ചുകൊടുത്തിട്ട്, ഈ ഏകലിംഗദർശനംകൊണ്ടു് ധൎമ്മാൎത്ഥകാമമോക്ഷങ്ങളായ നാലു പുരുഷാൎത്ഥങ്ങളും നിങ്ങൾക്ക് അനായാസേന തീൎച്ചയായും സംപ്രാപ്തമാകും. എന്നിങ്ങനെ മന്ദാക്ഷപൂർവ്വം അരുളിച്ചെയ്തിട്ട് ഉത്തരക്ഷണത്തിൽ തിരോഭൂതനായി.

സംഘികൾ അതുകണ്ടു ഏററവും വിസ്മയിച്ചു. അനന്തരം അവർ ഭക്തിമയങ്ങളായ സ്തോത്രങ്ങൾചൊല്ലി സദാശിവനായ സുന്ദരേശ്വരനു ഇതിൽപരമില്ലാത്ത പ്രസാദത്തെ ഉളവാക്കുകയും നക്കീരൻ തുടങ്ങിയ കവീശ്വരന്മാരായ അവർ, കവനനദ്യാപ്രവാഹനിസ്സരണംകൊണ്ടു മധുരാപുരവാസികളായ ജനങ്ങളെ എന്നുമാത്രമല്ല എല്ലാലോകവാസികളേയും ഒന്നുപോലെ പരമാനന്ദസാഗരനിമഗ്നരാക്കി തീൎക്കുകയും ചെയ്തുകൊണ്ടു അന്നുമുതൽ മധുരാപുരിയിൽ പാർപ്പുതുടങ്ങി. പ്രസിദ്ധവാഗ്മിയും സുകവീശ്വരനും സാർവ്വഭൌമനും ഗംഭീരാശയനും ധീരാഗ്രമൌലിയും ആയ വംശശേഖരപാണ്ഡ്യൻപോലും സംഘികളുടെ രസസംപൂൎണ്ണമായ കവിതാമൃതപാനംകൊണ്ടു അപാരതൃപ്തചിത്തനായിതീൎന്നു അവൎക്കു സംഖ്യയില്ലാത്ത ധനങ്ങളുംസമ്മാനങ്ങളും ദാനംചെയ്യുകയും, സദാശിവസേവാനന്തരം അവർ നാല്പത്തിഎട്ടുപേൎക്കുംകൂടി ഇരിക്കുന്നതിനായി മദ്ധ്യാഗാരത്തിൽ മഹാവിചിത്രമായ ഒരു മണ്ഡപം ഉണ്ടാക്കിച്ചുകൊടുക്കുകയും ചെയ്തു.

വിശേഷജ്ഞന്മാരും കവിസാർവ്വഭൌമന്മാരുമായ അവർ, കവിതാസൂക്തിമുക്തങ്ങൾകൊണ്ടും, വിദ്യാപ്രസംഗങ്ങൾകൊണ്ടും, ആ വിദ്വന്മണ്ഡപത്തെ വിശേഷവിധമാകുംവണ്ണം അലംകരിച്ചുംകൊണ്ടു സദാശിവസേവയുംചെയ്തു കാലയാപനംചെയ്തുവരുന്ന ആ കാലത്തിൽ ഒരിക്കൽചില കവികൾ അവിടെ ആഗതന്മാരായി സംഘികളുടെ കവിതകൾക്കു ദൂഷ്യം പറയുകയും രസശൂന്യങ്ങളായ അവരുടെ കൃതികൾക്കു മാഹാത്മ്യം പ്രജല്പിക്കുകയും ചെയ്യുകയാൽ, ആശാഭംഗരായിത്തീൎന്ന നക്കീരാദികവിസാർവ്വഭൌമന്മാർ തങ്ങളുടെ കൃതികൾക്കുള്ള മഹത്വത്തേയും, കൃത്യാകൃത്യവിമൂഢന്മാരും വാചാലന്മാരും തങ്ങളുടെ പ്രതികൂലികളും ആയ കുകവികളുടെ കൃതികൾക്കുള്ള ദോഷങ്ങളേയും വ്യക്തപ്പെടുത്തി ലോകവാസികൾക്കു കാണിച്ചുകൊടുക്കണമെന്നുള്ള ഉദ്ദേശ്യത്തോടുകൂടെ അവരെല്ലാവരും ഒന്നുചേൎന്നു് എല്ലാ ആഴ്ചകളിലുംവെച്ച് ഉത്തമമായ ഒരു സോമവാരത്തുംനാളിൽ, ഭക്തവത്സലനായ സുന്ദരേശ്വരന്റെ സന്നിധാനത്തെ പ്രാപിച്ച് ഇതില്പരമില്ലാത്ത ഭക്തിയോടുകൂടെ അത്ഭുതങ്ങളായ സ്തുതികുസുമങ്ങളെക്കൊണ്ടു്, അദ്ദേഹത്തെ പൂജിച്ചു. അനന്തരം ഹാലാസ്യനായകനും അനന്താനന്ദദായകനും ആയ സുന്ദരേശ്വരനോടു് അവർ ഇപ്രകാരം യാചിച്ചു.

"അല്ലയോ ദേവദേവ! മഹാദേവ! പരമാത്മൻ! പരാല്പര! പരിപൂൎണ്ണ ചിദാനന്ദമയ! സുന്ദരനായക! അങ്ങയുടെ ശ്രീപാദാരവിന്ദങ്ങളെ സേവിക്കുന്നതിനായി ഭവൽസമീപത്തിൽവന്നു താമസിക്കുന്ന ഞങ്ങൾക്ക് ഇരിക്കുന്നതിന് വിദ്യാപീഠം ഇല്ല. അതുകൊണ്ട് കുകവികളേയും സൽകവികളേയും തിരിച്ചറിയുന്നതിന് അത്യന്തം ഉത്കൃഷ്ടവും വിശാലവും വിചിത്രവുമായ ഫലകത്തെ ഞങ്ങൾക്ക നൽകണം."

സംഘികളായ കവികളുടെ മേല്പ്രകാരമുള്ള പ്രാൎത്ഥനകേട്ട് അത്യന്തം പരിതുഷ്ടനായ പരാല്പരനും പരമേശ്വരനും സമസ്തജഗദാധാരനും നിരാധാരനും ആയ മഹേശ്വരൻ, സൎവജ്ഞാനപ്രദവും സൎവാജ്ഞാനവിമോചനവും, പവിത്രവും, മാതൃകാമയവും ആയ സ്വകീയവിദ്യാപീഠത്തിൽനിന്നും അതിനിൎമ്മലവും അത്ഭുതവും അകാരാദിക്ഷകാരാന്തമായുള്ള അക്ഷരങ്ങളാൽ മണ്ഡിതവും ചതുരശ്രവും ശരച്ചന്ദ്രികാധവളപ്രഭയും തേജോമയവും ചണ്ഡാംശുമണ്ഡലംപോലെ ദുൎന്നിരീക്ഷ്യവും ആയ ഒരു സംഘപ്പലകയുംകൊണ്ട് മൂലലിംഗത്തിൽനിന്നും ആവിൎഭൂതനായി കവിവേഷത്തോടുകൂടെ ഗൎഭാഗാരത്തിൽനിന്നും പുറത്തിറങ്ങിവന്ന് സംഘികളെ നോക്കി, നിങ്ങൾ ഇതിൽ വസിച്ചുകൊള്ളുവിൻ എന്നിങ്ങനെ പറഞ്ഞിട്ട്, പീഠം നൽകി.

ആനന്ദനിമഗ്നരായ സംഘികൾ ഒരുമുഴം നീളവും ഒരുമുഴം വീതിയും ഉള്ളതായ ആ ഫലകയെ നമസ്കാരപൂൎവം വാങ്ങി. അതിന്നു മുനിമാർ വിദ്യാപീഠം എന്നു നാമകരണം ചെയ്തു. ചിലർ അതിനെ വ്യാഖ്യാനപീഠമെന്നും ജ്ഞാനപീഠമെന്നും സരസ്വതീപീഠമെന്നും മാതൃകാപീഠമെന്നും പേരുകൾ പറയുന്നുണ്ട്. സംഘികളായ അവർ അതിനെ സംഘപ്പലകയെന്നുപറയും.

സംഘമണ്ഡപമദ്ധ്യത്തിൽ ഒരു ശുഭ്രവസ്ത്രം വിരിച്ച്, അതിന്റെ മുകളിൽ സംഘപ്പലകയെന്നു ഭുവനപ്രസിദ്ധമായ അതിനെവെച്ച്, ഗന്ധങ്ങൾ മാതൃകാവൎണ്ണങ്ങൾ ഇവകൾകൊണ്ടും മററും അതിനെ സദാശിവഭക്തിയോടുകൂടെ പൂജിച്ച്, ഒന്നാമതായി അതിൽ നക്കീരൻ ഇരുന്നു. ഉടൻതന്നെ ആ ഫലക സുന്ദരേശ്വരന്റെ ആജ്ഞപ്രകാരം ഒരു മുഴം സമചതുരത്തിൽ വളൎന്നു. കാണികൾ ഇതില്പരമില്ലാതെ അതിശയിച്ചു. അനന്തരം അതിൽ കപിലനും അസനസ്ഥനായി. വീണ്ടും ഒരുമുഴം സമചതുരത്തിൽ പലക വളൎന്നു. ഉടനെ ഭരണൻ എന്ന കവിമുഖ്യൻ ആരോഹണം ചെയ്തു. ഇങ്ങിനെ ക്രമേണ ഓരോരുത്തരും ഇരിക്കുകയും വീണ്ടും ഒരാൾക്കകൂടി ഇരിക്കത്തക്കവണ്ണം ആ സംഘപ്പലക വളരുകയും ചെയ്തു. നാല്പത്തിഎട്ടു കവീശ്വരന്മാൎക്കും ഇരിക്കത്തക്കവണ്ണം വൃദ്ധിയെ പ്രാപിച്ചു. ഇങ്ങനെ പരമേശ്വരാനുഗ്രഹംകൊണ്ട് നക്കീരാദി നാല്പത്തിഎട്ടുകവിപുംഗവ

ന്മാൎക്കും ഞെരുങ്ങാതെ ഇരിക്കത്തക്ക വിശാലതയോടുകൂടിയതായിത്തീൎന്ന ജ്ഞാനപീഠത്തിൽ അവർ സൌഖ്യമായി ഇരുന്നുംകൊണ്ടു് വിദ്യാപ്രസംഗങ്ങൾ ചെയ്യുകയും, സംഖ്യയില്ലാത്ത പ്രബന്ധങ്ങളെ നിൎമ്മിക്കുകയും ചെയ്തു. ഇങ്ങനെ അവർ നിൎമ്മിച്ചുകൂട്ടിയ പ്രബന്ധങ്ങളെക്കൊണ്ടു മണ്ഡപം നിറഞ്ഞു. ഒരുദിവസം ഒരു നിമിഷനേരംപോലും ഒഴിവുകൂടാതെ അവർ നാല്പത്തെട്ടുപേരുംകൂടി എണ്ണം കണക്കില്ലാതെ കവിതകൾ എഴുതി എഴുതി മണ്ഡപത്തിൽ തള്ളുകയാൽ കുറെ ദിവസം കഴിഞ്ഞപ്പോൾ ഓരോരുത്തരും ഉണ്ടാക്കിയ പ്രബന്ധങ്ങൾ ഇന്നതിന്നതാണെന്നു തിരിച്ചറിയാൻ പാടില്ലായവണ്ണം അവ തമ്മിൽ കുഴഞ്ഞു.

ഇങ്ങനെ ഇരിക്കുന്ന കാലത്തിൽ ഒരിക്കൽ അവൎക്കു തമ്മിൽതമ്മിൽ എന്റെ പ്രബന്ധങ്ങൾ എല്ലാം രമ്യങ്ങൾ, നിന്റെ കൃതികൾ നിസ്സാരങ്ങൾ അതല്ലാ എന്റെ പ്രബന്ധങ്ങൾ മനോഹരങ്ങൾ നിന്റെ പ്രബന്ധങ്ങൾ നീരസമയങ്ങൾ എന്നിങ്ങനെ വാദങ്ങൾ ഉത്ഭവിച്ചു. വളരെ വളരെ സമയം അവർ പരസ്പരം ഇങ്ങനെ വാദിച്ചുകളഞ്ഞു. ഒടുവിൽ അവർ, പക്ഷപാതമോ വിരോധമോ കൂടാതെ നമുക്കു എല്ലാവൎക്കുംകൂടി നാം എഴുതിക്കൂട്ടിയിട്ടുള്ള ഈ എല്ലാപ്രബന്ധങ്ങളേയും പരിശോധിച്ചു് അവയിൽ, രമ്യങ്ങളായിട്ടുള്ളവയെ ഗ്രഹിക്കുകയും അരമ്യങ്ങളായിട്ടുള്ളവയെ ത്യജിക്കുകയും ചെയ്യണമെന്നു നിശ്ചയിച്ചു, ശരീരാഹന്തയാ ഗ്രസ്തചേതനന്മാരും മദമോഹിതന്മാരും ആയ എല്ലാവരുംകൂടി പ്രബന്ധങ്ങളുടെ രമ്യാരമ്യക പരിശോധനയ്ക്കായി ആരംഭിച്ചതിൽ, ഓരോ പ്രബന്ധങ്ങളിലും ഉള്ള പത്രങ്ങൾ അന്യോന്യം കുഴഞ്ഞുമറിഞ്ഞു പോകയാൽ താരതമ്യപരിജ്ഞാനത്തിനു നിവൃത്തിയില്ലാതായി. ഒടുവിൽ പ്രബന്ധങ്ങളെപ്പോലെ തന്നെ പ്രബന്ധകൎത്താക്കളായ അവരും കുഴഞ്ഞു് ഈൎഷ്യാഭംഗംമൂലം വിഷാദമഗ്നരായിത്തീൎന്നു.

ഈ അവസരത്തിൽ, കരുണാനിധിയും ഹകാരരൂപിയുമായ ഹാലാസ്യേശ്വരൻ, അനൎഘരത്നകനകനിൎമ്മിതഭൂഷാഭൂഷിതനും, ശുഭ്രവസ്ത്രങ്ങൾകൊണ്ടുള്ള ഉത്തരീയത്താലും ഉഷ്ണീഷത്താലും അലംകൃതനും, കുങ്കുമപങ്കപ്രശോഭിതഗാത്രനും ബാലാരുണപ്രഭനും ആയ ഒരു കവീശ്വരന്റെ വേഷംധരിച്ചു് അവിടെ പ്രത്യക്ഷീഭൂതനായി കവിതാതിശയംകൊണ്ടു്, മററുള്ള കവികളെ എല്ലാം സന്തോഷിപ്പിച്ചു. അനന്തരം സംഘമണ്ഡപത്തിൽ കയറി ഇരുന്നു് മധുരാപുരാധിപനും ഭക്തവത്സലനും ആയ ആ ഭഗവാൻ സംഘികളായ കവികളെ കൃപാപൂൎവ്വം കടാക്ഷിച്ചുകൊണ്ടു്, പ്രസിദ്ധവാഗ്മിയായ അദ്ദേഹം മധുരമാകുംവണ്ണം ഇപ്രകാരം പറഞ്ഞു:—

“നിങ്ങൾ എല്ലാവരും ഒന്നുപോലെ വിഷാദമഗ്നന്മാരായി മുഖവും കുമ്പിട്ടു കുത്തിയിരിക്കുന്നതു എന്തുകൊണ്ടാണു്. വ്യസനകാൎയ്യം എന്തുത

ന്നെ ആയിരുന്നാലും പറഞ്ഞാൽ ഞാൻ അതിനു സമാധാനം ഉണ്ടാക്കിത്തരാം. അതിനു യാതൊരു വ്യത്യാസവും വരുന്നതല്ല"

ലക്ഷ്യലക്ഷണവിജ്ഞന്മാരായ കവീശ്വരന്മാർ അതുകേട്ട് ബദ്ധാഞ്ജലികളായിട്ട് ഇപ്രകാരം പറഞ്ഞു, "അല്ലയോ ഭഗവാനേ! ഞങ്ങൾ നിന്തിരുവടിയെ സർവ്വജ്ഞനാണെന്നുവിചാരിക്കുന്നു. അങ്ങ് ഇന്നുമുതൽ ഞങ്ങളുടെ ബന്ധുവും നായകനും ആയി ഞങ്ങളോടൊന്നിച്ചു ഈ സംഘപ്പലകയിൽ വസിച്ചുകൊണ്ട്, തമ്മിൽക്കൂഴഞ്ഞ് വേർതിരിക്കാൻ പാടില്ലാത്തതായി തീർന്നിരിക്കുന്ന ഞങ്ങളുടെ പ്രബന്ധങ്ങളെ പ്രത്യേകം പ്രത്യേകം എടുത്തുതരുവാൻ ദയവുണ്ടാകണം. വിചാരക്ഷണാഗ്രണിയും സർവ്വജ്ഞനുമാകുന്ന നിന്തിരുവടിയെക്കൊണ്ട് ഇതും ഇതിലധികവും സാധിക്കുമെന്നാണ് ഞങ്ങളുടെ വിശ്വാസം. അതുകൊണ്ട് സങ്കീർണ്ണങ്ങളായിക്കിടക്കുന്ന ഞങ്ങളുടെ പ്രബന്ധങ്ങളെ വേറേ വേറേ തിരിച്ചെടുത്ത് സംഘടിപ്പിച്ചുതരുന്നതിനായി അവിടുന്നു ശ്രമിച്ചാലും. ഞങ്ങൾ ഇതേവരെയും നാല്പത്തിഎട്ടുപേരായിരുന്നു. ഇന്നുമുതൽ ഞങ്ങൾ നാല്പത്തിഒമ്പതുപേരായി.

സല്ക്കവീശ്വരനായ സുന്ദരേശ്വരൻ അവരുടെ ഇപ്രകാരമുള്ള പ്രാർത്ഥനകൾ കേട്ട്, അത്യന്തം സന്തുഷ്ടനായി. അനന്തരം അദ്ദേഹം ആ സംഘമണ്ഡപമദ്ധ്യത്തിൽ കുഴഞ്ഞുമറിഞ്ഞു കിടന്നിരുന്നതായ ഓരോ പ്രബന്ധങ്ങളേയും പ്രത്യേകം പ്രത്യേകം തിരിച്ചെടുത്തു ഓരോരോ ഗ്രന്ഥമായി സമുച്ചയിച്ച് അവരുടെ കൈയിൽ കൊടുത്തു. സർവ്വത്തേയും സംഘടിപ്പിക്കുന്നവനും, സർവ്വജ്ഞനുമായ സദാശിവൻ അപ്രകാരം ചെയ്തതിൽ യാതൊന്നും അതിശയിക്കാനില്ലല്ലോ. സംഘസ്ഥന്മാരായ സല്ക്കവീശ്വരന്മാർ, അദ്ദേഹത്തിന്റെ പാടവം കണ്ട് ഇതില്പരമില്ലാതെ സന്തോഷിക്കുകയും അതിശയിക്കുകയും ചെയ്തു. അനന്തരം അദ്ദേഹത്തിനോടു, അദ്ദേഹവുംകൂടി അവരോടുകൂടെ സംഘപ്പലകയിൽ ഇരുന്നു പ്രബന്ധങ്ങളെ നോക്കണമെന്നാവശ്യപ്പെട്ടു. കവിവേഷധാരിയായ ശിവൻ അതിനെ സമ്മതിക്കുകയും അപ്രകാരം ചെയ്യുകയുംചെയ്തു. സംഘികളായ നാല്പത്തിഎട്ടു കവീശ്വരന്മാരുടേയും മദ്ധ്യത്തിൽ സംഘപ്പലകയിൽ അരൂഢനായ അദ്ദേഹം; തേജസ്സുകൊണ്ടും പ്രാഭവംകൊണ്ടും ജ്യോതിർമ്മണ്ഡലമദ്ധ്യസ്ഥനായ പൂർണ്ണചന്ദ്രനെപ്പോലെയും, ആവരണദേവതകളാൽ അലംകൃതനായ ദക്ഷിണാമൂർത്തിയെപ്പോലെയും ശോഭിച്ചു. സദാശിവനായ ആ കവിഭാസ്കരൻ സ്വഗോപ്രസരംകൊണ്ട് സംഘികളായ കവീശ്വരന്മാരുടെ ഹൃൽഗതങ്ങളായ അജ്ഞാനതമസ്സുകൾ മുഴുവൻ സംഹരിച്ച്, അവരുടെ ഹൃൽപത്മങ്ങളെ വികസ്വരങ്ങളാക്കി. താരങ്ങളാൽ പരിവൃതനായ പൂർണ്ണശശാങ്കൻ എന്നപോലെ സംഘികളാൽ സമാവൃതനായി തന്മദ്ധ്യത്തിൽ ശോഭിക്കുന്ന പണ്ഡിതവേഷധാരിയും, കവീശ്വരനുമായ ഹരൻ, മനുഷ്യനോ മനുഷ്യവേഷധാരിയായ ദേവനോ എന്നു മററുള്ളവർ ഏററവും ശങ്കിച്ചു.

സുന്ദരേശ്വരനായ കവിമുഖ്യൻ മററുള്ള സംഘികൾക്ക യാതൊരുവിധത്തിലുമുള്ള സംശയത്തിനും ഇടകൊടുക്കാതെ പ്രബന്ധങ്ങൾ പരിശോധിച്ച്, ദോഷങ്ങളും ഗുണങ്ങളും വെളിപ്പെടുത്തി സസന്തോഷം വസിച്ചു. അനന്തരം അതിതീക്ഷ്ണമതിയായ അദ്ദേഹം അധികാരം, എന്നു പേരുള്ള ഒരു ശാസ്ത്രത്തെ നിമ്മിച്ചു. സംഘികളായ ആ കവികൾ ഓരോ പ്രബന്ധങ്ങളും പരിശോധിച്ച് ശബ്ദാർത്ഥദോഷാദോഷവൎണ്ണനയെ പരസ്പരം ചെയ്തുകൊണ്ടിരിക്കുന്ന അവസരത്തിൽ ഒരിക്കൽ സംഘകവികളിൽവച്ച്, അത്യന്തം മത്സരിയായ നൽകീരൻ ഓടി എഴുന്നേററ്, എന്റെ പ്രബന്ധത്തിലെ അംബാമതത്തെ ഗേയത്തിനുതുല്യമായ ശബ്ദാർത്ഥസൌന്ദൎയ്യത്തോടുകൂടിയ ഒരു ഗേയം നിങ്ങളിൽ ആരുടേയും പ്രബന്ധത്തിൽ ഇല്ലെന്നുപറഞ്ഞു.

മത്സരപ്രിയനായ നല്കീരന്റെ ഗർവാധിക്യത്തോടുകൂടിയ ഈ വാക്കുകൾകേട്ട്, സദാശിവനും സൎവ്വജ്ഞനും ആയ സുന്ദരേശ്വരൻ, ശബ്ദാർത്ഥകോമളിമാവോടുകൂടിയ ഒരു ഗേയത്തെ ഉടൻ നിർമ്മിച്ചു. അനന്തരം അദ്ദേഹം, ഹേ കവിശിരോമണിയായ നല്കീര! ലക്ഷ്യവക്ഷണയുക്തവും ശബ്ദാത്ഥസൌന്ദൎയ്യവും രസപുഷ്ടിയും ഉള്ള എന്റെ ഈ ആലോചനാമൃതമായ ഗേയത്തിനോട്, അങ്ങയുടെ ഗേയം സാമ്യമല്ല. എന്റെ ഗേയത്തിനും അവിടത്തെ ഗേയത്തിനും തമ്മിൽ ഗജഗജാന്തരം ഉണ്ട്". അതു സമ്മതിക്കാൻ ഭാവമില്ലെങ്കിൽ, എന്റെ കവിതയൊ, അങ്ങയുടെ കൃതിയൊ ഏതാണ് രമ്യമായിട്ടുള്ളതെന്ന് ഈ സംഘികളായ വിദ്വാന്മാർ തീർച്ചയാക്കട്ടെ എന്നു നൽകീരനോട് പറഞ്ഞു.

ഈശപ്രോക്തമായ ഗേയത്തിന്റെ മനോഹരതകൊണ്ട് അപഹൃതചിത്തവൃത്തികളായ മററു കവികൾ, രസസംപൂൎണ്ണത, ആശയവൈശിഷ്ട്യം, ശബ്ദാത്ഥമാധുൎയ്യം ഇവകൊണ്ട്, ഇതുവിശേഷമായി യാതൊരുഗേയവും ഇല്ലെന്നു ഉള്ളുകൊണ്ടു സമ്മതിക്കുകയും സന്തോഷിക്കുകയുംആനന്ദിക്കുകയും ചെയ്തെങ്കിലും മാത്സൎയ്യാനിലക്ഷുഭിതനായനൽകീരനിലുള്ള പേടിനിമിത്തം ആരും ഈശഗേയത്തെ അഭിനന്ദിച്ചു വാക്കുമൂലം സ്തുതിക്കാൻ ധൈൎയ്യമുണ്ടായില്ല. നല്കീരൻ അതിമനോഹരമായ ആ ഈശഗേയത്തിനു പലവിധദോഷങ്ങളേയും ജല്പിച്ചു. ഭഗവാൻഅതിന്. "അല്ലയോ നല്കീര! നീ മത്സരിയെന്നു ലോകത്തിലെങ്ങും ഒന്നുപോലെ പ്രസിദ്ധമാണ്. നീഅല്ലാതെ എന്റെ ഈ ഗേയത്തിനു മററാരും കുററംപറകയില്ല. ആരെങ്കിലും പറഞ്ഞാൽ സമ്മതിച്ചുകൊള്ളാം" എന്നിങ്ങനെ മന്ദസ്മിതപൂൎവ്വം മധുരമായി മറുപടിപറഞ്ഞതല്ലാതെ യാതൊന്നും എതിർത്തു വാദിച്ചില്ല.

അതുകേട്ട്, മറെറാരുകവിയും നല്കീരന്റെ പ്രീതിക്കുവേണ്ടി സദാശിവപ്രോക്തമായ ഗേയത്തിനു ദോഷമുണ്ടെന്നു പറഞ്ഞു. ഉടൻതന്നെ ആകാശത്തിൽനിന്നും അത്യുച്ചത്തിൽ, അല്ലയോ കവീശ്വരന്മാരേ! നിങ്ങളുടെ

വിവാദം ശമിപ്പിക്കാൻവേണ്ടി സദാശിവനും ഹാലാസ്യാധിപതിയും ഓങ്കാരസ്വരൂപിയും ആയ സുന്ദരേശ്വരൻ കവിവേഷമവലംബിച്ചു വന്നതാണിദ്ദേഹമെന്നിങ്ങനെ അശരീരിവാക്ക് കേൾക്കകയാൽ സംഘികൾ ഒന്നുപോലെ ഭയപ്പെട്ടു. അനന്തരം അവർ കവിരൂപധാരിയായ സുന്ദരേശ്വരനെ പലപ്രകാരത്തിൽ സ്തുതിക്കുകയും നമസ്കരിക്കുകയും മററും ചെയ്തു അദ്ദേഹത്തെ അത്യന്തം സന്തുഷ്ടനാക്കി. സദാശിവനായ അദ്ദേഹം, കൃപാപൂർണ്ണമായ കടാക്ഷവീക്ഷണംകൊണ്ടു സംഘസ്ഥന്മാരായ ആ കവികളെ ഏററവും അനുഗ്രഹിച്ചു.

ശിവപ്രസാദംകൊണ്ട്, ആ സംഘകവീശ്വരന്മാർ, മാത്സൎയ്യഹീനന്മാരും വിജ്ഞാനികളുമായി തീൎന്നതുകൂടാതെ ദുർല്ലഭങ്ങളായ വിവിധഭോഗാനുഭവങ്ങളോടുകൂടെ ചിരകാലം ഭൂമിയിൽ വസിച്ചു. ശോകനാശനമായ ധൂർജ്ജടിയുടെ ശോകപാപഹരമാഹാത്മ്യമായ ഈ അമ്പത്തിഒന്നാമത്തെ ലീലയെ കേൾക്കുകയും പഠിക്കുകയും ചെയ്യുന്നവൎക്ക് സകലവിധസമ്പത്തുകളും ഉണ്ടാകുന്നതുകൂടാതെ അവസാനത്തിൽ മോക്ഷപ്രാപ്തിയും സമ്പ്രാപ്തമാകും.

സംഘപ്പലക നൽകിയ

അൻപത്തിഒന്നാം ലീല സമാപ്തം.

---

# ഹാലാസ്യമാഹാത്മ്യം

## കേരളഭാഷാഗദ്യം.

## ൫൨-ാം അദ്ധ്യായം.

## ശൈവബ്രാഹ്മണകുമാരന് സ്വാകൃതിപ്രദാനം ചെയ്തു

## അൻപത്തിരണ്ടാമത്തെ ലീല.

ശൈവാഗമസാരവേദിയായ അഗസ്ത്യമഹർഷി വീണ്ടും വസിഷ്ഠാദികളായ മുനിമാരെ വിളിച്ചു്, അല്ലയോ മുനികുലോത്തംസങ്ങളെ ലീലാവിലാസിയായ ഭഗവാന്റെ അതിമനോഹരമായ അമ്പത്തിരണ്ടാമത്തെ ലീലയെ നിങ്ങൾ കേട്ടുകൊള്ളുവിൻ! എന്നിങ്ങനെ പറഞ്ഞുംകൊണ്ട് ഉപദേശകാംക്ഷിയും ആദി ശൈവാന്വയസംഭൂതനും ആ

യ വിപ്രകുമാരന്, ഹാലാസ്യനാഥനായ സുന്ദരേശ്വരൻ വംശചൂഡപാണ്ഡ്യന്റെ മനോഗതത്തിന്നനുസരണമായി ശ്ലോകമുണ്ടാക്കിക്കൊടുത്തതായ ലീലയെ താഴെ വരുമാറു് ആരംഭിച്ചു.

സംഘികളായ കവീശ്വരന്മാരാലും, നാകനാരീജനങ്ങളാലും ഒന്നുപോലെ ഗീതമാനനായ വംശശേഖരപാണ്ഡ്യൻ, ശാസ്ത്രാനുസരണമാകുംവണ്ണം ഭൂമിയെ ചിരകാലം പരിപാലനംചെയ്തതിന്റെശേഷം ഒടുവിൽ ഭൂപരിപാലനത്തെ ആത്മീയപുത്രനായവംശചൂഡപാണ്ഡ്യങ്കൽസമർപ്പിച്ചുംവെച്ചു് ശിവസായൂജ്യത്തെ പ്രാപിച്ചു. വിക്രമം, കവിത്വം, കാരുണ്യം, കാന്തി, ഐശ്വര്യം, ശിവഭക്തി ഇവകളെക്കൊണ്ടു് വംശചൂഡപാണ്ഡ്യൻ പിതാവിനേക്കാളും ശ്രേഷ്ഠനായിരുന്നു. അദ്ദേഹം സുന്ദരേശ്വരപൂജയ്ക്കുവേണ്ടി, ഫലപുഷ്പപല്ലവങ്ങളാൽ അതിമനോഹരങ്ങളും പരിപാവനങ്ങളുമായ കൂവളം ചമ്പകം ഈ വക വൃക്ഷങ്ങളെക്കൊണ്ടും മല്ലികാമാലതീമുഖ്യങ്ങളായ വല്ലികളെക്കൊണ്ടും അത്യന്തം നിബിഡവും രമ്യവും ആയ ഒരു ഉപവനം ഉണ്ടാക്കി അതിൽനിന്നും കിട്ടുന്ന അതികോമളങ്ങളും സുഗന്ധഭരിതങ്ങളുമായ കുസുമങ്ങൾകൊണ്ടു് അനുദിവസവും സുന്ദരേശ്വരനെ പൂജിച്ചുവന്നു.

ഇങ്ങനെ പൂജിച്ചുവരവെ, ചൈത്രമാസത്തിൽ ചിത്തിരയും പൂർണ്ണിമയും ഒന്നിച്ചുവന്ന ഒരു പുണ്യവാസരത്തിൽ, അഭിഷേകോചിതദ്രവ്യങ്ങളായ പാൽ, തൈർ, നെയ്യു്, തേൻ ശർക്കര ഇവകളെക്കൊണ്ടു് സുന്ദരേശ്വരലിംഗം അഭിഷേകിച്ചു്, കർപ്പൂരം, ചന്ദനം, കസ്തൂരി കുങ്കുമം മുതലായ സുഗന്ധദ്രവ്യങ്ങൾ ഹിമതോയത്തിൽ അരച്ചുണ്ടാക്കിയ കുറിക്കൂട്ടുകൊണ്ടു് മഹാലിംഗത്തെ ലേപനംചെയ്തു്, ചമ്പകപ്പൂക്കൾവാരി അർപ്പിച്ചു് ലിംഗം മൂടി ധൂപദീപാദികളായ ഉപചാരങ്ങളെക്കൊണ്ടും വഴിപോലെ പൂജിച്ചിട്ടു ഭക്തിപൂർവ്വം സുന്ദരേശ്വരമഹാലിംഗത്തെ അവലോകനംചെയ്തപ്പോൾ ആ അനാദിമൂലലിംഗം അതിസൌന്ദര്യപ്രകാശിതമായി കാണകയാൽ അദ്ദേഹത്തെ ചമ്പകസുന്ദരൻഎന്നു നാമകരണംചെയ്തു. അന്നുമുതല്ക്കാണു്, നീപാരണ്യവാസിയായ ഹാലാസ്യേശ്വരനെ ചമ്പകസുന്ദരൻ എന്നുള്ള നാമധേയത്തിലും ജനങ്ങളാൽ ആരാധിക്കപ്പെടുന്നതു്. വംശചൂഡപാണ്ഡ്യൻ അന്നുമുതൽ ചമ്പകപാണ്ഡ്യൻ എന്നുള്ളപേരിൽ ഭുവനപ്രസിദ്ധനുമായി.

ഇങ്ങനെ ഹാലാസ്യാധിപനായ ചമ്പകസുന്ദരനേയും പൂജിച്ചു്, രാജനീതികളെ അല്പംപോലും ലംഘനംചെയ്യാതെ സകലവിധക്ഷേമങ്ങളോടും അനിതരസാമാന്യമായ സമാധാനത്തോടുംകൂടെ പാണ്ഡ്യരാജവംശമുക്താമണിയായ ചമ്പകപാണ്ഡ്യൻ തന്റെ ഏകാതപത്രത്തിൻകീഴിൽ ഭൂലോകപാലനം ചെയ്തുവരുന്നകാലത്തിൽ ഒരിക്കൽ അദ്ദേഹം മുഖനിർജ്ജിതചന്ദ്രയും ഭൂലോകലക്ഷ്മിയുംആയ പട്ടമഹിഷിയുംഒന്നിച്ചു് ചന്ദ്രികാശീതളവും അതിമനോഹരവുംആയ സൌധത്തിൽ ഇരുന്നു്,മലയാചലാഗതനാ

യ മന്ദമാരുതനേയും ഏററ്, മഹിളാരത്നമണ്ഡിതമായ മധുരാപുരിയുടെ അത്ഭുതമനോഹരങ്ങളായ കാഴ്ചകളേയും ദർശിച്ച് പരമാനന്ദാമൃതലഹരിയിൽ ലയിച്ചു സുഖിച്ചു വസിക്കുമ്പോൾ, നികടസ്ഥയും ജാതിയിൽ പത്മിനിയും ആയ രാജ്ഞിയുടെ പൂവേണിയിൽനിന്നും പവമാനവശാഗതമായി പുറപ്പെട്ട കേശസൌരഭ്യത്തെ മണത്തിട്ട്, ദേവിയുടെ വേണീഭരത്തിൽനിന്നും പുറപ്പെടുന്ന ഈ വാസന കേശഭാരത്തിൻെറ നിസർഗ്ഗമായ വാസനയൊ അതല്ല, പുഷ്പസംസർഗ്ഗംകൊണ്ടുണ്ടായതൊ, ഇതിൻെറ വാസ്തവം അറിയുന്നതിനുപായം എന്താണ്, എന്നിങ്ങനെ വിചാരിച്ചിട്ട് അതിവേഗത്തിൽ ആ സൌധത്തിൽനിന്നും ഇറങ്ങി കവിസാർവ്വഭൌമന്മാരാൽ അലംകൃതമായ കവിമണ്ഡപത്തിൽ പ്രവേശിച്ച് അവരോട്, എൻെറ ചിന്തയ്ക്കു സദൃശമായി അതിവേഗത്തിൽ ഒരു പദ്യംഉണ്ടാക്കുന്നവൎക്ക് ആയിരം കഴഞ്ചു സ്വൎണ്ണംകൊണ്ട് ഒരു നീവിയുണ്ടാക്കി സമ്മാനംകൊടുക്കുന്നതാണെന്നുപറഞ്ഞ് ഉടൻതന്നെ അതിനിഷ്ഠം സ്വൎണ്ണംകൊണ്ട് ഒരു നീവിയുണ്ടാക്കി സംഘമണ്ഡപത്തിൽ കെട്ടിത്തൂക്കി.

സംഘസ്ഥന്മാരായ കവികൾ നീവിസമ്മാനലാഭത്തിൽ അതിലോലുപന്മാരായി വെവ്വേറെ ശ്ലോകങ്ങളെ ഉണ്ടാക്കി രാജാവിനെ കേൾപ്പിച്ചു. അവയിൽ അദ്ദേഹത്തിൻെറ ചിന്തക്ക് യോജിച്ചതായ ഒരു ശ്ലോകവും ഉണ്ടായിരുന്നില്ല. കവികൾ എല്ലാവരും ഒന്നുപോലെ ലജ്ജിതരും ഇച്ഛാഭംഗാക്രാന്തന്മാരും ആയി. ചിന്തയ്ക്കൊത്ത പദ്യം നിൎമ്മിക്കുന്നവൎക്ക സമ്മാനംകൊടുക്കുന്നതിനായി കെട്ടിത്തൂക്കിയ നീവി സംഘമണ്ഡപമദ്ധ്യത്തിൽ തൂങ്ങിക്കൊണ്ടും കിടന്നു.

ഈ അവസരത്തിൽ, ആദിശൈവവംശവാരിധിക്കു പൂൎണ്ണചന്ദ്രനും, പദവാക്യപ്രമാണജ്ഞനും, ശൈവസിദ്ധാന്തപാരഗനും, സുന്ദരേശപാദാംബുജഭക്തിരത്നങ്ങൾക്കു മഹോദധിയും, മാതാപിതാക്കന്മാരോ ഉററബന്ധുക്കളോ ധനശക്തിയൊ ഇല്ലാത്തവനും സുന്ദരനാഥൻ എന്നു നാമധേയത്തോടുകൂടിയവനും ആയ ഒരു വിപ്രകുമാരൻ, ഹാലാസ്യത്തിൽ ചെന്ന് സുന്ദരേശ്വരനെ പ്രണമിച്ചുംകൊണ്ട് വിവാഹാൎത്ഥം അൎത്ഥലാഭത്തിനുവേണ്ടി ഇപ്രകാരം പ്രാൎത്ഥിച്ചു.

"അല്ലയോ സുന്ദരേശ്വരപ്രഭോ! ആശ്രിതവത്സല! ദയാനിധേ! എനിക്കു വിവാഹം കഴിക്കേണ്ടകാലം അതിക്രമിച്ചിരിക്കുന്നു. നിൎദ്ധനനായിട്ട് എൻെറ ചങ്ങാതിമാരുടെ ഇടയിൽ പ്രവേശിക്കുന്നതിന് ലജ്ജ എന്നെ സമ്മതിക്കുന്നതും ഇല്ല. എൻെറ അച്ഛനും അമ്മയും ബാല്യത്തിലെ മരിച്ചുപോയി. ധനവും ഇല്ല. ബന്ധുക്കളും അങ്ങനെ തന്നെ. എനിക്കിപ്പോൾ അവിടത്തെ പാദപത്മമല്ലാതെ ആശ്രയമില്ല. എൻെറ ഇതേവരെയുള്ള സമ്പാദ്യവും അവിടത്തെ പാദസേവയത്രെ. ത്രികരണശുദ്ധിയോ

ട്ടം കൂടെ ഞാൻ ഇന്നുവരെച്ചെയ്തുവന്ന ആരാധനയുടെ ഫലം ഇപ്പോൾ എനിക്കു ലഭിക്കണം. കൃപാരാശിയായ അവിടത്തെ അനുഗ്രഹം കുറഞ്ഞൊന്നുണ്ടായാൽ എന്റെ ഇപ്പോഴത്തെ ആഗ്രഹം തീൎച്ചയായും സാധിക്കും. അതിനുവേണ്ടി നിന്തിരുവടി കടാക്ഷിക്കണം.

ഇപ്രകാരമുള്ള വിപ്രാത്മജന്റെ പ്രാൎത്ഥനകേട്ടു് മുദിതമാനസനായ ചാമ്പേയസുന്ദരൻ,

"ജാനാസി പുഷ്പഗന്ധാൻ ഭ്രമര! ത്വം ബ്രൂഹി തത്വതോ മത്ത്യാ, ദേവ്യാഃ കേശകലാപതുല്യഗന്ധാഃ കിം സന്ത്യഃ"

ഇങ്ങനെ ഒരു ശ്ലോകമുണ്ടാക്കി പത്രത്തിൽ എഴുതിയും കൊണ്ടു്, ഇപ്രകാരം പറഞ്ഞു.

അല്ലയോ വിപ്രകുമാര! നീ ഈ ശ്ലോകം വാങ്ങിക്കൊണ്ടുപോയി വിദ്വൽശിരോമണിയായ വംശചൂഡപാണ്ഡ്യന്റെ കൈയിൽ കൊടുക്കുക. അദ്ദേഹം നിനക്കു വേണ്ടുവോളം ധനം തരും. "അല്ലയോ വണ്ടേ! നീ എല്ലാപുഷ്പങ്ങളുടേയും ഗന്ധം അറിയുന്നവൻ ആണല്ലോ. എന്നാൽ എന്റെ പട്ടമഹിഷിയുടെ തലമുടിയുടെ ഗന്ധത്തിനു തുല്യമായ ഗന്ധം ഏതാണു്" എന്നിങ്ങനെയുള്ള അൎത്ഥത്തോടു കൂടിയ ഈ ശ്ലോകം വംശചൂഡപാണ്ഡ്യന്റെ ചിന്തയ്ക്കു് അനുസരണമായതാണു്. ഇയ്യിട അദ്ദേഹം അദ്ദേഹത്തിന്റെ ചിന്തയ്ക്കനുഗുണമായി ഒരു ശ്ലോകം നിൎമ്മിക്കുന്നവൎക്കു സമ്മാനം കൊടുക്കുന്നതിനായി ആയിരം നിഷ്കം സ്വൎണ്ണംകൊണ്ടു് ഒരു കിഴിയുണ്ടാക്കി സംഘമണ്ഡപമദ്ധ്യത്തിൽ കെട്ടി തൂക്കിയിട്ടുള്ള കഥ നീയും കേട്ടിട്ടുണ്ടല്ലോ.

കവിത്വധാരിയായി തന്റെ മുമ്പിൽ പ്രത്യക്ഷീഭൂതനായി നില്ക്കുന്ന സുന്ദരേശന്റെ കരുണാമസൃണങ്ങളായ ഈ വാക്കുകളെ കേട്ടു്, ആ ബ്രഹ്മചാരി, അത്യന്തം പ്രീതനും വിസ്മയചിത്തനും ആയിത്തീൎന്നു. അനന്തരം അദ്ദേഹം സുന്ദരേശനെ പ്രണമിച്ചും കൊണ്ടു് അപ്രകാരം തന്നെ ചെയ്യാമെന്നും പറഞ്ഞു് പത്രികയെ രണ്ടുകൈയുംനീട്ടിവാങ്ങി പിന്നെയും ഭക്തിപൂൎവം നമസ്കരിച്ചനുവാദവും വാങ്ങി സംഘമണ്ഡപത്തിലേക്കു യാത്രതിരിച്ചു. കാലതാമസമെന്യേ സംഘമണ്ഡപത്തിൽ എത്തി സംഘകവികളുടെ കൈയിൽ പത്രം കൊടുത്തു.

അവർ അതുവായിച്ചു നോക്കി ഇതിൽപരമില്ലാതെ അതിശയിക്കുകയും സന്തോഷിക്കുകയും ചെയ്തു. അനന്തരം അവർ വിപ്രകുമാരനോടുകൂടെ ചമ്പകസുന്ദരന്റെ അടുക്കൽ പോയി ശബ്ദാൎത്ഥസുമനോഹരമായ ആ ശ്ലോകം അദ്ദേഹത്തെ ചൊല്ലിക്കേൾപ്പിച്ചു. പാണ്ഡ്യമഹീപതി സ്വചിന്താനുഗുണമായ ശ്ലോകത്തെക്കേട്ടു്, അത്യാഹ്ളാദത്തോടുകൂടെ എന്റെ ചിന്തയ്ക്കനുസരണമായിട്ടു ഈ പദ്യം നിൎമ്മിച്ചമഹാകവി ആരാണെന്നു ചോദിച്ചു. സാമാജികന്മാർ ഇവൻ ആകുന്നു എന്നു പറഞ്ഞു്, സുന്ദരനാഥനെ ചൂണ്ടിക്കാണിച്ചുകൊടുത്തു.

സദാചാരരതനും, ശാന്തനും, സകലാഗമപാരഗനും, ആദിശൈവാന്വയസംഭൃതനും, സുവൃത്തശുചിമൌക്തികവും, സൌന്ദൎയ്യശാലിയും, ആയ സുന്ദരനാഥബ്രഹ്മചാരിയെ ആലോകനം ചെയ്തിട്ട് ആശ്ചൎയ്യപൂൎവം, അങ്ങ് സമ്മാനനീവിയെ എടുത്തുകൊണ്ടാലും! എന്നിങ്ങനെ ചമ്പകപാണ്ഡ്യൻ പറഞ്ഞു. അനന്തരം മററുള്ളവൎക്കും യാത്രപറഞ്ഞു താനും വിസ്മയാവിഷ്ടചിത്തനായി ആസ്ഥാനമണ്ഡപത്തിൽനിന്നും, അന്തഃപുരത്തിലേക്കു മടങ്ങി. അതിന്റെ ശേഷം ബ്രഹ്മചാരി സമ്മാനനീവിയെ എടുക്കുന്നതിനു ഭാവിച്ചപ്പോൾ; മത്സരിയായ നൽകീരൻ, ബ്രാഹ്മണകുമാരൻ കൊണ്ടുചെന്ന ഗേയത്തിനു കുററം ഉണ്ടെന്നു പറഞ്ഞു.

ബ്രഹ്മചാരി അതുകേട്ട് അത്യന്തം കുണ്ഠിതത്തോടുകൂടെ ഹാലാസ്യനാഥന്റെ സമീപത്തിൽ പോയി അദ്ദേഹത്തെ ഭക്തിപൂൎവം നമസ്കരിക്കുകയും സ്തുതിക്കുകയും ചെയ്തുകൊണ്ട് അഞ്ജലിബദ്ധനായി, അല്ലയോ സുന്ദരേശ്വര! സൎവജ്ഞനായ അങ്ങയുടെ ആൎയ്യക്കു മത്സരിയായ നൽകീരൻ കുററമുണ്ടെന്നു പറയുന്നു. അടിയൻ എന്താണ് സമാധാനം പറയേണ്ടതെന്നു പ്രാൎത്ഥിച്ചു ചോദിച്ചു.

കരുണാവരുണാലയനായ സുന്ദരേശ്വരൻ അതുകേട്ട് ഉടൻതന്നെ ഒരു കവിവേഷത്തെ അവലംബിച്ച് സംഘമണ്ഡപത്തിൽ ചെന്ന് സംഘസ്ഥന്മാരായ കവികളോട്, നിങ്ങളിൽ ആരാണ് സുന്ദരനാഥന്റെ ആൎയ്യക്കു കുററം പറഞ്ഞതെന്നുചോദിച്ചു.

കവിവേഷാവലംബിയായ സുന്ദരേശ്വരന്റെ ഈ ചോദ്യത്തിന് ക്രുദ്ധനായ നൽകീരൻ, കുററംപറഞ്ഞതു ഞാനാണെന്നു മറുപടി പറഞ്ഞു.

ഉടനെസുന്ദരേശ്വരൻ എടൊ കവേ! എന്നാൽ അതിലുള്ള കുററങ്ങൾ എന്തെല്ലാം ആണ് കേൾക്കട്ടെ, നമുക്കുരണ്ടുപേൎക്കുംകൂടി പ്രസ്തുതശ്ലോകത്തെ സംബന്ധിച്ച ആക്ഷേപസമാധാനങ്ങൾ തുടങ്ങാം. മദ്ധ്യസ്ഥന്മാരായ മററുള്ള കവികൾക്കു നമുക്കു തമ്മിൽ ഉള്ള അന്തരം മനസ്സിലാവുകയും ചെയ്യുമല്ലൊ, എന്നുപറഞ്ഞു.

അതുകേട്ട പാമ്പിനെപ്പോലെ കുപിതനായിത്തീൎന്ന നൽകീരൻ, ശ്ലോകത്തിനു കുററമില്ലെന്ന നിങ്ങളുടെ വാദം ശരിയല്ല. തീൎച്ചയായും ആ ശ്ലോകത്തിന് അൎത്ഥദൂഷ്യം ഉണ്ട്. തലമുടിക്കു സ്വാഭാവേന ഗന്ധമില്ലെന്നുള്ളപ്പോൾ ഗന്ധമുണ്ടെന്നു സമൎത്ഥിച്ചതു് അൎത്ഥദൂഷ്യം അല്ലേ. അതുകൊണ്ടാണു ആ വിപ്രകുമാരന്റെ പദ്യത്തിനു തീൎച്ചയായും അൎത്ഥദൂഷണസംജ്ഞം എന്ന ദോഷമുണ്ടെന്നു പറഞ്ഞതു്.

നൽകീരന്റെ ഈ ആക്ഷേപത്തിനു കവിവേഷധാരിയായ ഹാലാസ്യേശൻ, നാലു ജാതിസ്ത്രീകളിലും വച്ച് ഉത്തമമായ പത്മിനീജാതിയി

ല്പെട്ട സ്ത്രീകളുടെ തലമുടിക്കു പത്മകല്ഹാരത്തിനു തുല്യമായ ഗന്ധമു ണ്ടെന്നുള്ളതു ലോകപ്രസിദ്ധവും സൎവ്വസമ്മതവും അല്ലെ? അതിനെ നിങ്ങ ൾ മാത്രം അറിഞ്ഞിട്ടില്ലായിരിക്കാം എന്നു സമാധാനം പറഞ്ഞു.

“അധികവിയായ സുന്ദരേശ്വരന്റെ ഈ സമാധാനത്തെ ഖണ്ഡിച്ചും കൊണ്ടു നൽകീരൻ ഇങ്ങനെ മറുപടിപറഞ്ഞു. തീൎച്ചയായിട്ടും അവരുടെ തലമുടിക്കു സ്വാഭാവിക ഗന്ധം ഇല്ല. കേശഭാരത്തിൽ നിന്നു പുറപ്പെ ടുന്നതു് അതിനോടു ചേരുന്നതിന്റെ സുഗന്ധദുൎഗ്ഗന്ധങ്ങൾ ആണു്. പ ത്മിനീജാതിയിലുള്ള ഉത്തമസ്ത്രീകൾ പത്മകല്ഹാരാദികളായ സുഗന്ധകു സുമങ്ങൾ ധരിക്കുന്നതുകൊണ്ടു് അവരുടെ തലമുടിക്കു് പത്മകല്ഹാരത്തി ന്റെ വാസനകാണുന്നു. അതു സംസൎഗ്ഗഗന്ധമാണു് നിസൎഗ്ഗഗന്ധമല്ല”.

സുന്ദരേശ്വരൻ ഉടനെ അതിനു മറുപടിയായി, ദിവ്യസ്ത്രീകളുടെ ത ലമുടിക്കു സ്വാതസ്സിദ്ധമായ വാസനയുണ്ടെന്നുള്ളതു് സൎവ്വസമ്മതമായിരി ക്കെ, അതല്ല മററുവിധത്തിൽ അതൊന്നു വാദിച്ചു കൊണ്ടു വന്നു സമൎത്ഥി ക്കുവാൻ നിങ്ങളെക്കൊണ്ടെന്നല്ല, ലോകത്തിൽ ആരെക്കൊണ്ടും സാധിക്ക കയില്ല. മൎക്കടമുഷ്ടിപിടിക്കാം, അതുയുക്തമോ പ്രയോജനം ഉണ്ടു്. ന്യാ യവാദംകൊണ്ടു് തീൎച്ചവന്നിട്ടുള്ള വിഷയങ്ങൾക്കു യുക്തിവാദം ഒരിക്കലും ആവശ്യമില്ലെന്നുള്ളതു്, നിങ്ങൾ മനസ്സിലാക്കിയിട്ടില്ലായിരിക്കാം. നിങ്ങ ളുടെ ഈ വാദം ന്യായവാദം അല്ല. വെറും ദുൎവ്വഴക്കാണു്. അതുകൊണ്ടു അല്ലയോ ദുരാത്മാവേ! അങ്ങു് ഈ ദുസ്തൎക്കം മതിയാക്കണം എന്നുപറഞ്ഞു.

നൽകീരൻ അതുകേട്ടു കോപപ്രസ്ഫുരിതാധരനായിഇപ്രകാരം മറുപ ടി പറഞ്ഞു.

“മന്ദാരാദിസുഗന്ധപുഷ്പങ്ങളും കസ്തൂരിതുടങ്ങിയ പരിമളദ്രവ്യങ്ങ ളും മററും എപ്പോഴും വിടാതെ ധരിക്കുന്നതുകൊണ്ടു വൃന്ദാരകാംഗനമാരുടേയും ഉ ത്തമജാതിയിൽപ്പെട്ട മഹാഭാഗ്യശാലിനികളും സൌന്ദൎയ്യവതികളും ആയ മഹിളാരത്നങ്ങളുടേയും തലമുടിക്കു ഗന്ധമുണ്ടെന്നു വിചാരിച്ചു് സ്ത്രീകളു ടെ തലമുടിക്കു സ്വാതസ്സിദ്ധഗന്ധമുണ്ടെന്നു് പരിപക്വബുദ്ധികളിൽ ആരും സമ്മതിക്കുന്നതല്ല.”

കാമശാസനനായ കവീശ്വരൻ അതുകേട്ടു ഇങ്ങനെ ചോദിച്ചു. അ തികോമളമായ ഗൌരിയുടെ കേശവും അപ്രകാരമുള്ളതെന്നാണോ നിങ്ങ ളുടെ അഭിപ്രായം. നിത്യപരിമളത്തോടും, നിത്യനിൎമ്മലപ്രഭയോടും, മനോ ഹരതയോടും വാചാമഗോചരമായ ഗുണോജ്ജ്വലത്തോടും കൂടിയതും, നിഖി ലഗന്ധവാസ്യസ്ഥാനവും അഖിലശ്രുതിസംസ്തുതവും അനന്തനൽഗുണാധാരവും ആയ ഭവാനീദേവിയുടെ കുന്തളത്തിനും ദോഷലേശമുണ്ടെങ്കിൽ അതുംപറ യുക. എന്തിനുമടിക്കുന്നു.

നൽകീരൻപറഞ്ഞു—വാസനയേറിയ ദിവ്യപ്രസൂനങ്ങളെക്കൊണ്ടു എല്ലാദിവസവും ഒന്നുപോലെസംസ്കരിച്ചില്ലെങ്കിൽസർവമംഗലയായ ശർവാണിയുടെ കേശവും നിന്ദ്യമത്രെ.

നൽകീരൻെറ കർണ്ണനാരാചഭൂതമായ ആ വാക്കു കേട്ടു കുറഞ്ഞൊന്നു കോപചാപിതനായിത്തീൎന്ന നിടിലേക്ഷണൻ തൻെറ മൂന്നാമത്തെ കണ്ണ് അല്പമൊന്നു തുറന്നുനോക്കി. സംഘകവികൾ എല്ലാവരും അതുകണ്ടു പേടിച്ചുവളരെ ദൂരത്തിൽ ഓടിപ്പോയി. നൽകീരൻ ധൈൎയ്യപൂൎവം അവിടത്തന്നെ നിന്നുകൊണ്ടു ആയിരം കണ്ണുതുറന്നു നോക്കിയാലും തെററുതെററുതന്നെ. ഭീഷണികാട്ടിയെന്നു വിചാരിച്ചു അബദ്ധം സുബദ്ധമെന്നു പറയുന്നതിനു ഞാൻ തയ്യാറില്ല. ഞാൻ ഇതൊന്നും കൊണ്ടു ഭയപ്പെട്ടുന്യായം വിട്ടുകളയുമെന്നു സ്വപ്നത്തിലും വിചാരിച്ചു പോകേണ്ടതില്ലെന്നു മറുപടിപറഞ്ഞു.

നൽകീരൻെറ ധൈൎയ്യവും കോപവും കണ്ടു സന്തുഷ്ടനായ സുന്ദരേശ്വരൻ തൻെറ കോപത്തെ കുറഞ്ഞൊന്നടക്കിയുംകൊണ്ട് ഒട്ടുനേരത്തോളവും അനങ്ങാതെനിന്നു. അനന്തരം ഇപ്രകാരം ഗൌരിയുടെ ഗുണങ്ങളെപ്പററി വൎണ്ണിച്ചു.

സൎവജ്ഞത തുടങ്ങിയുള്ള ഗുണങ്ങൾ യാതൊരു പ്രകാരം ശ്രീപാൎവതിക്കു സ്വതസ്സിദ്ധമോ അതുപോലെ സുഗന്ധാദികളായ ഗുണങ്ങളും ഭവാനിക്ക് സ്വതസ്സിദ്ധംതന്നെയാകുന്നു. പരാശക്തിയും സച്ചിദാനന്ദലക്ഷണയും, ആയ ദേവിയെ ജ്ഞാനപ്പൂങ്കോതയെന്നല്ലയൊ വേദശാസ്ത്രങ്ങളിൽ ഘോഷിച്ചിട്ടുള്ളതു.

സംഘികൾ ആ അഭിപ്രായം ശരിയെന്നു തലകുലുക്കിസമ്മതിച്ചു. നല്കീരന് ഉത്തരംമുട്ടി. ശിവൻെറ നേത്രാഗ്നിയിൽ നിന്നും പുറപ്പെട്ടചെറിയ ചൂട്ടും കുറേ ഏററു. സാധുവായ നല്കീരൻ സംഹാരരുദ്രനായ കാലകാലൻെറ ഫാലാഗ്നിയേക്കാളും അത്യുഗ്രമായനിടിലാഗ്നിയുടെഅതിമന്ദമായ ചൂടുപോലും സഹിക്കാൻ ശക്തനാണോ? ഫാലനേത്രാഗ്നിയാൽ തപ്തനായ അദ്ദേഹം വെള്ളം! വെള്ളം! എന്നു വിളിച്ചുംകൊണ്ട് നാലുദിക്കിലും പാച്ചിൽതുടങ്ങി. ഒടുവിൽ താപശാന്തിക്കുവേണ്ടി ഹേമപത്മിനിയിൽ ഓടിപ്പോയിറങ്ങി മജ്ജനം ചെയ്തു. കവീശ്വരനായ! അതേവരെയും പ്രത്യക്ഷനായിരുന്ന സുന്ദരേശ്വരൻ ഉടൻതന്നെ തിരോധാനംചെയ്യുകയുംചെയ്തു.

അനന്തരം സൎവസമ്മതപ്രകാരം ശിവാഭിപ്രകാരന് സമ്മാനംലഭിച്ചു. അദ്ദേഹം അതുകൊണ്ടു പോയി ബന്ധുമദ്ധ്യത്തിൽ വച്ച് സുന്ദരിയായ ഒരു വിപ്രകന്യകയെ വിവാഹംചെയ്ത്, പുത്രമിത്രപൌത്ര ഗൃഹധനധാന്യാദികളായ സൎവസമ്പത്തുകളോടുംകൂടെ ഭൂലോകശിവലോകമായഹാലാസ്യത്തിൽ സുഖഭോഗിയായി ഭക്താഭീഷ്ടപ്രദായകനായസുന്ദരേശ്വരൻെറ പാദപത്മങ്ങളും സേവിച്ച് ചിരകാലം വസിക്കുകയും അവസാനത്തിൽ മുക്തിയെപ്രാപിക്കുകയുംചെയ്തു.

അല്ലയോ മുനീശ്വരന്മാരെ! ഹാലാസ്യനാഥനും ചാമ്പേയസുന്ദരനും ആയ പരമേശ്വരനെ ഭജിക്കുന്നവൎക്ക, ഇഹത്തിൽ അവർ ആഗ്രഹിക്കുന്ന അതിദുർല്ലഭങ്ങളായ അനുഗ്രഹങ്ങൾ പോലും സാധിച്ചു കിട്ടുകയും അവസാനത്തിൽ മോക്ഷം കിട്ടുകയും ചെയ്യുമെന്നുള്ളതിന് യാതൊരു സംശയവും ഇല്ല. അതുകൊണ്ടു് ധൎമ്മാൎത്ഥകാമമോക്ഷങ്ങളാകുന്ന ചതുൎവ്വിധ പുരുഷാൎത്ഥങ്ങളേയും സാധിക്കണമെന്നുള്ളവർ കരുണാസിന്ധുവും കാമിതാൎത്ഥപ്രദനും ഭഗവാനും ആയ സുന്ദരേശ്വരനെ സേവിക്കുകയോ ധ്യാനിക്കുകയോ ചെയ്യേണ്ടതാകുന്നു.

അല്ലയോ മുനിപുംഗവന്മാരെ! ഇപ്രകാരം ആണു്, ശ്രീഹാലാസ്യാധിപനായ നീപാടവീശ്വരന്റെ അതിമനോഹരമായ അമ്പത്തിരണ്ടാമത്തെ ലീല. ഇതിനെ പഠിക്കുകയും കേൾക്കുകയും ചെയ്യുന്നവൎക്ക ഐഹികാമുഷ്മികങ്ങളായ സകലസൌഭാഗ്യങ്ങളും ലഭിക്കുന്നതാകുന്നു.

ശൈവബ്രാഹ്മണകുമാരന് സുകൃതിപ്രദാനംചെയ്ത
അമ്പത്തിരണ്ടാം ലീല സമാപ്തം.

# ഹാലാസ്യമാഹാത്മ്യം

## കേരളഭാഷാഗദ്യം

### ൫൩-ാം അദ്ധ്യായം.

### നൽകീരാനുഗ്രഹണം എന്ന

### അമ്പത്തിമൂന്നാം ലീല.

---

വസിഷ്ഠാദിമുനിമാർ, സൎവ്വാഗമേതിഹാസ പാരാവാരപാരംഗതനും ശിവഭക്താഗ്രഗണ്യനും ആയ അഗസ്ത്യമഹർഷിയെ വന്ദിച്ചുകൊണ്ടു്, അല്ലയോ സമുദ്രചുളുകനും മൈത്രാവരുണനും ശൈവാഗമവേദിയും ആയ കുംഭസംഭവ! ഹൈമവതീവല്ലഭനായ സാക്ഷാൽ ശ്രീപരമേശ്വരന്റെ നിടില നേത്രാഗ്നിയുടെ ചൂടുകൊണ്ടു് സന്താപക്രാന്തനായി ഹേമപത്മിനിയിൽ മജ്ജനംചെയ്ത നല്കീരന്റെ അനന്തരഗതിയെന്തായിരുന്നെന്നുകൂടി ഞങ്ങളെ കേൾപ്പിക്കണമെന്നപേക്ഷിച്ചു.

അഗസ്ത്യൻ അതുകേട്ട്, അല്ലയൊ മുനിപുംഗവന്മാരെ! മായാവിയുംലീലാവിനോദിയുമായ സുന്ദരേശ്വരൻെറ അടുത്തചില അപരാധിയായനക്കീരനെ രക്ഷിച്ചതാണ്. ഞാൻ അതുതന്നെ ഇനി നിങ്ങളോടുപറയാം. നിങ്ങൾശ്രദ്ധാപൂൎവ്വം കേട്ടുകൊള്ളുവിൻ. എന്നിങ്ങനെപറഞ്ഞുംകൊണ്ട് വീണ്ടും താഴെവരുമാറു ലീലാശേഷത്തെ തുടൎന്നു:-

നൽകീരൻ ശിവനേത്രാഗ്നിയുടെ ചൂടുകൊണ്ട് പരവശനായിഹേമപത്മാകരത്തിൽ മുങ്ങിയും പൊങ്ങിയും വലയുന്ന അവസരത്തിൽ കപിലാദികളായ മററുസംഘകവികൾക്ക് നക്കീരനോടുള്ള സ്നേഹംനിമിത്തം വിദ്വൽഗോഷ്ഠിയിലും പരമശിവദത്തവും ദിവ്യവുമായ സംഘപ്പലകയിലും ഉള്ളവാസത്തിലോ ഭോഗാനുഭവങ്ങളിലോ യാതൊരുശ്രദ്ധയുമില്ലാതായെന്നുമാത്രമല്ല പരമശിവദ്വേഷശാന്തിക്കവേണ്ടി എന്താണു പ്രവൎത്തിക്കേണ്ടതെന്നുള്ള വിചാരം ഇതില്ലാതെ അവരെപീഡിക്കുകയുംചെയ്തു.

അനന്തരം അവർ ശിവദ്വേഷ ശാന്തിക്കവേണ്ടിസുന്ദരേശ്വരഭജനം ചെയ്യുകതന്നെ പ്രതിവിധിയെന്നു നിശ്ചയിച്ച്, എല്ലാവരുംകൂടെ സുന്ദരേശ്വരസന്നിധാനത്തിൽച്ചെന്നു നാനാവൃത്തങ്ങളും ഭക്തിരസപൂൎണ്ണങ്ങളും ആയ സ്തുതിപദങ്ങളേക്കൊണ്ട്, കൃപാധീനനും ഭക്താപരാധക്ഷമിയും ആയ ചൊക്കനാഥസുന്ദരനെ സാഷ്ടാംഗപ്രണാമത്തോടുകൂടെ ഇപ്രകാരം സ്തുതിച്ചു.

"സുന്ദരേശ്വര! സൎവ്വേശ! സൎവ്വജ്ഞ! ശശിഭൂഷണ!
സോമസൂൎയ്യാഗ്നിനയന! രക്ഷാസ്മാനംബികാപതേ ൧
സുരാസുരനരാദ്യൈശ്ച പൂജിതാംഘ്രിസരോരുഹ!
പുരന്ദരവിമാനസ്ഥ! പാഹ്യസ്മാൻപാപപീഡിതാൻ ൨
കരുണാവാരിധേ! കാലഹര! കാമഹര! പ്രഭോ!
കാളകൂടഹരോദാരകണ്ഠ! ഹരാസ്മാനാശ്രുപാവയ! ൩
സുമീനാക്ഷീപതേ! ശംഭോ! ശ്രീമധുരാന്നായക!
സൎവ്വേഷാംജഗതാമാദൌ സൎവ്വസംഭൂതാത്മപാഹിനഃ ൪
പദേപദ്മനാം ഭക്താനാം സദാനന്ദസുഖദായക!
ഭൂപതിസമുദ്രസന്മഗാ നസ്മാംസ്ത്വസ്മാത് സമുദ്ധര ൫
ഭൂലോകശിവലോകേശ! സാലോക്യാദിപദപ്രദ!
ത്രൈലോക്യരക്ഷാദക്ഷാ സ്മാനാലോകയകടാക്ഷതഃ ൬
മഞ്ജീരമഞ്ജുളപദ! ഖഞ്ജീകൃതയമദ്രുമ!
സംജീവയസദാ പാസ്മാൻ പുംജീഭൂതഭവാമയാൽ ൭
ചൎമ്മാംബരധരാശേഷ ധൎമ്മകാമാൎത്ഥമോക്ഷദ!
കൎമ്മഗ്രാഹമസ്മാസു ശൎമ്മ! സൃഷ്ടിസ്ഥിതിമോക്ഷക! ൮
നിത്യാനന്ദ! നിരാധാര! നിൎമ്മലാനേകശൎമ്മദ!
നിഷ്കളാനന്ത! സകള! പരമാത്മന്നമോസ്തുതേ! ൯
കായേനമനസാവാചാ ജഗതാമീശ്വരേത്വയി
കൃതാപരാധാനസ്മാംശ്ച ത്രാഹിത്രാഹിദയാനിധേ! ൧൦

കപിലാദികളായ സംഘകവികൾ ഇപ്രകാരമുള്ള അനേക സ്തോത്രങ്ങളെക്കൊണ്ടു്, പിന്നെയും പിന്നെയും സ്തുതിപ്രിയനായ ഹാലാസ്യാധിപനെ സ്തുതിക്കുകയും നമസ്കരിക്കുകയും ചെയ്തിട്ടു് ഇപ്രകാരം അപേക്ഷിച്ചു:—

“അല്ലയോ ഭഗവാനെ! അവിടത്തെ അനുഗ്രഹംകൊണ്ടു് ഞങ്ങൾക്കു ലഭിച്ചതും സംഘമണ്ഡപമദ്ധ്യത്തിൽ സ്ഥാപിതവും ആയ സംഘപ്പലകയിൽ, ഞങ്ങൾ നാല്പത്തിഏട്ടുപേരുംകൂടി ഒന്നായി വസിച്ചു് ഇതേവരെയും സുഖഭോഗങ്ങളെ ഭുജിക്കുകയും അങ്ങയുടെ പാദസേവയെ ചെയ്യുകയും, വിദ്യാപ്രമേയങ്ങളെക്കൊണ്ടു്, ഗോഷ്ഠിയെ അലങ്കരിക്കുകയും, ചെയ്തുവന്നു. ലീലാർത്ഥം സൃഷ്ടിസ്ഥിതിസംഹാരവിധായകത്വത്തെ നിർവ്വഹിച്ചുപോരുന്നഅല്ലയോ കരുണാലയ! ഇപ്പോൾ ഞങ്ങളുടെ സംഘമുഖ്യന്മാരിൽ ഏകനായ നൽകീരന്റെ അഭാവംകൊണ്ടു ഞങ്ങൾക്കു വലുതായ സംകടംനേരിട്ടിട്ടുണ്ടു്. നൽകീരനില്ലാത്ത ഞങ്ങളുടെസംഘം ചന്ദ്രനില്ലാത്ത രാത്രിപോലെ അത്യന്തം അശോഭനമായി പ്രകാശിച്ചിരിക്കുകയാണു്. അജ്ഞനായ അവൻ മോഹം ഹേതുവായിട്ടു്, നിന്തിരുവടിയെ അപേക്ഷിച്ചു. നിന്തിരുവടി അവന്റെ ആ അപരാധം ക്ഷമിക്കണം. പശ്ചാത്താപിതനായ അവൻ, ഹേമപത്മിനീതീർത്ഥത്തിൽ മുങ്ങിയും പൊങ്ങിയും കിടന്നുകൊണ്ടു്, അവിടത്തെ പ്രീതിക്കുവേണ്ടി, ശബ്ദാർത്ഥമനോഹരവും, അന്താദിരൂപവും ആയ സ്തോത്രത്തെ ഉണ്ടാക്കുന്നുണ്ടു്. ഭഗവാൻ ഹേമപത്മിനീതീരത്തോളവും എഴുന്നെള്ളി നൽകീരകൃതമായ സ്തുതിയെക്കേട്ടു്, സന്തുഷ്ടനായി അപരാധിയായ അവനെ അനുഗ്രഹിക്കണം.

ഭക്താർദ്രമാനസനായ പരമേശ്വരൻ സംഘകവികളുടെമേൽപ്രകാരമുള്ള അപേക്ഷകേട്ടു ഇതിൽപരമില്ലാതെ സന്തോഷിച്ചു. അനന്തരം അദ്ദേഹം മീനാക്ഷീ ഭഗവതിയോടുകൂടെ പ്രത്യക്ഷനായി ഹേമപത്മിനീതീരത്തിൽപോയി നൽകീരകൃതമായ സ്തോത്രംകേട്ടു് ഏററവും സന്തുഷ്ടനായി മന്ദഹാസപൂർവ്വം നൽകീരനോടു് എനിക്കു നിന്റെമേൽ യാതൊരു അപ്രിയവും ഇല്ല. ഞാൻ നിന്റെ സകല അപരാധങ്ങളേയും ക്ഷമിച്ചിരിക്കുന്നു എന്നു പറകയും സ്വർണ്ണപങ്കേരുഹപ്രസൂനോപമങ്ങളായ തൃക്കരങ്ങൾ നീട്ടി ഹേമപത്മിനീജലത്തിൽ മുങ്ങിയും പൊങ്ങിയും വലയുന്ന നൽകീരനെ പിടിച്ചുകേററുകയുംചെയ്തു.

സുന്ദരേശ്വരന്റെ കരസ്പർശം ഉണ്ടായ മാത്രയിൽതന്നെ നൽകീരന്റെ സകലപാപങ്ങളും അസ്തമിക്കുകയും അദ്ദേഹം ശാന്തതാപനും സന്തുഷ്ടഹൃദയനും ആയിത്തീരുകയുംചെയ്തു. അനന്തരം നൽകീരസഹിതന്മാരായ സംഘകവീശ്വരന്മാർ, ദേവദേവനായ സാംബന്റെയും ലോകമാതാവും സർവ്വജ്ഞയും ആയ ദേവിയുടേയും ശ്രീചരണാംബുജങ്ങളെ നമസ്കരിക്കുകയും, ആ ദമ്പതികളുടെ അത്ഭുതമായ തേജോവിലാസത്തേയും സൌന്ദര്യത്തെയും കണ്ടു് ഇതിൽപരമില്ലാതെ വിസ്മിതമാനസന്മാരും സന്തോഷസാഗരനിമഗ്നന്മാരും ആയിട്ടിപ്രകാരം സ്തുതിക്കുകയുംചെയ്തു.

പിതാമഹശിരശ്ഛേദപ്രവണപാണിനഖാംബുജ!
നമസ്തുഭ്യംനമസ്തുഭ്യം നമസ്തുഭ്യംമഹേശ്വര! ൪
ശൈലരാജാത്മജാമാതഃ! ശാതകുംഭനിഭപ്രഭ!
നമസ്തുഭ്യംനമസ്തുഭ്യം നമസ്തുഭ്യംമഹേശ്വരി! ൫
ഭൂതനാഥപുരാരാതേ! ഭുജംഗകൃതഭൂഷണ!
നമസ്തുഭ്യംനമസ്തുഭ്യം നമസ്തുഭ്യംമഹേശ്വര! ൬
നിശുംഭശുംഭപ്രമുഖ ദൈത്യശിക്ഷണദക്ഷിണേ!
നമസ്തുഭ്യംനമസ്തുഭ്യം നമസ്തുഭ്യംമഹേശ്വരീ. ൭
പാദപ്രണതഭക്താനാം പാരിജാതഗുണാധികേ!
നമസ്തുഭ്യംനമസ്തുഭ്യം നമസ്തുഭ്യംമഹേശ്വരി. ൮
ഹാലാസ്യേശ! ദയാമൂർത്തേ ഹാലാഹലലസൽഗള!
നമസ്തുഭ്യംനമസ്തുഭ്യം നമസ്തുഭ്യംമഹേശ്വര! ൯
നിതംബിനിമഹേശസ്യ കദംബവനനായികേ!
നമസ്തുഭ്യംനമസ്തുഭ്യം നമസ്തുഭ്യംമഹേശ്വരി. ൧൦

ഇപ്രകാരം ആ കവീശ്വരന്മാർ മഹേശ്വരീമഹേശ്വരന്മാരെ സ്തുതിക്കുകയും, നമിക്കുകയും ചെയ്തു. മധുരഭാഷണനും മധുരാപുരനായകനും ആയ സുന്ദരേശ്വരൻ കൃപാപൂർവ്വം സംഘകവീശ്വരന്മാരെ കടാക്ഷിച്ചുംകൊണ്ടു് ഇപ്രകാരം പറഞ്ഞു.

"നിങ്ങൾ പഴയപോലെ സംഘമണ്ഡപത്തിൽഉള്ള വിദ്യാപീഠത്തിൽ വസിച്ചുകൊണ്ടു്, നിരന്തരമായിട്ടുള്ള വിദ്യാപ്രസംഗാദികളോടുകൂടെ സൌഖ്യമായി കാലംകഴിച്ചുകൊള്ളുവിൻ. നിങ്ങൾക്കു് യാതൊരുതടവും കൂടാതെ ഇഹാമുത്രസൌഖ്യങ്ങൾ ലഭിക്കും."

അനന്തരം അദ്ദേഹം ദേവിയോടുകൂടെ തിരോധാനംചെയ്തു. ദേവദേവൻെറ സാന്നിദ്ധ്യംകൊണ്ടു സർവ്വമനോരഥങ്ങളും സാധിച്ചവരായ ആ സംഘകവീശ്വരന്മാർ, സംഘപീഠസ്ഥരായി വളരെക്കാലം വസിച്ചു, അമിതസൌഖ്യങ്ങളെ ഭുജിച്ചു.

അല്ലയോ മുനീശ്വരന്മാരേ! കരുണാവരുണാലയനായ സുന്ദരേശ്വരൻ അപരാധിയായ നൽകീരനെ രക്ഷിച്ചതായ അമ്പത്തിമൂന്നാമത്തെ ലീല ഇപ്രകാരമാണു്. ഈ ലീലയെ പഠിക്കുകയും കേൾക്കുകയും ചെയ്യുന്നവർ, കാലകാലനും കാമാരിയും, കദംബവനവാസിയും, ആയ ശങ്കരൻെറകൃപാപൂരംകൊണ്ടു്, മുക്തമോഹനും ശുദ്ധാത്മാവും ആയി മുക്തിയെ പ്രാപിക്കുമെന്നുള്ളതിനു യാതൊരുസംശയവും ഇല്ല."

നൽകീരാനുഗ്രഹണം എന്ന
അമ്പത്തിമൂന്നാമത്തെ ലീല സമാപ്തം.

# ഹാലാസ്യമാഹാത്മ്യം

### കേരളഭാഷാഗദ്യം.

### ൰൦ ാം അദ്ധ്യായം.

### നൽകീരന്ന് സൂത്രോപദേശം ചെയ്ത

## അമ്പത്തിനാലാം ലീല.

---

പിന്നെയും അഗസ്ത്യമഹർഷി വസിഷ്ഠാദിമുനിമാരെ ആദരപൂർവ്വം സംബോധനചെയ്തുകൊണ്ടു ഇനി ഞാൻ ഹാലാസ്യവാസിയായ പരമേശ്വരൻ എന്നേക്കൊണ്ടു്, നൽകീരന്ന ദ്രാവിഡസൂത്രം ഉപദേശിപ്പിച്ചുകൊടുത്ത ലീലയെ നിങ്ങളെ കേൾപ്പിക്കാമെന്നിങ്ങനെ പറഞ്ഞിട്ടു്, സൂത്രോപദേശകരണം എന്ന അമ്പത്തിനാലാമത്തെ ലീലയെ താഴെ പറയുമാറാരംഭിച്ചു.

ശിവനേത്രാഗ്നിയാൽ തപ്തനായി ശിവതീർത്ഥമായ ഹേമപത്മിനിയിൽ മുങ്ങിയും പൊങ്ങിയും കുടിച്ചും മറിഞ്ഞും അനന്യശരണനായുഴലുന്ന നൽകീരൻ, ഹാലാസ്യനാഥനായ പരമശിവനെ ഭജിച്ചുതന്നെ സൌഖ്യത്തെ പ്രാപിച്ചു. അദ്ദേഹത്തിനാൽ അല്ലാതെ ദേവേന്ദ്രാദികളെക്കൊണ്ടുപോലും അദ്ദേഹത്തിന്റെ നേത്രാനലകോപത്തിന്ന പാത്രീഭൂതരായവരെ രക്ഷിക്കാൻ ഒക്കുകയില്ല. അതുകൊണ്ടത്രെ ശ്രീമദ്ധാലാസ്യനാഥനായ അദ്ദേഹത്തിന്റെ ലോടനയനത്താൽ ഈക്ഷിതനായ് നൽകീരൻ, ഹേമപത്മിനിയിലെ അമലമായ സലിലത്തിൽ നിമഗ്നനായപ്പോൾ താപനിവാരിതനായിത്തീൎന്നതു്. ശിവദ്രോഹപാപശാന്തിക്കുള്ള ദിവ്യൗഷധം ശിവതീർത്ഥമജ്ജനം തന്നെ എന്നുള്ളതിന്ന ഇതു ഒരു ഉത്തമദൃഷ്ടാന്തമാണ്. ഉടനടി ഇഷ്ടഫലം നൽകുന്നതായി ശിവതീർത്ഥം പോലെ മൂന്നുലോകത്തിലും, യാതൊരു പാവനവസ്തുവും ഇല്ല. അതിലും ഹേമപത്മാകരത്തിന്റെ മഹത്വത്തിന്ന യാതൊരവസാനമില്ലെന്നുള്ളതു കഴിഞ്ഞലീലകൊണ്ടു മനസ്സിലാക്കീട്ടും ഉണ്ടല്ലോ. ഹേമപത്മാകരത്തിന്റെ മാഹാത്മ്യത്തെ മേൽപ്രകാരം നൽകീരൻ അനുഭവിച്ചറിഞ്ഞ കാലംമുതൽ ദിവസംപ്രതിയും കാലത്രയത്തിലും ഒന്നുപോലെ അതിൽപോയി സ്നാനം ചെയ്തു്, സുന്ദരീസുന്ദരേശന്മാരെ പ്രദക്ഷിണ സ്തോത്രപ്രണാമങ്ങൾ ചെയ്തു സേവിച്ചുവന്നു.

ഇങ്ങനെ തുടങ്ങിയ നൽകീരന്റെ നിത്യസേവകൊണ്ടു്, പ്രസന്നനായ ഭഗവാൻ ഹാലാസ്യനായകൻ, അവന്റെ അജ്ഞാനം നശിക്കുന്നതിന്ന ഒരുവഴിയുണ്ടാക്കണമെന്നും, അവന്ന് ദ്രാവിഡസൂത്രജ്ഞാനം ഇ

ല്ലാത്തതുകൊണ്ടാണ്, സുശബ്ദങ്ങളെ അപശബ്ദങ്ങളായി വിചാരിച്ച്, ഗ ർവ്വംമൂലം നൽക്കവികൾക്ക കുററം പറയുന്നതെന്നും, ഇവ രണ്ടിനും ദ്രാവി ഡസൂത്രോപദേശംകൊണ്ടു സമാധാനമുണ്ടാകുമെന്നും നിശ്ചയിച്ചു.

അനന്തരം, ഉപദേഷ്ടാവായി ഒരാൾ വേണമെല്ലൊ. അതിനാരാണ. ദ്രാവിഡസൂത്രോപദേശത്തിന വേണ്ടസാമൎത്ഥ്യം ഉള്ളവരായി ഞാൻ ഈ ലോകത്തിൽ ആരേയും കാണുന്നില്ലല്ലോ. എന്താണുചെയ്യുക; എന്നിങ്ങ നെയുള്ള വിചാരത്താൽ, സുന്ദരേശ്വരമൂൎത്തി പീഡിതനായതിനെ മീനാ ക്ഷീഭഗവതി മനസ്സിലാക്കീട്ടു ഇപ്രകാരം പറഞ്ഞു.

അല്ലയോ സ്വാമിൻ! സൎവ്വജ്ഞ! സൎവ്വേശ! ഭക്താധീന! പരാല്പര! എനിയ്ക്കുവിടത്തെ മനോഗതം മനസ്സിലായി. നിന്തിരുവടി വിചാരിക്ക ന്നതുപോലെ ദ്രാവിഡസൂത്രോപദേശംകൊണ്ടു നൽകീരന്റെ അജ്ഞാനം നശിക്കും. ശബ്ദാൎത്ഥസുഭഗങ്ങളായ കാവ്യങ്ങൾക്ക മേലാൽ അവൻ കുററം പറയുന്നതും അല്ല. അവിടുന്നിപ്പോൾ വിചാരിക്കുന്നതു്, സൂത്രവേത്താ ക്കളായി ആരും ഇല്ലാത്തതിനാൽ സൂത്രോപദേഷ്ടാവായി ഒരാളെ കിട്ടി ക്കൊള്ളുന്നതു് വലിയ പ്രയാസമാണെന്നല്ലെ. ആ സംഗതിയിൽ അവി ടുന്നു ചുറേറണ്ടാ. അതിനുതക്കതായ ആളെ ഞാൻ കണ്ടിട്ടുണ്ടു്.

സുന്ദരേശ്വരൻ അതാരാണെന്നു ചോദിച്ചു:—
ഭഗവതി പറഞ്ഞു:—

അതു മററാരുമല്ല. പണ്ടു് കൈലാസശൈലവാസിയായ ഭഗവാനെ കാണുന്നതിനുവേണ്ടി ബ്രഹ്മാവും, വിഷ്ണുവും, മുപ്പത്തിമുക്കോടി ദേവന്മാരും, അവരുടെഗണങ്ങളും വാഹനങ്ങളും സനകസനന്ദസനൽകുമാരാദികളായ മഹൎഷിസഞ്ചയങ്ങളും മററും ഒന്നായി വന്ന അവസരത്തിൽ ഭാരംകൊണ്ടു ഭൂമിയുടെ ഉത്തരഭാഗം താഴുകയാൽ ഭയാകുലരായ അവർ ഭഗവാനെ നമസ്കരി ച്ചുംകൊണ്ടു്, അങ്ങേയ്ക്കു തുല്യം മഹത്വത്തോടുകൂടിയ ഒരാളെ ഭൂമിയുടെ തെക്കേഭാഗമായ മലയാദ്രിയിൽ വസിക്കുന്നതിനായി അയച്ചു ഭൂമിയുടെ ഉത്തരദക്ഷിണഭാഗങ്ങളെ ഒന്നുപോലെ ആക്കണമെന്നു അപേക്ഷിച്ചപ്പോൾ ഭഗവാൻ അവരോടു എനിക്കുതുല്യം മറെറാരു പുരുഷനും ഗൌരിക്കുതുല്യം മറെറാരു സ്ത്രീയും ഭൂലോകത്തിൽ ഇല്ലെങ്കിലും, അത്യുന്നതമായ തപോബല വും, അനിതരസാധാരണങ്ങളായ സ്വഭാവവൈശിഷ്ട്യങ്ങളുംകൊണ്ടു്, ഏ താണ്ടു് എനിക്കുതുല്യം ഒരു പുരുഷനും ഗൌരിക്കുസാമ്യം ഒരു സ്ത്രീയും ഉ ണ്ടു്. അതിൽ പുരുഷൻ എല്ലായ്പോഴും ഒരുപോലെ തപോനിഷ്ഠനായി മദ്ധ്യാനത്തോടും ശിവോഹം എന്നുള്ള ഭാവനയോടുംകൂടെ കാലംനയിച്ചു വരുന്ന കുംഭസംഭവനും, സ്ത്രീ അവന്റെ ഭാൎയ്യയും പാതിവ്രത്യത്തിൽ അഗ്രഗണ്യയും സൌന്ദൎയ്യഭാവനയോടുകൂടിയവളും പതിവ്രതാശിരോമണി

യും കുംഭസംഭവന്റെ ധൎമ്മപത്നിയുമായ "ലോപാമുദ്രയും" ആണ്. ഭഗവതീഭഗവാന്മാരായ ഞങ്ങളുടെ ചിത്തം ഭക്തശിരോരത്നങ്ങളായ ഇവരുടെ ഹൃദയത്തിൽ രമിക്കുന്നതുപോലെ ശ്രീകൈലാസം, മേരു, മന്ദരം, കാശി, ഹാലാസ്യം എന്നുള്ള പുണ്യസ്ഥലങ്ങളിൽപ്പോലും രമിക്കുന്നില്ല. അതുകൊണ്ട് ഞങ്ങൾക്കു ഏതാണ്ട് തുല്യമെന്നു പറയാൻ കഴിയുന്നവരായ അവരെ തെക്കോട്ടേക്കയക്കാം എന്നു പറഞ്ഞുംകൊണ്ട് നിന്തിരുവടി അഗസ്ത്യരെ കടാക്ഷിച്ചപ്പോൾ അഗസ്ത്യൻ അനേക ദണ്ഡനമസ്കാരം ചെയ്തുംകൊണ്ട് അവിടത്തെ ആജ്ഞപ്രകാരം എനിക്കു എവിടെ പോകുന്നതിനും സമ്മതം തന്നെ. എന്നാൽ ഞാൻ അവിടെ ചെല്ലുമ്പോൾ തദ്ദേശവാസികളായ ദ്രാവിഡർ, അവൎക്കു ദ്രാവിഡസൂത്രം ഉപദേശിച്ചുകൊടുക്കണമെന്ന് എന്നോടാവശ്യപ്പെട്ടും. എനിക്കു ദ്രാവിഡസൂത്രം അറിയാനും പാടില്ല. അതുകൊണ്ട് ഭഗവാൻ എനിക്കു ദ്രാവിഡസൂത്രങ്ങൾ ഉപദേശിച്ചുതന്നുംവെച്ച് എന്നെ മലയാദ്രിവാസത്തിനായി യാത്രയാക്കണം എന്നിങ്ങനെ അഭിവാദ്യപൂൎവ്വമായി ചെയ്ത പ്രാൎത്ഥനയെ അവിടുന്നു ശിരസാവഹിച്ചുകൊണ്ട്, ദ്രാവിഡസൂത്രങ്ങൾ വഴിപോലെ അഗസ്ത്യനുപദേശിക്കുകയും അവൻ അതു മുഴുവനും വഴിപോലെ ഗ്രഹിച്ചുംകൊണ്ട് ഇനി എന്നാണ് ഭഗവദ്ദൎശനത്തിനു ഇനിക്കു സംഗതിയാകുന്നതെന്നു ചോദിച്ചപ്പോൾ, ദക്ഷിണദിക്കിൽ നീപവനത്തിൽ പാപനാശനമായി ഹാലാസ്യം എന്നു പേരോടുകൂടിയ ഒരു മഹാക്ഷേത്രം ഉണ്ട്. ഭോഗാരാന്തസ്ഥാനമായ അതിൽ, അനാദിഭൂതമായ എന്റെ മൂലലിംഗം അഭംഗുരമായ എല്ലാ ലീലാവൈഭവങ്ങളോടും, മഹാശക്തികളോടുകൂടെ വിളങ്ങുന്നു. സച്ചിദാനന്ദസ്വരൂപനായ ആ മഹാലിംഗത്തിൽ എല്ലാക്കാലത്തും ഒന്നുപോലെ എന്റെ സന്നിധാനം ഉണ്ടായിരിക്കും. അതിൽനിന്നും ആവിർഭൂതനാകുന്ന എന്നെ ഇനിമേൽ ദൎശിച്ച് ആവശ്യമുള്ള വരങ്ങൾ വാങ്ങിക്കൊള്ളുകയും നിത്യസുഖത്തെ ലഭിച്ചുകൊള്ളുകയും ചെയ്യുക. അതുകൊണ്ടു നീ ഇപ്പോൾമുതൽ ലോകഹിതത്തിനായി മലയാദ്രിയിലേക്കുപോയി അവിടെ തപസ്സുചെയ്തുതാമസിക്കുക. തപസ്സുപോലെ നിത്യവും സുഖകരവുമായി യാതൊന്നും ഇല്ല. ഇങ്ങനെ പറഞ്ഞു, മലയാദ്രിയിലേക്കു യാത്രയാക്കിയ അഗസ്ത്യനെക്കൊണ്ടാണ് നൽകീരന് ദ്രാവിഡസൂത്രം ഉപദേശിപ്പിക്കാമെന്നു ഞാൻ പറയുന്നത്. എനിക്കറിവുള്ളതിനെ ഞാൻ നിന്തിരുവടിയെ ഓൎമ്മപ്പെടുത്തി. ഇനി അവിടത്തെ അഭിപ്രായംപോലെ ചെയ്തുകൊള്ളണം.

മീനാക്ഷീഭഗവതിയുടെ ഈ പുരാവൃത്തകഥനംകേട്ട് ആനന്ദതുന്ദിലനായ ഭഗവാൻ സന്തോഷപൂൎവ്വം ഭഗവതിയെ തലോടിയുംകൊണ്ട് അല്ലയോ ദാക്ഷായണി! ഭവതി ഈ പൂൎവ്വവൃത്താന്തം ഈ അവസരത്തിൽ എന്നെ ഓൎമ്മിപ്പിച്ചതു വളരെ നന്നായി. അഗസ്ത്യനല്ലാതെ ഞാൻ ദ്രാവിഡസൂത്രം ഭൂമിയിൽ ആൎക്കും ഉപദേശിച്ചുകൊടുത്തിട്ടില്ല. അതുകൊണ്ട് അവനെക്കൊണ്ടു ഇപ്പോൾത്തന്നെ നൽകീരനു ദ്രാവിഡസൂത്രം ഉപ

ദേശിപ്പിച്ചുകൊടുക്കാം. എന്നിങ്ങനെപറഞ്ഞിട്ട്, കരുണാവരുണാലയനും ഹാലാസ്യവാസിയുംആയ ഭഗവാൻ സുന്ദരേശ്വരൻ എന്നെ സ്മരിച്ചു. ഉടൻതന്നെ ഞാൻ എന്റെ ഭാൎയ്യയായ അരുന്ധതിയോടുകൂടെ വിമാനത്തിൽ കയറി മലയാചലത്തിൽനിന്നും ഹാലാസ്യത്തിലേക്കു പോയി. ഭഗവൽസന്നിധിയിൽചെന്നു് സാഞ്ജലിപാണിയായി നിന്നു. അദ്ദേഹം മീനാക്ഷിയോടുകൂടെ് ഉടൻതന്നെ എന്റെമുമ്പിൽ പ്രത്യക്ഷനായി. അത്യന്തഹീനന്മാരും നിത്യരും വേദാന്തവാക്യവേദ്യരും പ്രപഞ്ചമാതാപിതാക്കന്മാരുമായ ആ ജായാപതികളെ കണ്ടപ്പോൾ എനിക്കുണ്ടായ സന്തോഷവും ആനന്ദവും ഇത്രമാത്രം ആയിരുന്നെന്നു് ഞാൻ പറയേണ്ടതില്ലല്ലൊ. ആനന്ദാത്ഭുതസന്തോഷങ്ങളെക്കൊണ്ടു് ഞാൻ കൎത്തവ്യമെന്തെന്നറിയാതെ ചിത്രംപോലെ നിശ്ചലനായി നിന്നുപോയി. കുറേക്കഴിഞ്ഞുഉടനെ ഞാൻഉണൎന്നു അവരുടെ പാദാംബുജങ്ങളിൽ നമസ്കരിച്ചു് എന്റെ കണ്ണിണകളിൽക്കൂടി വഴിഞ്ഞൊഴുകുന്ന ആനന്ദബാഷ്പം തുടച്ചു് അഭിനവസ്വരൂപികളായ ആ ദമ്പതികളുടെ പാവനവിഗ്രഹങ്ങൾ വീക്ഷിച്ചു് പരമാനന്ദസൗഖ്യമനുഭവിച്ചുകൊണ്ടു് നില്ക്കുമ്പോൾ നൾകീരൻ പതിവുപോലെ കുളിച്ചു് ഭസ്മരുദ്രാക്ഷാദികളും അണിഞ്ഞു്, ആനന്ദമൂൎത്തിയെ ദൎശിക്കുന്നതിനായിവന്നു.

ഭഗവാൻ ഉടൻതന്നെ എന്നെനോക്കി, അല്ലയോ അഗസ്ത്യാ നീ ഇവനു് ദ്രാവിഡസൂത്രങ്ങൾ ഉപദേശിച്ചുകൊടുക്കുകയെന്നു കല്പിച്ചു. ഞാൻ പരമഗുരുവായ സുന്ദരേശ്വരന്റെ ആജ്ഞയെ ശിരസാവഹിച്ചുകൊണ്ടു് നൾകീരനു് ക്രമപ്രകാരം ദ്രാവിഡസൂത്രങ്ങൾ എല്ലാം കദംബകാനനവാസിയായ ഹാലാസ്യേശ്വരന്റെ സന്നിധിയിൽ വച്ചുതന്നെ ഉപദേശിച്ചുകൊടുത്തു. ഞാൻ യാതൊരു വ്യത്യാസവുംകൂടാതെ സൂത്രോപദേശം ചെയ്യുന്നതിനെക്കേട്ടു് സന്തുഷ്ടമാനസനായ സുന്ദരേശ്വരൻ എന്നെ അനുഗ്രഹിച്ചു് എനിക്കു വേണ്ട എല്ലാ വരങ്ങളും നൽകി.

മീനാക്ഷി ഉടനെ ഭഗവാനോടു്, അല്ലയോ സുന്ദരേശ്വര! ഭൎത്താവെ! നിന്തിരുവടിതന്നെ ഭക്തശിരോമണിയായ നൾകീരനു് സൂത്രങ്ങൾ ഉപദേശിച്ചുകൊടുക്കാതെ അഗസ്ത്യമഹൎഷിയെ വരുത്തി അദ്ദേഹത്തെക്കൊണ്ടു് ഉപദേശിപ്പിച്ചുകൊടുക്കുന്നതു്, എന്തുകൊണ്ടാണു് എന്നുചോദിച്ചു.

സുന്ദരേശ്വരൻ ഈശ്വരിയുടെ ആ ചോദ്യത്തിനു ഇപ്രകാരം മറുപടിപറഞ്ഞു:—

“അല്ലയോ ഹൈമവതി! ഉപദേശംകൊടുക്കുന്നതു് തന്നെ സേവിക്കുന്നവൎക്കു് അൎത്ഥംതരുന്നവനും തന്റെ ആജ്ഞകൾ കേൾക്കുന്നവനും മാത്സൎയ്യാദിദോഷവിഹീനനും മാത്രമേ ആകാവു. പരീക്ഷിക്കാതെ യാതൊരുവിദ്യകളും ഗുരുക്കന്മാർ ശിഷ്യന്മാൎക്കുപദേശിച്ചുകൊടുക്കരുതു്. നൾകീ

രൻ എന്നോടുപിണങ്ങിയവനാണു്. അതുകൊണ്ടത്രേ ഞാൻ അവനുപദേശം കൊടുക്കാഞ്ഞതു്.

സുന്ദരേശ്വരൻ ഇപ്രകാരം പറഞ്ഞിട്ടു് ഭഗവതിയോടുകൂടെ അന്തർദ്ധാനംചെയ്തു. ഞാനും ഭാൎയ്യാസമേതനായി ഭഗവല്ലിംഗപൂജാനന്തരം മലയാചലത്തിലേക്കു മടങ്ങി. സൂത്രംപഠിച്ചു് സംശയങ്ങൾ അകന്ന നൽകീരൻ പൂൎവ്വാധികമായ ഭക്തിയോടുകൂടെ സുന്ദരേശ്വരനെ സ്തുതിച്ചു. അതിന്റെശേഷം മുമ്പിൽ സുന്ദരേശ്വരൻ ഉണ്ടാക്കിയ കാവ്യത്തിന്റേയും താൻ ഉണ്ടാക്കിയ കാവ്യത്തിന്റേയും ഗുണദോഷങ്ങൾ, സൂത്രാനുസാരമായി ചിന്തിച്ചു്, ഭഗവാനുണ്ടാക്കിയ കാവ്യത്തിന്റെ ഗുണങ്ങളും താൻഉണ്ടാക്കിയ കാവ്യത്തിന്റെ ദോഷങ്ങളും മനസ്സിലാക്കി ഭഗവാന്റെ കാവ്യത്തെപ്പററി ഏററവും സ്തുതിച്ചു. വിപ്രകുമാരനു ഭഗവാൻ പണ്ടെഴുതിക്കൊടുത്ത ശ്ലോകത്തെപ്പററിയും വളരെവളരെ ശ്ലാഘിച്ചു. അനന്തരം നൽകീരൻ ഭഗവാനെ ഇങ്ങനെ സ്തുതിച്ചു:—

“ഭഗവൻകരുണാമൂൎത്തേ! കദംബവനനായക!
അപാരാദപരാധാബ്ധേ മാമുദ്ധരകൃതാന്മയാ
യുഷ്മദ്വാക്യംദൂഷയതാം ദുഷ്കൃതംമഹദസ്തിഹി
തദ്ദുഷ്കൃതമഹാപാപ ബന്ധം മാംമോചയപ്രഭോ!
അജ്ഞാനാൽകൃതമപ്യല്പ മപരാധം ജനൈസ്സകൃൽ
പുരുഷാസ്സൽഗുണാലോകേ ക്ഷമന്തേതത്തുനാത്ഭുതം
ജ്ഞാനേനകൃതമപ്യുഗ്ര മപരാധംമയാപുനഃ
ക്ഷമസേനിൎഗ്ഗുണസ്ത്വം യത്തദേവാത്യത്ഭുതംഭുവി.”

മേൽപ്രകാരം സ്തുതിച്ചു സുന്ദരേശ്വരനെ പ്രസാദിപ്പിച്ചും വച്ചു സംഘമണ്ഡപത്തിൽ പോയി കപിലാദികളായ മററുകവികൾക്കും സൂത്രോപദേശം ചെയ്തു. അവരിൽ നിന്നും മററനവധി ആളുകൾ സൂത്രംപഠിച്ചു. ഇങ്ങനെയാണു ദ്രാവിഡസൂത്രം ഭുവനപ്രസിദ്ധമായതു. അല്ലയോ വസിഷ്ഠാദികളെ, ഭഗവാനോടു പിണങ്ങിയ നൽകീരനു് എന്നെക്കൊണ്ടു ദ്രാവിഡസൂത്രം ഉപദേശിപ്പിച്ചുകൊടുത്ത അദ്ദേഹത്തിന്റെ അമ്പത്തിനാലാം ലീല ഇപ്രകാരം ആണു്. ഈ ലീലയെ കേൾക്കുകയും പഠിക്കുകയും ചെയ്യുന്നവൎക്കു സമ്പത്തും ആരോഗ്യവും മോക്ഷവും ഉണ്ടാകും.”

നൽകീരനു സൂത്രോപദേശം ചെയ്ത
അമ്പത്തിനാലാം ലീല സമാപ്തം.

# ഹാലാസ്യമാഹാത്മ്യം.

## കേരളഭാഷാഗദ്യം.

### ൫൫-ാം അദ്ധ്യായം.

### പ്രബന്ധതാരതമ്യം നിൎണ്ണയിച്ച

### അൻപത്തി അഞ്ചാം ലീല.

വീണ്ടും കുംഭസംഭവൻ വസിഷ്ഠാദിമഹൎഷികളെ നോക്കി "അല്ലയോ താപസവൎയ്യന്മാരെ! സുന്ദരേശ്വരൻ പ്രബന്ധതാരതമ്യം നിൎണ്ണയിച്ചു് സംഘികളുടെ ശണ്ഠയെ ശമിപ്പിച്ച അദ്ദേഹത്തിന്റെ അതിവിചിത്രമായ അൻപത്തിഅഞ്ചാമത്തെ ലീലയെ നിങ്ങൾ കേട്ടുകൊള്ളുവിൻ" എന്നിങ്ങനെ അരുളിച്ചെയ്തുകൊണ്ടു് താഴെ വരുമാറു് ലീലാകഥനം ആരംഭിച്ചു.

സൂത്രസൂക്ഷ്മാൎത്ഥവേദികളും വ്യാഖ്യാനനിൎമ്മാണത്തിൽ അതിസമൎത്ഥന്മാരും ആയ സംഘികളിൽ ഓരോരുത്തരും പ്രത്യേകംപ്രത്യേകം പ്രബന്ധങ്ങൾ ഉണ്ടാക്കി എന്റെ പ്രബന്ധമാണു രമ്യമായിട്ടുള്ളതു്, അല്ലാ എന്റെ പ്രബന്ധമാണു് രമ്യമായിട്ടുള്ളതു് എന്നിങ്ങനെ തമ്മിൽത്തമ്മിൽ വിവാദം ആരംഭിച്ചു മത്സരംവൎദ്ധിച്ചപ്പോൾ, പ്രബന്ധങ്ങൾ, എല്ലാം കൂട്ടിക്കൊണ്ടുപോയി സുന്ദരേശ്വരനെ കാണിക്കണമെന്നും അവയിൽ സുന്ദരേശ്വരൻ രമ്യംഎന്നു സമ്മതിക്കുന്നതിനെ മുകവച്ചു് വിവാദം അവസാനിപ്പിക്കണമെന്നും അവർ എല്ലാവരും കൂടി തീൎച്ചയാക്കി പ്രബന്ധങ്ങളുമായി ശിവസന്നിധിയിൽപോയി പ്രബന്ധങ്ങളെ അദ്ദേഹത്തിന്റെ മുമ്പിൽ വച്ചുംകൊണ്ടു് നക്കീരാദികളായ അവർ ഇങ്ങനെ പ്രാൎത്ഥിച്ചു.

അല്ലയോ ഭഗവൻ! കരുണാസിന്ധോ! കദംബവനനായക! കലാനിധികലാമൌലേ! അങ്ങു് ഞങ്ങളുടെ പ്രാൎത്ഥനയെ കേൾക്കേണമേ! ഞങ്ങളിൽ ഓരോരുത്തരും ദ്രാവിഡസൂത്രത്തിനു പ്രത്യേകംപ്രത്യേകം വൃത്തികൾ നിൎമ്മിച്ചു. ഇവയിൽ രമ്യമായ വൃത്തി ആരുടേതെന്നു ഞങ്ങളെക്കൊണ്ടു തീൎച്ചയാക്കുവാൻ ഒക്കാത്തതിനാൽ ഈ വിഷയത്തിൽ ഞങ്ങൾതമ്മിൽ വലുതായ വാദം നേരിട്ടിരിക്കുന്നു. ഞങ്ങൾ ഉണ്ടാക്കിയ പ്രബന്ധങ്ങളുടെ താരതമ്യവിവേചനംചെയ്തു്, അവയിൽ ഉത്തമമായതേതെന്നു വെളിപ്പെടുത്തി ഞങ്ങളുടെ വിവാദം ശമിപ്പിക്കുന്നതിനു നിന്തിരുവടിയെക്കൊണ്ടല്ലാതെ

മററാരെക്കൊണ്ടും സാധിക്കുമെന്നു തോന്നുന്നില്ല. അതുകൊണ്ടു സവ്വജ്ഞനായ നിന്തിരുവടി ഞങ്ങളുടെ ഈ പ്രബന്ധങ്ങൾനോക്കിഇവയിൽ ഉത്തമം ഏതെന്നുപറഞ്ഞു് ഞങ്ങളുടെ വാദം തീൎത്തുതരണം.

നല്കീരാദികളായ സംഘികളുടെ മേൽപ്രകാരംഉള്ള അപേക്ഷകൊണ്ടു്, അത്യന്തം സന്തുഷ്ടനായ ഭഗവാൻ സുന്ദരേശ്വരൻ സവ്വാവയവരുദ്രാക്ഷമാലാന്തരിതവിഗ്രഹനും, ഭസ്മാങ്കിതലലാടാദിപരിശോഭിതകളേബരനും, ഉഷ്ണീഷമണ്ഡലോജ്ഭാസിമൌലിമണ്ഡലമണ്ഡിതനും, നിമ്മലാംബരസംഭൃതകഞ്ചുകാഞ്ചിതവിഗ്രഹനും, സവ്വാവയവസുന്ദരനുമായ ഒരു സിദ്ധരൂപത്തിൽ, മഹാലിംഗത്തിൽ നിന്നും പ്രത്യക്ഷനായി ഇപ്രകാരംപറഞ്ഞു.

അല്ലയൊ നല്കീരാദികവിമുഖ്യന്മാരെ! ഈ പുരത്തിൽ, ശിവഭക്തനായ ഒരു വൈശ്യൻ ഉണ്ടു്. അവൻ, വലിയ ധനാഢ്യനും ദാനശീലനും, ധമ്മിഷ്ഠനും സത്യവാനുംവണിഗ്വരനും ആണു്. സുശ്ലാഘ്യൻ,എന്നുപോരാട്ടുകൂടിയ ആവൈശ്യശ്രേഷ്ഠന്റെപത്നിയും എല്ലാംകൊണ്ടും അവന്നനുകൂലയും സദ്വൃത്തസമ്പന്നയും,ഗുണശാലിനിയുംതാരുണ്യവരസൌഭാഗ്യസൌന്ദര്യാദിവിരാജിതയുംകമലായതലോചനയുംആണു്. അവൎക്കു പൂവ്വകൃതപാപാതിരേകത്താൽ വിവാഹാനന്തരം ഒട്ടുവളരെക്കാലം കഴിഞ്ഞിട്ടും സന്താനലാഭം ഉണ്ടാകാഞ്ഞതിനാൽ മീനാക്ഷിയേയും എന്നേയും ഉദ്ദേശിച്ചു് അനേകകരോരവ്രതങ്ങൾ നോക്കുകയും ദാനധമ്മങ്ങൾ ചെയ്യുകയും ഉഗ്രതപസ്സിനെ അനുഷ്ഠിക്കയും ചെയ്തു. അവരുടെ തപസ്സുകൊണ്ടും വ്രതാനുഷ്ഠാനങ്ങൾകൊണ്ടും ഞങ്ങളുടെ ആജ്ഞപ്രകാരം കായ്യാന്തരശാപഗ്രസ്തനായ സുബ്രഹ്മണ്യൻ ഇപ്പോൾ മൂകനായി അവരുടെ പുത്രനായി ജനിച്ചു് യൌവനയുക്തനായിട്ടിരിക്കയാണു്. നിങ്ങൾ എല്ലാവരുംകൂടെ, ആ മൂകനായ വൈശ്യകുമാരന്റെ അടുക്കൽ ചെന്നു ഈ പ്രബന്ധങ്ങൾ ഓരോന്നായി അവനെ വായിച്ചുകേൾപ്പിക്കണം. എല്ലാപ്രബന്ധങ്ങളും വായിച്ചുകേൾപ്പിച്ചാൽ അവൻ ഇതിൽഏതൊരുപ്രബന്ധം ശ്ലാഘ്യം എന്നു, സമ്മതിക്കുന്നുവോ നിങ്ങളും അതിനെ ശ്ലാഘ്യം എന്നു സമ്മതിച്ചു് വിവാദം തീൎത്തുകൊള്ളുവിൻ.

നല്കീരാദികൾ അതുകേട്ടു്, മൂകനായ വൈശ്യകുമാരൻ പ്രബന്ധങ്ങളിൽ രമ്യമായതു് ഇന്നതെന്നു പറയുന്നതെങ്ങിനെയെന്നു സുന്ദരേശ്വരനോടു ചോദിച്ചു.

നിങ്ങൾ ഓരോന്നായി വായിച്ചുകേൾപ്പിക്കുംപോൾ, ഏതൊരുപ്രബന്ധശ്രവണത്തിൽ മൂകനായ വൈശ്യകുമാരൻ പുളകാഞ്ചിതസവ്വാംഗനായി തലയാട്ടി ആനന്ദബാഷ്പം പൊഴിക്കുന്നുവോ ആ പ്രബന്ധം ശ്രേഷ്ഠമെന്നു നിങ്ങൾ തീൎച്ചയാക്കികൊള്ളുവിൻ എന്നും, മേലാൽ വാദിക്കരുതെന്നും സുന്ദരേശ്വരൻ മറുപടി പറഞ്ഞു.

അനന്തരം അവർ അപ്രകാരംതന്നെ ചെയ്തു വാദംതീൎത്തുകൊള്ളാമെന്നും സമ്മതിച്ച് എല്ലാവരുംകൂടെ മൂകനായ വൈശ്യകുമാരനെ ചെന്നുകണ്ടു, അദ്ദേഹത്തിനെ വിളിച്ച് മണ്ഡപത്തിൽകൊണ്ടുവന്നിരുത്തി ദുകൂലങ്ങളെക്കൊണ്ടും വിചിത്രാഭരണങ്ങളെക്കൊണ്ടും അലംകരിക്കുകയുംശ്വേതപുഷ്പങ്ങളെക്കൊണ്ട് അഭ്യൎച്ചിക്കുകയും ചെയ്തിട്ട് പ്രബന്ധങ്ങൾ ഓരോന്നായി വായിച്ചുകേൾപ്പിച്ചു. അതിൽ നക്കീരന്റെയും കപിലന്റെയും ഭരണന്റെയും പ്രബന്ധങ്ങൾ കേട്ടപ്പോൾമാത്രം മൂകവൈശ്യൻ പുളകാഞ്ചിതവിഗ്രഹനായി ആനന്ദബാഷ്പം തൂകിക്കൊണ്ടു ശിരഃകമ്പനംചെയ്തു. ഉടൻതന്നെ കവികൾ അവരുടെ പ്രബന്ധങ്ങളിൽവെച്ച് ശ്ലാഘ്യമായിട്ടുള്ളതു നൽകീരന്റെയും കപിലന്റെയും ഭരണന്റെയും പ്രബന്ധങ്ങൾതന്നെയെന്നു സമ്മതിച്ചു വാദംതീൎത്തു. അതിന്റെശേഷം അവർ മൂകനായ വൈശ്യകുമാരനെ സന്തോഷിപ്പിച്ചു യാത്രയാക്കി. മൂകൻ ശ്ലാഘ്യമെന്നു സമ്മതിച്ചതായ പ്രബന്ധങ്ങൾമൂന്നും ഉടൻതന്നെ ധാൎമ്മികന്മാൎക്കു ഉപയോഗപ്രദമായിത്തീരുന്നതിനുവേണ്ടി പ്രസിദ്ധപ്പെടുത്തി. അല്ലയോ വസിഷ്ഠാദികളെ ഇപ്രകാരം ആണു് തങ്ങളിൽ വാദിച്ച സംഘികളുടെ വിദ്യാഗൎവ്വം തീൎത്ത സുന്ദരേശ്വരന്റെ അമ്പത്തിഅഞ്ചാമത്തെ ലീല. ഭക്തിപൂൎവ്വം ഈ ലീല പഠിക്കുകയും കേൾക്കുകയും ചെയ്യുന്നവൎക്കു അഭീഷ്ടവും മുക്തിയും സാധിക്കും.

പ്രബന്ധതാരതമ്യം നിൎണ്ണയിച്ച

അൻപത്തിഅഞ്ചാംലീല സമാപ്തം.

# ഹാലാസ്യമാഹാത്മ്യം

കേരളഭാഷാഗദ്യം.

൫൬-ാം അദ്ധ്യായം.

ഉത്തരഹാലാസ്യപ്രവേശനംചെയ്ത

## അൻപത്തിആറാംലീല

അല്ലയോ വസിഷ്ഠാദികളെ! ഇനി നിങ്ങൾ കടംബകാനനവാസിയായ സുന്ദരേശ്വരൻ പണ്ടു സംഘികളോടുകൂടെ ഉത്തരഹാലാസ്യത്തിൽ പോയതായ അദ്ദേഹത്തിന്റെ അൻപത്തിആറാമത്തെ ലീലയെ കേട്ടുകൊള്ളുവിൻ.

"ചെമ്പകപാണ്ഡ്യൻഎന്നു പ്രസിദ്ധനായിരുന്ന പാണ്ഡ്യവംശാധിപൻ, ശിവലോകപ്രാപ്തനായതിന്റെ ശേഷം, അദ്ദേഹത്തിന്റെ പുത്രനായ പ്രതാപസൂര്യപാണ്ഡ്യനും അദ്ദേഹത്തിന്റെ മരണാനന്തരം വംശധ്വജപാണ്ഡ്യനും അതിൽപിന്നെ രിപുമർദ്ദനപാണ്ഡ്യനും അദ്ദേഹത്തിന്റെ പിൽക്കാലം, ചോളവംശാന്തകപാണ്ഡ്യനും അദ്ദേഹത്തിന്റെ ശേഷം വംശശിരോമണി പാണ്ഡ്യനും അതിൽപിന്നെ പാണ്ഡ്യേശ്വരപാണ്ഡ്യനും അതിൽപിന്നെ കുലധ്വജപാണ്ഡ്യനും അനന്തരം വംശശ്രേഷ്ഠപാണ്ഡ്യനും അതിന്റെശേഷം സോമചൂഡാമണിപാണ്ഡ്യനും അദ്ദേഹത്തിന്റെ സായൂജ്യാനന്തരം ഭൂപചൂഡാമണിപാണ്ഡ്യനും മധുരാപുരിയെവഴിപോലെ പരിപാലിച്ച് സോമചൂഡനായ സുന്ദരേശ്വരന്റെ കൃപയ്ക്കുപാത്രീഭൂതരായി. ഇക്കാലാവസാനത്തിൽ ഒരുദിവസം, നൽകീരാദികളായ കവിപ്രവീരന്മാർ, ശോകപാപനാശനകരമായ ഹേമപത്മിനിയിൽ സ്നാനംചെയ്ത്, ബ്രഹ്മധ്യാനപരായണന്മാരായ അവർ, സർവ്വകാരണനായ സുന്ദരേശ്വരനെ ധ്യാനിച്ച് പരബ്രഹ്മലീനരായി. തൽക്ഷണം മന്വന്തരം സംപ്രാപ്തമാവുകയും ഭൂമിമുഴുവൻ സമുദ്രജലത്താൽ അക്രാന്തമാവുകയുംചെയ്തു. ഇങ്ങനെ ഏതു മന്വന്തരംകഴിഞ്ഞു. അടുത്തമനുവായ രുദ്രസാവർണ്ണിമനു സംജാതനായപ്പോൾ ഭൂലോകവും പഴയപോലെയുണ്ടായി. ജീവജാലങ്ങളും വർദ്ധിച്ചു. ഈ കൂട്ടത്തിൽ പാണ്ഡ്യരാജ്യത്തിൽ സർവ്വശാസ്ത്രപണ്ഡിതന്മാരും സരസന്മാരും ആയ അനേകം കവികൾ ഉണ്ടായി. അവർ നൽകീരാദികളായ കവികൾ മുമ്പെ വസിച്ചതുപോലെ സുന്ദരേശ്വരൻ നൽകിയ സംഘപ്പലകയിൽ ഒന്നിച്ചുവസിച്ചു. ആ കാലത്തിൽ പാണ്ഡ്യമണ്ഡലാധിപനായി പാണ്ഡ്യകുലേശൻ എന്ന രാജാവുണ്ടായി. അദ്ദേഹവും ഒരു മഹാപണ്ഡിതനും കവിമുഖ്യനും ആയിരുന്നതിനാൽ സംഘപ്പലകഅദ്ദേഹത്തിനുകൂടി സ്ഥിതിചെയ്യുന്നതിനുവേണ്ട സ്ഥലംകൊടുത്തു. ലക്ഷ്യലക്ഷണവേദിയായ അദ്ദേഹം മററുകവികളോടുകൂടെ സംഘപ്പലകയിൽ ഇരുന്നുകൊണ്ടു പ്രജാപരിപാലനംചെയ്തുവരുന്നകാലത്തിൽ ഒരിക്കൽ, അനേകംപ്രബന്ധങ്ങളുടെ കർത്താവും, രസഭാവവിശേഷജ്ഞാനിയും, ലക്ഷ്യലക്ഷണവേദിയും പ്രബന്ധധുരന്ധരനും, സർവ്വജ്ഞനും സർവ്വസമ്മതനും സത്യവാനും മധുരാലാപിയും സർവ്വജ്ഞശ്രേഷ്ഠതമനും ശിവപൂജാപരായണനും, സാധുപ്രകൃതിയും ആയ ഭക്തന്മാരോടുകൂടിയ ഒരുകവീന്ദ്രൻ മധുരയിൽവന്നു കവിതാചാതുര്യങ്ങൾകൊണ്ടു കപാലിയുടെ ഇഷ്ടനായിപ്പാർപ്പുതുടങ്ങി. ഒരു ദിവസം പണ്ഡിതാഗ്രേസരനായ മധ്യവനേശബ്രാഹ്മണൻ, പാണ്ഡ്യകുലേശഭൂപനെച്ചെന്നുകണ്ടു സല്കൃതങ്ങളായ അഞ്ചെട്ടുപദ്യങ്ങൾഅദ്ദേഹത്തെ ചൊല്ലിക്കേൾപ്പിച്ചു. പാണ്ഡ്യരാജാവു അപദ്യങ്ങൾകേട്ടതിൽഅല്പംപോലും സന്തോഷിച്ചില്ലെന്നുമാത്രമല്ല വളരെ ഈർഷ്യയോടുകൂടെപദ്യംചൊല്ലിക്കേൾപ്പിച്ചമധ്യവനേശനെഅപമാനിച്ചോട്ടിപ്പുറത്താക്കുകയുംചെയ്തു. തന്നിമിത്തം വ്യസനാകുലനായ മധ്യവനേശൻ ഹാലാസ്യത്തിൽപോയിസുന്ദരേശ്വരന്റെ പാദങ്ങളിൽ ഭക്തിപൂർവ്വംകുമ്പിട്ടുകൊണ്ടുഇപ്രകാരംപ്രാർത്ഥിച്ചു.

"അല്ലയോ സുന്ദരേശ്വര! സോമാർദ്ധഭൂഷണ! ത്ര്യംബകേശ്വര! ഭക്തസംരക്ഷണപര! ഭക്താപൽഭഞ്ജന! അവ്യയ! ബ്രഹ്മവിഷ്ണ്വാദിസംഭൃത! കപാലാസ്ഥിവിഭൂഷണ! അങ്ങ് വ്യസനാകുലനായ എന്റെ അപേക്ഷയെ കൈക്കൊള്ളണമേ! ഞാൻ ഈയിടെ പാണ്ഡ്യരാജാവിന്റെ സന്നിധിയിൽ പോയി മൽകൃതങ്ങളായ ചില ശ്ലോകങ്ങൾ അദ്ദേഹത്തെ ചൊല്ലിക്കേൾപ്പിച്ചതിൽ, അദ്ദേഹം അവയെ ശ്രദ്ധാപൂർവ്വം കേട്ടില്ലെന്നു മാത്രമല്ല എന്നെ വളരെ വളരെ ആക്ഷേപിച്ചു ധിക്കരിക്കുകയും ചെയ്തു. അനർഗ്ഗളങ്ങളായ രസപ്രവാഹങ്ങളോടുകൂടിയ മദീയഗേയങ്ങളെ ബഹുമാനിച്ചു എനിക്കു സമ്മാനം നൽകാഞ്ഞതിൽ എനിക്കു ഒട്ടും വൈമനസ്യം ഇല്ല. എന്നെ ആക്ഷേപിച്ചാട്ടി അയച്ചതിൽ വലിയ മനസ്താപമുണ്ട്. നീ അർത്ഥരൂപനും മീനാക്ഷി ശബ്ദരൂപിണിയും ആയതുകൊണ്ട്, ശബ്ദാർത്ഥരൂപിണിയായ ഗേയത്തെ ആക്ഷേപിച്ചതു നിങ്ങളെ ആക്ഷേപിച്ചതുതന്നെ. എന്നെ നിന്ദിക്കുന്നതും നിങ്ങളെ നിന്ദിക്കുന്നതും തമ്മിൽ യാതൊരു ഭേദവും ഇല്ല. സർവ്വജ്ഞനായ ഭഗവാനോട് ഞാൻ ഇങ്ങനെയെല്ലാം എന്തിനു വളരെ പറയുന്നു. സർവ്വവും നിന്തിരുവടിക്കുതന്നെ അറിയാമല്ലോ. അവിടുന്ന് വേണ്ടതു ചെയ്തു അടിയന്റെ വ്യസനത്തിന് ശാന്തതയുണ്ടാക്കിത്തരണം."

മദ്ധ്യവനേശന്റെ ആ വാക്കുകൾ കേട്ടപ്പോൾ സുന്ദരേശ്വരനു പാണ്ഡ്യരാജാവിന്റെമേൽ തോന്നിയ വിരോധത്തിനു യാതൊരു കണക്കും ഇല്ലായിരുന്നു എങ്കിലും അതിനു യാതൊരു മറുപടിയും പറയാതെ ഭക്തനായ മദ്ധ്യവനേശനെ സന്തോഷിപ്പിക്കുന്നതിനായി ഹാലാസ്യത്തിൽ ഉള്ള തന്റെ മൂലലിംഗത്തെ മായകൊണ്ടു മറച്ചിട്ട്, അവിടെയുള്ള തന്റെ വാസത്തെ ഉപേക്ഷിച്ച്, അതിന്റെ ഉത്തരഭാഗത്തിൽ നദിയുടെ ദക്ഷിണഭാഗത്തായി സങ്കല്പംകൊണ്ട്, ഒരു പ്രാസാദം ഭംഗിയായിട്ടുണ്ടാക്കി അതിൽ ലിംഗമൂർത്തിയായി വസിച്ചു. സംഘികളും ഉടൻതന്നെ സുന്ദരേശ്വരാജ്ഞയനുസരിച്ച് സംഘമണ്ഡപം ഉപേക്ഷിച്ച്, അവിടേയ്ക്കുപോയി.

പിറേറദിവസം ഉഷഃപൂജയ്ക്കായി ശങ്കരപൂജകന്മാർ ഹാലാസ്യക്ഷേത്രത്തിന്റെ ഗർഭാഗാരത്തിൽ പ്രവേശിച്ചു നോക്കിയപ്പോൾ മൂലലിംഗം കാണ്മാനില്ല. വളരെ വല്ലാതെ അന്ധാളിക്കുകയും ഇതിൽപ്പരമില്ലാതെ വിസ്മയിക്കുകയും ചെയ്തു. ഉടൻതന്നെ ഓടിപ്പോയി ഈ വിസ്മയവർത്തമാനം രാജാവിനോടുണർത്തിച്ചു. രാജാവിനതുകേട്ടപ്പോൾ ഉണ്ടായ ഭയവും വ്യസനവും അതിരില്ലാത്തവയായിരുന്നുഎന്ന് പറയേണ്ടതില്ലല്ലോ. അദ്ദേഹം കുറേസമയം ഇതുകേട്ട്, മരവിച്ച് ഒന്നും പറയുന്നതിനു ശക്തനല്ലാതെ ഇരുന്നിടത്തുതന്നെ ഇരുന്നു. കുറഞ്ഞൊരുസമയം കഴിഞ്ഞതിന്റെ ശേഷം ഉദ്ബോധിതനായിട്ടിങ്ങനെ വിചാരിച്ചു. "അയ്യോ കഷ്ടമേ! ഞാൻ സുന്ദരേശ്വരന് അപരാധം ചെയ്തുപോയല്ലോ. എന്നെപ്പോലെ പാപിയായി ഈ ഭൂലോകത്തിൽ ആരും ഇല്ല. എനിക്കുമുമ്പിൽ എത്ര

യോ പാണ്ഡ്യരാജാക്കന്മാർ ഈ മധുരയെ ഭരിച്ചിരുന്നു. അവരുടെ ആരുടേയുംകാലത്തിൽ ഇങ്ങനെ സംഭവിച്ചില്ല. പാപിയായ എന്റെ കാലത്തിൽആണു് ഇങ്ങനെ ഒരു സംഭവത്തിനു സംഗതിയായതു്. ഈ ദുഷ്കീർത്തി എന്നുനശിക്കും. ശങ്കരദ്രോഹത്തിനും ശങ്കരഭക്തദ്രോഹത്തിനും യാതൊരു പ്രതിവിധിയും ഇല്ലല്ലൊ. അതുകൊണ്ടു് മേലും ജീവിച്ചിരുന്നു് ഒരുപ്രകാരേണയും പോക്കുവാൻ നിവൃത്തിയില്ലാത്ത ദുഷ്കീർത്തിക്കു പാത്രവാനായും ശങ്കരദ്രോഹിയായും കാലംകഴിക്കുന്നതിനേക്കാൾ നല്ലതു് ജീവത്യാഗംചെയ്യുന്നതുതന്നെ.

രാജാവു് ഇപ്രകാരം വിചാരിച്ചു് പ്രാണത്യാഗംചെയ്യുന്നതിനായി മനസ്സിൽ ഉറച്ചപ്പോൾ ചിലർ ഓടിവന്നു് "അല്ലയോ രാജശ്രേഷ്ഠ! നദിയുടെ ദക്ഷിണതീരത്തിൽ, അത്യുന്നതവും അതിരമ്യവുമായ ഒരു പ്രാസാദവും അതിനുള്ളിൽ, അതിമനോഹരമായ ഒരു സുന്ദരേശ്വരലിംഗവും പ്രകാശിക്കുന്നു. ഇന്നലെവരേയും അവിടെ ഇതൊന്നും ഇല്ലായിരുന്നു. കൂടാതെ സംഘികളായ കവികളും സംഘപ്പലകയോടുകൂടെ അവിടത്തെ സംഘമണ്ഡപത്തെ അലംകരിക്കുന്നു. ഇതെന്തൊരു അത്ഭുതക്കാഴ്ചയോ ഞങ്ങൾക്കൊന്നും അറിയാൻപാടില്ല." എന്നിങ്ങനെ ഉണർത്തിച്ചു.

രാജാവിനു് ഇതുകേട്ടപ്പോൾ പൂർവ്വാധികം ഭയവും വിസ്മയവും വർദ്ധിച്ചു. അദ്ദേഹം മന്ത്രികളോടുകൂടെ അവിടെച്ചെന്നു് സംഘികളുമായിപ്പോയി നദീതീരത്തിൽ സന്നിധാനംചെയ്യുന്ന സുന്ദരേശ്വരനെ സന്ദർശിച്ചു് ഭക്തിപൂർവ്വം ആനന്ദബാഷ്പനേത്രനും രോമാഞ്ചകഞ്ചുകഗാത്രനും വിനയാനതനുമായി ഇങ്ങനെ സ്തുതിച്ചു.

മഹാനീപാരണ്യാന്തരകനകപത്മാകരതടീ
മഹേന്ദ്രാനീതാഷ്ടദ്വിപധൃതവിമാനോദരവസിതം
മഹാലീലാഭൂതിപ്രകടിതവിശിഷ്ടാത്മവിഭവം
മഹാദേവം വന്ദേ മധുരശഫരാക്ഷീസഹചരം. ൧

മഹാമാതംഗാസൃഗ്ധരവസനമദ്രീന്ദ്രതനയാ
മഹാഭാഗ്യം മത്താന്ധകകരടികണ്ഠീരവവരം
മഹാഭോഗീന്ദ്രോദ്യത്ഫണമണിഗണാലംകൃതതനും
മഹാദേവം വന്ദേ ... ... ... ൨

മഹാദുഗ്ധാംഭോധേർമഥനജവസംഭ്രമമസിതം
മഹാഹാലാകണ്ഠേസകലഭയഭംഗായദധതം
മഹാകാരുണ്യാബ്ധിംമധുമഥനദൃഗ്ദൂരചരണം
മഹാദേവം വന്ദേ. ... ... ... ൩

നമന്നാളീകാക്ഷാംബുജഭവശുനാസീരമകുടീ
ലസന്മാണിക്യാംശുസ്ഫുരദരുണപാദാബ്ജയുഗളം
അമന്ദാനന്ദാബ്ധിം ഹരിനയനപത്മാർച്ചിതപദം
മഹാദേവം വന്ദേ. ... ... ... ൩

സമീരാഹാരേന്ദ്രാംഗദമഖിലലോകൈകജനകം
സമീരാഹാരാത്മപ്രവണജനഹൃത്പത്മനിലയം.
സുമീനാക്ഷീവക്ത്രാംബുജതരുണസൂര്യം സുമനസം
മഹാദേവം വന്ദേ. ... ... ... ൪

നതാനാമൈശ്വര്യപ്രദമനിലഭുഗ്നാഥവലയം
സുധാംശോരർദ്ധാംശം ശിരസി ദധതം ജഹ്നുസുതയാ
പദാന്യാനാമാദ്യം പരപരിവൃഢം വന്ദ്യം വാഗ്ഗണം
മഹാദേവം വന്ദേ ... ... ... ൫

ദശാസ്യാഹംകാരദ്രുമകുലിശിതാംഗുഷ്ഠനഖരം
നിശാനാഥശ്രീജിന്നിജവദനബിംബം നിരവധിം
വിശാലാക്ഷം വിശ്വപ്രഭവഭരണാപായകരണം
മഹാദേവം വന്ദേ ... ... ... ൬

അനാകാരം ഹാരീകൃതഭുജഗരാജം പുരഹരം
സനാഥം ശർവാണ്യാ സരസിജദളപത്രായതദൃശം
ദിനാരംഭാദിത്യായുതശതനിഭാനന്ദവപുഷം
മഹാദേവം വന്ദേ ... ... ... ൭

ഉമാപീനോത്തുംഗസ്തനതടലസൽകുങ്കുമരജ-
സ്സമാഹാരാത്യന്താരുണവിപുലദോരന്തരതലം
രമാവാണീന്ദ്രാണീരതിവിരചിതാരാധനവിധിം
മഹാദേവം വന്ദേ ... ... ... ൮

ധരാപാഥസ്സ്വാഹാസഹചരജഗൽപ്രാണശശഭൃ-
ൽസുരാധ്വാഹർന്നാഥാഷ്ടകശരീരം ശശിധരം
സുരാഹാരസ്വാദാതിശയിനിജവാചം സുഖകരം
മഹാദേവം വന്ദേ ... ... ... ൧൦

ധരാപീഠം ധാരാധരകലശമാകാശവപുഷം
ധരാദ്ധ്രോർദ്ധാന്ധം തപനശശിവൈശ്വാനരദൃശം
വിരാജന്നക്ഷത്രപ്രസവമുദരീഭൂതജലധിം
മഹാദേവം വന്ദേ ... ... ... ൧൧

സുപർണാംകാംഭോജാസനദൃഗതിദൂരാംഘ്രിശിരസം
സുപർണാഹാരസ്രക്സുരവിടപിശാഖായതഭുജം

അപൎണ്ണാപാദാബ്ജാഹതിചലിതചന്ദ്രാൎദ്ധമകുടം
മഹാദേവം വന്ദേ ... ... ... ൰൧

ചകോരാതിമന്ദസ്മിതമധുരബിംബാധരലസ
ന്മുഖാംഭോജം മുഗ്ദ്ധാമൃതകിരണചൂഡാമണിധരം
നഖാകൃഷ്ടേഭത്വക്പരിവൃതശരീരം പശുപതിം
മഹാദേവം വന്ദേ ... ... ... ൰൨

സഹസ്രാബ്ജൈകോനേ നിജനയനമുദ്ധൃത്യ യജതേ
സഹസ്രാബ്ജ്യാപൂൎത്ത്യൈസ്സപദി ഹരയേ യേന കൃപയാ
സഹസ്രാരം ദത്തം തപനനിഭചക്രം ഭയഹരം
മഹാദേവം വന്ദേ ... ... ... ൰൩

രമാവന്ദ്യാമ്നായാശ്വമജരഥകാരം രണപടും
രഥാംഗാദിത്യേന്ദും രഥപദധരാസ്ത്രം ശിവവരം
രഥാധാരാശേഷം സംഹരധരഗ്രണം ത്ര്യഹലദം
മഹാദേവം വന്ദേ ... ... ... ൰൪

ധരാകമ്പാപാസ്താപ്രചുരഭുജകണ്ഡൂയനജല
ന്ധമാഹാത്മ്യൈദ്വൈധീകരണഹൃതലോകത്രയഭയം
സ്മരാകാരാഹാരാകലനപടുഹാലാസ്യനിലയം
മഹാദേവം വന്ദേ ... ... ... ൰൫

പഠിക്കുകയും കേൾക്കുകയും ചെയ്യുന്നവരുടെ പാപങ്ങൾ എല്ലാം വേരററുപോകത്തക്ക അസാധാരണമാഹാത്മ്യത്തോടുകൂടിയതായ കുലേശപാണ്ഡ്യന്റെ മേൽപ്പറഞ്ഞ സ്തോത്രങ്ങൾകൊണ്ടു്, അത്യന്തം സന്തുഷ്ടനായ സുന്ദരേശ്വരന്റെ വാണികൾ ആകാശത്തിൽ ഇങ്ങനെകേട്ടു.

അല്ലയൊ രാജാവേ! നീ അവധാനതയൊടുകൂടെ എന്റെ മുഖത്തിൽനിന്നും ഈ സ്ഥലമാഹാത്മ്യത്തെ കേട്ടുകൊള്ളുക. ഈ സ്ഥലമാഹാത്മ്യശ്രവണംകൊണ്ടു് നിന്റെ സകലപാപങ്ങളും തീൎന്നുപോകും. എന്റെ ക്ഷേത്രവും, പാപമാകുന്ന വനത്തിന് കാട്ടുതീയുമാകുന്ന ഹാലാസ്യത്തിൽ അനവധി ശിവലിംഗങ്ങൾ ഉണ്ടെങ്കിലും അവയിൽ എല്ലാററിലും വച്ചു് ഒരു ലിംഗങ്ങൾ അത്യന്തം ശ്രേഷ്ഠങ്ങളും അവയിൽവച്ചും എട്ടു ലിംഗങ്ങൾ പ്രത്യേകം ശ്രേഷ്ഠങ്ങളും ആണ്. അതിനെ ഞാൻ വിവരിച്ചു പറയാം. നീ കേട്ടുകൊള്ളുക. ഈ പറഞ്ഞ ലിംഗങ്ങൾ പ്രശോഭിക്കുന്നതു് സ്വയംഭൂതമായ ഹാലാസ്യേശ്വരലിംഗത്തിന്റെ നാലുഭാഗത്തും ആയിട്ടാണ്. അതു്, സുന്ദരേശ്വരാഖ്യ മഹാലിംഗത്തിന്റെ പൂൎവ്വദിക്കിൽ, ഇന്ദ്രസ്ഥാപിതമായ ഇന്ദ്രേശ്വരാഖ്യമഹാലിംഗവും, ആഗ്നേയകോണിൽ കാൽയോജനാന്തരത്തിൽ, അഗ്നിപ്രതിഷ്ഠിതമായ അഗ്നേശ്വരാഖ്യമഹാലിംഗവും, ദക്ഷിണദിക്കിൽ നാലുവിളിപ്പാടകലത്തിൽ, യമസ്ഥാപിതമായ

യമേശ്വരാഖ്യമഹാലിംഗവും വരുണകോണിൽ ഒരു വിളിപ്പാടുദൂരത്തിൽവരുണസ്ഥാപിതമായ വരുണേശ്വരാഖ്യമഹാലിംഗവും നിരൃതികോണിൽ രണ്ടു വിളിപ്പാടുദൂരത്തിൽ നിരൃതിപ്രതിഷ്ഠിതമായ നിരൃതീശ്വരനാമകമഹാലിംഗവും വായുകോണിൽ രണ്ടുവിളിപ്പാടുദൂരത്തിൽ വായുദേവൻ പ്രതിഷ്ഠിച്ച വായ്വീശ്വരാഖ്യമഹാലിംഗവും, ഉത്തരദിക്കിൽ വേഗവതീതീരത്തിൽ കുബേരപ്രതിഷ്ഠിതമായകുബേരേശ്വരാഖ്യമഹാലിംഗവും, ആനദീതീരത്തിൽതന്നെ മൂന്നുവിളിപ്പാടുദൂരത്തിൽ ഈശകോണിൽ, ഈശപ്രതിഷ്ഠിതമായ ഈശാനേശ്വരമഹാലിംഗവും ഇങ്ങിനെ അഷ്ടദിക്പാലന്മാർ അവരവരുടെ നാമധേയത്തിൽ പ്രതിഷ്ഠിച്ചിട്ടുള്ള എട്ടുശിവലിംഗങ്ങൾ ആകുന്നു.

ഇപ്രകാരം മൂലലിംഗത്തിനു ചുററുമായി ദിക്പാലന്മാർ സ്ഥാപിച്ച അഷ്ടമഹാലിംഗത്തിൽ ഒന്നാണ് ഇവിടെയുള്ള കുബേരേശ്വരലിംഗം കഴിഞ്ഞ മന്വന്തരത്തിൽ, പ്രാസാദത്തോടുകൂടെ അദൃശ്യമായിപ്പോയതിനെ ഞാൻ ഇപ്പോൾ ദൃശ്യമാക്കിയതാണ്. ഈ ലിംഗം എന്റെ പ്രിയസ്നേഹിതനായ കുബേരൻ പ്രതിഷ്ഠിച്ചതായതുകൊണ്ടു്, എനിക്കു ഇവിടെവസിക്കാൻ പ്രത്യേകിച്ചും സന്തോഷമുണ്ടു്. അതുകൊണ്ടു് ഞാൻ വിലാത്ഥം ഇപ്പോൾ ഇവിടെ സാന്നിദ്ധ്യം ചെയ്യുകയാണ്. അതിപാവനമായ ഈ സ്ഥലം ഹാലാസ്യത്തിനു ഉത്തരഭാഗത്തിൽ ആയതുകൊണ്ടു്, ഈ സ്ഥലത്തിന് 'ഉത്തരഹാലാസ്യം' എന്നുള്ള വിശിഷ്ടനാമധേയം ഇന്നുമുതൽ സുപ്രസിദ്ധമായിത്തീരും. ഏകഭക്തിയോടെ കൃതമാലാനദിയിൽ വിധിപ്രകാരം സ്നാനംചെയ്തു ദക്ഷിണതീരവാസിയായ ഹാലാസ്യേശ്വരനെ സേവിക്കുന്നവൎക്കു എല്ലാവിധ അഭീഷ്ടങ്ങളും സാദ്ധ്യമാകും. ഇങ്ങിനെ ഈ സ്ഥലം എനിക്കു വിശേഷാൽ പ്രതിപത്തിയോടുകൂടിയതാണെങ്കിലും, എന്റെ മൂലലിംഗസ്ഥാനമായ ഹാലാസ്യംവിട്ടു് ഞാൻപോകുന്നതല്ല. അല്ലയോ കുബേരപാണ്ഡ്യ! ഭൂതവൎത്തമാനഭാവികളായ മൂന്നു കാലത്തിലും ഒന്നുപോലെ അവ്യയവും ചിരന്തനവും ആയ ഹാലാസ്യത്തിലെ സുന്ദരേശ്വരലിംഗം ഇപ്പോൾ എന്റെ മായകൊണ്ടു് കാണാൻ പാടില്ലാത്തതായി തീൎന്നിട്ടുള്ളതല്ലാതെ ഒരിടത്തും പോയിട്ടില്ല. അതു് ഒരിക്കലും ഒരു പ്രകാരത്തിലും നശിക്കുന്നതല്ല. അതിപ്പോൾ ചെന്നു നോക്കിയാൽ പ്രത്യക്ഷമായി കാണാം. നീ എന്റെ ഭക്താഗ്രഗണ്യനായ മദ്ധ്യവനേശിപ്പന്റെ ഭൃത്യന്മാരായ ജനങ്ങളെ ബുദ്ധിപൂൎവ്വമായി നിന്ദിച്ചതുകൊണ്ടു്, ദുഃഖിതനായിത്തീൎന്ന അവൻ എന്നെ വന്നു് ശരണം പ്രാപിക്കുകയാൽ എനിക്കു നിന്നിൽ അല്പംകോപം ഉണ്ടായതുകൊണ്ടു് ഞാൻ എന്റെ ചിരന്തനമായ സുന്ദരേശ്വരബിംബം മായകൊണ്ടു മറച്ചതാണു്. ഭക്തന്മാരുടെ ദുഃഖം കണ്ടു സഹിക്കാത്തതു എന്നെക്കൊണ്ടു് പ്രയാസം ആണ്. ഞാൻ ഭക്തൎക്കു എന്തുംചെയ്തുപോകും. നിന്റെ സ്തുതിമൂലം നിന്നിൽ എനിക്കുണ്ടായിരുന്ന അപ്രീതിയും തീൎന്നു. ഇനി നീ മുമ്പിലത്തേപ്പോലെ വസിച്ചുകൊള്ളുക.

ഒന

സുന്ദരേശ്വരന്റെ ഈ വാക്കുകൾ കേട്ടു് രാജാവു്, പൂർവ്വാധികം ഭക്തിവിനയങ്ങളോടുകൂടെ വീണ്ടും, താൻ ചെയ്ത സകല അപരാധവും ക്ഷമിച്ചു മൂലലിംഗം ഹാലാസ്യത്തിൽ പ്രത്യക്ഷപ്പെടുത്തി കൊടുപ്പാറാകണമെന്നു അപേക്ഷിച്ചു "ഉടനെ നിന്നിൽ ഞാൻ പ്രസാദിച്ചു; നീപോയി നോക്കുക. മൂലലിംഗം പ്രത്യക്ഷമാകും, എന്നു് വീണ്ടും അശരീരിയായി മറുപടിയുണ്ടായി.

ഉടൻതന്നെ കുലേശപാണ്ഡ്യൻ, മദ്ധ്യവനേശാദ്ര്യനായകവിപുംഗവനെവരുത്തി അദ്ദേഹത്തിനു വേണ്ടുന്ന സമ്മാനങ്ങൾ എല്ലാം നല്കി മററുള്ള കവീശ്വരന്മാരോടുകൂടെ അദ്ദേഹത്തെയും ഭക്തിപൂർവ്വം പൂജിച്ചു് താൻ ചെയ്തിട്ടുള്ള തെററുകൾഎല്ലാം പൊറുത്തു അനുഗ്രഹിക്കണമെന്നു അപേക്ഷിച്ചു.

അനന്തരം അവർ എല്ലാവരും കൂടെ ഹാലാസ്യത്തിൽപോയി നോക്കിയപ്പോൾ പരമാനന്ദപ്രദവും പരിപാവനവുംആയ മൂലലിംഗം പൂർവ്വവൽ അവിടെ ദൃഷ്ടിഗോചരമായി. കുലേശപാണ്ഡ്യൻ അവിടെവച്ചും കവികൾക്കു പലപല ദിവ്യസമ്മാനങ്ങൾനല്കി പൂജിച്ചു് അവരുടെ ശ്രേഷ്ഠന്മാരായ ആശീർവാദങ്ങളെ സ്വീകരിച്ചു. സംഘികളായ കവികൾ പണ്ടുപോലെ സംഘമണ്ഡപത്തിൽപോയി വസിച്ചു. കുലേശപാണ്ഡ്യൻ സുന്ദരേശ്വരസ്മരണയോടും ശിവഭക്താനുകമ്പയോടും പ്രജാവാത്സല്യത്തോടുംകൂടെ ചിരകാലം രാജ്യംഭരിച്ചു. കടംബകാനനാധീശന്റെ അനുഗ്രഹത്താൽ കുറേക്കാലം കഴിഞ്ഞപ്പോൾ അരിമർദ്ദനൻഎന്നു പേരോടുകൂടിയ ഒരു പുത്രൻ ഉണ്ടായി. പുത്രോൽപാദനംകൊണ്ടു് രാജാവിനു് സന്തോഷവും ആനന്ദവും പൂർവ്വാധികം വർദ്ധിച്ചു. അല്ലയൊ വസിഷ്ഠാദികളെ ഇപ്രകാരം ആണു് സുന്ദരേശ്വരൻ സംഘികളോടുകൂടെ ഉത്തരഹാലാസ്യത്തിൽ പോയ അദ്ദേഹത്തിന്റെ അമ്പത്തിആറാമത്തെ ലീല- ഈ അത്യത്ഭുതകരമായ ലീലയെ പഠിക്കുകയും കേൾക്കുകയും ചെയ്യുന്നവർക്കു് ഇഹലോക പരലോകസൌഖ്യങ്ങൾ ഒന്നുപോലെ ഉണ്ടാകുന്നതാണു്.

ഉത്തര ഹാലാസ്യപ്രവേശനംചെയ്ത

അമ്പത്തിആറാം ലീല സമാപ്തം

---

# ഹാലാസ്യമാഹാത്മ്യം

## കേരളഭാഷാഗദ്യം.

### ൫൭-ാം അദ്ധ്യായം.

### കൈവത്തകന്യയെ വിവാഹംചെയ്ത

### അമ്പത്തിഏഴാംലീല.

വീണ്ടും അഗസ്ത്യമഹർഷി സുന്ദരേശ്വരന്റെ പരമാനന്ദകരങ്ങളായ ലീലകളെ കേൾക്കാൻ അത്യുൽക്കടമായ താല്പര്യത്തോടുകൂടെ മുഖവും പൊക്കിപ്പിടിച്ചു് ചെവിയുംകൊടുത്തു ഇതില്പരംഇല്ലാത്ത ഔത്സുക്യപൂർവ്വം ഇരിക്കുന്ന വസിഷ്ഠാദികളെ കരുണാപൂർവ്വം കടാക്ഷിച്ചുംകൊണ്ടു, സ്മേരപ്രസന്നമായ വക്ത്രവിഹാസത്തോടുകൂടെ, ഹാലാസ്യേശ്വരനായ മീനാക്ഷീവരൻ ദാശകന്യകയായി ജനിച്ചമീനാക്ഷീഭഗവതിയെ വിവാഹംചെയ്ത അദ്ദേഹത്തിന്റെ അതിപാവനമായ അമ്പത്തിഏഴാമത്തെ ലീലയെ താഴെവരുമാറു് പറഞ്ഞുതുടങ്ങി:—

“പണ്ടൊരിക്കൽ, വേദവേദിയും ഹാലാസ്യവാസിയും, അംബികാപതിയും സർവ്വേശ്വരനുമായ സുന്ദരേശ്വരൻ, ഭഗവതിയായ മീനാക്ഷിക്കു് വേദാന്തോപദേശംചെയ്തു. എന്നാൽ ഭഗവതി അതു ശ്രദ്ധവച്ചുകേൾക്കാതെ, കുഞ്ഞുങ്ങളെ കളിപ്പിക്കുന്നതിന്റെ കൂട്ടത്തിൽ, ഏതാണ്ടൊന്നായി വകവച്ചു മൂളിക്കൊണ്ടിരുന്നു.

താൻ വളരെ ബുദ്ധിമുട്ടി ഉപദേശിക്കുന്ന അതിഗഹനങ്ങളായ വേദാന്തതത്വങ്ങളെ ഭഗവതി അലക്ഷ്യമായി തള്ളിയിരിക്കുകയാണെന്നു ഭഗവാനു കുറേക്കഴിഞ്ഞപ്പോൾ മനസ്സിലായി. ക്രുദ്ധനായ അദ്ദേഹം എന്റെ വേദാന്തോപദേശത്തെ നിസ്സാരമായി തള്ളിക്കളഞ്ഞനീ എന്റെ ഭക്തശിരോമണിയായ ദാശൻ സുധർമ്മന്റെ മകളായി ജനിക്കട്ടെ, എന്നുശപിച്ചു.

അച്ഛൻ അമ്മയെ ശപിച്ചതുകേട്ടു് കുപിതനായ വിഘ്നേശ്വരൻ ഉടനെ തന്റെ തുമ്പിക്കരംകൊണ്ടു്, അച്ഛന്റെ അടുക്കൽ ഇരുന്നിരുന്ന പുസ്തകങ്ങൾ വാരി, സിന്ധുവിൽ എറിഞ്ഞു. ഷൺമുഖനും ഈ വിവരം അറിഞ്ഞു് ക്രുദ്ധനായി. അദ്ദേഹംഓടി പരമേശ്വരന്റെ അടുക്കൽ ചെന്നു്, അച്ഛൻ അമ്മയെ ശപിച്ചതു് വളരെ അന്യായമായിപ്പോയി. ഉപദേശഗ്രഹണത്തിൽ, ശ്രോതാക്കൾക്കു ആലസ്യമുണ്ടാവുക സാഹജമാണു്. അതിനെ ക്ഷമിക്കുകയാണു് ഉപദേഷ്ടാക്കന്മാരുടെ പതിവു്. അതിനു വിപരീതമായ പിതാവിന്റെ ഈ പ്രവൃത്തിവളരെ കഷ്ടമായിപ്പോയി. ആരേക്കൊ

ണ്ടും ഇതു തടുക്കാൻ സാധിക്കുകയില്ലല്ലോ എന്നിങ്ങനെ ഉച്ചത്തിൽ പറഞ്ഞുകൊണ്ടു ഭഗവാന്റെ കൈയിൽ ഇരുന്ന പുസ്തകങ്ങൾ എല്ലാം പിടിച്ചുപറിച്ച്, ദൂരെ എറിഞ്ഞു.

സുബ്രഹ്മണ്യന്റെ ആ സാഹസകൃത്യം സദാശിവനു തീരെ സഹിച്ചില്ല. അദ്ദേഹം "നീ മൂകനായിപ്പിറക്കും" എന്ന് ഷണ്മുഖനേയും ശപിച്ചു. ഉടൻതന്നെ മൂകനും വിവേകിയും മധുരാപുരവാസിയും രുദ്രശർമ്മൻ എന്ന് പേരോടുകൂടിയവനുമായ ഒരു വൈശ്യശ്രേഷ്ഠന്റെ പുത്രനായി ജനിച്ചു.

ഭഗവൽസന്നിധിയിൽ ഭഗവാനും ഭഗവതിയും മക്കളുംകൂടി ഇപ്രകാരം ശപിക്കുകയും വഴക്കുപറകയും പിടിക്കുകയും പുസ്തകങ്ങൾ വാരിയെറിയുകയുംമറ്റും ചെയ്യുന്ന കോലാഹലങ്ങൾ കേട്ട്, കാര്യമെന്തെന്നറിയാൻ നന്ദികേശ്വരനും ആ സമയത്തിൽ അങ്ങോട്ടുകയറിച്ചെന്നു. ഭഗവാൻ അത്യന്തം കുപിതനായിട്ടിരിക്കുകയാണല്ലോ. ആ സമയം കേറിച്ചെന്നതുകൊണ്ട്, നന്ദികേശ്വരന്റെ പേരിലും ഭഗവാനു വലിയ ക്രോധംഉണ്ടായി. സമയം അറിയാതെ കയറിവന്നതുകൊണ്ട്, നീ മത്സ്യമായിപ്പിറക്കും എന്നു ഗണാഗ്രണിയായ നന്ദികേശ്വരനേയും ശപിച്ചു. നന്ദികേശ്വരൻ ഉടൻതന്നെ രാമേശ്വരത്തിനു സമീപം സമുദ്രത്തിൽപോയി അത്യുന്നതമായ മലപോലെയുള്ള ഒരു മത്സ്യമായി ജനിച്ച്, ക്ഷുദ്രമത്സ്യങ്ങളെപ്പിടിച്ചു ഭക്ഷിക്കുകയും ഗണപതിഭഗവാൻ വാരിയെറിഞ്ഞ പുസ്തകങ്ങൾ എല്ലാം കുക്ഷിയിലാക്കി സൂക്ഷിക്കുകയും ചെയ്തുകൊണ്ടു ശാപമോക്ഷത്തിനുള്ള കാലവും പ്രതീക്ഷിച്ചു പരമശിവനേയും ധ്യാനിച്ചു സമുദ്രത്തിൽ വസിച്ചു.

ഈ കാലത്തിൽ മധുരാപുരവാസിയും ഭാഗ്യശാലിയും സ്വധർമ്മനിരതനും ശംഭുഭക്തനും സമുദ്രതീരവാസിയും ആയ സുധർമ്മനെന്ന ധീവരൻ, മത്സ്യംപിടിക്കാനായി കടലിൽവീശിയ ഒരു വലയിൽ, അനവധി മത്സ്യങ്ങളോടുകൂടെ ഒരു വലംപിരി ശംഖം കാണപ്പെട്ടു. ദാശൻ ഓടിച്ചെന്നു കൈയിൽ എടുത്തപ്പോൾ, അത് അതിരൂപവതിയായ ഒരു കന്യകയായി ഭവിച്ചു. അതേവരെ സന്താനമുണ്ടായിട്ടില്ലാത്ത ദാശന്, അതിരൂപവതിയായ ഒരുകന്യകയെ ഈശ്വരദത്തമായി ലഭിച്ചതു എന്തൊരുസന്തോഷാവഹമായിരുന്നുഎന്ന് ആരെക്കൊണ്ടും പറഞ്ഞറിയിക്കാൻ ഒക്കുന്നതല്ലല്ലോ. അവൻ ഉടൻതന്നെ ഭാഗ്യവൈഭവംകൊണ്ടു തനിക്കുലഭിച്ച ആ കന്യകാമുകത്തെ ഇതില്പരമില്ലാത്തപരമാനന്ദത്തോടുകൂടെ എടുത്തു മാറോടണച്ചുപിടിച്ചുകൊണ്ടുപോയി സന്താനലാഭത്തിനു സർവേശ്വരിയായ ഭവാനിയെ ഭജിച്ചുകൊണ്ടിരിക്കുന്ന അവന്റെ ഭാര്യയുടെ കൈയിൽകൊടുത്തു, വിവരംപറഞ്ഞു. സന്താനലാഭത്തിനുവേണ്ടി പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്ന സ്ത്രീരത്ന

ത്തിന്റെ കയ്യിൽ, ഒരു സന്താനത്തെക്കൊണ്ടുചെന്നു കൊടുത്താൽ അവൎക്കുണ്ടാവുന്ന ആനന്ദത്തിന്നും അതിരുണ്ടോ?

ആ ദാശനാരി ഭൎത്താവിന്റെ കൈയിൽനിന്നുംകുട്ടിയെവാങ്ങി എന്റെ പ്രാൎത്ഥന ഫലിച്ചു. കരുണാശാലിനിയായ മീനാക്ഷി, അവളെ ഭജിക്കുന്നവരെ ഒരിക്കലും ഉപേക്ഷിക്കുകയില്ല. ഈ കുഞ്ഞിനെ നമുക്കു നൽകിയതു ഭഗവതിയാണ്. എന്നിങ്ങനെ പറഞ്ഞുംകൊണ്ടു അനവധി പ്രാവശ്യം ലോഭനീയമായ അംഗലാവണ്യങ്ങളോടുകൂടിയ ആ കുട്ടിയെ ചുംബിച്ചു രോമാഞ്ചകഞ്ചുകിതയായി. അവർ, പശുവിൻപാലിൽ പഞ്ചസാരചേൎത്തു കുട്ടിക്കു പാലുകൊടുത്തും പ്രായത്തിന്നുസരിച്ചു ഭക്ഷിക്കാവുന്ന മററനവധി ഭക്ഷണസാധനങ്ങൾ കൊടുത്തും ഇതിൽപരമില്ലാത്ത ജാഗ്രതയോടും, സന്തോഷത്തോടുംകൂടെ ലാളിച്ചുവളൎത്താൻതുടങ്ങിയ ആ കുട്ടി കാലന്നതിൽ ഇരട്ടി ആരോഗ്യത്തോടും രൂപലാവണ്യത്തോടുംകൂടെ വളൎന്നുതുടങ്ങി. എന്തിനധികംപറയുന്നു. ഭഗവൽശാപംകൊണ്ടു്, ദാശകന്യകയായി പിറന്ന ആ മീനാക്ഷീഭഗവതി ജാതനായതിന്റെ പത്താംദിവസംനവമായി വികസിച്ച ചെന്താമരപ്പൂവിനെക്കാളും മനോഹരവും പൂൎണ്ണചന്ദ്രനേക്കാൾ പ്രകാശമാനവും ആയ സൌന്ദൎയ്യംനിറഞ്ഞ ഒരു അതികോമളവതിയായ യുവതിയായിത്തീൎന്നു. സൌന്ദൎയ്യസാരസൎവ്വസ്വമായ മീനാക്ഷീഭഗവതിയുടെ അവതാരമല്ലേ ആ ദാശകന്യക. പുത്രിയുടെ അനിതരസാധാരണവും അതിവിസ്മയനീയവും ആയ വളൎച്ചയും സൌന്ദൎയ്യവും കാണക്കാണെ മാതാപിതാക്കന്മാൎക്കുണ്ടായിത്തുടങ്ങിയ ആനന്ദവും അപ്രകാരംതന്നെയായിരുന്നു. കാണികൾ ഒന്നുപോലെ ആ ഭുവനൈകസുന്ദരിയുടെ അംഗകൌമല്യത്താൽ അപഹൃതചിത്തരും വളൎച്ചയാൽ വിസ്മയമാനസരും ആയി. എല്ലാവരും ദാശദമ്പതികളുടെ അതിരററഭാഗ്യത്തെപ്പററി പ്രശംസിച്ചു. അതിന്നുമുമ്പു ദാരിദ്ര്യദേവതയുടെ മൂലസ്ഥാനമായിരുന്ന അവരുടെ കുടുംബം കന്യകയുടെ ജനനദിവസംമുതൽ, ഐശ്വൎയ്യത്തിന്റെ ഉത്തരംഗമായി മാറി. സന്തോഷവും ആനന്ദവും തൃപ്തിയും ഉത്സാഹവും, മൂൎത്തികളായി അവരുടെ ഭവനത്തിൽ സേവിച്ചുകിടക്കുകയാണോ എന്നു അവിടെ ചെല്ലുന്നവർഅവരുടെ അപ്പോഴത്തെ അവസ്ഥകണ്ടാൽ സംശയിച്ചുപോകും.

ഭക്തജനമന്ദാരമായ സുന്ദരേശ്വരൻ്, തന്റെ ശക്തിയായ മീനാക്ഷിയെ പിരിഞ്ഞു് പത്തുദിവസത്തിൽകൂടുതൽകാലം വസിക്കുന്നതിനു ശക്തിയുണ്ടായില്ല. പതിനൊന്നാംദിവസം ഭഗവാൻ, ദാശകന്യകയായി സുധൎമ്മദാസന്റെ കുടിലിൽ വസിക്കുന്ന കന്യകാരത്നമായ സുന്ദരേശ്വരിയെ വിവാഹംകഴിക്കുന്നതിനായി ഒരു ധീവരന്റെ വേഷമെടുത്തു് മീനാക്ഷി വസിക്കുന്ന ദാശന്റെ കുടിലിൽചെന്നു സുധൎമ്മധീവരനോടു അവന്റെ മകളെ വിവാഹംകഴിച്ചുകൊടുക്കുമോ എന്നു ചോദിച്ചു.

ദാശൻ അതുകേട്ട് ഇങ്ങനെ വിചാരിച്ചു—

എന്റെ മകൾ യൌവനയുക്തയായി. അവൾക്കുചേരുന്ന ഒരു സുന്ദരൻ ഭൂലോകത്തിലെങ്ങും കാണുകയില്ലെന്നായിരുന്നു ഞാൻ വിചാരിച്ചിരുന്നതു്. ആകസ്മികമായി ഇവളെ ലഭിച്ചതുപോലെതന്നെ ഇവൾക്കു അനുരൂപനായ ജാമാതാവിനേയും ദൈവം എനിക്കു ആകസ്മികമായിത്തന്നു. അതുകൊണ്ടു എന്റെ മകളെ ഇവനുതന്നെ വിവാഹംകഴിച്ചുകൊടുക്കണം. അനന്തരം ചോദിച്ചു.

എടോ യുവാവേ! സുന്ദരനായ നീ ആരു? നിന്റെ ദേശം ഏതു്? നിനക്കു എന്തുശക്തിയുണ്ടു്? ഇതെല്ലാം അറിഞ്ഞിട്ടു എന്റെ മകളെ നിനക്കു വിവാഹംചെയ്തുതരാമെന്നോ ഇല്ലെന്നോ പറയാം.

കമനീയഗാത്രനായ ദാശയുവാവിന്റെ വേഷത്തിൽ നില്ക്കുന്ന കരുണാധിവാസനും മായാമയനും ആയ സുന്ദരേശ്വരൻ, ധീവരന്റെ ചോദ്യത്തിനു ഇങ്ങനെ മധുരമായി ഉത്തരംപറഞ്ഞു.......

കാമരൂപനായ ഞാൻ ദാശനായകനാഥനാണു്. എന്റെ സ്ഥിരവാസം സമസ്തസൌഭാഗ്യസമന്വിതമായ മധുരയിൽ; ഞാൻഇപ്പോൾ വരുന്നതു അവിടെനിന്നും ആണു്. എനിക്കു ആരെക്കൊണ്ടും എടുത്തുവീശാൻകഴിയാത്ത ഏതുവലിയവലയും എടുത്തുവീശുന്നതിനും ആ വലയിൽ അകപ്പെടുന്ന ഏതു വലിയ ജലജന്തുക്കളേയും ഒററക്കുപിടിച്ചുകയററുന്നതിനും, ലോകങ്ങളെ സൃഷ്ടിക്കുന്നതിനും, അവയെ രക്ഷിക്കുന്നതിനും സംഹരിക്കുന്നതിനും, വേണ്ട ശക്തിയുണ്ടു്. ഞാൻ നിത്യനും ഈശനും മരണമില്ലാത്തവനും അന്യേമകൾക്കു അനുരൂപമായസൌന്ദര്യത്തോടും അന്യഗുണങ്ങളോടുംകൂടിയവനും ആകുന്നു. ഞാൻ അന്യേമകളുടെ ഗുണഗണങ്ങൾ കേട്ടു അവളെ വിവാഹംചെയ്വാനായി വന്നിരിക്കുകയാണു്. അനുരൂപനായ എനിക്കു അവിടുന്നു അവിടത്തെപുത്രിയെതരണം.

ദാശൻ ഇതുകേട്ടു്, അത്യന്തം സന്തോഷിച്ചെന്നുമാത്രമല്ല, തന്റെമകളെ സുന്ദരനായ ഇവനുതന്നെ കൊടുക്കണമെന്നു നിശ്ചയിക്കുകയും ചെയ്തു. അതിന്റെശേഷം ദാശയുവാവിനോടു ഇങ്ങനെ പറഞ്ഞു —

അല്ലയോ ധീവരയുവാവേ! നിങ്ങൾ നിങ്ങൾക്കു വളരെശക്തിയുണ്ടെന്നു പറഞ്ഞതുകൊണ്ടായില്ല. കാണിച്ചുതരികകൂടി ചെയ്യണം. കാണാഞ്ഞാൽ നല്ല വിശ്വാസം ഉണ്ടാകുന്നതല്ല.

ധീവരവേഷധാരിയായ സുന്ദരേശ്വരൻ അതുകേട്ടു്, എന്റെശക്തിനിങ്ങൾക്കു കാണിക്കണമെങ്കിൽ ഇതാ കണ്ടുകൊൾവിൻ. എന്നിങ്ങനെ പറഞ്ഞുകൊണ്ടു്, സ്വഗൃഹസ്ഥനധാരിതവും, ഗുണത്രയവിചിത്രിതവും, മഹാമായാമയവും, ആയ ജാലം എടുത്തു് വീശുന്നതിനായി ഞൊറിഞ്ഞുപിടിച്ചുംകൊണ്ടു് ഇങ്ങനെപറഞ്ഞു.

നിങ്ങളാലോ നിങ്ങളുടെ വംശത്തിൽ ഇപ്പോൾ ഉള്ള മറ്റേതെങ്കിലും ഒരു ധീവരശ്രേഷ്ഠനാലോ നിങ്ങളുടെ പൂർവികന്മാരായ പിതൃപൈതാമഹാദികളാലോ എന്റെ ഈ വല എടുക്കുന്നതിനൊ വീശുന്നതിനൊ സാധിക്കുന്നതല്ല. ഈ വല എടുത്ത് നിവൎത്തുന്നതിന് എന്നെക്കൊണ്ടുമാത്രമേ സാധിക്കയുള്ളു. നിങ്ങളുടെ ഈ സമുദ്രത്തിൽ ഏറാവും വലിയ മത്സ്യങ്ങൾ ഉള്ള സ്ഥലം ഏതാണെന്നു പറയണം. ഞാൻ ഈ നിമിഷത്തിൽ പിടിച്ചുതരാം.

ദാശവേഷധാരിയായ സുന്ദരേശ്വരന്റെ മേൽപ്രകാരമുള്ള വാക്കുകൾകേട്ട് മററുള്ള കൈവൎത്തന്മാർ ഇപ്രകാരംപറഞ്ഞു:—

ഈ കടലിൽ വളരെ മത്സ്യങ്ങൾ ഉള്ളതിൽവച്ച് ഏററവും വലിയ ഒരുമത്സ്യം ഉണ്ട്. ആ പൎവതാകാരനും ഭയങ്കരനും ആയ മത്സ്യം എവിടെ എന്നറിവാൻ പാടില്ലാതെ പുസ്തകങ്ങളും ഭക്ഷിച്ചുകൊണ്ട് മദോന്മത്തനായി വായുവിനെപ്പോലെ ഓടുന്നഓട്ടത്തിൽ വജ്രതുല്യമായ ദംഷ്ട്രങ്ങൾകൊണ്ട്, പൎവതങ്ങളെ പൊടിക്കുകയും അതിന്റെ സമീപത്തിൽക്കൂടി ഗതാഗതംചെയ്യുന്ന എല്ലാക്കപ്പലുകളേയും, ഭഞ്ജിക്കുകയും ചെയ്യുന്നു. ആ മത്സ്യത്തെ പിടിക്കുന്നതിന് ആരെക്കൊണ്ടുകഴിവരുമോ അവൻ ദാശന്മാരിൽവച്ചു വലിയവൻ തന്നെയെന്നുള്ളതിന് യാതൊരുസംശയവുമില്ല.

വൃദ്ധകൈവൎത്തൻ അതുകേട്ട്, സുന്ദരേശ്വരകൈവൎത്തനെ നോക്കി എന്നാൽ, നിങ്ങൾ, നിങ്ങളുടെ ഈ വലിയവലവീശി, ഇവർ പറയുന്ന വലിയമത്സ്യത്തെ പിടിക്കണം. അങ്ങനെചെയ്താൽ എന്റെ മകളെ നിങ്ങൾക്കുവിവാഹം കഴിച്ചുതരാം. ആ മത്സ്യംപിടിക്കുന്നവൻ കേമൻതന്നെയെന്ന് ഇവർ എല്ലാം സമ്മതിക്കുന്നല്ലോ. എനിക്കു അതിൽക്കൂടുതൽ യാതൊന്നും വേണമെന്നില്ല.

സുന്ദരേശ്വരൻ അതുകേട്ട്, എന്നാൽ ആ മത്സ്യം കിടക്കുന്നസ്ഥലമിവർവന്നുകാണിച്ചുതരട്ടെ. ഞാൻ തീൎച്ചയായും അതിനെ പിടിച്ചുകൊണ്ടു വരാം എന്നുപറഞ്ഞു.

മററുള്ളവർ അതുകേട്ട് നിങ്ങൾ വലയും എടുത്തുകൊണ്ട് വരണം. ഞങ്ങൾ കാണിച്ചുതരാം എന്നുപറഞ്ഞ് അവിടെ അപ്പോൾ കൂടിയിട്ടുണ്ടായിരുന്ന ഒരുകൂട്ടം ദാശന്മാർ മുമ്പേനടന്നു. കൈവൎത്തവേഷധാരിയായസുന്ദരേശ്വരൻ, തന്റെ ദിവ്യമായ വലയെ തോളത്തുചുമന്നുംകൊണ്ട് അവരുടെ പുറകേതിരിച്ചു. എല്ലാവരുംകൂടെ രാമസേതുവിൽ എത്തി. ആദ്യമേതന്നെ ആ വലിയമത്സ്യം അവിടെ ഉണ്ടോഎന്ന് അന്വേഷിച്ചു. ദേവേന്ദ്രനെപ്പേടിച്ച് സമുദ്രത്തിൽ ഒളിച്ചുകിടക്കുന്ന മൈനാകപൎവതം മത്സ്യരൂപത്തിൽ സമുദ്രത്തിൽ ഓടിനടക്കുകയാണോ എന്നുസംശയിക്കത്തക്കവണ്ണം വലിപ്പത്തോടുകൂടിയ ആ മത്സ്യം രാമസേതുവിന്റെ സമീപത്തിൽ

വന്നുനില്ക്കുന്നതിനെ അവർകണ്ടു. വിവരം ദാശവേഷധാരിയായ സുന്ദരേശ്വരനോടു മററുള്ള ദാശന്മാർ പറഞ്ഞു. അദ്ദേഹം തന്റെ തോളിൽ കിടന്ന വലയെടുത്തു് ആ മത്സ്യം കിടക്കുന്നതായി കാണിച്ചുകൊടുത്ത സ്ഥലത്തുവീശി. ശാപംകൊണ്ടു് അതേവരെയും മത്സ്യവേഷധാരിയായി വേദഗ്രന്ഥങ്ങളുംകാത്തുകിടന്നിരുന്ന നന്ദികേശ്വരൻപുസ്തകങ്ങളോടുകൂടെ വലയിൽ അകപ്പെട്ടു. സുന്ദരേശ്വരൻ വലപിടിച്ചുകരക്കേററി. മററുള്ളവർ മഹാമേരുവിനെപ്പോലെ ഉന്നതമായ ആ മത്സ്യത്തെ തന്റെവലയിൽ കുടുക്കിപ്പിടിച്ചു കരക്കേററി ഇട്ടകൈവർത്തയുവാവിന്റെ അമിതശക്തിയേയും വൈഭവത്തേയും പററി ഇതിൽപരമില്ലാതെ പ്രശംസിച്ചു.

അനന്തരം കൈവർത്തയുവാവു് തന്റെ വലയിൽ കുരുങ്ങിയ മത്സ്യത്തെ വലയിൽനിന്നും വിടുർത്തി എടുക്കാനായി കൈകൊണ്ടു പിടിച്ചു. സാക്ഷാൽ പരമശിവനായ സുന്ദരേശ്വരകൈവർത്തന്റെ കരസ്പർശവും കൃപാവീക്ഷണവും ശാപംകൊണ്ടു് മത്സ്യരൂപധാരിയായ നന്ദിയുടെ ശരീരത്തിൽ എപ്പോൾ പതിച്ചുവോ ഉടൻതന്നെ നന്ദി മത്സ്യരൂപത്തെ ഉപേക്ഷിച്ചു് സ്വന്തരൂപത്തിൽ പ്രകാശിച്ചു. അതിന്റെശേഷം അദ്ദേഹം കൈവർത്തയുവാവിന്റെ വേഷത്തിൽ തന്റെമുമ്പിൽനില്ക്കുന്ന സ്വസ്വാമിയായ സുന്ദരേശ്വരനെ അത്യന്തം ഭക്തിയോടുകൂടെ വന്ദിക്കുകയും സ്തുതിക്കുകയുംചെയ്തു.

മററുള്ളവർ ഇതെല്ലാംകണ്ടു് വളരെ വളരെ അതിശയിക്കുകയും വിവാഹാർത്ഥം അഗതനായ ഈ കൈവർത്തയുവാവിന്റെ കരകൌശലം വിസ്മയനീയംതന്നെയെന്നു തലകുലുക്കി സമ്മതിക്കുകയും ചെയ്തു. അതിന്റെശേഷം എല്ലാവരുംകൂടി വൃദ്ധകൈവർത്തന്റെ സദനത്തിൽപോയി വിധിപ്രകാരം വിവാഹത്തിന്നു് വേണ്ടചടങ്ങുകൾ എല്ലാം ഉണ്ടാക്കി വിവാഹമണ്ഡപത്തിൽവച്ചു് സർവ്വസമ്മതപ്രകാരം ദാശകന്യകയെ സുന്ദരേശ്വരകൈവർത്തന്നു് വിവാഹംചെയ്തുകൊടുത്തു.

ഭഗവാൻ സുന്ദരേശ്വരൻ കല്യാണരൂപിണിയായ ദാശകന്യകയെ സർവ്വസമ്മതപ്രകാരം ഉദ്വഹിച്ചതിന്റെശേഷം തന്റെ നിയോഗപ്രകാരം ഭൂതഗണങ്ങളാൽ ആനയിക്കപ്പെട്ട ദിവ്യവിമാനത്തിൽ, ആ ദാശവൃദ്ധനേയും അവന്റെ ഭാര്യയേയും ഇരുത്തി ദിവ്യവാദ്യങ്ങളോടുകൂടെ കൈലാസത്തിലേക്കു യാത്രയാക്കി. പുറകേ ദാശകന്യകയായി അവതരിച്ച മീനാക്ഷീദേവിയോടുകൂടെ അദ്ദേഹവും വൃഷഭാരൂഢനായി സ്വസ്ഥാനത്തേക്കു തിരിച്ചു. ശാപഗ്രസ്തമായ മത്സ്യരൂപം ഉപേക്ഷിച്ചു് സ്വന്തരൂപത്തിൽ അതേവരെയും ഭഗവൽ സന്നിധാനത്തിൽ നിന്നിരുന്ന നന്ദികേശ്വരൻ തന്റെകൈയിലുണ്ടായിരുന്ന പുസ്തകങ്ങളോടുകൂടെയും ഭഗവാനെ പിന്തുടന്നു. അവിചാരിതങ്ങളും അത്ഭുതതരങ്ങളുമായ ഈ സംഭവങ്ങൾ കാണികൾക്കു് എ

ന്തൊരു വിസ്മയത്തെയും ബഹുമാനത്തെയുമാണുണ്ടാക്കിയതെന്നു് പറയേണ്ടതില്ലല്ലൊ. അവരിൽ പലരും അവിടെ നടന്നതെല്ലാം മായയോ സ്വപ്നമോ ആയിരിക്കാം എന്നു് നിശ്ചയിച്ചു. ദിവ്യവിമാനാരൂഢരായി കൈലാസത്തിൽപോയ രാജദമ്പതിമാർ, ഈശ്വരിയുടേയും ഈശ്വരന്റെയും സാരൂപ്യത്തോടുകൂടെ പരമാനന്ദവും അനുഭവിച്ചു വസിച്ചു. വൃഷഭാരൂഢനായി അവരുടെ പുറകേതിരിച്ച മീനാക്ഷീസുന്ദരേശ്വരന്മാരിൽ, ഭഗവതി, അവർ "ഉത്തരകോശാപ്യ"ത്തിൽ ചെന്നപ്പോൾ ഭഗവാനോടു്, അല്ലയോ സ്വാമിൻ! എനിക്കു വേദാന്താർത്ഥങ്ങൾകേൾക്കേണ്ടതിനാഗ്രഹമുണ്ടു. നിന്തിരുവടി രണ്ടാമതും ഉപദേശിച്ചുതരണം എന്നപേക്ഷിച്ചു. അവരോടൊന്നിച്ചുണ്ടായിരുന്ന യോഗിമാരും ഭക്തന്മാരും അതുകേട്ടു് തങ്ങൾക്കും വേദാന്താർത്ഥങ്ങൾ ഗ്രഹിക്കുന്നതിനു് അമിതമായ ആഗ്രഹമുണ്ടെന്നു് ഭഗവാനെഅറിയിച്ചു.

വേദവേദാന്താഗമസാരവേദിയും ഭക്തവത്സലനും പരമഗുരുവും ആയ ഭഗവാൻ അതുകേട്ടു് നിങ്ങൾക്കെല്ലാവർക്കും അതിനെ താല്പര്യമാണെങ്കിൽ ഞാൻ ഇവിടെ താമസിച്ചു് നിങ്ങൾക്കു് വേദാന്താർത്ഥോപദേശം ചെയ്യാമെന്നുംപറഞ്ഞു്, കുറെദിവസം അവിടെ താമസിച്ചു്, ഭക്തന്മാരുടെയും യോഗിഗണങ്ങളുടെയും അവശ്യം പ്രമാണിച്ചു് മായാസ്വരൂപിണിയായ ഭഗവതിക്കുവേണ്ടിയിട്ടെന്ന വ്യാജേന അദ്വൈതസിദ്ധാന്തകലാവിദ്യകളും സായൂജ്യസ്വരൂപമായ മുക്തിയെ ദാനംചെയ്യുന്ന വേദാന്താർത്ഥങ്ങളും ഉപദേശിച്ചു ലോകൈകഗുരുവായ സാക്ഷാൽ ദക്ഷിണാമൂർത്തിയുടെ വദനാരവിന്ദോൽഗളിതങ്ങളായ വേദാന്താർത്ഥതത്വാമൃതപാനംകൊണ്ടു് യോഗികളും ഭക്തന്മാരും ഒന്നുപോലെ പരമാനന്ദപൂർണ്ണരായി.

അതിന്റെശേഷം അവർ അവരവരുടെ വാസസ്ഥലങ്ങളിലേക്കും മീനാക്ഷീസുന്ദരേശ്വരന്മാർ അവരുടെ നിവാസസ്ഥാനമായ ഹാലാസ്യത്തിലേക്കും പോയി.

അല്ലയോ വസിഷ്ഠാദികളെ ഇപ്രകാരം ആണു് കദംബകാനനവാസിയായ ഭഗവാൻ സുന്ദരേശ്വരൻ ശാപംകൊണ്ടു് രാജകന്യകയായി ജനിച്ച മീനാക്ഷിയെ വിവാഹംചെയ്യുന്നതിനുവേണ്ടി ശൈവത്തുയുവാവിന്റെ വേഷമെടുത്തതും, ശാപംകൊണ്ടു് മത്സ്യരൂപിയായികിടന്ന നന്ദിയെ വലവീശി കരകയററി ശാപംതീർത്തതും, സ്വഭക്തരായ രാജദമ്പതികൾക്കു് സാരൂപ്യംനൽകിയതും, ഭക്തഗണങ്ങൾക്കും യോഗികൾക്കുംവേണ്ടി ഭഗവതിയായ മീനാക്ഷിയെ അഭിമുഖമാക്കിക്കൊണ്ടു്, വേദാന്താർത്ഥോപദേശം ചെയ്തതുമായ അദ്ദേഹത്തിന്റെ അൻപത്തിഏഴാമത്തെ ലീല. ഈ ദുഃഖൌഘനാശനവും സർവ്വകാമപ്രദവും ആയ ലീല പഠിക്കുകയും കേൾക്കുകയും

ചെയ്യുന്നവൎക്ക് ഇഹപരങ്ങളിൽ ഒന്നുപോലെ പരമാനന്ദം അനുഭവിക്കുന്നതിനു സംഗതിയാവുന്നതാണ്.

കൈവൎത്തകന്യകയെ വിവാഹംചെയ്ത
അൻപത്തിഏഴാം ലീല
സമാപ്തം.

---

## ഹാലാസ്യമാഹാത്മ്യം

കേരളഭാഷാഗദ്യം.

൫൮-ാം അദ്ധ്യായം.

വാതപുരേശന്ന് ജ്ഞാനദീക്ഷ നല്കിയ

### അൻപത്തി എട്ടാം ലീല.

---

ശൈവാഗമ രഹസ്യവേദിയായ അഗസ്ത്യൻ വീണ്ടും വസിഷ്ഠാദികളോട്, ഹാലാസ്യവാസിയായ സുന്ദരേശ്വരൻ, വാതപുരേശൻ എന്ന മന്ത്രിക്ക് ജ്ഞാനദീക്ഷനൽകിയതായ അദ്ദേഹത്തിന്റെ അൻപത്തി എട്ടാമത്തെ ലീലയെപ്പററി താഴെവരുമാറു് പറയാൻ തുടങ്ങി.

അല്ലയോ വസിഷ്ഠാദികളേ! ഇനി നിങ്ങൾ സൎവാനുഗ്രഹകരനായ നീപാടവീനാഥന്റെ അൻപത്തി എട്ടാമത്തെ ലീലയെ കേട്ടുകൊള്ളുവിൻ! ആ ലീല അത്യന്തം പാവനമായുള്ളതാണ്. ഈ ഏക ലീലാശ്രവണം കൊണ്ട് നിങ്ങളുടെ സകലപാപങ്ങളും അസ്തമിച്ചുപോകും.

പണ്ട് ആദിശൈവാന്വയ രത്നമായി സുന്ദരനായി സുശീലനായി ശ്രീമാനായി സുന്ദരനാഥൻ എന്ന് പേരോടുകൂടിയ ഒരു ഭൂസുരശ്രേഷ്ഠൻ വാതപുരത്തിൽ ഉണ്ടായിരുന്നു. ശൈവഭക്താഗ്രഗണ്യനായ അവന്, വാതപുരേശൻ എന്നു പേരോടുകൂടി ലോകവിശ്രുതനായ ഒരു പുത്രൻ ജനിച്ചു. അവൻ ചെറുപ്പത്തിൽതന്നെ വേദങ്ങളും വേദാർത്ഥങ്ങളും വേദാന്തപ്രകരണങ്ങളും സൎവധൎമ്മശാസ്ത്രങ്ങളും പുരാണങ്ങളും ശിക്ഷാദികളായ വേദാംഗങ്ങളും തൎക്കവും, മീമാംസയും, ആയുൎവേദവും, ധനുൎവേദവും ഗാന്ധൎവവേദവും അനേക പ്രകാരത്തിൽ ഉള്ള അൎത്ഥശാസ്ത്രങ്ങളും ഗജാശ്വ ലക്ഷണശാസ്ത്രങ്ങളും, മററുകലകളും മന്ത്രശാസ്ത്രങ്ങളും എന്നുവേണ്ട സകലവിദ്യകളും വഴിപോലെ അഭ്യസിച്ച് അക്കാലത്തെ സകലവിദ്വാന്മാരി

ൽവച്ചും അഗ്രഗണ്യനായി. വിശേഷിച്ചും അദ്ദേഹത്തിന്, ഭൂലോകത്തിലെ എല്ലാഭാഷകളും ഒന്നുപോലെ എഴുതാനും വായിക്കാനും സംസാരിക്കാനും വശമായിരുന്നു. രാജ്യഭരണതന്ത്രത്തിലും നീതിശാസ്ത്രത്തിലും അദ്ദേഹത്തിനുണ്ടായിരുന്ന പാണ്ഡിത്യത്തിന് അതിരില്ലായിരുന്നു. പതിനാറുവയസ്സിനകം മുൻപറഞ്ഞ എല്ലാവിദ്യകളിലും ഒന്നുപോലെ പാരംഗതനായിത്തീൎന്ന ആ വാതപുരേശവിപ്രനെ അരിമർദ്ദനപാണ്ഡ്യൻ വരുത്തി അദ്ദേഹത്തിൻെറ പ്രധാനമന്ത്രിപദത്തിൽ നിയമിച്ച് നിട്ടുകൊടുത്തു. നിയമജ്ഞാനംകൊണ്ടെന്നുമാത്രമല്ല മന്ത്രസാമൎത്ഥ്യംകൊണ്ടും അദ്ദേഹം മന്ത്രികളിൽവച്ച് അഗ്രഗണ്യനായിത്തീൎന്നു. തന്മൂലം അരിമർദ്ദനപാണ്ഡ്യൻ ഗജതുരഗരഥപദാതികൾ അടങ്ങിയ അദ്ദേഹത്തിൻെറ ചതുരംഗസൈന്യത്തിൻെറ ഭരണം വിശേഷിച്ചും വാതപുരേശനിൽ സമൎപ്പിച്ചിരുന്നു. അന്യരാജ്യങ്ങളുമായുള്ള സകല ഏൎപ്പാടുകളും വിദേശീയകച്ചവടങ്ങളും നടത്തിവന്നതും ചുങ്കം വസൂൽ ചെയ്യുന്നതും പ്രത്യേകിച്ചും അദ്ദേഹത്തിൻെറ മേൽനോട്ടത്തിൽ ആയിരുന്നു. ഇങ്ങനെ പ്രധാനകാൎയ്യങ്ങളിൽ എല്ലാം നിയുക്തനായ ആ മന്ത്രിസത്തമൻ തൻെറ അപാരമായ ഭരണസാമൎത്ഥ്യ കൊണ്ട് മധുരാസാമ്രാജ്യത്തെ പൂൎവ്വാധികം പ്രബലമാക്കിത്തീൎത്തു. സൈന്യബലംകൊണ്ടും, ധനശക്തികൊണ്ടും, കോട്ടകൊത്തളങ്ങളുടെ ഉറപ്പുകൊണ്ടും, മധുരാസാമ്രാജ്യം, ശത്രുരാജാക്കന്മാൎക്ക് ദുഷ്പ്രാപ്യമായെന്നു മാത്രമല്ല, സമ്പൽസമൃദ്ധികൊണ്ടും, ഭരണനയംകൊണ്ടും, നീതിപാലനംകൊണ്ടും, മററും സ്വൎല്ലോകതുല്യവുമായിത്തീൎന്നു. രാജ്യത്തിൽ മേൽപ്രകാരമെല്ലാമുള്ള ഐശ്വൎയ്യങ്ങൾ വൎദ്ധിപ്പിച്ച മന്ത്രിസത്തമനായ വാതപുരേശനോട രാജാവിനുണ്ടായ സ്നേഹത്തിനും പ്രീതിക്കും യാതൊരററവും ഇല്ലായിരുന്നു. അദ്ദേഹം ആ മന്ത്രീശ്വരന്, അനവധി കൃഷിസ്ഥലങ്ങളും കുടമാളികകളും വസ്ത്രാഭരണങ്ങളും മററു സമ്പത്തുകളും സമ്മാനമായി നല്കി.

തൻെറ ഭരണസാമൎത്ഥ്യംമൂലം സന്തുഷ്ടനായി രാജാവു നല്കിയ സമ്മാനങ്ങളെക്കൊണ്ടോ, ഭരണഗുണം അനുഭവിച്ച് ആഹ്ലാദഭരിതരായി നിത്യവും തന്നെ പ്രശംസിക്കുന്ന പൌരവരന്മാരുടെ അനുമോദനങ്ങളെക്കൊണ്ടോ ആ മന്ത്രീന്ദ്രനായ വാതപുരേശഭൂസുരേന്ദ്രന് തെല്ലും അഹംഭാവം ഉണ്ടായില്ലെന്നുമാത്രമല്ല, പാപഭീരുവും, സൎവ്വജ്ഞനും, സുന്ദരേശ്വരഭക്തനുമായ അദ്ദേഹം പൂൎവ്വന്മാർ നടത്തിവന്നതുപോലെയുള്ള സകലദാനധൎമ്മങ്ങളും നടത്തുകയും വിശേഷിച്ചും, ഭൂദേവന്മാരും ശിവഭക്തന്മാരുമായ ബ്രാഹ്മണൎക്ക് നിത്യാന്നദാനം ചെയ്യുന്നതിലും മൂലദൈവമായ സുന്ദരേശ്വരനെ പൂജോപഹാരാദികളെക്കൊണ്ട് പ്രീണിപ്പിക്കുന്നതിലും പ്രത്യേകം ശ്രദ്ധ വച്ചുവന്നു.

ഇങ്ങനെ സൎവ്വാനുകൂലമായി വാതപുരേശ്വരമന്ത്രി രാജ്യഭരണം നടത്തുന്ന കാലത്തിൽ ഒരിക്കൽ, അശ്വപാലന്മാർ രാജസന്നിധിയിൽ പ്രവേ

ശിച്ച് അരിമർദ്ദനപാണ്ഡ്യനെ വിധിപ്രകാരം വന്ദിച്ചുകൊണ്ട് അശ്വസ്ഥിതിയെപ്പററി ഇപ്രകാരം പറഞ്ഞു.

"അല്ലയോ രാജശ്രേഷ്ഠ! അവിടത്തെ കുതിരകളിൽ ചിലതെല്ലാം മരിച്ചുപോയി. ബാക്കിയുള്ളതിൽ അധികവും വയസ്സായതാണ്. ചിലതിനെല്ലാം ദീനങ്ങളും പിടിപെട്ടിട്ടുണ്ട്. ചിലതു് ദുസ്സ്വഭാവംകൊണ്ട് ഉപയോഗിക്കാൻ നിവൃത്തിയില്ലാത്തവയും ആണ്. ചുരുക്കിപ്പറഞ്ഞാൽ ഇപ്പോൾ നമ്മുടെ അശ്വാലയത്തിന് പകുതികൊള്ളുന്നതിൽ ഒരുകുതിരപോലും ഇല്ല. അതുകൊണ്ട് കാലതാമസംകൂടാതെ നമുക്കാവശ്യമുള്ളിടത്തോളവും കുതിരകളെ അന്യനാട്ടിൽനിന്നും വരുത്തണം. പരരാഷ്ട്രജയേച്ഛുക്കളായ രാജാക്കന്മാൎക്ക് അശ്വങ്ങൾ വളരെ വളരെ അത്യാവശ്യം ആണ്. അതുകൊണ്ട് ലക്ഷണയുക്തങ്ങളും നവീനങ്ങളും ആയ കുതിരകളെ ദ്വീപാന്തരങ്ങളിൽനിന്നും വാങ്ങിക്കൊണ്ടുവരുന്നതിനായി ഇപ്പോൾതന്നെ സമൎത്ഥന്മാരെ നിയോഗിപ്പാറാകണം."

ഇങ്ങിനെ അശ്വാധിപന്മാരുടെ മേൽപ്രകാരമുള്ള വാക്കുകൾകേട്ട് വിചാരചിത്തനായിത്തീൎന്ന അരിമർദ്ദനപാണ്ഡ്യൻ ഉടൻതന്നെ മന്ത്രികുലോത്തമനായ വാതപുരേശനെ അരുളപ്പാടുവരുത്തി അദ്ദേഹത്തിനോട് ഇപ്രകാരം പറഞ്ഞു.

"അല്ലയോ മന്ത്രിസത്തമ! നീ എൻെറ വലതുകണ്ണാണ്. ഞാൻ ആ കണ്ണുകൊണ്ടാണ് രാജ്യകാൎയ്യങ്ങൾ കാണുന്നതു്. നിന്നെപ്പോലെ സമൎത്ഥന്മാരായ മന്ത്രികളെ ഇതിനുമുൻപിൽ എനിക്കെന്നല്ലാ എൻെറ പൂൎവ്വികന്മാൎക്കും ലഭിച്ചിട്ടില്ല. മേലാൽ ലഭിക്കുന്നതും അല്ല. ദീൎഗ്ഘലോചനശാലിയും കാൎയ്യസാമൎത്ഥ്യവും തന്ത്രനിപുണനും നീതിമാനും നയശാലിയും ആയ നിൻെറ ഭരണംകൊണ്ട്, എൻെറ രാജ്യം ഇപ്പോൾ നവയൌവനാവസ്ഥയെ പ്രാപിച്ചിരിക്കുന്നാണെങ്കിലും, കുറേമുൻപേ അശ്വപാലകാധിപന്മാർ ഇവിടെവന്ന്, അശ്വങ്ങളിൽ അധികവും മരിച്ചുപോയതായും, ബാക്കിയുള്ളവകൾ വയസ്സായവയും രോഗംപിടിച്ചതും മററും ആണെന്നും അതുകൊണ്ട് കഴിയുന്നതും വേഗത്തിൽ അശ്വങ്ങളെ വരുത്തിക്കൊള്ളുകണമെന്നും അറിയിച്ചിരിക്കുന്നു. എത്രയോ ലക്ഷം കുതിരയെ വാങ്ങുന്നതിനും വേണ്ട ദ്രവ്യം എൻെറ ഭാഗ്യംകൊണ്ടും നിൻെറ സാമൎത്ഥ്യംകൊണ്ടും നമ്മുടെ ഭണ്ഡാരത്തിൽ ഇപ്പോൾ ഉണ്ട്. വേണ്ടദ്രവ്യം ചുമപ്പിച്ചുകൊണ്ടുപോയി എവിടെനിന്നെങ്കിലും, ലക്ഷണയുക്തങ്ങളായ ഉത്തമവാഹങ്ങളെ വേണ്ടിടത്തോളവും വാങ്ങിക്കൊണ്ടു വരുന്നതിനായി ഇപ്പോൾതന്നെ പുറപ്പെട്ടാലും. നിന്നെപ്പോലെ എനിക്കു മററാരേയും വിശ്വാസം ഇല്ലാത്തതുകൊണ്ടാണ നീതന്നെ പോകണമെന്നു പറയുന്നതു്.

വാതപുരേശൻ അതുകേട്ട് ഇപ്പോൾതന്നെപോയി വേണ്ട വാഹങ്ങളെ വാങ്ങിക്കൊണ്ട് വരാമെന്നും പറഞ്ഞു രാജാവിനോടു യാത്രയും

ഉഴഞ്ഞി രാജസന്നിധിയിൽനിന്നും ഇറങ്ങി ഭണ്ഡാരസദനത്തിൽപോയി ഗണകന്മാരെക്കൊണ്ട് കണക്കിൽ ചിലവെഴുതിച്ച്, ഒട്ടുവളരെ ദ്രവ്യം വാങ്ങി പെട്ടിയിലിട്ട് ചുമടാക്കി മുദ്രവെച്ച് ചുമട്ടുകാരെക്കൊണ്ട് ചുമപ്പിച്ച് അദ്ദേഹത്തിന്റെ വീട്ടിൽകൊണ്ടുപോയി ഉറപ്പുള്ള മുറിയിൽ ഇറക്കിച്ചു വിശ്വസ്തന്മാരായ ചില ഭൃത്യന്മാരെ ധനംകാക്കുന്നതിനും നിയമിച്ചുംവെച്ച്, ഒരു വിജനസ്ഥലത്തുപോയിരുന്നുംകൊണ്ട് സുന്ദരേശ്വരപ്രീതിക്കുവേണ്ടി പുണ്യകൎമ്മങ്ങൾ ചെയ്യുന്നതിനുള്ള സൌകൎയ്യം ഇതുതന്നെ എന്നു നിശ്ചയിച്ചിട്ട് ഉടൻതന്നെ അവിടെനിന്നും ഇറങ്ങി ഹേമപത്മിനിയിൽപോയി സ്നാനംചെയ്തു നിത്യകൎമ്മംനടത്തി ഭസ്മരുദ്രാക്ഷങ്ങളും ചാൎത്തി തീരസ്ഥനായ ഗണേശ്വരനെ ഗന്ധാദികൾകൊണ്ട് പൂജിച്ചു പ്രസാദിപ്പിച്ചതിന്റെശേഷം, ഷൺമുഖനെയും പൂജിച്ച് മനോരഥങ്ങൾ മുഴുവൻ പ്രാൎത്ഥിച്ചുകൊണ്ട്, അവിടെനിന്നും തിരിച്ച് സൎവ്വാനുഗ്രഹതല്പരയായ മീനാക്ഷീഭഗവതിയെ പ്രതിഷ്ഠിച്ചിരിക്കുന്ന ദിക്കിൽപോയി, ലോകൈകനായികയും ജഗന്മാതാവും ആയ ദേവിയെ വഴിപോലെ പൂജിച്ച്, ഭക്തിപൂൎവ്വം പ്രണമിക്കുകയും പ്രാൎത്ഥിക്കുകയും ചെയ്തതിൽപിന്നെ സ്വമനോരഥങ്ങൾ മുഴുവനും ഇപ്രകാരം അറിയിച്ചു.

അല്ലയോ ഭഗവതീ! നൃപരക്ഷകനായ എനിക്ക് അദ്ദേഹത്തിന്റെ ദ്രവ്യങ്ങൾകൊണ്ട് ധൎമ്മംചെയ്യാൻ വലിയ മടിയായിരിക്കുന്നു. ഇപ്പോൾ രാജാജ്ഞപ്രകാരം കുതിരകളെ വാങ്ങിക്കുകയാണെങ്കിൽ കൈയും കണക്കും ഇല്ലാത്ത ദ്രവ്യം ചുമപ്പിച്ചുകൊണ്ടുപോയി തുരുഷ്കന്മാൎക്ക് കൊടുക്കണം. അതിനിക്കു പ്രാണസങ്കടമാണ്. അതുകൊണ്ട് ആൎത്തത്രാണപരായണയും ഭക്തേഷ്ടകാരിണിയും ആയ ഭഗവതീ, എന്റെ ഉദ്ദേശ്യം സഫലമാക്കി എന്നെയും എന്റെ മഹാരാജാവിനെയും രക്ഷിക്കണം.

അനന്തരം ലിംഗരൂപധാരിയും, സുന്ദരേശാഖ്യനും ആയ പരമശിവന്റെ സന്നിധിയിൽപോയി അദ്ദേഹത്തെ പ്രദക്ഷിണപ്രണാമങ്ങൾകൊണ്ടും, ഗന്ധപുഷ്പസമാരാധനംകൊണ്ടും പ്രസാദിപ്പിച്ചതിന്റെശേഷം അദ്ദേഹത്തോടും ഇപ്രകാരം പ്രാൎത്ഥിച്ചു.

അല്ലയോ ഭൂലോകശിവലോകേശ! താണ്ഡവപ്രിയ! മധുരാപുരവാസിൻ! സൎവ്വജ്ഞ! കരുണാസിന്ധോ! സൎവ്വലോകൈകനായക! സമസ്തജഗദുൽപത്തിസ്ഥിതിസംഹാരകാരക! പ്രഭോ! അങ്ങയുടെ അനുഗ്രഹംകൊണ്ട്, എന്റെ പുറപ്പാട് സഫലമാകണമേ! എന്റെ അധീനത്തിൽ ഇപ്പോൾ രാജാവിന്റെ വകയായി അനവധി ദ്രവ്യം ഉണ്ട്. ഞാൻ അവ ചെലവാക്കി അങ്ങയെയും അങ്ങേ ഭക്തന്മാരെയും വഴിപോലെ പൂജിക്കാം.

വാതപുരേശ്വരൻ ഇപ്രകാരം പ്രാൎത്ഥിച്ചിട്ട്, പോകാനായി തുടങ്ങിയപ്പോൾ, എവിടെനിന്നും വന്നെന്നറിയാതെ ഒരു വൃദ്ധവിപ്രൻ അവിടെവന്ന്, വാതപുരേശ്വരനോട്, ഈ ഭസ്മം വാങ്ങിക്കൊണ്ടുപൊയ്ക്കൊള്ളു

ക എന്നും പറഞ്ഞു്, വാതപുരേശ്വരന്റെ കൈയിൽ കുറെ ഭസ്മം ഇട്ടുകൊടുത്തു. വാതപുരേശ്വരൻ ഭക്തിപൂർവ്വം ഭസ്മം കൈയിൽ വാങ്ങിയുംകൊണ്ടു് എന്തായാലും നിമിത്തം നല്ലതുതന്നെ, എന്നിങ്ങനെ നിശ്ചയിച്ചു് സുന്ദരേശ്വരസ്മരണയോടുകൂടെ ഹാലാസ്യത്തിൽനിന്നും തിരിച്ചു സ്വമന്ദിരത്തിൽ പോയി ചുമട്ടുകാരരെക്കൊണ്ടു് ചുമടുകളും ചുമപ്പിച്ചുംകൊണ്ടു്, അശ്വങ്ങളെ വാങ്ങിക്കുന്നതിനായി കിഴക്കോട്ടുനോക്കി നടന്നു.

കുതിരകളെ വാങ്ങിക്കാനായി പുറപ്പെട്ട വാതപുരേശ്വരൻ, പൂർവ്വസമുദ്രോപാന്തത്തിൽകൂടെ പോകുമ്പോൾ, മഹാതീർത്ഥം, എന്നു പേരോടുകൂടിയ ഉത്തമമായ ഒരു ശിവസ്ഥാനം, കാണുകയും മാർഗ്ഗക്ലേശശമനത്തിനായി അദ്ദേഹവും പരിവാരങ്ങളും അവിടെ വിശ്രമിക്കുകയുംചെയ്തു.

വിശ്രമത്തിനായി ആ ശിവസ്ഥാനത്തിൽ പ്രവേശിച്ച വാതപുരേശ്വരന്റെ ഹൃദയം അപാരമായ ശിവഭക്തിയാൽ അഗ്നിയിൽ വെണ്ണയെന്നപോലെ ദ്രവീഭൂതമായി. അതിന്റെശേഷം അത്യന്തം ശാന്തമാനസനും വിസ്മിതനും ആയ അദ്ദേഹം ഇപ്രകാരം വിചാരിച്ചു.

ഇതെന്തൊരതിശയം! ഞാൻ ഇതിനു മുൻപിൽ എത്രയോ വളരെ ശിവസ്ഥാനങ്ങൾ സന്ദർശിച്ചിരിക്കുന്നു. അതിൽ ഒരുസ്ഥലത്തുവച്ചും എനിക്കിതുപോലെ ഹൃദയപ്രസാദം ഉണ്ടായിട്ടില്ല. ഇവിടെ എപ്പോൾവന്നുചേർന്നുവോ അപ്പോൾ മുതൽ എന്റെ ഹൃദയം ഭക്തിയിൽ ലയിച്ചുപോയിരിക്കുന്നു. എന്റെ മനസ്സ് ഇങ്ങനെ ദ്രവിക്കുന്നതിനു എന്തെങ്കിലും വിശേഷകാരണം ഉണ്ടായിരിക്കണം. അതുമല്ലാ എനിക്കു ഇവിടംവിട്ടു പോകുന്നതിന് അല്പംപോലും സമ്മതവും ഇല്ല. അതുകൊണ്ടു ശിവാപ്തിക്കുവേണ്ടി ഇവിടെത്തന്നെ താമസിക്കണം.

വാതപുരേശ്വരൻ മേൽപ്രകാരം വിചാരിച്ചുംകൊണ്ടു്, അനുചരന്മാരോടു് "ഇനി നിങ്ങൾ എന്നോടൊന്നിച്ചു് താമസിക്കണമെന്നില്ല. ചുമടുകൾ എല്ലാം ഇവിടെ ഇറക്കിയുംവച്ചു് പൊയ്ക്കൊള്ളുവിൻ! ഇവിടെ ആഷാഢമാസത്തിൽ വളരെ കുതിരകൾവരും ഞാൻ അവയേയും വാങ്ങിക്കൊണ്ടു്, ശ്രാവണമാസത്തിൽ തിരിച്ചുവരാം. നിങ്ങൾ രാജധാനിയിൽ ചെന്നാൽ ഉടൻപോയി ഈ വിവരം മഹാരാജാവിനെ അറിയിക്കണം, എന്നു പറഞ്ഞു് അവരെ യാത്രയാക്കി.

അനുചരന്മാർ വാതപുരേശ്വരാജ്ഞയെ ശിരസാവഹിച്ചുകൊണ്ടു് മധുരാപുരിയിലേക്കു തിരിച്ചു. അവർ കാലതാമസമെന്യേ മധുരാപുരിയിൽ എത്തി വിവരം അരിമർദ്ദനപാണ്ഡ്യനെ അറിയിച്ചു. അരിമർദ്ദനപാണ്ഡ്യൻ, മന്ത്രിസത്തമനായ വാതപുരേശ്വരന്റെയും കുതിരകളുടെയും വരവിനെയും പ്രതീക്ഷിച്ചു് രാജ്യപാലനവുംചെയ്തു മധുരാപട്ടണത്തിൽ വസിച്ചു.

ശ്രീമഹാതീർത്ഥ ശംഭുസ്ഥാനവാസിയായ വാതപുരേശ്വരൻ, അഞ്ചരന്മാർ എല്ലാം പോയതിന്റെശേഷം, അവിടെയുള്ള പുണ്യതടാകത്തിൽ ഇറങ്ങി സ്നാനംചെയ്തു ഭസ്മോദ്ധൂളിതവിഗ്രഹനായി, അവിടെ സാന്നിദ്ധ്യംചെയ്യുന്ന ജനവന്നാഥനെ ദർശിക്കാനായി പാവനവും ദിവ്യവും ആയ ശാംഭവപ്രസാദത്തിൽ പ്രവേശിക്കാൻ ഭാവിച്ചപ്പോൾ, ദയാലുവായ സുന്ദരേശ്വരൻ, ജനവന്നാഥന്റെ സപത്രപത്തിൽ, കുന്ദമൂലത്തിൽ, അനേകശിഷ്യമദ്ധ്യസ്ഥനും അനന്താനന്ദദായകനും, ഗുരുമൂർത്തിയും ആയിട്ടിരുന്നുംകൊണ്ടു്, ചിൽസ്വരൂപമുദ്രയാൽ, വേദാർത്ഥങ്ങളെ ശിഷ്യന്മാൎക്കുപദേശിച്ചുകൊടുക്കുന്നതായി കാണപ്പെട്ടു.

വാതപുരേശ്വരൻ അതുകണ്ടു്, കുന്ദമൂലത്തിൽ ഇരുന്നു് ശിഷ്യന്മാൎക്കു് വേദോപദേശംചെയ്യുന്ന ഈ ഗുരുമൂർത്തി സുന്ദരേശൻതന്നെയെന്നുള്ള വിചാരത്തോടുകൂടെ മറെറങ്ങോട്ടും പോകാതെ ആ പ്രണതാൎത്തിഹരന്റെ മുമ്പിൽ സാഷ്ടാംഗപ്രണാമം ചെയ്തു.

ഭക്താനുഗ്രഹദക്ഷിണനായ ഗുരുമൂർത്തി ഉടൻതന്നെ കരുണാകടാക്ഷാവലോകനങ്ങൾകൊണ്ടു്, തൽസന്നിധിയിലോട്ടാഹ്വാനം ചെയ്തു. ഭക്താഗ്രണിയും വിനയപ്രകൃതിയും ആയ അവൻ, തൊഴുകയ്യോടുകൂടെ മന്ദംമന്ദം ഗുരുമൂർത്തിയുടെ സന്നിധിയിലേക്കു് അടുത്തുചെന്നു. അവന്റെ ആചാരത്തേയും ഭക്തിയേയുംകണ്ടു് അത്യന്തം പ്രീതനായ ഗുരുമൂർത്തി പഞ്ചാക്ഷരമഹാമന്ത്രം അവനുപദേശിച്ചു. പഞ്ചാക്ഷരമഹാമന്ത്രോപദേശം ഗ്രഹിച്ച ക്ഷണംമുതൽ അവനിൽ, അദ്വിതീയമായ സുജ്ഞാനവും കവിത്വവും പ്രകാശിച്ചു. അതിന്റെശേഷം വേദം പഠിക്കുന്നശിഷ്യന്മാരോടുകൂടെ അവിടെ വസിച്ചു. കുറ കഴിഞ്ഞപ്പോൾ ഗുരുമൂർത്തി വാതപുരേശനെ നോക്കി, ഹേ വത്സ! നീ ഇവിടെത്തന്നെ താമസിച്ചുകൊള്ളുകയെന്നുംപറഞ്ഞു് സശിഷ്യന്മാരോടുകൂടെ, മറഞ്ഞു. വാതപുരേശ്വരനു ഗുരുമൂർത്തിയുടെ വിരഹം ഇതില്പരമില്ലാത്ത വ്യസനത്തിനു കാരണമായി. സുന്ദരേശ്വരസ്മരണയോടുകൂടെ, അനേകപ്രകാരത്തിൽ ഉള്ള ശ്രീവാചകങ്ങൾകൊണ്ടു്, സ്തുതിച്ചിട്ടു് ഗുരുമൂർത്തിയെ വിളിച്ചു. ഗുരുവിനേയും ശിഷ്യന്മാരേയും എത്ര വിളിച്ചിട്ടും കാണുന്നില്ല. കാണാമെന്നുവിചാരിച്ചുംകൊണ്ടു് വാതപുരേശ്വരൻ, ഊണും ഉറക്കവും ഉപേക്ഷിച്ചു് അവിടെത്തന്നെ താമസിച്ചു് കുറേദിവസങ്ങൾ കഴിച്ചു. അനന്തരം ശ്രീവാചകങ്ങളെ ഉച്ചരിച്ചുകൊണ്ടു ഭ്രാന്തന്മാരെപ്പോലെ അവിടെയെല്ലാംചുററി അലഞ്ഞു. വാതപുരേശ്വരന്റെ മുഖമാകുന്ന അരവിന്ദത്തിൽനിന്നും വിനിസ്സൃതങ്ങളും രമ്യങ്ങളുമായ ശ്രീവാചകങ്ങൾകേട്ടു്, അനവധി ശിവഭക്തന്മാർ ശിവശിവ, എന്നിങ്ങനെ മുകതകണ്ഠം, ആൎത്തുകൊണ്ടു് അദ്ദേഹത്തിന്റെചുററും ചെന്നുകൂടി. വാതപുരേശൻ, ശിവഭക്തന്മാരായ അവരെയെല്ലാം ശിവനെപ്പോലെ ഭാവിച്ചുംകൊണ്ടു് ശിവസ്മരണയോടുകൂടെ കൈയിൽ ഉണ്ടായി

രുന്ന ദ്രവ്യത്തിൽ അധികഭാഗവും അവക്കു ദാനംചെയ്യുകയും, ഭാവികാൎയ്യ ത്തെപ്പററി അല്പംപോലും ചിന്തിക്കാതെ ബാക്കികൊണ്ടു, ജനവനനാഥനാ യ പരമശിവൻെറ അനവധി ശ്രീകാൎയ്യങ്ങളെ നടത്തിക്കുകയും ചെയ്തു. സുന്ദരേശ്വരപൂജക്കും അനവധി ധനം എത്തിച്ചുകൊടുത്തു. എന്തിന ധികം പറയുന്നു, ചിലദിവസങ്ങൾക്കുള്ളിൽ വാതപുരേശൻ കൈവശമു ണ്ടായിരുന്ന ധനമെല്ലാം ശിവകാൎയ്യമായി ചെലവാക്കിയുംവെച്ചു് അവിടെ ത്തന്നെ താമസിച്ചു.

ഈ വിവരങ്ങൾ എല്ലാം പാണ്ഡ്യരാജാവിൻെറ മററുള്ള മന്ത്രിവീര ന്മാർ അറിയുകയും അവർ അരിമൎദ്ദനപാണ്ഡ്യനെ കേൾപ്പിക്കുകയും ചെയ്തു.

അരിമൎദ്ദനപാണ്ഡ്യൻ വാതപുരേശൻെറ പ്രവൃത്തികൾകേട്ടു്, അത്യ ന്തം ക്രുദ്ധനായി. അനന്തരം വാതപുരേശനു്, നീ കുതിരകളെ വാങ്ങുന്ന തിനായി ഒട്ടുവളരെ ദ്രവ്യങ്ങളും ചുമപ്പിച്ചുംകൊണ്ടു പോയിട്ടു് ദിവസങ്ങൾ വളരെയായി. ഇതേവരെയായിട്ടും കുതിരകളെ കൊണ്ടുവന്നിട്ടില്ല. ഈ പത്രിക കണ്ടാലെങ്കിലും കുതിരകളോടുകൂടെ അതിവേഗത്തിൽ ഇവിടെ വ ന്നുചേരണം. അല്ലാത്തപക്ഷം നമ്മുടെ അപാരമായ അപ്രീതിക്കും കോ പത്തിനും നീ പാത്രീഭവിക്കുന്നതായിരിക്കും. എന്നിങ്ങനെ ഒരു പത്രിക എഴുതി ദൂതന്മാർവശം എത്തിപ്പിച്ചയച്ചു.

രാജദൂതന്മാർ അതിവേഗത്തിൽ വാതപുരേശൻെറ അടുക്കൽ എത്തി രാജലേഖനം അദ്ദേഹത്തിൻെറ കൈയിൽ കൊടുത്തു. വാതപുരേശൻ അ തു് വായിച്ചുനോക്കിയുംവെച്ചു്, അനന്തരകരണീയം എന്താണെന്നു തോന്നാ തെ കുറേനേരത്തോളവും നിശ്ചലനായി ഇരുന്നിടത്തുതന്നെ ഇരുന്നു. അ തിൻെറശേഷം അദ്ദേഹം ആൎത്തത്രാണപരായണനായ സുന്ദരേശ്വരനേയും ദീനാനുകമ്പിയായ മീനാക്ഷീഭഗവതിയേയും ഇതില്പരമില്ലാത്ത ഭക്തിയോ ടുകൂടെ മനസാ ധ്യാനിച്ചുകൊണ്ടു് ജനവനനാഥസന്നിധിയിൽപ്പോയി അ ദ്ദേഹത്തെ ദൎശിച്ചു്, ഭക്തിപൂൎവ്വം സാഷ്ടാംഗപ്രണാമംചെയ്തു് ഭയാകുലനും സാശ്രുലോചനനുമായി ഇപ്രകാരം പ്രാൎത്ഥിച്ചു.

"അല്ലയോ ജനവനനാഥ! സൎവ്വജ്ഞനായ നിന്തിരുവടി അടിയൻെറ അപേക്ഷകളെ കേൾക്കണമേ! അശ്വങ്ങളെ കൊണ്ടുചെല്ലുന്നതിനായി മഹാരാജാവിൻെറ കല്പന വന്നിരിക്കുന്നു. ഞാൻ കുതിരകളെ വാങ്ങിച്ചി ട്ടില്ല. കുതിരകൾ വാങ്ങാനായി രാജഭണ്ഡാരത്തിൽനിന്നും ചുമപ്പിച്ചു കൊണ്ടുപോന്ന ദ്രവ്യം മുഴുവനും, നിന്തിരുവടിയെ ഉദ്ദേശിച്ചു് ഞാൻ ചെ ലവാക്കിപ്പോയി. ഒരു കരമെടുത്തു് കുതിരകളെ വാങ്ങിക്കാൻ എൻെറകൈ വശം വേറെ പണവും ഇല്ല. കുതിരയെ വാങ്ങാനായി തന്ന ദ്രവ്യം നി ന്തിരുവടിയുടേയും നീപാടവീനാഥനായ സുന്ദരേശ്വരൻെറയും ശ്രീകാ ൎയ്യങ്ങൾക്കായും നിങ്ങളുടെ ഭക്തന്മാരുടെ ഇഷ്ടപൂൎത്തിക്കായും ചെലവാക്കി

പ്പോയെന്നുപറഞ്ഞാൽ രാജാവു് സമ്മതിക്കുമോ? അല്ലയോ ദയാനിധേ! ഞാൻ ഇവിടെ എന്താണു് ചെയ്യേണ്ടതു്? എനിക്കു ഒരു വഴിയും തോന്നുന്നില്ല. നിന്തിരുവടിതന്നെ വേണ്ട മാർഗ്ഗം ഉണ്ടാക്കിത്തന്നു് ഈ ഭക്തദാസനെ രക്ഷിക്കണം.”

ഭയവിഹ്വലനും വിചാരമഗ്നനും ആയ വാതപുരേശ്വരൻ, ഭക്തിപൂർവ്വം മേൽപ്രകാരം പ്രാർത്ഥിച്ചുംകൊണ്ടു് നില്ക്കുമ്പോൾ, “അല്ലയോ ഭക്ത! നീ അല്പംപോലും വ്യസനിക്കേണ്ട. നിന്റെ ഏതുവിധത്തിൽ ഉള്ള അപേക്ഷയും നിർവ്വഹിച്ചുതരുന്നതിനു്, ഭക്തവത്സലനും സർവ്വജ്ഞനും ആയ ഞാൻ സദാ സന്നദ്ധൻതന്നെ. നീ ഭയപ്പെടാതെ കുതിരകളെക്കൊണ്ടു ചെല്ലാമെന്നു് ഉപചാരപൂർവ്വം മറുപടിഎഴുതി അയച്ചുകൊള്ളുക” യെന്നിങ്ങനെ ആകാശത്തിൽനിന്നും ആർത്തിഹരമാംവണ്ണം അശരീരിവാക്യം കേട്ടു.

വാതപുരേശൻ, ആകാശവാണികേട്ടു് അത്യന്തം സന്തുഷ്ടനായി. അഞ്ചാറുദിവസത്തിനകം കുതിരകളെയുംകൊണ്ടു് രാജധാനിയിൽ ഹാജരായിക്കൊള്ളാമെന്നും കുതിരകളെ കെട്ടുന്നതിനായി മന്ദിരങ്ങൾ പുത്തനായി ഉണ്ടാക്കിക്കണമെന്നും, മധുരാപുരമദ്ധ്യങ്ങളായ വീഥികൾ എല്ലാം അലങ്കരിപ്പിക്കണമെന്നും, അവിടെയുള്ള എന്റെ ശത്രുക്കളായ ഖലന്മാർ പറയുന്ന ദൂഷ്യങ്ങളെ കേട്ടു് എന്നെ അവിശ്വസിക്കാതെ പൂർവ്വാധികം വിശ്വാസത്തോടുകൂടെ വസിച്ചുകൊണ്ടാൽ സുന്ദരേശ്വരന്റെ അനുഗ്രഹമുള്ള കാലത്തോളവും എന്റെ പ്രവൃത്തികൾമൂലം യാതൊരു ദോഷവും മധുരാസാമ്രാജ്യത്തിനുണ്ടാകുന്നതല്ലെന്നും മററും പലതും വിവരമായും വിനയമായും മറുപടിയായി എഴുതി രാജദൂതന്മാരെ ഏല്പിച്ചയച്ചു.

രാജപത്രികയ്ക്കു മറുപടി എഴുതിക്കൊടുത്തയച്ച ദിവസം ശിവചിന്തനതല്പരനും, ജ്ഞാനഭക്തിസംയുക്തനെങ്കിലും, രാജാജ്ഞയെ നിർവ്വഹിക്കുന്നതിൽ തടസ്സം വല്ലതും നേരിട്ടാലുണ്ടാകാവുന്ന അപകടങ്ങളെ വിചാരിച്ചുവിചാരിച്ചു് ചഞ്ചലമാനസനും ആയിത്തീർന്ന വാതപുരേശൻ, രാത്രിയിൽ ഈ വിചാരങ്ങളോടുകൂടെ കിടന്നുറങ്ങുമ്പോൾ കൃപാസാഗരനായ സുന്ദരേശ്വരൻ, ഭക്താഗ്രണിയായ അവന്റെ മനസ്സിൽ ഉള്ള സംശയം തീർക്കണമെന്നുള്ള വിചാരത്തോടുകൂടെ അവിടെ ആഗതനായി സ്വപ്നത്തിൽ ഇപ്രകാരം പറഞ്ഞു:—

“അല്ലയോ വത്സ! വാതപുരേശ! നീ എന്റെ യഥാർത്ഥഭക്തൻ ആണെന്നു് എനിക്കറിയാം. നിന്നെപ്പോലെ എനിക്കിഷ്ടമുള്ളവരും മററാരും ഇല്ല. ഞാൻ നിന്റെ ഏതഭീഷ്ടവും സാധിച്ചുതരുമെന്നു നീ നല്ലതുപോലെ നിശ്ചയിച്ചുകൊള്ളുക. പരമശിവന്റെ യഥാർത്ഥഭക്തന്മാരിൽ ആർക്കെങ്കിലും മനസ്താപത്തിനു സംഗതി വന്നിട്ടുള്ളതായി നീ കേട്ടിട്ടു

ണ്ടോ? വിശേഷിച്ചും ഇതേവരെയുണ്ടായിട്ടുള്ള എന്റെ എല്ലാ ഭക്തന്മാരിലുംവച്ച് ഏററവും ഉത്തമനായ നിനക്ക് ഒരു പ്രകാരേണയും, മനസ്താപത്തിനു സംഗതിയാകുന്നതല്ല. അതുകൊണ്ടു നീ, രാവിലെ എഴുന്നേററു രാജസന്നിധിയിലേക്കു പൊയ്ക്കൊള്ളുക. ലക്ഷണമൊത്ത വേണ്ടകുതിരകളെ ഞാൻ അവിടെ തരുന്നുണ്ട്. എന്റെ ഭക്തശിരോമണിയായ നിന്റെ ഈ കടം തീൎത്തു നിന്നെ സ്വതന്ത്രനാക്കേണ്ടതു എന്റെ ചുമതലയാണെന്നു എനിക്കു നല്ലതുപോലെ അറിയാം. അതുകൊണ്ട് നീ അല്പംപോലും സംശയിക്കേണ്ട. കഴിയുന്ന വേഗത്തിൽ പുറപ്പെട്ടുകൊള്ളുക.

വാതപുരേശൻ, ഇത്രയുംസ്വപ്നംകണ്ടു് ഞെട്ടിയുണൎന്നു നോക്കിയപ്പോൾ ആരെയുംകാണ്മാനില്ല. അദ്ദേഹം അത്യന്തം വിസ്മയിച്ചു. അനന്തരം സന്തോഷത്തോടുകൂടെ ശയ്യയിൽനിന്നും ഓടിഎഴുന്നേററ്, ഭസ്മംവാരി ശരീരത്തിൽ മുഴുവൻ പൂശി ജനവനനാഥസന്നിധിയിൽ പോയി അദ്ദേഹത്തെ സാഷ്ടാംഗപ്രണാമംചെയ്തുംവച്ച് മധുരയിലേക്കു തിരിച്ച് അതിവേഗത്തിൽ മധുരാപട്ടണത്തിൽ എത്തി ആസ്ഥാനമണ്ഡപത്തിൽ മന്ത്രിഗണങ്ങളോടൊന്നിച്ചിരുന്നു രാജ്യകാൎയ്യചിന്തചെയ്യുന്ന അരിമൎദ്ദനപാണ്ഡ്യന്റെ സമീപത്തിൽ പ്രവേശിച്ച് വന്ദിച്ചുനിന്നു.

“അല്ലയോ മന്ത്രിസത്തമ! കുതിരകളെ വാങ്ങിയ വകയ്ക്കു് എത്ര പണം ചെലവായി. വാങ്ങിയ കുതിരകൾ എല്ലാം, ലക്ഷണമൊത്തവതന്നെയല്ലേ? അവയ്ക്കുള്ള നല്ല ലക്ഷണങ്ങൾ എന്തെല്ലാം ആണ്? എല്ലാലക്ഷണങ്ങളും തികഞ്ഞ കുതിരകൾ ഏതുരാജ്യത്തിൽനിന്നുംവാങ്ങിയതാണ്? എത്ര രാജ്യത്തിൽനിന്നും വാങ്ങിയ കുതിരകൾ ഉണ്ടു്? അവകൾ എപ്പോൾ വരും.”

വാതപുരേശൻ അതുകേട്ട്, അല്പംപോലും സംശയിക്കാതെ ശിവസ്മരണയോടുകൂടെ ഇപ്രകാരം മറുപടി പറഞ്ഞു:—

“അല്ലയോ നൃപശ്രേഷ്ഠ! അവിടത്തെ എല്ലാ ചോദ്യങ്ങൾക്കും ഇപ്പോൾ വിസ്തരമായിമറുപടി പറയാൻ നിവൃത്തിയില്ല. കുതിരകളെ പല രാജ്യങ്ങളിൽനിന്നും വാങ്ങിയിട്ടുണ്ട്. അവയ്ക്കു വിലയും പലതാണ്. ലക്ഷണഹീനമായതിൽ ഒരു കുതിരയെപ്പോലും ഞാൻ വാങ്ങിയിട്ടില്ല. ഞാൻ ഇപ്പോൾ വാങ്ങിക്കൊണ്ടുവന്നിട്ടുള്ള കുതിരകളെപ്പോലെ ഭൂലോകത്തിൽ വേറെ കുതിരകളെ കാണുന്നതല്ലെന്നു മാത്രം ഇപ്പോൾ പറയാം. അത്രയ്ക്കു വളരെ ഉത്തമങ്ങൾ ആണ്. സംഖ്യയിലും അവ ഒട്ടും കുറവില്ല. അവയുടെ ഗുണഗണങ്ങളെപ്പററി കണ്ടാലല്ലാതെ പറഞ്ഞാൽ ഒന്നും ശരിയാകുകയില്ല. എല്ലാം ഒന്നുപോലെ അതിമഹത്തരങ്ങളാണ്. ഈ കുതിരകൾമൂലം അങ്ങേക്കു വലിയ പ്രാഭവങ്ങൾ ഉണ്ടാകു

മെന്നു മാത്രമല്ല, മേലിലേക്ക് അശ്വപതിയെന്ന് സുപ്രസിദ്ധമായ ഒരു അപരനാമധേയം സിദ്ധിക്കുകയും ചെയ്യും. ഇതൊന്നും എൻെറ സാമത്ഥ്യംകൊണ്ടുണ്ടായതല്ല. എല്ലാം സുന്ദരേശ്വരൻെറ അനുഗ്രഹംകൊണ്ട് ലഭിച്ചതാണ്."

അരിമർദ്ദനപാണ്ഡ്യൻ അതുകേട്ട് ഏററവും സന്തോഷിച്ചു വളരെ വളരെ സമ്മാനങ്ങളെ മന്ത്രിവയ്യനായ വാതപുരേശ്വരന്നു കൊടുത്തു അദ്ദേഹത്തെ മന്ദിരത്തിലേക്കു യാത്രയാക്കി. അദ്ദേഹം രാജാവിൻെറ കൈയിൽ നിന്നും സമ്മാനം കിട്ടിയ വസ്ത്രാഭരണാദികളെ വീട്ടിൽ കൊണ്ടുപോയി വച്ചുംവച്ച് ഹാലാസ്യത്തിൽപോയി ഹേമപത്മിനിയിൽഇറങ്ങിസ്നാനംചെയ്ത് സന്ധ്യാവന്ദനം കഴിച്ച് ശരീരത്തിൽ ഭസ്മംപൂശി രുദ്രാക്ഷമാലയും ധരിച്ച്, തീരസ്ഥനായ ഗണപതിയെ സ്തുതിക്കുകയും ഷഡാനനനെ നമിക്കുകയും ചെയ്തിട്ട് തൻെറ മനോരഥസിദ്ധിക്കുവേണ്ടി സുന്ദരേശ്വരസുന്ദരിയുംമനോജ്ഞയും ആയ മീനാക്ഷീഭഗവതിയേയും, സവ്വകാമപ്രദനും,സവ്വജ്ഞനും ആയ ശ്രീഹാലാസ്യപ്രഭുവിനേയും, ഭക്തിയോടുകൂടെ പലപ്രാവശ്യവുംപ്രദക്ഷിണംചെയ്തു വീണ്ടുംവീണ്ടും നമസ്കരിച്ചുകൊണ്ട് സങ്കടങ്ങൾ അറിയിച്ചപ്പോൾ "ഹേ ഭക്ത! നീ അല്പവും വ്യസനിക്കേണ്ട" എന്നിങ്ങനെ അശരീരിവാക്കു കേൾക്കുകയാൽ സന്തോഷത്തോടുകൂടി സ്വമന്ദിരത്തിൽപോയി, സുന്ദരേശ്വരൻ രാജാവിനു ലക്ഷണയുക്തങ്ങളായ അനവധി കുതിരകളെ നൽകി എന്നെരക്ഷിക്കും" എന്നിങ്ങനെയുള്ള വിചാരത്തോടുകൂടെ ബന്ധുക്കളോടും ശിവഭക്തന്മാരോടുംകൂടി അത്താഴമുണ്ണുംകഴിഞ്ഞു സപ്രമഞ്ചത്തിൽ ഹംസതൂലികാതല്പത്തിൽ നിർവികാരനായി കിടന്നു വിശ്രമിക്കുമ്പോൾ ചില ബന്ധുവിപ്രന്മാർ ചെന്നു ഇപ്രകാരം ചോദിച്ചു:—

"അല്ലയോ വാതപുരേശ! വിജ്ഞന്മാർക്കു മനസ്സമാധാനമായും പാപലേശസംബന്ധംകൂടാതേയും കാലക്ഷേപം ചെയ്യുന്നതിനു എത്രയോ നല്ലനല്ല വഴികൾ ഉണ്ട്. അപ്പോൾ അങ്ങു രാജസേവകനായി ചാടിപ്പുറപ്പെട്ടിരിക്കുന്നതു് വലിയ ഒരു സാഹസമെന്നാണ് ഞങ്ങളുടെ അഭിപ്രായം. രാജസേവയെപ്പോലെ ദുഃഖകരമായ വൃത്തി മററൊന്നുംതന്നെയില്ല. ഒരു നിവൃത്തിയുണ്ടെങ്കിൽ ഈ കഷ്ടകരമായ വൃത്തിക്കു പോകാതിരിക്കുന്നതുതന്നെയാണ് മാനം. അഥവാ പോയാൽ എത്ര കഷ്ടപ്പെട്ടാലും രാജാവിൻെറ അപ്രീതിക്കു സംഗതിയാക്കരുതു്. രാജകോപംകൊണ്ടു ഉണ്ടാകാവുന്ന ആപത്തുകൾ അനിവാര്യങ്ങൾ ആണ്. വിശേഷിച്ചും ഒരുപ്രകാരേണയും രാജദ്രോഹം ചെയ്യാവുന്നതല്ല. ഇഹത്തിലും പരത്തിലും ഇത്ര നാശകരമായ കാര്യം മററെന്താണുള്ളതു്? നിൻെറ ഇപ്പോഴത്തെ പ്രവൃത്തി രാജകോപത്തിനുകാരണമായിത്തീരാതിരിക്കുമെന്നു ഞങ്ങൾക്കാർക്കും വിചാരമില്ല. രാജാജ്ഞപ്രകാരം പ്രവത്തിച്ചില്ലെന്നുമാത്രമല്ല, അദ്ദേഹത്തിൻെറ ഭണ്ഡാരത്തിൽ കിടന്നതിൽഅസംഖ്യം ദ്രവ്യം ചുമപ്പിച്ചു കൊണ്ടുപോയി നീ നിൻെറ ഇഷ്ടം

പോരെ ചെമ്പവാക്കികളെകയും ചെയ്യും. ഇതില്പരംരാജദ്രോഹം എന്താണു് ചെയ്യാനുള്ളതു്? രാജാവു് ഈ വിവരങ്ങൾ എല്ലാം വഴിപോലെ അറിയു മ്പോൾ നിന്നെ ശിക്ഷിക്കുമെന്നുമാത്രമല്ല, ഞങ്ങൾക്കുംകൂടി വല്ല അപത്തു കളും വന്നുചേരുമോ എന്നാണു ഞങ്ങളുടെപേടി. അതുകൊണ്ടു ഇനി നീ എന്തുചെയ്യാനാണു ഭാവിച്ചിരിക്കുന്നതു്. അക്രമംപ്രവൎത്തിച്ചുംവച്ചു് സ മാധാനം പറയുന്നതിനെ കേൾക്കുകയെന്നതു രാജനീതിക്കൊത്തതല്ലാത്ത തിനാൽ അപ്രകാരമൊരവകാശം നിനക്കോ നിന്റെ ബന്ധുക്കളായ ഞങ്ങൾ ക്കൊ കിട്ടുമെന്നു ആശിക്കാൻപോലും വകകാണുന്നില്ല. അതുകൊണ്ടു ഇ നിയെല്ലാം ദൈവേച്ഛപോലെ വരട്ടെ.”

അസംഗതമായ ബന്ധുക്കളുടെ മേൽപ്രകാരമുള്ള ചാപല്യങ്ങളെകേട്ടു വാതപുരേശ്വരൻ, മന്ദസ്മിതപൂൎവ്വം ഇങ്ങനെ ധൈൎയ്യമായി മറുപടി പറ ഞ്ഞു:—

“എനിക്കുവരാൻപോകുന്ന അപത്തിനെതടുക്കുന്നതിനുള്ളവഴി ഞാ ൻ കണ്ടിട്ടുണ്ടു്. അഥവാ തടുത്തില്ലെങ്കിലും തന്മൂലം ഉണ്ടാകുന്ന അപത്തു കൾക്കു ഞാനല്ലാതെ നിങ്ങൾ ഉത്തരം പറയേണ്ടിവരുന്നതല്ല. ഞാൻ ചെയ്തതെററിനെ ഞാൻ അനുഭവിക്കുന്നതിനു നിങ്ങൾക്കെന്താവിരോധം. ഞാൻചെയ്യുന്നതെററിനു എന്നെയല്ലാതെ നിങ്ങളെ ഒരിക്കലും ശിക്ഷിക്കു ന്നതല്ല. എനിക്കും നിങ്ങൾക്കുംതമ്മിൽ ഞാൻ ഒരു സംബന്ധവും കാണു ന്നില്ല. മററു മനുഷ്യജാതിയിൽപെട്ടവൎക്കും എനിക്കുംതമ്മിൽഉള്ള സംബ ന്ധംപോലെ അല്ലാതെ എനിക്കും നിങ്ങൾക്കുംതമ്മിൽ വിശേഷാൽ എ ന്തൊരുബന്ധമാണുള്ളതു്. ഞാൻ ഒന്നും കാണുന്നില്ല. നിസ്സംഗനായ എനിക്കു സാക്ഷാൽ പരമശിവനല്ലാതെ മറെറാരു ബന്ധുക്കളും ഇല്ലാ. ജ നവനാഥനായ സദാശിവന്റെ കാരുണ്യംകൊണ്ടു്, ഞാൻ രാജാവിന്റെ കടപ്പാടിനെ താമസിക്കാതെ വീട്ടിയുംവെച്ചു് എന്റെ ജീവിതശേഷത്തെ സ്വാതന്ത്ര്യമായി കഴിച്ചുകൊള്ളാം നിങ്ങൾആരും ഒന്നുകൊണ്ടും എന്നെ വിചാരിച്ചുവ്യസനിച്ചിട്ടാവശ്യം ഇല്ല. നിങ്ങൾ നിങ്ങളുടെ ജോലികൾ ക്കു പൊയ്ക്കൊള്ളുവിൻ!

വാതപുരേശൻ മേൽപ്രകാരം സമാധാനംപറഞ്ഞു്, ബന്ധുക്കളെയെ ല്ലാം പിരിച്ചയച്ചുംവച്ചു്, താമരയിലയിലെ വെള്ളംപോലെ പ്രപഞ്ചത്തി ൽ പററിയ ചിത്തത്തോടുകൂടെ അന്നത്തെരാത്രിയെ നയിച്ചു.

പിറേറദിവസം പ്രഭാതത്തിൽ, അരിമൎദ്ദനപാണ്ഡ്യൻ വാതപുരേശ്വ രമന്ത്രീന്ദ്രനെ രാജധാനിയിൽ വിളിച്ചുവരുത്തി അശ്വങ്ങൾ എന്നു വന്നു ചേരുമെന്നു ചോദിച്ചു.

അദ്ദേഹം സുന്ദരേശ്വരസ്മരണയോടുകൂടെ, “ഇന്നൊ, നാളയൊ, മ റെറന്നാളൊ, കുതിരകൾവരും. തീൎച്ചയായിട്ടും അതിനപ്പുറം പോകുന്ന

തല്ലൊ. ഞാൻ പറയുന്നതുപോലെ സംഭവിക്കുമെന്നുള്ള വിശ്വാസത്തോടുകൂടെ തിരുമേനി നഗരം അലങ്കരിപ്പിക്കണം" എന്നു മറുപടിപറഞ്ഞു.

അരിമർദ്ദനപാണ്ഡ്യൻ അപ്രകാരംതന്നെ വിശ്വസിച്ചുകൊണ്ടു്, കുലവാഴകൾ, പൂർണ്ണകുംഭങ്ങൾ, തോരണങ്ങൾ, ചാമരങ്ങൾ, ഛത്രങ്ങൾ, പുഷ്പമാലകൾ, ധ്വജങ്ങൾ, കരിക്കിൻകുലകൾ മുതലായ വിവിധവിധത്തിൽ ഉള്ള അലങ്കാരസാധനങ്ങൾകൊണ്ടു് മധുരാപട്ടണംമുഴുവൻ അലങ്കരിപ്പിച്ചു. പട്ടണവാസികളായ നാനാജാതിജനങ്ങളും അശ്വാലോകനത്തിനായി കൂട്ടംകൂടി. രാജാവും മറ്റുള്ളവരും അന്യപ്രവൃത്തികൾക്കു യാതൊന്നിനും പോകാതെയും മറ്റൊരുവിചാരം കൂടാതെയും അശ്വങ്ങളുടെ വരവുംപാർത്തു് ദിവസം മൂന്നുകഴിച്ചു.

വാതപുരേശനു് ജ്ഞാനദീക്ഷനൽകിയ

അൻപത്തിഎട്ടാം ലീല സമാപ്തം.

---

# ഹാലാസ്യമാഹാത്മ്യം

## കേരളഭാഷാഗദ്യം

### ൩൭-ാം അദ്ധ്യായം.

### പാണ്ഡ്യരാജാവിനു്, മായാശ്വങ്ങളെ വിററ

### അൻപത്തി ഒൻപതാം ലീല.

---

വസിഷ്ഠാദികൾ അഗസ്ത്യമഹർഷിയെ നോക്കി, "അല്ലയോ, ഭഗവാനേ! വാതപുരേശമന്ത്രി പറഞ്ഞതുപോലെ അരിമർദ്ദനപാണ്ഡ്യനും പൌരന്മാരും അശ്വങ്ങളുടെ ആഗമനവും നോക്കി മൂന്നുദിവസത്തോളവും കാത്തിരുന്നതിന്റെ ശേഷം അവർ എന്തുചെയ്യുന്നു, സുന്ദരേശ്വരൻ, വാതപുരേശനോടു് വാഗ്ദത്തം ചെയ്തതുപോലെ കുതിരകളെ നല്കിയോ എന്നും മറ്റുമുള്ള ആനന്ദകഥകൾക്കു

ടി കേട്ടാൽകൊള്ളാമെന്നു* ഞങ്ങൾക്കു വളരെ ആഗ്രഹമുണ്ടു്. നിന്തിരുവടി ദയവുചെയ്തു, കഥാശേഷംകൂടി ഞങ്ങളെ കേൾപ്പിക്കുമാറാകണം" എന്നപേക്ഷിച്ചു.

അഗസ്ത്യൻ അതുകേട്ടു് അത്യന്തം ആനന്ദത്തോടുകൂടെ ഇപ്രകാരം ലീലാശേഷകഥനം ആരംഭിച്ചു:—

"അല്ലയോ വസിഷ്ഠാദികളെ, സുന്ദരേശ്വരൻ വാതപുരേശനുവേണ്ടി അരിമർദ്ദനപാണ്ഡ്യനു് മായാശ്വങ്ങളെ നല്കിയ ലീലയാണടുത്തതു്. ഭഗവാൻ സുന്ദരേശ്വരന്റെ മായാവൈഭവത്തേയും ഭക്തവാത്സല്യത്തേയും വെളിപ്പെടുത്തുന്നതും അശ്വലക്ഷണങ്ങളെ വിവരിക്കുന്നതുമായ അദ്ദേഹത്തിന്റെ അൻപത്തിമൂന്നാമത്തെ ലീല അത്യന്തം ഹൃദയംഗമമായതാണു്. ഞാൻ അതു വിവരമായി നിങ്ങളെ കേൾപ്പിക്കാം. നിങ്ങൾ ശ്രദ്ധാപൂർവം കേട്ടുകൊള്ളുവിൻ"

ഇന്നോ നാളെയോ മറ്റേന്നാളോ തീർച്ചയായിട്ടും അശ്വങ്ങൾവന്നുചേരുമെന്നുള്ള വാതപുരേശ്വരന്റെ വാക്കിനെവിശ്വസിച്ചുകൊണ്ടു്, പട്ടണം മുഴുവനും അലങ്കരിച്ചും അഭിനവങ്ങളായ അനവധി അശ്വശാലകൾ പണിയിച്ചും നിർമ്മലജലപൂർണ്ണങ്ങളായ വലിയവലിയ തടാകങ്ങളെ ഉണ്ടാക്കിച്ചും, പൌരപ്രധാനികളോടും മറ്റുള്ള സചിവന്മാരോടുംമറ്റുംകൂടെ അശ്വാഗമനവും പ്രതീക്ഷിച്ചുകൊണ്ടു്, രാജാവു മൂന്നുദിവസംമുഴുവൻ കാത്തിരുന്നിട്ടും, അശ്വങ്ങളെ കണ്ടില്ല. എന്നിട്ടും വാതപുരേശനു് യാതൊരു ഇളക്കവും ഉണ്ടായില്ല. അദ്ദേഹം സത്യസന്ധനായ സുന്ദരേശ്വരൻ ചെയ്ത ശപഥത്തെ വിശ്വസിച്ചു് അചഞ്ചലനായി വസിച്ചു. നാലാംദിവസം ആയപ്പോൾ രാജാവിന്റെ സമാധാനം എല്ലാം അസ്തമിച്ചു. കഠോരമായി കോപം ഉദിച്ചു. അതു സൂചകവാക്യങ്ങളാകുന്ന കാറ്റുകൊണ്ടു നിമിഷംപ്രതി ഉജ്ജ്വലിച്ചുവന്നു. ഈ അവസരത്തിൽ വാതപുരേശ്വരൻ രാജാവിന്റെ സന്നിധിയിലായി ചെന്നു. അദ്ദേഹത്തെ കണ്ടപ്പോൾ, അരിമർദ്ദനപാണ്ഡ്യനുണ്ടായ കോപം ത്രിപുരന്മാരെ കണ്ടപ്പോൾ ത്രിപുരസംഹാരിയായ പരമശിവനുണ്ടായതിനേക്കാൾ അനേകായിരം മടങ്ങധികമായിരുന്നു. അദ്ദേഹം, വാതപുരേശ്വരനെ തന്റെ കോപാനലോജ്ജ്വലിതമായനേത്രങ്ങൾകൊണ്ടു്, ആ ക്ഷണത്തിൽ ദഹിപ്പിക്കാനെന്നവണ്ണം ക്രൂരമായി ഒന്നു വീക്ഷിച്ചു. വീക്ഷണാനന്തരം കോപം പൂർവാധികം ഉജ്ജ്വലിതമായി. അതിന്റെ ശേഷം തന്റെ അടുക്കൽനില്ക്കുന്ന കിങ്കരന്മാരോടു്, "കുതിരയെ വാങ്ങിച്ചുകൊണ്ടുവരാമെന്നു വ്യാജംപറഞ്ഞു്, ഭണ്ഡാരമുതൽ അപഹരിച്ചിട്ടുള്ള അധമമന്ത്രിയായ ഇവനെ നിങ്ങൾ ബന്ധിക്കുവിൻ" എന്നു കല്പിച്ചു.

കൈത്തരിപ്പേറിയ കിങ്കരന്മാർ, കല്പന പകുതിപുറത്തായപ്പോൾത്തന്നെ വാതപുരേശനെപ്പിടിച്ചു് വലിച്ചിഴച്ചുകൊണ്ടുപോയി, കുനിച്ചുനി

ത്തി ഒരു വലിയ കല്ലുപിടിച്ചു് മുതുകത്തും മറ്റൊരുകല്ലുപിടിച്ചു് പിടലിയിലുംവെച്ചു്, ബന്ധനകൾതുടങ്ങി. അതുകൊണ്ടൊന്നും വാതപുരേശന യാതൊരു ഭാവഭേദവുമുണ്ടായില്ല. സകലാധിവാസനും, സർവ്വജ്ഞനുമായ ഭഗവാനിൽ മനസ്സുവെച്ചിരുപോയിരിക്കുന്ന ഒരു ഭക്തശിരോമണിക്കു്, സ്ഥൂലദേഹത്തിൽചെയ്യുന്ന ബന്ധനകൾ സഹാസ്ഥബന്ധനകളായിത്തീരുന്നതല്ലല്ലോ. മുതുകിലും പിടലിയിലും കല്ലുകൾചുമന്നുകയറ്റീട്ടും, യാതൊരു ഭാവഭേദവും വാതപുരേശനിൽ കാണാത്തതിനാൽ, ഭാരക്കുറവുകൊണ്ടാണു്, ശക്തനായ ഇവൻ ഇതുസഹിക്കുന്നതെന്നുള്ള ഉദ്ദേശത്തിന്മേൽ കിങ്കരന്മാർ വീണ്ടും ചില വലിയകല്ലുകൾകൂടി ഉരുട്ടിക്കൊണ്ടുവന്നു് വാതപുരേശന്റെ മുതുകിൽ കയറ്റി. സാരദാരുമയങ്ങളായ ബന്ധങ്ങൾകൊണ്ടു്, പാദപാണികളിൽ കഠിനമായി താഡിച്ചു. വാതപുരേശൻ, കഠിനഹൃദയന്മാരായ ആ ദുഷ്ടകിങ്കരന്മാരുടെ ഏവംവിധങ്ങളായ കഠോരബന്ധനകളെസഹിച്ചും ശാസനകൾകേട്ടും പരമേശ്വരസ്മരണയോടുകൂടെ ദുഃഖാർത്തനായി പച്ചവെള്ളംപോലും കുടിക്കാതെ അന്നത്തെ പകൽ ഒരുവിധം നയിച്ചു. രാത്രിയായപ്പോൾ രാജാജ്ഞപ്രകാരം വാതപുരേശനെ കൊണ്ടുപോയി കാരാഗൃഹത്തിൽ അടച്ചു. കാരാഗൃഹാദ്ധ്യക്ഷനും മററും "പണ്ടാരമുതൽ അപഹരിച്ച കള്ളൻ" എന്നു്, വാതപുരേശനെ ഭത്സിച്ചു. അദ്ദേഹം അവരുടെ ഭത്സനകൾകേട്ടും, കുത്സിതന്മാരായ ഭടന്മാരുടെ ബന്ധനകൾ സഹിച്ചും അത്യന്തം വിവശനായി തനിക്കുനേരിട്ട ഈ സങ്കടത്തിൽനിന്നും തന്നെ രക്ഷിക്കണമെന്നും അല്ലാത്തപക്ഷം പ്രാണൻകളയുന്നതിനു് താൻ മടിക്കുന്നതല്ലെന്നുംമററും പരമേശ്വരനെവിചാരിച്ചു് പ്രാർത്ഥിച്ചുകൊണ്ടു് അന്നത്തെരാത്രിയും ഒരുവിധം കഴിച്ചുകൂട്ടി. പിറേറദിവസം രാവിലെ എഴുന്നേററു് കാരാഗൃഹത്തിന്റെ മുററത്തു് നില്ക്കുമ്പോൾ, സുന്ദരേശ്വരന്റെ വിമാനാഗ്രത്തിൽ പ്രശോഭിക്കുന്ന, പവിത്രവും പാപഹരവും മനോഹരവുമായ സ്വർണ്ണകുംഭത്തെക്കണ്ടു് അത്യന്തം ഭക്തിയോടുകൂടി അതിനെഉദ്ദേശിച്ചു് സാഷ്ടാംഗപ്രണാമംചെയ്തുകൊണ്ടു, തന്നെ രക്ഷിക്കണമെന്നു അപേക്ഷിക്കുകയും നവ്യങ്ങളായ സ്തുതിവാചകങ്ങൾകൊണ്ടു് സുന്ദരേശ്വരനെ സ്തുതിക്കുകയുംചെയ്തു.

കൃപാനിധിയായ സുന്ദരേശ്വരൻ അതുകേട്ടു്, അത്യന്തം സന്തുഷ്ടനും ദയാർദ്രമാനസനും ആയിട്ടു്, നന്ദിതുടങ്ങിയ ഗണനാഥന്മാരെയെല്ലാം വിളിച്ചുവരുത്തി, അവരോടു്, ഭൂലോകത്തിൽഉള്ള കാടന്മാരെയെല്ലാം പിടിച്ചു്, ലക്ഷണമൊത്ത അശ്വങ്ങളാക്കുന്നതിനു കല്പിച്ചു. അവർ ഉടൻതന്നെ നാലുവഴിക്കും ഓടിപ്പോയി ഭൂലോകത്തിൽഉള്ള ജംബുകന്മാരെയെല്ലാം പിടിച്ചുകൊണ്ടുവന്നു്, നല്ലനല്ല ലക്ഷണങ്ങൾകൊണ്ടു് പരിപൂർണ്ണമായ അശ്വങ്ങളാക്കി. അവർ സാദികളായി, ഓരോ വാഹനങ്ങളിൽ ആരോഹണം ചെയ്തു്, കാഹളനാദത്തോടും വിവിധവാദ്യഘോഷങ്ങളോടുംകൂടെ അതിവേഗത്തിൽ അശ്വങ്ങളെ ഓട്ടിച്ചുകൊണ്ടു്, ഹാലാസ്യാഭിമുഖമായി വരവുതുടങ്ങി

മായാമാനുഷരൂപികളായ ശിവഗണസാദികൾ, മായാശ്വങ്ങളെ ഓടിച്ചുകൊണ്ടുവരുമ്പോൾ, ഇളകിയ പൊടികൾകൊണ്ടു് നഭോമണ്ഡലം ആച്ഛാദിതം ആയതിനേക്കണ്ടും, ഖുരപാതങ്ങളും വാദ്യഘോഷങ്ങളും മറ്റും കേട്ടും പൌരന്മാർ, അശ്വങ്ങളുടെ ആഗമനം ആയി എന്നു നിശ്ചയിച്ചു വിവരം രാജാവിനെ അറിയിച്ചു.

വാതപുരേശനാകട്ടെ ഈ കോലാഹലങ്ങൾ ഒന്നും അറിയാതെ ദുഃഖാർത്തനായി അപ്പോൾ ഇപ്രകാരം ശിവനെ പ്രാർത്ഥിക്കുകയായിരുന്നു.

“അല്ലയോ ജഗന്നാഥ! കരുണാകരനും ഭക്തവത്സലനും ആയ നിന്തിരുവടിയുടെ വാക്കിനെ ഞാൻ ഇപ്പോഴും ദൃഢമായി വിശ്വസിച്ചുകൊണ്ടിരിക്കുകയാണ്. ഭഗവാൻ കാലതാമസമെന്യേ അശ്വങ്ങളോടുകൂടെ ആഗതനായി ഞാൻ രാജാവിനോടു ചെയ്തിട്ടുള്ള പ്രതിജ്ഞയെ, സാർത്ഥമാക്കിത്തരണം. അല്ലെങ്കിൽ ഞാൻ സത്യദോഷിയായിപ്പോകുമേ! ഒരിക്കലും ലോകവാസികളെക്കൊണ്ടു്, എന്നെ കള്ളനെന്നു പറയിക്കരുതേ! സ്വാമിൻ! കരുണാകര! എനിക്കിതല്ലാതെ എന്റെ ജീവിതത്തിൽ മറ്റൊരു ഊനവും ഉണ്ടായിട്ടില്ല. ആ കടം അവിടുന്നു വീട്ടിത്തന്നുകൊള്ളാമെന്നു എന്നോടു എത്രയോ തവണ പ്രതിജ്ഞ ചെയ്തിട്ടുണ്ടു്. ഇനി എന്തിനുവേണ്ടി താമസിക്കുന്നു. വെള്ളം മുഴുവനും ഒഴുകിപ്പോയതിന്റെ ശേഷം ചിറകെട്ടുന്നതുകൊണ്ടു് വല്ല പ്രയോജനവും ഉണ്ടാകുമോ. അതുകൊണ്ടു കാലതാമസമെന്യേ എന്റെ അപേക്ഷയെ സാധിച്ചുതരിക.”

ഇങ്ങനെ പലതും പ്രാർത്ഥിച്ചും കേണും വസിക്കുന്ന വാതപുരേശന്റെ അടുക്കൽ ആ അവസരത്തിൽ ചിലർ ചെന്നു്, “അല്ലയോ മന്ത്രിവര്യ! നീ എന്തിനു് ദുഃഖിക്കുന്നു. നിന്റെ ശപഥം ഫലിച്ചു. അശ്വങ്ങൾ വരുന്ന ഘോഷം നീ കേട്ടില്ലെന്നുണ്ടോ? വിവരം പോയി രാജാവിനെ അറിയിക്കുക. ഇനി താമസിയാതെ അദ്ദേഹം നിന്നെ ബന്ധനത്തിൽനിന്നും വിമോചിപ്പിച്ചു്, ആദരിക്കും;”

വാതപുരേശനു്, പൌരന്മാരുടെ ഈ വാക്കുകൾ എത്രമാത്രം കർണ്ണപീയൂഷങ്ങളും ആനന്ദജനകങ്ങളും ആയിരുന്നെന്നു് പ്രത്യേകം പറയേണ്ടതില്ലല്ലോ. അതേവരേയും പലപ്രകാരത്തിൽ രാജാജ്ഞപ്രകാരം അദ്ദേഹത്തെ പീഡിപ്പിച്ചുകൊണ്ടിരുന്ന ഭടന്മാർ ഉടനെ അദ്ദേഹത്തെ വിട്ടു. സിംഹങ്ങളുടെയിടയിൽനിന്നും വെളിക്കിറങ്ങിയ കലമാനെപ്പോലെ കാരാഗൃഹാദ്ധ്യക്ഷന്മാരുടെ ബന്ധനത്തിൽ നിന്നും മുക്തികിട്ടിയ വാതപുരേശൻ ഉടൻതന്നെ രാജസന്നിധിയിൽ ചെന്നു്, അശ്വങ്ങൾ വരുന്നെന്നു്, അറിയിച്ചു. രാജാവിനു്, മന്ത്രിയുടെ ആ വചനം, അമൃതപാനംപോലെ രുചിച്ചു. അദ്ദേഹം അതിവേഗത്തിൽ, സിംഹാസനത്തിൽനിന്നും എഴു

നേററു, ബഹിർഭാഗത്തിൽ ഉള്ള സിംഹാസനത്തിൽ വന്ന അശ്വങ്ങളുടെ ആഗമനവും നോക്കിക്കൊണ്ടിരുന്നു. മന്ത്രിമാരും എത്രയും സന്തോഷയുക്തന്മാരായി, അഭിമാനപൂരിതനായ അരിമർദ്ദനപാണ്ഡ്യൻ, വിചിത്ര വസ്ത്രാഭരണവിഭൂഷിതനായി ചമൽക്കാരരൂപിണികളായ വാരാംഗനകളെക്കൊണ്ടു് വെഞ്ചാമരങ്ങളും വീശിച്ചു്, നർമ്മാലാപങ്ങളിൽ വിനോദിച്ചുകൊണ്ടു വളരെനേരം അവിടെ ഇരുന്നിട്ടും സുന്ദരേശ്വരന്റെ ലീലാവൈഭവത്താൽ തുരഗങ്ങൾ വന്നില്ല. തന്മൂലം വീണ്ടും കുപിതനായ അരിമർദ്ദനപാണ്ഡ്യൻ, കിങ്കരന്മാരെനോക്കി, 'അസത്യവാദിയും ചതിയനും മായാവിയും ആയ ഈ സചിവനെ ഇനിയും നിങ്ങൾ നല്ലതുപോലെ ബന്ധിക്കുവിൻ' എന്നു കല്പിച്ചു. കിങ്കരന്മാർ ഉടൻ തന്നെ മന്ത്രിയെ ബന്ധിക്കുന്നതിനായി ആയുധങ്ങളോടുകൂടെ അടുത്തു.

ഉടൻതന്നെ വാതപുരേശ്വരൻ, അത്യന്തം ഭക്തിയോടുകൂടെ ശ്രീവാചകങ്ങൾ ചൊല്ലിസ്തുതിച്ചു കൊണ്ടു്, അല്ലയോ ഭക്തവത്സലാ! സുന്ദരേശ്വര! ജഗന്നാഥ! നിന്തിരുവടിയുടെ പാദപത്മങ്ങൾ അല്ലാതെ എനിക്കു യാതൊരു ആശ്രയവുമില്ല. രാജകിങ്കരന്മാർ എന്നെ ഇനിയും ബന്ധിക്കാനായി വന്നിരിക്കുന്നു. അവിടുന്നു് ഇപ്പോൾ എന്നെ അനുഗ്രഹിച്ചില്ലെങ്കിൽ ഞാൻ ഈ കശ്മലന്മാരായ കിങ്കരന്മാരുടെ ആയുധങ്ങൾക്കു ഇരയായിത്തീരുമല്ലോ. അശ്വങ്ങളേയുംകൊണ്ടു് പ്രതിദിവസത്തിൽ വന്നുചേർന്നുകൊള്ളാമെന്നുള്ള നിന്തിരുവടിയുടെ വാക്കിനെയുംവിശ്വസിച്ചുകൊണ്ടു ഞാൻ എത്ര ദിവസമായി കാത്തിരിക്കുന്നു. ഇനിയെങ്കിലും താമസംവിനാ അവിടുന്നു് എന്നെ പരിപാലിക്കുക. അശ്വങ്ങളുടെ ആഗമനവും പ്രതീക്ഷിച്ചുകൊണ്ടിരിക്കുന്ന രാജാവിനെ ഇനിയും നിരാശനാക്കിയാൽ അദ്ദേഹത്തിന്റെ കോപത്തിനു സമാധാനം പറവാനുള്ള ശക്തി എനിക്കില്ല.

വാതപുരേശ്വരൻ ഇങ്ങിനെ പ്രാർത്ഥിച്ചുകൊണ്ടുനില്ക്കുമ്പോൾ കുതിരകളുടെ ഖുരോല്പാതനഘോഷം കേൾക്കുകയും അവയുടെ ആഗമനവേഗംകൊണ്ടു് ഇടവിടാതെ ആകാശതലം നിറഞ്ഞ ധൂളികൾപൊങ്ങുന്നതു കാണുകയും ചെയ്തു. ഉടൻതന്നെ അത്ഭുതാനന്ദപരവശനായ അരിമർദ്ദനപാണ്ഡ്യൻ, തന്റെ മുമ്പിൽ ഗത്യന്തരം ഇല്ലാതെ ഭ്രാന്തനെപ്പോലെ നിന്നുഴലുന്ന വാതപുരേശനെ വിളിച്ചു കുതിരകൾ വരുന്ന ഘോഷം കേൾക്കുന്നു. നീ വ്യസനിക്കേണ്ട, ഇനി നിന്നെ ബന്ധിപ്പിക്കുകയില്ല. സമാധാനംകൂടാതെ ഞാൻ ബന്ധിപ്പിച്ചതിനെ നീ ക്ഷമിക്കണം, എന്നിങ്ങനെ പറഞ്ഞു സമാശ്വസിപ്പിച്ചു.

ഇതിനിടയിൽ, തിരമാലകൾപോലെ തുടരെത്തുടരെ വരുന്ന കുതിരകൾ രാജധാനിക്കു് ഏററവും അടുത്തു എല്ലാവരുടേയും ദൃഷ്ടിക്കു ഗോചരമാ

യി. വിവിധോഷ്ണീഷകഞ്ചുകാംബരഭൂഷണാലംകൃതന്മാരും, ബാലാരുണപ്രഭയും, വിദ്യുൽഛവിയും, തപ്തകാഞ്ചനദ്യുതിയും, അഞ്ജനാഭവർണ്ണം അഭിരാമമായ കളേബരങ്ങളോടുകൂടിയവരും; വിവിധായുധപാണികളും ആയ ശംകുകർണ്ണൻ, മഹാകർണ്ണൻ, നന്ദിതുടങ്ങിയ ശിവകിങ്കരന്മാരായ സാദിവീരന്മാരാൽ, ഉരുക്കളെക്കൊണ്ട് പ്രേരിതങ്ങളായി അതിവേഗത്തിൽ വന്നുവന്നു ചേർന്നുതുടങ്ങിയ അശ്വങ്ങൾക്കു യാതൊരു കയ്യും കണക്കും ഇല്ലായിരുന്നു. അവരുടെ മദ്ധ്യത്തിൽ അലോലകുണ്ഡലനും, മനോഹരങ്ങളായ കഞ്ചുകോഷ്ണീഷവസ്ത്രങ്ങളോടുകൂടിയവനും ഹാരാംഗദാലംകൃതകളേബരനും ലോകൈകസാദിയും ആയ ഭഗവാൻ സുന്ദരേശ്വരൻ, വേദാശ്വത്തിൽ ആരോഹണംചെയ്ത്, കടിവാളും ഇളക്കിവിട്ടുകയും വെട്ടിപ്പിടിക്കുകയും ചെയ്തുകൊണ്ട് സ്വകീയാശ്വഗതിയെ ദൃഢപ്പെടുത്തിയും ആഗതനായി.

സമാനവയസ്കന്മാരും, സമാനാകൃതികളും, സമാനായുധവിഭൂഷണന്മാരും, ആയ സാദികളേയും അവരുടെ അശ്വങ്ങളേയും കണ്ട്, രാജാവ് ഇതിൽപരമില്ലാതെ വിസ്മയിച്ചു. അനന്തരം പരമാനന്ദസംയുതനായ അരിമർദ്ദനപാണ്ഡ്യൻ, സചിവനെനോക്കി, ഇവരിൽ പ്രധാനി ആരെന്നു ചോദിച്ചു.

മന്ത്രി ഇങ്ങനെ മറുപടിപറഞ്ഞു:—

“അല്ലയോ നൃപശ്രേഷ്ഠ! സാദിനാഥനെ ഞാൻ ഒരുദിവസംമാത്രമേ കണ്ടിട്ടുള്ളൂ. കണ്ട അന്നുതന്നെ അശ്വങ്ങളെ വാങ്ങാനായി കൊണ്ടുപോന്ന ദ്രവ്യം മുഴുവൻ അദ്ദേഹത്തെ ഏല്പിക്കുകയും ചെയ്തു. അതിൽപിന്നെ ഞാൻ ഇന്നോളവും കണ്ടിട്ടില്ല. ഇപ്പോൾ ബഹുസേനാമദ്ധ്യഗനായിരിക്കുന്ന അദ്ദേഹത്തെ ഞാൻ എങ്ങനെയാണ് തിരുവടിക്കു കാണിച്ചുതരുന്നത്. വിശേഷിച്ചും കിങ്കരന്മാരുടെ ബന്ധനംകൊണ്ടും അശ്വങ്ങൾ വരാൻ താമസിച്ചതിൽ വച്ചുണ്ടായ വ്യസനംകൊണ്ടും എന്റെ മനസ്സ് ഏററവും ക്ഷോഭിച്ചും ഇരിക്കുകയാണ്. അതുകൊണ്ട് ഇവരുടെ നാഥനെ കാണിച്ചു തരുന്നതിന് എന്നെക്കൊണ്ടിപ്പോൾ സാധിക്കയില്ല. രാജാവു അതുകേട്ട് വീണ്ടും മന്ത്രിയോട് അല്ലയോ വാതപുരേശ! ഇനി, നീ എന്തിനു മനസ്താപിക്കുന്നു? ദുഃഖമെല്ലാം കളഞ്ഞ് സന്തോഷപൂർവം കുറെ പണിപ്പെട്ടെങ്കിലും ഇവരുടെ നായകനെ കാണിച്ചുതരികയെന്ന് വീണ്ടും, വീണ്ടും നിർബന്ധിച്ചു. തന്നെക്കൊണ്ടു കാണിക്കാൻ സാധിക്കുന്നതല്ലെന്നു വാതപുരേശനും പിന്നെയും പിന്നെയും പറഞ്ഞൊഴിഞ്ഞു.

അരിമർദ്ദനപാണ്ഡ്യൻ മേൽപ്രകാരം സാദിനാഥനെ കാണിച്ചുകൊടുക്കണമെന്ന് വാതപുരേശനോടു നിർബ്ബന്ധിച്ചുതുടങ്ങിയ അവസരത്തിൽ

പശുപതിയായ സാദിനാഥൻ എല്ലാ പാശബന്ധങ്ങളേയും അറുക്കുന്നതായ തന്റെ കരത്തിൽ അശ്വത്തിന്റെ കടിവാളമാകുന്ന പാശം ധരിച്ച്, പാദാബ്ജങ്ങൾ ഇളക്കി അശ്വത്തെ നയിച്ചു നയിച്ച്, രാജാവിന്റെ മുമ്പിൽചെന്നുനിന്നുകൊണ്ട്, അല്ലയോ പാണ്ഡ്യഭൂപാലരത്നമേ! മഹാഭാഗ! ഞാനാണ് സാദിനാഥൻ എന്നു പറഞ്ഞു. അതിന്റെശേഷം തന്റെ വാഹനമായ വേഗവാജിയെ സവ്യത്ര പലായനം ചെയ്യിച്ചു. നന്ദിതുടങ്ങിയ ഗണങ്ങളും അവരവരുടെ അശ്വങ്ങളെ അപ്രകാരം ഓടിച്ചു. ആ അശ്വങ്ങളുടെ പ്ലുതാദികളായ ഗമനവിശേഷങ്ങളെക്കണ്ട് അരിമർദ്ദനപാണ്ഡ്യൻ, ഇതിൽപരമില്ലാതെ അതിശയിച്ചു. അനന്തരം അദ്ദേഹം, സാദിഭടന്മാരോട് മധുരഗംഭീരമായ സ്വരത്തിൽ നിങ്ങളുടെ നാഥൻ ആരാണെന്നുചോദിച്ചു. ഗണങ്ങൾ, വേദാശ്വാരൂഢനും, സേനാമദ്ധ്യഗനും ആയ സുന്ദരേശ്വരനെ ചൂണ്ടിയുംകൊണ്ട് ലോകനാഥനായ ഇദ്ദേഹമാണ് ഞങ്ങളുടെ സ്വാമിയെന്ന് പറഞ്ഞു.

അരിമർദ്ദനപാണ്ഡ്യൻ, സേനാമദ്ധ്യത്തിൽ ആമ്നായാശ്വത്തെ ഓട്ടിക്കുന്ന, ലീലാതല്പരനും തേജോമയനും തന്മൂലം ദുർന്നിരീക്ഷ്യനും, സാദിനായകനും ആയ ഭഗവാൻ സുന്ദരേശ്വരനെ വിസ്മയപൂർവംനോക്കിക്കൊണ്ടിരുന്ന അവസരത്തിൽ, മനോജ്ഞാംഗനും മനോഭവരിപുവും ആയ അദ്ദേഹം രാജാവിന്റെ മനശ്ശക്തിയെ ബലാൽ ആകർഷിച്ചുകൊണ്ട് മനോവേഗത്തേയും അതിശയിക്കുന്ന തന്റെ ആമ്നായാശ്വത്തെ ഓട്ടിച്ചുകൊണ്ട് രാജാവിന്റെ മുമ്പിൽചെന്നു. സമുജ്ജ്വലമായ തേജോവിലാസത്തോടുകൂടെ തന്റെ പുരോഭാഗത്തിൽ നില്ക്കുന്ന പുരാരാതിയെക്കണ്ട്, ഭീതമാനസനായെന്നു മാത്രമല്ല ഭ്രാന്തിമൂലം അതിവേഗത്തിൽ ഓടി എഴുന്നേററ് അഞ്ജലിപാണിയായും ചിത്രത്തിൽ എഴുതപ്പെട്ട ഒരു രാജസ്വരൂപം എന്നപോലെയുംനിന്നു. രാജാവിന്റെ സമീപത്തിൽ ഉണ്ടായിരുന്ന മററു മന്ത്രിഗണങ്ങളും പൌരപ്രധാനികളും സംഭ്രാന്തചിത്തന്മാരായി ഓടി എഴുന്നേററു അഭിവാദ്യംചെയ്തു. അതിന്റെശേഷം രാജാവിന് താൻ എഴുന്നേററതും വന്ദിച്ചതും അനുചിതമായില്ലേയെന്നു തോന്നുകയാൽ ഉടനെ ആസനത്തിൽ ഇരുന്നു. കൃത്യാകൃത്യവിവേകംകൂടാതെ താൻ ഒരു ഹീനഹീനമായ പ്രവൃത്തി ചെയ്തുപോയല്ലോ എന്നിങ്ങനെയുള്ള വിചാരംകൊണ്ട്, മ്ലാനമായ മുഖകാന്തിയോടുകൂടെ ലജ്ജിതനായി തലയുംകുനിച്ചിരിക്കുന്ന അരിമർദ്ദനനോടു സാദിസംഘനായകനായ സുന്ദരേശ്വരൻ, ഇപ്രകാരം പറഞ്ഞു.

"അല്ലയോ പാണ്ഡ്യവംശമഹീപാല! ശശിവംശശിഖാമണേ! ഞാൻ പറയുന്നതിനെ അങ്ങ് കേട്ടുകൊണ്ടാലും. അങ്ങേ മന്ത്രിവര്യനായവാതപുരേശൻ, അങ്ങേയ്ക്കും അങ്ങയുടെ രാജ്യത്തിനും യാതൊരു അഹിതവും പ്രവർത്തിച്ചിട്ടില്ല. ഉത്തമോത്തമനായ അവൻ അങ്ങയുടെ ഭണ്ഡാഗാരത്തിൽനിന്നും അശ്വങ്ങളെ വാങ്ങാനായി ഏററുവാങ്ങിച്ച ദ്രവ്യം മുഴുവനും

ഞാനും എന്റെ കിങ്കരന്മാരുംകൂടി അവനോടു വാങ്ങിച്ചു. ഞാൻ അപ്രകാരം വാങ്ങിച്ചതു് ഐശ്വര്യത്തിൽ ഉള്ള ഇച്ഛകൊണ്ടല്ലേം. ഞാൻ അങ്ങയെക്കാൾ എന്നല്ല ലോകത്തിലുള്ള എല്ലാവരെക്കാളും ശ്രീമാൻ ആണു്. എന്നെപ്പോലെ ഐശ്വര്യങ്ങൾ എല്ലാം സ്വാധീനതയിൽ വന്നവരായി ആരും ഇല്ല. അങ്ങനെയിരിക്കെ എന്നിൽ ഏററവും വിശ്വാസത്തോടും ഭക്തിയോടുംകൂടിയവനായ സചിവേന്ദ്രനെ അങ്ങു് ബാധിപ്പിച്ചതായി ഞാൻ കേട്ടു. അവനെ പീഡിപ്പിച്ചതും എന്നെ പീഡിപ്പിക്കുന്നതും രണ്ടല്ലേം. അങ്ങയുടെ കിങ്കരന്മാർ ചെയ്ത ബാധനകൾ മൂലം വാതപുരേശൻ എത്രമാത്രം ദുഃഖം സഹിച്ചുവോ അതിൽ പതിന്മടങ്ങു ദുഃഖം അവന്റെ മനസ്താപംകൊണ്ടു് ഞാനും അനുഭവിച്ചു. അതുകൊണ്ടു് അങ്ങയുടെ പീഡയേയും ദുഃഖത്തേയും അനുഭവിച്ചതു ഞാനാണു്. എങ്കിലും നിന്റെ മന്ത്രീന്ദ്രൻ പറഞ്ഞതുപോലെ വേണ്ടുന്ന ഉത്തമാശ്വങ്ങളെ ഞാൻ കൊണ്ടുവന്നിട്ടുണ്ടു്. എന്നാൽ അശ്വങ്ങൾ എല്ലാക്കാലവും ഒന്നുപോലെ ഇരിക്കുമെന്നു അങ്ങു വിശ്വസിച്ചുപോകരുതു്. അതിനെ വിശ്വസിക്കാൻ പാടില്ലെന്നാണു് പല മഹാന്മാരുടേയും അഭിപ്രായം. അതുകൊണ്ടു് അങ്ങേയ്ക്കു അശ്വങ്ങൾ വേണമെന്നു് ആഗ്രഹമുണ്ടെങ്കിൽ ഇപ്പോൾതന്നെ പാശവിനിമയംചെയ്തുകൊള്ളണം. കുതിരയുടെ കയറു കൈമാറിയാൽ പിന്നീടുണ്ടാകുന്ന ഗുണദോഷത്തിനു അങ്ങുതന്നെ ഉത്തരവാദി. അതുകൊണ്ടു് കുതിരകളെ വേണ്ടെങ്കിൽ, അങ്ങയുടെ മന്ത്രികളുടെ പക്കൽനിന്നും ഞങ്ങൾ വാങ്ങിയിട്ടുള്ളതിൽ ഇരട്ടിധനം വേണമെങ്കിലും തിരിച്ചുതരാം. അതേ, കുതിരകളെ മതിയോ? ഏതായാലും വേഗം തീർച്ചയാക്കണം. ഞങ്ങൾക്കു വൃഥാ താമസിക്കാൻ സൌകര്യമില്ല.

അരിമർദ്ദനപാണ്ഡ്യൻ, അതുകേട്ടു് അത്യന്തം തൃപ്തിയോടുകൂടെ ഇപ്രകാരം പറഞ്ഞു:—

"അല്ലയോ സാദിശ്രേഷ്ഠ! മഹാഭാഗനായ അങ്ങു് സർവ്വജ്ഞൻതന്നെ എന്നുള്ളതിനു് യാതൊരു സംശയവും ഇല്ല. പാശവ്യത്യയത്തിൽ പിന്നെ അശ്വങ്ങളെ സംബന്ധിച്ച ഗുണദോഷം, വാങ്ങിച്ചവനെ അല്ലാതെ വിററവനെ ബാധിക്കുന്നതല്ലെന്നു് എനിക്കും നല്ലതുപോലെ അറിയാം. എങ്കിലും എനിക്കു് പണംതിരിച്ചു വേണമെന്നില്ല. ഉത്തമാശ്വങ്ങളെ തിരിഞ്ഞു് പാശവിനിമയം ചെയ്താൽ മതിയാകും. വാതപുരേശനെക്കൊണ്ടല്ലാതെ എന്റെ മന്ത്രിമാരിൽ മററാരെക്കൊണ്ടും, ഇങ്ങനെയുള്ള കാര്യങ്ങൾ ഒന്നും നടക്കുന്നതല്ല. എനിക്കും എന്റെ പ്രജകൾക്കും നിങ്ങൾകൊണ്ടുവന്നിട്ടുള്ള അശ്വങ്ങളെ കണ്ടമാത്രയിൽതന്നെ ഇതില്പരമില്ലാത്ത സന്തോഷം ജനിച്ചിരിക്കുന്നു. ഈ ഉത്തമവാഹനങ്ങളെ ഇനിക്കുലഭിച്ചാൽ പിന്നെ ശത്രുജയത്തിനു യാതൊരു പ്രയാസവും ഇല്ലെന്നു ഞാൻ തീർച്ചയായും വിചാരിക്കുന്നു. അതുകൊണ്ടു് അങ്ങു് പാശവിനിമയം ചെയ്യുന്നതിനു ഒട്ടും മടിക്കേണ്ട.

സാദിരാട്ടായ സുന്ദരേശ്വരൻ, അതുകേട്ട് ആദ്യമായി അശ്വലക്ഷണങ്ങളെ കേൾപ്പിച്ചിട്ട് അതിന്റെശേഷം അശ്വവിനിമയം ചെയ്യാമെന്നു നിശ്ചയിച്ചുകൊണ്ട്, രാജാവിനോടു ഇങ്ങനെ പറഞ്ഞു:—

"അല്ലയോ ശ്രീമാനും, ഭൂലോകപുരന്ദരനും ആയ പാണ്ഡ്യനൃപശിഖാമണേ! ഒന്നാമതായി അങ്ങേയ്ക്കു മനസ്തുഷ്ടിയുണ്ടാകുന്നതിനുവേണ്ടി അശ്വലക്ഷണങ്ങളെ കേൾപ്പിക്കാം. സർവലക്ഷണസംപൂർണ്ണങ്ങളായ അശ്വങ്ങളോടുകൂടിയ രാജാവിനെ ഒരുകാലത്തും വിജയലക്ഷ്മി ഉപേക്ഷിക്കുന്നതല്ല. പ്രതിദിവസവും വിജയലക്ഷ്മി അവനെ അഭിനവങ്ങളായ കീർത്തിമാലകൾ അണിയിക്കും. അല്ലയോ രാജശ്രേഷ്ഠ! അങ്ങേടെ മുമ്പിൽനില്ക്കുന്ന സിംഹം, ശാർദ്ദൂലം, ഗജം, ശശം, ശരഭം, വാനരം, ശരം, വായു, മനസ്സ്, ഇവകളുടെ വേഗങ്ങളെക്കാളും അതിശയനീയമായ വേഗത്തോടുകൂടിയവകളും, ആയാമോത്സേധവിസ്താരപരിണാഹങ്ങൾകൊണ്ട് മനോഹരങ്ങളും ഏകവർണ്ണത്തിലും പഞ്ചവർണ്ണത്തിലും മററു ഭിന്നവർണ്ണങ്ങളിലുമുള്ളവകളും ശംഖം, സ്വസ്തികം, ചക്രം, പുണ്ഡ്രം ഇത്യാദികളായ ലാഞ്ഛനങ്ങളും, നിഗാളത്തിങ്കൽ (കഴുത്തിൽ മണികെട്ടുന്ന സ്ഥാനത്തിനു സമീപത്തിൽ) ദേവമണി എന്നു പേരോടുകൂടിയതായ രോമച്ചുഴികളും, അന്യങ്ങളും ശാസ്ത്രോക്തങ്ങളും ആയ ആവർത്തങ്ങളും ഉള്ളവകളും അഷ്ടമംഗളസമ്പന്നങ്ങളും പഞ്ചകല്യാണശോഭിതങ്ങളും, കുങ്കുമം, അഗരു, കർപ്പൂരം, കസ്തൂരി മുതലായ സുഗന്ധദ്രവ്യങ്ങളുടെ പരിമളങ്ങൾ പോലെയുള്ള ഗന്ധങ്ങളോടുകൂടിയവകളും ശംഖം, മേഘം, ശരഭം, സിംഹം ഇവകളുടെ ഗംഭീരാരവസദൃശങ്ങളായ ഹേഷാരവങ്ങളോടുകൂടിയവകളും അംഘ്രിദോഷവിരഹിതങ്ങളും ശിക്ഷാവിധിപ്രകാരം സുശിക്ഷിതങ്ങളും മദസംയുക്തങ്ങളും നാനാവിധ ഗതിഭേദങ്ങളെപ്പററി വഴിപോലെ അറിയാവുന്നവകളും ആരോഹണം ചെയ്യുന്ന മാത്രയിൽ തന്നെ, ആരൂഢപുരുഷന്മാരുടെ ഉരുചാലനങ്ങൾക്ക് വശവർത്തികളായിത്തീരുന്നവകളും പീയൂഷഖണ്ഡസദൃശങ്ങളായ ഫേനമാലകൾകൊണ്ട് മണ്ഡിതങ്ങളായ വക്ത്രങ്ങളോടുകൂടിയവകളും, ചക്രംപോലെ ചുററിക്കറങ്ങുന്നതിൽ അതിസാമർത്ഥ്യത്തോടുകൂടിയവകളും, വെള്ളത്തിൽ നീന്തുന്നതിനും നദികൾ, കിടങ്ങുകൾ, കോട്ടകൾ, ഇവകളെ കടക്കുന്നതിനും അതിസമർത്ഥങ്ങളും വഹ്നിലംഘനസുക്ഷമങ്ങളും എട്ടുവയസ്സു പ്രായംവരുന്നവകളും, യാതൊന്നിനും യാതൊരു സംശയവും ഇല്ലാത്തവകളും ആയ ഈ ഉത്തമാശ്വങ്ങൾ മുഴുവനും അങ്ങേയ്ക്കു തരുന്നതിനായികൊണ്ടു വന്നിട്ടുള്ളതാണ്. ഈ കുതിരകളുടെ സ്വാമിയായിത്തീരുന്ന രാജാവിനെ ഒരിക്കലും വിജയലക്ഷ്മി വിട്ടുമാറുന്നതല്ല. ഞങ്ങൾ ഇങ്ങനെ രാജയോഗ്യങ്ങളായ ഉത്തമാശ്വങ്ങളെത്തന്നെ തിരിഞ്ഞുകൊണ്ടുവന്നതു അങ്ങയുടെ ഭാഗ്യശക്തിയുടെ വൈഭവമെന്നല്ലാതെ മറെറാന്നും പറയാൻ ഇല്ല.

സാദിസംഘാധിപനായ സുന്ദരേശ്വരൻ ഇങ്ങിനെ പറഞ്ഞിട്ട്, നന്ദിതുടങ്ങിയ അനുചരസാദികളെ ഒന്നു കടാക്ഷിച്ചു. ഉടൻ തന്നെ കുതിരകളെ, വേഗാരക്തിഹേതുവായിട്ട്, ശബ്ദം കേൾക്കാതെയും പുരോഗതവസ്തുക്കളെക്കാണാതെയും ഉള്ള ഗതിയായ 'ആസ്കന്ദിതം' ചാതുൎയ്യത്തോടുകൂടിയ നേരെയുള്ള നടയായ 'ധൌരിതകം' വളരെ വേഗത്തിലും വളരെ പതുക്കെയും അല്ലാതെയുള്ള വട്ടത്തിൽ ഉള്ള നടയായ 'രേചിതം' ശരീരത്തിന്റെ മുൻഭാഗം ഉയൎത്തി വെട്ടിപ്പുകുറഞ്ഞസ്ഥലങ്ങളിൽ കഴുത്തുനേരെ നിവൎക്കാതെയുള്ള നടയായ 'വല്ഗിതം' ശരീരത്തിന്റെ പൂൎവ്വാപരഭാഗങ്ങൾ ക്രമേണ ഉയൎത്തിയുള്ള നടയായ 'പ്ലുതം' എന്നീ പഞ്ചധാരാഗതികളിലും ഓട്ടിച്ചു. അരിമർദ്ദനപാണ്ഡ്യനും മന്ത്രിഗണങ്ങളും സാദികൾ ഓട്ടിക്കുന്ന അശ്വങ്ങളുടെ അത്ഭുതങ്ങളായ ഗതികൾകണ്ടു് ഏററവും സന്തോഷിച്ചു. ഈ അവസരത്തിൽ, സുന്ദരേശ്വരൻ സ്വകീയാശ്വത്തെ സവ്യാസവ്യക്രമത്തിൽ (എടത്തോട്ടും വലത്തോട്ടും ആയി) സഞ്ചരിപ്പിച്ചപ്പോൾ ഗതിവേഗംകൊണ്ടു്, ആ വേദാശ്വം നാലഞ്ചുള്ളതായി കാണികൾക്കുതോന്നി. സുന്ദരേശ്വരവാഹനമായ വേദാശ്വം, പരിതോഗമനത്തിൽ, അലാതചക്രംപോലെയും പുരവീഥിഗമനത്തിൽ വീഥിക്കൊപ്പം ദൈൎഘ്യമുള്ളതായും ശോഭിച്ചു. ഇങ്ങനെ പലപ്രകാരേണയുള്ള ഗതിഭേദങ്ങളിലും അശ്വത്തെ ഓടിച്ചിട്ടു് അരിമർദ്ദനപാണ്ഡ്യന്റെ മുൻപിൽ ചെന്നുനിന്നുംകൊണ്ടു് സുന്ദരേശ്വരൻ അദ്ദേഹത്തിനോടു് ഇങ്ങനെപറഞ്ഞു.

അല്ലയോ രാജശ്രേഷ്ഠാ! ഞങ്ങൾ അങ്ങേയ്ക്കു തരുന്നതിലേക്കായി കൊണ്ടുവന്നിട്ടുള്ള കുതിരകളിൽ ഓരോന്നിന്റെയും ജന്മദേശങ്ങൾ ഏതെല്ലാമാണെന്നുതന്നെ അങ്ങു് ഒന്നാമതായി കേട്ടുകൊള്ളുക. എന്നിങ്ങനെയുള്ള മുഖവുരയോടുകൂടെ ആ അശ്വസംഘത്തിൽ പെട്ടതിൽ ഓരോകൂട്ടം കുതിരകളെ ചൂണ്ടിക്കാണിച്ചുംകൊണ്ടും, ഇവകൾ, കാംബോജജാതങ്ങളും, ഇവകൾ ബാൽഹീകദേശജങ്ങളും, ഇവകൾ വനായുജങ്ങളും ഇവകൾ ഗാന്ധാരദേശീയങ്ങളും ഇവകൾ ആരട്ടസംഭവങ്ങളും, ഇവകൾ സിന്ധുദേശോത്ഭവങ്ങളും, ഇവകൾ യവനദേശീയങ്ങളും, ഇവകൾ കന്ദാരദേശജങ്ങളും, ഇവകൾ പാൎവ്വതേയങ്ങളും, ഇവകൾ കാശ്മീരസംഭവങ്ങളും, ഇവകൾ ദ്വീപാന്തരജാതങ്ങളും, ഇവകൾ കേകയദേശജങ്ങളും, ഇവകൾ വാസന്തികങ്ങളും ഇവകൾ സൌവീരദേശീയങ്ങളും ഇവകൾ മാളവീയങ്ങളും, ഇവകൾ തൌളവങ്ങളും, ഇവകൾ, പാഞ്ചാലങ്ങളും ഇവകൾ സാരോചയങ്ങളും ഇവകൾ മാഗധദേശജങ്ങളും, ഇവകൾ കുരുക്ഷേത്രോല്പന്നങ്ങളും, ഇവകൾ കലിംഗദേശജങ്ങളും, ഇവകൾ ഹൈമവതങ്ങളും ഇവകൾ സൌരാഷ്ട്രജങ്ങളും ഇവകൾ ഹേമകൂടസംഭവങ്ങളും, ഇവകൾ പാരിയാത്രോത്ഭവങ്ങളും, ഇവകൾ മന്ദരാഗതങ്ങളും, ആകുന്നു. അശ്വങ്ങൾ, വെളുപ്പു്, ചുവപ്പു്, പിംഗലവൎണ്ണം (പൊൻനിറം) കറുപ്പ്, മിശ്രവൎണ്ണം ഇങ്ങനെ നിറഭേദം കൊ

ണ്ട അഞ്ചു പ്രകാരത്തിൽ ഉണ്ട്. ഇവയിൽ മുത്തു, പാല്, ചന്ദ്രൻ, ശംഖം, വെള്ളി, മഞ്ഞ് ഇവകളുടെ നിറംപോലെയുള്ള നിറത്തോടുകൂടിയതു വെളുത്തതും, ലാക്ഷാരസം, മാതളപ്പൂവ് ഇവയുടെ നിറംപോലെയുള്ള നിറത്തോടുകൂടിയതു്, ചുവന്നതും, വണ്ട്, കരിക്, അഞ്ജനം, മേഘം ആന ഇവകളുടെ നിറംപോലെയുള്ള നിറത്തോടുകൂടിയതു് കറുത്തതും കത്തുന്ന തീയ്, സ്വർണ്ണം ഗോരോചന ഇവകളുടെ നിറംപോലെയുള്ള നിറത്തോടുകൂടിയതു്, പിംഗലവർണ്ണങ്ങളും, മുൻപറയപ്പെട്ട വർണ്ണങ്ങൾ എല്ലാംകൊണ്ടോ ചിലതുകൊണ്ടോ മിശ്രമായ നിറത്തോടുകൂടിയതു് മിശ്രവർണ്ണങ്ങളും ആകുന്നു. ഈ അഞ്ചുജാതി നിറത്തിൽ ഉള്ള കുതിരകളേയും ഞങ്ങൾ കൊണ്ടുവന്നിട്ടുണ്ട്. നാനാവർണ്ണവിചിത്രങ്ങളും, നാനാദേശോത്ഭവങ്ങളും നാനാസുലക്ഷണയുക്തങ്ങളുമായ ഒരു അശ്വസംഘം വേറെ എങ്ങും ഇതുപോലെ ഉണ്ടാകുന്നതല്ല. നാലു കാലിലും, വാലിന്റെ അററത്തും, തലയിലും, നെഞ്ചത്തും, മുഖത്തും വെളുപ്പോടുകൂടിയതും തന്മൂലം 'അഷ്ടമംഗല'മെന്ന പ്രശസ്തനാമത്തിന് അർഹങ്ങളുമായ ഉത്തമാശ്വങ്ങളും, നാലുകാലിലും, മുഖത്തും വെളുപ്പോടുകൂടിയതും തന്മൂലം 'പഞ്ചകല്യാണി'യെന്നുള്ള പേരോടുകൂടിയ കുതിരകളും ഈ കൂട്ടത്തിൽ ധാരാളമായിട്ടുണ്ട്. ഈ രണ്ടുജാതി കുതിരകളുടേയും ഉടമസ്ഥന്മാരെ സമ്പത്തു് ഒരിക്കലും വിട്ടുപിരിയുന്നതല്ല. അതുപോലെതന്നെ ഗളസന്ധിയിൽ 'ദേവമണി'യെന്ന പേരുള്ള ചുഴിയോടുകൂടിയ കുതിരകളുടെ ഉടമസ്ഥനേയും ഒരിക്കലും ഐശ്വര്യം വിട്ടുപിരിയുന്നതല്ല. ആ ജാതിയിൽപെട്ട കുതിരകളും ഈ കൂട്ടത്തിൽ ധാരാളമുണ്ട്. അശ്വങ്ങളായാൽ അവയ്ക്കു ഉരസ്സിൽ രണ്ട്, മുഖത്തിൽ രണ്ട്, മൂക്കിൽ രണ്ട്, ശിരസ്സിൽ രണ്ട്, നെററിമദ്ധ്യത്തിൽ ഒന്ന്, വായുവിൽ (മലദ്വാരത്തിൽ) ഒന്ന് ഇങ്ങനെ ആറു സ്ഥാനങ്ങളിലായി പത്തു ചുഴികൾ ഉണ്ടായിരിയ്ക്കണം. ഈ പ്രശസ്തസ്ഥാനങ്ങളിൽ ആവർത്തങ്ങളോടുകൂടിയ കുതിരകൾ ഉത്തമങ്ങളും അല്ലാത്തവകൾ അധമങ്ങളും ആകുന്നു ഞങ്ങൾ കൊണ്ടുവന്നിട്ടുള്ളതിൽ ഒന്നിനുപോലും ഈ ചുഴികൾ ഇല്ലാതെയില്ല. നെഞ്ചത്തു നാഭിഭാഗത്തും നടുവിലും ആയി ദക്ഷിണാവർത്തങ്ങളായ അഞ്ചു ചുഴികളോടുകൂടിയ കുതിരകൾ 'ശ്രീവത്സകി'യെന്ന നാമധേയത്തോടുകൂടിയവയാണ്. മഹാവിഷ്ണുവിനെ ലക്ഷ്മിയെന്നപോലെ അതിന്റെ ഉടമസ്ഥനെ ഭാഗ്യം ഒരിക്കലും വിട്ടുപിരിയുകയില്ല. നെററിയിൽ രണ്ടു ചുഴിയുള്ള കുതിരയുടെ ഉടമസ്ഥനു പുത്രസമ്പത്തും നെററിയിൽ മൂന്നു ചുഴിയുള്ള കുതിരയുടെ ഉടമസ്ഥന് ധനധാന്യസമൃദ്ധിയും, നെററിയിൽ നാലു ചുഴികളോടുകൂടിയ കുതിരയുടെ ഉടമസ്ഥന് രാജ്യലബ്ധിയും ഉണ്ടാകും. കണ്ഠമൂലത്തിൽ [illegible]മാകുന്ന ആവർത്തങ്ങളോടുകൂടിയ അശ്വത്തിന്റെ ഉടമസ്ഥന് അവസാനമില്ലാതെ [illegible] വർദ്ധിക്കും. ഇപ്രകാരമുള്ള ശുഭകരങ്ങളായ ചുഴികളിൽ ഏതെങ്കിലും ഒന്നില്ലാത്തതായി ഞങ്ങളുടെ കൂട്ടത്തിൽ ഒരു കുതിരപോലും ഇല്ല. അതുപോലെതന്നെ ദുർല്ലക്ഷണങ്ങളോടുകൂടിയ കുതിരകളും, ഈ

കൂട്ടത്തിൽ ഇല്ല. ദുർല്ലക്ഷണങ്ങളും അവമൂലം സ്വാമിക്കുണ്ടാകുന്ന ദോഷ ങ്ങളും എന്താണെന്നറിയണമെങ്കിൽ അതും പറയാം. ഗളമദ്ധ്യത്തിൽ ര ണ്ടു ചുഴിയോട്ടുകൂടിയ കുതിരയുടെ ഉടമസ്ഥനെ ക്ഷുത്തുംദുഃഖവും ഒരിക്കലും വിട്ടുപിരികയില്ലെന്നു മാത്രമല്ല കാലതാമസംവിനാ ആ അശ്വത്തിന്റെ ദുർല്ലക്ഷണം അവന്റെ ആയുസ്സിനെ അപഹരിക്കുകയും ചെയ്യും. അതു പോലെതന്നെ കണങ്കാലിൽ രണ്ടു ചുഴിയുള്ള കുതിരയുടെ സ്വാമിയെ, ഭയ ബന്ധനാദുഃഖങ്ങളും വിട്ടുപിരിയുന്നതല്ല. താഴത്തെ ചുണ്ടിൽ ചുഴിയുള്ള കുതിര സ്വാമിയുടെ മാതാവിന്റെ കാലനാണ്. കക്ഷത്തിൽ ചുഴിയോട്ടു കൂടിയ കുതിരയെ വാങ്ങിക്കുന്നവൻ ദീർഘായുസ്സായും യുദ്ധത്തിൽ മരിക്കും. ഘോണയിൽ ചുഴിയോട്ടുകൂടിയ കുതിരയെ വാങ്ങിക്കുന്നവൻ കാലതാമസമെ ന്യേ മൃത്യുവിന്നിരയാകും. ഗന്ധാവർത്തത്തോട്ടുകൂടിയ കുതിര സ്വാമിക്കു ഒരു നിമിഷംപോലും ഒഴിവുകൂടാതെ ഭയത്തേയും, രോഗത്തേയും ദാനംചെ യ്യും. മുട്ടിൽ ചുഴിയോട്ടുകൂടിയ കുതിര അതിന്റെ സ്വാമിയെ കുലത്തോട്ടു കൂടെ നശിപ്പിക്കും. ഇപ്രകാരമുള്ള അശുഭലക്ഷണങ്ങളോട്ടു കൂടിയ കുതി രകളെ ഘോടകശാലകളിൽപ്പോലും അരുതു കടത്തരുത്.

അല്ലയോ അരിമർദ്ദനപാണ്ഡ്യഭൂപ! കുതിരകളുടെ ആയുസ്സ് മുപ്പ ത്തിരണ്ടു വയസ്സാണ്. ഈ ആയുഷ്കാലത്തിൽ പത്തു ദശകളും അ തിൽ ഒരു ദശ എന്നുള്ളതു ജീവിതകാലമായ മുപ്പത്തിരണ്ടു വർഷത്തി ന്റെ പത്തിൽ ഒരു ഭാഗമായ, മൂന്നു വർഷവും രണ്ടു മാസവും പന്ത്രണ്ടു ദിവസവും ആണ്. ഇതിൽ ആദ്യത്തെ രണ്ടും ഒടുവിലത്തെ രണ്ടും ദശ കളായ ഒന്നും രണ്ടും ഒമ്പതും പത്തും ദശകൾ നീക്കിയുള്ള നടുവിലെ ആറു ദശകളും പ്രശസ്തങ്ങളും മററു അപ്രശസ്തങ്ങളും ആകുന്നു. അതു പോലെ തന്നെ അന്യവർണ്ണങ്ങളോട്ടു അല്പമായ ശ്വേതവർണ്ണം ചേർന്നാൽ അ തു് ഉത്തമവും, ശ്വേതവർണ്ണത്തിൽ അന്യവർണ്ണങ്ങൾ ചേർന്നാൽ നിന്ദ്യവും ആത്രേ. കുക്ഷിയിലും വക്ഷസ്സിലും അരുണവർണ്ണത്തോട്ടുകൂടിയ കറുത്തതും വെളുത്തതുമായ കുതിരകളുടെ ഉടമസ്ഥൻ ഭാഗ്യവാനും വിജയിയും ആയി ത്തീരും. വെളുത്ത വയറോട്ടുകൂടിയ കുതിരയുടെ സ്വാമിക്കു സുപുത്രലാഭവും, വെളുത്ത നെഞ്ചോട്ടുകൂടിയ കുതിരയുടെ ഉടമസ്ഥനു് ആനന്ദവും, കഴുത്തി ൽ വെളുപ്പോട്ടുകൂടിയ കുതിരയുടെ ഉടമസ്ഥനു്, ധനാവലിയും മുഖത്തിൽ വെളുപ്പോട്ടുകൂടിയ കുതിരയുടെ ഉടമസ്ഥനു് വിജയവും വെളുത്ത പൃഷ്ഠത്തോ ട്ടുകൂടിയ അശ്വത്തിന്റെ സ്വാമിക്കു സൌഖ്യവും, ഇടത്തുവശത്തിൽ വെളു പ്പോട്ടുകൂടിയ വാജിയുടെ നാഥനു്, ഭാഗ്യലാഭവും വലത്തുവശത്തിൽ വെളു പ്പോട്ടുകൂടിയ വാഹത്തിന്റെ യജമാനനു, ധാന്യലാഭവും, ഉണ്ടാകും. ആ നനവും പൃഷ്ഠവും, വാലും വെളുത്ത കുതിരയെ സേനയുടെ മുമ്പിൽനിത്തു ന്നതായാൽ, തീർച്ചയായിട്ടും ജയമുണ്ടാകും. വെളുത്തനിറത്തോട്ടുകൂടിയ കുതിരയുടെ തല ഏററവും വെളുത്തിരുന്നാൽ അതിനെ 'സൂര്യകാന്താഖ്യം' എന്നുപറയും. അതിന്റെ ഉടമസ്ഥൻ മഹാഭാഗ്യവാനായി തീരുകയും

ചെയ്യും. നാഭിമുതൽ മുമ്പോട്ടുള്ള ഭാഗംമുഴുവൻ ഇന്ദുവർണ്ണമായും പിൻഭാഗം തരുണഭാസ്കരശോഭിതമായും, ഇരിക്കുന്ന കുതിര 'നിശാവൈജയിക' എന്നു പേരോടുകൂടിയതും, അതിന്റെ സ്വാമിക്കു സർവാഭീഷ്ടങ്ങളും ലഭിക്കുന്നതും ആകുന്നു. നാഭിക്കു മുൻഭാഗം ബാലസൂൎയ്യപ്രഭയോടും പിൻഭാഗം പാണ്ഡുരവർണ്ണത്തോടുംകൂടിയ കുതിര 'ദിവാവൈജയികാ'ഖ്യവും അതും അതിന്റെ നാഥന് സകലാഭീഷ്ടങ്ങളേയും പ്രദാനംചെയ്യുന്നതും ആണ്. ഞങ്ങളുടെ അമിതഭാഗ്യംകൊണ്ട് ഞങ്ങൾ ഈമാതിരി സർവലക്ഷണസമ്പന്നങ്ങളും ഉത്തമോത്തമഗുണയുക്തങ്ങളുമായ അശ്വങ്ങളെയാണ് കൊണ്ടുവന്നിട്ടുള്ളതു്. അല്ലയോ രാജശ്രേഷ്ഠ! പന്തുപോലെയുള്ള പാദത്തോടും മലപോലെയുള്ള നിലയോടും സിംഹത്തെപ്പോലെയുള്ള സഞ്ചാരലനത്തോടും, അംബുജംപോലെയുള്ള നേത്രത്തോടും മേഘനാദംപോലെയുള്ള ശബ്ദത്തോടും, നടനെപ്പോലെയുള്ള വിന്യാസത്തോടും കുലാംഗനയുടെ മുഖംപോലെയുള്ള മുഖത്തോടും കൂടിയ അശ്വങ്ങൾ ആണു രാജയോഗ്യങ്ങൾ. കുതിരകൾക്കു നെററി, ജഘനം, വക്ഷസ്സ് ഇവകൾതടിച്ചുള്ളതും,പൃഷ്ഠം കർണ്ണങ്ങൾ കുക്ഷി, നാസിക ഇവ ചെറിയതും, കേസരം, വാല്,രോമം ഇവകൾ മൃദുക്കളും നേത്രം ശിരസ്സ്, മുഖം ഇവകൾ വലുതായും ഓഷ്ഠം, ജിഹ്വ, ഓഷ്ഠപ്രാന്തങ്ങൾ,ഇവകൾ കൃശങ്ങളായും, ആനനം, ജംഘ, കഴുത്തു ഇവകൾ ദീർഘങ്ങളായും ഇരിക്കുന്നതു ഉത്തമലക്ഷണങ്ങൾ ആണ്. ഈ ലക്ഷണങ്ങളോടുകൂടിയ കുതിരകളെ വേണം രാജാക്കന്മാർ വാഹനങ്ങളായി ഉപയോഗിക്കേണ്ടതു്. അല്ലയോ നൃപശ്രേഷ്ഠ! ഞങ്ങൾ ഇവിടെ കൊണ്ടുവന്നിട്ടുള്ള കുതിരകൾ എല്ലാം നല്ല ശോഭയും, സത്വസാരവും മേഘരവത്തിനും ശംഖനാദത്തിനും തുല്യമായ ശബ്ദവും ശുഭവർണ്ണവും സുഗന്ധവും, എന്നുവേണ്ട എല്ലാ നല്ലലക്ഷണങ്ങളും തികഞ്ഞവകൾ ആണ്. മേഘത്തിനൊത്തവർണ്ണവും, അമൃത്തിനൊത്ത ഗന്ധവും, സിംഹത്തിനോയോ ആനയേയോ പോലെയുള്ള ഗതിയും ലേപനമാല്യങ്ങളിൽ പ്രീതിയും ഉള്ള അശ്വങ്ങൾ രാജവാഹനത്തിനു ഏററവും നല്ലതാണ്. നൂറംഗുലം ഉയരത്തോടുകൂടിയ കുതിര ഉത്തമവും, അതിൽ പതിനാറിൽ ഒരുപങ്കുവരെകുറവോടുകൂടിയതു് മദ്ധ്യമവും, അതിൽനിന്നും എട്ടിൽഒരുഭാഗം ഉയരം കുറവോടുകൂടിയ കുതിര അധമവും ആകുന്നു. മന്നവന്മാൎക്കു ഐശ്വൎയ്യം വർദ്ധിക്കണമെങ്കിൽ, ഉത്തമലക്ഷണങ്ങളോടുകൂടിയ ഉത്തമവാഹനങ്ങളെ ഗന്ധമാല്യാദികൾകൊണ്ട് അനുദിവസവും പൂജിക്കണം. അതുകൊണ്ട് അല്ലയോ നൃപശ്രേഷ്ഠ! സത്വയുക്തങ്ങളും, സദ്വർണ്ണങ്ങളോടും, മനോഹരമായ ശുഭലക്ഷണങ്ങളോടുംകൂടിയതുകളും ഗാന്ധാരങ്ങളും കഠിനഖുരസംയുതങ്ങളും സദാവർത്തങ്ങളോടുകൂടിയതുകളും വേഗമേറിയതുകളും ലക്ഷണയുക്തങ്ങളും നല്ലനല്ല ദേശങ്ങളിൽ ജനിച്ചതുകളും ദുർല്ലക്ഷണവിവർജ്ജിതങ്ങളും മഹാഭാരസഹിഷ്ണുക്കളും, എത്ര വലിയ വിശപ്പും ദാഹവും സഹിക്കുന്നതിലും പ്രത്യേക സാമൎത്ഥ്യമേറിയതുകളും ആയ ഈ കുതിരകളെ അങ്ങു ഗ്രഹിച്ചുകൊണ്ടാലും. ഉത്തമോത്തമങ്ങളായ ഈ തുരഗങ്ങളെ അങ്ങു പൂജിച്ചു രക്ഷിച്ചുകൊണ്ടാൽ അങ്ങേ

ഉപ

ക്ക വിജയവും, യശോവൃദ്ധിയും സൎവ്വകാമാൎത്ഥസിദ്ധിയും ഉണ്ടാകും.

സാദിസംഘാദ്ധ്യക്ഷനായ സുന്ദരേശ്വരൻ ഇപ്രകാരം പറഞ്ഞിട്ട് താനും തന്റെ അനുചരന്മാരുംകൂടി കൊണ്ടുവന്നിട്ടുണ്ടായിരുന്ന എല്ലാ അശ്വങ്ങളേയും പാശംകൈമാറി രാജാവിനു കൊടുത്തു. അരിമൎദ്ദനപാണ്ഡ്യൻ സുന്ദരേശ്വരന്റെ പക്കൽനിന്നും കുതിരയെ കയറു കൈമാറി വാങ്ങിയതും അദ്ദേഹം അപാരമായ ആനന്ദസാഗരത്തിൽ നിമഗ്നനായതും ഒരേ നിമിഷത്തിൽ ആയിരുന്നു. അനന്തരം രാജാവ് താൻ ഏററവും ധന്യനായെന്ന് തന്നെത്താൻ പറഞ്ഞുംകൊണ്ട് അശ്വപാലകന്മാരെ വിളിച്ച് താൻ കയറുകൈമാറിവാങ്ങിയ അശ്വങ്ങളെ എല്ലാംകൊണ്ടുപോയി അശ്വശാലയിൽ ബന്ധിക്കുന്നതിനു പറഞ്ഞു. അവർ ഉടൻതന്നെ രാജാജ്ഞയെ നിൎവ്വഹിച്ചു.

അതിന്റെശേഷം ആമ്നായമയമായ തന്റെ വാഹനത്തെ ഒഴിച്ചു മററുള്ള കുതിരകളെ കൈമാറി നല്കിയുംവച്ച് സാദിമദ്ധ്യത്തിങ്കൽ താൎക്ഷ്യനെപ്പോലെ സഞ്ചരിക്കുന്ന വേദാന്തവേദ്യനായ സാദിവൎയ്യനെ അരിമൎദ്ദനപാണ്ഡ്യൻ വളരെവളരെ സന്തോഷത്തോടുകൂടെ സമീപത്തിൽ വിളിച്ചുവരുത്തി അനവധി വിലതീരാത്ത ആഭരണങ്ങളും വസ്ത്രങ്ങളും അദ്ദേഹത്തിനു സമ്മാനമായി കൊടുത്തു. സുന്ദരേശ്വരൻ അശ്വത്തിൽ നിന്നും ഇറങ്ങി അരിമൎദ്ദനപാണ്ഡ്യൻ നൽകിയ ദിവ്യചേലയെവാങ്ങി ശിരസ്സിൽധരിച്ചു. ചന്ദ്രനേക്കാൾ ധാവള്യത്തോടുകൂടിയതായ ആ ചേലയുടെ പ്രകാശത്താൽ ചന്ദ്രാൎദ്ധച്ഛവിയും ഗംഗാനദിയുടെ കാന്തിയും അപഹൃതം ആയി. രാജാവിനാൽ സമ്മാനിതങ്ങളായ മററാഭരണങ്ങളേയും സുന്ദരേശ്വരൻ ഭക്തരക്ഷാൎത്ഥം സ്വീകരിച്ചു. അദ്ദേഹത്തോടൊന്നിച്ചു അശ്വങ്ങളേയും കൊണ്ടുവന്ന അനുചരന്മാൎക്കും അരിമൎദ്ദനപാണ്ഡ്യൻ അനേകായിരം ദിവ്യാംബരാഭരണങ്ങൾ സമ്മാനങ്ങളായി നൽകി. സാദിരൂപന്മാരായ നന്ദ്യാദിഗണങ്ങൾ അവയെ സന്തോഷപൂൎവ്വം വാങ്ങി ധരിച്ചു. അനന്തരം അവർ അരിമൎദ്ദനനെപ്പോലെ ഭാഗ്യവാന്മാരായി ത്രൈലോകത്തിൽ ഇതേവരെ യാതൊരു രാജാക്കന്മാരും ഉണ്ടായിട്ടില്ലെന്നു ഉച്ചത്തിൽ ആഘോഷിച്ചുകൊണ്ടും കൂടക്കൂടെ തിരിഞ്ഞ് രാജാവിനെ വീക്ഷിച്ചുകൊണ്ടും വേദാശ്വാരൂഢന്മാരായി രാജാവിനോടു യാത്രയും വഴങ്ങി പ്രയാണംതുടങ്ങിയ വേദാന്തവേദ്യനായ സുന്ദരേശ്വരസാദിസംഘാദ്ധ്യക്ഷനെ അനുഗമിച്ചു.

അതിന്റെ ശേഷം അരിമൎദ്ദനപാണ്ഡ്യൻ, തന്റെ മന്ത്രിസത്തമനായ വാതപുരേശനെ അടുക്കൽ വിളിച്ചുവരുത്തി സാന്ത്വവചസ്സുകൾകൊണ്ട് അദ്ദേഹത്തെ സമാശ്വസിപ്പിച്ചിട്ടു, അനവധി വസ്ത്രങ്ങളും രത്നാഭരണങ്ങളും അദ്ദേഹത്തിനു സമ്മാനിച്ചു. അനന്തരം രാജാവിന്റെ സ

മീപത്തിൽ ഉണ്ടായിരുന്ന സൂചകന്മാരായ മന്ത്രിമാരെ നോക്കി, അല്ലയോ അധമസചിവന്മാരെ! നിങ്ങൾ എല്ലാവരും ഒന്നുപോലെ സൂചകന്മാർ ആണ്. ഉത്തമനായ സചിവൻ ഈ വാതപുരേശൻ മാത്രമേ ഉള്ളൂ. ഏഷണിക്കാരന്മാരായ നിങ്ങൾ, എന്നോട് ഗുണനിധിയും സത്യസന്ധനുമായ ഇവനെപ്പററി പല ഏഷണികളും പറഞ്ഞുകേൾപ്പിച്ച് അന്യായമായി പീഡിപ്പിച്ചു. അതുവലിയ സങ്കടമായിപ്പോയി. ഇനി മേലാലെങ്കിലും നിങ്ങൾ ഇപ്രകാരമുള്ള ഏഷണികൾ ജൽപിക്കരുത്. ഇപ്പോഴത്തേക്ക മാപ്പുതന്നിരിക്കുന്നു. രാജ്യത്തിനും രാജാവിനും ഒന്നുപോലെ ഹിതകർത്താവായ ഈ ഉത്തമസചിവനെ സംബന്ധിച്ചു വഷളത്തരങ്ങൾ ജല്പിച്ചവർ എന്തൊരുമാതിരി ബുദ്ധിഹീനന്മാർ ആണ്. വിവേകം കൂടാതെ അതിനെ ശരിവച്ച ഞാനും അവിവേകിതന്നെ. അല്പം കാലതാമസം വന്നെങ്കിൽ എന്ത്. ഇത്രയും ഉത്തമങ്ങളായ അശ്വങ്ങളെ മററുവല്ലവരും പോയാൽ ലഭിക്കുമോ? ഭൂലോകത്തിൽ ഇത്രയുംവളരെ ലക്ഷണപൂർണ്ണങ്ങളായ അശ്വങ്ങൾ കാണുമെന്നുകൂടി എനിക്ക വിചാരമുണ്ടായിരുന്നില്ല.

രാജാവു് ഇപ്രകാരം പല ചാടുവാക്യങ്ങളും പറഞ്ഞു് വാതപുരേശനെ സ്തുതിച്ചുകൊണ്ടു്, ആസ്ഥാനമണ്ഡപത്തിൽ ഉള്ള ഭദ്രാസനത്തിൽ ഇരുന്നു കുറെ സമയം നയിച്ചു. നേരം ഉച്ചയായപ്പോൾ, മന്ത്രിമാൎക്കെല്ലാം അവരവരുടെ ഗൃഹങ്ങളിൽ പോകുന്നതിനു കല്പനകൊടുത്തു. അദ്ദേഹവും സ്വമന്ദിരത്തിലേക്ക് എഴുന്നള്ളി. സുന്ദരേശ്വരകാരുണ്യംകൊണ്ടു് അരിമർദ്ദന പാണ്ഡ്യന്റെ കടംതീർത്ത വാതപുരേശനും, സമാധാനചിത്തനായി സ്വമന്ദിരത്തിൽപോയി സസുഖം വസിച്ചു. അശ്വാഗമനം കാണാനായി രാജമന്ദിരത്തിൽ കൂടിയിരുന്ന പൌരന്മാരും ഇതിൽപ്പരമില്ലാത്ത കൃതാൎത്ഥതയോടെ തിരിച്ചുപോയി. ഭഗവാനായ സുന്ദരേശ്വരനും ഗണങ്ങളോടുകൂടി ഹാലാസ്യത്തിൽപോയി സ്വലിംഗത്തിൽ ലയിച്ചു.

അല്ലയോ വസിഷ്ഠാദി താപസന്മാരേ! മന്ത്രിസത്തമനായ വാതപുരേശനവേണ്ടി ഭൂലോകത്തിലുള്ള കുറുനരികളെയെല്ലാംപിടിച്ചു് ഉത്തമാശ്വങ്ങളാക്കി അരിമർദ്ദനനു നൽകി സ്വഭക്തനായ മന്ത്രിസത്തമന്റെ കടം വീട്ടിയ ഈ ലീലയെ പഠിക്കുകയോ കേൾക്കുകയോ ചെയ്യുന്നവൎക്ക ഇഹപരങ്ങളിൽ ഒന്നുപോലെ സൎവ്വാഭീഷ്ടങ്ങളും അനായാസേനലഭിക്കുന്നതാകുന്നു.

അൻപത്തിഒൻപതാംലീല സമാപ്തം.

# ഹാലാസ്യമാഹാത്മ്യം

## കേരളഭാഷാഗദ്യം.

### ൬൰-ാം അദ്ധ്യായം.

### നദീപ്രവാഹാകർഷണം ചെയ്ത അറുപതാം ലീല.

വീണ്ടും അഗസ്ത്യമഹർഷി വസിഷ്ഠാദികളെ നോക്കി സുന്ദരേശ്വരൻ വാതപുരേശനെന്ന മന്ത്രിയെരക്ഷിക്കുന്നതിനായി നദിയെ വർദ്ധിപ്പിച്ച അദ്ദേഹത്തിന്റെ അറുപതാമത്തെ ലീലയെ താഴെ വരുമാറു് പറഞ്ഞുതുടങ്ങി:—

മായാശ്വങ്ങളെ രാജാവിന്റെ അശ്വപാലകന്മാർ മന്ദുരകളിൽ കൊണ്ടുപോയി കെട്ടി അവയ്ക്കു ഭക്ഷിക്കുന്നതിനുവേണ്ട കാണം, വയ്ക്കോൽ, പുല്ല്, വെള്ളം മുതലായവകൾ കൊടുത്തതിന്റെശേഷം നേരം അസ്തമിക്കുകയാൽ അവരുടെ നിലയങ്ങളിലേക്കുപോയി. അതിൽ പിന്നെ മായാതുരഗാകാരന്മാരായ സൃഗാലവീരന്മാർ എല്ലാവരും മായാമയനായ സുന്ദരേശ്വരന്റെ ലീലാവൈഭവത്താൽ പഴയപോലെ ജംബുകന്മാരായി. തന്മൂലം ഹർഷസംയുതന്മാരായ അവർ അന്യോന്യം ഇങ്ങനെപറഞ്ഞു:—

“രാത്രിയായാൽ പിന്നെ കാട്ടും നാട്ടും ഒരുപോലെ ഭരിച്ചു് സ്വതന്ത്രന്മാരായി നടക്കുന്ന നമ്മളെ പിടിച്ചു്, ചങ്ങലകൊണ്ടും കയറുകൊണ്ടും ഇങ്ങനെ ബന്ധിച്ചിട്ടിരിക്കുന്നതു് വലിയ അന്യായമാണു്. സാധാരണ നമ്മേ പിടിച്ചു ബന്ധിക്കാൻ ഒരുത്തരെക്കൊണ്ടും സാധിക്കുന്നതല്ല അതുപോയിട്ടു് ഇപ്പോൾ നമ്മുടെ കഷ്ടകാലംകൊണ്ടു് നമ്മെപ്പിടിച്ചു മായാശ്വങ്ങളാക്കി തീർക്കുന്നതിനും ബന്ധിക്കുന്നതിനും സാധിച്ചു. ഇനി നമുക്കു ഈ ബന്ധനത്തിൽ നിന്നും എങ്ങിനെ എങ്കിലും പോയി പിഴക്കാനുള്ള വഴി നോക്കണം. എല്ലുകൂടാത്ത പച്ചമാംസങ്ങളും ഭക്ഷിച്ചു് സന്തോഷമത്തരായി രാവും പകലും ഒന്നുപോലെ കഴിച്ചുകൂട്ടുന്ന നമുക്കു് ഈ അസ്വാതന്ത്ര്യകരമായ വാസം വളരെ സങ്കടപ്പെട്ടതാണെന്നുള്ളതിനു രണ്ടുപക്ഷമില്ലല്ലോ. ഈശ്വരഗത്യാ നമ്മുടെ അശ്വരൂപവും ബന്ധനവുംനീങ്ങി. ഇനി, കൊള്ളും പുല്ലുംഭക്ഷിച്ചുകൊണ്ടിവിടെ കിടക്കാതെ വല്ലപ്രകാരത്തിലും ഇവിടെനിന്നും പോയിപ്പിഴക്കാൻ അല്ലേ ശ്രമിക്കേണ്ടതു്.

അവർ അന്യോന്യം ഇങ്ങനെ പറഞ്ഞൊത്തുംകൊണ്ടു് എല്ലാംകൂടി ഘോടകശാലവിട്ടു് വെളിയിൽ ഇറങ്ങി, നാലുദിക്കിലേക്കും ഓടിയെങ്കിലും

കോട്ടവാതിലുകൾ നാലും ബന്ധിച്ചിരുന്നതിനാൽ ആ ഓടിയ ഓട്ടത്തിൽത്തന്നെ അവയ്ക്കു വെളിക്കിറങ്ങി കടന്നുകളയാൻ സാധിച്ചില്ല. അതിന്റെ ശേഷം അവ പുരത്തിലെ വീഥികളിലും ഉദ്യാനങ്ങളിലും ദേവാലയങ്ങളിലും വീടുകളിലും മറ്റും ഓടിനടന്നു പൌരന്മാരെ ഉപദ്രവിച്ചു. പ്രഭാതത്തിൽ ദ്വാരപാലന്മാർ വന്നു് പ്രാകാരത്തിന്റെ വാതിലുകൾ തുറന്നപ്പോൾ, അവ പലവഴിക്കായി ചാടിവീണു് ഓടി കാട്ടുകൾ തേടിപ്പോയി.

പതിവിൻ പ്രകാരം അശ്വപാലകന്മാർ ചെന്നു് ഘോടകശാലയിൽ അശ്വങ്ങളെ നോക്കിയതിൽ തലേദിവസം വാങ്ങിച്ചതിൽ ഒരു കുതിരയെപ്പോലും കണ്ടില്ലെന്നു മാത്രമല്ല മുമ്പുണ്ടായിരുന്നതിൽ ചില കുതിരകൾ കടിയേറ്റും മറ്റു ചിലതുകൾ കെട്ടററും ഉഴന്നുനടക്കുന്നതായും, കണ്ടു. അവയിലും ചില കുതിരകളെ കാൺമാനും ഇല്ലായിരുന്നു.

ഉടൻതന്നെ അശ്വപാലകന്മാർ ഓടി രാജസന്നിധിയിൽ പോയി വിനയപൂർവ്വം വന്ദിച്ചിപ്രകാരം ഉണർത്തിച്ചു:—

“പാണ്ഡ്യകുലാധീശനും ശാസിതാരാതിമണ്ഡലനും ആയ അല്ലയോ മഹാരാജാവേ! അത്യന്തം അത്ഭുതകരമായ ഒരു വർത്തമാനത്തെ അവിടുന്നു കേട്ടുകൊണ്ടാലും.

നിന്തിരുവടി ഇന്നലെ വാങ്ങിയ അശ്വങ്ങൾ രാത്രിയായപ്പോൾ, സൃഗാലരൂപികളായി ഉച്ചത്തിൽ കൂവി. ആകസ്മികമായുണ്ടായ ആ ശബ്ദം കേട്ടു് ഞങ്ങൾ ഭയപ്പെട്ടെങ്കിലും, ഘോടകശാലയിൽ ഇപ്രകാരം ജംബുകനാദം ഉണ്ടാകാനുള്ള കാരണമെന്താണെന്നന്വേഷിക്കണമെന്നു വിചാരിച്ചു് കുറേ ആളുകൾ കൂടി സംഘംചേർന്നു് വാജിശാലയിൽപോയപ്പോൾ, അവിടെ ബന്ധിച്ചിട്ടുണ്ടായിരുന്ന അശ്വങ്ങളിൽ ഒന്നിനെപ്പോലും കാൺമാനില്ല. കാട്ടന്മാരുടെ ബഹളംതന്നെ. ഞങ്ങളെക്കണ്ടയുടനെ ആ കുറുനരികളിൽ ചിലതു ഭയപ്പെട്ടു ഓടുകയും മറ്റു ചിലതു് തിരിഞ്ഞോടിവന്നു് ഞങ്ങളെ കടിക്കുകയുംമറ്റും ചെയ്തു. ഒരു അരനിമിഷത്തിനകം കുറുനരികൾ അവിടെ കാട്ടിക്കൂട്ടിയ ബഹളങ്ങൾക്കൊന്നിനും കയ്യും കണക്കുമില്ല. അതിവേഗത്തിൽ അവയൊന്നുപോലെ ഞങ്ങളിൽ പലരേയും, മറ്റു വഴിയിൽ കണ്ടവരേയും ദംശിക്കുകയും ഉദ്യാനങ്ങളും വഴികളും മറ്റും തകർക്കുകയും ചെയ്തുംവച്ചു് ഓവുകളിലും, ഗവാക്ഷങ്ങളിലും മറ്റുദ്വാരങ്ങളിലും ഗോപുരവാതിലുകളിലും മറ്റുംകൂടി വെളിക്കുചാടി പൊയ്ക്കളഞ്ഞു. അതുമല്ല; നമ്മുടെ വകയായി മുൻപേയുണ്ടായിരുന്ന പല കുതിരകളേയും കുറുനരികൾ കടിച്ചു നശിപ്പിക്കുകയും ചിലതിന്റെ ബന്ധനങ്ങൾ വിടർത്തിവിരട്ടി ഓടിക്കുകയും കൂടി ചെയ്തു. ചുരുക്കിപ്പറഞ്ഞാൽ പഴയ കുതിരകളിലും ഒന്നുപോലും ഇപ്പോൾ ഘോടകശാലയിൽ ഇല്ല.”

അശ്വപോഷകന്മാരുടെ മേൽപ്രകാരമുള്ള വാക്കുകൾകേട്ട് രാജാവു് ഇതിൽപരമില്ലാതെ വ്യസനിച്ചു. അദ്ദേഹം കുറേനേരത്തേക്കു വിചാരമഗ്നനായിരുന്നിട്ട് ഒടുവിൽ ഒന്നുനിശ്വസിച്ചതല്ലാതെ യാതൊരുമറുവടിയും പറഞ്ഞില്ല. ഈ അവസരത്തിൽ വാതപുരേശൻ ഒഴിച്ചുള്ള എല്ലാമന്ത്രിമാരും രാജസന്നിധിയിൽ ഓരോരുത്തരായിവന്നുചേൎന്നു. പുറകെ വാതപുരേശനും വന്നു.

വാതപുരേശനെ കണ്ടക്ഷണത്തിൽ അരിമർദ്ദനപാണ്ഡ്യന്റെ വിചാരവും വ്യസനവും അസ്തമിതം ആയി. ത്രിപുരസംഹാരത്തിനു കണ്ണുതുറന്ന സംഹാരരുദ്രനെക്കാൾ കോപോജ്വലിതമായ തന്റെ നേത്രങ്ങൾ വാതപുരേശന്റെ നേരേ മിഴിച്ചുരുട്ടി നോക്കിയുംകൊണ്ട് അദ്ദേഹം ഇങ്ങനെ പറഞ്ഞു:—

"എടാ! എടാ! സചിവാധമ! നീ എന്റെ പണംകൊണ്ടുപോയതു ഇന്ദ്രജാലംപഠിക്കാൻ ആയിരുന്നോ. കൊള്ളാം! കൊള്ളാം!! നിന്റെ ചരിത്രം വളരെ വളരെ വിശേഷംതന്നെ. നീ കൊണ്ടുവന്നനല്ലകുതിരകൾ എല്ലാം എത്രവിചിത്രമായതു്. നിന്റെ ഈ ഇന്ദ്രജാലപ്രയോഗംകൊണ്ട്, എനിക്കുമുമ്പുണ്ടായിരുന്ന കുതിരകളും നശിച്ച് എന്റെ പൌരന്മാരിൽ എത്രയോ പേർ കാട്ടിൽ കിടന്ന കാടന്മാരാൽ പീഡിതന്മാരും ആയി. നീ എന്തുവിചാരിച്ചു, ഇന്ദ്രജാലംകൊണ്ട് കാടന്മാരെ കുതിരകളാക്കിയാൽ അവയെന്നും അങ്ങനെതന്നെയിരിക്കുമെന്നൊ? അതേ കാടന്മാരെ ഒടിച്ചുകൂട്ടിക്കൊണ്ടുവന്നു്, മായകൊണ്ട് കുതിരയാക്കി എന്നെ ഏൽപ്പിച്ചു കഴിഞ്ഞാൽപിന്നെ എന്തുസംഭവിച്ചാലും നിനക്ക് ഉത്തരവാദിത്വം ഇല്ലെന്നോ? എന്താ നിന്റെ സമാധാനം കേൾക്കട്ടെ."

വാതപുരേശൻ അതുകേട്ട്, വിനീതനായി ഇങ്ങനെ മറുപടി പറഞ്ഞു:—

അല്ലയൊ മഹാരാജാവേ! കുതിരകളെ കൊണ്ടുവന്നതിൽ ഞാൻ ഒരു മായവും പ്രയോഗിച്ചിട്ടില്ല. രാജദ്രോഹം ഞാൻ ഒരിക്കലും ചെയ്യുന്നതുമല്ല. എനിക്കു എന്റെ അന്നദാതാവായ തിന്തിരുവടിയേയും തിന്തിരുവടിയുടെ സർവസ്വത്തേയും സംബന്ധിച്ച്, എന്റെ പ്രാണനെക്കാൾ സ്നേഹമുണ്ട്. വേണ്ട അശ്വങ്ങളെ ഇവിടെ കൊണ്ടുവന്നു നല്കാമെന്നു സകലലോകസാക്ഷിനാഥനായി ഇവിടെവന്ന സംഘാദ്ധ്യക്ഷൻ പറഞ്ഞതിനെ വിശ്വസിച്ച് ഞാൻ കൊണ്ടുപോയ ധനവും നല്കിട്ടുപോന്നതാണു്. അദ്ദേഹം ചെയ്ത കരാർ അനുസരിച്ച് വേണ്ട കുതിരകളെ ഇവിടെ കൊണ്ടുവരികയും, അവയെ തിരുമേനിയും തിരുമേനിയുടെ മന്ത്രിപുംഗവന്മാരും, അശ്വപോഷകന്മാരും പൌരപ്രധാനികളും മററുംകൂടി കുററങ്ങൾ നോക്കി വാങ്ങുകയും ചെയ്തു. നിങ്ങളിൽ ആരുടെയും ദൃഷ്ടിക്കു ഗോചരമാകാതെ ഇതിൽ അവർ വല്ലമായങ്ങളും പ്രയോഗിച്ചിട്ടുണ്ടെങ്കിൽ അതു് ഏകനായ എന്റെ ദൃഷ്ടിയിൽ പെടുന്നതെങ്ങിനെയാണു്. സാദിവർഗ്ഗാകാരനായാ

ഈശനെക്കണ്ട് ഞാനും അങ്ങേപ്പോലെ മോഹിച്ചു ധനം നല്കി. ഞാൻ അവക്കു നല്കിയ സംഖ്യ ധനമായിത്തന്നെ വേണമെങ്കിലും തരാമെന്ന് ആ സംഖ്യാദ്ധ്യക്ഷൻ തിരുവടിയോടല്ലേ പറഞ്ഞത്? എന്നിട്ട് പണം വാങ്ങാതെ അദ്ദേഹം ചൊല്ലിയ അശ്വലക്ഷണങ്ങൾ എല്ലാം വിശ്വസിച്ച് കുതിരകളെത്തന്നെ വാങ്ങിയത് ഞാൻ നിർബന്ധിച്ചിട്ടാണോ? അങ്ങേ സമ്മതപ്രകാരം അങ്ങുതന്നെ ലക്ഷണങ്ങളുമെല്ലാം നോക്കി; കയറുമാറി കുതിരയെ വാങ്ങിയുംവച്ച് അതിൽ ദോഷം വന്നപ്പോൾ കുറ്റമെല്ലാം സാധുവായ ഞാൻ ഏല്ക്കണമെന്ന് നിർബന്ധിക്കുന്നതു വലിയ സങ്കടമാണ്. ശിവഭക്തനായ അങ്ങേക്ക് അശ്വങ്ങളെ നല്കിയതു ശിവൻതന്നെയാണ്. അദ്ദേഹത്തിന്റെ ലീലയായിരിക്കാം ഇക്കണ്ടതെല്ലാം. അതിനു നിരപരാധിയായ എന്നെ അവിടുന്ന് ഉപദ്രവിക്കരുത്."

അരിമർദ്ദനപാണ്ഡ്യൻ വാതപുരേശന്റെ ഈ സമാധാനവചനങ്ങൾ ഒന്നും തെല്ലുപോലും വകവച്ചില്ലെന്നുമാത്രമല്ല, പൂർവ്വാധികം കോപപോഷിതനായിത്തീരുകയുംചെയ്തു. അനന്തരം അദ്ദേഹം കോപാവേശംകൊണ്ടുണ്ടായ ഗൽഗദത്തിൽ ഇങ്ങനെ പറഞ്ഞു:—

"ജംബുകന്മാരെ ഇന്ദ്രജാലംകൊണ്ടു കുതിരയാക്കി കൊണ്ടുവന്ന് എനിക്ക് നല്കി എന്നേയും രാജ്യത്തേയും ദ്രോഹിച്ച നിന്നെ രാജദ്രോഹകുറ്റത്തിന് ശിക്ഷിക്കാതിരുന്നാൽ രാജനീതിക്കു പോരാത്തതാണ്. അതുകൊണ്ട് നിന്നെ ഇനി വിടാൻ നിശ്ചയിച്ചിട്ടില്ല. ഇപ്പോൾതന്നെ ദണ്ഡനാധികാരികളെ ഏല്പിച്ചേക്കാം. ഹാ! ഹാ! എന്തൊരു അതിശയം. ഇത്രയും വലിയ ജാലവും ഉണ്ടോ? പകൽ മുഴുവൻ ലക്ഷണമൊത്ത കുതിരകൾ; രാത്രിയായപ്പോൾ ജംബുകങ്ങൾ! അതുമല്ല ഘോടകശാലയിൽ നമ്മുടെ വകയായി മുമ്പേ ഉണ്ടായിരുന്ന കുതിരകളും ഇതുമൂലം നശിച്ചു. പൌരന്മാർക്കും വേണ്ടാത്ത ആപത്തുകൾ എല്ലാം പറ്റി. ഇതില്പരം ദ്രോഹിക്കാൻ എന്താണുള്ളത്. അതുകൊണ്ടു നീ കുതിരകളെ വാങ്ങിക്കാനായി ഭണ്ഡാരത്തിൽനിന്നും എത്ര ദ്രവ്യംകൊണ്ടുപോയോ അവ മുഴുവനും തിര്യെ കെട്ടിവയ്ക്കുന്നതുവരെ ശിക്ഷ അനുഭവിക്കണം."

രാജാവ് ഇപ്രകാരം പറഞ്ഞിട്ട് ഉടൻതന്നെ അവിടെ ഉണ്ടായിരുന്ന ചില ദണ്ഡനാധികാരികളെ വിളിച്ച് രാജദ്രോഹംചെയ്ത ഈ മന്ത്രിയെക്കൊണ്ടുപോയി ഇവൻ കുതിരവാങ്ങാൻ ഏറ്റുവാങ്ങിയദ്രവ്യം തിര്യെ തരുന്നതുവരെ നിങ്ങൾക്കു തോന്നുന്നതുപോലെ എല്ലാം ദണ്ഡിച്ചുകൊള്ളുവിൻ എന്നു കല്പിച്ചു.

ഉടൻതന്നെ നിർദ്ദയന്മാരായ ചില ഭടന്മാർ ഓടിഅടുത്ത്, വാതപുരേശനെ പിടിച്ചുകെട്ടിക്കൊണ്ടുപോയി പഴയപോലെ ദണ്ഡിച്ചുതുടങ്ങി.

ബന്ധനംകൊണ്ടും അടി, ഇടി, കുത്തു മുതലായ ദണ്ഡനകൾ ഏററും അത്യന്തം ഖിന്നനായിത്തീൎന്ന വാതപുരേശൻ അന്തകാന്തകനും ഭക്തബന്ധുവും ആയ സുന്ദരേശ്വരനെ അന്തരംഗത്തിൽ ധ്യാനിച്ചു സീമാതീതമായ ഭക്തിയോടുകൂടെ ശ്രീവാചകങ്ങൾ ചൊല്ലി സ്തുതിച്ചുകൊണ്ടു് ഇപ്രകാരം പ്രാൎത്ഥിച്ചു:—

“അല്ലയോ ഭഗവാനെ! ഭക്താൎത്തിഭഞ്ജന! അടിയനെ രക്ഷിക്കണെ! സാധുവായ എന്നെ നിന്തിരുവടി എന്തിനുവേണ്ടിയാണു് ഈ നിൎദ്ദയന്മാരായ ഭടന്മാരെക്കൊണ്ടു് എപ്പോഴും ഇങ്ങനെയിട്ടു ദണ്ഡിപ്പിക്കുന്നതു്. നിന്തിരുവടി ഇന്നലെ കൊണ്ടുവന്നു് രാജാവിനു നല്കിയ കുതിരകൾ എല്ലാം രാത്രിയായപ്പോൾ, കുറുനരികളായി ഓടിപ്പോയതിനാൽ ഞാൻ കുതിരകളെ വാങ്ങിക്കുന്നതിനായി രാജഭണ്ഡാരത്തിൽനിന്നും വാങ്ങിയ ദ്രവ്യം തിരിച്ചുകൊടുക്കണമെന്നും പറഞ്ഞാണു ഇവർ എന്നെ ഇപ്പോൾ ഉപദ്രവിക്കുന്നതു. അല്ലയോ ഭഗവാനെ! ഈ യമഘാതകന്മാരുടെ ബന്ധനതാഡനാദികളെ സഹിക്കുന്നതിനു് എനിക്കു ശക്തിപോരാ. എന്റെ സന്ധിബന്ധങ്ങൾ എല്ലാം വേദനിക്കുന്നു. എനിക്കു നിന്തിരുവടിയല്ലാതെ മററാരും സഹായികളില്ല. അതുകൊണ്ടു് നിന്തിരുവടി കഴിയുന്നവേഗത്തിൽ എന്നെ ഈ ആപത്തിൽനിന്നും രക്ഷിക്കണം.”

ദീനമാനസനായ വാതപുരേശന്റെ മേൽപ്രകാരമുള്ള പ്രാൎത്ഥനകൾകൊണ്ടു്, ആൎദ്രചിത്തനായ സുന്ദരേശ്വരൻ, ദുഃഖിതനും ആശ്രിതനുമായ തന്റെ ഭക്തനെ രക്ഷിക്കുന്നതിനു് വേഗവതീനദിയെ അതിഭയങ്കരമായ പ്രവാഹങ്ങളോടുകൂടെ മധുരാപുരിയിൽ പ്രവേശിപ്പിക്കുകയല്ലാതെ തല്ക്കാലം മറെറാരുവഴിയും ആലോചിക്കേണ്ടതില്ലെന്നു നിശ്ചയിച്ചുറച്ചുംകൊണ്ടു്, വേഗവതിയെ വിളിച്ചു് സമീപത്തിൽ വരുത്തി, തീരംകവിഞ്ഞ അതിഭയങ്കരമായ ജലപ്രവാഹത്തോടുകൂടെ മധുരാപട്ടണം നിറഞ്ഞു് ഒഴുകുന്നതിനായി കല്പിച്ചു.

ഉടൻതന്നെ വേഗവതീതീരം കവിഞ്ഞ ജലപ്രവാഹങ്ങൾകൊണ്ടു് മധുരാപുരം മുഴുവൻ, മുക്കി. കല്ലോലജാലങ്ങളെക്കൊണ്ടു്, അനവധിമഹാവൃക്ഷങ്ങൾ പിഴുതുവീണു. വലിയവലിയ മാളികകളും ഭവനങ്ങളും അങ്ങാടികളും മററും ജലപ്രവാഹത്താൽ ആക്രമിക്കപ്പെട്ടു. മേൽപ്രകാരം ഭയങ്കരമായ ജലപ്രവാഹംകൊണ്ടു്, മധുരമുഴുവനും മുങ്ങിയപ്പോൾ പൌരന്മാർ നാനാവഴിക്കും ഓട്ടംതുടങ്ങി. ഈ കൂട്ടത്തിൽ വാതപുരേശനെ പീഡിച്ചുകൊണ്ടുനിന്ന ഭടന്മാരും ജലപ്പെരുക്കത്താൽ ഭയാകുലരായി വാതപുരേശനേയും വിട്ടുംവച്ചു് ഓടിപ്പോയി. വാതപുരേശൻ അതിന്റെശേഷം സുന്ദരേശ്വരസ്മരണയോടുകൂടെ കാരാഗൃഹത്തിൽനിന്നും, ഇറങ്ങി ഹേമപത്മിനിയിൽപോയി സ്നാനംചെയ്തു, വെള്ളമുണ്ടും ഭസ്മവും രുദ്രാക്ഷവും മററും ധരി

ച്ച് അതിരില്ലാത്ത ഭക്തിയോടുകൂടെ നിത്യകൃത്യങ്ങൾ എല്ലാം നടത്തി തീർന്നവനായ വിശ്വേശ്വരനേയും ഗുഹനേയും ചാതുര്യരൂപിണിയായ മീനാക്ഷീദേവിയേയും വന്ദിച്ച് പ്രദക്ഷിണവുംവച്ച് വൃഷഭത്തിന്റെ പുരോഭാഗത്തിൽ നമസ്കരിച്ച് അതിനേയും ഭജിച്ച്, ദ്വാരപാലന്മാരേയും നന്ദികേശനേയും നമിച്ചുംവച്ച്, നടേശന്റെ സന്നിധിയിൽ പ്രവേശിച്ച് ചിദാകാശസ്ഥാനത്തിൽ ഉള്ള അദ്ദേഹത്തിന്റെ നടനവും കണ്ട്, സത്യസ്വരൂപിയും സാംബനും ആനന്ദദനും ആദ്യനും ആയ സുന്ദരേശന്റെ ലിംഗത്തെയും ദർശിച്ചു, ഭക്തിയോടുകൂടെ ആനന്ദാംബുധിയിൽ മുഴുകി നിശ്ചലനായി വസിച്ചു.

അല്ലയൊ വസിഷ്ഠാദിതാപസന്മാരേ! പാദഭക്തന്മാരുടെ ദുഃഖങ്ങൾ തീർക്കുന്നതിന് ഹാലാസ്യനാഥനായ സുന്ദരേശ്വരനെക്കാൾ ശ്രേഷ്ഠനായി മററാരാനുള്ളത്. എല്ലായ്പ്പോഴും ഒന്നുപോലെ അദ്ദേഹം, ഭക്തന്മാരെ രക്ഷിക്കുന്നതിനുതന്നെ ഒരുങ്ങിയിരിക്കുകയാണ്. എത്രവലിയ ആപത്തുകളും അദ്ദേഹത്തിന്റെ അനുഗ്രഹംകൊണ്ട് നിസ്സാരമായി നശിച്ചുപോകും. അതുകൊണ്ട് മനുഷ്യജന്മം എടുത്തവർ എല്ലാം പ്രധാനമായി സമ്പാദിക്കാനുള്ളത് ഹാലാസ്യേശ്വരാനുഗ്രഹമൊന്നുതന്നെയാകുന്നു. അല്ലയൊ മുനികളെ! ഭക്തിപ്രധാനനായ ഹാലാസ്യേശ്വരന്റെ ഈ അറുപതാമത്തെ ലീലയെ പഠിക്കുകയും കേൾക്കുകയും, ചെയ്യുന്നവരുടെ സർവ്വപാപങ്ങളും തീർന്നുപോകും. കൂടാതെ ഇഹത്തിൽ അനേകവിധ ധനധാന്യാദികളും മിത്രങ്ങൾ ഉണ്ടാകയും പരത്തിൽ മുക്തിലഭിക്കുകയും ചെയ്യും.

൬൦-ാം ലീല സമാപ്തം.

# ഹാലാസ്യമാഹാത്മ്യം

## കേരളഭാഷാഗദ്യം.

### ൬൧ ാം അദ്ധ്യായം.

### പിട്ടിനുവേണ്ടി മൺചുമന്ന

### ൬൨-ാം ലീല.

അല്ലയോ മാഹേശ്വരന്മാരേ! ഇനി നിങ്ങൾ, വിഷ്ടപനാഥനും അഷ്ടമൂർത്തിയും ആയ സുന്ദരേശ്വരൻ പിട്ടിനുവേണ്ടി മണ്ണുചുമന്നതായ അദ്ദേഹത്തിന്റെ അറുപത്തിരണ്ടാമത്തെ ലീലയെ കേട്ടുകൊള്ളുവിൻ. ഈ അതിവിചിത്രവും ഭക്തിമയവും ആയ ഏകലീലാശ്രവണംകൊണ്ടുതന്നെ ദുഃഖശാന്തിയും, ഇഷ്ടപൂർത്തിയും ഉണ്ടാകുന്നതാണു്.

സുന്ദരേശ്വരാജ്ഞപ്രകാരം, കരകവിഞ്ഞു പ്രവഹിച്ചുതുടങ്ങിയ വേഗവതീസലിലങ്ങൾകൊണ്ടു് മധുരാപുരം മുങ്ങിയതും പൌരന്മാർ നാലുവഴിക്കും ഓടിത്തുടങ്ങിയതും രാജസദനത്തിൽ വാഴുന്ന അരിമർദ്ദനപാണ്ഡ്യൻ അറിഞ്ഞു. ഉടൻതന്നെ വെളിയിൽ എഴുന്നെള്ളിനിന്നുംകൊണ്ടു മന്ത്രിപ്രധാനികളെ വരുത്തി അതിവേഗത്തിൽ നദീതീരങ്ങളെ ഉയർത്തുന്നതിനു കല്പനകൊടുത്തു.

മന്ത്രിപ്രധാനികൾ അതുകേട്ടു നദീതീരത്തിൽ പോയി ജലം പൊട്ടിപ്പുറപ്പെടുന്ന ഭാഗങ്ങൾ പരിശോധിച്ചു്, അവകളിൽ സേതുക്കൾ ഉണ്ടാക്കി ബന്ധിക്കുന്നതിനായി പൌരന്മാൎക്കു ആജ്ഞകൊടുത്തു. ആജ്ഞയിൽ, ധനികന്മാർ മുമ്മൂന്നു കൂലിക്കാരെ അയച്ചും പാവങ്ങൾ ഓരോ കൂലിക്കാരെ അയച്ചും യഥാശക്തി ഓരോരുത്തരും ഇത്രഇത്രഅളവു ദൂരംവീതം സേതുബന്ധനം ചെയ്യണമെന്നുണ്ടായിരുന്നു. ഈ ആജ്ഞയെ തമുക്കടിപ്പിച്ചു് പട്ടണത്തിൽ പരസ്യംചെയ്യിപ്പിച്ചയുടൻതന്നെ പട്ടണവാസികൾ, അവരവരുടെ വീതത്തിനു വേണ്ടുന്ന കൂലിക്കാരെ അന്വേഷിച്ചുതുടങ്ങി. ഇങ്ങനെ പലൎക്കുമായി അധികം വേലക്കാർ ആവശ്യമായിത്തീൎന്നതിനാൽ മധുരാപുരത്തിൽ കൂലിക്കാൎക്കു വലിയ ദുൎഭിക്ഷം നേരിട്ടു് പലരും കൂലിക്കാരെ കിട്ടാതെ വിഷമിച്ചു. അങ്ങനെകിട്ടാതെ വിഷമിച്ചകൂട്ടത്തിൽ സുന്ദരേശ്വരഭക്താഗ്രഗണ്യയായ ഒരു വൃദ്ധയും അകപ്പെട്ടു. അവൾ, മ

ധുരാപട്ടണത്തിന്റെ ആഗ്നേയകോണിൽ ഉള്ള ഒരു ജീൎണ്ണമന്ദിരത്തിൽവച്ചു പിഷ്ടംഉണ്ടാക്കി വിററു്, അതിൽനിന്നുംകിട്ടുന്ന ലാഭംകൊണ്ടു കാലക്ഷേപം കഴിച്ചുവന്ന ഒരു ബ്രാഹ്മണിയായിരുന്നു. സുന്ദരേശ്വരനിൽ അമിതമായ ഭക്തിയോടുകൂടിയ അവൾക്കു്, പുത്രന്മാരും ഭൎത്താവും ബന്ധുക്കളും ആരും ഇല്ലായിരുന്നു. അവളുടെ പതിവു്, കാലത്തെ എഴുന്നേററാൽ ഉടൻതന്നെ കുളിച്ചു് നിത്യകൎമ്മങ്ങൾനടത്തി ഭസ്മവും രുദ്രാക്ഷവും ധരിച്ചു്, സോമസുന്ദരനേയും മീനാക്ഷീഭഗവതിയേയും വഴിപോലെ സേവിച്ചതിന്റെശേഷം പിഷ്ടങ്ങൾ ഉണ്ടാക്കി അവ വേഗം വിററഴിയുന്നതിനുവേണ്ടി സോമസുന്ദരാനുഗ്രഹത്തെ ഉദ്ദേശിച്ചു്, ആദ്യമായി ഉണ്ടാക്കുന്ന പിഷ്ടത്തെ ബ്രാഹ്മണൎക്കായി ദാനംചെയ്യുകയും ശേഷം ഉള്ളവയെ മുറയ്ക്കു വിററു് അവകൊണ്ടു് തന്റെ കാലക്ഷേപത്തെ ശുദ്ധമായി നിൎവ്വഹിക്കുകയും ആയിരുന്നു. കൂടാതെ അവൾ, ശരീരത്തിന്റെ അനിത്യതയെ വിചാരിച്ചു തന്റെ ചെലവു നീക്കി മിച്ചം വരുന്ന ദ്രവ്യങ്ങൾ മുടങ്ങാതെ ഉത്തമബ്രാഹ്മണൎക്കു ദാനംചെയ്യുകയും ചെയ്തുവന്നു.

ഈ പിഷ്ടാംബ, തന്റെ വീതത്തിനുള്ള സേതുബന്ധനത്തിനായി മധുരാപട്ടണം മുഴുവനും ചുററിനടന്നു് കൂലിക്കാരെ അന്വേഷിച്ചിട്ടും കിട്ടായ്കയാൽ മനസ്താപത്തോടുകൂടെ അവരുടെ ഗൃഹത്തിൽവന്നിരിക്കുന്ന അവസരത്തിൽ, അവരുടെ വീതത്തിനയക്കേണ്ട കൂലിക്കാരനെ കാണായ്കയാൽ കുപിതന്മാരായ രാജദൂതന്മാർ, അന്തകഭടന്മാരെപ്പോലെ എത്തി, എടീവൃദ്ധേ! നീമാത്രം രാജശാസനയെ അനുസരിക്കത്തില്ലെന്നോ? നല്ല ശിക്ഷയായി. സേതുബന്ധനത്തിനായി അളയയ്ക്കുന്നോ? നിന്റെ പുരതല്ലിപ്പൊളിച്ചു ഉള്ളതെല്ലാം കുത്തിക്കവൎന്നു കൊണ്ടുപോകട്ടോ എന്നു ചോദിച്ചു.

പിഷ്ടാംബ അതുകേട്ടു്, ഭയാകുലയായി വളരെ താഴ്മയോടുകൂടെ നിങ്ങൾ പോകുവിൻ, ഞാൻ പുറകേ അളയ്ക്കാം, എന്നുംമററും നല്ല വാക്കുകൾ പറഞ്ഞു് അവരെ അയച്ചു. അതിൽപിന്നെ നല്ല, പിഷ്ടങ്ങളോടുകൂടെ ഹാലാസ്യേശ്വരസന്നിധിയിൽ ചെന്നു്, മീനാക്ഷീസുന്ദരേശ്വരന്മാരുടെ പാദപത്മങ്ങളെ മനസാ ധ്യാനിച്ചുകൊണ്ടു്, പിഷ്ടങ്ങളുംഅൎപ്പിച്ചു അനവധിതവണ കുമ്പിട്ടുകൊണ്ടിപ്രകാരം പ്രാൎത്ഥിച്ചു.

"അല്ലയോ സ്വാമിൻ! ഹാലാസ്യേശ്വര! രാജകിങ്കരന്മാരാൽ ബാധിതയായ എന്നെ തിരുവടി രക്ഷിക്കണമേ. ഈ പട്ടണം മുഴുവൻ അന്വേഷിച്ചിട്ടും തീരബന്ധനത്തിനായി ഒരാളെ അയയ്ക്കാൻ കിട്ടുന്നില്ല. ഞാൻ എന്താണു ചെയ്യേണ്ടതു്. എന്തു കൂലി വേണമെങ്കിലും ഞാൻകൊടുക്കാം. തിരുവടി ഒരു കൂലിക്കാരനെ എന്റെ ദൃഷ്ടിയിൽ കാണിച്ചുതരണം. ഇതിനു തിരുവടിയല്ലാതെ ആരും ആശ്രയം ഇല്ല.

ആ ബ്രാഹ്മണസ്ത്രീ മേൽപ്രകാരം പ്രാൎത്ഥിച്ചുംവച്ചു ക്ഷേത്രത്തിൽനിന്നും വെളിക്കിറങ്ങി വീണ്ടും കൂലിക്കാരനെ അന്വേഷിച്ചുംകൊണ്ടു് വ്യസനാകുലയായി വീഥിയിൽ നടക്കുമ്പോൾ സൎവ്വവ്യാപിയായ സുന്ദരേശ്വരൻ സ്മിതമാധുൎയ്യംകൊണ്ടു് മധുരമായ മുഖമണ്ഡലത്താൽ മണ്ഡിതനും, സൌന്ദൎയ്യസാഗരത്തിൽനിന്നും ഉത്ഭവിച്ച ശംഖിനു തുല്യമായകന്ധരത്തോടുകൂടിയവനും, വാതില്പലകപോലെ വിസ്താരമേറിയതും ദൃഢവുമായ മാറിടത്തോടുകൂടിയവനും, കമനീയകരാംബുജനും, കച്ചബന്ധനംകൊണ്ടും തനുതരമായ കടിതടംകൊണ്ടും ശോഭായമാനനും കദളീകാണ്ഡത്തിന്റെ സൌഭാഗ്യത്തെ ജയിക്കുന്ന ഊരുയുഗളത്തോടുകൂടിയവനും കമനീകല്പരാകാരപ്രപന്നമായ ഒരു ഭൃതകന്റെ വേഷം ധരിച്ചു്, ബ്രഹ്മശിരസ്സിനെ കുട്ടയായും പരശ്വു എന്ന ആയുധത്തെ ഖനിത്രമായും കൈയ്യിൽധരിച്ചുംകൊണ്ടു് എൺപതിൽപരം വയസ്സായ ആ പിഷ്ടാംബയുടെ മുമ്പിൽ നിത്യക്ഷനായിട്ടു അവരോടു് ഇങ്ങനെ ചോദിച്ചു.

"അമ്മേ! നിങ്ങൾ ആരെയെന്വേഷിച്ചാണു ഈ വീഥിയിൽ, തെക്കോട്ടും വടക്കോട്ടും ഇങ്ങനെ അലഞ്ഞുനടക്കുന്നതു്. കൂലിയാളെ അന്വേഷിച്ചു നടക്കുകയാണെങ്കിൽ ഞാൻ വരാം. എന്താ സമ്മതമാണോ?"

പിഷ്ടാംബ അതുകേട്ടു്, സംഭ്രമത്തോടുകൂടെ, അയ്യോ! കുഞ്ഞേ! എനിക്കൊരു കൂലിക്കാരനെ വേണം; നിനക്കു ചുമട്ടു ചുമക്കുന്നതിനു വശമുണ്ടെങ്കിൽ വരിക. കൂലിക്കാരനെ അന്വേഷിച്ചു് ഹാലാസ്യേശ്വരസ്മരണത്തോടുകൂടെ ഉഴന്നുനടക്കുന്ന എന്നെ സഹായിക്കാനായി സുന്ദരേശ്വരൻ നിന്നെ പ്രത്യക്ഷീഭവിപ്പിച്ചുവോ എന്നു്ഞാൻ ശങ്കിക്കുന്നു. ദയവുചെയ്തു നീ എന്റെ വീതത്തിനുള്ള നദീതീരം മണ്ണിട്ടു പൊക്കിത്തരണം എന്നപേക്ഷിച്ചു.

ഭൃതകൻ അതുകേട്ടു്, നിങ്ങളുടെ ഓഹരിക്കുള്ള നദീതീരം മണ്ണിട്ടുയൎത്തിത്തന്നാൽ എനിക്കു കൂലി എന്തു തരും എന്നു ചോദിച്ചു.

പിഷ്ടാംബ, തന്റെ കൈയിൽ ധനമില്ലെന്നും കൂലിയായിട്ടുപയറു്, ശൎക്കര, നാളികേരം, എന്നിവ ഇടകലൎത്തുചേൎത്തുണ്ടാക്കിയ ചൂടാറാത്ത പിഷ്ടങ്ങൾ കൊടുക്കാമെന്നും പറഞ്ഞു. ഭൃതകൻ അതുകേട്ടു് എന്നാൽ പിഷ്ടം തരിക, ഞാൻ പോയി ജോലിനോക്കാം എന്നു പറഞ്ഞു. പിഷ്ടാംബ ചൂടാറാത്തു അനവധി പിട്ടുകൾ കൊടുത്തു. ഭൃതകൻ അതെല്ലാംവാങ്ങി കച്ചയിൽ ഇട്ടുകെട്ടിക്കൊണ്ടു് നദീതീരത്തിൽ പോയി അവിടെ ഓരോരുത്തരുടേയും വീതത്തിനു വരമ്പു പിടിക്കാനായി കൂടിയിട്ടുള്ള കൂലിക്കാർ അവരവരുടെ ഭാഗങ്ങളെ മണ്ണിട്ടു നികത്തുന്നതും പിഷ്ടാംബയുടെ ഭാഗത്തുകൂടി മാത്രം ജലപ്രവാഹം ഉണ്ടാകുന്നതും കണ്ടു് പൊട്ടിച്ചിരിച്ചുംകൊണ്ടു്, കൈ

യിൽഇരുന്ന പിഷ്ടങ്ങൾഎടുത്തു തിന്നുകയും, ഏകനായരിസ്വാദുഭുജിക്കരുതെന്നുള്ള അപൂർവവാക്യം അനുസരിച്ച് പിഷ്ടങ്ങൾ പൊട്ടിച്ച് അവിടെയുണ്ടായിരുന്ന മറ്റുള്ള കൂലിക്കാർക്കുംകൂടി കൊടുക്കുകയുംചെയ്തു. കുറേക്കഴിഞ്ഞപ്പോൾ കുമ്പിൽ ഉണ്ടായിരുന്ന പിഷ്ടങ്ങൾ എല്ലാം തീർന്നു. വീണ്ടും ഭൃതകവേഷധാരിയായ സുന്ദരേശ്വരൻ, പിഷ്ടാംബയുടെ അടുക്കൽപോയി, അല്ലയോ പിഷ്ടാംബേ! നദീതീരം നിങ്ങളുടെ ഭാഗം മുഴുവൻ ഞാൻ മണ്ണിട്ടുപൊക്കി മറ്റുള്ള എല്ലാവരുടേയും ഭാഗത്തേക്കാൾ ഭംഗിയാക്കി. ഞാൻസത്യം പറയുകയാണ്. സുന്ദരേശ്വരൻ സാക്ഷി. അതിപ്രയത്നംകൊണ്ടു എനിക്കു വളരെ ക്ഷീണവും വിശപ്പും ഉണ്ട്. മണ്ണുവെട്ടിക്കോരി കൊട്ടയിൽ ഇട്ട്, പിടിച്ചെടുത്തു തലയിൽ വച്ച് നദീതീരത്തിൽ കൊണ്ടുപോയി ഇടുകയെന്നതു ഒരുത്തൻതന്നെ ചെയ്താൽ അവനു വിശപ്പും ക്ഷീണവും വർദ്ധിക്കുന്നതു അതിശയമാണോ? ഇതാ നോക്കുക! എന്റെ വയർ എത്രവളരെ വിശന്നുകാണുന്നു. പ്രയത്നക്കൂടുതൽകൊണ്ടു ഭക്ഷിക്കുന്നമാത്രയിൽതന്നെ പിഷ്ടം ഭസ്മമായിപ്പോകുന്നു.

പിഷ്ടാംബ അത് സത്യമെന്നു വിശ്വസിച്ച്, പിന്നെയും വേണ്ടുന്ന പിഷ്ടങ്ങൾ കൊടുത്തു. ശ്രേഷ്ഠമൂർത്തിയും വിഷ്ടപനാഥനുമായ സുന്ദരേശ്വരഭൃതകൻ, പിന്നയും അതുംകൊണ്ടു, നദീതീരത്തിൽ പോയി പിഷ്ടം പൊട്ടിച്ചുതിന്നും കണ്ണിൽകാണുന്ന കുട്ടികൾക്കുകൊടുത്തും പിഷ്ടാംബയെസ്തുതിച്ചു ഉച്ചത്തിൽ പാടിയും, ആടിയും, ഇരുന്നും നിന്നും കിടന്നും, അവിടെ ക്രീഡിച്ചുകൊണ്ടു നടന്നു.

ഇങ്ങനെ നടക്കുന്ന അവസരത്തിൽ രാജാജ്ഞപ്രകാരം ഒരു ഗണകൻ, അവിടെ വേലക്കാരുടെ കണക്കെടുക്കുന്നതിനായി ചെന്നു. ഉടൻതന്നെ ഭൃതകവേഷധാരിയായ സുന്ദരേശ്വരൻ, കുട്ടയും, ഖനിത്രവും കൈയിൽ എടുത്തു ശരീരത്തിൽ പലേടത്തും മണ്ണുംപുരട്ടി കിതച്ചുഞങ്ങിയുംകൊണ്ടു ഗണകന്റെ അടുക്കൽ ചെന്നു അല്ലയോ കണക്കാ! ഞാൻ പിഷ്ടാംബയുടെ കൂലിക്കാരൻ ആണ്. എന്നെയുംകൂടി കണക്കിൽ എഴുതിക്കൊള്ളണം എന്നു വീണ്ടും വീണ്ടും വളരെ താല്പര്യത്തോടുകൂടെ ആവശ്യപ്പെട്ടു. മറ്റുള്ളവർ അതുകേട്ട്, ഇവന്റെപേർ കണക്കിൽ എഴുതാൻപാടില്ല. ഇവൻ തീരബന്ധനത്തിൽ അല്പംപോലും ശ്രമിക്കുകയോ മണ്ണുചുമക്കുകയോ യാതൊന്നും ചെയ്യാതെ ഇവിടെ ക്രീഡിച്ചു നടക്കുന്നവൻആണ് എന്നുപറഞ്ഞു.

സുന്ദരേശ്വരഭൃതകൻ അതുകേട്ട്, അല്ലയോ കായസ്ഥ! ഇവരുടെവാക്കുകൾ ഒന്നും വിശ്വസിക്കരുത്. ഈ നദീതീരം ലോകരക്ഷയ്ക്കുവേണ്ടി ബന്ധിച്ചതു ഞാൻ ആണു. ഇവർ എല്ലാവരും വെറുതെ നില്ക്കുകയായിരുന്നു. ഇവരിൽ ഒരുത്തൻപോലും മണ്ണുചുമന്നിട്ടില്ല. ഇതു സത്യമാണു.

അല്ലെങ്കിൽ അങ്ങുതന്നെ ഈ നദീതീരമെങ്ങും ചുററിനടന്നു നോക്കിയാലും എന്നു പറഞ്ഞു.

കാൎയ്യസ്ഥൻ അതു സത്യമെന്നുവിശ്വസിച്ചു, സുന്ദരേശ്വരഭൃതകൻെറ പേരെഴുതിയുംകൊണ്ടു മററൊരുസ്ഥലത്തേക്കുപോയപ്പോൾ അദ്ദേഹം, കൊട്ടയിൽ തലയും ഖനിത്രത്തിൽകാലുംവച്ചുകൊണ്ടു, കുട്ടികളോടു കളിവാക്കുകൾ പറഞ്ഞും പാടിയും വസിക്കുകയും ഇടയ്ക്കിടെ കിടക്കുന്നിടത്തുനിന്നും ഓടി എഴുന്നേററു്, മദിച്ചും അഹംകരിച്ചും നൎത്തനം ചെയ്യുകയും മററുപലപ്രകാരത്തിൽ ക്രീഡിക്കുകയുംചെയ്തു. ഭൃതകന്മാരെക്കൊണ്ടു വേലചെയ്യിക്കുന്ന രാജകിങ്കരൻ, അതുകണ്ടു ഇവൻ ആരെന്നുചോദിച്ചു. മററുള്ളവർ, ഇവൻ, പിഷ്ടാംബയുടെ ഭൃതകൻ, ആണെന്നു പറഞ്ഞു. രാജപുരുഷൻ ഉടൻതന്നെ പോയി അവനെ പിടിച്ചെഴുന്നേല്പിച്ചു, നിറുത്തി ഭത്സിച്ചുകൊണ്ടു ഇപ്രകാരംപറഞ്ഞു.

"എടാ രസിക! നിന്നെക്കണ്ടതിൽ ഒരു വലിയ രാജാവെന്നു തന്നെ തോന്നിപ്പോകുന്നു. ആകാരത്തിനൊത്ത മൎയ്യാദയോ പ്രവൃത്തിവിശേഷമോ നിന്നിൽ കാണുന്നില്ല. നദീതടം നിൻെറ അംശം മണ്ണിട്ടു നികത്താത്തതുകൊണ്ടു, സംശയംകൂടാതെ പൊട്ടിപ്പോകും. പാവപ്പെട്ട പിഷ്ടാംബ നിനക്കു പിട്ടുകൾ തന്നതു കളിക്കാനല്ല; മണ്ണു ചുമന്നിട്ടു അവരുടെ വീതത്തിനുള്ള നദീതീരം ബന്ധിക്കുന്നതിനാണു. അതു ചെയ്യാതെ അഹംകരിച്ചു നടക്കുന്ന നിന്നെ ഇപ്പോൾ മൎയ്യാദ പഠിപ്പിക്കാം." ഇപ്രകാരം പറഞ്ഞുകൊണ്ടു, കിങ്കരൻ സുന്ദരേശ ഭൃതകനെ പിടിച്ചു മന്ത്രിശ്രേഷ്ഠൻെറഅടുക്കൽ കൊണ്ടുപോയിനിൎത്തി.

മന്ത്രീന്ദ്രൻ വളരെ ഗംഭീരസ്വരത്തിൽ എടോ നീ ആരു? എന്നുചോദിച്ചു. സുന്ദരേശ്വരൻ അല്പംപോലും കുലുങ്ങാതെ ഇങ്ങനെ മറുപടിപറഞ്ഞു:—

ഞാൻ സൎവ്വഭാരങ്ങളേയും വഹിച്ചുകൊണ്ടു മധുരാപുരമദ്ധ്യത്തിൽ വസിക്കുന്ന ഭൃതകൻ ആണു്. എനിക്കു അച്ഛനും അമ്മയും ജ്യേഷ്ഠനും അനുജനും ആരും ഇല്ല. എനിക്കു ഉത്തരദിക്കിൽ ഒരു ഇഷ്ടൻ ഉണ്ടു്. അവൻ ധനപതിയും ആണു്. ഞാൻ ഭിക്ഷുവാണെങ്കിലും ദീനരക്ഷകനും സജ്ജനങ്ങൾക്കു വേണ്ടതിലധികം സഹായങ്ങൾ ചെയ്തുകൊടുക്കുന്നവനുമത്രെ. എന്നെക്കൊണ്ടു നിനക്കുവല്ലതും സാധിക്കേണ്ടതുണ്ടെങ്കിൽ പറയുക. എന്തും എന്നെക്കൊണ്ടു ചെയ്യാൻകഴിയും. എനിക്കു രാജാവിനെപ്പോലും ഭയമില്ല. ഞാൻ സ്വതന്ത്രസ്വതന്ത്രൻ ആണു്. ഞാൻ പിഷ്ടാംബയിൽ ഉള്ള കാരുണ്യത്താൽ, കുട്ടയും ഖനിത്രവും കൊണ്ടു മണ്ണുചുമക്കാൻവന്നു.

മന്ത്രി അതുകേട്ടു കുപിതനായി ഇങ്ങനെപറഞ്ഞു:—ഞാൻ നിന്റെ വേഷംകണ്ടതിൽ ഒരുഗുണവാൻ‌ആണെന്നു നിശ്ചയിച്ചു. നിന്റെ സംസാരം കേട്ടതിൽ നീ ഒരുവലിയ നിർഗ്ഗുണൻതന്നെ എന്നുതോന്നുന്നു. വിശേഷിച്ചും നീ ഒരു വലിയ അഹംകാരിയും ആണു്. അതുമല്ല, നീ രാജാവിനെപ്പോലും ഭയപ്പെടുന്നവനല്ലെന്നും പറയുന്നു. രാജാവിനെ ദൂഷിച്ചുപറഞ്ഞവനെ ശിക്ഷിക്കാതെ വിടാവുന്നതല്ല. എങ്കിലും ഞാൻ ദയവുകൊണ്ടു നിന്നെ ഇപ്പോൾ ശിക്ഷിക്കുന്നില്ല. വേഗത്തിൽപോയി നിന്റെ വീതത്തിനുള്ള നദീതീരം ബന്ധിച്ചുകൊള്ളുക അല്ലെങ്കിൽ അടികൊള്ളേണ്ടിവന്നുപോകും. രാജാവിപ്പോൾ നദീതീരം ബന്ധിച്ചതുകാണുന്നതിനായി ഇവിടെവരും. അദ്ദേഹം മഹാകോപശാലിയാണു്. അദ്ദേഹം വരുന്നവാക്കിനു നീ ഇവിടെനിൽക്കേണ്ടാ. പോവുക.

അന്തകാന്തകനായ സുന്ദരേശ്വരഭൃതകൻ മന്ത്രിയുടെ ആജ്ഞകളെ വകവെച്ചെന്നും ഇല്ലെന്നും ഉള്ള മട്ടിൽ, നദീതീരത്തിൽപോയി പഴയപോലെ കയ്യിൽ ഇരുന്നിരുന്ന സപിഷ്ടങ്ങൾ എടുത്തു തിന്നുകയും കുട്ടികൾക്കുംമററുംകൊടുക്കുകയും ഓടിയും ചാടിയും അത്യന്തം ഘോഷിച്ചും ചുററിത്തിരിയുകയും ക്രീഡിക്കുകയും മററുംചെയ്തുകൊണ്ടിരുന്നു. അപ്പോൾ നൃപകിങ്കരന്മാർ, വന്നു്, നദീതടത്തിൽ ഒരുഭാഗം താണുകിടക്കുന്നല്ലോ, അതെന്തു്? ആരുടെഭാഗമാണു് എന്നുചോദിച്ചു. ഉടൻതന്നെ അവിടെനിന്നിരുന്ന മററുഭൃതകന്മാർ, അതു് ഈപട്ടണത്തിന്റെ അഗ്നികോണിൽ പാൎക്കുന്ന പിഷ്ടാംബയുടെ ഭാഗമാണു് അവിടം മണ്ണിട്ടുനികത്തുന്നതിനായി വന്ന അവരുടെ കൂലിക്കാരൻ‌ആണു് പിഷ്ടങ്ങളും ഭക്ഷിച്ചുംകൊണ്ടു ഇവിടെ നടന്നുകളിക്കുന്ന രസികൻ.

രാജകിങ്കരന്മാർ, അതുകേട്ടു അതിവേഗത്തിൽ സുന്ദരേശ്വരഭൃതകന്റെ സമീപത്തിൽചെന്നു അദ്ദേഹത്തെ പിടിച്ചെഴുന്നേല്പിച്ചിട്ടിപ്രകാരം പറഞ്ഞു:......

എടൊ ഭൃതക! നിന്റെ ഈപ്രവൃത്തി ഒട്ടുംനന്നല്ല. നീ പിഷ്ടാംബയുടെ പിഷ്ടങ്ങളുംവാങ്ങി ഭക്ഷിച്ചുകൊണ്ടു നദീതടം ഉയൎത്താതെനടന്നുകളിക്കുകയോ ചെയ്യുന്നതു്. നിന്റെ പ്രവൃത്തിമൂലം അവൾക്കെല്ലാം ദോഷങ്ങൾ നേരിടുമെന്നു നിനക്കറിയാമോ? കഷ്ടമേ! കഷ്ടം! കൂലിമാത്രം വാങ്ങിയാൽമതിയോ? വേലകൂടിചെയ്യേണ്ടയോ? ദുഷ്ട! നീ ഒരുത്തനായിട്ടു ഈനാട്ടുമുടിക്കാനോ തുടങ്ങുന്നതു്. അവിടം ഒരുഭാഗം ഉയൎത്താതെ ഇട്ടേച്ചാൽ പോരെന്നോ ഈനാടെല്ലാം നശിക്കാൻ. രാജാവു നിന്റെ ഈ ദുഷ്കൃത്യം അറിഞ്ഞാൽ കഠിനമായി നിന്നെ ദണ്ഡിക്കും. അതുകൊണ്ടു ഇനിയെങ്കിലും നീ പോയി ഉത്സാഹിച്ചുവേലചെയ്തു നിന്റെഭാഗം ഉയൎത്തുക.

സുന്ദരേശ്വരഭൂതകൻ അതുകേട്ട് അല്പംപോലും കൂസാതെ ചിരിച്ചുംകൊണ്ടിപ്രകാരംപറഞ്ഞു:—

ഏടോ കിങ്കരന്മാരേ നിങ്ങൾ എന്തോന്നുപറയുന്നു? നിങ്ങൾ എന്നെ ആരെന്നുമനസ്സിലാക്കിയുംകൊണ്ടാണിപ്രകാരമെല്ലാം പറയുന്നത്? നിങ്ങൾക്കു മാനംവേണമെങ്കിൽ മൌനമായിരിക്കുവിൻ. എനിക്കു ആരെയുംഭയമില്ല. എല്ലാരാജാക്കന്മാരും, എന്റെ ദാസന്മാരാണ്. പാണ്ഡ്യരാജ്യം പരിപാലിക്കുന്നതു അരിമർദ്ദനനുംമററുമല്ല; ഞാനാണ്. അരിമർദ്ദനൻ എന്റെ ഭൃത്യന്മാരിൽ ഒരാളാണെന്നു ഞാൻപറഞ്ഞതായി നിങ്ങൾ അരിമർദ്ദനനോടുപോയിപറയുവിൻ. എന്റെ പ്രഭാവങ്ങൾ മുഴുവനും ഞാൻ അവനുകാണിച്ചുകൊടുക്കാം.

രാജകിങ്കരന്മാർ പിഷ്ടാംബയുടെ ഭൂതകന്റെ അഹംകാരകലുഷമായ രാജദൂഷണങ്ങൾകേട്ടു ഇതിൽപരമില്ലാത്ത വിസ്മയത്തോടുകൂടെ രാജസന്നിധിയിൽചെന്നു, അദ്ദേഹംപറഞ്ഞതിൽ ഒരു അക്ഷരംപോലും തെററിപ്പോകാതെ എല്ലാം വിവരമായി അറിയിച്ചു.

കിങ്കരവചനംകൊണ്ടു് കലുഷഹൃദയനായിത്തീർന്ന, അരിമർദ്ദനപാണ്ഡ്യൻ, അതിവേഗത്തിൽ ചൂരലുമെടുത്തുംകൊണ്ടു നദീപ്രവാഹംകാണുന്നതിനായി തിരിച്ചു നദീതീരത്തിൽ ചെന്നപ്പോൾ, ഒന്നാമതായി കാണാറായതു്, പിഷ്ടാംബയുടെ ഭാഗത്തിൽകൂടിവെള്ളംപോകുന്നതും, അവരുടെ ഭൂതകനായ സുന്ദരേശ്വരൻ പിഷ്ടങ്ങളുംഭക്ഷിച്ചുകൊണ്ടു ക്രീഡിക്കുന്നതുംആയിരുന്നു. അതുകണ്ടപ്പോൾ അദ്ദേഹത്തിനുണ്ടായ കോപത്തിനു ഒരുകയ്യും കണക്കുമില്ലായിരുന്നു. അദ്ദേഹം കോപാനലജ്വാലകൊണ്ടു തുടുത്തതായ കണ്ണുകൾ ഉരുക്കി സുന്ദരേശ്വരനെ ഒന്നു, കഠിനമായിനോക്കി. അനന്തരം അദ്ദേഹം പ്രഹരിക്കുന്നതിനായി ചൂരലുംഓങ്ങിയുംകൊണ്ടു, അടുക്കൽ നിന്ന ഭൂതകന്മാരോടെല്ലാം മണ്ണെടുത്തിടുന്നതിനാജ്ഞാപിച്ചു. സുന്ദരേശ്വരഭൂതകൻ ഒഴിച്ചുള്ളവരെല്ലാം അപ്രകാരംചെയ്തു. അദ്ദേഹം ഒരുകുട്ടയിൽ, അല്പം മണ്ണുംഎടുത്തുകൊണ്ടു, മണ്ണിട്ടുനികത്തേണ്ടസ്ഥലത്തു മണ്ണിടാതെ ചുമന്നുംകൊണ്ടു് അതിനുചുററും മന്ദംമന്ദം വട്ടത്തിൽ നടന്നുകൊകൊണ്ടിരുന്നു.

അരിമർദ്ദനപാണ്ഡ്യനു അതുംകൂടികണ്ടപ്പോൾ കോപം ഏററവും വർദ്ധിച്ചു. അദ്ദേഹം ഈ ഭൂതകനു് നദീതടം നന്നാക്കുന്നതിനു തീരെ താല്പര്യമില്ല; ഇവൻ വലിയ അഹംകാരിയും കളിക്കാരനും ആണെന്നുപറഞ്ഞുംകൊണ്ടു, കയ്യിൽഇരുന്ന ചൂരൽകൊണ്ടു സുന്ദരേശ്വരഭൂതകന്റെ പൃഷ്ഠത്തിൽ ഒന്നുതല്ലി. ഉടൻതന്നെ ആ ഭൂതകൻ, ഏടോ രാജാവേ! നീ എന്നെ തല്ലിയോ, എന്നുചോദിച്ചുംകൊണ്ടു, തിരോഭൂതനായി. രാജദൂതന്മാർ ഉടൻ

തന്നെ പിഷ്ടാംബയുടെ ഭവനത്തിൽപോയി അവരെ പിടിച്ചുവലിച്ചിഴച്ചു വെളിയിൽഇറക്കീട്ടു നിന്റെ ഭൂതകൻ എവിടെ എന്നുചോദിച്ചുംകൊണ്ടു ബന്ധിക്കാൻഭാവിച്ചു.

പിഷ്ടാംബ—"നിങ്ങൾ എന്നെ തല്ലേണ്ട. ഞാൻഅവനെ കാണിച്ചുതരാം" എന്നുംപറഞ്ഞു ഭക്തിപൂർവ്വം ഹാലാസ്യവാസിയായ സുന്ദരേശ്വരനെ ഇപ്രകാരം സ്തുതിച്ചു:—

"അല്ലയോ ഹാലാസ്യപ്രഭോ! ശങ്കരാ! ശംഭോ! സൎവ്വകൎമ്മങ്ങൾക്കുംഅങ്ങാണു് സാക്ഷി. ഞാൻ എന്റെ വീതത്തിനുള്ള നദീഭാരം പൊക്കുന്നതിനുവേണ്ടി ഒരു ഭൂതകനുവേണ്ടുന്ന പിഷ്ടംകൊടുത്തു. അവൻ തീരബന്ധനംചെയ്യാതെ എവിടെയോ പോയിരിക്കുന്നു. മറെറാരു ഭൂതകനെഅന്വേഷിച്ചുകൊണ്ടുവരാൻ എനിക്കു ആളുമില്ല, കൊണ്ടുവന്നാൽ കൊടുക്കാൻ പിഷ്ടവും ഇല്ല. രാജഭൃത്യന്മാർ എന്നെ ബന്ധിക്കുകയുംചെയ്യുന്നു. ഞാൻ ഇവിടെ എന്താണുചെയ്യേണ്ടതു്? നിന്തിരുവടിഏകനല്ലാതെ എനിക്കു ഇവിടെ യാതൊരുത്തരും ആശ്രയമില്ല. അറമില്ലാതെയുള്ള പാപങ്ങൾ ചെയ്തിട്ടുള്ളവരെപ്പോലും, സംസാരമായ സാഗരത്തിൽനിന്നും കരകയറ്റുന്ന കപ്പലിൽ കയററി കരപററിക്കുന്നവനായ നിന്തിരുവടി ഭക്തയായ അടിയനെ മാത്രം ഇങ്ങിനെയിട്ടു കഷ്ടപ്പെടുത്തുന്നതെന്താണു്. ഞാൻ എന്റെ സൎവ്വവിധമായ രക്ഷയും നിന്തിരുവടിയിൽ ചുമത്തിയിരിക്കയാണു്. എനിക്കു ഈ രാജദൂതന്മാരുടെ ബന്ധനങ്ങളെ അരനിമിഷംപോലും സഹിക്കുന്നതിനു ശക്തിയില്ല. നിന്തിരുവടി എന്നെ ഈ അവസരത്തിൽ രക്ഷിച്ചില്ലെങ്കിൽ, അനന്യശരണയായ ഞാൻ ഗതിമുട്ടി വലഞ്ഞുപോകും. ആൎത്തത്രാണപരായണനായ നിന്തിരുവടി എന്റെ ഈ അപേക്ഷകളെ കേൾക്കണമേ! കൈക്കൊള്ളണമേ! യമദൂതന്മാരെക്കാലും ഭയങ്കരന്മാരായ ഈ രാജദൂതന്മാരിൽനിന്നും എന്നെ രക്ഷിക്കണമേ!"

പിഷ്ടാംബയുടെ ദയനീയമായ ഈ അപേക്ഷകേട്ടു് കരുണാർദ്രമാനസനായിത്തീൎന്ന ഹാലാസ്യേശ്വരൻ, വൃഷഭാരൂഢനായി ഗണങ്ങളോടുകൂടെ പിഷ്ടാംബയുടെ സന്നിധിയിൽ പ്രത്യക്ഷനായി. ഭാഗ്യവതിയും ഭക്താഗ്രഗണ്യയും ആയ ആ ബ്രാഹ്മണസ്ത്രീയെ ദിവ്യവിമാനത്തിൽ കയററി, ദിവ്യരൂപിണിയാക്കി ദിവ്യസ്ത്രീഗണങ്ങളോടും വാദ്യഘോഷങ്ങളോടുംകൂടെ കൈലാസത്തിലേക്കുകൊണ്ടുപോയി. തങ്ങൾ പീഡിപ്പിച്ചുകൊണ്ടുനിന്ന പിഷ്ടാംബയെ ഇങ്ങനെ ദിവ്യരൂപിണിയാക്കി ദിവ്യവിമാനത്തിൽ കയററി ദിവ്യോത്സവങ്ങളോടുകൂടെ ദിവ്യലോകത്തേക്കു കൊണ്ടുപോയതിനെക്കണ്ടു് ആശ്ചൎയ്യപരതന്ത്രരായ രാജകിങ്കരന്മാർ ഉടൻതന്നെ ഓടിപ്പോയി വിവരം മുഴുവൻ അരിമർദ്ദനപാണ്ഡ്യനെ അറിയിച്ചു.

ഭൃതകവേഷധാരിയായ സുന്ദരേശ്വരന്റെ പൃഷ്ഠത്തിൽ അരിമർദ്ദനപാണ്ഡ്യൻ അദ്ദേഹത്തിന്റെ കയ്യിൽ ഇരുന്ന പൊൻചൂരൽകൊണ്ടു് തല്ലിയതായി ഞാൻ മുമ്പേ നിങ്ങളോടു പറഞ്ഞിട്ടുണ്ടല്ലോ. എന്നാൽ ഏതൊരവസരത്തിൽ ഹാലാസ്യേശ്വരനെ അരിമർദ്ദനപാണ്ഡ്യൻ തല്ലിയോ അക്ഷണം മുതൽ സൎവ്വസ്ഥാവരജംഗമങ്ങളുടെയും എല്ലാശിവലിംഗങ്ങളുടേയും പൃഷ്ഠഭാഗത്തിൽ താഡനസംഭൂതമായ വേദനയുണ്ടായിത്തുടങ്ങി. അടിച്ച ആളിനെ കാണ്മാനോ അടിയേററ ശബ്ദം കേൾക്കാനോ ഇല്ല. എല്ലാവരുടെ പൃഷ്ഠത്തിലും തിണൎക്കുകയും വേദനിക്കുകയുംചെയ്തു. രാജാവു, എന്നെ അടിച്ചതാരെന്നുംചോദിച്ചുകൊണ്ടു പുറകിൽ നോക്കി. മററുള്ളവരും എന്നെ അടിച്ചതാരു്! എന്നെ അടിച്ചതാരു് എന്നിങ്ങനെചോദിച്ചുകൊണ്ടു്, തിരിഞ്ഞു തിരിഞ്ഞു നോട്ടംതുടങ്ങി. ഇതിനിടയിൽ പിഷ്ടാംബയുടെ നദീഭാഗം സുന്ദരേശ്വരവൈഭവത്താൽ ഉണങ്ങുകയുംചെയ്തു. രാജാവിനും മന്ത്രിമാൎക്കും പൌരന്മാൎക്കും എല്ലാവൎക്കും തങ്ങളെ അടിച്ചതാരെന്നുള്ള അന്വേഷണംതന്നെ. അവരങ്ങനെ പിന്നെയും പിന്നെയും,അന്വേഷിച്ചുംകൊണ്ടു നില്ക്കുമ്പോൾ, താഴെവരുമാറു് സുന്ദരേശ്വരന്റെഅശരീരിവാക്കുകൾ ആകാശത്തിൽ കേൾക്കാറായി:—

"[illegible] രാജാവേ! മദ്ഭക്തനായ വാതപുരേശ്വരൻ, നിന്റെ ധൎമ്മാൎജ്ജിതമായ ധനത്തിൽനിന്നും എടുത്തധനമെല്ലാം എനിക്കും എന്റെ ഭക്തന്മാൎക്കും, വേണ്ടി ചെലവാക്കുകയാണുചെയ്തതു്. അതുകൊണ്ടു് നിനക്കും നിന്റെ പ്രജകൾക്കും വളരെ പുണ്യംലഭിച്ചിട്ടുണ്ടു്. എങ്കിലും, എന്റെ പ്രഭാവത്താൽ ഇപ്പോൾ നിന്റെ ഭണ്ഡാരത്തിൽ, മുമ്പുണ്ടായിരുന്നതിലും എടുത്തതിലും എത്രയോമടങ്ങു്, കൂടുതൽ ദ്രവ്യം പെരുകിയിട്ടുണ്ടു്. വേഗവതീപ്രവാഹംകൊണ്ടു് മധുരാപുരം മുക്കിയതു ഞാനാണു്. അങ്ങനെ ചെയ്തതു് ഏതുകാരണമായി ദണ്ഡന അനുഭവിക്കുന്ന എന്റെ ഭക്തശിരോമണിയും നിന്റെ വിശ്വസ്തമന്ത്രീന്ദ്രനും ആയ വാതപുരേശനെ രക്ഷിക്കാൻ വേണ്ടിയത്രെ. അല്ലയോ അരിമർദ്ദനപാണ്ഡ്യ! നിനക്കു മേൽക്കുമേൽ ആയുരാരോഗ്യാദിവൃദ്ധിയും ശ്രേയസ്സും സമ്പത്തുകളും വൎദ്ധിക്കും; നിന്റെ ഘോടകശാല കാലംവിനാ ലക്ഷണയുക്തങ്ങളായ അശ്വങ്ങളെക്കൊണ്ടു് നിറയുകയുംചെയ്യും. നീ ഇവകളോടെല്ലാംകൂടെ അനേകായിരംകാലം പാണ്ഡ്യരാജ്യപരിപാലനവുംചെയ്തു സൌഖ്യമായിവസിച്ചാലും. നീ എനിക്കുവേണ്ടി ഒരു കാൎയ്യംമാത്രംചെയ്യണം. അതു് എന്റെ പ്രാണസമാനനായവാതപുരേശനെ സ്വച്ഛന്ദസഞ്ചാരനായി വിട്ടയക്കണമെന്നുള്ളതല്ലാതെ മറെറാന്നും അല്ല. പിഷ്ടാംബയെ രക്ഷിക്കുന്നതിനും നിന്നെ നല്ലതുപോലെ ഒന്നു അനുഗ്രഹിക്കുന്നതിനും ആയി ഭൃതകന്റെ വേഷം എടുത്തു് പിട്ടുതിന്നുകൊണ്ടു് മണ്ണു ചുമന്നതും നിന്റെ തല്ലുകൊണ്ടതും ഞാനാണു്. എനിക്കു് നീ തല്ലിയതുകൊണ്ടു് യാതൊരുപരിഭവവും ഇല്ല. പണ്ടു് കോപാഗ്രണ്യനായ പാൎത്ഥൻ എന്നെ വില്ലുകൊണ്ടുതല്ലിയതു ഞാൻ ക്ഷമിച്ചതുപോലെ ഇതും ക്ഷ

മിച്ചു. ഭക്തന്മാരുടെ തല്ലുപോലും എനിക്കു പൂജയാണു്. ഭക്തന്മാൎക്കെന്തെല്ലാം അപേക്ഷയുണ്ടോ അതെല്ലാം ഞാൻ സാധിച്ചുകൊടുക്കുകയും ചെയ്യും."

ഇപ്രകാരം അംഗജവൈരിയുടെ വാക്കുകൾ ആകാശത്തിൽ നിന്നും അശരീരിയായി കേട്ടപ്പോൾ എല്ലാവരും ഒന്നുപോലെ ഭയപ്പെടുകയും വിസ്മയിക്കുകയുംചെയ്തു. രാജാവു് കുറേനേരത്തോളവും ചിത്രംപോലെയും മററുള്ളവർ രാജാവിന്റെ മുഖത്തു നോക്കിയുംകൊണ്ടു് ദീപസ്തംഭംപോലെയും നിന്നു. ഒടുവിൽ അരിമൎദ്ദനപാണ്ഡ്യൻ മററുള്ളവരോടു്—"ഇതു് ഭക്തവാത്സലനായ സുന്ദരേശ്വരന്റെ അരുളപ്പാടുതന്നെ. യാതൊരുസംശയവും ഇല്ല. ഞാൻ അറിവില്ലാതെ അദ്ദേഹത്തിനു് അപ്രിയം ചെയ്തുപോയല്ലൊ. അതുവിചാരിക്കുമ്പോൾ എന്റെ ശരീരം മരവിച്ചുപോകുന്നു. ഇനി എന്താചെയ്യുക; എല്ലാം അദ്ദേഹം ക്ഷമിച്ചുകൊള്ളട്ടെ. എന്തായാലും എന്റെ പ്രവൃത്തികൾ പാപഹേതുക്കളും പശ്ചാത്താപകരങ്ങളും ആയിപ്പോയി." എന്നിങ്ങനെ പറഞ്ഞുംകൊണ്ടു്, മന്ത്രിമാരോടുകൂടെ വാതപുരേശന്റെ സന്നിധിയിലേക്കുപോയി. മുമ്പേ അരിമൎദ്ദനപാണ്ഡ്യനും പുറകെ മററുള്ളവരും അദ്ദേഹത്തിന്റെ പാദപത്മങ്ങളിൽ ശിവഭാവനയോടുകൂടെ ദണ്ഡനമസ്കാരംചെയ്തു. അതിന്റെശേഷം അരിമൎദ്ദനപാണ്ഡ്യൻ ഇങ്ങനെ അപേക്ഷിച്ചു.—

"അല്ലയോ വാതപുരേശ! ശിവഭക്താഗ്രഗണ്യ! സുന്ദരേശ്വരസന്നിഭ! ഞാൻ ഭവാനോടുചെയ്ത അപരാധങ്ങൾ മുഴുവൻ ക്ഷമിക്കണം. ഹാലാസ്യേശ്വരനായ സുന്ദരേശ്വരൻ ഭവാനെ സ്വൈരസഞ്ചാരത്തിനയക്കണമെന്നു്, എന്നോടു കല്പനയായിരിക്കുന്നെങ്കിലും, എനിക്കു അങ്ങേ പിരിഞ്ഞിരിക്കുന്നതു് വലിയ സങ്കടമായിത്തോന്നുന്നതിനാൽ അങ്ങു് മുമ്പിലത്തെപ്പോലെ എന്റെ മന്ത്രിയായി എന്നോടുകൂടെ താമസിച്ചു്, എനിക്കു വേണ്ട ഉപദേശങ്ങളും അനുഗ്രഹങ്ങളും നൽകി പൂജ്യനായിവസിക്കണമെന്നാണു് എന്റെ ആഗ്രഹം.

വാതപുരേശൻ ഇങ്ങനെ മറുപടിപറഞ്ഞു:—

"അല്ലയോ പാണ്ഡ്യകുലഹീരമേ, സുന്ദരേശ്വരവാക്യശ്രവണത്തിനു പാത്രവാനായ നന്തിരുവടി മഹാഭാഗ്യവാൻ തന്നെയെന്നുള്ളതിനു രണ്ടുപക്ഷമില്ല. ഞാൻ അദ്ദേഹത്തിന്റെ ഭക്തതമനായി ഭവിച്ചതു് അങ്ങുമൂലം ആണു്. എന്തുകൊണ്ടെന്നാൽ എനിക്കു ഇപ്പോൾ വൈദികകൎമ്മാനുഷ്ഠാനമൂലം ചിത്തശുദ്ധിയും ചിത്തശുദ്ധികൊണ്ടു് സുന്ദരേശ്വരനിൽ ഭക്തിയും വൎദ്ധിച്ചിട്ടുണ്ടു്. അങ്ങയുടെ പക്കൽനിന്നും ധനം കിട്ടിയില്ലായിരുന്നെങ്കിൽ ഞാൻ എങ്ങനെ വൈദികകൎമ്മങ്ങൾ അനുഷ്ഠിക്കുമായിരു

ന്നു. ഇപ്പോൾ എനിക്കു നിഷ്കാമകർമ്മാമൂലം ചിത്തശുദ്ധിയും തന്മൂലം മഹേശഭക്തിയും മഹേശകാരുണ്യത്താൽ സംസാരവാസനയൊഴിഞ്ഞു ജീവന്മുക്തിയും സംപ്രാപ്തമായി. മഹേശ്വരൻ, അത്യന്തരഹിതനും ആഗമവേദിയും സർവ്വത്ര പരിപൂർണ്ണനും ആണു്. മേരുമന്ദരശ്രീപർവ്വതകൈലാസാദികളായ മഹാക്ഷേത്രങ്ങളിലും, പ്രതിമകളിലും ലിംഗങ്ങളിലും വിശേഷമായി സന്നിധാനംചെയ്യുന്നതായി ആഗമങ്ങൾ ഒന്നുപോലെ ഘോഷിക്കുന്ന ഭഗവാനേത്തന്നെയാണു് ശക്തിയുക്തനായും ഏകനായും അദ്വിതീയനായും വേദാന്തങ്ങളിൽ പ്രതിപാദിക്കുന്നതും. കണ്വാദികൾക്കു വേദാർത്ഥം ഉപദേശിച്ചതും അദ്ദേഹംതന്നെയെന്നാണു് ആഗമങ്ങളിൽ കാണുന്നതു. ശ്രുതികൾ, "ഏകം ബ്രഹ്മാദ്വിതീയഞ്ചപൂർണ്ണം" എന്നു മുറയിട്ടുന്നതും മഹേശ്വരനെ ഉദ്ദേശിച്ചാണു്. അതുകൊണ്ടു്, മധുരാമദ്ധ്യത്തിൽ ഉള്ള നീപാടവിയായ ഹാലാസ്യമഹാക്ഷേത്രത്തിൽ അത്യന്തഹീനമായും സ്വയംജാതമായും ഭവിച്ചിട്ടുള്ള മൂലലിംഗത്തിൽ സന്നിധാനംചെയ്യുന്ന ലോകൈകനായകൻ, വേദാന്താർത്ഥമാണെന്നുള്ളതിനു യാതൊരുസംശയവുമില്ല. സർവ്വജ്ഞനും, സർവ്വവ്യാപിയും, സച്ചിദാനന്ദാത്മകനും, സർവ്വപ്രേരകനും ആയ ആ സുന്ദരേശ്വരൻ, എന്നോടു ചിദംബരത്തിൽ പോവുകയെന്നാജ്ഞാപിക്കുന്നു. ശങ്കരഭക്തനായ എനിക്കു ശങ്കരാജ്ഞയെ ഒരുപ്രകാരത്തിലും ലംഘിക്കാവുന്നതല്ല. ചെയ്യാൻപാടില്ലാത്ത കാര്യം ഞങ്ങളായി എന്നെക്കൊണ്ടു ചെയ്യിച്ചെന്നുള്ള അപവാദത്തിനു ഇടയുണ്ടാക്കാതെ എനിക്കു ചിദംബരത്തിൽ പോകുന്നതിനു് അനുവാദംതരണം" രാജാവു അതിന്റെശേഷം മറെറാരുകാര്യവും പറയാതെ ഇഷ്ടമുള്ളദിക്കിൽ പൊയ്ക്കൊള്ളുന്നതിനു് അനുവാദം കൊടുത്തു.

വാതപുരേശൻ ഉടൻതന്നെ സുന്ദരേശ്വരനെ ശ്രീവാചകങ്ങൾകൊണ്ടു്, സ്തുതിച്ചിട്ടു് സ്വതന്ത്രനായി നടകൊണ്ടു. പ്രയാണംതുടങ്ങിയ മന്ത്രീന്ദ്രനെ ക്രോശമാത്രം രാജാവായ അരിമർദ്ദനപാണ്ഡ്യനും അനുചരന്മാരും അനുഗമിച്ചു. ഉടനെ വാതപുരേശൻ, വണക്കത്തോടുകൂടെ തിരിച്ചു പോകുന്നതിനു അനുവദിച്ചു. രാജാവും പരിവാരങ്ങളും തൽക്ഷണം പിന്തിരിഞ്ഞു്, മന്ത്രശാലയിൽ പോയിരുന്നുകൊണ്ടു്, സുന്ദരേശ്വരന്റെ ഭക്തവാത്സല്യത്തെപ്പററി ഇപ്രകാരം പ്രശംസിച്ചു:—

"അല്ലയോ മന്ത്രിപുംഗവന്മാരേ! ഹാലാസ്യവാസിയായ സുന്ദരേശ്വരനെപ്പോലെ ഭക്തപ്രിയനായ ഒരു ദൈവം ആരാണു്. സർവ്വാന്തര്യാമിയായ അദ്ദേഹം നമ്മുടെ സ്വാമിഭക്തന്മാരുടെ ഏതുപ്രകാരത്തിൽ ഉള്ള തെററുകളേയും ക്ഷമിച്ചുകൊള്ളും. സ്ഥായിയായ ഭക്തി അദ്ദേഹത്തിൽ ഉള്ളവനു് സാധിക്കാൻപാടില്ലാത്തതായി മൂന്നുലോകത്തിലും യാതൊന്നും ഇല്ല. നോക്കുക, ഭക്തന്മാരുടെ എന്തെല്ലാം തെററുകളെ അദ്ദേഹം ക്ഷമിച്ചിരിക്കുന്നു. ശിശുമാംസം; ഒരു ഭക്തനായ വേടൻ നൽകിയ മാംസം പിഷ്ടാംബ നൽ

കിയ പിഷ്ടം ഇവകളെ ഭക്ഷിച്ചു. ശാക്യൻ കല്ലുകൊണ്ട് എറിഞ്ഞതും, അർജ്ജുനൻ വില്ലുകൊണ്ട് തലയ്ക്കു തല്ലിയതും, പൊൻചൂരൽകൊണ്ട് ഞാൻ അടിച്ചതും, അദ്ദേഹം സഹിച്ചു. തല്ലുന്നവരെപ്പോലും അനുഗ്രഹിക്കുന്ന ദൈവം മുല്ലബാണാരിയല്ലാതെ മററാരാണുള്ളത്. അതുകൊണ്ട്, സേവിക്കുന്നെങ്കിൽ സുന്ദരേശ്വരനെത്തന്നെ സേവിക്കണം."

അരിമർദ്ദനപാണ്ഡ്യൻ ഇപ്രകാരം പറഞ്ഞിട്ട് സുന്ദരേശ്വരപാദപത്മങ്ങളെ അദ്ദേഹത്തിൻെറ ഹൃദയത്തിൽ വഴിപോലെ ധ്യാനിച്ചുംകൊണ്ട് കനകാംബരഭൂഷണങ്ങളും, ഭൂമിയും ധനങ്ങളും സുന്ദരേശ്വരന്ന സമൎപ്പിച്ചു. ചന്ദ്രോദയത്താൽ അഴിയെന്നപോലെ സുന്ദരേശ്വരപ്രസാദംകൊണ്ട് അരിമർദ്ദനപാണ്ഡ്യന്റെ അന്നുമുതൽ സമ്പത്തുകൾ പൂർവ്വാധികമായി വൎദ്ധിച്ചുതുടങ്ങി. ജഗന്നാഥൻ എന്നുപേരോടുകൂടിയ ഒരുപുത്രനും സുന്ദരേശ്വരാനുഗ്രഹത്താൽ അദ്ദേഹത്തിനു ലബ്ധമായി. അദ്ദേഹം പണ്ട്, സുന്ദരേശ്വരൻ രാജാവായി പാണ്ഡ്യരാജ്യം പരിപാലിച്ചതുപോലെ, പ്രജകൾക്കു യാതൊരു വിധത്തിൽ ഉള്ള സങ്കടങ്ങളും നേരിടാതേയും അത്യുജ്ജ്വലിതമായ പ്രാഭവത്തോടും ത്രൈലോക്യവിഖ്യാതമായ കീൎത്തിയോടുംകൂടെ ചിരകാലം രാജ്യപരിപാലനംചെയ്തു. സുന്ദരേശ്വരനിൽ അപാരമായ ഭക്തിയോടുകൂടിയ പുണ്യപുരുഷന്മാൎക്ക് എന്തൊരുസംഗതിയാണ് പ്രയാസമായിട്ടുള്ളത്?

മധുരാപട്ടണത്തിൽനിന്നും പുറപ്പെട്ട വാതപുരേശൻ അകട്ടെ ശിഷ്യന്മാരോടുകൂടെ കാവേരീതീരത്തിൽ പോയി അവിടെ ഉള്ള പുണ്യക്ഷേത്രങ്ങളിൽ എല്ലാം പ്രവേശിച്ച് ഈശ്വരസേവ ചെയ്തതിൻെറശേഷം ചിദംബരത്തിൽ പോയി, സ്പർശനമാത്രത്താൽത്തന്നെ സർവ്വപാപങ്ങളേയും ദൂരീകരിച്ച്, ഇഷ്ടസംപൂൎത്തിയെ പ്രദാനംചെയ്യുന്ന ശിവഗംഗയിൽ സ്നാനം ചെയ്തു സാംബനായ നടേശ്വരനെ ധ്യാനിച്ച്, മൂലലിംഗദർശനവും നമസ്കാരവും ചെയ്തുകൊണ്ട്, തില്ലവനത്തിൽനിന്നും ലഭിച്ച പത്രങ്ങളും ഭക്ഷിച്ചു അനേകകാലം അവിടെ വസിച്ചു.

ഇങ്ങിനെ ശ്രീവാതപുരേശയോഗി, സമാധിയിൽ നിശ്ചലമനസ്സനായി നിദ്രപോലും കൂടാതെ ഭഗവാനെ സേവിച്ചുകൊണ്ട്, ഞാനെന്ന ഭാവത്തേയും ആഹാരത്തേയും ഉപേക്ഷിച്ച്, ശിവാമൃതത്തിൻെറ സ്വാദുമനുഭവിച്ച് ജ്ഞാനസമുദ്രത്തിൽ സദാപി മുങ്ങിയും പൊങ്ങിയും തില്ലവനത്തിലെ മൃഗങ്ങളോടുകൂടെ പരമാനന്ദനായി സഞ്ചരിക്കുന്നകാലത്തിൽ, ഹരാപാനുഗ്രഹകരന്മാരായ ബൌദ്ധന്മാർ, ദ്വീപാന്തരങ്ങളിൽനിന്നും തങ്ങളുടെ മതത്തെ സ്ഥാപിക്കാൻവേണ്ടി പുസ്തകങ്ങളും പീലിക്കെട്ടുകളും മററുമായി ശിഷ്യഗണങ്ങളോടുകൂടെ ദിക്കുകൾതോറും നടന്ന് വൈദികധൎമ്മങ്ങളെ മുഴുവനും വാദിച്ചു ഖണ്ഡിച്ച്, സ്വമതസ്ഥാപനം ചെയ്തുകൊണ്ട്. അവരുടെ മതത്തെ ചിദംബരത്തിലും പ്രചരിപ്പിക്കുന്നതിനായി വന്നുചേൎന്നു.

പരവഞ്ചനാതല്പരന്മാരും, മുണ്ഡികളുമായ അവർ, ചിദംബരവാസികളും ശിവഭക്തന്മാരും ആയ മൂവായിരം ബ്രാഹ്മണരേയും, യോഗിവര്യന്മാരേയും, തടുത്തുനിർത്തി—"ശിവനെ വിശ്വസിച്ചാൽ മോക്ഷം കിട്ടുകയില്ല. മോക്ഷം കിട്ടണമെങ്കിൽ ബുദ്ധന്റെ ഉപദേശങ്ങളെ അനുസരിക്കണം. വേദങ്ങൾ അസത്യങ്ങൾ ആണ്. ഭസ്മരുദ്രാക്ഷങ്ങളെ ധരിക്കുന്നതുകൊണ്ട് യാതൊരുപ്രയോജനവും ഇല്ല. നിങ്ങൾ, ശിവനിലും ഭസ്മത്തിലും രുദ്രാക്ഷത്തിലും മററുമാണ് മോക്ഷമിരിക്കുന്നതെന്നു വ്യാമോഹിച്ചു പോയിരിക്കുന്നു. സൂക്ഷ്മമായി പര്യാലോചിക്കുന്നവൎക്ക് അതിൽനിന്നും യാതൊരു ഗതിയും ലഭിക്കുന്നതല്ലെന്നു നിഷ്പ്രയാസം കാണാം. വൃക്ഷത്തിൽനിന്നും ഉണ്ടായ രുദ്രാക്ഷത്തിലും ചീയിൽനിന്നും ഉണ്ടായ ഭസ്മത്തിലുമാണ് മോക്ഷമിരിക്കുന്നതെന്നു പറയുന്നതിനെക്കാൾ മൂഢത്തരം മററെന്താണുള്ളത്. ശിവനൊ ലോകത്തിൽ അറിയപ്പെട്ടിട്ടുള്ള നിന്ദ്യവസ്തുക്കൾ എല്ലാററിലും വച്ച് അതിഗർഹിതങ്ങളായ വസ്തുക്കളാൽ അലംകൃതൻ. ആ ശിവനും രുദ്രാക്ഷാദികൾക്കും തമ്മിൽ ഉള്ള സംബന്ധം എന്ത്? ശിവനും ഭസ്മത്തിനും തമ്മിൽ മാഹാത്മ്യവും പവിത്രതയും, ആൎക്ക്? ഇതിനു നിങ്ങൾ ഏഴു ദിവസത്തിനകം ഉത്തരം പറയണം. അല്ലെങ്കിൽ നടേശന്റെ കനകസഭയെല്ലാം ഞങ്ങൾ തല്ലിപ്പൊളിച്ച് ഇല്ലാതെയാക്കും."

ശിവഭക്തന്മാർ ബൌദ്ധന്മാരുടെ ചോദ്യങ്ങൾ കേട്ട് വല്ലാതെ കുഴങ്ങി. ഒടുവിൽ അവർ പലപ്രകാരത്തിലും ആലോചിച്ചിട്ട് ഇങ്ങനെ സമാധാനം പറഞ്ഞു:—

ഞങ്ങൾ ശിവന്റെ ശാസന ഹേതുവായിട്ട് ഭോഗമോക്ഷങ്ങൾക്കു വേണ്ടി ഭസ്മം ധരിക്കുന്നു. ഭസ്മം ശിവമമാണെന്നു പുരാണാഗമങ്ങളിൽ ഘോഷിച്ചിട്ടും ഉണ്ട്. വേദാഗമോക്തങ്ങളായ കൎമ്മങ്ങളെ അനുഷ്ഠിക്കാത്തവൎക്ക് നരകാനുഭവം ഉണ്ടാകും. അതുകൊണ്ട് ഞങ്ങൾ ഭസ്മം ധരിക്കുന്നു. നിങ്ങൾ അജ്ഞതകൊണ്ട് ഭസ്മത്തേയും രുദ്രാക്ഷത്തേയും നിന്ദിക്കുന്നു. മന്ദമതികളായ നിങ്ങൾക്കു തന്മൂലം നരകദുഃഖം ഉണ്ടാകും.

ബൌദ്ധന്മാർ പറഞ്ഞു:—

"ഞങ്ങൾ ഭസ്മരുദ്രാക്ഷാദികളെധരിക്കുന്നതിനു ശിവനെ മോക്ഷകൎത്താവെന്നു നിശ്ചയിച്ചു ഭജിക്കുന്നതിനും പ്രമാണമായിപ്പറയുന്നതു വേദാഗമങ്ങൾ ആണോ? അതുകൾ മുഴുവനും അസത്യവാക്യനിഗുംഭിതങ്ങൾ ആണെന്നു ഞങ്ങൾ മുമ്പേതന്നെ പറഞ്ഞില്ലേ? അതിനെ നിങ്ങൾ വിശ്വസിക്കുന്നതുകൊണ്ടത്രെ ഈ അബദ്ധത്തിൽ നിങ്ങൾ ചാടിയത്. യുക്തിപൂൎവ്വം ആലോചിക്കുമ്പോൾ സകാരണം ഖണ്ഡിക്കാവുന്ന മിഥ്യാവചനങ്ങൾ ഒരിക്കലും പ്രമാണങ്ങളാകുന്നതല്ല. അതിനെ ഞങ്ങൾ ഒരിക്കലും വിശ്വസിക്കുകയും ഇല്ല.

ശിവഭക്തന്മാർ അതുകേട്ട് ഏററവും വ്യസനിച്ചു. അവർ ഓരോരുത്തരും അവരവരുടെ ഭവനങ്ങളിൽ പോയി ബൌദ്ധന്മാരെ ജയിക്കുന്നതിനുള്ള വഴികളും ആലോചിച്ചുകൊണ്ടു വസിച്ചു. ആറാംദിവസം അവർ എല്ലാവരുംകൂടെ ഒന്നുചേർന്ന് ശിവസന്നിധാനത്തിൽ പോയി ശിവപാദങ്ങളിൽ വീണു നമസ്കരിച്ചിട്ടു ബൌദ്ധന്മാരെ ജയിക്കുന്നതിന് അനുഗ്രഹിക്കണമെന്നു പ്രാർത്ഥിച്ചു. അനന്തരം അവർ എല്ലാവരും അവരവരുടെ ഭവനങ്ങളിലേക്കു പോയി. അന്നു രാത്രിയിൽ സദാശിവൻ അവരോട് സ്വപ്നത്തിൽ ഇങ്ങനെ പറഞ്ഞു:—

"അല്ലയോ ഭക്തന്മാരായ വിപ്രോത്തമന്മാരേ! ഭക്താഗ്രഗണ്യനായ ഒരു ദ്രാവിഡകവീന്ദ്രൻ, പരമശിവാനന്ദഭോഗിയായി മൃഗങ്ങളോടുകൂടെ വ്യാഘ്രപാദൻ എന്നപോലെ തില്ലവനത്തിൽ സഞ്ചരിക്കുന്നുണ്ട്. അവനെ പോയിക്കണ്ടാൽ, നിങ്ങൾക്കു ബൌദ്ധന്മാരെ ജയിക്കാൻ സാധിക്കും. അവന്റെ മുമ്പിലത്തെ പേർ വാതപുരേശൻ എന്നും ഇപ്പോഴത്തെ പേർ മണിക്യവാചകൻ എന്നും ആണ്. ബൌദ്ധന്മാരെ ജയിക്കുന്നതിനായി സുന്ദരേശ്വരൻ അവനെ മധുരയിൽനിന്നും ഇങ്ങോട്ടയച്ചിരിക്കുകയത്രെ. തില്ലവനത്തിൽ പരമാനന്ദമത്തനായി കളിച്ചുനടക്കുന്ന അവനെ നിങ്ങൾ പോയി വിളിച്ചുകൊണ്ടു വരുവിൻ. ഭസ്മരുദ്രാക്ഷാദികൾകൊണ്ടും മുശുസ്മേരംകൊണ്ടും മനോഹരാകാരനായ ഒരു വൃദ്ധബ്രാഹ്മണന്റെ വേഷത്തിൽ, എല്ലാവരുടെയും മുമ്പിൽചെന്ന് മേൽപ്രകാരം സ്വപ്നത്തിൽ മഹേശ്വരൻ അരുളിച്ചെയ്ത വിവരം പിറേറന്നു പ്രഭാതത്തിൽ അവർ അന്യോന്യം പറഞ്ഞു. അനന്തരം, അവർ എല്ലാവരുംകൂടെ നടേശ്വരസന്നിധിയിൽകൂടി അവിടെ നിന്നും വാദ്യഘോഷങ്ങളോടുകൂടെ തില്ലവനത്തിൽ ചെന്നപ്പോൾ, പരമാനന്ദഭോഗിയായി മൃഗങ്ങളോടുകൂടെ വിനോദിച്ചുകൊണ്ടു നടക്കുന്ന വാതപുരേശനെക്കണ്ടു.

അവർ കൂട്ടത്തോടെ ചെന്ന് അദ്ദേഹത്തിന്റെ കാക്കൽ വീണ് നമസ്കരിച്ചിട്ട്, ഞങ്ങളെ രക്ഷിക്കുന്നതിനായി നിന്തിരുവടി ഞങ്ങളോടൊന്നിച്ചു വരണം എന്നപേക്ഷിച്ചു. വാതപുരേശൻ, അതു കേട്ടതായിപ്പോലും ഭാവിക്കാതെ നടന്നു അവർ കൂട്ടമായിപ്പിന്നെയും ചെന്ന് തട്ടത്തപേക്ഷിച്ചു. മുനീശ്വരൻ പഴയപോലെ രണ്ടാമത്തെ അപേക്ഷയും ഗണിക്കാതെ നടന്നുപോയ വാക്കിനുതന്നെ നടന്നു വനമദ്ധ്യത്തിൽകയറി മറഞ്ഞുകളഞ്ഞു.

ശിവഭക്തന്മാർ അതുകണ്ട് അത്യന്തം മനസ്താപത്തോടുകൂടെ നടേശ്വരന്റെ സന്നിധിയിൽപോയി സാഷ്ടാംഗപ്രണാമം ചെയ്തിട്ട് ഇപ്രകാരം വീണ്ടും പ്രാർത്ഥിച്ചു:—

"അല്ലയോ നടേശ! ഞങ്ങൾ നിന്തിരുവടിയുടെ ആജ്ഞപ്രകാരം തില്ലവനത്തിൽ പോയി നിന്തിരുവടി കല്പിക്കണമെന്നു കല്പിച്ച യോഗീ

ശംകരനെ ഭക്തിപൂർവ്വം ക്ഷണിച്ചു. എന്നിട്ട് അദ്ദേഹം ഞങ്ങളുടെ അപേക്ഷയേ തെല്ലുപോലും ഗൌനിക്കാതെ മൃഗങ്ങളോടുകൂടെ ക്രീഡിക്കുന്നു. ഇനി ഞങ്ങൾ എങ്ങനെയാണ് ബൌദ്ധന്മാരെ ജയിക്കേണ്ടത്. മററുവല്ല വഴിയും ഉണ്ടെങ്കിൽ നിന്തിരുവടി ആജ്ഞാപിക്കണം. ഞങ്ങൾ അതുപോലെ ചെയ്യാം.

ശിവഭക്തന്മാർ മേൽപ്രകാരം ഭക്തിയോടുകൂടെ പ്രാർത്ഥിച്ചുകൊണ്ടുനിൽക്കുമ്പോൾ ഇങ്ങനെ അശരീരിവാക്ക കേൾക്കാറായി.

"അല്ലയോ ഭക്തന്മാരേ! വാതപുരാധീശൻ വരും. അവൻ വരണമെങ്കിൽ നിങ്ങൾ അവനെ മാണിക്യവാചകൻ എന്നുള്ള പേരുചൊല്ലി വിളിക്കണം. പണ്ട് അവൻ ജനവനാഥക്ഷേത്രത്തിലെ തരുമൂലത്തിൽ വച്ച്, ഗുരുമൂർത്തിയായ എന്നെ സേവിച്ചപ്പോൾ ഞാൻ അവനെ ദിവ്യദൃഷ്ടികൊണ്ട് കടാക്ഷിച്ചിട്ട് ദിവ്യമന്ത്രോപദേശം ചെയ്യുകയും, അന്നുമുതൽ അവൻെറ വാക്കുകൾ മാണിക്യതുല്യങ്ങളും തന്മൂലം അവൻെറ നാമധേയം മാണിക്യവാചകൻ എന്നും ആയിത്തീരുകയും ചെയ്തു. അതുകൊണ്ട് മാണിക്യവാചകൻ എന്നുള്ള ദീക്ഷാനാമംചൊല്ലി വിളിച്ചാൽ അവൻ അല്പംപോലും മടിക്കാതെ തീർച്ചയായും വരും. നടേശൻെറ അശരീരിവാക്ക കേട്ട അവിടെ കൂടിയിട്ടുണ്ടായിരുന്ന ശിവഭക്തന്മാർ ഒന്നുപോലെ സന്തോഷസാഗരനിമഗ്നരായി. അനന്തരം അവർ വീണ്ടും തില്ലവനത്തിൽപോയി. അവിടെ ദൂരത്തിൽ വാതപുരാധീശൻ, മൃഗങ്ങളോടുകൂടെ ക്രീഡിച്ചു രസിക്കുന്നതിനെ അവർ കണ്ട്, ഉടൻതന്നെ, "മാണിക്യവാചകൻ എന്നുള്ള അവൻെറ ദീക്ഷാനാമം ചൊല്ലി നിങ്ങൾ വാതപുരാധീശനെ വിളിച്ചാൽ അവൻ നിങ്ങളോടൊന്നിച്ചു വന്ന് ബൌദ്ധന്മാരെ ജയിക്കും എന്ന് നടേശൻ ആജ്ഞാപിച്ചിരിക്കുന്നതനുസരിച്ച്, അല്ലയോ മാണിക്യവാചക! ഞങ്ങൾ നിന്തിരുവടിയെ ക്ഷണിക്കുന്നു. ബൌദ്ധന്മാരെ ജയിക്കുന്നതിനായി നിന്തിരുവടി ഞങ്ങളോടുകൂടെ വരിക; എന്നിങ്ങനെ അവർ പറഞ്ഞുകൊണ്ട് അദ്ദേഹത്തെ ക്ഷണിച്ചു. വാതഗ്രാമശംകരൻ, മാണിക്യവാചകൻ എന്നുള്ള അദ്ദേഹത്തിൻെറ ദീക്ഷാനാമശ്രവണത്താൽ അത്യന്തം തൃപ്തനായി. മാണിക്യവാചകൻ എന്നുള്ള ദീക്ഷാനാമംകൊണ്ട് ഞാൻ സുപ്രസിദ്ധനായിത്തീരുന്നതിനായി ഭഗവാൻ എന്നെഇങ്ങോട്ടയച്ചതാണ്. അദ്ദേഹത്തിൻെറ ആജ്ഞപ്രകാരം ആണ് ശിവഭക്തന്മാരായ ഇവർ ഇവിടെ വന്ന് എന്നെ വിളിക്കുന്നത്. എന്നിങ്ങനെ തന്നത്താൻ വിചാരിക്കുകയും ഞാൻ കൃതാർത്ഥനായി, കൃതാർത്ഥനായി, എന്നിങ്ങനെ വീണ്ടുംവീണ്ടും പറയുകയും പലപ്രാവശ്യം ഭൂമിയിൽ വീണ് സാഷ്ടാംഗപ്രണാമം ചെയ്യുകയും ചെയ്തുകൊണ്ടു ശിവഭക്തന്മാരുടെ സമീപത്തെ പ്രാപിച്ചു.

മാണിക്യവാചകൻ അടുത്തുവന്നക്ഷണത്തിൽതന്നെ ശിവഭക്തന്മാർ എല്ലാവരും ഒന്നുപോലെ അദ്ദേഹത്തിൻെറ മുമ്പിൽ സാഷ്ടാംഗമായി വീ

ണ വന്ദിച്ച് വിവരങ്ങൾ പറഞ്ഞു. അനന്തരം അവരിൽ ഒരാളുടെ സ്കന്ധത്തിൽ ഇരുത്തി വാദ്യഘോഷങ്ങളോടും ശിവനാമപാരായണത്തോടും കൂടെ എല്ലാവരുംകൂടി അവിടെനിന്നും തിരിച്ച്, ബൌദ്ധന്മാരുടെ അടുക്കൽ എത്തി മാണിക്യവാചകനെ അവരുടെ മുമ്പിൽ ഇറക്കി. ഉടൻതന്നെ ബൌദ്ധന്മാർ ശിവഭക്തന്മാരോട്, നിങ്ങൾ ഞങ്ങളുടെ ചോദ്യത്തിന് ഇതേവരെയായിട്ടും ഉത്തരം പറഞ്ഞില്ലല്ലൊ. ഇനിയെങ്കിലും പറയുവിൻ എന്നു ശഠിച്ചു.

ശിവഭക്തന്മാർ അതുകേട്ട് നിങ്ങളുടെ ചോദ്യത്തിന് ഉത്തരം ഞങ്ങൾ നിശ്ചയിച്ചിട്ടുണ്ട്. നിങ്ങൾ ഒരിക്കലും ജയിക്കുകയില്ല എന്ന് മറുപടി പറഞ്ഞു.

ബൌദ്ധന്മാക്ക അതുകേട്ടപ്പോൾ കോപം ജ്വലിച്ചു. അവർ വീണ്ടും ശിവഭക്തന്മാരോട്, അല്ലയോ ദ്വിജന്മാരെ! ഭസ്മത്തിനോ ശിവനോ മാഹാത്മ്യം കൂടുതൽ എന്നുള്ള ഞങ്ങളുടെ ചോദ്യത്തിനു തന്നെ ഒന്നാമതായി ഉത്തരം പറയണമെന്നു നിർബ്ബന്ധിച്ചു.

വാതപുരേശൻ ആ ചോദ്യത്തിന് ഇപ്രകാരം ത്ര്യായുഷം, ബ്രഹ്മസാമം, അഘോരാജ്ഞാനം, അഗ്നി ഇത്യാദ്യങ്ങളും അനവധി ഭസ്മമാഹാത്മ്യപ്രതിപാദിതങ്ങളും ആയ വൈദികമന്ത്രങ്ങൾ ചൊല്ലി സമാധാനം പറഞ്ഞു.

ബൌദ്ധന്മാർ അതുകേട്ട് വേദവാക്യങ്ങൾ മുഴുവനും അബദ്ധങ്ങളും അസത്യങ്ങളും ആണ്. ഞങ്ങൾ അവ വിശ്വസിക്കുകയില്ല. യുക്തിയുക്തമായി ദൃഷ്ടാന്തപൂർവ്വം സമാധാനം പറഞ്ഞാൽ ഞങ്ങൾ വിശ്വസിച്ചുകൊള്ളാം.

നഗ്നന്മാർ ഇങ്ങനെ വിസമ്മതിച്ചു അഭിപ്രായപ്പെട്ടയുടൻ മാണിക്യവാചകൻ അവരുടെ മുമ്പിൽവച്ചു തന്നെ ശുഷ്കഗോമയംകൊണ്ടു വരുത്തിച്ച് അഗ്നികൂട്ടി ഭസ്മമാക്കി നഗ്നന്മാരെ വിളിച്ച് ഇതാ കാണുവിൻ. ഈ ഗോമയത്തിനുള്ളിൽ നിറഞ്ഞു ശോഭിക്കുന്ന അഗ്നിയെ നിങ്ങൾ കാണുന്നുണ്ടല്ലൊ. ശിവൻ അഗ്നിമയൻ ആണ്. ഇങ്ങനെ അഗ്നിമയനായ ശിവൻ ഇതിൽ ലയിച്ചിരിക്കുന്നതുകൊണ്ടാണ് ഭസ്മം ശിവപ്രധാനമായിത്തീർന്നിരിക്കുന്നത്. അതിന്റെ ധാരണം കൊണ്ട് ശിവപ്രസാദം ഉണ്ടാകുമെന്ന് ആഗമങ്ങളിലും പുരാണങ്ങളിലും ഇതിഹാസങ്ങളിലും മററും ഘോഷിച്ചുകാണുന്നതും ഇപ്രകാരം ശിവനും ഭസ്മത്തിനും തമ്മിൽ സാമാനാധികരണ്യസംബന്ധവും ജന്യജനകസംബന്ധവും ഉള്ളതുകൊണ്ടാണ്. ഭസ്മത്തിന്റെ പരിശുദ്ധിക്കുള്ള കാരണങ്ങളിൽ പ്രധാനപ്പെട്ടവയും ഇവയ

ത്രെ. അജ്ഞാനികളും ഗർവിതന്മാരും പേരുകൊണ്ടുമാത്രം സർവ്വജ്ഞന്മാരും ആയ നിങ്ങൾ യഥാർത്ഥതത്വങ്ങൾ യാതൊന്നും മനസ്സിലാക്കാതെ വെറുതെ കലഹിക്കുന്നു. ശിവനും ഭസ്മത്തിനും തമ്മിൽ യുക്തികൊണ്ടുള്ള സംബന്ധം ഇങ്ങനെയാണ്. ഇനി ദൃഷ്ടാന്തവും പറയാം. അഗ്നി ശിവമയവും അദ്ദേഹത്തിന്റെ ഭൂഷണം ഭസ്മവും അതിന്റെ ധാരണംകൊണ്ടു ഭുക്തിമുക്തികളും സിദ്ധിക്കും ഭസ്മംപോലെതന്നെ ശിവധാരണകൊണ്ടാണ് ഗംഗയും രുദ്രാക്ഷവും പവിത്രമായത്. യാതൊരു പ്രകാരത്തിൽ ഗംഗാസ്നാനം കൊണ്ട് മോക്ഷം സിദ്ധിക്കുമൊ അപ്രകാരത്തിൽ ഭസ്മരുദ്രാക്ഷധാരണകൾ കൊണ്ടും ശങ്കരാജ്ഞയാൽ ഭോഗമോക്ഷങ്ങൾ ഉണ്ടാകും. ഭസ്മത്തിൽ യാതൊരു പ്രകാരം അഗ്നി മൂടപ്പെട്ടിരിക്കുന്നുവോ അതുപോലെ ഭസ്മധൂളികൾകൊണ്ട് ശിവനും മൂടപ്പെട്ടിരിക്കുന്നു.

മാണിക്യവാചകരുടെ യുക്തിയുക്തവും ദൃഷ്ടാന്തപൂർവ്വവും ആയ ഈ വാക്കുകൾക്കു ശരിയായ ഉത്തരം പറയുന്നതിനു നഗ്നന്മാർക്കു തോന്നായ്കയാൽ അവർ കോപപൂർവ്വം ഭത്സിച്ചുംകൊണ്ട് ഞങ്ങളുടെ ചോദ്യത്തിനു നിങ്ങൾ ശരിയായ ഉത്തരം പറഞ്ഞില്ല. അതുകൊണ്ട് തോററതു നിങ്ങൾ തന്നെയെന്നു പറഞ്ഞു. ശിവഭക്തന്മാരായി അവിടെ കൂടിയിട്ടുണ്ടായിരുന്ന മൂവായിരം വിപ്രന്മാർക്കും അതുകേട്ടപ്പോൾ കോപംവന്നു. അവരും നഗ്നന്മാരും തമ്മിൽ വലിയ ലഹളയായി. ഒടുവിൽ അവർ തമ്മിൽ ഉള്ള വഴക്കു മാദ്ധ്യസ്ഥം പറഞ്ഞു തീർപ്പിക്കുന്നതിനായി എല്ലാവരുംകൂടെ ചോളരാജാവിന്റെ സന്നിധിയിൽപോയി വിവരം അദ്ദേഹത്തെ കേൾപ്പിച്ചു. അദ്ദേഹം അവർ ഇരുകക്ഷികളുടേയും ന്യായങ്ങളും വഴക്കും എല്ലാം കേട്ടുംവെച്ച് ഇങ്ങനെ പറഞ്ഞു.

“നിങ്ങൾ അന്യോന്യം കലഹിക്കേണ്ടാ. നിങ്ങൾ ഇരുകക്ഷിയും ഞാൻ പറയുന്നതുപോലെ കേൾക്കാമെങ്കിൽ ഈ ക്ഷണത്തിൽത്തന്നെ നിങ്ങളുടെ കലഹം തീരത്തക്ക ഒരു വഴി ഞാൻ ഉണ്ടാക്കിത്തരാം. ഉടൻ അവർ ഇരുകക്ഷിയും രാജാവിന്റെ കല്പനപ്രകാരം കേട്ടുകൊള്ളാമെന്നു സമ്മതിച്ചു. ഉടനെ രാജാവു അദ്ദേഹത്തിന്റെ പുത്രിയും മൂകയും ആയ അംഗനാരത്നത്തിനെ വരുത്തി വിപ്രബൌദ്ധയോഗത്തിന്റെ സന്നിധിയിൽ ഇരുത്തിയുംകൊണ്ട് ഇങ്ങനെ പറഞ്ഞു. ജന്മനാ മൂകയായ ഇവളുടെ മൂകത്വം കളഞ്ഞ് ഇവളെ നല്ല വാക്പാടവത്തോടുകൂടിയവളാക്കി തീർക്കുന്നതിനു നിങ്ങളിൽ ആർക്കു കഴിയും അവരുടെ ഭാഗവും മതവും ആണ് ജയിച്ചത്. നിങ്ങൾ ഇരുകക്ഷിയുടേയും സാമർത്ഥ്യം കാണട്ടെ.

നഗ്നന്മാരും വിപ്രന്മാരും അത് ശരിയായ വഴിതന്നെയെന്നും തങ്ങൾ ഇരുകക്ഷികളും ശ്രമിക്കാമെന്നും, അതിൽ മൂകത്വം തീർക്കുന്നവരുടെ ഭാഗവും മതവും ജയിച്ചതായി വകവയ്ക്കുന്നതു കൂടാതെ മററവരുടെ അംഗ

ങ്ങൾ എല്ലാം ഖണ്ഡഖണ്ഡമായി വെട്ടിനുറുക്കി ഇരുമ്പു ചക്കിൽ ഇട്ടു് ആട്ടുകയും ചെയ്യണമെന്നു നിശ്ചയിച്ചു.

അനന്തരം ഒന്നാമതായി ക്ഷപണന്മാർ തന്നെ കന്യകയുടെ സമീപത്തിൽ എത്തി പലവിധ മന്ത്രതന്ത്രങ്ങൾ പ്രയോഗിച്ചു് മൂകത്വം നീക്കുന്നതിനു ശ്രമിച്ചു. യാതൊരു ഫലവും ഉണ്ടായില്ല. ഒടുവിൽ അവർ ഇച്ഛാഭംഗത്തോടും വ്യസനത്തോടുംകൂടെ പിൻവാങ്ങി. ഉടൻതന്നെ ശൈവഭക്താഗ്രഗണ്യനായ മാണിക്യവാചകൻ എഴുന്നേറ്റു ഹാലാസ്യത്തിലും ചിദംബരത്തിലും ഒന്നുപോലെ നൎത്തനം ചെയ്യുന്ന നടേശന്റെ പാദകമലങ്ങളെ മനസ്സിൽ ഭക്തിപൂൎവ്വം ധ്യാനിച്ചുകൊണ്ടു്, ശ്രീവാചകങ്ങൾ ചൊല്ലി അദ്ദേഹത്തെ സ്തുതിച്ചിട്ടു് കന്യകയെ നോക്കി, "അല്ലയോ സുന്ദരി, നീ ഒന്നു പാടിയാലും" എന്നു പറഞ്ഞു.

ഉടൻതന്നെ ആ രാജപുത്രി മൂകത്വംവിട്ടു്, രാജാവിനും മറ്റുള്ള ശ്രോതാക്കൾക്കും സന്തോഷംകൊണ്ടും ആനന്ദംകൊണ്ടും രോമാഞ്ചമുണ്ടാകത്തക്കവണ്ണം മധുരമായി ഉച്ചത്തിൽ പാടി. ശൈവമതാവലംബികളും ശിവഭക്തന്മാരും ആയ വിപ്രന്മാർ ഇതിൽപരമില്ലാതെ ആനന്ദനൎത്തനംചെയ്തു. കാണികൾ എല്ലാവരും ഒന്നുപോലെ ആശ്ചൎയ്യപരതന്ത്രരായി. മാണിക്യവാചകപ്രാർത്ഥനകൊണ്ടു് അതേവരേയും മൂകയായിരുന്ന കന്യകയുടെ മനസ്സു നിൎമ്മലമാവുകയും, ശിവാജ്ഞ ഹേതുവായിട്ടു്, അവളുടെ വാണിയിൽ വാണീഭഗവതി നൃത്തംതുടങ്ങുകയും ചെയ്തുകൊണ്ടായിരുന്നു മേൽപ്രകാരം അവൾ പാടിയതു്. വീണ്ടും വീണ്ടും യോഗീന്ദ്രൻ ആ കന്യകാരത്നത്തിനോടു പാടാൻ പറയുകയും അവൾ, ഭക്തിമയങ്ങളും വേദോക്തങ്ങളും ആയ അനവധി നിഗമസൂക്തങ്ങളെ ഗാനം ചെയ്യുകയും ചെയ്തു. പാട്ടുകേട്ടു, ആശ്ചൎയ്യാനന്ദസന്തോഷപരതന്ത്രനായ ചോളൻ തന്റെ ഭടന്മാരെ വിളിച്ചു വാദത്തിൽ തോറ്റ ബൌദ്ധന്മാരെ കൊല്ലുന്നതിനു കല്പനകൊടുത്തു. അമർഷാതിരേകകമ്പിതന്മാരും വീൎയ്യശൌൎയ്യപരാക്രമശാലികളും ആയ അനവധി രാജഭടന്മാർ ഓടിയെത്തി ശങ്കരദൂഷകന്മാരായ ബൌദ്ധന്മാരിൽ ഒരുത്തനേയും വിടാതെ എല്ലാവരേയും പിടിച്ചു അവരുടെ അംഗങ്ങൾ ഓരോന്നും വെവ്വേറെ ഖണ്ഡിച്ചെടുത്തു് ഇരുമ്പുചക്കിൽ ഇട്ടാട്ടി, നാകത്തിലേക്ക യാത്രയാക്കി. അതുകൊണ്ടു ചോളദേശത്തിൽ ബൌദ്ധമതാവലംബികളായി ഒരുത്തൻപോലും ഇല്ലാതെ ആവുകയും ചോളരാജാവും, തദ്ദേശവാസികളും ഒന്നുപോലെ പൂൎവ്വാധികം ശിവഭക്തരായിത്തീരുകയും ചെയ്തു.

അതിന്റെ ശേഷം ശങ്കരഭക്താഗ്രഗണ്യനായ മാണിക്യവാചകൻ ശൈവങ്ങളും ചതുൎവ്വേദസാരങ്ങളും ആയ അനവധി ശിവഗാനങ്ങൾ ഉണ്ടാക്കി പ്രചരിപ്പിച്ചു. ഒടുവിൽ അദ്ദേഹം ഭൂതപ്രേതത്തോടുകൂടെ ശിവ

സായൂജ്യത്തെ പ്രാപിച്ചു. അരിമർദ്ദനപാണ്ഡ്യനും പുത്രനായ ജഗന്നാഥ പാണ്ഡ്യനിൽ, ഭാരത്തെ സമപ്പിച്ചുംവച്ചു്, ശിവവൈഭവംകൊണ്ടു്, ശൈവസായൂജ്യപദവിയെ കയ്ക്കൊണ്ടു. അതിന്റെശേഷം ജഗന്നാഥപാണ്ഡ്യൻ സുന്ദരേശ്വരഭക്തിയോടുകൂടെ പൂർവന്മാർ എല്ലാവരെയും ഒന്നുപോലെ അതിശയിപ്പിക്കത്തക്കവണ്ണം പാണ്ഡ്യരാജ്യപരിപാലനം ചെയ്തുവന്നു. അല്ലയൊ വസിഷ്ഠാദി മഹർഷിമാരെ! സുന്ദരേശ്വരനിൽ യഥാർത്ഥഭക്തിയോടുകൂടിയവരെക്കൊണ്ടു് ഇത്രയൊന്നും മാത്രമല്ല മറ്റെന്തുതന്നെയായിരുന്നാലും വിചാരിച്ചാൽ സാധിക്കുന്നതാണു്. ഹാലാസ്യേശ്വരന്റെ അതിപാവനവും ഭക്തിസംവദ്ധനവും ആയ ഈ അറുപത്തിഒന്നാമത്തെ ലീലയെ ഭക്തിപൂർവം പഠിക്കുകയും കേൾക്കുകയും ചെയ്യുന്നവക്കു ഇഹപരസൌഖ്യങ്ങൾ അനായാസേന സംപ്രാപ്തമാകും

അറുപത്തിഒന്നാം ലീല

സമാപ്തം.

# ഹാലാസ്യമാഹാത്മ്യം

## കേരളഭാഷാഗദ്യം.

### ൬൨-ാം അദ്ധ്യായം.

### കുബ്ജപാണ്ഡ്യന്റെ ജ്വരവും കൂബ്ജത്വവും നശിപ്പിച്ച

### അറുപത്തിരണ്ടാം ലീല.

വീണ്ടും ശൈവാഗമവേദികളുടെ നടുനായകമൌക്തികമായ അഗസ്ത്യൻ ശിവഭക്താഗ്രഗണ്യന്മാരായ വസിഷ്ഠാദികളോടു താഴെ വരുമാറു ലീലാകഥനം തുടങ്ങി.

"അല്ലയോ വസിഷ്ഠാദികളെ! ഇനി ഞാൻ നിങ്ങളെ ഹാലാസ്യേശ്വരനായ സുന്ദരേശ്വരൻ ജ്ഞാനസംബന്ധനെക്കൊണ്ടു് കുബ്ജപാ

ണ്ഡ്യന്റെ ജ്വരവും കുബ്ജത്വവും തീൎത്തതായ അദ്ദേഹത്തിന്റെ അറുപത്തിരണ്ടാമത്തെ ലീല കേൾപ്പിക്കാം. ഇതിനെ ഭക്തിപൂൎവ്വം കേൾക്കുന്നവൎക്ക് സൌഭാഗ്യാരോഗ്യസമ്പത്തുകൾ തീൎച്ചയായും ഉണ്ടാകുന്നതാണ്.

അരിമൎദ്ദനപാണ്ഡ്യന്റെ മരണശേഷം അദ്ദേഹത്തിന്റെ പുത്രനായ ജഗന്നാഥപാണ്ഡ്യൻ അനവധികാലം പാണ്ഡ്യരാജ്യത്തെ ക്ഷേമമായി പരിപാലിച്ചു. അദ്ദേഹം സ്വൎഗ്ഗപ്രാപ്തനായതിന്റെ ശേഷം അദ്ദേഹത്തിന്റെ മകൻ വീരബാഹുപാണ്ഡ്യനും അദ്ദേഹത്തിന്റെ പരഗതിക്കു ശേഷം തനയൻ വിക്രമബാഹുവും, അദ്ദേഹത്തിന്റെ ശേഷം പരാക്രമബാഹുവും അദ്ദേഹത്തിന്റെ കാലശേഷം ശക്രതുല്യനായ സുരഭിപാണ്ഡ്യനും പാണ്ഡ്യരാജ്യപരിപാലനംചെയ്തു.

സുരഭിപാണ്ഡ്യന്റെ കാലാനന്തരം കുങ്കുമപാണ്ഡ്യൻ രാജ്യഭാരംതുടങ്ങി. ശിവഭക്താഗ്രഗണ്യനായ അദ്ദേഹം ഹാലാസ്യേശ്വരനായ സുന്ദരനാഥനെ കുങ്കുമാൎച്ചനംകൊണ്ട് പ്രസാദിപ്പിച്ചും അദ്ദേഹത്തിന്റെ കാലശേഷം കൎപ്പൂരദീപങ്ങൾ കൊണ്ട് അൎപ്പിച്ചു അദ്ദേഹത്തെ പ്രസാദിപ്പിച്ചും ശുഭകരമാംവണ്ണം രാജ്യംഭരിച്ചു. അതിന്റെശേഷം കാരുണ്യപാണ്ഡ്യനും തദനന്തരം പുരുഷോത്തമപാണ്ഡ്യനും പാണ്ഡ്യാവനീമണ്ഡലം വാണു. അതിന്റെ ശേഷം രാജ്യഭാരം കയ്യേററ ശത്രുശാസനപാണ്ഡ്യൻ ചേരചോളാവനീശന്മാരെ ഒന്നുപോലെ പോരിൽ തോല്പിച്ച് വിജയപ്രതാപിയായി അനവധികാലം രാജ്യംവാണ് ഒടുവിൽ, മുപ്പുരാന്തകസായൂജ്യം പ്രാപിച്ചതിന്റെശേഷം അദ്ദേഹത്തിന്റെ പുത്രനായ കുബ്ജപാണ്ഡ്യൻ സിംഹാസനംലഭിച്ചു. ജാജ്ജ്വലിയായ അദ്ദേഹം ചേരചോളപാണ്ഡ്യദേശം മൂന്നും ഒന്നുപോലെ പരിപാലിച്ചുവന്നു. വീൎയ്യശൌൎയ്യപരാക്രമിയായ കുബ്ജപാണ്ഡ്യന്റെ പലവക പ്രാഭവങ്ങളാലും ആകൃഷ്ടനായ ചോളൻ തന്റെ മകളായ വനിതേശ്വരിയെ അദ്ദേഹത്തിനു വിവാഹംകഴിച്ചു കൊടുത്തു സ്വരാജ്യത്തെയും, രാജശ്രേഷ്ഠനായ ചേരൻ അനവധി ധനധാന്യങ്ങളും രത്നാഭരണങ്ങളും കുബ്ജപാണ്ഡ്യനു സമ്മാനിച്ചു തന്റെ രാജ്യത്തെയും വീണ്ടെടുത്തു.

കുങ്കുമാരുണഗാത്രനായ കുബ്ജപാണ്ഡ്യൻ ചോളദത്തയും പട്ടമഹിഷിയും സ്ത്രീരത്നവും ആയ വനിതേശ്വരിയോടും, മന്ത്രിസത്തമനായ കുലബന്ധുവിനോടും കൂടെ സ്വകീയരാജ്യത്തെയും പരിപാലിച്ചു വരാരിപ്രതാപനായി വസിക്കുന്ന കാലത്തിൽ തന്റെ പൂൎവ്വജന്മാൎജ്ജിതപാപം കൊണ്ട്, ജനനംതുടങ്ങിയേ സംഭവിച്ച കുബ്ജത്വംപോലെ അദ്ദേഹത്തിന് ബുദ്ധമതത്തിൽ വിശ്വാസവും ശ്രുത്യുക്തങ്ങളായ കൎമ്മങ്ങളിൽ അശ്രദ്ധയും സംഭവിച്ചു. ബുദ്ധമതവിശ്വാസംകൊണ്ട് രാജാവ് ദുൎബ്ബുദ്ധിയായിത്തീൎന്നപ്പോൾ, 'യഥാരാജാതഥാപ്രജാഃ' എന്നുള്ള ആപ്തവാക്യ

പ്രകാരം പ്രജകളും ദുർബ്ബുദ്ധികളും ശൈവചിഹ്നങ്ങളായ ഭസ്മരുദ്രാക്ഷത്ര്യാദികളും ആയി. ശങ്കരഭക്തനായ അദ്ദേഹത്തിന്റെ മന്ത്രികുലോത്തമൻ കുലബന്ധുവിനും, പട്ടമഹിഷി വനിതേശ്വരിക്കും, രാജാവിന്റെയും പ്രജകളുടെയും ബുദ്ധമതവിശ്വാസവും, ഹാലാസ്യേശ്വരഭക്തിവിമുഖതയും അത്യന്തം ദുസ്സഹമായ വ്യസനകാരണങ്ങളായിത്തീർന്നെങ്കിലും, അവർ അതിനെ വെളിപ്പെടുത്തിയില്ലെന്നു മാത്രമല്ല രാജശാസനത്തെ ഭയന്നു അവരും ഭസ്മരുദ്രാക്ഷാദികളെ ത്യജിക്കുകയും ജലംകൊണ്ടു ത്രിപുണ്ഡ്രധാരണംചെയ്യുകയും സുന്ദരേശ്വരദർശനത്തിനായി ഹാലാസ്യത്തിൽപോകാതെ ഭക്തിപൂർവ്വം സർവ്വാന്തര്യാമിയായ അദ്ദേഹത്തെ ഹൃദയത്തിൽ ധ്യാനിച്ചു് മാനസപൂജയെ ചെയ്യുകയുംചെയ്തു.

ജനങ്ങളും രാജാവും ഒന്നുപോലെ ഭസ്മരുദ്രാക്ഷാദികളെ ഉപേക്ഷിച്ചു്, വേദവാക്യങ്ങളിൽ വിശ്വാസംകൂടാതെ ബൌദ്ധസിദ്ധാന്തങ്ങൾ സ്വീകരിച്ചു് ബുദ്ധമതവിശ്വാസികളായി എപ്പോൾ തീർന്നുവോ അപ്പോൾമുതൽ, നാട്ടിൽ മഴ കുറയുകയും ദുഃഖവും ക്ഷാമവും വർദ്ധിക്കുകയുംചെയ്തു. അക്കാലത്തിൽ ഒരിക്കൽ ശിവാനന്ദമഹർഷി ചിദംബരത്തിൽനിന്നും സുന്ദരേശ്വരനെ ദർശിക്കാനായി ഹാലാസ്യത്തിൽ ചെന്നപ്പോൾ പാണ്ഡ്യരാജാവിന്റെ പട്ടമഹിഷിയായ വനിതേശ്വരിയും മന്ത്രിസത്തമനായ കുലബന്ധുവുംകൂടി അദ്ദേഹത്തെ ചെന്നുകണ്ടു്, കുബ്ജപാണ്ഡ്യനും പ്രജകൾക്കും ശൈവമതത്തിൽ ഉള്ള വിരക്തിയേയും ബുദ്ധമതത്തിൽ വന്നുകൂടിയ ബഹുമാനത്തേയും തന്മൂലം രാജ്യത്തിനും പ്രജകൾക്കും ഒന്നുപോലെയുണ്ടായിരിക്കുന്ന കഷ്ടപ്പാടുകളേയും പററി വിശദമായി കേൾപ്പിച്ചു.

അദ്ദേഹം അവരോടു് ഇങ്ങനെ മറുപടി പറഞ്ഞു:—

"നിങ്ങൾ വ്യസനിക്കാതിരിക്കുവിൻ. താമസിയാതെ അതിന്നു നിവൃത്തിയുണ്ടാകും. ബ്രഹ്മപുരത്തിൽ ഉള്ള ശിവഭക്തനായ ഒരു വിപ്രന്റെ കുമാരനായി സാക്ഷാൽ പാർവ്വതീനന്ദനനായ കുമാരൻ ശങ്കരാജ്ഞകൊണ്ടു ജാതനായിട്ടുണ്ടു്. ആ ബാലൻ വളർന്നുവരുന്നതു് ഭഗവതിയുടെ പാൽകുടിച്ചുതന്നെയാണു്. ദേവിയുടെ പാൽകുടിച്ചു് വളരുന്ന ആ ബാലൻ താമസിയാതെ ഒരു വലിയ കവിയായിത്തീരും. സ്വതേതന്നെ ഷൺമുഖൻ സർവ്വജ്ഞനാണല്ലോ. ആ ബാലന്റെ നാമധേയം ജ്ഞാനസംബന്ധൻ എന്നാണു്. ഇപ്പോൾ ആ കുട്ടിക്കു് മൂന്നുവയസ്സുപ്രായമുണ്ടു്. ജ്ഞാനവിജ്ഞാനാംബുധിയായ ജ്ഞാനസംബന്ധൻ ശൈവസ്ഥാനങ്ങളെയെല്ലാം ദർശിക്കുന്നതിന്നായി ജനകന്റെ സ്കന്ധത്തിൽ കയറി ഛത്രചാമരവാദ്യഘോഷങ്ങളോടുകൂടെ സഞ്ചരിച്ചു് ശിവസ്ഥാനങ്ങൾതോറുംപോയി ദ്രാവിഡഗേയങ്ങൾകൊണ്ടു് ശിവപ്രസാദം സമ്പാദിച്ചു്, സാഗരമേഖലയായ ഭൂമി മുഴുവൻ ചുററി സഞ്ചരിച്ചു് വേദബാഹ്യന്മാരായ ബൌദ്ധന്മാരെ

യെല്ലാം വാദത്തിൽ തോല്പിച്ചു്, അവരെയും അവരുടെ മതത്തേയും ഉടച്ചു് ഭൂലോകത്തിൽ, വേദോക്തങ്ങളായ ആചാരങ്ങളും കർമ്മങ്ങളും ശിവഭക്തിയും ഉറപ്പിച്ചു് വൈദികന്മാരുടെ കഷ്ടപ്പാടുകൾ മുഴുവനും തീൎക്കും. നിങ്ങൾ അതുകൊണ്ടു് അല്പംപോലും വ്യസനിക്കുകയോ ചഞ്ചലപ്പെടുകയോ യാതൊന്നും ചെയ്യാതെ ശിഷ്ടജനപരിപാലകനും ദുഷ്ടനിഗ്രഹനുമായ ഹാലാസ്യനാഥനെ ഭക്തിപൂർവ്വം ഭജിച്ചുംകൊണ്ടു് സമാധാനമായി വസിക്കുവിൻ. അടുക്കൽതന്നെ അവൻ ഇവിടെ വരികയും ഇവിടെയുള്ള ബൌദ്ധന്മാരെ വാദത്തിൽ മടക്കി ശിക്ഷിച്ചു് പുറത്താട്ടിപ്പായിക്കുകയും ചെയ്യും".

ശിവാനന്ദന്റെ വാക്കിനെ അവർ വളരെ കാര്യമായി അംഗീകരിച്ചു. അനന്തരം അവർ ജ്ഞാനബന്ധുവിനു ഇങ്ങനെ ഒരു ലേഖനം എഴുതി വെച്ചു. "അല്ലയോ ജ്ഞാനവിജ്ഞാനസിന്ധുവും, ഭക്തവൈദികബന്ധുവും, ആയ ജ്ഞാനസംബന്ധ! യശോശാലിയും ബുദ്ധമതധ്വംസകനും ആയ നിന്തിരുവടി ഈ ലേഖനം കണ്ടാൽ അതിവേഗത്തിൽ അങ്ങേ സന്നിധാനംകൊണ്ടു് ഈ മധുരാപട്ടണം പരിപൂതമാക്കി സുന്ദരേശദർശനംചെയ്തു ബൌദ്ധന്മാരെ മുഴുവൻ വാദത്തിൽ തോല്പിച്ചു്, അവരെ ശിക്ഷിപ്പിച്ചു് പുറത്താട്ടിപ്പായിപ്പിച്ചു് ഞങ്ങളെ രക്ഷിക്കാൻ മനസ്സുണ്ടാകണമെന്നു് ഞങ്ങൾ വിനയപൂർവ്വം പ്രാർത്ഥിക്കുന്നു."

പത്രികകിട്ടുന്നതിനു മുൻപേതന്നെ ജ്ഞാനസംബന്ധൻ ഈ വിവരം എല്ലാം ദിവ്യദൃഷ്ടികൊണ്ടു ഗ്രഹിച്ചിട്ടു്, ഇപ്രകാരം വിചാരിച്ചു.

"ചോളരാജാവു് വലിയ ശിവഭക്തനായതിനാൽ ചോളരാജ്യവാസികളിലും ശിവഭക്തന്മാരല്ലാതെ ആരും ഇല്ല. അതുപോലെ പാണ്ഡ്യരാജാവായ കുബ്ജപാണ്ഡ്യൻ വലിയ ബുദ്ധമതവിശ്വാസിആയതിനാൽ തദ്ദേശവാസികളിൽ ബുദ്ധമതവിശ്വാസികളല്ലാത്തവരും ചുരുക്കംതന്നെ. അതുകൊണ്ടു് ഈ ക്ഷണത്തിൽതന്നെ മധുരയിൽപോയി രാജാവിനെ വൈദികനാക്കണം. രാജാവു് വൈദികനായാൽ പ്രജകളും നിസ്സന്ദേഹം ആയിക്കൊള്ളും." ആ അവസരത്തിൽ പത്രികയും കൈയിൽ എത്തി. വായിച്ചുനോക്കി പൂർവ്വാധികം സന്തോഷത്തോടും ഉത്സാഹത്തോടുംകൂടെ മധുരയിലേക്കു പോകാനായി ഒരുങ്ങിയപ്പോൾ, ഏററവും ബാലനായ ജ്ഞാനസംബന്ധനോടു്, അദ്ദേഹത്തിന്റെ ബന്ധുക്കൾ, ഇന്നത്തെ തിഥിനക്ഷത്ര വാരാദികൾ എല്ലാം അശുഭവും വാദത്തിൽ എതിരാളിയായ പാണ്ഡ്യരാജാവു്, വലിയ ബൌദ്ധസിദ്ധാന്ത സക്തനും, അദ്ദേഹത്തിന്റെ ഉപദേഷ്ടാക്കളായ ബൌദ്ധാചാര്യന്മാർ വാദത്തിൽ സമർത്ഥന്മാരും ആകയാൽ പോകാൻ പാടില്ലെന്നു വിരോധിച്ചു.

ജ്ഞാനസംബന്ധൻ ആ തടസ്സങ്ങൾ ഒന്നും ഗണ്യമാക്കാതെ ഇങ്ങനെ മറുപടിപറഞ്ഞു:—

"ഞാൻ മധുരയിൽ പോകുന്നതു് ഒന്നാമതായി സുന്ദരേശ്വരദർശനത്തിനാണു്. സുന്ദരേശ്വരദർശനത്തിനു യാത്രാമുഹൂർത്തവും മറ്റും നോക്കേണ്ടതില്ല. ഈശ്വരദർശനത്തിനു കൊള്ളരുതാത്തദിവസം എന്നാണു്. പിന്നെ നഗ്നന്മാരോടു വാദിക്കുകയെന്നുള്ളതാണു്- അതു സാരമില്ല മധുരയിൽ ഉള്ള ബൌദ്ധാചാര്യന്മാർ എത്രയോ വളരെ സമർത്ഥന്മാർ എങ്കിലും ആയിക്കൊള്ളട്ടെ. പാണ്ഡ്യരാജാവു് ബൌദ്ധന്മാരിൽ എത്രയോവളരെ പക്ഷപാതം കാണിക്കുകയും ചെയ്തോട്ടെ. സുന്ദരേശ്വരാനുഗ്രഹ കണികയാൽ ഞാൻ ബൌദ്ധാചാര്യന്മാരെ ജയിക്കുകയും പാണ്ഡ്യനെ വൈദികനാക്കി ബൌദ്ധന്മാരെ ശിക്ഷിപ്പിച്ചു് രാജ്യത്തിനു വെളിയിൽ ഓട്ടിക്കുകയും ചെയ്തു നിങ്ങളെ കാണിച്ചുതരാം. സുന്ദരേശ്വരാനുഗ്രഹംകൊണ്ടു് എനിക്കു യാത്രയിൽ യാതൊരു ആപത്തും സംഭവിക്കുകയില്ല. നിങ്ങൾ ധൈര്യക്കുറവുമൂലം ഭയപ്പെടുന്നതാണു്."

അദ്ദേഹം ഇങ്ങനെ സമാധാനവും പറഞ്ഞുംവെച്ചു് പോകാനായിക്കൊടി എഴുന്നേറ്റപ്പോൾ അദ്ദേഹത്തിന്റെ അച്ഛനും മറ്റുള്ള ഉറ്റബന്ധുക്കളും ബലമായി തടുത്തു. അദ്ദേഹം കേൾക്കാതെ വായുശക്തിയാൽ പ്രേരിതമായ പഞ്ഞിയെന്നപോലെ അതിവേഗത്തിൽ സുന്ദരേശ്വരാജ്ഞപ്രകാരം മധുരയിലേക്കു പുറപ്പെട്ടു. അനുയായികളോടു് അദ്ദേഹം, എല്ലാം ശങ്കരപ്രസാദത്താൽ ശുഭമായിവരുമെന്നും, യാതൊന്നും സംശയിപ്പാൻ ഇല്ലെന്നും മറ്റും പറഞ്ഞു അവരെയും ആശ്വസിപ്പിച്ചു. അനന്തരം ബാലനായ ആ ജ്ഞാനസംബന്ധൻ, ഭക്തിപരങ്ങളായ പത്തു ഗേയങ്ങൾ ചൊല്ലി, മഹേശ്വരനെസ്തുതിച്ചു. പതിനാറായിരം ഉരു ശങ്കരനാമവും ജപിച്ചു. അതിന്റെശേഷം ശിവഭക്തന്മാരായ ശിഷ്യന്മാരോടുകൂടെ ചതുരന്താഢ്യമായ ദിവ്യയാനത്തിൽ കയറി വാദ്യഘോഷങ്ങൾകൊണ്ടു് നാലുദിക്കുകളെയും മുഴക്കി നൂതനങ്ങളായ പലവിധ വസ്ത്രാഭരണാദികളുംധരിച്ചു്, നവരത്നക്കാലോടുകൂടിയ വെൺകൊറ്റക്കുടയും പിടിപ്പിച്ചു് ചാമരങ്ങളുംവീശിപ്പിച്ചു്, ഭസ്മരുദ്രാക്ഷാദികളും അണിഞ്ഞു്, ദുഷ്ടന്മാരായ ബൌദ്ധന്മാരെ സംഹരിക്കുന്നതിനും ശിഷ്ടന്മാരെ രക്ഷിക്കുന്നതിനും ആയി അതിരറ്റതായ കാന്തികൊണ്ടു് ലോകമെല്ലാമൊന്നുപോലെ ഉജ്ജ്വലിപ്പിച്ചുംകൊണ്ടു് കാമകോമളഗാത്രനും സോമസന്നിഭവക്ത്രനും ആയ ആ ജ്ഞാനസംബന്ധൻ ബ്രഹ്മപുരത്തിൽനിന്നും, ശ്രീമധുരയിലേക്കു എഴുന്നള്ളി.

അദ്ദേഹത്തിന്റെ എഴുന്നെള്ളത്തിൽഉള്ള വാദ്യഘോഷംകേട്ടും ഭൂതവക്ത്രത്തിൽനിന്നും വാർത്തകളെ മനസ്സിലാക്കിയും ബൌദ്ധന്മാർ കുറേനേരത്തോളവും ഭയാക്രാന്തരായി പലതും വിചാരിച്ചുകൊണ്ടുനിന്നു.

ഹാലാസ്യേശ്വര ക്ഷേത്രവും ഗോപുരങ്ങളും വിമാനവും, ദൂരത്തിൽ കണ്ടപ്പോൾതന്നെ ജ്ഞാനസംബന്ധൻ, ഭക്തിപൂർവ്വം, ദിവ്യഗേയങ്ങൾകൊണ്ട്, ഹാലാസ്യേശ്വരനെ സ്തുതിച്ചു കുമ്പിടുകയും, ആപാദചൂഡം വിഗ്രഹത്തെ മനസ്സിൽ ധ്യാനിക്കുകയുംചെയ്തു. അതിന്റെശേഷം സപ്തസാഗരങ്ങളോടുകൂടെ വേഗവതീജലത്തിലും സർവ്വതീർത്ഥങ്ങളോടുകൂടെ ഹേമപത്മിനീതീർത്ഥത്തിലും സ്നാനംചെയ്തു സന്തോഷപൂർവ്വം അവിടവിടെ പിതൃദേവതാതർപ്പണവും കഴിച്ച് വിഘ്നേശ്വരനേയും സ്കന്ദനേയും, പ്രണതേഷ്ടദായിനിയായ മീനാക്ഷീഭഗവതിയേയും, നമസ്കരിച്ച്, ഹാലാസ്യേശ്വരന്, ദേവാധിനാഥനായ മഘവാവിനാൽ സമർപ്പിതവും, വാരണസിംഹഗണനായകന്മാരാൽ ഉദ്ധൃതവും ആയ വിമാനദർശനവും ചെയ്തു അതിനുള്ളിൽകടന്നു ദ്വാരപാലന്മാരെ കൈവണങ്ങിയതിന്റെശേഷം ഹാലാഹലധരനും ഹാലാസ്യാധിപതിയും ശിവനും, ലിംഗമൂർത്തിധരനും, സച്ചിദാനന്ദരൂപിയും, ചിദാനന്ദാമൃതമയനും, വിശ്വലിംഗനും വിശ്വാലയനും ദയാസിന്ധുവും പഞ്ചാക്ഷരസ്വരൂപിയും ആയ സുന്ദരേശ്വരനെ ആലോകനംചെയ്ത്, അഞ്ജലിബദ്ധനും ആനന്ദപരവശനും, നിശ്ചലാംഗനും ആയിട്ട് അവാങ്മനസഗോചരമായ ചിദാനന്ദത്തെ അനുഭവിച്ചു. അനന്തരം ആനന്ദബാഷ്പപൂർണ്ണാക്ഷനും, പുളകാംഗകളേബരനും ആയിട്ട് ഏറ്റവും പുരാതനമായ പുരുഹൂതവിമാനത്തിൽ സ്ഥിതനായിരിക്കുന്ന ആ മീനാക്ഷീസഹായനെ ഭക്തിമയങ്ങളായ അനവധി മധുരഗേയങ്ങൾകൊണ്ട് സ്തുതിച്ചു. അതിന്റെശേഷം അദ്ദേഹത്തെ വിധിപ്രകാരം പൂജിക്കുകയും ധ്യാനിക്കുകയും മറ്റും ചെയ്തുംവച്ച്, അനുജ്ഞയുംവാങ്ങി വെളിയിൽ ഇറങ്ങിയപ്പോൾ, മുമ്പേകൂട്ടിയെ അവിടെവന്നുതാമസിക്കുന്ന ഭസ്മരുദ്രാക്ഷധാരിയും ശിവലിംഗാർച്ചകനും, സുന്ദരേശ്വരഭക്തനും ധർമ്മശീലനും, ശൈവാഗമസാരോപദേഷ്ടാവും മന്ത്രീശ്വരനായ കുലബന്ധുവിന്റെയും, പട്ടമഹിഷിയായ വനിതേശ്വരിയുടേയും ഗുരുഭൂതനും, വാഗീശൻ എന്നു പേരോടുകൂടിയവനും ആയ ശിവയോഗി അദ്ദേഹത്തെ കാണുകയാൽ അദ്ദേഹം മന്ത്രീന്ദ്രനോടും പട്ടമഹിഷിയോടുംകൂടെ ചെന്ന് ജ്ഞാനസംബന്ധനെ ക്ഷണിച്ച് അദ്ദേഹത്തിന്റെ മഠത്തിൽകൊണ്ടുപോയി. മന്ത്രീന്ദ്രന്റേയും രാജ്ഞിയുടേയും ആജ്ഞപ്രകാരം വേണ്ടതെല്ലാം ഉണ്ടാക്കിച്ചു ജ്ഞാനസംബന്ധനേയും, ശിഷ്യഗണങ്ങളേയും സല്ക്കരിച്ച്, അന്നുരാത്രിയിൽ അവിടെ താമസിപ്പിച്ചു. ജ്ഞാനസംബന്ധൻ, സല്ക്കാരങ്ങളെല്ലാം സ്വീകരിച്ച്, ശ[illegible]റോയും ധ്യാനിച്ചുകൊണ്ട് രാത്രിയിൽ ഉറക്കംതുടങ്ങിയപ്പോൾ മധുരാപട്ടണത്തിനു സമീപത്തിൽ ഉള്ള പർവ്വതങ്ങളിൽ അധിവാസംചെയ്യുന്ന ബൌദ്ധന്മാർ എല്ലാവരുംകൂടി ഒന്നുചേർന്ന്, ഛദ്മശാസ്ത്രങ്ങൾകൊണ്ട് വഴിപോലെയുള്ള ഒരു ഹോമംനടത്തി അഗ്നിയെ പ്രസാദിപ്പിച്ച്, ജ്ഞാനസംബന്ധനെ ദഹിപ്പിക്കാനായി അയച്ചു.

ബൌദ്ധാചാര്യന്മാരുടെ നിയോഗപ്രകാരം പുറപ്പെട്ട, അഗ്നി, ബൌദ്ധശിഷ്യന്മാരോടുകൂടെ പുറപ്പെട്ടു ജ്ഞാനസംബന്ധൻ താമസിക്കുന്ന മഠ

ത്തിന്റെ ചുററാകെ വളഞ്ഞു് ഉജ്ജ്വലിച്ചു് മഠം ദഹിപ്പിക്കുന്നതിന്നായി ഭാവിച്ചു. അഗ്നി ഏതെല്ലാംപ്രകാരത്തിൽ ഉജ്ജ്വലിച്ചിട്ടും അതിന്നു മഠത്തെ ദഹിപ്പിക്കുന്നതിന്നു സാധിക്കാതായി. ഉടനേ ബൌദ്ധാചാര്യന്മാർ മഠത്തിന്നു ചുററും കത്തിജ്ജ്വലിക്കുന്ന അഗ്നിയിൽനിന്നും ചൂട്ടുകൊളുത്തി മഠത്തിന്നുവച്ചു. ജ്ഞാനബന്ധുവാകട്ടെ അദ്ദേഹത്തിന്റെ ശിഷ്യന്മാരാകട്ടെ ഉറക്കംമൂലം ഈ വിവരങ്ങൾ ഒന്നും അറിഞ്ഞിട്ടില്ലെങ്കിലും സർവ്വജ്ഞനായ സുന്ദരേശ്വരൻ ഈ വിവരം അറിഞ്ഞു് മഠത്തിന്നുപററിയ അഗ്നിയെ നിർവ്വീര്യമാക്കി. അതുമൂലം അഗ്നി അത്യന്തംഭയങ്കരമായവിധത്തിൽ കത്തിജ്ജ്വലിച്ചുകൊണ്ടിരുന്നെങ്കിലും ഒരു തുരുമ്പിന്നുപോലും നാശമൊന്നും ഉണ്ടായില്ല. കുറേനേരം കഴിഞ്ഞപ്പോൾ ജ്ഞാനബന്ധുവിന്റെ ശിഷ്യന്മാർ ഉണർന്നു. അവർ മഠത്തിന്നുതീപററി എരിയുന്നതുകണ്ടു് അത്യന്തം സംഭ്രമത്തോടുകൂടെ ഓടിഎഴുനേററു് പോയി വിവരം, ജ്ഞാനസംബന്ധനെ അറിയിച്ചു. ഉടൻതന്നെ അദ്ദേഹം കിടക്കയിൽനിന്നും എഴുന്നേററിരുന്നു് ദ്രാവിഡശ്ലോകങ്ങളാൽ, സുന്ദരേശ്വരനെ സ്തുതിച്ചുകൊണ്ടു്, കുബ്ജപാണ്ഡ്യനെ പാവകൻ ജ്വരരൂപിയായി പ്രാപിക്കട്ടെ എന്നു ധ്യാനിച്ചു. വീണ്ടും അപ്രകാരം സംഭവിക്കണമെന്നു പ്രാർത്ഥിക്കുന്നതായ ഒരു ശ്ലോകംകൂടി പാടി. ഉടൻതന്നെ അഗ്നി അതിവേഗത്തിൽപോയി ജ്വരരൂപേണ കുബ്ജപാണ്ഡ്യനെ പ്രാപിച്ചു.

കുബ്ജപാണ്ഡ്യൻ ജ്വരപീഡകൊണ്ടു് അസഹ്യമായ വേദനയാൽ അക്രന്ദനംതുടങ്ങി. അദ്ദേഹം നിലത്തുവീണു് ഉരുളുകയും, പിരിയുകയും അസംബന്ധവചനങ്ങൾ പ്രലപിക്കുകയുംവ്യസനിക്കുകയും ചിരിക്കുകയും കരയുകയും മററുമായി പലചേഷ്ടകളും ബുദ്ധിഭ്രമക്കാരെപ്പോലെ കാണിച്ചു.

ബൌദ്ധന്മാർ അവരുടെ ശ്രമം ഫലിക്കാഞ്ഞതിനാൽ ബുദ്ധിക്ഷയത്തോടുകൂടെ മടങ്ങിപ്പോയി വിവരം നഗ്നാചാര്യന്മാരെ അറിയിച്ചു. അവർ അതുകേട്ടു്, അനന്തരകരണീയം എന്തെന്നുള്ള വിചാരത്തോടുകൂടെ വസിച്ചു. രാജാവു് ജ്വരപീഡിതനായിരിക്കുന്നു എന്നുള്ള വിവരം കാട്ടുതീപോലെ നാടടക്കം വ്യാപിക്കുകയാൽ, ആയുർവ്വേദപാരാവാരപാരംഗതന്മാരായ അനേകായിരംവൈദ്യന്മാർ എത്തി ചികിത്സതുടങ്ങി. ദോഷകോപം അറിയാതെയുള്ള അവരുടെ ഭേഷജപ്രയോഗംകൊണ്ടു യാതൊരുശാന്തിയും കിട്ടാതെ വന്നപ്പോൾ രാജാവു് അതൃപ്തനായി വൈദ്യന്മാരോടു് പൊയ്ക്കൊള്ളാൻ ആജ്ഞാപിക്കുകയും ഗോശൃംഗന്മാരായ വൈദ്യന്മാർ കല്പനയെ അദരിക്കുകയുംചെയ്തു. അനന്തരം അദ്ദേഹം മന്ത്രിയെ വരുത്തി അദ്ദേഹത്തിനോടു ക്ഷപണാചാര്യന്മാരെ വരുത്തി തന്റെ ജ്വരത്തിന്നു ശാന്തിയുണ്ടാക്കണമെന്നാജ്ഞാപിച്ചു. മന്ത്രി ഉടൻതന്നെ നഗ്നാചാര്യന്മാരെവരുത്തി അവരോടു രോഗം ശമിപ്പിക്കാൻ ആവശ്യപ്പെട്ടു. ഉടനെ ബുദ്ധമതാചാര്യന്മാർ യോഗംചേർന്നുവന്നു രാജാവിനെ പീലിസ്പർശിച്ചു, മന്ത്രം ധ്യാനിക്കുക

യും, കണ്ഡികാംബു ജപിച്ചു ശരീരത്തിൽ പ്രോക്ഷിക്കുകയുംചെയ്തു. രാജാവിന്ന് ജ്വരവും സന്താപവും അപ്പോൾമുതൽ പൂർവാധികം ഉജ്വലിച്ചു. തന്മൂലം പരിക്ലാന്തനായ രാജാവു നാഗാചാര്യന്മാരിലും വെറുപ്പോടുകൂടെഅവരെപൊയ്ക്കൊള്ളുന്നതിന്ന് ആജ്ഞാപിച്ചു. മനസ്താപത്തോടും ഇളിഭ്യത്തോടുംകൂടെ അവരും പിൻവാങ്ങി. രാജാവു് ജ്വരസന്താപത്താൽ മൂർഛിതനായി ഭൂമിയിൽ പതിച്ചു. ഉടനെ പട്ടമഹിഷിയായ വനിതേശ്വരിയും മന്ത്രിസത്തമനായ കുലബന്ധുവുംകൂടിച്ചെന്നു അദ്ദേഹത്തെ താങ്ങി ഇരുത്തിയുംകൊണ്ടു ഇപ്രകാരം പറഞ്ഞു.

"അല്ലയോ നൃപശ്രേഷ്ഠ! അവിടത്തെപ്രാണരക്ഷയ്ക്കും സന്താപശാന്തിക്കും ആയി ഞങ്ങൾ പറയുന്നതിനെ നിന്തിരുവടി കേൾക്കണം. ഇവിടെ ശിവയോഗിയുടെ മഠത്തിൽ ജ്ഞാനസംബന്ധൻ എന്ന പേരോടുകൂടെ വിശ്രുതനായ ഒരു ബാലൻ വന്നിട്ടുണ്ടു്. സുന്ദരേശഭക്താഗ്രണിയും ജ്ഞാനബുദ്ധിയും സർവജ്ഞനുംആയ അദ്ദേഹം സർവകാര്യസമർത്ഥനും സാധുവും ആണു്. അദ്ദേഹത്തെ വരുത്തി വിവരം പറഞ്ഞാൽ നിന്തിരുവടിയുടെ രോഗത്തിനു ശാന്തിവരുത്തിത്തരും. അതിനു യാതൊരു വ്യത്യാസവും വരുന്നതല്ലെന്നാണു് ഞങ്ങളുടെ ബലമായ വിശ്വാസവുംധൈര്യവും അവിടത്തേയ്ക്കു മനസ്സുണ്ടെങ്കിൽ അദ്ദേഹത്തെ വരുത്തി രോഗനിവൃത്തിയുണ്ടാക്കണം. അല്ലെങ്കിൽ അഭീഷ്ടംപോലെ ചെയ്തുകൊള്ളണം".

രാജാവു അതുകേട്ടു് പറഞ്ഞു:—അവനെക്കൊണ്ടു് ചികിത്സിപ്പിക്കുന്നതിന്നു് വിരോധമില്ല. ഭസ്മം എന്റെ ശരീരത്തിൽ തൊടീക്കാൻ പാടില്ല. . എനിക്കു ബുദ്ധസിദ്ധാന്തങ്ങളിൽ ഉള്ള വിശ്വാസംമൂലം ഭസ്മം എന്നു വിചാരിക്കുന്നതുപോലും ദുസ്സഹമാണു്."

പൂർവാർജ്ജിതപാപത്തിന്റെ ശക്തികൊണ്ടു രാജാവുപറഞ്ഞ ഈ വാക്കുകൾ കേട്ടു്, അവർ അദ്ദേഹത്തിനോടു് ഇത്ര ശ്രദ്ധവും വേദസമ്മതവും ആയ ഒരു പാവനവസ്തു വേറെയില്ല. മൂഢശിരോമണികളായ ബൗദ്ധന്മാരുടെ അസംബന്ധപ്രലാപങ്ങൾ പ്രമാണങ്ങളായി അംഗീകരിച്ചുംകൊണ്ടു് അങ്ങു് ഇങ്ങനെ അഭിപ്രായം പറയുന്നതു് ഒട്ടും ശരിയല്ല. അവിടത്തേയ്ക്കു ഐശ്വര്യവും സമാധാനവും അവസാനത്തിങ്കൽആത്മാവിന്നു് ശാന്തിയും ഉണ്ടാകുന്നതിനായി അവിടുത്തെപൂർവന്മാർഅനുഷ്ഠിച്ചുവന്നതുപോലെ അവിടുന്നും, ഭസ്മരുദ്രാക്ഷാദികളെ വിധിവൽ ധരിക്കുകയും, രുദ്രപൂജയെ ചെയ്യുകയും ചെയ്യണം. അതുകൊണ്ടുതന്നെ അവിടത്തേക്കു രോഗശാന്തിയും ഉണ്ടാകും. ഭസ്മരുദ്രാക്ഷാദികളേയും രുദ്രസേവയേയും ത്യജിക്കുന്നവന്നു് ഇഹത്തിൽ സൌഖ്യമുണ്ടാവുകയില്ലെന്നു മാത്രമല്ല പരത്തിൽ, നരകദുഃഖം അനുഭവിക്കേണ്ടിയുംവരും. ഞങ്ങൾ ഇങ്ങനെ പറയുന്നതിൽ അങ്ങേയ്ക്കു വിശ്വാസം ഇല്ലെങ്കിൽ, അതിനു ഞങ്ങൾ വേറെ ഒരു

വഴിപറയാം. അതു മററൊന്നും അല്ല. അവിടുന്നു്, വൈദികപ്രമാണികളേയും, നഗ്നാചാൎയ്യന്മാരേയും വരുത്തി ഇരുകക്ഷികളോടും അവിടത്തെ രോഗശാന്തിയെച്ചെയ്യ്വാൻ ആവശ്യപ്പെടണം. അവരിൽ ആരു് നിന്തിരുവടിയുടെ രോഗശാന്തിവരുത്തുന്നുവോ അവരെ അഞ്ഞു ഗുരുവാക്കിവരിച്ചു് അവരുടെ മതത്തെ സാദരം സ്വീകരിക്കണം. രാജാവു് അപ്രകാരം സമ്മതിച്ചു. അനന്തരം അവർ നഗ്നാചാൎയ്യന്മാൎക്കു് ആളയച്ചുവെച്ചു് അവർതന്നെ ശിവയോഗിയുടെ മഠത്തിൽപോയി ജ്ഞാനസംബന്ധനെവന്ദിച്ചു് വിവരങ്ങൾ അദ്ദേഹത്തിനോടു പറഞ്ഞു, ശിഷ്യസമേതം അദ്ദേഹത്തേയും കൊണ്ടു് അതിവേഗത്തിൽ രാജസന്നിധിയിൽ പ്രവേശിച്ചു. പതിനാറായിരം ശിഷ്യഗണങ്ങളോടുകൂടെയുള്ള അതിബാലനായ ജ്ഞാനയോഗിയുടെ ആഗമനത്തെ അന്തമില്ലാതെയുള്ള ഭൂതഗണങ്ങളാൽ സംസേവ്യനായ സാക്ഷാൽ അന്തകാന്തകനായ പരമശിവന്റെ ആഗമനമോ എന്നു് കാഴ്ചക്കാർ ശങ്കിച്ചു. അപ്പോഴേയ്ക്കു് അഷ്ടസഹസ്രം നഗ്നാചാൎയ്യന്മാരും എത്തി വട്ടംചുററി ആസനസ്ഥരായി. ജ്ഞാനബന്ധു അവരുടെ മദ്ധ്യത്തിൽ ഉണ്ടായിരുന്ന ഒരു ആസനത്തിൽ ചെന്നിരുന്നു. സ്വഭാവേന ശാന്തനാണെങ്കിലും സുന്ദരേശ്വരസ്മരണയോടുകൂടിയ അദ്ദേഹം, മദയാനക്കൂട്ടത്തിലെ സിംഹക്കുട്ടിയെപ്പോലെ തേജോവിലാസത്താലും പ്രാഭവപ്രൌഢികൊണ്ടും, ഗാംഭീൎയ്യംകൊണ്ടും ശോഭിച്ചു. എങ്കിലും, ആ കൂട്ടത്തിൽ ക്ഷുദ്രകൎമ്മനിപുണന്മാരും മാന്ത്രികന്മാരും കഠോരകൎമ്മികളും, സുപ്രസിദ്ധവാഗ്മികളും ആയ ഒട്ടനേകബൗദ്ധാചാൎയ്യന്മാരുടെ വിക്രമങ്ങളേയും അവരുടെമേൽ രാജാവിനുള്ള സ്വഭാവികമായ ദാക്ഷിണ്യത്തേയും, ബാലനും, നിസ്സഹായിയും, ഏകനും ആയ ജ്ഞാനബന്ധുവിന്റെ സ്ഥിതികളേയും പററി ആലോചിച്ചുതുടങ്ങിയപ്പോൾ, മന്ത്രിസത്തമനും പട്ടമഹിഷിക്കും വലിയ വലിയ സംശയങ്ങളും ഭയവും വ്യസനവും ഇടവിടാതെ ഉണ്ടായിക്കൊണ്ടിരുന്നു. പരോഗിതജ്ഞനും, *ദീൎഘദർശിയും, ജ്ഞാനാംഭോധിയും ആയ ജ്ഞാനബന്ധു അവരുടെ മുഖഭാവങ്ങൾ നോക്കി, കാൎയ്യം മനസ്സിലാക്കീട്ടു് അവരെ വിളിച്ചു സുന്ദരേശ്വരസ്മരണയോടുകൂടെ ഇങ്ങനെ പറഞ്ഞു:—

"നിങ്ങൾ ഒട്ടും സംശയിക്കേണ്ട. ഞാൻ തോല്പിച്ചോടിച്ചേക്കാം. രാജാവിന്റെ ജ്വരവും ശമിപ്പിക്കാം. അവൎക്കു ഒരുപ്രകാരേണയും ഹാലാസ്യേശ്വരപ്രഭാവംകൊണ്ടു് എന്നെ ജയിക്കാൻ സാധിക്കുകയില്ല. നിങ്ങൾ ഒന്നുകൊണ്ടും ഭയപ്പെടേണ്ടെന്നു് നിങ്ങളോടുപറയാൻ എന്റെ ഉള്ളിൽവാഴുന്ന ഈശ്വരൻ എനിക്കു ധൈൎയ്യംതരുന്നു."

മന്ത്രിയും പട്ടമഹിഷിയും ജ്ഞാനസംബന്ധന്റെ ധൈൎയ്യംകേട്ടു വളരെ വളരെ സമാധാനപ്പെട്ടു. ഉടൻതന്നെ അവിടെ ഉണ്ടായിരുന്ന ബൌദ്ധാചാൎയ്യന്മാർ എല്ലാവരുംകൂടി എഴുനേററു് രാജാവിന്റേയും മന്ത്രിമാരുടെയും മുമ്പിൽ ചെന്നുനിന്നുംകൊണ്ടു്, മഹാരാജാവിന്റെ ദക്ഷിണഭാഗത്തെ

ജ്വരസന്താപം ജ്ഞാനസംബന്ധബാലൻ തീർക്കണം. വാമഭാഗത്തെ ജ്വരതാപം ഞങ്ങൾ തീർക്കാം. ഞങ്ങളിൽ ആർക്കാണു് സാമർത്ഥ്യം എന്നു നിങ്ങൾക്കു അപ്പോൾ കാണാം എന്നു പറഞ്ഞു. ജ്ഞാനസംബന്ധബാലയോഗി അതിനെ സമ്മതിച്ചു. രാജാവിനു് ശിവഭക്തനും ഭസ്മരുദ്രാക്ഷധാരിയും ആയ ജ്ഞാനസംബന്ധനെ സ്പർശിക്കുന്നതിനു് വലിയ വെറുപ്പുതോന്നിയെങ്കിലും, പൂർവ്വപുണ്യവൈഭവത്താൽ അപ്രകാരം സമ്മതിച്ചു. അതുകണ്ടു് മന്ത്രിയും പട്ടമഹിഷിയും ഏററവും സന്തോഷിച്ചു. അതിന്റെശേഷം ജ്ഞാനസംബന്ധൻ അദ്ദേഹത്തിന്റെ ഭസ്മസഞ്ചിയിൽനിന്നും ഭസ്മംവാരി മീനാക്ഷീസുന്ദരേശ്വരസ്മരണയോടുകൂടെ ജ്വരപീഡിതനായ കുബ്ജപാണ്ഡ്യന്റെ ദക്ഷിണഭാഗത്തിൽ പൂശാനായിഭാവിച്ചപ്പോൾ, ബൌദ്ധന്മാർ ചാടിഎഴുന്നേററു്, ജ്ഞാനസംബന്ധന്റെ കയ്യു് പിടിച്ചുംകൊണ്ടു് ഇങ്ങനെ പറഞ്ഞു:—

"നില്ക്കുക! അതിനു വരട്ടെ! ഞങ്ങളെ അത്ര ഭോഷന്മാർ ആക്കേണ്ട. ഔഷധഭസ്മലേപനംകൊണ്ടു ജ്വരസന്താപം തീർക്കാൻ ആർക്കും ആകുന്നതാണു്. അതു പാടില്ല. നിങ്ങളുടെ മതവിശ്വാസംകൊണ്ടു് ജ്വരംതീർക്കണം. അതിനുതക്ക മന്ത്രശക്തി ഇല്ലെങ്കിൽ ഈ സദസ്സിൽവച്ചു് സാധിക്കാത്തകാര്യം എന്തിനു ഏററു. അതല്ലാ, കേവലം ഭസ്മംകൊണ്ടുതന്നെ ജ്വരംതീർക്കാമെന്നു ധൈര്യമുണ്ടെങ്കിൽ വേറെ ഭസ്മം ലേപനംചെയ്തുതീർത്തു കാണിച്ചുതന്നാൽ ഞങ്ങൾ വിശ്വസിച്ചുകൊള്ളാം. നിന്റെ കൈവശമുള്ള ഭസ്മം ഔഷധയുക്തമാണെന്നുള്ളതിനു യാതൊരു സംശയവും ഇല്ല."

ജ്ഞാനസംബന്ധൻ അതുകേട്ടു പറഞ്ഞു:—

"അല്ലയോ ദൈവദ്വേഷികളായ ക്ഷപണന്മാരെ! രാജാവിന്റെ ജ്വരം തീർക്കുന്നതിനു എന്റെ കൈവശം ഉള്ള ഭസ്മംതന്നെ ലേപനംചെയ്യണമെന്നില്ല. ഹാലാസ്യക്ഷേത്രത്തിലെ അടുപ്പിൽനിന്നും ഭസ്മംവാരിക്കൊണ്ടുവന്നാൽ ആ ഭസ്മംകൊണ്ടു്, ഞാൻ ജ്വരംതീർത്തുതരാം."

ബൌദ്ധന്മാർ അതുകേട്ടു്, ഭസ്മം എന്നവാക്കു കേൾക്കുകകൂടി പാപമാണു്. അപ്പോൾ ഞങ്ങൾ ഭസ്മത്തെപ്പററി മനസ്സിൽ വിചാരിക്കുകയൊ തൊടുകയൊ ചെയ്യുന്നതു് എങ്ങനെയാണു്. ഭസ്മത്തെപ്പററി ബഹുമാനം നിങ്ങളെപ്പോലെയുള്ള മൂഢന്മാർക്കല്ലാതെ പരമാർത്ഥജ്ഞാനികളിൽ ആർക്കും ഉണ്ടാകുന്നതല്ല. അങ്ങനെയിരിക്കെ ഞങ്ങളിൽ ആരെക്കൊണ്ടും വാരിക്കൊണ്ടു വരാൻ ഒക്കുകയില്ല. നിന്റെ ഭൃത്യന്മാരൊ ശിഷ്യന്മാരൊ പോയി കൊണ്ടുവന്നാൽ അവർ ഭസ്മത്തിൽ ഔഷധംചേർക്കും. അതുകൊണ്ടു അവരേയും അയക്കാൻ പാടില്ല.

ജ്ഞാനസംബന്ധൻ അതുകേട്ട്, എന്നാൽ നിങ്ങൾക്കു ഇഷ്ടമുള്ള വരെ അയക്കണം. എനിക്കു ആരെ അയച്ചുവാരിക്കുന്നതിലും വിരോധം ഇല്ല. ഹാലാസ്യക്ഷേത്രത്തിലെ ഭസ്മം കിട്ടണം, അത്രെയുള്ളു. ക്ഷപണന്മാർ അതു കേട്ട് ,എന്നാൽ രാജകിങ്കരന്മാരെ അയച്ചു ഭസ്മം വാരിക്കാം എന്നു പറഞ്ഞു. ജ്ഞാനസംബന്ധൻ അതു സമ്മതിച്ചു. ഉടൻതന്നെ ക്ഷപണന്മാർ വിശ്വസ്തന്മാരായ ചില രാജകിങ്കരന്മാരെ അയച്ച് അവരെക്കൊണ്ട്, ഹാലാസ്യക്ഷേത്രത്തിലെ തിടപ്പള്ളിയിൽ നിന്നും ഭസ്മം വാരിക്കൊണ്ടുവരുവിച്ച് ജ്ഞാനസംബന്ധന്റെ കയ്യിൽ കൊടുത്തു. അദ്ദേഹം ഭസ്മം വാങ്ങി സുന്ദരേശ്വരനെ ധ്യാനിച്ചുകൊണ്ട് ആ ഭസ്മംശൈവതേജസ്സാണെന്നുള്ള ഭാവനയോടും, പഞ്ചാക്ഷരനാമജപത്തോടുംകൂടെ സ്തുതിമയമായ ശ്ലോകവും ചൊല്ലി ശ്രീഭവപ്രസാദമായ ഈ ഭസ്മത്തെ പാപിയായരാജാവിന്റെ ശരീരത്തിൽ ഞാൻ എങ്ങനെയാണു ലേപനം ചെയ്യുക. പാപിയെ തൊടുന്നതും പാപമാണല്ലോ. എങ്കിലും സുന്ദരേശഭാവനാദാർഢ്യംകൊണ്ട് പാപശങ്കകൂടാതെ ദുസ്സർശനം ചെയ്യുകയേയുള്ളു. എന്നിങ്ങനെ ആലോചിച്ചുംകൊണ്ടുരാജാവിന്റെ ദക്ഷിണഭാഗത്തിൽ ലേപനംചെയ്തു. ഉടൻതന്നെ ദക്ഷിണഭാഗത്തിലെ ജ്വരം മാറി. ആ വശത്തെ സന്താപംകൂടെ വാമഭാഗത്തിൽവർദ്ധിച്ചു. രണ്ടുവശത്തെ ജ്വരവുംകൂടി ഒരു വശത്തായപ്പോൾരാജാവിന്റെ പാരവശ്യം പഴേതിൽ ഇരട്ടിച്ചു.

ഉടൻതന്നെ അദ്ദേഹം, നഗ്നന്മാരോടു അവർ ഏറ്റതുപോലെ ഇടത്തുഭാഗത്തെ ജ്വരം മാറുന്നതിനു പറഞ്ഞു. അവർ ഇടത്തുഭാഗത്തുപിഞ്ഛം തൊട്ടു വളരെനേരം ജപിച്ചു. ജ്വരം ജപിക്കുംതോറും വർദ്ധിച്ചതല്ലാതെ ശമിച്ചില്ല. അനന്തരം അവർ കമണ്ഡല്വംബു ജപിച്ചു തളിച്ചു. എന്നിട്ടും ജ്വരം കുറഞ്ഞില്ലെന്നു മാത്രമല്ല പൂർവാധികം ഉഗ്രമായിവർദ്ധിച്ച്, പിഞ്ഛികാഗ്രങ്ങൾ കരിയുകയും ചെയ്തു തന്മൂലംഉജ്ജ്വലിതസന്താപനായ രാജാവ് ക്ഷപണന്മാരെ ഏറ്റവും ദ്വേഷിച്ചു. നഗ്നന്മാർ അതുകേട്ട് ദക്ഷിണഭാഗം അമൃതഭാഗമാണ്. ആ വശത്തെ രോഗം ശമിപ്പിക്കുന്നതിന് ആരെക്കൊണ്ടും കഴിയും. വാമഭാഗത്തെ രോഗം ശമിപ്പിക്കുന്നതിന് അതുപോലെ എളുപ്പമല്ല. അതുകൊണ്ടാണ് ആ വശത്തെരോഗം വാശിയാകാത്തത്. അമൃതഭാഗമായദക്ഷിണഭാഗത്തെ രോഗംശമിപ്പിച്ചതിൽ ഈ വൈദികനെ അത്ര ബഹുമാനിക്കാനും ഇല്ല. വിഷഭാഗമായ വാമഭാഗത്തെ ജ്വരംകൂടി ഇവൻ ശമിപ്പിക്കാമെങ്കിൽ ഇവനെ അതിസമർത്ഥനെന്നും യോഗ്യനെന്നും ഞങ്ങൾ സമ്മതിക്കാം.

കുബ്ജപാണ്ഡ്യൻ അതുകേട്ടു, ജ്ഞാനസംബന്ധനെ നോക്കി, അല്ലയോ ദയാനിധേ! സ്വാമിൻ! അങ്ങ് സാക്ഷാൽ ഈശ്വരൻതന്നെയെന്നുള്ളതിന് യാതൊരു സംശയവുമില്ല. അങ്ങ് എന്റെ വാമഭാഗത്തിൽ ഉള്ള ജ്വരംകൂടി തീർത്തു സന്താപശാന്തിയുണ്ടാക്കിത്തരണം എന്നു പ്രാർത്ഥിച്ചു.

ജ്ഞാനസംബന്ധൻ അതുകേട്ട് അങ്ങു ഭയപ്പെടേണ്ട. അങ്ങേ ജ്വരതാപംമുഴുവനും ഞാൻ ഇപ്പോൾതന്നെ തീൎക്കാം. എന്നിങ്ങനെ പറഞ്ഞിട്ട് തന്റെ കൈവശമുണ്ടായിരുന്ന ബാക്കി ഭസ്മംകൊണ്ട് രാജാവിന്റെ വാമഭാഗത്തിൽ തലോടി വാമഭാഗത്തെ ജ്വരവുംതീൎത്തു. രാജാവിന് കായബലവും, സന്തോഷവും, സൌഖ്യവും പൂൎവ്വാധികം വൎദ്ധിച്ചു. അദ്ദേഹം തന്റെ മന്ത്രിസത്തമനേയും പട്ടമഹിഷിയേയും ഏററവും പ്രശംസിച്ചു. അനന്തരം ജ്ഞാനസംബന്ധന്റെ കാല്ക്കൽവീണ സാഷ്ടാംഗനമസ്കാരംചെയ്തിട്ട് ഇങ്ങനെ പറഞ്ഞു:—

അല്ലയോ സ്വാമിൻ! ജ്ഞാനസംബന്ധ! ജഗൽഗുരോ! അവിടുന്ന് പ്രായംകൊണ്ടല്ലാതെ ജ്ഞാനംകൊണ്ടും ഭക്തികൊണ്ടും ഒരിക്കലും ബാലനല്ല. തത്വജ്ഞാനിയും സാക്ഷാൽ പരമശിവഭക്തനുമായ നിന്തിരുവടിക്കുതുല്യം നിന്തിരുവടിയല്ലാതെ ആരും ഇല്ല. അങ്ങയുടെ മുഖദർശനംകൊണ്ടും കരസ്പൎശനംകൊണ്ടും എന്റെ സമസ്തപാപവും അസ്തമിതമായി. എനിക്കു ജ്ഞാനം ഉദിച്ചു. ഞാൻ നിന്തിരുവടിയെ സാക്ഷാൽ പരമശിവൻഎന്നുതന്നെ വിചാരിക്കുന്നു. മൂഢനായ ഞാൻ അറിവുകൂടാതെ നഗ്നസിദ്ധാന്തങ്ങളെ ആശ്രയിച്ചതു ഹേതുവായിട്ട്, ഏററവും ഹതനായി. ആ പാപപങ്കംകൊണ്ട് മലിനനായ എന്നെ നിന്തിരുവടി രക്ഷിക്കണം.

പൂൎവ്വപുണ്യപരിപാകത്താൽ ഇപ്രകാരം പ്രാൎത്ഥിക്കുന്ന രാജാവിനെ ജ്ഞാനപൂൎണ്ണനും ജ്ഞാനവിജ്ഞാനസൽഗുരുവും, ആയ ജ്ഞാനസംബന്ധൻ ചാക്ഷുഷിവിദ്യകൊണ്ടും, ഭസ്മലേപനംകൊണ്ടും, കുബ്ജതയെ നീക്കി ഏററവും സുന്ദരനാക്കി പഞ്ചാക്ഷരോപദേശംകൊടുക്കുകയും, പൂജിക്കുന്നതിനു ശിവലിംഗംകൊടുത്തു പൂജാക്രമോപദേശവുംചെയ്തു. അനന്തരം അതേവരെയും ജ്വരപീഡിതനും കുബ്ജതകൊണ്ട് വികൃതനുമായിരുന്ന കുബ്ജപാണ്ഡ്യൻ ജ്ഞാനസംബന്ധന്റെ കടാക്ഷവീക്ഷണവും ഭസ്മലേപനവുംകൊണ്ട്, ജ്വരസന്താപവിഗതനും പൂൎവ്വാധികം ആരോഗ്യദൃഢഗാത്രനും അതേവരെയും ഉണ്ടായിരുന്ന കൂനതീൎന്ന് സൌന്ദൎയ്യവാനും ആയിത്തീൎന്നപ്പോൾ അദ്ദേഹം രാജാവിനെനോക്കി, കൂനമൂലം ഇതേവരെയുംനിന്നെ എല്ലാവരും കുബ്ജപാണ്ഡ്യൻ എന്നാണല്ലോ വിളിച്ചുവന്നതു; ഇന്നുമുതൽ അതിദീപ്തിമത്തായ സൌന്ദൎയ്യതേജസ്സോടുകൂടിയ നിന്നെ എല്ലാവരും സുന്ദരപാണ്ഡ്യൻ എന്നു വിളിക്കും. നിനക്ക് ഞാൻ സുന്ദരപാണ്ഡ്യൻഎന്നു പേരിട്ടിരിക്കുന്നു എന്നുപറഞ്ഞു. അന്നുമുതൽക്കാണ് കുബ്ജപാണ്ഡ്യൻ സുന്ദരപാണ്ഡ്യൻ എന്നു പ്രഖ്യാതനായതു്.

ജനനംമുതൽക്കു ഉണ്ടായിരുന്ന തന്റെ കുബ്ജതയെ തീൎത്തുമൂലം, അപാരസന്തുഷ്ടനും അത്യാശ്ചൎയ്യഭരിതനും ആയ രാജാവു്, ഇതില്പരമി

ല്ലാത്ത ഭക്തിയോടുകൂടെ ജ്ഞാനപൂൎണ്ണനെ ഭദ്രാസനത്തിൽ ഇരുത്തി സാക്ഷാൽ സുന്ദരേശ്വരൻതന്നെയെന്നുള്ള മനോഭാവനയോടുകൂടെ വഴിയാംവണ്ണം പൂജിച്ചു്, വിശേഷവസ്ത്രങ്ങളും ആഭരണങ്ങളുംകൊണ്ടു്, അദ്ദേഹത്തെ അണിയിച്ചു്, ഛത്രചാമരാദികളായ അലങ്കാരസാധനങ്ങളോടും വാദ്യഘോഷങ്ങളോടുംകൂടെ വിമാനത്തിൽ കയററി പുരപ്രദക്ഷിണം ചെയ്യിപ്പിച്ചു്, ശിഷ്യന്മാരോടുകൂടെ ഒരു മഠത്തിൽ താമസിപ്പിച്ചു. സുന്ദരപാണ്ഡ്യൻ തിച്ചു രാജധാനിയിൽ വന്നു്, രാജരാജനെക്കാൾ വലിയ ഐശ്വൎയ്യത്തോടും ദേവേന്ദ്രനെക്കാൾ കൂടിയ പ്രതാപത്തോടുംകൂടെ രാജ്യം ഭരിച്ചു.

ജ്ഞാനസംബന്ധൻ, ഹാലാസ്യനാഥനേയും മീനാക്ഷീഭഗവതിയേയും അനുദിനവും ഭക്തിപൂൎവ്വം സേവിക്കുകയും, നവ്യങ്ങളായ ഗേയങ്ങൾ നിൎമ്മിച്ചു് അവയെ ഭജിക്കുകയും ചെയ്തും, എല്ലാവരാലും ഒന്നുപോലെ സ്തൂയമാനൻ ആയും ചിരകാലം അവിടെ നിവസിച്ചു.

പരാജിതന്മാരും, രാജാവിനാൽ തിരസ്കൃതന്മാരും തന്മൂലം ലജ്ജിതന്മാരും ആയ നഗ്നന്മാർ ആരോടും യാത്രപോലും ചോദിക്കാതെ അവരുടെ വാസസ്ഥലങ്ങളായ പൎവ്വതങ്ങളിലേക്കുപോയി. അതിൽപിന്നെ നഗ്നസിദ്ധാന്തങ്ങളെ പാണ്ഡ്യരാജ്യവാസികളിൽ ആരും ആദരിച്ചില്ലെന്നു മാത്രമല്ല അതേവരെയും ആചരിച്ചുവന്നവർ അവയെ ത്യജിക്കുകയും നഗ്നസിദ്ധാന്തങ്ങളെപ്പററി മധുരാപുരവാസികൾക്കു് ഇതിൽപരമില്ലാത്ത അവജ്ഞ ഉദിക്കുകയും ചെയ്തു.

സുന്ദരപാണ്ഡ്യനും അദ്ദേഹത്തിന്റെ പ്രജകൾക്കും ശൈവമതത്തിലും ശൈവാഗമങ്ങളിലും ഏററവും വിശ്വാസവും ഭക്തിയും വൎദ്ധിച്ചു. പഴയപോലെ എല്ലാവരും മീനാക്ഷീസുന്ദരേശ്വരഭക്തന്മാരായും ഭവിച്ചു. പട്ടമഹിഷിക്കും മന്ത്രീന്ദ്രനും അത്യധികമായ സന്തോഷവും ഉണ്ടായി. അവർ ഹാലാസ്യേശ്വരനു് അനവധി വസ്തുക്കൾ കാണിക്കയായി സമൎപ്പിച്ചു. മധുരാപുരവാസികളും പ്രജകളും അനവധി നേൎച്ചകൾ ചെയ്തു. സുന്ദരപാണ്ഡ്യനും സുന്ദരേശ്വരനിൽ അത്യന്തം ഭക്തിയോടുകൂടെ അനവധി ആഭരണങ്ങളും കാഞ്ചനപീഠവും, ഛത്രചാമരാദികളും, വൃഷഭാദിവാഹനങ്ങളും കൃഷിസ്ഥലങ്ങളും കാണിക്കയായി സമൎപ്പിച്ചു.

ഇങ്ങനെ ജ്വരവും, കുബ്ജത്വവും, കൗപണത്വവും ജ്ഞാനസംബന്ധസാമീപ്യംകൊണ്ടു് ഇല്ലാതായി, പരമേശ്വരപാദഭക്തിയും, സൌന്ദൎയ്യവും ഐശ്വൎയ്യവും സിദ്ധിച്ച സുന്ദരപാണ്ഡ്യൻ ശങ്കരീശങ്കരപാദങ്ങളും സ്മരിച്ചു് ജനസങ്കടങ്ങളും ശമിപ്പിച്ചു് അനവധികാലം രാജ്യം ഭരിച്ചു.

സുന്ദരേശ്വരന്റെ അപാരമഹിമയോടുകൂടിയ ഈ അറുപത്തിരണ്ടാമത്തെ ലീലയെ പഠിക്കുകയോ കേൾക്കുകയോ ചെയ്യുന്നവൎക്കു് ഇഹത്തിലും

പാരത്തിലും ഒന്നുപോലെ സുന്ദരേശ്വരപ്രസാദത്താൽ, ആയുരാരോഗ്യവും ഐശ്വര്യവും പരഗതിയും സംഭവിക്കുന്നതാണ്.

൬൨-ാം ലീല സമാപ്തം.

---

# ഹാലാസ്യമാഹാത്മ്യം

കേരളഭാഷാഗദ്യം.

൬൪-ാം അദ്ധ്യായം.

## ജ്ഞാനസംബന്ധനെക്കൊണ്ട് നഗ്നന്മാരെ ശൂലത്തിൽഇടുവിച്ച ൬൩-ാം ലീല.

---

പണ്ടും അഗസ്ത്യൻ വസിഷ്ഠാദികളെ നോക്കി ഇങ്ങനെ പറഞ്ഞു:—

"അല്ലയോ മഹർഷീശ്വരന്മാരേ! ഇനി നിങ്ങൾ, ഭൂതേശ്വരനായ ഹാലാസ്യനാഥൻ ജ്ഞാനപൂർണ്ണനെക്കൊണ്ട്, നഗ്നന്മാരെ ശൂലാധിരോഹണം ചെയ്യിച്ച അദ്ദേഹത്തിന്റെ അറുപത്തിമൂന്നാമത്തെ ലീലയെ കേട്ടുകൊള്ളുവിൻ.

ഈ കാലത്തിൽ ഒരിക്കൽ, മന്ത്രീന്ദ്രനായ കുലബന്ധുവും പട്ടമഹിഷിയായ വനിതേശ്വരിയുംകൂടെ ജ്ഞാനപൂർണ്ണന്റെ സന്നിധാനത്തിൽപോയി ഭക്തിപൂർവം അദ്ദേഹത്തെ വേണ്ട അർച്ചാരോപചാരാദികൾചെയ്ത് പ്രസാദിപ്പിച്ചതിന്റെ ശേഷം രഹസ്യത്തിൽ ഇങ്ങനെ അപേക്ഷിച്ചു:—

അല്ലയോ ശ്രീജ്ഞാനപൂർണ്ണസംബന്ധ! ശ്രീമദ്വൈദികവാരണ! വൈദികമതസ്ഥാപനത്തിനും വൈദികമതവിരോധികളായ നഗ്നന്മാരെ ശിക്ഷിച്ച്, ധർമ്മസ്ഥാപനം ചെയ്യുന്നതിനും ആയി ശിവാനുഗ്രഹംകൊണ്ട് ബാലവിഗ്രഹംധരിച്ച് പ്രത്യക്ഷനായിരിക്കുന്നമഹാനുഭാവനായനിന്തിരുവടി അവിടത്തെ കാരുണ്യലേശത്താൽ ഞങ്ങളേയും പാണ്ഡ്യരാജാവിനേയും അവിടത്തെ ഭക്തശിരോമണികളായ മററു പാണ്ഡ്യരാജ്യവാസികളേയും രക്ഷിക്കുന്നതിനായി ഇവിടെ ആഗതനാവുകയും, അപ്രകാരം എല്ലാം ചെയ്യുകയുംചെയ്തു. എങ്കിലും, ഇപ്പോൾ, ഈ രാജ്യം മുഴുവനും നഗ്നന്മാരെക്കൊണ്ടും അവരുടെ മതോപദേശങ്ങളെക്കൊണ്ടും മൂടപ്പെട്ടുപോയിരിക്കുന്നു. അവർ ശിവമതത്തെ അധഃപതിപ്പിച്ച് ബുദ്ധമതത്തെ പ്രചരിപ്പിക്കുന്നതിനായി രാപ്പകൽ ശ്രമിക്കുന്നു. ബുദ്ധമതത്തിൽ ജനങ്ങളെ വിശ്വ

സിപ്പിക്കുന്നതിനായി ശ്രമിച്ചുവരുന്നവരും സ്തംഭവശ്യാകർഷണാദികളായ ക്ഷുദ്രകർമ്മങ്ങളിൽ സമർത്ഥന്മാരും ആയി ഈ രാജ്യത്തിൽ എണ്ണായിരം നഗ്നന്മാർ സഞ്ചരിക്കുന്നുണ്ട്. അവർ കാലതാമസംവിനാ പാണ്ഡ്യരാജ്യവാസികളെ അവരുടെമതക്കുണ്ടിൽ ചാടിച്ചുപകടപ്പെടുത്തുമെന്നാണ് ഞങ്ങൾക്കു തോന്നുന്നതു്. അതുകൊണ്ട് നിന്തിരുവടി അവരെ മുഴുവനും ഈ രാജ്യത്തിൽനിന്നും നിഷ്കാസിപ്പിച്ചോ ശിക്ഷിപ്പിച്ചോ നശിപ്പിച്ചതിനുശേഷമേ ഇവിടെനിന്നും പോകാവൂ. രാജാക്കന്മാർ സ്വഭാവേന സ്വചരന്ദചാരികൾ ആണ്. അവർ എല്ലാക്കാലവും ഒന്നുപോലെ ഇരിക്കുമെന്നു വിശ്വസിക്കാൻ പാടില്ല. ഇപ്പോൾ രാജാവിനു ബൌദ്ധന്മാരിൽ വിശ്വാസം കുറഞ്ഞിട്ടുണ്ടെങ്കിലും, അവർവന്ന്, വാചാലതയോടുകൂടെ കുറെയൊക്കെ പ്രസംഗിക്കുമ്പോൾ അദ്ദേഹത്തിൻെറ ഈ പ്രകൃതം എല്ലാം മാറി പഴയപോലെ നഗ്നമതാഭിനിവേശനായിത്തീരും. അവർ അതിനുതക്ക സമർത്ഥന്മാരും ആണ്. അവരെപ്പോലെ ഘൃണാരഹിതബുദ്ധികളും, വശ്യാകർഷണവിദ്വേഷസ്തംഭനോച്ചാടനാദി ദുഷ്കർമ്മങ്ങളിൽ അതിപ്രവീണന്മാരും, ആയ ആളുകൾ ഈ ലോകത്തിൽ ഇതേവരെയും ആരും ഉണ്ടായിട്ടില്ല. അവരുടെ കാര്യംവിചാരിക്കുന്നതുപോലും ഭയാവഹമാണ്. അവൎക്ക ആരേയും അവരുടെ വശത്താക്കുന്നതിനു യാതൊരു പ്രയാസവും ഇല്ല. ഞങ്ങൾക്കു സഹായികളായി ഇവിടെ ആരുംതന്നെ ഇല്ല. വല്ലവരും ഉണ്ടായാലും അവർ നഗ്നന്മാരെ കാണുമ്പോൾ ഒളിച്ചുപോകും. അതുകൊണ്ട് ഞങ്ങളുടെയും മററു ശിവഭക്തന്മാരുടേയും രക്ഷയ്ക്കുവേണ്ടി ഞങ്ങളുടെപ്രാർത്ഥനപ്രകാരം നിന്തിരുവടി ഒരു കൊല്ലമെങ്കിലും ഇവിടെ താമസിക്കണം.

പട്ടമഹിഷിയുടെയും മന്ത്രീന്ദ്രൻെറയും മേൽപ്രകാരമുള്ള അപേക്ഷയ്ക്കു, ജ്ഞാനസംബന്ധൻ ശിവസ്മരണയോടുകൂടെ ഇപ്രകാരം മറുപടി പറഞ്ഞു:

അല്ലയോ ഭക്തശിരോമണികളേ! നിങ്ങൾ ഒട്ടും ഭയപ്പെടേണ്ട. സുന്ദരേശ്വരഭക്തരായ നിങ്ങൾക്ക് അദ്ദേഹത്തിൻെറ കാരുണ്യവൈഭവംകൊണ്ടു ഒരിക്കലും സങ്കടമുണ്ടാകുന്നതല്ല. വിശേഷിച്ചും നിങ്ങളുടെ സർവ്വാഭീഷ്ടങ്ങളും സാധിക്കുകയും നിങ്ങളുടെ ശത്രുക്കൾ സ്വയമേവ നശിച്ചുപോകുകയുംചെയ്യും. നിങ്ങൾ മററൊന്നും വിചാരിക്കേണ്ട. സുന്ദരേശ്വരനെ സ്മരിച്ചുകൊള്ളുവിൻ. അദ്ദേഹം എല്ലാം ശരിയാക്കിത്തരും. സുന്ദരേശ്വരൻെറ അനുവാദം വാങ്ങി അദ്ദേഹം വേണമെങ്കിൽ നാളെത്തന്നെ അവരെ ശിക്ഷിച്ചേക്കാം. നിങ്ങൾ ഇപ്പോൾ പൊയ്ക്കൊള്ളുവിൻ.

ഉടൻതന്നെ മന്ത്രീശ്വരനും പട്ടമഹിഷിയുംകൂടി അദ്ദേഹത്തെ വണങ്ങി യാത്രയുംവാങ്ങി തിരിച്ചുപോയി. പിറേറദിവസം രാവിലെ ജ്ഞാനസംബന്ധൻ എഴുന്നേററു പ്രാതസ്സന്ധ്യയിലെ നിത്യകർമ്മങ്ങൾ നിർവ്വഹിച്ചു നഗ്നശിക്ഷാർത്ഥം ഈശ്വരൻെറ കല്പനവാങ്ങിക്കുന്നതിനായി രാജമ

ഹിഷിയായ വനിതേശ്വരിയോടും മന്ത്രിപ്രധാനികളോടും മററുംകൂടെ സുന്ദരേശാലയത്തിൽപോയി ഒന്നാമതായി ഗണപതിയേയും, അനന്തരം മീനാക്ഷീഭഗവതിയേയും ഷൺമുഖനേയും വന്ദിച്ചിട്ട് ഈശ്വരാലയം പ്രാപിച്ച്, എല്ലാ വരണദൈവതങ്ങളേയും സ്തുതിക്കുകയും നമിക്കുകയുംചെയ്തിട്ട്, സദാശിവനായ സുന്ദരേശനോട് ഇപ്രകാരം പ്രാർത്ഥിച്ചു.

അല്ലയോ സ്വാമിൻ! ജഗന്നാഥ! സർവ്വജ്ഞ! ശശിശേഖര! ഭക്തന്മാരുടെ സർവ്വാഭീഷ്ടങ്ങളേയും സാധിപ്പിച്ചുകൊടുക്കുന്നവനേ! സുന്ദരേശ്വര! അഷ്ടപർവ്വതങ്ങളിലും നിവസിക്കുന്ന പ്രധാനാചാര്യന്മാരും, തച്ഛിഷ്യന്മാരും ആയ അഷ്ടസഹസ്രം ക്ഷപണന്മാരേയും വൈദികമതസ്ഥാപനത്തിനും തദ്വേഷ്ടക്രിയാസിദ്ധികൾക്കും വേണ്ടി ഞങ്ങൾ ശിക്ഷിക്കണമെന്നു വിചാരിക്കുന്നു. നിന്തിരുവടിക്കും അതു സമ്മതമാണെങ്കിൽ അനുവാദം തരണം. കൂടാതെ അവരുമായിട്ടുള്ള വാദത്തിൽ ഞങ്ങൾക്കു ജയം സിദ്ധിക്കുന്നതിനായി അനുഗ്രഹവുംതരണം.

ജ്ഞാനസംബന്ധൻ ഇങ്ങനെ പ്രാർത്ഥിച്ചുകൊണ്ട്, സുന്ദരേശ്വരസ്മരണയോടുകൂടെ അനന്യവിചാരനായി കുറേനേരം നിന്നപ്പോൾ "അല്ലയോ ഭക്തരത്നമേ! നിന്റെ ഈ ഉദ്ദേശം നല്ലതുതന്നെ. അപ്രകാരംചെയ്യുക. ഞാൻ സമ്മതിച്ചിരിക്കുന്നു. ഭക്തന്മാരുടെ ഇഷ്ടംതന്നെ എന്റെയും ഇഷ്ടം. അവൈദികനിഗ്രഹവും വൈദികമതസ്ഥാപനവും കഴിയുന്നവേഗത്തിൽ ചെയ്തുകൊണ്ടാലും. നിങ്ങൾക്കു ഒരു പ്രകാരത്തിലും പരാജയം ഉണ്ടാകുന്നതല്ല. നിങ്ങളുടെ വിരോധികളായ നഗ്നന്മാർ തീർച്ചയായും തോററുപോകും, എന്നിങ്ങനെ ആകാശത്തിൽനിന്നും നീപാടവീശന്റെ വാക്കുകേൾക്കാറായി.

ജ്ഞാനസംബന്ധാദികളായ അവർ, മേൽപ്രകാരമുള്ള ആകാശവാണികേട്ടിട്ടും വീണ്ടും നിശ്ചലരായി സുന്ദരേശ്വരസ്മരണയോടുകൂടെ അവിടെത്തന്നെ നിന്നു. പിന്നെയും ആകാശത്തിൽനിന്നും "നിങ്ങൾ എന്തിനു സംശയിക്കുന്നു. കുതർക്കകുശലന്മാരും അസഹനമൂർത്തികളും, ആയ ക്ഷപണന്മാരെ ഞാൻതന്നെ നിങ്ങളോടു വാദിക്കാനായി പാണ്ഡ്യരാജാവിന്റെ മുമ്പിൽ ആഗമിപ്പിച്ചുതരാം. അവരും നിങ്ങളുമായിട്ടുള്ള വാദത്തിൽ അവർ തോററു ശൂലാധിരോപിതന്മാരാകും. മൽഭക്തന്മാരായ നിങ്ങൾക്കു വിജയവും ഉണ്ടാകും.

സുന്ദരേശ്വരവാക്യം പിന്നെയും ഇങ്ങനെ കേൾക്കുകയാൽ, അത്യന്തം സന്തോഷചിത്തനായ, ജ്ഞാനസംബന്ധൻ പട്ടമഹിഷിയുടെയും മന്ത്രിയുടെയും മുഖത്തു നോക്കി അവർക്കും സന്തോഷമായെന്നുകണ്ടിട്ട് ഏററവും കൃതാർത്ഥതയോടുകൂടെ നാം മൂന്നുപേരും സുന്ദരേശ്വരൻ അനുവാദം ന

ൽകിയ വാങ്മയമണിയെ ദേവാലയത്തിൽ ബന്ധിക്കണം എന്നു അവരോടു പറഞ്ഞു.

വീണ്ടും അവർ മൂന്നുപേരും സുന്ദരേശ്വരനെ ആദരവോടുകൂടെ പ്രണമിക്കുകയും സ്തുതിക്കുകയും ചെയ്തിട്ട്, അവരവരുടെ നിലയങ്ങളിൽപോയി ഭക്ഷണവും കഴിച്ച്, സായംകാലത്തിൽ മൂന്നുപേരുംകൂടെ സുന്ദരേശ്വരമണ്ഡപത്തിൽ കൂടിയിരുന്നുംകൊണ്ട് ഇപ്രകാരം വിചാരിച്ചു.

ലോകവാസികൾ എല്ലാവരും ഇപ്പോൾ ക്ഷപണസിദ്ധാന്തനിരതന്മാരാണ്. തന്മൂലം ബൌദ്ധമതം നാൾക്കുനാൾ വർദ്ധിക്കുന്നു. ഏതെങ്കിലും വിധത്തിൽ ഈവക സിദ്ധാന്തങ്ങളെ നശിപ്പിച്ചില്ലെങ്കിൽ അതിവേഗത്തിൽ തന്നെ ശൈവമതവും വൈദികകർമ്മങ്ങളും, നശിച്ചുപോവുകയും വേദോക്തങ്ങളായ വൈദികകർമ്മങ്ങളെ അനുഷ്ഠിക്കാതെ ഇരുന്നാൽ, ദേവന്മാർ നിരാഹാരന്മാരായി കോപിക്കുകയും, തന്മൂലം ഭൂമിയിൽ വർഷമില്ലാതാവുകയുംചെയ്യും, വർഷംഇല്ലെങ്കിൽ സസ്യങ്ങളും ധാന്യങ്ങളുമില്ലാതാകുമെന്നുള്ളതിനും തന്മൂലം, ജനങ്ങൾ ദരിദ്രന്മാരായി അന്യായകർമ്മങ്ങൾ ചെയ്യുമെന്നുള്ളതിനും യാതൊരു സംശയവും ഇല്ലല്ലോ. അന്യായകർമ്മംമൂലംഎല്ലാവരും പാപികളായുംതീരും. അതുകൊണ്ട് വേദോക്തങ്ങളായകർമ്മങ്ങൾഎല്ലാവരെക്കൊണ്ടും നമുക്കാചരിപ്പിക്കണം. അപ്രകാരം ജനങ്ങളെക്കൊണ്ട് ആചരിപ്പിക്കാനുള്ള അധികാരം രാജാവിനാണ്. അദ്ദേഹം അപ്രകാരം ചെയ്യിക്കണം. അല്ലെങ്കിൽ അതുമൂലം ഉണ്ടാകുന്ന ദോഷം രാജാവിനെ അധഃപതിപ്പിക്കും. അതുകൊണ്ട് നമുക്ക ഈ വിവരംരാജാവിനെ അറിയിപ്പിക്കതന്നെ. അദ്ദേഹം പറയുന്നതുപോലെ നമുക്ക പ്രവർത്തിപ്പിക്കാം. എന്നു നിശ്ചയിച്ചുംകൊണ്ട്, അവർ മൂന്നുപേരുംകൂടെ അവിടെനിന്നും തിരിച്ച്, സുന്ദരപാണ്ഡ്യന്റെ അടുക്കൽപോയി വിവരംഅറിവിച്ചു. അദ്ദേഹം അപ്രകാരം ചെയ്യേണ്ടതുതന്നെയെന്നു സമ്മതിച്ചു. രാജസമ്മതം കിട്ടിയതുകൊണ്ട് സന്തോഷമുള്ളവരായിത്തീർന്ന അവർ അന്നത്തെരാത്രി ശിവരാത്രിയായി കഴിച്ചുകൂട്ടി.

രാജാവിന്റെ ജഭാതിക്കുന്നതിനു കഴിയാതെ ബാലനോടു പരാജിതന്മാരായി വാസസ്ഥാനങ്ങളിൽപ്പോയി ലജ്ജാകുലന്മാരായി പുറത്തിറങ്ങാതെ വസിക്കുന്ന നഗ്നന്മാരോടു അവരുടെ ഭാര്യമാർ ഇങ്ങനെ ചോദിച്ചു:—

"അല്ലയോ ഭർത്താക്കന്മാരേ! നിങ്ങൾ മുഖവും കറുപ്പിച്ചുംകൊണ്ട് ഇങ്ങനെ ലജ്ജിതന്മാരായി പുറത്തിറങ്ങാതെ കുത്തിയിരിക്കുന്നതിനുള്ള കാരണമെന്താണ്? ഞങ്ങളോടു പറയുന്നതിനു നിങ്ങൾക്കു ലജ്ജയാവുന്നെങ്കിൽ പറയേണ്ട. വിവരങ്ങൾ എല്ലാം ഞങ്ങൾ അറിഞ്ഞു. നിങ്ങളുടെ പൂർവികന്മാരും പ്രസിദ്ധകീർത്തിമാന്മാരും, ഗംഭീരാശയന്മാരും, പണ്ഡിതശ്രേഷ്ഠന്മാരും, പദവാക്യപ്രമാണജ്ഞന്മാരും, ബുദ്ധേന്ദ്രന്മാരുമായ ക്ഷപണ

ചാൎയ്യന്മാരാൽ സമ്പാദിതമായ യശസ്സിനെ മുഴുവനും ദുഷ്പുത്രൻ സൽകുലത്തെ എന്നപോലെ നിങ്ങൾ നശിപ്പിച്ചു. എന്തിനു കാതുകൾ പൊത്തുന്നു. എത്രയോ കോടിജനങ്ങൾ ഇപ്പോഴും നിങ്ങളെ ഉപേക്ഷിക്കുന്നു. നിങ്ങൾ ഉണ്ടാക്കിയ ദുൎയ്യശസ്സിനെ നിങ്ങൾതന്നെ പേട്ടു സഹിക്കണം. എത്രയോ കോടിക്കാലം കൊണ്ടാണു് നിങ്ങളുടെ പൂൎവ്വികന്മാർ നല്ല പേരെടുത്തതു്. നിങ്ങൾ അതിനെ എത്ര നിമിഷത്തിൽ നശിപ്പിച്ചു. നിങ്ങളെക്കൊണ്ടു് ഞങ്ങളോടു മിടുക്കു കാണിക്കാനല്ലാതെ സദസ്സിലോ ശത്രുമുഖത്തിലോ ഒരു സാമൎത്ഥ്യവും കാണിക്കാൻ കൊള്ളുകില്ല. [illegible]വിന്റെ ജ്വരം തീൎത്തുകളയാം എന്നും ഏറ്റു്, ഭേരിയുമടിപ്പിച്ചുപോയ നിങ്ങൾ മുലകുടിമാറാത്ത ഒരു ബാലനോടു തോറ്റു് തലയും കുനിച്ചല്ലെ മടങ്ങിപ്പോന്നതു്. ഇതിൽപരം അപമാനം നാഗകുലത്തിനെന്താണു് വരാനുള്ളതു്. മരണം അവൎക്കും ഒരിക്കൽ ഉള്ളതുതന്നെയെങ്കിലും പടവെട്ടാൻ വേണ്ടത്ര വശമില്ലാത്തവൻ, ഭടനെന്ന നാട്യത്തിൽ അമ്പും വില്ലും എടുത്തു് അഭ്യാസപടുക്കളായ ശൂരന്മാരെക്കൊണ്ടു് അലംകൃതമായ, പോൎക്കളത്തിൽ ചാടിവീണു് പോരിനുവിളിക്കുന്നതു് ഭോഷത്തമല്ലെ. അവനവനെക്കൊണ്ടു നടക്കാത്ത ഏതു കാൎയ്യത്തിലും വീണ്ടുവിചാരം കൂടാതെ ചെന്നു ചാടിയാൽ വന്നുകൂടുന്ന ഫലം ഇപ്രകാരംതന്നെ. നിങ്ങൾ ഞങ്ങളോടെന്തിനു കോപിക്കുന്നു. പല്ലിനെളിയതു് പിരപ്പിണ്ണാക്കാണല്ലൊ. ഞങ്ങളോടെന്തും ആകാമല്ലൊ. അതുകൊണ്ടായിരിക്കാം, ഈ കോപവും ധാൎഷ്ട്യവും മിടുക്കും എല്ലാം ജ്ഞാനസംബന്ധനോടു കാണിച്ചെങ്കിൽ എത്ര ബഹുമാനം ആയിരിക്കുമായിരുന്നു. നിങ്ങളുടെ ഈ വിവേകഹീനതമൂലം ഞങ്ങൾക്കും അപമാനം ഉണ്ടു്. അതുകൊണ്ടത്രെ ഞങ്ങൾ ഇങ്ങനെയെല്ലാം പറയുന്നതു്. പണ്ടേ നാഗാചാൎയ്യന്മാർ മന്ത്രവൈഭവം കൊണ്ടു്, എത്രയോ ഗജങ്ങളേയും നാഗങ്ങളേയും ഭൂതങ്ങളേയുമെല്ലാം സൃഷ്ടിച്ചിരിക്കുന്നു. ആ മന്ത്രസിദ്ധിയൊന്നും നിങ്ങൾക്കില്ലേ. ഇല്ലാത്തപ്പോൾ നാഗാചാൎയ്യന്മാർ, എന്നുള്ള പ്രഖ്യാതപാവനനാമത്തെ എന്തിനു കളങ്കപ്പെടുത്താൻ തുടങ്ങി. നിങ്ങൾ എല്ലാവരും ഒന്നുപോലെ, അമ്മമാരുടെയൌവ്വനം നശിപ്പിക്കുന്നതിനുള്ള കണ്ടകോടാലികളായിട്ടല്ലാതെ കുലധൎമ്മപാലകന്മാരായി തീരാഞ്ഞതു് കുലത്തിന്റെ സുകൃതക്കുറവൊന്നല്ലാതെ മറ്റൊന്നും പറയാൻ കാണുന്നില്ല. വാദവശ്യാകൎഷണോച്ചാടന ഇന്ദ്രമഹേന്ദ്രജാലാദികളായ വിവിധകൎമ്മപാരാവാരപാരംഗതന്മാരെന്നു സുപ്രസിദ്ധന്മാരായ നിങ്ങളുടെ എല്ലാവിധപാടവങ്ങളും ഒരു ബാലന്റെ മുമ്പിൽ അസ്തമിതമായിപ്പോയതിൽ ഞങ്ങൾ വളരെവളരെ വിസ്മയിക്കുന്നു. നിങ്ങൾ ഒരുത്തരും രണ്ടുപേരും ഒന്നും അല്ലല്ലൊ ഒരു ബാലനോടു പിണങ്ങുന്നതിനായിപ്പോയതു്. എണ്ണിയാൽ ഒടുങ്ങാത്ത ശിഷ്യന്മാരോടു കൂടെ നിങ്ങൾ എണ്ണായിരംപേർ ഉണ്ടായിരുന്നില്ലെ. ഒരു പൊണ്ണനെങ്കിലും ആ ബാലനെ മടക്കാൻ തക്കതിൽ ഒരു യുക്തിതോന്നാഞ്ഞതിൽ എത്രവളരെ വിസ്മയിക്കണം. നാട്ടുകാർ ഈ വിവരം കൊട്ടിഘോഷിക്കുന്നതു കേട്ടുകേട്ടു ഞങ്ങളുടെ

കാതുകൾ പൊത്തിപിടിച്ചു. നിങ്ങൾ എങ്ങനെ സഹിക്കുന്നു. ആരും കാണാതെ മൂലയിൽ ഇരുന്ന് എത്രകാലം കഴിച്ചുകൂട്ടാം. ആഹാരനിദ്രാഭയമൈഥുനങ്ങൾ അല്ലാതെ നിങ്ങൾക്കും തുണകൾക്കും തമ്മിൽ ഉള്ള വ്യത്യാസം എന്ത്? ഒന്നുകിൽ നിങ്ങൾപോയി പ്രാണനെകളയുവിൻ. അല്ലെങ്കിൽ ആ ബാലനെ തോല്പിക്കണം. രണ്ടിലൊന്നു ചെയ്യില്ലെങ്കിൽനിങ്ങൾ പെണ്ണുങ്ങളെക്കാൾ ഭീരുക്കളാണ്.

ഭാര്യമാരുടെ ഇപ്രകാരമുള്ള ഭത്സനങ്ങൾ കേട്ട് വ്യസനാക്രാന്തരായ നഗ്നാചാര്യന്മാർ അന്നത്തെ രാത്രി നിദ്രയും ഭക്ഷണവും കൂടാതെ കഴിച്ചുകൂട്ടി പിറേറന്നാൾ രാവിലെ യോഗം ചേർന്നു ജ്ഞാനസംബന്ധബാലനെ ജലസ്തംഭനം അഗ്നിസ്തംഭനം ഇവകൾകൊണ്ടു ജയിക്കാമെന്നും നിശ്ചയിച്ച് രാജധാനിയിലേക്കു പോകാൻ തുടങ്ങി.

അതു കണ്ടപ്പോൾ തലേദിവസം രാത്രിയിൽ ഭർത്താക്കന്മാരെ ഭത്സിച്ച ഭാര്യമാർ വന്നു അവരെ തടുത്തുംകൊണ്ട്, ഇങ്ങനെ പറഞ്ഞു.

"ഞങ്ങൾ അഭിമാനംകൊണ്ട് ഇന്നലെ ഭത്സിച്ചെങ്കിലും, ഇപ്പോൾ ജ്ഞാനസംബന്ധനോടു പിണങ്ങാൻ പോകരുതെന്നാണ് ഞങ്ങളുടെ ഹൃദയംഗമമായ പ്രാർത്ഥന. എന്തുകൊണ്ടെന്നാൽ, ഞങ്ങൾ ഇന്നലെരാത്രിയിൽ പല ദുസ്സ്വപ്നങ്ങളുംകണ്ടു. അവ, ജ്ഞാനസംബന്ധനോടു തക്കിക്കാൻപോയനിങ്ങൾ പരാജിതന്മാരായെന്നും പരാജിതന്മാരായനിങ്ങളെ രാജാജ്ഞപ്രകാരം രാജകിങ്കരന്മാർ ശൂലത്തിലിട്ടുകൊന്നതായും വിവരം അറിഞ്ഞ് ഞങ്ങൾ വന്നു മാറത്തുതല്ലിനിലവിളിച്ചു ദുഃഖാംബുധിയിൽ മുഴുകിയതായും മററും ആണ്. അതു സത്യമായി തന്നെഭവിക്കുമെന്നു ഞങ്ങൾക്കു ഇന്നലെ രാത്രിയിലത്തെ മററു സംഭവങ്ങൾകൊണ്ടും ബോദ്ധ്യമായിരിക്കുന്നു. അതുകൊണ്ട് നിങ്ങൾ തീർച്ചയായും ഇപ്പോൾപോകാൻ പാടില്ല. ഞങ്ങൾ ഇതുകൂടാതെയും നമുക്കു നാശകാരണങ്ങളായ പല ദുസ്സ്വപ്നങ്ങളും കണ്ടു. ഒരിക്കലും പോകാൻ പാടില്ല. പോയാൽ അനത്ഥം ഉണ്ടാകും.

നഗ്നന്മാർ അതു വകവെയ്ക്കാതെ പുറപ്പെട്ടു. ഭാര്യമാർ പുറകെ ഓടിയെത്തി അരക്കെട്ടിനു പിടിച്ചുകൊണ്ടു നിലവിളിച്ചു. ഭർത്താക്കന്മാർകോപത്തോടുകൂടെ ഇങ്ങനെ പറഞ്ഞു:......

മൂഢകളായ നിങ്ങൾക്ക് എന്തും ആകാമെന്നോ? ഇന്നലെ രാത്രിയിൽ നിങ്ങൾ എന്തോ പറഞ്ഞു? ഇപ്പോൾ നിങ്ങൾ എന്തോ പറയുന്നു? നിങ്ങളുടെ സ്വഭാവചാപല്യം ഈ വിഷയത്തിൽ പതിന്മടങ്ങായി വർദ്ധിച്ചു അല്ലെ? കൊള്ളാം! നല്ല കാര്യമായി; നിങ്ങൾ പുറപ്പെടണമെന്നു പറയുമ്പോൾ ഞങ്ങൾ പോകണം. തടുക്കുമ്പോൾ നില്ക്കണം; തരക്കേടില്ല.

പെണ്ണുങ്ങളുടെ വാക്ക നേരെന്നു വിശ്വസിക്കുന്നവരെപ്പോലെ മൂഢരായി അത്ഥമില്ലെന്നുള്ള അഭിജ്ഞാഭിമതം ഏററവും യഥാത്ഥം തന്നെയെന്നു് ഞങ്ങൾ ഇപ്പോൾ അനുഭവിച്ചറിഞ്ഞു. ഇതെന്തൊരു സ്വഭാവം. ഒരിക്കൽ ശകാരിക്കുക: മറെറാരിക്കൽ സ്തുതിക്കുക. ഒരിക്കൽ ചിരിക്കുക: മറെറാരിക്കൽ കരയുക. വേണമെന്നു പറയുന്ന മാത്രയിൽ തന്നെ വേണ്ടായെന്നും പറയുക. ഈ മാതിരി സ്വഭാവത്തോടുകൂടിയ നിങ്ങളുടെ അഭിപ്രായം അശുവിലവയ്ക്കും. പോകേണ്ടാ എന്നു് നിർബന്ധിക്കുന്ന നിങ്ങൾ അടുത്തമാത്രയിൽ പോകാൻ ശഠിക്കും. നിങ്ങളുടെ ഈ മാതിരിയുള്ള നാനാവിധ ചാപല്യപ്രലപനങ്ങൾക്ക വശംവദന്മാരായി കാലയാപനം ചെയ്യുന്നതിൽഭേദം മരിക്കുന്നതുതന്നെയെന്നും പറഞ്ഞുംകൊണ്ടു് അവരുടെ കൈയും തട്ടി പോയവഴിക്കുതന്നെ പുറപ്പെട്ടു.

നിർബന്ധപൂർവം തടുത്തിട്ടും, നില്ക്കാത്തതുമൂലം കോപതാപപരവശിതകളായ നഗരചേതോഹാരിണികൾ നഗരാചാര്യന്മാരെ നോക്കി ഞങ്ങളുടെ വാക്ക കേൾക്കാതെ പോകുന്ന നിങ്ങൾ ഒരിക്കലും ജയിക്കുകയില്ല എന്നു ശപിച്ചു.

ആചാര്യന്മാർ അതുകേട്ടുഅരനാഴികയ്ക്കുള്ളിൽ ഇരുപത്തിഎട്ടുവിധം മാറിമാറിപ്പറയുന്ന നിങ്ങളുടെ വാക്ക കേൾക്കാത്തതുമൂലം ഉണ്ടായ കോപം കൊണ്ടു ശപിച്ചുനിങ്ങളുടെ ശാപം ഫലിക്കുമെങ്കിൽ കിഴക്കുദിക്കുന്നസൂര്യൻ നാളെമുതൽ തെക്കുദിക്കുമെന്നുപറഞ്ഞുംകൊണ്ടു് വീണ്ടുംപിടിച്ച പെണ്ണുങ്ങളുടെ കൈയുംതട്ടിത്തിരിച്ചു. ഉടനെ കുറുനരി, പാമ്പു്, പൂച്ച, വിധവകൾ മുതലായ ദുശ്ശകുനങ്ങൾ അവരെ എതിരിട്ടു. ശിഷ്യന്മാർ ശകുനം നന്നല്ലാത്തതിനാൽ പുറപ്പെടാൻ പാടില്ലെന്നു തടുത്തു. ആചാര്യന്മാർ അതും വകവയ്ക്കാതെ യാത്രതുടൎന്നു. ഉടനെ കറുത്ത പല്ലി തലയിൽ പതിക്കുകയും, ഇടത്തെ കണ്ണും ഇടതുവശവും തുടിക്കുകയും ചെയ്തു. എന്നിട്ടും അവൎക്ക യാത്ര മുടക്കുന്നതിനു സമ്മതമുണ്ടായില്ല. കാലൻ പിറകിൽ നിന്നുകൊണ്ടു് മുമ്പോട്ടു പിടിച്ചുതള്ളുമ്പോൾ, അവർ പുറകോട്ടു പോകുന്നതെങ്ങനെയാണു്. കണ്ട ദുശ്ശകുനങ്ങൾ ഒന്നും വകവയ്ക്കാതെ അവർ സുന്ദരപാണ്ഡ്യന്റെ സന്നിധിയിൽ പ്രവേശിച്ചു് തങ്ങൾ ജ്ഞാനസംബന്ധബാലനോടു വാദിക്കാനായി വന്നിരിക്കുകയാണെന്നു അറിയിച്ചു. രാജാവു് വാദിച്ചുകൊള്ളുന്നതിനു അനുവാദം കൊടുത്തു. പിറേറദിവസം പ്രഭാതത്തിൽ ഹാലാസ്യത്തിൽപോയി സുന്ദരേശചരദർശനവും ചെയ്തുവെച്ചു് മഠത്തിലേക്കുപോകുന്ന ജ്ഞാനസംബന്ധനെ അവർ വഴിക്കുവെച്ചു് കണ്ടു് അദ്ദേഹത്തെ വിളിച്ചു രാജസന്നിധിയിൽ കൊണ്ടുപോയി.

ജ്ഞാനസംബന്ധനെ കണ്ടക്ഷണത്തിൽതന്നെ രാജാവു്, ഭക്തിപൂർവം അദ്ദേഹത്തിനു വേണ്ട ആചാരോപചാരങ്ങൾ ചെയ്തു സ്വർണ്ണനിർമ്മിതമായ

അഗ്രാസനത്തിൽ ഇരുത്തി. വനിതേശ്വരിയും മന്ത്രീന്ദ്രനും അവിടെനടക്കാൻപോകുന്ന വാദത്തിന്റെ പരിണാമം എന്തായിരിക്കുമെന്നുള്ള വിചാരംകൊണ്ടുണ്ടായ ചാപല്യത്താൽ സുന്ദരേശ്വരപ്രാൎത്ഥനയോടുകൂടെ അദ്ദേഹത്തിന്റെ അടുക്കൽ നിന്നു.

നഗ്നാചാൎയ്യന്മാർ ജ്ഞാനസംബന്ധനെ നോക്കി എല്ലാവരും കേൾക്കെ ഇങ്ങനെ പറഞ്ഞു:—

“എടൊ ബാല! നീ വെറുതെ അഹംകരിക്കേണ്ട. നിന്റെ ഭാവം നീ വലിയ മന്ത്രസിദ്ധിയോടുകൂടിയവൻ എന്നാണ്. നിനക്കു ഒരു മന്ത്രസിദ്ധിയും ഇല്ല. നീ വലിയവനും അല്ല. എറുമ്പിഴഞ്ഞു് അക്ഷരമായതുപോലെ നിന്റെ എന്തോ ഒരു മന്ത്രവൈഭവംകൊണ്ടു് രാജാവിന്റെ ജ്വരം ശമിച്ചു. അതു കാകതാലീയംപോലെ സംഭവിച്ചതല്ലാതെ നിന്റെയൊ നിന്റെ മന്ത്രങ്ങളുടെയൊ വൈഭവംകൊണ്ടു സംഭവിച്ചതാണെന്നു് ബുദ്ധിയുള്ളവരിൽ ആരും വിശ്വസിക്കുകയില്ല. എങ്കിലും അതുകൊണ്ടു് നിനക്കു വളരെ അഹംകാരം ഉണ്ടു്. ഇപ്പോൾ ഞങ്ങൾ അതു നശിപ്പിക്കാൻ വന്നിരിക്കുകയാണു്. ഒന്നുകൊണ്ടായില്ല. ഇനിയുംകാണിക്കണം. അല്ലെങ്കിൽ നീയാണു തോററതു്. കാലാനുകൂല്യം കൊണ്ടോ അവസരഭേദംകൊണ്ടൊ യാദൃച്ഛികസംഭവത്താലോ ഒരുത്തന്റെ ഉദ്ദേശ്യംപോലെ ഒരു കാൎയ്യം നടന്നെന്നുവച്ചു് അവന്റെ എല്ലാ അഭീഷ്ടങ്ങളും അപ്രകാരം സാധിച്ചുകിട്ടുമെന്നോ അവൻ സൎവ്വജ്ഞൻ എന്നോ വിചാരിക്കുന്നതിൽപരം ഭോഷത്തമായി ഭൂലോകത്തിൽ യാതൊന്നും ഇല്ല. അതുകൊണ്ടു് നമുക്കു നമ്മുടെ മന്ത്രശക്തികൾ ഇപ്പോൾ പരീക്ഷിക്കണം. ഒന്നാമതായി നമ്മൾക്കു ഓരോ പത്രങ്ങൾ എഴുതി വഹ്നിയിൽ നിക്ഷേപിക്കാം. ആരുടെ പത്രം ദഹിപ്പിക്കുന്നതിനു അഗ്നിക്കു കഴിയുമോ അവർ തോററു. ആരുടെ പത്രം ദഹിക്കുന്നില്ലയോ അവർ ജയിച്ചു. ഇതാണു് ഞങ്ങളുടെ പ്രതിജ്ഞ; ധൈൎയ്യമുണ്ടെങ്കിൽ തുടങ്ങുക.

ജ്ഞാനസംബന്ധൻ സുന്ദരേശ്വരസ്മരണയോടുകൂടെ, അങ്ങനെതന്നെയെന്നു സമ്മതിച്ചു. അനന്തരം അവരുടെ പ്രതിജ്ഞപ്രകാരം അഗ്നികുണ്ഡങ്ങൾ നിൎമ്മിക്കുന്നതിനായി ആരംഭിച്ചു. ഉടൻതന്നെ നഗ്നാചാൎയ്യന്മാർ, ഈ സ്ഥലത്തു അഗ്നികുണ്ഡം ഉണ്ടാക്കുന്നതിനു കുഴിവെട്ടാൻപാടില്ല. ഹാലാസ്യക്ഷേത്രാന്തികമായ ഈ സ്ഥലത്തിൽ, അഗ്നികുണ്ഡമുണ്ടാക്കി വാദംനടത്തിയാൽ സുന്ദരേശ്വരഭക്തന്മാൎക്കേ ജയം ഉണ്ടാവുകയുള്ളൂ. അതുകൊണ്ടു് ഞങ്ങൾ ഇരുകക്ഷികൾക്കും പൊതുവായ് ഒരു സ്ഥലത്തുവേണം കുണ്ഡം ഉണ്ടാക്കാൻ കുഴി വെട്ടേണ്ടതു്. അതിനുതക്കതായി അധികം ദൂരത്തിൽ അല്ലാതെ ഇതിന്റെ ഈശാനകോണിൽ ഒരു മഹാസ്ഥലം ഉണ്ടു്. നമുക്കു എല്ലാവൎക്കും കൂടി അവിടെപ്പോയി കുണ്ഡം ഉണ്ടാക്കി പ്രതിജ്ഞനടത്താം എന്നുപറഞ്ഞു.

മററുള്ളവരും അപ്രകാരം സമ്മതിച്ചു. ഉടൻതന്നെ നഗ്നാചാൎയ്യന്മാർ രാജദൂതന്മാരോടുകൂടെ ജ്ഞാനസംബന്ധനെ ആക്ഷേപിച്ചുകൊണ്ടു് അസ്ഥലത്തു ഹോമകുഴികൾ വെട്ടി അഗ്നികുണ്ഡങ്ങൾ ഉണ്ടാക്കി ഹോമം ആരംഭിച്ചു. ജ്ഞാനസംബന്ധൻ ശിഷ്യന്മാരോടും പട്ടമഹിഷിയായ വനിതേശ്വരിയോടും കുലച്ചിറനാമാവായ മന്ത്രിയോടും മററനേകം ശങ്കരഭക്തന്മാരോടുംകൂടെ അവിടെ എത്തി. കുട്ടിയുടെ പുറകേ പശുവെന്നപോലെ ജ്ഞാനസംബന്ധബാലന്റെ പുറകെ പശുപതിയായ സുന്ദരേശ്വരനും നടകൊണ്ടു. പൌരന്മാരും, പരിവാരസമേതം രാജാവും അവരുടെ വാദങ്ങൾ കേൾക്കുന്നതിനും പരീക്ഷകൾ കാണുന്നതിനും ആയി അവിടെ എത്തി.

ഒന്നാമതായി നഗ്നാചാൎയ്യന്മാർ, അഗ്നി ജ്വലിക്കുന്നതായ അവരുടെ ഹോമകുണ്ഡത്തിൽ, വളരെ മുററിയതായ ശാഖകളിൽ അനേക മന്ത്രങ്ങൾ എഴുതിയതായ എണ്ണായിരം പത്രങ്ങൾ നിക്ഷേപിച്ചു. ജ്ഞാനസംബന്ധൻ, സുന്ദരേശ്വര ധ്യാനത്തോടുകൂടെ അദ്ദേഹത്തിന്റെ പുസ്തകത്തിൽനിന്നും ഒരു പത്രം എടുത്തു അഗ്നിയിൽ ഇട്ടു. ഉടൻതന്നെ നഗ്നന്മാരുടെ എണ്ണായിരം പത്രങ്ങളും പഞ്ഞിപോലെ കരിഞ്ഞു. അതുകണ്ടു് അവിടെ കൂടിയിരുന്നവർ നഗ്നന്മാരോടു്, "ഇനി നിങ്ങൾ, എന്തിനു ജപിക്കുന്നു. നിങ്ങളുടെ പത്രങ്ങൾ എല്ലാം എരിഞ്ഞു ഭസ്മമായി. ജ്ഞാനസംബന്ധന്റെ പത്രം വെള്ളിയെന്നപോലെ തീക്കുണ്ഡത്തിൽ കിടന്നു തിളങ്ങുന്നു. ഇതിലും നിങ്ങൾ തോററുപോയി; ജ്ഞാനസംബന്ധനെ ജയിക്കാൻ നിങ്ങളെക്കൊണ്ടു സാധിക്കുകയില്ല; നിങ്ങൾ പിണങ്ങാതിരിക്കുന്നതുതന്നെ മാനം എന്നുപറയുകയും, മീനാക്ഷീവല്ലഭനായ സുന്ദരേശ്വരന്റെ ഭക്തവാത്സല്യത്തേയും ജ്ഞാനസംബന്ധബാലന്റെ വിശ്വാസ സാമൎത്ഥ്യഭക്തിവൈരാഗ്യാദികളേയുംപററി ഇതില്പരമില്ലാതെ പ്രശംസിക്കുകയുംചെയ്തു.

നഗ്നന്മാർ അനന്തരം ജ്ഞാനസംബന്ധനോടു കോപപൂൎവ്വം ഇങ്ങനെ പറഞ്ഞു.

"എടൊ ജ്ഞാനസംബന്ധ! നീ വലിയ അഗ്നിസ്തംഭനമന്ത്രജ്ഞൻ ആണു്. അതുകൊണ്ടാണു് നിന്റെ പത്രംകരിയാഞ്ഞതും ഞങ്ങളുടെപത്രം കരിഞ്ഞതും. ഇതൊരു വലിയ ജയം അല്ല. അറിവില്ലാത്തവർ ഇതൊരു ജയമെന്നു വിചാരിക്കുമായിരിക്കാം; അറിവുള്ളവരിൽ ആരും കാപട്യംകൊണ്ടു് സാധിച്ച ഇതിനെ ജയമെന്നു നിശ്ചയിക്കുകയില്ല. അതുകൊണ്ടു് ഇനി നമുക്കു വേറൊരു പരീക്ഷകൂടി നടത്തണം. അതു്, നീയും ഒരു പത്രം എഴുതി അത്യന്തം ഉഗ്രവേഗത്തോടുകൂടെ പായുന്ന നദിയിൽ എറിയണം. ഞങ്ങളും അപ്രകാരം പത്രങ്ങൾ എഴുതി നദിയിൽ എറിയാം. പ്രവാഹശക്തിയിൽ അകപ്പെട്ടു ഒഴുകിപ്പോകാതെ നമ്മളിൽ ആരുടെ പത്രം മേല്പോട്ടുകയറി വരുന്നുവോ അവർ ജയിച്ചു. ഈ പരീക്ഷയിൽ നീ ജയിക്കുകയാണെങ്കിൽ

നിന്റെ അഭിപ്രായപ്രകാരം ഞങ്ങൾ നിന്റെ ഭൃത്യന്മാരായിട്ടിരുന്നുകൊള്ളാം; ഞങ്ങൾ ജയിക്കുകയാണെങ്കിൽ നീ അപ്രകാരം ചെയ്യണം.

ജ്ഞാനസംബന്ധബാലൻ അതിനുത്തരമായി ഇങ്ങനെ പറഞ്ഞു:—

“ഭൃത്യന്മാർ എനിക്കു വേണ്ടതുപോലുണ്ട്. അതുകൊണ്ട് നിങ്ങൾ എന്റെ ഭൃത്യന്മാരാകണമെന്നു എനിക്കു അശേഷം അഗ്രഹമില്ല. സുന്ദരേശാനുഗ്രഹത്താൽ വാദത്തിൽ ഞാൻ ജയിക്കുകയാണെങ്കിൽ നിങ്ങളെ ഞാൻ ശൂലത്തിൽ ഇട്ടു കൊല്ലിക്കും. ധൈര്യമുണ്ടെങ്കിൽ നിങ്ങൾ അപ്രകാരം സമ്മതിക്കുവിൻ.”

നഗ്നന്മാർ അവരുടെ വിധിവിപരീതംകൊണ്ട് അപ്രകാരം ചെയ്യുന്നതിനു അവർ സമ്മതിച്ചിരിക്കുന്നതായി പറഞ്ഞു. ജ്ഞാനസംബന്ധൻ ആ സമ്മതം രാജാവിനെ അറിയിച്ചു ‘അദ്ദേഹത്തെക്കൊണ്ട് എണ്ണായിരത്തിലധികം ശൂലങ്ങൾ ഉണ്ടാക്കിക്കൊണ്ടുവരുന്നതിനായി രാജകിങ്കരന്മാക്കു കല്പന കൊടുപ്പിച്ച് എണ്ണായിരത്തിലധികം ശൂലങ്ങൾ വരുത്തിച്ച് അവിടെ നാട്ടിച്ചു.

അനന്തരം നഗ്നന്മാരെ വിളിച്ച് ഇങ്ങനെ ഗുണദോഷിച്ചു.—

“അല്ലയൊ ബുധശ്രേഷ്ഠന്മാരേ! നിങ്ങൾ വെറുതെ മരിക്കാൻ തുടങ്ങാതെ ജ്ഞാനസംബന്ധനു കീഴടങ്ങി അദ്ദേഹം പറയുന്നതിനെ കേട്ടുകൊള്ളുവിൻ; നിങ്ങൾക്കു നല്ലതു് അതാണ്. നിങ്ങൾ അജ്ഞാനംമൂലം കാര്യമറിയാതെ ഇങ്ങനെ എല്ലാം പറയുന്നതാണ്. ലോകത്തിൽ ഉള്ള എല്ലാ മതവഴികളിലും വച്ച് ഉത്തമമായതു് വേദോക്തമാർഗ്ഗമാണ്. അതുകൊണ്ട് എല്ലാദുഃഖവും അവസാനിക്കും. ആ സത്യമതാവലംബനം ഒന്നുകൊണ്ടല്ലാതെ മറെറാന്നുകൊണ്ടും ഇഹപര സൌഖ്യങ്ങൾ ലഭിക്കുകയില്ല. മറ്റുള്ള സകലമതങ്ങളും പാപം വർദ്ധിപ്പിക്കുന്നതാണ്. അതുകൊണ്ട് നിങ്ങൾ ക്ഷപണമതമുപേക്ഷിച്ച്, ശൈവമതം വിശ്വസിച്ചു, ഭസ്മരുദ്രാക്ഷങ്ങൾ ധരിച്ച്, പഞ്ചാക്ഷരം ജപിച്ചു ഇഹപരസൌഖ്യങ്ങൾ അനുഭവിപ്പിൻ. പാപനാശനത്തിനും ഭോഗമോക്ഷാനുഭവത്തിനും ശിവപൂജയേക്കാൾ ശ്രേഷ്ഠമായി മറെറാന്നും ഇല്ല. അതുകൊണ്ട് നിങ്ങൾ എന്റെ ഉപദേശപ്രകാരം ബുദ്ധമതം ഉപേക്ഷിച്ച് ശൈവമതം സ്വീകരിച്ചാൽ കൊല്ലാതെ അയയ്ക്കാം. അല്ലെങ്കിൽ എല്ലാവരേയും ശൂലാരോഹണം ചെയ്യിക്കും.”

നഗ്നന്മാർ കോപപുരസ്സരം ഇപ്രകാരം മറുപടി പറഞ്ഞു:—

“നീ ആര്? ഞങ്ങളുടെ ഉപദേഷ്ടാവോ? നല്ലകാര്യമായി. നിന്റെ ഉപദേശം എന്ത്? ഞങ്ങൾ ഭസ്മരുദ്രാക്ഷങ്ങൾ ധരിക്കണമെന്നൊ? ഇതുവരെ കേട്ടിട്ടില്ല

തോല്ക്കുമെന്നാകുമ്പോൾ ഇങ്ങനെ കൌശലംപ്രയോഗിക്കാൻ ഉള്ള ബുദ്ധി വളരെ ബാല്യമെങ്കിലും നിനക്കുണ്ടായതിൽ നിന്നെ ഞങ്ങൾ അനുമോദിക്കാതിരിക്കുന്നില്ല. അത്ര വകവച്ചു തരാൻ ഞങ്ങളില്ല. ഇമ്മാതിരി കാപട്യനയങ്ങൾ, നിന്നെപ്പോലെയുള്ള ചെറുപ്പക്കാരോടോ, നിന്റെ വാലും തലയും ഫലമില്ലാതെ ഭസ്മരുദ്രാക്ഷാദികളും ധരിച്ച് പഞ്ചാക്ഷരവും ജപിച്ചുംകൊണ്ട് നടക്കുന്ന അജ്ഞാനികളോടൊ ഉപയോഗിക്കാതെ ഞങ്ങളോടുപയോഗിച്ചതും ഫലിക്കുമെന്നു നിശ്ചയിച്ചതുമാണ് അത്ഭുതം. ഈ കർണ്ണകഠോരമായ വാക്ക് ബാലനായ നീയല്ലാതെ മററു വല്ലവരും ഞങ്ങളോടു പറഞ്ഞിരുന്നെങ്കിൽ ഞങ്ങൾ അവർക്കു അക്ഷണത്തിൽതന്നെ കാലപുരത്തിലേക്കുള്ള വഴി തെളിച്ചുകൊടുക്കുമായിരുന്നു. കുട്ടിയായതുകൊണ്ട് ഞങ്ങൾ ഇപ്പോഴത്തേക്കു ക്ഷമിച്ചിരിക്കുന്നു. ഇനി ഒരിക്കലും ഞങ്ങൾ ഭസ്മരുദ്രാക്ഷങ്ങളെ ധരിക്കണമെന്നും പഞ്ചാക്ഷരം ജപിക്കണമെന്നും പറഞ്ഞുപോകരുത്. ഞങ്ങളോടു പിണങ്ങാൻ വന്നിരിക്കുന്ന നീ ഉപദേശം തുടങ്ങിയിരിക്കുന്നതിന്റെ അർത്ഥം എന്തു? പ്രതിജ്ഞ ചെയ്തതുപോലെ പത്രം എഴുതി നദിയിലേക്കെറിയുക. അല്ലെങ്കിൽ തോററെന്നു സമ്മതിച്ച് ഞങ്ങളുടെ ദാസനാവുക.

ക്ഷപണന്മാരുടെ ഇപ്രകാരമുള്ള വാക്കുകൾ കേട്ട്, ജ്ഞാനസംബന്ധബാലൻ, പാണ്ഡ്യരാജാവിനെ അഭിമുഖമാക്കി ഇങ്ങനെ പറഞ്ഞു:— "അല്ലയൊ വിഖ്യാതകീർത്തിമാനായ പാണ്ഡ്യരാജേന്ദ്ര! എത്രയും പത്ഥ്യമായ വാക്കുതന്നെ ആയിരുന്നാലും, ദുഷ്ടന്മാരുടെ ദുർമ്മോഹത്തിന്നനുകൂലമായതല്ലെങ്കിൽ, അവരുടെ കാതിൽ കടക്കുന്ന കാര്യം പ്രയാസമാണ്. കഷ്ടകാലത്തിൽ സജ്ജനഭാഷിതം ഒട്ടും തന്നെ ശോഭിക്കുന്നതല്ലെന്നാണ് ആപ്തവചനവും. അതുകൊണ്ട് ഇനി ഇവരെ സംബന്ധിച്ച് നാം ചെയ്യാനുള്ളത് ശൂലങ്ങൾ ഒന്നുകൂടി ഉറപ്പിക്കുകയാണ്."

രാജാവു് ജ്ഞാനസംബന്ധന്റെ അഭിപ്രായം വളരെ വളരെ യുക്തിയുക്തമായതു തന്നെയെന്നു സമ്മതിച്ചു. ശിവഭക്തന്മാരും രാജകിങ്കരന്മാരും അതുകേട്ടു പോയി ശൂലമൂലങ്ങൾ കുത്തിയുറപ്പിച്ചു.

അനന്തരം ജ്ഞാനസംബന്ധനും പട്ടമഹിഷിയും മന്ത്രീന്ദ്രനും, രാജാവും മററും വേഗവതീ തീരത്തിലേക്കു തിരിച്ചു. നഗ്നന്മാർ കാലേകൂട്ടിയെ അവിടെ പോയിട്ടുണ്ടായിരുന്നു. അനന്തരം വിവാദപരീക്ഷയ്ക്കായി അവർ തുടങ്ങി. ഒന്നാമതായി ജലസ്തംഭനാദികളായ കർമ്മങ്ങളിൽ അതിസമർത്ഥന്മാരായ നഗ്നന്മാർതന്നെ ശീഘ്രഗതിയോടു കൂടിയ നദീപ്രവാഹത്തിൽ, മന്ത്രപത്രങ്ങളെ മന്ത്രിച്ചുവിക്ഷേപിച്ചു. ജ്ഞാനസംബന്ധബാലൻ എല്ലാരും കാണത്തക്കവണ്ണം അദ്ദേഹത്തിന്റെ പുസ്തകത്തിൽനിന്നും ഒരു പത്രം എടുത്തു് രണ്ടാമതായിട്ടും നദിയിൽ എറിഞ്ഞു. നഗ്നന്മാർ പത്രം എറിഞ്ഞതു് അവരുടെ മന്ത്രശക്തികൊണ്ടു് നദീവേഗത്തിനു എതിരായി പത്രം മേല്പോ

ട്ടുകയറി വരുമെന്നുള്ള അത്മധൈര്യത്തോടുകൂടെയും ജ്ഞാനസംബന്ധൻ പ്രയോഗിച്ചതു്, മീനാക്ഷീ സുന്ദരേശ്വരാനുഗ്രഹംകൊണ്ടു് തന്റെവാദം ജയിക്കുമെന്നുള്ള അത്മവിശ്വാസത്തോടുകൂടെയും ആയിരുന്നു. ഇതിൽനഗ്നാചാൎയ്യന്മാർ എറിഞ്ഞ പത്രം നദീവേഗത്തിൽ അകപ്പെട്ടു് താഴോട്ടു ഒഴുകിപ്പോവുകയും, ജ്ഞാനസംബന്ധൻ എറിഞ്ഞ പത്രംനദീവേഗത്തിന്നെതിരായി ലോകരക്ഷാൎത്ഥം ശരംപോലെ മേല്പോട്ടുകയറി വരികയും ചെയ്തു.

പാണ്ഡ്യരാജാവും പട്ടമഹിഷിയും മന്ത്രിശ്രേഷ്ഠനും എന്നുമാത്രമല്ല കാണികൾ എല്ലാവരുംഒന്നുപോലെആശ്ചൎയ്യപ്പെട്ടുകയും, ഭഗ്നാഭിലാഷികളായ നഗ്നാചാൎയ്യന്മാർ ലജ്ജിതന്മാരായിമുഖംതാഴ്ത്തിക്കൊണ്ടു്ഞങ്ങൾതോറ്റുപോയി എന്നു് ജ്ഞാനസംബന്ധനോടു് തന്നെ ഏറ്റുസമ്മതിക്കുകയും ചെയ്തു. രാജഭടന്മാർ ഇതിനിടയിൽ, നഗ്നാചാൎയ്യന്മാരെ വളഞ്ഞുകഴിഞ്ഞു. പ്രതിജ്ഞപ്രകാരം ശൂലാരോഹണം ചെയ്യിക്കുന്നതിനു വേണ്ട ഒരുക്കങ്ങൾഅവർ തുടങ്ങി. ഉടൻതന്നെ കരുണാനിധിയായ ജ്ഞാനസംബന്ധൻ വീണ്ടും നഗ്നാചാൎയ്യന്മാരെ നോക്കി, "നിങ്ങൾ എല്ലാവരും കൂടി ഏകകാലത്തിൽ തന്നെ ശൂലത്തിൽകയറി ചാകേണ്ട. ഞാൻ പറയുന്നതിനെ നിങ്ങൾ കൈക്കൊള്ളുവിൻ. എല്ലാ ജന്മങ്ങളിലും വച്ചു് ഉൽകൃഷ്ടമായ മനുഷ്യജന്മം അത്ര എളുപ്പത്തിൽ കിട്ടികൊള്ളുന്നതല്ല. പുരാകൃതമായ എന്തൊ ഒരു പുണ്യവിശേഷത്താൽ ഈ ജന്മത്തിൽ അതു നിങ്ങൾക്കു ലഭിച്ചു. ഇനിയെങ്കിലും നിങ്ങൾ അതിനെ പാഴതെ കളയാതെ ശ്രുതിപ്രോക്തങ്ങളായ കൎമ്മങ്ങൾ അനുഷ്ഠിച്ചു് സാഫല്യപ്പെടുത്തണം. വേദനിന്ദയും ചെയ്തു പീലിക്കെട്ടും ചുമന്നു് ബുദ്ധന്മാരായിനടക്കുന്നതുകൊണ്ടു് യാതൊരുഫലവും വരാനില്ല. നിങ്ങൾ നിരുപയോഗമായ ബൌദ്ധചിഹ്നങ്ങളെ ഉപേക്ഷിച്ചുംവച്ചു് ഭസ്മരുദ്രാക്ഷാദികൾ ധരിച്ചു, ധന്യന്മാരാകുവിൻ. അവ ധരിക്കുന്നതിനു നിങ്ങളും ആചാരംകൊണ്ടു് അധികാരികളാകും. ശങ്കരപ്രിയങ്ങളായ ഭസ്മരുദ്രാക്ഷാദികൾ സങ്കരജാതികൾക്കും ധരിക്കാമെന്നു വിധിയുണ്ടു്. ഭസ്മരുദ്രാക്ഷാദികളെ വിധിപ്രകാരം നിത്യതഃ ധരിക്കുന്നവൻ കാലക്രമേണ, വേദോക്തങ്ങളായ കൎമ്മങ്ങൾക്കും അധികാരിയാകും. പ്രാണരക്ഷയ്ക്കുവേണ്ടി സൽകൎമ്മങ്ങൾ അനുഷ്ഠിക്കുന്നതിൽ അഭിമാനം കരുതാനും ഇല്ല. അതുകൊണ്ടു് നിങ്ങൾ ബുദ്ധമതം ഉപേക്ഷിച്ചു് ശൈവമതത്തെ അംഗീകരിച്ചാൽ നിങ്ങൾ ചെയ്ത പ്രതിജ്ഞപ്രകാരം ശൂലാരോഹണം ചെയ്യേണ്ടതില്ല.

നഗ്നാചൎയ്യന്മാർ അതുകേട്ടു പറഞ്ഞു:—ശരിതന്നെ, എങ്കിലും ഭസ്മരുദ്രാക്ഷാദികളെ സംബന്ധിച്ചുള്ള നിന്റെ വൎണ്ണന ഞങ്ങൾക്കുകൎണ്ണശൂലമാണു്. സ്മരിക്കുന്നതിനുകൂടി ഞങ്ങളെക്കൊണ്ടു് സാധിക്കാത്ത ഭസ്മം ധരിക്കുന്നതിനെക്കാൾ മരിക്കുന്നതുതന്നെയാണു് ഞങ്ങൾക്കുനല്ലതു്. ഞങ്ങൾക്കു വാശിയും കോപവും ഉണ്ടാകത്തക്ക വാക്കുകൾ നീ യാതൊരു മടിയും

കൂടാതെ പറഞ്ഞുതുടങ്ങിയിരിക്കുന്നതു് രാജാവിന്റെ പേരിൽ നിനക്കുള്ള വിശ്വാസംകൊണ്ടാണെന്നു ഞങ്ങൾക്കു നല്ലതുപോലെ അറിയാം. അതുകൊണ്ടു് ഇനി ഞങ്ങൾ നിന്നെക്കൊണ്ടു് അധികം ഒന്നും പറയിക്കാൻ നിശ്ചയിച്ചിട്ടില്ല. ഞങ്ങൾ സ്വയമേവ ശൂലാരോഹണം ചെയ്തുകൊള്ളാം.

നിന്ദിതന്മാരായ നഗ്നന്മാർ ഇങ്ങനെ പറഞ്ഞുകൊണ്ടു് അവർ ഓരോരുത്തരായി പ്രായശ്ചിത്താരോഹണം ചെയ്തു. ദൈവവിധി ആരെക്കൊണ്ടും തടുക്കാവുന്നതല്ലല്ലോ. സംശയഗ്രസ്തന്മാരായി നിന്നവരെ ശൈവഭക്തന്മാരായ രാജകിങ്കരന്മാരും കൂടി പിടിച്ചു കഴുവേറ്റുകയും ഭസ്മരുദ്രാക്ഷാദികൾ ധരിച്ചു് ശൈവമതം അവലംബിച്ചുകൊള്ളാമെന്നു സമ്മതിച്ചവരുടെ ജീവത്രാണനം ചെയ്യുകയും ചെയ്തു. നഗ്നാചാര്യന്മാരുടെ ശിഷ്യന്മാരെ കഴുവേറ്റാനായി ചെന്നു പിടികൂടിയപ്പോൾ അവർ ഭസ്മം ധരിച്ചുകൊള്ളാമെന്നു നിലവിളിക്കുകയും ഭസ്മം കിട്ടായ്കമൂലം ചെവിയിൽ പലരും ഗോമയം വാരി നെറ്റിയിൽ ധരിക്കുകയും, പശുക്കുട്ടികളെ തോളിൽ എടുത്തുകൊണ്ടു നടക്കുകയും മറ്റും ചെയ്തു. എന്തിനധികം പറയുന്നു നഗ്നവാദം ഉപേക്ഷിച്ചു് ശൈവമതം വിശ്വസിക്കാത്ത പല നഗ്നാചാര്യന്മാരെയും അവരുടെ ശിഷ്യന്മാരെയും കഴുവേറ്റി. ശൂലത്തിൽകിടന്നു പ്രാണൻതല്ലി പിടയുന്നവരുടെ ദീനപ്രലാപംകൊണ്ടു് ആകാശതലം മുഴങ്ങി. ശൂലാരോഹിതന്മാരായ ബൌദ്ധന്മാരുടെ ശവഭക്ഷണത്തിനായി വന്നെത്തിയ കഴുകന്മാരുടെയും കാക്കകളുടെയും പരുന്തുകളുടെയും പിശാചുക്കളുടെയും കുറുക്കന്മാരുടേയും ബഹളം, അതിങ്ങിനെ! ബൌദ്ധമതം കൊണ്ടു് കലുഷമായ പാണ്ഡ്യരാജ്യത്തെ ശൈവമതോദ്ധാരണത്താൽ ഉണർത്തിയ ജ്ഞാനസംബന്ധന്റെ ദിവ്യതയെപ്പറ്റി പ്രശംസിക്കുന്ന വിദ്വാന്മാരുടെയും പുരവാസികളുടെയും ബഹളം മറ്റൊരിടത്തു്. പട്ടമഹിഷിയായ വനിതാരശിയും മന്ത്രിവര്യനും തങ്ങളുടെ ചിരകാലപ്രാർത്ഥിതമായ ഉദ്ദേശം സഫലമായതിൽവച്ചുണ്ടായ സന്തോഷംകൊണ്ടു് മതിമറന്നവരായി. ഇങ്ങനെ ജ്ഞാനസംബന്ധന്റെ വിജയവും, നഗ്നാചാര്യന്മാരുടെ മരണവും, ബൌദ്ധമതത്തിന്റെ അധഃപതനവും ശൈവമതത്തിന്റെ പുനരുദ്ധാരണവും എല്ലാവർക്കും സന്തോഷമായും അഭിമാനകരമായും ആനന്ദമായും അവസാനിച്ചു.

ജ്ഞാനസംബന്ധൻ അഗ്നിയിൽ മന്ത്രപത്രം നിക്ഷേപിച്ചു്, നഗ്നന്മാരെ തോല്പിച്ച സംസ്ഥാനത്തിനു ഇന്നും ജ്ഞാനസംബന്ധാഗ്നിയെന്നാണു് നാമധേയം.

ഇതെല്ലാം കഴിഞ്ഞതിന്റെ ശേഷം പാണ്ഡ്യരാജാവു് ജ്ഞാനസംബന്ധനോടു് അങ്ങു് നദീപ്രവാഹത്തിൽ എറിഞ്ഞ പത്രം ഒഴുക്കിൽ താഴ്പോട്ടു പോകാതെ മേല്പോട്ടു കയറിവന്നതിൽ എങ്ങോട്ടുപോയി എന്നു ചോദിച്ചു. ജ്ഞാനസംബന്ധൻ അതുകേട്ടു് "ആ പത്രം സുന്ദരേശപാദങ്ങ

പ്രകാരം ഈ നദീപ്രവാഹത്തിന്ന അഭിമുഖമായിപ്പോയിരിക്കുകയാണ്. അങ്ങ് എന്നോടുകൂടെ വന്നാൽ ഞാൻ വരുത്തിക്കാണിച്ചുതരാം; എന്നുപറഞ്ഞു. രാജാവും അനുചരന്മാരും അതുകേട്ടുബാലനോട്, ഞങ്ങൾകൂടിവരാം അങ്ങ് മുമ്പേനടക്കണം എന്നുപറഞ്ഞു. ബാലൻമുമ്പേനടന്നു. മററുള്ളവർ അദ്ദേഹത്തെ പിന്തുടൎന്നു. അവർഎല്ലാവരുംകൂടെ അരയോജന ദൂരം പോയപ്പോൾ മന്ത്രപത്രം ജലത്തിൽ താഴുന്നതുകണ്ടു. ഉടൻതന്നെ ജ്ഞാനസംബന്ധബാലൻ, ശ്ലോകങ്ങൾചൊല്ലി സുന്ദരേശ്വരനെസ്തുതിച്ചു. എന്നിട്ടും വെള്ളത്തിൽതാണുതുടങ്ങിയ പത്രം പൊങ്ങിയില്ല. രാജാവും മററുള്ളോരും അവിടെ സംഭവിക്കാൻ പോകുന്ന അതിശയം എന്തായിരിക്കുമെന്നറിവാനുള്ള ഉൽക്കണ്ഠയോടുകൂടെ ശ്രദ്ധാപൂൎവം നോക്കിക്കൊണ്ടുനിന്നു. ജ്ഞാനസംബന്ധൻ, പശുക്കളെ മേച്ചുകൊണ്ട് അവിടെനടക്കുന്ന ബാലന്മാരോടുഇവിടെ വല്ലതുംവിശേഷമുണ്ടോ എന്നുചോദിച്ചു. അവർ അവിടെ യാതൊരുവിശേഷവുംഇല്ലെന്നു മറുപടിപറഞ്ഞു എങ്കിലുംജ്ഞാനസംബന്ധന്റെ ഹൃദയം, അവിടെ എത്തിയപ്പോൾ പൂൎവാധികം പ്രസന്നമായിത്തീൎന്നതുകൊണ്ടു, അവിടെ എന്തെങ്കിലും വിശേഷമുണ്ടായിരിക്കണമെന്നു നിശ്ചയിച്ച് വീണ്ടുംസുന്ദരേശ്വരനെ ശ്ലോകങ്ങൾകൊണ്ടു സ്തുതിച്ചു. അപ്പോൾ ആ നദിയുടെ ഉത്തരതീരത്തിൽ ഉന്നതമായ ഒരുഭൂതലത്തിൽ ഒരു ശിവലിംഗം കണ്ടു. ജ്ഞാനസംബന്ധൻ ഓടി ആ ലിംഗസന്നിധിയിൽഎത്തിഅതിനെ നമസ്കരിച്ചു. അനന്തരം അദ്ദേഹം സുന്ദരപാണ്ഡ്യഭൂപാലാദികളോടുകൂടെ ആ ലിംഗസന്നിധിയിൽ നിന്നുകൊണ്ടു പരമശിവനെ ഭക്തിപ്രധാനങ്ങളായ അനവധിശ്ലോകങ്ങൾ ചൊല്ലി സ്തുതിക്കാൻപറഞ്ഞു. അവർഅപ്രകാരംചെയ്തു. സ്തുതികൊണ്ടു സന്തുഷ്ടനായപരമേശ്വരൻ ആ ലിംഗത്തിൽ നിന്നും ഭസ്മരുദ്രാക്ഷധാരിയായ ഒരു വൃദ്ധബ്രാഹ്മണന്റെ രൂപത്തിൽ പ്രത്യക്ഷീഭൂതനായിതന്റെകൈയിൽ ഉണ്ടായിരുന്ന ഭസ്മംജ്ഞാനസംബന്ധന്റെഫാലത്തിൽ ഇട്ടു. അതിന്റെ ശേഷം ജ്ഞാനസംബന്ധനോട് നിനക്കു ഇനി എന്താണ് ആഗ്രഹം എന്നുചോദിച്ചു ജ്ഞാനസംബന്ധൻ, പ്രത്യക്ഷനായി തന്നോടു ഇഷ്ടവരമെന്തെന്നു ചോദിക്കുന്നതു് വൃദ്ധബ്രാഹ്മണൻഅല്ലെന്നും തന്റെപിതാവായ സാക്ഷാൽപരമശിവൻ തന്നെയെന്നും ഉള്ള വിശ്വാസത്തോടുകൂടെ പിതാവേ! എനിക്കു ഇനിയാതൊന്നിലുംആഗ്രഹംഇല്ല. എന്നെ ഇനി അങ്ങ് രക്ഷിച്ചുകൊണ്ടാൽ മാത്രം മതിയെന്നിങ്ങനെ പറഞ്ഞുംകൊണ്ട് അദ്ദേഹത്തിന്റെ പാദംപിടിച്ചുകരഞ്ഞു

പരമശിവൻ ഉടനെ ഇങ്ങനെമറുപടിപറഞ്ഞു:—

“അല്ലയോ മഹിമാനായ വത്സ! നീ എന്തിനുവിലപിക്കുന്നു. ശങ്കരഭക്തി, ജ്ഞാനം, വിദ്യ ഇവകളിൽ നിനക്കുതുല്യം ആരും ഇല്ല. ലീലക്കുവേണ്ടി ബാലവേഷധാരിയായ നിന്റെ ഭസ്മലേപിതമായ മുഖം വാടിക്കാണുന്നതെന്തു്?”

ബാലൻ മറുപടിപറഞ്ഞു:—

“അല്ലയോഭഗവാനെ! നിന്തിരുവടിയുടെ പാദദൎശനത്തിനഅടിയന ഭാഗ്യമുണ്ടായപ്പോൾ തന്നെ അടിയന്റെ സകലാനുഗ്രഹങ്ങളുംസാധിച്ചതായി. എങ്കിലും ഞാൻ നദിയിൽ പ്രക്ഷേപിച്ച മന്ത്രപത്രം രാജാവിനെ കാണിക്കുന്നതിനായി തിയ്യെത്തരണം. ആ മന്ത്രപത്രംകാണണമെന്ന് പാണ്ഡ്യരാജാവിന് വലിയ ആഗ്രഹം ഉള്ളതായിതോന്നുന്നു. സൎവ്വജ്ഞന്മാരായ അങ്ങയുടെ നന്ദനന്മാൎക്ക അതുകൊണ്ടു യാതൊരുപ്രയോജനവുംഇല്ല. അതുകൊണ്ടു ആ മന്ത്രപത്രം തിയ്യെ തന്ന് അടിയനെ അനുഗ്രഹിക്കണം. കൂടാതെ അടിയനെ എല്ലാക്കാലവും ഒന്നുപോലെ നിന്തിരുവടിയുടെ പാദപത്മങ്ങളിൽ സ്ഥായിയായ ഭക്തി വൎദ്ധിക്കുന്നതിനും അനുഗ്രഹിപ്പാറാകണം.

മഹേശ്വരൻ അതുകേട്ടു പറഞ്ഞു:—

“അല്ലയോ സ്കന്ദാംശജാതനായ വത്സ! നീ സൎവ്വജ്ഞൻ ആണെന്നുള്ളതിനു യാതൊരുസംശയവും ഇല്ല. നിന്റെഅഭിപ്രായങ്ങൾഎല്ലാം വളരെ വളരെ യുക്തിയുക്തവുംന്യായവും ആയിരുന്നു. വേദദൂഷകന്മാരായനഗ്നന്മാരെ ജയിച്ച്, സൎവ്വത്ര വൈദികസ്ഥാപനം ചെയ്തനിന്റെ അത്യന്തംദിവ്യമായ അതിസാമൎത്ഥ്യത്തെപ്പററി എല്ലാലോകരും എന്നെന്നേക്കും പ്രശംസിക്കും. ഇനിയും നീ അനവധികാലം ഈ ലോകത്തിൽസഞ്ചരിച്ച് സൎവ്വത്രവൈദികധൎമ്മങ്ങളെ നടപ്പാക്കിവേദദൂഷകന്മാരെയെല്ലാം നിഷ്കാസിച്ചു ശൈവമതോദ്ധാരണം ചെയ്തതിന്റെ ശേഷം നിന്റെമൂലകാരണമായ ഗുഹയിൽ നീ ലയിച്ചുകൊള്ളുക”

ഇങ്ങനെ അരുളിച്ചെയ്കയും അനുഗ്രഹിക്കയും ചെയ്തതിന്റെശേഷം മന്ത്രപത്രത്തെ ജ്ഞാനസംബന്ധന്റെ കൈയിൽ നല്കിയുംവച്ച് പരമശിവൻഅവിടെ ഉണ്ടായിരുന്ന മൂലലിംഗത്തിൽതന്നെ തിരോഭൂതനായി. അതിന്റെ ശേഷം ജ്ഞാനസംബന്ധൻ അദ്ദേഹത്തിന്റെകൈവശം ഉണ്ടായിരുന്ന മന്ത്രപത്രം പാണ്ഡ്യരാജാവിന്റെ കൈയിൽകൊടുത്തിട്ട്, ഇതാകാണുക! ഇതാണ് ഞാൻ നദിയിൽ പ്രക്ഷേപിച്ചമന്ത്രപത്രം. അത് ഭഗവാൻതന്നെ എന്റെ കൈയിൽ കൊണ്ടുവന്നുതന്നു. ഇവിടെ പ്രത്യക്ഷനായി ഇതേവരെയും എന്റെ കൂടെ സംസാരിച്ചുകൊണ്ടു നിന്നതു് സാക്ഷാൽ ഭഗവാൻതന്നെ ആയിരുന്നു.

രാജാവുഇതില്പരമില്ലാത്ത വിസ്മയത്തോടുകൂടെമന്ത്രപത്രംകൈയിൽവാങ്ങി നോക്കി ഏററവും സന്തോഷിച്ചു. അതിന്റെശേഷം ജ്ഞാനസംബന്ധന്റെ അനന്യസാധാരണമായ ഓരോ മാഹാത്മ്യങ്ങളെപ്പററിയും പലതും പറഞ്ഞു പ്രശംസിക്കയും അത്യന്തം ഭക്തിയോടും ബഹുമാനത്തോടും കൂടെ അദ്ദേഹത്തെ സ്തുതിക്കയും ചെയ്തു. അനന്തരം അവിടെ ഉണ്ടായിരുന്ന ജ

ന്ദ ശിവയോഗിയുടെ മുഖത്തിൽ നിന്നും ആ സ്ഥലത്തിന്റെ മാഹാത്മ്യത്തെപ്പററി താഴെപറയുംപ്രകാരം ഗ്രഹിച്ചു.

ഈ ശിവലിംഗം കൃതാദികളായ യുഗങ്ങളിൽ വിഷ്ണു, ഗരുഡൻ, ശേഷൻ, ഇവരാൽ പൂജിതമായതാണു്. കലിയുഗത്തിലും അനവധി യോഗ്യന്മാർ ഈ ശിവലിംഗം പൂജിച്ചു് അനവധികാമങ്ങളെ സാധിച്ചിട്ടുണ്ടു്. ഇത്രഫലപ്രദമായ ഒരു ശിവലിംഗം വേറെയില്ല. ഈ ശിവലിംഗത്തെ ദശിക്കുകയോ പൂജിക്കുകയൊ ചെയ്യുന്നവരുടെ സവ്വപാപങ്ങളും നശിച്ചുപോകുമെന്നു മാത്രമല്ല, അവക്കു ഇഹത്തിൽ പരമൈശ്വര്യവും അന്ത്യകാലത്തിൽമുക്തിയും കിട്ടുന്നതാണു്.

പാണ്ഡ്യരാജാവു് ആ ശിവലിംഗത്തിന്റെ ഏവംവിധങ്ങളായ മാഹാത്മ്യങ്ങൾകേട്ടു് അത്യന്തം ആനന്ദതുന്ദിലനായി ആ സ്ഥലത്തിനു ശ്രീപത്രികാപുരമെന്നും തദീശനു ശ്രീപത്രികാപുരേശൻ എന്നും നാമകരണം ചെയ്തു. അതില്പിന്നെ, ശ്രീപത്രികാപുരേശക്ഷേത്രത്തിൽ അത്യുന്നതങ്ങളായ ഗോപുരങ്ങളും പ്രാസാദങ്ങളും ഉണ്ടാക്കിക്കുകയും, മററും ചെയ്തു് വലിയ വലിയ നിലയിൽ ആക്കി താൻ പണ്ടു്, നഗ്നസിദ്ധാന്തങ്ങൾ അനുഷ്ഠിച്ചതിൽ വച്ചുണ്ടായ പാപനിവൃത്തിക്കായി കുറേക്കാലം അവിടെ താമസിച്ചു് ആ ശ്രീപത്രികാപുരേശനെ സേവിക്കുകയും പൂജിക്കുകയും ചെയ്തു. നിത്യനിദാനം പൂജയ്ക്കുവേണ്ട വകകൾ നല്കി, പൂജിക്കുന്നതിനായി ഉത്തമന്മാരായ വിപ്രന്മാരേയും ആക്കി. അവിടെത്തന്നെ ഒരു പുരം ഉണ്ടാക്കി ബഹുജനങ്ങളോടുകൂടെ പാണ്ഡ്യഭൂപൻ, ഇന്ദ്രാഭിവന്ദ്യനായി ചിരകാലം പാത്തു.

ജ്ഞാനസംബന്ധനും ശ്രീപത്രികാപുരേശനെ പൂജിച്ചുകൊണ്ടു് ഒരു വർഷം അവിടെ താമസിച്ചു. അതില്പിന്നെ രാജാവിനോടും ശിഷ്യന്മാരോടുംകൂടെ അവിടെനിന്നുംപുറപ്പെട്ടു മധുരാപുരത്തിൽ പോയി മഹിഷിയാലും മഹീപാലകനാലും മന്ത്രിയാലും എന്നല്ലാ, എല്ലാവരാലും ഒന്നുപോലെ പൂജിതനായി പതിനാറായിരം ശിഷ്യന്മാരോടുകൂടെ ഒരുവത്സരം അവിടെപ്പാത്തു്, ആ പട്ടണത്തിൽ ഉള്ള എല്ലാവരേയും ഒന്നുപോലെ ശങ്കരഭക്തന്മാരാക്കി. അന്നുമുതൽ മധുരാപട്ടണത്തിൽ ഉള്ളവർ എല്ലാവരും ഒന്നുപോലെ ഭസ്മരുദ്രാക്ഷധാരികളും, പഞ്ചാക്ഷരം ജപിക്കുന്നവരും ആയിത്തീന്നു. മനസ്സുകൊണ്ടും വാക്കുകൊണ്ടും കമ്മംകൊണ്ടും ഭസ്മരുദ്രാക്ഷാദികളെ മാനിക്കാത്തവരായി യാതൊരുത്തരും പാണ്ഡ്യരാജ്യത്തിൽ ഇല്ലാതായി. അതിന്റെശേഷം, ദീപകാനനത്തിൽ ഉണ്ടായിരുന്ന നഗ്നവൃക്ഷങ്ങൾ മുഴുവൻ ഖണ്ഡിച്ച ആ ജ്ഞാനസംബന്ധമുനീശ്വരൻ, രാജാവിനോടും അദ്ദേഹത്തിന്റെ പട്ടമഹിഷിയോടും മന്ത്രീശ്വരനോടുംമററും യാത്രവാങ്ങി, ഹാലാസ്യേശ്വരനെ നമസ്കരിച്ചു് വേദാത്ഥയുക്തങ്ങളായ ഗേയങ്ങൾകൊണ്ടു് സ്തുതിച്ചു് അദ്ദേഹത്തിനോടും അനുമതി പ്രാത്ഥിച്ചുകൊണ്ടു്, മധുരയിൽനിന്നും പുറപ്പെട്ടു്, ശിഷ്യന്മാരോടുകൂടെ ശ്രീവേണുപുരത്തിൽപോയി അവിടെയുണ്ടായിരുന്ന നഗ്നന്മാരെയെല്ലാം വാദത്തിൽ തോല്പിച്ചു് തത്രത്യന്മാരായ വൈദികന്മാക്കും സമാധാനം ഉണ്ടാക്കിക്കൊടുത്തു. അനന്തരം അ

വിടെനിന്നും പുറപ്പെട്ടു് പല ശിവക്ഷേത്രങ്ങളിലും പോയി അവിടവിടെയുള്ള നഗ്നന്മാരെ തോല്പിച്ചു് വൈദികമതത്തെ സ്ഥാപിച്ചു. ഇങ്ങനെ അദ്ദേഹം, രാമേശ്വരം, വേദാരണ്യേശം, വൻപികേശം, മയൂരേശ്വരം, അരുതാമ്രേശ്വരം, ശ്വേതാരണ്യേശം മുതലായ എല്ലാ മുഖ്യശിവക്ഷേത്രങ്ങളിലുംപോയി നഗ്നമതഖണ്ഡനവും വൈദികമതസ്ഥാപനവുംചെയ്തു. ഒടുവിൽ അദ്ദേഹം സർവ്വത്ര വിജയിയായി ബ്രഹ്മപുരത്തിലെത്തി ജനകജനനിമാരുടെ പാദങ്ങൾ വന്ദിച്ചു് അത്യന്തം സന്തോഷത്തോടുകൂടെ അവിടെ പാർത്തു. സുന്ദരപാണ്ഡ്യൻ പുത്രമിത്രകളത്രാദികളോടുകൂടെ മധുരാപുരാധിപനായ സുന്ദരേശ്വരനേയും പൂജിച്ചു് അനവധികാലം പാണ്ഡ്യരാജ്യപരിപാലനംചെയ്തു. ഒടുവിൽ അദ്ദേഹം മധുരേശ്വരൻ, എന്നു പേരോടുകൂടിയ പുത്രനിൽ, രാജ്യഭാരം ഇറക്കിട്ടു വനിതേശ്വരിയെന്ന അദ്ദേഹത്തിന്റെ ഭാര്യയോടുകൂടെ ശിവസായൂജ്യം പ്രാപിച്ചു. അല്ലയോ വസിഷ്ഠാദികളെ! സുന്ദരേശ്വരന്റെ അതിപാവനമായ ഈ അറുപത്തിമൂന്നാമത്തെ ലീലയെ കേൾക്കുകയും പഠിക്കുകയും ചെയ്യുന്നവർക്ക ഇഹപരങ്ങളിൽ ഒന്നുപോലെ സൌഖ്യമുണ്ടാകുമെന്നുള്ളതിനു യാതൊരു സംശയവുമില്ല.

അറുപത്തിമൂന്നാം ലീല സമാപ്തം.

---

# ഹാലാസ്യമാഹാത്മ്യം

## കേരളഭാഷാഗദ്യം.

### ൬൦-ാം അദ്ധ്യായം.

### ശിവലിംഗം, ശമീവൃക്ഷം, കൂപം, ഇവയെ സാക്ഷികളായി വരുത്തിയ അറുപത്തിനാലാം ലീല.

അനന്തരം ശൈവാഗമസാരവേദികളിൽ അഗ്രേസരനായ അഗസ്ത്യൻ വസിഷ്ഠാദിതാപസന്മാരോടു്, വിശ്വസാക്ഷിയായ സുന്ദരേശ്വരൻ ശിവലിംഗം, ശമീവൃക്ഷം, കൂപം, ഇവയെ സാക്ഷിയായി മധുരയിൽ വരുത്തിയ അദ്ദേഹത്തിന്റെ അറുപത്തിനാലാമത്തെ ലീലയെ താഴെ വരുമാറു് പറയാൻ തുടങ്ങി:—

"അല്ലയോ വസിഷ്ഠാദികളെ! സാഗരതീരത്തിങ്കൽ കാവേരീപുരമെന്നു പ്രസിദ്ധമായ ഒരു പട്ടണത്തിൽ സമ്പത്തുകൊണ്ടു് രാജതുല്യനായ വൈശ്യവ

ണനും ഗുണങ്ങൾകൊണ്ടു്, തുല്യമില്ലാത്തവനും, ആയ ഒരു വൈശ്യൻ അനുകൂലയും സുശീലയും വിദുഷിയും പതിവ്രതാരത്നവും ആയ ഭാൎയ്യയുമൊന്നിച്ചു് പാൎത്തിരുന്നു. അദ്ദേഹത്തിനു് വേണ്ട സമ്പത്തും ഗുണവും കീൎത്തിയും ഉണ്ടായിരുന്നെങ്കിലും അദ്ദേഹത്തിന്റെ പുരാകൃതപാപപ്രാബല്യത്താൽ പുത്രസമ്പത്തുമാത്രം ഉണ്ടായില്ല. സന്താനലബ്ധിക്കുവേണ്ടി അദ്ദേഹം അനവധി സൽകൃത്യങ്ങൾചെയ്തു. ഒടുവിൽ ഒരു പുത്രിയുണ്ടായി. സന്താനലാഭത്തിനുവേണ്ടിചെയ്ത അനവധി തപോദാനഹോമങ്ങളുടെ ഫലമായി ജാതയായ ആ കന്യകയെ പ്രായമായപ്പോൾ, അദ്ദേഹത്തിന്റെ ഭാഗിനേയനും, സകലൈശ്വൎയ്യസമ്പന്നനും മധുരാപുരവാസിയും ആയ ഒരു വൈശ്യകുമാരനു വിവാഹംചെയ്തു കൊടുക്കണമെന്നു നിശ്ചയിച്ചു്, ബന്ധുക്കളേയും മററു വേണ്ടതായവരേയും ഒക്കെക്കൂട്ടി വിവാഹാലോചന നടത്തി വിവാഹത്തിനു വേണ്ട ഒരുക്കങ്ങൾ ചെയ്തുകൊണ്ടുവരുന്ന അവസരത്തിൽ, വിധിവൈപരീത്യത്താൽ അദ്ദേഹം പരലോകഗതനായി. ഭാൎയ്യയും സതീവ്രതം അനുഷ്ഠിച്ചു് ഭൎത്താവിനെ അനുഗമിച്ചു. സഗോത്രന്മാർ അവരുടെ ശേഷക്രിയകൾ അനുഷ്ഠിക്കുകയും, മധുരയിൽ നിവസിക്കുന്ന അദ്ദേഹത്തിന്റെ ഭാഗിനേയനു് എഴുത്തയക്കുകയുംചെയ്തു. ആ എഴുത്തിൽ, നിന്റെ മരിച്ചുപോയ മാതുലനു് അദ്ദേഹത്തിന്റെ പൂൎവ്വകൃതപാപംകൊണ്ടു് പുത്രസന്താനങ്ങൾ ഉണ്ടായില്ലെങ്കിലും ഈ ജന്മത്തിൽ ചെയ്ത അനവധി സൽകൎമ്മങ്ങളുടെ ഫലമായി അവനുണ്ടായ അതിസുന്ദരിയായ കന്യകയെ നിനക്കു വിവാഹംകഴിച്ചു് അവന്റെ സൎവ്വസമ്പത്തുകളോടുംകൂടെ നൽകണമെന്നു്, നിശ്ചയിക്കുകയും ആ വിവരം അവന്റെ ബന്ധുക്കളായ ഞങ്ങളെ എല്ലാം ധരിപ്പിക്കുകയും ചെയ്തിരുന്നു. അതുകൊണ്ടു് അവന്റെ പ്രിയഭാഗിനേയനായ നീ ഇവിടെ വന്നു്, അവന്റെ നിശ്ചയപ്രകാരം അംഗനാരത്നത്തേയും സമ്പത്തുകളേയും സ്വീകരിച്ചുകൊള്ളണം എന്നുകൂടി വിവരിച്ചിരുന്നു.

എഴുത്തു വായിച്ചു നോക്കിയപ്പോൾ ആ വൈശ്യകുമാരനുണ്ടായ സന്താപത്തിനു് ഒരു കണക്കും ഇല്ലായിരുന്നു. അദ്ദേഹം രണ്ടുനാഴികയോളവും കുട്ടികളെപ്പോലെ വ്യസനംകൊണ്ടു് നിലവിളിച്ചു. ഒടുവിൽ, അവിടെ അപ്പോൾ കൂടിയ അനവധി യോഗ്യന്മാരുടെ സാന്ത്വനവാക്കുകളാൽ ആശ്വസ്തനായ അദ്ദേഹം, നാലഞ്ചു് സഹായികളോടുകൂടെ മധുരയിൽനിന്നും പുറപ്പെട്ടു്, ചില ദിവസങ്ങൾകൊണ്ടു, കാവേരീപുരത്തിൽ എത്തി. ഉടൻതന്നെ അവിടെയുള്ളവർ അദ്ദേഹത്തെ ആദരപൂൎവ്വം എതിരേററു് വേണ്ട സല്ക്കാരങ്ങൾ എല്ലാം ചെയ്തു. അദ്ദേഹം അവരുടെ സല്ക്കാരങ്ങളുമേററുംകൊണ്ടു് രണ്ടുമൂന്നുദിവസം അതിമനോജ്ഞമായ മാതുലമന്ദിരത്തിൽപാൎത്തു. അതിന്റെശേഷം അവിടെയുള്ള ബന്ധുക്കൾ കന്യകയുടെ പാണിഗ്രഹണം ചെയ്യണമെന്നു് അദ്ദേഹത്തിനോടാവശ്യപ്പെട്ടു.

വൈശ്യകുമാരൻ അതുകേട്ടു്, ഞാൻ ഇവിടെവച്ചു് ഈ കന്യകയെ വിവാഹം ചെയ്യുന്നില്ല. മധുരയിൽ ഇവളെ കൊണ്ടുപോയി അവിടെയു

ള്ള എന്റെ ബന്ധുക്കൾകാണെ വിവാഹം ചെയ്തുകൊള്ളാമെന്നുംപറഞ്ഞു, അവരോടനുവാദവുംവാങ്ങി ഗോമഹിഷ്യാദി ധനധാന്യസമ്പത്തുകളോടുംകൂടെ ദാസീദാസനികരങ്ങളെ മധുരാപുരത്തിലേക്കായി മുമ്പേ അയച്ചുംവച്ചു രത്നാഭരണകനകാദികളായ ദിവ്യസമ്പത്തുകളോടും ചിത്രവസ്ത്രങ്ങളോടും മറ്റുംകൂടെ കന്യകയും ആയി വൈശ്യകുമാരൻ പുറകേ പുറപ്പെട്ടു് കുറേദൂരം പോയപ്പോൾ കന്യക, കുമാരനെനോക്കി, എനിക്കു അങ്ങയുടെ പുറകെവളരെ വേഗത്തിൽ നടന്നതുകൊണ്ടു് വലിയ ക്ഷീണമുണ്ടു്. ഇനി ശീഘ്രത്തിൽ നടക്കാൻ എന്നെക്കൊണ്ടു സാധിക്കുകയില്ല. അതുകൊണ്ടു് നമുക്കു മന്ദമായി നടക്കാം. പീനങ്ങളായ ജഘനസ്തനങ്ങളോടുകൂടിയ ഒരു യുവതി അരോഗദൃഢഗാത്രനായ ഒരു പുരുഷനോടൊപ്പം നടക്കുന്നതെങ്ങിനെ. അവിടുന്നു് എന്റെ ജഘനത്തിന്റെയും സ്തനങ്ങളുടെയും ഘനം മനസ്സിലാക്കീട്ടില്ല. എനിക്കു അവയും ചുമന്നുകൊണ്ടു് ഓടിനടക്കാൻ പാടില്ല. അടുക്കത്തന്നെ അവിടത്തേക്കു അവയുടെ ഭാരം അറിയാറാവും എന്നു പറഞ്ഞു.

കന്യകാരത്നത്തിന്റെ കരുണാഭരിതവും അനുരാഗമസൃണവും കാമോദ്ദീപകവും ആയ ഈ വാക്കുകളാൽ അപഹൃതചിത്തനായിത്തീർന്ന വൈശ്യകുമാരൻ ഉടൻതന്നെ കൂടെയുണ്ടായിരുന്ന സ്നേഹിതന്മാരോടു നിങ്ങൾ വേഗം നടന്നു് മുമ്പേ പോകുവിൻ; ഞങ്ങൾ പുറകെ വന്നുകൊള്ളാം. എന്നും പറഞ്ഞു് അവരെയെല്ലാം മുമ്പേ അയച്ചുംവച്ചു് ചില ദാസന്മാരോടും ദാസികളോടുംകൂടെ അവർ രണ്ടുപേരും മന്ദയാനം തുടങ്ങി.

ഇങ്ങനെ അവർ നടന്നു് സീസപുരത്തിൽ ഉള്ള ശിവക്ഷേത്രത്തിന്റെ സന്നിധിയിൽ എത്തിയപ്പോൾ നേരം സന്ധ്യയായി. ആ സീസപുരേശക്ഷേത്രത്തിലെ ശിവലിംഗം വിധിവിഷ്ണുവാസവമുഖന്മാരായ സർവ്വദേവന്മാരാലും ഒന്നുപോലെ പ്രപൂജിതവും, അത്യന്തം പരിപാവനവും ആണു. ആ പരമശിവലിംഗത്തിന്റെ സന്നിധിയിൽ ഒരു ശമീവൃക്ഷവും കൂപവും ഉണ്ടു്. അതു് വളരെവളരെ പഴക്കമുള്ളതും ആണു്. സർവ്വതീർത്ഥസ്വരൂപമായ ആ കൂപത്തിനും, സർവ്വദേവതാമയമായ ആ ശമീവൃക്ഷത്തിനും തുല്യമായ ഒരു കൂപവും വൃക്ഷവും വേറെയില്ലെന്നുമാത്രമല്ല, രണ്ടും ഒന്നുപോലെ സംശ്രിതതാപാപഹവും ആയിരുന്നു.

അവിടെയെത്തിയ വൈശ്യകുമാരൻ ആ പുണ്യകൂപവാരിയിൽ സ്നാനംചെയ്തു, നിത്യകർമ്മങ്ങൾ നടത്തി തക്ഷകാദികളായ സകലരേയും ഒന്നുപോലെ പ്രതിഷ്ഠിച്ചിട്ടുള്ള ശമീവൃക്ഷത്തിനു പ്രദക്ഷിണംവച്ചു നമസ്കരിച്ചു ശ്രീസീസപുരേശനേയും വന്ദിച്ചു്, മറ്റുള്ളവരെക്കൊണ്ടു് വന്ദനാദികളായ ക്രിയകൾ എല്ലാം യഥായോഗ്യം നടത്തിച്ചു് ദാസവർഗ്ഗത്തെക്കൊണ്ടു് ഭക്ഷണദ്രവ്യങ്ങൾ പാകംചെയ്യിപ്പിച്ചു് ഭക്ഷണവും കഴിച്ചുകൊണ്ടു്, കാ

റുകൊള്ളുന്നതിനായി പടിയിൽ തലയും വച്ചുകൊണ്ട് വൈശ്യകുമാരൻ കിടന്നു. മണ്ഡപത്തിൽ അംഗനാജനവും, ചുററിലും ദാസദാസീനികരങ്ങളും കിടന്നു. കിടന്ന ഉടൻതന്നെ വൈശ്യകുമാരൻ നടന്ന ക്ഷീണംകൊണ്ടും മന്ദവായുവിന്റെ സ്പർശനംകൊണ്ടുണ്ടായ സുഖത്താലും സുപ്തനായി. അല്പം കഴിഞ്ഞപ്പോൾ ഒരു പന്നഗംവന്നു് വൈശ്യകുമാരനെ ദംശിച്ചു. സുഖസുഷുപ്തിയിൽ ലയിച്ച വൈശ്യകുമാരൻ സർപ്പദംശനംകൊണ്ട് കാലതാമസംവിനാ ചില ദീനപ്രലാപങ്ങളോടുകൂടെ ദീർഘനിദ്രയിൽ ലയിച്ചു. അദ്ദേഹത്തിന്റെ മരണസമയത്തിൽ ഉണ്ടായ ദീനപ്രലാപങ്ങൾ കേട്ട് ഉണർന്ന ഭൃത്യന്മാർ ഓടിച്ചെന്നു നോക്കിയപ്പോൾ വൈശ്യകുമാരൻ മരിച്ചുപോയതായി കാണുകയാൽ അവർ ഇതിൽപരം ഇല്ലാത്ത മനസ്താപത്തോടുകൂടെ രോദനംചെയ്തു. തൽക്ഷണം കന്യക ഉണർന്നു വിവരം അറിഞ്ഞപ്പോൾ അവൾക്കുണ്ടായ വ്യസനം ഇന്നവണ്ണമായിരുന്നുവെന്നു പറവാൻ എന്നെക്കൊണ്ടെന്നല്ല അനന്തനെക്കൊണ്ടും ഒക്കുന്നതല്ല. അവൾ ഒട്ടധികംനേരം വൈശ്യകുമാരന്റെ ശവസമീപത്തിൽ തന്നെ കിടന്നുകൊണ്ടു നിലവിളിച്ചു. ഒടുവിൽ അവിടെനിന്നും എഴുന്നേററ് കുറേ ദൂരത്തിൽപോയി നിന്നു, വീണ്ടും മാറത്തടിച്ച് താഴെപ്പറയുംപ്രകാരം പറഞ്ഞു നിലവിളിച്ചു.

“അയ്യയ്യോ ദൈവമേ! ഞാൻ ഇത്രയും വലിയ പാപിയോ. എനിക്കിനി ആരാണ് ആശ്രയം. എന്റെ അച്ഛനും അമ്മയും പോയി. അതിൽപ്പിന്നെ എന്നെ രക്ഷിക്കാൻ വന്നദേഹം ഇതാ പന്നഗദംശത്താൽ മൃതനായിക്കിടക്കുന്നു. ഈ പുരത്തിൽ മഹാത്മാക്കളായി ആരുമില്ലയോ? അനന്യശരണയായ എന്റെ ഭർത്താവിന്റെ ജീവനെ രക്ഷിച്ച് എനിക്ക് മംഗല്യഭിക്ഷയെ നൽകുന്നതിന് ആരും ഇല്ലയോ? അയ്യയ്യോ ദൈവമെ! അനാഥയായ എന്നെ നിന്തിരുവടി കൈവിടരുതേ! വിഷംതീണ്ടി പരലോകഗതനായ എന്റെ ഭർത്താവിനെ രക്ഷിക്കുന്നതിന് സമർത്ഥനായ ഒരു മഹാത്മാവിനെ ഭഗവാൻ എവിടെനിന്നെങ്കിലും ഇവിടെ എത്തിച്ചുതരണേ.”

ഈ അവസരത്തിൽ ശിവക്ഷേത്രദർശനത്തിനായി തിരിച്ച ജ്ഞാനസംബന്ധൻ പല ക്ഷേത്രങ്ങളേയും ദർശിച്ചുംവച്ച് ബ്രഹ്മപുരത്തിനു പോകുന്നതിനായി പുറപ്പെട്ടു. അവിടെ എത്തി വഴിയരികിലുള്ള അ ക്ഷേത്രത്തിലെ ദേവനായ സീസപുരേശനേയും ദർശിച്ചു അവിടെത്തന്നെ താമസിക്കുന്നുണ്ടായിരുന്നു.

സർവജ്ഞശേഖരന്മാരിൽവച്ചു ഉത്തമനും, കരുണാവരുണാലയനും, സദ്ജ്ഞനും ഗുഹാംശസംഭൂതനും, ആയ ജ്ഞാനസംബന്ധൻ, വൈശ്യകന്യകയുടെ രോദനംകേട്ട്, എന്താണെന്നു അറിഞ്ഞുകൊണ്ടു വരുന്നതിനായി ഒരു ശിഷ്യനെപ്പറഞ്ഞയച്ചു. ശിഷ്യൻ പോയി വിവരങ്ങൾ എല്ലാം അ

റിഞ്ഞുവന്നു ജ്ഞാനസംബന്ധനെ ഗ്രഹിപ്പിച്ചു. ദയാപയോധിയും ആൎത്തത്രാണപരായണാഗ്രേസരനും ആയ അദ്ദേഹം ഉടൻതന്നെ പുറപ്പെട്ടു, കന്യകയുടെ അടുക്കൽ എത്തി, അവളെ ചില സാന്ത്വനവചനങ്ങൾകൊണ്ടു സമാശ്വസിപ്പിച്ചുംവെച്ചു് മൃതനായ വൈശ്യകുമാരന്റെ അടുക്കൽചെന്നിനു് സുധാൎദ്രമായ വപുസ്സോടുകൂടിയ സാംബനായ ശംഭുവിനെ ഹൃദയാംബുജത്തിൽ ധ്യാനിച്ചുകൊണ്ടു് കൈയിൽഭസ്മംവാരി മൃത്യുഞ്ജയമന്ത്രവും പഞ്ചാക്ഷരമഹാമന്ത്രവും ജപിച്ചു് മൃതനായ വൈശ്യകുമാരന്റെ മുഖത്തെറിഞ്ഞു സുധാദൃഷ്ടികൊണ്ടു് കരുണയോടുകൂടെ ഒന്നു വീക്ഷിച്ചു. ഉടൻതന്നെ മൃതനായ വൈശ്യകുമാരൻ ഉറങ്ങി ഉണൎന്നതുപോലെ ഓടിഎഴുന്നേറ്റു അതുകണ്ടപ്പോൾ അംഗനാരത്നമായ വൈശ്യകന്യകയ്ക്കും അവരുടെ ബന്ധുവൎഗ്ഗത്തിനുംമററവിടെയുണ്ടായിരുന്ന മഹാജനങ്ങൾക്കും ഉണ്ടായ ആനന്ദവും അത്ഭുതവും എത്രമാത്രമാണെന്നു വിവരിക്കാവതല്ലല്ലോ. അവിടെയുണ്ടായിരുന്നവർ എല്ലാം ഒന്നുപോലെ ജ്ഞാനസംബന്ധന്റെ പാദങ്ങളിൽ സാഷ്ടാംഗപ്രണാമം ചെയ്യുകയും വൈശ്യകുമാരനെ സന്തോഷപൂൎവം താലോടുകയുംചെയ്തു. കുട്ടിയെങ്കിലും വിവാഹം കഴിയാഞ്ഞതുമൂലം വൈശ്യകന്യകമാത്രം വൈശ്യകുമാരന്റെ ശരീരത്തിൽ തൊട്ടില്ല. അവളും അളവില്ലാത്ത ഭക്തിയോടുകൂടെ ജ്ഞാനസംബന്ധന്റെ നളിനകോമളങ്ങളായ പാദങ്ങളിൽ നമസ്കാരം ചെയ്തു.

അതിന്റെശേഷം ജ്ഞാനസംബന്ധൻ വൈശ്യകുമാരനോടു്, മാതുലപുത്രിയായ വൈശ്യകന്യകയെ വിവാഹംചെയ്യുന്നതിനുപറഞ്ഞു.

വൈശ്യകുമാരൻ അതുകേട്ടു്, അല്ലയോ ഭഗവാനെ! ഞാൻഅവിടത്തെ ഏതു കല്പനയും അനുസരിക്കുന്നതിനു് സന്നദ്ധനും, കടപ്പെട്ടവനുംതന്നെ. വിശേഷിച്ചും ഈ കന്യകയുടെ വിവാഹം കഴിയുന്നതുമുൻകൂട്ടി നടത്തുന്നതിൽ പ്രത്യേക പ്രതിപത്തിയുള്ളവനും ആണു്. എന്നാൽ ഇവിടെ വൈവാഹികസാക്ഷികളായി നില്ക്കുന്നതിനു് ബന്ധുക്കൾ ആരും ഇല്ല. അതിനെന്താ നിവൃത്തി? അതുകൂടാതെ പാണിഗ്രഹണം ചെയ്യുന്നതു് ഭംഗിയാണോ? എന്നു ജ്ഞാനസംബന്ധനോടുചോദിച്ചു.

ജ്ഞാനസംബന്ധൻ അതിനു ഇങ്ങനെ മറുപടി പറഞ്ഞു:—

“അല്ലയോവൈശ്യകുമാര! ഈ കന്യക ജനിച്ചപ്പോൾതന്നെ അവളുടെമാതാവും നിന്റെ മാതുലനായ അവളുടെ പിതാവുംകൂടി, ഇവളെമനസാ നിനക്കുതന്നുപോയതായി എല്ലാവൎക്കും അറിയാം. എങ്കിലും ഇപ്പോൾ ഇവിടെവെച്ചു നടത്തുന്ന വിവാഹത്തിനു് സാക്ഷികളായി ആരെങ്കിലും വേണമെന്നുണ്ടെങ്കിൽ നമുക്കു് ഈശമിവൃക്ഷത്തേയും കൂപത്തേയും ശിവലിംഗത്തേയും സാക്ഷിയാക്കാം. പോരായെങ്കിൽ സൎവസാക്ഷിയായ സോമസു

ന്ദൻ ഇതിനും സാക്ഷിയായിട്ടുണ്ടല്ലൊ. ഇവകൾ ഏതെങ്കിലും ഒരു അവസരത്തിൽ വിവാഹത്തെ സംബന്ധിച്ചു സാക്ഷിപറയേണ്ടതായിട്ടു വന്നാൽ മധുരാപുരിയിൽ വന്നു് സാക്ഷിപറയുകയും ചെയ്തുകൊള്ളും. ഈ കന്യക ഏററവും പതിവ്രതയാണു്. അതിനാൽ നീ ഇതിൽ മറെറാന്നും സംശയിക്കേണ്ടതില്ല. ഈ ദേശം അത്യുത്തമം ആണു്. അതുകൊണ്ടു എൻെറ ആജ്ഞയനുസരിച്ചു് ഇവിടെവച്ചുതന്നെ നീ വിവാഹം നടത്തുക. ലഗ്നവും കൊള്ളാം നല്ലദിക്കിൽവച്ചു് നല്ലലഗ്നത്തിൽ, നല്ലകൎമ്മംചെയ്താൽ അതുമൂലംതന്നെ ആയുരാരോഗ്യസൌഭാഗ്യാദികൾ വൎദ്ധിക്കും. അതു ഒരിക്കലും പാഴായിപോകുന്നതുമല്ല. താമസിക്കാതെ വിവാഹം നടത്തുക. മംഗളം വൎദ്ധിക്കും.”

വൈശ്യകുമാരൻ അപ്രകാരം അവിടെവച്ചുതന്നെ വിവാഹം ചെയ്യാമെന്നു സമ്മതിച്ചു. അനന്തരം സിംസപുരേശലിംഗത്തിൻെറ സന്നിധിയിൽ വച്ചു് ജ്ഞാനസംബന്ധനെ പുരോഹിതനാക്കി ചടങ്ങുകൾപ്രകാരം ഉള്ള കൎമ്മങ്ങൾ എല്ലാം അനുഷ്ഠിച്ചു്, ശമീവൃക്ഷത്തേയും കൂപത്തേയും ശിവലിംഗത്തെയും സാക്ഷിയാക്കി വൈശ്യകന്യകയെ ആ വൈശ്യകുമാരൻ വേട്ടു. പുരോഹിതനായ ജ്ഞാനസംബന്ധൻവിവാഹകൎമ്മാനന്തരം അവൎക്കു് വേണ്ട അനുഗ്രഹങ്ങളും കൊടുത്തു. അവർ ജ്ഞാനസംബന്ധപാദങ്ങളിൽ ഭക്തിയോടുകൂടെ നമസ്കരിച്ചു് അദ്ദേഹത്തിൻെറ അനുവാദവും ആശിസ്സുംവാങ്ങിദാസദാസീനികരങ്ങളെക്കൊണ്ടു്, സുവൎണ്ണരത്നാദികളുമെടുപ്പിച്ചു്, സാവധാനത്തിൽ മധുരാപുരിയിലേക്കു യാത്രയായി. അവർ വഴിയിൽ യാതൊരു ബുദ്ധിമുട്ടുകളും കൂടാതെ മധുരാപുരിയിൽ ഉള്ള അവരുടെ ഭവനത്തിൽ എത്തി. ബന്ധുക്കളോടും മററും താൻ രണ്ടാമതായി വിവാഹം നടത്തിയവിവരം പറഞ്ഞു. ആ വൈശ്യകുമാരൻെറ ഒന്നാമത്തെ ഭാൎയ്യയ്ക്കു് അദ്ദേഹത്തിൻെറ രണ്ടാമത്തെ വിവാഹം പിടിച്ചില്ലെന്നു മാത്രമല്ല, സൌന്ദൎയ്യവതിയായ രണ്ടാമത്തെ ഭാൎയ്യയുടെ മേൽ വലിയ അസൂയതോന്നുകയും തന്മൂലം മാത്സൎയ്യമുദിക്കുകയുംചെയ്തു. എന്നാൽ അവൾ അതിനെ വെളിപ്പെടുത്താതെ വളരെ ഗൂഢമായി വച്ചിരുന്നു. മററുള്ളവൎക്കെല്ലാം ഒന്നാമത്തെ ഭാൎയ്യയിൽ ഉള്ളതിനെക്കാൾ കൂടുതൽസ്നേഹവും ബഹുമാനവും, രണ്ടാമത്തെഭാൎയ്യയിൽ ഉണ്ടായി. വൈശ്യൻ അയാളുടെ സ്വന്ത ധനവും, മാതുലൻെറ വകയായി അദ്ദേഹത്തിനു ലഭിച്ചധനവും, വഴിയാകുംവണ്ണംവിനിയോഗിച്ചു, കച്ചവടം ചെയ്തു് അധികം കാലതാമസം കൂടാതെ വലിയ ധനവാനായും തീൎന്നു. അളകേശനെക്കാളും വലിയസമ്പന്നനായിത്തീൎന്ന ആ വൈശ്യൻ, സുന്ദരിമാരായ രണ്ടു ഭാൎയ്യമാരോടുംകൂടെ സുഖഭോഗങ്ങളുമനുഭവിച്ചു്, മധുരാപട്ടണത്തിൽവാഴുമ്പോൾ അംഗനാമണിയും രണ്ടാമത്തെഭാൎയ്യയുംആയ മാതുലപുത്രിക്കു വിനയാദികളായ സൽഗുണങ്ങളോടുകൂടെ അതിതേജോനിധിയായി ഒരു നന്ദനനും ഒന്നാമത്തെഭാൎയ്യയ്ക്കു് ദുഷ്ടാഗ്രഗണ്യന്മാരായി നാലഞ്ചു പുത്രന്മാരും ഉണ്ടായി. സഹോദരന്മാരായ ആ കുട്ടികൾ എല്ലാവരുംകൂടെ ഒരുദിവസം

വീട്ടുമുററത്ത് മണ്ണുകോരി കളിച്ചുകൊണ്ടിരിക്കുന്ന അവസരത്തിൽ, ദുഷ്ടയായജ്യേഷ്ഠത്തിയുടെ ദുർബ്ബുദ്ധികളായ മക്കൾ, എല്ലാവരും കൂടെ അനുജത്തിയുടെ പുത്രനായ വിനയനിധിയെ കഠിനമായി പ്രഹരിച്ചു. അയാൾ കരഞ്ഞുംകൊണ്ടുപോയി വിവരം അയാളുടെ അമ്മയോടു പറഞ്ഞു. ഇളയവൾ അതുകേട്ട്, തന്റെ ഓമനയായകുട്ടിയുടെകണ്ണുകളിൽകൂടെ ധാരധാരയായി പൊഴിയുന്ന ബാഷ്പങ്ങൾ തുടച്ചിട്ട്, ഉണ്ണീ! നീകരയാതെ! നിന്റെ പേരിൽഅവർക്കും അവരുടെ അമ്മയ്ക്കും വലിയ വിരോധമാണ്. അവർ തരംകിട്ടുമ്പോൾ നിന്നെ അടിച്ചുകൊന്നുകളയും. അതുകൊണ്ട് ഇനിമേൽ നീ അവരുടെ അടുക്കൽപോകരുത്. സാധുപീഡനത്തിൽ ദുഷ്ടന്മാർക്ക് സാമർത്ഥ്യംകൂടുതൽആണല്ലൊ എന്നുസമാധാനം പറഞ്ഞു. ഒന്നാമത്തെ ഭാര്യ അതുകേട്ട്, അത്യന്തം കോപത്തോടുകൂടെ കനീയസിയുടെ അടുക്കൽ ഓടിയെത്തി അട്ടഹസിച്ചുംകൊണ്ടിങ്ങനെ പറഞ്ഞു.

എടീ വന്ധകീ! ദുഷ്ടേ! ധൂർത്തയായ നീ എന്തു പറഞ്ഞു. നീ ഇവിടത്തേക്ക് ആര്? നിനക്കിവിടെഎന്തൊരവകാശം! വഴിയിൽ എവിടെയോ കിടന്ന നിന്നെ എന്റെ ഭർത്താവ് ഇവിടെ വിളിച്ചുകൊണ്ടുവന്നപ്പോൾ, ഞാൻകിടന്നുകൊള്ളുന്നതിനു സ്ഥലം അനുവദിച്ചു തന്നതിന്റെ പ്രതിഫലമോ നീ ഇപ്പോൾ അധികാരംപറഞ്ഞു തുടങ്ങിയിരിക്കുന്നതു. നീഎന്തൊരുജാതിയെന്നും നിന്റെ അച്ഛനമ്മമാർ ആരെന്നും നിന്റെപേർ എന്തെന്നും ആർക്കു രൂപമുണ്ട്. കുലവും കുടുംബവും കുററുകാരും ഒന്നുമില്ലാത്ത വേശ്യയുടെ അഹംഭാവം നോക്കണം. യാതൊരു പുരുഷസഹായവും കൂടാതെ തെരുവീഥിയിലെ അലഞ്ഞുതിരിഞ്ഞു നടന്ന നിന്നെ എന്റെഭർത്താവ് അദ്ദേഹത്തിന്റെകാലദോഷത്തിനു കണ്ടുമുട്ടുകയും നീ വേശ്യാവൈഭവങ്ങൾകൊണ്ടു അദ്ദേഹത്തെ വശീകരിച്ച് ഇവിടെ കൊണ്ടുവരുന്നതിനു മനസ്സുതിപ്പിക്കുകയും ചെയ്തു. നിന്റെപേരിൽഅദ്ദേഹത്തിനു എന്തോകാരണത്താൽ അല്പംകൂറുണ്ടെന്നുവച്ച്, നീ അധികം ഞെളിയേണ്ടാ. ഞാൻ ജീവനുള്ളപ്പോൾ നിന്റെ ചൊല്പടികേൾക്കുന്നവളല്ല. എനിക്കു നിന്റെ പ്രവൃത്തി മുഴുവൻ അറിയാം. വേശ്യയെപ്പോലെ കണ്ണിൽ കാണുന്ന പുരുഷന്മാരെയെല്ലാം കൈക്കൊള്ളുന്നവളുടെ ഒരു തന്റേടം നോക്കണം. എടീ മൂഢേ! നിന്നെഎന്റെഭർത്താവ് അഗ്നിസാക്ഷിയായി വിവാഹം ചെയ്തോ പറയുക. അഗ്നിസാക്ഷിയായി വിവാഹംചെയ്യാതെ അദ്ദേഹം വിളിച്ചുകൊണ്ടുവന്ന നീ എന്റെ ദാസിയല്ലേ? ഒരുവന്റെ സ്വത്തുക്കൾക്ക് അവൻഅഗ്നിസാക്ഷിയായി വിവാഹംചെയ്ത ഭാര്യയിൽഉണ്ടാകുന്ന മക്കൾക്കല്ലാതെദാസീപുത്രന്മാർക്ക് എപ്പോഴെങ്കിലും കിട്ടിയതായി നീ കേട്ടിട്ടുണ്ടോ. അങ്ങനെയിരിക്കെ ഞാനും എന്റെ മക്കളുംകൂടി നിന്റെ പുത്രനെയും നിന്നേയും എന്തിനുപദ്രവിക്കുന്നു. അഗ്നിസാക്ഷിയായി വിവാഹംചെയ്യാത്തനിനക്കും നിന്റെ മകനും എന്റെ ഭർത്താവിന്റെ സ്വത്തുക്കളിൽ യാതൊരു അവകാശവും ഇല്ലെന്നു മാത്രമല്ല ജാതിഭ്രഷ്ടയെന്നു വിചാരിക്കേണ്ട നിന്നെവൈ

ശ്വരായ ഞങ്ങളുടെ ഭവനത്തിൽ പാർപ്പിക്കാൻപോലുംപാടില്ല. അതുകൊണ്ടു് നീ ഇപ്പോൾതന്നെ ഞങ്ങളുടെ വീട്ടിൽനിന്നും മകനോടുകൂടെ ഇറങ്ങിപ്പോകണം. കിടക്കാൻ അനുവദിച്ചപ്പോൾ അധികാരം കൂടിപ്പോയി അല്ലെ. ഹാ ഹാ! എന്തൊരധികാരം. എന്റെമക്കളെ ശപിച്ചിരിക്കുന്നു. നോക്കണെ ഹി കള്ളി? എന്തു്? എന്തു്? ഞാനും നീയും സമമോ? നിന്നെ എന്റെഭർത്താവു് അഗ്നിസാക്ഷിയായി വിവാഹംചെയ്തതിനെ വല്ലവരും കണ്ടിട്ടുണ്ടോ? ഉണ്ടെങ്കിൽ സാക്ഷികൾ അവരെല്ലാം ആരെന്നു പറയുക. അല്ലെങ്കിൽ എന്റെ വീട്ടിൽനിന്നും ഇറങ്ങുക.

ഇളയവൾ അതുകേട്ടു് ഇങ്ങനെ മറുപടി പറഞ്ഞു:—

“അല്ലയോ ജ്യേഷ്ഠത്തി! നിങ്ങൾ എന്നെ എന്തിനാണു ഇങ്ങനെ ഭത്സിക്കുന്നതു്. എന്നെ എന്റെ ഭർത്താവു് വിവാഹം ചെയ്തതു് വിധിപ്രകാരംതന്നെയാണ്. ഞങ്ങളുടെ വിവാഹത്തിനു പൌരോഹിത്യം കൈക്കൊണ്ടതു്, നഗരത്തെരക്ഷിക്കുന്നവനും, സുന്ദരേശ്വര ഭക്താഗ്രഗണ്യനും, സപ്തദശനും എററു് മൃതനായ നമ്മുടെ ഭർത്താവിനു ജീവഭിക്ഷനല്കിയവനും ആയ ജ്ഞാനസംബന്ധബാലൻ ആണു്. വിവാഹംനടത്തിയതു്, സീസപുരേശസന്നിധാനത്തിൽവച്ചും സാക്ഷികൾ, സീസപുരേശനും, അവിടത്തെ ക്ഷേത്രസന്നിധാനത്തിൽ ഉള്ളശമീവൃക്ഷവും കൂപവും ആണു്. ദിവ്യരൂപങ്ങളായ ആ മൂന്നു സാക്ഷിയും അവ്യയങ്ങളും അത്രേ. സീസപുരേശൻ സർവസാക്ഷിയും സർവലോകേശനും ആയ സുന്ദരേശ്വരനും, അവിടെയുള്ള ശമീവൃക്ഷം, സർവദേവതാമയവും, കൂപംസർവതീർത്ഥസ്വരൂപവുംജ്ഞാനസംബന്ധൻ, ഗുഹാംശജാതനും, ആണു്. ഇവരെക്കാൾ കൂടുതലായി ഒരു വിവാഹത്തിനു സാക്ഷിയാകാൻ ഇഹലോകത്തിൽ വല്ലവരും ഉണ്ടോ? എന്റെ ഭർത്താവിനു എന്റെ ജാതിനാമ ഗോത്രാദികൾ നല്ലതുപോലെ അറിയുകയും ചെയ്യാം. ഇതിൽകൂടുതലായി എനിക്കു നിന്നോടു യാതൊന്നും പറയാനില്ല. കസ്തൂരിനാറുന്നെന്നു സത്യംചെയ്താൽ ഫലിക്കുന്നതല്ലല്ലൊ. അതുപോലെയാണു് യഥോചിതം യോഗ്യനായ പുരോഹിതന്റെ വിധിപ്രകാരമുള്ള കർമ്മങ്ങളോടുകൂടെ അവ്യയങ്ങളായ സാക്ഷികളുടെ സന്നിധിയിൽവച്ചു് അഗ്നിസാക്ഷിയായി വിവാഹംചെയ്ത എന്റെ വിവാഹം വിധിപ്രകാരമുള്ളവിവാഹമല്ലെന്നു നീ ആക്ഷേപിക്കുന്നതു്.”

ജ്യേഷ്ഠത്തി അതുകേട്ടു്, വളരെ വളരെ ദൂരത്തിൽ ഉള്ള ശമീവൃക്ഷവും, കൂപവും ശിവലിംഗവും സാക്ഷിപറയാനായി അവിടെ വരുന്നതല്ലെന്നുള്ള വിശ്വാസത്തോടുകൂടെ ഇങ്ങനെ മറുപടി പറഞ്ഞു.

നിന്നെ എന്റെ ഭർത്താവു് വിധിപ്രകാരം വിവാഹംചെയ്തതാണെന്നു നീ പറയുന്നതിനെ വിശ്വസിക്കണമെങ്കിൽ അപ്പോൾ സാക്ഷികളായിട്ടു

ണ്ടായിരുന്നെന്നു നീ പറയുന്ന ശമീവൃക്ഷവും, കൂപവും ശിവലിംഗവും ഇവിടെവന്നു് നീ പറയുന്നതെല്ലാം സത്യമാണെന്നു പറയട്ടെ. അല്ലാതെ വല്ലിടത്തും കിടക്കുന്ന ശിവലിംഗവും കൂപവും, ശമീവൃക്ഷവും സാക്ഷിയെന്നു പറഞ്ഞാൽ ആരുവിശ്വസിക്കും. അതല്ല,അവവന്നു പറയുകയാണെങ്കിൽ, വിശ്വസിക്കുന്നതുകൂടാതെ നിന്നെപ്പോലെ ഉത്തമകളായ പതിവ്രതകൾ ഭൂലോകത്തിൽ ഇല്ലെന്നും സമ്മതിക്കാം. അല്ലെങ്കിൽ നിൻെറ വിവാഹം ഞാൻ സമ്മതിക്കുന്നതല്ല. നിന്നെ ഒരു വേശ്യയെന്നു വകവയ്ക്കും. എൻെറ ഭർത്താവിൻെറ സ്വത്തിൽ നിനക്കും നിൻെറ പുത്രനും ഒരിക്കലും ഒരു അവകാശം ഉണ്ടാകുന്നതും അല്ല.

ബന്ധുമദ്ധ്യത്തിൽവച്ചു് ജ്യേഷ്ഠത്തി ഇങ്ങനെ പറഞ്ഞതിനു് അനുജത്തി യാതൊരുമറുപടിയും പറയാതെ ഏററവും വ്യസനത്തോടുകൂടെ അവിടെനിന്നും തിരിച്ചുപോയി നിരാശനാദികൾ യാതൊന്നും കൂടാതെ അന്നത്തെ രാത്രി ഒരുവിധം കഴിച്ചുകൂട്ടി. സ്ത്രീകൾക്കു സാപത്ന്യദുഃഖംപോലെ സങ്കടകരമായി യാതൊന്നും ഇല്ലെന്നുള്ളതിനെ അവൾ അനുഭവിച്ചറിഞ്ഞു. ഭർത്താവായ വൈശ്യൻഇതെല്ലാം കേട്ടിട്ടും ദുശ്ശാഠ്യക്കാരിയായ ഒന്നാമത്തെ ഭാര്യയിൽ ഉള്ള ഭയംകൊണ്ടു് യാതൊന്നും ചെയ്തില്ല. രണ്ടു ഭാര്യയുള്ളവൻെറ കഥപോലെ കഷ്ടമായി ലോകത്തിൽ യാതൊന്നും തന്നെ ഇല്ലല്ലോ. മനസ്സമാധാനവും സുഖവും എങ്ങനെ ഇരിക്കുമെന്നുപോലും അവനു് അറിയാൻ ഒക്കുന്നതല്ല. വേണ്ടുന്നതിനും വേണ്ടാത്തതിനും സമയം ഉള്ളപ്പോഴെല്ലാം ഒന്നുപോലെ ശണ്ഠതുടങ്ങുന്ന രണ്ടു ചപലകളും, അസൂയാനിധികളും ആയ സ്ത്രീകളെ ഭരിക്കുന്ന ഒരുത്തനു് സൌഖ്യമുണ്ടാകുന്നതെങ്ങിനെ. പിറേറദിവസം രാവിലെ രണ്ടാമത്തെ ഭാര്യ അവളുടെ ഭർത്താവായ വൈശ്യൻെറ പാദങ്ങളിൽ നമസ്കരിച്ചുംകൊണ്ടു്, അല്ലയോ ഭർത്താവേ! അങ്ങു് എന്നെ വിവാഹംചെയ്തതിനു് സാക്ഷികളായ ശിവലിംഗത്തേയും ശമീവൃക്ഷത്തെയും കൂപത്തേയും, സുന്ദരേശ്വരാനുഗ്രഹത്താൽ ഞാൻ ഇവിടെവരുത്താം പ്രിയതമൻ എനിക്കു സുന്ദരേശ്വരാലയത്തിൽ ഒന്നു പോയി വരുന്നതിനു് അനുവാദം തരണം എന്നപേക്ഷിച്ചു. ഭർത്താവു് അവളുടെ അപേക്ഷപ്രകാരം സുന്ദരേശ്വരസന്നിധിയിൽ പോകുന്നതിനു് അനുവദിച്ചു. ഉടൻതന്നെ അവൾ പുത്രനോടുകൂടെ ഹാലാസ്യത്തിൽപോയി ഹേമപത്മിനിയിൽ ഇറങ്ങി സ്നാനംചെയ്തു് ഹാലാസ്യേശ്വരസന്നിധിയിൽ പ്രവേശിച്ചു്, ഭക്തിപൂർവ്വം മീനാക്ഷീ സുന്ദരേശ്വരന്മാരെ ദർശിച്ചു്, തൻെറ കുട്ടിയെ അവരുടെ മുമ്പിൽ സാഷ്ടാംഗമായി കിടത്തിയുംകൊണ്ടു് ശ്രീ ഹാലാസ്യപ്രഭുവും, ദിവ്യലിംഗസ്വരൂപനും, ദയാസിന്ധുവും, ഭക്തന്മാരുടെ സർവ്വാപത്തുകളെയും ഭയങ്ങളേയും അപഹരിക്കുന്നവനാം ദേവേശനും, ഭുക്തിമുക്തിപ്രദനും, ഹരനും അനന്തദുഃഖാനലസന്നിഭനും, ആയ സുന്ദരേശ്വരനെ ഇപ്രകാരം പ്രാർത്ഥിച്ചു:—

“അല്ലയോ ശംഭോ! സർവ്വജ്ഞ! സർവ്വാഭീഷ്ടദായക! കൃപാനിധേ! പാപമാകുന്ന പഞ്ഞിക്കു കൃശാനുവായുള്ള സർവ്വേശ! കദംബവനാന്തപുരന്ദരവിമാ

നശ! നിന്തിരുവടി ഈ പതിവ്രതയെ രക്ഷിക്കണേ! നിരാധാരയായ എനിക്കു നിന്തിരുവടിയല്ലാതെ ആരും ആശ്രയമില്ല. എന്റെ മാനത്തേയും സത്യത്തേയും രക്ഷിക്കുന്നതിനായി എന്റെ ഭർത്താവു് സിപുരത്തിൽവച്ചു എന്നെ വിവാഹംചെയ്യുമ്പോൾ സാക്ഷികളായിരുന്ന സീസപുരേശലിംഗവും ശമീവൃക്ഷവും കൂപവും കാലതാമസമെന്യേ ഇവിടെ വരുന്നതിനു നിന്തിരുവടി അനുഗ്രഹിക്കണം. നിന്തിരുവടിയുടെ അനുഗ്രഹം ഉണ്ടായാൽ ഇതെന്നല്ല, ഇതിനേക്കാൾ ഏറ്റവലിയകാര്യങ്ങളും നടക്കുന്നതാണു്. നിന്തിരുവടിയുടെ ഭക്താഗ്രഗണ്യനായ ജ്ഞാനപൂർണ്ണയോഗീന്ദ്രൻ ചെയ്ത സത്യം നിന്തിരുവടി പാഴിൽ ആക്കരുതു്. മേല്പറഞ്ഞ ശിവലിംഗാദികൾ പ്രത്യക്ഷത്തിൽ ഇവിടെ വരാത്തപക്ഷം ജ്ഞാനപൂർണ്ണബാലന്റെ സത്യം മിഥ്യയാകുമെന്നുമാത്രമല്ല; ഞാൻ നിന്തിരുവടിയാണെ മരിക്കുകയുംചെയ്യും. അതുകൊണ്ടു എന്റെ അപേക്ഷയെ അവിടുന്നു കാലവിളംബമെന്യേ സാധിപ്പിച്ചുതരണം."

ആ പതിവ്രതാരത്നമായ വൈശ്യകന്യക വളരെ ഭക്തിയോടുകൂടെ ഇപ്രകാരം പ്രാർത്ഥിച്ചപ്പോൾ, അത്യന്തം ആർദ്രമാനസനായിത്തീർന്ന ഭഗവാൻ സുന്ദരേശ്വരൻ അവളുടെ ഖേദാപമാനങ്ങളെ ഇല്ലാതാക്കുന്നതിനായി മൂലലിംഗത്തിൽനിന്നും സിദ്ധരൂപത്തിൽ പ്രത്യക്ഷനായി അവളോടു അല്ലയോ സുന്ദരി! നീ ഖേദിക്കേണ്ടാ. ജ്ഞാനസംബന്ധൻ സീസപുരഗ്രാമത്തിൽവെച്ചു നിന്നെ വിവാഹംകഴിപ്പിച്ച വിവരം എനിക്കറിയാം; എന്നിങ്ങനെ പറഞ്ഞിട്ടു ആ വൈശ്യകന്യകയെ വിളിച്ചുംകൊണ്ടു ഷൾസ്ഥാനമന്ദിരത്തിൽപോയി സ്ഥിതനായിട്ടു് ശിവലിംഗാദികളായ സാക്ഷികളെ വിചാരിച്ചു. ഉടൻതന്നെ വിവാഹസാക്ഷികൾ മൂന്നുപേരും, ശ്രീമൂലലിംഗത്തിന്റെ ഈശാനകോണിൽവന്നു പ്രത്യക്ഷരായി. ഭഗവാൻതന്നെ വൈശ്യകന്യകയെ വിളിച്ചു അവയെ കാണിച്ചുംകൊണ്ടു ഇവയാണു്, സീസപുരത്തിലെ ശിവലിംഗവും ശമീവൃക്ഷവുംകൂപവും എന്നുപറഞ്ഞുംവച്ചു അവരേയും സിദ്ധരൂപിയായി ഷൾസ്ഥാനമണ്ഡപത്തിൽ ഇരുന്നിരുന്ന സുന്ദരേശ്വരഭഗവാൻ തിരോഭൂതനായി. ഉടൻതന്നെ വൈശ്യകന്യക തന്റെ വിവാഹത്തിനുസാക്ഷികളായിരുന്ന ശിവലിംഗവും, ശമീവൃക്ഷവും കൂപവും, ഹാലാസ്യക്ഷേത്രത്തിലെ ശ്രീമൂലലിംഗത്തിന്റെ ഈശാനകോണിൽ പ്രത്യക്ഷീഭവിച്ചിരിക്കുന്നതായിപ്പറഞ്ഞു. ജ്യേഷ്ഠത്തിയും ഭർത്താവും മററുള്ളവരും എല്ലാംപോയി നോക്കി ഇതില്പരമില്ലാതെ വിസ്മയിക്കുകയും വൈശ്യന്റെ ഇളയഭാര്യയുടെ ഭക്തിയേയും സത്യത്തേയുംപററി അവരെല്ലാം അത്യന്തം ശ്ലാഘിക്കുകയും സുന്ദരേശ്വരന്റെ അപാരമായ കരുണക്കലാക്കായാൽ ഇന്നതെല്ലാമേ സംഭവിക്കാവൂ എന്നില്ലെന്നു എല്ലാവരും ഒന്നുപോലെ തീർച്ചയാക്കുകയും ചെയ്തു. അനന്തരം അവിടെ കൂടിയവർ ചുവട്ടിൽഉള്ള തക്ഷകാദികളോടുകൂടെ ശമീവൃക്ഷത്തേയും, കൂപശിവലിംഗങ്ങളേയും ആരുത്തിക്കാണിച്ചു വൈശ്യന്റെ ഇളയഭാര്യയുടെ ഖേദാപമാനങ്ങളെ തീർത്ത വാസവസേവ്യനായ സുന്ദരേശ്വരനെപ്പോലെ ഭക്തരക്ഷണംചെ

ന്മാർ ത്രിലോകത്തിലും മറെറാരുദൈവവുംഇല്ലെന്നു ഉച്ചത്തിൽഅത്തു കൈകൂട്ടി ശിരസ്സിൽവച്ചു് മഹാദേവാ! മഹാദേവാ! എന്നിങ്ങനെ ജപിച്ചും വൈശ്യൻെറ ഇളയഭാര്യയെപ്പോലെ പതിവ്രതയായും പുണ്യവതിയായുംആരുമില്ലെന്നു ഘോഷിച്ചും, വൈശ്യൻെറ ജ്യേഷ്ഠഭാര്യയെപ്പോലെ ദുർഭഗയായി ഭൂലോകത്തിൽ യാതൊരുസ്ത്രീകളും ഇതുവരെ ജനിച്ചിട്ടില്ലെന്നും മററും ദൂഷിച്ചുംകൊണ്ടു സുന്ദരേശസന്നിധാനത്തിൽപോയി അദ്ദേഹത്തിൻെറ കരുണയ്ക്കായി ഭക്തിപൂർവ്വം ഓരോരുത്തരും അനവധി തവണവീതം സാഷ്ടാംഗനമസ്കാരം ചെയ്തു്, സുന്ദരേശ്വരനാൽ അനുഗൃഹീതന്മാരായി അവരവരുടെ നിലയനങ്ങളിലേക്കു തിരിച്ചുപോയി.

സുന്ദരേശ്വരൻെറ അപാരമായ കരുണയ്ക്കു ഇരിപ്പിടമായി ഭവിച്ച വൈശ്യൻെറ ഇളയഭാര്യ ഭർത്താവിനോടും സകളത്രനായ പുത്രനോടുംകൂടെ വിവിധസൌഭാഗ്യങ്ങളും അനുഭവിച്ചു അനവധികാലം മധുരയിൽവസിക്കുകയും അവസാനത്തിൽ ഭർത്തൃസമേതം ശിവസായൂജ്യം അടയുകയുംചെയ്തു

അല്ലയോ വസിഷ്ഠാദിമാമുനികളേ! സ്ത്രീകൾ പതിവ്രതകളായിരുന്നാൽതന്നെ അവർക്കു സർവ്വവുംസാധിക്കുന്നതാണു്. അവർ കരുണാവരുണാലയനായ ഭഗവാൻ സുന്ദരേശ്വരൻെറ ഭക്തകൾകൂടി ആയിത്തീർന്നാൽ പിന്നെ അവർക്കുണ്ടാകുന്ന ഗുണങ്ങൾ ഇന്നതെല്ലാമാണെന്നു ആരെക്കൊണ്ടും തീർച്ചയാക്കാവുന്നതല്ലല്ലോ. ഒരുതവണയെങ്കിലും സകലലോകൈകരക്ഷിതാവായ സുന്ദരേശ്വരൻെറ പാദപത്മങ്ങളെ സ്മരിക്കുന്നതിനു ഭാഗ്യമുണ്ടായിട്ടുള്ളതിൽ ഒരുത്തനും ഇതേവരെയും അദ്ദേഹത്തിൻെറ അപാരമായ കരുണയ്ക്കു പാത്രമാകാതെ ഇരുന്നിട്ടില്ല. അദ്ദേഹം അദ്ദേഹത്തിൻെറ ഭക്തന്മാരുടെ സർവ്വദുഃഖങ്ങളുംതീർത്തു അവർക്കു വേണ്ടുന്നതെല്ലാം ഇഹത്തിൽ സാധിച്ചുകൊടുക്കുമെന്നു മാത്രമല്ല, മരിക്കുമ്പോൾ അവർക്കു മോക്ഷവുംകൊടുക്കും. ഇപ്രകാരം ഭക്താനുഗ്രഹത്തിനായി ഭൂലോകശിവലോകമായ ഹാലാസ്യത്തിൽ സാകാരനായി സ്ഥിതിചെയ്യുന്ന ചതുഷ്ഷഷ്ടിപുരാധിപനായ സോമസുന്ദരേശ്വരൻെറ ചതുർദശജഗൽപ്രഖ്യാതമായ അറുപത്തിനാലു ലീലകളേയും ഞാൻ നിങ്ങളെ കേൾപ്പിച്ചു ഇവയെ കേൾക്കുകയും പഠിക്കുകയും ചെയ്യുന്നവരുടെ സകലപാപങ്ങളും വഹ്നിയിൽ തൂലരാശിയെന്നപോലെ ഭസ്മമായിപ്പോകുമെന്നുമാത്രമല്ല, തന്മൂലം അവർക്കു ഇഹത്തിൽ ആയുരാരോഗ്യ സൌഭാഗ്യപുത്രമിത്രാദി സമ്പത്തോടുകൂടെ വിപുലഭോഗങ്ങൾ അനുഭവിക്കുന്നതിനും അന്ത്യകാലത്തിൽ സായൂജ്യം ലഭിക്കുന്നതിനും സംഗതിയാവുകയും വിശേഷിച്ചും ഭഗവൽ ലീലാശ്രവണംകൊണ്ടു് മീനാക്ഷീസുന്ദരേശ്വരന്മാരിൽ നിശ്ചലമായ ഭക്തിയുണ്ടാവുകയുംചെയ്യും. ഭക്തിയുണ്ടായാൽ മുക്തി സിദ്ധിക്കുമെന്നുള്ളതിനു് യാതൊരു പക്ഷാന്തരവും ഇല്ലല്ലോ.

൬൪-ാം ലീല സമാപ്തം.

# ഹാലാസ്യമാഹാത്മ്യം

## കേരളഭാഷാഗദ്യം

### ൬൫ാം അദ്ധ്യായം.

### പുരാണശ്രവണമാഹാത്മ്യം.

മേല്പ്രകാരം കുംഭസംഭവൻ വസിഷ്ഠാദിമഹർഷിമാരെ കേൾപ്പിച്ചതായ ചതുഷ്കൂടപുരാധിപനായ മീനാക്ഷീനാഥന്റെ അറുപത്തിനാലു ലീലകളേയും സൂതൻ, ശംഭുഭക്തൻ തുടങ്ങിയ മഹർഷിമാരോടു അനുക്രമമായി അരുളിച്ചെയ്തതിന്റെശേഷം അവരോടും വീണ്ടും ഇങ്ങനെ പറഞ്ഞു:-

“അല്ലയോ ശംഭുഭക്താദിതാപസവര്യന്മാരേ! കുംഭസംഭവൻ ശ്രീകാശിയിലെ മുക്തിമണ്ഡപത്തിൽവച്ചു് വസിഷ്ഠാദികളെ കേൾപ്പിച്ച ഭഗവാൻ സുന്ദരേശ്വരന്റെ മേല്പറഞ്ഞ അറുപത്തിനാലു ലീലകളേയും കേട്ടു്, ഇതിൽ പരമില്ലാത്ത പരമശിവഭക്തിയോടുകൂടിയവരും ജീവന്മുക്തന്മാരും ആയിത്തീൎന്ന വസിഷ്ഠാദികൾ, ഗുരുവായ കുംഭസംഭവനെ സുമേദ്ധ്യങ്ങളായ ഗന്ധപുഷ്പാക്ഷതങ്ങളെക്കൊണ്ടു്, വഴിപോലെ പൂജിച്ചു്, തല്പത്നിയും പതിവ്രതാശിരോരത്നവും ആയ ലോപാമുദ്രയേയും അവർ ജംബൂനദമയങ്ങളും, കൽഹാരകമലാദികളും ആയ പുഷ്പങ്ങളെക്കൊണ്ടും, ദിവ്യങ്ങളായ അംബരങ്ങളെക്കൊണ്ടും ഭംഗിയാകുംവണ്ണം പൂജിച്ചു. പൂജോപചാരങ്ങൾകൊണ്ടു് പരമസന്തുഷ്ടരായ ആ ദമ്പതികൾ വസിഷ്ഠാദിമാമുനിമാരെ ആശീൎവദിച്ചു് അത്യാനന്ദനിമഗ്നരാക്കി. അന്യന്മാരായ ശ്രോതാക്കളേയും, കൃപാദൃഷ്ടികൊണ്ടു് അവർ അനുഗ്രഹിച്ചു് ഇഹാമുത്രസുദുർല്ലഭങ്ങളായ കാമങ്ങളെ അവൎക്കു് ദാനംചെയ്തു. അനന്തരം അദ്ദേഹം ശിവപ്രാപ്ത്യേകസാധനവും ശിവപദവും ആയ ഹാലാസ്യത്തിൽ അധിവാസംചെയ്യുന്ന ശ്രീ ഹാലാസ്യപ്രഭുവും, പരമകാരണനും സൎവവേദാന്തസംസ്തുത്യനും, അശേഷപുരുഷാൎത്ഥദനും, സമസ്താധാരലിംഗമൂൎത്തിധരനും ആദിമദ്ധ്യാന്തരഹിതനും, വിഭുവും സോമനും പരാൽപരനും ഹരനും, ആയ സുന്ദരേശ്വരനെ മീനാക്ഷീദേവിയോടുകൂടെ അത്യന്തനിൎമ്മലവും, നിഷ്കളവും ആയ ആത്മാവിന്റെ ദ്വാദശാന്തസ്ഥാനത്തിൽ നിശ്ചലമായ ചിത്തത്താൽ വിഭാവനം ചെയ്തിട്ടു്, ശിവാനന്ദത്തെ അനുഭവിച്ചു്, ചിന്മയനായി.”

വസിഷ്ഠാദികളായ മഹൎഷിമാൎക്ക് സുന്ദരേശ്വരന്റെ വൈഭവങ്ങളെപ്പററി കേട്ടതിൽ അദ്ദേഹത്തെ ദൎശിക്കുന്നതിൽ ഇതില്പരമില്ലാത്ത ഔൽസുക്യം ഉണ്ടായി. ഉടൻതന്നെ അഗസ്ത്യൻ സമാധിയിൽനിന്നും ഉണൎന്നു് കണ്ണുതുറന്നു. അനന്തരം മഹൎഷിമാർ അദ്ദേഹത്തിനോട്, അല്ലയോ ഭഗവാനായ കുംഭസംഭവ! അങ്ങയുടെ വദനാരവിന്ദനിൎഗ്ഗളിതങ്ങളായ സുന്ദരേശ്വരലീലാമകരന്ദങ്ങളെപ്പാനംചെയ്തതുകൊണ്ട്, ഭക്തിപ്രമത്തന്മാരായിത്തീൎന്ന ഞങ്ങളുടെ ഒരു അനുഗ്രഹംകൂടി നിന്തിരുവടി നിവൎത്തിച്ചുതരണം. പണ്ടു് മണികൎണ്ണികാതടത്തിൽ വാരാണസീമഹാക്ഷേത്രത്തിൽവച്ചു് വിശ്വനാഥദൎശനത്തിനു ഭാഗ്യമുണ്ടായതുകൊണ്ടു് ഞങ്ങൾക്കെല്ലാം ചിത്തശുദ്ധിയുണ്ടായി. ഇപ്പോൾ ദയാശാലിയായ നിന്തിരുവടിയുടെ മുഖരാകാചന്ദ്രവിനിസ്രുതങ്ങളായ ചതുഷ്ഷഷ്ടിലീലാമൃതപാനംകൊണ്ടും, ജീവൻമുക്തിപുരേശനായ സുന്ദരേശ്വരപാദപങ്കജംകൂടി ദൎശിച്ചാൽ കൊള്ളാമെന്നു വലിയ അനുഗ്രഹമായിരിക്കുന്നു. അതുകൊണ്ടു നിന്തിരുവടി എല്ലാ ജന്തുക്കളുടെ അജ്ഞാനപാശമൂലഹരവും, പരമാമൃതസംപ്രാപ്തിക്കവേണ്ടി സകലരാലും ഒന്നുപോലെ ഉപാസിക്കപ്പെടുന്നതും പ്രവേശമാത്രത്താൽതന്നെ സകലപാപങ്ങളും ഇല്ലാതാക്കുന്നതും എല്ലാ ശിവക്ഷേത്രങ്ങളിൽവച്ചു് മുഖ്യവും ആയ ശ്രീഹാലാസ്യത്തിൽ പ്രശോഭിക്കുന്നതും ശ്രവണംകൊണ്ടുതന്നെ സകല സിദ്ധികളും സാധിക്കുന്നതും ജീവൻമുക്തിപുരേശ്വരാഖ്യയോടുകൂടിയതും പരദുൎല്ലഭവും, ആയ സുന്ദരേശ്വരമൂലലിംഗത്തെ ദൎശിക്കുന്നതിനും, തീൎത്ഥാഗ്ര്യമായ ഹേമപത്മിനിയിൽ സ്നാനംചെയ്യുന്നതിനും താപത്രയകരമായ ആ പുണ്യഭൂമിയിൽ വസിക്കുന്നതിനുമുള്ള ഞങ്ങളുടെ അനുഗ്രഹംകൂടി സാധിപ്പിച്ചുതരണം എന്നപേക്ഷിച്ചു.

ഹാലാസ്യേശ്വരഭക്തന്മാരിൽ ഒന്നാമനും, ഭഗവാനുമായ കുംഭസംഭവൻ അതുകേട്ടു് ആനന്ദാതിശയപാരവശ്യത്താൽ സശ്രുവിലോചനനായി അപ്രകാരം ആകാമെന്നു സമ്മതിച്ചു. പിറേറദിവസം രാവിലെ അവർ എല്ലാവരുംകൂടെ എഴുന്നേററു് മണികൎണ്ണികയിൽ ഇറങ്ങി സ്നാനം ചെയ്തു നിത്യകൎമ്മങ്ങൾ നടത്തി. വിശ്വനാഥനേയും വിശാലാക്ഷിയേയും, ഗണനാഥാദിദേവന്മാരേയും മററും വന്ദിച്ചു് ക്ഷേത്രപ്രദക്ഷിണവും കഴിച്ചു് പതിവ്രതോത്തമയായ സ്വകളത്രത്തോടും ശിഷ്യന്മാരോടും തന്റെ തപോവിമാനത്തിൽ കയറി ആകാശമാൎഗ്ഗത്തിലൂടെ ഭൂലോകശിവലോകമായ ഹാലാസ്യത്തിലേക്കു തിരിച്ചു. വസിഷ്ഠാദി മഹൎഷികളും അവരവരുടെ തപോബലംകൊണ്ടു് നിൎമ്മിക്കപ്പെട്ട വിമാനങ്ങളിൽ കയറി അദ്ദേഹത്തെ അനുഗമിച്ചു. താരാഗണങ്ങളുടെ അനുഗമനത്തോടുകൂടിയ രാകാശശാങ്കന്റെ യാത്രപോലെ അഗസ്ത്യമഹൎഷിയുടെപ്രയാണം കാഴ്ചക്കാൎക്കു ആനന്ദം നൽകി. അവർ പുഷ്പിതങ്ങളും പക്വഫലസംയുതങ്ങളും ആയ അനവധി പുണ്യവൃക്ഷങ്ങളെയും ഗംഗാദികളായ പാവനസരസ്സുകളേയും, പുണ്യങ്ങളായ തപോവനങ്ങളെയും ചിത്രങ്ങളായ വനസ്ഥലികൾ

ളേയും, ശ്രീശൈലമുഖങ്ങളായ പൎവ്വതങ്ങളേയും, ഉന്നതങ്ങളായ പ്രാസാദ ഗോപുരങ്ങളെക്കൊണ്ടും, പ്രാകാരങ്ങളെക്കൊണ്ടും ശോഭിതങ്ങളായ പല ശിവക്ഷേത്രങ്ങളേയും പരിപാവനങ്ങളായ മററനവധി സ്ഥലങ്ങളേയും പിന്നിട്ടും അവയുടെ മാഹാത്മ്യങ്ങളെപ്പററി പുകഴ്ത്തിയുംകൊണ്ട് പോയി. ഇങ്ങനെ അധികദൂരം പോയപ്പോൾ പൎവ്വതശൃംഗോപമങ്ങളായ ഗോപുരങ്ങളാൽ വിരാജിതവും ചക്രവാളാദ്രിസന്നിഭവും ആയ ശ്രീഹാലാസ്യമഹാസാലം അവരുടെ ദൃഷ്ടിയിൽപ്പെട്ടു. ഉടൻതന്നെ ലോപാമുദ്രാസഹായനും അന്തേവാസികളോടുകൂടിയവനും ആയ കുംഭസംഭവൻ വസിഷ്ഠാദികളായ മുനീശ്വരന്മാരോടുകൂടെ വിമാനത്തിൽനിന്നും ഇറങ്ങി ആദ്യമായി സാലങ്ങൾക്ക നമസ്കാരം ചെയ്തു. അനന്തരം മുനിമാരോടുകൂടെ ശിവന്റെ ഷഡംബുജപീഠത്തിനും, ഗോപുരങ്ങൾക്കും രത്നമയമായ വിമാനത്തിനും നമസ്കരിച്ചു. അതിന്റെശേഷം എല്ലാവരുംകൂടെ ജീവന്മുക്തിപുരാധിപന്റെ ക്ഷേത്രത്തിനുള്ളിൽക്കടെന്ന് സാക്ഷാലുള്ള ശിവഗംഗയുടെ സംഗമത്തോടുകൂടിയതും ഭോഗമോക്ഷപ്രദായിനിയും ആയ വേഗവതിയിൽ മന്ത്രവിധിപ്രകാരം സ്നാനംചെയ്ത് ദേവപിതൃതൃപ്തിക്കവേണ്ടി വിധിപ്രകാരമുള്ള തൎപ്പണകൎമ്മങ്ങളും എല്ലാം ചെയ്തു ഉത്തരഹാലാസ്യത്തിൽ പോയി ഈശ്വരിയേയും ഈശ്വരനേയും നമിച്ച് സപ്തസാഗരതീൎത്ഥസ്നാനം, തീൎത്ഥപ്രദക്ഷിണങ്ങൾ, തൎപ്പണങ്ങൾ, ജപാദികൾ, ബ്രാഹ്മണദാനങ്ങൾ, മുതലായവ നടത്തി ഭക്തിയോടും മന്ത്രത്തോടും സങ്കല്പത്തോടും കൂടെ ഹേമപത്മിനിയിൽ സ്നാനംചെയ്ത്, സൎവ്വാംഗം ഭസ്മലേപനംചെയ്തതു കൂടാതെ ഭസ്മത്രിപുണ്ഡ്രവും അണിഞ്ഞ്, സമസ്തപാപങ്ങളേയും ഇല്ലാതാക്കുന്ന രുദ്രാക്ഷമാല്യങ്ങൾ മൂൎദ്ധാവിലും കണ്ഠത്തിലും ബാഹുക്കളിലും മററും വിധിപ്രകാരം ചാൎത്തി ഭക്തസൎവ്വാഭീഷ്ടദയും മഹാദേവിയും സുന്ദരേശ്വരജായയും മഹാമായയും ആയ മീനാക്ഷിയെ ഭക്തിയോടുകൂടെ നമസ്കരിച്ച് സ്തുതിച്ചപ്പോൾ പ്രീതയായിത്തീൎന്ന ഭഗവതി പ്രത്യക്ഷയായി പ്രണതന്മാരായ അവൎക്ക അണിമാദികളായ ഐശ്വൎയ്യങ്ങളും, ഭഗവതീപാദാംബുജങ്ങളിൽ സ്ഥായിയായ ഭക്തിയും നല്കി മറഞ്ഞു. അതിന്റെ ശേഷം മഹൎഷികൾ ഭഗവദ്വാഹനമായ നന്ദിയെ വലംവെച്ചു തൊഴുതു. അനന്തരം ദ്വാരപാലന്മാരേയും നന്ദികേശനേയും നമസ്കരിച്ചു അതിനെല്ലാംശേഷം, ദിവ്യവിമാനസ്ഥവും ലിംഗസമഷ്ടികവും കൈവല്യസ്വരൂപവും ആയ സുന്ദരേശ്വരന്റെ ആദിലിംഗം ദൎശിച്ചു. ഉടൻതന്നെ അവർ സീമാതീതമായ ഭക്തികൊണ്ട് അത്യന്തം പരവശന്മാരായി സനാതനനും സച്ചിദാനന്ദാത്മകനും വേദാന്തവേദ്യനും ആയ സോമസുന്ദരനെ ഷോഡശോപചാരങ്ങൾകൊണ്ട് വിധിപ്രകാരം പൂജിച്ച് മനസ്സിൽ ചിന്മയനായ മഹേശ്വരനെ ധ്യാനിച്ച്, പലപ്രകാരത്തിൽ സ്തുതിച്ചു. അനന്തരം അവർ പൂജയെ സമാപിച്ചുംവെച്ചു സൎവ്വപാപഘ്നവും, സൎവ്വമന്ത്രാദ്യവും ആയ ശ്രീമൽ പഞ്ചാക്ഷരമന്ത്രം ജപിച്ചുംകൊണ്ടു ഭക്തിപൂൎവ്വമായ സോമസുന്ദരേശ്വരധ്യാനത്തോടുകൂടെ ശ്രീമൂലലിംഗദൎശനം ചെയ്തുകൊണ്ടു നില്ക്കുമ്പോൾ കുംഭസംഭവാദികളായ മഹ

ർഷിമാരുടെ ഭക്തിവിശ്വാസപൂജാസ്തോത്രധ്യാനങ്ങളാൽ സന്തുഷ്ടനായ സുന്ദരേശ്വരൻ, അത്യന്താത്ഭുതവും ആനന്ദാത്മകവും ചിരന്തനവും, സുധാമയവും സ്വയംഭൂതവും ആയ സ്വലിംഗത്തിൽ നിന്നും കന്ദർപ്പസന്നിഭസുന്ദരനും, കോടിസൂര്യപ്രതീകാശനും, സച്ചിദാനന്ദവിഗ്രഹനും, വരദാഭയഹസ്തനും പരശ്വധപാണിയും ദിവ്യവസ്ത്രധാരിയും ആയ ഒരു യുവാവിന്റെ വേഷത്തിൽ മീനാക്ഷീഭഗവതിയോടുകൂടെ വൃഷഭവാഹനാരൂഢനായി പ്രത്യക്ഷീഭവിച്ച് മാമുനിമാരെ നോക്കി ഇപ്രകാരം ചോദിച്ചു.

അല്ലയോ മാമുനിമാരേ! ഞാൻ നിങ്ങളുടെ ഭക്തിവൈരാഗ്യപൂജാസ്തോത്രാദ്യനുഷ്ഠാനങ്ങളെക്കൊണ്ട് അത്യന്തം സന്തുഷ്ടനായി. നിങ്ങൾക്കു വേണ്ട വരം എന്താണെന്നു പറയുവിൻ. നിങ്ങൾക്കു ദേവദുർല്ലഭങ്ങളായ വരങ്ങളെ കൂടി തരുന്നതിന് ഞാൻ തയ്യാറാണ്.

മാമുനിമാർ അതുകേട്ട്, ഹർഷാശ്രുപൂർണ്ണനയനന്മാരായി ഭഗവാനെ സ്തുതിച്ചുംകൊണ്ട് ഞങ്ങൾക്കു അങ്ങയുടെ പാദപത്മങ്ങളിൽ നിരന്തരമായ ഭക്തിയൊന്നുണ്ടായാൽ മാത്രം മതിയാകുന്നതാണെന്നു അവർ പറഞ്ഞു. വീണ്ടും അവർ ഭക്തിമയങ്ങളായ അനവധി മനോഹരസ്തോത്രങ്ങളെക്കൊണ്ട് ഭഗവാനെ സ്തുതിച്ചു. അവരുടെ സ്തോത്രങ്ങൾകൊണ്ട് സന്തുഷ്ടനായ ഭഗവാൻ വീണ്ടും അവരോടു ഇങ്ങനെ പറഞ്ഞു.

നിങ്ങളുടെ ഭക്തിപ്രഭാവംകൊണ്ട് നിങ്ങൾക്കു ഇഹത്തിൽ ഭുക്തിയും പരത്തിൽ മുക്തിയും തീർച്ചയായിട്ടും കിട്ടും. ഭുക്തിയും മുക്തിയും ഏകകാലത്തിൽ വേണമെന്ന് ആരു വിചാരിക്കുന്നുവോ അവർ ഭൂലോകശിവലോകവും, നാമംകൊണ്ടു മാത്രമല്ലാ അർത്ഥംകൊണ്ടും ജീവന്മുക്തിപുരമായ ഹാലാസ്യത്തിൽ വസിച്ചാൽമാത്രം മതിയാവുന്നതാണ്. പാപികളും ഇവിടെ വന്നാൽ വരുന്നമാത്രയിൽതന്നെ പാപങ്ങൾ തീർന്ന് ജീവന്മുക്തരാകും. ഇവിടെ വസിക്കുന്ന എല്ലാ സ്ഥാവരജംഗമങ്ങളും ജീവന്മുക്തരാണ്. കാശിമുതലായ പുണ്യസ്ഥലങ്ങളിൽവച്ച് മരിച്ചാലെ മുക്തി കിട്ടൂ. ഇവിടെ വസിച്ചാൽ മുക്തിയുണ്ടാകും. മുനിസത്തമന്മാരായ നിങ്ങൾ ഇവിടെ വന്നപ്പോൾതന്നെ ജീവന്മുക്തന്മാരായിപ്പോയി. നിങ്ങളോടൊന്നിച്ചു വന്നിരിക്കുന്ന അഗസ്ത്യൻ എനിക്കു തുല്യനും അവന്റെ പ്രിയപത്നിയായ ലോപമുദ്ര ചിത്സ്വരൂപിണിയായ മീനാക്ഷിക്കു സമാനയും ആണ്. അവരുടെ ദയാപൂർണ്ണതയ്ക്കു ഗോചരന്മാരായാൽ പിന്നെ അങ്ങനെയുള്ളവർക്കു യാതൊരുവിധമായ സങ്കടങ്ങളും സംഭവിക്കുന്നതല്ലല്ലോ. യോഗാഭ്യാസംകൊണ്ടും വേദശാസ്ത്രപുരാണേതിഹാസങ്ങളിൽ ഉള്ള അപാരപാണ്ഡിത്യംകൊണ്ടും മൽഭക്തികൊണ്ടും സർവ്വജ്ഞനായ കുംഭസംഭവന്റെ ആ സർവ്വജ്ഞതകൊണ്ട് നിങ്ങളും ധന്യന്മാരായി.

സുന്ദരേശ്വരൻ മന്ദസ്മിതപൂർവ്വം കരുണയോടുകൂടെ ഇങ്ങനെ പറഞ്ഞുകൊണ്ട് അഗസ്ത്യനെപ്പിടിച്ചു ചാരത്തണച്ചു മന്ദമന്ദം അദ്ദേഹത്തെ തലോടിയുംകൊണ്ട്, അല്ലയോ കുംഭസംഭവ! സർവ്വജ്ഞനും മൽപാദഭക്തോത്തമനും ആയ നീ സർവ്വതാപസവരന്മാരോടുകൂടെ ഇവിടെ താമസിച്ച് സർവ്വഭോഗങ്ങളും അനുഭവിച്ച് ദേഹവിയോഗകാലത്തിൽ തുല്യമില്ലാത്ത ആനന്ദത്തോടുകൂടിയ സായുജ്യത്തെ പ്രാപിച്ചുകൊള്ളുക. എന്നിങ്ങനെ പറഞ്ഞിട്ട് അദ്ദേഹത്തെയും മറ്റുള്ള താപസന്മാരെയും കൃപാദൃഷ്ടികൊണ്ടു അനുഗ്രഹിച്ചിട്ട് അന്തർദ്ധാനം ചെയ്തു. പരമാനന്ദത്തോടുകൂടെ താപസന്മാർ പിന്നെയും സുന്ദരേശ്വരനെ സ്തുതിച്ചു. കുംഭസംഭവൻ അതിന്റെ ശേഷം മൂലലിംഗത്തിന്റെ നിരൃതികോണിൽ ഒരു ശിവലിംഗം പ്രതിഷ്ഠിച്ചു പൂജിച്ചു. അതുകണ്ട് മറ്റുള്ള എണ്ണായിരം മുനിമാരും അവരവരുടെ നാമപൂർവ്വകമായ ഓരോ ശിവലിംഗങ്ങൾ പ്രതിഷ്ഠിച്ച് പൂജകൾ നടത്തി. ആ താപസശ്രേഷ്ഠന്മാരാൽ സ്ഥാപിതങ്ങളായ അതിപാവനശിവലിംഗങ്ങൾകൊണ്ട് സുന്ദരേശ്വരക്ഷേത്രമായ നീപകാനനം ആനന്ദകാനനമായ കാശിപുരത്തെക്കാളും അത്യന്തം ശോഭായമാനമായി പ്രകാശിച്ചു. അതിന്റെശേഷം ജ്ഞാനികളായ അഗസ്ത്യാദികൾ, ആനന്ദദായകനും ദ്വാദശാന്തസ്ഥനും ആയ നടേശ്വരനെ ദർശിച്ച് ഭക്തിയോടുകൂടെ മീനാക്ഷീ സുന്ദരേശ്വരന്മാരെ പൂജിച്ച് നമസ്കരിച്ച് വന്ദ്യനായ ആ കരുണാവരുണാലയന്റെ കാരുണ്യത്താൽ നിത്യത്വത്തെ പ്രാപിച്ചു. സുന്ദരേശ്വരാനുഗ്രഹത്താൽ അവർ ഇന്നും മീനാക്ഷീസുന്ദരേശ്വരന്മാരെ പൂജിച്ചുകൊണ്ട് നിത്യമുക്തന്മാരായി വസിക്കുന്നാണ്.

അല്ലയോ ശൌനകാദികളായ മഹർഷിപുംഗവന്മാരേ! ഹാലാസ്യമാഹാത്മ്യത്തെ ഭക്തിപൂർവ്വം കേട്ട പുണ്യംകൊണ്ടാണ്, വസിഷ്ഠാദിമഹർഷികൾക്ക്, ഭക്തജനമന്ദാരദാരുവും കല്പവല്ലിയും ആയ മീനാക്ഷീസുന്ദരേശ്വരന്മാരെ ദർശിക്കുന്നതിനും ദിവ്യമായ ജീവന്മുക്തപദവിയിൽ ഇരുന്നുകൊണ്ടു ഭവ്യമായ നിത്യാനന്ദം അനുഭവിക്കുന്നതിനും സംഗതിയായതു്. അതുകൊണ്ടു നിങ്ങളും എന്നോടുകൂടെ ഹാലാസ്യത്തിൽവന്നു മീനാക്ഷീസുന്ദരേശ്വരന്മാരെ ദർശിച്ചും അവരുടെ ദിവ്യകാരുണ്യത്താൽ, ജീവന്മുക്തരായിക്കൊള്ളുവിൻ. മേരു,മന്ദരം, ശ്രീകൈലാസം, കാശി, ചിദംബരം എന്നീ എല്ലാശിവക്ഷേത്രങ്ങളിലും അധിവസിക്കുന്നതു് ഓരോരോ ലീലകൾ എടുത്തു ഭക്തന്മാരെ പാലനംചെയ്യുന്ന ഹാലാസ്യനാഥനായ സുന്ദരേശ്വരൻതന്നെയാണ്. എല്ലാ ശിവക്ഷേത്രങ്ങളിൽവച്ചും പരമോൽകൃഷ്ടമായതു് ഹാലാസ്യമാണെന്നുള്ളതു് ഭുവനപ്രസിദ്ധമായ ഒരു വാസ്തവമത്രെ. അതുപോലെ സർവ്വതീർത്ഥങ്ങളിൽവച്ചും ഉത്തമമായതു് സർവ്വകന്മഷനാശകമായ ഹേമപത്മിനിയും ആണ്. മന്ദാരാദികളായ ശിവക്ഷേത്രങ്ങളിൽ ഉള്ള ശിവലിംഗങ്ങളെക്കാളും, സുന്ദരേശ്വരലിംഗം ഉത്തമോത്തമമാണെന്ന്, ലക്ഷോപലക്ഷംതവണ പറഞ്ഞാലും പോരാ. ക്ഷേത്രവും, തീർത്ഥവും, ലിംഗവും

ഒന്നുപോലെ ശ്രേഷ്ഠമായ ഒരു സ്ഥലം ഇതല്ലാതെ മൂന്നുലോകത്തിലും ഇല്ല. അതുകൊണ്ടു്, ഹിതകാമികളായ പുരുഷന്മാർ വസിക്കേണ്ടതു് ഇവ മൂന്നും ഒത്തുചേൎന്നതായ മധുരയിൽവേണം. ഒന്നിനെ സേവിച്ചാൽ തന്നെ സൎവ്വപാപങ്ങളും നശിക്കുമെന്നുള്ളപ്പോൾ ഒന്നുപോലെ ഉൽകൃഷ്ടമായ മൂന്നിനേയും ഏകകാലത്തിൽ സേവിച്ചാൽ ഉണ്ടാകുന്ന ഫലംഎന്താണെന്നു പറയേണ്ടതില്ലല്ലോ. ഹാലാസ്യവാസിയും നീപാടവീനാഥനുമായ സുന്ദരേശ്വരന്റെ പരമപാവനങ്ങളും ഭക്തിരസായനങ്ങളും ആയ ലീലകൾ അടങ്ങിയ ഹാലാസ്യമാഹാത്മ്യത്തെ കേൾക്കുകയും, പഠിക്കുകയും ചെയ്താലും ഈ പുസ്തകത്തെ സുന്ദരേശ്വരൻ തന്നെയെന്നുള്ള ധ്യാനത്തോടുകൂടെ ഭക്തിപൂൎവ്വം ധൂപദീപാദികൾകൊണ്ടു പൂജിച്ചാലും, സകലവിധമായ പാപങ്ങളും നശിക്കുകയുംതാപങ്ങൾ തീരുകയും ചെയ്യുന്നതുമല്ലാതെ സുന്ദരേശ്വരൻഅവരിൽ, അത്യന്തം പ്രീതനായി അവൎക്കു പുത്രമിത്രകളത്രാദി സൎവ്വസമ്പത്തുകളും ആയുരാരോഗ്യൈശ്വൎയ്യങ്ങളും അവസാനമില്ലാതെകൊടുക്കുകയും അന്ത്യകാലത്തിൽ സാലോക്യാദികളിൽ അവൎക്കു് ഏതു അവശ്യമോ അതിനെനല്കുകയും ചെയ്യും. പാവനമായ ഭൂമിയിലൊ നദീതീരത്തിലൊ ദേവാലയത്തിലൊഏതൊരു സ്ഥലത്തിൽവച്ചു് ഹാലാസ്യമാഹാത്മ്യപാരായണം ഭക്തിയോടുകൂടെ ചെയ്യുന്നുവോ അവിടെ സുന്ദരേശ്വരൻ മീനാക്ഷീഭഗവതിയോടുകൂടെ പ്രത്യക്ഷനാകുമെന്നുള്ളതിനു യാതൊരു സംശയവുമില്ലാത്തതിനാൽ ഹാലാസ്യമാഹാത്മ്യപാരായണം ചെയ്യുന്ന സ്ഥലങ്ങൾ, പുഷ്പങ്ങൾകൊണ്ടും തോരണങ്ങൾകൊണ്ടും മറ്റും നല്ലതുപോലെ വിതാനിച്ചു അലങ്കരിച്ചുകൊള്ളേണ്ടതാകുന്നു. തൽപാരായണം വളരെ ഭക്തിപൂൎവ്വം കേൾക്കുകയും ചെയ്യണം. അങ്ങനെചെയ്യുന്നവനും സൎവ്വഭോഗാനുഭവവും മോക്ഷവും ലഭിക്കുമെന്നുള്ളതിനു യാതൊരു സംശയവുമില്ല. ഹാലാസ്യമാഹാത്മ്യത്തെ ഏതൊരുത്തൻ പാരായണംചെയ്യുന്നുവോ അവനെ സാക്ഷാൽ സുന്ദരേശ്വരൻതന്നെയെന്നു നിശ്ചയിച്ചു് ഭക്തിപൂൎവ്വം ചന്ദനപുഷ്പാദികൾകൊണ്ടു പൂജിച്ചു, ഷഡ്രസയുക്തങ്ങളായ ഭക്ഷണസാധനങ്ങൾ നല്കി സന്തോഷിപ്പിച്ചു് ഒന്നോ രണ്ടോ അദ്ധ്യായമൊ അതിനു സൌകൎയ്യമില്ലാത്തപക്ഷം ഒരു അദ്ധ്യായത്തിൽ കാൽപങ്കൊ അരപ്പങ്കൊ അതിനൊന്നിനും ഇടയില്ലെങ്കിൽ നിത്യമായി ഓരോ നാലുവരിയെങ്കിലുമോ ചൊല്ലിച്ചു കേൾക്കുന്നവൎക്കു്, ധൎമ്മാൎത്ഥകാമമോക്ഷങ്ങളാകുന്ന പുരുഷാൎത്ഥങ്ങൾ നാലും അനായാസേന ലഭിക്കും. പഠിതാവിനും ഐശ്വൎയ്യലാഭവും മുക്തിയും ഉണ്ടാകും. ഹാലാസ്യമഹാത്മ്യം പാരായണം ചെയ്യിക്കുന്നതു്, രാജാവായിരുന്നാൽ, പാരായണം ചെയ്യുന്നവനു് വളരെ വളരെ ധനങ്ങളും ഗ്രാമങ്ങളും സംഭാവനചെയ്യേണ്ടതാണു്. ധനവാനായിരുന്നാൽ വിത്തശാഠ്യംകൂടാതെധനഭൂഷണകേദാരാദികളെ ദാനം ചെയ്യുന്നതുകൂടാതെ വസ്ത്രങ്ങളും അംഗുലീയങ്ങളും മറ്റും കൊടുക്കുകയും വേണം. സൎവ്വേശ്വരനായ സുന്ദരേശ്വരനെ ധ്യാനിച്ചു്, സുന്ദരേശ്വരലീലാമൃതപ്രവാഹത്തോടുകൂടിയതായ ഈ മഹാത്മ്യത്തെ പാരായണംചെയ്യുന്നവൎക്കു കൊടുക്കുന്ന എല്ലാവിധ ദാനങ്ങ

ളും സംശയംവിനാ സുന്ദരേശാപ്പ്നമായി ഭവിക്കുന്നതാണ്. പാരായണാനന്തരം വിപ്രന്മാൎക്കും യഥാശക്തി ദാനവും ഭക്ഷണവും കൊടുക്കണം. ഹാലാസ്യമാഹാത്മ്യശ്രവണത്തിൽ ഒരുത്തനു എത്രമാത്രം ശ്രദ്ധയേറുന്നുവോ അത്രമാത്രംശ്രേഷ്ഠമായ ഫലവുംഅവനു സിദ്ധിക്കും. വ്യാഖ്യാനപീഠത്തിന്മേൽ നല്ല പട്ടുവിരിച്ച് അതിന്റെ മുകളിൽ ഈപുസ്തകം വച്ച് അതിൽ സുന്ദരേശ്വരസാന്നിദ്ധ്യംഉണ്ടെന്നുള്ളവിശ്വാസത്തോടുകൂടെഅദ്ദേഹത്തെധ്യാനിച്ച്, ഭക്തിപൂൎവ്വം, ഗന്ധപുഷ്പധൂപദീപാദികൾകൊണ്ടും പാൽപ്പായസപൂപാദികളായ നിവേദ്യസാധനങ്ങൾകൊണ്ടും, താംബൂലപൂഗാദികൾകൊണ്ടും, ഫലദാതാവായ സുന്ദരേശ്വരനെ ആരാധിച്ച്, പ്രദക്ഷിണംവച്ച് നമസ്കരിച്ചുഗുരുവിനെ ഉന്നതാസനത്തിൽഇരുത്തി താൻ അതിലും ചെറുതായ ഒരു ആസനത്തിൽ ഇരുന്നുംകൊണ്ട്, അന്യവിചാരങ്ങൾ ഒന്നുംകൂടാതെ ശ്രദ്ധാപൂൎവ്വം ദേശികാഭിമുഖമായി സ്ഥിതിചെയ്തുകൊണ്ടുവേണം ഹാലാസ്യമാഹാത്മ്യംശ്രവിക്കേണ്ടതു്. ഇങ്ങനെ മാഹാത്മ്യശ്രവണംചെയ്യുന്നവന്റെ ഹൃദയത്തിൽ എല്ലാക്കാലവും സുന്ദരേശ്വരൻ നിവസിക്കും. സുന്ദരേശ്വരമാഹാത്മ്യപാരായണത്തിനും ശ്രവണത്തിനും തടസ്സമുണ്ടാക്കുന്നവരെപ്പോലെ പാപികളായിട്ടു ലോകത്തിൽ മററാരുംതന്നെ ഇല്ല. അതിനു അനുകൂലംചെയ്യുന്നവനെപ്പോലെ പുണ്യവാനും ഇല്ല. ഹാലാസ്യമാഹാത്മ്യശ്രവണം ഒന്നുകൊണ്ട് ത്രിലോകത്തിൽഉള്ള എല്ലാ ക്ഷേത്രമാഹാത്മ്യങ്ങളുംകേട്ടഫലംനിശ്ചയമായും ഉണ്ടാകും. ഐഹികാമുഷ്മികസൌഖ്യങ്ങൾ ഒന്നുപോലെ സിദ്ധിക്കുന്നതിനു ഹാലാസ്യശ്രവണപഠനങ്ങൾപോലെ എളുപ്പമായി യാതൊരു വഴിയും ഇല്ല. എല്ലാതീൎത്ഥങ്ങളിലും ഒന്നുപോലെ സ്നാനംചെയ്താലും എല്ലാ യാഗങ്ങൾ നടത്തിയാലും, സൎവ്വദാനങ്ങൾ ചെയ്താലും സൎവ്വക്ഷേത്രങ്ങളും ദൎശിച്ചാലും, യാതൊരുഫലം കിട്ടുമൊ ആ ഫലം ഹാലാസ്യമാഹാത്മ്യശ്രവണംഒന്നുകൊണ്ടുമാത്രം ഉണ്ടാകുന്നതാണ്. കൂടാതെ സകല താപങ്ങളുംരോഗങ്ങളുംപാപങ്ങളും ഹാലാസ്യമാഹാത്മ്യം ഒരിക്കൽ ശ്രവിച്ചാൽ നശിച്ചുപോകും. അന്ത്യകാലത്തിൽ മുക്തിയും കിട്ടും. പുത്രമിത്രകളത്രധനധാന്യസമ്പത്തുകളൊ സൽക്കീൎത്തിയൊ വിദ്യയോ രാജത്വമൊ ആയുസ്സൊആരോഗ്യമൊ ദിവ്യസ്ത്രീസംഭോഗമൊ സായൂജ്യമൊ എന്താണ് ഒരുത്തനു് ആവശ്യമെന്നുവച്ചാൽ അതുസുന്ദരേശ്വരാനുഗ്രഹത്താൽ ഹാലാസ്യമഹാത്മ്യം കേട്ടാൽ ഉടനുണ്ടാകുന്നതാണ്. ഹാലാസ്യമാഹാത്മ്യം വായിച്ചു കേൾപ്പിക്കുന്നഗുരുവിനെ ശ്രോതാക്കന്മാർ പഠനാവസാനത്തിൽ ദിവ്യവസ്ത്രങ്ങൾകൊണ്ടുംദിവ്യഭൂഷണങ്ങൾകൊണ്ടും മററും അലങ്കരിച്ച്, വിലതീരാത്ത പലപല ദിവ്യവസ്തുക്കളുടേയും സംഭാവനകൊണ്ടു സന്തോഷിപ്പിച്ച്, പല്ലക്കിൽ ഇരുത്തി അദ്ദേഹത്തിന്റെ ആലയത്തിൽ കൊണ്ടുപോയാക്കി വന്ദിച്ചനുഗ്രഹം വാങ്ങിക്കണം. ഈ ഒരു പ്രവൃത്തികൊണ്ടുതന്നെ ഇങ്ങനെ ചെയ്യുന്നവൎക്കു അനേകായിരംകോടി യാഗം ചെയ്ത ഫലം ഉണ്ടാകും.

അല്ലയൊ ശൌനകൻ തുടങ്ങിയ മാമുനിശ്രേഷ്ഠന്മാരേ! ശൈവാഗമ

സാരവേദിയായ അഗസ്ത്യൻ, പണ്ടു് കാശിയിൽവച്ചു് വസിഷ്ഠാദിമാമുനിപുംഗവന്മാരെ കേൾപ്പിച്ച ഹാലാസ്യമാഹാത്മ്യം ഇപ്രകാരം ആണു്. അതു മുഴുവൻ ഞാൻ നിങ്ങളേയും കേൾപ്പിച്ചു. തൽശ്രവണംകൊണ്ടു് ഭവാന്മാൎക്ക മീനാക്ഷീസുന്ദരേശ്വരഭക്തിയും തന്മൂലം ഇഹപരങ്ങളിൽ ഒന്നുപോലെ സുഖാനുഭൂതിയും ഉണ്ടാകും എന്നിങ്ങനെ സൂതൻ പറഞ്ഞിട്ടു് താൻ തുടങ്ങിയ ഹാലാസ്യമാഹാത്മ്യകഥനം സുന്ദരേശ്വരൻേറയും സുന്ദരിയായ ഭവാനിയുടെയും, പാദസ്മരണയോടുകൂടി സമാപിച്ചു.

ശുഭമസ്തു.

ഹാലാസ്യമാഹാത്മ്യം സമാപ്തം.